GOVERNMENT OF TAMIL NADU

# STANDARD NINE

# ഒമ്പതാം സ്റ്റാൻഡേർഡ്

# സാമൂഹ്യ ശാസ്ത്രം

# SOCIAL SCIENCE

## MALAYALAM MEDIUM

**Department of School Education**

**Untouchability is Inhuman and a Crime**

IX Std - History Malayalam Unit-1.indd 1 3/29/2023 10:36:46 AM

**Government of Tamil Nadu**

First Edition - 2018

Revised Edition - 2019, 2020, 2022, 2023

Reprint - 2021, 2024

(Published under New Syllabus)

## Content Creation

State Council of Educational
Research and Training
© SCERT 2018

## Printing & Publishing

Tamil NaduTextbook and Educational
Services Corporation

www.textbooksonline.tn.nic.in



IX Std - History Malayalam Unit-1.indd 2 3/29/2023 10:36:47 AM

# ഉള്ളടക്കം

## ചരിത്രം


| യൂണിറ്റ് | പാഠവിവരം | പേജ | മാസം |
|---|---|---|---|
| 1 | മനുഷ്യരുടെ പരിണാമവും സമൂഹവും - ചരിത്രാതീത കാലം | 1 | ജൂൺ |
| 2 | പുരാതന നാഗരീകതകൾ | 16 | ജൂലൈ |
| 3 | ആരംഭകാല തമിഴ് സമൂഹവും സംസ്കാരവും | 32 | ജൂലൈ |
| 4 | ധൈഷണികമായ ഉണർവ്വും സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങളും | 53 | ആഗസ്റ്റ് |
| 5 | പ്രാചീന ലോകം | 66 | ആഗസ്റ്റ് |
| 6 | മദ്ധ്യ കാലം | 77 | ഒക്ടോബർ |
| 7 | മധ്യകാല ഇന്ത്യയിലെ രാഷ്ട്രവും സമൂഹവും | 87 | ഒക്ടോബർ |
| 8 | നവീന യുഗത്തിന്റെ ആരംഭം | 101 | നവംബർ |
| 9 | വിപ്ലവങ്ങളുടെ കാലഘട്ടം | 113 | നവംബർ & ഡിസംബർ |
| 10 | വ്യവസായവിപ്ലവം | 130 | ജനുവരി |
| 11 | ഏഷ്യയിലും ആഫ്രിക്കയിലും കോളനിയാധിപത്യം | 142 | ജനുവരി & ഫെബ്രുവരി |


## ഭൂമിശാസ്ത്രം


| യൂണിറ്റ് | പാഠവിവരം | പേജ | മാസം |
|---|---|---|---|
| 1 | ശിലാമണ്ഡലം - I ആന്തരിക പ്രക്രിയകൾ | 157 | ജൂൺ |
| 2 | ശിലാമണ്ഡലം - II ഭൂമിയുടെ ബാഹ്യപ്രക്രിയകൾ | 168 | ജൂൺ |
| 3 | വായുമണ്ഡലം | 183 | ജൂലൈ |
| 4 | ജലഗോളം | 197 | ആഗസ്റ്റ് |
| 5 | ജൈവഗോളം | 208 | ആഗസ്റ്റ് |
| 6 | മനുഷ്യനും പരിസ്ഥിതിയും | 218 | ഒക്ടോബർ |
| 7 | ഭൂപട നൈപുണികൾ | 229 | നവംബർ |
| 8 | ദുരന്തനിവാരണവും ദുരന്തത്തോടുള്ള പ്രതികരണവും | 239 | ജനുവരി |




IX Std - History Malayalam Unit-1.indd 3 3/29/2023 10:36:47 AM

## പൗരധർമ്മം

| യൂണിറ്റ് | പാഠവിവരം | പേജ | മാസം |
|---|---|---|---|
| 1 | വിവിധതരം ഗവൺമെന്റുകളും ജനാധിപത്യവും | 247 | ജൂൺ |
| 2 | തെരഞ്ഞെടുപ്പ്, രാഷ്ട്രീയകക്ഷികൾ, സമ്മർദ്ദവിഭാഗങ്ങൾ | 255 | ജൂലൈ |
| 3 | മനുഷ്യാവകാശങ്ങൾ | 262 | ആഗസ്റ്റ് & സെപ്റ്റംബർ |
| 4 | ഗവൺമെന്റിന്റെ തരങ്ങൾ | 274 | ഒക്ടോബർ |
| 5 | തദ്ദേശ സ്വയംഭരണ സർക്കാർ | 281 | നവംബർ |
| 6 | റോഡ് അപകടങ്ങളും റോഡ് സുരക്ഷയും | 289 | ജനുവരി |

## സാമ്പത്തിക ശാസ്ത്രം

| യൂണിറ്റ് | പാഠവിവരം | പേജ | മാസം |
|---|---|---|---|
| 1 | വികസനത്തെ കുറിച്ചറിയൽ വീക്ഷണം, പരിമാണം, സുസ്ഥിരത | 295 | ജൂൺ |
| 2 | ഇന്ത്യയിലെയും തമിഴ്നാട്ടിലെയും തൊഴിൽ അവസരങ്ങൾ | 303 | ജൂലൈ |
| 3 | പണവും വായ്പയും | 310 | ഒക്ടോബർ |
| 4 | തമിഴ്നാട്ടിലെ കൃഷി | 318 | നവംബർ |
| 5 | കുടിയേറ്റം | 324 | ജനുവരി |

SBZJU

E-പുസ്തകം

5C0BE

മൂല്യനിർണ്ണയം



IX Std - History Malayalam Unit-1.indd 4 3/29/2023 10:36:47 AM

## പുസ്തകം ഉപയോഗിക്കുന്ന വിധം

### പഠനലക്ഷ്യങ്ങൾ

ആ പാഠംകൊണ്ട് ഉണ്ടാകാവുന്ന നേട്ടങ്ങളെന്താണ് എന്നുള്ള പ്രസ്താവന

### മുഖവുര

പാഠഭാഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ പരിചയപ്പെടുത്തുന്നു.

### QR Code

വിദ്യാർത്ഥികൾ കൂടുതൽ മനസ്സിലാക്കുന്നതിന് അനിമേഷൻ കാഴ്ചകളും, ഇതര വീഡിയോ ഉപകരണങ്ങളും

### നിങ്ങൾക്കറിയാമോ?

വിദ്യാർത്ഥികളുടെ താല്പര്യത്തെ അധികമാക്കുന്നതിന് പാഠ സംബന്ധമായ കൂടുതൽ വിവരങ്ങൾ ബോക്സിനകത്ത് നൽകുന്നു.

### വിശദീകരണ ചിത്രങ്ങൾ

കഠിനമായ ആശയങ്ങളെ ലളിതമാക്കുന്ന ലക്ഷ്യത്തോടെ വിവരങ്ങൾ ചിത്രങ്ങളിലൂടെ വിശദീകരിക്കുന്നത്.

### ചരിത്രത്തിലെ വിനോദം

വിദ്യാർത്ഥികൾ തനിയായും സംഘമായും പ്രവർത്തനത്തിലൂടെയുള്ള പഠനം.

### സമഗ്രഹം

മുഖ്യമായ ആശയങ്ങളെ വിദ്യാർത്ഥികളുടെ മനസ്സിൽ പതിയുന്ന മാതിരി ഒന്നോ രണ്ടോ വരികളിൽ ഓർമ്മപ്പെടുത്തുന്നത്.

### അഭ്യാസം

വിദ്യാർത്ഥികൾ സ്വയം പഠിക്കുന്നതിനും സ്വയം മൂല്യനിർണ്ണയത്തിനും സഹായിക്കുന്നു

### പദപരിചയം

പ്രധാനവാക്കുകളും സാങ്കേതിക വാക്കുകളും പാഠത്തിന്റെ അന്ത്യത്തിൽ വിശദമാക്കുന്നു.

### വിശാലമായ വായനയ്ക്ക്

കൂടുതൽ വായനയ്ക്കായി പുസ്തകങ്ങളുടെ പട്ടികയും ഇന്റർനെറ്റ് വിവരങ്ങളും നല്കുന്നു.

### ICT Corner

പഠന പ്രവർത്തനങ്ങൾക്ക് സാങ്കേതിക വിദ്യയുടെ ഉപയോഗവും പാഠങ്ങൾക്കനുയോജ്യമായ ഡിജിസ്റ്റൽ വിവരങ്ങളും നൽകുന്നു.



IX Std - History Malayalam Unit-1.indd 5 3/29/2023 10:36:47 AM

# ഒമ്പതാം സ്റ്റാൻഡേർഡ്

# ചരിത്രം



IX Std - History Malayalam Unit-1.indd 6 3/29/2023 10:36:47 AM

യൂണിറ്റ്
1

# മനുഷ്യരുടെ പരിണാമവും സമൂഹവും - ചരിത്രാതീത കാലം

## പഠന ലക്ഷ്യങ്ങൾ

- ലോകത്തിന്റെ മുൻകാല ചരിത്രത്തെ കുറിച്ചന്വേഷിക്കും.
- മനുഷ്യ പരിണാമത്തെക്കുറിച്ച് ഗ്രഹിക്കുക
- ആസ യുഗം വരെയുള്ള ചരിത്രാതീത തമിഴകത്തെക്കുറിച്ചറിയുക

40R1P

## മുഖവുര

നാം വിവര സാങ്കേതിക യുഗത്തിലാണ് ജീവിക്കുന്നത്. മൊബൈൽ ഫോണുകൾ അക്ഷരാർത്ഥത്തിൽ ലോകത്തെ നമ്മുടെ വിരൽത്തുമ്പിൽ കൊണ്ടുവന്നിരിക്കുകയാണ്. ശക്തമായ സാങ്കേതിക വിജ്ഞാനത്തിന്റെ പുരോഗതിക്ക് സഹായിച്ച് ചുറ്റുപാടിലുമുള്ള നാമാർജ്ജിച്ച അറിവ് പെട്ടെന്ന് രൂപം കൊണ്ടതല്ല. നമ്മുടെ ആധുനിക ജീവിതത്തിന് അടിസ്ഥാനമിട്ടത്. ചരിത്രാതീതകാലത്തെ മനുഷ്യരുടെ വിജ്ഞാന പ്രക്രികളുടെ പുരോഗതിയിലൂടെയാണ്.

ചരിത്രാതീതകാല ജനങ്ങൾ സർഗ്ഗാത്മക വിജ്ഞാനത്തിൽ അഗ്രഗാമികളാണ്. അവർ രൂപം നൽകിയ കരകൗശലവസ്തുക്കൾ, ഭാഷ എന്നിവയിൽ നിന്നും നമുക്ക് അവരുടെ ബുദ്ധിശക്തി എത്രമാത്രമെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ.

## 1.1 ഭൂമിയുടെ ഉത്ഭവവും ഭൂവിജ്ഞാനീയ യുഗങ്ങളും

മനുഷ്യ ചരിത്രത്തിന് ഭൗമചരിത്രത്തോട് വളരെയേറെ ബന്ധമുള്ളതാണ്. ഭൂമിയുടെ ഉപരിതലത്തിലെ ഭൂവിജ്ഞാനീയവും പുരാവസ്തുപരവും ജൈവ ശാസ്ത്രപരവുമായ ചരിത്രകാല രേഖകൾ ഉള്ളടങ്ങിയതാണ്. ഭൂമിയുടെയും അതിലെ വൈവിധ്യമാർന്ന ജീവജാലങ്ങളുടേയും ചരിത്രത്തിന്റെ പുനഃനിർമ്മാണത്തിന് അവ വളരെയേറെ പ്രാധാന്യമുള്ളതാണ്. മനുഷ്യപൂർവ്വികരുടെ ശിലീഭൂത അസ്ഥികൾ ഭൂമിയുടെ അടുക്കുകളിൽ പുതഞ്ഞു കാണപ്പെടുന്നു.

CSAYM

പ്രാചീന ശിലായുഗ സംബന്ധമായ ശാസ്ത്രജ്ഞരും പുരാവസ്തു ഗവേഷകരും ഭൂമിയിലെ മണ്ണും പാറയും ഉത്ഖനനം ചെയ്ത് മനുഷ്യപൂർവ്വികരെക്കുറിച്ചുള്ള തെളിവുകൾ ശേഖരിക്കുന്നുണ്ട്. ഈ അടുക്കുകളും ശിലാപാതങ്ങളും ശാസ്ത്രീയമായി കാലഗണന ചെയ്ത് മനുഷ്യ പരിണാമത്തിന്റേയും ചരിത്രാതീതകാലത്തിന്റേയും വിവിധ ഘടങ്ങളെക്കുറിച്ച് പഠിക്കുന്നതിന് സഹായകമാകുന്നു ശേഖരിച്ച തെളിവുകളിലൂടെ മനുഷ്യന്റെ പരിണാമ ചരിത്രത്തേയും പുരോഗതിയെയും കാലക്രമമനുസരിച്ച് മനസ്സിലാക്കാൻ ശ്രമിക്കുന്നു.

**പുരാവസ്തു** ശാസ്ത്രം എന്നത് വസ്തുക്കളുടെ അവശിഷ്ടങ്ങളെ അപഗ്രഥിച്ചും വ്യാഖ്യാനിച്ചും മനുഷ്യന്റെ പൂർവ്വകാലത്തെക്കുറിച്ച് പഠിക്കുന്നതാണ്.

**പ്രാചീനശിലായുഗ** നരവംശ ശാസ്ത്രം എന്നത് ശിലാപാത അവശിഷ്ടങ്ങളുടെ പഠനത്തിലൂടെ മനുഷ്യന്റെ പൂർവ്വികരെയും അവരുടെ പരിണാമത്തെയുംക്കുറിച്ച് പഠിക്കുന്നതാണ്.
ഭൂമി രൂപം കൊണ്ടത് ഏകദേശം 4.54 ബില്യൻ വർഷങ്ങൾക്കു മുൻപാണ്. ക്രമേണ, ജീവജാലങ്ങളുടെ വളർച്ചയ്ക്കുള്ള സാഹചര്യങ്ങൾ സംജാതമായി. എന്നിട്ട് സസ്യങ്ങളും ജന്തുക്കളും ആവിർഭവിച്ചു. അതിലൂടെ മനുഷ്യ പരിണാമത്തിനുള്ള അടിസ്ഥാനമുണ്ടായി. ഭൂമിയുടെ ചരിത്രത്തിന്റെ ദീർഘമായ കാലത്തെ ഭൂവിജ്ഞാനീയർ യുഗങ്ങളായും കാലഘട്ടങ്ങളായും നിർണീത കാലങ്ങളായും വിഭജിച്ചിട്ടുണ്ട്.

**1 ബില്യൺ = 100 കോടി**
**1 മില്യൺ = 10 ലക്ഷം**

**ആസ്ട്രലോപിതേസിൻസ്** എന്നത് കുരങ്ങാണ്. ഇവരിൽ നിന്നുമാണ് ആധുനിക മനുഷ്യൻ രൂപം കൊണ്ടത്. ഇപ്പോൾ വംശനാശം സംഭവിച്ച ഇവർ മനുഷ്യരുടെ വളരെയടുത്ത ബന്ധമുള്ളവയാണ്.



IX Std - History Malayalam Unit-1.indd 1 3/29/2023 10:36:48 AM




ഭൂവിജ്ഞാനീയ യുഗങ്ങൾ

## 1.2 മനുഷ്യന്റെ ഭൂതകാലത്തെക്കുറിച്ചുള്ള അന്വേഷണവും ലോകത്തിന്റെ ഉത്ഭവവും

**അനുമാനത്തിന്റെ കാലം**

ലോകത്തെയും പ്രപഞ്ചത്തേയും മനസ്സിലാക്കുകയും വിശദീകരിക്കുകയും ചെയ്യുന്ന ഭൂമിയിലെ ഒരേ വർഗ്ഗമാണ് മനുഷ്യൻ. പരിണാമഗതിയിൽ മനുഷ്യൻ ഉണർവ്വുള്ളവരും അറിവുള്ളവനുമായി. അവർ ജിജ്ഞാസുക്കളും ചിന്തിക്കുന്നവരും ലോകത്തിൽ അവർക്കു ചുറ്റുമുള്ള പ്രകൃതിയെക്കുറിച്ചും ജീവജാലങ്ങളെക്കുറിച്ചും ചോദ്യങ്ങൾ ചോദിക്കുന്നവരുമായി. ആദികാലത്ത് അവർ പ്രകൃതിയെ ദൈവമായി കരുതി. സൂര്യൻ, ചന്ദ്രൻ, നിരവധി പ്രകൃതിശക്തികൾ എന്നിവയെ ദൈവമായി ആരാധിച്ചു. അവയെക്കുറിച്ച് സ്വന്തമായ ധാരണകളാവുകയും അവയിൽ ചിലത് ശാസ്ത്രീയമല്ലാത്തതുമാണ്. പുരാതന രചനകളിലും മതപരമായ സാഹിത്യങ്ങളിലും ലോകത്തിന്റെ സൃഷ്ടിയെക്കുറിച്ചുള്ള അറിവ് ശാസ്ത്രീയാടിത്തറയില്ലാത്തതാണ്.

BCE = പൊതുയുഗത്തിന് മുൻപ് (Before Common Era)
CE = പൊതുയുഗം (Common Era)
MYA = ദശലക്ഷം വർഷങ്ങൾക്കു മുൻപ്

**ഭൂതത്വശാസ്ത്രം, ജീവശാസ്ത്രം, പുരാവസ്തു ശാസ്ത്രം എന്നിവയുടെ ശാസ്ത്രീയ അടിസ്ഥാനം**

ചരിത്രരചനയുടെ ആരംഭം പുരാതന ഗ്രീക്കുക്കാരിൽ കാണാവുന്നതാണ്. ചരിത്രത്തിന്റെ പിതാവായി ഹിറോടോട്ടസ് (484 – 475 (BCE) കരുതപ്പെടുന്നു. എന്തെന്നാൽ അദ്ദേഹമെഴുതിയ ചരിത്രം മാനുഷികവും യുക്തിചിന്താപരവുമാണ്.

മനുഷ്യന്റെ ഉൽപ്പത്തിയെക്കുറിച്ചുള്ള ശാസ്ത്രീയമായ അന്വേഷണങ്ങൾ ഉയർന്നു വന്നതിന്റെ കാരണങ്ങൾ.

- നവോത്ഥാനത്തിനു ശേഷം പുരാവസ്തു അവശിഷ്ടങ്ങൾ ശേഖരിക്കുന്നതിലും കാഴ്ചബംഗ്ലാവുകൾ തുറക്കുന്നതിലുമുള്ള താൽപര്യം;
- ഭൗമസൗരം, ഭൂ തത്വശാസ്ത്രം എന്നീ ആശയങ്ങളുടെ വികാസം,;
- ഡാർവിന്റെ ജീവശാസ്ത്രപരമായ പരിണാമ സിദ്ധാന്തം;
- മനുഷ്യരുടെയും മൃഗങ്ങളുടെയും ശിലാപാതങ്ങൾ, ശില കൊണ്ടുള്ള ഉപകരണങ്ങൾ, ആദ്യകാല സംസ്കാരത്തിന്റെ കരകൗശല വസ്തുക്കൾ എന്നിവയുടെ കണ്ടെത്തൽ;
- ആദ്യകാല ലിപികൾ വായിച്ചറിയുന്നതിനുള്ള കഴിവ്.

**തട്ടു രൂപങ്ങൾ (Stratigraphy)** – പ്രകൃതിപരമായും സാംസ്കാരികപരമായുമുള്ള പ്രവർത്തനങ്ങളുടെ ഫലമായി രൂപീകൃതമായ പാറകൾ മണൽത്തട്ടുകൾ എന്നിവയുടെ ഉത്ഭവം, സ്വഭാവം, ബന്ധങ്ങൾ സംബന്ധിച്ചുള്ള പഠനം.

**ഏറ്റവും പുരാതനമായ കാഴ്ചബംഗ്ലാവ്** - BCE 530ൽ എന്നിഗാൾഡി നന്നാ എന്ന കാഴ്ചബംഗ്ലാവ് മെസപട്ടോമിയയിൽ സ്ഥാപിതമായി. നവ-ബാബിലോണിയൻ രാജാവ് നബോനിഡസിന്റെ മകളാണ് എന്നിഗാൾഡി രാജകുമാരി. ഇപ്പോഴും നിലനിൽക്കുന്ന ഏറ്റവും പുരാതന കാഴ്ചബംഗ്ലാവ് 1471-ൽ ഇറ്റലിയിലെ കാപ്പിറ്റോലിൻ കാഴ്ചബംഗ്ലാവാണ്. ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ ആഷ്മോളിയൻ കാഴ്ചബംഗ്ലാവ് ലോകത്തെ ഏറ്റവും പുരാതനമായ സർവ്വകലാശാലാകാഴ്ചബംഗ്ലാവാണ്. 1677-C E യിൽ അത് ആരംഭിക്കപ്പെട്ടു.

ഹെർബർട്ട് സ്പെൻസർ (1820 – 1903 CE) ചാൾസ് ഡാർവിൻ (1809 – 1882 CE) എന്നിവരുടെ ജീവപരിണാമസിദ്ധാന്തം പ്രകൃതിയിലെ തെരഞ്ഞെടുപ്പ് ഏറ്റവുമധികം യോഗ്യതയുള്ളതിന്റെ നിലനിൽപ്പ് എന്നീ ആശയങ്ങൾ മനുഷ്യന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ അറിവ് നൽകുന്നു. 1859-ൽ **വർഗ്ഗോൽപ്പത്തി** എന്ന പുസ്തകവും 1871-ൽ **മനുഷ്യന്റെ വംശപരമ്പര** എന്ന പുസ്തകവും ചാൾസ് ഡാർവിൻ പ്രസിദ്ധീകരിച്ചു.



IX Std - History Malayalam Unit-1.indd 2 3/29/2023 10:36:48 AM

**പ്രകൃതിയിലെ തെരഞ്ഞെടുപ്പ്** – പരിസ്ഥിതിക ളോട് ഇണങ്ങി പോകുന്ന ഏറ്റവും കഴിവുള്ള ജീവ ജാലങ്ങളുടെ നിലനിൽപ്പിന്റെയും അവയുടെ വംശോൽപ്പത്തിയുടെയും പ്രക്രിയകൾ.

**ഏറ്റവുമധികം യോഗ്യതയുള്ളതിന്റെ നിലനിൽപ്പ്** – എന്നത് തലമുറകളായി സന്തതി പ രമ്പരകളിലൂടെ വംശം നിലനിർത്തുന്ന പ്ര വർത്തനം."

**ശിലീഭൂത വസ്തുക്കൾ** – ദീർഘകാലത്തെ (പല മില്ല്യൺ വർഷങ്ങൾ) രാസഭൗതിക പ്രക്രിയകളി ലൂടെ ചരിത്രാതീത കാലത്തെ ജന്തുക്കളും സസ്യങ്ങളും ശിലീഭൂതമാകുന്നു. ധാതുവത്കരണ ത്താൽ മൃഗങ്ങളുടെ എല്ലുകൾ നശിക്കാതെ സൂക്ഷിക്കപ്പെടുന്നു. ശിലീഭൂത വസ്തുക്കളെ ക്കുറിച്ചുള്ള പഠനമാണ് പാലിയന്റോളജി.

**ശിലായുഗം** ഈ കാലഘട്ടത്തിൽ പ്രധാനമായും കല്ലുകൾ കൊണ്ട് ഉപകരണങ്ങൾ നിർമ്മിച്ചിരുന്നു

**വെങ്കലയുഗം** ഈ കാലഘട്ടത്തിൽ വെങ്കല സംസ്കരണം (ധാതുക്കളിൽ നിന്ന് ലോഹം വേർതിരിക്കുന്നത്) രൂപം കൊണ്ടു.

**ആയസ യുഗം** ഈ കാലഘട്ടത്തിൽ ഇരുമ്പു രുക്കി ഉപകരണങ്ങൾ നിർമ്മിച്ചിരുന്നു.

19-ാം നൂറ്റാണ്ടു മുതൽ പണ്ഡിതന്മാർ ഉയർന്ന ശാസ്ത്രസാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മുൻകാല ചരിത്രം, മനുഷ്യ ഉൽപ്പത്തി, ആദികാല സംസ്കാരങ്ങൾ എന്നിവയെക്കുറിച്ചുള്ള ക്രമാനുഗ തമായ പഠനത്തിലൂടെ നിലവിലെ വിവരങ്ങൾ പ്ര ദാനം ചെയ്തിരിക്കുന്നു. ഇപ്പോൾ മനുഷ്യപരിണാമ സിദ്ധാന്തം പരക്കെ അംഗീകരിക്കപ്പെടുന്നുണ്ട്.

## 1.3 ചരിത്രാതീത കാലം ആസ്ട്രലോപിത്തിക്കസ്, ഹോമോ ഇറക്റ്റസ് മുതൽ ഹോമോ സാപ്പിയൻസ് വരെ

നാം ആരാണ്? നമ്മുടെ വർഗ്ഗത്തിന്റെ പേരെന്ത്?

നാമാണ് ഹോമോ സാപിയൻസ്

### മനുഷ്യ പരിണാമവും ദേശാടനവും

ചിമ്പൻസി, ഗൊറില്ലകൾ, ഒരാംഗ്ഉട്ടൻ, മനുഷ്യൻ എന്നിവ (ഗ്രേറ്റ് ഏപ്സ്) വൻ കുരങ്ങു വിഭാഗ ത്തിൽപ്പെട്ടവയാണ്. അവയിൽ ചിമ്പൻസി ജനി തക ഘടനയിൽ മനുഷ്യരോട് വളരെയടുത്ത് നിൽ ക്കുന്നു.

മനുഷ്യന്റെ പൂർവ്വികരെ ഹോമീനിൻ എന്നു വിളിക്കുന്നു. അവരുടെ ഉൽപ്പത്തി ആഫ്രിക്കയിൽ നിന്നുമാണ്. കാലക്രമത്തിൽ അവർ ലോകത്തിന്റെ പല ഭാഗങ്ങളിലും വ്യാപിച്ചു. 7 മുതൽ 5 മില്യൺ വർഷങ്ങൾക്കു മുൻപാണ് ഹോമീനിൻ ആവിർഭ വിച്ചത്. ആസ്ട്രലോപിത്തിക്കസ് എന്ന പ്രാരംഭ മനുഷ്യവർഗ്ഗത്തിന്റെ അസ്ഥികൂടങ്ങൾ ആഫ്രിക്ക യിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്.

ആഫ്രിക്കയിലെ വൻ വിള്ളൽ താഴ്വര യിലെ നിരവധി പ്രദേശങ്ങളിൽ ചരിത്രാതീത കാലത്തിന്റെ തെളിവുകളുണ്ട്.

സിറിയയുടെ വടക്കു ഭാഗം മുതൽ കിഴക്കൻ ആഫ്രിക്കയിലെ മധ്യ മൊസാംബിക് വരെ 6400 കി.മീറ്റർ നീളത്തിൽ വൻ വിള്ളൽ താഴ്വര വ്യാപി ച്ചു കിടക്കുന്നു. ഈ ഭൂമിശാസ്ത്ര സവിശേഷത യെ ബഹികാകാശത്തിൽ നിന്നും വീക്ഷിക്കാവു ന്നതാണ്. ഇതോടൊപ്പം കിഴക്കൻ ആഫ്രിക്കയിലെ നിരവധി ചരിത്രാതീത മേഖലകളും കാണാവുന്ന താണ്.

**നിങ്ങൾക്ക് അറിയാമോ?**

**ചിമ്പൻസിയുടെ DNAയ്ക്ക് മനുഷ്യന്റേ തിനോട് 98% സമാനതകളുണ്ട്.**

മനുഷ്യരുടെ പൂർവ്വി കരെ ഭൗതിക സവിശേഷത കൾ ആസ്പദമാക്കി നിരവധി വർഗ്ഗങ്ങളായി വിഭജിക്കാവുന്ന താണ്.

**ഹോമിനിഡ്** വിഭാഗം കൊണ്ട് ഉദ്ദേശിക്കുന്നത് ന വീനവും വംശനാശം സംഭവിച്ചതുമായ മന ുഷ്യക്കുരങ്ങളും മനുഷ്യരും ഉൾപ്പെടുന്ന വിഭാഗമാ ണ്.

**ഹോമിനിൻസ് (ഒരു ജന്തു വിഭാഗം)** മനുഷ്യപൂർ വ്വികരുമായി വളരെയടുത്ത ബന്ധമുള്ളവരും ഹോ മോസാപിയൻസ് (ആധുനിക മനുഷ്യൻ) ഹോമോനിയാന്തർതൽ, ഹോമോ ഇറക്ടെസ്, ഹോമോ ഹാബിലിസ് ആസ്ട്രലോ പിത്തി ക്കസിന്റെ വിവിധ വിഭാഗങ്ങൾ എന്നിവയുടെ സഹോദര വർഗ്ഗവുമാകുന്നു.ഈ ഗോത്ര വിഭാഗ ങ്ങളിൽ മനുഷ്യൻ മാത്രമാണ് ഇപ്പോൾ ജീവി ക്കുന്ന വർഗ്ഗം. അവർ നിവർന്ന് രണ്ടു കാലുകളിൽ നടക്കുന്നു. അവയ്ക്ക് വലിപ്പമുള്ള മസ്തിഷ്കമു



IX Std - History Malayalam Unit-1.indd 3 3/29/2023 10:36:48 AM




ആഫ്രിക്കയിലെ ചരിത്രാതീതകാല മനുഷ്യർ അധിവസിച്ചിരുന്ന പ്രദേശങ്ങൾ.



ലൂസിയയിലെ ശിലീഭൂതങ്ങൾ (ആസ്ട്രലോപിതേസിൻസ്)

ണ്ട്. അവയ്ക്ക് ഉപകരണങ്ങൾ ഉപയോഗിക്കാനും ആശയ വിനിമയം നടത്താനും സാധിക്കും. ഗൊറില്ലകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നില്ല.

**ഹോമോ ഹാബിലിസ്** (കൈകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന മനുഷ്യൻ) 2.6 മില്യൺ വർഷങ്ങൾക്കു മുൻപ് ആഫ്രിക്കയിൽ ജീവിച്ചിരുന്ന ഉപകരണങ്ങൾ നിർമ്മിച്ചുപയോഗിച്ച മനുഷ്യപൂർവ്വികരുടെ ഏറ്റവുമാദ്യ വിഭാഗമടങ്ങിയത്. 2 മില്യൺ വർഷങ്ങൾക്ക് മുൻപ് ഹോമോ ഇറക്ടസ്/ ഇർഗാസ്ടർ വർഗ്ഗം രൂപം കൊണ്ടു. ഈ വിഭാഗം 2 മില്യനും 1 മില്യനും ഇടയ്ക്കുള്ള വർഷങ്ങൾക്കു മുമ്പ് കൈമഴുക്കൾ നിർമ്മിച്ചിരുന്നു. ഈ കാല ഘട്ടത്തിൽ അവർ ഏഷ്യയിലേയും ആഫ്രിക്കയിലെയും വിവിധ പ്രദേശങ്ങളിൽ വ്യാപിക്കാൻ ആരംഭിച്ചതായി കരുതപ്പെടുന്നു.

ശരീരശാസ്ത്രമനുസരിച്ച് ആധുനിക മനുഷ്യനെ ഹോമോ സാപിയൻസ് (ബുദ്ധിമാൻ) എന്ന് വിളിച്ചിരുന്നു. ഇവർ 3,00,000 വർഷങ്ങൾക്കു മുൻപ് ആഫ്രിക്കയിൽ ആവിർഭവിച്ചു. 60,000 വർഷങ്ങൾക്കു മുൻപ് ആധുനിക മനുഷ്യൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിയേറിപ്പാർക്കാൻ ആരംഭിച്ചു.

## ചരിത്രാതീതകാല സംസ്കാരങ്ങൾ

ചരിത്രാതീതകാലത്തിൽ എഴുത്തിലൂടെയുള്ള തെളിവുകളൊന്നും ലഭിച്ചിട്ടില്ല. ഹോമോഹാബിലിസ്, ഹോമോ ഇറക്ട്സ് നിയാന്തർതൽ തുടങ്ങിയ വിവിധ വർഗ്ഗങ്ങളുടെ ശിലീഭൂത അസ്ഥികൾ വേർതിരിച്ചിട്ടുണ്ട്. ശിലാസാമഗ്രികൾ, പ്രാചീന ശിലായുഗ സമൂഹത്തിന്റെ സംസ്കാരം, ഓൾഡോവാൻ സാങ്കേതിക വിദ്യ താഴ്ന്ന, മദ്ധ്യ, ഉന്നത പ്രാചീന ശിലായുഗ, മദ്ധ്യ ശിലായുഗ സംസ്കാരങ്ങൾ എന്നിവ ഈ വിഭജനത്തിനടിസ്ഥാനമാണ്.

### മനുഷ്യരുടെ പൂർവ്വികരുടെ പ്രാരംഭ ശിലോപകരണ ശേഖരം

കെനിയയിലെ ലോംകെവി എന്ന സ്ഥലത്തിൽ മനുഷ്യ പൂർവ്വികരുടെ ആദ്യകാല ഉപകരണങ്ങൾ കണ്ടെടുത്തിട്ടുണ്ട്. അവ 3.3 മില്ല്യൺ വർഷങ്ങൾക്കു മുമ്പുള്ളതാണ്. ഓൾഡോവാൻ ഉപകരണങ്ങൾ ആഫ്രിക്കയിലെ ഓൾഡുവായ് മലയിടുക്കിൽ കണ്ടെടുത്തിരുന്നു. അവയ്ക്ക് 2 മുതൽ 2.6 മില്ല്യൺ വർഷങ്ങൾ വരെയുള്ള പഴക്കമുണ്ട്. മനുഷ്യപൂർവ്വികർ (ആസ്ട്രലോപിത്തിക്കസ്) ശില കൊണ്ടുള്ള ചുറ്റിക ഉപയോഗിച്ച് ഫ്ളേക്സ് എന്നറിയപ്പെടുന്ന കൽശല്ക്കങ്ങൾ നിർമ്മിച്ചിരുന്നു. ഈ ഉപകരണങ്ങൾ മുറിക്കുന്നതിനും കഷ്ണങ്ങളാക്കുന്നതിനും ഭക്ഷണം പാകം ചെയ്യുന്നതിനും ഉപയോഗിച്ചിരുന്നു.

## താഴ്ന്ന പ്രാചീന ശിലായുഗ സംസ്കാരം

ഹോമോ ഹാബിലിസ്, ഹോമോ ഇറക്ടസ് എന്നീ മനുഷ്യ പൂർവിക വർഗ്ഗങ്ങളുടെ സംസ്കാരമാണ് താഴ്ന്ന പ്രാചീന ശിലായുഗ സംസ്കാരം. ഈ മനുഷ്യപൂർവ്വികർ വലിയ ശിലകളെ ചെറിയ പാളികളാക്കി കൈമഴു ഉൾപ്പെടെയുള്ള നിരവധി ഉപകരണങ്ങൾക്ക് രൂപം നൽകി. 1.8 മില്ല്യൺ വർഷങ്ങൾക്കു മുമ്പുള്ള ഈ ഉപകരണങ്ങൾ ആഫ്രിക്ക, ഏഷ്യ, യൂറോപ്പ് എന്നിവിടങ്ങളിൽ കാണപ്പെടുന്നു. അവർ കൈമഴു വലിയ കത്തികൾ പോലുള്ള ഉപകരണങ്ങൾ തങ്ങളുടെ ജീവിതാവശ്യങ്ങൾക്കായി നിർമ്മിച്ചു. ഈ ഉപകരണങ്ങൾ രണ്ടു തലങ്ങളുള്ളവയാണ്. ഇവയുടെ രൂപത്തിലെ പ്രതിസമത ഈ മനുഷ്യവിഭാഗത്തിന്റെ അറിവും വൈദഗ്ദ്ധ്യവും വ്യക്തമാക്കുന്നു ഈ സംസ്കാരത്തെ പ്രാചീന ശിലായുഗ സംസ്കാരം എന്നു പറയുന്നു. കൈമഴു ഉപകരണങ്ങളെ അക്യുലിയൻ എന്നറിയപ്പെടുന്നു. ഇത്തരത്തിൽ ഉപകരണങ്ങൾ നിർമ്മിക്കുന്ന പാരമ്പര്യം ഇന്ത്യയിൽ 250,000 വർഷങ്ങൾ മുതൽ 60,000 വർഷങ്ങൾ വരെ തുടർന്നിരുന്നു.

**അക്യുലിയൻ –** ഫ്രാൻസിലെ സെയിന്റ് അക്യൂൾ എന്ന സ്ഥലത്തു നിന്നും കണ്ടെടുത്ത ആദ്യത്തെ കൈമഴുക്കളാണവ. അതിനാൽ അവയെ അക്യൂലിയൻ ഉപകരണങ്ങൾ എന്നു വിളിക്കുന്നു.

**ദ്വിതല ഉപകരണങ്ങൾ–** രണ്ടു പാർശ്വങ്ങളുള്ള ഉപകരണങ്ങളാണിവ.

**ഉപജീവന ആവശ്യങ്ങൾ –** ചരിത്രാതീത കാല മനുഷ്യർക്ക് പ്രധാനമായി ഭക്ഷണവും വെള്ളവുമാണ്.

**നിങ്ങൾക്ക് അറിയാമോ?**

ചിമ്പാൻസി, പിഗ്മി ചിമ്പാൻസി (ബോണബോ എന്നും അറിയപ്പെടുന്നു.) എന്നിവ നമ്മുടെ ജീവിക്കുന്ന ഏറ്റവുമടുത്ത ബന്ധുക്കളാകുന്നു..



IX Std - History Malayalam Unit-1.indd 4 3/29/2023 10:36:49 AM



2.3 മില്യൺ വർഷങ്ങൾ പഴക്കമുള്ള കെനിയയിലെ ശിലോപകരണങ്ങൾ



ഒരു ഓൾഡുവായ് കത്തി

മനുഷ്യപൂർവ്വികൾക്ക് നമുക്കിന്നുള്ളതു – പോലെ സങ്കീർണ്ണമായ ഭാഷാ വൈദഗ്ദ്ധ്യം ഉണ്ടായിരുന്നില്ല. അവർ ചില ശബ്ദങ്ങളോ വാക്കുകളോ ഉച്ചരിക്കുകയും ആംഗ്യഭാഷ ഉപ യോഗിക്കുകയും ചെയ്തു. ശരിയായ അസംസ്കൃത ശിലകൾ തെരഞ്ഞെടുത്ത് **ശില** ചുറ്റിക കൊണ്ട് സസൂക്ഷ്മം ചെറിയ പാളികളാക്കി അവർക്കാവശ്യമായ ഉപകരണത്തിന് രൂപം നൽകുന്നതിനുള്ള സാമർത്ഥ്യം അവർക്കുണ്ടായി രുന്നു. അവർ മൃഗങ്ങളെ വേട്ടയാടിയിരുന്നു. ഇര പിടിക്കുന്ന മൃഗങ്ങൾ കൊല്ലുന്ന മൃഗങ്ങളുടെയും മാംസം അവർ ഭക്ഷിച്ചിരുന്നു. മാത്രമല്ല സസ്യാ ഹാരങ്ങളായി കിഴങ്ങുകൾ, ഫലങ്ങൾ എന്നിവ ശേഖരിച്ചിരുന്നു. ഇന്ത്യയിൽ അക്യൂലിയൻ ഉപകര ണങ്ങൾ ചെന്നൈയ്ക്കടുത്ത പ്രദേശത്തും ഇതര കേന്ദ്രങ്ങളായ കർണ്ണാടകത്തിലെ ഇസാംപൂരിലും മദ്ധ്യപ്രദേശത്തിലെ ബിംബേട്കയിലും കണ്ടെടു ത്തിരുന്നു.

ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് അസം സ്കൃത വസ്തു ക്കളായി പ്രകൃത്യാൽ ലഭ്യമായിട്ടുള്ള പാറക്ഷഷ്ണങ്ങളും മിനുസമായ ഉരുണ്ട ശിലകളും തെരഞ്ഞെടുത്തു. ഈ ശിലകൾ കൊണ്ട് കൂർത്ത മിനുസമായ പ്രതലമുള്ള ഉപകരണങ്ങൾ നിർമ്മിച്ചു.

**ഉൾക്കാമ്പ് (കേന്ദ്രം) :** എന്നത് ശിലയുടെ പ്രധാന ഭാഗമാണ്. ഇതിൽ ശിലാ ചുറ്റിക കൊണ്ട് പാളികൾ ഉടച്ചെടുക്കുന്നു.

**ലോലമായ പാളി :** വലിയ ശിലാഖണ്ഡം മുഖ്യ ഉൾക്കാമ്പിൽ നിന്നും വേർതിരിക്കാവുന്ന ലോല വും ചെറുതുമായ പാളി.

## മധ്യപ്രാചീന ശിലായുഗ സംസ്കാരം

3,98,000 വർഷങ്ങൾക്കുമുമ്പ് ആഫ്രിക്ക യിലെ ശിലാസാങ്കേതിക വിദ്യകളിൽ വീണ്ടും മാറ്റം വന്നു. ഹോമോ ഇറക്ട്സ് വിഭാഗം ഈ കാലഘട്ടത്തിൽ നിലവിൽ വന്ന മനുഷ്യവർഗ്ഗമാ ണ്. ശരീര ശാസ്ത്ര പ്രകാരം ആധുനിക മനുഷ്യൻ ആവിർഭവിച്ചത് 3,00,000 വർഷങ്ങൾക്കുമുമ്പാണ്.

**ശിലാ സാങ്കേതിക വിദ്യ:** ശില (lith) എന്നത് കല്ലിനെക്കുറിക്കുന്നു. ശിലോപകരണങ്ങൾ നിർ മ്മിക്കുന്ന രീതികളും സാങ്കേതികവിദ്യകളും ചേർന്നതാണ് ശിലാ സാങ്കേതിക വിദ്യ.

കൈമഴുക്കൾ വളരെ ആകർഷകമായി രൂപകൽപ്പന ചെയ്യുകയും നിരവധി ചെറിയ ഉപ കരണങ്ങൾ ഉൽപ്പാദിപ്പിക്കുകയും ചെയ്തു. ഉൾക്കാമ്പ് (core) തയ്യാറാക്കിയ ശേഷം ഉപകരണ ങ്ങൾ ഉണ്ടാക്കി. കൂർത്ത അഗ്ര ഉപകരണങ്ങളും ചിരണ്ടുന്നതിനുള്ള ചെറിയ ബ്ലേഡുകളും നിർ മ്മിച്ചിരുന്നു. ശിലോപകരണങ്ങൾ നിർമ്മിക്കുന്ന ലെവലോയ്ഷൻ പാരമ്പര്യം ഈ കാലഘട്ടത്തി ന്റേതാണ്. യൂറോപ്പ്, മധ്യ പടിഞ്ഞാറൻ ഏഷ്യ എന്നിവിടങ്ങളിലെ ഉപകരണങ്ങളും ഈ കാലഘ ട്ടത്തിൽ നിർമ്മിച്ചവയാണ്.

**ലെവലോയ്ഷൻ** ഉപകരണങ്ങൾ ഉൾക്കാമ്പ് നിർ മ്മിതിക്കു ശേഷം രൂപകൽപ്പന ചെയ്യുന്നു. ഫ്രാൻസിലെ ലെവലോയ്ഷൻ എന്ന പട്ടണത്തെ ആസ്പദമാക്കിയാണ് ഈ പേരുണ്ടായത്.

മധ്യ പ്രാചീന ശിലായുഗ സംസ്കാരം 385000 ത്തിനും 198000 നും ഇടയ്ക്കുള്ള കാലത്തിൽ യൂറോപ്പിലും പടിഞ്ഞാറ്, തെക്ക് ഏഷ്യൻ പ്രദേ ശങ്ങളിലും രൂപം കൊണ്ടതാണ്. ഈ കാലഘട്ട ത്തിൽ നിർമ്മിച്ച ഉപകരണങ്ങൾ 28000 വരെ ഉപ യോഗത്തിലുണ്ടായിരുന്നു.

നിയാന്തർതൽ ആണ് ഈ കാലഘട്ടത്തിലെ മനു ഷ്യർ. അവർ ശവശരീരങ്ങളെ കൃത്യതയോടെ സംസ്കരിച്ചിരുന്നു.

## ഉന്നത പ്രാചീന ശിലായുഗ സംസ്കാരം

മധ്യപ്രാചീന ശിലായുഗത്തിന് ശേഷം ആവിർഭവിച്ച സാംസ്കാരിക ഘട്ടമാണ് ഉന്നത പ്രാചീനശിലായുഗം. ഈ കാലഘട്ടത്തിൽ ഉപക രണ സാങ്കേതിക വിദ്യയിൽ പുതിയ കണ്ടുപിടി ത്തങ്ങൾ ഉണ്ടായി. നീളമേറിയ വായ്ത്തലയുള്ള ബ്ലേഡുകൾ, ബ്യൂറിൻ എന്ന ഉളികൾ എന്നിവ ഈ കാലഘട്ടത്തിൽ നിർമ്മിച്ചവയാണ്. ജനങ്ങൾ ഈ കാലത്ത് വിവിധതരം സിലിക്ക നിറഞ്ഞ അസം സ്കൃത വസ്തുക്കൾ ഉപയോഗിച്ചിരുന്നു. നിര വധി ചിത്രങ്ങളും കലാവസ്തുക്കളും നിർമ്മിച്ചു. കരകൗശല വസ്തുക്കളുടെ വൈവിധ്യം അറിവും നൈപുണ്യവും ഭാഷയുടെ പുരോഗതിയും ഉണർത്തുന്നത് ആയിരുന്നു. സൂക്ഷ്മ ശിലകൾ ഈ കാലത്ത് പ്രത്യക്ഷമായവയാണ്.

**ബ്യൂറിൻ** എന്നത് കല്ലു കൊണ്ടു നിർമ്മിച്ച കൂർത്ത മുറിക്കാനുള്ള തലത്തോടു കൂടിയ ഉളിയാണ്.

ആധുനിക മനുഷ്യൻ, പരിണാമത്തിന്റെ ഫലമായി ആദ്യമായി പ്രത്യക്ഷമായത് 3,00,000 വർഷങ്ങൾക്കു മുൻപ് ആഫ്രിക്കയിലെ ഉപസ ഹാറ പ്രദേശത്താണ്. 60,000 വർഷങ്ങൾക്കു മുൻപ് ഇവർ വിവിധ ഏഷ്യൻ പ്രദേശങ്ങളിലേക്ക് വ്യാ പിച്ചു.അവിടെ നിലവിലുണ്ടായിരുന്ന ജനവിഭാ ഗത്തെ വിരട്ടിയോടിച്ചതായി കരുതപ്പെടുന്നതു. ക്രോമാഗ്നൻ എന്ന മനുഷ്യവിഭാഗം ഈ കാല ത്തിൽ യൂറോപ്പിൽ അധിവസിച്ചിരുന്നു.

കൊമ്പുകൾ, ദന്തങ്ങൾ എന്നിവ ഉപകരണ



IX Std - History Malayalam Unit-1.indd 5 3/29/2023 10:36:49 AM



കൈമഴു - ലണ്ടൻ മ്യൂസിയം



ഫ്രാൻസിലെ സെന്റ് അക്യൂളിൽ നിന്നും ലഭിച്ച ദ്വിമുഖ ശില



ഒരു വലിയ കത്തി,



ഓമോ കിബിഷ് - കൂർത്തമുനയുള്ള ഉപകരണം



മധ്യപ്രാചീന ശിലായുഗത്തിലെ ഇന്ത്യയിൽ കണ്ടിരുന്ന പാളികളും ഉപകരണങ്ങളും

ങ്ങളും കലാരൂപങ്ങളും ഉണ്ടാക്കാൻ ഉപയോഗിച്ചിരുന്നു. അസ്ഥി സൂചികൾ, ചൂണ്ട, ചാട്ടുളി, കുന്തം എന്നിവ അധികം പ്രയോഗത്തിലുണ്ടായിരുന്നു. ഈ കാലഘട്ടത്തിലെ മനുഷ്യർ വസ്ത്രങ്ങൾ ധരിക്കുകയും ഭക്ഷണം പാചകം ചെയ്ത് കഴിക്കുകയും ചെയ്തിരുന്നു. മരിച്ചവരെ അവരുടെ നെഞ്ചിനോട് കൈകൾ മടക്കിയ നിലയിൽ സംസ്കരിച്ചിരുന്നു. കഴുത്തിൽ തൂക്കിയിടുന്ന പതക്കവും, മനോഹരമായ കൊത്തു പണികളുള്ള ഉപകരണങ്ങളും ഉപയോഗിച്ചിരുന്നു. ചിത്രങ്ങൾ, കളിമൺ ശിൽപ്പങ്ങൾ, കൊത്തുപണികൾ എന്നിവ ഉണ്ടായിരുന്നതിന്റെ തെളിവുകളുണ്ട്. വീനസ് വിഗ്രഹങ്ങളെന്ന് അറിയപ്പെടുന്ന ശില കൊണ്ടും അസ്ഥി കൊണ്ടും നിർമ്മിച്ച പ്രതിമകൾ യൂറോപ്പിലും ഏഷ്യയുടെ ചില ഭാഗങ്ങളിലും കാണപ്പെട്ടിരുന്നു.

**ഹിമയുഗം -** ലോകത്തിന്റെ വിവിധ പ്രദേശങ്ങൾ മഞ്ഞു കൊണ്ടു മൂടിക്കിടന്ന 8000 BCE ക്ക് മുമ്പുള്ള കാലം.



ലസ്കാക്സ് - പടിഞ്ഞാറൻ ഫ്രാൻസിലെ ശിലാ 17000 വർഷം പഴക്കമുള്ളത്

## മധ്യശിലായുഗ സംസ്കാരം

പ്രാചീന ശിലായുഗത്തിനും നവീന ശിലായുഗത്തിനും മദ്ധ്യേയുള്ള കാലഘട്ടമാണത്. സൂക്ഷ്മ ശിലോപകരണങ്ങൾ ജനങ്ങൾ ഈ കാലഘട്ടത്തിൽ ഉപയോഗിച്ചിരുന്നു. ജനങ്ങൾ വേട്ടയാടലും ഭക്ഷ്യശേഖരണവും നടത്തിയവരാണ്. ഹിമയുഗത്തിനു ശേഷമുള്ള ആഗോള താപനകാലത്ത് അവർ പല സ്ഥലങ്ങളിൽ സഞ്ചരിക്കുകയും പല പരിസ്ഥിതി മേഖലകളിൽ അധിവസിക്കുകയും ചെയ്തു. (തീരപ്രദേശം, മലമ്പ്രദേശം, നദീതടം, വരണ്ടപ്രദേശം)

മധ്യശിലായുഗ ജനങ്ങൾ സൂക്ഷ്മശിലാ സാങ്കേതിക വിദ്യ വളരെയേറെ ഉപയോഗിച്ചിരുന്നു. അഞ്ചു സെന്റിമീറ്ററിൽ കുറഞ്ഞ വലിപ്പമുള്ള നിരവധി കരകൗശല വസ്തുക്കൾ അവർ നിർമ്മിച്ചു. കൂർത്തമുനയുള്ള ഉപകരണങ്ങൾ, ചിരണ്ടികൾ, അമ്പുമുനകൾ എന്നിവ നിർമ്മിച്ചിരുന്നു. ചന്ദ്രക്കലാകൃതി (Lunate), ത്രികോണം, ചതുഷ്ക്കോണം തുടങ്ങിയ ജ്യോമിതീയ ആകൃതിയിലുള്ള ഉപകരണങ്ങളും ഉപയോഗിച്ചിരുന്നു. ഈ ഉപകരണങ്ങൾക്ക് മരം അല്ലെങ്കിൽ അസ്ഥി കൊണ്ടുള്ള കൈപ്പിടിയുമായി ബന്ധിപ്പിച്ച് ഉപയോഗിച്ചു. .



ബിംബേട്കയിലെ ശിലാ ചിത്രങ്ങൾ.

## നവീന ശിലായുഗ സംസ്കാരവും കൃഷിയുടെ ആരംഭവവും.

നവീന ശിലായുഗത്തിൽ കൃഷി മൃഗങ്ങളെ ഇണക്കി വളർത്തൽ എന്നിവ ആരംഭിച്ചു. ഇത് ചരിത്രത്തിലെ വളരെ പ്രാധാന്യമുള്ള ഒരു ഘട്ടമാണ്. നവീന ശിലായുഗത്തിൽ പ്രാരംഭ തെളിവുകൾ ഈജിപ്റ്റ്, മെസപ്പെട്ടോമിയ എന്നിവിടങ്ങളിലെ ഫലപുഷ്ടിയുള്ള ചന്ദ്രക്കലാകൃതിയിലുള്ള പ്രദേശങ്ങൾ, സിന്ധുതാഴ്വര, ഗംഗാതാഴ്വര, ചൈന എന്നിവിടങ്ങളിൽ കണ്ടിരുന്നു. ഏകദേശം പതിനായിരം BCE മുതൽ 5000 BCE വരെ ഈ പ്രദേശങ്ങളിൽ കൃഷി പുരോഗമിച്ചു.

1JSR3



IX Std - History Malayalam Unit-1.indd 6 3/29/2023 10:36:49 AM

**വളക്കൂറുള്ള ചന്ദ്രക്കലാ പ്രദേശം** ഇത് ഈജിപ്റ്റ്, ഇസ്രയേൽ, പാലസ്തീൻ, ഇറാഖ് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ചന്ദ്രക്കലയുടെ ആകൃതിയിലുള്ള പ്രദേശമാണ്.

ഉപകരണങ്ങൾക്ക് മൂർച്ച വരുത്തുന്നതിനും മിനുസപ്പെടുത്തുന്നതിനും പുതിയ സാങ്കേ

**നിങ്ങൾക്ക് അറിയാമോ?**

ഗോതമ്പ്, ബാർലി, പയറുവർഗ്ഗങ്ങൾ എന്നിവ 10,000 വർഷങ്ങൾക്കു മുമ്പ് കൃഷി ചെയ്യാൻ തുടങ്ങി. ഫലവൃക്ഷങ്ങൾ, 4000 BCE യിൽ കൃഷി ചെയ്യാൻ തുടങ്ങി. അവ ഒലീവ്, അത്തിപ്പഴം, ഈന്തപ്പഴം, മാതളം, മുന്തിരിങ്ങ (Grapes) എന്നിവയാണ്.

തിക വിദ്യ ഉപയോഗിച്ചിരുന്നതിനാൽ നവീനശിലായുഗത്തെ പുതിയ യുഗം എന്നു പറയുന്നു. പാളികളുള്ള ശിലോപകരണങ്ങൾ നവീന ശിലായുഗ ജനങ്ങൾ ഉപയോഗിച്ചിരുന്നു. മധ്യശിലായുഗം വരെ ജനങ്ങൾ ഉപജീവനത്തിനായി പ്രധാനമായും വേട്ടയാടലും ഭക്ഷ്യസമാഹരണവും നടത്തിയിരുന്നു. വേട്ടയാടലും ഭക്ഷ്യ സമാഹരണവും കൊണ്ട് വളരെക്കുറഞ്ഞ ഭക്ഷ്യവിഭവങ്ങൾ മാത്രമാണ് ലഭിച്ചത്. അതിനാൽ ഒരു പ്രത്യേക സ്ഥലത്ത് കുറച്ചു ആളുകൾക്കു മാത്രമേ ജീവിക്കാൻ കഴിഞ്ഞുള്ളൂ.

മൃഗങ്ങളെ ഇണക്കി വളർത്തുക, വീട്ടിൽ കൃഷി ചെയ്യുക എന്നിവ ആരംഭിച്ചതോടെ വലിയ തോതിൽ ഭക്ഷ്യധാന്യങ്ങളും ജന്തുവിഭവങ്ങളും ലഭിക്കുകയുണ്ടായി. നദികളാൽ നിക്ഷേപിക്കപ്പെട്ട വളക്കൂറുള്ള മണ്ണിനായും നദീതീരങ്ങളിൽ കൃഷി പുരോഗമിച്ചു. അനുയോജ്യമായ ജീവിത സാഹചര്യമുള്ളതിനാൽ ജനങ്ങൾ നദീതീരങ്ങളിൽ താമസിക്കുന്നതിന് ആഭിമുഖ്യം പ്രദർശിപ്പിച്ചു. മൃഗങ്ങളെ ഇണക്കി വളർത്തുക, കൃഷി എന്നിവയിലൂടെ ഉപരിയായി ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിച്ചു. അധികമായിട്ടുള്ള ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം ആദ്യകാല സംസ്കാരങ്ങളുടെ പുരോഗതിക്ക് കാരണമായി. സ്ഥിര താമസത്തിനായി കെട്ടിടങ്ങൾ നിർമ്മിക്കുകയും തൽഫലമായി വലിയ ഗ്രാമങ്ങൾ രൂപം കൊള്ളുകയും ചെയ്തു. അതിനാൽ ഈ കാലഘട്ടത്തിലെ പുരോഗതിയെ നവീനശിലായുഗ വിപ്ലവം എന്നു വിളിക്കുന്നു.

## 1.4 ചരിത്രാതീതകാലത്തെ തമിഴകം

### തമിഴ്നാട്ടിലെ താഴ്ന്ന് പ്രാചീന ശിലായുഗ സംസ്കാരം

മനുഷ്യപൂർവ്വികർ നിർമ്മിച്ച ലോകത്തിലെ ഏറ്റവും പുരാതനമായ ശിലായുഗ ഉപകരണങ്ങളിലൊന്നായ ഹോമിനിൻ തമിഴ്നാട്ടിൽ നിർമ്മിച്ചതാണ്. ഈ ശിലോപകരണങ്ങൾ ചെന്നൈ പ്രദേശത്തിൽ നിരവധി സ്ഥലത്തു നിന്നും പ്രത്യേകിച്ച് അതിരംപാക്കത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ സ്ഥലത്തു നടത്തിയ പുരാവസ്തു വകുപ്പിന്റെ ഉത്ഖനനവും കോസ്മിക് രശ്മി പ്രകാശനം മൂലവും കരകൗശല വസ്തുക്കളുടെ കാലനിർണ്ണയമനുസരിച്ച് 1.5 മുതൽ 2 മില്ല്യൺ വർഷങ്ങൾക്കു മുൻപ് ഇവിടെ ജനങ്ങൾ അധിവസിച്ചിരുന്നതായി കാണുന്നു. ലോകത്തിലെ മനുഷ്യ പൂർവ്വികരുടെ പ്രധാന കേന്ദ്രങ്ങളിലൊന്നാണ് കൊശസ്തലയാർ പ്രദേശം. ഇവിടുത്തെ മനുഷ്യവർഗ്ഗം ഹോമോ ഇറക്ടസ് ആണ്.

**പുരാവസ്തുപരമായ ഉത്ഖനനം**മനുഷ്യരുടെ മുൻകാല ജീവിതത്തെക്കുറിച്ചറിയുന്നതിന് പുരാവസ്തു തെളിവുകളായ ശിലോപകരണങ്ങൾ, മൺപാത്രങ്ങൾ, മൃഗങ്ങളുടെ അസ്ഥികൾ എന്നിവ കുഴിച്ച് കണ്ടെത്തുന്നതാണ് പുരാവസ്തുപരമായ ഉത്ഖനനം കൊണ്ട് ഉദ്ദേശിക്കുന്നത്.

**കോസ്മിക് പ്രകാശനത്തിലൂടെയുള്ള കാലനിർണ്ണയം –** മാതൃകാ വസ്തുക്കളുടെ കാലനിർണ്ണയത്തിനായി കോസ്മോ ജെനിക് രശ്മികൾ ഉപയോഗിച്ചിരുന്നു.

1863-ൽ സർ റോബർട്ട് ബ്രൂസ് ഫൂട്ട് എന്ന ഇംഗ്ലണ്ടിലെ ഭൂവിജ്ഞാനീയൻ ചെന്നൈയ്ക്കടുത്ത പല്ലാവരത്തിൽ നിന്നും പ്രാചീന ശിലായുഗ ഉപകരണങ്ങൾ ആദ്യമായി കണ്ടെത്തിയിരുന്നു. അത്തരം ഉപകരണങ്ങളുടെ ഇന്ത്യയിലെ ഏറ്റവുമാദ്യത്തെ കണ്ടു പിടിത്തമാണിത്. അതിനാൽ കൈമഴു ശേഖരത്തെ **മദ്രാസിലെ ശിലോപകരണ വ്യവസായമായി** കാണുന്നു. അദ്ദേഹം കണ്ടെത്തിയ ഉപകരണങ്ങൾ ഇപ്പോൾ ചെന്നൈ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

പ്രാചീന ശിലായുഗ മനുഷ്യർ വന്യമൃഗങ്ങളെ വേട്ടയാടുകയും പ്രകൃതിയിൽ ലഭ്യമാകുന്ന പഴങ്ങൾ, കിഴങ്ങുകൾ, വിത്തുകൾ, ഇലകൾ എന്നിവ ശേഖരിക്കുകയും ചെയ്തു. അവർക്ക് ഇരുമ്പിനെക്കുറിച്ചും മൺപാത്ര നിർമ്മാണത്തെക്കുറിച്ചും അറിവില്ലായിരുന്നു. അവ ചരിത്രത്തിൽ വളരെക്കാലം കഴിഞ്ഞ് ആവിർഭവിച്ചവയാണ്.

കൈമഴുക്കളും വലിയകത്തികളും താഴ്ന്ന പ്രാചീന ശിലായുഗ കാലത്തെ പ്രധാന ഉപകരണങ്ങളാണ്. ഈ ഉപകരണങ്ങളിൽ മരപ്പിടി, അസ്ഥി കൊണ്ടുള്ള പിടി എന്നിവ ഉറപ്പിച്ച് വെട്ടുന്നതിനും തുളയ്ക്കുന്നതിനും കുഴിക്കുന്നതിനും ഉപയോഗിച്ചു. ഈ കാലഘട്ടത്തിലെ ജനങ്ങൾ വലിയ ചുറ്റികക്കല്ലുകളും ഉരുണ്ട കല്ലുകളും ഉപയോഗിച്ചിരുന്നു. ക്വാർട്സ് പാറകളും ഉണ്ടക്കല്ലും അസംസ്കൃത വസ്തുക്കളായി തെരഞ്ഞെടുത്തിരുന്നു. മൺ നിക്ഷേപങ്ങളിലും തുറസ്സായ നദിക്കരയിലും



IX Std - History Malayalam Unit-1.indd 7 3/29/2023 10:36:49 AM

ഉപകരണങ്ങൾ കണ്ടത്തിയിരുന്നു. ഇവ പല്ലാവരം, ഗുഡിയം ഗുഹ, ആതിരംപാക്കം, വടമധുര, എരുമൈവെട്ടിപ്പാളയം, പാരികുളം എന്നിവിടങ്ങളിൽ കാണപ്പെടുന്നു.

താഴ്ന്ന പ്രാചീന ശിലായുഗ ഉപകരണങ്ങൾ വടക്കെ ആർക്കാട്, ധർമ്മപുരി ജില്ലകളിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. ഈ കാലഘട്ടത്ത ജനങ്ങൾ കരകൗശല നിർമ്മാണത്തിന് കൃഷ്ണശില (Basalt Rock) ഉപയോഗിച്ചു. എന്നിരുന്നാലും തെക്കൻ തമിഴ്നാട്, ശ്രീലങ്ക എന്നിവിടങ്ങളിൽ താഴ്ന്ന പ്രാചീന ശിലായുഗ സംസ്കാരത്തിന് തെളിവുകൾ ലഭ്യമല്ല.

**കൃഷ്ണ ശിലയെന്നത് ആഗ്നേയ ശിലയാണ്.** ഭൂമിക്കടിയിൽ നിന്നും വരുന്ന ഉരുകിയ ലാവയിൽ നിന്നും രൂപം കൊള്ളുന്നതാണ് ആഗ്നേയ ശില.

താഴ്ന്ന പ്രാചീന ശിലായുഗത്തിന്റെ കാലം ആതിരംപാക്കത്തിൽ 2 മുതൽ 1.5 മില്യൺ വർഷങ്ങൾ വരെയും ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ 60,000 വർഷങ്ങൾക്കു മുൻപ് വരെയും തുടർച്ചയായി കാണപ്പെട്ടു.

## തമിഴ്നാട്ടിലെ മധ്യ പ്രാചീന ശിലായുഗ സംസ്കാരം

മധ്യ പ്രാചീന ശിലായുഗ സംസ്കാരം 3,80,000 – 1,72,000 വർഷങ്ങൾക്കു മുമ്പ് ആവിർഭവിച്ചു. ഈ കാലഘട്ടത്തിൽ ഉപകരണങ്ങൾ മാറ്റങ്ങൾക്കു വിധേയമാവുകയും ചെറിയ കലാരൂപങ്ങൾ ഉപയോഗിക്കുകയും ചെയ്തു. ഉൾക്കാമ്പ്, പാളികൾ, ചുരണ്ടികൾ, കത്തികൾ, തമർ, ലെവലോയ് സിയൻ പാളികൾ, കൈമഴുക്കൾ, വലിയകത്തികൾ എന്നിവ ഈ കാലഘട്ടത്തിലെ ഉപകരണങ്ങളാണ്. മുൻകാല ഉപകരണങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇവ വലിപ്പം കുറഞ്ഞവയാണ്.

മധ്യ പ്രാചീന ശിലായുഗ സംസ്കാരം തമിഴ്നാട്ടിൽ ചിലയിടങ്ങളിൽ കണ്ടിരുന്നതിന് തെളിവുകളുണ്ട്. തെക്കൻ തമിഴ്നാട്ടിൽ പുതുപ്പട്ടി, ശീവരക്കോട്ട എന്നിവിടങ്ങളിലെ മധ്യ പ്രാചീന ശിലായുഗ കാലത്തെ ഉപകരണങ്ങൾ ശേഖരിച്ചിട്ടുണ്ട്. തഞ്ചാവൂരിലും അരിയലൂരിലും ഇതു പോലുള്ള കരകൗശല വസ്തുക്കൾ കണ്ടെടുത്തിട്ടുണ്ട്.

## തമിഴ്നാട്ടിലെ മധ്യശിലായുഗ സംസ്കാരം

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഇന്ത്യയിൽ ചില സ്ഥലങ്ങളിലും മധ്യ പ്രാചീന ശിലായുഗത്തിനു ശേഷം ഉന്നത പ്രാചീനശിലായുഗ സംസ്കാരം ആവിർഭവിച്ചു. തമിഴ്നാട്ടിൽ ഉന്നത പ്രാചീന ശിലായുഗ സംസ്കാരം നിലവിലിരുന്നതിന് തെളിവുകളില്ല. എന്നാൽ **സൂക്ഷ്മശിലകൾ** അഥവാ ചെറിയ കല്ലുകൾ കൊണ്ടുള്ള കരകൗശല വസ്തുക്കളും ഉപകരണങ്ങളും ഉപയോഗിക്കുന്നവർ തമിഴ്നാട്ടിൽ ജീവിച്ചിരുന്നു. ഈ സാംസ്കാരിക ഘട്ടം പ്രാചീനശിലായുഗത്തിനും നവീനശിലായുഗത്തിനും ഇടയ്ക്കായതിനാൽ ഇതിനെ മധ്യശിലായുഗ സംസ്കാരം എന്നു പറയുന്നു.



തമിഴ്നാട്ടിലെ സൂക്ഷ്മ ശിലാപാളികൾ

മധ്യ ശിലായുഗത്തിലെ വേട്ടക്കാർ – ഭക്ഷ്യ സമാഹരണക്കാർ നിലവിലിരുന്നതിന്റെ തെളിവുകൾ ചെന്നൈ, വടക്കേ ആർക്കാട്, ധർമ്മപുരി, സേലം, കോയമ്പത്തൂർ, അരിയലൂർ, തിരുച്ചിറപ്പള്ളി, പുതുക്കോട്ട, മധുര, ശിവഗംഗ, തിരുനെൽവേലി, കന്യാകുമാരി എന്നിവിടങ്ങളിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. തൂത്തുക്കുടിയിൽ തേരി പ്രദേശങ്ങൾ സൂക്ഷ്മശിലാ കലാരൂപങ്ങൾക്കും ഉപകരണങ്ങൾക്കും പ്രസിദ്ധമാണ്. ഈ പ്രദേശങ്ങളിൽ **തേരി** എന്നറിയപ്പെടുന്ന ചുവന്ന മണൽത്തിട്ടുകൾ കാണപ്പെടുന്നു.

ഈ കാലഘട്ടത്തിലെ ജനങ്ങൾ **ചെർട്ട്** (Chert), **ക്വാർട്സ്** (Quatrz) എന്നിവ കൊണ്ട് നിർമ്മിച്ച ചെറിയ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു. **ചുരണ്ടികൾ**, **ചന്ദ്രക്കലാ രൂപങ്ങൾ**, **ത്രികോണങ്ങൾ** തുടങ്ങിയ ഉപകരണ വിഭാഗങ്ങൾ ഉപയോഗത്തിലുണ്ടായിരുന്നു. ഉപജീവനത്തിനായി വന്യമൃഗങ്ങളെ വേട്ടയാടുകയും ഫലങ്ങൾ, വിത്തുകൾ, കിഴങ്ങുകൾ എന്നിവ സംഭരിക്കുകയും ചെയ്തിരുന്നു.

**ചുരണ്ടികൾ** – ഉപരിതലം ചുരണ്ടുന്നതിന് ഉപയോഗിച്ച ഉപകരണമാണിത്. ചുരണ്ടികൾ അടുക്കളയിൽ പച്ചക്കറികളുടെ തോലു ചീവാൻ ഉപയോഗിക്കുന്ന ഉപകരണമാണ്.

**ത്രികോണങ്ങൾ** എന്ന ഉപകരണം ത്രികോണാകൃതിയിൽ കാണപ്പെട്ടിരുന്നു.

**ചന്ദ്രക്കലാ രൂപങ്ങൾ** – ചന്ദ്രക്കലയുടെ ആകൃതിയിലുള്ള ഉപകരണങ്ങളാണിവ.

## തമിഴ്നാട്ടിലെ നവീന ശിലായുഗ സംസ്കാരം

മൃഗങ്ങളെ ഇണക്കി വളർത്തിയും കൃഷി ചെയ്തും രൂപം കൊണ്ട സംസ്കാരമാണ് നവീന ശിലായുഗം.



IX Std - History Malayalam Unit-1.indd 8 3/29/2023 10:36:49 AM

| കാലനിർണ്ണയം : പുരാതന തമിഴകത്തിന്റെ സാംസ്കാരിക ഗതി | | |
|---|---|---|
| **സംസ്കാരം** | **കാലം** | **സംസ്കാരത്തിന്റെ സവിശേഷത** |
| പ്രാചീന ശിലായുഗം | ഉദ്ദേശം 20,000 വർഷം മുതൽ ഉദ്ദേശം 8000 BC (BCE) വരെ | കൈമഴുക്കൾ, കത്തികൾ, വേട്ടയാ ടലും ഭക്ഷ്യസമാഹരണവും. |
| മധ്യശിലായുഗം | ഉദ്ദേശം 8000 വർഷം മുതൽ ഉദ്ദേശം 1300 BC (BCE) വരെ | സൂക്ഷ്മ ശിലോപകരണങ്ങൾ മൃഗങ്ങളെയും പക്ഷികളെയും വേട്ടയാടൽ. സസ്യഭക്ഷ്യ വസ്തുക്കളുടെ ശേഖരണം. ലോഹങ്ങളെക്കുറിച്ച് അറിവില്ലായിരുന്നു. |
| നവീന ശിലായുഗം | ഉദ്ദേശം 2000 BC (BCE) മുതൽ 1000 BC (BCE) വരെ | മിനുസമാക്കിയ കന്മഴുക്കൾ, സൂക്ഷ്മ ശിലകൾ, മൃഗങ്ങളെ ഇണക്കി വളർത്തൽ, വിളവുകൾ കൃഷി ചെയ്യൽ വിഭാഗങ്ങൾ അധികമാക്കുക വേട്ടക്കാർ- സമാഹരണക്കാർ കാലിമേയ്ക്കുന്നവർ തമ്മിലുള്ള സഹവർതിത്വം |
| ആയസ യുഗം (Iron Age) | ഉദ്ദേശം 1300 BC (BCE) മുതൽ 300 BC (BCE) വരെ | മഹാശിലാപരമായ ശവസംസ്കരണ രീതി, വേട്ടക്കാർ-സമാഹരണക്കാർ കാലിമേയ്ക്കുന്നവർ തമ്മിലുള്ള സഹവർത്തിത്വം, ഗോത്രതലവന്റെ ആവിർഭാവം, ഇരുമ്പിനെക്കുറിച്ചുള്ള അറിവ്, കറുത്തതും ചുവന്നതുമായ പാത്രങ്ങൾ,കറുത്ത കളിമൺ പാത്രങ്ങൾ,കരകൗശല വൈദഗ്ദ്ധ്യം, സവിശേഷ വിഭാഗങ്ങൾ : കുശവൻ, കരുവാൻ |
| പ്രാരംഭ ചരിത്ര കാലവും സംഘ കാലവും | 300 BC (BCE) മുതൽ 300 AD (CE) വരെ | ആയസ യുഗത്തിന്റെ സാംസ്കാരിക സവിശേഷത, ചേര, ചോള, പാണ്ഡ്യ രാജാക്കന്മാർ, നായകാരാധനയുടെ ആവിർഭാവം, കവിതാപാരമ്പര്യവും സാഹിത്യവും, കച്ചവടവും കടൽമാർഗ്ഗമുള്ള വിനിമയവും |

സെൽറ്റ്സ് എന്ന മിനുസമാക്കിയ കന്മഴുക്കൾ നവീനശിലായുഗ മനുഷ്യർ ഉപയോഗിച്ചിരുന്നു. അവരുടെ പ്രധാന തൊഴിൽ കന്നുകാലി വളർത്തലാണ്. കാലക്രമേണ മേൽക്കൂരയും കളിമൺ തേച്ച ചുമരുകളോടു കൂടിയ വീടുകളിൽ ചെറു ഗ്രാമങ്ങളിൽ വസിച്ചിരുന്നു. വെല്ലൂർ ജില്ലയിലെ പയ്യംപള്ളിയിലും ധർമ്മപുരിയിലെ ചില സ്ഥലങ്ങളിലും നവീനശിലായുഗത്തിന്റെ തെളിവുകൾ കണ്ടെടുത്തിട്ടുണ്ട്.

തമിഴ്നാട്ടിലെ വെല്ലൂർ ജില്ലയിലുള്ള ഒരു ഗ്രാമമാണ് പയ്യംപള്ളി. ഈ പ്രദേശത്ത് മൃഗങ്ങളെ ഇണക്കിവളർത്തിയതിന്റെയും സസ്യങ്ങൾ കൃഷി ചെയ്തതിന്റെയും ആദ്യകാല തെളിവുകൾ ഇന്ത്യയുടെ പുരാവസ്തു ഗവേഷണവകുപ്പ് ഉത്ഖനനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. മൺപാത്രങ്ങൾ നിർമ്മിച്ചതിന്റെയും മുതിര, ചെറുപയർ എന്നിവ കൃഷി ചെയ്തതിന്റെയും തെളിവുകൾ ലഭ്യമായിട്ടുണ്ട്.

## ആയസ യുഗം/ മഹാശിലായുഗം

നവീന ശിലായുഗത്തിനു ശേഷം രൂപം കൊണ്ട **സാംസ്കാരിക കാലമാണ്** ആയസ (Iron) യുഗം. പേരു പോലെ തന്നെ ജനങ്ങൾ ഇരുമ്പു കൊണ്ടുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ചിരുന്നു.

**നിങ്ങൾക്ക് അറിയാമോ?**

മൺപാത്ര നിർമ്മാണം ആദ്യമായി രൂപകൽപ്പന ചെയ്തത് നവീന ശിലായുഗ മനുഷ്യരായിരിക്കാം. തിരിയുന്ന മേശ എന്നറിയപ്പെടുന്ന ഒരു മെല്ലെ ചലിക്കുന്ന ചക്രം കൊണ്ട് കൈകളാലല്ലാതെ മൺപാത്രങ്ങൾ നിർമ്മിച്ചു. തീയിടുന്നതിനു മുൻപ് ചെറിയ ഉരുളൻ കല്ലുകൾ കൊണ്ട് അവയെ മിനുസമാക്കിയിരുന്നു. ഈ പ്രക്രിയയെ മിനുക്കൽ എന്നു വിളിക്കുന്നു

ഇത് സംഘകാലത്തിന് മുമ്പുള്ളതാണ്. ആയസ യുഗം സംഘകാലത്തിന് അടിത്തറയുണ്ടാക്കിയ ഒരു രൂപീകരണകാലമാണ്. ആയസ യുഗത്തിൽ തമിഴ്നാടിന്റെ ഭൂരിഭാഗം സ്ഥലങ്ങളിലും ജനങ്ങൾ വസിച്ചിരുന്നു. ജനങ്ങൾക്കിടയിൽ വിനിമയ ബന്ധുത്വം വികസിച്ചു.

ഈ കാലഘട്ടത്തിലെ ജനങ്ങൾക്ക് ലോഹ സംസ്കരണം, മൺപാത്ര നിർമ്മാണം എന്നിവയെക്കുറിച്ച് അറിയാമായിരുന്നു. അവർ ഇരുമ്പ്, വെങ്കലം എന്നിവ കൊണ്ടുള്ള വസ്തുക്കളും സ്വർണ്ണാഭരണങ്ങളും ഉപയോഗിച്ചിരുന്നു. അവർ ജീവികളുടെ പുറം തോടു കൊണ്ടുള്ള ആഭരണം അണിഞ്ഞിരുന്നു.



IX Std - History Malayalam Unit-1.indd 9 3/29/2023 6:20:17 PM

### ലെമുറിയയും തമിഴരും

വെള്ളത്തിനടിയിൽ താഴ്ന്നു പോയ ലെമുറിയാ വൻകരയിലാണ് തമിഴർ ആവിർഭവിച്ചതെന്ന് ചില ഗവേഷകർ അഭിപ്രായപ്പെടുന്നു. ലെമുറിയൻ വൻകര സിദ്ധാന്തം 19-ാം നൂറ്റാണ്ടിൽ നിർദ്ദേശിക്കപ്പെട്ടതാണ്. ടെക്ടോണിക് ഖണ്ഡ സിദ്ധാന്തത്തിന്റെ മുന്നേറ്റത്തോടെ ഗവേഷകർ വ്യത്യസ്ത അഭിപ്രായങ്ങൾ മുന്നോട്ടു വെയ്ക്കുന്നുണ്ട്.

ലഭ്യമായ സാഹിത്യ പരാമർശങ്ങൾ കന്യാകുമാരിക്കു ചുറ്റുമുള്ള പ്രദേശങ്ങൾ കടലിൽ താഴ്ന്നതായി സൂചിപ്പിക്കുന്നു. 5000 BCE യ്ക്കു മുൻപ് തമിഴ്നാടും ശ്രീലങ്കയുടെ ചില പ്രദേശങ്ങളും കരയുമായി ബന്ധിപ്പിച്ചിരുന്നു. കന്യാകുമാരിയ്ക്കടുത്തുള്ള ഇന്ത്യയിലെ കടൽക്കരയ്ക്ക് ചുറ്റുമുള്ള ചില സ്ഥലങ്ങൾ വെള്ളത്തിനടിയിലാകാൻ സാധ്യതയുണ്ട്. കടൽനിരപ്പിന്റെ ഉയരം കൂടുന്നതിനാൽ അപ്രകാരം സംഭവിക്കുന്നു. ഈ പ്രദേശത്ത് വെള്ളത്തിനടിയിൽ പരിശോധന ആവശ്യമാണ്..

മധ്യശിലായുഗം മുതൽ നവീന ശിലായുഗം വരെയുള്ള കാലഘട്ടത്തിൽ തമിഴ്നാട് ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യയിൽ ഒരു ചെറിയ വിഭാഗം ജനങ്ങളെങ്കിലും തുടർച്ചയായി വസിക്കുന്നുണ്ടാവുമെന്ന് ഗവേഷകർ അഭിപ്രായപ്പെടുന്നു.

കർണീലിയൻ, ക്വാർട്സ് എന്നിവ കൊണ്ടുണ്ടാക്കിയ മണികൾ ഈ ആഭരണങ്ങളിൽ ചേർത്തിരുന്നു. തിരുനെൽവേലി ജില്ലയിലെ ആദിച്ചനല്ലൂർ, മധുരാന്തകത്തിനടുത്തുള്ള ചാണൂർ, പുതുക്കോട്ടയ്ക്കടുത്തുള്ള ചിത്തന്നവാസൽ എന്നിവിടങ്ങളിൽ ആയസ യുഗത്തിന്റെ തെളിവുകൾ കണ്ടെടുത്തിട്ടുണ്ട്. മഹാശില ശവസംസ്കാര സ്ഥലങ്ങൾ തമിഴ്നാടിന്റെ എല്ലാ ഭാഗത്തും കാണുന്നുണ്ട്.

## മഹാശില ശവസംസ്കാര രീതികൾ

മരിച്ചവർക്കു വേണ്ടി സംസ്കാര സ്ഥലത്ത് വലിയ ശിലകൾ പതിച്ചിരുന്നതിനാൽ ആയസ യുഗത്തെ മഹാശിലായുഗം എന്നും പറയുന്നു. ഈ ശ്മശാനത്തിൽ മരിച്ചവരുടെ അസ്ഥികൂടങ്ങൾ അഥവാ ചില അസ്ഥികളോടൊപ്പം ഇരുമ്പു കൊണ്ടുള്ള വസ്തുക്കൾ കോർണീലിയൻ മണികൾ, വെങ്കല വസ്തുക്കൾ എന്നിങ്ങനെയുള്ള വസ്തുക്കൾ കണ്ടിരുന്നു. ചില ശ്മശാനങ്ങളിൽ അസ്ഥികൾ കണ്ടിരുന്നില്ല. എന്നാൽ കല്ലറ വസ്തുക്കൾ മാത്രം ലഭിച്ചിരുന്നു. അവയെ സ്മാരക ശവക്കല്ലറകൾ എന്നു പറയാവുന്നതാണ്.

**കല്ലറ വസ്തുക്കൾ** മരിച്ചവരുടെ ഭൗതിക ശരീരത്തോടൊപ്പം നിക്ഷേപിച്ചിരുന്ന വസ്തുക്കളാണിവ. ഈ വസ്തുക്കൾ മരണാനന്തര ജീവിതത്തിന് പ്രയോജനപ്പെടുമെന്ന് ജനങ്ങൾ വിശ്വസിച്ചിരുന്നു. ഇത്തരം ഉപകരണങ്ങൾ ഈജിപ്തിലെ പിരമിഡുകളിലും കണ്ടിരുന്നു.

ഇതുപോലുള്ള ശവക്കല്ലറകൾ ചരിത്രകാലത്തിന്റെ പ്രാരംഭത്തിൽ അഥവാ സംഘകാലത്തിൽ നിർമ്മിക്കപ്പെട്ടിരുന്നു. സംഘസാഹിത്യത്തിൽ നിരവധി ശവസംസ്കാര രീതികളെക്കുറിച്ച് പരാമർശമുണ്ട്. മഹാശില സംസ്കാരത്തിലെ ശവസംസ്കാര രീതികൾ പലതായി വേർതിരിച്ചിട്ടുണ്ട്. അവ ഡോൾമെനുകൾ, സിസ്റ്റുകൾ, സമാധി സ്ഥലം, മെൻഹിറുകൾ, പാറപൊട്ടിച്ചുള്ള ഗുഹകൾ, വലിയ മൺപാത്രത്തിൽ നിക്ഷേപിച്ചുള്ള സംസ്കരണം, സാർക്കോ ഫേഗസ് എന്നിവയാണ് കൊടക്കൽ (കുടക്കല്ല്) തൊപ്പിക്കൽ, പത്തിക്കൽ എന്നിവ കേരളത്തിൽ കാണപ്പെടുന്നു. മേശ പോലുള്ള ശിലാഘടനയോടു കൂടിയ ഡോൾമെൻ സ്മാരക ശിലകളായി നിർമ്മിച്ചിട്ടുള്ളതാണ്. സമാധി സ്ഥലങ്ങൾ ചുറ്റും പാറകൾ കൊണ്ട് മണ്ണിനടിയിൽ അടക്കം ചെയ്തിട്ടുള്ളതാണ്. നാലു ശിലാഫലകങ്ങൾ പാർശ്വങ്ങളിലും ഒന്നു മുകളിലുമായി വെച്ച് നിർമ്മിച്ചിട്ടുള്ളതാണ്. സമാധി, ഡോൾമെൻ എന്നിവയ്ക്ക് മുകളിൽ തുറക്കാനുള്ള സംവിധാനമുണ്ട്. ശവശരീരങ്ങളെ വലിയ മൺപാത്രത്തിൽ നിക്ഷേപിച്ചു മറവു ചെയ്യാറുണ്ട്. ടെറാക്കോട്ട കൊണ്ട് നിർമ്മിച്ച ശവക്കല്ലറ പോലുള്ള ഘടനയാണ് സാർക്കോഫേഗസ്. അവയ്ക്ക് പല കാലുകളുള്ള ഘടനയുമുണ്ട്. മെൻഹിർ എന്നത് സ്തംഭാകൃതിയിൽ കല്ലുകൾ നിർത്തിയിട്ടുള്ള ശവക്കല്ലറ അഥവാ സ്മാരകശില ആകുന്നു.



റോബർട്ട് ബ്രൂസ് ഫൂട്ട് കണ്ടെത്തിയ ഉപകരണങ്ങൾ



ചെന്നൈയ്ക്കടുത്തുള്ള ഗുഡിയം ഗുഹകൾ.



സർ റോബർട്ട് ബ്രൂസ് ഫൂട്ട് ഇന്ത്യയിൽ പല്ലാവരത്തു നിന്നും ആദ്യത്തെ പ്രാചീന ശിലോപകരണങ്ങൾ കണ്ടെടുത്തു.



IX Std - History Malayalam Unit-1.indd 10 3/29/2023 10:36:50 AM



മെൻഹിർ




ആദിച്ചനല്ലൂരിൽ കണ്ടെടുത്ത മൂടിയോടു കൂടിയ മൺതാഴി



മുകളിലുറപ്പിച്ച കല്ല് എന്നിവ ഉള്ളടക്കിയ ഒരു ശിലാവൃത്തം



സാർക്കോഫാഗസ്



ഡോൾമെൻ



സിസ്റ്റ്, കൊളുമണൽ



കോടക്കൽ, കേരളം



തൊപ്പിക്കൽ, കേരളം



പത്തിക്കൽ, കേരളം

**പോർട്ട്ഹോൾസ്** സമാധി, ഡോൾമെൻ എന്നിവയുടെ ഒരു പാർശ്വത്തിൽ കാണുന്ന ദ്വാരമാണ്. അവ ശവക്കല്ലറയുടെ പ്രവേശന ദ്വാരമായി കാണപ്പെടുന്നു. അവ ആത്മാവിന് സഞ്ചരിക്കാനുള്ള വാതായനങ്ങളായി കരുതപ്പെടുന്നു.

## കൃഷിയും കന്നുകാലി മേയ്ക്കലും

ആയസയുഗത്തിലെ ജനങ്ങൾ കൃഷിത്തൊഴിലിൽ ഏർപ്പെട്ടിരുന്നു. കൂടാതെ കന്നുകാലികൾ, ചെമ്മരിയാട് എന്നിവയെ ഇണക്കി വളർത്തിയിരുന്നു. എന്നാൽ ചില വിഭാഗങ്ങൾ വേട്ടയാടൽ- ഭക്ഷ്യസമാഹരണം തുടർന്നിരുന്നു. തിനവർഗ്ഗങ്ങളും നെല്ലും കൃഷി ചെയ്തിരുന്നു. ജലസേചനം ഈ കാലഘട്ടത്തിൽ പുരോഗമിച്ചു. പല മഹാശിലാ പ്രദേശങ്ങളും നദി, കുളം എന്നിവയ്ക്കരികിൽ സ്ഥിതി ചെയ്തിരുന്നു ഡൽറ്റാ പ്രദേശങ്ങളിൽ ജലസേചനം ഒരു സാങ്കേതിക വിദ്യയായി വികസിച്ചു. മഹാശിലാ പ്രദേശങ്ങളായ തുത്തൂക്കുടി ജില്ലയിലെ ആദിച്ചനല്ലൂരിലും പഴനിക്കടുത്തുള്ള പൊരുന്തലിലും നെൽകൃഷി ചെയ്തതിന്റെ തെളിവുകൾ ലഭ്യമായിട്ടുണ്ട്.

## ആയസസുഗത്തിലെ സമൂഹവും ഭരണ സംവിധാനവും

ആയസയുഗ സമൂഹത്തിൽ കർഷകർ കാലിമേയ്ക്കുന്നവർ, വേടർ- ഭക്ഷ്യ സമാഹരണക്കാർ എന്നിവരുമുണ്ടായിരുന്നു. കൈത്തൊഴിൽ വിദഗ്ദ്ധർ, കുശവർ, കരുവാൻ എന്നീ തൊഴിൽ ചെയ്യുന്നവരും ഈ കാലഘട്ടത്തിൽ ഉണ്ടായിരുന്നു. സമൂഹത്തിൽ നിരവധി വിഭാഗങ്ങൾ (ഗോത്രങ്ങൾ) കാണപ്പെട്ടിരുന്നു. ശവക്കല്ലറകളുടെ വലിപ്പ വ്യത്യാസവും ശവത്തോടൊപ്പമുള്ള നിക്ഷേപവസ്തുക്കളുടെ വൈവിധ്യവും നിരവധി സാമൂഹ്യ വിഭാഗങ്ങളും അവർക്ക് വ്യത്യസ്തമായ ശവം മറവു ചെയ്യുന്നതിനുമുള്ള ചടങ്ങുകൾ ഉണ്ടെന്നത് തെളിവാകുന്നു. ചില സമൂഹങ്ങളിൽ ഭരണത്തലവൻ ഉണ്ടായിരുന്നു. കന്നുകാലികളെ അപഹരിക്കുന്നത് പലപ്പോഴും യുദ്ധങ്ങൾക്ക് വഴിവെച്ചിട്ടുണ്ട്. കൈയ്യേറ്റങ്ങളും അതിർത്തി വികസനവും ഈ കാലഘട്ടത്തിൽ നടന്നിരുന്നു.

### മൺപാത്ര നിർമ്മാണം

പുരാവസ്തു ഉത്ഖനന കേന്ദ്രങ്ങളിൽ നിന്നും കണ്ട പ്രധാന തെളിവുകളാണ്. മൺപാത്രങ്ങൾ. ആയസ യുഗത്തിലേയും സംഘകാലത്തിലേയും ജനങ്ങൾ കറുപ്പും ചുവപ്പും നിറങ്ങൾ ഉപയോഗിച്ച് കറുത്തമൺപാത്രങ്ങളും ചുവന്ന മൺപാത്രങ്ങളും നിർമ്മിച്ചു. ഭക്ഷണം പാകം ചെയ്യുന്നതിനും വസ്തുക്കൾ സംഭരിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും മൺപാത്രങ്ങൾ ഉപയോഗിച്ചിരുന്നു. കറുപ്പും ചുവപ്പുമുള്ള മൺപാത്രങ്ങൾ ഉള്ളിൽ



IX Std - History Malayalam Unit-1.indd 11 3/29/2023 10:36:51 AM



ആദിച്ചനല്ലൂരിലെ കറുപ്പും ചുവപ്പുമായ പാത്രങ്ങൾ




(a) ആദിച്ചനല്ലൂരിലെ ഇരുമ്പു വാളും കത്തിയും.

(b) പുതുച്ചേരിയിലെ ആരെവില്ലെയിൽ ശവസംസ്കാര സ്ഥലത്തു നിന്നും ലഭിച്ച വെങ്കലപാത്രം

കറുപ്പും വെളിയിൽ ചുവപ്പും തിളക്കമാർന്ന പ്രതലത്തോടും കാണപ്പെട്ടിരുന്നു

**ഇരുമ്പ് സാങ്കേതിക വിദ്യയും ലോഹ ഉപകരണങ്ങളും**

മഹാശിലാ ശവക്കല്ലറകളിൽ ധാരാളം ഇരുമ്പു വസ്തുക്കൾ കല്ലറ വസ്തുക്കളായി നിക്ഷേപിക്കപ്പെട്ടിരുന്നു. വാൾ, കത്തി തുടങ്ങിയ ആയുധങ്ങളും മഴു, ഉളി, വിളക്കുകൾ, മുക്കാലി പീഠം എന്നിവയും കണ്ടെത്തിയിട്ടുണ്ട്. ഈ ഉപകരണങ്ങളിൽ ചിലതിനെ മരം അഥവാ അസ്ഥി അഥവാ കൊമ്പു കൊണ്ടുള്ള കൈപ്പിടികൾ ഘടിപ്പിച്ച് ഉപയോഗിച്ചിരുന്നു. കൃഷി, വേട്ടയാടൽ, ഭക്ഷ്യസംഭരണം, യുദ്ധങ്ങൾ എന്നിവയ്ക്ക് ഇരുമ്പുപകരണങ്ങൾ ഉപയോഗിച്ചിരുന്നു. വെങ്കലപാത്രങ്ങൾ, പക്ഷിമൃഗാദികളുടെ ചിത്രങ്ങൾ കൊണ്ടലംകൃതമായ പാത്രങ്ങൾ, വെങ്കലക്കണ്ണാടികൾ, മണികൾ എന്നിവയും കണ്ടെത്തിയിരുന്നു.

## സംഗ്രഹം

- മനുഷ്യന്റെ ചരിത്രത്തിനും ഭൂമിയുടെ ചരിത്രത്തിനും വളരെയടുത്ത ബന്ധമാണുള്ളത്. ഏകദേശം 4.54 ബില്യൺ വർഷങ്ങൾക്കു മുമ്പ് ഭൂമി ആവിർഭവിച്ചു.
- ഹൊമിനിയൻ എന്ന മനുഷ്യ പൂർവ്വികർ 5 – 7 മില്ല്യൺ വർഷങ്ങൾക്കു മുമ്പ് പ്രത്യക്ഷമായി.
- ജനങ്ങൾ മനുഷ്യന്റെ ഉത്ഭവത്തെക്കുറിച്ച് ദൈവികമായ വ്യാഖ്യാനങ്ങൾ നൽകിയാലും ശാസ്ത്രം വിശ്വസിക്കുന്നത് മനുഷ്യൻ കുരങ്ങിൽ നിന്നും രൂപം കൊണ്ടു എന്ന പരിണാമ സിദ്ധാന്തത്തെയാണ്.
- മനുഷ്യൻ മൃഗങ്ങളെ ഇണക്കി വളർത്താനും വിളവുകൾ കൃഷി ചെയ്യാനും തുടങ്ങി. കാർഷിക വിപ്ലവം പല മാറ്റങ്ങൾക്കും കാരണമായി. മനുഷ്യൻ സ്ഥിരമായ വീടുകളിൽ താമസിക്കുകയും മൺപാത്രങ്ങൾ നിർമ്മിക്കുകയും ചെയ്തു. ഉപരിയായ ഉൽപ്പാദനം കൈത്തൊഴിലുകൾക്ക് വഴിതെളിച്ചു.
- 2 – 1.5 മില്ല്യൺ വർഷങ്ങൾക്കു മുമ്പ് തമിഴ്നാട്ടിൽ മനുഷ്യർ ഉണ്ടായിരുന്നുവെന്ന് പ്രാരംഭ തെളിവുകൾ ലഭ്യമായിട്ടുണ്ട്.
- മധ്യ പ്രാചീന ശിലായുഗ സംസ്ക്കാരം തമിഴ്നാട്ടിൽ ചില പ്രദേശങ്ങളിൽ നിലവിലുണ്ടായിരുന്നു.
- മധ്യശിലായുഗ ജനങ്ങൾ തമിഴ്നാടിന്റെ എല്ലാ പ്രദേശങ്ങളിലും ജീവിച്ചിരുന്നു.
- ഇരുമ്പു കൊണ്ടുള്ള ഉപകരണങ്ങൾ കൃഷിക്കുപയോഗിച്ചു.
- നവീന ശിലായുഗ സംസ്ക്കാരം തമിഴ്നാടിന്റെവടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽ നിലവിലുണ്ടായിരുന്നു.
- ആയസ യുഗത്തിൽ നിരവധി സാംസ്കാരിക മേഖലകളിൽ മനുഷ്യന് വികസനമുണ്ടായി. തുടർന്ന് ഈ കാലഘട്ടത്തിൽ സംഘ കാലത്തിന് അടിത്തറയിട്ടു.
- ഇരുമ്പു കൊണ്ടുള്ള ഉപകരണങ്ങൾ കൃഷിക്കുപയോഗിച്ചു.

## അഭ്യാസം

CJ5IA

### I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

1. _____ ജനിതകമായി മനുഷ്യരോട് വളരെയടുത്ത ബന്ധമുള്ളതാണ്.

   (a) ഗൊറില്ല (b) ചിമ്പൻസി

   (c) ഒരാംഗ്-ഉട്ടൻ (d) വൻ കുരങ്ങുകൾ

2. കൃഷിയും മൃഗങ്ങളെ ഇണക്കി വളർത്തലും ആരംഭിച്ചത് _____ യുഗത്തിലാണ്.

   (a) പ്രാചീന ശിലായുഗം

   (b) മധ്യശിലായുഗം



IX Std - History Malayalam Unit-1.indd 12 3/29/2023 10:36:51 AM

(c) നവീനശിലായുഗം

(d) മഹാശിലയുഗം

**3.** ആധുനിക മനുഷ്യന്റെ നേരിട്ടുള്ള പൂർവ്വികൻ_____.

(a) ഹോമോ ഹാബിലിസ്

(b) ഹോമോ ഇറക്ട്സ്

(c) ഹോമാ സാപിയൻസ്

(d) നിയാന്തർതൽ മനുഷ്യൻ

**4.** ഈജിപ്റ്റ്, ഇസ്രയേൽ- പാലസ്തീൻ, ഇറാഖ് എന്നീ പ്രദേശങ്ങളെ _____ കുറിക്കുന്നു.

(a) ഉയർന്ന വിള്ളൽ താഴ്വര

(b) വളക്കൂറുള്ള ചന്ദ്രക്കലാ പ്രദേശം

(c) ഏകനദി

(d) നിയാന്തർതൽ താഴ്വര

**5.** ഇംഗ്ലണ്ടിലെ ഭൂവിജ്ഞാനീയനായ സർ റോബർട്ട് ബ്രൂസ് ഫൂട്ട് ചെന്നൈയ്ക്കടുത്തുള്ള പല്ലാവരത്തിൽ നിന്നും ആദ്യമായി_____ ഉപകരണങ്ങൾ കണ്ടെടുത്തു.

(a) സക്ഷ്മശില (b) പ്രാചീന ശിലായുഗം

(c) മധ്യശിലായുഗം (d) നവീനശിലായുഗം

**6.** (i) എഴുത്തു സമ്പ്രദായം ആരംഭിക്കുന്നതിനു മുമ്പുള്ള കാലത്തെ ചരിത്രാതീത കാലം എന്നു പറയുന്നു.

(ii) ചരിത്രാതീതകാല ജനങ്ങൾ ഭാഷ, മനോഹര ചിത്രങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവ വികസിപ്പിച്ചെടുത്തു

(iii) ചരിത്രാതീത സമൂഹങ്ങളെ സാക്ഷരരായി കരുതുന്നു.

(iv) ചരിത്രാതീത കാലം വളരെ പുരാതനമാണ്.

a) (i) ശരിയാണ്

b) (i), (ii) ശരിയാണ്

c) (i), (iv) ശരിയാണ്

d) (ii), (iii) ശരിയാണ്

**7.** (i) നവീന ശിലായുഗ ജനങ്ങൾ സെൽട്സ് എന്ന മിനുസമാക്കിയ കന്മഴുക്കൾ ഉപയോഗിച്ചിരുന്നു

(ii) ചെന്നൈ ജില്ലയിൽ പയ്യമ്പള്ളി എന്ന സ്ഥലത്ത് നവീന ശിലായുഗകാലത്തെ ഗ്രാമത്തിന്റെ തെളിവ് കാണപ്പെടുന്നു.

(iii) നവീന ശിലായുഗത്തിനു ശേഷം ഉണ്ടായ സാംസ്കാരിക കാലമാണ് വെങ്കലയുഗം.

(iv) മൃഗങ്ങളെ ഇണക്കി വളർത്തിയും വിളവുകൾ കൃഷി ചെയ്തതുമായ കാലം മധ്യശിലായുഗമാണ്

a) (i) ശരിയാണ് b) (ii) ശരിയാണ

c) (ii) , (iii) ശരിയാണ d) (iv) ശരിയാണ

**8.** പ്രസ്താവന (A) :നിരവധി മധ്യശിലായുഗ പ്രദേശങ്ങൾ നദികൾ, കുളങ്ങൾ എന്നിവയ്ക്കടുത്ത് കണ്ടെത്തിയിട്ടുണ്ട്.

കാരണം (R) മധ്യശിലായുഗത്തിൽ ജലസേചന സൗകര്യങ്ങൾ വികസിച്ചു.

a) A, R എന്നിവ ശരിയാണ്. R, A യെ വ്യക്തമാക്കുന്നു

b) A, R എന്നിവ ശരിയാണ്. പക്ഷേ R, A യെ വ്യക്തമാക്കുന്നില്ല

c) A ശരിയാണ്. പക്ഷേ R ശരിയല്ല

d) A, R എന്നിവ ശരിയല്ല.

## II. വിട്ടഭാഗം പൂരിപ്പിക്കുക

**1.** കൈമഴുക്കളും വലിയ കത്തികളും _____ സംസ്കാരത്തിലെ പ്രധാന ഉപകരണങ്ങളാണ് .

**2.** ശിലോപകരണങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിച്ച രീതികളും സാങ്കേതിക വിദ്യകളും _____ എന്നു വിളിക്കുന്നു.

**3.** പ്രാചീന ശിലായുഗത്തിനും നവീന ശിലായുഗത്തിനും മധ്യേയുള്ളത് _____ ശിലായുഗമാണ്.

## III. ശരിയായ പ്രസ്താവനയെ കണ്ടു പിടിക്കുക

**1.** a) ഏറ്റവും യോഗ്യതയുള്ളത് നിലനിൽക്കുന്നുവെന്ന ആശയം മനുഷ്യോൽപ്പത്തിയുടെ ശാസ്ത്രീയമായ അറിവിനെ സംഭാവന ചെയ്യുന്നു.

b) വർഗ്ഗോൽപത്തി (The origin of Species) എന്ന പുസ്തകം പ്രസിദ്ധീകരിച്ചത് ഹെർബർട്ട് സ്പെൻസർ ആകുന്നു.



IX Std - History Malayalam Unit-1.indd 13 3/29/2023 10:36:51 AM

c) ഡാർവിന്റെ ജീവപരിണാമ സിദ്ധാന്തം പ്രകൃത്യാലുള്ള തെരഞ്ഞെടുപ്പു പ്രക്രിയയുമായി ബന്ധപ്പെട്ടിരിക്കുന്നു.

d) ഭൂവിജ്ഞാനം എന്നത് ശിലാസാങ്കേതിക വിദ്യയെക്കുറിച്ചുള്ള പഠനമാണ്.

**2.** a) വൻ കുരങ്ങുകളിൽ ഒറാംഗ്- ഉട്ടൻ ജനിതകമായി മനുഷ്യനോട് ചേർന്നു നിൽക്കുന്നു.

b) മനുഷ്യരുടെ പൂർവ്വികർ ഹോമിനിനാണ്. അവർ ആഫ്രിക്കയിലാണ് ആവിർഭവിച്ചത്

c) ശിലാപാളികൾ ഉപകരണങ്ങൾ നിർമ്മിക്കാൻ ഉപയോഗിച്ചിരുന്നു.

d) അക്യുലിയൻ ഒരു വലിയ പാറക്കഷ്ണമാണ്. അതിൽ നിന്ന് ചുറ്റിക കൊണ്ട് ചെറിയ പാളികളുണ്ടാക്കുന്നു.

## IV. ചേരുംപടി ചേർക്കുക

| | | |
|---|---|---|
| **1.** | പ്രാചീന നരവംശ ശാസ്ത്രം | - തേരി |
| **2.** | കൈമഴു ഉപകരണം | - ശുക്രൻ (വീനസ്) |
| **3.** | ശിലകളിലും അസ്ഥികളിലുമുള്ള രൂപങ്ങൾ | - അക്യൂലിയൻ |
| **4.** | ചുവന്ന മണൽത്തിട്ടുകൾ | - സൂക്ഷ്മ ശിലകൾ |
| **5.** | ചെറിയ ശിലാകര കൗശല വസ്തുക്കൾ | - മനുഷ്യ പൂർവ്വികന്മാരെക്കുറിച്ചുള്ള പഠനം |

## V. ചുരുക്കി ഉത്തരമെഴുതുക

**1.** അനുമാനത്തിന്റെ കാലം മനുഷ്യനെ അവബോധവും അറിവുള്ളവനുമാക്കി മാറ്റി. എങ്ങനെ ? ചർച്ച ചെയ്യുക.

**2.** തമിഴ്നാട്ടിലെ ചരിത്രാതീത ജനങ്ങളുടെ കന്നുകാലി മേയ്ക്കലിന്റെ സ്വാധീനത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

**3.** മഹാശിലായുഗ ശവസംസ്കാര രീതികളുടെ സവിശേഷതകളേവ?.

**4.** താഴ്ന്നപ്രാചീനശിലായുഗജനങ്ങളുടെഉപകരണ നിർമ്മാണത്തിന്റെ സാങ്കേതിക വിദ്യയെ വിശദമാക്കുക.

## VI. ഓരോ ശീർഷകത്തിനും ചുവട്ടിൽ കൊടുത്തിട്ടുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക

**1.** ഹോമിനിഡുകളും ഹോമിനിനുകളും

a) ഹോമിനിഡ്സ് ആരാണ് ?

b) ആഫ്രിക്കയിൽ ഉപകരണങ്ങൾ നിർമ്മിച്ച ഏറ്റവും ആദ്യകാലത്തെ മനുഷ്യപൂർവ്വികൻ ആരാണ് ?

c) ആധുനിക മനുഷ്യൻ അിറയപ്പെടുന്നത് എങ്ങനെ ?

d) ഈ ഗോത്രത്തിലെ ഏതെങ്കിലും ഒരു വർഗ്ഗത്തിന്റെ പേരെഴുതുക.

**2.** മനുഷ്യപൂർവ്വികരുടെ ആദ്യകാല ഉപകരണങ്ങൾ

a) കർണ്ണാടകയിലും മധ്യപ്രദേശിലും അക്യൂലിയൻ ഉപകരണങ്ങൾ കണ്ടെത്തിയ സ്ഥലങ്ങൾ ഏവ.

b) ശിലാ സാങ്കേതിക വിദ്യ എന്നാലെന്ത് ?

c) ദ്വിതല ഉപകരണങ്ങൾ എന്നാലെന്ത് ?

d) മനുഷ്യരുടെ പൂർവ്വികർ ഉപയോഗിച്ച ചില ശിലോപകരണങ്ങളുടെ പേരെഴുതുക.

## VII. വിവരിച്ച് ഉത്തരമെഴുതുക

1. കൃഷി, മൺപാത്ര നിർമ്മാണം, ലോഹ ഉപകരണങ്ങൾ എന്നിവയുടെ പുരോഗതി മഹാശിലായുഗ ഘട്ടത്തിലെ ഒരു നാഴികക്കല്ലാണ്. സ്ഥാപിക്കുക.

2. മനുഷ്യന്റെ ചരിത്രം ഭൂമിയുടെ ചരിത്രവുമായി വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു. വിശദമാക്കുക.



IX Std - History Malayalam Unit-1.indd 14 3/29/2023 10:36:51 AM

## ചരിത്രത്തിലെ വിനോദം

**വിദ്യാർത്ഥി പ്രവർത്തനങ്ങൾ**

ലോകഭൂപടത്തിൽ ചരിത്രാതീതകാല പ്രദേശങ്ങൾ കുറിക്കുക.

തമിഴ്നാട്ടിലെ ചരിത്രാതീതകാല പ്രദേശങ്ങളെക്കുറിച്ചുള്ള ഒരു പ്രദർശനം സംഘടിപ്പിക്കുക.

**അധ്യാപകരുടെ മാർഗ്ഗ നിർദ്ദേശത്തോടെ ചെയ്യേണ്ട പ്രവർത്തനങ്ങൾ**

മനുഷ്യ ജീവന്റെ ഉൽപ്പത്തിയെക്കുറിച്ച് ഒരു പവർപോയിന്റെ പ്രസന്റേഷൻ തയ്യാറാക്കുക

ചരിത്രാതീത കാലത്തെ ഉപകരണങ്ങളെക്കുറിച്ച് ഒരു പവർപോയിന്റ് പ്രസന്റേഷൻ തയ്യാറാക്കുക

പുരാതന ജനങ്ങളുടെ എഴുത്തു സമ്പ്രദായത്തെക്കുറിച്ച് ഒരു പവർപോയിന്റ് പ്രസന്റേഷൻ തയ്യാറാക്കുക.

## കൂടുതൽ വായനയ്ക്ക്


1. Noboru Karashima. A Concise History of South India Issues and Interpretations. Oxford.
2. K.Rajan. Iron Age-Early Historic Transition in South India: An Appraisal. Padmashri Amalananda Ghosh Memorial Lecture, New Delhi: Institute of Archaeology.
3. Ralph, Burns and others. World Civilizations (Vol. 1).


## ഇന്റർനെറ്റ് വിവരങ്ങൾ

http://www.sharmaheritage.com

http://humanorigins.si.edu

https://www.nature.com

https://www.britannica.com

http://www.ancient-origins.net

## ICT CORNER ഇന്റർനെറ്റ് പ്രവർത്തനം

**കാഴ്ചബംഗ്ലാവുകളിൽ ചരിത്രാതീത വസ്തുക്കൾ കണ്ടെത്തുക**

സമയത്ത് തിരിച്ചെത്തുക



**ഘട്ടങ്ങൾ**

- QR കോഡിനെ സ്കാൻ ചെയ്ത് ആപ്പ് ഇൻസ്റ്റാൾ ചെയ്യുക.
- സ്ക്രീനിന്റെ ഇടതുഭാഗത്ത് മൂന്നു രേഖകൾ (ബാറുകൾ) കാണാം. അവയെ ക്ലിക്ക് ചെയ്യുക.
- *നാം Collections-ൽ ക്ലിക്ക് ചെയ്യുമ്പോൾ നിങ്ങൾക്ക് ലോക പ്രസിദ്ധ കാഴ്ചബംഗ്ലാവുകൾ കാണാം. British Musuem സെലക്റ്റ് ചെയ്യുക. യെലോ മാൻ ഐക്കൺ ക്ലിക്ക് ചെയ്ത് Take a Tour - Collections-ൽ ക്ലിക്ക് ചെയ്യുക. കാഴ്ചബംഗ്ലാവിലെ വസ്തുക്കൾ കാലഘട്ടം അനുസരിച്ച് വ്യക്തമായി കാണിക്കുന്നതാണ്.
- * ടൈംലൈൻ കാണുന്നതിന് Clock ക്ലിക്ക് ചെയ്യുക.

**Website URL:**

https://play.google.com/store/apps/details?id=com.google.android.apps.cultural

L5VSO



IX Std - History Malayalam Unit-1.indd 15 3/29/2023 10:36:53 AM

യൂണിറ്റ്
2

# പുരാതന നാഗരീകതകൾ

## പഠന ലക്ഷ്യങ്ങൾ

- ആദ്യകാല സമൂഹങ്ങൾ, രാഷ്ട്രീയ രൂപീകരണം എന്നിവയെക്കുറിച്ചുള്ള പഠനം
- നാഗരീകതയുടെ പുരോഗതിയെ ഗ്രഹിക്കൽ
- പുരാതന ഈജിപ്ത് നാഗരീകതയെക്കുറിച്ചുള്ള പഠനം
- മെസപ്പെട്ടോമിയൻ സംസ്കാരത്തിന്റെ പ്രധാന സവിശേഷതകളെക്കുറിച്ചുള്ള പഠനം.
- ചൈനാ നാഗരികതയെക്കുറിച്ചുള്ള അറിവു നേടൽ
- സിന്ധു നദീതട നാഗരീകതയെക്കുറിച്ചുള്ള അറിവു നേടൽ

JGCS0

## മുഖവുര

ആദ്യകാല വേട്ടയാടൽ- ഭക്ഷ്യ സമാഹരണം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരെയും നവീന ശിലായുഗത്തിൽ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്നവരെയും അപേക്ഷിച്ച് നഗരസമൂഹം കൂടുതൽ ക്രമീകരിക്കപ്പെട്ട് സങ്കീർണ്ണമായ ജീവിതരീതി കൈക്കൊണ്ടിരുന്നു. നഗരസമൂഹം കൃത്യമായ ആസൂത്രണമുള്ള നിരവധി അടുക്കുകളോട് കൂടിയവയാണ്. അവർ കൈത്തൊഴിൽ, വാണിജ്യവും വിനിമയവും ശാസ്ത്രസാങ്കേതിക വിദ്യ എന്നിവകളിലേർപ്പെടുകയും രാഷ്ട്രീയ ഘടന (രാഷ്ട്രത്തിന്റെ ആദ്യകാലരൂപം) ഏർപ്പെടുത്തുകയും ചെയ്തു. അതിനാൽ നാഗരീകത എന്ന പദം ആദ്യകാല സാമൂഹ്യഘടനയെ വേർതിരിച്ച് കാണുന്നു. എന്നിരുന്നാലും മറ്റു സാമൂഹ്യഘടകങ്ങളിൽ നിന്നും ഉയർന്നവരായി കരുതപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ ഓരോ സംസ്കാരത്തിനും അഥവാ നാഗരീകതയ്ക്കും അതിന്റേതായ സവിശേഷതകളുണ്ട്.

## 2.1 ആദ്യകാല നാഗരീകതകൾ

ഉന്നതവും ക്രമീകരിക്കപ്പെട്ടതുമായ ജീവിതമാണ് നാഗരീകതകളിൽ കാണപ്പെടുന്നത്. ഇത് ഒരു പുതിയ ജീവിതരീതിക്ക് വഴിയൊരുക്കുകയും ഒരു പ്രത്യേക പരിതസ്ഥിതിക്കും സാംസ്കാരിക പശ്ചാത്തലത്തിനും അനുയോജ്യമായി വികസിക്കുകയും ചെയ്തു. വളരെയധികം ജനങ്ങൾകൂടുതൽഅടുത്തിടപഴകിജീവിച്ചതിലൂടെ സമൂഹത്തിൽ ആസൂത്രണം സവിശേഷ ഘടനകൾ എന്നിവ ആവശ്യമായി വന്നു. താമസസ്ഥലങ്ങൾ ആസൂത്രണം ചെയ്ത് നിർമ്മിക്കപ്പെട്ടു. ഒരു ഭരണ പദ്ധതി രൂപം കൊണ്ടു. സമൂഹം ചിട്ടപ്പെടുത്തുകയും ഭക്ഷ്യോൽപാദനം കൈത്തൊഴിൽ മൂലമുള്ള ഉൽപ്പാദനം എന്നിവയെ ക്രമീകരിക്കുകയും ചെയ്തു. നാഗരീകതകൾക്ക് വ്യക്തമായ രൂപം കൈവന്നപ്പോൾ വലിയ കെട്ടിടങ്ങൾ നിർമ്മിക്കപ്പെടുകയും എഴുത്തു സമ്പ്രദായങ്ങൾ വികസിക്കുകയും സമൂഹത്തിന്റെ നന്മയ്ക്കായി ശാസ്ത്ര സാങ്കേതിക മേഖലകൾ പല സംഭാവനകൾ നൽകുകയും ചെയ്തു.

ഈജിപ്ഷ്യൻ, മെസപ്പെട്ടോമിയൻ, ചൈനീസ്, സിന്ധു എന്നിവയാണ് ആദ്യകാല നാഗരീകതകളിൽ പ്രാധാന്യമേറിയവ. ഈ നാഗരീകതകൾ ചില പ്രദേശങ്ങളിൽ പുരോഗമിച്ചപ്പോൾ മറ്റു ചില പ്രദേശങ്ങളിലെ ജനങ്ങൾ വേട്ടക്കാരും ഭക്ഷ്യസമ്പാദകരും മേച്ചിൽ തൊഴിൽ നടത്തുന്നതുമായ നടത്തുന്നവരായും ജീവിച്ചിരുന്നു. വേട്ടക്കാരും ഭക്ഷ്യസമ്പാദകരും മേച്ചിൽ തൊഴിൽ നടത്തുന്നതുമായ ഇവർ നാഗരീകതയുള്ള പ്രദേശത്തിലെ ജനങ്ങളുമായി ആശയ വിനിമയത്തിലൂടെ ബന്ധമേർപ്പെടുത്തിയിരുന്നു. അവരുടെ ചരിത്രവും തുല്യ പ്രധാന്യമുള്ളവയാണ്. നാഗരീകതകളുടെ ഈ കാലത്ത് ദക്ഷിണേന്ത്യയിൽ നവീന ശിലായുഗ കാർഷിക-കന്നുകാലി വളർത്തൽസമൂഹവുംവേട്ടക്കാർ-ഭക്ഷ്യസമ്പാദകർ എന്നിവരുടെ സൂക്ഷ്മ ശിലാ സംസ്കാരവും രൂപം കൊണ്ടിരുന്നതായി കാണാവുന്നതാണ്.



IX Std - History Malayalam Unit-2.indd 16 3/29/2023 10:54:25 AM




**ആദ്യകാല ലോക നാഗരീകതകൾ**

## 2.2 ഈജിപ്ഷ്യൻ നാഗരീകത

വളരെ പുരാതന നാഗരീകതകളിലൊന്നായ ഈജിപ്ഷ്യൻ നാഗരീകത സ്മാരക വാസ്തു വിദ്യ, കൃഷി, കലകൾ, ശാസ്ത്രം, കൈത്തൊഴിലുകൾ എന്നിവയ്ക്ക് വളരെ പണ്ടു തന്നെ പ്രസിദ്ധിയാർജ്ജിച്ചതാണ്.

### ഭൂമിശാസ്ത്രം

ഈജിപ്റ്റ്, ആഫ്രിക്കൻ വൻകരയുടെ വടക്കു കിഴക്കു ഭാഗത്ത് സ്ഥിതി ചെയ്യുന്നു. അതിനു ചുറ്റുമായി കിഴക്കു ഭാഗത്ത് ചെങ്കടലും വടക്കു ഭാഗത്ത് മധ്യധരണിക്കടലും കാണപ്പെടുന്നു. തെക്കു ഭാഗത്തെ വിക്ടോറിയ തടാകത്തിൽ നിന്നുത്ഭവിച്ച് വടക്കു മധ്യധരണിക്കടലിൽ പതിക്കുന്ന നൈൽ നദി ഈജിപ്മിനെ ജലസേചനം ചെയ്യുന്നു. നൈൽ നദിയുടെ രണ്ടു ഭാഗത്തും മരുഭൂമികൾ കാണാവുന്നതാണ്. ഈജിപ്ഷ്യൻ നാഗരീകത പ്രധാനമായും നൈൽ നദിയെ ആശ്രയിക്കുന്നു. അതിനാൽ ഈജിപ്മിനെ നൈൽ നദിയുടെ ദാനം എന്ന് ഗ്രീക്ക് ചരിത്രകാരനായ ഹെറോഡോട്ടസ് വിളിക്കുന്നു. ഗതാഗതത്തിനും നൈൽ നദി പ്രയോജനപ്പെടുന്നു. നൈൽ നദി വർഷന്തോറും പുതിയ വണ്ടൽ മണ്ണ് നിക്ഷേപിക്കുന്നതിനാൽ നൈൽ താഴ്വര വളക്കൂറു കൊണ്ട് സമ്പുഷ്ടമാണ്. വണ്ടൽമണ്ണ് കൃഷിയെ പരിപോഷിപ്പിക്കുന്നതിനാൽ ഉപരിയായി ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുകയും അത് ഈജിപ്ഷ്യൻ നാഗരീകതയുടെ പുരോഗതിക്ക് കാരണമാവുകയും ചെയ്യുന്നു. നൈൽ നദിയുടെ വരണ്ട ഇരുവശങ്ങളും മരുഭൂമിയായി കാണപ്പെടുന്നു.

**ഹിക്സോസ്** പടിഞ്ഞാറൻ ഏഷ്യയിൽ നിന്നും വന്നതായി കരുതപ്പെടുന്ന ഈജിപ്റ്റിലെ 15-ാം രാജവംശത്തിലെ ഭരണാധികാരികളാണ്.

**പേർഷ്യക്കാർ** പേർഷ്യ എന്നു വിളിക്കപ്പെട്ടിരുന്ന പുരാതന ഇറാനിലെ ജനങ്ങൾ

**ഗ്രീക്ക്** യൂറോപ്പിലെ ഇന്നത്തെ ഗ്രീസ് രാഷ്ട്രത്തിലെ ജനങ്ങളുടെ ഭാഷ.

**റോം** പുരാതന റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനവും ഇപ്പോഴത്തെ ഇറ്റലിയുടെ തലസ്ഥാനവുമാണ് റോം.

### ഫറോക്കൾ, സമൂഹവും ഭരണവും

ഈജിപ്റ്റിലെ രാജാക്കന്മാരെ ഫറോക്കൾ എന്നു വിളിച്ചിരുന്നു. ജനങ്ങൾ ഫറോക്കളെ ദൈവികമായി കരുതിയിരുന്നു. ഫറോക്കൾക്കു കീഴിൽ ഒരു ഉദ്യോഗസ്ഥ വൃന്ദം പ്രവർത്തിച്ചിരുന്നു. സംസ്ഥാന ഗവർണർമാരായ വീസിയർ, പ്രാദേശിക മേയർ, നികുതി പിരിക്കുന്ന ഉദ്യോഗസ്ഥർ എന്നിവർ ഇവരിലുൾപ്പെടുന്നു. സാമൂഹ്യ വ്യവസ്ഥയെ പൂർണ്ണമായും സഹായിച്ചത് കരകൗശല വിദഗ്ദ്ധർ, കല്ലുടയ്ക്കുന്നവർ, കെട്ടിടം നിർമ്മിക്കുന്നവർ, മൺപാത്രനിർമ്മിക്കുന്നവർ, മരപ്പണിക്കാർ, ചെമ്പുപണിക്കാർ, സ്വർണ്ണപ്പണിക്കാർ, കൃഷിക്കാർ, തൊഴിലാളികൾ എന്നിവരുടെ ജോലിയും ഉൽപ്പാദനവുമാണ്. നിലം രാജാവിന് സ്വന്തമായിട്ടുള്ളതാണ്. അത് ഉദ്യോഗസ്ഥന്മാർക്ക് പതിച്ചു നൽകിയിരുന്നു. അടിമത്വം സാധാരണമായിരുന്നില്ല. എന്നാൽ യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ടവരെ അടിമകളായി ഉപയോഗിച്ചിരുന്നു.



IX Std - History Malayalam Unit-2.indd 17 3/29/2023 10:54:26 AM




**ഈജിപ്ഷ്യൻ സംസ്കാരത്തിലെ നഗരങ്ങൾ**

**വീസിയറുകൾ:** ഫറോക്കളുടെ നിർദ്ദേശ പ്രകാരം പ്രദേശങ്ങളുടെ ഭരണ നിർവ്വഹണം നടത്തുന്ന ഉന്നത ഉദ്യോഗസ്ഥന്മാരാണിവർ.

ഈജിപ്തുക്കാർ മരണാനന്തര ജീവിതം ഉണ്ടെന്ന് വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് അവർ ശവശരീരങ്ങൾ കേടുകൂടാതെ സംരക്ഷിച്ചത്. ശവശരീര സംരക്ഷണ പ്രക്രിയയാണ് മമ്മിയാക്കൽ. ഫറോക്കളുടെ ശവശരീരങ്ങൾ സംരക്ഷിക്കുന്നതിനായി ശവക്കല്ലറകളും പിരമിഡുകളും നിർമ്മിച്ചിട്ടുണ്ട്.



തുതൻഖാമെന്റെ സ്വർണ്ണ മുഖംമൂടി



തുതൻഖാമെന്റെ മമ്മിയാക്കപ്പെട്ട ശവശരീരം

## ഈജിപ്തിലെ മമ്മികൾ

സംരക്ഷിക്കപ്പെട്ട ശവശരീരങ്ങളാണ് മമ്മികൾ. സോഡിയം കാർബണേറ്റ്, സോഡിയം ബൈകാർബണേറ്റ് എന്നിവ ചേർന്ന നാട്രൺ ഉപ്പ് ഉപയോഗിച്ച് ശവശരീരങ്ങൾ കേടുകൂടാതെ സംരക്ഷിക്കുന്ന പാരമ്പര്യം ഈജിപ്തുകാർക്കുണ്ടായിരുന്നു. ഈ സംരക്ഷണ പാരമ്പര്യം ഈജിപ്റ്റുകാർക്കുണ്ടായിരുന്നു. ഈ സംരക്ഷണ പ്രക്രിയയെ മമ്മിയാക്കൽ എന്നു വിളിച്ചിരുന്നു. 40 ദിവസങ്ങൾ കഴിഞ്ഞ ഉപ്പ് ശരീരത്തിലെ ഈർപ്പം മുഴുവനും വലിച്ചെടുത്ത ശേഷം മരപ്പൊടി നിറച്ച് ലിനൻ തുണിക്കഷ്ണങ്ങൾ ചേർത്ത് തുണി കൊണ്ട് മൂടി സാർക്കോഫേഗസ് എന്ന കല്ലു കൊണ്ടുള്ള ശവപ്പെട്ടിയിൽ സൂക്ഷിക്കുന്നതാണ്.

പ്രസിദ്ധ ഈജിപ്ഷ്യൻ ഫറോ തുത്തൻഖാമെൻ (1332 BCE–മുതൽ 1322 BCE –വരെ ഭരിച്ചിരുന്നു) ശവക്കല്ലറ വളരെയേറെ വൈവിധ്യമാർന്ന കാഴ്ചദ്രവ്യങ്ങളോടെ ഈജിപ്തിലെ ലക്സാറിനു സമീപം സ്ഥിതി ചെയ്യുന്നു. സ്വർണ്ണ നിർമ്മിതവും വിലയേറിയ രത്നങ്ങൾ പതിപ്പിച്ചതുമായ അദ്ദേഹത്തിന്റെ മമ്മിയാക്കപ്പെട്ട മുഖംമൂടി ഈജിപ്ഷ്യൻ നാഗരീകതയുടെ പ്രധാനപ്പെട്ട കലാരൂപമാണ്.

## കൃഷിയും വാണിജ്യവും



നിലം ഉഴുന്ന കർഷകൻ 1200 BCE



ധാന്യക്കൊയ്ത്തിന്റെ ചിത്രീകരണം

ഈജിപ്തുകാർ ഗോതമ്പ്, ബാർലി, തിനവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഫലങ്ങൾ, പേപ്പിറസ്, പരുത്തി എന്നിവ കൃഷി ചെയ്തിരുന്നു.



IX Std - History Malayalam Unit-2.indd 18 3/29/2023 10:54:26 AM

പേപ്പിറസ് കൊണ്ട്, കയറ്റുപായ്, ചെരുപ്പ് എന്നിവയും പിൽക്കാലത്ത് കടലാസും നിർമ്മിച്ചിരുന്നു. അവർ കന്നുകാലികൾ, ചെമ്മരിയാട്, ആട്, പന്നി എന്നിവയെ ഇണക്കി വളർത്തുകയും വന്യ മൃഗങ്ങളെ വേട്ടയാടുകയും ചെയ്തിരുന്നു. നായ, പൂച്ച, കുരങ്ങ് എന്നിവ അവരുടെ ഓമന മൃഗങ്ങളായിരുന്നു. ഈജിപ്തുകാർക്ക് ലെബണൻ, ക്രീറ്റ്, ഫിനീഷ്യ, പാലസ്തീൻ, സിറിയ എന്നീ രാജ്യങ്ങളുമായി വാണിജ്യബന്ധം ഉണ്ടായിരുന്നു. സ്വർണ്ണം, വെള്ളി, ദന്തം എന്നിവയെ ഇറക്കുമതി ചെയ്തിരുന്നു. നീല നിറത്തിലുള്ള ലാപിസ്, ലാസുളി എന്ന അഫ്ഗാനിസ്ഥാനിൽ നിന്നുള്ള വിലയേറിയ രത്നം അവരുടെ കൈവശമുണ്ടായിരുന്നു.

## കലയും വാസ്തുശിൽപ്പവും

ഈജിപ്തുകാർ കല, വാസ്തു ശിൽപ്പം എന്നിവ പ്രാഗത്ഭ്യം കാണിച്ചിരുന്നു. അവരുടെ എഴുത്തു സമ്പ്രദായവും ഒരു കലാരൂപമാണ്. നിരവധി ശിൽപ്പങ്ങൾ, ചിത്രങ്ങൾ, കൊത്തുപണികൾ എന്നിവ ഈജിപ്തുകാരുടെ കലാപ്രാഗത്ഭ്യത്തിന് തെളിവുകളായി കാണപ്പെടുന്നു.

ഫറോക്കളുടെ ശവക്കല്ലറകൾക്കു മുകളിൽ കെട്ടിയിട്ടുള്ള വലിയ സ്മാരകമാണ് പിരമിഡ്. കെയ്റോയ്ക്കടുത്തുള്ള വൻ പിരമിഡുകളാണ് ഗിസാ പിരമിഡ് എന്നറിയപ്പെടുന്നത്.

### ഗിസയിലെ മഹത്തായ സ്പിംഗ്സ്

ചുണ്ണാമ്പുകല്ലിൽ തീർത്ത അതിബൃഹത്തായ മനുഷ്യ ശിരസ്സുള്ള സിംഹത്തിന്റെ രൂപമാണിത്. ഖാഫ്റെ ഫറോയുടെ കാലത്ത് നിർമ്മിക്കപ്പെട്ട താണിത് (2575–2465 BCE). ഇത് ലോകത്തിലെ ഏറ്റവും വലിയ ശിൽപ്പങ്ങളിലൊന്നാണ്. ഇതിനു 73 മീറ്റർ നീളവും 20 മീറ്റർ ഉയരവുമുണ്ട്.



**ഗിസയിലെ വൻ പിരമിഡ്**



**ഈജിപ്തിലെ വൻ പിരമിഡിനോടൊപ്പം സ്പിങ്ക്സിന്റെ ദൃശ്യം.**

## മതം

ഈജിപ്തുകാർ ബഹുഭാര്യത്വം പാലിച്ചു. ആമോൻ, രേ, സേത്ത്, തോത്ത്, ഹോറസ്, അനുബിയസ് എന്നിവരാണ് ഈജിപ്തിലെ ദൈവങ്ങളിൽ ചിലത്. അവർ അനേകം ദേവീദേവന്മാരെ ആരാധിച്ചു, എന്നാൽ സൂര്യദേവൻ, വീണ്ടും, മുഖ്യസ്ഥാനം ആയിരുന്നു. പിന്നീട് സൂര്യൻ ആമോൺ എന്ന് വിളിക്കപ്പെട്ടു.

### പുരാതന ഈജിപ്ഷ്യൻ ദൈവങ്ങൾ



ആമൺ സേഫ തോഥ് ഹോറസിന്റെ പ്രതിമ അനുപിസ്

## തത്വശാസ്ത്രം, ശാസ്ത്രം, സാഹിത്യം

ഈജിപ്ഷ്യൻ സംസ്കാരത്തിൽ ശാസ്ത്ര സാഹിത്യം, തത്വശാസ്ത്രം, വാനശാസ്ത്രം, ഗണിതം, അളവു സമ്പ്രദായം എന്നിവയിൽ അതിശയിക്കത്തക്ക പുരോഗതി ദൃശ്യമായിരുന്നു. സൂര്യഘടികാരം, ജലഘടികാരം, ഗ്ലാസ് എന്നിവ ഈജിപ്തുകാർ വികസിപ്പിച്ചെടുത്തിരുന്നു. മാസത്തിൽ 30 ദിവസം വീതം 12 മാസങ്ങളും വർഷാന്ത്യത്തിൽ അഞ്ചു ദിവസം ചേർത്തു കൊണ്ടുള്ള ഒരു സൗര കലണ്ടർ അവർ ആവിഷ്കരിച്ചു. ഈ കലണ്ടർ 4000 BCE –യ്ക്കു മുൻപ് നിലവിൽ വന്നതാണ്. ഗണിത സിദ്ധാന്തങ്ങൾ, വാനശാസ്ത്രം, വൈദ്യശാസ്ത്രം, മാജിക്, മതം എന്നിവയെക്കുറിച്ചുള്ള പുസ്തകങ്ങൾ സാഹിത്യ പരമായ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഈജിപ്തുകാർ ചിത്രകല, ശില്പകല, മൺപാത്ര നിർമ്മാണം, സംഗീതം, നെയ്ത്ത് എന്നിവയിൽ വ്യത്യസ്തത പുലർത്തിയിരുന്നു.

## എഴുത്തു സമ്പ്രദായം

ഈജിപ്തുകാരുടെ എഴുത്തു സമ്പ്രദായം പരക്കെ അറിയപ്പെടുന്നതാണ്. അവരുടെ എഴുത്തു സമ്പ്രദായത്തെ ഹീറോഗ്ലിഫിക്സ് എന്നു വിളിച്ചിരുന്നു. മുദ്രകളിലും മറ്റു വസ്തുക്കളിലും ആലേഖനം ചെയ്യുന്നതിന് ഹീറോഗ്ലിഫിക്സ് ഉപയോഗിച്ചിട്ടുണ്ട്. പൊതു ആവശ്യങ്ങൾക്കായി ഹെറിട്ടിക് എന്ന എഴുത്തു രൂപം ഉപയോഗത്തിലുണ്ടായിരുന്ന ഈ എഴുത്തു രൂപങ്ങൾ ചിത്രലിപിയെ ആസ്പദമാക്കിയുള്ളതാണ്. ഇത് 3000 BCE –യിൽ വികസിപ്പിച്ചെടുത്തതാണ്. പല പുസ്തകങ്ങളും ഈ ലിപി ഉപയോഗിച്ച് രചിച്ചിട്ടുണ്ട്. ഫ്രാങ്കോയിസ് ചംബോളിയൻ (822 BCE) എന്ന ഫ്രഞ്ചു പണ്ഡിതൻ ഈജിപ്ഷ്യൻ ലിപി വായിച്ചറിഞ്ഞിട്ടുണ്ട്. അതിനായി



IX Std - History Malayalam Unit-2.indd 19 3/29/2023 10:54:27 AM

അദ്ദേഹം റോസറ്റാ ത്രിഭാഷാ ശിലാശാസനത്തെ ഉപയോഗിച്ചു. ഹീറോ ഗ്ലിഫിക്സ്, ഡെമോട്ടിക്, ഗ്രീക്ക് എന്നീ ഭാഷകളിലുള്ള ഈ ശിലാശാസനം നെപ്പോളിയൻ ഫ്രാൻസിൽ കൊണ്ടു ചെന്നു. പിന്നീടത് ഇംഗ്ലണ്ടിലേക്ക് കൊണ്ടു പോയി. ഇപ്പോൾ ഈ ശിലാശാസനം ബ്രിട്ടീഷ് മ്യൂസിയത്തിൽ പ്രദർശനത്തിന് വെച്ചിട്ടുണ്ട്.




ഹീറോ ഗ്ലിഫിക്സ്

### ഈജിപ്ഷ്യൻ നാഗരീകതയുടെ സവിശേഷതകളും സംഭാവനകളും

- ഈജിപ്തുക്കാർ ഒരു സൗര കലണ്ടർ വികസിപ്പിച്ചിട്ടുണ്ട്.
- പിരമിഡുകളും അവയുടെ രൂപകൽപ്പനയും അവരുടെ ഗണിത ക്ഷേത്രമാപനം എന്നിവയിലുള്ള പ്രാഗത്ഭ്യത്തെ കാണിക്കുന്നു.
- ഹീറോഗ്ലിഫിക്സ് എഴുത്തു സമ്പ്രദായം അവരുടെ ചിഹ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവിനെ സൂചിപ്പിക്കുന്നു.
- മനുഷ്യശരീരം കേടുകൂടാതെ മമ്മിയാക്കി സൂക്ഷിക്കുന്നു.
- കണ്ടുപിടിത്തങ്ങൾ ശാസ്ത്ര സാങ്കേതിക രംഗത്ത് ഉപയോഗിച്ചിരുന്നു.

**നിങ്ങൾക്ക് അറിയാമോ?**

**പേപ്പർ എന്ന പദംപേപ്പിറസ് എന്നതിൽ നിന്നും രൂപം കൊണ്ടതാണ്. നൈൽനദിക്കരയിൽ വളർന്നിരുന്ന പേപ്പിറസ് എന്ന ചെടിയുടെ ഇലകൾ ഈജിപ്റ്റുകാർ എഴുതുന്നതിന് ഉപയോഗിച്ചിരുന്നു**

## 2.3 മെസപ്പെട്ടോമിയ നാഗരീകത

പടിഞ്ഞാറൻ ഏഷ്യയിലെ ഇറാഖ്, കുവൈത്ത് പ്രദേശങ്ങൾ ഉൾപ്പെടുന്നതാണ് മെസപ്പെട്ടോമിയ. മൂന്നാം സഹസ്രാബ്ദം BCE –യുടെ ആരംഭത്തിൽ നിരവധി രാഷ്ട്രങ്ങൾ ഇവിടെ രൂപം കൊണ്ടു. സുമേരിയൻ അക്കാഡിയൻ ബാബിലോണിയൻ, അസ്സീറിയൻ നാഗരീകതകൾ മെസപ്പെട്ടോമിയയിൽ അഭിവൃദ്ധി പ്രാപിച്ചിരുന്നു.

### ഭൂമിശാസ്ത്രം :

ഗ്രീക്കുഭാഷയിൽ 'മെസോ' എന്നാൽ ഇടയിൽ എന്നും 'പൊട്ടാമസ്' എന്നാൽ നദികൾ എന്നുമാണ് അർത്ഥം. യൂഫ്രട്ടീസ്, ടൈഗ്രീസ് എന്നീ നദികൾ ഈ പ്രദേശത്തു കൂടി ഒഴുകി പേർഷ്യൻ ഉൾക്കടലിൽ പതിക്കുന്നു. ഈ പ്രദേശം രണ്ടു നദികൾക്കിടയിൽ സ്ഥിതി ചെയ്യുന്നതിനാൽ ഇതിന് മെസപ്പെട്ടോമിയ എന്ന പേരു വന്നു. മെസപ്പെട്ടോമിയയുടെ വടക്കു ഭാഗം അസ്സീറിയ എന്നും തെക്കുഭാഗം ബാബിലോണിയ എന്നും അറിയപ്പെട്ടിരുന്നു.

### സുമേരിയർ

മെസപ്പെട്ടോമിയയിലെ ഏറ്റവും പുരാതനമായ സംസ്കാരം സുമേരിയന്മാരുടേതാണ്. സുമേരിയന്മാർ സിന്ധു ഈജിപ്ഷ്യൻ നാഗരീകതകളിലെ ജനങ്ങളുടെ സമകാലികരാണ്. ഈ നാഗരീകതകൾക്ക് വാണിജ്യപരമായ ബന്ധമുണ്ടായിരുന്നു. സുമേരിക്കാർ 5000 മുതൽ 4000 BCE –വരെ ടൈഗ്രീസിൻറെ താഴ്വരയുടെ താഴ്ന്ന ഭാഗത്തു കുടിയേറിപ്പാർത്തു. അവർ മധ്യേഷ്യയിൽ ഉത്ഭവിച്ചവരാണെന്ന് കരുതപ്പെടുന്നു. അവർ പല പട്ടണങ്ങൾ സ്ഥാപിച്ചു. അതിൽ നിപ്പൂർ പ്രധാനപ്പെട്ട ഒന്നാണ്. അവർ ക്യൂണിഫോം ലിപിക്ക് രൂപം നൽകി. സുമേരിയൻ നാഗരീകതയുടെ ആരംഭകാലത്ത് രാജാക്കന്മാർ മുഖ്യപുരോഹിതന്മാരായും പ്രവർത്തിച്ചിരുന്നു. അവരുടെ രാഷ്ട്രീയ മേൽക്കോയ്മ 2450 BCE –യിൽ അവസാനിച്ചു.

### അക്കാഡിയർ

2450 മുതൽ 2250 BCE –വരെയുള്ള ചുരുങ്ങിയ കാലയളവിൽ സുമേരിയലിൽ അക്കാഡിയർ മേൽക്കോയ്മ നേടി. അക്കാഡിലെ സാർഗൺ ഏറ്റവും പ്രശസ്തനായ ഭരണാധികാരി ആയിരുന്നു. സാർഗണും അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരും (2334 – 2218 BCE) നൂറു വർഷത്തിലധികം മെസപ്പെട്ടോമിയ ഭരിച്ചിരുന്നു. അക്കാഡിയരുടെ ക്യൂണിഫോം രേഖയിൽ സിന്ധുനദീതട നാഗരീകതയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. അക്കാഡിലെ സാർഗൺ (2334 – 2279 BCE) രാജാവിന്റെ രേഖ

**നിങ്ങൾക്ക് അറിയാമോ?**

**അക്കാഡ് നഗരം പിൽക്കാലത്ത് ബാബിലോൺ നഗരമായി മാറി. ഇതു പടിഞ്ഞാറൻ ഏഷ്യയിലെ മികച്ച വാണിജ്യ കേന്ദ്രവും സാംസ്കാരിക കേന്ദ്രവുമായി പരിണമിച്ചു. സിന്ധുനദീതടത്തിലാണ് മെലൂഹയെ കണ്ടെത്തിയത്.**



IX Std - History Malayalam Unit-2.indd 20 3/29/2023 10:54:28 AM

കളിൽ മെലുഹ്ഹ, മാഗൻ, ദിൽമുൻ എന്നിവി ടങ്ങളിൽ നിന്നുള്ള കപ്പലുകൾ അക്കാഡിയൻ തുറമുഖത്ത് വന്നിട്ടുള്ളതായി കാണപ്പെടുന്നു.




**പുരാതന സ്ഥലങ്ങളായ മാഗൻ, ദിൽമുൻ, മെലുഹ്ഹ എന്നിവയുടെ ഭൂപടം**

## ബാബിലോണിയർ

അമോറൈറ്റ്സ് എന്നറിയപ്പെട്ടിരുന്ന സെമിറ്റിക് ജനങ്ങൾ അറേബ്യയിൽ നിന്നും മെസപ്പെട്ടോമിയയിലേക്ക് വന്നു. അവർ അവിടെ രാജ്യം സ്ഥാപിച്ച് ബാബിലോണിയയെ അതിന്റെ തലസ്ഥാനമാക്കി. അതിനാൽ അവരെ ബാബിലോണിയർ എന്നു വിളിക്കുന്നു. ഖമ്മുറാബി രാജാവിന്റെ കാലത്ത് അവരുടെ മേൽക്കോയ്മ മെസപ്പെട്ടോമിയയുടെ പടിഞ്ഞാറു ഭാഗത്തിൽ വ്യാപിപ്പിച്ചു. ശക്തമായ രാഷ്ട്രങ്ങളായ ഉർ (2112 മുതൽ 2004 BCE വരെ) ബാബിലോൺ (1792 മുതൽ 1712 BCE വരെ) എന്നിവ ഈ പ്രദേശത്തെ നിയന്ത്രിച്ചു. ഭൂമിയിലെ ആദ്യത്തെ ഇതിഹാസത്തിൽ പരാമർശിക്കപ്പെട്ട നായകൻ ഗിൽഗാമേഷ് ഒരുസുമേരിയൻ രാജാവായിരിക്കാം. ബാബിലോണിലെ ആറാമത്തെ രാജാവും അമോറൈറ്റ് വംശത്തിലെ ആദ്യത്തെ രാജാവുമായ ഹമ്മുറാബി (1792 – 1750 BCE) ഒരു മികച്ച നിയമ നിർമ്മാതാവെന്ന പ്രശസ്തി നേടിയിരുന്നു.



**ലമാസ്സു ദേവതയുടെ ശിലാരൂപം**

## അസ്സീറിയന്മാർ:

ഏകദേശം 1000 BCE –യിൽ മെസപ്പെട്ടോമിയയിൽ രാഷ്ട്രീയമായി പ്രബലമായിരുന്നത് അസ്സീറിയൻ സാമ്രാജ്യമാണ്.അസ്സീരിയൻ രാജാക്കന്മാർ അഷുർ എന്ന സുമേരിയക്കാരുടെ മുഖ്യ ദേവതയുടെ പൂജാരികളായിരുന്നു. അസ്സീറിയൻ ഭരണകൂടത്തെ നിയന്ത്രിച്ചിരുന്നത് ചക്രവർത്തിയാണ്. പ്രോവിൻസുകളിലെ ഭരണ നിർവ്വഹണത്തിനായി ചക്രവർത്തി ഗവർണർമാരെ നിയമിച്ചിരുന്നു. അസ്സീറിയയുടെ തലസ്ഥാനം അസ്സുർ നഗരമാണ്. പിൽക്കാല അഥവാ നവ അസ്സീറിയൻ (668 മുതൽ 627 BCE വരെ) സാമ്രാജ്യത്തിലെ പ്രശസ്തനായ ഭരണാധികാരിയാണ് അസുർബാനിപാൽ. അദ്ദേഹം ക്യൂണിഫോം രേഖകളുള്ള ഒരു വലിയ ഗ്രന്ഥശാല നിലനിർത്തിയിരുന്നു. അസ്സീറിയക്കാർ തങ്ങളുടെ സംരക്ഷണത്തിനായി ലമാസ്സു ദേവതയെ ആരാധിച്ചു.




**മെസ്സപ്പെട്ടോമിയയും നഗരങ്ങളും**

## സമൂഹം, രാഷ്ട്രം, ഭരണം

സുമേരിയൻ നാഗരീകതയിൽ നിരവധി നഗര രാഷ്ട്രങ്ങൾ ഉണ്ടായിരുന്നു. ഒരു സുമേരിയൻ നഗരം കൃഷി സ്ഥലങ്ങളാൽ ചുറ്റപ്പെട്ടവയാണ്. കോട്ടകളാൽ ചുറ്റപ്പെട്ടിട്ടുള്ള സുമേരിയൻ നഗരത്തിന്റെ മധ്യത്തിൽ സിഗ്ഗുറാറ്റ് എന്ന ക്ഷേത്രമുണ്ടായിരുന്നു. ക്ഷേത്രങ്ങൾ പുരോഹിതരാൽ നിർവഹിക്കപ്പെട്ടിരുന്നു. പുരോഹിതർ, എഴുത്തുകാർ, പ്രഭുക്കൾ എന്നിവർ ഭരണകൂടത്തിന്റെ ഭാഗമായിരുന്നു. സാമൂഹ്യശ്രേണിയിൽ ഭരണാധികാരികളും പുരോഹിതരും ഉന്നത സ്ഥാനീയരാണ്. ഭരണാധികാരി മുഖ്യപുരോഹിതന്റെ കർത്തവ്യം നിർവഹിച്ചിരുന്നു. എഴുത്തുകാർ, കച്ചവടക്കാർ, കരകൗശല വിദഗ്ദ്ധർ എന്നിവർ സാമൂഹ്യശ്രേണിയിൽ അടുത്ത സ്ഥാനം കൈവരിച്ചിരുന്നു. പുരോഹിതർ നികുതി പിരിക്കുകയും അതിന്റെ കണക്കുകൾ എഴുതി നിർവഹിച്ചത് എഴുത്തുകാരുമാണ്. ക്ഷേത്രങ്ങൾ നികുതിയായി ലഭിച്ച വസ്തുക്കളുടെ കലവറയായിരുന്നു. രാജ്യഭരണം നിർവഹിക്കുന്നതിന് അസംബ്ലി (സഭകൾ) രൂപീകരിച്ചു. കൃഷിസ്ഥലങ്ങളുടെ ഉടമസ്ഥാവകാശം രാജാവിനും ഉന്നതശ്രേണിയിലുള്ള ജനങ്ങൾക്കുമായിരുന്നു. ആദ്യഘട്ടത്തിൽ കൃഷിക്കാർ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ജീവിച്ചിരുന്നുവെങ്കിലും പിൽക്കാലത്ത് അതിൽ നിന്നും മോചനം നേടി. എല്ലാ ജനങ്ങളെയും നഗരങ്ങളിൽ വസിക്കാൻ അനുവദിച്ചിരുന്നില്ല.



**ഉർപട്ടണത്തിലെ സിഗ്ഗുറാറ്റ്.**

നിങ്ങൾക്ക് അറിയാമോ?

**ചരിത്രത്തിലെ ആദ്യത്തെ സൈനീകശക്തി അസ്സീറിയൻ സാമ്രാജ്യമാണ്. ആദ്യമായി ഇരുമ്പുസങ്കേതികവിദ്യ ഉപയോഗിച്ചതി നാലാണ് അവർ സൈനീകശക്തി പ്രാപിച്ചത്.**

## ഭക്ഷ്യവസ്തുക്കളും കൃഷിയും

മെസപ്പെട്ടോമിയക്കാരുടെ പ്രധാന തൊഴിൽ കൃഷിയാണ്. കൃഷിക്കായി ജല ലഭ്യത ഉറപ്പു വരുത്തുന്നതിന് അവർ ജലസേചന സംവിധാനങ്ങൾ ആവിഷ്കരിച്ചു. ഗോതമ്പ്, ബാർലി, ഉള്ളി, മധുരമുള്ളങ്കി, മുന്തിരിങ്ങ, ആപ്പിൾ, ഈന്തപ്പഴം എന്നിവ കൃഷി ചെയ്തു. കന്നുകാലികൾ, ചെമ്മരിയാട്,ആട് എന്നിവയെ ഇണക്കി വളർത്തി. മത്സ്യം അവരുടെ ഭക്ഷണത്തിന്റെ ഭാഗമാണ്.

## വാണിജ്യവും വിനിമയവും

മെസപ്പെട്ടോമിയൻ സമൂഹത്തിന്റെ പ്രധാന സാമ്പത്തിക പ്രവർത്തനമാണ് വാണിജ്യം. മൺപാത്രങ്ങൾ നിർമ്മിക്കുന്നവർ, കരകൗശല വിദഗ്ദ്ധർ എന്നിവരിൽ നിന്നും ആർജ്ജിച്ച വസ്തുക്കളുടെ വിനിമയത്തിന് സഹായിച്ചത് കച്ചവടക്കാരാണ്. അവർ പടിഞ്ഞാറൻ രാജ്യങ്ങളായ സിറിയ, ഏഷ്യാമൈനർ, എന്നിവയുമായും കിഴക്കൻ പ്രദേശങ്ങളായ ഇറാൻ സിന്ധു നദീതടം എന്നിവയുമായും വാണിജ്യബന്ധത്തിലേർപ്പെട്ടിരുന്നു. അവരുടെ ക്ഷേത്രങ്ങൾ ബാങ്കുകളായി വർത്തിക്കുകയും അവയുടെ കണക്കിൽ നിന്ന് വായ്പ നൽകുകയും ചെയ്തു. മെസപ്പെട്ടോമിയൻ രേഖകളിൽ വായ്പയെക്കുറിച്ചും പലിശ ചേർത്തോ അല്ലാതെയോ അവ തിരിച്ചു ചെലുത്തുന്നതിനെക്കുറിച്ചുള്ള പരാമർശവുമുണ്ട്. വായ്പയ്ക്ക് പലിശ ചുമത്തുന്നതിന്റെ എഴുതിയ തെളിവുകൾ ഇതാദ്യമായിരിക്കാം.

## നഗരങ്ങളും നഗര ആസൂത്രണവും

മെസപ്പെട്ടോമിയൻ നഗരങ്ങൾ ചെളി അഥവാ ചുട്ട ഇഷ്ടിക കൊണ്ട് നിർമ്മിച്ച ഗേറ്റുകളുള്ള ചുമരുകളോടു കൂടിയതാണ്. ചില ജനങ്ങൾ നഗരത്തിനു പുറത്ത് ഈറ്റകൾ കൊണ്ട് നിർമ്മിച്ച വീടുകളിൽ വസിച്ചിരുന്നു. നഗരകേന്ദ്രത്തിലെ സിഗ്ഗുറാറ്റുകൾ ഒരു ഉയർന്ന തലത്തിൽ ചെങ്കുത്തായ പിരമിഡുകളും മുകളിലേക്കുള്ള പടിക്കെട്ടുകളോടും നിർമ്മിച്ചിരുന്നു. ഈ ക്ഷേത്രത്തിനു ചുറ്റും കെട്ടിട സമുച്ചയങ്ങളും ആഘോഷങ്ങൾ നടത്തുന്നതിനുള്ള വിശാലമായ മുറ്റവും ശ്രീകോവിൽ, പുരോഹിതരുടെ ശവസംസ്കാര സ്ഥലങ്ങൾ ആഘോഷങ്ങൾക്കായുള്ള വിരുന്നു ഹാളുകൾ, തൊഴിൽ സ്ഥലങ്ങൾ ധാന്യപ്പുരകൾ, സംഭരണശാലകൾ, ഭരണനിർവ്വഹണത്തിനുള്ള കെട്ടിടങ്ങൾ എന്നിവ ഉണ്ടായിരുന്നു.

## മതം

സുമേരിയക്കാരുടേത് ബഹു ദൈവ വിശ്വാസത്തിലധിഷ്ഠിതമായ മതമാണ്. അവർ നിരവധി ദേവന്മാരെയും ദേവികളെയും ആരാധിച്ചു. സുമേരിയക്കാർക്ക് മരണാനന്തര ജീവിതത്തിൽ വിശ്വാസമില്ല. അതിനാൽ അവർ ഈജിപ്തുകാരെപ്പോലെ പിരമിഡുകൾ നിർമ്മിച്ചിരുന്നില്ല. എൻലിൽ എന്ന ആകാശ ദൈവത്തേയും കാറ്റിനേയും സുമേരിയക്കാർ ആരാധിച്ചു. നിപ്പൂർ നഗരം എൻലിൽ ദേവന്റെ ആരാധനാ കേന്ദ്രമാണ്. നിൻലിൽ സുമേരിയക്കാരുടെ ധാന്യദേവതയാണ്. ബാബിലോണിയർ പരമോന്നത ദൈവമാണ് അഷൂർ. സ്നേഹത്തിന്റെയും സമൃദ്ധിയുടെയും ദേവതയാണ് ഇഷ്ടാർ. ടിയാമെറ്റ് സമുദ്രത്തിന്റെയും കലാപത്തിന്റെയും ദൈവമാണ്. സിൻ എന്നത് ചന്ദ്ര ദൈവമാണ്. ഭൂമിയിൽ ദൈവങ്ങളുടെ പ്രതിപുരുഷനായി രാജാവിനെ കണ്ടിരുന്നു. മെസപ്പെട്ടോമിയക്കാർ പുരാണകഥകളുടെയും ഇതിഹാസങ്ങളുടെയും ഒരു സഞ്ചയം തന്നെ വികസിപ്പിച്ചിരുന്നു. ഇവയിൽ ഏറ്റവും പ്രസിദ്ധമായത് ക്യൂണിഫോം ലിപിയിൽ എഴുതിയിട്ടുള്ള ഗിൽഗാമേഷ് ഇതിഹാസമാണ്. ഹിന്ദു പുരാണങ്ങൾ, ബൈബിളിൽ പറഞ്ഞിട്ടുള്ള നോഹയുടെ പേടകം എന്നിവയ്ക്ക് സദൃശമായ ഒരു പ്രളയത്തിന്റെ കഥയാണ് ഇതിലുള്ളത്.

## ഹമ്മുറാബിയുടെ നിയമ സംഹിത

നിരവധി കുറ്റങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിയമപുസ്തകമാണ് ഹമ്മുറാബിയുടെ നിയമസംഹിത. കുടുംബ അവകാശങ്ങൾ, വാണിജ്യം, അടിമത്വം, നികുതികൾ, ശമ്പളം എന്നിവ സംബന്ധിച്ച് 282 വ്യവസ്ഥകൾ അതിൽ പരാമർശിച്ചിട്ടുണ്ട്. സൂര്യദേവനായ ഷമാഷിൽ നിന്നും ഹമ്മുറാബി നിയമസംഹിത ഏറ്റു വാങ്ങുന്ന ദൃശ്യം കല്ലിൽ കൊത്തി വെച്ചിട്ടുണ്ട്. പ്രതികാര തത്വങ്ങളിലധിഷ്ഠിതമായ പഴയ നിയമങ്ങളുടെ സമാഹാരമാണിത്. 'കണ്ണിനു കണ്ണ്, പല്ലിനു പല്ല്' നീതി വ്യവസ്ഥയാണ് ഹമ്മുറാബിയുടെ നിയമസംഹിതയിൽ കൊടുത്തിട്ടുള്ളത്.



**ക്യൂണിഫോം ഫലകം**



IX Std - History Malayalam Unit-2.indd 22 3/29/2023 10:54:28 AM

## ക്യൂണിഫോം - സുമേരിയൻ ലിഖിത സമ്പ്രദായം

സുമേരിയക്കാരുടെ എഴുത്തു സമ്പ്രദായമാണ് ക്യൂണിഫോം. അക്ഷരങ്ങൾ ആപ്പ് ആകൃതിയിലായതിനാൽ അതിനെ ക്യൂണിഫോം എന്നു വിളിക്കുന്നു. 3000 ആഇഋ യ്ക്ക് മുൻപ് രൂപം കൊണ്ടതിനാൽ ലോകത്തിലെ ഏറ്റവും ആദ്യമുള്ള ലിപികളിൽ ഒന്നായി കരുതുന്നുണ്ട്. ഗിൽഗാമേഷ് അതിഹാലം ഈ ലിപികളിലാണ് എഴുതിയിട്ടുള്ളത്. ഈ ലിപി വാണിജ്യവിനിമയത്തിനും കത്തുകളും കഥകളും എഴുതുന്നതിനും ഉപയോഗിച്ചിരുന്നു. സുമേരിയൻ നാഗരീകതയെക്കുറിച്ച് വളരെയധികം വിവരങ്ങൾ കളിമൺ ഫലകങ്ങൾ നൽകുന്നുണ്ട്.

### ലിപിയുടെ വികസനം

ലിപിയുടെ രൂപീകരണം മനുഷ്യ ചരിത്രത്തിലെ ഒരു പ്രധാന നാഴികക്കല്ലാണ്. BCE നാലാം സഹസ്രാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ സുമേരിയയിൽ ഈ എഴുത്തു സമ്പ്രദായം രൂപം കൊണ്ടു. ഹീറോഗ്ലിക്സ് എന്ന ഈജിപ്ഷ്യൻ എഴുത്തു സമ്പ്രദായം രൂപം കൊണ്ടത് BCE മൂന്നാം സഹസ്രാബാദത്തിന്റെ ആരംഭത്തിലാണ്. ഇതേ കാല ഘട്ടത്തിൽ ഹരപ്പാക്കാർക്കും എഴുത്തു സമ്പ്രദായം ഉണ്ടായിരുന്നു. എന്നാൽ അവ വായിച്ചറിയപ്പെട്ടിട്ടില്ല. ചൈനാ നാഗരീകതയിലും വളരെ മുൻപു തന്നെ ഒരു എഴുത്തു സമ്പ്രദായം രൂപപ്പെട്ടിരുന്നു.




**ക്യൂണിഫോം ലിപിയുടെ വികസനം**

### കല

ശിലകൾ, കളിമണ്ണ് എന്നിവ കൊണ്ടുള്ള ശിൽപ്പങ്ങൾ മെസപ്പെട്ടോമിയൻ കലയിൽ ഉൾപ്പെട്ടിരുന്നു. മെസപ്പെട്ടോമിയൻ കാലത്തെ ചില ചിത്രങ്ങളും ശിൽപ്പങ്ങളും ഇപ്പോഴും കാണപ്പെടുന്നുണ്ട്. മെസപ്പെട്ടോമിയൻ ശിൽപ്പങ്ങൾ ആടുകൾ, മുട്ടനാടുകൾ, കാളകൾ, സിംഹങ്ങൾ എന്നീ മൃഗങ്ങളെ ചിത്രീകരിക്കുന്നുണ്ട്. അവരുടെ



**ദക്ഷിണ ഇറാഖിലെ ടെലോയിൽ കാണപ്പെട്ട കളിമൺ ഫലകത്തിലെ ചെമ്മരിയാട്, ആട് തുടങ്ങിയവയെക്കുറിക്കുന്ന രേഖകൾ**

കലകളിൽ പുരാണ സംബന്ധമായിട്ടുള്ള സിംഹം, മനുഷ്യന്റെ ശിരസ്സുള്ള കാള എന്നീ രൂപങ്ങളും കാണാവുന്നതാണ്. അസ്സീറിയ, ബാബിലോണിയ എന്നീ സാമ്രാജ്യങ്ങളുടെ കാലത്ത് വളരെയധികം വലിപ്പമുള്ള ശിൽപ്പങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

### ശാസ്ത്രം

മെസപ്പെട്ടോമിയക്കാർ ഗണിതശാസ്ത്രം, വാനശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയിൽ മുന്നിട്ടു നിന്നിരുന്നു. ഗുണനത്തിന്റെ ആശയങ്ങൾ, ഹരണം, ഘനസമവാക്യം എന്നിവ അവർ വികസിപ്പിച്ചെടുത്തു. 60നെ അടിസ്ഥാനമാക്കിയുള്ള സംഖ്യാസമ്പ്രദായത്തിന് അവർ രൂപം നൽകി. ഒരു മിനിറ്റിന് 60 സെക്കന്റിനും ഒരു ദിവസത്തിന് 24 മണിക്കൂറെന്നും ഒരു വൃത്തത്തിന്റെ കോണളവ് 3600 ആണെന്നും അവരുടെ കണ്ടെത്തിയിരുന്നു. സുമേരിയൻ കലണ്ടറിൽ ഒരാഴ്ചയ്ക്ക് ഏഴു ദിവസങ്ങൾ ഉണ്ടായിരുന്നു. സംഖ്യാസമ്പ്രദായത്തിൽ സ്ഥാനവില ഉണ്ടായിരുന്നു. അവർ ജല ഘടികാരവും ചന്ദ്രന്റെ ചലനത്തെ ആസ്പദമാക്കിയുള്ള ചന്ദ്രകലണ്ടറും ആവിഷ്കരിച്ചിരുന്നു. ഖര വസ്തുക്കളുടെ വിസ്തീർണ്ണം അളക്കുന്ന രീതികൾ അവർ വികസിപ്പിച്ചെടുത്തു. ഭാരവും അവയുടെ അളവു സമ്പ്രദായവും ഉയർന്ന രീതിയിൽ ആവിഷ്കരിച്ചിരുന്നു.

ചാന്ദ്രമാസങ്ങളെ അടിസ്ഥാനമാക്കി 12 മാസങ്ങളുള്ള കലണ്ടർ കൊണ്ടു വന്നു. അവരുടെ ആശയങ്ങൾ ഗ്രീക്കു വാനശാസ്ത്രത്തെ സ്വാധീനിച്ചിട്ടുണ്ട്. അവർ ഒരു ഔഷധ രീതിയും വികസിപ്പിച്ചിരുന്നു. BCE 11--ാം നൂറ്റാണ്ടിൽ ബാബിലോണിൽ രോഗനിർണ്ണയത്തിനുള്ള ഒരു കൈപ്പുസ്തകം കണ്ടിരുന്നു. അതിൽ രോഗലക്ഷണങ്ങളും രോഗ



IX Std - History Malayalam Unit-2.indd 23 3/29/2023 10:54:29 AM

നിഗമനങ്ങളും പട്ടികയായി നൽകിയിരുന്നു. ഇത് അവരുടെ ഔഷധസസ്യങ്ങൾ, ധാതുക്കൾ എന്നിവയെക്കുറിച്ചുള്ള ശാസ്ത്രീയമായ അറിവിനെ സൂചിപ്പിക്കുന്നു.

### മെസപ്പെട്ടോമിയൻ നാഗരീകതയുടെ സംഭാവനകൾ

- മൺപാത്ര നിർമ്മാണത്തിനുള്ള ചക്രത്തിന്റെ കണ്ടുപിടിത്തത്തിന്റെ അംഗീകാരം സുമേരിയർക്കുള്ളതാണ്.
- അവർ 360 ദിവസമുള്ള ഒരു കലണ്ടറും ഒരു വൃത്തത്തെ 3600 ആണെന്നുള്ള ആശയവും അവരുടെ സംഭാവനയാണ്.
- ക്യൂണിഫോം ലിപി സമ്പ്രദായം അവരുടെ സംഭാവനയാണ്.
- മെസപ്പെട്ടോമിയക്കാരുടെ മറ്റൊരു സംഭാവനയാണ് ഹമ്മുറാബിയുടെ നിയമസംഹിത.

## 2.4 ചൈനാ സംസ്കാരം

ചൈനയിൽ രണ്ടു വലിയ നദികളുണ്ട്. ഒന്ന് ഹൊയാങ് ഹൊ (മഞ്ഞ നദി)യും മറ്റൊന്ന് യാങ്ട്സി നദിയും. മഞ്ഞ നദിയെ ചൈനയുടെ ദുഃഖം എന്നു വിളിക്കുന്നു. എന്തെന്നാൽ കൂടെക്കൂടെ ഉണ്ടാകുന്ന വെള്ളപ്പൊക്കത്തൽ അത് ഒഴുകുന്ന ഗതി മാറുന്നതിനാലാണ്.

ചരിത്രാതീത പീക്കിങ് മനുഷ്യൻ (7,00,000 ബി.പി മുതൽ 2,00,000 ബി.പി വരെ) യുവാൻ മനുഷ്യൻ എന്നിവർ ചൈനയിൽ ഉണ്ടായിരുന്നതിന് തെളിവുകളുണ്ട്. നവീന ശിലായുഗ മനുഷ്യ സമൂഹങ്ങൾ. 4500-നും 3750-നും BCE യ്ക്കും ഇടയിൽ ചൈനയിൽ ജീവിച്ചിരുന്നു. മഞ്ഞനദി, യാങ്ട്സി നദി താഴ്വരയിലെ ട്രഹനാൻ പ്രോവിൻസിൽ നവീന ശിലായുഗ ഗ്രാമങ്ങൾ ഉണ്ടായിരുന്നതിന് തെളിവുകളുണ്ട്. ചൈനയിൽ നിരവധി നഗര രാഷ്ട്രങ്ങൾ ഉണ്ടായിരുന്നു. ക്രമേണ അവ ഒരു സാമ്രാജ്യത്തിന്റെ ഭാഗമായിത്തീർന്നു.




**ചൈനാ സംസ്ക്കാരത്തിന്റെ ഭൂപടം**

### ഭരണവ്യവസ്ഥയും ചക്രവർത്തിമാരും

ഷിഹാങ്ടി (ക്വിൻ ഷി ഹ്വാങ് - ആദ്യ ചക്രവർത്തി എന്നർത്ഥം) ക്വിൻ (ചിൻ) വംശം സ്ഥാപിച്ചു. ചക്രവർത്തിക്ക് 'സ്വർഗ്ഗത്തിലെ പുത്രൻ' എന്ന ബഹുമതി ഉണ്ടായിരുന്നു. അദ്ദേഹം ചൈനയിലെ ആദ്യത്തെ ചക്രവർത്തിയായി കരുതപ്പെടുന്നു. 221 മുതൽ 206 BCE വരെയുള്ള കാലം ചൈനയുടെ സാമ്രാജ്യത്വകാലമായി അറിയപ്പെടുന്നു. അദ്ദേഹം 221 BCE യിൽ മറ്റു പ്രദേശങ്ങളെ കീഴടക്കി 212 BCE വരെ ചക്രവർത്തിയായി തുടർന്നു. അദ്ദേഹം ഭൂപ്രഭുക്കളെ ആക്രമിച്ച് തോൽപ്പിച്ച് ഒരു ശക്തമായ സാമ്രാജ്യം രൂപീകരിച്ചു. ചൈനയെ ഏകീകരിച്ചതിന്റെ പ്രശസ്തി അദ്ദേഹത്തിനുള്ളതാണ്. വിവിധ രാജ്യങ്ങളുടെ കോട്ടകൾ തകർക്കുകയും ചൈനയിലെ വൻമതിൽ നിർമ്മിക്കുകയും ചെയ്തു. നാടോടി വർഗ്ഗങ്ങളുടെ ആക്രമണങ്ങളിൽ നിന്നും സാമ്രാജ്യത്തെ സംരക്ഷിക്കുന്നതിനാണ് വൻമതിൽ നിർമ്മിച്ചത്. സാമ്രാജ്യത്തിലെ വിവിധ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി റോഡുകൾ നിർമ്മിച്ചു.

### ഹാൻ സാമ്രാജ്യം (206 CE - 220 CE)

ഈ കാലഘട്ടത്തിൽ സാമ്രാജ്യത്തെക്കുറിച്ച് എഴുതിയുണ്ടാക്കിയ ഒരു ചരിത്രം ചൈനയിൽ ലഭ്യമായിരുന്നു. ഹാൻ ചക്രവർത്തിമാരിൽ ഏറ്റവും മികച്ച വുറ്റി (മഹാനായ ഹാൻ വു - 14) മുതൽ 87 BCE വരെ) സാമ്രാജ്യത്തെ വിപുലമാക്കി. ജലസേചന സൗകര്യങ്ങളടക്കം നിരവധി പൊതുജനങ്ങൾക്കായുള്ള സൗകര്യങ്ങൾ നിർമ്മിച്ചു. 138 BCE യിൽ സാങ് ക്വയാനെ ഒരു ദൂതനായി പാശ്ചാത്യ രാജ്യങ്ങളിലേക്കയച്ചു. അത് BCE 130ൽ വാണിജ്യ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സിൽക്ക് റോഡ് തുറക്കുന്നതിനുള്ള വഴിയുണ്ടാക്കി.

**ടെറാക്കോട്ട സൈന്യം**

ചൈനയിൽ കാണുന്ന വലിയ തോതിലുള്ള ടെറാക്കോട്ട കൊണ്ടുള്ള സൈനിക ശിൽപ്പങ്ങളെ ടെറാക്കോട്ട സൈന്യം എന്നു വിളിക്കുന്നു. ചൈനയിലെ ആദ്യത്തെ ചക്രവർത്തിയായ ക്വിൻ ഷി ഹ്വാങ്ങിന്റെ സൈന്യത്തെക്കുറിക്കുന്നതാണിവ. അവർ രാജാവിനോടൊപ്പം 210-209 BCE യിൽ മറവു ചെയ്യപ്പെട്ടു. ലിഷാൻ മലയുടെ വടക്കൻ അടിവാരത്തിൽ 35 കിലോമീറ്റർ വടക്കു കിഴക്കായി സിയാൻ, ഷാൻസി പ്രോവിൻസിൽ രാജാവിന്റെ ശവകുടീരത്തിന്റെ ഭാഗമായി കാണപ്പെടുന്നു.



**ചൈനയിലെ ടെറാക്കോട്ട സൈനികർ**



IX Std - History Malayalam Unit-2.indd 24 3/29/2023 10:54:32 AM

ഷാങ് ചക്രവർത്തിയുടെ ഭരണകാലത്ത് 75-88 BCE ചൈനയ്ക്ക് വളരെയേറെ ഗുണമുണ്ടായി. 166 CE യിൽ റോമൻ ചക്രവർത്തിയായിരുന്ന മാർകസ് അറേലിയസ് ചൈനയിൽ നിന്നും ധാരാളം പട്ട് വാങ്ങിച്ചു. ചൈനപ്പട്ടിൽ കുറച്ചു ഭാഗം തമിഴകത്തിലെ തുറമുഖങ്ങൾ വഴി റോമിലെത്തിയതായും പറയപ്പെടുന്നു.

### തത്വചിന്തയും സാഹിത്യവും



കൺഫ്യൂഷ്യസ്

ചൈനയിലെ കവികളും തത്വചിന്തകരുമായ ലയോട്സെ, കൺഫ്യൂഷ്യസ്, മെൻസിയസ്, മോടി (മോട് സൂ) ടാവോ ചിയൻ (365 - 427 CE) ചൈനാ നാഗരീകതയുടെ പുരോഗതിക്കായി വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. സൺ - ട്സു എന്ന യുദ്ധ തന്ത്രജ്ഞൻ 'യുദ്ധത്തിന്റെ കല' എന്ന പുസ്തകം രചിച്ചു. അക്കാലത്ത് രാജ്യത്തിന്റെ ഔദ്യോഗിക പത്രമായിരുന്നു 'വസന്തത്തിന്റേയും ശരത്കാലത്തിന്റേയും സംഭവ ചരിത്രം.' മഞ്ഞ ചക്രവർത്തിയുടെ വൈദ്യശാസ്ത്ര പ്രമാണം എന്ന പുസ്തകമാണ് വൈദ്യശാസ്ത്രത്തെക്കുറിച്ച് ചൈനയിലെ ആദ്യത്തെ പുസ്തകം. ഇതു എഴുതിയുണ്ടാക്കിയത് ഹാൻവംശജരുടെ കാലത്താണ്.

ലയോട് സെ (604 - 521 BCE) ചൗ രാഷ്ട്രത്തിന്റെ പ്രധാന ഗ്രന്ഥപ്പുര സൂക്ഷിപ്പുകാരനായിരുന്നു. അദ്ദേഹം ടാവോയിസ് സ്ഥാപിച്ചു. ആഗ്രഹമാണ് എല്ലാ തിന്മകൾക്കും കാരണമെന്ന് അദ്ദേഹം വാദിച്ചു.

കൺഫ്യൂഷ്യസ് (551 - 497 BCE) ഏറ്റവും പ്രശസ്തനായ ചൈനയിലെ തത്വ ചിന്തകനാണ്. അദ്ദേഹം ഒരു രാഷ്ട്രീയ പരിഷ്കർത്താവാണ്. അദ്ദേഹത്തിന്റെ പേരിനർത്ഥം കുങ് മാസ്റ്റർ എന്നാണ്. ഒരാളിന്റെ വ്യക്തിജീവിതത്തെ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഉറപ്പിച്ചു പറഞ്ഞു. വ്യക്തി ജീവിതം പരിഷ്കരിക്കപ്പെട്ടാൽ കുടുംബ ജീവിതം ക്രമീകരിക്കപ്പെടും. കുടുംബജീവിതം ക്രമീകരിക്കപ്പെട്ടാൽ ദേശീയ ജീവിതം ക്രമീകരിക്കപ്പെടും എന്നദ്ദേഹം പറഞ്ഞു.

മെൻസിയസ് (372 - 289 BCE) മറ്റൊരു പ്രശസ്തനായ ചൈനയിലെ തത്വചിന്തകനാണ്. അദ്ദേഹം ചൈനയിലുടനീളം സഞ്ചരിച്ച് ഭരണാധികാരികൾക്ക് ഉപദേശങ്ങൾ നൽകിയിരുന്നു.

### ചൈനക്കാരുടെ ലിപി

ആരംഭകാലം മുതൽ ചൈനക്കാർ എഴുത്തു സമ്പ്രദായത്തിന് രൂപം കൊടുത്തിരുന്നു. ആരംഭത്തിൽ ചിത്രരൂപത്തിലായിരുന്നത് പിൽക്കാലത്ത് ചിഹ്നരൂപത്തിലാക്കി മാറ്റി.

### ചൈനാ നാഗരീകത നൽകിയിട്ടുള്ള സംഭാവനകൾ



അസ്ഥിയിൽ ആലേഖനം ചെയ്തിട്ടുള്ള ചൈനാലിപി

- എഴുത്തു രീതികളിൽ മുന്നേറ്റമുണ്ടായി.
- കടലാസിന്റെ കണ്ടുപിടിത്തം
- സിൽക്ക് റോഡ് തുറന്നത്
- വെടിമരുന്നിന്റെ കണ്ടുപിടിത്തം

## 2.5 സിന്ധു നാഗരീകത

ZW3TK

ഹരപ്പാ നാഗരീകത എന്നറിയപ്പെടുന്ന സിന്ധു നാഗരീകത ഇന്ത്യയിലും പാകിസ്ഥാനിലുമായി 1.5 മില്യൺ ചതുരശ്ര കിലോമീറ്ററിലധികം സ്ഥലത്ത് വ്യാപിച്ചിട്ടുണ്ട്. പാകിസ്ഥാൻ ഇറാൻ അതിർത്തിയിലെ സത്കാജൻ-ഡേ പടിഞ്ഞാറും അഫ്ഗാനിസ്ഥാനിലെ ഷോർട്ടുഗായ് വടക്കും ഉത്തരപ്രദേശത്തിലെ ആലംഗീർപുരം കിഴക്കും മഹാരാഷ്ട്രയിലെ ദയ്മാബാദ് തെക്കും ഹരപ്പൻ സംസ്കാരത്തിന്റെ അതിർത്തികളായി സ്ഥിതി ചെയ്യുന്നു. അതിന്റെ പ്രധാന കേന്ദ്രങ്ങൾ ഗുജറാത്ത്, പാകിസ്ഥാൻ, രാജസ്ഥാൻ, ഹരിയാന എന്നിവിടങ്ങളിൽ കാണപ്പെടുന്നു.




സിന്ധു പ്രദേശത്തെ നഗരങ്ങൾ

### ആസൂത്രിത നഗരങ്ങൾ



മഹാസ്നാനഘട്ടം



IX Std - History Malayalam Unit-2.indd 25 3/29/2023 10:54:32 AM

ഹരപ്പ (പഞ്ചാബ്), പാകിസ്ഥാൻ, മോഹഞ്ചദാരോ (സിൻഡ് - പാകിസ്ഥാൻ), ദോളാവരി (ഗുജറാത്ത് - ഇന്ത്യ), കാളിബംഗൻ (രാജസ്ഥാൻ - ഇന്ത്യ), ലോഥൽ (ഗുജറാത്ത് - ഇന്ത്യ), ബനാവലി (രാജസ്ഥാൻ - ഇന്ത്യ), രാഖി ഗാർഹി (ഹരിയാന - ഇന്ത്യ), സർക്കോട്ടട (ഗുജറാത്ത് - ഇന്ത്യ) എന്നിവ സിന്ധു നാഗരികതയിലെ പ്രധാന നഗരങ്ങളാണ്. കോട്ട നിർമ്മാണങ്ങൾ കൃത്യമായി ആസൂത്ണം ചെയ്ത തെരുവുകളും ഇടവഴികളും അഴുക്കുചാലുകൾ എന്നിവ ഹരപ്പൻ നഗരത്തിൽ കാണാവുന്നതാണ്. ഹരപ്പാക്കാർ ചുട്ട ഇഷ്ടികയും ചുടാത്ത ഇഷ്ടികയും ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടത്തിയിരുന്നു. ഒരു നഗര അധികാരി നഗരത്തിന്റെ ആസൂത്രണവുമായി ബന്ധപ്പെട്ടുള്ള നിയന്ത്രങ്ങൾ നടത്തിയിരുന്നു. കുറച്ചു വീടുകൾ മാത്രം ഒന്നിലധികം നിലകൾ ഉള്ളവയായിരുന്നു. മഹാസ്നാന ഘട്ടം എന്നറിയപ്പെട്ടിരുന്ന കുളം ചുറ്റും മുറികളുള്ള മോഹഞ്ചദാരോയിലെ ഒരു പ്രധാന ഘടനയാണ്. ചില കുഴിച്ചെടുക്കപ്പെട്ട ഘടനകൾ പത്തായപ്പുരയായി തിരിച്ചറിഞ്ഞിരിക്കുന്നു. ഹരപ്പായിലെ രാഷ്ട്രത്തിന്റെ സ്വഭാവം അഥവാ രാഷ്ട്രീയ ഘടനയെക്കുറിച്ച് നമുക്കറിയില്ല. അവർക്ക് രാഷ്ട്രത്തിന്റെ ആദ്യകാലം രൂപം ഉണ്ടായിരുന്നുവെന്ന് അനുമാനിക്കാം. മോഹഞ്ചദാരോയിൽ നിന്നും ലഭ്യമായിട്ടുള്ള ഒരു പുരുഷ രൂപം; പുരോഹിത രാജാവിന്റെതാണെന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. ഈ വ്യാഖ്യാനത്തിന്റെ കൃത്യത യെക്കുറിച്ച് നമുക്കറിയില്ല.

### കൃഷിയും മൃഗങ്ങളെ ഇണക്കി വളർത്തലും

ഹരപ്പയിലെ ജനങ്ങൾ കൃഷിയിൽ ഏർപ്പെട്ടിരുന്നു. അവർ ഗോതമ്പ്, ബാർലി, തിന വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്തു. രണ്ട് വിളവ് സമ്പ്രദായം അവർ അവലംബിച്ചിരുന്നു. മേച്ചിൽ തൊഴിൽ അവർക്ക് അറിയാമായിരുന്നു. അവർ കന്നുകാലികൾ, ചെമ്മരിയാട്, ആട് എന്നിവയെ വളർത്തി. അവർക്ക് ആന ഉൾപ്പെടെ നിരവധി മൃഗങ്ങളെക്കുറിച്ച് അറിവുണ്ടായിരുന്നുവെങ്കിലും കുതിരയെ ഉപയോഗിച്ചിരുന്നില്ല. ഹരപ്പയിലെ കന്നുകാലികളെ സെബു എന്നു വിളിച്ചു. അവ വളരെയധികമുള്ള ഇനമാണ്. മുദ്രകളിൽ പലതിലും അവയുടെ പ്രതിരൂപം പതിച്ചു കാണുന്നുണ്ട്.

**നിങ്ങൾക്ക് അറിയാമോ?**

സിന്ധു നാഗരീകത ഹാരപ്പൻ നാഗരീകത എന്നും അറിയപ്പെടുന്നു. എന്തെന്നാൽ ഈ നാഗരീകതയുടെ അവശിഷ്ടങ്ങൾ ആദ്യമായി കണ്ടെത്തിയത് ഹരപ്പയിലാണ്. ഇത് സിന്ധു നദി താഴ്വരയ്ക്കപ്പുറം വ്യാപിപ്പിച്ചിട്ടുള്ളതിനാൽ സിന്ധു നദീതട സംസ്കാരം എന്നു പറയുന്നതിനേക്കാൾ ഉചിതം ഹരപ്പാ നാഗരീകത എന്നു പറയുന്നതാണ്.

### മൺപാത്ര നിർമ്മാണം



**ഹരപ്പയിലെ ചായം തേച്ച മൺപാത്രങ്ങൾ**

ഹരപ്പയിലെ ജനങ്ങൾ നിറം കൊടുത്ത മൺപാത്രങ്ങൾ ഉപയോഗിച്ചു. അവരുടെ മൺപാത്രങ്ങളിൽ കടുത്ത ചുവപ്പും കറുപ്പും നിറങ്ങൾ പിടിപ്പിച്ചിരുന്നു. മൺപാത്രങ്ങൾ സ്റ്റാന്റിൽ ഉറപ്പിച്ചിട്ടുള്ള പാത്രങ്ങൾ സംഭരണ പാത്രങ്ങൾ, തുറകളുള്ളജാറുകൾ, പാന പാത്രങ്ങൾ 'S' ആകൃതിയിലുള്ള ജാറുകൾ, തളികകൾ, പാചക പാത്രങ്ങൾ, ചട്ടികൾ, കലങ്ങൾ എന്നിങ്ങനെ വിവിധ രൂപത്തിൽ കാണപ്പെടുന്നു. ചായം കൊണ്ടുള്ള അലങ്കാരങ്ങൾ പൊതുവെ, മൺപാത്രങ്ങൾ കാണാറുണ്ട്. അരയാൽ ഇലകളെ ചിത്രീകരിക്കുക, മീൻ ചെതുമ്പലുകളുടെ രൂപകൽപ്പന, പരസ്പരം ഛേദിക്കുന്ന വൃത്തങ്ങൾ, വളഞ്ഞു പുളഞ്ഞ രേഖകൾ, തിരശ്ചിത നാടകൾ, ജ്യോമിതീയ ചിത്രങ്ങൾ സസ്യങ്ങളുടേയും മൃഗങ്ങളേയും മാതൃകകൾ എന്നിവയെ ചിത്രീകരിച്ചിരിക്കുന്നു.

### ലോഹങ്ങൾ, ഉപകരണങ്ങൾ, ആയുധങ്ങൾ

ഹരപ്പക്കാർ ചെർട്ടാ ബ്ലേഡുകൾ, ചെമ്പു വസ്തുക്കൾ, അസ്ഥി കൊണ്ടും ദന്തം കൊണ്ടും നിർമ്മിച്ച ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ചിരുന്നു.അവർക്ക് ഇരുമ്പിനെക്കുറിച്ചുള്ള അറിവില്ല. ഉപകരണങ്ങൾ, ഉളികൾ, സൂചികൾ, ചൂണ്ടകൾ, ബ്ലേഡുകൾ, തൂക്ക അളവ്, തട്ടങ്ങൾ, കണ്ണാടി, ആന്റിമണി ദണ്ഡുകൾ തുടങ്ങിയവ വെങ്കലത്തിൽ നിർമ്മിച്ചിരുന്നു.



ഗുജറാത്തിലെ ഷിക്കാർ
പൂറിൽ നിന്നും ലഭിച്ച റോഹ്റി ചെർട്ട് ബ്ലേഡുകൾ

**റോഹ്റി ചെർട്ട്** എന്നത് പാകിസ്ഥാനിലെ റോഹ്റി എന്ന സ്ഥലത്തു നിന്നും സംഭരിച്ച ചെർട്ട് (ഒരു തരം പാറ) അസംസ്കൃത വസ്തുക്കളാണ്. ഹരപ്പയിലെ ജനങ്ങൾ ഇതുകൊണ്ട് ബ്ലേഡുകൾ നിർമ്മിച്ചിരുന്നു. ഹരപ്പാക്കാർ ശില കൊണ്ടും വെങ്കലും കൊണ്ടും നിർമ്മിതമായ ഉപകരണങ്ങൾ ഉപയോഗിച്ചു.

### തുണിത്തരങ്ങളും ആഭരണങ്ങളും

ഹരപ്പയിലെ ജനങ്ങൾ ലോഹം കൊണ്ടും കല്ലു കൊണ്ടും നിർമ്മിതമായ ആഭരണങ്ങൾ ഉപയോഗിച്ചിരുന്നു. അവർക്ക് പരുത്തി, പട്ട് തുണിത്തരങ്ങളെക്കുറിച്ച് അറിയാമായിരുന്നു. അവർ കോർണിലിയ, ചെമ്പ്, സ്വർണ്ണം എന്നിവ കൊണ്ട് ആഭരണ



IX Std - History Malayalam Unit-2.indd 26 3/29/2023 10:54:33 AM

ങ്ങൾ നിർമ്മിച്ചിരുന്നു. മിനുസമുള്ള മൺപാത്രങ്ങൾ, കല്ലു കൊണ്ടുള്ള പാത്രങ്ങൾ, ജീവികളുടെ പുറം തോടു കൊണ്ടുള്ള വളകൾ എന്നിവ അവർ ഉപ യോഗിച്ചിരുന്നു. ചിലതിനെ കൊത്തു പണി കൊണ്ട് അലങ്കരിച്ചിരുന്നു. അവയെ ഹരപ്പക്കാർ മെസപ്പെട്ടോ മിയയിലേക്ക് കയറ്റുമതി ചെയ്തിരുന്നു.



സിന്ധു നദീതട ആഭരണങ്ങൾ

### വാണിജ്യവും വിനിമയവും

ഹരപ്പായിലെ ജനങ്ങൾക്ക് മെപ്പെട്ടോമിയ ക്കാരുമായി വളരെയടുത്ത കച്ചവട ബന്ധം ഉണ്ടാ യിരുന്നു. പശ്ചിമേഷ്യൻ പ്രദേശം, ഒമാൻ, ബഹ്റിൻ, ഇറാഖ്, ഇറാൻ എന്നിവിടങ്ങളിൽ ഹരപ്പയിലെ മുദ്ര കൾ കണ്ടെടുത്തിരുന്നു. ക്യൂണിഫോം ആലേഖന ങ്ങളിൽ മെസപ്പെട്ടോമിയക്കും ഹരപ്പയ്ക്കും തമ്മി ലുള്ള വാണിജ്യബന്ധത്തെക്കുറിച്ച് പരാമർശമുണ്ട്. ക്യൂണിഫോം ആലേഖനത്തിൽ 'മെലുഹ്ഹ' എന്ന പരാമർശം സിന്ധുതടത്തെക്കുറിക്കുന്നു.

### തൂക്കങ്ങളും അളവുകളും



ഹരപ്പൻ നാഗരീകത യിലെ തൂക്കക്കട്ടകൾ



മൊഹഞ്ചദാരോയിൽ നിന്നും കണ്ടെടുത്ത ചെമ്പു തുലാസ്

ഹരപ്പാക്കാർ ശരിയായ തൂക്കങ്ങളും അളവുകളും കണ്ടെത്തുന്ന രീതി വികസിപ്പിച്ചെടുത്തിരുന്നു. കച്ചവട വിനിമയത്തിൽ ഏർപ്പെട്ടതിനാൽ പ്രാമാ ണിക അളവുകളുടെ ആവശ്യകത ഉണ്ടായി. ഘനാ കൃതിയിലുള്ള ചെർട്ട് തൂക്കക്കട്ടകൾ ഹരപ്പയിലെ വിവിധ സ്ഥലങ്ങളിൽ നിന്നും കണ്ടെടുക്കപ്പെട്ടിട്ടു ണ്ട്. തൂക്കമളക്കുന്ന തുലാസിന്റെ ചെമ്പുതട്ടുകളും ഇവിടെ നിന്നും ലഭിച്ചിട്ടുണ്ട്. തൂക്കങ്ങൾ രണ്ടടി സ്ഥാനസംഖ്യകളിലുള്ള അവരുടെ അറിവിനെ സൂചിപ്പിക്കുന്നു. ഭാരമളക്കുന്നതിന്റെ അംശബന്ധം 1:2:4:8:16:32 എന്ന തോതിൽ ഇരട്ടിക്കുന്നു.

### മുദ്രകൾ, മുദ്രണം, ലിപികൾ

സ്റ്റീറ്റൈറ്റ്, ചെമ്പ്, ടെറാക്കോട്ട, ദന്തം എന്നിവ കൊണ്ടുണ്ടാക്കിയ മുദ്രകൾ ഹരപ്പൻ പ്രദേശങ്ങളിലെ വിവിധ മാധ്യമത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. അവ മിക്കവാറും വാണിജ്യ പ്രവർത്തനങ്ങളിൽ ഉപ യോഗിച്ചിരിക്കാം. ഹരപ്പൻ ലിപി ഇതുവരെ വേർതി രിച്ചറിയാൻ സാധിച്ചിട്ടില്ല. ഏറെക്കുറെ 5000-ത്തോളം പുസ്തകങ്ങൾ ഹര പ്പൻ പ്രദേശത്തു ന ിന്നും രേഖകളാക്കിയിട്ടുണ്ട്. ചില പണ്ഡിതന്മാർ ഈ ലിപി ദ്രാവിഡ ഭാഷയിലുള്ളതാണെന്ന് അഭിപ്രായപ്പെടുന്നു.



ലിപി ആലേഖനം ചെയ്തിട്ടുള്ള മുദ്ര

### കലയും വിനോദവും



ടെറാക്കോട്ട കളിപ്പാട്ടങ്ങൾ

ഹരപ്പൻ പ്രദേശങ്ങളിൽ നിന്നു ലഭിച്ചി ട്ടുള്ള ടെറാക്കോട്ട രൂപങ്ങൾ, മൺപാത്രങ്ങളിലെ ചിത്രങ്ങൾ, വെങ്കല രൂപങ്ങൾ എന്നിവ ഹരപ്പക്കാ രുടെ കലാബോധത്തെ കാണിക്കുന്നു. സ്റ്റീറ്റൈ റൈറിൽ നിർമ്മിതമായ പുരോഹിത രാജാവ്, വെങ്കലനിർമ്മിതമായ 'നൃത്തംചെയ്യുന്നപെൺകുട്ടി' (രണ്ടും മൊഹഞ്ചദാരോയിലേത്) ഹരപ്പാ, മൊഹഞ്ചദാരോ, ധോളവീര എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള കല്ലിലെ ശിൽപ്പങ്ങൾ എന്നിവ പ്രധാനപ്പെട്ട കലാവസ്തുക്കളാണ്. കളിവണ്ടികൾ, ചിലങ്കകൾ, ചക്രങ്ങൾ, പമ്പരങ്ങൾ, മാർബിൾ, ടെറാക്കോട്ട കൊണ്ടു നിർമ്മിച്ചിട്ടുള്ള ചാടിക്കളി ക്കാനുള്ള ഉപകരണം എന്നിവ ഹരപ്പൻ ജനങ്ങ ളുടെ വിനോദത്തെ കാണിക്കുന്നു.



മൊഹഞ്ചദാരോയിലെ നൃത്തം ചെയ്യുന്ന പെൺകുട്ടി

### മതം

സിന്ധുനദീതട ജനങ്ങൾക്ക് പ്രകൃതിയു മായി വളരെയടുത്ത ബന്ധം പുലർത്തിയിരുന്നു. അവർ അരയാൽ വൃക്ഷത്തെ ആരാധിച്ചു. ചില ടെറാക്കോട്ട രൂപങ്ങൾ മാതൃദേവത യോട് സാമ്യം കാണുന്നു. യജ്ഞ വേദികൾ, കാളിബംഗനിൽ കണ്ടെത്തിയിട്ടുണ്ട്. സിന്ധു

നദീനടത്തിലെ ജനങ്ങൾ രമിച്ചവരെ മറവു ചെയ്തിരുന്നു. അധികവും മറവു ചെയ്തിരുന്നുവെങ്കിലും ശവദാഹം നടത്തിയതിനും തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്.


മോഹഞ്ചദാരോയിലെ പുരോഹിത രാജാവ്

### യഥാർത്ഥ നിവാസികളും അവരുടെ സംസ്കാരവും

ഹരപ്പൻ നാഗരീകതയെക്കുറിച്ചെഴുതിയിട്ടുള്ള വായിച്ചറിയാൻ സാധിക്കാത്തതിനാൽ അതിന്റെ ഗ്രന്ഥകർത്താവിനെയും അറിയാൻ സാധിക്കുന്നില്ല. ഇവർ ദ്രാവിഡ ഭാഷ സംസാരിച്ചിരുന്നുവെന്നാണ്. സിന്ധുനാഗരികതയുടെ പതനശേഷം ഹരപ്പക്കാർ കിഴക്കും തെക്കുമുള്ള സ്ഥലങ്ങളിൽ പോയതായി പുരാവസ്തു തെളിവുകൾ കാണിക്കുന്നു. ചില ഹരപ്പാക്കാർ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കുടിയേറിയതിന് സാധ്യതയുണ്ട്. ലിപി വായിച്ചു മനസ്സിലാക്കാൻ കഴിഞ്ഞാൽ മാത്രമേ ശരിയായ ഉത്തരം ലഭിക്കുകയുള്ളൂ.

സിന്ധു നദീതടത്തിൽ ഒന്നിലധികം വിഭാഗം ജനങ്ങൾ വസിച്ചിരുന്നു. കൃഷിക്കാർ, കാലിമേയ്ക്കുന്നവർ, വേട്ടക്കാർ, ഭക്ഷ്യ സംഭരണക്കാർ എന്നിങ്ങനെയുള്ള നിരവധി വിഭാഗങ്ങൾ സിന്ധു പ്രദേശത്തിൽ വസിച്ചിരുന്നു. സിന്ധു പ്രദേശത്തിൽ ഗ്രാമങ്ങളും വലിയ പട്ടണങ്ങളും ഉണ്ടായിരുന്നു.

ഈ നാഗരീകതയുടെ കാലഘട്ടത്തെ രണ്ടായി വിഭജിച്ചിട്ടുണ്ട്. 3300 BCE മുതൽ 2600 BCE വരെ യുള്ള ആദ്യകാല ഹരപ്പന്മാർ, നാഗരീകതയുടെ അവസാനഘട്ടത്തിൽ അതായത് 2600 മുതൽ 1900 ആഇഋ വരെയുള്ള കാലത്തെ പക്വതയാർന്ന ഹരപ്പന്മാർ എന്നിവയാണ് പിൽക്കാല ഹരപ്പന്മാർ 1700 BCE വരെ നിലനിന്നിരുന്നു.

### സിന്ധു സംസ്കാരത്തിന്റെ അധഃപതനം

സിന്ധു നാഗരീകത, അതിന്റെ നഗര സവിശേഷതകൾ എന്നിവ 1900 BCE മുതൽ ക്ഷയിക്കാൻ ആരംഭിച്ചു. കാലാവസ്ഥാ മാറ്റങ്ങൾ, മെസപ്പെട്ടോമിയയുമായുള്ള വാണിജ്യത്തിന്റെ പതനം, സിന്ധു നദിയിലെ വരൾച്ച അഥവാ വെള്ളപ്പൊക്കം വിദേശാക്രമണം എന്നിവയിൽ ചില കാരണങ്ങളാലായിരിക്കാം ഈ നാഗരീകത തകർന്ന് ജനങ്ങൾ കിഴക്ക്, തെക്ക് ദിശകളിലേക്ക് കുടിയേറിപ്പാർത്തത്. അത് പൂർണ്ണമായും മറഞ്ഞില്ല. അതൊരു ഗ്രാമ സംസ്കാരമായി തുടർന്നിരുന്നു.

### സിന്ധൂതട ലിപി - ഒരു പ്രശ്ന പഠനം

**സിന്ധുതടലിപി വേർതിരിച്ചറിയൽ**

ഹാരപ്പയിലെ ജനങ്ങൾക്ക് എഴുത്തു സമ്പ്രദായത്തെക്കുറിച്ച് അറിയാമായിരുന്നു. ആ ലിപി മുദ്രകളിലും ടെറാക്കോട്ടയിൽ ശില്പങ്ങളിലും മൺപാത്രങ്ങളിലും കാണപ്പെടുന്നു. ഇതുവരെ അതിനെ വായിച്ചെടുക്കാൻ സാധ്യമായിട്ടില്ല. സിന്ധൂതടത്തിലെ വാക്കുകൾ വളരെ ചെറുതാണ്. ആ ലേഖനത്തിന്റെ ശരാശരി നീളം അഞ്ച് ചിഹ്നങ്ങളിലും കുറവായിരിക്കും. അതിന് ദ്വിഭാഷാ വാക്കുകളില്ല. (റോസറ്റാ കല്ലുകളിൽ ഈജിപ്ഷ്യനും ഗ്രീക്കും എഴുതിയതു പോലെ) അതിനാൽ ലിപി മനസ്സിലാക്കാൻ പ്രയാസമാണ്

ഇത് എഴുതിയിട്ടുള്ളത് പൊതുവായി വലതു ഭാഗത്തു നിന്നും ഇടത്തോട്ടാണ്.

- കംപ്യൂട്ടർ ആപഗ്രഥനം അനുസരിച്ച്, റഷ്യൻ പണ്ഡിതനായ യൂറി ക്നോറോസോവ് നിർദ്ദേശിച്ചിട്ടുള്ളത്. സിന്ധൂതടലിപിയുടെ വാക്കുകൾക്ക് ഒരു ദ്രാവിഡ ക്രമം ഉണ്ടെന്നാണ്.
- സിന്ധൂനാഗരികതയിൽ വളരെയേറെ ഗവേഷണം നടത്തിയ ഐരാവതം മഹാദേവന്റെ അഭിപ്രായം ഇപ്രകാരമാണ്. ആദിമ ദ്രാവിഡഭാഷയുടെ വേരുകൾ ഹാരപ്പാ ഭാഷയിൽ ദൃശ്യമാണ് ഹാരപ്പാ ഭാഷയും തെക്കെ ഇന്ത്യയിലെ ദ്രാവിഡഭാഷയും സദൃശമാണ്.
- **മഹാദേവന്റെ വാക്കുകൾ പ്രകാരം** 'ഒരു ശിലാ സെൽട്മയിലാടുന്നുറൈ (തമിഴ്നാട്) യിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. അതിലെ അടയാളങ്ങൾ സിന്ധൂതടത്തിലെ ലിപിയുമായി വളരെയേറെ സാമ്യമുണ്ട്'. എന്ന് മഹാദേവർ അഭിപ്രായപ്പെടുന്നു.
- 2007 മെയ്മാസത്തിൽ തമിഴ്നാട് പുരാവസ്തു വകുപ്പ് പൂമ്പുകാറിനടുത്തുള്ള മേലപ്പെരുമ്പള്ളത്തിൽ അമ്പിന്റെ തലയടയാളം അവിടുത്തെ മൺപാത്രങ്ങളിൽ കണ്ടിരുന്നു. അവ മോഹൻജദാരോയിലെ മുദ്രകളോട് സാമ്യമുള്ളവയാണ്.

പർപ്പോളയുടെ അഭിപ്രായപ്രകാരം സിന്ധുതടത്തിലെ ലിപി ഏക സ്വരൂപങ്ങളിൽ അടിസ്ഥാനമാക്കി ദ്രാവിഡ ഭാഷയുമായി സാമ്യമുള്ളതാണ്.







IX Std - History Malayalam Unit-2.indd 28 3/29/2023 10:54:33 AM

| അടയാളം | തിരിച്ചറിയൽ | വായന | അർത്ഥം | അടയാളം | തിരിച്ചറിയൽ | വായന | അർത്ഥം |
|---|---|---|---|---|---|---|---|
| a.  | പകുതി+മിൻ | പകു മീൻ | പച്ച നക്ഷത്രം(ബുധൻ) | a.  | മീൻ | -മിൻ | 1. മീൻ 2. നക്ഷത്രം |
| b.  | മേൽക്കൂര+മിൻ | മെയ്/മായ്+മീൻ | കറുത്ത നക്ഷത്രം(ശനി) | b.  | 3+മീൻ | മു(മ) മിൻ | മൂന്നു നക്ഷത്രങ്ങൾ (മകയിരം) |
| c.  | ഇടയ്ക്കുള്ളത് ബഹിരാകാശം+മിൻ | വെൽ(ലി)മീൻ | വെള്ള നക്ഷത്രം (ശുക്രൻ) | c.  | 6+മീൻ | കരു മിൻ | ആറു നക്ഷത്രങ്ങൾ (കാർത്തിക നക്ഷത്രം) |
| d.  | ബിന്ദു/തുള്ളി+മീൻ | പൊട്ടറുമീൻ | 1.ചുവന്ന മീൻ(കാർപ്) 2. ചുവന്ന നക്ഷത്രം (രോഹിണി) | d.  | 7+മീൻ | എലു മിൻ | ഏഴു നക്ഷത്രങ്ങൾ (കശ്യപ നക്ഷത്ര സമൂഹം) |

## സംഗ്രഹം

- നവീന ശിലായുഗത്തിനു ശേഷം നാഗരീകതകൾ രൂപം കൊള്ളുകയും വെങ്കലയുഗത്തിൽ അവ വളരുകയും ചെയ്തു.
- ജനങ്ങൾ ആസൂത്രിത നഗരങ്ങളിൽ സ്ഥിര താമസം ആരംഭിക്കുകയും വാണിജ്യം വിനിമയം എന്നിവകളിലേർപ്പെടുകയും ചെയ്തു. ശാസ്ത്ര സാങ്കേതിക വിദ്യ വളർന്നു
- നാഗരീകതകൾക്ക് താരതമ്യേന സങ്കീർണ്ണമായ സാമൂഹ്യവ്യവസ്ഥകൾ ഉള്ളതാണ്.
- ഈജിപ്ഷ്യൻ നാഗരീകത വാസ്തുവിദ്യയിൽ ഉന്നത നിലയെ പ്രാപിക്കുകയും പിരമിഡുകൾ പ്രധാന സംഭാവനകളായി കരുതപ്പെടുകയും ചെയ്യുന്നു.
- മെസപ്പെട്ടോമിയൻ നാഗരീകത കലണ്ടർ സമ്പ്രദായം വാനശാസ്ത്രം എന്നിവയുടെ പുരോഗതിക്ക് വലിയ സംഭാവനകൾ നൽകി.
- ചൈനാ നാഗരീകത തത്വചിന്ത കണ്ടു പിടിത്തങ്ങൾ എന്നിവകളിലൂടെയുള്ള സംഭാവനകൾ നൽകി.
- സിന്ധുനദീതട നാഗരീകത പുതിയ സാങ്കേതിക വിദ്യകളുപയോഗിച്ച് നിരവധി വസ്തുക്കൾ ഉൽപ്പാദിപ്പിച്ചു. ഇതിന് പശ്ചിമേഷ്യയുമായി സാംസ്കാരിക ബന്ധം ഉണ്ടായിരുന്നു.

## അഭ്യാസം

EVIZH

### I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.

**1.** വാക്കുകളെ ചിത്രങ്ങളിലൂടെ കുറിക്കുന്നതിന് ഉപയോഗിച്ച ആദ്യകാല അടയാളങ്ങൾ

a. കാലി ഗ്രാഫിക്

b. പിക്ടോഗ്രാഫിക്

c. ഐഡിയോഗ്രാഫിക്

d. സ്ട്രാറ്റിഗ്രാഫിക്

**2.** പുരാതന ഈജിപ്ത്തിൽ ശവശരീരങ്ങളെ സംരക്ഷിക്കുന്ന പ്രക്രിയ

a. സാർകൊഫാഗസ് b. ഹിക്സോസ്

c. മമ്മിയാക്കൽ d. ബഹുദൈവാരാധന

**3.** സുമേരിയക്കാരുടെ എഴുത്തു സമ്പ്രദായം

a. പിക്ടോഗ്രാഫിക് b. ഹീറോഗ്ലിഫിക്

c. സോണോഗ്രാം d. ക്യൂണിഫോം

**4.** ഹരപ്പക്കാർക്ക് അറിയാതിരുന്നത്

a. സ്വർണ്ണവും ആനയും

b. കുതിരയും ഇരുമ്പും

c. ചെമ്മരിയാടും വെള്ളിയും

d. കാളയും പ്ലാറ്റിനവും

**5.** മെഴുകു കൊണ്ടുള്ള അച്ചു കൊണ്ട് വെങ്കല പ്രതിമ ഉണ്ടാക്കുന്നതിന് സിന്ധുതട ജനങ്ങൾക്ക് അറിയാമായിരുന്നു.

a. ജാർ

b. പുരോഹിത രാജാവ്

c. നൃത്തം ചെയ്യുന്ന പെൺകുട്ടി

d. പക്ഷി

**6.** (i) മെസോപ്പൊട്ടാമിയയിലെ ഏറ്റവും പഴക്കമുള്ള നാഗരികത അക്കേഡിയൻ വിഭാഗക്കാരുടെതാണ്.

(ii) ചൈനക്കാർ ഹീറോഗ്ലാഫിക്സ് എന്ന ലിപി രൂപത്തെ വികസിപ്പിച്ചെടുത്തു.

(iii) യൂഫ്രട്ടീസ്, ടൈഗ്രിസ് എന്നീ നദികൾ മന്നാർ ഉൾക്കടലിൽ പതിക്കുന്നു.

(iv) ബാബിലോൺ രാജാവ് ഹമ്മുറാബി ഒരു വലിയ നിയമ നിർമ്മാതാവ് ആണ്.



IX Std - History Malayalam Unit-2.indd 29 3/29/2023 10:54:34 AM

a. (i) ശരിയാണ് b. (i) (ii) ശരിയാണ്
c. (iii) ശരിയാണ് d. (iv) ശരിയാണ്

**7.** (i) യാങ്ട്സ് നദിയെ ചൈനയുടെ ദുഃഖം എന്നു വിളിക്കുന്നു.
(ii) വു-ടി ചൈനയിലെ വൻ മതിൽ നിർമ്മിച്ചു
(iii) ചൈനക്കാർ വെടിമരുന്ന് കണ്ടു പിടിച്ചു
(iv) പാരമ്പര്യ വിശ്വാസമനുസരിച്ച് മെൻസിയസ് ടാവോയിസം ആരംഭിച്ചു.
a. (i) ശരിയാണ് b. (ii) ശരിയാണ്
c. (iii) ശരിയാണ് d. (iii), (iv) ശരിയാണ്

**8.** ശരിയായ കാലക്രമമനുസരിച്ചുള്ള മെസപ്പെട്ടോമിയയിലെ നാലു നാഗരീകതകൾ ഏവ?
a. സുമേരിയൻ - അസ്സീറിയൻ - അക്കാഡിയൻ - ബാബിലോണിയൻ
b. ബാബിലോണിയൻ - സുമേരിയൻ - അസ്സീരിയൻ - അക്കാഡിയൻ
c. സുമേരിയൻ - അക്കാഡിയൻ - ബാബിലോണിയൻ - അസ്സീരിയൻ
d. ബാബിലോണിയൻ - അസ്സീറിയൻ - അക്കാഡിയൻ - സുമേരിയൻ

**9.** പ്രസ്താവന (A) മെസപ്പെട്ടോമിയൻ നാഗരീകതയിലെ അസ്സീറിയന്മാർ സിന്ധു നദീതട സംസ്കാരത്തിന്റെ സമകാലികരാണ്. കാരണം (R) ഒരു അസ്സീറിയൻ ഭരണാധികാരികയുടെ രേഖകളിൽ മെലൂഹയിൽ നിന്നുള്ള കപ്പലിനെക്കുറിച്ച് പറഞ്ഞിരുന്നു.
a. A യും R ഉം ശരിയാണ്. A, R നെ വിശദമാക്കുന്നു.
b. A യും R ഉം ശരിയാണ്. പക്ഷേ A, R നെ വിശദമാക്കുന്നില്ല
c. A ശരിയല്ല. പക്ഷേ R ശരിയാണ്.
d. A ഉം R ഉം ശരിയല്ല.

## II. പൂരിപ്പിക്കുക

**1.** മനുഷ്യശിരസ്സുള്ള ഒരു സിംഹത്തിന്റെ ചുണ്ണാമ്പുകല്ലിൽ നിർമ്മിച്ച വലിയ രൂപം ---------

**2.** ഈജിപ്തുകാരുടെ ആദ്യകാല എഴുത്തു സമ്പ്രദായം --------- എന്നു പറയുന്നു.

**3.** പുരാതന ബാബിലോണിയയിൽ --------- നിയമങ്ങൾ നിരവധി കുറ്റങ്ങൾക്കുള്ള നിയമങ്ങളെ പ്രതിപാദിക്കുന്നു.

**4.** പാരമ്പര്യ വിശ്വാസമനുസരിച്ച് ചൗ രാജ്യത്തിൽ ---------ഒരു പ്രധാന ഗ്രന്ഥപ്പുരം സൂക്ഷിപ്പുകാരനാണ്.

**5.** മൺപാത്രങ്ങളിലെ --------- രൂപങ്ങളും ചിത്രങ്ങളും ഹരപ്പൻ നാഗരീകതയുടെ കലാപരമായ കഴിവിനെ വിളിച്ചോതുന്നു.

## III. ശരിയായ പ്രസ്താവനയെ കണ്ടുപിടിക്കുക

**1.** a. ഹരപ്പയിലെ വലിയകുളം ചുറ്റും നിരവധി മുറികളോടു കൂടി നല്ല രീതിയിൽ നിർമ്മിച്ചിരിക്കുന്നു.
b. ക്യൂണിഫാം ആലേഖനങ്ങൾ ഗിൽഗാമേഷ് ഇതിഹാസത്തെ ബന്ധപ്പെടുത്തുന്നു.
c. ടെറാക്കോട്ട രൂപങ്ങളും ചെമ്പിൽ നിർമ്മിച്ച നൃത്തം ചെയ്യുന്ന പെൺകുട്ടിയുടെ രൂപവും ഈജിപ്തുക്കാരുടെ കലാചാതുര്യത്തെ വിളിച്ചോതുന്നു.
d. മെസപ്പെട്ടോമിയക്കാർ ഒരു സൗരകലണ്ടർ രൂപവത്കരിച്ചു.

**2.** a. ആമൺ ഈജിപ്തിലെ ദൈവമാണ്.
b. കോട്ടകളാൽ ആവൃതമായ ഹരപ്പൻ നഗരത്തിൽ ക്ഷേത്രങ്ങളുണ്ടായിരുന്നു.
c. പിരമിഡ് ആകൃതിയിലുള്ള സ്മാരകമായ സ്പിംഗ്സ് പുരാതന മെസപ്പെട്ടോമിയയിൽ ഉള്ളതാണ്.
d. മൺപാത്ര നിർമ്മാണത്തിനുള്ള ചക്രത്തിന്റെ കണ്ടു പിടിത്തത്തിന്റെ അംഗീകാരം ഈജിപ്തുകാർക്കാണ്.

## IV. ചേരുംപടി ചേർക്കുക

**a.** ഫറോ- പുല്ലിന്റെ ഒരു വകഭേദം
**b.** പേപ്പിറസ് - ഭൂമിയിലുള്ള എഴുതപ്പെട്ട ഏറ്റവും പുരാതനമായ കഥ
**c.** വലിയ നിയമ നിർമ്മാതാവ് - മോഹഞ്ചദാരൊ
**d.** ഗിൽഗാമേഷ് - ഹമ്മുറാബി
**e.** വലിയകുളം - ഈജിപ്ഷ്യൻ രാജാവ്

## V. ചുരുക്കി ഉത്തരമെഴുതുക

**1.** ഈജിപ്തുക്കാർ കല, വാസ്തുശിൽപ്പം എന്നിവയിൽ പ്രഗലരാണ്. - തെളിയിക്കുക.
**2.** സിഗ്ഗുറാറ്റിന്റെ സവിശേഷതകളെക്കുറിച്ച് എഴുതുക
**3.** ഹമ്മുറാബിയുടെ നിയമസംഹിത ഒരു പ്രധാന നിയമരേഖയാണ് വിശദമാക്കുക.

## VI. ഓരോ ശീർഷകത്തിനും ചുവട്ടിൽ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുക.

**1.** ആദ്യകാല നാഗരീകതകൾ
1. നാഗരികത എന്നാൽ എന്ത്?
2. പ്രധാന ആദ്യകാല നാഗരികതകൾ ഏവ?
3. ആദ്യകാല നാഗരികതയെക്കുറിച്ച് ദക്ഷിണേന്ത്യയിൽ നിന്നും ലഭിച്ചിട്ടുള്ള തെളിവുകൾ എന്തെല്ലാം?
4. നാഗരികതകൾ രൂപം പ്രാപിച്ച പ്പോൾ സംഭവിച്ചത് എന്ത്?



IX Std - History Malayalam Unit-2.indd 30 3/29/2023 10:54:34 AM

**2.** ഈജിപ്ഷ്യൻ നാഗരികതയുടെ സവിശേഷതകൾ

1. ഈജിപ്തിനെ 'നൈൽ നദിയുടെ ദാനം' എന്നു വിളിക്കുന്നതെന്തുകൊണ്ട്?
2. ഫറോകളും വീസിയറുകളും ആരായിരുന്നു.
3. പിരമിഡ് എന്നാൽ എന്ത്? അവ എന്തിനുവേണ്ടിയാണ് നിർമ്മിക്കപ്പെട്ടത്?
4. മമ്മിയാക്കൽ പ്രക്രിയ എങ്ങനെ?

## ചരിത്രത്തിലെ വിനോദം

**വിദ്യാർത്ഥി പ്രവർത്തനങ്ങൾ**

ലോക ഭൂപടത്തിൽ വെങ്കലയുഗനാഗരീകതയുടെ സ്ഥലങ്ങളെ കുറിക്കുക

പിരമിഡ്, മമ്മി എന്നിവയെക്കുറിച്ച് ഒരു ചാർട്ട് തയ്യാറാക്കുക

സിന്ധുനദീതട ജനങ്ങളുടെ മൺപാത്രങ്ങൾ, മുദ്രകൾ എന്നിവയുടെ ചിത്രങ്ങൾ ശേഖരിക്കുക

**അദ്ധ്യാപകരുടെ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള പ്രവർത്തനം**

പുരാതന ലോകനാഗരീകതകളെ താരതമ്യം ചെയ്യുന്ന ഒരു ലഘുരേഖ തയ്യാറാക്കുക

വെബ്സൈറ്റിൽ നിന്നും സിന്ധു നദീതട നാഗരീകതയുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു സ്ക്രാപ് ബുക്ക് തയ്യാറാക്കുക

## VII. വിവരിച്ച് ഉത്തരമെഴുതുക

1. ഹീറോഗ്ലിഫിക്സ്, ക്യൂണിഫോം എന്നീ പദങ്ങളെ നിർവചിച്ച് അവയുടെ പ്രധാന സവിശേഷതകളെക്കുറിച്ചെഴുതുക
2. തത്വചിന്ത, സാഹിത്യം എന്നീ മേഖലകളിൽ ചൈനക്കാരുടെ സ്വാധീനം എത്രമാത്രം പ്രതിഫലിച്ചുവെന്ന് വിശദമാക്കുക
3. സിന്ധു നദീതട നാഗരികതയുടെ മറഞ്ഞിരിക്കുന്ന നിധികളെക്കുറിച്ചെഴുതുക?

## വിഷയ ഗ്രഹണത്തിനുള്ള പുസ്തകങ്ങൾ


1. ക്രിസ് സ്കാർ - മനുഷ്യന്റെ ഭൂതകാലം - ലോകത്തിന്റെ മുൻകാല ചരിത്രത്തെയും മനുഷ്യസമൂഹത്തിന്റെ പുരോഗതിയും
2. ജി.എൽ.പൊസ്സെഹൽ - സിന്ധുകാലഘട്ടം - ആരംഭം ഓക്സഫോർഡ്, IBH പ്രസിദ്ധീകരണം.
3. ജെ.എം.കെനോയർ - സിന്ധുനദീതട നാഗരികതയിലെ പുരാതന നഗരങ്ങൾ - അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാകിസ്ഥാൻ സ്റ്റഡീസ്


## ഇന്റർനെറ്റ് വിഭവങ്ങൾ

1. https://www.britannica.com
2. http://www.ancient-origins.net
3. http://humanorigins.si.edu

## ICT CORNER

### പുരാതന വാസ്തുശില്പത്തെ പര്യവേഷണം ചെയ്യുക




**ഘട്ടങ്ങൾ**

- താഴെ തന്നിട്ടുള്ള VRL ടൈപ്പു ചെയ്യുക അല്ലെങ്കില്ഡ QR കോഡിനെ സ്കാൻ ചെയ്യുക
- ഫുൾ സ്ക്രീൻ ക്ലിക്ക് ചെയ്ത് വാസ്തുശില്പത്തെ കാണുക
- ഇടതുവശത്ത് താഴെ കൊടുത്തിട്ടുള്ള ഓപ്ഷൻസ് എക്സ്പ്ലോർ ചെയ്യുക. 'ഓപൺ ഗൂഗിൾ മാപ്പ്', ക്ലിക്ക് ചെയ്യുക. മൗസിനെ ഡ്രാഗ് ചെയ്ത് 'റെഡ് ഷെയ്ഡഡ് ഏരിയ' റൊട്ടേറ്റ് ചെയ്യുക എന്നിട്ട് 360° യിൽ ആസ്ഥലം നിരീക്ഷിക്കുക അല്ലെങ്കിൽ ആരോ കീ ഉപയോഗിച്ച് അതേ കാഴ്ച കാണുക.
- സ്ഥലത്തിന്റെ പൂർണ്ണവിവരം അറിയുന്നതിന് കർസറിനെ ചോദ്യചിഹ്നങ്ങൾക്കു മുകളിൽ വെയ്ക്കുക

**വെബ്സൈറ്റ് URL:**

http://www.airpano.com/files/Ancient-World/2-2

SC0U7




IX Std - History Malayalam Unit-2.indd 31 3/29/2023 10:54:36 AM

യൂണിറ്റ് 3

# ആരംഭകാല തമിഴ് സമൂഹവും സംസ്കാരവും

## പഠന ലക്ഷ്യങ്ങൾ

താഴെ പറയുന്നവയെ കൂടുതൽ പരിചയപ്പെടുത്തുക എന്നതാണ് ഈ പാഠത്തിന്റെ ലക്ഷ്യം

- തമിഴ് സാഹിത്യം പുരാവസ്തുപരമായ വസ്തുക്കൾ, ശിലാശാസനങ്ങൾ, തമിഴിലല്ലാത്ത പുസ്തകം വിവരങ്ങൾ എന്നിവയിലൂടെ ആദ്യകാല തമിഴ് സമൂഹത്തെക്കുറിച്ചുള്ള പഠനം
- സമൂഹത്തിലെ തിനൈ അടിസ്ഥാനമാക്കിയുള്ള ജീവിതം
- ഈ കാലഘട്ടത്തിലെ സാഹിത്യം,ഭരണകൂടം,സാമ്പത്തികം, നഗരവല്കരണം എന്നിവ

## മുഖവുര

നാം കാണുന്നതു പോലുള്ള തമിഴ് സംസ്കാരം പൊതു വർഷത്തിന് (CE) മൂന്നു നൂറ്റാണ്ടിനു മുമ്പ് ആരംഭിച്ചതാണ്. സമുദ്രസഞ്ചാരികളായ തമിഴ് കച്ചവടക്കാരും നാവികരും വാണിജ്യ പരമായും സാംസ്കാരികമായും കടൽകടന്നുള്ള ബന്ധങ്ങൾ ഏർപ്പെടുത്തുകയും വിദേശ കച്ചവടക്കാർ തമിഴ് പ്രദേശം സന്ദർശിക്കുകയും ചെയ്തു. സാംസ്കാരികവും വാണിജ്യപരവുമായ പ്രവർത്തനങ്ങളുടെ ഫലമായി ആന്തരികമായ പുരോഗതി കൈവരിക്കുകയും അത് നഗരവൽക്കരണത്തിലേക്ക് നയിക്കുകയും ചെയ്തു. നഗരങ്ങളും തുറമുഖങ്ങളും രൂപം കൊണ്ടു. നാണയങ്ങളും കറൻസികളും വിനിമയത്തിലുണ്ടായിരുന്നു. രേഖകൾ എഴുതിയുണ്ടാക്കി. തമിഴ്ഭാഷ എഴുതുന്നതിന് തമിഴ് ബ്രഹ്മി ലിപി ഉപയോഗിച്ചു. ശ്രേഷ്ഠ തമിഴ് കവിതകൾ രചിക്കപ്പെട്ടു.

## 3.1 ആദ്യകാല തമിഴ്സമൂഹത്തെക്കുറിച്ച് പഠിക്കുന്നതിനുള്ള ഉറവിടങ്ങൾ

പുരാതന തമിഴ്ജനതയുടെ ചരിത്രത്തെ പുനഃനിർമ്മാണത്തിനാവശ്യമായ ഉറവിടങ്ങൾ

1. ശ്രേഷ്ഠമായ തമിഴ് സാഹിത്യം.
2. ശിലാശാസനങ്ങൾ.
3. പുരാവസ്തു ഗവേഷണവും വസ്തുക്കളുടെ ഉപയോഗവും.
4. തമിഴല്ലാത്തതും വിദേശീയവുമായ സാഹിത്യങ്ങൾ.

### ശ്രേഷ്ഠമായ സംഘകാല തമിഴ്സാഹിത്യം

ശ്രേഷ്ഠമായ സാഹിത്യശേഖരണത്തിൽ തൊൽകാപ്പിയം, പതിനെൺ മേൽകണക്ക് (18 വലിയ കൃതികൾ) പതിനെൺ കീഴ്കണക്ക് (18 ചെറിയകൃതികൾ) അഞ്ച് ഇതിഹാസങ്ങൾ എന്നിവ ഉൾപ്പെടുന്നു.

**തൊൽകാപ്പിയം**

തൊൽകാപ്പിയർ രചിച്ചതായി പറയുന്ന തൊൽകാപ്പിയം തമിഴ് വ്യാകരണത്തിലെ ആദ്യത്തെ പുസ്തകമാണ്. വ്യാകരണ നിയമത്തെ വിശദീകരിക്കുന്നതു മാത്രമല്ല തൊൽകാപ്പിയത്തിന്റെ മൂന്നാം വിഭാഗം കവിതാ രചനാ രീതിയും തമിഴ് സാമൂഹ്യ ജീവിതക്കുറിച്ചുള്ള വിവരങ്ങളും വ്യക്തമാക്കുന്നു.

പതിനെൺ മേൽകണക്ക് കൃതികളിൽ പത്തുപ്പാട്ട് (പത്ത് ദൈർഘ്യമേറിയ കവിതകൾ) എട്ടുത്തൊകൈ (എട്ട് ചെറിയ കവിതാ സമാഹാരങ്ങൾ) എന്നിവ ഉൾപ്പെടുന്നു. ഇവ ശ്രേഷ്ഠ തമിഴ്കൃതികളിൽ ഏറ്റവും പുരാതനമായതാണ്. പതിനെൺ കീഴ്കണക്ക് പില്ക്കാലത്തുള്ളതാണ്.

**എട്ടുത്തൊകൈ അഥവാ എട്ടു ചെറു കവിതകളുടെ സമാഹാരം**

(1) നറ്റിണൈ (2) കുറുന്തൊകൈ
(3) പരിപാടൽ (4) പതിറ്റുപ്പത്ത്
(5) ഐങ്കുറു നൂറ് (6) കലിത്തൊകൈ
(7) അകനാനൂറ് (8) പുറനാനൂറ്



IX Std - History Malayalam Unit-3.indd 32 3/29/2023 5:54:04 PM

## പത്തുപ്പാട്ട് പത്ത് ദീർഘമായപാട്ടുകളുടെ സമാഹാരമാണ്

(1) തിരുമുരുകാറ്റുപ്പടൈ
(2) പെരുനരാറ്റുപ്പടൈ
(3) പെരുമ്പണാറ്റുപ്പടൈ
(4) ചിറുപാണാറ്റുപ്പടൈ
(5) മുല്ലൈപ്പാട്ട്
(6) നെടുനൽവാടൈ
(7) മധുരൈക്കാഞ്ചി
(8) കുറുഞ്ചിപ്പാട്ട്
(9) പട്ടിണപ്പാലൈ
(10) മലൈപ്പടുകടാം

### പതിനെൺ കീഴ്കണക്ക് (18 ചെറിയ കൃതികൾ)

പതിനെൺ കീഴ്കണക്കിൽ ധാർമ്മികതയും സാന്മാർഗിതയും വിശദമാക്കുന്ന 18 കൃതികൾ ഉണ്ട്. തിരുവള്ളുവർ രചിച്ച തിരുക്കുറൾ വളരെ മഹത്തായതും ഈ വിഭാഗത്തിൽപ്പെട്ട കൃതിയുമാണ്. 1330 ഈരടികളുള്ള തിരുക്കുറൾ സാന്മാർഗ്ഗികത,ഭരണ യന്ത്രം, സ്നേഹം എന്നിവ സംബന്ധിച്ചുള്ള ചോദ്യങ്ങൾ പരിഗണിക്കപ്പെടുന്നു

### അഞ്ച് ഇതിഹാസങ്ങൾ

ഇതിഹാസങ്ങൾ അഥവാ കാപ്പിയങ്ങൾ വളരെ ഉയർന്ന നിലവാരത്തിലുള്ള ദീർഘമായ കവിതകളാണ് അവ
(1) ചിലപ്പതികാരം (2) മണിമേഖല .
(3) ജീവകചിന്താമണി
(4) വളയാപതി (5) കുണ്ഡലകേശി

## ശിലാശാസനങ്ങൾ

ആലേഖനങ്ങളെക്കുറിച്ചു പഠിക്കുന്നതാണ് ശിലാശാസനങ്ങൾ.കല്ലുകൾ ചെമ്പുഫലകങ്ങൾ, ഇതര മാധ്യമങ്ങളായ നാണയങ്ങൾ, വളയങ്ങൾ എന്നിവയിൽ എഴുതിയിട്ടുള്ള ആലേഖനങ്ങളെ അഥവാ രേഖകളെ ഇത് കുറിക്കുന്നു. ലിപി കളുടെ വികാസം ചരിത്രകാലത്തിന്റെ ആരംഭം കുറിക്കുന്നതാണ്.

**തമിഴ് ബ്രഹ്മി ആലേഖനങ്ങൾ**

തമിഴ്നാട്ടിൽ 30 സ്ഥലങ്ങളിൽ തമിഴ് ബ്രഹ്മി ആലേഖനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. മിക്കവാറും അവ ഗുഹോപരിതലത്തിലും പാറ യിടുക്കുകളിലും കാണപ്പെടുന്നു.ഈ ഗുഹകൾ സന്യാസികളുടെ ഇരിപ്പിടമാണ്. പ്രത്യേകിച്ചും ജൈനസന്യാസികളാണ് അധികവും ഇവിടെ കാണപ്പെട്ടിരുന്നത്. പ്രകൃത്യാലുള്ള ഗുഹക ളിൽ വെള്ളമൊലിച്ചു പോകാനുള്ള മാർഗ്ഗമു ണ്ടാക്കി താമസയോഗ്യമുള്ളതാക്കി മാറ്റുന്നു. വെള്ളമൊലിച്ചു പോകുന്ന മാർഗ്ഗത്തിന് താഴെയായി ആലേഖനങ്ങൾ കാണാവുന്നതാണ്. ഈ പ്രദേശങ്ങളിൽ പാറപ്പുറത്തു കൊത്തിയിട്ടുള്ള മൃദുവായ കല്ലുകൊണ്ടുള്ള കിടക്കകൾ ഈ സ്ഥലത്ത് ലളിത ജീവിതം നയിച്ചിരുന്ന സന്യാ സിമാർക്കുള്ളതാണ്.ഈ പ്രകൃത്യാലുള്ള ഘടനയെ ലൗകിക ജീവിതം ഉപേക്ഷിച്ച സന്യാ സിമാരുടെ വാസസ്ഥാനമാക്കിയത് കച്ചവടക്കാരും രാജാക്കൻമാരുമാണ്. മാങ്കുളം, മുത്തുപ്പട്ടി പുക ലൂർ,അരച്ചലൂർ, കൊംഗർ പുളിയങ്കുളം, ജംബൈ എന്നിവ തമിഴ് ബ്രഹ്മി ശിലാശാസന ഗുഹകളുള്ള പ്രദേശ ങ്ങളാണ്. മധുരയ്ക്ക് ചുറ്റുമുള്ള സ്ഥലങ്ങ ളിലും തമിഴ് ബ്രഹ്മി ശിലാശാസനങ്ങളുള്ള അത്തരം ഗുഹകൾ കാണാവുന്നതാണ്. അവയിൽ പലതും പുരാതന കച്ചവടമാർഗ്ഗങ്ങളിൽ സ്ഥിതിചെയ്യുന്നു.


തമിഴ്ബ്രഹ്മി ശാസനങ്ങളുള്ള ഗുഹയിൽ വെള്ളമൊലിച്ചു പോകാനുള്ള മാർഗ്ഗം

**കുറിപ്പ് :** പുരാതന ശിലാശാസനകളിൽ ജനങ്ങൾ (പ്രദേശവാസികളും വിനോദസഞ്ചാരികളും) അവരുടെ പേരുകളും മറ്റും എഴുതുന്നതിനാൽ അവയിലെ ആലേഖനങ്ങൾ നശിപ്പിക്കപ്പെടുന്നു. പൈതൃക സ്വത്തുക്കൾ അഥവാ മറ്റുള്ളവരുടെ സ്വ ത്തുക്കളെ നശിപ്പിക്കുന്ന പ്രക്രിയയെ **വിധ്വംസക പ്രവർത്തനം** എന്നു പറയുന്നു.


അരച്ചലൂരിലെ തമിഴ് ബ്രഹ്മി ശിലാശാസനം


മുകളിൽ കാണിച്ചിട്ടുള്ള ശിലാശാസനത്തിന്റെ സ്റ്റാംപേജ് പകർപ്പ്


പുളിയങ്കുളത്തെ പാറയിലെ കിടക്ക



IX Std - History Malayalam Unit-3.indd 33 3/29/2023 5:54:05 PM

### വീരക്കൽ

യുദ്ധത്തിലും കാലികൾക്കായുള്ള മിന്നലാക്രമണത്തിലും നഷ്ടപ്പെട്ട ധീരന്മാർക്കായി നിർമ്മിച്ചിട്ടുള്ള സ്മാരകങ്ങളാണ് വീരക്കൽ. കന്നുകാലികൾ പ്രധാന സമ്പത്തായി കരുതിയിരുന്നതിനാൽ സമീപത്തുള്ള ഗോത്രത്തിൽ കന്നുകാലികൾ അപഹരിക്കുന്നതിനായി ആക്രമണം നടത്തിയിരുന്നു.മേച്ചിൽ തൊഴിൽ നടത്തിയിരുന്ന സമൂഹത്തിൽ ഇത് സാധാരണമായിരുന്നു. ഗോത്രതലവൻമാർ ശത്രുക്കളുടെ കന്നുകാലി സമ്പത്തിനെ കൊള്ളയടിച്ചിരുന്നു. അവരുടെ കന്നുകാലികളെ സംരക്ഷിക്കാൻ ഗോത്രത്തിലെ യുദ്ധവീരൻമാർ പൊരുതി. അവരിൽ പല യുദ്ധവീരൻമാരും യുദ്ധത്തിൽ മരിച്ചിരുന്നു അവരെ രക്തസാക്ഷികളായി സ്മരിച്ചിരുന്നു. അവരോട് ആദരവ് പ്രകടിപ്പിക്കുന്നതിനായി സ്മാരകശിലകൾ നാട്ടിയിരുന്നു. സംഘസാഹിത്യത്തിൽ ഈ യുദ്ധങ്ങളെയും സംഘട്ടനങ്ങളെയും വ്യക്തമായ ചിത്രീകരണം നലകിയിട്ടുണ്ട്. ഈ വീരക്കല്ലുകൾ ആരാധിക്കപ്പെടേണ്ടവയായി വിവരിച്ചിട്ടുണ്ട്. വീരക്കൽ നാട്ടുന്ന രീതിയെക്കുറിച്ച് തൊൽക്കാപ്പിയം വിവരിക്കുന്നു.

**പുലിമാൻ കൊമ്പൈ വീരക്കൽ**

തേനി ജില്ലയിലെ വൈഗനദീ താഴ്വരയിലുള്ള ഒരു ഗ്രാമമാണ് പുലിമാൻ കൊമ്പൈ (പുള്ളിമാൻ കൊമ്പൈ).2006 ൽ ഇവിടെ നിന്നും തമിഴ് ബ്രഹ്മിലിപിയിൽ അപൂർവ്വമായ ആലേഖനങ്ങളുള്ള വീരക്കൽ ഈ ഗ്രാമത്തിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.

പുലിമാൻ കൊമ്പയിലെ ആലേഖനങ്ങളിലൊന്ന് ഇപ്രകാരമാണ്

**"കുടൽ ഊർ ആ കോൾ പെടു തിയൻ അന്തവൻ കൽ"**

"കന്നുകാലികൾക്കായുള്ള യുദ്ധത്തിൽ കൊല്ലപ്പെട്ട കുടലൂർ ഗ്രാമത്തിലെ തിയൻ അന്തവൻ എന്നയാളിന്റെ കല്ല് "എന്ന അർത്ഥമാകുന്നു.



പുലിമാൻ കൊമ്പൈയിലെ വീരക്കൽ

തമിഴ് ബ്രഹ്മി ശിലാശാസനങ്ങളുള്ള സംഘകാലത്തെ വീരക്കല്ലുകൾ തേനി ജില്ലയിലെ പുളിമാൻ കൊമ്പൈ, താതപ്പട്ടി എന്നീ സ്ഥലങ്ങളിലും പുതുക്കോട്ട ജില്ലയിലെ പൊർപ്പനൈക്കോട്ടയിലും കാണാവുന്നതാണ്. സംഘകാല സ്മാരകങ്ങളിൽ ഇന്നേവരെ കണ്ടെത്തിയതിൽ രൂപങ്ങളോ ശില്പങ്ങളോ ഇല്ല.

സംഘകാലഘട്ടത്തിനു ശേഷവും പല്ലവ കാലത്തും നിർമ്മിക്കപ്പെട്ട വീരക്കല്ലുകൾ വലിയതോതിൽ മേച്ചിൽ തൊഴിൽ പ്രദേശങ്ങളിൽ പ്രത്യേകിച്ച് തിരുവണ്ണാ മലൈ ജില്ലയിലെ ചെങ്കം പ്രദേശത്തിനു ചുറ്റും കാണുന്നുണ്ട്. ആ വീരക്കല്ലുകളിൽ ആലേഖനങ്ങളും യുദ്ധവീരൻമാരുടെ രൂപങ്ങളും അവരുടെ പേരുകളും കാണപ്പെടുന്നു.

## മൺപാത്രങ്ങളിലെ ആലേഖനങ്ങൾ

പ്രാരംഭചരിത്രകാലത്തെ മൺപാത്രങ്ങളിൽ ആളുകളുടെ പേരുകൾ തമിഴ് ബ്രഹ്മി തമിഴ് ഭാഷയിൽ എഴുതിയിരിക്കുന്നു. അരിക്കമേട്, അഴകൻകുളം,കൊടുമണൽ, കീഴടി കൂടാതെ തമിഴ്നാട്ടിലെ മറ്റനേകം സ്ഥലങ്ങളിൽ കലക്ഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. തമിഴ് ബ്രഹ്മിലിപികളിൽ പേരെഴുതിയിട്ടുള്ള മൺപാത്രങ്ങൾ ഈജിപ്തിലെ ബെരനികെ, ക്വൂസിർ അൽകാഥിം എന്നീ സ്ഥലങ്ങളിലും ഒമാനിലെ ഖോർ റോറിയിലും ലഭിച്ചിട്ടുണ്ട്. ഇത് തമിഴ് ജനതയ്ക്ക് ചെങ്കടൽ തീരത്ത് പശ്ചിമേഷ്യയുമായും വാണിജ്യ ബന്ധമുണ്ടെന്ന് സൂചിപ്പിക്കുന്നു. മൺകലങ്ങൾ തങ്ങളുടെ സ്വന്തമാണെന്ന് കാണിക്കാൻ ജനങ്ങൾ അവരുടെ പേരുകൾ അതിൽ കൊത്തിവെച്ചു. നിരവധിപേരുകൾ തമിഴിലും ചിലത് **പ്രാകൃതത്തിലുമാണ്**.



അഴകൻകുളത്തിൽ നിന്നും കണ്ടെടുത്ത മൺപാത്രങ്ങളിലുള്ള ഒരു കപ്പലിന്റെ അലങ്കാര ചിത്രം.

പ്രാകൃത് എന്ന ഭാഷ മൗര്യകാലത്ത് വടക്കേ ഇന്ത്യയിലെ സാധാരണ ജനങ്ങൾ ഉപയോഗിച്ച ഭാഷയാണ്.

## പുരാവസ്തു പ്രദേശങ്ങൾ

പണ്ടത്തെ സമൂഹത്തെക്കുറിച്ച് പര്യവേക്ഷണത്തിലൂടെയും വ്യാഖ്യാനങ്ങളിലൂടെയും പഠിക്കുന്നതിനാവശ്യമായ ഭൗതികതെളിവുകൾ



IX Std - History Malayalam Unit-3.indd 34 3/29/2023 5:54:05 PM

പുറത്തുകൊണ്ടു വരുന്നതിന് ഒരു സ്ഥലത്തെ ചിട്ടയായി കുഴിക്കുന്നതാണ് പുരാവസ്തു ഉത്ഖനനം കൊണ്ട് ഉദ്ദേശിക്കുന്നത്.


അരിക്കമേടിലെ ഒരുവളയക്കിണർ

സംഘകാലജനങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള തെളിവുകളുടെ ഉറവിടങ്ങൾ പുരാതനവും ചരിത്രപരവുമായ സ്ഥലങ്ങളുടെ ഉത്ഖനനവുമാണ്. അരിക്കമേട്, അഴകൻകുളം,ഉറൈയൂർ, കാഞ്ചീ പുരം കാവേരിപ്പൂമ്പട്ടണം,കൊർക്കൈ, വശവ സമുദ്രം,കീഴടി,കൊടുമണൽ എന്നീ സ്ഥലങ്ങളിൽ ഉത്ഖനനം നടത്തി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

പുതുച്ചേരിയിലെ അരിക്കമേട് ഒരു സംഘകാല തുറമുഖമാണ്. ഇതിന്റെ ഉത്ഖനനം നിർവഹിച്ചത് ഇന്ത്യൻ പുരാവസ്തുവകുപ്പാണ് (Archaelogical Survey Of India) ബ്രിട്ടീഷ് പുരാവസ്തു ശാസ്ത്രജ്ഞനായ റോബർട്ട് എറിക് മോർട്ടിമർ വീലർ, ഫ്രഞ്ച് പുരാവസ്തു ശാസ്ത്രജ്ഞനായ J.M.ഘാസൽ, ഇന്ത്യൻ പുരാവസ്തു ശാസ്ത്രജ്ഞൻമാരായ A ഘോഷ്, കൃഷ്ണദേവ എന്നിവരും ഈ പ്രദേശത്തിൽ ഉത്ഖനനം നടത്തി. ഒരു ആസൂത്രിത നഗരം, കലവറ, തെരുവുകൾ, കുളങ്ങൾ, വളയക്കിണറുകൾ എന്നീ തെളിവുകൾ അവർ അവിടെ നിന്നും കണ്ടിരുന്നു.

**ഇന്ത്യൻ പുരാവസ്തു ഗവേഷണ വകുപ്പ്** (ASI) ഇന്ത്യയിലെ പുരാവസ്തുപരമായ സ്ഥലങ്ങളേയും സ്മാരകങ്ങളേയും നിർവഹിക്കുന്ന ഒരു കേന്ദ്രഗവൺമെന്റ് സ്ഥാപനമാണ്. തമിഴ്നാട് സംസ്ഥാന പുരാവസ്തു വകുപ്പ് എന്ന പേരിൽ തമിഴ്നാട് ഗവൺമെന്റിന് തനതായ ഒരു പുരാവസ്തു വകുപ്പുണ്ട്. 1878 ലെ ഉടമസ്ഥനില്ലാത്ത അമൂല്യനിധി ശേഖരം സംബന്ധിച്ചിട്ടുള്ള നിയമം 1972ലെ പൗരാണാണികവും അമൂല്യവുമായ കലാവസ്തുക്കളെക്കുറിച്ചുള്ള നിയമം 1958ലെ പുരാവസ്തുപ്രദേശങ്ങളും അവശിഷ്ടങ്ങളും സംബന്ധിച്ചുള്ള നിയമം എന്നിവയാണ് ഇന്ത്യയിൽ പുരാവസ്തു അവശിഷ്ടങ്ങൾ സംരക്ഷിക്കാൻ നടത്തിയിട്ടുള്ള നിയമ നിർമ്മാണങ്ങൾ.

## ഭൗതിക സംസ്കാരം

പുരാവസ്തു സ്ഥലങ്ങളിൽ നിന്നും ഇഷ്ടിക കൊണ്ടുള്ള കെട്ടിടങ്ങളും വ്യാവസായിക പ്രവർത്തനങ്ങളും കരകൗശല വസ്തുക്കളായ മണികൾ, വളകൾ, കൊത്തുപണികളാൽ അലങ്കൃതമായ ആഭരണങ്ങൾ(Cameo), കല്ലിൽ കൊത്തിയിട്ടുള്ള



ഇന്റാംഗ്ളിയോ- കേരളത്തിലെ പട്ടണത്തിൽ നിന്നും ലഭിച്ചത്

അകം കുഴിഞ്ഞ രൂപങ്ങൾ (intanglio), ഇതര വസ്തുക്കൾ തുടങ്ങിയ തെളിവുകൾ പുരാവസ്തുഗവേഷകർ കണ്ടെടുത്തിട്ടുണ്ട്. മൺ പാത്രങ്ങളിലും നാണയങ്ങളിലുമുള്ള തമിഴ് ബ്രഹ്മി ആലേഖനങ്ങളും കണ്ടിരുന്നു. നിരവധി കലാപരമായ വസ്തുക്കൾ കൈത്തൊഴിൽ വസ്തുക്കൾ, വ്യവസായ വസ്തുക്കൾ എന്നീ തെളിവുകൾ മുൻകാല ജനങ്ങളുടെ ജീവിത രീതികളെക്കുറിച്ച് പഠിക്കുന്നതിന് സഹായിക്കുന്നു.

**കാമിയോ:** അമൂല്യരത്നങ്ങളിൽ ഉപരിതലത്തിൽ രൂപങ്ങൾ കൊത്തിവെച്ചുണ്ടാക്കിയ ആഭരണം.

**ഇന്റാംഗ്ളിയോ:** ഉപരിതലത്തിനുതാഴെ നിന്നും അകം കുഴിഞ്ഞ രൂപങ്ങൾ കൊത്തിയുള്ള ആഭരണം.

## നാണയങ്ങൾ

സംഘകാലത്താണ് വിനിമയോപാധിയായി നാണയങ്ങൾ കൊണ്ടുവന്നത്. ചേര, ചോള,പാണ്ഡ്യ രാജാക്കൻമാരുടെ നാണയങ്ങൾ,മുദ്രപതിപ്പിച്ചിട്ടുള്ള നാണയങ്ങൾ റോമൻ നാണയങ്ങൾ എന്നിവ സംഘകാലഘട്ടത്തിലെ മറ്റൊരു പ്രധാന തെളിവാണ്. കൊടുമണൽ, ബോഡിനായക്കനൂർ എന്നിവിടങ്ങളിൽ നിന്ന് മുദ്ര പതിപ്പിച്ച നാണയങ്ങൾ കണ്ടെടുത്തു. റോമൻ നാണയങ്ങൾ കോയമ്പത്തൂർ കേന്ദ്രീകരിച്ചുള്ള സ്ഥലങ്ങളിലും അഴകൻകുളം, കരൂർ, മധുരൈ എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്.അവയുടെ ലോഹമൂല്യം കൊണ്ട് സ്വർണ്ണക്കട്ടിയായിട്ടും (bullion) ആഭരണങ്ങളായിട്ടും ഉപയോഗിച്ചിരുന്നു.


പുതുക്കോട്ടയിൽ നിന്നും കണ്ടെടുത്ത റോമൻ നാണയങ്ങൾ

**ബുള്ളിയൻ** ലോഹക്കട്ടിയായിട്ടുള്ള അമൂല്യ ലോഹങ്ങൾ.

**മുദ്രപതിപ്പിച്ച നാണയങ്ങൾ:** ഇന്ത്യയിൽ ആദ്യകാലത്ത് ഉപയോഗിച്ചിരുന്ന നാണയം. അവ അധികവും വെള്ളികൊണ്ടാണ് ഉണ്ടാക്കിയിട്ടുള്ളത്. അവയിൽ നിരവധിമുദ്രകൾ പതിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് അവയെ മുദ്ര പതിപ്പിച്ച നാണയങ്ങൾ എന്നു പറയുന്നു.


മുദ്ര പതിപ്പിച്ച നാണയങ്ങൾ



IX Std - History Malayalam Unit-3.indd 35 3/29/2023 5:54:06 PM

## തമിഴിൽ നിന്നല്ലാത്ത ഉറവിടങ്ങൾ (വിദേശീയരുടെ കുറിപ്പുകൾ)

ആദ്യകാല തമിഴ് സമൂഹത്തെക്കുറിച്ച് തമിഴിൽ നിന്നല്ലാത്ത സാഹിത്യ കൃതികൾ വിവരങ്ങൾ നൽകുന്നുണ്ട്. ആദ്യകാലതമിഴ് സമൂഹത്തിന് പുറം ലോകവുമായി വളരെയധികം ബന്ധങ്ങളും ആശയവിനിമയവും ഉണ്ടായിരുന്നതായി തമിഴിതര കൃതികൾ വ്യക്തമാക്കുന്നുണ്ട്.

### അർത്ഥ ശാസ്ത്രം

മൗര്യൻമാരുടെ കാലത്ത് ചാണക്യനാൽ രചിക്കപ്പെട്ട ശ്രേഷ്ഠകൃതിയായ അർത്ഥശാസ്ത്രം, സാമ്പത്തികം, ഭരണയന്ത്രം എന്നിവയെ വിവരിക്കുന്ന ആ കൃതി പാണ്ഡ്യ കവാട കയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഇത് പാണ്ഡ്യ രാജ്യത്തിലെ മുത്ത്, ചിപ്പി എന്നിവയെ അർത്ഥമാക്കുന്നതായി കരുതപ്പെടുന്നു.

### മഹാവംശം

പാലിഭാഷയിൽ രചിച്ചിട്ടുള്ള ശ്രീലങ്കയിലെ ബുദ്ധമതക്കാരുടെ കാലാനുസൃത വിവരണം (chronicle) തെക്കേ ഇന്ത്യയിൽ തമിഴ്നാട്ടിലെ കച്ചവടക്കാരെയും കുതിരക്കച്ചവടക്കാരെയും പരാമർശിച്ചിട്ടുണ്ട്.

കാലാനുസൃതവിവരണം (chronicle): പ്രധാന ചരിത്ര സംഭവങ്ങളെ അവയുടെ കാലഗണന അനുസരിച്ച് വിവരിക്കുന്ന ഒന്നാണിത്.

## എരിത്രിയൻ കടലിലെ പെരിപ്ലസ്:

ഗ്രന്ഥകർത്താവ് ആരെന്നറിയാത്ത ഒരുഗ്രീക്ക് പുസ്തകമാണ് എരിത്രിയൻ കടലിലെ പെരിപ്ലസ്. നാവികൻമാർ ഉപയോഗിച്ചിരുന്ന കടൽയാത്രാ സഹായിയാണ് പെരിപ്ലസ്. എരിത്രിയൻ കടലെന്നത് ചെങ്കടലിനു ചുറ്റുമുള്ള കടലാണ്.അത് സംഘകാലത്തെ മുസിറി, തൊണ്ടി, കൊർക്കൈ, കുമരി തുടങ്ങിയ തുറമുഖങ്ങളെയും ചേരർ, പാണ്ഡ്യർ എന്നിവരേയും പരാമർശിക്കുന്നുണ്ട്.

## പ്ലിനിയുടെ പ്രകൃതി ചരിത്രം

പൂർവ്വജനായ പ്ലിനി ഒരു റോമാക്കാരനാണ്. അദ്ദേഹം ലാറ്റിൻ ഭാഷയിലെഴുതിയ പുസ്തകമാണ് പ്രകൃതി ചരിത്രം. ഇത് റോമാ സാമ്രാജ്യത്തിലെ പ്രകൃതിസമ്പത്തിനെ വിവരിക്കുന്നു.ഇന്ത്യയുമായുള്ള കുരുമുളക് കച്ചവടത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചിട്ടുണ്ട്. തെക്കു പടിഞ്ഞാറൻ കാലവർഷകാറ്റ് അനുകൂലമായിരിക്കുമ്പോൾ വടക്കു കിഴക്കൻ ആഫ്രിക്കയ്ക്കു സമീപമുള്ള ഓഷ്യാലിസിൽ നിന്നും ഇന്ത്യയിലേക്കു വരുവാൻ 40 ദിവസം എടുക്കുമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. മധുരയിലെ പാണ്ഡ്യൻമാർ കേരളതീരത്തുള്ള ബകാറെ എന്ന തുറമുഖത്തെ നിയന്ത്രിച്ചിരുന്നുവെന്നുള്ള പരാമർശമുണ്ട്. ബകാറെയുടെ ഇപ്പോഴത്തെ പേര് അറിയില്ല. റോമിന്റെ സമ്പത്തെല്ലാം ഇന്ത്യയുമായുള്ള കുരുമുളകുകച്ചവടത്തിൽ നഷ്ടപ്പെട്ടതായി പ്ലിനി വിലപിക്കുന്നുണ്ട്. വലിയതോതിൽ കുരുകുളക് കച്ചവടം നടന്നു എന്നുള്ളതിന് ഇതൊരു സൂചകമാണ്

## ടോളമിയുടെ ഭൂമിശാസ്ത്രം

CE രണ്ടാം നൂറ്റാണ്ടിൽ റോമാസാമ്രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ വിവരങ്ങൾ നൽകുന്ന ഭൂപട പുസ്തകവും ഭൂമിശാസ്ത്രവിജ്ഞാനഗ്രന്ഥവുമാണ് ടോളമിയുടെ ഭൂമിശാസ്ത്രം. അദ്ദേഹത്തിന്റെ ഭൂമിശാസ്ത്ര ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ള ചില പേരുകളാണ് കാവേരിപ്പൂമ്പട്ടണം (khaberis emporium) കൊർക്കൈ (korkoi) കന്യാകുമാരി (komaria) മുസിറി (muziris) എന്നിവ.

## പ്യൂട്ടിൻഗേറിയൻ പട്ടിക -ഭൂപടം




പ്യൂട്ടിൻഗേറിയൻ പട്ടിക

റോമൻ റോഡുകളുടെ ഒരു ചിത്ര ഭൂപടമാണ് പ്യൂട്ടിൻഗേറിയൻ പട്ടിക.അതിൽ പുരാതന തമിഴക പ്രദേശങ്ങളും മുസിറിസ് തുറമുഖത്തെയും കാണിച്ചിട്ടുണ്ട്.

**കുറിപ്പ്:** ടാപ്റേബെയ്ൻ ശ്രീലങ്കൻ ദ്വീപിനെ കുറിക്കുന്നു.മുസിറി തുറമുഖം മുസിറിസ് എന്ന പേരിൽ കുറിച്ചിട്ടുണ്ട്.

## വിയന്നാ പേപ്പിറസ്

CE രണ്ടാം നൂറ്റാണ്ടിലെ ഒരു ഗ്രീക്ക് രേഖയാണ് വിയന്നാ പേപ്പിറസ്.ഇത് പുരാതന കാലത്തെ മുസിറിയിലെ വാണിജ്യത്തെക്കുറിച്ച് പരാമർശിക്കുന്നു. വിയന്ന (ആസ്ട്രിയ) യിലെ ആസ്ട്രിയൻ ഗ്രന്ഥശാലയുമായി ബന്ധിച്ചിട്ടുള്ള പേപ്പിറസ് മ്യൂസിയത്തിൽ ഇത് കാണപ്പെടുന്നു.ഇതിൽ കച്ചവടക്കാർക്കിടയിൽ എഴുതിയുണ്ടാക്കിയ ഒരു കരാറുണ്ട്. ഹെർമാപോളോൺ എന്ന കപ്പലിനെക്കുറിച്ചും പറയുന്നുണ്ട്. മാത്രമല്ല ഇന്ത്യയിൽ നിന്നും റോമാസാമ്രാജ്യത്തിലേയ്ക്ക് കയറ്റിയയച്ച വസ്തുക്കളുടെ പട്ടിക അതായത് കുരുമുളകും ദന്തവും അതിൽ പരാമർശിക്കുന്നുണ്ട്.



IX Std - History Malayalam Unit-3.indd 36 3/29/2023 5:54:06 PM

**പേപ്പിറസ്**; പേപ്പിറസ് ചെടിയിൽ നിന്നും കടലാസ്സുണ്ടാക്കി.അത് പുരാതന ഈജിപ്തിൽ എഴുതുന്നതിനു വേണ്ടി വളരെയധികം ഉപയോഗിച്ചു.

## 3.2 സംഘകാലം

സംഘകാലം അഥവാ പ്രാരംഭ ചരിത്രകാലം ദക്ഷിണേന്ത്യയുടെ ചരിത്രത്തിൽ ഒരു പ്രധാന കാലഘട്ടത്തെ കുറിക്കുന്നു. ഈ കാലഘട്ടം ചരിത്രാതീതകാലഘട്ടത്തിൽ നിന്നും വ്യത്യസ്തമായിരിക്കുന്നതിനു കാരണം സംഘസാഹിത്യ കൃതികളും തമിഴ് ബ്രഹ്മി ആലേഖനങ്ങളുമാണ്. സംഘസാഹിത്യത്തിൽ വളരെയധികം കൃതികളുണ്ട്. അവ ഈ കാലഘട്ടത്തിലെ ജനങ്ങളെയും സമൂഹത്തെയും കുറിച്ചുള്ള പഠനത്തിന് സഹായകമായ ഒരു പ്രധാന ഉറവിടമാണ്.

### കാലഗണന

സംഘ സമൂഹത്തിന്റെ കാലഘട്ടത്തെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ വലിയ ചർച്ചകൾ നടക്കുന്നുണ്ട്. സംഘകൃതികൾ എഴുതപ്പെട്ടകാലം BCE മൂന്നാം നൂറ്റാണ്ടിനും CE മൂന്നാം നൂറ്റാണ്ടിനു മിടയിലെന്ന് പൊതുവായി അഭിപ്രായപ്പെടുന്നു. ഗ്രീക്ക് റോമൻ ഗ്രന്ഥങ്ങൾ,തമിഴ് ബ്രഹ്മി ആലേഖങ്ങൾ അശോകന്റെ ശാസനങ്ങളിലെ ചേര,ചോള,പാണ്ഡ്യരെക്കുറിച്ചുള്ള പരാമർശങ്ങൾ എന്നിവ ഈ അഭിപ്രായത്തെ സ്ഥിരീകരിക്കുന്നു. സംഘകവിതകൾ രചിക്കപ്പെട്ടത് ചരിത്രകാലത്തിന്റെ ആരംഭത്തിലാണെങ്കിലും അവയെ ചെറു പുസ്തകങ്ങളായി സമാഹരിച്ചത് പിൽകാലത്താണ് എന്ന് എല്ലാവരും പൊതുവിൽ അംഗീകരിക്കുന്നുണ്ട്.

**അശോകൻ ബ്രഹ്മി** അശോകന്റെ ശാസനങ്ങളിൽ ബ്രഹ്മിലിപി ഉപയോഗിച്ചിരുന്നു.

### തിണൈ

തിണൈ എന്ന ആശയം തൊൽകാപ്പിയം എന്ന വ്യാകരണ ഗ്രന്ഥത്തിലേതാണ്. ഈ ആശയം ശ്രേഷ്ഠമായ തമിഴ് കവിതകളെ മനസ്സിലാക്കാൻ അത്യാവശ്യമാണ്.തിണൈ എന്നത് കാവ്യാത്മകമായ ഒരു വിഷയമാണ്. ഇത് ഒരു വർഗ്ഗം അഥവാ വിഭാഗം അവരുടെ വാസസ്ഥലം അഥവാ പരിസ്ഥിതിമണ്ഡലം പ്രത്യേകിച്ചുള്ള ഭൂപ്രകൃതി സവിശേഷതകൾ എന്നിവയെ അർത്ഥമാക്കുന്നു.സംഘകാലത്തെ കവിതകൾ ഇത്തരം പ്രത്യേക പരി സ്ഥിതികളിൽ രൂപപ്പെടുകയും അവ മനുഷ്യന് പ്രകൃതിയുമായുള്ള ആഴത്തിലുള്ള ബന്ധത്തെ കാണിക്കുകയും ചെയ്യുന്നു.

കവിതകളുടെ വിഷയങ്ങളെ അകം (interior) പുറം(exterior) എന്നിങ്ങനെ വിശാലമായി നിർവചിച്ചിട്ടുണ്ട് സ്നേഹത്തെയും വിവിധ ജീവിത സാഹചര്യങ്ങളെയും **അകത്തിണൈ** വിഷയീകരിക്കുന്നു **പുറത്തിണൈ** ജീവിത്തിന്റെ മറ്റു ഭാവങ്ങളെ പ്രത്യേകിച്ച് യുദ്ധം,ധീരത എന്നിവയെ ക്കുറിച്ച് പരാമർശിക്കുന്നു.

**ഐന്തിണൈകൾ:** അഞ്ച് തിണൈകൾ അഥവാ ഭൂപ്രദേശങ്ങൾ

തമിഴകത്തെ അഞ്ച് ഭൂപ്രദേശങ്ങളായി വിഭ ജിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തിനും അവിടത്തെ പരിസ്ഥിതിക്കനു യോജ്യമായ വ്യത്യസ്ത സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ്. ഓരോ തിണൈയ്ക്കും ഒരു പ്രധാന ദേവത,തൊഴിൽ, ജനങ്ങൾ, സാംസ്കാരിക ജീവിതം എന്നിവയുണ്ട്. പണ്ഡിതൻമാരുടെ വ്യാഖ്യാനമനുസരിച്ച് ഈ ഭൂപ്ര ദേശങ്ങളുടെ ഈ തരംതിരിക്കൽ യഥാർത്ഥ ജീവിത സാഹചര്യങ്ങളെ പ്രതിഫലിക്കുന്നതായി പറയുന്നു

**കുറിഞ്ചി,മുല്ലൈ,മരുതം,നെയ്തൽ, പാലൈ എന്നിവയാണ് ഈ അഞ്ച് ഭൂപ്രദേശങ്ങൾ.**

- കുന്നും മലയുമുള്ള പ്രദേശമാണ് കുറിഞ്ചി.
- കാടും മേച്ചിൽ സ്ഥലവും ചേർന്നതാണ് മുല്ലൈ.
- വളക്കൂറുള്ള നദീതാഴ്വരയാണ് മരുതം.
- കടലോര പ്രദേശമാണ് നെയ്തൽ.
- മണൽ നിറഞ്ഞ മരുഭൂമിയാണ് പാലൈ.

## 3.3 സംഘകാല ഭരണകൂടം : തമിഴകത്തിലെ രാഷ്ട്രീയ ശക്തികൾ

സംഘകാലത്തിന്റെ അടിസ്ഥാനം ആയസ യുഗത്തിൽ നിന്നാണ്. ആയസയുഗ ജനങ്ങൾ ചെറിയ ദേശങ്ങൾക്ക് രൂപം നല്കി. ആയാസ യുഗത്തിലെ ഈ സമൂഹത്തിൽ നിന്ന് പ്രാരംഭചരിത്രകാലത്തിൽ വേന്തരും സംഘകാലത്തിൽ വേളിരും ദേശ ഭരണത്തലവന്മാ രായിരുന്നു

മൗര്യചക്രവർത്തിയായ അശോകൻ കലിംഗം (ഒഡീഷ) ആന്ധ്ര കർണ്ണാടക പ്രദേശങ്ങൾ എന്നിവ ആക്രമിച്ചു കീഴടക്കി,

### മൂവേന്തർ

സംഘകാലത്തെ രാഷ്ട്രീയ ശക്തികളിൽ ചേര, ചോള പാണ്ഡ്യർ ശ്രേഷ്ഠമായ സ്ഥാനം കൈവരിച്ചിരുന്നു. മുവേന്തർ (മൂന്നുരാജാക്കൻമാർ) എന്ന പേരിൽ അവർ അറിയപ്പെട്ടിരുന്നു. സംഘകാലത്തെ പ്രധാന നഗരങ്ങളും തുറമുഖങ്ങളും മൂവേന്തരുടെ നിയന്ത്രണത്തിലായിരുന്നു.



IX Std - History Malayalam Unit-3.indd 37 3/29/2023 5:54:06 PM

## ചേരന്മാർ

അശോകന്റെ ശിലാശാസനങ്ങളിൽ ചേരന്മാരെ കേരള പുത്രർ എന്ന് പരാമർശിച്ചിട്ടുണ്ട്. ഇന്നത്തെ കേരളം തമിഴ്നാടിന്റെ പടിഞ്ഞാറുഭാഗം എന്നിവ അവരുടെ നിയന്ത്രണത്തിലായിരുന്നു. ചേരന്മാരുടെ തലസ്ഥാനം വഞ്ചിയും, തൊണ്ടി, മുസിറി എന്നിവ തുറമുഖ പട്ടണങ്ങളുമാണ്. വഞ്ചി തമിഴ്നാട്ടിലെ കരൂർ ആണെന്ന് ചിലർ പറയുന്നു. മറ്റുചിലർ അത് കേരളത്തിലെ തിരുവഞ്ചിക്കുളം എന്ന് കണ്ടെത്തിയിട്ടുണ്ട്. ചേരരാജാക്കൻമാരെയും അവരുടെ പ്രദേശാതിർത്തികളെയും കുറിച്ച് **പതിറ്റുപ്പത്തിൽ** പറയുന്നുണ്ട്. പനയുടെ പൂവുകൊണ്ട് മാലയുണ്ടാക്കി ചേരന്മാർ അണിഞ്ഞിരുന്നു. കരൂരിനടുത്തുള്ള പൂകളൂരിലെ ശിലാശാസനങ്ങൾ ചേര രാജാക്കൻമാരുടെ മൂന്നു തലമുറകളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ചേരരാജാക്കന്മാർ പുറത്തിറക്കിയ നാണയങ്ങൾ കരൂരിൽ കണ്ടെത്തിയിരുന്നു.



ചേരരുടെ നാണയം അതിന്റെ തലഭാഗത്ത് ആനത്തോട്ടിയും മറുഭാഗത്ത് ആനയും കാണിച്ചിട്ടുണ്ട്.

ചേരൻ ചെങ്കുട്ടുവനെക്കുറിച്ച് ചിലപ്പതികാരത്തിൽ പറയുന്നുണ്ട്. ഇദ്ദേഹം ആ ഇതിഹാസത്തിലെ നായികയായ കണ്ണകിക്ക് ക്ഷേത്രം പണിതു. ഇതിഹാസമായ ചിലപ്പതികാരത്തിന്റെ രചയിതാവ് ചേരൻ ചെങ്കുട്ടുവന്റെ സഹോദരനായ ഇളങ്കോവടികൾ ആണ്. വില്ലും അമ്പുമാണ് ചേരന്മാരുടെ അടയാളം.

## ചോളന്മാർ

കാവേരി ഡൽറ്റ, തമിഴ്നാടിന്റെ വടക്കുഭാഗം എന്നീ പ്രദേശങ്ങളിൽ ചോളർ ഭരണം നടത്തിയിരുന്നു. അവരുടെ തലസ്ഥാനം ഉറൈയൂർ. കാവേരി നദി ബംഗാൾ ഉൾക്കടലിൽ പതിക്കുന്നതിനടുത്തുള്ള കാവേരിപ്പൂമ്പട്ടണം അഥവാ പൂമ്പുഹാർ അവരുടെ തുറമുഖ പട്ടണമാണ്.

കടിയലൂർ ഉരുത്തിരങ്കണ്ണനാർ രചിച്ച പട്ടിണപ്പാലൈ എന്ന കൃതിയിൽ കാവേരിപ്പൂമ്പട്ടണത്തെക്കുറിച്ചുള്ള സുദീർഘമായ കവിതകൾ ഉള്ളടങ്ങിയിട്ടുണ്ട്. കാവേരിപ്പൂമ്പട്ടണത്തിലെ



തലഭാഗത്ത് പുലിയും മറുഭാഗത്ത് ആനയും മതാചാരചിഹ്നങ്ങളും കാണിച്ചിട്ടുള്ള ചോളരുടെ നാണയം

വാണിജ്യ പ്രവർത്തനങ്ങളെ വിവരിക്കുന്നതാണ് ചിലപ്പതികാരം. ചോളരാജാക്കൻമാരിൽ പ്രസിദ്ധനായ ഭരണാധികാരിയാണ് കരികാലൻ. കാടുകൾ തെളിച്ച് കൃഷിക്കുപയുക്തമാക്കിയതും ജലസേചന സൗകര്യങ്ങൾ വികസിപ്പിച്ച് കാവേരിയിലെ ജലം ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്തത് ഇദ്ദേഹത്തിന്റെ മികച്ച പ്രവർത്തനങ്ങളായി കാണുന്നു. വിശാലമായ ജലസേചന പദ്ധതികൾ ഏറ്റവും ഉന്നത നിലയെ പ്രാപിച്ചത് പില്ക്കാല ചോളന്മാരുകട കാലത്താണ് (10 മുതൽ 12 ാം നൂറ്റാണ്ടു വരെ). എന്നാൽ അതിന് അടിത്തറയിട്ടത് കരികാല ചോളനാണ്. ചേര, പാണ്ഡ്യ രാജാക്കൻമാരുമായും ഇതര ദേശങ്ങളിലെ ഭരണത്തലവൻമാരുമായും കരികാലൻ യുദ്ധം ചെയ്തിരുന്നു. പുലിയാണ് ചോളരുടെ അടയാളം. അവർ ചതുരാകൃതിയിലുള്ള ചെമ്പു നാണയങ്ങൾ പുറത്തിറക്കി. അതിന്റെ തലഭാഗത്ത് പുലിയും മറുഭാഗത്ത് ആനയും മതചിഹ്നങ്ങളും ചിത്രീകരിച്ചു.



മീനടയാളമുള്ള സംഘകാല പാണ്ഡ്യരുടെ നാണയം

## പാണ്ഡ്യന്മാർ

തെക്കൻ തമിഴ്നാടിനെ ഭരിച്ചിരുന്ന പാണ്ഡ്യരെക്കുറിച്ച് അശോകന്റെ ശിലാശാസനങ്ങളിൽ പരാമർശമുണ്ട്. പാണ്ഡ്യരുടെ തലസ്ഥാനം മധുരയാണ്. പാണ്ഡ്യഭരണാധികാരികൾ തമിഴ്സംഘത്തിന്റെ ആശ്രയദാതാക്കളായിരുന്നുവെന്നും അവർ കവിതകൾ സമാഹരിക്കുവാൻ സഹായങ്ങൾ നല്കിയെന്നും തമിഴ് സാഹിത്യങ്ങൾ ഉദ്ഘോഷിക്കുന്നു. മാങ്കുളം തമിഴ ബ്രഹ്മി ആലേഖനങ്ങൾ രാജാവായിരുന്ന



IX Std - History Malayalam Unit-3.indd 38 3/29/2023 5:54:06 PM

നെടുഞ്ചെഴിയനെ കുറിച്ച് പരാമർശിക്കുന്നുണ്ട്. നെടിയോൻ, മുടത്തിരുമാറൻ, പലയാഗശാലൈ, മുതുകുടുമിപ്പെരുവഴുതി എന്നിവർ ഈ വംശത്തിലെ പ്രധാന ഭരണാധികാരികളാണ്. മീനടയാളമാണ് പാണ്ഡ്യരുടെ ചിഹ്നം.

### വേളിർ/ ദേശത്തലവന്മാർ

മൂവേന്തരുടെ അതിർത്തികൾക്ക് സമീപം വേന്തരെക്കൂടാതെ വേളിർമാരും മറ്റനേകം ദേശഭരണത്തലവൻമാരും ഉണ്ടായിരുന്നു. ഏഴു വേളിർ മുഖ്യന്മാരാണ് പാരി, കാരി, ഓരി, നള്ളി, പേഗൻ, ആയ്, അതിയമാൻ എന്നിവർ. വേളിർമാരുടെ മഹാമനസ്ക്കതയെക്കുറിച്ച് സംഘകവിതകളിൽ വളരെയേറെ എഴുതിയിട്ടുണ്ട്. ഈ മുഖ്യന്മാർക്ക് കവികളുമായി വളരെയേറെ ആത്മബന്ധം ഉണ്ടായിരുന്നുവെന്നും അവർ പേരുകേട്ട ഉദാരമതികളാണെന്നും പറയുന്നു. ഈ ദേശ ഭരണത്തലവന്മാർ മൂവേന്തരിൽ ആരോടെങ്കിലും സഖ്യത്തിലേർപ്പെടുകയും മറ്റു വേന്തർക്കെതിരായ യുദ്ധങ്ങളിൽ അവരെ സഹായിക്കുകയും ചെയ്തിരുന്നു.

## 3.4 സംഘകാല സമൂഹം

ആയസ യുഗത്തിലെ നിരവധി സമൂഹങ്ങൾ ഗോത്രങ്ങളായി സംഘടിക്കുകയും ചിലവ ഗോത്ര സമൂഹങ്ങളായി മാറുകയും ചെയ്തു. സംഘകാല സമൂഹം തലവനാൽ ഭരിക്കപ്പെട്ട ഗോത്രങ്ങളിൽ നിന്നും പരിണമിച്ച് രാജാവിനാൽ ഭരിക്കപ്പെട്ട വലിയ രാജ്യങ്ങളായി മാറി.

### സാമൂഹ്യ ഘടന

സംഘകാലത്ത് സാമൂഹ്യമായി വിവിധ തട്ടുകൾ തമിഴ്സമൂഹത്തിൽ വേരോടാൻ ആരംഭിച്ചു. പാണർ, പരതവൻ, എയ്നർ, ഉഴവർ, കാനവർ, വേട്ടുവർ, മറവർ എന്നിങ്ങനെ വർഗ്ഗ അടിസ്ഥാനത്തിലുള്ള സമൂഹങ്ങൾ രൂപം കൊണ്ടു. വേന്തർ, തലവൻമാർ അവരുമായി ബന്ധപ്പെട്ടവർ സമൂഹത്തിൽ ഉയർന്നവരായി കാണപ്പെട്ടു. അന്തണർ എന്നറിയപ്പെട്ടിരുന്ന പുരോഹിതരുണ്ടായിരുന്നു. മൺ പാത്രനിർമ്മാണം ഇരുമ്പുപണി എന്നിവയിൽ പ്രാവീണ്യം നേടിയ കരകൗശല വിദഗ്ദരുടെ വിഭാഗവും ഉണ്ടായിരുന്നു. വടക്കെ ഇന്ത്യയിലേതു പോലുള്ള ജാതി വ്യവസ്ഥ തമിഴ്രാജ്യത്തിൽ രൂഢമൂലമായില്ല, എന്തെന്നാൽ തമിഴ്സമൂഹം തൊഴിലിനെ അടിസ്ഥാന മാക്കിയുള്ള അഞ്ച് സാഹചര്യ വിഭാഗങ്ങളായി.

സംഘകാലസമൂഹം ഉല്പന്നങ്ങളുടെ ഉപഭോഗത്തിൽ വളരെ നിയന്ത്രണം പാലിച്ചിരുന്നുവെങ്കിലും രാജാക്കൻമാർ, ദേശമുഖ്യൻമാർ, കച്ചവടക്കാർ എന്നിവർ സമൃദ്ധമായ ജീവിതം നയിച്ചു. പാണർ ജീവിതാവശ്യങ്ങളുടെ പൂർത്തീകരണത്തിനായി തങ്ങളുടെ രക്ഷാധികാരികളെ ആശ്രയിച്ചു. കൃഷിയും മേച്ചിൽ തൊഴിലും പരിസ്ഥിതി, കാടുകൾ, വന്യജീവികൾ എന്നിവയെ ദോഷമായി ബാധിച്ചിരിക്കണം. വേട്ടയാടലും ഭക്ഷ്യസംഭരണവും തൊഴിലാക്കിയ ചിലർ കാട്ടിലേക്ക് തള്ളപ്പെടാനും മറ്റുചിലർ കൂലിവേല ചെയ്യാനും സാധ്യതയുണ്ടായിരുന്നു. വെള്ളമുള്ള സ്ഥലങ്ങളിൽ കൃഷി വികസിക്കുന്നതിന് ചില തൊഴിലാളി വിഭാഗങ്ങളെ ആശ്രയിച്ചിരിക്കാം.

### സ്ത്രീകൾ

തമിഴ്ഗ്രന്ഥങ്ങൾ സ്ത്രീകളെ അമ്മയായും നായികമാരായും, വളർത്തമ്മമാരായും വളരെയധികം പരാമർശിക്കുന്നുണ്ട്. സംഘസാഹിത്യത്തിൽ പാണർ കുടുംബത്തിലെ സ്ത്രീകൾ, നർത്തകിമാർ, കവയിത്രികൾ, രാജകുടുംബത്തിലെസ്ത്രീകൾഎന്നിവരെക്കുറിച്ച് ചിത്രീകരിച്ചിട്ടുണ്ട്. എല്ലാ പരിസ്ഥിതി മേഖലകളിൽ നിന്നുള്ള സ്ത്രീകളെപ്പറ്റിയുള്ള പരാമർശങ്ങളുമുണ്ട്. ഉദാ: വെണ്ണിക്കുയത്തിയർ വെന്നി ഗ്രാമത്തിലെ കവയിത്രിയാണ്. പക്ഷികളിൽ നിന്നും വയലുകളിലെ തിന സംരക്ഷിക്കുന്ന സ്ത്രീകളും ഉമണ സ്ത്രീകൾ ഉപ്പു വില്ക്കുന്നതും പ്രാഥമിക ഉല്പാദന പ്രക്രിയയിൽ പങ്കെടുക്കുന്നതായി പറയുന്നുണ്ട്. സ്ത്രീകൾ ഭർത്താവിനോടൊപ്പം മരിക്കാൻ താല്പര്യപ്പെട്ടിരുന്നുവെന്ന് അക്കാലത്തെ തമിഴ് കൃതികളിൽ ചിലയിടങ്ങളിൽ കാണുന്നുണ്ട്.

## 3.5 സമ്പദ്വ്യവസ്ഥ

തിണൈ ആശയത്തിന് യോജിച്ച പ്രകാരമുള്ള ഒരു മിശ്ര സമ്പദ്വ്യവസ്ഥയാണ് ഉണ്ടായിരുന്നത്. കൃഷി, മേച്ചിൽ തൊഴിൽ, വാണിജ്യം, പണവിനിമയം വേട്ടയാടൽ, ഭക്ഷ്യസംഭരണം, മീൻപിടിത്തം എന്നീ തൊഴിലുകളിൽ പരിസ്ഥിതി മണ്ഡലങ്ങൾക്ക് അനുസൃതമായി ജനങ്ങൾ ഏർപ്പെട്ടിരുന്നു

### പ്രാഥമിക ഉല്പാദനം

പ്രധാനപ്പെട്ട ഉപജീവനമാർഗ്ഗങ്ങളിൽ ഒന്നാണ് കൃഷി. നെല്ല്, കരിമ്പ്, തിനവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്തിരുന്നു. വെള്ളമുള്ള പ്രദേശങ്ങളിലും വരണ്ട പ്രദേശങ്ങളിലും കൃഷി ചെയ്തിരുന്നു. നദീതടം, കുളങ്ങളാൽ ജലസേചനം ചെയ്യപ്പെട്ട സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നെല്ല് കൃഷി ചെയ്തു. വരണ്ട പ്രദേശങ്ങളിൽ തിനവർഗ്ഗങ്ങൾ കൃഷി ചെയ്തു. ചെന്നെല്ല്, വെൺനെല്ല്, ഐവന നെല്ല്, എന്നിവയെക്കുറിച്ച് സാഹിത്യങ്ങളിൽ പരാമർശമുണ്ട് ആദിച്ചനല്ലൂർ, പൊരുന്തൽ എന്നിവിടങ്ങളിൽ നടത്തിയ ഉത്ഖനനത്തിൽ കണ്ട ശവശരീരം നിക്ഷേപിച്ചിരുന്ന മൺ കലങ്ങളിൽ നെല്ല് ഉണ്ടായിരുന്നു. വനത്തിൽ അധിവസിച്ചിരുന്നവർ പുനം കൃഷി



IX Std - History Malayalam Unit-3.indd 39 3/29/2023 6:24:24 PM

അഥവാ സ്ഥലം മാറ്റകൃഷി ചെയ്തിരുന്നു.
മേച്ചിൽ തൊഴിൽ – നാടോടികളായ ജനങ്ങൾ, ഉപ ജീവനത്തിനായി കന്നുകാലികൾ, ചെമ്മരിയാട്, ആട് എന്നിവയെ വളർത്തിയിരുന്നു.

## സംഘകാലത്തെ വ്യവസായങ്ങളും കൈത്തൊഴിലുകളും

കൈത്തൊഴിൽ കൊണ്ടുള്ള ഉല്പാദനം കൈത്തൊഴിലിലുള്ള പ്രാവീണ്യം എന്നിവ നഗര വല്ക്കരണത്തിന്റെ ഭാഗമാണ്. സംഘകാലത്ത് നി രവധി വസ്തുക്കൾ ഉല്പാദിപ്പിച്ചിരുന്ന തൊഴിൽ സംഘങ്ങൾ ഉണ്ടായിരുന്നു. വസ്തുക്കളുടെ ഉല്പാദനം നടത്തുന്ന സംവിധാനത്തെ വ്യവസായം എന്നു പറയുന്നു.

## മൺപാത്ര നിർമ്മാണം

പലകുടിയേറ്റ പ്രദേശങ്ങളിലും മൺപാത്ര നിർമ്മാണം നടത്തിയിരുന്നു. കലം ചെയ്കോ (കുശവൻമാർ) തങ്ങളുടെ നിത്യവൃത്തിയുടെ ഭാഗമായി വലിയ തോതിൽ മൺപാത്രങ്ങൾ നിർമ്മി ച്ചിരുന്നു. കറുത്തനിറ മൺപാത്രങ്ങൾ, തവിട്ടു നിറം തേച്ചതും വെളുത്ത രേഖകൾ വരച്ചതുമായ മൺപാത്രങ്ങൾ, കറുപ്പും ചുവപ്പും നിറത്തിലുള്ള മൺപാത്രങ്ങൾ എന്നിവ അവർ നിർമ്മിച്ച വിവിധ തരത്തിലുള്ള മൺപാത്രങ്ങളാണ്.



പൊരുന്തൽ ഉത്ഖനനത്തിൽ കണ്ടെടുത്ത വിവിധ തരത്തിലുള്ള മൺപാത്രങ്ങൾ



തവിട്ട്നിറ ചായം തേച്ച തരംഗിത രേഖാ ചിത്രണമുള്ള മൺപാത്രം.

## ഇരുമ്പുരുക്കു വ്യവസായം

ഇരുമ്പുല്പാദനം വളരെ പ്രധാനപ്പെട്ട കരകൗശല പ്രവർത്തനമാണ്. പരമ്പരാഗതമായി ഉപയോഗിച്ചു വന്ന ഉലകളിൽ ഇരുമ്പ് ഉരുക്കിയിരുന്നു. അത്തരം ഉലകളും ടെറാക്കോട്ട കുഴലുകളും അസംസ്കൃത ധാതുക്കളും പല പുരാവസ്തു കേന്ദ്രങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഉദാഹരണമായി കൊടുമണൽ, ഗുട്ടൂർ എന്നീ സ്ഥലങ്ങളിൽ ഇരുമ്പുരുക്കിയതിന്റെ തെളിവുകൾ ലഭിച്ചിട്ടുണ്ട്. ഇരുമ്പു പണിക്കാരും അവരുടെ ഉപകരണങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ച് സംഘസാഹിത്യത്തിൽ പറഞ്ഞിട്ടുണ്ട്. ഇരുമ്പു കൊണ്ടുണ്ടാക്കിയ ഉപകരണങ്ങൾ കൃഷിക്കും യുദ്ധങ്ങൾക്കും (വാൾ,കത്തി,കുന്തം) ആവശ്യമായി വന്നു.



പുതുച്ചേരിയിൽ നിന്നും കണ്ടെടുത്ത ഇരുമ്പു വാളുകൾ

## കല്ലു കൊണ്ടുള്ള ആഭരണങ്ങൾ

സംഘകാല ജനങ്ങൾ നിരവധി ആഭരണങ്ങൾ കൊണ്ട് തങ്ങളെ അലങ്കരിച്ചിരുന്നു. നിർധനരായ ജനങ്ങൾ കളിമണ്ണ്, ടെറാക്കോട്ട, ഇരുമ്പ്, ഇലകൾ, പൂവുകൾ കൊണ്ടുള്ള ആഭരണങ്ങൾ അണിഞ്ഞപ്പോൾ സമ്പന്നർ അണിഞ്ഞിരുന്നത് അമൂല്യ രത്നങ്ങൾ, ചെമ്പ്, സ്വർണ്ണം എന്നിവ കൊണ്ടുള്ള ആഭരണങ്ങളാണ്. സ്ഫടികക്കല്ല്, ഗന്ധകക്കല്ല് (ശെവ്വന്തിക്കൽ) കോർണീലിയ (ശെമ്മണിക്കൽ) എന്നീ അർദ്ധമൂല്യ രത്നക്കല്ലുകൾ ആഭരണ നിർമ്മാണത്തിന് ഉപയോഗിച്ചിരുന്നു. വജ്രം കൊണ്ടുള്ള തമരുകൾ ഉപയോഗിച്ച് കഠിന ശിലകളിൽ തുളകളുണ്ടാക്കിയിരുന്നു. കൊത്തു പണികളുള്ള കോർണീലിയൻ മണികൾ മഹാശിലാ സ്മാരകങ്ങളിൽ കണ്ടിരുന്നു.



സംഘകാലത്തിന്റെ കാർണിലീയൻ മണികൾ



സംഘകാലത്തിൽ കൊത്തുപണികളുള്ള കാർണിലിയൻ മണികൾ കൊണ്ടുള്ള രൂപകല്പന



മഴുവിന്റെ ആകൃതിയിലുള്ള സ്വർണ്ണാഭരണം



പൊരുന്താലിൽ നിന്നും കണ്ടെടുത്തിട്ടുള്ള സ്വർണ്ണപ്പതക്കം.



പട്ടണത്തിലെ സ്വർണ്ണാഭരണങ്ങൾ



IX Std - History Malayalam Unit-3.indd 40 3/29/2023 5:54:07 PM

## സ്വർണ്ണാഭരണങ്ങൾ

ഈ കാലഘട്ടത്തിൽ സ്വർണ്ണാഭരണങ്ങൾ വളരെയധികം അറിയപ്പെട്ടിരുന്നു. റോമാസാമ്രാജ്യത്തിലെ സ്വർണ്ണ നാണയങ്ങൾ ആഭരണങ്ങൾ ഉണ്ടാക്കാൻ ഉപയോഗിച്ചിരുന്നു. കേരളത്തിലെ പട്ടണത്തിൽ സ്വർണ്ണം ഉരുക്കിയതിനുള്ള തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. മഹാശിലാപ്രദേശങ്ങളായ ചുറ്റുക്കേണി, ആദിച്ചനല്ലൂർ, കൊടുമണൽ, എന്നിവിടങ്ങളും നഗരങ്ങളായ അരിക്കമേട്, കീഴടി, പട്ടണം എന്നിവയും സ്വർണ്ണാഭരണങ്ങൾ കണ്ടെടുത്ത പ്രദേശങ്ങളാണ്.

## സ്ഫടിക മണികൾ

സംഘകാലസ്ഥലങ്ങളിൽ സ്ഫടികമണികളുടെ സാന്നിദ്ധ്യം കണ്ടതിനാൽ അവർക്ക് സ്ഫടിക മണികൾ ഉണ്ടാക്കാൻ അറിഞ്ഞിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. സ്ഫടികവസ്തു (സിലിക്ക) ഒരു ഫർണസിൽ വെച്ച് ഉരുക്കി നീളമുള്ള കുഴലുകളായി കൊണ്ടുവന്ന് ചെറിയ മണികളായി മുറിച്ചെടുക്കുന്നു. സ്ഫടികമണികൾ പലനിറങ്ങളിലും രൂപത്തിലും കാണപ്പെടുന്നു. അരിക്കമേട് കടലൂരിനടുത്തുള്ള കുടിക്കാട് എന്നിവിടങ്ങളിൽ സ്ഫടിക മണികൾ നിർമ്മിക്കുന്ന വ്യവസായശാല ഉണ്ടായിരുന്നതിന് തെളിവുകളുണ്ട്. അമൂല്യരത്നങ്ങൾ വാങ്ങി ധരിക്കാൻ പറ്റാത്തവർക്ക് പകരത്തിന് സ്ഫടികമണികൾ ഉപയോഗിക്കാവുന്നതാണ്.

## മുത്തെടുക്കലും ശംഖുവളകളും

പാമ്പൻ തീരം മുത്തെടുക്കലിനു പ്രസിദ്ധമാണ്. ഈയടുത്ത കാലത്ത് ഉത്ഖനനം ചെയ്യപ്പെട്ട കീഴടിയിൽ നിന്നും ഒരു മുത്ത് ലഭിച്ചിരുന്നു. ശംഖുവളകൾ സംഘകാലത്ത് വളരെ സാധാരണമാണ്. പരതവർ പാമ്പൻ ദ്വീപിൽ നിന്നും ശംഖ് ഓടുകൾ ശേഖരിച്ചിരുന്നു. അവയെ കരകൗശല വിദഗ്ധർ വെട്ടി കരവിരുതു കൊണ്ട് മനോഹരമായ വളകളുണ്ടാക്കി. മുഴുവനായിട്ടുള്ള ശംഖുകളും അവയുടെ കഷണങ്ങളും ചിലസ്ഥലങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. സ്ത്രീകൾ വളയണിയുന്നതിനെക്കുറിച്ച് സംഘസാഹിത്യം വിവരിക്കുന്നുണ്ട്.



കീഴടിയിൽ നിന്നും ലഭിച്ച ഉമിയുടെ അടയാളമുള്ള ഒരു ടെറാക്കോട്ട മുദ്ര

## തുണിത്തരങ്ങൾ

തുണിത്തരങ്ങളുടെ ഉല്പാദനം മറ്റൊരു പ്രധാന തൊഴിലാണ്. തക്ളിയും ഒരുകഷണം തുണിയും കൊടുമണൽ എന്ന സ്ഥലത്തുനിന്നും കണ്ടെടുത്തു. കലിംഗം, മറ്റു നല്ല തുണിത്തരങ്ങൾ എന്നിവയെക്കുറിച്ച് സാഹിത്യകൃതികളിലും പരാമർശമുണ്ട്. തമിഴ്പ്രദേശത്തിൽ നല്ല തുണിത്തരങ്ങൾ ഉല്പാദിപ്പിക്കുണ്ടെന്ന് പെരിപ്ളസ് അഭിപ്രായപ്പെടുന്നുണ്ട്

തക്ളി പഞ്ഞിയിൽ നിന്നും നൂൽനൂൽക്കുന്ന ഉപകരണം

## വിനിമയം, വാണിജ്യം, കച്ചവടക്കാർ, കച്ചവടമാർഗ്ഗങ്ങൾ

പ്രാഥമിക ഉല്പാദനങ്ങളായ ധാന്യങ്ങൾ കന്നുകാലി സമ്പത്ത്, ഇതര വസ്തുക്കൾ എന്നിവ നാം കണ്ടു. ഈ വസ്തുക്കൾ എല്ലാ പ്രദേശത്തും എല്ലാവരാലും ഉല്പാദിക്കപ്പെടുന്നില്ല. എല്ലാ പ്രദേശങ്ങളിലും എല്ലാ വിഭവങ്ങളും വസ്തുക്കളും ലഭ്യമല്ല. ഉദാഹരണത്തിന് മലമ്പ്രദേശങ്ങളിൽ മത്സ്യം, ഉപ്പ് എന്നിവ ലഭ്യമല്ല. എന്നാൽ സമുദ്രതീരത്തിൽ നെല്ല് കൃഷി ചെയ്യുന്നില്ല. ജനങ്ങൾക്ക് വിവിധ വസ്തുക്കൾ എല്ലായിടത്തും ലഭ്യമാകുന്നതിന് വാണിജ്യവും വിനിമയവും വളരെയേറെ പ്രാധാന്യം അർഹിക്കുന്നു. പ്രത്യേക വിഭാഗങ്ങളായ വണികർ (കച്ചവടക്കാർ) കൂട്ടമായി സഞ്ചരിച്ച് പ്രദേശങ്ങൾക്കിടയിൽ വസ്തുക്കൾ വില്പന നടത്തുന്നു.

## കച്ചവടക്കാർ

വണികൾ, നിഗമ (സഹകരണ സംഘങ്ങൾ) എന്നിവ തമിഴ് ബ്രഹ്മി ആലേഖനങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. സ്വർണ്ണക്കച്ചവടക്കാർ, തുണിക്കച്ചവടക്കാർ, ഉപ്പുകച്ചവടക്കാർ എന്നിങ്ങനെ വിവിധ തരം കച്ചവടക്കാരുണ്ട്. ഉപ്പുകച്ചവടക്കാകര ഉമ്മണൻ എന്നു വിളിക്കുന്നു. അവർകുടുംബത്തോടെ കാളവണ്ടിയിൽ സഞ്ചരിച്ച് കച്ചവടം നടത്തിയിരുന്നു.




പ്രധാന സംഘകാല പ്രദേശങ്ങളുടെ ഭൂപടം



IX Std - History Malayalam Unit-3.indd 41 3/29/2023 5:54:08 PM

## ഗതാഗത ഉപാധികൾ

കരമാർഗ്ഗമുള്ള വസ്തുക്കളുടെ ഗതാഗത ത്തിനായി കാളവണ്ടികളും മൃഗങ്ങളും ഉപയോഗിച്ചു വാണിജ്യ മാർഗ്ഗങ്ങൾ തമിഴകത്തിലെ പട്ടണങ്ങളെ ബന്ധിപ്പിച്ചു. കലം, പഹ്റി, ഓടം, തോണി, തെപ്പം, നാവായ് എന്നിവ തമിഴ് സാഹിത്യങ്ങളിൽ പരാമർശിക്കപ്പെടുന്ന വിവിധ തരത്തിലുള്ള ജല വാഹനങ്ങളോ കടലിലെ വാഹനങ്ങളോ ആണ്.

## മാറ്റക്കച്ചവടവും നാണയങ്ങളും

മാറ്റക്കച്ചവടമെന്നത് വിനിമയത്തിന്റെ പ്രാഥമിക രീതിയാണ്. ഉദാഹരണമായി അരികൊടുത്തിട്ട് മീൻ വാങ്ങുക. ഉപ്പ് മൂല്യമേറിയതാണ്. ഒരു കൈപ്പിടി ഉപ്പിന് തുല്യമായ അളവ് അരി നല്കിയിരുന്നു. വൻ തോതിലുള്ള നാണ്യശേഖരം സംഘകാലത്തിൽ ചേര, ചോള, പാണ്ഡ്യ, മലയമാൻ രാജ്യങ്ങളിൽ ഉണ്ടായിരുന്നുവെന്നത് അവർ അധികമായി നാണയം ഉപയോഗിച്ചിരുന്നതിന്റെ തെളിവാണ്.

## തമിഴകവും കടൽകടന്നുള്ള ആശയവിനിമയവും

കിഴക്കും പടിഞ്ഞാറുമുള്ള കടൽകടന്നുള്ള രാജ്യങ്ങളുമായി തമിഴ്രാജ്യത്തിന് ബന്ധമുണ്ടായിരുന്നു. റോമൻ കപ്പലുകൾ മൺസൂൺ കാറ്റിനെ ഉപയോഗിച്ച് പടിഞ്ഞാറൻ കടൽ അഥവാ അറബിക്കടൽ കടന്ന് തമിഴകത്തെ പശ്ചാത്യലോകവുമായി ബന്ധിപ്പിച്ചിരുന്നു. കുരുമുളക് ഉൾപ്പെടെയുള്ള സുഗന്ധദ്രവ്യങ്ങൾ, ദന്തം, അമൂല്യരത്നങ്ങൾ എന്നിവ കയറ്റുമതി ചെയ്തു. സ്വർണ്ണം, വെള്ളി, ചെമ്പ്, തുടങ്ങിയ ലോഹങ്ങളും ഇറക്കുമതി ചെയ്തു.

പാശ്ചാത്യരായ ഗ്രീക്കുകാർ, റോമാക്കാർ, പശ്ചിമേഷ്യൻ ജനങ്ങൾ എന്നിവരെ യവനർ എന്നു വിളിക്കുന്നു. യവന എന്ന പദം രൂപം കൊണ്ടത് അയോണിയ എന്ന ഗ്രീക്കു പ്രദേശത്തിൽ നിന്നുമാണ്.

## തമിഴ്നാട് മുതൽ ചെങ്കടൽ തീരം വരെ

ഈജിപ്തിലെ ചെങ്കടൽ തീരത്തുള്ള ബെറെനിക്കെ എന്ന തുറമുഖത്തിൽ നിന്നും 7.5 കി.ഗ്രാം കുരുമുളകു നിറച്ച ഒരു ഇന്ത്യൻ ജാർ, തേക്കു മരക്കഷണങ്ങൾ തമിഴ് ബ്രഹ്മി ആലേഖനമുള്ള ഒരു കലക്കഷണം ഇന്ത്യയിലെ മൺപാത്രങ്ങൾ എന്നിവ കണ്ടെടുത്തിട്ടുണ്ട്.

ചെങ്കടൽ തീരത്തെ ബെറനികയ്ക്ക് വടക്ക് ക്വാസിർ അൽ ക്വാദിം എന്ന മറ്റൊരു തുറമുഖം സ്ഥിതിചെയ്യുന്നു. ഇവിടെ തമിഴ് ബ്രഹ്മി ലിപികളിൽ ആലേഖനം ചെയ്തിട്ടുള്ള മൂന്നു കലക്കഷണങ്ങൾ കണ്ടെടുത്തിട്ടുണ്ട്.അവയിൽ പനൈ ഓറി,കണ്ണൻ (കണൻ) ചാത്തൻ (ചാതൻ) എന്ന് എഴുതിയിട്ടുണ്ട്.

പെരുംപാതൻകൽ എന്ന പേരുള്ള കല്ല് തായ്ലണ്ടിലെ കുയാൻലുക്പാറ്റിൽ നിന്നും കണ്ടെടുത്തു. തെക്കുകിഴക്കൻ ഏഷ്യയെ തമിഴ്സാഹിത്യങ്ങളിൽ സുവർണ്ണ ഭൂമി എന്ന് വിളിക്കുന്നു. പെരുമ്പത്തൻ എന്നയാളാണ് ഈ കല്ലുകൾ ഉപയോഗിച്ചത്. അദ്ദേഹം ഒരു സ്വർണ്ണപ്പണിക്കാരനാണ്. അദ്ദേഹം ആ കല്ലുപയോഗിച്ചത് സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കാനാണ്.



കോർണീലിയൻ കല്ലുകൾ പതിച്ച വെങ്കലനിർമ്മിത മായ പുലി കൊടുമണലിൽ നിന്നും ലഭിച്ചത്.



പുതുച്ചേരിയിലെ ആരെവില്ലയിൽ നിന്നും ലഭിച്ച മഹാശിലാ ശവക്കല്ലറയിൽ നിന്നും ലഭിച്ച വെങ്കലപാത്രം



സ്ഫടികമണികൾ പൊരുന്തൽ ഉത്ഖനനം




തക്ളി-പട്ടണത്തിൽ നിന്നും ലഭിച്ചത്



തുണിത്തരങ്ങളും തക്ളിയും കൊടുമണലിൽ നിന്നും ലഭിച്ചത്



വളകളുണ്ടാക്കുന്നസ്ഥലത്തുള്ള ശംഖുകളുടെ അവശിഷ്ടങ്ങൾ



IX Std - History Malayalam Unit-3.indd 42 3/29/2023 5:54:09 PM

**അകനാനൂറിലെ 149 ാം കവിത മുസിറി തുറമുഖത്തിലെ കച്ചവടത്തെ താഴെ പ്പറയുന്ന പ്രകാരം വിവരിച്ചിട്ടുണ്ട്.**

മികച്ചരീതിയിൽ നിർമ്മിച്ചിട്ടുള്ള യവന ദേശത്തെ കപ്പലുകൾ സമൃദ്ധമായ മുസിറി തുറമുഖത്തിൽ സ്വർണ്ണവുമായി വന്ന് കുരുമുളകുമായി തിരിച്ചുപോയി.




തമിഴകത്തിൽ നിന്നും റോമിലേയ്ക്കുള്ള വാണിജ്യമാർഗ്ഗം (ഭൂപടം)



ഈജിപ്തിലെ ബെൽനികെയിൽ നിന്നും കണ്ടെടുത്തിട്ടുള്ള കളിമൺജാറിൽ നിറയെ സൂക്ഷിച്ചു വെച്ച കുരുമുളക്



ചാത്തൻ എന്നു പേരുള്ള മൺപാത്രം



പെരും പാതങ്കൽ കുവാൻ ലുക്പാറ്റ്, തായ്ലണ്ട്.

## 3.6 നഗരങ്ങളുടേയും തുറമുഖങ്ങളുടേയും രൂപീകരണം

തമിഴ്നാട്ടിലെ ആദ്യ നഗരവല്ക്കരണം സംഘകാലത്തുണ്ടായതാണ്. നഗരങ്ങൾ രൂപം കൊള്ളുകയും അവിടങ്ങളിൽ ഇഷ്ടികകൊണ്ടുള്ള കെട്ടിടങ്ങൾ ഓടുമേഞ്ഞ മേല്ക്കൂരകൾ വളയമിട്ട കിണറുകൾ, സംഭരണ ശാലകൾ എന്നിവയുണ്ടായിരുന്നു. നഗരങ്ങൾ തുറമുഖങ്ങളായും കരകൗശല കേന്ദ്രങ്ങളായും പ്രവർത്തിച്ചു . അരിക്കമേട്, കാവേരിപ്പൂമ്പട്ടണം, അഴകൻകുളം, കിഴക്കൻ കടൽ തീരത്തിലെ കൊർക്കൈ, കേരളത്തിലെ പട്ടണം എന്നിവ തുറമുഖ കേന്ദ്രങ്ങളായിരുന്നു. കാഞ്ചീപുരം, ഉറൈയൂർ, കരൂർ, മധുരൈ, കൊടുമണൽ എന്നിവ ഉൾനാടൻ വാണിജ്യകേന്ദ്രങ്ങളാണ്

ഈ കേന്ദ്രങ്ങളിൽ നിരവധി വസ്തുക്കൾ ഉല്പാദിപ്പിച്ച് അവയെ വിവിധ കേന്ദ്രങ്ങളിലേയ്ക്ക് കയറ്റുമതിചെയ്തു. എണ്ണത്തിൽ കുറവാണെങ്കിലും സംഘകാലത്ത് വലിയ പട്ടണങ്ങൾ രൂപം കൊണ്ടു. ചെറിയ ഗ്രാമങ്ങൾ പലപ്രദേശങ്ങളിലും കാണാമായിരുന്നു. വെങ്കലപാത്രങ്ങൾ മണികൾ ശംഖുവളകൾ, സ്ഫടികമുത്തുകൾ, തമിഴ് ബ്രഹ്മി ലിപിയിൽ ആളുകളുടെ പേരെഴുതിയ മൺ പാത്രങ്ങൾ എന്നിവ ഈ സ്ഥലങ്ങളിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്.

**നഗര കേന്ദ്രം എന്നാലെന്ത്?**

ഒരു ആസൂത്രിത നഗരം ഇഷ്ടിക കൊണ്ടുള്ള കെട്ടിടനിർമ്മാണവും ശരിയായി രൂപ രേഖ ഉണ്ടാക്കിയതുമാണ്. നഗരകേന്ദ്രങ്ങളിൽ വലിയ ജന സംഖ്യയും അവർ അധികവും കാർഷികേതര തൊഴിലുകൾ വാണിജ്യം രാഷ്ട്രീയ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവരാണ്. നിരവധി വ്യാവസായിക പ്രവർത്തനങ്ങളും ഈ നഗരങ്ങളിൽ കാണാവുന്നതാണ്.

## 3.7 ദൈവ ഭക്തിയും വിശ്വാസ സമ്പ്രദായവും

വൈധ്യമാർന്ന സാമൂഹ്യ സ്ഥിതിയും സാമ്പത്തിക സ്ഥിതിയും പോലെ സംഘകാലത്തെ വിശ്വാസങ്ങളിലും വ്യത്യാസമുണ്ട്. സർവ്വ ജൈവത്വവാദം, പൂർവ്വികരെ ആരാധിക്കൽ നായക ആരാധന, നിരവധി ദേവതകളെ ആരാധിക്കൽ എന്നിവ ഉൾപ്പെടുന്നു.



IX Std - History Malayalam Unit-3.indd 43 3/29/2023 5:54:10 PM

**കേരളത്തിലെ പട്ടണം**

കേരളത്തിലെ എറണാകുളം ജില്ലയിൽ വടക്കേക്കരഗ്രാമത്തിൽ പരവൂരിനടുത്ത് പട്ടണം സ്ഥിതി ചെയ്യുന്നു. ഇതൊരു പുരാതന തുറമുഖ പട്ടണമാണ്. പടിഞ്ഞാറും കിഴക്കുമുള്ള ലോകങ്ങളിൽ ഇതിന് കടൽ കടന്നുള്ള ബന്ധമുണ്ട്.




പശ്ചിമേഷ്യയിലെ ഹരിത നീലിമയുള്ള മിനുസമായ മൺപാത്രങ്ങൾ




പശ്ചിമേഷ്യയിലെ ഉടഞ്ഞ മൺപാത്രങ്ങൾ



ചിത്രപ്പണികളുള്ള കാർണേലിയൻ ആഭരണം



പട്ടണത്തിലെ ഉത്ഖനനത്തിൽ കണ്ടെത്തിയ തോണി




പട്ടണത്തിലെ സ്വർണ്ണാഭരണങ്ങൾ

## തമിഴ്നാട്ടിലെ കൊടുമണൽ

തമിഴ്നാട്ടിൽ ഈറോഡിനടുത്ത് **കൊടുമണൽ** സ്ഥിതി ചെയ്യുന്നു. **പതിറ്റുപ്പാട്ടിൽ** കൊടുമണം എന്ന പേരിൽ അറിയപ്പെടുന്നു. ഇരുമ്പ്, കൽമുത്തുകൾ, ശംഖു കൊണ്ടുള്ള വസ്തുക്കൾ, മഹാശിലാ ശവസംസ്കാരസ്ഥലങ്ങൾ എന്നിവയുടെ തെളിവുകൾ കണ്ടെത്തി. മൺപാത്രങ്ങളിലെ തമിഴ് ബ്രഹ്മി ആ ലേഖനങ്ങൾ മുന്നൂറിലധികം കണ്ടെത്തി.



ഉത്ഖനനത്തിലൂടെ കണ്ടെത്തിയ കൊടുമണലിലെ മഹാശിലാ ശവ സംസ്കാര സ്ഥലം



ഇരുമ്പു വസ്തുക്കൾ (കുതിരലാഡം) കൊടുമണൽ



കൊടുമണലിൽ നിന്നും കണ്ടെത്തിയ ശംഖു വളക്കഷണങ്ങളും ശംഖും



IX Std - History Malayalam Unit-3.indd 44 3/29/2023 5:54:11 PM



ബ്രഹ്മി ഭാഷയിൽ ആലേഖനം ചെയ്തിട്ടുള്ള ജാർ



കർണേലിയൻ മുത്തുകൾ. കൊടുമണൽ



കൊടുമണലിൽ നിന്നും ലഭിച്ച മനുഷ്യ അസ്ഥികൂടം

## തമിഴ് നാട്ടിലെ മധുരയ്ക്കടുത്തുള്ള കീഴടി

മധുരയുടെ കിഴക്കു ഭാഗത്തായി ശിലൈമാന് സമീപം രാമേശ്വരം ഹൈവേയിൽ കീഴടി സ്ഥിതി ചെയ്യുന്നു. പള്ളിച്ചന്തൈതിടൽ എന്ന് വിളിച്ചിരുന്ന ഒരു വലിയ തെങ്ങിൻ തോട്ടത്തിൽ ഇന്ത്യൻ പുരാവസ്തു ഗവേഷണ വകുപ്പും തമിഴ്നാട്ടിലെ പുരാവസ്തു ഗവേഷണ വിഭാഗവും സംഘകാലത്തുള്ള ഒരു പുരാതന നഗരത്തെ ഉത്ഖനനത്തിലൂടെ കണ്ടെത്തി. പുരാവസ്തു ഉത്ഖനന പ്രവർത്തനങ്ങളാൽ നിരവധി വസ്തുക്കളുടെ തെളിവുകൾ ലഭിച്ചു.ഇഷ്ടിക കൊണ്ടുള്ള കെട്ടിടങ്ങൾ, അഴുക്കുചാലുകൾ, മൺപാത്രങ്ങളിലെ തമിഴ് ബ്രഹ്മി ആലേഖനം, സ്ഫടിക മുത്തുകൾ, കോർമീലിയൻ ക്വാർട്ടസ് വസ്തുക്കൾ, മുത്ത്, ഇരുമ്പു വസ്തുക്കൾ, കളിക്കാനുള്ള വസ്തുക്കൾ, ആന്റിമണി ദണ്ഡുകൾ എന്നിവ അവയിലുൾപ്പെടുന്നു. പിന്നീടുള്ള ഉത്ഖനനം അവരുടെ കര കൗശല വസ്തുക്കളുടെ സവിശേഷത സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിലേയ്ക്ക് വെളിച്ചം വീശുന്നവയാണ്.



ഇഷ്ടിക കൊണ്ടുള്ള കീഴടിയിലെ കെട്ടിടനിർമ്മാണം



പളുങ്കുകൊണ്ടുള്ള കർണ്ണാഭരണങ്ങൾ, കീഴടി



ഇഷ്ടിക കൊണ്ടുള്ള കെട്ടിടം, കീഴടി



ഫർണസ്, കീഴടി





ഇഷ്ടിക കൊണ്ട് നിർമ്മിച്ച കുളം, കീഴടി

കീഴടിയിൽ നിന്നും ലഭിച്ച നിരവധി വസ്തുക്കളും ആഭരണങ്ങളും



IX Std - History Malayalam Unit-3.indd 45 3/29/2023 6:28:07 PM

തൊൽകാപ്പിയമനുസരിച്ച് കുറിഞ്ചി, മുല്ലൈ, മരുതം, നെയ്തൽ, പാലൈ ഭൂപ്രദേശങ്ങളിലെ പ്രധാന ദൈവങ്ങൾ ക്രമത്തിൽ മുരുകൻ, തിരുമാൽ, ഇന്ദ്രൻ, വരുണൻ, കൊറ്റവൈ എന്നിവയാണ്.

എന്നിരുന്നാലും ജനങ്ങൾ പ്രകൃതി ശക്തികളെയും, മരണമടഞ്ഞ നായകൻമാരേയും, പൂർവികരേയും ആരാധിച്ചിരുന്നു. അനങ്കുവിന്റെ ശക്തി സാഹിത്യങ്ങളിൽ പരമാർശിക്കുന്നുണ്ട്. അത് സർവ്വജൈവത്വം സൂചിപ്പിക്കുന്നു. വാദം എല്ലായിടത്തും കാണപ്പെട്ടിരുന്നുവെന്ന് സൂചിപ്പിക്കുന്നു.

ജൈനമതം നിലവിലുണ്ടെന്ന് തമിഴ്ബ്രഹ്മി ആലേഖനങ്ങളുള്ള ഗുഹകൾ തെളിയിക്കുന്നു. യജ്ഞം നടത്തിയതിന് തെളിവുകളുണ്ട്. ബുദ്ധമതവും ചിലകേന്ദ്രങ്ങളിൽ ഉണ്ടായിരുന്നു. വിവിധ വിഭാഗങ്ങൾ വ്യത്യസ്തമായ ആരാധനാ സമ്പ്രദായങ്ങൾ പിന്തുടർന്നിരുന്നു.

## 3.8 സുന്ദരകലകൾ

സംഘകാലത്തിൽ നിരവധി കലാരൂപങ്ങൾ നിലവിലുണ്ടായിരുന്നു. വെറിയാടൽ പോലുള്ള നൃത്തങ്ങളെ കുറിച്ചുള്ള പരാമർശങ്ങൾ സാഹിത്യ കൃതികളിലുണ്ട്. കവിതകൾ രചിക്കുക. സംഗീത ഉപകരണങ്ങൾ വായിക്കുക. നൃത്തം എന്നിവയും അറിയാമായിരുന്നു.സംഘകാല ത്തിലെ സാഹിത്യങ്ങളിൽ നല്ല രീതിയിലുള്ള പാചകത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. ജനങ്ങൾ തങ്ങളുടെ അഴക് സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിച്ചതിന് തെളിവുണ്ട്. ചെമ്പ് കൊണ്ടു ണ്ടാക്കിയ അന്റിമണി ദണ്ഡുകൾ പുരാവസ്തു സ്ഥലങ്ങളിൽ കണ്ടെത്തിയിരുന്നു. അവ സ്ത്രീകൾ അവരുടെ പുരികം അലങ്കരിക്കാൻ ഉപയോഗിച്ചിരുന്നു.



ആന്റിമണി ദണ്ഡ് വെങ്കലം കൊണ്ടുാക്കിയത്



ചെമ്പു ദണ്ഡുകൾ ഉപയോഗിച്ച് കണ്ണിമകൾ അലങ്കരിക്കൽ

### തമിഴ് ബ്രഹ്മി ലിപി

സംഘകാലത്ത് തമിഴ്ഭാഷ എഴുതുന്നതിനായി ഉപയോഗിച്ചിരുന്നു

| | அ | ஆ | இ | ஈ | உ | ஊ | எ | ஏ | ஐ | ஒ | ஓ | | | அ | ஆ | இ | ஈ | உ | ஊ | எ | ஏ | ஐ | ஒ | ஓ | ஔ | ஃ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 𑀅 | 𑀆 | 𑀇 | 𑀈 | 𑀉 | 𑀊 | 𑀎 | 𑀏 | 𑀐 | 𑀑 | 𑀒 | | | 𑀅 | 𑀆 | 𑀇 | 𑀈 | 𑀉 | 𑀊 | 𑀎 | 𑀏 | 𑀐 | 𑀑 | 𑀒 | 𑀔 | 𑀃 |
| க | 𑀓 | 𑀓𑀸 | 𑀓𑀺 | 𑀓𑀻 | 𑀓𑀼 | 𑀓𑀽 | 𑀓𑁂 | 𑀓𑁃 | 𑀓𑁄 | 𑀓𑁅 | 𑀓𑁆 | | ம | 𑀫 | 𑀫𑀸 | 𑀫𑀺 | 𑀫𑀻 | 𑀫𑀼 | 𑀫𑀽 | 𑀫𑁂 | 𑀫𑁃 | 𑀫𑁄 | 𑀫𑁅 | 𑀫𑁆 | | | |
| ங | 𑀗 | 𑀗𑀸 | 𑀗𑀺 | 𑀗𑀻 | 𑀗𑀼 | 𑀗𑀽 | 𑀗𑁂 | 𑀗𑁃 | 𑀗𑁄 | 𑀗𑁅 | 𑀗𑁆 | | ய | 𑀬 | 𑀬𑀸 | 𑀬𑀺 | 𑀬𑀻 | 𑀬𑀼 | 𑀬𑀽 | 𑀬𑁂 | 𑀬𑁃 | 𑀬𑁄 | 𑀬𑁅 | 𑀬𑁆 | | | |
| ச | 𑀘 | 𑀘𑀸 | 𑀘𑀺 | 𑀘𑀻 | 𑀘𑀼 | 𑀘𑀽 | 𑀘𑁂 | 𑀘𑁃 | 𑀘𑁄 | 𑀘𑁅 | 𑀘𑁆 | | ர | 𑀭 | 𑀭𑀸 | 𑀭𑀺 | 𑀭𑀻 | 𑀭𑀼 | 𑀭𑀽 | 𑀭𑁂 | 𑀭𑁃 | 𑀭𑁄 | 𑀭𑁅 | 𑀭𑁆 | | | |
| ஞ | 𑀜 | 𑀜𑀸 | 𑀜𑀺 | 𑀜𑀻 | 𑀜𑀼 | 𑀜𑀽 | 𑀜𑁂 | 𑀜𑁃 | 𑀜𑁄 | 𑀜𑁅 | 𑀜𑁆 | | ல | 𑀮 | 𑀮𑀸 | 𑀮𑀺 | 𑀮𑀻 | 𑀮𑀼 | 𑀮𑀽 | 𑀮𑁂 | 𑀮𑁃 | 𑀮𑁄 | 𑀮𑁅 | 𑀮𑁆 | | | |
| ட | 𑀝 | 𑀝𑀸 | 𑀝𑀺 | 𑀝𑀻 | 𑀝𑀼 | 𑀝𑀽 | 𑀝𑁂 | 𑀝𑁃 | 𑀝𑁄 | 𑀝𑁅 | 𑀝𑁆 | | வ | 𑀯 | 𑀯𑀸 | 𑀯𑀺 | 𑀯𑀻 | 𑀯𑀼 | 𑀯𑀽 | 𑀯𑁂 | 𑀯𑁃 | 𑀯𑁄 | 𑀯𑁅 | 𑀯𑁆 | | | |
| ண | 𑀡 | 𑀡𑀸 | 𑀡𑀺 | 𑀡𑀻 | 𑀡𑀼 | 𑀡𑀽 | 𑀡𑁂 | 𑀡𑁃 | 𑀡𑁄 | 𑀡𑁅 | 𑀡𑁆 | | ழ | 𑀵 | 𑀵𑀸 | 𑀵𑀺 | 𑀵𑀻 | 𑀵𑀼 | 𑀵𑀽 | 𑀵𑁂 | 𑀵𑁃 | 𑀵𑁄 | 𑀵𑁅 | 𑀵𑁆 | | | |
| த | 𑀢 | 𑀢𑀸 | 𑀢𑀺 | 𑀢𑀻 | 𑀢𑀼 | 𑀢𑀽 | 𑀢𑁂 | 𑀢𑁃 | 𑀢𑁄 | 𑀢𑁅 | 𑀢𑁆 | | ள | 𑀴 | 𑀴𑀸 | 𑀴𑀺 | 𑀴𑀻 | 𑀴𑀼 | 𑀴𑀽 | 𑀴𑁂 | 𑀴𑁃 | 𑀴𑁄 | 𑀴𑁅 | 𑀴𑁆 | | | |
| ந | 𑀦 | 𑀦𑀸 | 𑀦𑀺 | 𑀦𑀻 | 𑀦𑀼 | 𑀦𑀽 | 𑀦𑁂 | 𑀦𑁃 | 𑀦𑁄 | 𑀦𑁅 | 𑀦𑁆 | | ற | 𑀶 | 𑀶𑀸 | 𑀶𑀺 | 𑀶𑀻 | 𑀶𑀼 | 𑀶𑀽 | 𑀶𑁂 | 𑀶𑁃 | 𑀶𑁄 | 𑀶𑁅 | 𑀶𑁆 | | | |
| ப | 𑀧 | 𑀧𑀸 | 𑀧𑀺 | 𑀧𑀻 | 𑀧𑀼 | 𑀧𑀽 | 𑀧𑁂 | 𑀧𑁃 | 𑀧𑁄 | 𑀧𑁅 | 𑀧𑁆 | | ன | 𑀷 | 𑀷𑀸 | 𑀷𑀺 | 𑀷𑀻 | 𑀷𑀼 | 𑀷𑀽 | 𑀷𑁂 | 𑀷𑁃 | 𑀷𑁄 | 𑀷𑁅 | 𑀷𑁆 | | | |



IX Std - History Malayalam Unit-3.indd 46 3/29/2023 5:54:18 PM

### കീഴടി, സിന്ധു സമതല അടയാളങ്ങൾ തമ്മിലുള്ള സാമ്യതകൾ









വൈഗ നദിയുടെ തീരത്തുള്ള കീഴടി ഉത്ഖനനം സൂചിപ്പിക്കുന്നത് ഗംഗാ സമതലങ്ങളിലെന്നപോലെ ബി.സി 6 ാം നൂറ്റാണ്ടിൽ തമിഴ്നാട്ടിലും നഗരവല്ക്കരണം നടന്നിരുന്നു എന്നാണ്.




### പൊരുനൈ : തമിഴ് നാഗരികതയുടെ തൊട്ടിൽ

പൊരുനൈ (താമ്രപരണി) തമിഴ് നാട്ടിലെ ഏക വറ്റാത്ത നദിയാണ്. ഇത് തിരുനെൽവേലി തൂത്തുക്കുടി ജില്ലകളിലൂടെ ഒഴുകുന്നു. പൊരുനൈ നദീതടത്തിൽ, ആദിച്ചല്ലൂരിൽ ആദ്യത്തെ പുരാവസ്തു ഖനനം നടത്തിയത് ജർമ്മൻ പര്യവേക്ഷകനായ ഡോക്ടർ ജാഗോർ ആണ്. പിന്നീട് ബ്രിട്ടീഷ് പുരാവസ്തു ഗവേഷകനായ അലക്സാണ്ടർ റിയാൻ 1899-1905 കാലഘട്ടത്തിൽ ഖനനം നടത്തുകയും അദ്ദേഹം ശേഖരിച്ച പുരാവസ്തുക്കൾ മദ്രാസ് സർക്കാർ മ്യൂസിയത്തിൽ പ്രദർശിപ്പിക്കുകയും ചെയ്തു. ഏകദേശം ഒരു നൂറ്റാണ്ടിനു ശേഷം 2004 ൽ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ നടത്തിയ ഉത്ഖനനത്തിന്റെ റിപ്പോർട്ട് അടുത്തിടെ പ്രസിദ്ധീകരിച്ചു. തമിഴ്നാട് ഗവൺമെന്റിന്റെ പുരാവസ്തു ഗവേഷണ വിഭാഗം ആദിച്ചല്ലൂരിൽ ശ്മശാനങ്ങളിലും പുതഞ്ഞുപോയ വാസസ്ഥലങ്ങളിലും ഗവേഷണം (2019-2021) ആരംഭിച്ചു. സംഘസാഹിത്യങ്ങളിലും ഗ്രീക്കു ഗ്രന്ഥങ്ങളിലും പരാമർശിച്ചിരിക്കുന്ന "കൊർക്കൈ" ഒരു പുരാതന തുറമുഖമായിരുന്നു. തമിഴ്നാട് സംസ്ഥാന പുരാവസ്തു ഗവേഷണ വിഭാഗം 1968 ൽ ഇവിടെ ഉത്ഖനനം നടത്തി. തൽസമയം ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ഗവേഷണം (2020-2021) കൊർക്കൈ തുറമുഖത്തെ കുറിച്ചും അതിന്റെ വിദേശബന്ധങ്ങളെ കുറിച്ചും രസകരമായ വിവരങ്ങൾ വെളിപ്പെടുത്തുന്നു.

തമിഴ്നാട് സംസ്ഥാന പുരാവസ്തു ഗവേഷണ വിഭാഗം ആദിച്ചനല്ലൂരിൽ നിന്നും ഏതാനും കിലോമീറ്റർ അകലെയുള്ള ശിവകളൈ എന്ന സ്ഥലത്ത് 2019-ൽ നടത്തിയ ഉത്ഖനനത്തിൽ ഒരു മൺതാഴിയിൽ നിന്നു ലഭിച്ച ഉമി നീക്കം ചെയ്യപ്പെട്ട നെല്ലിന്റെ സാമ്പിളുകൾ കാലനിർണ്ണയത്തിനായി അമേരിക്കയിൽ ഫ്ളോറിഡയിലെ മിയാമി ആസ്ഥാനമായുള്ള ബീറ്റ അനാലിറ്റിക് ലബോറട്ടറിയിലേയ്ക്ക് അയച്ചു ഈ ലബോറട്ടറി റേഡിയോ കാർബൺ ഡേറ്റിങ് വിശകലനത്തിനു ശേഷം ഇത് ബി.സി 1115-ൽ ഉള്ളതാണെന്ന നിഗമനത്തിലെത്തി. അതായത് താമ്രപരണി നാഗരികത ഏകദേശം 3200 വർഷങ്ങൾ പഴക്കമുള്ളതാണെന്നു സ്ഥിരീകരിച്ചു.




### ആദിച്ചനല്ലൂർ, ശിവകളൈ, കൊർക്കൈ എന്നിവിടങ്ങളിൽ നിന്നും കണ്ടെടുത്ത പുരാവസ്തുക്കൾ.

ശ്മശാനങ്ങളിൽ നിന്നും ലഭിച്ച മൺതാഴികൾ (Burial urns): മണ്ണ്-പാറ അടുക്കുകളിൽ 3 മുതൽ 12 അടി വരെ ആഴത്തിൽ കുഴിച്ചിട്ടിരുന്ന മൺതാഴികളിൽ മരിച്ചവർ ഉപയോഗിക്കുമെന്ന വിശ്വാസത്തിൽ നിക്ഷേപിച്ചിരുന്ന എല്ലുകൾ, പാത്രങ്ങൾ, സ്വർണ്ണം, അധിക അളവിൽ ഈയം ചേർത്ത വെങ്കലം, ഇരുമ്പുപകരണങ്ങൾ എന്നിവ കണ്ടെടുത്തു.



IX Std - History Malayalam Unit-3.indd 47 3/29/2023 5:54:22 PM

## സ്വർണ്ണ നെറ്റിപ്പട്ടങ്ങൾ

ദീർഘവൃത്താകൃതിയിൽ സ്വർണ്ണഫലകങ്ങളാൽ നിർമ്മിക്കപ്പെട്ട നെറ്റിപ്പട്ടങ്ങൾ, ത്രികോണാകൃതിയിൽ ചിത്രപ്പണികളുള്ളവയും നെറ്റിയിൽ കയറുകൊണ്ട് കെട്ടുന്നതിനുവേണ്ടി ഇരു അഗ്രങ്ങളിലും ദ്വാരങ്ങളുള്ളവയും കണ്ടെടുത്തിട്ടുണ്ട്.



## അധിക അളവിൽ ഈയം ചേർത്ത വെങ്കല വസ്തുക്കൾ

വ്യത്യസ്ത വലുപ്പത്തിലും ആകൃതിയിലുമുള്ള വലുതും ചെറുതുമായ വെങ്കല പാത്രങ്ങൾ കണ്ടെടുത്തിട്ടുണ്ട്.



## ചുട്ട മണ്ണുകൊണ്ടുണ്ടാക്കിയ സ്ത്രീ രൂപങ്ങൾ



സിന്ധുത്തിൽ ലഭിച്ച സമതല രൂപങ്ങൾ നിന്നും സ്ത്രീ ആദിച്ചല്ലൂരിൽ നിന്നും ലഭിച്ച സ്ത്രീ രൂപങ്ങൾ

സിന്ധു സമതലത്തിൽ നിന്നും ലഭിച്ചതിനു സമാനമായ സ്ത്രീരൂപങ്ങൾ കണ്ടെടുത്തിട്ടുണ്ട്.

## ഇരുമ്പായുധങ്ങൾ



വേൽ, കുന്തം, കഠാര പോലുള്ള 32 തരം ഇരുമ്പായുധങ്ങൾ ലഭിച്ചിട്ടുണ്ട്.



## മൺപാത്രങ്ങൾ



കറുപ്പും ചുവപ്പും നിറങ്ങളിലുള്ള മൺപാത്രങ്ങളിൽ 500-ലധികം കുത്തിവരച്ചിട്ടുള്ള ചിത്രങ്ങളും തമിഴ് ലിപികൾ (തമിഴ് ബ്രഹ്മി) ആലേഖനം ചെയ്തിട്ടുള്ള മൺപാത്രങ്ങളുടെ അവശിഷ്ടങ്ങളും (ഓടുകൾ) ലഭിച്ചിട്ടുണ്ട്.



## ആഭരണങ്ങൾ



ഇരുമ്പും ചെമ്പും കൊണ്ടുണ്ടാക്കിയ മോതിരങ്ങൾ സ്വർണ്ണം, ഗ്ലാസ്സ്, ആനക്കൊമ്പ്, എല്ലുകൾ, ശംഖുകൾ എന്നിവ കൊണ്ടുണ്ടാക്കിയ മുത്തുകളും വളകളും കണ്ടെത്തിയിട്ടുണ്ട്.

## ജല, മലിനജല പരിപാലനം



ഇവിടെ നിന്നും കണ്ടെടുത്ത ഇഷ്ടിക നിർമ്മാണം 29 നിരകളിൽ ഉള്ളവയാണ്. ഇതിന്റെ മധ്യത്തിൽ നിന്നും ഒരു വലിയ മൺപാത്രം ലഭിച്ചിട്ടുണ്ട്. കൂടാതെ ഒന്നിനുമുകളിൽ മറ്റൊന്നായി അടുക്കിവെച്ചിരുന്ന സുഷിരങ്ങളുള്ള 9 ടെറാക്കോട്ട പൈപ്പുകൾ അക്കാലത്തെ സാങ്കേതികവിദ്യയുടെ മഹത്വത്തെ വെളിപ്പെടുത്തുന്നു.



## ജീവികളുടെ പുറന്തോടുകൾ കൊണ്ടുണ്ടാക്കിയ വളകളുടെ വ്യവസായം

മുഴുവൻ ശംഖുകളും, മുറിഞ്ഞ ശംഖുകളും കൊണ്ടുണ്ടാക്കിയ വളകൾ, വളത്തുണ്ടുകൾ എന്നിവയിൽ നിന്നും ശംഖുവളകൾ വ്യവസായം ചെയ്തിരുന്നുവെന്ന് വ്യക്തം. സംഘകാല കവിതകളിൽ പലതും കൊർക്കൈയിൽ ശംഖുവളകൾ നിർമ്മിക്കുന്ന തൊഴിലാളികൾ വസിച്ചിരുന്നതായി പരാമർശിക്കുന്നു.

## പിഞ്ഞാൺ പാത്രങ്ങളും നാണയങ്ങളും വിദേശവാണിജ്യത്തെ സൂചിപ്പിക്കുന്നു

വിദേശ നിർമ്മിതമായ പിഞ്ഞാൺ പാത്രങ്ങളുടെ അവശിഷ്ടങ്ങളും മിനുസമുള്ള കറുത്ത മൺപാത്രങ്ങളും ബി.സി 6 ാം നൂറ്റാണ്ടിനു മുമ്പു തന്നെ തമിഴർക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളുമായി വ്യാപാരബന്ധമുണ്ടായിരുന്നുവെന്ന് സ്ഥിരീകരിക്കുന്നു.



IX Std - History Malayalam Unit-3.indd 48 3/29/2023 5:54:32 PM

## സംഗ്രഹം

- പ്രാഥമിക ഉല്പാദനവും വിനിമയവുംഷ ഭൂപ്രകൃതിയും അതിലെ സാമൂഹ്യബന്ധങ്ങളും കടൽ കടന്നുള്ള വാണിജ്യ പ്രവർത്തനങ്ങളും നഗരവല്ക്കരണത്തിലേയ്ക്കും സംസ്കാര പുരോഗതിയിലേക്കും നയിക്കുകയും അത് ഇക്കാലത്തെ സാഹിത്യ പുരോഗതിക്ക് കാരണമായി തീരുകയും ചെയ്തു.
- പുസ്തകങ്ങൾ പില്ക്കാലത്ത് തമിഴ് പണ്ഡിതസഭ (സംഘം) യിലൂടെ സമാഹരിച്ചു.
- തിണൈ എന്ന ആശയം വ്യത്യസ്ത ജനവിഭാഗങ്ങളുടെ നിലവിഭജനമാണ്. ഇത് തൊൽകാപ്പിയത്തിൽ വിവരിക്കുന്നു.
- ഗോത്രസമൂഹത്തിൽ നിന്നും രാജ്യകേന്ദ്രീകൃത ഭരണകൂടമായി പരിണമിച്ചതിന് സംഘകാലം സാക്ഷ്യം വഹിക്കുന്നു.
- ഇന്ത്യൻ മഹാസമുദ്രത്തിലെ പ്രദേശങ്ങളിൽ കടൽകടന്നുള്ള വാണിജ്യം പുരോഗമിച്ചു.
- വലിയ നഗരങ്ങളും ഇഷ്ടിക കൊണ്ടുള്ള കെട്ടിടങ്ങളും തമിഴ്നാട്ടിൽ പ്രത്യക്ഷമായി.
- സമൂഹം വൈവിധ്യ പൂർണ്ണമായിരുന്നു.

## കാല നിർണ്ണയ രേഖ

| | |
|---|---|
| ca. 1300 BCE-300 BCE | ആയസ യുഗവും മഹാശിലാ യുഗവും |
| ca. 300 BCE-300 CE. | ആരംഭ ചരിത്രകാലം / സംഘകാലം |
| ca. 300 BCE-300 CE. | സംഘകാല സാഹിത്യം |
| ca. 400 BCE-300 BCE | തമിഴ് ബ്രഹ്മി ലിപിയുടെ ആവിർഭാവം |
| CE ഒന്നാം നൂറ്റാണ്ട് | എരിത്രിയൻ കടലിലെ പെരിപ്ലസ് |
| CE രണ്ടാം നൂറ്റാണ്ട് | പ്ലിനിയുടെ പ്രകൃതി ചരിത്രം |
| CE രണ്ടാം നൂറ്റാണ്ട് | ടോളമിയുടെ ഭൂമിശാസ്ത്രം |
| CE രണ്ടാം നൂറ്റാണ്ട് | വിയന്നാ പേപ്പിറസ് g408221 |
| ca. 300 CE-500 CE | സംഘകാലാനന്തര യുഗം |

## അഭ്യാസം

### I. ശരിയായ ഉത്തരം കണ്ടുപിടിക്കുക.

1. സംഘകാലത്തിൽ ഉപയോഗിച്ച ലിപി
   (a) ഇംഗ്ലീഷ് (b) ദേവനാഗരി
   (c) തമിഴ് ബ്രഹ്മി (d) ഗ്രന്ഥ

2. തമിഴ്നാട്ടിലെ കച്ചവടക്കാരെയും കുതിര കച്ചവടക്കാരെയും പരാമർശിക്കുന്ന പാലിഭാഷയിൽ രചിച്ചിട്ടുള്ള ശ്രീലങ്കൻ കാലാനുസൃത ചരിത്രം.
   (a) ദീപ വംശം (b) അർത്ഥശാസ്ത്രം
   (c) മഹാവംശം (d) ഇൻഡിക

3. വനഭൂമിയെ കൃഷിയ്ക്ക് ഉപയുക്തമാക്കുകയും ജലസേചന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്ത പ്രസിദ്ധ ചോളരാജാവ്
   (a) കരികാലൻ (b) രാജരാജൻ
   (c) കുലോത്തുംഗൻ (d) രാജേന്ദ്രൻ

4. ചേരന്മാരെക്കുറിച്ചുള്ള ശിലാശാസനങ്ങൾ
   (a) പുകളൂർ (b) ഗിർനാർ
   (c) പുലിമാൻ കോമ്പൈ (d) മധുരൈ

5 (i) സംഘകാലത്ത് ആദ്യമായി നാണയങ്ങളെ ഒരു വിനിമയ ഉപാധിയായി കൊണ്ടുവന്നു.
(ii) മൗര്യകാലത്തിൽ വടക്കെ ഇന്ത്യയിലെ സാധാരണ ജനങ്ങൾ പ്രാകൃത് ഭാഷ ഉപയോഗിച്ചിരുന്നു.
(iii) ഒരു റോമൻ രേഖയായ വിയന്നാ പേപ്പിറസ് വാണിജ്യ പ്രാധാന്യമുള്ള മുസിറിയെ പരാമർശിച്ചിട്ടുണ്ട്.
(iv) തിണൈ എന്ന ആശയം തമിഴ് വ്യാകരണ ഗ്രന്ഥമായ **പത്തുപ്പാട്ടിൽ** ഉൾക്കൊള്ളിച്ചിട്ടുണ്ട്.



IX Std - History Malayalam Unit-3.indd 49 3/29/2023 5:54:32 PM

a) (i) ശരിയാണ് b) (ii) ശരിയാണ്
c) (ii) & (iii) ശരിയാണ്
d) (iii) & (iv) ശരിയാണ്

6. (i) പതിറ്റുപ്പത്ത് പാണ്ഡ്യ രാജാക്കൻമാരെയും അവരുടെ അതിർത്തികളെയും കുറിച്ച് പറയുന്നു.
(ii) അകനാനൂറ് കാവേരിപ്പൂമ്പട്ടണത്തിലെ വാണിജ്യ പ്രവർത്തനങ്ങളെ വിവരിക്കുന്നു.
(iii) ചോളന്മാരുടെ ചിഹ്നം പുലിയാണ്. അവർ പുലിയടയാളത്തെ കാണിക്കുന്ന ചതുര നാണയങ്ങൾ പുറത്തിറക്കി.
(iv നെയ്തൽ മണൽ നിറഞ്ഞ ഒരു മരുഭൂമി പ്രദേശമാണ്.
a) (i) ശരിയാണ് b) (ii) & (iii) ശരിയാണ്
c) (iii) ശരിയാണ് d) (iv) ശരിയാണ്

## II. പൂരിപ്പിക്കുക

1. ..... രേഖകൾ ശിലകളിലും, ചെമ്പു തകിടിലും നാണയങ്ങളിലും വളയങ്ങളിലും എഴുതിയതാണ്
2. .....എന്നത് ഒരുസ്ഥലത്തിലെ ഭൗതികമായ തെളിവുകളും മുൻ കാലങ്ങളിലെ സാമൂഹ്യ ജീവിതവും കണ്ടെത്തുന്നതായി കൃത്യമായി കുഴിക്കുന്നതാണ്
3. മൗര്യകാലത്തെ സമ്പദ്വ്യവസ്ഥ,ഭരണയന്ത്രം എന്നിവയെക്കുറിച്ച് വിവരിക്കുന്ന കൗടില്യനാൽ രചിക്കപ്പെട്ട ശ്രേഷ്ഠമായ പുസ്തകം.....
4. ഒരു പ്രത്യേകമായ ഭൂപ്രകൃതി സവിശേഷതയുള്ള അധിവാസ കേന്ദ്രം അഥവാ പരിസ്ഥിതിയിലുള്ളവർഗ്ഗം അഥവാ വിഭാഗത്തെക്കുറിച്ചുള്ള ഒരു കവിതാ ആശയമാണ്.....
5. ഗ്രീക്കുകാർ, റോമക്കാർ,പടിഞ്ഞാറൻ ഏഷ്യൻ ജനങ്ങൾ എന്നിവരടങ്ങിയ പാശ്ചാത്യരെ ..... എന്ന് വിളിക്കുന്നു

## III. ശരിയായ പ്രസ്താവന കണ്ടുപിടിക്കുക.

1. a) കൊടുമണൽ,ഗുട്ടൂർ എന്നീ സ്ഥലങ്ങളിൽ ഇരുമ്പുരുക്കൽ നടത്തി നൽകിയതിന്റെ തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്
b) എരിത്രിയൻ കടലിലെ പെരിപ്ലസ് ഇന്ത്യയുമായുള്ള കുരുമുളകു വാണിജ്യത്തെ പരാമർശിക്കുന്നു
c) ഇന്ത്യയിൽ ഏറ്റവുമാദ്യം ഉപയോഗിച്ച മുദ്രണം ചെയ്തിട്ടുള്ള നാണയങ്ങൾ അധികവും സ്വർണ്ണം കൊണ്ടുള്ള നാണയങ്ങളാണ്
d) സംഘകാലത്തിന്റെ വേരുകൾ വെങ്കലയുഗത്തിലുണ്ട്
2. a) ചേരൻമാർ കാവേരിഡൽറ്റയിൽ ഭരണം നടത്തി. അവരുടെ തലസ്ഥാനം ഉറൈയൂർ ആണ്.
b) മാങ്കുളം തമിഴ് ബ്രഹ്മി ആലേഖനങ്ങൾ കരികാലനെക്കുറിച്ച് പരാമർശിക്കുന്നു.
c) തമിഴ് ബ്രഹ്മി ആലേഖനത്തിനുള്ള വണികൻ, നിഗം എന്നീ വാക്കുകൾ വ്യത്യസ്തവിഭാഗം കച്ചവടക്കാരെ കുറിക്കുന്നു.
d) ഉപ്പുക്കച്ചവടക്കാരെ വണികരെന്നു വിളിക്കുന്നു.അവർ കുടുംബത്തോടൊപ്പം കാളവണ്ടിയിൽ സഞ്ചരിച്ചിരുന്നു

## IV. ചുരുക്കി ഉത്തരമെഴുതുക

1. പുരാവസ്തു ഗവേഷണം നടത്തപ്പെടുന്ന സ്ഥലങ്ങൾ മുൻകാല ചരിത്രത്തിന്റെ തെളിവുകൾ നൽകുന്നു. ചർച്ച ചെയ്യുക
2. സംഘത്തെക്കുറിച്ച് പഠിക്കുന്നതിനുള്ളതെളിവുകളിൽ നാണയത്തിന്റെ പ്രാധാന്യമെന്ത്?
3. സംഘകാലത്തിലെ ഒരു പ്രധാന ഉപജീവനമാർഗ്ഗമാണ് കൃഷി. കാരണങ്ങൾ നൽകുക
4. കടൽകടന്നുള്ള ആശയവിനിമയത്തിലൂടെ പുരാതന തമിഴ്നാടിന് മഹത്വമുണ്ടായി. ഉദാഹരണം നൽകി സമർത്ഥിക്കുക.

## V. ചേരുംപടി ചേർക്കുക

1. ശിലാശാസനങ്ങൾ - പ്രധാനചരിത്രസംഭവങ്ങളെ വിവരിക്കുന്ന പുസ്തകം
2. കാലാനുസൃതചരിത്രം - സംഘകാലതുറമുഖം.
3. മേച്ചിൽ തൊഴിൽ - അമൂല്യരത്നം കൊണ്ടു നിർമ്മിച്ചആഭരണം.
4. ചിത്രം കൊത്തിയിട്ടുള്ള രത്നാഭരണം (കാമിയോ) - ആലേഖനങ്ങളെക്കുറിച്ചുള്ള പഠനം.
5. അരിക്കമേട് - നാടോടി ജനങ്ങൾ കന്നുകാലിവളർത്തി ഉപജീവനം നടത്തിയിരുന്നു.



IX Std - History Malayalam Unit-3.indd 50 3/29/2023 5:54:32 PM

## VI. തന്നിട്ടുള്ള ശീഘ്രർഷകത്തിനു ചുവട്ടിലുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1. വീരക്കൽ
   a.) മേച്ചിൽ തൊഴിൽ നടത്തിയിരുന്ന സമൂഹത്തിന്റെ പൊതുവായ ആചാരം എന്ത്?
   b) ശത്രുക്കളുടെ കന്നുകാലി സമ്പത്തിനെ കൊള്ളയടിച്ചത് ആര്?
   c) മരിച്ച യുദ്ധവീരൻമാർ ജനങ്ങളാൽ സ്മരിക്കപ്പെട്ടതെങ്ങനെ?
   d) വീരക്കൽ സ്ഥാപിക്കുന്ന രീതികളെ വിവരിക്കുന്ന തമിഴ് പുസ്തകമേത്?
2. തമിഴിതര ഉറവിടങ്ങൾ(വിദേശീയരുടെ കുറിപ്പുകൾ)
   a) തമിഴിതര ഉറവിടങ്ങൾ കാണിക്കുന്നതെന്ത്
   b) മുത്ത്, ശംഖ് എന്നിവ പാണ്ഡ്യരാജ്യത്തു നിന്നും കൊണ്ടുവരപ്പെട്ടതെന്നു പറയുന്ന മൗര്യകാലത്തെ ശ്രേഷ്ഠമായ കൃതി ഏത്?
   c) കാലാനുസൃത ചരിത്രം (chricle) എന്നാലെന്ത്?
   d) ഇന്ത്യക്കും റോമിനുമിടയിൽ കുരുമുളകു വാണിജ്യം നടന്നിരുന്നുവെന്ന് പ്രസ്താവിച്ചതാര്?
3. സംഘകാലത്തെ വ്യവസായങ്ങളും കൈത്തൊഴിലുകളും.
   a) നഗരവൽകരണത്തിന്റെ പ്രധാന സ്വഭാവമെന്ത്?
   b) മൺപാത്രനിർമ്മാതാവിന്റെ തമിഴ് പേരെന്ത്?
   c) ജനങ്ങൾ ഉപയോഗിച്ച വിവിധതരം മൺപാത്രങ്ങൾ ഏവ?
   d) കൃഷിക്കും യുദ്ധത്തിനും ആവശ്യമായ ഇരുമ്പുപകരണങ്ങളും ആയുധങ്ങളും ഏവ?

## VII.വിവരിച്ച് ഉത്തരമെഴുതുക

1. തമിഴകത്തിലെ രാഷ്ട്രീയ ശക്തികൾ സംഘകാല ഭരണകൂടത്തിനെ എത്രമാത്രം സ്വാധീനിച്ചു?
2. സംഘകാലത്തിലെ വ്യവസായങ്ങളും കൈത്തൊഴിലുകളും അവരുടെ സാമ്പത്തിക സ്ഥിതിക്കായി നൽകിയ സംഭാവനകൾ എന്തെല്ലാം.?

### ചരിത്രത്തിലെ വിനോദം

**വിദ്യാർത്ഥികളുടെ പ്രവർത്തനം**

തെക്കേ ഇന്ത്യൻ ഭൂപടത്തിൽ പുരാതന തമിഴകവും തമിഴ് രാജ്യങ്ങളുടെ അതിർത്തികളും കുറിക്കുക.

ഒരു കാഴ്ചബംഗ്ലാവ് സന്ദർശിച്ച് അവിടത്തെ ആലേഖനങ്ങൾ, നാണയങ്ങൾ, പുരാതന മനുഷ്യർ ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുക.

ചരിത്രാരംഭ പ്രദേശങ്ങളായ അരിക്കമേട്, കാവേരിപ്പൂമ്പട്ടണം,കീഴടി എന്നിവ സന്ദർശിക്കുക.

ചരിത്രകാലത്തെ സ്ഥലങ്ങൾ ഉത്ഖനനം ചെയ്ത് കിട്ടിയ വസ്തുക്കൾ, തമിഴ് ബ്രഹ്മിലിപി എന്നിവയെക്കുറിച്ച് ഒരു പഠനം നടത്തുക.

**അദ്ധ്യാപകരുടെ മാർഗ്ഗനിർദ്ദേശത്തോടെ ചെയ്യേണ്ട പ്രവർത്തനങ്ങൾ.**

മനുഷ്യോൽപ്പത്തിയെക്കുറിച്ചുള്ള ഒരു പവർ പോയന്റ് പ്രസന്റേഷൻ

### വിശാലമായ വായനയ്ക്ക്


1. **കാ.രാജൻ തൊല്ലിയൽ നോക്കിൽ സംഘ കാലം,ലോക തമിഴ് ഗവേഷണ കേന്ദ്രം.**
2. Champakalakshmi, R. Archaeology and Tamil Literary Tradition. *Puratattva*
3. Rajan Gurukkal. Social Formation in South India. Oxford University Press.


### ഇന്റർനെറ്റ് വിവരങ്ങൾ

1. https://www.britannica.com
2. https://sangamtamilliterature.wordpress.com
3. http://www.archeologia.univ.



IX Std - History Malayalam Unit-3.indd 51 3/29/2023 5:54:32 PM

# ICT കോർണ്ണർ

ഇന്റർനെറ്റ് പ്രവർത്തനം

## അരിക്കമേടിനെ കണ്ടെത്താൻ

നമുക്ക് കാണാം



### ഘട്ടങ്ങൾ

1. ബ്രൗസറിൽ തന്നിട്ടുള്ള URL ൽ ടൈപ്പ് ചെയ്യുക അഥവാ QR കോഡിനെ സ്കാൻ ചെയ്യുക.
2. ക്ലിക്ക് ഭുവൻ. 2D'.
3. സെർച്ച് ബോക്സിൽ അരിക്കമേട് ടൈപ്പ് ചെയ്യുക സെർച്ച് ബട്ടനെ ക്ലിക്ക് ചെയ്യുക അല്ലെങ്കിൽ എന്റർ കീയെ അമർത്തുക.
4. സാറ്റ്ലൈറ്റിലൂടെ സ്ഥലം കാണുന്നതിന് സാറ്റ്ലൈറ്റ് ഓഫ്ഷൻ സെലക്ട് ചെയ്യുക. ഇടതു ഭാഗം കൊടുത്തിട്ടുള്ള '+' അല്ലെങ്കിൽ '-' ചിഹ്നങ്ങൾ ക്ലിക്ക് ചെയ്ത് സൂം ഇൻ അല്ലെങ്കിൽ സൂം അവുട് ചെയ്യുക.

ഘട്ടം 1






ഘട്ടം 2

ഘട്ടം 3





ഘട്ടം 4

വെബ്സൈറ്റ് URL:
http://bhuvan.nrsc.gov.in/bhuvan_links.php#

വെബ്സൈറ്റ് URL:
https://play.google.com/store/apps/details?id=com.prajwal.history.science.isro.bhuvan.earth.map.satellite



IX Std - History Malayalam Unit-3.indd 52 3/29/2023 5:54:33 PM

യൂണിറ്റ്
4

# ധൈഷണികമായ ഉണർവ്വും സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങളും

## പഠന ലക്ഷ്യങ്ങൾ

- BCE ആറാംനൂറ്റാണ്ട് മുതൽ BCE രണ്ടാം നൂറ്റാണ്ട് വരെയുള്ള സാമൂഹ്യമാറ്റങ്ങളെ ഗ്രഹിക്കുക.
- ഇന്ത്യയിലെ ബുദ്ധമതം, ജൈനമതം, അജീവിക മതം, പേർഷ്യയിലെ സൊരാഷ്ട്രമതം, ചൈനയിലെ കൺഫ്യൂഷ്യനിസം, ടാവോയിസം എന്നിവയുടെ അടിസ്ഥാന ആശയങ്ങളുമായി നാം സ്വയമേവ പരിചയപ്പെടുക.
- രാഷ്ട്രങ്ങളുടെ രൂപീകരണം, മഗധസാമ്രാജ്യത്തിന്റെ പ്രാധാന്യം എന്നിവയിലേയ്ക്കു നയിച്ച സാഹചര്യങ്ങളെക്കുറിച്ച് അവബോധം ഉണ്ടാവുക.
- മൗര്യവംശത്തിനു മുമ്പും മൗര്യകാലത്തുമുള്ള സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങളെ മനസ്സിലാക്കുക.

## മുഖവുര

BCE 6 ാം നൂറ്റാണ്ടിൽ ഉത്തരേന്ത്യയിൽ വാണിജ്യം, നഗരവൽക്കരണം എന്നിവയ്ക്ക് പുതിയ ഉണർവ്വ് ഉണ്ടായതിനാൽ ഒരു പുതിയ നാഗരീകത വികസിക്കാൻ ആരംഭിച്ചു. ബുദ്ധനും മഹാവീരനും ജനിച്ച ഈ കാലഘട്ടത്തിൽ ഉത്തരേന്ത്യയിൽ നിരവധി രാഷ്ട്രീയ സാമൂഹ്യമാറ്റങ്ങൾ ഉണ്ടായി. അവർ മരിച്ചിട്ട് ഒരു നൂറ്റാണ്ടിനുശേഷം ബുദ്ധമതം, ജൈനമതം എന്നിവ പ്രധാന മതങ്ങളായി ഇന്ത്യയിൽ വേരുറപ്പിച്ചു. നിരവധി അനുയായികളും പുതിയ വിശ്വാസങ്ങൾ തത്വചിന്ത എന്നിവയുടെ പ്രചരണവും ഉള്ള പുതിയ മതപരമായ ക്രമം രൂപം കൊണ്ടും എന്ന് അർത്ഥമാക്കാവുന്നതാണ്. അതുപോലെ ഈ കാലഘട്ടത്തിൽ പേർഷ്യയിൽ സൊരാഷ്ട്രമതവും ചൈനയിൽ കൺഫ്യൂഷ്യനിസവും ടാവോയിസവും പ്രചാരത്തിൽ വന്നു.

## 4.1 BCE 6 ാം നൂറ്റാണ്ടിലെ മതം

പുതിയ ആയസ യുഗത്തിലെ പുതിയ നാഗരീകതകൾക്ക് ചില പൊതുവായ സ്വഭാവമുണ്ട്. പുതിയ കൈത്തൊഴിലുകളുടെ പെട്ടെന്നുള്ള വർദ്ധനവ്, ദീർഘ ദൂരവാണിജ്യത്തിന്റെ വളർച്ച, നഗരങ്ങളുടെ നിർമ്മാണം, സമസ്ത സംരക്ഷണ വാദിയായ മതങ്ങൾ, മാറിയ പെരുമാറ്റച്ചട്ടം എന്നീ സവിശേഷതകൾ അവയ്ക്കുണ്ടായിരുന്നു. അതുകൊണ്ട് BCE ആറാം നൂറ്റാണ്ടിൽ ഭൗതികവും സാംസ്ക്കാരികവും ബുദ്ധിപരവുമായ എല്ലാ രംഗങ്ങളിലും പ്രത്യേകമായ പുരോഗതി കൈവരിച്ചു. ഈ കാലത്ത്, നിരവധി പ്രമുഖവ്യക്തികളും മഹാൻമാരായ ചിന്തകരും പുതിയ മതങ്ങളുടെ സ്ഥാപകരും ജീവിച്ചിരുന്നതായി നമുക്കു കാണാം. അവർ ഈ കാലഘട്ടത്തെ ചരിത്ര പ്രാധാന്യമുള്ളതാക്കി മാറ്റി. തത്വചിന്തകരും മതചിന്തകരുമായ ചൈനയിലെ കൺഫ്യൂഷ്യസ് ഇറാനിലെ സൊരാഷ്ട്രർ ഇന്ത്യയിലെ മഹാവീരൻ, ബുദ്ധൻ BCE 6 ാം നൂറ്റാണ്ടിൽ പ്രശസ്തി നേടിയവരാണ്.

## 4.2 കൺഫ്യൂഷനിസവും ടാവോയിസവും

BCE 6ാം നൂറ്റാണ്ടിൽ ചൈനയിൽ രണ്ടു മഹാൻമാരായ ചിന്തകർ ജനിച്ചു. അവരാണ് കൺഫ്യൂഷ്യസും ലയോട്സെയും. വ്യക്തികൾക്കും സമൂഹത്തിനും വേണ്ടി സാൻമാർഗ്ഗികപരമായ ഒരു സാമൂഹ്യ പെരുമാറ്റരീതി അവർ സ്ഥാപിച്ചു. എന്നാൽ മരണശേഷം അവരുടെ സ്മരണയ്ക്കായി ക്ഷേത്രങ്ങൾ പണിയുകയും അവർ പഠിപ്പിച്ച തത്വങ്ങളെ മതമായി വികസിപ്പിക്കുകയും ചെയ്തു. അവ ക്രമത്തിൽ കൺഫ്യൂഷനിസം, ടാവോയിസം എന്നറിയപ്പെടുന്നു. അവരുടെ കൃതികളെ ചൈനക്കാർ വളരെ ബഹുമാനത്തോടെ കണ്ടിരുന്നു. കൺഫ്യൂഷനിസം ചൈനയിലെ രാഷ്ട്രീയവർഗ്ഗത്തെ മാത്രമല്ല പൊതുജനങ്ങളിലും വളരെയേറെ സ്വാധീനം ചെലുത്തി.



IX Std - History Malayalam Unit-4.indd 53 1/27/2023 12:38:50 PM




BCE. 6 ാം നൂറ്റാണ്ടിലെ ധൈഷണികമായ ഉണർവ്വുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ

## കൺഫ്യൂഷ്യസ്

(551-478 BCE)

ചൈനയിലെ ഷാന്റംഗ് പ്രോവിൻസിൽ BCE 551 ൽ കൺഫ്യൂഷ്യസ് ജനിച്ചു. അദ്ദേഹം ചരിത്രം, കവിത, തത്വചിന്ത, സംഗീതം എന്നിവ പഠിച്ചു. അഞ്ചുപുസ്തകങ്ങളുടെ രചയിതാവാണ് അദ്ദേഹം. തികച്ചും ധർമ്മശാസ്ത്ര പരമായ അദ്ദേഹത്തിന്റെ രേഖകളുടെ പുസ്തകം (The book of Records) മനുഷ്യ സമൂഹത്തെ ക്രമീകരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയതാണ്. മംഗള ഗീതത്തിന്റെ പുസ്തകം (The book of odes) ശക്തമായ സാന്മാർഗ്ഗിക തത്വങ്ങൾ ഗാനങ്ങളിലൂടെ വിവരിക്കുന്നു. (3) മാറ്റങ്ങളുടെ പുസ്തകം (The book of changes) അതിഭൗതികയെ കുറിക്കുന്നു. (4) വസന്തവും ശരത്തും കാലാനുക്രമ ചരിത്രം (The spring and Autumn Annals) രാഷ്ട്രീയ സാൻമാർഗ്ഗികതയെ കുറിക്കുന്നു. (5) ചരിത്രത്തിന്റെ പുസ്തകം (The book of History) ചൈനയിലെ ആദ്യകാല മതങ്ങളിലെ ഐതിഹ്യങ്ങളും സംഭവങ്ങളും വിവരിക്കുന്നു.



കൺഫ്യൂഷ്യസ്

### കൺഫ്യൂഷ്യസിന്റെ ധർമ്മ ശാസ്ത്രത്തിലെ അടിസ്ഥാനപരമായ അഞ്ചുതത്വങ്ങൾ

1. മനുഷ്യത്വം
2. ധാർമ്മികത്വം
3. ഔചിത്യബോധം
4. വിവേകം
5. വിശ്വാസ്യത

കൺഫ്യൂസിന്റെ അഭിപ്രായപ്രകാരം വിവേകം കുടുംബത്തിൽ നിന്നും വളരുന്നു. ഒരു സമൂഹത്തിന്റെ അടിസ്ഥാനമെന്നത് ചിട്ടയായ കുടുംബത്തിലെ അച്ചടക്കമുള്ള വ്യക്തികളാണ്. ഒരു ഉന്നതനായ മനുഷ്യൻ ബുദ്ധിമാനും പണ്ഡിതനും ആയിരിക്കണമെന്നില്ല. മറിച്ച് അദ്ദേഹത്തിന്റെ സ്വഭാവം ഒരുമികച്ച മാതൃകയായിരിക്കണം. കൺഫ്യൂഷ്യസിന്റെ അഭിപ്രായപ്രകാരം ഒരു ഉന്നതനായ വ്യക്തിക്ക് മൂന്ന് ഗുണങ്ങൾ ഉണ്ടായിരിക്കണം. അവ ബുദ്ധിശക്തി, ധീരത, സൗമനസ്യം എന്നീ സദ്ഗുണങ്ങളാണ്. കുട്ടികൾ മാതാപിതാക്കളെയും ഭാര്യ ഭർത്താവിനെയും



IX Std - History Malayalam Unit-4.indd 54 1/27/2023 12:38:53 PM

അനുസരിക്കണമെന്ന് കൺഫ്യൂഷ്യസ് ഊന്നിപ്പറയുന്നു. തെറ്റായ കല്പനകൾ നൽകുന്ന അച്ഛനെ മകനും രാജാവിനെ മന്ത്രിയും എതിർക്കേണ്ടതാണ്. ആവശ്യത്തിന് ഭക്ഷണം ആവശ്യത്തിന് സൈനിക ഉപകരണങ്ങൾ ഭരണാധികാരികളോട് ജനങ്ങൾക്കുള്ള ആത്മവിശ്വാസം എന്നിവ ഉണ്ടാകണമെന്ന് ഗവൺമെന്റിനെ കുറിച്ച് ആരാഞ്ഞപ്പോൾ അദ്ദേഹം അഭിപ്രായപ്പെട്ടു.

### ടാവോയിസം

കൺഫ്യൂഷ്യൻ തത്വചിന്തകർക്കു മുമ്പുള്ള മികച്ച തത്വചിന്തകനാണ് ലാവോട്സെ. അദ്ദേഹം കൺഫ്യൂഷ്യൻസിനെക്കാൾ 53 വയസ്സ് മുതിർന്ന ആളാണ്. ലാവോട്സെ BCE. 604 ൽ ജനിച്ചു. രാഷ്ട്രീയക്കാരുടെ ഉപജാപങ്ങളും അഴിമതിയും കണ്ട് മനം നൊന്ത് അദ്ദേഹം ചൈന വിട്ട് സമാധാനം ലഭിക്കുന്ന ഒരു സ്ഥലത്തു പോയി താമസിച്ചു. ലാവോട്സെ 5000 വാക്കുകളുള്ള ഒരു പുസ്തകം രണ്ടു ഭാഗങ്ങളായി എഴുതിയുണ്ടാക്കി. അദ്ദേഹം പിന്നീട് അവിടെ നിന്നും അപ്രത്യക്ഷനായി. എവിടെ വെച്ച് അദ്ദേഹം മരണമടഞ്ഞുവെന്ന് ആർക്കുമറിയില്ല. അദ്ദേഹത്തിന്റെ പുസ്തകം ടാവോതെഹ്ചിങ് ജീവിതത്തിലെ സ്വാഭാവ രൂപീകരണത്തിന് മാർഗ്ഗദർശകമായ ഒന്നാണ്.

### ലാവോട്സെയുടെ പ്രബോധനങ്ങൾ (ടാവോയിസം)

- ലോകത്തിൽ മനുഷ്യന്റെ ദുഃഖത്തിനുള്ള കാരണം അവരുടെ സ്വാർത്ഥതയാണ്. സ്വാർത്ഥത അനന്തമായ മാനുഷിക ആഗ്രഹങ്ങൾക്ക് കാരണമാവുകയും അതൊരിക്കലും പൂർത്തിയാക്കാൻ ആവാത്തതുമാകുന്നു.
- പ്രകൃതിയിൽ എല്ലാ വസ്തുക്കളും പ്രകൃത്യാൽ തന്നെ പ്രവർത്തിക്കുന്നു. അതുപോലെ മനുഷ്യ സ്വഭാവനിയമങ്ങളും പ്രകൃതിക്കനുസൃതമായിരിക്കണം.


ലാവോട്സെ

- മനുഷ്യർ ചിലരുടെ നിയന്ത്രണങ്ങൾക്ക് വിധേയമായി ജീവിക്കുന്നു. എന്തെന്നാൽ അവർ അറിവുനേടുകയും നിഷ്ക്കളങ്കരല്ലാതാവുകയും ചെയ്തു. അവർക്ക് ലഭിച്ച അറിവനുസരിച്ച് ഒരു നഗര സംസ്ക്കാരം രൂപീകരിക്കുയും അത് അവരുടെ സന്തോഷത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു.

## 4.3 സൊരാഷ്ട്രമതം

ലോകത്ത് അറിയപ്പെടുന്ന മതങ്ങളിൽ ഏറ്റവും പുരാതന മതങ്ങളിലൊന്നാണ് സൊരാഷ്ട്രമതം. BCE. 6 ാം നൂറ്റാണ്ടിൽ അഭിവൃദ്ധി പ്രാപിച്ചിരുന്ന മൂന്നു മികച്ച ഇറാനിയൻ സാമ്രാജ്യങ്ങളുടെ രാഷ്ട്രമതമായി കിഴക്കും മധ്യകിഴക്കും രാജ്യങ്ങളിൽ സ്വാധീനം ചെലുത്തിയിരുന്നു. പേർഷ്യയിൽ ആവിർഭവിച്ച മതമാണ് സൊരാഷ്ട്രമതം. ഇത് സ്ഥാപിച്ചത് പേർഷ്യയിലെ സൊരാഷ്ട്രർ ആണ്. അവിടത്തെ ജനങ്ങൾ പുരാതന ദേവതകളെ ആരാധിക്കുന്നത് കണ്ട് അദ്ദേഹം വേദനിച്ചു. അദ്ദേഹം ഇതിനെ തിരെ കലാപമുണ്ടാക്കുകയും ലോകത്തിൽ ഒരു ദൈവം അഹുരാ മസ്ദ (പ്രകാശത്തിന്റെ ദൈവം) മാത്രമേ ഉള്ളൂ എന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

സൊരാഷ്ട്രക്കാരുടെ പുണ്യഗ്രന്ഥമാണ് സെൻഡ് അവസ്ഥ. ഇത് വിവിധകാലഘട്ടങ്ങളിലെ ദൈവീകമായ സാഹിത്യം, മതപരമായ ഗാനങ്ങൾ, പ്രാർത്ഥനകൾ, കുറ്റസമ്മതങ്ങൾ, നിയമങ്ങൾ, ഐതിഹ്യങ്ങൾ, പുണ്യസ്മരണകൾ എന്നിവയുടെ സഞ്ചയമാണ്. സൊരാഷ്ട്രമതത്തിന്റെ തത്വങ്ങളും ആചാരങ്ങളും വേദങ്ങളുടേതിന് സമാനത പുലർത്തിയിരുന്നു.

### പ്രബോധനങ്ങൾ

സാൻമാർഗ്ഗികതയെ പരിപോഷിപ്പിക്കുന്നതായിരിക്കണം മതം, രാഷ്ട്രം, സമൂഹം എന്നിവയുടെ പ്രധാനലക്ഷ്യമെന്ന് സൊരഷ്ട്രർ പഠിപ്പിച്ചു. ചിന്തകൾ, വാക്കുകൾ, പ്രവൃത്തികൾ എന്നിവയിലെ പരിശുദ്ധിയാണ് ഏറ്റവും വലിയ മതപരമായ ആശയം. അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ച് അഹുരാമസ്ദയ്ക്ക് ഏഴു ഗുണങ്ങളുണ്ടായിരുന്നു. അവ (1) വെളിച്ചം (2) നൻമ നിറഞ്ഞ മനസ്സ് (3) ശരിയായ മാർഗ്ഗം (4) ആധിപത്യം (5) ഭക്തി (6) ക്ഷേമം (7) അനശ്വരത എന്നിവയാണ്. അഹുരമസ്ദ സർവ്വജ്ഞാനിയും (എല്ലാം അറിയുന്നവനും) സർവ്വശക്തനും, (എല്ലാം ശക്തികളുമുള്ള) സർവ്വവ്യാപിയും (എല്ലായിടത്തും കാണാവുന്ന) ആണ്. യാഗങ്ങളും വിഗ്രഹാരാധനയും സൊരഷ്ട്രമതത്തിലില്ലായിരുന്നു. അഗ്നിയെ ദൈവമായി ആരാധിക്കുകയും ഏറ്റവും ഉയർന്ന രൂപമായി കരുതുകയും ചെയ്തു. ധർമ്മ പ്രവർത്തനങ്ങൾ മതത്തിന്റെ ഒരു പ്രധാന ഘടകമാണ്. നിർദ്ധനർക്കുവേണ്ടി സേവനമനുഷ്ഠിക്കണമെന്ന് പ്രധാനമായും അത് ആവശ്യപ്പെടുന്നു.

## 4.4 ഇന്ത്യയിൽ ഇരുമ്പുസാങ്കേതിക വിദ്യയുടെ സ്വാധീനം

ഗംഗാസമതലത്തിൽ ജനങ്ങൾ ഉപജീവനത്തിനാവശ്യമായതിൽ കവിഞ്ഞ് വിളവുകൾ ഉല്പാദിപ്പിക്കാൻ അറിഞ്ഞിരുന്നു. അതിനാൽ മറ്റൊരു വിഭാഗം ജനങ്ങൾ കൈത്തൊഴിലുകളെ അവരുടെ ഉപജീവനത്തിനായി തെരഞ്ഞെടുത്തു. ഈ വിഭാഗം ജനങ്ങൾ അസംസ്കൃത വസ്തുക്കൾ ശേഖരിച്ചുകൊടുത്തവരേയും കരകൗശല വസ്തുക്കൾ വിതരണം ചെയ്യുന്നവരെയും ആശ്രയിച്ചിരുന്നു. ഇരുമ്പുപണി മൺപാത്ര



IX Std - History Malayalam Unit-4.indd 55 1/27/2023 12:38:53 PM

നിർമ്മാണം, മരപ്പണി, തുണിനെയ്ത്ത് എന്നിവയിൽ പ്രാവീണ്യം നേടിയ ജനങ്ങൾ അധിവസിച്ചിരുന്ന ഗ്രാമങ്ങൾകൊണ്ടും, അസംസ്കൃതവസ്തുക്കൾ അധികമായിലഭിക്കുന്നതും കരകൗശലവസ്തുക്കൾ വിറ്റഴിക്കാനുള്ള മാർക്കറ്റുകളും ഉള്ള സ്ഥലത്ത് പ്രാവീണ്യം നേടിയ കൈത്തൊഴിലുകാരുടെ കൂട്ടായ്മകൊണ്ടും ആദ്യകാല നഗരവൽക്കരണം രണ്ടുവിധത്തിൽ രൂപംകൊണ്ടു. അങ്ങനെയുള്ള സംയോജനത്താൽ ഗ്രാമങ്ങൾ നഗരങ്ങളായും വിനിമയകേന്ദ്രങ്ങളായും മാറി. വൈശാലി, ശ്രാവസ്തി, രാജഗൃഹം, കൗസാംബി, കാശി എന്നിവ ഗംഗാസമതലത്തിൽ രൂപം കൊണ്ട വളരെ പ്രാധാന്യമുള്ള വാണിജ്യകേന്ദ്രങ്ങളാണ്.

## 4.5 ഋഗ്വേദാനന്തരമുള്ള മതം

ഋഗ്വേദത്തി നുശേഷം രചിക്കപ്പെട്ട മറ്റു മൂന്നു വേദങ്ങളാണ് യജുർവേദം, സാമവേദം അഥർവവേദം എന്നിവ. ആചാരങ്ങളുടെ ലഘുപുസ്തകങ്ങളായ ബ്രാഹ്മണങ്ങൾ, താളാത്മകമായ ഗാനങ്ങളോട് കൂടിയവയാണ്. ഋഗ്വേദത്തിലെ സ്തുതിഗീതങ്ങളുടെ രണ്ടുവ്യാഖ്യാനങ്ങൾ ആരണ്യകങ്ങൾ എന്നപേരിൽ അറിയപ്പെടുന്നു. അറിവ് പ്രദാനം ചെയ്യുന്ന ഈ ഗ്രന്ഥങ്ങൾ കാടുകളിൽ വച്ച് രഹസ്യമായി അഭ്യസിക്കപ്പെടുന്നു. ഉപനിഷത്തുക്കൾ മേൽഗംഗാസമതലത്തിൽ BCE. 1000 - 600 നുമിടയ്ക്ക് സമാഹരിച്ചവയാണ്.

## 4.6 ജൈനമതവും ബുദ്ധമതവും

ഗംഗാസമതലത്തിൽ കൃഷിക്ക് ഇരുമ്പു കലപ്പകൾ ഉപയോഗിക്കുന്നതിന് കാളകൾ ആവശ്യമായി വന്നു. ദൈവീക ചടങ്ങുകൾക്കും യാഗങ്ങൾക്കുമായി യാതൊരു വിവേചനവുമില്ലാതെ മൃഗങ്ങളെ കൊന്നൊടുക്കിയത് എതിർപ്പുകൾക്ക് കാരണമായി. ബുദ്ധജൈനമതങ്ങളുടെ സ്ഥാപകർ മതപരമായ ചടങ്ങുകൾക്കായി കന്നുകാലികളെ കൊല്ലുന്നതിനെ അംഗീകരിച്ചില്ല. അവർ തങ്ങളുടെ ജീവിതചര്യകൾക്കാവശ്യമായവ ഭിക്ഷാടനത്തിലൂടെയും ദാനത്തിലൂടെയും നേടിയിരുന്നു. ബ്രഹ്മചര്യം, ഉപവാസം, സ്വത്തു കൈവശം വെയ്ക്കാതിരിക്കുക എന്നിവകളിലൂടെ ഈ ഗുരുക്കൻമാർ ബ്രാഹ്മണ പുരോഹിതൻമാരേക്കാൾ കൂടുതൽ സ്വീകാര്യരായി. ചെലവേറിയതും വിശാലവുമായ വൈദിക ചടങ്ങുകൾ, മൃഗബലി, സമ്പത്തിനോടുള്ള അത്യാഗ്രഹം എന്നിവയോടുള്ള ജനങ്ങളുടെ എതിർപ്പ് അവരെ ബുദ്ധജൈനമതങ്ങളിലേയ്ക്കെത്തിച്ചു.

പരിശുദ്ധിയുടെയും മാതൃകാപരമായ ലാളിത്യത്തിന്റെയും ത്യാഗത്തിന്റെയും. മാർഗ്ഗത്തിലാണ് മഹാവീരനും ബുദ്ധനും ജീവിച്ചത് അവർ മഗധയിലെ പ്രമുഖ ഭരണാധികാരികളായ ബിംബിസാരൻ, അജാതശത്രു എന്നിവരുടെ കാലഘട്ടത്തിലാണ് ജീവിച്ചിരുന്നത്. വടക്കുള്ള നഗരങ്ങളായ കൗസാംബി, കുശിനഗരം, ബനാറസ്, വൈശാലി, രാജ്ഗിർ എന്നിവിടങ്ങളിലെ വാണിജ്യപുരോഗതി വൈശ്യർക്ക് കൂടുതൽ പ്രാധാന്യം കൊണ്ടുവന്നു. അവർ തങ്ങളുടെ സാമൂഹ്യനില ഉയർത്തുന്നതിനുള്ള താല്പര്യാർത്ഥം ബുദ്ധജൈനമതങ്ങൾ സ്വീകരിച്ചു.

### ജൈനമതം

### മഹാവീരൻ - ജനനവും ജീവിതവും

വർദ്ധമാന മഹാവീരൻ വൈശാലിക്കടുത്തുള്ള കുന്ദഗ്രാമത്തിൽ BCE. 599 ൽ ജനിച്ചു. ലിശ്ചാവി രാജകുമാരി ത്രിശലയാണ് അദ്ദേഹത്തിന്റെ മാതാവ്. അദ്ദേഹം ആരംഭകാലത്തിൽ ഒരു രാജകുമാരനായി ജീവിച്ചു. യശോദ എന്ന രാജകുമാരിയെ അദ്ദേഹം വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു പുത്രി ജനിച്ചു. മുപ്പതാം വയസ്സിൽ അദ്ദേഹം വീട് ഉപേക്ഷിച്ച് ഒരു സന്യാസിയായി മാറി. 12 വർഷങ്ങൾക്കധികം സ്ഥലം വിട്ട് സ്ഥലം അലഞ്ഞുനടന്നു. കഠിനമായ തപസ്സിനും ആത്മപീഡനത്തിനും വിധേയമാക്കി. അദ്ദേഹത്തിന്റെ തപശ്ചര്യയുടെ പതിമൂന്നാം വർഷത്തിൽ ഏറ്റവും ഉന്നതമായ ജ്ഞാനം കൈവന്നു. അതിനുശേഷം അദ്ദേഹം ജിനൻ (കീഴടക്കിയ ആൾ) എന്നും മഹാവീരൻ (മികച്ചധീരൻ) എന്നും അറിയപ്പെട്ടു. ജൈനമതക്കാരുടെ വിശ്വാസമനുസരിച്ച് മഹാവീരൻ തീർത്ഥങ്കരന്മാരുടെ നിരയിൽ വന്നയാളെന്നും അദ്ദേഹത്തെ 24-ാമത്തെയും അവസാനത്തെയും തീർത്ഥങ്കരനാണെന്നും പറയുന്നു. റിഷബൻ ആദ്യത്തെ തീർത്ഥങ്കരനും പാർസവനാഥ് അവസാനത്തേതിന് തൊട്ടുമുമ്പുള്ള അതായത് 23-ാമത്തെയും തീർത്ഥങ്കരനുമാണ്. മഗധം, വിദേഹം, അംഗം തുടങ്ങിയ രാജ്യങ്ങളിൽ മഹാവീരൻ ഒരു പ്രബോധകനായി വളരെയേറെ സഞ്ചരിച്ചു. മഗധരാജാക്കൻമാരായ ബിംബിസാരനും അജാതശത്രുവും അദ്ദേഹത്തിന്റെ പ്രബോധനങ്ങളാൽ സ്വാധീനിക്കപ്പെട്ടു. 30 വർഷത്തെ ധർമ്മോപദേശങ്ങൾക്കുശേഷം മഹാവീരൻ BCE 527ൽ എഴുപത്തിരണ്ടാം വയസ്സിൽ പവപുരിയിൽ വച്ച് മരണമടഞ്ഞു.


മഹാവീരൻ

### മഹാവീരന്റെ പ്രബോധനങ്ങൾ

ജൈനമതത്തിന്റെ മൂന്നു തത്വങ്ങൾ ത്രിരത്നങ്ങൾ എന്നറിയപ്പെടുന്നു. അവ



IX Std - History Malayalam Unit-4.indd 56 1/27/2023 12:38:53 PM

1. ശരിയായ വിശ്വാസം: മഹാവീരന്റെ പ്രബോധനങ്ങളിലും ജ്ഞാനത്തിലുമുള്ള വിശ്വാസം.
2. ശരിയായ അറിവ്: ദൈവമില്ലെന്നും ലോകം സ്രഷ്ടാവ് ഇല്ലാതെ നിലനിൽക്കുന്നു എന്നീ തത്വങ്ങൾക്കുള്ള അംഗീകാരം.
3. ശരിയായ പ്രവൃത്തി: മഹാവീരൻ നിർദ്ദേശിച്ചിട്ടുള്ള 5 മഹത്തായ ശപഥങ്ങൾ എടുക്കുക (1)അഹിംസ (2) സത്യസന്ധത (3) ദയ (4) സത്യം പറയുക (5) അന്യരുടെ വസ്തുക്കളെ ആഗ്രഹിക്കാതിരിക്കുക.

**നിങ്ങൾക്ക് അറിയാമോ?**


ബാഹുബലി

കർണ്ണാടകയിലെ ശ്രാവണ ബൽഗോളയിൽ ബാഹുബലിയുടെ പ്രതിമ (ഗോമതീശ്വര പ്രതിമ, 57 അടിഉയരം) നിർമ്മിച്ചിട്ടുണ്ട് ഇന്ത്യയിൽ നിർമ്മിച്ചിട്ടുള്ള ഏറ്റവും ഉയരം കൂടിയ ജൈനപ്രതിമയാണിത്

## ജൈനമതത്തിന്റെ പ്രചാരം

ഈ പുതിയ വിശ്വാസം പ്രചരിപ്പിക്കുന്നതിന് മഹാവീരൻ മഠങ്ങൾ സ്ഥാപിക്കുകയും വളരെ ലളിത ജീവിതം നയിച്ചിരുന്ന മുനിമാരെ (ജൈനസന്യാസികൾ) ഏർപ്പെടുത്തുകയും ചെയ്തു. വടക്കെഇന്ത്യയിൽ ധനനന്ദൻ, ചന്ദ്രഗുപ്തമൗര്യൻ, ഖരവേലൻ എന്നിവർ ഈ പുതിയ വിശ്വാസത്തിന്റെ രക്ഷാധികാരികളായി അതിന് പ്രോത്സാഹനം നല്കി. BCE. നാലാം നൂറ്റാണ്ടിൽ കർണ്ണാടകത്തിലും പടിഞ്ഞാറെ ഇന്ത്യയിലും ജൈനമതത്തിന് എടുത്ത പറയത്തക്ക പ്രചാരം ഉണ്ടായി. ജൈനമതം സ്വീകരിച്ചവരുടെ ഉത്സാഹം വർദ്ധിക്കുന്ന വിധത്തിൽ അവർക്ക് പ്രോത്സാഹനം ലഭിച്ചിരുന്നു. ബ്രാഹ്മണരുടെ വർണ്ണസമ്പ്രദായം വെല്ലുവിളിക്കപ്പെട്ടു. ജനങ്ങൾ ചെലവേറിയ വിശാലമായ അനുഷ്ഠാനങ്ങളും യാഗങ്ങളും ഒഴിവാക്കി. ജീവനുള്ളതും ജീവനില്ലാത്തതുമായ എല്ലാവറ്റിനും ആത്മാവുണ്ടെന്നും വിവിധനിലകളിൽ ചേതനയുണ്ടെന്ന് മഹാവീരൻ വിശ്വസിച്ചിരുന്നു. അവയ്ക്ക് ജീവനുണ്ടെന്നും മുറിവുണ്ടാക്കിയാൽ വേദനിക്കുമെന്നും അദ്ദേഹം കരുതി.

## ജൈനമതത്തിലെ വിഭജനം

കാലക്രമത്തിൽ ജൈനമതം രണ്ടുവിഭാഗങ്ങളായി പിരിഞ്ഞു. ദിഗംബരൻമാരെന്നും (ആകാശവസ്ത്രം) ശ്വേതാംബരൻമാരെന്നും (വെളുത്തവസ്ത്രം) അവ അറിയപ്പെട്ടു.

## ജൈനമതത്തിന്റെ അധഃപതനം

രാജകീയ സംരക്ഷണം, അതിന്റെ രീതികളിലുമുള്ള കാഠിന്യം, വിഭജനവാദം, ബുദ്ധമതത്തിന്റെ പ്രചാരം എന്നിവ ജൈനമതം ഇന്ത്യയിൽ അധഃപതിക്കുന്നതിന് കാരണമായി.

## ബുദ്ധമതം

## ഗൗതമ ബുദ്ധൻ : ജനനവും ജീവിതവും

ഇന്നത്തെ നേപ്പാളിലുള്ള കപില വസ്തുവിലെ ശാക്യവംശത്തിലെ ക്ഷത്രിയ തലവനായ ശുദ്ധോനന്റെ മകനാണ് ഗൗതമബുദ്ധൻ. അദ്ദേഹത്തിന് നൽകിയിട്ടുള്ള പേര് സിദ്ധാർത്ഥൻ എന്നാണ്. അദ്ദേഹം ശാക്യവംശത്തിലെ വ്യക്തി ആയതിനാൽ അദ്ദേഹത്തെ ശാക്യമുനി എന്നുവിളിച്ചിരുന്നു. BCE567-ൽ കപിലവസ്തുവിനടുത്തുള്ള ലുംബിനിയിൽ അദ്ദേഹം ജനിച്ചു. മാതാവ്, മായാദേവി (മഹാമായ) അദ്ദേഹം ജനിച്ച് കുറച്ചു ദിവസങ്ങൾക്കുള്ളിൽ തന്നെ മരണമടഞ്ഞു. പിന്നീട് അദ്ദേഹം ഇളയമ്മയാൽ വളർത്തപ്പെട്ടു. അദ്ദേഹത്തിന്റെ ശ്രദ്ധ ലൗകിക ജീവിതത്തിലേയ്ക്കു കൊണ്ടുവരുന്നതിന് പതിനാറാം വയസ്സിൽ പിതാവ് അദ്ദേഹത്തെ യശോധര എന്ന രാജകുമാരിയുമായി വിവാഹം കഴിപ്പിച്ചു. അദ്ദേഹം കുറച്ചുകാലം സന്തുഷ്ടമായ കുടുംബജീവിതം നയിച്ചു. രാഹുലൻ എന്ന പേരിൽ ഒരു പുത്രനുണ്ടായിരുന്നു.

ഒരു ദിവസം വൈകുന്നേരം സിദ്ധാർത്ഥൻ നഗരത്തിലൂടെ കടന്നുപോകുമ്പോൾ ബന്ധുക്കളാൽ ഉപേക്ഷിക്കപ്പെട്ട ഒരു വൃദ്ധൻ, വേദന കൊണ്ട് നിലവിളിക്കുന്ന ഒരു രോഗി, ബന്ധുക്കൾ ചുറ്റും നിന്നുകരയുന്ന ഒരു ശവശരീരം എന്നീ കാഴ്ചകൾ കണ്ടു. ഇവ അദ്ദേഹത്തെ വളരെയേറെ വേദനിപ്പിച്ചു. കൂടാതെ ലൗകീകജീവിതം ഉപേക്ഷിച്ച ദുഃഖമില്ലാത്ത ഒരു സന്യാസിയെയും കണ്ടു. ഈ നാല് വലിയ കാഴ്ചകളും അദ്ദേഹം ലൗകീകജീവിതം ഉപേക്ഷിക്കുന്നതിനും ദുഃഖത്തിന്റെ കാരണങ്ങൾ അന്വേഷിക്കുന്നതിനും പ്രേരിപ്പിച്ചു. BCE537-ൽ സത്യം കണ്ടെത്തുന്നതി നായി കൊട്ടാരം ഉപേക്ഷിച്ച് കാട്ടിലെത്തി. അലഞ്ഞുതിരിഞ്ഞു നടക്കുന്ന കാലത്ത് അദ്ദേഹം ഒരു ബോധിവൃക്ഷച്ചുവട്ടിൽ പലദിവസങ്ങൾ ബോധോദയം ലഭിക്കുന്നതുവരെ ധ്യാനനിമഗ്നനായി ഇരുന്നു. അദ്ദേഷത്തിന് ബോധോദയം ലഭിച്ച സ്ഥലത്ത്, ബോധ്ഗയയിൽ (ബിഹാർ) മഹാബോധീക്ഷേത്രം ഇന്നും കാണപ്പെടുന്നു.


ഗൗതമബുദ്ധൻ

ബോധോദയം ലഭിച്ചതിനുശേഷം തന്റെ അറിവ് ജനങ്ങൾക്കു പകരുന്നതിന് തീരുമാനിച്ചു. അദ്ദേഹം വരണാസിയിൽ ചെന്ന് തന്റെ ആദ്യപ്രഭാഷണം സാരനാഥിൽ നിർവ്വഹിച്ചു. മഗധ, കോസലം എന്നീ രാജ്യങ്ങളിലും അദ്ദേഹം മതതത്വങ്ങൾ പ്രചരിപ്പിച്ചു. തന്റെ സ്വന്തം കുടുംബം ഉൾപ്പെടെ ധാരാളം ആളുകൾ അദ്ദേഹത്തിന്റെ അനുയായികളായി. 45 വർഷത്തെ പ്രചരണങ്ങൾക്കുശേഷം BCE 487 ൽ കുശിനഗര (ഉത്തരപ്രദേശത്തിലെ ഗോരഖ്പൂരിനടുത്ത്) ത്തിൽ 80 ാമത്തെ വയസ്സിൽ അന്ത്യശ്വാസം വലിച്ചു.



IX Std - History Malayalam Unit-4.indd 57 1/27/2023 12:38:54 PM

## ബുദ്ധമതത്തിന്റെ പ്രബോധനങ്ങൾ

### 1. നാല് വലിയ സത്യങ്ങൾ :

(1) ലോകത്തിൽ കഷ്ടപ്പാടുകളും ദുഃഖങ്ങളുമുണ്ട്. (2) മനുഷ്യരുടെ കഷ്ടപ്പാടുകൾക്ക് കാരണം അത്യാഗ്രഹമാണ്. (3) അത്യാഗ്രഹത്തെ നിയന്ത്രിച്ചാൽ കഷ്ടപ്പാടുകളെ അകറ്റാം (4) ഇത് നേടുന്നതിനായി ഒരു അച്ചടക്കമുള്ള ജീവിതം നയിക്കണം അഥവാ ബുദ്ധന്റെ മഹത്തായ അഷ്ടമാർഗ്ഗങ്ങൾ പിന്തുടരണം.

### 2. മോക്ഷം നേടുക :

ബുദ്ധന്റെ അഭിപ്രായമനുസരിച്ച് ഒരു വ്യക്തി മോക്ഷം അഥവാ ഏറ്റവും ഉയർന്ന അനുഗ്രഹം ലഭിക്കണമെങ്കിൽ ആ വ്യക്തി ബുദ്ധന്റെ അഷ്ടമാർഗ്ഗങ്ങൾ അനുസരിച്ച് സദാചാരപരമായി ജീവിക്കേണ്ടതാണ്.

### 3. മഹത്തായ അഷ്ടമാർഗ്ഗങ്ങൾ:

മനസ്സിന്റെ ഏറ്റവും നല്ലനില കൈവരിക്കുന്നതിന് ബുദ്ധൻ ഒരു പുതിയ വഴി ഉപദേശിച്ചു. (1) ശരിയായ ദർശനം (2) ശരിയായ അഭിലാഷം (3) ശരിയായ ഭാഷണം (4) ശരിയായ പ്രവൃത്തി (5) ശരിയായ ജീവിതമാർഗ്ഗം (6) ശരിയായ പ്രയത്നം (7) ശരിയായ ജാഗ്രത (8) ശരിയായ ധ്യാനം. ഈ എട്ടു മാർഗ്ഗങ്ങളും അവലംബിക്കുന്നവർ ഏറ്റവും ഉയർന്നതും പരിശുദ്ധവുമായ മാനസിക നില കൈവരിക്കുമെന്ന് ബുദ്ധൻ ഉപദേശിച്ചു.

## ബുദ്ധമതത്തിന്റെ വ്യാപനം

ബുദ്ധൻ തന്റെ സന്ദേശങ്ങളെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ എത്തിക്കുന്നതിനു ബുദ്ധ സംഘം അഥവാ സന്യാസികളുടെ പരിശുദ്ധ ക്രമം എന്ന സംഘടന സ്ഥാപിച്ചു. ഭിക്ഷുക്കളെയും ഭിക്ഷുണികളെയും വിശ്വാസത്തെ പ്രചരിപ്പിക്കന്നതിന് ചുമതലപ്പെടുത്തുകയും അവർ സംശുദ്ധവും നിർധനവുമായ ജീവിതം നയിക്കണമെന്ന് നിഷ്ക്കർഷിക്കുകയും ചെയ്തു. മദ്ധേഷ്യ, ശ്രീലങ്ക, ടിബറ്റ്, തെക്കുകിഴക്കൻ ഏഷ്യ, ചൈന, മംഗോളിയ, കൊറിയ, ജപ്പാൻ, വിയറ്റ്നാം എന്നിവിടങ്ങളിൽ ബുദ്ധമതം വ്യാപിച്ചു.

## ബുദ്ധമതത്തിലെ വിഭജനം

കനിഷ്ക്കന്റെ ഭരണകാലത്ത് ബുദ്ധസന്യാസിയായ നാഗാർജ്ജുനൻ ബുദ്ധമതം തുടർന്നും പിന്തുടരുന്നതിലേയ്ക്കായി ചില പരിഷ്ക്കാരങ്ങൾ കൊണ്ടുവന്നു. അതിന്റെ ഫലമായി ബുദ്ധമതം ഹീനയാനം, മഹായാനം എന്ന് രണ്ടായി വിഭജിക്കപ്പെട്ടു.

1. **ഹീനയാനം (ചെറിയവാഹനം)** : ബുദ്ധൻ പ്രബോധനം ചെയ്ത അതേ തത്വങ്ങൾ പിന്തുടർന്ന വിഭാഗമാണിത്. ഇതിന്റെ അനുയായികൾ ബുദ്ധനെ ദൈവമായി ആരാധിക്കാതെ ഒരു ഗുരു മാത്രമായി കരുതി. അവർ വിഗ്രഹാരാധനയെ എതിർക്കുകയും ജനങ്ങളുടെ വ്യവഹാര ഭാഷയായ പാലി തുടർന്നും ഉപയോഗപ്പെടുത്തി.

2. **മഹായാനം (വലിയവാഹനം)** : ബുദ്ധൻ ദൈവമായി ആരാധിക്കപ്പെട്ടു. ബുദ്ധന്റെ മുൻ അവതാരമായി ബോധിസത്വൻ കരുതപ്പെട്ടു. ഇതിനെ പിന്തുടരുന്നവർ ബുദ്ധന്റെയും ബോധിസത്വന്റെയും വിഗ്രഹങ്ങൾ നിർമ്മിച്ച് ആരാധനകൾ നടത്തുകയും, സ്തുതി ഗീതങ്ങൾ (മന്ത്രങ്ങൾ) പാടുകയും ചെയ്തു. പിന്നിട് അവരുടെ മതഗ്രന്ഥങ്ങൾ സംസ്കൃതത്തിൽ രചിച്ചു. ബുദ്ധമതത്തിന്റെ ഈ വിഭാഗത്തെ കനിഷ്ക്കൻ പ്രോത്സാഹിപ്പിച്ചു.

## ബുദ്ധമതത്തിന്റെ അധഃപതനം

ഇന്ത്യയിൽ ബുദ്ധമതം താഴെപ്പറയുന്ന കാരണങ്ങളാൽ അധഃപതിച്ചു.

1. ആദ്യകാലത്ത് ബുദ്ധമതം ജനപ്രിയമാകാനുള്ള പ്രധാനകാരണം ജനങ്ങളുടെ ഭാഷയായ പാലിയിൽ പ്രചരിപ്പിച്ചതാണ്. പിൽക്കാലത്ത് ബുദ്ധമതഗ്രന്ഥങ്ങൾ സംസ്കൃതത്തിൽ രചിക്ക






IX Std - History Malayalam Unit-4.indd 58 1/27/2023 12:38:55 PM

**നിങ്ങൾക്ക് അറിയാമോ?**

**ജൈനകാഞ്ചി :** CE. 7 ാം നൂറ്റാണ്ടിൽ ജൈനമതം തമിഴ്നാട്ടിലെ പ്രധാനമതങ്ങളിലൊന്നായിരുന്നു. പല്ലവരാജാവ് മഹേന്ദ്രവർമ്മൻ ജൈനമതവിശ്വാസിയായിരുന്നു. അപ്പരുടെ സ്വാധീനത്താൽ അദ്ദേഹം ശൈവമതത്തിലേയ്ക്ക് മാറി. ഇന്നത്തെ കാഞ്ചിനഗരത്തിൽ വളരെയടുത്തായി നിരവധി ജൈനക്ഷേത്രങ്ങളുള്ള ജൈനക്കാഞ്ചി എന്ന സ്ഥലമുണ്ട്. പ്രധാന ക്ഷേത്രങ്ങളിലൊന്നായ തിരുപ്പരുത്തികുന്റ്ത്തിലെ മേൽക്കുരയിൽ മഹാവീരന്റെ ജീവിതകഥ ചിത്രീകരിച്ചിട്ടുണ്ട്.

പ്പെട്ടതിനാൽ സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കാൻ പ്രയാസമായിരുന്നു.

2. ഹീനയാനം, മഹായാനം എന്ന് ബുദ്ധമതം രണ്ടായി പിരിഞ്ഞത് അധ:പതനത്തിന്റെ മറ്റൊരു പ്രധാനകാരണമാണ്. മഹായാന ബുദ്ധമതത്തിലെ വിഗ്രഹാരാധന ബുദ്ധമതത്തിന് ഹിന്ദുമതവുമായി യാതൊരു വ്യത്യാസവും കണ്ടിരുന്നില്ല.
3. ഗുപ്തൻമാരുടെ ഭരണകാലത്ത് ബുദ്ധമതത്തിന് ലഭിച്ചിരുന്ന രാജകീയമായ പ്രോത്സാഹനങ്ങൾ നഷ്ടപ്പെട്ടു.
4. അനന്തരം, ഹൂണൻമാരുടെയും തുർക്കികളുടെയും ആക്രമണങ്ങളാൽ ബുദ്ധമതം ഏറെക്കുറെ തുടച്ചെറിയപ്പെട്ടു.

## 4.7 ഇതര അവൈദിക വിഭാഗങ്ങൾ

### അജിവിഗം

ബുദ്ധജൈനമതങ്ങൾ രൂപം കൊണ്ട കാലഘട്ടത്തിൽ അജിവിഗം എന്ന പുതിയ വിഭാഗം ജന്മം കൊണ്ടു. മഹാവീരന്റെ ഒരു സുഹൃത്തായ ഗോശാല (മസ്ക്കരി പുത്ര ഗോശാല) യാണ് ഇതിന്റെ സ്ഥാപകൻ. ചിലകാലം അവർ ഒരുമിച്ചായിരുന്നു. പിന്നീട് ഗോശാല മാറിപ്പോവുകയും അജിവിഗം എന്ന വിഭാഗത്തെ ആരംഭിക്കുകയും ചെയ്തു. ഒരു നിരീശ്വര പ്രസ്ഥാനമാണ് അജിവിഗം. മുൻകാല പ്രവർത്തനങ്ങളുടെ ഫലമാണ് മനുഷ്യൻ ഇപ്പോഴനുഭവിക്കുക എന്ന കർമ്മസിദ്ധാന്തത്തെ അജിവിഗം തള്ളിക്കളഞ്ഞു. ധർമ്മപ്രവർത്തനങ്ങളും ഭക്തിയും അവസാനകാലത്തെ സ്വാധീനിക്കയില്ല എന്ന് ഗോശാല വാദിച്ചു.

**നിങ്ങൾക്ക് അറിയാമോ?**

ബുദ്ധന്റെ വളരെയടുത്ത ശിഷ്യനായ ആനന്ദൻ ഒരിക്കൽ ബുദ്ധനോട് സ്ത്രീകൾക്ക് ഭിക്ഷുക്കളാകാൻ സാധിക്കുമോ എന്ന് ആരാഞ്ഞു. ബുദ്ധൻ ഇപ്രകാരം പറഞ്ഞു. അതെ, സ്ത്രീകൾക്ക് ത്യാഗത്തിന്റെ മാർഗ്ഗം സ്വീകരിക്കാമെങ്കിൽ അവർക്ക് ഭിക്ഷുക്കളാകാനും പുരുഷൻമാരെപ്പോലെ പൂർണ്ണമായി ബോധവൽക്കരിക്കപ്പെടുന്നതിനും സാധിക്കും.

അജിവിഗർക്ക് തെക്കെ ഇന്ത്യയിൽ ചെറിയ സ്വാധീനം ഉണ്ടായിരുന്നു. ചോളൻമാരുടെ ഭരണകാലത്ത് അവരിൽ നിന്നും ഒരു പ്രത്യേക നികുതി പിരിച്ചു. ബുദ്ധമതക്കാരുടെ മണിമേഖല, ജൈനരുടെ നീലകേശി, ശൈവമതക്കാരുടെ ശിവജ്ഞാന സിദ്ധിയർ എന്നീ മൂന്ന് തമിഴ്കൃതികളിൽ അജിവിഗ തത്വങ്ങളെക്കുറിച്ചുള്ള പരാമർശമുണ്ട്.

### ഗണസംഘങ്ങൾ

മഹാവീരൻ, ബുദ്ധൻ എന്നിവരുടെ കാലത്ത് രണ്ട് വ്യത്യസ്ത വിഭാഗം ഗവൺമെന്റുകൾ ഉണ്ടായിരുന്നു. അവ രാജഭരണവും വർഗ്ഗ പ്രഭുവാഴ്ചയും അഥവാ ഗണ സംഘങ്ങൾ ആയിരുന്നു. ഗണ സംഘങ്ങൾ രാജഭരണത്തിന് പകരം നിൽക്കുന്ന ഭരണകൂടം ആവിഷ്ക്കരിച്ചു. വൈദികപരമായ ചടങ്ങുകളും വർണ്ണ നിയമങ്ങളും പിന്തുടർന്നില്ല. ശാക്യൻമാർ, കോളിയൻമാർ, മല്ല എന്നിവ ഒരു വർഗ്ഗം മാത്രമായിട്ടുള്ളതോ അഥവാ വ്യജ്ജികൾ, വൃഷ്ണികൾ (വൈശാലിക്കടുത്തുള്ള ഒരു വർഗ്ഗ കൂട്ടായ്മ) എന്നീ വർഗ്ഗ കൂട്ടായ്മകളുടേയോ ഭരണക്രമമാണ് ഗണസംഘത്തിന്റേത്. ഗണസം ഘങ്ങൾക്ക് രണ്ടടുക്ക് സംവിധാനമാണുള്ളത്. അവ ഭരണകുടുംബങ്ങളായ ക്ഷത്രിയ രാജകുലവും, അടിമകളും തൊഴിലാളികളും അടങ്ങിയ ദാസകർമ്മ വിഭാഗക്കാരുമാണ്.

## 4.8 രാജ്യങ്ങളുടെ ഉദയം

BCE. 6 ാം നൂറ്റാണ്ട് രാജ്യങ്ങൾ പ്രഭു ഭരണങ്ങൾ, ദേശങ്ങൾ, നഗരങ്ങൾ എന്നിവയുടെ രൂപവൽകരണത്തിന് സാക്ഷ്യം വഹിച്ചു. വലിയ ദേശങ്ങളിൽ നിന്നും രാജ്യങ്ങൾ രൂപം കൊണ്ടു. ഋഗ്വേദകാലത്തെ നിരവധി ഗോത്രങ്ങളായ ഭരതർ, പാശു, ത്രിത്സു തുറവശസ് എന്നിവർ വിസ്മൃതിയിലാവുകയും പുതിയ ഗോത്രങ്ങളായ കുരു, പാഞ്ചാലർ എന്നിവർ പ്രാമുഖ്യം നേടുകയും ചെയ്തു. ബുദ്ധമതഗ്രന്ഥങ്ങളിൽ പതിനാറ് മഹാജനപഥങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ജനപഥങ്ങളിൽ ഭാഷാപരമായും സാംസ്ക്കാരികപരമായും പൊതുവായ അവസ്ഥ നിലവിലുണ്ടായിരുന്നു. എന്നാൽ മഹാജനപഥങ്ങളിൽ വ്യത്യസ്തമായ സാമൂഹ്യ സാംസ്ക്കാരിക വിഭാഗങ്ങൾ



IX Std - History Malayalam Unit-4.indd 59 1/27/2023 12:38:55 PM

ജീവിച്ചിരുന്നു. രാജ്യങ്ങളുടെ ആവിർഭാവത്തിനു ശേഷം മേൽക്കോയ്മയ്ക്കുവേണ്ടിയുള്ള യുദ്ധങ്ങൾ വിവിധ രാജ്യങ്ങൾക്കിടയിൽ അടിക്കടി നടന്നിരുന്നു. അശ്വമേധം, രാജസൂയം തുടങ്ങിയ യാഗങ്ങൾ രാജാക്കൻമാർ നടത്തുകയും അതിലൂടെ തങ്ങളുടെ ശത്രുക്കളിൽ മേൽക്കോയ്മ നേടി സാമ്രാജ്യങ്ങൾ ഏർപ്പെടുത്തുന്നതിന് കാരണമായി. രാജൻ എന്ന ഋഗ്വേദ പദവി സാമ്രാട്ട്, എക്റാട്ട് വീരാട്, ഭോജ തുടങ്ങിയ ആകർഷക പദവികളായി മാറ്റപ്പെട്ടു.

## രാജകീയ അധികാരത്തിന്റെ വളർച്ച

പരിപൂർണ്ണ അധികാരം രാജാവിൽ നിക്ഷിപ്തമായിരുന്നു. ഋഗ്വേദകാലത്തെ സഭയുടെ അധികാരം നഷ്ടമായി. യുദ്ധം, സമാധാനം, സാമ്പത്തിക പ്രശ്നങ്ങൾ എന്നിവയ്ക്കായി രാജാവ് സമിതിയുടെ സഹായം തേടിയിരുന്നു. സഭകൾ ഉണ്ടായിരുന്നിട്ടും രാജാവിന്റെ അധികാരം ഉയർന്നുകൊണ്ടേയിരുന്നു. രാജാക്കൻമാർ അപ്രമാദികളും ശിക്ഷകളൊന്നും ബാധകമല്ലാത്തവരെന്നും ശതപാദബ്രാഹ്മണം വിവരിക്കുന്നു. രാജകീയ അധികാരത്തിന്റെ വളർച്ച ഭരണപരമായ സ്ഥാപനങ്ങളുടെ വികസനത്തിൽ പ്രതിഫലിച്ചു. താഴെപ്പറയുന്ന രാജാവിനെ സഹായിച്ച ഒരു കൂട്ടം ഉദ്യോഗസ്ഥരാണ് ഭുഗദുഗൻ (നികുതി പിരിയ്ക്കുന്നവൻ), സൂതൻ (തേരാളി), അക്ഷരപാ (ചൂതാട്ടത്തിന്റെ സൂപ്രണ്ട്), ക്ഷത്രി (ചേംബർലിൻ), ഗോരികാർത്തന (രാജാവിനെ അനുധാവനം ചെയ്യുന്നആൾ), പാലൊഗോള (സദസ്യൻ), തക്ഷൻ (മരപ്പണിക്കാരൻ), രഥാകാരൻ (രഥം നിർമ്മിക്കുന്നവൻ) എന്നിവരാണ്. ഇവരെക്കൂടാതെ പുരോഹിതൻ, സേനാനി, പട്ടാളജനറൽ, ഗ്രാമണി (ഗ്രാമത്തലവൻ) എന്നിവരുമുണ്ടായിരുന്നു. പിൽക്കാല വേദകാലത്ത് ഗ്രാമണി ആഭ്യന്തര ഭരണവും പട്ടാളഭരണവും നിർവ്വഹിച്ചിരുന്നു. അദ്ദേഹത്തിലൂടെ രാജകീയ അധികാരം ഗ്രാമങ്ങളിൽ നടപ്പിലാക്കി. നീതിന്യായാധികാരം നിർവ്വഹിച്ചത് രാജാവാണ്. ചിലസന്ദർഭങ്ങളിൽ ഈ അധികാരം അദ്ധ്യക്ഷന് (രാജകീയ ഉദ്യോഗസ്ഥൻമാർ) കൈമാറിയിരുന്നു. ഗ്രാമങ്ങളിൽ തർക്കങ്ങൾക്ക് തീർപ്പുകല്പിച്ചത് ഗ്രാമ്യവാദിൻ (ഗ്രാമന്യായാധിപൻ) സഭ എന്നിവയാണ്.കുറ്റങ്ങൾക്ക് കഠിനമായ ശിക്ഷ നൽകിയിരുന്നു.

വടക്ക് കാബൂൾ താഴ്വര മുതൽ തെക്ക് ഗോദാവരി താഴ്വര വരെ ഉത്തരേന്ത്യ വ്യാപിച്ചുകിടക്കുന്നു. ഇവിടെ പതിനാറ് മഹാജനപഥങ്ങൾ രൂപംകൊണ്ടു. അവ കാശി, കോസലം, അംഗം, മഗധം, വജ്ജി, മല്ല, ചേദി, വത്സ, കുരു, പാഞ്ചാലം, മത്സ്യം, ശൂരസേനം, അസ്സാഖം, അവന്തി, ഗാന്ധാരം, കംബോജം എന്നിവയാണ്.

## മഗധ രാജ്യത്തിന്റെ ആവിർഭാവം

രാജ്യങ്ങളിലെ ഭരണ സംവിധാനങ്ങൾ ഗണസംഘത്തിൽ നിന്നും വ്യത്യസ്തമായിരുന്നു. രാജ്യങ്ങൾ കേന്ദ്രീകൃതമായ ഭരണകൂടത്തിലൂടെ പ്രവർത്തിച്ചു. രാഷ്ട്രീയാധികാരം രാജകുടുംബത്തിൽ കേന്ദ്രീകരിച്ചിരുന്നു. രാജകുടുംബം പാരമ്പര്യമായി അധികാരം കൈമാറിയ ഒരു പ്രത്യേക രാജവംശത്തിന്റെ ഭാഗമാണ്. രാജാവിനെ ഉപദേശിക്കുന്നതിനായി പരിഷത് (മന്ത്രിമാർ), സഭ (ഉപദേശക കൗൺസിൽ) എന്നിവ ഉണ്ടായിരുന്നു. സഭ നികുതിപിരിച്ച് രാജ്യതലസ്ഥാനത്തിലെ ഖജനാവിൽ അടച്ചു. സൈനിക ചിലവ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം തുടങ്ങിയ പൊതു ചെലവുകൾക്ക് ആ തുക വിനിയോഗിച്ചു.

ഈ കാലഘട്ടത്തിലെ സാഹിത്യങ്ങളിൽ പരമാർശിക്കപ്പെട്ടിട്ടുള്ള രാജ്യങ്ങളിൽ കാശി, കോസലം, മഗധ എന്നിവ വളരെ ശക്തിയുള്ളവയായിരുന്നു. ഇവയെ എതിർത്തിരുന്ന ഒരേ റിപ്പബ്ലിക്ക് രാജ്യമാണ് വൈശാലിയെ തലസ്ഥാനമാക്കിയുള്ള വൃജ്ജി. തന്ത്രപ്രധാനവും സാമ്പത്തിക നേട്ടങ്ങളുള്ളതുമായ ഗംഗാസമതലത്തിന്റെ നിയന്ത്രണത്തിനായുള്ള പോരാട്ടത്തിൽ മഗധരാജ്യം വിജയം നേടി. മഗധത്തിലെ ആദ്യത്തെ പ്രധാന രാജാവാണ് ബിംബിസാരൻ. ഉയർന്ന നിലയിലുള്ള വൈശാലിയിലെ ലിശ്ചാവി രാജകുടുംബത്തേയും കോസലത്തെ രാജകുടുംബത്തേയും വിവാഹ ബന്ധങ്ങളിലൂടെ സ്വാധീനിച്ച ബിംബിസാരൻ അംഗരാജ്യത്തെ (ഇപ്പോൾ പശ്ചിമ ബംഗാൾ) ആക്രമിച്ച് ഗംഗാ ഡൽറ്റയുടെ ആധിപത്യം നേടി.

ഭരണപരമായി ഒരു പൂർണ്ണ സംവിധാനം ഏർപ്പെടുത്തുന്നതിൽ ബിംബിസാരൻ വിജയിച്ചു. ഭരണ സംവിധാനത്തിൽ ഗ്രാമമാണ് അടിസ്ഥാന ഘടകമായിട്ടുള്ളത്. ഗ്രാമങ്ങളെ കൂടാതെ പാടങ്ങളും മേച്ചിൽപ്പുറങ്ങളും തരിശുനിലങ്ങളും കാടുകളും ഉണ്ടായിരുന്നു. ഓരോ ഗ്രാമവും ഗ്രാമണിയുടെ കീഴിൽ കൊണ്ടുവന്നു. അദ്ദേഹത്തിന് നികുതിപിരിച്ച് രാജ്യത്തിന്റെ ഖജനാവിൽ ചെലുത്തേണ്ട ഉത്തരവാദിത്വമുണ്ടായിരുന്നു. ഗ്രാമണിയുടെ ജോലിയിൽ സഹായിക്കാനായി കൃഷി ചെയ്യുന്ന സ്ഥലത്തെ അളന്നു തിട്ടപ്പെടുത്തി വിളവിന്റെ മൂല്യം നിശ്ചയിക്കുന്നതിനുള്ള ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നു. നിലനികുതി (ബാലി) എന്നത് രാജ്യത്തിന്റെ മുഖ്യവരുമാന

**നിങ്ങൾക്ക് അറിയാമോ?**

ഇരുമ്പു കലപ്പ കൊണ്ടുള്ള കൃഷിയാണ് സാമ്രാജ്യങ്ങളുണ്ടാകുന്നതിന് വഴിതെളിച്ചത്. ഇറാനിലെ അസ്സീറിയയും ഇന്ത്യയിലെ മഗധവും ഇവയ്ക്കുദാഹരണമാണ്.



IX Std - History Malayalam Unit-4.indd 60 1/27/2023 12:38:55 PM

മാണ്. ഉല്പാദനത്തിന്റെ ഭാഗം നിശ്ചയിച്ചിരുന്നത് കൃഷി ചെയ്തിരുന്ന ഭൂമിയുടെ അളവിന്റെ അനുപാതത്തിലാണ്. ഷഡ്ഭാഗിൻ എന്നവാക്ക് രാജാവിന് നൽകിയിരുന്ന ആറിൽ ഒരു ഭാഗത്തെ കുറിക്കുന്നു. അപ്രകാരം, ഒരു കാർഷിക സമ്പദ്വ്യവസ്ഥ മഗധയിൽ രൂപം കൊണ്ടു.

ബിംബിസാരന്റെ പുത്രനായ അജാത ശത്രു പിതാവിനെ വധിച്ചിട്ട് BCE. 493 ൽ സിംഹാസനാരോഹണം ചെയ്തതായി പറയപ്പെടുന്നു. സൈനികാക്രമണങ്ങളിലൂടെ രാജ്യത്തെ വികസിപ്പിക്കുക എന്ന തന്റെ പിതാവിന്റെ നയങ്ങളെ അദ്ദേഹം പിന്തുടർന്നു. മഗധത്തിന്റെ തലസ്ഥാനമായ രാജഗൃഹം അഞ്ചുകുന്നുകളാൽ വലയം ചെയ്തിരുന്നു. അത് രാജ്യത്തിന് പുറത്തുനിന്നുള്ള ഭീഷണിയെ ചെറുക്കുന്നതിനാണ്. അജാതശത്രു രാജഗൃഹത്തിലെ കോട്ടയെ ബലപ്പെടുത്തുകയും പാടലിഗ്രാമം എന്ന കോട്ട ഗംഗാനദിക്കരയിൽ നിർമ്മിക്കുകയും ചെയ്തു. അത് പ്രാദേശിക ഉല്പന്നങ്ങളുടെ വിനിമയ കേന്ദ്രമായിരുന്നു. പിൽക്കാലത്ത് പാടലീപുത്രം എന്ന പേരിൽ മൗര്യ തലസ്ഥാനമായി. അജാതശത്രു BCE 461 ൽ മരിച്ചു. അതിനുശേഷം അഞ്ച് രാജാക്കൻമാർ പിൻമുറക്കാരായി അധികാരത്തിലെത്തി. അവരെല്ലാവരും തന്നെ അജാത ശത്രുവിനെ മാതൃകയാക്കി പിതാക്കൻമാരെ വധിച്ച് സിംഹാസനാരോഹിതരായി. ഇത്തരം ആവർത്തിച്ചിട്ടുള്ള സംഭവങ്ങൾ കണ്ട് അസ്വസ്ഥരായ മഗധയിലെ ജനങ്ങൾ അവസാനത്തെ രാജാവിന്റെ വൈസ്രോയിയായ ശിശുനാഗനെ രാജാവായി വാഴിച്ചു. ഏറെക്കുറെ അര നൂറ്റാണ്ടുകാലം ഭരിച്ച ശിശുനാഗവംശത്തിന് മഹാപത്മനന്ദനോട് രാജ്യം നഷ്ടപ്പെട്ടു. മഹാപത്മനന്ദൻ നന്ദവംശം സ്ഥാപിച്ചു. നന്ദൻമാരാണ് വടക്കെ ഇന്ത്യയെ ഭരിച്ച ക്ഷത്രിയരല്ലാത്ത ആദ്യത്തെ രാജവംശം.

## 4.9 മൗര്യസാമ്രാജ്യം

### രാഷ്ട്രവും സമൂഹവും

പിൽക്കാലത്ത് ചാണക്യൻ അഥവാ കൗടില്യൻ എന്നറിയപ്പെട്ടിരുന്ന വിഷ്ണുഗുപ്തന് നന്ദരാജാവിനോട് ശത്രുതയുണ്ടായി. അദ്ദേഹത്തെ അധികാരത്തിൽ നിന്ന് മാറ്റും എന്ന് പ്രതിജ്ഞ ചെയ്തു. മാസിഡോണിയ രാജാവ് അലക്സാണ്ടറാൽ പ്രചോദനം ഉൾക്കൊണ്ട ചന്ദ്രഗുപ്തൻ ഒരു സൈന്യം രൂപീകരിച്ച് തന്റേതായ ഒരു സാമ്രാജ്യം സ്ഥാപിക്കുന്നതിനുള്ള ഒരവസരം നോക്കിയിരിക്കുകയായിരുന്നു. അലക്സാണ്ടറുടെ മരണവാർത്തകേട്ട ഉടനെ ചന്ദ്രഗുപ്തൻ ജനങ്ങളെ ഇളക്കിവിട്ട് അവരുടെ സഹായത്താൽ തക്ഷശിലയിൽ തമ്പടിച്ചിരുന്ന അലക്സാണ്ടറുടെ കാവൽസൈന്യത്തെ ഓടിച്ചു. പിന്നീട് അദ്ദേഹം തന്റെ സൗഹൃദ സൈന്യങ്ങളോടൊപ്പം പാടലീപുത്രത്തിൽ കടന്ന് BCE 321ൽ നന്ദരാജാവിനെ പരാജയപ്പെടുത്തി. ഇപ്രകാരം മൗര്യവംശത്തിന്റെ ഭരണം ആരംഭിച്ചു.

ചന്ദ്രഗുപ്തന്റെ ഭരണകാലത്ത് ഏഷ്യാമൈനർ മുതൽ ഇന്ത്യവരെയുള്ള പ്രദേശങ്ങളെ നിയന്ത്രിച്ചിരുന്ന അലക്സാണ്ടറുടെ സൈന്യാധിപൻ സെലൂക്കസ് നികേഡർ സിന്ധുനദി കടക്കുകയും ചന്ദ്രഗുപ്തൻ അദ്ദേഹത്തെ പരാജയപ്പെടുത്തുകയും ചെയ്തു. സെലൂക്കസിന്റെ ദൂതനായ മെഗസ്തനീസ് ഇന്ത്യയിൽ താമാസിക്കുകയും ഇൻഡിക എന്ന ഗ്രന്ഥമെഴുതുകയും ചെയ്തു. പിൽക്കാലത്ത് ഇത് മൗര്യൻ ഭരണസമ്പ്രദായത്തെയും, സമൂഹത്തെയും കുറിച്ചുള്ള ഉപയോഗപ്രദമായ ഒരു രേഖയായി മാറി.

ഗംഗാസമതലത്തിൽ ആധിപത്യം നേടിയതിനുശേഷം ചന്ദ്രഗുപ്തന്റെ ശ്രദ്ധ ഇന്ത്യയുടെ വടക്കുപടിഞ്ഞാറുഭാഗത്തേയ്ക്കു തിരിഞ്ഞു. അലക്സാണ്ടറുടെ മരണശേഷം അവിടത്തെ ശൂന്യത തനിക്ക് അനുകൂലമാക്കാനായിരുന്നു ശ്രമം. ഇന്നത്തെഅഫ്ഗാനിസ്ഥാൻ, ബലൂചിസ്ഥാൻ, മക്രാൻ എന്നിവ ഉൾപ്പെടുന്ന പ്രദേശങ്ങൾ ചെറുത്തുനിൽപ്പൊന്നുമില്ലാതെ അടിയറവ് പറഞ്ഞു. പിന്നീട് ചന്ദ്രഗുപ്തൻ മദ്ധ്യഇന്ത്യയിലേയ്ക്ക് പോയി. ഉറച്ച ജൈനമത വിശ്വാസിയായ ചന്ദ്രഗുപ്തൻ, ജൈനപാരമ്പര്യമനുസരിച്ച്, ജീവിതാന്ത്യത്തിൽ മകനായ ബിന്ദുസാരനുവേണ്ടി സിംഹാസനം ഉപേക്ഷിച്ചു.


ചന്ദ്രഗുപ്തമൗര്യൻ

ബിന്ദുസാരൻ, തന്റെ ഭരണകാലത്ത് മൗര്യ സാമ്രാജ്യത്തിന്റെ അതിർത്തി കർണ്ണാടകം വരെ വ്യാപിപ്പിച്ചു. അദ്ദേഹത്തിന്റെ മരണ സമയത്ത് ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഭൂരിഭാഗവും മൗര്യൻ ആധിപത്യത്തിൻ കീഴിൽ വന്നുചേർന്നു. ബിന്ദുസാരനുശേഷം BCE. 268ൽ അശോകൻ അടുത്ത ഭരണാധികാരിയായി. തെക്കെ ഇന്ത്യയിലെ ബാക്കിയുള്ള പ്രദേശങ്ങൾ തന്റെ സാമ്രാജ്യത്തിൻ കീഴിൽ കൊണ്ടുവരാൻ ആഗ്രഹിച്ചു. അശോകൻ അധികാരമേറ്റ എട്ടാംവർഷത്തിൽ കലിംഗത്തിനെതിരായി യുദ്ധം നടത്തി. കലിംഗത്തിലെ ജനങ്ങൾ ധീരമായി പോരാടിയെങ്കിലും വൻതോതിൽ മരണം സംഭവിച്ചശേഷം അവർ പരാജയപ്പെട്ടു. ഈ യുദ്ധവും കൊലകളും അശോകനെ വളരെയേറെ വേദനിപ്പിച്ചതിനാൽ അദ്ദേഹം യുദ്ധം ഉപേക്ഷിക്കാൻ തീരുമാനിച്ചു. ബുദ്ധസന്യാസിയായ ഉപഗുപ്തനെ കണ്ട് അദ്ദേഹത്തിന്റെ ധർമ്മോപദേശം ശ്രവിച്ചശേഷം അശോകൻ ഒരു ഉറച്ച ബുദ്ധമത വിശ്വാ



IX Std - History Malayalam Unit-4.indd 61 1/27/2023 12:38:55 PM

സിയായി. ധമ്മ (പാലി) അഥവാ ധർമ്മം (സംസ്കൃതം) അനുസരിച്ച് ഒരു കീഴടക്കൽ മാത്രമേയുള്ളൂ. അത് സ്വയം കീഴടക്കുകയും മറ്റുള്ളവരുടെ ഹൃദയം കീഴടക്കുകയുമാണെന്ന് അദ്ദേഹം പാറകളിൽ കൊത്തിവെച്ച് പ്രസിദ്ധമാക്കി.

കലിംഗ ശിലാശാസനങ്ങളിലൊന്നിൽ യുദ്ധവും ആക്രമണവും ഉണ്ടാക്കിയ മരണങ്ങളാലുള്ള ഭീകരതയെയും ദുഃഖത്തെയും കുറിച്ച് അദ്ദേഹം നമ്മോട് പറയുന്നുണ്ട്. മറ്റൊരു ശിലാശാസനത്തിൽ പറയുന്നതെന്തെന്നാൽ കലിംഗ യുദ്ധത്തിൽ മരിച്ചവരോ തടവുകാരായി പിടിക്കപ്പെട്ടവരോ, അവരുടെ നൂറിൽ ഒന്നോ ആയിരത്തിൽ ഒന്നോ ഭാഗം മരണമോ തടവോ അശോകന് സഹിക്കാനാവുന്നതല്ല എന്നു പ്രസ്താവിച്ചിട്ടുണ്ട്.

മൃഗങ്ങളെ സംരക്ഷിക്കുക എന്നത് അശോകന്റെ താല്പര്യങ്ങളിൽ ഒന്നായിമാറി. അതിനായി ആശുപത്രികൾ സ്ഥാപിക്കുകയും മൃഗബലി നിരോധിക്കുകയുംചെയ്തു. അശോകൻ തന്റെ മകൻ മഹേന്ദ്രനേയും മകൾ സംഘമിത്രയേയും സിലോണിലയച്ച് അവിടെ അദ്ദേഹത്തിന്റെ ധർമ്മ സന്ദേശങ്ങൾ പ്രചരിപ്പിച്ചു. അശോകൻ 38 വർഷത്തെ ഭരണത്തിനുശേഷം മരണമടഞ്ഞു.


ചക്രവർത്തി അശോകൻ

നാല് സിംഹങ്ങളുള്ള നമ്മുടെ ദേശീയചിഹ്നം സാരനാഥിലെ അശോകസ്തംഭത്തിന്റെ ശരിപ്പകർപ്പാണ്.

ആകെ 33 ശിലാശാസനങ്ങളുണ്ട്. അവയിൽ 14 വലിയ ശിലാശാസനങ്ങളാണ്. 7 സ്തംഭങ്ങളിലെ ശിലാശാസനവും 2 കലിംഗ ശിലാശാസനവുമാണ്. ഇവ കൂടാതെ ചെറിയ ശിലാശാസനങ്ങളും സ്തംഭശാസനങ്ങളും ഉണ്ടായിരുന്നു. അവ മൗര്യ ഭരണത്തെ ക്കുറിച്ചും അശോകന്റെ ധർമ്മ ഭരണക്കുറിച്ചും വിവരങ്ങൾ നൽകുന്ന വിശ്വസനീയമായ രേഖകളാണ്.

## മൗര്യഭരണം

മൗര്യരാഷ്ട്രം ആദ്യ കാലങ്ങളിൽ എടുത്ത ചില നടപടികൾ സാമൂഹ്യ വികസനത്തിന് അനുകൂലമായിരുന്നു. ഒരു വലിയ സൈന്യത്തെയും ഉദ്യോഗസ്ഥ വൃന്ദത്തെയും നിലനിറുത്തുന്നതിനാവശ്യമായി

LFU40

**നിങ്ങൾക്ക് അറിയാമോ?**

ചന്ദ്രഗുപ്തന്റെ മന്ത്രിയായിരുന്ന ചാണക്യൻ അർത്ഥശാസ്ത്രം എന്ന ഗ്രന്ഥം രചിച്ചു. അത് മൗര്യ ഭരണത്തെ ക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ നൽകുന്നുണ്ട്.

രാജ്യം അധികം നികുതി വസൂലിച്ചിരുന്നു. വളരെ ഫലപ്രദമായ ഒരു ഭരണസമ്പ്രദായത്തിന് മൗര്യൻമാർ രൂപംകൊടുത്തു. രാജാവ് ഭരണത്തലവനാണ്. അദ്ദേഹത്തെ മന്ത്രിസഭ സഹായിച്ചിരുന്നു. മന്ത്രിമാരുടെ കാര്യദർശിമാരായി മഹാമാത്രിയൻമാർ പ്രവർത്തിച്ചു. നികുതി വരുമാനം ചെലവിനങ്ങൾ എന്നിവയെ നിർവ്വഹിച്ചത് സമഹർത്ത എന്ന മന്ത്രിയാണ്. സാമ്രാജ്യത്തെ നാലുസംസ്ഥാനങ്ങളായി വിഭജിച്ചിരുന്നു. അവ ഗവർണർമാരുടെ മേൽനോട്ടത്തിൽ ഭരണം നടത്തപ്പെട്ടിരുന്നു. ഗവൺമാരായി നിയമിക്കപ്പെട്ടത് രാജകുമാരൻമാരോ രാജകുടുംബാംഗങ്ങളോ ആണ്.

ജില്ലാ ഭരണം സ്ഥാനികരുടെ മേൽനോട്ടത്തിൽ ആയിരുന്നു. ഗോപൻമാർക്ക് അഞ്ചുമുതൽ പത്തുവരെ ഗ്രാമങ്ങൾ ഭരണ മേൽനോട്ടത്തിന് നൽകി. നഗരഭരണം നിർവ്വഹിച്ചത് നഗരക എന്ന ഉദ്യോഗസ്ഥനാണ്. അഞ്ച് അംഗങ്ങൾ വീതമുള്ള ആറ് കമ്മിറ്റികൾ അദ്ദേഹത്തിന്റെ കീഴിൽ വിവിധ കർത്തവ്യങ്ങൾ നിർവഹിച്ചു.


അലഹാബാദിലെ അശോകസ്തംഭം

i. വിദേശികളുടെ സംരക്ഷണം

ii. പൗരൻമാരുടെ ജനനമരണങ്ങളുടെ രജിസ്ട്രേഷൻ

iii. വാണിജ്യവും, വിനിമയവും നിർവഹിക്കുക

iv. നിരവധി ഉല്പാദകരുടെ മേൽനോട്ടം വഹിക്കുക

v. അവരിൽ നിന്ന് ഇറക്കുമതി, കയറ്റുമതി ചുങ്കങ്ങൾ പിരിക്കുക

നഗരഭരണം പോലെതന്നെ സൈനിക ഭരണവും ആറ് വിഭാഗങ്ങളിലായി മുപ്പത് അംഗങ്ങളുള്ള ഒരു ബോർഡ് നിർവഹിച്ചു. ഗ്രാമതലത്തിൽ ഗ്രാമണി ഉത്തരവാദിത്വത്തോടെ അതിർത്തികൾ നിലനിറുത്തുകയും ഭൂമി സംബ



IX Std - History Malayalam Unit-4.indd 62 1/27/2023 12:38:55 PM

സ്ഥമായ രേഖകൾ, ജനസംഖ്യാകണക്ക് കന്നുകാലികളുടെ കണക്ക് എന്നിവ സൂക്ഷിക്കുകയും ചെയ്തു. ഉദ്യോഗസ്ഥൻമാരുടെ സ്വഭാവമുൾപ്പെടെ ഭരണസംവിധാനത്തെ ജാഗ്രതയോടെ നോക്കുന്നതിന് മികച്ച സംവിധാനമുള്ള ഒരു ചാരസംഘടനയുണ്ടായിരുന്നു. നീതിന്യായ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ നഗരങ്ങളിലും സുസ്ഥിരമായ കോടതികൾ സ്ഥാപിച്ചിട്ടുണ്ട്. കുറ്റങ്ങൾക്ക് കഠിനമായ ശിക്ഷകൾ നൽകി.

രാജ്യത്തിന്റെ ഉപരിയായിട്ടുള്ള വരുമാനം ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ പുരോഗതിക്കായി നീക്കിവച്ചു. ഗ്രാമീണർക്ക് വീടുകൾവെച്ചു നൽകുകയും നിലംനൽകി കൃഷിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ജലസേചന സൗകര്യങ്ങൾ ആവിഷ്ക്കരിച്ച് ജലവിനിയോഗം നിയന്ത്രിച്ചു. കൃഷി, ഖനനം, വ്യവസായം, വാണിജ്യം എന്നിവ രാഷ്ട്രനിയന്ത്രണത്തിലാണ്. സ്വകാര്യ സ്വത്തുക്കളുടെ രൂപീകരണത്തെ നിരുത്സാഹപ്പെടുത്തുകയും അവയുടെ വില്പനയെ നിരോധിക്കുകയും ചെയ്തു. മൗര്യ ഭരണകൂടം നഗര വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകി. ഇറാൻ മെസപ്പൊട്ടോമിയ, ഉത്തരചൈന എന്നിവടങ്ങളിലേയ്ക്ക് കരമാർഗ്ഗം കച്ചവടമാർഗ്ഗങ്ങൾ നേടി. കാശി (ബനാറസ്) വംഗം (ബംഗാൾ) കാമരൂപം (അസ്സാം) മഥുര എന്നിവ വസ്ത്ര നിർമ്മാണകേന്ദ്രങ്ങളായി അർത്ഥശാസ്ത്രത്തിൽ പറയുന്നുണ്ട്. ഉത്തരേന്ത്യയിലെ കറുത്തവർണ്ണം പൂശിയമിനുസമായപാത്രങ്ങൾതെക്കെഇന്ത്യയിലും കണ്ടിരുന്നത് മൗര്യ ഭരണകാലത്തെ വാണിജ്യ വ്യാപനത്തിന്റെ സൂചകമായി കാണുന്നു. നഗരവൽക്കരണത്തിന് വാണിജ്യം വലിയ സംഭാവനകൾ നൽകി. കൗസാംബി, ഭിട്ട, വൈശാലി, രാജഗൃഹം എന്നിവ ദോബ് പ്രദേശങ്ങളിൽ രൂപംകൊണ്ട പ്രധാനപട്ടണങ്ങളാണ്.

## വിദ്യാഭ്യാസകേന്ദ്രങ്ങൾ

മഠങ്ങളും ക്ഷേത്രങ്ങളും വിദ്യാഭ്യാസം നൽകിയ സ്ഥാപനങ്ങളാണ്. മഗധ സാമ്രാജ്യ കാലത്ത് നിർമ്മിച്ച ഒരു വലിയ മഠമാണ് നളന്ദ. വേദസാഹിത്യം, തർക്കശാസ്ത്രം, വൈദ്യശാസ്ത്രം, തത്വചിന്ത, വാനശാസ്ത്രം എന്നിവയിൽ വിദ്യാഭ്യാസ കേന്ദ്രങ്ങൾ അഭ്യസനം നൽകി. യുദ്ധശാസ്ത്രം എന്ന വിഭാഗവും അഭ്യസിക്കപ്പെട്ടു. കാലക്രമത്തിൽ നളന്ദ വളരെ പ്രശസ്തമായ ഒരു പഠനകേന്ദ്രമായി മാറി. 100 ഗ്രാമങ്ങളിലെ വരുമാനം കൊണ്ടാണ് ഈ സർവ്വകലാശാല പ്രവർത്തിച്ചത്. വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കിയിരുന്നില്ല. സൗജന്യമായി താമസവും ഭക്ഷണവും നൽകിയിരുന്നു.



നളന്ദ സർവ്വകലാശാല

### സംഗ്രഹം

- BCE. ആറാം നൂറ്റാണ്ട് ഭൗതികവും, സാംസ്ക്കാരികവും ബുദ്ധിപരവുമായ വികാസത്തിന്റെ കാലമാണ്.
- കൺഫ്യൂസിസിന്റെ ധർമ്മശാസ്ത്രം ചൈനയിലും സൊരാഷ്ട്ര മതതത്വങ്ങൾ പേർഷ്യയിലും മഹാവീരന്റെ ത്രിരത്നങ്ങൾ ബുദ്ധന്റെ അഷ്ടമാർഗ്ഗങ്ങൾ എന്നിവ ഇന്ത്യയിലും പുതിയ ഉണർവ്വ് സൃഷ്ടിച്ച് മനുഷ്യജീവിതത്തിന് ഒരു സാൻമാർഗ്ഗികമായ പെരുമാറ്റത്തിനുള്ള നിയമാവലി പ്രദാനം ചെയ്തു.
- BCE. 6 ാം നൂറ്റാണ്ടിൽ കണ്ടിരുന്ന മറ്റൊരു സവിശേഷത മഹാജന പഥങ്ങളുടെ രൂപീകരണമാണ്. 16 മദ്ധ്യ ദേശങ്ങളുടെ പട്ടികയിൽ മഗധത്തെ കൂടുതൽ പ്രാധാന്യമുള്ള ശക്തിയായ രാജ്യമായി കാണിക്കുന്നു.
- ചാണക്യന്റെ സഹായത്തോടെ ചന്ദ്രഗുപ ്തമൗര്യനാണ് മൗര്യസാമ്രാജ്യം സ്ഥാപിച്ചത്.
- മൗര്യഭരണവും അശോകന്റെ മാഹാത്മ്യവും പ്രത്യേകിച്ചും അദ്ദേഹത്തിന്റെ ധർമ്മസിദ്ധാന്തവും കൂടുതൽ പ്രാധാന്യത്തോടെ കാണിച്ചിട്ടുണ്ട്.



IX Std - History Malayalam Unit-4.indd 63 1/27/2023 12:38:56 PM

## അഭ്യാസം

69DME

### I. ശരിയായ ഉത്തരം കണ്ടുപിടിക്കുക.

1. ത്യാഗനിർഭരവും മാതൃകാപരവുമായി ലളിത ജീവിതം നയിച്ച ഒരു മതവിഭാഗത്തിന്റെ സ്ഥാപകനായ വ്യക്തി ആര്?
   a. ബുദ്ധൻ b. ലാവോട്സെ
   c. കൺഫ്യൂഷ്യസ് d. സൊരാഷ്ട്രർ

2. മഹാവീരന്റെ പ്രബോധനങ്ങളിൽ സ്വാധീനിക്കപ്പെട്ട മഗധരാജാവ് ആര്?
   a. ധനനന്ദൻ b. ചന്ദ്രഗുപ്തൻ
   c. ബിംബിസാരൻ d. ശിശുനാഗൻ

3. വടക്ക് കാബൂൾ താഴ്വര മുതൽ തെക്ക് ഗോദാവരി വരെയുള്ള ഉത്തരേന്ത്യയിൽ രൂപംകൊണ്ട പതിനാറു രാജ്യങ്ങൾ
   a. മഹാജനപഥം b. ഗണസംഘം
   c. ദ്രാവിഡം d. ദക്ഷിണപഥം

4. ത്രിരത്നങ്ങൾ എന്ന മൂന്നു തത്വങ്ങൾ പ്രബോധനം ചെയ്തത്.
   a. ബുദ്ധൻ b. മഹാവീരൻ
   c. ലാവോട്സെ d. കൺഫ്യൂഷ്യസ്

5. മൗര്യഭരണ സമ്പ്രദായത്തെയും സമൂഹത്തെയും കുറിച്ചുള്ള വിവരങ്ങൾ നൽകുന്നത്.
   a. മാർക്കോ പോളോ b. ഫാഹിയാൻ
   c. മെഗസ്തനീസ് d. സെലൂക്കസ്

6. 1. മഗധരാജാക്കൻമാരുടെ കീഴിലുള്ള മന്ത്രിമാരുടെ കാര്യദർശികളായിരുന്നു മഹാമാത്രിയൻമാർ.
   2. മെഗസ്തനീസിന്റെ ഇൻഡികയിൽ മൗര്യ ഭരണ സമ്പ്രദായത്തെയും സമൂഹത്തെയും കുറിച്ചുള്ള രേഖകൾ ഉണ്ട്
   3. ഒരു സാമ്രാജ്യ രൂപവൽക്കരണത്തിനുള്ള നന്ദന്മാരുടെ പരിശ്രമത്തെ തകർത്തത് മൗര്യസാമ്രാജ്യ സ്ഥാപകനായ അശോകനാണ്.
   4. പാരമ്പര്യമനുസരിച്ച് ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ ചന്ദ്രഗുപ്തൻ ഒരു ഉറച്ച ബുദ്ധമത വിശ്വാസിയായി.

   a. (i) ശരിയാണ്ഭ b. (ii) ശരിയാണ്.
   c. (i) & (ii) ശരിയാണ് d. (iii) & (iv) ശരിയാണ്.

### II. പൂരിപ്പിക്കുക

1. പ്രാർത്ഥനകൾ, കുറ്റസമ്മതങ്ങൾ, ഐതിഹ്യങ്ങൾ എന്നിവ പല കാലങ്ങളായി സമാഹരിച്ച ഒരു ദൈവിക സാഹിത്യമാണ് .....

2. ഗംഗാസമതലത്തിൽ.....കൃഷിചെയ്യുന്നതിന് കാളകൾ ആവശ്യമായി വന്നു.

3. ജൈനരുടെ വിശ്വാസപ്രകാരം ..... തീർത്ഥങ്കരന്മാരുടെ ശ്രേണിയിലെ 24 ാമത്തേതും അവസാനത്തേതുമാണ്.

4. ബുദ്ധന് ബോധോദയം ലഭിച്ച സ്ഥലത്ത് നിർമ്മിച്ച മഹാബോധി ക്ഷേത്രം ഇപ്പോഴും ..... ൽ സ്ഥിതിചെയ്യുന്നു.

5. മൗര്യസാമ്രാജ്യത്തെ കുറിച്ചറിയുന്നതിനും പ്രത്യേകിച്ച് ..... ന്റെ ധർമ്മ ഭരണത്തെക്കുറിച്ചു അറിയുന്നതിനും ശിലാശാസനങ്ങൾ ഒരു വിശ്വാസയോഗ്യമായ തെളിവായി കാണപ്പെടുന്നു.

### III. ശരിയായ പ്രസ്താവനയെ കണ്ടുപിടിക്കുക.

1. a. വെങ്കലഉപകരണങ്ങളുടെ കണ്ടുപിടിത്തം ഗംഗാതടത്തിലെ നിബിഡവനങ്ങൾ വെട്ടിത്തെളിക്കുന്നതിന് സഹായകമായി.
   b. അജിവിഗർക്ക് ഒരു ചെറിയവിഭാഗം അനുയായികൾ പശ്ചിമ ഇന്ത്യയിലുണ്ട്.
   c. ചിലപ്രത്യേക ഗോത്രങ്ങളുടെ കൂട്ടങ്ങൾ മൗര്യർക്ക് മുമ്പുള്ള രാജ്യങ്ങളുണ്ടാകാൻ കാരണമായി.
   d. ആ കാലഘട്ടത്തിലെ സാഹിത്യങ്ങളിൽ പരാമർശിച്ചിട്ടുള്ള രാജ്യങ്ങളിൽ ശക്തമായവ കാശി, കോസലം, മഗധ എന്നിവയാണ്.

2 a. മഗധത്തിന്റെ ആദ്യത്തെ പ്രധാന രാജാവ് അജാതശത്രുവാണ്.
   b. ഒരു പരിപൂർണ്ണ ഭരണസംവിധാനം ഏർപ്പെടുത്തുന്നതിൽ ബിംബിസാരൻ വിജയിച്ചു.
   c. ഉത്തരേന്ത്യ ഭരിച്ച ആദ്യത്തെ ക്ഷത്രിയേതര വംശമാണ് മൗര്യവംശം.
   d. ഒരു സാമ്രാജ്യം രൂപീകരിക്കണമെന്ന നന്ദന്മാരുടെ പരിശ്രമം നിഷ്ഫലമാക്കിയത് അശോകനാണ്.



IX Std - History Malayalam Unit-4.indd 64 1/27/2023 12:38:57 PM

## IV. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| 1. | അഷ്ടമാർഗ്ഗങ്ങൾ | - | ഏറ്റവും ഉയരം കൂടിയ ജൈനശില്പം |
| 2. | ബാഹുബലി | - | രാഷ്ട്രീയ സാൻമാർഗ്ഗികതയുടെ നിയമാവലി |
| 3. | വസന്തം ശരത്ത് എന്നിവ | - | നിയമങ്ങളും ഐതിഹ്യങ്ങളും നിറഞ്ഞ ദൈവിക സാഹിത്യം |
| 4. | സെൻട് അവസ്ഥ | - | ആദ്യത്തെ തീർത്ഥങ്കരൻ |
| 5. | റിഷബൻ | - | മനസ്സ് പരിശുദ്ധാവസ്ഥയിൽ എത്തുന്നതിനുള്ള മാർഗ്ഗം |

## V. ചുരുക്കി ഉത്തരമെഴുതുക.

1. ഹീനയാനം മഹായാനം എന്നിവയെകുറിച്ച് എഴുതുക?
2. ത്രിരത്നം എന്ന പദത്തെ വിപുലീകരിക്കുക.
3. അജാതശത്രുവിനെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം?
4. കലിംഗ ശിലാശാസനങ്ങൾ നൽകുന്ന ആശയങ്ങളെന്ത്?
5. ബുദ്ധമത പ്രചരണത്തിന് അശോകൻ സ്വീകരിച്ച നടപടികൾ ഏവ?

## VI. തന്നിട്ടുള്ള ശീർഷകങ്ങളുടെ ചുവട്ടിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുക.

1. സൊരാഷ്ട്ര മതം
   a. അതിന്റെ സ്ഥാപകനാര്?
   b. അദ്ദേഹം പ്രഖ്യാപിച്ച ദൈവത്തിന്റെ പേരെന്ത്?
   c. സൊരാഷ്ട്രർ ഉപദേശിച്ചതെന്ത്?
   d. ഈശ്വരാരാധനയുടെ ഏറ്റവും ഉയർന്ന രൂപമേത്?
2. ഗൗതമ ബുദ്ധൻ
   a. ബുദ്ധന്റെ യഥാർത്ഥ പേരെന്ത്?
   b. ബുദ്ധന്റെ ജന്മസ്ഥലം ഏത്?
   c. അദ്ദേഹത്തിന് ബോധോദയം ലഭിച്ചത് എവിടെവെച്ച്?
   d. അദ്ദേഹം ആദ്യ പ്രഭാഷണം നടത്തിയത് എവിടെവെച്ചാണ്?

## VII. വിവരിച്ച് ഉത്തരമെഴുതുക.

1. കൺഫ്യൂഷ്യസിന്റെ അഞ്ച് അടിസ്ഥാന തത്വങ്ങളെ വിവരിക്കുക.
2. ബുദ്ധജൈന മതങ്ങളുടെ സാദൃശ്യങ്ങളും വ്യത്യാസങ്ങളും എഴുതുക.

### ചരിത്രത്തിലെ വിനോദം

#### വിദ്യാർത്ഥീ പ്രവർത്തനങ്ങൾ

അശോകന്റെ ശിലാശാസനങ്ങളെ കുറിച്ച് ഒരു ഗവേഷണ പ്രബന്ധം തയ്യാറാക്കുക.

ബുദ്ധന്റെ ജീവിതത്തേയും പ്രബോധനങ്ങളേയും നാടകരൂപത്തിലാക്കി അവതരിപ്പിക്കുക

#### അദ്ധ്യാപകരുടെ മാർഗ്ഗനിർദ്ദേശത്തോടെയുള്ള പ്രവർത്തനങ്ങൾ

ലോകത്തിൽ ബുദ്ധമതം നിലവിലുള്ള രാജ്യങ്ങളുടെ പട്ടിക തയ്യാറാക്കി അതിനെ ലോക ഭൂപടത്തിൽ കുറിക്കുക.

സാഞ്ചിസ്തൂപം, ധർമ്മചക്രം എന്നിവയുടെ കളിമൺ രൂപങ്ങൾ ഉണ്ടാക്കുക.

### വിശദമായ വായനയ്ക്ക്


1. A.Shah. Glimpses of World Religions. Jaico Books
2. Romila Thapar. Early India. Penguin
3. Jawaharlal Nehru. Glimpses of World History. Penguin
4. A.L.Basham. History and Doctrines of the Ajivikas: A Vanished Indian Religion. Oxford University Press
5. V.A. Smith. Oxford History of India. Oxford University Press




IX Std - History Malayalam Unit-4.indd 65 1/27/2023 12:38:57 PM

യൂണിറ്റ്
5

# പ്രാചീന ലോകം



## പഠനലക്ഷ്യങ്ങൾ

- ഗ്രീക്കുകാരുടെ പ്രാചീന നാഗരികതയെകുറിച്ചുള്ള അറിവ് നേടുക
- ഏതൻസിന്റെ ജനാധിപത്യത്തെയും പെരിക്ലിസിന്റെ കാലത്തെയും കുറിച്ച് അറിയുക
- ചെറിയ നഗരം (റോം) എങ്ങനെയാണ് റിപ്പബ്ലിക് ആയതും അത് പിന്നീട് വലിയ സാമ്രാജ്യമായി മാറിയത് എന്നതിനെ കുറിച്ച് അറിയുക
- ലോക നാഗരികതയ്ക്ക് വേണ്ടി റോമിന്റെ സംഭാവനകളെ കുറിച്ച് പഠിക്കുക
- പ്രാചീന ചൈനയെയും അതിന്റെ നേട്ടങ്ങളെയും കുറിച്ച് പഠിക്കുക
- ക്രിസ്തു മതത്തിന്റെ ആവിർഭാവത്തേയും അത് കിഴക്കൻ റോമാ സാമ്രാജ്യത്തിൽ വ്യാപിച്ചതിനേയും കുറിച്ച് പഠിക്കുക

## മുഖവുര

അമേരിക്ക, ആസ്ട്രേലിയ ആഫ്രിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങൾ ലോക ചരിത്രത്തിന്റെ മുഖ്യ ധാരയിൽ നിന്ന് മാറി നിന്നിരുന്നപ്പോൾ യുറേഷ്യ എന്നു വിളിക്കപ്പെട്ട ഏഷ്യ, യൂറോപ്യൻ ഭൂഖണ്ഡങ്ങളുടെ ഭൂരിഭാഗം പ്രദേശങ്ങളിലും നാഗരികത വളർന്നു വന്നു. അവയിൽ ചിലത് വളരെ വേഗത്തിൽ പ്രാചീന ഘട്ടത്തിൽ എത്തി. പ്രാചീന യുഗത്തിന്റെ ഉച്ചസ്ഥായിയിൽ റോം മുതൽ പേർഷ്യവരെയും അവിടെ നിന്ന് പേഷ്വാർ വരെയും ഒരു സാമ്രജ്യത്വ ശൃംഖല ഉയർന്നു വന്നു. പ്രധാന സംസ്കാരങ്ങളുടെ വികാസം ഭൂമിശാസ്ത്രപരമായ വിടവ് ഇല്ലാതാക്കുകയും പ്രാദേശിക വ്യാപാര ബന്ധങ്ങൾക്കും സാംസ്കാരിക വിനിമയങ്ങൾക്കും വഴിയൊരുക്കി. ഇത് സാങ്കേതികവിദ്യ, കല തുടങ്ങിയ ആശയങ്ങൾക്ക് വഴിയൊരുക്കി. ഈ പാശ്ചാത്തലത്തിലാണ് ബുദ്ധമതത്തിൽ തുടങ്ങി കിസ്തു മതം, ഇസ്ലാം മതം വരെയുള്ള ലോകത്തിലെ മഹത്തായ മതങ്ങളുടെ വ്യാപനം എന്ന് മനസ്സിലാക്കാൻ സാധിക്കുന്നു.

പ്രാചീന ലോകത്തിൽ പുരാതന ഗ്രീസും റോമും ഉൾപ്പെടുന്നു. പുരാതന ഗ്രീസിന്റെയും റോമിന്റെയും നാഗരീകത കൂടിചേർന്നതിനെ പ്രാചീന കാലം എന്നറിയപ്പെടുന്നു. ഇതിനെ ഗ്രീക്ക് റോമൻ ലോകം എന്നറിയപ്പെടുന്നു.

## 5.1 ഗ്രീസ്: ഹെലനിക് ലോകം

ക്രി.മു.(പൊ.വ.മു) 8ാം നൂറ്റാണ്ടുവരെ ഗ്രീസ് ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും വ്യത്യസ്ഥമായിരുന്നില്ല. ആളുകളും നിരക്ഷരരായിരുന്നു. കരകൗശല ബോധവൽകരണം പ്രാമുഖ്യമേറിയവയായിരുന്നു. സ്പാർട്ട ഒഴികെയുള്ള മറ്റു പ്രദേശങ്ങിൽ കൃഷി മലനിരകളാൽ പരിമി



IX Std - History Malayalam Unit-5.indd 66 3/29/2023 4:42:23 PM

തപ്പെട്ടിരുന്നു. എന്നിരുന്നാലും ഗ്രിക്കുകാർ തീര പ്രദേശങ്ങളിൽ കോളനികൾ നിർമ്മിക്കുന്നതിൽ വിജയിച്ചു. അത് വ്യാപാരം വഴിവരുമാനം നേടാൻ അവരെ സഹായിച്ചു. ഇതിന്റെ ഫലമായി ക്രി.മു(പൊ.വ.മു) 6 ാം നൂ റ്റാണ്ടിൽ ഗ്രീസ് നഗര രാഷ്ട്രങ്ങളുടെ ഒരു ശൃംഖലയായി മാറി. ഏഥൻസിലെ ഒരു കുന്നിൻ പുറത്ത് പുരാതന ഗ്രീക്കുകാർ നിർമ്മിച്ച അക്രോപോളിസ് അവരുടെ പുരോഗതിയുടെ ഒരു ഉത്തമ ഉദാഹരണമാണ്. നഗരങ്ങളും സംസ്ഥാനങ്ങളും പരസ്പരം ഏറ്റുമുട്ടിയിരുന്നെങ്കിലും വ്യാപാരങ്ങളാലും ഒരേ എഴുത്ത് രീതികളാലും സമാനമായ മതപരമായ ചടങ്ങുകളാലും, ഉത്സവങ്ങളാലും അവർ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. കായികപരമായ ഉത്സവങ്ങളുടെ ഒരു ഉത്തമ ഉദാഹരണമാണ് ഒളിമ്പിക്സ്.



അക്രോപൊളിസ്

ഭൂമിയുടെ നിയന്ത്രണം ഗ്രീസിലെ ഭരണവർഗ്ഗത്തിന്റെ കീഴിലായിരുന്നു. നി ലങ്ങളിൽ അടിമകൾ പണിയെടുത്തിരുന്നു. അടിമകളുടെ ഉടമസ്ഥാവകാശം നാഗരീക ജീവിതത്തിന് ആവശ്യമാണെന്ന് ഗ്രീക്ക് എഴുത്തുകാരും തത്വചിന്തകരും കണ്ടു. അരിസ്റ്റോട്ടിൽ ഉടമസ്ഥന്റെയും അടിമകളുടെയും ബന്ധത്തെ ഭാര്യ, ഭർതൃബന്ധത്തിനോടും അച്ഛനും മക്കളും തമ്മിലുള്ള ബന്ധത്തിനോടും ഉപമിച്ചു.

### പേർഷ്യൻസിന്റെ മേലുള്ള ഗ്രീക്കുകാരുടെ വിജയം

പേർഷ്യൻ സാമ്രാജ്യത്തിന്റെ രാജാവായിരുന്ന ഡേറിയസ് (ക്രി.മു (പൊ.വ.മു) 550 - 486) ഗ്രീക്ക് നഗരങ്ങളും സംസ്ഥാനങ്ങളും കീഴടക്കാൻ തീരുമാനിച്ചു. ഗ്രീസിലെ ആദ്യ പേർഷ്യൻ ആക്രമണം പരാജയപ്പെട്ടു. പേർഷ്യൻ സൈന്യത്തിന് രോഗം പിടിപെട്ടതും മാർച്ച് നടന്നപ്പോൾ ഭക്ഷണത്തിന്റെ കുറവുമാണ് ഇതിന് കാരണം. ആയതിനാൽ രണ്ടാം ആക്രമണ സമയത്ത് അവർ കരമാർഗ്ഗം ഉപേക്ഷിച്ച് കടൽ വഴി ആക്രമണം നടത്തി. ക്രി.മു 490 ലെ മാരത്തണിൽ ഗ്രീക്കുകാർ അവരുടെ എല്ലാവിധ ദേശ സ്നേഹത്തോടും കൂടെ യുദ്ധം നടത്തി വിജയം കൈവരിച്ചു. ഡേറിയസിന്റെ പിൻഗാമിയായ ജർക്സസ് മറ്റൊരു ആക്രമണം നടത്തി. ഇത്തവണ സ്പാർട്ടനുമായി ചേർന്ന് ഏഥൻസിലെ ജനങ്ങൾ പേർഷ്യകാരുടെ മുന്നേറ്റത്തെ തടഞ്ഞു നിർത്തി. 'സലാമിസ്' എന്ന സ്ഥലത്തു വച്ചു നടന്ന അവസാനഘട്ട യുദ്ധത്തിൽ പേർഷ്യക്കാരുടെ കപ്പലുകൾ നശിപ്പിച്ചു. തന്റെ ലക്ഷ്യം പൂർത്തിയാകാതെ ജർക്സസ് പേർഷ്യയിലേക്ക് മടങ്ങി പോയി.

### ഹെലനിക് ഗ്രീസിലെ ജനാധിപത്യം

ഗ്രീക്ക് നഗരത്തിന്റെ സംസ്ഥാനങ്ങൾ രൂപീകരിച്ചപ്പോൾ അവർ പരമ്പരാഗതി പിൻതുടർന്നു വന്നു. ഭരണാധികാരികൾ പൂർവ്വികരുടെ രീതികൾ തുടർന്ന് വന്നു. വ്യാപാരം വിപുലീകരിക്കുന്നതുമൂലം സമ്പന്നരായവർ പഴയ ഭരണാധികാരികൾ ആസ്വദിച്ച പദവികളെ വിമർശിച്ചു ഇതിന്റെ ഫലമായി ധാരാളം നഗരസംസ്ഥാനങ്ങളിൽ നിലവിലെ രാജാക്കൻമാരെ പുറത്താക്കി പ്രഭുവാഴ്ച നിലവിൽ വന്നു. ഈ പ്രഭുവാഴ്ചയിൻ കീഴിൽ പുതിയ സമ്പന്നർ ചെറുകിട ഭൂവുടമകളെ ചൂഷണം ചെയ്തു. വളരെ വേഗം ഈ ഭരണവും ചില സ്വേച്ഛാധിപതികളാൽ പുനഃസ്ഥാപിക്കപ്പെട്ടു. ക്രി.മു (പൊ.വ.മു) 6ാം നൂറ്റാണ്ടു മുതൽ 4 ാം നൂറ്റാണ്ടു വരെയുള്ള സ്വേച്ഛാധിപതികളുടെ കാലഘട്ടത്തിലാണ് നഗരവികസനം സാധ്യമായത്, ഏഥൻസിലെ ഒളിമ്പിയൻ സ്യൂസ്ക്ഷേത്രം പുതിയ കെട്ടിടങ്ങൾ തുടങ്ങിയവ ഇതിന് ഉദാഹരണമാണ്.

### ഏഥൻസിന്റെ ജനാധിപത്യം

താഴെക്കിടയിലുള്ള ജനങ്ങളുടെ സമ്മർദ്ദം മൂലം പ്രഭുവാഴ്ചയും സ്വേച്ഛാധിപത്യവും ജനാധിപത്യമായി പുനസ്ഥാപിക്കപ്പെട്ടു. നിയമനിർമ്മാണ അധികാരം സ്വതന്ത്രരായ ജനങ്ങളുടെ സഭകളിൽ നിക്ഷിപ്തമായി. ജഡ്ജിമാരോടും താഴ്ന്ന ഉദ്യാഗസ്ഥരേയും കുലുക്കൽ രീതിയിൽ തെരഞ്ഞെടുത്തു. ഉന്നത ജാതിക്കാർ ഇതിനെ നിരസിച്ചു. ഇതിനെ ലഹളക്കൂട്ടങ്ങളുടെ ഭരണമെന്ന് അവർ കണക്കാക്കി .

പേർഷ്യൻമാരുടെ ഭീക്ഷണിയിൽ ഗ്രീക്കുകാർ ഒന്നായി. എന്നാൽ ഈ ഭീക്ഷണി മാറിയപ്പോൾ അവർ വീണ്ടും പരസ്പരം യുദ്ധം ചെയ്യാൻ തുടങ്ങി. ഗ്രീക്ക് നഗരസംസ്ഥാനങ്ങളുടെ ചരിത്രം ജനാധിപത്യത്തിനെതിരെയുള്ള സമ്പന്നരായ ഭൂവുടമകളുടെ തുടർസമരങ്ങളായിരുന്നു. ഇതിൽ നിന്നും ഏഥൻസ് മാത്രം ഒഴിവാക്കപ്പെട്ടിരുന്നു. അവിടെ ഏകദേശം 200 വർഷത്തോളം ജനാധിപത്യം നിലനിന്നിരുന്നു.

"ജനാധിപത്യം" എന്ന വാക്കിനർത്ഥം ജനങ്ങളുടെ ഭരണം എന്നതാണ്, എന്നാൽ യഥാർത്ഥത്തിൽ ഇതിൽ നിന്നും സ്ത്രീകൾ, അടിമകൾ, പ്രവാസികൾ (വ്യാപാരികളും, ശില്പികളും) ഒഴിവാക്കപ്പെട്ടിരുന്നു.

### പെരിക്ലിസ് ക്രി.മു (പെ.വ.മു) 461-429

ഏഥൻസിൽ പെരിക്ലിസ് എന്നറിയപ്പെടുന്ന ഒരു മഹാനായ നേതാവുണ്ടായിരുന്നു. അദ്ദേഹം മുപ്പത് വർഷംവരെ അധികാരത്തിലിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് ഏഥൻസും സ്പാ



IX Std - History Malayalam Unit-5.indd 67 3/29/2023 4:42:24 PM

ർട്ടയും തുടർച്ചയായി യുദ്ധങ്ങളിൽ ഏർപ്പെട്ടിരുന്നു. ഈ യുദ്ധങ്ങൾ പൊലൊപ്പോനേഷ്യ യുദ്ധങ്ങൾ എന്നറിയപ്പെട്ടു. സ്പാർട്ടയിൽ നിന്നും തീരാപകയും വിദ്വേഷങ്ങളും ഉണ്ടായിരുന്നാലും അതിമനോഹരങ്ങളായ കെട്ടിടങ്ങളാൽ ഏഥൻസ് ഒരു ഉത്തമമായ നഗരമായി മാറി. അവിടെ വലിയ കലാകാരൻമാരും, മഹാൻമാരും, തത്വചിന്തകരും ഉണ്ടായിരുന്നു. ആയതിനാൽ ചരിത്രകാരൻമാർ ഈ കാലഘട്ടത്തെ പെരിക്ലിസ് യുഗം എന്ന് വിളിക്കുന്നു.


പെരിക്ലിസ്

പെരിക്ലിസിന് ശേഷം വന്ന ഏഥൻസിലെ ഗവൺമെന്റ് സത്യം കണ്ടെത്താനുള്ള സോക്രട്ടീസിന്റെ വഴികളെ ഇഷ്ടപ്പെട്ടിരുന്നില്ല വിചാരണയിൽ രാഷ്ട്രത്താൽ അംഗീകരിക്കപ്പെട്ട ദൈവങ്ങളെ അദ്ദേഹം നിരസിക്കുകയും യുവാക്കളെ വഴിതെറ്റിക്കുകയാണെന്നും കുറ്റപ്പെടുത്തി. കോടതി അദ്ധേഹം കുറ്റകാരനെന്ന് കണ്ട് ഹെംലോക് (ഒരു തരം വിഷം) കുടിച്ച് മരിക്കുവാൻ വിധിച്ചു


സോക്രട്ടീസ്

## 5. 2 റോം: ഹെല്ലനിക ലോകം

### ഹെല്ലനിക നാഗരികതയുടെ ആരംഭം

ഗ്രീക്കുനഗര സംസ്ഥാനങ്ങൾക്ക് വിപുലമായഉദ്യോഗസ്ഥവൃന്ദംഉണ്ടായിരുന്നില്ല. അതുകൊണ്ട് അവർക്ക് കൂടുതൽ ശക്തമായ ചലനാത്മകത പ്രകടിപ്പിക്കാൻ കഴിഞ്ഞു. ഈ സാമ്രാജ്യം ചരിത്ര പ്രശസ്തിയാർജ്ജിച്ചഈജിപ്ത് മദ്ധ്യകിഴക്കൻഎന്നിവയെ പരസ്പരം ബന്ധിപ്പിക്കുന്നതിൽ വിജയിച്ചു. എന്നാൽ അലക്സാണ്ടറിന്റെ ഭരണകാലം മുഴുവനും യുദ്ധങ്ങളിൽ ചെലവഴിച്ചു.

ക്രി.മു (പൊ.വ.മു) 323 ൽ അലക്സാണ്ടറിന്റെ മരണത്തിനു ശേഷം സാംസ്കാരിക വികസം വളരെ വേഗത്തിലായി ഇതിനെ ഹെല്ലനിക നാഗരികത എന്നുവിളിക്കുന്നു.

ഗ്രീക്ക് ഈജിപ്ത്യൻ നഗരമായ അലക്സാണ്ട്രിയയിൽ ശാസ്ത്രത്തിന്റെയും, ഗണിതത്തിന്റെയും, തത്വചിന്തകരുടെയും സ്കൂളുകൾ അതിന്റെ ഉച്ചസ്ഥായിയിൽ എത്തി. ജാമിതിയുടെ സിദ്ധാന്തത്തിന് യൂക്ലിസ് രൂപംനൽകി. എറോസ്തനീസ് ഭൂമിയുടെ വ്യാസം കൃത്യമായി കണക്കാക്കി. ഹിർപ്പാക്കസ് ആണ് ത്രികോണമിതിയുടെ സ്ഥാപകൻ. ഹിർപ്പാക്കസിന്റെ ആശയങ്ങളെ അടിസ്ഥാനമാക്കികൊണ്ട് ഗ്രഹങ്ങളുടെയും നക്ഷത്രങ്ങളുടെയും മാതൃക ടോളമി നിർമ്മിച്ചു.

### റോമൻ റിപ്പബ്ലിക്

ആരംഭത്തിൽ കർഷകരുടെ പൂർവ്വികർ സംഘടിപ്പിച്ച ഒരു കർഷക സംഘം ആയിരുന്നു റോം. ഒരു പാരമ്പര്യ ഭരണസമിതി അവർ വികസിപ്പിച്ചെടുത്തു. റോമിലെ ജനങ്ങൾ രണ്ടു വിഭാഗങ്ങളായി പിരിഞ്ഞിരുന്നു. ഒരു വിഭാഗം പെട്രീഷ്യൻസ് എന്നുവിളിക്കുന്ന സമ്പന്നരായ ഭൂവുടമകൾ അടുത്തവിഭാഗം പ്ലിബിയൻസ് എന്നുവിളിക്കുന്ന സാധാരണ ജനങ്ങൾ.

പരസ്പരം വിഛേദിക്കുന്ന വടക്ക് തെക്ക്, കിഴക്ക് പടിഞ്ഞാറ് വ്യാപാര വീഥികളുടെ നടുവിലായി തന്ത്രപൂർവ്വം റോം സ്ഥിതി ചെയതു. വ്യാപാരികൾ കടന്നുപോകുമ്പോൾ കിട്ടുന്ന നികുതി വരുമാനമായി കണക്കാക്കപ്പെട്ടിരുന്നു. ക്രി.മു (പൊ.വ.മു) 6 ാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്ത് റോം ഫലഭൂയിഷ്ഠമായ നഗരമായി മാറി.

### പെട്രീഷ്യക്കാരും ബിബിയൻകാരും തമ്മിലുള്ള വർഗ്ഗയുദ്ധം

റോമിൽ യുദ്ധതടവുകാരെ അടിമകളാക്കി മാറ്റി അങ്ങനെ സമ്പന്നർക്ക് ചൂഷണം ചെയ്യാനായി ഒരു തൊഴിലാളി സമൂഹത്തെ റോം രൂപീകരിച്ചു. വലിയ ഭൂവുടമകൾ ഈ അടിമകളെ കുറഞ്ഞ വിലയ്ക്ക് വാങ്ങി തങ്ങളുടെ കൃഷിയിടങ്ങളിൽ പണിയെടുക്കാൻ നിയോഗിച്ചു. ക്രി.മു (പൊ.വ.മു) 1 ാം നൂറ്റാണ്ടിൽ ഏകദേശം 3.25 മില്ല്യൻ സ്വതന്ത്രരായ ജനങ്ങൾ ഉണ്ടായിരുന്നപ്പോൾ 2 മില്ല്യൻ ജനങ്ങളും അടിമകളായിരുന്നു. തൊഴിൽ ചെയ്യാൻ അടിമകളെ നിയോഗിച്ചതിൽ സ്വതന്ത്രരായ തൊഴിലാളികൾ ദരിദ്രാവസ്ഥയിൽ എത്തി. ധാരാളം പാവപ്പെട്ട കർഷകർക്ക് അവരുടെ കുഞ്ഞുങ്ങളെ അടിമച്ചന്തകളിൽ വിൽക്കേണ്ടി വന്നു. പ്ലിബിയൻസും പെട്രീഷ്യൻസും തമ്മിലുള്ള യുദ്ധം രക്തച്ചൊരിച്ചിലിൽ അവസാനിച്ചു.

റോമിന്റെ ഏറ്റവും പ്രധാന വരുമാനമാർഗ്ഗം അടിമവ്യാപാരം ആയിരുന്നു. ഡിലോസ് ദ്വീപ് ഏറ്റവും വലിയ അടിമ ചന്തയായി മാറി.

ടിബറിയസ് ഗ്രേഷ്യസ്, ഗായിയസ് ഡോ ഗ്രേഷ്യസ് എന്നിവർ പെട്രീഷ്യൻസ് ആയിരുന്നെങ്കിലും പാവപ്പെട്ട കർഷകർക്കു വേണ്ടി അവർ വാദിച്ചിരുന്നു. കർഷകർ ഇവരുടെ പ്രവർത്തനങ്ങളെ സഹായിച്ചതിൽ ആഘാതമേറ്റ സെനറ്റേഴ്സ് അവരിരുവരേയും കൊലചെയ്തു. ഈ ഗ്രേഷ്യൻ സഹോദരങ്ങളുടെ രക്തസാക്ഷിത്വം റോമൻ ജനാധിപത്യ ഭരണത്തെ റോമാ സാമ്രാജ്യമാക്കി മാറ്റി.

### കോൺസൽസിൽനിന്നും ചക്രവർത്തിയിലേക്കു ള്ള പദവി മാറ്റം

മാരിയസ് ഇക്യുറ്റേസ് (സെനറ്റു വർഗ്ഗത്തിനു താഴെയുള്ള സമ്പന്നരായ വർഗ്ഗം) സിന്റെ സഹായത്തോടെ കോൺസൽസായി. അദ്ദേഹം സെനറ്റേഴ്സിനു മുൻപാകെ ഭൂവിതരണ ബിൽ കൊണ്ടുവരാൻ ഒരു ശ്രമം നടത്തി.



IX Std - History Malayalam Unit-5.indd 68 3/29/2023 4:42:25 PM

ഇത് കലാപത്തിന് കാരണമായി. ഈ കലാപത്തിൽ മാരിയസിന്റെ സഖ്യകക്ഷികൾ കൊല്ലപ്പെട്ടു. അതിന്റെ ഫലമായി മാരിയസിന്റെയും സുള്ളയുടെയും അനുയായികൾ തമ്മിൽ ഒരു ആഭ്യന്തര കലാപം ഉണ്ടായി. മാരിയസ്സിനെ പുറത്താക്കിയതിന് ശേഷം സുള്ള ഒരു സ്വേച്ഛാധിപതിയായി മൂന്നു വർഷത്തോളം ഭരണം നടത്തി. അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ പിൻഗാമികളായിരുന്ന സിന്നയും കാറ്റലിനയും ഭരണം നടത്തി. കാറ്റലിനയുടെ പരാജയത്തെ തുടർന്ന് അവിടെ വലിയൊരു കലാപം പൊട്ടിപുറപ്പെട്ടു. സെനറ്റ്ഹൗസ് കത്തി ചാരമായി ജനങ്ങൾ തെരുവിലെ സമ്പന്നരെ ലഹളയ്ക്ക് ഇരയാക്കി. ഈ സാഹചര്യത്തിൽ ക്രി.മു (പൊ.വ.മു) 49 ൽ ജൂലിയസ് സീസർ ഇറ്റലിയെ പിടിച്ചെടുക്കുകയും അധികാരം സ്ഥാപി ക്കുകയും ചെയ്തു.

### അടിമ വിപ്ലവം

ഗ്രീസിനെ അപേക്ഷിച്ച് റോമിലാണ് അടിമവിപ്ലവം ധാരാളമായി നടന്നത്. സ്പാർട്ടൻസാണ് ഏറ്റവും പ്രശസ്തിയാർജ്ജിച്ച ലഹള. ക്രി.മു (പൊ.വ.മു) 73 ലാണ് ഈ ലഹള ആരംഭിച്ചത് ഇതിൽ 70000 ത്തോളം അടിമകൾ പങ്കെടുത്തു. ഇത് റോമിന്റെ ഭരണത്തിനു ഭീക്ഷണിയായി മാറി അവസാനം സ്പാർട്ടൻസിനെ കൊല്ലുകയും ലഹള അവസാനിപ്പിക്കുകയും ചെയ്തു. 6000 സ്പാർട്ടൻസിന്റെ അനുയായികളെ തൂക്കിലേറ്റി .

## രാജഭരണം (പ്രിൻസിപ്പാറ്റ്) സ്ഥാപിക്കൽ

സാമൂഹിക പ്രശ്നങ്ങൾക്കു വേണ്ടിയുള്ള ആഭ്യന്തര യുദ്ധങ്ങൾഅവസാനിപ്പിച്ചപ്പോൾഅതിനുപകരംസൈനിക മേധാവികൾക്കിടയിലുള്ള ആഭ്യന്തര കലഹങ്ങൾ ആരംഭിച്ചു. മാരിയസും സിന്നയും സുള്ളക്കെതിരെയും, പോംപെ ജൂലിയസ്സീസറിനെതിരെയും, സീസറിന്റെ മരണത്തിനു ശേഷം ബ്രൂട്ടസും ക്യാഷ്യസും മാർക്ക് ആന്റണിക്കും ഒക്ടോവിയനും (സീസറിന്റെ അനന്തരവൻ) എതിരേയും അവസാനം ഒക്ടോവിയൻ മാർക്ക് ആന്റണിക്കെതിരേയും ആഭ്യന്തര യുദ്ധങ്ങൾ നടത്തി. ഒക്ടോവിയനെ (അഗസ്റ്റസ്) യഥാർത്ഥമായ ഒരു രാജഭരണം സ്ഥാപിക്കാൻ അനുവദിച്ചാൽ മാത്രമേ രാഷ്ട്രീയ സ്ഥിരത വീണ്ടും കൈവരിക്കാൻ കഴിയുകയുള്ളൂ എന്ന് പാരമ്പര്യമായി സമ്പന്നരായിട്ടുള്ളവരും പുതിയ സമ്പന്നരും തീരുമാനിച്ചു. അഗസ്റ്റസിന്റെ ഭരണം ആരംഭിക്കുന്ന കാലഘട്ടം ക്രി.മു (പൊ.വ.മു) 27 രാജഭരണം (പ്രിൻസിപാറ്റ്) എന്ന് അറിയപ്പെടുന്നു അഗസ്റ്റസ് തന്നെ ചക്രവർത്തി എന്ന് സ്വയം വിശേഷിപ്പിച്ചിരുന്നു.

## രാജഭരണത്തിന്റെ കീഴിലുള്ള സമൂഹം

രാജഭരണത്തിന്റെ കീഴിൽ രാജവാഴ്ചയേക്കാൾ ചക്രവർത്തി ഭരണം കൂടുതൽ സമൃദ്ധമായിരുന്നു. ഈ കാലഘട്ടത്തിലാണ് പാശ്ചാത്യ രാജ്യങ്ങളിൽ നിന്നുമുള്ള ആഡംബര വസ്തുക്കളുടെ അതായത് സിൽക്, സുഗന്ധവ്യജ്ഞനങ്ങൾ, രത്നങ്ങൾ തുടങ്ങിയവയുടെ പെട്ടന്നുള്ള വരവിന് സാക്ഷ്യം വഹിച്ചു. വൻതോതിൽ ക്ഷേത്രങ്ങൾ, തിയേറ്ററുകൾ, മൈതാനങ്ങൾ, വലിയ പ്രതിമകൾ, കായികവിനോദ സ്ഥലങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവയാൽ നഗരങ്ങൾ നിർമ്മിച്ചിരുന്നു. സമ്പന്നരായ ആൾക്കാർ മല്ലൻമാരെ കൊണ്ട് പരസ്പരം ഗുസ്തി നടത്തുകയും കൊല്ലുകയും ചെയ്യുന്ന മൽസരങ്ങളും സംഘടിപ്പിച്ചു കൊണ്ട് പാവപ്പെട്ട ജനങ്ങളുടെ ശ്രദ്ധയെ തിരിച്ചിരുന്നു.

### പ്യൂനിക് യുദ്ധങ്ങളും റോമൻ സാമ്രാജ്യത്തിന്റെ ആവിർഭാവവും

ഇറ്റലിയിൽ റോം വളർന്നപ്പോൾ വടക്ക് ആഫ്രിക്കയിൽ കാർത്തേജ് ഒരു വൻ ശക്തിയായി വളർന്നു. കടൽ യാത്രകളിലും വ്യാപാരത്തിലും അഗ്രഗണ്യനായിരുന്ന ഫിനീഷ്യന്റെ വംശജരായിരുന്നു കാർത്തേജിയൻസ്. റോമും കാർത്തേജും ഗ്രീക്കുകാരെ പുറത്താക്കാൻ ഒന്നായി പ്രവർത്തിച്ചു. അതിനുശേഷം സിസിലിയെ കൈവശപ്പെടുത്തുകയും റോമിന് ഒരു ഭീക്ഷണിയായി മാറുകയും ചെയ്തു പരസ്പരമുള്ള ഈ മൂന്ന് യുദ്ധങ്ങളെയും പ്യൂനിക് യുദ്ധങ്ങൾ എന്ന് അറിയപ്പെടുന്നു. ഹന്നിബൽ എന്ന ജനറലിനെ കാർത്തേജ് അയച്ചു. അദ്ദേഹം റോമൻ സൈന്യത്തെ തോൽപ്പിക്കുകയും ഇറ്റലിയുടെ ഭൂരിഭാഗം പ്രദേശങ്ങളും മരുഭൂമിയാക്കി മാറ്റുകയും ചെയ്തു. റോമൻ സൈന്യത്തെ നയിച്ചിരുന്ന ഫാബിയസ് പരാജയം സമ്മതിച്ചിരുന്നില്ല. രണ്ടാം പ്യൂനിക് യുദ്ധത്തിൽ ഹന്നിബലിനെ നേരിട്ടു. സാമാ യുദ്ധത്തിൽ അദ്ദേഹത്തെ പരാജയപ്പെടുത്തി. റോമൻ സൈന്യം അദ്ദേഹത്തെ പിൻതുടർന്ന് വന്നെങ്കിലും വിഷം കഴിച്ച് ഹന്നിബൽ ആത്മഹത്യ ചെയ്തു. ഈ യുദ്ധത്തിൽ കാർത്തേജിന് പരാജയം സംഭവിക്കുകയും അത് നശിച്ചു പോകുകയും ചെയ്തു. റോം പാശ്ചാത്യലോകത്തിലെ നിസ്തുലമായ ശക്തിയായി മാറി .



ഹനിബൽ



IX Std - History Malayalam Unit-5.indd 69 3/29/2023 4:42:25 PM




റോമൻ സാമ്രാജ്യം



അഗസ്റ്റസ്

അഗസ്റ്റസിന്റെ കാലത്തുണ്ടായിരുന്ന വളരെ പ്രശസ്തനായ എഴുത്തുകാർ അദ്ദേഹത്തിന്റെ ഭരണത്തിന് മഹിമ നേടിക്കൊടുത്തു. മുതിർന്ന ശാസ്ത്രജ്ഞനായ പ്ലിനി ശാസ്ത്രത്തിൽ ഒരു വലിയ സർവ്വ വിജ്ഞാന ഗ്രന്ഥം രചിച്ചു. അതിനെ അദ്ദേഹം പ്രകൃതിയുടെ ചരിത്രം എന്ന് വിളിച്ചു. ശാസ്ത്രത്തിൽ സർവ്വവിജ്ഞാന ഗ്രന്ഥങ്ങളുടെ ഗ്രന്ഥകർത്താക്കളിൽ ഏറ്റവും അധികം അറിയപ്പെടുന്ന ഒരാളാണ് സിനിക. ഹോറസിന്റെ 'ഓട്സ്' എന്ന ഗ്രന്ഥത്തിൽ എപ്പിക്യൂറിയന്റെ സന്തോഷത്തിന്റെ ന്യായീകരണത്തെയും, സ്റ്റോയിക്കിന്റെ പ്രശ്നങ്ങൾ വരുമ്പോൾ നേരിടേണ്ട ധൈര്യത്തെയും കൂട്ടിച്ചേർത്ത് ഒരു പുതിയ തത്വചിന്ത രൂപീകരിച്ചു. ലിവി ഒരു ചരിത്രകാരൻ എന്നതിനേക്കാളും ഉപരി പ്രത്യേക ശൈലിയിലുള്ള ഗ്രന്ഥകർത്താവ് എന്നറിയപ്പെട്ടു. ഏറ്റവും നല്ല ചരിത്രകാരനായി അറിയപ്പെടുന്നത് റ്റേസിഡസ് ആണ്. വെർജിലിന്റെ ഏനെയ്ഡ് റോമാനിയ സോച്ഛാധിപത്യത്തെ പുകഴ്ത്തി ഈ രാജഭരണത്തിലാണ് റോമാനിയ നിയമങ്ങൾ വികസനത്തിന്റെ നെറുകെയ്യിൽ എത്തിച്ചേർന്നത്.



കൊളോസിയം

ക്രി.പി (പൊ.വ) 14 ൽ അഗസ്റ്റസിന്റെ മരണ ശേഷം കുറച്ചു ഭരണാധികാരികൾ മാത്രമേ കഴിവായിരുന്നുള്ളൂ. ട്രാജൻ (98 - 117) അന്റോണിനൻസ്, പയസ്, മാർക്കൻ ഔറിലിയസ് ഒഴികെയുള്ള ബാക്കി രാജാക്കൻമാർ സ്വേഛാധിപതികളായിരുന്നു. മാർക്കസ് ഔറ്റിലിയസ് മറ്റുള്ളവരിൽ നിന്ന് വ്യത്യാസമായിരുന്നു. തത്വചിന്തകൻ എന്ന നിലയ്ക്ക് അദ്ദേഹം ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇദ്ദേഹമാണ് ചൈനയിലേക്ക് ഒരു ദൂതസംഘത്തിനെ അയച്ച് ഏഷ്യയിലെ ശക്തികളുമായി ബന്ധം പുലർത്തിയിരുന്ന ആദ്യത്തെ റോമൻ രാജാവായിരുന്നു അഗസ്റ്റസ്.

## ബാഹ്യഅധിനിവേശവും റോമൻ സാമ്രാജ്യത്തിന്റെ അധഃപതനവും

ബാർബേറിയൻ ആക്രമണങ്ങളുടെ ഭീക്ഷണിയെ നേരിടുന്നതിനായി രാജാക്കൻമാർക്ക് വലിയ ചെലവിൽ കൂലിപ്പടകളെ ആശ്രയിക്കേണ്ടി വന്നു. ക്രി.പി (പൊ.വ)



IX Std - History Malayalam Unit-5.indd 70 3/29/2023 4:42:28 PM

330 ൽ ഈ സാമ്രാജ്യത്തിന്റെ തലസ്ഥാനം ഇറ്റലിയിൽ നിന്നും ഗ്രീക്കു ഭാഷ സംസാരിക്കുന്ന നഗരമായ ബൈസാന്റിയമിലേക്ക് മാറി എന്നാൽ ഇത്രയും അകലെയുള്ള പടിഞ്ഞാറൻ ഭാഗങ്ങളിൽ ഭരണം നടത്തുന്നതിന് ബുദ്ധിമുട്ടായിരുന്നു. ക്രി.പി (പൊ.വ) 410 ൽ ഗോത്ത് അലറിക് റോമിനെ കൊള്ളയടിക്കാൻ തന്റെ സൈന്യത്തെ നയിച്ചു. ഗൗളിന്റെ നിയന്ത്രണം ഫ്രാങ്ക് ക്ലോവിസ് ഏറ്റെടുത്തു. റോമിന്റെ ചക്രവർത്തിയായി ഓസ്ട്രോ ഗോത്ത് തിയോഡോറിക് സ്വയം പ്രഖ്യാപിച്ചു. അവസാനം വണ്ടൻസിന്റെ ഭാഗത്തു നിന്നും വൻ ആക്രമണമുണ്ടായി. ക്രി.പി(പൊ.വ) 476 ൽ രാജാവ് റോമുലസ് അഗസ്റ്റസ് ചക്രവർത്തിയുടെ ഭരണത്തെ വെറുത്ത റോമൻ സൈന്യം ഒടോവാസിന്റെ നേതൃത്വത്തിൽ കലാപമുണ്ടാക്കുകയും അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. ഇത് പാശ്ചാത്യ റോമൻ സാമ്രാജ്യത്തിന്റെ അവസാന അടയാളമായി മാറി.

## 5.3 കിഴക്കൻ ഏഷ്യയിലെ സാമ്രാജ്യത്വത്തിന്റെ നിർമ്മാണം :ചൈന

### ചിൻ രാജവംശത്തിന്റെ അധഃപതനം

ഷിഹുവാങ്ടി (ആദ്യത്തെ ചക്രവർത്തി) എന്ന് അറിയപ്പെട്ടിരുന്ന വാങ്ചെങ് ചൈനയിലെ സംസ്ഥാനങ്ങൾക്കിടയിലുണ്ടായിരുന്ന തുടർച്ചയായ യുദ്ധങ്ങൾ അവസാനിപ്പിച്ചു.അദ്ദേഹം പ്രാദേശികമായുണ്ടായിരുന്ന എല്ലാ നിയമങ്ങളേയും മാറ്റുകയും ഒരു ഉറച്ച കേന്ദ്രഗവൺമെന്റിന് രൂപം നൽകുകയും ചെയ്തു. എന്നിരുന്നാലും മറ്റു സംസ്കാരങ്ങളെ ഇഷ്ടപ്പെടാത്ത കർഷകരുടെ ലഹളകൾ വീണ്ടും വീണ്ടും ചൈനയിൽ ഉണ്ടാക്കിക്കൊണ്ടിരുന്നു. ഈ ലഹളകൾ ചിൻ രാജവംശം തകർന്നടിയാൻ കാരണമായി.

### ഹൻ രാജവംശവും ചൈനീസ് ഭൂപ്രദേശത്തിന്റെ വിപുലീകരണവും

ലിയു പാങ് നിർമ്മിച്ച ഹാൻ രാജവംശം (ക്രി.മു (പൊ.വ.മു) 206 ക്രി.പി(പൊ.വ) 220 വരെ) ഏകദേശം 400 വർഷത്തോളം സമ്പൽ സമൃദ്ധിയായി നിലനിന്നിരുന്നു. അവരുടെ തലസ്ഥാനം ചാങ്-അൻ ആയിരുന്നു. ഈ വംശത്തിലെ ഏറ്റവും പ്രസിദ്ധിയാർജ്ജിച്ച രാജാവ് വു-തൈ ആണ്. അവരുടെ സൈനിക മേധാവികൾ വടക്കു ഭാഗത്തുള്ള ഹൂണൻമാരെ തുരത്തി ഓടിച്ചു. അങ്ങനെ വീണ്ടും വ്യാപാരങ്ങൾക്കായി സിൽക്ക് റോഡ് ഹാൻ ചക്രവർത്തി തുറന്നു കൊടുത്തു. വൻതോതിലുള്ള വ്യാപാരപ്രധാനമായിട്ടും പട്ട് റോമൻ സാമ്രാജ്യത്തിൽ ധാരാളമായി എത്തിച്ചേർന്നു.

വടക്ക് ദിശകളിൽ ശില്പികളും ബാർബേറിയൻ വംശത്തിലുള്ള ലഹളക്കാരുടെ നേതാക്കളും ചേർന്ന് കുതിരകൾക്ക് ജീനി ഇടുന്ന രീതിയും ജീനികളുടെയും അങ്കവടികളുടെയും ഉപയോഗങ്ങളും, പർവ്വതങ്ങളിലെ റോഡുകളും, പാലങ്ങളും നിർമ്മിക്കുന്ന തന്ത്രങ്ങളെയും കടൽ യാത്ര തുടങ്ങിയവയും അവർ കൊണ്ടുവന്നു. ഈ കണ്ടുപിടിത്തങ്ങൾ ഹാൻ സാമ്രാജ്യത്തിന് പ്രശസ്തി നേടികൊടുത്തു. ക്രിസ്ത്യൻ യുഗത്തിന്റെ ആരംഭത്തിൽ ഹാൻ സാമ്രാജ്യം റോമിനോട് അതിന്റെ വലിപ്പത്തിലും സമ്പത്തിലും ഒപ്പമാവാൻ ശ്രമിച്ചു.

ചൈന മുതൽ ഏഷ്യാമൈനറും ഇന്ത്യയും വരെയുള്ള വ്യാപാര വീഥികളെ സിൽക്ക് റോഡ് അല്ലെങ്കിൽ സിൽക്ക്റൂട്ട് എന്നറിയപ്പെട്ടു. ഇത് ചൈനയെ പടിഞ്ഞാറൻ രാജ്യങ്ങളോടു കൂട്ടിച്ചേർത്തു ഈ വഴിയിലൂടെ രണ്ടു നാഗരികതയുടെ ആശയങ്ങളും സാധനങ്ങളും പരസ്പരം കൈമാറപ്പെട്ടു പട്ട് പടിഞ്ഞാറൻ രാജ്യങ്ങളിലേക്ക് പോവുകയും കമ്പിളി, സ്വർണ്ണം, വെള്ളി, തുടങ്ങിയവ കിഴക്കൻ രാജ്യങ്ങളിലേക്ക് പോവുകയും ചെയ്തു. ഈ സിൽക്ക് റോഡിലൂടെയാണ് ചൈന ഇന്ത്യയിൽ നിന്നും ബുദ്ധമതം സ്വീകരിച്ചത്.



നെയ്തെടുത്ത പട്ട്

ഹാൻ രാജവംശത്തിന്റെ ഭരണകാലത്താണ് ബുദ്ധമതം ഇന്ത്യയിൽ നിന്നും ചൈനയിലേക്ക് വന്നത്. ബുദ്ധമതത്തോടു കൂടെ ചൈനയിലേക്ക് ഇന്ത്യൻ കലകളുടെ സ്വാധീനവും ഉണ്ടായി. ആ സ്വാധിനം ചൈനയിൽ നിന്ന് കൊറിയയിലേക്ക് വ്യാപിക്കുകയും അവിടെ നിന്ന് ജപ്പാനിലേക്കും അതിന്റെ സ്വാധീനമുണ്ടായി. ചില ബുദ്ധവിശ്വാസികളുടെ കലകളിൽ ഹെലനിക് ശൈലികളുടെ ശക്തമായ സ്വാധീനം ഉണ്ടായിരുന്നു.



ബുദ്ധൻ (ചൈന)

വലിയ ഭൂവുടമകളെ നിയന്ത്രിക്കുന്നത് വളരെ പ്രയാസമേറിയ കാര്യമാണെന്ന്. ഹാൻ ചക്രവർത്തിമാർ കണ്ടെത്തി. ചൈനയുടെ ഏകീകരണത്തിനും ഏകദേശം പത്ത് നൂറ്റാണ്ടുകൾക്ക് ശേഷം വടക്കൻ ചൈനയിൽ ശത്രു രാജ്യങ്ങൾക്കിടയിൽ നിന്നുള്ള ധാരാളം ആഭ്യന്തര യുദ്ധങ്ങളുടെ ഉദയം ചൈന കണ്ടു.ജനങ്ങൾ അവരുടെ വീടുകൾ ഉപേക്ഷിച്ച് യാങ്സി മേഖലയിലേക്കും അതിനപ്പുറത്തേക്കും പാലായനം ചെയ്തു. ഹാൻ കാലഘട്ടത്തിനു ശേഷം രാജ്യം മുഴുവൻ രാഷ്ട്രീയ അരക്ഷിതാവസ്ഥയ്ക്ക് സാക്ഷ്യം വഹിച്ചു.



IX Std - History Malayalam Unit-5.indd 71 3/29/2023 4:42:28 PM

പട്ട് മാർഗ്ഗ ഭൂപടം




## 5.4 ക്രിസ്തു മതത്തിന്റെ ഉദയം

ദാവീദിന്റെയും ശലമോന്റെയും മഹത്വമേറിയ ചുരുങ്ങിയ കാലഘട്ടത്തിനു ശേഷം യഹൂദർക്ക് ഒരു വൻ വീഴ്ചയുണ്ടായി. അവർ വലിയ ക്ലേശം അനുഭവിച്ചു. റോമൻ സാമ്രാജ്യത്തിലെല്ലാം ഇത് വ്യാപിച്ചിരുന്നു. അവർ ഒരു രക്ഷകൻ വരുമെന്നും പഴയ കാലപ്രതാപം തിരിച്ചു കിട്ടുമെന്നും പ്രതീക്ഷിച്ചു. ആരംഭത്തിൽ അവർ എല്ലാ പ്രതീക്ഷയും യേശുവിൽ അർപ്പിച്ചിരുന്നു. യേശു പണക്കാർക്കും കാപട്യക്കാർക്കും എതിരായിരുന്നു. ചില ആചാരങ്ങളും അനുഷ്ടാനങ്ങളും അദ്ദേഹം എതിർത്തിരുന്നു. ചില പുരോഗിതർക്ക് ഇത് ഇഷ്ടപ്പെട്ടില്ല. അവർ യേശുവിനെതിരെ തിരിയുകയും അദ്ദേഹത്തെ കൈയ്യോടെ പിടികൂടി റോമൻ ഭരണാധികാരിയായിരുന്ന പോണ്ടിയസ് പിലാത്തോസിന്റെ അടുക്കൽ ഹാജരാക്കി. റോമൻ ഭരണാധികാരികൾ യേശുവിനെ ഒരു രാജ്യദ്രോഹി എന്നാരോപിച്ച് ക്രൂശിച്ചു.



### യേശു തന്റെ അനുയായികളെ അഭിസംബോധന ചെയ്യുന്നു

യേശുവിന്റെ കുരിശു മരണത്തിനു ശേഷം സെന്റ് പോൾ ക്രൈസ്തവൻ തത്വങ്ങളെ പ്രചരിപ്പിക്കാൻ തുടങ്ങി. സെന്റ് പോൾ അദ്ദേഹത്തിന്റെ ഉദ്യമത്തിൽ വിജയിക്കുകയും ക്രൈസ്തുമതം ക്രമേണ പ്രചാരത്തിൽ വരികയും ചെയ്തു. റോമക്കാർ ക്രൈസ്തു മതത്തെ അംഗീകരിച്ചു. എന്നാൽ ചക്രവർത്തികളുടെ പ്രതിഛായയോടുള്ള ക്രൈസ്തവാനികളുടെ എതിർപ്പ് രാജ്യദ്രോഹമായി കണക്കാക്കപ്പെട്ടു. ഇത് ക്രൈസ്തവാനികളെ വേട്ടയാടാൻ തുടങ്ങി. അവരുടെ വസ്തുവകകൾ സർക്കാരിലേക്ക് പിഴയായി പിടിച്ചെടുക്കുകയും അവരെ സിംഹങ്ങൾക്ക് എറിഞ്ഞു കൊടുക്കുകയും ചെയ്തു. എന്നിരുന്നാലും റോമൻ ചക്രവർത്തിമാർ ക്രൈസ്തവാനികളെ അടിച്ചമർത്തുന്നതിൽ വിജയിച്ചില്ല. റോമൻ ചക്രവർത്തിമാരിൽ ഒരാളായ കോൺസ്റ്റന്റൈൻ സ്വയം ഒരു ക്രൈസ്തവാനിയായി മാറി അങ്ങനെ ക്രൈസ്തു മതം ആ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി മാറി.

### സെന്റ് സോഫിയ കത്തീഡ്രൽ



സെന്റ് സോഫിയ കത്തീഡ്രൽ ക്രി. പി 6 ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ് നിർമ്മിച്ചത്. യൂറോപ്പിൽ ആ സമയത്തിൽ ഉണ്ടായിരുന്നതിൽ ഏറ്റവും മനോഹരമായ കെട്ടിടം അതിന്റെ വാസ്തുവിദ്യ തന്ത്രങ്ങളിൽ അറിയപ്പെടുന്നു. ഒട്ടോമൻ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയപ്പോൾ ഈ കത്തീഡ്രൽ മുസ്ലീം പള്ളിയാക്കി മാറ്റി.



IX Std - History Malayalam Unit-5.indd 72 3/29/2023 4:42:29 PM

## 5.5 ബൈസാന്റിയം

കോൺസ്റ്റാന്റിനോപ്പിൾ നഗരത്തെ തലസ്ഥാന മാക്കികൊണ്ട് ഏകദേശം 1000 വർഷം വരെ രാജ്യം ഭരിച്ചിരുന്ന ബൈസാന്റിയം ചക്രവർത്തിമാർ സ്വയം റോമക്കാർ എന്ന് വിശേഷിപ്പിച്ചു. പക്ഷേ അവരുടെ ഭാഷ ഗ്രീക്കായിരുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ നൈപുണ്യം തെളിയിക്കുന്ന രാജകൊട്ടാരങ്ങളും, വായനശാലകളും, റോമക്കാരുടെയും ഗ്രീക്കുകാരുടെയും പാണ്ഡിത്യം തെളിയിക്കുന്ന എഴുത്തുകളും ആരേയും വശീകരിക്കുന്ന സെന്റ് സോഫിയ കത്തീഡ്രൽ തുടങ്ങിയവ അവർ ഉപേക്ഷിച്ചിട്ട് പോയ പാരമ്പര്യങ്ങളാണ്.

എന്നിരുന്നാലും ഈ കാലഘട്ടത്തിൽ ശാസ്ത്രത്തിനും സാങ്കേതിക വിദ്യയ്ക്കും യാതൊരുവിധ മുന്നേറ്റവും ഉണ്ടായിരുന്നില്ല. സാമ്രാജ്യത്തിന്റെ പ്രവശ്യകളുടെ സമ്പദ് വ്യവസ്ഥകൾ വലിയ തദ്ദേശീയ ഭൂവുടമകൾ കൈവശമായിരുന്നു. ചെറുകിട കൃഷിക്കാർ എപ്പോഴും ദാരിദ്ര്യത്തിന്റെ വക്കിലായിരുന്നു. നാലാം കുരിശ് യുദ്ധത്തിൽ പങ്കെടുത്തവർ ഇതിനെ കൊള്ളയടിക്കുകയും ഭരിക്കുകയും ചെയ്തപ്പോൾ ഇതിന്റെ അടിസ്ഥാന ബലഹീനത വെളിച്ചത്തിൽ വന്നു. ക്രി.പി (പൊ.വ) 1453 ൽ ഒട്ടോമൻ തുർക്കിയുടെ മുന്നിൽ ഈ സാമ്രാജ്യം തകർന്നടിഞ്ഞു.

### പ്രാചീന കാലത്തിൽ ഇന്ത്യ



കുശാനൻമാരുടെ കാലം റോമൻ റിപ്പബ്ലിക്കിന്റെ അവസാന കാലഘട്ടമായ ജൂലിയസ് സീസറിന്റെ കാലത്തിന് സമകാലീനമായിരുന്നു.ജൂലിയ സീസറിന് ശേഷം അഗസ്റ്റസ് സീസറിന്റെ അടുത്തേക്ക് കുശാനൻമാരുടെ ചക്രവർത്തിമാർ നയതന്ത്രജ്ഞൻമാരുടെ ഒരു സംഘത്തെ അയച്ചു.




പൊതുവർഷത്തിന്റെ ആദ്യ മൂന്നു നൂറ്റാണ്ടുകളിലാണ് സംഘകാലം പതിനെട്ടു പ്രധാന കാവ്യങ്ങൾ അതായത് എട്ട് പദ്യ സമാഹാരങ്ങളും പത്ത് നാടൻപാട്ടുകളും രചിച്ചത്. സംഘം സാഹിത്യത്തെ ഇന്ത്യയിലെ തന്നെ മികച്ച സാഹിത്യമായി ആഘ്ലാനം ചെയ്യുപ്പെട്ടു.



ദക്ഷിണേന്ത്യൻ ക്രി.പി (പൊ.വ) 4 ഉം 5 ഉം നൂറ്റാണ്ടുകൾ കളഭ്രൻമാരുടെ കാലഘട്ടത്തിന് സമകാലീനമായിരുന്നു. തേക്കുതടി, കുരുമുളക്, മുത്തുകൾ, പട്ടാമ്പരം, വിലപിടിച്ച കല്ലുകൾ, തുടങ്ങിയവ മലബാർ തീരത്തു നിന്നും ബാബിലോണിയയിലേക്കും, ഈജിപ്തിലേക്കും കയറ്റുമതി ചെയ്തിരുന്നു. റോമുമായിട്ടുള്ള വ്യാപാര പിന്നീട് സമർത്ഥമായ രീതിയിൽ നടന്നു.

### ചുരുക്കം

- ഗ്രീക്കുകാർ അവരുടെ ദേശസ്നേഹം കൊണ്ട് കടന്നാക്രമണത്തിന് വന്ന പേർഷ്യൻ സൈന്യത്തെ തിരിച്ചോടിച്ചു
- ഏഥൻസ് രാജവാഴ്ചയും പ്രഭുവാഴ്ചയും നിരസിച്ച് ജനാധിപത്യം തെരഞ്ഞെടുത്തു.
- പെരിക്ലിസിന്റെ ഭരണകാലത്ത് ഏഥൻസ് നാഗരികതയുടെ ഉയർന്ന തലത്തിലായിരുന്നു.
- അലക്സാണ്ടറുടെ മരണത്തിന് ശേഷം ശാസ്ത്രത്തിലും, ഗണിതത്തിലും, തത്വചിന്തയിലും ഗ്രീക്ക് ഈജിപ്ത്യൻ നഗരമായ അലക്സാണ്ട്രിയ അതിന്റെ ഉച്ചസ്ഥായിലെത്തി പുതിയ ഹെലനിക് യുഗത്തിന് ആരംഭം കുറിച്ചു
- ക്രി.മു (പൊ.വ.മു) 6ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ റോം ഫലഭൂയിഷ്ടമായുള്ളതാവുകയും ഒരു റിപ്പബ്ലിക്കായി വികസിക്കുകയും ചെയ്തു.
- പേർഷ്യൻസിന്റെയും ബ്ലിബിയൻസിന്റെയും ഇടയിലുണ്ടായ വർഗ്ഗയുദ്ധങ്ങളും അടിമകളുടെ ലഹളകളും റോമിനെ ഒരു സാമ്രാജ്യത്തിലേക്ക് നയിച്ചു
- അഗസ്റ്റസ് രാജാവിന്റെ ഭരണകാലത്ത് ശാസ്ത്ര നിർമ്മാണ പ്രവൃത്തികൾ, വാസ്തു വിദ്യ, ശില്പ വിദ്യ തുടങ്ങിവയയിൽ നല്ല രീതികളിലുള്ള സംഭാവന റോമക്കാർ നൽകിയതിന് അഗസ്റ്റസ് സാക്ഷിയായിരുന്നു



IX Std - History Malayalam Unit-5.indd 73 3/29/2023 4:42:30 PM

- ആഭ്യന്തര ലഹളകളും, ഫ്രാങ്ക്സിന്റെയും,വാണ്ടൽസിന്റെയും, ഗേത്തിന്റെയും കടന്നാക്രമണം റോമൻ സാമ്രാജ്യത്തിന്റെ അന്ത്യമായിരുന്നു.
- റോമക്കാർ കോൺസ്റ്റാന്റിനോപ്പിളിനെ തലസ്ഥാനമാക്കി കൊണ്ട് കിഴക്ക് പ്രദേശങ്ങളിൽ നാഗരീകത്വം കൊണ്ടുവന്നു. ഇതിനെ ബൈസാണ്ടിയം നാഗരീകത എന്നുവിളിക്കുന്നു
- ക്രിസ്തുമതം ബൈസാണ്ടിയിലെ ഔദ്യോഗിക മതമായി മാറുകയും അത് യൂറോപ്പ് മൂഴുവൻ വ്യാപിക്കുകയും ചെയ്തു.

## അഭ്യാസം

PK3HY

### I ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക

1. _____ എന്ന ഗ്രീക്കു നഗരസാമ്രാജ്യമാണ് പേർഷ്യൻസിനെ അവസാനം വരെ എതിർത്തത്.
   (a) അക്രോപൊളിസ് (b) സ്പാർട്ട
   (c ) ഏഥൻസ് (d) റോം
2. ഗ്രീക്കിന്റെ മറ്റൊരു പേര് _____ ആണ്
   (a) ഹെലനിസ്റ്റുകൾ (b) ഹെലനികൾ
   (c) ഫിനീഷ്യൻ (d) സ്പാർട്ടാക്കാർ
3. ഹാൻ രാജവംശത്തിന്റെ സ്ഥാപകൻ _____ ആണ്
   (a) വു-തൈ (b) ഹൻ-ചോവ്
   (c) ലിയുപാങ് (d) മങ്കുഖാൻ
4. യേശു ക്രിസ്തുവിനെ ക്രൂശിക്കുന്നതിൽ ഉത്തരവാദിത്വപ്പെട്ട റോമൻ ഗവർണ്ണർ _____ ആയിരുന്നു.
   (a) ഇന്നസെന്റ് (b) ഹിൽഡേബ്രാന്റ്
   (c) ലിയോ ഒന്നാമൻ
   (d) പോണ്ടിയസ് പിലാത്തോസ്
5. _____ _____ തമ്മിൽ നടന്ന യുദ്ധമാണ് ഫിലിപ്പനേഷ്യൻ യുദ്ധം
   (a) ഗ്രീക്കും, പേർഷ്യൻസും
   (b) ബ്ലിബിയൻസും പെട്രീഷ്യൻസും
   (c) സ്പാർട്ടൻസും, ഏഥൻസും
   (d) ഗ്രീക്കും, റോമൻസും

### II പൂരിപ്പിക്കുക

1. ഗ്രീക്കുകാർ _____ എന്ന സ്ഥലത്തുവച്ച് പേർഷ്യൻസിനെ പരാജയപ്പെടുത്തി.
2. റോമൻ റിപ്പബ്ലിക്കിൽ _____ പാവപ്പെട്ട കർഷകർക്കു വേണ്ടി നിലകൊണ്ടു.
3. _____ വംശത്തിന്റെ ഭരണകാലത്താണ് ബുദ്ധമതത്തെ ഇന്ത്യയിൽ നിന്നും ചൈനയിലേക്ക് വന്നത്
4. യൂറോപ്പിലെ ആരെയും ആകർഷിക്കുന്ന ഒരു സൗഥമാണ് _____.
5. _____ _____ റോമിലെ ന്യായാധിപൻമാരായിരുന്നു.

### III ശരായായ വാക്യം തിരഞ്ഞെടുക്കുക

1. (i) ഗ്രീക്കിന് മേൽ ഉണ്ടായ ആദ്യത്തെ പേർഷ്യൻ ആക്രമണം പരാജയപ്പെട്ടു.
   (ii) റോമൻ സാമ്രാജ്യത്തിന്റെ പതനം ജൂലിയസ് സീസറിൽ ആരോപിക്കപ്പെട്ടു.
   (iii) റോമിനുമേൽ ആക്രമണം നടത്തിയ ബാർബേരിയൻസ് സംസ്കാരപരമായി മുന്നേറിയവരാണ്.
   (iv) റോമൻ സാമ്രാജ്യത്തിൽ ബുദ്ധമതം ക്ഷയിച്ചിരുന്നു.
   (a) (i) ശരി (b) (ii) ശരി (c) (ii) ഉം (iii) ഉം ശരി (d) (iv) ശരി
2. (i) യൂക്ലിഡ് ഗ്രഹങ്ങളും നക്ഷത്രങ്ങളും എങ്ങനെയാണ് ചലിക്കുന്നത് എന്നതിന്റെ ഒരു മാതൃക വികസിപ്പിച്ചെടുത്തു.
   (ii) എട്രൂസ്കൻസിനെ തോൽപ്പിച്ചിട്ട് റോമക്കാർ ഒരു റിപ്പബ്ലിക് സ്ഥാപിച്ചു.
   (iii) അക്രോപൊളിസ് ഒരു പ്രശസ്തമായ അടിമചന്തയായി മാറി.
   (iv) ഗ്രീക്കിനെ പുറത്താക്കാൻ റോമും കാർത്തേജും ഒരുമിച്ചു.
   (a) (i) ശരി (b) (ii) ശരി (c) (ii) ഉം (iv) ഉം ശരി (d) (iv) ശരി.
3. (i) ഹാൻ രാജവംശത്തിൽ സിൽക്ക് റോഡ് മൂടപ്പെട്ടു.
   (ii) ഏഥൻസിന്റെ ജനാധിപത്യ ഭരണകാലത്തിന് കർഷകരുടെ ലഹളകൾ ഒരു ഭീക്ഷണിയായിരുന്നു.
   (iii) വിർജിലിന്റെ ഏനെയ്ഡ് റോമൻ ഏകാധിപത്യത്തെ പുകഴ്ത്തി.
   (iv) ജൂലിയസ്സീസറിനെ സ്പാർട്ടയാണ് വധിച്ചത്.
   (a) (i) ശരി (b) (ii) ശരി
   (c) (ii) ഉം (iv) ഉം ശരി (d) (iii) ശരി.



IX Std - History Malayalam Unit-5.indd 74 3/29/2023 4:42:30 PM

4. (i) റോമൻ ചക്രവർത്തിയായിരുന്ന മാർക്കസ് ഔറിലിയസ് ഒരു സ്വേച്ഛാധിപതിയായിരുന്നു.

(ii) റോമുലസ് ഔറിലിയസ് ആയിരുന്നു റോമൻ ചരിത്രത്തിലെ ഏറ്റവും മികച്ച ചക്രവർത്തി.

(iii) ഫേബിയസ് ഒരു പ്രശസ്തനായ കാർത്തേജിനിയൻ നേതാവായിരുന്നു.

(iv) ഒരു ചരിത്രകാരനെന്ന നിലക്ക് ലിവി റ്റാക്കിറ്റസ് പ്രശസ്തനായിരുന്നു.

(a) (i) ശരി (b) (ii) ശരി (c) (ii) ഉം (iii) ഉം ശരി (d) (iv) ശരി.

5. (i) ബുദ്ധമതം ജപ്പാനിൽ നിന്നും ചൈനയിലേക്ക് വ്യാപിച്ചു

(ii) യേശുവിന്റെ കുരിശു മരണത്തിനു ശേഷം സെന്റ് തോമസ് ക്രൈസ്തീയ പ്രമാണങ്ങൾ വ്യാപിച്ചു

(iii) യൂറോപ്പിലെ സെന്റ് സോഫിയ കത്തീഡ്രൽ ആരെയും ആകർഷിക്കുന്ന ഒരു സൗധമാണ്

(iv) ട്രാജൻ റോമിലെ ഭരണാധികാരികളിൽ ഏറ്റവും മോശമായ സ്വേഛാധിപതിയായിരുന്നു.

(a) (i)ശരി (b) (ii) ശരി (c) (iii) ശരി (d) (iv) ശരി.

## IV യോജിപ്പിക്കുക

1. അക്രോപൊളിസ് - കൺസൽ
2. പ്ലാറ്റോ - ഏഥൻസ്
3. മാരിയസ് - തത്വചിന്തകൻമാർ
4. സ്യൂസ് - ഭൗതീകവാദി
5. എപ്പിക്യൂരിയസ് - കെട്ടിയുറപ്പിക്കപ്പെട്ട നഗരം

## V താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ചുരുക്കത്തിൽ ഉത്തരമെഴുതുക

1. റോമിലെ അടിമത്വത്തെപ്പറ്റി എഴുതുക
2. കോൺസ്റ്റന്റൈന്റെ പ്രധാന സംഭാവനകളെ കുറിച്ച് എഴുതുക
3. കാർത്തേജിയൻ നേതാവ് ഹന്നിബല്ലിനെ കുറിച്ച് നിങ്ങൾക്കെന്തറിയാം
4. ഹാൻ സാമ്രാജ്യത്തിന്റെ സമ്പൽ സമൃദ്ധിക്കുണ്ടായ കാരണങ്ങൾ എന്തെല്ലാം?
5. സെന്റ് സോഫിയ കത്തീഡ്രലിനെ കുറിച്ചെഴുതുക

## VI താഴെ കൊടുത്തിട്ടുള്ള ശീർഷകത്തിന്റെ കീഴിലുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക

1. റോമൻ സാമ്രാജ്യത്തിന്റെ ആവിർഭാവം

(a) ഗ്രേഷ്യസ് സഹോദരൻമാർ ആരായിരുന്നു?

(b) അവർക്കുള്ള പങ്ക് എന്തായിരുന്നു?

(c) അവരുടെ രക്ത സാക്ഷിത്വത്തിന്റെ അനന്തരഫലം എന്തായിരുന്നു?.

(d) ആദ്യത്തെ റോമൻ ചക്രവർത്തി ആര്?

2. ഹാൻ രാജവംശം

(a) ഹാൻ സാമ്രാജ്യത്തിന്റെ സ്ഥാപകൻ ആര് ?

(b) ഹാൻ സാമ്രാജ്യത്തിന്റെ തലസ്ഥാനം ഏത്?

(c) എവിടെയായിരുന്നു അവരുടെ പുതിയ തലസ്ഥാനം?

(d) ഹാൻ രാജവംശത്തിലെ ഏറ്റവും ശക്തനായ ഭരണാധികാരി ആരായിരുന്നു?

## VII താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം വിശദീകരിച്ച് എഴുതുക

1. ഏഥൻസിന്റെ ഉദയവും അതിന്റെ വളർച്ചയും അതിന്റെ പ്രസിദ്ധമായ പാരമ്പര്യത്തെ കുറിച്ചും എഴുതുക.
2. ലോക നാഗരീകതയ്ക്ക് റോം നൽകിയ സംഭാവനകൾ എന്തെല്ലാം.

## വിശദമായ വായനയ്ക്ക്


1. Chris Harman, *People's History of the World*, Verso, 1999.
2. Philip Ralph and Edward McNail Burns, *The World Civilizations: From the Stone Age to the New Millennium*, Library of Congress, 1968.
3. Richard Overy (edit.), *Complete History of the World*, Harper Collins Publishers, 2007.
4. Jawaharlal Nehru, *Glimpses of World History*, Penguin.
5. *கிறிஸ் ஹார்மன் – உலக மக்கள் வரலாறு, பாரதி புத்தகாலயம், 2018.*
6. *ஜவஹர்லால் நேரு – உலக சரிதம், அலைகள் வெளியீட்டகம்.*
7. *கி.ர. அநுமந்தன் – பண்டைய கிரீஸின் வரலாறு – த.பா.ம.க.ப. கழகம் (ஆவணப்பதிப்பு, ஆகஸ்ட் 2017).*
8. *ஜே.பி. பியூரி – கிரேக்க நாட்டு வரலாறு – தமிழாக்கம் பி. இராமாநுஜம் தேவதாஸ், ஐ.எஸ். பாக்கியநாதன் த.பா.ம.க.ப. கழகம் (ஆவணப்பதிப்பு – ஆகஸ்ட் 2017).*




IX Std - History Malayalam Unit-5.indd 75 3/29/2023 4:42:30 PM

## വിനോദത്തിലൂടെ ചരിത്ര പഠനം

### പ്രവർത്തനങ്ങൾ

1. യൂറോപ്പിന്റെ ബാഹ്യരേഖാ ഭൂപടത്തിൽ കിഴക്കൻ, പടിഞ്ഞാറൻ റോമാ സാമ്രാജ്യത്തിന്റെ വ്യാപ്തിയുടെ ഒരു രൂപാരേഖ അടയാളപ്പെടുത്തുക
2. റോമിന്റെയും, ചൈനയുടെയും, ഗ്രീസിന്റെയും പ്രാചീന നാഗരികതയുടെ രൂപ കൽപനയെ സംബന്ധിച്ച് അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികൾ കൂടുതൽ വിവരങ്ങൾ ക≠ത്തുക

### പ്രായോഗികാഭ്യാസം

1. റോമിന്റെയും ബൈസാന്റിന്റെയും ചൈനയുടെയും ഒരു അമൂല്യ കലാസൃഷ്ടികളെകുറിച്ച് ഒരു ആൽബം തയ്യാറാക്കുക.
2. പ്രശസ്തനായ റോമൻ ചക്രവർത്തിമാരുടെ ഒരു ചുരുങ്ങിയ ജീവിത ചരിത്രം തയ്യാറാക്കുക.



വിവര വാർത്താവിനിമയ സാങ്കേതിക വിദ്യ

## ICT കോർണ്ണർ

### പ്രാചീന കാലം

**ഗ്രീക്ക് നാഗരികതയെ കുറിച്ച് ഒരു കളിയിലൂടെ പഠിക്കാം.**




ഘട്ടം 1: പ്രവർത്തന ഭാഗം "പുരാതന ഗ്രീക്കുകാരുടെ സാഷസികത" തുറക്കുന്നതിലേക്കായി URL/ QR കോഡ് ഉപയോഗിക്കുക. 'OK' യിൽ ക്ലിക്ക് ചെയ്തശേഷം നിങ്ങളുടെ പേര് ടൈപ്പ് ചെയ്ത് പ്രവർത്തനം തുടങ്ങുക.

ഘട്ടം 2: വലതുവശത്ത് കാണിച്ചിട്ടുള്ള 'note scroll', ൽ ആവശയമുള്ള നോട്ടുകൾ ടൈപ്പ് ചെയ്ത് കൊടുക്കുക."Timeline, Map, Athens",ഇവയിൽ ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാം.

ഘട്ടം 3: 'Timeline', ൽ ഒരു മാച്ച് ബോർഡ് കാണപ്പെടും വലതു വശത്തുള്ള വിൻഡോയിൽ നിന്നും അതിന്റെ ഓപ്ഷനെ ഡേഗ് ചെയ്ത് സബ്മിറ്റ് ചെയ്യണം ഗ്രീക്കുകാരുടെ ചില പ്രധാനപ്പെട്ട നഗരങ്ങളും ജീവിത രീതികളും മാപ്പിൽ അടയാളപ്പെടുത്തിയിട്ടുണ്ട്.

ഘട്ടം 4: 'Quiz' ക്ലിക്ക് ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകുക.

**Website URL:**

http://mystery-productions.com/hyper/Hypermedia_2003/Miller/AM_hypermedia/Artifact/go.htm

*ചിത്രങ്ങൾ സൂചകങ്ങൾ മാത്രമാണ്.

* ബ്രൗസർ ആവശയമാണെങ്കിൽ ഫ്ളാഷ് പ്ലയർ അല്ലെങ്കിൽ ജാവാ സ്ക്രിപ്റ്റ് പേജ് ലോഡ് ചെയ്യാൻ ഉപയോഗിക്കാവുന്നതാണ്..



IX Std - History Malayalam Unit-5.indd 76 3/29/2023 4:42:32 PM

യൂണിറ്റ്

6

# മദ്ധ്യ കാലം



## പഠനലക്ഷ്യങ്ങൾ

- ടിങ്, സങ്, യുവാൻ രാജവംശങ്ങളുടെ കാലഘട്ടത്തെക്കുറിച്ച് പഠിക്കുക
- ചൈനയുടെ ജപ്പാനിലെ പരിണാമം, ഫുജാവര കുടുംബം, കാമ്പകര - ഷാഗുനേറ്റ് എന്നിവയെക്കുറിച്ച് മനസ്സിലാക്കുക.
- ഇസ്ലാമിക സംസ്കാരം ഉത്ഭവിച്ചതിനെക്കുറിച്ചും അതിന്റെ അടിത്തറയെക്കുറിച്ചും അറിയുക.
- അറബിയും ഓട്ടോമൻ സാമ്രാജ്യങ്ങളും പുനർവിജ്ഞാനം നേടുന്നതിനെക്കുറിച്ചും, ഇസ്ലാം മതം വ്യാപിക്കുന്നതിൽ അവരുടെ സംഭാവനയെക്കുറിച്ചും അറിവ് നേടുക.
- ഫ്യൂഡലിസം അതിന്റെ പ്രാധാന്യത്തെക്കുറിച്ച് അറിയുക.
- മദ്ധ്യകാലഘട്ടത്തിൽ രാജാവിനും തിരുസഭയ്ക്കും തമ്മിലുള്ള ബന്ധം മനസ്സിലാക്കുക.

6WF2Q

## മുഖവുര

റോമൻ സാമ്രാജ്യം ക്രി.പി. (സി.ഇ) 476-ൽ അധഃപതിച്ചു. ക്രി.പി (സി.ഇ)1453-ൽ തുർക്കികൾ കോൺസ്റ്റന്റിനോപ്പിൾ കൈവശപ്പെടുത്തി. ഈ രണ്ടു സംഭവങ്ങൾക്കിടയിലുള്ള. കാലഘട്ടത്തെ ചരിത്രകാരന്മാർ മദ്ധ്യകാലഘട്ടം എന്നുവിളിച്ചിരുന്നു. മദ്ധ്യകാലഘട്ടത്തെ ആരംഭകാലഘട്ടം, മദ്ധ്യ കാലഘട്ടം അല്ലെങ്കിൽ ഉയർന്ന കാലഘട്ടം, പിൻകാലഘട്ടംഎന്നുമൂന്നായിതരംതിരിച്ചു.ആരംഭ മദ്ധ്യകാലഘട്ടങ്ങളിൽ (അഞ്ചു മുതൽ പത്താം നൂറ്റാണ്ട്) ക്രിസ്തുമതം തുടർന്ന് ഇസ്ലാംമതവും യൂറോപ്യൻ ഭൂഖണ്ഡത്തിന്റെ പ്രധാന മതങ്ങളായി അവർ സ്വയം സ്ഥാപിക്കാൻ തുടങ്ങി. സെൻട്രൽ അല്ലെങ്കിൽ ഉയർന്ന മദ്ധ്യകാലഘട്ടത്തിൽ ത്വരിത ഗതിയിലുള്ള വികസനം സാക്ഷ്യം വഹിച്ചു. ഇത് ഭൂപ്രകൃതി വികാസം, ജനസംഖ്യ, നഗരവളർച്ച, മതനിരപേക്ഷത, മതസ്ഥാപനങ്ങൾ എന്നിവയുടെ പുനർനിർമ്മാണം പിന്നീട് മദ്ധ്യകാലഘട്ടത്തിൽ ഫ്യൂഡൽ സംവിധാനത്തെ പ്രതിനിധാനം ചെയ്തു.

ചക്രവർത്തിയുടെ ചരിത്രത്തെക്കാൾ അൽപം പിന്നീട് ആരംഭിച്ച അറബ് നാഗരികതയുടെ ചരിത്രം ഏതാണ്ട് ക്രി.പി. 630 (സി.ഇ)-ൽ നിന്നും 1300 വരെ നീണ്ടു നിന്നു. സരാ-സെനിക് നാഗരികത എന്നറിയപ്പെടുന്ന ഇത് ഒരു പുതിയ മതത്തിന്റെ കേന്ദ്രമാണ്. ക്രിസ്തീയ യൂറോപ്പിലെ അതിന്റെ സ്വാധീനവും വിപ്ലവകരവുമായ സാമൂഹ്യവും, ബൗദ്ധികവുമായ മാറ്റങ്ങൾക്കു കാരണമായി.



IX Std - History Malayalam Unit-6.indd 77 3/29/2023 3:52:45 PM

സെൽജൂഖ് തുർക്കികൾ മദ്ധ്യ ഏഷ്യയിൽ നിന്നുള്ള ടാർടറുകൾ ആയിരുന്നു. ഏഷ്യയിൽ അവർ ആധിപത്യം സ്ഥാപിച്ചു. പേർഷ്യയിൽ ഒരു വൻ സാമ്രാജ്യം സ്ഥാപിച്ചു. സാഹിത്യം, കല, വാസ്തുവിദ്യ എന്നിവയിൽ വലിയ പുരോഗതി കൈവരിച്ചിരുന്നു ലളിതമായി പറഞ്ഞാൽ, ഓട്ടോമൻ തുർക്കികൾ അനറ്റോളിയ (ഏഷ്യാമൈനർ) ലേക്കു ചെന്നു ഒരു സ്വാതന്ത്ര സാമ്രാജ്യം സ്ഥാപിക്കുന്നതിൽ അവരുടെ സംഭാവന വളരെ വലുതാണ്.

## മദ്ധ്യേകാലഘട്ടത്തിൽ കിഴക്കൻ ഏഷ്യ

## 6.1 ചൈന: ടാങ് രാജവംശം T'ang Dynasty (ക്രി.പി. 618-907) (സി.ഇ)

കൊറിയയുടെ വടക്കുഭാഗം പിടിച്ചെടുക്കുന്നതിനു വേണ്ടിയുള്ള ഭാരിച്ച ചെലവുള്ള യുദ്ധങ്ങളും, മഹത്തായ കനാൽ നിർമ്മിക്കൽ പോലുള്ള പൊതു ചെലവുകളാൽ ഏർപ്പെട്ട സാമ്പത്തിക ഭാരം മൂലം നാൽപ്പതു വർഷത്തിനുള്ളിൽ സൂയി രാജവംശം തകർന്നു. ശക്തമായ കേന്ദ്രീകൃത സാമ്രാജ്യം സ്ഥാപിക്കുന്നതിനായി നടത്തപ്പെട്ട കലാപങ്ങളിൽ നിന്നും ടാങ് രാജവംശം ഉയർന്നുവന്നു. ലി-യുവാൻ കലാപത്തെ സംഘടിപ്പിച്ചു. യാങ്-യൂ തന്റെ രാജകീയ ഉദ്യോസ്ഥരിൽ ഒരാളാൽ കൊല്ലപ്പെട്ടപ്പോൾ ചാൻസലാർ യാവാൻ സ്വയം ചക്രവർത്തിയായി പ്രഖ്യാപിച്ചു. നൂറുകണക്കിന് കിലോമീറ്റർ വടക്ക് പടിഞ്ഞാറൻ അതിർത്തിയിൽ വൻമതിൽ പുനർനിർമ്മിച്ചു. പടിഞ്ഞാറൻ രാജ്യങ്ങളിൽ പേർഷ്യ ഇൻഡോ ചൈനയുടെ അതിർത്തി കിഴക്ക് കൊറിയ എന്നിവിടങ്ങളിലേക്ക് സൈനിക വിന്യാസങ്ങളെ വ്യാപിപ്പിച്ചു.



**ചൈനയുടെ വൻമതിൽ :** 8 ഉം 7 ഉം നൂറ്റാണ്ടുകളിൽ ബി.സി (ബി.സി.ഇ) ചൈനയിലെ യുദ്ധ വിരുദ്ധമായ രാജ്യങ്ങൾ വടക്കു നിന്നുള്ള ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ പെരും ഭിത്തികൾ പണിതു. ചിൻ( കിൻ) രാജവംശം പ്രത്യേക മതിലുകൾ ബന്ധിപ്പിക്കുകയും തുടർന്ന് 5000 കിലോമീറ്റർ വരെ കിഴക്ക് നിന്ന് പടിഞ്ഞാറ് വരെയും നീട്ടി. ലോകാത്ഭുതങ്ങളിൽ ഒന്നായി കരുതപ്പെടുന്ന ഈ മതിൽ നാടോടികളായ ഗോത്രങ്ങളെ പുറത്താക്കാൻ സഹായിച്ചു. പിൻതുടർന്നുവന്ന രാജവംശങ്ങൾ ഭിത്തികളെ ശക്തിപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ 6700 കിലോമീറ്റർ ദൈർഘ്യമുള്ളതാണ്.

ടാങ് രാജവംശം വൻ തോതിലുള്ള പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചു. ബോയോങ്, ചാങ്-ആൻ തുടങ്ങിയ രണ്ടു തലസ്ഥാന നഗരങ്ങൾ സ്ഥാപിക്കപ്പെട്ടു. കൺഫ്യൂഷിയസ് തത്ത്വചിന്തയിൽ പരിശീലനം, നേടിയ പണ്ഡിതന്മരായ ഉദ്യോഗസ്ഥർ ഭൂപ്രഭു വർഗ്ഗീയ സമൂഹത്തെ പ്രതിരോധിക്കാൻ നിയമിച്ചു. ഭൂമി ചെറിയ കൃഷിയിടങ്ങളായി വിഭജിക്കപ്പെട്ടു. അതിന്റെ ഫലമായി കാർഷിക മിച്ചം സംസ്ഥാനത്തിന് നികുതിയായി ഉയർന്നു. ഉപ്പ് സംസ്ഥാന കുത്തക, തേയില തുടങ്ങിയവയും അവർക്ക് വരുമാനം ചേർത്തു.

### സങ് രാജവംശം ( Sung Dynasty) (960–1279 എ.ഡി.(സി.ഇ)

ഹങ് ചാവോയുടെ നേതൃത്വത്തിൽ കഠിനാധ്വാനികളായ കർഷകരുടെ വിപ്ലവം ടംഗ് സാമ്രാജ്യത്തെ തന്ത്ര പൂർവ്വം തളർത്തി. ഈ സാമ്രാജ്യം അഞ്ച് എതിരാളികളായി പിരിഞ്ഞു. ഒരു പുതിയ രാജവംശത്തിന്റെ കീഴിലാകുന്നതുവരെ, അത് സംയുക്തമായി സങ് രാജവംശത്തിന്റെ കാലത്ത് വ്യാപാരവും വ്യവസായവും പുരോഗമിച്ചു. ഇരുമ്പ്, ഉരുക്ക് വ്യവസായങ്ങൾ വളരെ സംഘടിതമായിരുന്നു.



1078 എ.ഡി( സി.ഇ) ൽ നിർമ്മിച്ച ഇരുമ്പിന്റെ അളവ് 114,000 ടൺ കവിഞ്ഞു. (1788-ൽ ഇംഗ്ലണ്ട് 68,000 ടൺ മാത്രമാണ് ഉൽപ്പാദിപ്പിച്ചത്) ചൈന സൊറമിക് ഓടുകൾ നിർമ്മിക്കുന്നതിലും, പീങ്കാൺ വസ്തുക്കൾ നിർമ്മിക്കുന്നതിലും സാമർത്ഥ്യമുള്ളവരായിരുന്നു.ഈ സാങ്കേതിക വിദ്യ 700 വർഷം വരെ യുറോപ്പിന് അറിയില്ലായിരുന്നു. 1044-ൽ അവർ ഗൺ പൌഡർ ഉപയോഗിച്ചിരുന്നു. യൂറോപ്പിനെക്കാളും 500 വർഷങ്ങൾക്കു മുൻപേ ചൈന പുസ്തകങ്ങൾ അച്ചടിച്ചിരുന്നു. (Chris Harman, A People's History of the World, p. 111.)

### സങ് രാജവംശത്തിന്റെ അധഃപതനം

ഭൂവുടമ കാലഘട്ടം, ഉദ്യോഗസ്ഥർ, സമ്പന്ന കച്ചവടക്കാർ എന്നിവരുടെ സമൃദ്ധി കാലഘട്ടമായിരുന്നു. കൃഷിക്കാർ അതിൽ നിന്ന് വ്യത്യസ്തമായി ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്നു. ഏതൊരു ആന്തരിക പ്രതിസന്ധിക്കും സംഭവിച്ചേക്കാവുന്നതിനു മുമ്പു തന്നെ, പാശ്ചാത്യലോകത്തെ അവസാനിപ്പിച്ച രണ്ട് ബാഹ്യ ആക്രമണങ്ങൾ ഉണ്ടായിരുന്നു. ഈ ആക്രമണങ്ങൾ സങ് രാജ വംശത്തിന്റെ അധഃപതനത്തിനു കാരണമായി. തുടർന്ന് മംഗോളിയന്മാർ യുവാൻ രാജവംശം എന്ന പേരിൽ അവരുടെ ഭരണം സ്ഥാപിച്ചു.



IX Std - History Malayalam Unit-6.indd 78 3/29/2023 3:52:46 PM

### യുവാൻ രാജവംശം (Yuan Dynasty) (1279 – 1368 എ.ഡി( സി. ഇ)

പേർഷ്യയും മദ്ധ്യേഷ്യയും മുഴുവൻ പിടിച്ചെടുത്ത മംഗോളിയന്മാർ ചൈനയേയും ആക്രമിച്ചു. 1252 എ.ഡി(സി.ഇ)-ൽ ചൈനയുടെ ഗവർണറായി കുബ്ളായ് ഖാനെ മഹാനായ ഖാൻ ആയി മാറിയ മങ്കുഖാൻ നിയമിച്ചു. പടിഞ്ഞാറൻ മേഖലയിലെ വികസിത രാഷ്ട്രങ്ങളിലേക്ക് ചൈനയുടെ സാങ്കേതിക പുരോഗതിയെ പ്രചരിപ്പിക്കുന്നതിൽ യൂറേഷ്യയുടെ ഒരു ഭാഗത്തു നിന്നു മറു ഭാഗം വരെ വ്യാപിച്ചിരുന്ന മംഗോളിയന്മാരുടെ സാന്നിദ്ധ്യം സഹായിച്ചു. ബെയ്ജിംഗിൽ നിന്നും മംഗോൾ കോടതി മാർക്കോപ്പോളോ പോലെയുള്ള ഒരു വിദേശിയെ ആകർഷിച്ചെങ്കിലും കർഷകരുടെ ദാരിദ്ര്യം തുടർന്നിരുന്നു. മതപരമായ വിഭാഗങ്ങളും രഹസ്യ സംഘടനകളും കലാപത്തിലായിരുന്നു. ഒടുവിൽ "റെഡ് ടർബൻസ്"ഷൂ-യുവൻ സങ്ങിന്റെ നേതാവ് മംഗോൾ തലസ്ഥാനമായ ബെയ്ജിംഗിനെ ഏറ്റെടുക്കുകയും 1369 എ.ഡി.(സി.ഇ)-ൽ ചക്രവർത്തിയായി പ്രഖ്യാപിക്കുകയും ചെയ്തു.



കുബ്ളായ് ഖാൻ



മംഗോൾ കോടതി

### മിങ് സാമ്രാജ്യം (Ming Dynasty) (1368–1644 എ.ഡി.) (സി.ഇ)

മിങ് സാമ്രാജ്യത്തിനു പകരം മംഗോൾ സാമ്രാജ്യം കാർഷികമേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി വ്യവസായത്തെയും, വിദേശ വ്യാപാരത്തെയും നിരുത്സാഹപ്പെടുത്തി. ഇതിന്റെ ഫലമായി പതിനാറാം നൂറ്റാണ്ടിൽ ചൈന പിൻതള്ളപ്പെട്ടു. യുറേഷ്യയുടെ മറ്റുഭാഗങ്ങൾ ചൈനയുടെ കെട്ടിട തന്ത്രങ്ങളിലൂടെ മുന്നോട്ട് കുതിച്ചു.

## 6.2 ജപ്പാൻ

ജപ്പാനിലെ പല പൂർവ്വികർ കൊറിയയിൽ നിന്നും വന്നവരാണ്. കൊറിയ വഴി ചൈനാ സംസ്കാരം യമാറ്റയിൽ വ്യാപിച്ചു. (യമാറ്റോ ജപ്പാന്റെ യഥാർത്ഥ നാമം) രാജ്യത്തെ യഥാർത്ഥ നിവാസികൾ (ആദിവാസികൾ) "ഐനസ്" എന്നറിയപ്പെട്ടു. ജപ്പാനിലെ യഥാർത്ഥ മതം ഷിന്റോ ആയിരുന്നു. അത് പ്രകൃതിയുടെയും പൂർവ്വികാരാധനയുടെയും ഒരു മിശ്രിതമായിരുന്നു.



ഷിന്റോ മതം

ജപ്പാൻ പലനൂറ്റാണ്ടുകളായി ഒറ്റപ്പെട്ടു. ഇതിനാൽവിദേശികളുടെ ആക്രമണത്തിൽ നിന്നും രക്ഷപ്പെട്ട് സ്വാതന്ത്ര്യം അനുഭവിച്ച് കഴിയാൻ തുടങ്ങി. ബുദ്ധമതം കൊറിയ വഴിയാണ് ജപ്പാനിൽ അറിയപ്പെട്ടത്.

ജപ്പാനിൽ പ്രധാന കുടുംബങ്ങൾ എതിർക്കുകയും പരസ്പരം യുദ്ധം ചെയ്യുകയും ചെയ്തു. അവരുടെ ചക്രവർത്തിയായ മിക്കോഡോ ഒരു സ്വയം ഭരണാധികാരിയായിരുന്നു. എന്നാൽ ഏതാനും ശക്തമായ കുടുംബങ്ങളുടെ കൈയ്യിൽ ഒരു പാവയെപ്പോലെയായിരുന്നു. ദേശത്തെ നിയന്ത്രിക്കുന്ന ആദ്യത്തെ വലിയ കുടുംബം സൊഗാ കുടുംബം ആയിരുന്നു. ഷോട്ടുകുതൈഷി അവരുടെ നേതാവായിരുന്നു. കേന്ദ്രസർക്കാരിനെ ശക്തമാക്കി.

ഷോട്ടുകുതൈഷിയുടെ മരണത്തിനു ശേഷം അദ്ദേഹത്തിന്റെ കുടുംബത്തെ ഫ്യൂജിവാറ കുടുംബത്തിന്റെ സ്ഥാപകനായ നകടോം-നോ-കാമതാരി വിരട്ടി ഓടിച്ചു. നിരവധി ചൈനീസ് രീതികൾ കാമതാരി സ്വീകരിച്ചു. അവർ നാരാ എന്ന തലസ്ഥാന നഗരിയെ സൃഷ്ടിച്ചു. 794 എ.ഡി(സി.ഇ) ൽആയിരക്കണക്കിന് വർഷം ക്യോട്ടോ ജപ്പാനിന്റെതലസ്ഥാന നഗരമായി തുടർന്നു. പിന്നീട് ടോക്കിയോ തലസ്ഥാനമായി. ഫ്യൂജിവാറ കുടംബത്തിന്റെ ചരിത്രങ്ങൾ പിന്നീടുള്ള വർഷങ്ങളിൽ വിരമിക്കുകയും അവർസന്യാസിമാരായി ജീവിക്കുകയും ചെയ്തു. എന്നിട്ടും അവർ അധികാരം തുടർന്നു.

ഇരുന്നൂറ് വർഷത്തെ ഫ്യൂജിവാറ ഭരണകൂടത്തിൽ അധിക നിലങ്ങളെ സ്വതന്ത്രമാക്കിയ പുതിയ വർഗ്ഗങ്ങൾ ഉണ്ടായി. ഭൂരിഭാഗം രാജ്യക്കാരും സൈനികർ, അവരെ ഡൈമിയോസ് (വലിയ പേരുള്ള പ്രഭുക്കൾ) എന്നു വിളിക്കപ്പെട്ടു. കൈയ്യേറ്റക്കാർ തങ്ങളുടെ സൈനികരും സേനകളും കൊണ്ട് ശക്തരായിത്തീർന്നു. വ്യക്തിപരമായ പോരാട്ടങ്ങളിൽ ഉൾപ്പെട്ട അവർ ക്യോട്ടോയിലെ കേന്ദ്ര സർക്കാരിനെ അവഗണിച്ചു. രണ്ടു പ്രധാന കുടുംബങ്ങളായ താറ, മിനിമോട്ടാ എന്നീ കുടുംബങ്ങൾ തമ്മിലുള്ള



IX Std - History Malayalam Unit-6.indd 79 3/29/2023 3:52:50 PM

പോരാട്ടത്തിൽ യോറിട്ടോമോ എന്ന ആൾ വിജയിച്ചു. എ.ഡി (സി.ഇ) 1192 ൽ രാജാവ് ഇദ്ദേഹത്തെ സൈ-യ്-തയ്-ഷോഗൺ (കൊള്ളക്കൂട്ടരെ അടക്കിയ മഹാ സൈന്യാധിപൻ) എന്നു വിശേഷിപ്പിച്ചു. ഇവർ പാരമ്പര്യമായി പൂർണ്ണമായി ഭരിക്കാൻ തുടങ്ങി. അങ്ങനെ ഷോഗൺ യഥാർത്ഥ ഭരണാധികാരിയായി മാറി.

യോറിട്ടോമോ അദ്ദേഹത്തിന്റെ സൈനിക തലസ്ഥാനം കാമകുറയിൽ സ്ഥാപിച്ചു. അതുകൊണ്ട് ആദ്യ ഷോഗുണേറ്റിനെ കാമകുറ ഷോഗുനേറ്റ് എന്നാണ് വിളിക്കുന്നത്. എല്ലാ മേഖലകളിലും ജപ്പാൻ ചൈനയെ പിൻതുടർന്നു. ചക്രവർത്തി ആചാരപരമായി തല ഉയർത്തി. സാമുറയോ അല്ലെങ്കിൽ യോദ്ധാക്കളോ നൽകുന്നത് ഫ്യൂഡൽ സൈനിക ഭരണകൂടമായിരുന്നു. ഏഷ്യയിലെ ഗതിമാറ്റി യൂറോപ്പിനെ ഭയപ്പെടുത്തികൊണ്ടിരുന്ന മംഗാളിയരെ ഷോഗുനേറ്റിന്റെ അദ്ധ്യക്ഷതയിൽ ജപ്പാൻ വിജയിച്ചു. എന്നാൽ ഇത് രാജവംശത്തിന്റെ അധഃപതനത്തിന് തുടക്കം കുറിച്ചു. എ.ഡി(സി.ഇ) 1338-ൽ കാമകുറ ഷോഗുനേറ്റ് അധഃപതിച്ചു. അശിക്കാഗോ ഷോഗുനേറ്റുകളുടെ ഭരണകാലം 235 വർഷം നീണ്ടു നിന്നു.ഇവർ ഷോഗുനേറ്റുകളുടെ മറ്റൊരു വിഭാഗത്തിൽപ്പെട്ടവരായിരുന്നു. ഇവരുടെ കാലഘട്ടം കുഴപ്പത്തിന്റെയും യുദ്ധത്തിന്റെയും കാലഘട്ടമായിരുന്നു. ജപ്പാനിലെ അവസാനത്തെ ആഭ്യന്തര യുദ്ധത്തിൽ മൂന്നുപേർ അവസാനം രക്ഷപ്പെട്ടു അക്കാലത്തെ വിഖ്യാതരായ ഉന്നതന്മാർ ബൊർബുനാഗ, ദൈമിയാസ് അല്ലെങ്കിൽ പ്രഭു, ഹിദയോഷി എന്ന കർഷകനും തോക്കുഗാവ ഇയാശാസുമായിരുന്നു. 16- ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ജപ്പാൻ മുഴുവനും ഏകീകരിക്കപ്പെട്ടു.

## 6.3 ഇസ്ലാമും ഇസ്ലാമിക സാമ്രാജ്യങ്ങളുടെ ഉദയവും

മുഹമ്മദ് നബി ഇസ്ലാം മതം സ്ഥാപിച്ചു. ഇസ്ലാം ഒരു സഹോദര്യ സ്നേഹത്തിന്റെ സന്ദേശം നൽകി. മുസ്ലീം സമുദായാംഗങ്ങുടെ സമവാക്യം അത്രമേൽ സമ്മർദ്ദം സൃഷ്ടിച്ചു. സമത്വവും സഹോദരവർഗ്ഗവുമായുള്ള ഈ സന്ദേശം പടയാളികൾക്കു വേണ്ടി മാത്രമല്ല ലോകത്തിന്റെ ഇതര ഭാഗങ്ങളിലുമുള്ളവർക്കുമായിരുന്നു. എന്നിരുന്നാലും അവന്റെ സ്ഥാനത്ത് പീഠനത്തിന് വിധേയനായ മുഹമ്മദും അദ്ദേഹത്തിന്റെ അനുയായികളും യത്തിരിബിയിലെത്തി എ.ഡി(സി.ഇ) 622-ൽ മുഹമ്മദ് നബി മെക്കയിൽ നിന്നും മദീനയിലേക്ക് പാലായനം ചെയ്തു. ഈ സംഭവത്തെ ഹിജ്റ എന്നറിയപ്പെടുന്നു. അവന്റെ വരവിനെ ബഹുമാനിച്ച ശേഷം യത്രിബ് നഗരജനങ്ങൾ ആ നഗരത്തെ മദീനാദ്-അൻ-നബി (പ്രവാചകന്റെ നഗരം) എന്നു പുതിയ പേർ വിളിച്ചു. ഇത് ഇപ്പോൾ മദീന എന്നറിയപ്പെടുന്നു. ഹിജ്റാ എ.ഡി.(സി.ഇ) 632 കഴിഞ്ഞു പത്തു വർഷത്തിനു ശേഷമാണ് മുഹമ്മദ് നബി മരിച്ചത് ഒരു സാധാരണ വിശ്വാസത്താൽ ഏകീകരിക്കപ്പെട്ട അറബികൾ അദ്ദേഹത്തിന്റെ മരണസമയത്ത് ഒരു വൻ ശക്തിയായി മാറി.



മെക്ക

### 6.3(അ) അറബികൾ

മുഹമ്മദ് നബിയുടെ പിൻഗാമിയായ അബൂബക്കർ, ഒമർ തുടങ്ങിയവർ ഇസ്ലാമിക് സാമ്രാജ്യത്തിന് അടിത്തറയിട്ടു. ഒരു ചെറിയ കാലഘട്ടത്തില അറബികൾ കിഴക്കൻ റോമാ സാമ്രാജ്യത്തെയും പേർഷ്യയിലെ സസ്സാനിദ് രാജാവിനെയും പരാജയപ്പെടുത്തി. ജറുസലേമും യഹൂദന്മാരുടെ വിശുദ്ധ നഗരവും അറബികൾ കൈവശപ്പെടുത്തി. സ്പെയിൻ മുഴുവനും, പേർഷ്യയും പുതിയ അറബി സാമ്രാജ്യത്തിന്റെ കീഴിലായി.

ഇസ്ലാം മതം എളിമയേയും സമത്വത്തെയും ആദരിച്ചു. ഈ രണ്ട് ആശയങ്ങളും പഴയമുറകളായ അടിച്ചമർത്തലുകളുടെയും ചൂഷണങ്ങളുടെയും ഇടയിൽ നിന്നും ജനങ്ങൾക്ക് പുതിയ ഒരു ഉണർവ് നൽകി. അറബികൾ പല പ്രദേശങ്ങളും എളുപ്പത്തിൽ കൈവശപ്പെടുത്തി. ഈജിപ്തുകാർ റോമാ സാമ്രാജ്യത്തിന്റെ കീഴിൽ വളരെ കഷ്ടപ്പെടുകയും അതു കൊണ്ട് അവർ അറബികളുടെ മേൽക്കോയ്മ അംഗികരിച്ചു. സൈന്യാധിപൻ താരിഖിന്റെ നേതൃത്വത്തിൽ മൊറാക്കോയും ആഫ്രിക്കയും കൈവശപ്പെടുത്തിയഅറബികൾയൂറോപ്പിനുള്ളിൽ നുഴഞ്ഞു സ്പെയിനിനെ കൈവശപ്പെടുത്തി. പല നൂറ്റാണ്ടുകൾ ഭരിച്ചു. മരുഭൂമികളിൽ നാടോടികളായി ജീവിച്ച അറബികൾ വലിയ സാമ്രാജ്യത്തിന്റെ ഭരണാധികാരികളായി തീർന്നു. ഇവരെ സാരാസെൻസ് (സഹാറാ, നഷിൻ എന്ന രണ്ടു വാക്കുകളുടെ യോജിപ്പ് മരുഭൂമിയിൽ വാഴുന്നവർ എന്നർത്ഥം) എന്നു വിളിക്കപ്പെട്ടു.



IX Std - History Malayalam Unit-6.indd 80 3/29/2023 3:52:50 PM

**സുന്നി, ഷിയാ വിഭാഗങ്ങളുടെ ഉദയം**

അറബി തലവന്മാരുടെ ഇടയിൽ ഏർപ്പെട്ട വഴക്കുകൾ ഇസ്ലാമിൽ ഇരു പിരിവുകൾ ഉണ്ടാകുന്നതിന് കാരണമായി ഈ പിരിവുകൾ സുന്നി, ഷിയാ എന്നറിയപ്പെട്ടു. സുന്നി വിഭാഗത്തിൽ ചേർന്ന മുസ്ലീങ്ങൾ, ഇസ്ലാമിക നാടുകളുടെ അദ്ധ്യക്ഷതയിൽ മുഹമ്മദ് നബിക്കുശേഷം ആ അധികാരത്തിൽ വരുന്നവർ ഇസ്ലാമിക വിശ്വാസത്തിൽ ഉള്ള ജനങ്ങളുടെ പ്രതിനിധികളാൽ തിരഞ്ഞെടുക്കപ്പെടണമെന്നാണ്. ഷിയാ വിഭാഗത്തിന്റെ അനുയായികൾ മതപരമായ ഉന്നത അധികാരങ്ങൾ ഏറ്റെടുക്കുന്നവർ മുഹമ്മദ് നബിയുടെ രക്ത ബന്ധത്തിലോ അല്ലെങ്കിൽ വിവാഹ ബന്ധത്തിലോ ഉള്ളവരായിരിക്കണം. മറ്റുള്ളവരെ ഏതൊരു കാരണവശാലും അനുവദിക്കയില്ലെന്ന നിലപാട് സ്വീകരിച്ചിരുന്നു.

## ഒമൈയദ് അഥവാ ഉമയാദ് രാജവംശത്തിന്റെ ഭരണം

ഒമൈയദ് അഥവാ ഉമയാദ് എന്നറിയപ്പെടുന്ന മുഹമ്മദിന്റെ കുടുംബത്തിന്റെ ഒരു ശാഖയിൽ നിന്നുള്ള ഖലീഫകൾ 100 വർഷത്തോളം ഭരിച്ചു. അവരുടെ തലസ്ഥാനമായിരുന്നു ഡെമാസ്കസ്. അവർ ഒരു പുതിയ രീതിയിലുള്ള കൈട്ടിട കല വികസിപ്പിച്ചെടുത്തു. ഈ രീതിക്കു സാരാസെനിക് കെട്ടിടകല എന്നു വിളിച്ചിരുന്നു. ആർച്ചുകൾ, താഴികക്കുടങ്ങൾ, തൂണുകൾ, മിനാർ എന്നറിയപ്പെടുന്ന ഗോപുരങ്ങൾ തുടങ്ങിയവ ഇന്ത്യയിലേക്ക് വന്നു. പിന്നീട് ഇവ ഇന്ത്യൻ ആശയങ്ങളുമായി ഒത്തു ചേർന്നു.



സാരാസെനിക് കെട്ടിട കല

മുസ്ലീം അറബികൾ ഇസ്ലാമിലേക്ക് വ്യാപകരായി. പക്ഷേ, അവർ വിദൂരദേശങ്ങളിൽ പോരാടിയിരുന്നപ്പോൾ അറബികൾ ഭിന്നിക്കുമായിരുന്നു. മുഹമ്മദ് നബിയുടെ മരുമകൻ അലിയും അദ്ദേഹത്തിന്റെ മകൻ ഹുസൈനും കൊല്ലപ്പെട്ടു. അബ്ബാസിദുകളാൽ ഉമൈദുമാരെ പദവി നീക്കം ചെയ്തു അബ്ബാസിദുകൾ അധികാരം പിടിച്ചെടുത്തു. ഈ ശാഖ പ്രവാചകന്റെ അമ്മാവൻ അബ്ബാസിൽ നിന്നും വന്നു. അതോടെ അവന്റെ അനുയായികൾ അബ്ബാസിദുകൾ എന്നുവിളിക്കപ്പെട്ടു.

## അബ്ബാസിദുകളുടെ ഭരണം



അബ്ബാസിദുകളുടെ ഭരണകാലം 750 എ.ഡി(സി.ഇ) -ൽ ആരംഭിച്ചു ''വിശ്വാസത്തിന്റെ സൈന്യാധിപൻ'' എന്ന തലക്കെട്ടിൽ, അബ്ബാസിദ് ഖലീഫ മറ്റു ചക്രവർത്തിമാരെ പോലെ അധികാരം പ്രയോഗിച്ചു അപരാജിതർ പുരാതന സാമ്രാജ്യങ്ങളെ എതിർക്കാൻ ശ്രമിച്ചു. തലസ്ഥാനം ദമാസ്ക്കസിൽ നിന്നും ഇറാക്കിലുള്ള ബാഗ്ദാദിലേക്ക് മാറ്റി".

**ബാഗ്ദാദ്-** "അറേബ്യ രാത്രികളുടെ നഗരം" എന്നറിയപ്പെട്ടു. പൊതു ഓഫീസുകൾ സ്കൂൾ, കോളേജുകൾ, വലിയ കടകൾ, ഉദ്യാനങ്ങൾ തുടങ്ങിയവയെക്കൊണ്ട വിസ്തൃതമായ ഒരു നഗരമാണ്. വ്യാപാരികൾ കിഴക്കോട്ടും,പടിഞ്ഞാറോട്ടും വ്യാപാരം ചെയ്തു. ലോകമെമ്പാടുമുള്ള ജനങ്ങൾ പ്രത്യേകിച്ച് പഠിച്ച പുരുഷന്മാരും, വിദ്യാർത്ഥികളും, കലാകാരന്മാരും ബാഗ്ദാദിലേക്ക് സന്ദർശിച്ചു. Nehru, Gl*impses of World History.*

## അറബികളുടെ സന്നദ്ധ പ്രവർത്തനങ്ങൾ

അബ്ബാസിദു ഖലീഫമാർ പുതിയ ദേശങ്ങളെ ജയിക്കാൻ ശ്രമിച്ചില്ല. പകരം അവർ സാമ്രാജ്യത്തെ ഏകീകരിക്കാൻ ശ്രമിച്ചു. അവർ തത്ത്വ ചിന്താപരമായ പരിശ്രമത്തിൽ കൂടുതൽ താല്പര്യം കാണിച്ചിരുന്നു. അറബികൾക്ക് അന്വേഷണത്തിന്റെ ശാസ്ത്രീയ-വീക്ഷണമുണ്ടായിരുന്നു. മെഡിസിൻ, ഗണിത ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അവർ ഇന്ത്യയിൽ നിന്ന് കൂടുതൽ പഠിച്ചു. നിരവധി അറബി വിദ്യാർത്ഥികൾ തക്ഷശിലയിൽ പോയി മെഡിസിൻ പഠനം നടത്തിയിരുന്നു. പ്രത്യേക വൈദഗ്ദ്യമുള്ള ഒരു വലിയ സർവകലാശാലയായി തക്ഷശില പ്രശോഭിച്ചു. ഇന്ത്യൻ പണ്ഡിതന്മാർ, ഗണിത ശാസ്ത്രജ്ഞന്മാർ തുടങ്ങിയവർ ബാഗ്ദാദിലേക്ക് സന്ദർശിച്ചു. വൈദ്യ ശാസ്ത്രത്തിലും മറ്റു വിഷയങ്ങളിലുമുള്ള സാംസ്കാരിക പുസ്തകങ്ങൾ അറബി ഭാഷയിൽ വിവർത്തനം ചെയ്യപ്പെട്ടു. ശസ്ത്രക്രിയാ വിദഗ്ദർ, ഡോക്ടർമാർ എന്നിവർ വൈദ്യ ശാസ്ത്രത്തിൽ പ്രശസ്തിയാർജ്ജിച്ചവരാണ്.



IX Std - History Malayalam Unit-6.indd 81 3/29/2023 3:52:51 PM

## 6.3(ബി) അറബി സാമ്രാജ്യത്തിന്റെ ശിഥിലീകരണം, സെൽജുഖ് തുർക്കികളുടെ ഉദയം

ഹരുൺ-അൽ-റഷീദ് ഭരിച്ചിരുന്ന കാലത്ത് അബ്ബാസിദ് സാമ്രാജ്യം അതിന്റെ മഹത്വത്തിന്റെ ഉയരത്തിലായിരുന്നു. അദ്ദേഹത്തിന്റെ മരണത്തിനു ശേഷം അറബി സാമ്രാജ്യത്തിന്റെ ശിഥിലീകരണം തുടങ്ങി. എല്ലായിടത്തും സ്വതന്ത്ര രാജ്യങ്ങൾ ഉണ്ടായി. ആ രാജ്യങ്ങളെ നിയന്ത്രിക്കാൻ ഭരണത്തിനു ശക്തിയില്ലാതെയായിത്തീർന്നു. ബാഗ്ദാദ് പിടിച്ചെടുക്കുന്നതിൽ വിജയികളായ, മുസ്ലീം മതസംഘടനകളായിരുന്ന തുർക്കികൾ (സെൽജൂഖ് തുർക്കികൾ) കോൺസ്റ്റാന്റിനോപ്പിളിനെ ആക്രമിക്കുകയും, യൂറോപ്യൻ രാജ്യങ്ങൾക്ക് വെല്ലുവിളി ഉയർത്തുകയും ചെയ്തു. വിശുദ്ധ നഗരമായ ജെറുസലേമിലെ ക്രിസ്ത്യൻ തീർത്ഥാടകരെ തുർക്കികൾ ഒരുപാട് കഷ്ടപ്പെടുത്തിയിരുന്നു. ഈ സംഘർഷമാണ് കുരിശു യുദ്ധത്തിനു കാരണമായത്.

## 6.3(സി) കുരിശുയുദ്ധങ്ങളും സെൽജൂഖ് തുർക്കികളുടെ വീഴ്ചയും

"വിശുദ്ധ നഗരം" (ജെറുസലേം) രക്ഷിക്കാനായിയൂറോപ്പിലെ എല്ലാ ക്രിസ്ത്യാനികളോടും "ജെറുസലേമിനെ നോക്കി ചെല്ലുക" എന്ന് മാർപാപ്പയും, കത്തോലിക്കസഭയും ആവശ്യപ്പെട്ടു. കുരിശുയുദ്ധം നടത്തിയവർ പുണ്യ സ്ഥലങ്ങളെ തങ്ങളുടെ അധീനതയിൽ വെച്ചിരുന്ന ജെൽജൂഖ് തുർക്കികളോട് വഴക്കിട്ടു. എ.ഡി (സി.ഇ) 1095-ൽ ആരംഭിച്ച ക്രിസ്തീയരും ഇസ്ലാമും തമ്മിലുള്ള പോരാട്ടം ഏകദേശം 200 വർഷത്തോളം തുടർന്നു. ഇതിനെ കുരിശു യുദ്ധം എന്നറിയപ്പെടുന്നു.

കുരിശുയുദ്ധം മൂലം ക്രിസ്ത്യാനികൾ ആഗ്രഹിച്ച ലക്ഷ്യം കൈവരിക്കാനായില്ല. മറ്റൊരു 700 വർഷക്കാലം ജെറുസലേം ഒട്ടോമൻ തുർക്കികളുടെ കൈവശമായിരുന്നു. തുടർച്ചയായുള്ള കുരിശു യുദ്ധങ്ങളാൽ സെൽജൂഖ് തുർക്കികൾ ബലഹീനരായിത്തീർന്നു. ഇതിനിടയിൽ കിഴക്കു ഭാഗത്തു നിന്നുള്ള മംഗോളിയരുടെ ആക്രമണത്തിൽ കുരിശു യുദ്ധ പ്രശ്നങ്ങൾ ഒതുക്കപ്പെട്ടു. ക്രിസ്ത്യാനികളും, മുസ്ലീങ്ങളും ചെങ്കിസ് ഖാന്റെ അദ്ധ്യക്ഷതയിൽ മുന്നേറി വരുന്ന മംഗോളിയരുടെ മേൽ തങ്ങളുടെ ശ്രദ്ധയെ






IX Std - History Malayalam Unit-6.indd 82 3/29/2023 3:52:51 PM

തിരിച്ചു. എ.ഡി.(സി.ഇ) 1258- ൽ ബാഗ്ദാദ് നഗരത്തെ മംഗോളുകൾ കൈവശപ്പെടുത്തി നശിപ്പിച്ചു. തുടർന്ന്, അബ്ബാസിദ് സാമ്രാജ്യത്തിന്റെ ശേഷിച്ച ഭാഗവും അധഃപതിച്ചു.



ജെറുസലേം

## 6.3(ഡി) കുരിശുയുദ്ധത്തിന്റെ സ്വാധീനം

കുരിശു യുദ്ധങ്ങൾ ഫ്യൂഡൽ ബന്ധങ്ങളെ അവസാനിപ്പിച്ചു. കുരിശു യുദ്ധത്തിൽ പങ്കുചേരാൻ കിഴക്കു ചെന്നു. പല പ്രഭുക്കളും അധിക കാലം അവിടെ തുടങ്ങിയിരുന്നു. ചിലർ തിരികെ വന്നില്ല. ഈ സന്ദർഭത്തിൽ അടിമകൾ മുന്നേറാൻ തുടങ്ങി. കിഴക്കൻ രാജ്യങ്ങളിൽ ഉൽപന്നങ്ങളുടെ ആവശ്യത്തിനനുസരിച്ച് വ്യാപാരം വിപുലപ്പെടുത്താൻ തുടങ്ങി. മെഡിറ്ററേനിയൻ മേഖലയിലെ വെനീസ്, ജനോവ, പിസ എന്നിവ പ്രധാന വാണിജ്യ കേന്ദ്രങ്ങളായി ഉയർന്നു. കിഴക്കിനും പടിഞ്ഞാറിനും ഇടയിലുള്ള വ്യാപാരത്തിൽ കോൺസ്റ്റന്റിനോപ്പിൾ മദ്ധ്യസ്ഥത വഹിച്ചു. ഫ്രാൻസിലും ഇംഗ്ലണ്ടിലും രാജവാഴ്ച ശക്തിപ്പെടുന്നതിൽ അതിന്റെ സ്വാധീനമുണ്ടായിരുന്നു. മാർപാപ്പയുടെ ഭരണം അദ്ദേഹത്തിന്റെ സ്വാധീനം, അഭിമാനം എന്നിവ നഷ്ടപ്പെട്ടുവെന്നതായിരുന്നു കുരിശുയുദ്ധത്തിന്റെ ഏറ്റവും ശ്രദ്ദേയമായ ഫലം.

**മംഗോളിയന്മാരും ചെങ്കിസ്ഖാനും**

മഗോളിയന്മാർ നാടോടികളായിരുന്നു. ഏഷ്യാറ്റിക് റഷ്യയുടെ സ്റ്റെപ്പുകളിൽ നിന്ന് യൂറോപ്പിൽ വന്ന അവർ ഇടയന്മാർ ആയിരുന്നു. വിപ്ലവകാരികളായ അവർ ചെങ്കിസ് ഖാൻ എന്ന വിദഗ്ദനായതലവനെ ആദരിച്ചു. അദ്ദേഹം ഒരു വലിയ സൈനിക പ്രതിഭാശാലിയായിരുന്നു. അദ്ദേഹത്തിന്റെ മതം ഷാമാനിസം ആണ്. "നീല നിറമുള്ള നീല ആകാശത്തിന്റെ" ആരാധന. ഏകദേശം 300 വർഷക്കാലം മംഗോളിയന്മാരും റഷ്യയെ അവരുടെ അധീനതയിൽ വെച്ചിരുന്നു. ഇതിന്റെ ഫലമായി ഇടക്കാലത്തിന്റെ അവസാനം വരെ സാങ്കേതികമായി റഷ്യ യൂറോപ്പിനേക്കാൾ വളരെ പിന്നോക്കം പോവുകയും ചെയ്തു.



ചെങ്കിസ് ഖാൻ

## 6.4 ഒട്ടോമൻ സാമ്രാജ്യം

ഏഷ്യയിൽ ഉടനീളം മംഗോളുകൾ മുന്നോട്ട് പോയപ്പോൾ, പടിഞ്ഞാറൻ ഏഷ്യയിലെ സെൽജൂഖിന്റെ കീഴിൽ ഓട്ടോമൻ തുർക്കികൾ (സെൽജൂഖ് തുർക്കികളിൽ നിന്ന് വ്യത്യസ്ഥരായി) അഭയം പ്രാപിച്ചു.

എന്നാൽ സെൽജൂഖ് തുർക്കികൾ ദുർബലപ്പെടുത്തിയിരുന്നപ്പോൾ, ഓട്ടോമന്മാർ തങ്ങളുടെ അധികാരം ഉയർത്തി. അവർ യൂറോപ്പ് കടന്ന് ബൾഗേറിയ, സെർബിയ എന്നിവ കീഴടക്കി. അവരുടെ തലസ്ഥാനമായ അദ്രിയനോപ്പിൾ നിർമ്മിച്ചു. കോൺസ്റ്റന്റിനോപ്പിൾ നേരിട്ട് ആക്രമിച്ചതിന് ശേഷം അവർ സമയം ചെലവഴിക്കുകയായിരുന്നു.എ.ഡി. (സി.ഇ) 1453-ൽ കോൺസ്റ്റന്റിനോപ്പിളിനെ മുഹമ്മദ്II കൈവശപ്പെടുത്തി. ബാൾക്കൻ, കരിങ്കടൽ, മദ്ധ്യപൂർവ്വ ദേശങ്ങൾ തുടങ്ങിയ ഭാഗങ്ങളിൽ ഓട്ടോമൻ മേൽക്കോയ്മ സ്ഥാപിക്കാൻ സഹായിച്ചു.

കുറച്ചുകാലം ഓട്ടോമന്മാർ ശക്തരായിരുന്നു ക്രിസ്തീയ യൂറോപ്പ് അവരെ കണ്ട് ഭയപ്പെട്ടിരുന്നു. ഈജിപ്ത് കിഴടക്കിയശേഷം അവർ കാലിഫ് സ്ഥാനപ്പേരിടുകയും ചെയ്തു. അക്കാല വിദേശ രാഷ്ട്രീയത്തിൽ അവർ പ്രധാന പങ്ക് വഹിച്ചിരുന്നു. 19-ാം നൂറ്റാണ്ടിൽ പ്രശസ്തിയാർജിച്ചിരുന്ന അവരുടെ സാമ്രാജ്യം, ഒന്നാം ലോക മഹായുദ്ധത്തിന്റെ അവസാനത്തോടെ അവസാനിച്ചു.

## 6.5 ഫ്യൂഡലിസം

### 6.5(എ) സംസ്ഥാനം

ക്രിസ്തുമതവും, ഇസ്ലാംമതവും പോലുള്ള ശക്തമായ മതങ്ങൾ ജനങ്ങൾക്ക് സാമ്പത്തിക ഭദ്രത ഏർപ്പെടുത്തിയാലും, ജനങ്ങളുടെ സാമ്പത്തിക ജീവിതം ഫ്യൂഡൽ ബന്ധങ്ങളാൽ ഭരിക്കപ്പെട്ടിരുന്നു.



ഭൂമിയിൽ ദൈവത്തിന്റെ പ്രതിപുരുഷനായി രാജാവിനെ കരുതിയിരുന്നു.



IX Std - History Malayalam Unit-6.indd 83 3/29/2023 3:52:52 PM

അദ്ദേഹമാണ് ഫ്യൂഡൽ ഭരണകൂടത്തിന്റെ തലവൻ. അദ്ദേഹത്തിനു ശേഷം മഹാനായ പ്രഭുക്കന്മാർ, ഡ്യൂക്സ് (*Dukes*), കൗണ്ട്സ് (*Counts*), യേൾസ് (*Earls*), തുടങ്ങിയവർ ആയിരുന്നു. ഈ നില പ്രഭുക്കൾ, നിലപ്രഭുത്വ അടിസ്ഥാനത്തിൽ രാജാവിൽ നിന്നും നിലം കരസ്ഥമാക്കി. അദ്ദേഹത്തിനു വേണ്ടി യുദ്ധം ചെയ്യാൻ സമ്മതിച്ച വിഭാഗക്കാരായിരുന്നു. രാജാവ് നിലങ്ങളെ വിഭജിച്ച് വിതരണം ചെയ്തു. ഇവർ തങ്ങൾക്കു ലഭിച്ച നിലങ്ങളെ ഫീഫ് (Fief) തുണ്ടുകളായി പിരിച്ചിരിന്നു. ഇവർ തങ്ങൾക്ക് താഴേക്കുള്ള വൈസ് കൗണ്ടന്മാർക്ക് വിനിയോഗം ചെയ്തിരിന്നു. ഈ വിധത്തിൽ അവസാന ഫലം ലഭിച്ചവർ നൈറ്റ് (Knight) എന്നറിയപ്പെടുന്ന പ്രശസ്തരായ യോദ്ധാക്കളാണ്. ഇവർ തങ്ങൾക്കു ലഭിച്ച നിലങ്ങളെ മറ്റാർക്കും വിഭജിച്ചില്ല. എല്ലാവർക്കും കീഴേ ഏറ്റവും താഴെത്തട്ടിലുള്ളവര വില്യൻസ് അല്ലെങ്കിൽ സെർഫ് *(Villeins or serf)* എന്നറിയപ്പെട്ട അടിമകളായിരുന്നു.

അടിസ്ഥാന സൗകര്യങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഫ്യൂഡൽ സിസ്റ്റത്തിന്റെ സമത്വം അല്ലെങ്കിൽ സ്വാതന്ത്ര്യം സംബന്ധിച്ച യാതൊരു ധാരണയും ഉണ്ടായിരുന്നില്ല. അവകാശങ്ങളും ചുമതലകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബിഷപ്പുമാർ, അബോട്ടുകൾ, കർദ്ദിനാൾമാർ എന്നിവരും, തിരുസഭയും ഈ സാമൂഹ്യ രാഷ്ട്രീയ വകുപ്പിന്റെ കീഴിൽ വന്നു. ശ്രേഷ്ഠരും വൈദീകരും ഏതൊരു ശാരീരിക ജോലിയും ചെയ്തിരുന്നില്ല. അതു കൊണ്ട് ഭക്ഷ്യ വസ്തുക്കളും അത്യാവശ്യ സാധനങ്ങളും ഉല്പാദിപ്പിക്കുന്ന ഭാരം കൃഷിക്കാർക്കും കൈത്തൊഴിലാളികൾക്കും ഏറ്റെടുക്കേണ്ടി വന്നു.

## 6.5 (ബി) തിരുസഭ

മദ്ധ്യ കാലഘട്ടങ്ങളിൽ പുതിയ ആശയങ്ങൾ ക്രിസ്തീയ ദൈവശാസ്ത്രത്തിൽ ഉൾപ്പെട്ടിരുന്നു. അവ പുരോഹിതന്റെ പുതിയ സിദ്ധാന്തങ്ങളെക്കുറിച്ചായിരുന്നു. ഇത് മത പ്രഭുക്കനമാരുടെ അധികാരത്തെ വർദ്ധിപ്പിച്ചു. മതപരമായ വിലക്ക്, മതമൗലീകാവകാശം ഈ രണ്ടു ഘടകങ്ങളും തിരുസഭയെ എതിർക്കുന്നവർക്കെതിരായി ഉപയോഗിച്ചിരുന്ന രണ്ടു ആയുധങ്ങളാണ്.

**മതപരമായ വിലക്ക്** എന്നത് ഒരു ക്രിസ്ത്യാനിക്ക് എന്തെല്ലാം അവകാശങ്ങളും യോഗ്യതകളും ഉണ്ടോ അവയെ അവഗണിക്കുക എന്നതാണ്. അയാൾക്ക് സഭയിലെ കൂദാശകൾക്കുള്ള അവകാശം നിക്ഷേധിക്കുന്നു. മരിച്ച ശേഷം അയാളുടെ ശരീരം പള്ളി ശ്മശാനത്തിൽ സംസ്കരിക്കാൻ പാടില്ല.
**ഇന്റർഡിക്ട്** എന്നത് ഒരു രാജാവിന്റെ പ്രജയ്ക്കു ലഭിക്കുവാൻ യോഗ്യതയുള്ള മതമൗലിക അവകാശം നിക്ഷേധിക്കുക എന്നാതണ്. അതോടെ അയാൾ രാജാവിന്റെ വെറുപ്പ് സമ്പാദിക്കുവാൻ കാരണമായിത്തീർന്നു.

മദ്ധ്യ കാലഘട്ടത്തിൽ സഭയുടെ വളർച്ചയും രാഷ്ട്രീയ നേതാക്കളുടെ ഉദയവും മതേതര, ആത്മീയ അധികാരികൾ തമ്മിലുള്ള സംഘർഷം ഏർപ്പെടുന്നത് തടയാനായില്ല ജർമൻ ചക്രവർത്തി ഹെൻട്രി IV-ാമനും പോപ്പ് ഗ്രിഗോരി VII-ാമനും തമ്മിലുള്ള പോരാട്ടത്തിൽ പോപ്പ് മതമൗലികാവകാശം എന്ന ആയുധത്തെ ഉപയോഗിച്ചു രാജാവിനെ പദവിയിൽ നിന്നും നീക്കി. പോപ്പ് III-ാം ഇന്നസെന്റ് ഇംഗ്ലണ്ടിനെയും അയർലാന്റിനെയും പള്ളിക്കു സ്വന്തമായവ എന്നു ജോൺ രാജാവിനെക്കൊണ്ട് സമ്മതിപ്പിച്ചു. പല ക്രിസ്തീയ പുരോഹിതന്മാരും പോപ്പ് രാജഭരണത്തിൽ ഇടപെടുന്നതിനെ എതിർത്തു.

### ചുരുക്കം

- ക്രിസ്ത്യൻ കാലഘട്ടത്തിൽ റോമിനെ തോല്പിച്ച ചൈന, രാഷ്ട്രീയ അസ്ഥിരത അനുഭവിച്ച ശേഷം ഏകത്വം പൂർത്തിയാക്കി ഏതാണ്ട് മൂന്നു നൂറ്റാണ്ടുകാലമായി ഈ രാജവംശത്തെ ഭരിച്ചു.
- സങ് രാജവംശത്തിൽ നിന്നും പിന്മാറിയ മംഗോളിയർ ചൈനയിൽ യുവാൻ രാജവംശം സ്ഥാപിച്ചു.
- ഒറ്റപ്പെട്ട ജപ്പാൻ എ.ഡി(സി.ഇ) ആറാം നൂറ്റാണ്ടിൽ മിക്കോഡോ ചക്രവർത്തി ആയപ്പോൾ മുഖ്യധാരയിൽ ചേർന്നു. ജീവിതത്തിന്റെ എല്ലാ തുറകളിലും ജപ്പാൻ ചൈനയെ പിൻതുടർന്നു
- ചക്രവർത്തിമാർ നിയന്ത്രണം നഷ്ടപ്പെടുകയും സർക്കാരിനെ സൈനീക കമാൻഡർ ഏറ്റെടുക്കുകയും ചെയ്തു. ഇവൂർ കാമകുറ ഷോഗുനേറ്റിനെ സ്ഥാപിച്ചു.
- കാമകുറ ഷോഗുനേറ്റിനുശേഷം അശിക്കാഗോ ഷോഗുനേറ്റ് അധികാരം കൈവശപ്പെടുത്തി
- പ്രവാചകൻ മുഹമ്മദ് നബി സ്ഥാപിച്ച ഇസ്ലാം മതം പ്രചാരണം തുടങ്ങി
- ആദ്യകാല ഇസ്ലാമിക് രാജ്യം സ്പെയിനിലും പിന്നീട് യൂറോപ്പിന്റെ മറ്റ് ഭാഗങ്ങളിലും ഇസ്ലാമിക് സാമ്രാജ്യം സ്ഥാപി ക്കുന്നതിൽ വിജയം കൈവരിച്ചു.
- മുഹമ്മദ് നബിയുടെ കുടംബം വഴി വന്ന ഖലീഫകൾ ഉമയദുകൾ എന്നും മുഹമ്മദിന്റെ മാമൻ വഴിവന്ന ഖലീഫകൾ അബ്ബാസിദുകൾ എന്നും അറിയപ്പെട്ടു. ബാഗ്ദാദിൽ അബ്ബാസിദും ഡമാസ്കസിൽ ഉമയദും ഭരിച്ചു.
- മുഹമ്മദ് നബിയുടെ മരണശേഷം അറേബ്യയുടെ നേതൃത്വത്തിനു വേണ്ടിയുള്ള പോരാട്ടം ഇസ്ലാമിൽ സുന്നി, ഷിയാ എന്നിങ്ങനെ വിഭജിക്കപ്പെട്ടു.
- അറബികൾ വികസിപ്പിച്ച വാസ്തുവിദ്യ സാരാസെനിക് എന്ന പേരിലാണ് അറിയപ്പെടുന്നത്
- സെൽജുഖ് തുർക്കികൾ വിശുദ്ധ നഗരമായ ജറുസലേമിനെ പിടിച്ചടക്കിയത് കുരിശു യുദ്ധങ്ങൾക്ക് കാരണമായി
- സെൽജൂഖ് തുർക്കികളുടെ ബലഹീനത ഓട്ടോമൻ തുർക്കികളുടെ ഉദയത്തിന് ഇടയാക്കി
- ഓട്ടോമൻ തുർക്കികളുടെ കോൺസ്റ്റന്റിനോപ്പിൾ പിടിച്ചെടുക്കൽ മദ്ധ്യകാലഘട്ടത്തെ അവസാനിപ്പിച്ചു.



IX Std - History Malayalam Unit-6.indd 84 3/29/2023 3:52:53 PM

## അനുചിത കാലയളവിൽ ഇന്ത്യ

**ഹൂണന്മാർ (The Huns)**

റോമൻ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കുശേഷം യൂറോപ്പ് പല ചെറിയ ജർമൻ രാജ്യങ്ങളായി വേർപിരിഞ്ഞ സമയത്താണ് മദ്ധ്യേഷ്യയിലെ ഭീകരരും യുദ്ധ പ്രേമികളുമായ ഹൻസ് എന്ന വർഗ്ഗക്കാർ വടക്കു കിഴക്കൻ ഇന്ത്യയെ ആക്രമിച്ചത്. സ്കന്ദഗുപ്തൻ അവരെ വിരട്ടിയെങ്കിലും അദ്ദേഹത്തിന്റെ മരണശേഷം ഇന്ത്യയിലേക്ക് കടന്നു വന്ന അവർ മദ്ധ്യ ഇന്ത്യ മുഴുവനും കൈവശപ്പെടുത്തി. തോറമാന്മാരും മിഹിരാകുലയും ബുദ്ധമതക്കാരെ പീഡിപ്പിക്കുകയും, സന്യാസിമാരെ ചുട്ടു കൊല്ലപ്പെടുകയും ചെയ്തു. ഇന്ത്യയിൽ എ.ഡി(സി.ഇ)528 കാലഘട്ടത്തിൽ മാൾവയിലെ യശോധർമന്റെ കാലത്ത് ഹൻസ് വംശ ഭരണം അവസാനിച്ചു.



സ്കന്ദ ഗുപ്തന്റെ സ്വർണ്ണ നാണയം



സ്കന്ദ ഗുപ്തന്റെ വെള്ളി നാണയം



യശോധർമന്റെ വിജയതൂൺ, മാൺട്സുർ

**ചാലൂക്യൻമാർ പേർഷ്യയുമായുള്ള ബന്ധം (Chalukya's of Badami or Vadabi)**



പേർഷ്യയിലെ സസാനിദ് വംശവും ചാലൂക്യ സാമ്രാജ്യവും ഒരേ കാലഘട്ടത്തിലാണ് നിലനിന്നിരുന്നത്. ചൈനയിലെ ടാങ് രാജവംശവുമായി സസാനിദ് രാജവംശത്തിന്റെ അവസാനത്തെ രാജവായ ഖുസ്രു II-ാമൻ നല്ല ബന്ധം പുലർത്തിയിരുന്നു. ചാലൂക്യ ഭരണാധികാരികളായ പുലികേശി II രാജപ്രതിനിധികളെ മാറ്റിപ്പാർപ്പിച്ചു. ചാലൂക്യ രാജവംശത്തിന്റെ തലസ്ഥാനം വാതാപിയായിരുന്നു. ഹുയാൻ സാങ് ചാലൂക്യൻമാരുടെ ധൈര്യത്തെ പ്രശംസിച്ചിരുന്നു. അവർ "യുദ്ധ പ്രേമികളും, അഭിമാനികളും, നന്ദിയുള്ളവരും, തെറ്റുകൾക്ക് കഠിന ശിക്ഷവഴങ്ങുന്നവരുമാണ്" എന്നു ഹുയാൻ സാങ് അഭിപ്രായപ്പെട്ടു.

## അഭ്യാസം

### I ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക

1. _____ ആയിരുന്നു ജപ്പാന്റെ യഥാർത്ഥ മതം
   (എ) ഷിന്റോ (ബി) കൺഫ്യൂഷ്യനിസം
   (സി) താവോയിസം (ഡി) അനിമിസം
2. _____ അർത്ഥമാക്കുന്നത് മഹത്തായ പേര്/ പ്രഭു എന്നാണ്.
   (എ) ഡൈമിയോ (ബി) ഷോഗൺ
   (സി) ഫ്യൂജിവാറ (ഡി) ടോക്കുഗാവ
3. സ്പെയിനിനെ കീഴടക്കുന്ന അറബ് ജനറൽ
   (എ) താരിഖ്
   (ബി) അലറിക്
   (സി) സലാഹുദീൻ
   (ഡി) മുഹമ്മദ് ജേതാവ്
4. ഹറുൺ അൽ റഷീദ് _____ന്റെ സാമർത്ഥ്യമുള്ള ചക്രവർത്തിയായിരുന്നു.
   (എ) അബ്ബാസിദ് രാജവംശം
   (ബി) ഉമയദ് രാജവംശം
   (സി) സസ്സാനിദ് രാജവംശം
   (ഡി) മംഗോളിയൻ രാജവംശം
5. ഫ്യൂഡലിസം _____ കേന്ദ്രീകരിച്ചു
   (എ) ആശ്രിതാവസ്ഥ (ബി) അടിമത്തം
   (സി) അടിയായ്മ (ഡി) ദേശം

### II പൂരിപ്പിക്കുക

1. _____ ജപ്പാനിലെ യഥാർത്ഥ നിവാസികൾ ആയിരുന്നു.
2. _____ ജപ്പാന്റെ യഥാർത്ഥ പേര്.
3. _____ എന്നത് മദീനയുടെ യഥാർത്ഥ പേര്.
4. _____ വടക്ക് കിഴക്കൻ ചൈനക്കാർക്ക് ഒരു ഭീഷണി ഉയർത്തിക്കാട്ടി.
5. ഓട്ടോമൻ മേൽക്കോയ്മയെ ബാൽക്കൽ പകുതിയിൽ സ്ഥാപിച്ചവർ _____.

### III ശരിയായപ്രസ്താവന കണ്ടെത്തുക

1 (i) മതത്തിൽ അസഹിഷ്ണുതക്കാരനായിരുന്നു ചെങ്കിസ് ഖാൻ
   (ii) ജെറുസലേം നഗരം മംഗോളിയർ തകർത്തു
   (iii) ഒട്ടോമൻ സാമ്രാജ്യത്തെ കുരിശു യുദ്ധം ദുർബലപ്പെടുത്തി
   (iv) ഹെൻട്രി IV-ാമനെ മതപരമായ വലക്കുകളാൽ പദവിയിൽ നിന്നും നീക്കം ചെയ്യുന്നതിൽ മാർപാപ്പ ഗ്രിഗേറി വിജയിച്ചു.
   (എ) (i) ശരി (ബി) (ii) ശരി
   (സി) (ii) ഉം (iii) ഉം ശരി (ഡി) (iv) ശരി

2. (i) മങ്കുഖാൻ ചൈനയുടെ ഗവർണ്ണറായിരുന്നു.
   (ii) ചൈനയിലെ മംഗോളിയാൻമാരുടെ കോടതി മാർക്കോപ്പോളെയെ ആകർഷിച്ചു.
   (iii) റെഡ് ടർബൻസിന്റെ നേതാവ് ഹംഗ് ചാവോ.



IX Std - History Malayalam Unit-6.indd 85 3/29/2023 3:52:53 PM

(iv) യുവാൻ രാജവംശത്തിന്റെ പേരിൽ ചൈനയിൽ മംഗോളിയന്മാർ തങ്ങളുടെ ഭരണം സ്ഥാപിച്ചു.

(എ) (i) ശരി (ബി) (ii) ശരി
(സി) (ii) ഉം (iv) ഉം ശരി (ഡി) (iv) ശരി

3. (i) ബോങ്ഗും ചിയാങ്ഗും ചേർന്ന് സങ് രാജവംശം പണിതു.
(ii) കർഷകപ്രക്ഷോഭങ്ങൾ താങ്രാജവംശത്തിന്റെ തകർച്ചയിലേക്ക് നയിച്ചു.
(iii) സെൽജൂഖ് തുർക്കികൾ ടാർടറിന്റെ ഒരു ഗോത്രമാണ്.
(iv) യുവാൻരാജവംശത്തിന്റെ പേരിൽ ചൈനയിൽ മംഗാളിയന്മാർ തങ്ങളുടെ ഭരണം സ്ഥാപിച്ചു.

(എ) (i) ശരി (ബി) (ii) ശരി
(സി) (iii)ശരി (ഡി) (iv) ശരി

4. പ്രസ്താവന (എ): ബുദ്ധമതം ഇന്ത്യയിൽ നിന്ന് ചൈനയിലേക്ക് പോയി
കാരണം (ആർ): ആദ്യകാല ചൈനക്കാർ ബുദ്ധമതത്തിന്റെ അനുയായികളായിരുന്നു.
എ) എ ശരി; ആർ തെറ്റ്
ബി) എ യും ആർ-ഉം തെറ്റാണ്
സി) എ യും ആർ-ഉം ശരി
ഡി) എ എന്നത് തെറ്റ് ആർ-ലെ എ എന്നത് അപ്രസക്തമാണ്

5. പ്രസ്താവന (എ): സെൽജൂഖ് തുർക്കികൾ ജെറുസലേമിനെ പിടിച്ചത് കുരിശ്യുദ്ധത്തിലേക്ക് നയിച്ചു.
**കാരണം (ആർ):** യൂറോപ്യൻ ക്രിസ്തീയ തീർത്ഥാടകർക്ക് ജെറുസലേമിൽ അനുവാദം നിരസിച്ചു.
എ) എ ശരി; ആർ എന്നത് എ യുടെ ശരിയായ വിശദീകരണം അല്ല
ബി) എ യും ആർ-ഉം ശരി
സി) എ യും ആർ-ഉം തെറ്റ്
ഡി) എ ശരി ആർ എന്നത് എ-യുടെ ശരിയായ വിശദീകരണം

## IV യോജിപ്പിക്കുക

1. റെഡ് ടർബൻസ് – കാമകുറ
2. സെൽജൂഖ് തുർക്കികൾ – മുഹമ്മദ് II
3. ആദ്യഷോഗുനേറ്റ് – അറേബ്യൻ നൈറ്റ് നഗരം
4. ബാഗ്ദാദ് – യുവാൻ ചാങ്
5. കോൺസ്റ്റന്റിനോപ്പിൾ – മധ്യേഷ്യ

## V ചുരുക്കി ഉത്തരമെഴുതുക

1. ചൈനയുടെ വൻമതിൽ
2. കുരിശ് യുദ്ധത്തിന്റെ ആഘാതം എന്തായിരുന്നു?
3. മദ്ധ്യ കാലഘട്ടത്തിൽ ഫ്യൂഡലിസം എങ്ങനെയാണ് സംഘടിപ്പിക്കപ്പെട്ടത്?
4. പോപ്പിന്റെ അധികാരം ഉറപ്പിക്കാൻ ഉപയോഗിക്കുന്ന രണ്ടു ആയുധങ്ങളെക്കുറിച്ച് എഴുതുക?

## VI ഓരോ ശീർഷകത്തിനും താഴെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുക

**1. ജപ്പാനിൽ ഷോഗുനേറ്റ്**

(എ) ജപ്പാനിൽ അധികാരത്തിൽ വരാൻ വേണ്ടി പോരാടുന്ന രണ്ട് ഡൈമിയോ കുടുംബങ്ങളുടെ പേര്?
(ബി) ഈ പോരാട്ടത്തിൽ വിജയിച്ചവർ ആരാണ്?
(സി) ചക്രവർത്തി വിജയികളായവർക്ക് നൽകിയ പേര് എന്തായിരുന്നു?
(ഡി) ആദ്യ ഷോഗുനേറ്റിന്റെ തലസ്ഥാനം എവിടെയായിരുന്നു?

**2. അബ്ബാസിദുകളുടെ ഭരണം**

(എ) ആരാണ് അബ്ബാസിദുകൾ?
(ബി) അബ്ബാസിദു ഖലീഫയുടെ സ്ഥാനപേര് എന്തായിരുന്നു?
(സി) അബ്ബാസിദുകളുടെ പുതിയ തലസ്ഥാനം എവിടെയായിരുന്നു?
(ഡി) ആരുടെ ഭരണകാലത്തിലാണ് അബ്ബാസിദു സാമ്രാജ്യം സുവർണ്ണകാലമായി മാറിയത്?

## VII വിശദമായി ഉത്തരമെഴുതുക

1. കരിശുയുദ്ധങ്ങളെയും അവയുടെ പ്രത്യാഘാതങ്ങളെയുംവിവരിക്കുക?
2. മംഗോളിയന്മാർ ആരായിരുന്നു? അവർ എങ്ങനെയാണ് ചൈന ഭരിച്ചത്?

## വിനോദത്തിലൂടെ ചരിത്ര പഠനം

### പ്രവർത്തനങ്ങൾ

1. യൂറോപ്പിന്റെഭൂപടത്തിൽ,ഓട്ടോമൻസാമ്രാജ്യത്തിന്റെ പ്രശസ്തി അത്യുന്നതാവസ്ഥയിൽ ഇരുന്ന കാലഘട്ടത്തിൽ, സാമ്രാജ്യത്തിന്റെ അതിർത്തിയെ കുറിക്കുക.
2. സാരാസെനിക് വാസ്തു വിദ്യയുടെ ശിൽപ ശാലകളെ ആകർഷിക്കുന്ന വിധത്തിൽ ഗൃഗിളിൽ അദ്ധ്യാപകരുടെ സഹായത്തോടെ മനസ്സിലാക്കുക.

### പ്രായോഗികാഭ്യാസം

1. ഓട്ടോമൻ കുടുംബത്തിന്റെ ഉത്ഭവത്തെ പട്ടിയലിടുക? ഈജിപ്തിലെ സലാദിൻ, ഓട്ടോമൻ സാമ്രാജ്യത്തിലെ മഹാനായ സുലൈമാൻ എന്നിവരുടെ ജിവചരിത്രത്തെപ്പറ്റിയ കുറിപ്പുകൾ തയ്യാറാക്കുക?
2. ഇംഗ്ലണ്ടിലെ ലയൺ-ഹാർട്ട് റിച്ചാർഡ്, ജർമൻ ചക്രവർത്തി ഫ്രെഡറിക് ബാർബറോസ എന്നിവരുടെ നേതൃത്വത്തിൽ നടന്ന കുരിശു യുദ്ധത്തെക്കുറിച്ച് എഴുതുക?

## ഗ്രന്ഥസൂചിക


1.Chris Harman, People's History of the World, Verso, 1999.
2.Philip Ralph and Edward McNail Burns, The World Civilizations: From the Stone Age to the New Millennium, Library of Congress, 1968.
3.Richard Overy (ed.), Complete History of the World, Harper Collins, 2007.
4.Jawaharlal Nehru, Glimpses of World History, Penguin.
5.Paul Kennedy, *Rise and Fall of the Great Powers: Economic Change and Military Conflict*, **Harper Collins, 2007.**
6. *V.Rajaram- China, Japan and History of the South East Asian Countries (A.D.1066), Tamil Nadu Text Book and Educational Services Corporation, Chennai-6 (Publication-August 2017).*
7. *A.Usman Sherif- The History Of the Attomon Turks, Tamil Nadu Text Book and Educational Services Corporation, Chennai-6 ( Publication August 2017)*
8. *T.Y.Chokkappa- History of the Arab Peoples, Tamil Nadu Text Book and Educational Services Corporation, Chennai-6 (Publication- August 2017)*




IX Std - History Malayalam Unit-6.indd 86 3/29/2023 3:52:54 PM

യൂണിറ്റ്
7

# മധ്യകാല ഇന്ത്യയിലെ രാഷ്ട്രവും സമൂഹവും

## ചോളൻമാർ മുതൽ മുഗളൻമാർ വരെ



## പഠനലക്ഷ്യങ്ങൾ

താഴെ കൊടുത്തിരിക്കുന്ന വിവരങ്ങളെകുറിച്ച് അറിയുക

- ചോളൻമാർ മുതൽ മുഗളൻമാർ വരെയുള്ള രാജവംശവും അവരാൽ ഏർപ്പെട്ട രാഷ്ട്രീയ ഫലങ്ങളും
- ജനങ്ങളുടെ സാമൂഹ്യ സാംസ്കാരിക ജീവിതത്തിൽ ഇസ്ലാമിയ രാഷ്ട്രീയത്തിന്റെ സ്വാധീനം
- ചോള പാണ്ഡ്യ വിജയ നഗര രാജാക്കൻമാരുടെ കാലത്തിൽ ദക്ഷിണേന്ത്യയിൽ ഏർപ്പെട്ട ഭരണ മാറ്റങ്ങൾ
- വലം കൈ, ഇടം കൈ ഏറ്റുമുട്ടൽ യൂറോപ്യൻ മത പ്രവാചകൻമാരുടെ വരവിനാൽ മതത്തിൽ ഏർപ്പെട്ട മാറ്റങ്ങൾ
- ഈ കാലഘട്ടത്തിൽ സാഹിത്യം, കല, കെട്ടിടകല എന്നിവയിൽ ഏർപ്പെട്ട വളർച്ച
- കൃഷി ഉത്പാദനമേഖലയിൽ ഏർപ്പെട്ട മാറ്റങ്ങൾ
- കടൽ, വ്യാപാരം, കച്ചവടം, നഗരമയമാക്കൽ എന്നിവയുടെ മുന്നേറ്റം

YPBAK

## മുഖവുര

ഇന്ത്യൻ ചരിത്രത്തിന്റെ മദ്ധ്യകാലം ക്രി.പി 7 ാം നൂറ്റാണ്ട് മുതൽ (ഹർഷ ചാലുക്യ സാമ്രാജ്യം) 16 ാം നൂറ്റാണ്ടിൽ മുഗർ സാമ്രാജ്യത്തിന്റെ ആരംഭം വരെയെന്നും ക്രി.പി (പൊ.വ) 16 ാം നൂറ്റാണ്ടും മുതൽ ക്രി.പി (പൊ.വ) 18 ാം നൂറ്റാണ്ടു വരെ നവീന കാലത്തിന്റെ ആരംഭമെന്നും തരം തിരിച്ചിട്ടുണ്ട്.

ഈ കാലഘട്ടത്തിൽ പിന്നീട് പല പ്രദേശങ്ങൾ പ്രാധാന്യമുള്ള ദൃഢമായ രാഷ്ട്രീയ മാറ്റങ്ങൾക്കിടയായി. ഈ മാറ്റങ്ങൾ സാമൂഹ്യ സാമ്പത്തികഘടനയിൽ രാജ്യത്തിന്റെ വളർച്ചയ്ക്ക് ഗണ്യമായ പരിഷ്ക്കാരം ഏർപ്പെടുത്തി.

### പ്രാധാന്യമർഹിക്കുന്ന രാഷ്ട്രീയ മാറ്റങ്ങൾ

- ഒന്നാം രാജരാജന്റെ കാലഘട്ടത്തിൽ ആരംഭിച്ച ചോള രാജ്യത്തിന്റെ വിപുലീകരണം പാണ്ഡ്യ പല്ലവ സാമ്രാജ്യത്തെ നശിപ്പിച്ച് വടക്ക് ഒറീസ വരെ വ്യാപിച്ചു.
- 12 ാം നൂറ്റാണ്ടിൽ നിന്നും പല നൂറ്റാണ്ടുകൾ നില നിന്ന മുസ്ലീം ഭരണം ഡൽഹിയിൽ ആരംഭിച്ച് വടക്കേന്ത്യ മുഴുവൻ വ്യാപി ക്കുകയും ഇന്ത്യ മുഴുവൻ ഇസ്ലാം മതം വ്യാപിക്കുകയും ചെയ്തു.
- 13 ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ചോള സാമ്രാജ്യത്തിന്റെ അന്ത്യത്തെ തുടർന്ന് അതിന്റെ ഫലമായി തെക്കേ ഇന്ത്യയിൽ പല മതഅധിഷ്ടിതമായ സർക്കാരുകൾ ഉണ്ടവിച്ചു അവസാനമായി തെക്കേ ഇന്ത്യ മുഴുവനും



IX Std - History Malayalam Unit-7.indd 87 3/29/2023 3:57:13 PM

ഭരണ അധികാരത്തെ സ്ഥാപിച്ച വിജയ നഗരസാമ്രാജ്യം വളർച്ച പ്രാപിച്ചു. അത് തെക്കേ ഇ ന്ത്യയിൽ മത അധിഷ്ഠിതമായ ഭരണത്തിന്റെ കോട്ടയായി കരുതപ്പെട്ടു.

- ക്രി.പി.(പൊതു വർഷം) 1526 ൽ ബാബർ ഇബ്രാഹിംലോഡിയെ പരാജയപ്പെടുത്തിയതിൽ നിന്ന് വടക്കേന്ത്യയിൽ മുഗളൻമാരുടെ നേതൃത്വത്തിൽ മുസ്ലീങ്ങളുടെ ഭരണത്തെ സംയോജിപ്പിച്ച് ശക്തിപ്പെടുത്താനുള്ള പ്രവർത്തനത്തെ ആരംഭിച്ചു. അങ്ങനെ മുഗൾ സാമ്രാജ്യം പ്രശസ്തമാവുകയും കാബൂളിൽ നിന്നും ഗുജറാത്ത് മുതൽ ബംഗാൾ വരെയും കാശ്മീരിൽ നിന്ന് തെക്കേ ഇന്ത്യ വരെയും വ്യാപിച്ചു.
- ക്രി.പി (പൊതുവർഷം) 1498 ൽ കരമാർഗ്ഗം വന്നിറങ്ങിയ പോർച്ചുഗീ സുകാരെ തുടർന്ന് യൂറോപ്യൻമാരും ഇന്ത്യയിലേയ്ക്ക് സന്ദർശനം നടത്തി.

## 7.1 രാഷ്ട്രീയ മാറ്റങ്ങൾ ക്രി.പി (പൊതുവർഷം) 1000 -1700

### 7.1(a) വടക്കേഇന്ത്യ: ഇസ്ലാമിന്റെ സന്ദർശനം

12 ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മുസ്ലീങ്ങളുടെഭരണം മുഹമ്മദ്ഗോറി ഡൽഹിയിൽ ആരംഭിച്ചു. അടുത്ത 100 വർഷത്തിനുള്ളിൽ ഈ ഭരണം മറ്റ്പ്രദേശങ്ങളിലേയ്ക്ക് വളരെയധികം വ്യാപിച്ചില്ല.പല നൂറ്റാണ്ടുകൾക്ക് മുമ്പേ മുസ്ലീം വ്യാപാരികളെയും ഭരണാധികാരികളേയും ഇന്ത്യൻ ജനതയ്ക്ക് പരിചിതമാണ്. ക്രി.പി. 9-ാംനൂറ്റാണ്ടിൽ അറേബ്യൻ വാണിജ്യക്കാർ പാശ്ചാത്യ കടൽക്കര തുറമുഖങ്ങളിൽ പ്രത്യേകിച്ച് കേരള തുറമുഖങ്ങളിൽ വാണിജ്യം ഏർപ്പെടുത്തി അതുപോലെ ക്രി.പി8-ാം നൂറ്റാണ്ട് മുതൽ പശ്ചിമ ഏഷ്യയിൽ ഉള്ള മുസ്ലീം സൈന്യങ്ങൾ ഗുജറാത്തിലും സിന്ധ്ലും തങ്ങളുടെ സുൽത്താനിയങ്ങളെ സ്ഥാപിച്ച് ഭരണനിർവ്വഹണം നടത്തി.






IX Std - History Malayalam Unit-7.indd 88 3/29/2023 3:57:13 PM

മുസ്ലീം ഭരണത്തിന്റെ ആഘാതം അലാവുദീൻ ഖിൽജിയുടെ ക്രി.പി (പൊതുവർഷം (1296 മുതൽ 1316) ഭരണ സമയത്ത് പ്രകടമായി. ഭരണ വിപുലീകരണത്തേക്കാൾ സമ്പത്ത് ചൂഷണം ചെയ്യണം എന്ന ലക്ഷ്യത്തോടെ തെക്കേന്ത്യയിൽ പല ആക്രമണങ്ങൾ ഇദ്ദേഹം നടത്തി. ദേവഗിരിയെ (ഔറംഗാബാദിന് സമീപം) അലാവുദീൻ ഖിൽജി പിടിച്ചടക്കി. ദൗലദാബാദ് പുനർ നാമം ചെയ്യപ്പെട്ട ഈ നഗരം അദ്ദേഹത്തിന്റെ രാജ്യത്തിന്റെ രണ്ടാമത്തെ ശക്തിയാർജിച്ച പ്രദേശമായി മാറി. ക്രി.പി (പൊതു വർഷം) 1300 ന് മുമ്പേ ആദ്യ പത്ത് വർഷങ്ങളിൽ അലാവുദീൻഖിൽജിയുടെ അടിമയും സൈന്യാധിപനുമായിരുന്ന മാലിക് കബൂറിന്റെ നേതൃത്വത്തിൽ തെക്കേ ഇന്ത്യയിലേയ്ക്ക് ഒരാക്രമണം നടത്തി.

അലാവുദീൻ ഖിൽജിയ്ക്ക് ശേഷം ഭരണം ഏറ്റെടുത്ത തുക്ളക് വംശരാജാക്കൻമാരും തങ്ങളുടെ സൈന്യത്തെ തെക്ക് ഭാഗത്തേയ്ക്ക് അയച്ചു. ഇതിന്റെ ഫലമായി പൊതുവായി തനിച്ച് നിന്ന രാജ്യത്തിന്റെ തെക്കൻ പ്രദേശം വടക്കേഇന്ത്യൻ മുസ്ലീം രാജാക്കൻമാരുടെ പരിധിയിൽ വന്നു. ഡക്കാണിലെ പലപ്രദേശങ്ങളിലും ഗവർണ്ണർമാരെ നിയമിച്ചു. മധുരയിൽ സുൽത്താനിയഭരണത്തെ സ്ഥാപിച്ചു.

മുഹമ്മദ്ബിൻ തുഗ്ളക്കിന്റെ ഭരണ കാലത്ത് ദൗലദാബാദിൽ വിപ്ലവം ഏർപ്പെട്ടു. ഇതിന്റെ ഫലമായി അലുാവുദീൻ ബാമൻഷാ ക്രി.പി (പൊ.വർഷം) 1347 ൽ ബാമിനി സുൽത്താനിയത്തെ രൂപീകരിച്ചു. ബീഡാർ ഈ ഗവൺമെന്റിന്റെ തലസ്ഥാനമായിരുന്നു. ഈ സുൽത്താനിയം ഏകദേശം നൂറ്റംബത് (150) കാലം നിലനിന്നു. ഇതിന് കാരണം ജനങ്ങൾക്കിടയിൽ രാഷ്ട്രീയ വിദഗ്ത്തനും പൂർണ്ണ വിശ്വാസമുള്ള മന്ത്രിയുമായ മുഹമ്മദ് ഗവാൻ എന്ന വ്യക്തിയുടെ പ്രശസ്തമായ ഭരണമാണ്. ഇദ്ദേഹത്തിന്റെ മരണത്തിന് ശേഷം പല ഗവർണർമാരും തങ്ങളെ സ്വതന്ത്ര ഗവൺമെന്റായി അറിയിച്ചു. 15 ാം നൂറ്റാണ്ടിന്റെ അവസാനം ഡക്കാണിന്റെ 5 സുൽത്താനിയങ്ങൾ ആരംഭിച്ചു. അവ ബീജപൂർ, അഹമ്മദ് നഗർ, ബീഡാർ, ഗോൽകൊണ്ട, ബിരാർ എന്നിവയാണ് വളരെ വിസ്തൃതമായ ഭൂപ്രദേശം കൊണ്ട് ബീജപ്പൂർ ഗോൽകൊണ്ട എന്നീ പ്രദേശങ്ങൾ സാമ്പത്തികമായി വളരെയധികം വളർച്ച പ്രാപിച്ചിരുന്നു. വ്യാപാരവും വളരെയധികം വളർച്ച പ്രാപിച്ചു. ക്രി.പി. (പൊതുവർഷം) 1660 ൽ ഔറംഗസീബ് കീഴടക്കി ദക്ഷിണ ചെന്നൈയ്ക്ക് ഉൾപ്പെട്ട എല്ലാ സ്ഥലങ്ങളും മുഗൾ സാമ്രാജ്യത്തിന്റെ പ്രദേശങ്ങളാണ്


മുഹമ്മദ്ബിൻ തുഗ്ളക്

## 7.1 (b) ദക്ഷിണേന്ത്യയിലെ ചോള സാമ്രാജ്യം


രാജരാജ ചോഴൻ

ചോള സാമ്രാജ്യത്തിന്റെ വിപുലീകരണം ഒന്നാം രാജരാജന്റെ കാലത്ത് ആരംഭിച്ചു. നേരത്തെ തന്നെ പല്ലവ സാമ്രാജ്യത്തെ ചോള സാമ്രാജ്യത്തോട് സംയോജിപ്പിച്ചിരുന്നു. പാണ്ഡ്യ സാമ്രാജ്യം സ്വതന്ത്ര രാജ്യമായിരുന്നെങ്കിലും ചോളൻമാരുടെ നിയന്ത്രണത്തിലായിരുന്നു. ഒന്നാം രാജേന്ദ്രന്റെ കാലത്ത് ചോള സാമ്രാജ്യം വളരെയധികം വിപുലമായി. തന്റെ സൈന്യങ്ങളെ വടക്ക് കിഴക്ക് ഇന്ത്യയിലെ ഗംഗാ നദി വരെ നയിച്ചിരുന്നു. കൂടാതെ തന്റെ കടൽ സൈന്യങ്ങളെ ശ്രീവിജയ ശൈലേന്ദ്ര സാമ്രാജ്യത്തിനെതിരായിട്ട് (ഇന്തോനേഷ്യ) കഠാരം (കേടാ) ശ്രീലങ്ക എന്നിടങ്ങളിലേയ്ക്ക് അയച്ചു. ഇതിനാൽ ഗംഗൈയ്കൊണ്ടാൻ കഠാരം കൊണ്ടാൻ എന്ന സ്ഥാനപേരുകൾ ലഭിച്ചു. ശ്രീലങ്ക ചോള സാമ്രാജ്യത്തിന്റെ പ്രവിശ്യയായി പത്ത് വർഷക്കാലം ഉണ്ടായിരുന്നു. രാജേന്ദ്ര ചോളന്റെ പൗത്രനായ ഒന്നാം കുലോതുംഗന്റെ കാലത്തിൽ ചാലൂക്യവംശക്കാരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടത് കാരണം ഈ സാമ്രാജ്യം വീണ്ടും വിപുലമായി ഒറീസയുടെ അതിർത്തി വരെ വ്യാപിച്ചു.

ചോളൻമാരുടെ കാലത്ത് തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളോടും ചൈനയോടും പുലർത്തിയിരുന്ന സമുദ്രവാണിജ്യ ബന്ധം വളരെയധികം പ്രശസ്തമായിരുന്നു. തമിഴ്നാട്ടിലെ കച്ചവടക്കാരോട് തുടർച്ചയായി ബന്ധപ്പെട്ടിരുന്നതിനാൽ ഇന്ത്യൻ സംസ്കാരം കലയുടെ പ്രശസ്തി എന്നിവ തെക്ക് കിഴക്കൻ ഏഷ്യ വരെ വ്യാപിച്ചു. ഇത് കംബോഡിയയിലുള്ള അംങ്കോർവാട്ട് എന്ന പ്രശസ്തിയാർജിച്ച ക്ഷേത്രത്തിൽ നമുക്ക് കാണാൻ സാധിക്കുന്നു.



IX Std - History Malayalam Unit-7.indd 89 3/29/2023 3:57:14 PM

## 7.1 (c) തെക്കെ ഇന്ത്യൻ ചോളൻമാർക്ക് ശേഷമുള്ള വിജയനഗര സാമ്രാജ്യം

ചോള സാമ്രാജ്യത്തിന്റെ അധഃപതനം 13 ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ആരംഭിച്ചു അവസാനത്തെ ചോളരാജാവായ മൂന്നാം രാജേന്ദ്രന് ശേഷം ക്രി.പി (പൊവ) 1279 ൽ ചോള സാമ്രാജ്യം മുഴുവനും അധഃപ്പതിച്ചു. ഇതിനെ തുടർന്ന് ഈ പ്രദേശങ്ങളിൽ പല അധികാര കേന്ദ്രങ്ങൾ രൂപം പ്രാപിച്ചു. നേരത്തേ ഉണ്ടായിരുന്ന പാണ്ഡ്യ സാമ്രാജ്യങ്ങൾ ചോളൻമാരുടെ കാലത്ത് തങ്ങൾക്ക് നഷ് ടപ്പെട്ട പ്രശസ്തിയും സമ്പത്തും വീണ്ടും നില നിറുത്തുന്നതിന് ശ്രമിച്ചു. 13 ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ജഡാവർമ്മൻ സുന്ദര പാണ്ഡ്യനെപ്പോലെ അറിവുള്ള രാജാക്കൻമാരാൽ പാണ്ഡ്യ നാട് ഭരിക്കപ്പെട്ടിരുന്നു. ഹൊയ്സാല സാമ്രാജ്യം വടക്കൻ ബേലൂരിനെയും പിന്നീട് ഹേലിബിഡുവിനെയും തലസ്ഥാനമാക്കിയിരുന്ന പ്രദേശമാണ്. ഈ സാമ്രാജ്യം ഇന്നത്തെ കർണാടക സംസ്ഥാനത്തിന്റെ വലിയൊരു പ്രദേശത്തെ ഉൾക്കൊണ്ടതായിരുന്നു. കാകതിയാർ വാരാങ്കല്ലിൽ (തെലുങ്കാന) ഭരണം നടത്തിയിരുന്നു. ദേവഗിരിയിൽ യാഭവൻമാർ ഭരണം നടത്തി. 13 ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ദേവഗിരി, അലാവുദീൻ ഖിൽജിയുടെ ആക്രമണത്താൽ അധഃപതിച്ചു തെക്കേ ഇന്ത്യൻ സർക്കാരുകൾ തമ്മിൽ ഐക്യമില്ലായ്മയുടെ കാരണം കൊണ്ട് എല്ലായിപ്പോഴും ശത്രുതാമനോ ഭാവത്തോടും പെരുമാറിയിരുന്നു. ഇതിന്റെ ഫലമായി ഇവരുടെ ഭരണം അവസാനിച്ചു.

വിജയ നഗര (പിന്നീട് സാമ്രാജ്യം) ഗവൺമെന്റ് രൂപം പ്രാപിച്ചത് തെക്കേ ഇന്ത്യയുടെ മദ്ധ്യകാല ചരിത്രത്തിൽ അതി പ്രാധാന്യമായ വളർച്ചയാണ്. സംഘ വംശത്തിൽ ഹരിഹരൻ, ബുക്കൻ എന്നീ രണ്ട് സഹോ ദരൻമാരാൽ ഈ ഗവൺമെന്റ് സ്ഥാപിക്കപ്പെട്ടു. ഇവരാണ് സംഘ വംശത്തിലെ ആദ്യത്തെ രാജാക്കൻമാർ. തുംഗഭദ്ര നദിയുടെ ദക്ഷിണ ദിക്കിൽ പുതിയ തലസ്ഥാനം ഒന്നിനെ രൂപം പ്രാപച്ച് അതിന് വിജയനഗരം എന്ന് നാമധേയം നൽകി. ക്രി.പി (പൊ.വ) 1336 ൽ ഹരിഹരൻ രാജാവായിപദവിയേറ്റു. സംഘ വംശ ഗവൺമെന്റ് വിജയനഗരത്തെ ഏകദേശം 150 വർഷം ഭരണം നടത്തി. പിന്നീട് വന്ന ചാലൂക്യവംശ രാജാക്കൻമാർ കുറച്ച് കാലം മാത്രമേ ഭരണം നടത്തിയുള്ളൂ. അതിന് ശേഷം ഭരണം നടത്തിയത് തുളുവ വംശക്കാരാണ് വിജയ നഗര രാജാക്കൻമാരിൽ പ്രശസ്തനായ രാജാവായ കൃഷ്ണദേവരായർ തുളുവ വംശത്തെ ചേർന്ന ആളാണ്.

രാജ്യം : ഒരു രാജാവ് അല്ലെങ്കിൽ രാജ്ഞിയാൽ ഭരണം നിർവ്വഹിക്കുന്ന ഒരു രാജ്യം

സാമ്രാജ്യം : ഒരു രാജാവോ അല്ലെങ്കിൽ രാജ്ഞിയോ ഒന്നിൽ കൂടുതൽ രാജ്യങ്ങളെ ഭരണ നിർവ്വഹണം ചെയ്യുന്നത് സാമ്രാജ്യം

സാമ്രാജ്യമായി വിപുലമായപ്പോൾ തെക്ക് ഭാഗത്തിരുന്ന ഹൊയ്സാല ഗവൺമെന്റും തമിഴ്നാട്ടിന്റെ ഭാഗത്തിരുന്ന ഗവൺമെൻറും വിജയനഗര ഗവൺമെന്റിനോട് ചേർന്നു. തുടർന്ന് വിജയനഗര ഗവൺമെന്റ് ബാമിനി ഗവൺമെന്റിനോടും മതത്തിനെ അടിസ്ഥാനമാക്കിയിട്ടുള്ള സർക്കാർ ഒറീസയോട് തുടർന്ന് യുദ്ധം ചെയ്ത്കൊണ്ടിരുന്നു. അവസാനം ക്രി.പി (പൊ.വ) 1565 ൽ തളിക്കോട്ട യുദ്ധത്തിൽ ഡക്കാൺ സുൽത്താൻമാരുടെ സഹ്യസേനകൾ വിജയ നഗരത്തെ തോൽപ്പിച്ചു. അതിന് ശേഷം വിജയനഗര സാമ്രാജ്യക്കാർ തങ്ങളുടെ തലസ്ഥാനത്തെ ആദ്യം ദക്ഷിണഭാഗത്തുള്ള പെനുകൊണ്ടാവിനും അവസാനം തിരുപ്പതിയ്ക്കടുത്തുള്ള ചന്ദ്രഗിരിയിലേയ്ക്കും മാറ്റി. അവസാനം ഈ സാമ്രാജ്യം (അല്ലെങ്കിൽ ശേഷിച്ച പ്രദേശങ്ങൾ) 17 ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിൽ ഈഭാഗം അധഃപ്പതിച്ചു.

## 7.1(d) മുഗളൻമാർ

### ക്രി.പി. (പൊ.വ) 1526-1707

മുഗൾ സാമ്രാജ്യത്തെ സ്ഥാപിച്ചത് ബാബർ ആണ് ക്രി.പി (പൊ.വ) 1526 ാം ആ് നടന്ന പാനിപ്പട്ട് യുദ്ധത്തിൽ ഇബ്രാഹിം ലോഡിയെ തോൽപ്പിച്ച ശേഷം ബാബർ ഈ ഗവൺമെന്റിനെ ആരംഭിച്ചു. ആദ്യത്തെ ആറ് മുഗൾ ചക്രവർത്തിമാരെ മഹത്തായ മുഗളൻമാർ എന്ന് പറയുന്നു. ഇവരിൽ അവസാനത്തെ ചക്രവർത്തിയാണ് ഔറംഗസീബ്. ഇദ്ദേഹം രാജ്യങ്ങളെ പിടിച്ചടക്കിയും രാജസ്ഥാനിലെ മത അടിസ്ഥാനത്തിലുള്ള ഗവൺമെന്റിനോട് നല്ല ബന്ധം ഏർപ്പെടുത്തിയത് കാരണവും അക്ബറിന്റെ സാമ്രാജ്യം ശക്തി പ്രാപിച്ചു. ഔറംഗസീബിന് ശേഷം മുഗൾ സാമ്രാജ്യം പലതായി പിരിഞ്ഞുവെങ്കിലും അതിനെ ക്രി.പി (പൊ.വ) 1857 ാം ആണ്ട് ബ്രിട്ടീഷുകാർ അവസാനിപ്പിച്ചു.

മഹാരാഷ്ട്രയിൽ 17 ാം നൂറ്റാണ്ടിൽ ഒരു അധികാര കേന്ദ്രം ഉദയം പ്രാപിച്ചു. ശിവജിയുടെ അദ്ധ്യക്ഷതയിൽ മാറാത്തക്കാർ പശ്ചിമ ഇന്ത്യൻ പ്രദേശങ്ങളിൽ മുഗളൻമാരുടെ അധികാരത്തെ നഷ്ടപ്പെടുത്തി. മുഗൾ സാമ്രാജ്യത്തിന്റെ പ്രശസ്തി ഉച്ച ഘട്ടത്തിൽ ഇരുന്നപ്പോൾ ഉപദ്വീപീയ ഇന്ത്യയുടെ ഭൂരിഭാഗത്തും വ്യാപിച്ചു. മുഗളൻമാരുടെ അധികാര പരിധിയിൽ ഉൾപ്പെടാത്ത പ്രദേശങ്ങൾ കേരളത്തിന്റെ തെക്കുപടിഞ്ഞാറൻ പ്രദേശം തെക്കൻ തമിഴ്നാട് എന്നിവയാണ്



IX Std - History Malayalam Unit-7.indd 90 3/29/2023 3:57:14 PM

## 7.1(e) യൂറോപ്യൻമാരുടെ ആഗമനം

15 ാം നൂറ്റാണ്ടിൽ ഇന്ത്യയിലേക്ക് നേരിട്ടുള്ള കടൽ ഗതാഗതം കണ്ടറിയുന്നതിൽ യൂറോപ്യൻമാർ തീവ്രമായി പ്രയത്നിച്ചു. മുൻപ് ഉണ്ടായിരുന്ന പശ്ചിമേഷ്യ മദ്ധ്യധരണി കടൽ വഴിയായി പോകുന്ന കരമാർഗ്ഗത്തിന് പകരം ഈ ശ്രമം സ്വീകരിച്ചു. ഇന്ത്യയിൽ കാണപ്പെട്ട സുഗന്ധദ്രവ്യങ്ങളുടെ വാണിജ്യം അലക്സാണ്ട്രിയ നഗരം വരെ മുസ്ലീങ്ങളുടെ നിയന്ത്രണത്തിൻ കീഴിലായിരുന്നു ഇന്ത്യയോട് നേരിട്ടുള്ള ബന്ധം ഏർപ്പെടുന്നത് മൂലം യൂറോപ്യൻമാർ സുഗന്ധ ദ്രവ്യങ്ങളുടെ വാണിജ്യത്തെ തങ്ങളുടെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരാമെന്നും ആ വസ്തുക്കൾതങ്ങൾക്കനുകൂല മായി കച്ചവടം നടത്താമെന്നും വിചാരിച്ചു. ക്രി. പി (പൊ.വ) 1498 ൽ വാസ്ക്കോട ഗാമ ദക്ഷിണാഫ്രിക്കയുടെ സുപ്രതീക്ഷമുനമ്പിനെ ചുറ്റികൊണ്ട് കേരള സമുദ്രതീരത്ത് വന്നടിഞ്ഞു. 5 കൊല്ലത്തിന് ശേഷം ക്രി.പി (പൊതു വർഷം) 1503 ൽ പോർച്ചുഗീസുകാർ കൊച്ചിയിൽ തങ്ങളുടെ ആദ്യത്തെ കോട്ടയെ നിർമ്മിച്ചു. ക്രി.പി (പൊ.വ) 1510 ൽഗോവയെ പിടിച്ചടക്കി ഇന്ത്യയിൽ പോർച്ചുഗീസ് ഗവൺമെൻറിന്റെ കേന്ദ്രമായി മാറി. തങ്ങളുടെ കടൽ സൈന്യത്തിന്റെ ശക്തിയാൽ പോർച്ചുഗീസുകാരാൽകിഴക്കൻആഫ്രിക്കയ്ക്കും മലാക്കയ്ക്കുമിടയിലുള്ള പല തുറമുഖങ്ങളെ പിടിച്ചടക്കാൻ കഴിഞ്ഞു. കൂടാതെ ഈ ഭാഗം മുഴുവൻ നടന്ന കടൽ മാർഗ്ഗകച്ചവടത്തെ വിജയകരമായി നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞിരുന്നു.




മസൂലിപട്ടണത്തിലെ വ്യാപാരം

ചില യൂറോപ്യൻ രാജ്യങ്ങളും പോർച്ചുഗീസുകാരെ തുടർന്ന് പ്രത്യേകിച്ച് ഇംഗ്ലണ്ട്, ഫ്രാൻസ് മുതലായ രാജ്യങ്ങൾ ഇന്ത്യയ്ക്കുള്ളിൽ പ്രവേശിച്ചു. ബ്രിട്ടീഷുകാരും ഫ്രഞ്ച്കാരും കിഴക്കേന്ത്യൻ കമ്പനികൾ മുഖേന തങ്ങളുടെപ്രവർത്തനങ്ങൾ നടത്തി. ഈ സ്ഥാപനങ്ങൾ സ്വകാര്യ മേഖലാ വാണിജ്യ സ്ഥാപനങ്ങളായിരുന്നിട്ടും ശക്തമായ രാഷ്ട്രീയ നിലപാട് എടുത്തു. 17 ാം നൂറ്റാണ്ടിൽ മുഗൾ സാമ്രാജ്യം ശക്തിയാർജിച്ചിരുന്നിട്ടും ഈ യൂറോപ്യൻ വാണിജ്യ സ്ഥാപനങ്ങൾ മുഗൾ സാമ്രാജ്യത്തിൽ വാണിജ്യം നട ത്തി. എന്നാൽ മുഗൾ സാമ്രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ തങ്ങൾക്കായി പ്രദേശങ്ങളെ കൈക്കലാക്കാൻ കഴിഞ്ഞില്ല. എന്നിരുന്നാലും തെക്കേ ഇന്ത്യയിൽ ശക്തമായ സർക്കാരുകൾ ഇല്ലാത്തതിനാൽ യൂറോപൻമാരുടെ വാണിജ്യ സ്ഥാപനങ്ങൾ സ്വന്തമായി വാണിജ്യ സ്ഥാപനങ്ങളെ രൂപീ കരിച്ച് അവയിൽ അധികാരം കേന്ദ്രീകരിച്ചു. ഉദാഹരണം പുലികാട്, നാഗപട്ടണത്തിൽ ഡച്ചുകാരും, മദ്രാസിൽ (ചെന്നൈ) ഇംഗ്ലീഷുകാരും പാണ്ഡിച്ചേരിയിൽ ഫ്രഞ്ച്കാരും തരംഗംപാടിയിൽ ഡേനിയരും നില കൊണ്ടു.

## 7.2 രാഷ്ട്രീയത്തിന്റെ സ്വാധീനം

മുകളിൽ പറഞ്ഞ പ്രാധാന്യം അർഹിക്കുന്ന രാഷ്ട്രീയ വളർച്ചാ മാറ്റങ്ങൾ ഇന്ത്യൻ ഉപഭൂഖണ്ഡം മുഴുവനും ഭരണാഘടനാ സ്ഥാപനങ്ങൾ, സമൂഹം, സാമ്പത്തികം മുതലായവയിൽ സ്വാധീനവും ഫലങ്ങളും ഏർപ്പെടുത്തി.

ചോളൻമാരുടെകാലം തമിഴ്നാട്ചരിത്രത്തിൽ സമ്പൽസമൃദ്ധമായ കാലമായിശ കാണപ്പെട്ടു. ഇക്കാലത്ത് വ്യാപാരവും, സാമ്പത്തികവും പ്രബലമായിരുന്നു. നഗരമയമാക്കലും ഇതിനോട് യോജിച്ചു. ചോളൻമാരുടെ കാലത്തിൽ ഭരണ നിർവ്വഹണത്തെ പരിഷ്കരിച്ചു. പഞ്ചായത്ത് ഭരണത്തിൽ അടിസ്ഥാനഘടകമായി കണക്കാക്കപ്പെട്ടത് ഗ്രാമമാണ്. പല ഗ്രാമങ്ങൾ ചേർന്ന് ഒരു നാട് ജില്ല എന്നിങ്ങനെയാണ് തരം തിരിച്ചിരുന്നത്. നികുതി വിലക്ക് നൽകിയ ഗ്രാമങ്ങളെ ബ്രഹ്മദേയം എന്നറിയപ്പെട്ടു. കംബോ ളങ്ങൾ കൂടുന്ന സ്ഥലം ചെറിയ നഗരങ്ങൾ മുതലായവയെ നഗരം എന്ന് വിളിക്കപ്പെട്ടു. ഗ്രാമം, നാട്, ബ്രഹ്മദേയം, നഗരം ഇവ ഓരോന്നും തങ്ങൾക്കായി ഒരു സഭയെ രൂപീകരിച്ചു. നിലങ്ങളെയും ജല വിഭവങ്ങളെയും ക്ഷേത്രങ്ങൾ നിർവ്വഹിക്കുന്നതും ഉൾരാജ്യ പ്രശ്നങ്ങൾക്ക് പരിഹാരം ഏർപ്പെടുത്തുന്നതും ഗവൺമെന്റി നുംനൽകേണ്ട നികുതിയെ പിരിക്കുന്നതും ഈ സഭയുടെ ചുമതലയാണ്.

ക്ഷേത്രനിർമ്മാണത്തിലുണ്ടായ പുരോഗതി ചോളന്മാരുടെ ഭരണകാലത്തെ പ്രധാന സവിശേഷതയായിരുന്നു. ഇവയ്ക്ക് രണ്ട്പരിമാണങ്ങളാണുള്ളത് ഒന്നാമതായി പുതിയ ക്ഷേത്രങ്ങൾ നിർമ്മിച്ചതും രണ്ടാമതായി മുൻകാല ക്ഷേത്രങ്ങളെ അവയുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹ്യ സാമ്പത്തിക സ്ഥാപനങ്ങളായി മാറ്റിയതാണ്. ക്ഷേത്രങ്ങൾ നിർമ്മിച്ചത് സർക്കാറിന്റെ സാമ്പത്തിക പ്രതിഫലന മായി കണക്കാക്കപ്പെട്ടു. എന്തെന്നാൽ ക്ഷേത്ര നിർമ്മാണം വളരെ ചിലവ് വരുന്ന പ്രവർത്തനമാണ്. ക്ഷേത്രങ്ങൾ ആരാധാനലയങ്ങൾ മാത്രമല്ലാതെ പ്രധാനപ്പെട്ട സാമ്പത്തിക സ്ഥാപനങ്ങളുമായി മാറി. വസ്തുക്കളെ വാങ്ങുന്നതും ജനങ്ങൾക്ക് തൊഴിൽ അവസരം നൽകുന്ന സ്ഥാപനങ്ങളായും നിലത്തിന്റെ അവകാശികളായും മാറി.



IX Std - History Malayalam Unit-7.indd 91 3/29/2023 3:57:15 PM

ഡെൽഹിയിൽ മുസ്ലീം ഭരണം ഏർപ്പെടുത്തി ഇത് ഇന്ത്യൻ സമൂഹത്തിന് മേൽ വലിയ ആഘാതം ഏർപ്പെടുത്തി. ആരംഭത്തിൽ മുസ്ലീം സമൂഹം സംഘർഷങ്ങൾ ഏർപ്പെടുത്തിയില്ല. ഉദാഹരണമായി കേരള സമുദ്രതീര പ്രദേശങ്ങളിൽ കുടിയേറിയ അറേബ്യൻ മുസ്ലീം വ്യാപാരികൾ ആ പ്രദേശത്തുള്ള സ്ത്രീകളെ വിവാഹം ചെയ്ത് സമാധാനപരമായ ജീവിതം നയിച്ചിരുന്നു. മുസ്ലീം ഒരു ഔദ്യോഗിക മതമായി മാറിയതിന് ശേഷമാണ് സാഹചര്യങ്ങൾ മാറിയത്. ഇവർ തങ്ങളുടെ അധികാരത്തെ നിലനിർത്തുന്നതിന് വേണ്ടി ശത്രുക്കളുടെ ആരാധനാലയങ്ങളെ നശിപ്പിച്ചിരുന്നത് തങ്ങളുടെ അധികാരത്തെ നിലനിറുത്താൻ മദ്ധ്യകാല രാജാക്കൻമാർ പിൻതുടർന്ന രീതിയാണ്. കൂടാതെ ഒരു ഈശ്വര തത്വത്തെ പ്രതിനിധാനം ചെയ്യുന്ന ഇസ്ലാം മതം ഇന്ത്യൻ സമൂഹത്തിന് മേൽ പല പ്രത്യ ക്ഷമായ ആഘാതങ്ങൾ ഏർപ്പെടുത്തി. മിശ്ര സംസ്ക്കാരം രൂപീകരിക്കുന്നതിന് ഇസ്ലാം മതംപ്രധാനപ്പെട്ട പങ്ക്വഹിച്ചു.

ഡെൽഹി, ഡക്കാണിൽ ഉണ്ടായിരുന്ന മുസ്ലീം ഗവൺമെന്റുകൾ അറേബിയയിൽ നിന്നും പേർഷ്യയിൽ നിന്നും കുടിയേറ്റം നട ത്തുന്നവരെ ഇന്ത്യയിലേയ്ക്ക് കുടിയേറാൻ ആകർഷിക്കപ്പെട്ടു ഇങ്ങനെ കുടികയറി വന്നവരിൽ പലരും പല മേഖലകളിൽ ജോലി ചെയ്തിരുന്നു. അതിൽപ ലരും പ്രധാനപ്പെട്ട വ്യക്തികളായും രാഷ്ട്രീയ പ്രകൽൻമാരായും വിളങ്ങി. ഈ സാഹചര്യം ഇന്ത്യൻ സമൂഹത്തിന് പശ്ചിമ ഏഷ്യയയോട് സ്ഥിരമായ ബന്ധം ഏർപ്പെടുത്താൻ വഴി തെളിയിച്ചു. ഇതിന്റെ ഫലമായി സംസ്കാരിക സാങ്കേതിക വിദ്യയിൽ മാറ്റം ഏർപ്പെട്ടു. മുസ്ലീം ഭരണാധികാരികളും കരകൗശല വിദഗ്ദ്ധരും ഇന്ത്യയുടെ ഉത്തര ഭാഗത്തു നിന്നുള്ള സൈനീക നടപടികാരണം ദക്ഷിണഭാഗത്തേയ്ക്ക് കുടിയേറി ഇതിനാൽ വിവിധ വർഗ്ഗക്കാരുടെ സംസ്ക്കാരം രൂപം പ്രാപിച്ചു ഡക്കാൺ സുൽത്താനി കളായ ബീജപൂരിലും ഗോൽകൊണ്ട യിലും കാണാൻ സാധിക്കുന്നു. ഈ രണ്ട് ഗവൺമെന്റുകളിലെയും സുൽത്താൻമാർ വിശാല മനസ്സുള്ളവരും മതേതരത്വ സ്വഭാവഗുണമുള്ളവരായിരുന്നു

ഈ കാലഘട്ടത്തിന്റെ മദ്ധ്യത്തിൽ എടുത്ത് പറയത്തക്ക വളർച്ച മുസ്ലീം സുൽത്താൻ നിയമങ്ങളെ കുറിച്ച് അറേബ്യൻ ചരിത്രപ ണ്ഡിതൻമാർ രചിച്ച സമകാല ചരിത്ര കുറിപ്പുകളാണ്. ഇബിൻ ബദൂത, അൽബ റൂണി ബെരിഷ്ട മുതലായവർ പ്രശസ്തരായ ചരിത്രപണ്ഡിതൻമാരാണ്. ഈ പണ്ഡിതൻമാർ മദ്ധ്യകാല രാജാക്കൻമാർ സംഭവങ്ങൾ മുതലായ സന്ദേശങ്ങളെ കുറിച്ച് രേഖപ്പെടുത്തി ഇന്ത്യയിൽ മുസ്ലീം ഭരണത്തിനെ കുറിച്ച് വ്യത്യസ്ഥമായ ഒരു ചരിത്ര ആശയം പ്രത്യേകിച്ച് സമകാല മുസ്ലീം പണ്ഡിതൻമാരുടെ അനുഭവാടിസ്ഥാനത്തിലുള്ള ആശയം രേഖപ്പെടുത്തിയതിനാൽ അവ അമൂല്യമായ രേഖകൾ ആയി കരുതി.

വിജയനഗര സാമ്രാജ്യം സ്ഥാപിച്ചതിനാൽ തെക്കേ ഇന്ത്യയിൽ പ്രത്യേകിച്ച് തമിഴ്നാടിന്റെ ഭരണ സാമൂഹ്യ ഘടനയിൽ മാറ്റം ഏർപ്പെട്ടു. ആരംഭം മുതൽ വടക്ക് ഭാമിനി സുൽത്താൻ മാരോടുള്ള ശത്രുത അതിന് കാരണമായിരുന്നു. അടിസ്ഥാനമായി വിജയനഗര സാമ്രാജ്യം ഒരു സൈനീകമായ സാമ്രാജ്യമായി വിളങ്ങി. ഈ സാമ്രാജ്യത്തിന് സൈന്യത്തി ന്റെ രണ്ട് തരത്തിലുള്ള മൂല്യവിഭവങ്ങൾ ആവശ്യമായിരുന്നു. അവ സാമ്പത്തികം സൈനീക അംഗങ്ങൾ ആയ മനുഷ്യരുമാണ്. പിടിച്ചടക്കിയ പ്രദേശങ്ങളിൽ പ്രത്യേകിച്ച് തമിഴ്നാടിന്റെ ഭരണ നിർവ്വഹണത്തിന്റെ പു നഃക്രമീകരണങ്ങൾ മൂലം ഈ ആവശ്യങ്ങൾ നിറവേറ്റപ്പെട്ടു.

തമിഴ് നാട്ടിന്റെ പല കേന്ദ്രങ്ങളിൽ നായക് എന്ന് വിളിക്കപ്പെട്ട സൈനീക അധികാരികളെ നിയമിച്ചു. അവർ രാജാക്കൻമാരുടെ കൈവശത്തിൽ നിന്ന് നിലങ്ങളെ സഹായധന മായി സ്വീകരിച്ചു. ഇവരുടെ അടുത്ത ഘട്ടത്തിൽ പാളയക്കാർ ഉണ്ടായിരുന്നു. ഇവർ സൈന്യങ്ങൾക്ക് ആവശ്യമായ ഭടൻമാരെ നൽകിയിരുന്നു. പല കോട്ടകൾ നിർമ്മിച്ചു. ഇവ ബ്രാഹ്മണ സൈന്യാധിപന്റെ കീഴിലായിരുന്നു.

വിജയനഗര സാമ്രാജ്യത്തിന് വിശ്വാസമായി മൂന്ന് പ്രധാന നായക് സർക്കാർ ക്രി.പി. (പൊ.വ) 1500 നും ക്രി.പി (പൊ.വ) 1550 നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ മധുര, തഞ്ചാവൂർ,സെഞ്ചി എന്നിവയെ കേന്ദ്രമാക്കി രൂപം പ്രാപിച്ചു. വിജയ നഗര സാമ്രാജ്യത്തിലെ മന്ത്രി സഭയിൽ പാരമ്പര്യ ചടങ്ങുകൾക്ക് ഇവർ പങ്ക് വഹിച്ചിരുന്നു. 16 ാംനൂറ്റാണ്ടിൽ തമിഴ്നാട്ടിൽ ഇതൊരു പുതിയ രാഷ്ട്രീയത്തിന് വഴി തെളിയിച്ചു. ഈ മൂന്ന് നായക് രാജാക്കൻമാരും ചില നായക് സൈ ന്യാധിപൻമാരും ശക്തമായ മതസംബന്ധമായ ക്ഷേത്രങ്ങളുടെ അനു ഭാവികളായിരുന്നു. ഈ രാജാക്കൻമാരുടെ പിൻതുണ യോടെ മൂന്ന് തലസ്ഥാനങ്ങളും പ്രശസ്തമായ സാംസ്കാരിക കേന്ദ്രങ്ങളായി രൂപീകൃതമായി

നായക് രാജാക്കൻമാർ അഭിനയ കലയ്ക്കും സാഹിത്യത്തിനും പിൻതുണ നൽകി ശക്തിപ്പെടുത്തി. നിലങ്ങളിൽ നിന്നും ലഭിച്ച വരുമാനത്തെ ഈനായക് ഗവൺമെന്റ് നികുതി അല്ലാതെ കപ്പം എന്ന രീതിയിൽ സാമ്രാജ്യത്തിലേയ്ക്ക് അയച്ചു. ഇങ്ങനെ കേന്ദ്ര പ്രദേശങ്ങളിൽ പ്രത്യേകിച്ച് തമിഴ്നാടിന്റെ മൂലവിഭവങ്ങൾ സൈന്യ ങ്ങളുടെ ആവശ്യത്തിന് പ്രയോജനപ്പെടുത്തി. ഇങ്ങനെയുള്ള ഭരണരീതി ചോളൻമാരുടെ കാലത്ത് രൂപീകൃതമായ തദ്ദേശ ഭരണത്തെയും ക്ഷേത്രങ്ങളേയും ദേശത്തിലെ വിഭവങ്ങളെയും നിർവ്വഹിച്ചു പോന്ന തദ്ദേശീയ സ്ഥാപനങ്ങളെ നശിപ്പിച്ചു. തെലുങ്ക് നായകൻമാരെ പ്രവർത്തനമേഖലയിൽ ഉൾക്കൊള്ളിച്ചതിന്റെ ഫലമായി തെലുങ്ക് സംസാരിക്കുന്ന ജനങ്ങൾ ഉത്തര ഭാഗത്ത്



IX Std - History Malayalam Unit-7.indd 92 3/29/2023 3:57:15 PM

നിന്നും തമിഴ് നാട്ടിലേയ്ക്ക് കൂടിയേറി ഇവരിൽ സൈനികർ, കൃഷിക്കാർ, കരകൗശല വിദഗ്ദർ ബ്രാഹ്മണരും ഉണ്ടായിരുന്നു.

മുഗൾ സാമ്രാജ്യം ഉത്തരേന്ത്യൻ സമൂഹത്തെയും സാമ്പത്തികതയെയും മാറ്റി മറിച്ചു. അക്ബറുടെ ഭരണ കാലത്ത് മുഗളൻമാരുടെ ഭരണം എന്നകുടയുടെകീഴിൽ രജപുത്ര സാമ്രാജ്യത്തോട് യോജിച്ച് പ്രവർത്തിക്കുന്ന തത്വത്തെ പിൻപറ്റിയത് കാരണം അക്ബർ മുഗൾ സർക്കാരിനെ ശക്തിപ്പെടുത്തി. ഹിന്ദുക്കൾക്കെതിരായ പക്ഷപാത നടപടികളെ നീക്കം ചെയ്തു. മുഗൾ സാമ്രാജ്യം ലോകത്തിലെസമ്പൽസമൃദ്ധമായ അധികാരമുള്ള സാമ്രാജ്യമായി വിളങ്ങി. ഔറംഗസീബിന്റെ ഭരണസമയത്ത് അദ്ദേഹം പ്രാചീനഇസ്ലാമിക ഭരണ പരിഷ്കാരങ്ങളെ പിൻ തുടർന്നതിനാൽ രാജപുത്ര രാജാക്കൻമാരെയും ഹിന്ദുക്കളെയും ഒറ്റപ്പെടുത്തി മാത്രമല്ല ഈ സാമ്രാജ്യത്തിന്റെ വിസ്തൃതി അളവിൽ കവിഞ്ഞതിനാൽ ഭരണത്തെ നിയന്ത്രിക്കാൻ സാധിക്കാതെ വന്നു. ഇക്കാരണങ്ങളാൽ 18 ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സാമ്രാജ്യം അധഃപ്പതിക്കാൻ തുടങ്ങി.

യൂറോപ്യൻമാരുടെ ആഗമനത്തിന്റെ അവസാനത്തിൽ ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ കോളനി ആധിപത്യം രൂപീകൃതമായതോടെ അവസാനിച്ചു. യൂറോപ്യൻമാരുടെ ആഗമനത്തിന്റെ സ്വാധീനം ഇതിൽപ്രധാന പ്പെട്ടതായി ആകർഷിക്കപ്പെട്ടു. ഇന്ത്യയിൽ യൂറോപ്യൻ കച്ചവടകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിക്കാൻ തുടങ്ങിയതിനെ തുടർന്ന് ഇന്ത്യയിൽ ആഗമനം ചെയ്യുന്ന യൂറോപ്യൻമാരുടെ എണ്ണവും വർദ്ധിച്ചു.

ഇതേ സമയത്ത് യൂറോപ്യൻ കമ്പോളങ്ങളിൽ ഇന്ത്യൻ വസ്ത്രങ്ങൾക്ക് വൻതോതിൽ ആവശ്യം ഏർപ്പെട്ടു. ഈ മനോഭാവം ഇന്ത്യൻ വസ്ത്രങ്ങൾക്ക് മേലുള്ള മോഹം എന്ന് വിശ്വസിക്കപ്പെട്ടു. ഈ സാഹചര്യം ഇന്ത്യയിൽ ധാരാളം വസ്ത്ര ഉത്പാദനത്തിന് വഴി തെളിയിച്ചു. ഇതിനോട് യോജിച്ച് വാണിജ്യവിളവുകളായ പരുത്തി, അവുരി എന്നിവയുടെ ഉത്പാദനം വർദ്ധിച്ചു. ഇതിന്റെ ഫലമായി വാണിജ്യ പ്രവർത്തനങ്ങൾ വർദ്ധിച്ചു.

## 7.3 സമൂഹം

### 7.3(a) ജാതി

**ജാതി** എന്നത് ഇന്ത്യൻ സമൂഹത്തിൽ വളരെ പ്രത്യേകതയുള്ള ഘടകമാണ്. ആദ്യമായി ജാതി എന്ന വാക്കിനെ സംബന്ധിച്ച് രണ്ട് ഘടകങ്ങളെ നാം മനസ്സിലാക്കേണ്ടതാണ്. ഒന്നാമതായി മതഗ്രന്ഥങ്ങളിൽ കുറിച്ചിട്ടുള്ള നാല് മത വിഭാഗങ്ങളെ വർണ്ണം എന്ന് പറയുന്നു. നാല് വർണ്ണ വിഭാഗത്തിൽപ്പെട്ട ധാരാളം ജനങ്ങൾ ഉണ്ടായിരുന്നു.

തങ്ങളുടെ ജാതിയുടെ കഴിവിനെ പുരോഗമന പാതയിലേയ്ക്ക് നയിക്കുന്നത് ഈ ജാതി സംഘത്തിന്റെ പ്രധാനപ്പെട്ട പ്രവർത്തനമായിരുന്നു. നൂറ്റാണ്ടിന് ശേഷം ഇത് വളരെ വ്യക്തമാണ്. ഈ കാലഘട്ടത്തിൽ ദേശ വിഭവങ്ങളെയും സാമൂഹ്യബന്ധങ്ങളെയും നിയന്ത്രിച്ച് ദേശ സംഘടനകളുടെ ശക്തി ക്ഷയിച്ചു. വ്യത്യസ്തജാതിയിൽപ്പെട്ടവർക്കു സാമൂഹ്യാവകാശങ്ങളുംമറ്റു പല ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടു.ഓരോ ജാതി സംഘവും തങ്ങളുടെ ജാതിയുടെ ഉത്ഭവത്തെ സമർപ്പിക്കാൻ പുരാണ സഹായത്തോടെ പല ഭാവനകൾക്ക് രൂപം നൽകി സമൂഹത്തിൽ ഉന്നത സ്ഥാനം നയിക്കാൻ തങ്ങളുടെ ആവശ്യം അംഗീകരിക്കാൻ ന്യായീകരിക്കാൻ പ്രയോജനപ്പെടുത്തി. കാളിൻ മെങ്കൻസിയാർ ശേഖരിക്കപ്പെട്ട പതിപ്പുകളിൽ ഇത് വ്യക്തമാണ്.

### 7.3(b) മതം


റോബർട്ട് ടി നൊബിലി

മധ്യകാലത്തിൽ ഏർപ്പെട്ട ഭക്തി പ്രസ്ഥാനം കാരണമായി പല സിദ്ധാന്തങ്ങൾ രൂപീകൃതമായി വിദ്യാരണ്യർ പോലുള്ള ഗുരുക്കൻമാർ അല്ലെങ്കിൽ മത തലവൻമാരുടെ പേരിൽ **മഠങ്ങൾ** സ്ഥാപിക്കപ്പെട്ടു. തമിഴ്നാട്ടിൽ ശൈവ സിദ്ധാന്തം കർണ്ണാടകത്തിൽ വീര ശൈവം എന്നീ ശൈവ പ്രബന്ധങ്ങൾ രൂപം പ്രാപിച്ചു. മഹാരാഷ്ട്രയിൽ വിദോബയുടെ ഭക്തൻമാർ രൂപീകരിച്ച വർക്കരി സമ്പ്രദായ എന്ന പ്രസ്ഥാനം 14 ാം നൂറ്റാണ്ടിൽ വളർച്ച പ്രാപിച്ചു.

ഇന്ത്യയിൽ ബുദ്ധമതത്തിന്റെ പ്രശസ്തിയ്ക്ക് മങ്ങൽ ഏറ്റു. ശങ്കരൻ, രാമാനുജൻ എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ച ഭക്തി പ്രസ്ഥാനങ്ങൾക്ക് പുനർ ജീവൻ ലഭിച്ചതിന്റെ ഫലമായി ജൈനമതം ഇന്ത്യയുടെ പലപ്രദേശങ്ങളിലും ശക്തി ക്ഷയിച്ചു. എന്നിരുന്നാലും ഗുജറാത്ത്, മാർവാർ എന്നീ പ്രദേശങ്ങളിൽപ്രത്യേകിച്ച് വ്യാപാര സമൂഹക്കാർക്കിടയിൽ ജൈനമതം വളർച്ച പ്രാപിച്ചു. ക്രിസ്തു മതത്തെ അപേക്ഷിച്ച് അംഗസംഖ്യയിൽ കുറവായ ചില ക്രിസ്ത്യൻ സംഘങ്ങൾ യേശുവിന്റെ ശിഷ്യൻമാരിൽ ഒരാളായ വിശുദ്ധതോമസിനാൽ കേരളത്തിൽ ക്രിസ്തീയ മതത്തിലേയ്ക്ക് താങ്കൾ മാറിയതായ് അവകാശവാദം ഉന്നയിച്ചു. എന്നാൽ പോർച്ചുഗീസുകാർ കേരളത്തിൽ വന്ന് ഗോവയിൽ നില ഉറപ്പിച്ചതിന് ശേഷം ക്രിസ്തുമതം പ്രചരിപ്പിക്കുകയും ചെയ്തു. ഗോവയിലെ തദ്ദേശവാസികൾ ക്രിസ്തീയ മതത്തിലേയ്ക്ക് മാറുവാൻ ഇതൊരു കാരണമായി. കൂടാതെ മത കോടതിയുടെ നിർബന്ധങ്ങൾക്ക് ചില സമയം വഴങ്ങേണ്ടി വന്നു. മറ്റൊരു വശത്ത് യേശു സഭയിലുള്ള മതപ്രവാചകൻമാർമറ്റുപ്രദേശങ്ങളിൽ പ്രത്യേകിച്ച് പാണ്ഡ്യ രാജ്യത്തിന്റെ കടൽക്കര



IX Std - History Malayalam Unit-7.indd 93 3/29/2023 3:57:15 PM

പ്രദേശങ്ങളിൽ മുക്കുവ സമുദായക്കാർക്കിടയിൽ മതപ്രചരണത്തിൽ ഏർപ്പെട്ടു. അതിൽ പരിചിതൻ വിശുദ്ധ ഫ്രാൻസിസ് സേവിയറാണ്. ഇവർ തൂത്തുക്കുടിയിൽ ജീവിച്ചിരുന്ന മുക്കുവ സമുദായക്കാർ ക്രിസ്തു മതത്തിലേയ്ക്ക് മാറുന്നതിന് ഇദ്ദേഹം ഒരു ഹേതുവാണ്. മറ്റൊരാൾ മധുരയിൽ പ്രവർത്തിച്ച റോബർട്ട് ടി നൊബിലിയാണ്.

വടക്കേന്ത്യയിൽ ജീവിച്ചിരുന്ന ഗുരുനാനാക്ക് എന്ന ആൾ സിക്ക് മതത്തെ 15 ാം 16 ാം നൂറ്റാണ്ടുകളിൽ ആരംഭിച്ചു. ഔറംഗസീബ് സ്വീകരിച്ച അടിച്ചമർത്തൽ നയത്തെയും മറി കടന്ന് സിക്ക് മതം ശക്തമായി വളർച്ച പ്രാപിച്ചു. അതിനാൽ 18 ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യ മുഴുവനും പല തരം മതങ്ങളും ഒരേ സമയം കാണപ്പെട്ടു. ഇന്ത്യയിലേക്ക് യൂദൻമാരും സൊരാഷ്ട്രിയരും (പാർസികൾ) വന്നതോട് കൂടി പല അന്യ മതങ്ങളും കടന്നു വന്നു. ഗുജറാത്തിൽ പാർസികളും കേരളത്തിൽ യൂദൻമാരും കുടികയറി സൂറ്റ് തുറമുഖത്തിലും ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് ബോംബയിലും പാർസി വർഗ്ഗ വ്യാപാരികൾ ധനികരായ കച്ചവടക്കാരായിരുന്നു.

## 7.4 സംസ്ക്കാരം

### കല, സാഹിത്യം, കെട്ടിടകല

ചോളൻമാരുടെ കാലം സംസ്കാര നടപടികളുടെ ശതാബ്ദമാണ്. ഈ നൂറ്റാണ്ടിലാണ് പ്രധാനപ്പെട്ട സാഹിത്യങ്ങൾ രചിച്ചത്. ക്ലാസിക്കൽ പണ്ഡിതനായ കംബർ തമിഴിൽ രാമായണത്തെ എഴുതി ശ്രീരംഗം ക്ഷേത്രത്തിൽ കീഴ്വഴക്കം അനുസരിച്ച് അരങ്ങേറ്റം നടത്തി. ഇത് പോലെ ചേക്കിഴാരുടെ പെരിയപുരാണത്തെ ചിതംബരം ക്ഷേത്രത്തിൽ അരങ്ങേറ്റം ചെയ്തു. കലിംഗത്തു ഭരണിയും, മൂവരുലയും പ്രശസ്തമായ സൃഷ്ടികളാണ്.

ചോളൻമാരുടെ പ്രശസ്തമായ കെട്ടിടകലയെ തഞ്ചാവൂർ ക്ഷേത്രത്തിലും, ഗംഗയ്കൊണ്ട ചോളപുരത്തിലും, താരാസുരത്തിലും നമുക്ക് കാണാൻ സാധിക്കുന്നു. ഇവ ചില ഉദാഹരണങ്ങളാണ്. ക്ഷേത്രത്തിന്റെ ചുവരുകളിലും തൂണുകളിലും ശിലാ ശിൽപങ്ങൾ കൊത്തിവച്ചിട്ടുണ്ട്. ഭംഗിയും കലാനൈപുണ്യവുമുള്ള ചെമ്പ് ശിൽപങ്ങൾ മെഴുക് അച്ചിന്റെ രീതിയിൽ വാർത്തെടുത്തിട്ടുണ്ട് താണ്ഡവ നൃത്തം ചെയ്യുന്ന നടരാജന്റെ (ശിവൻ) ശില, ചോളൻമാരുടെ കാലത്ത് ചെമ്പ് ശിൽപങ്ങളിൽ ഏറ്റവും പ്രശസ്തമായതാണ്

ഇസ്ലാം ഭരണം ആരംഭിച്ചതിൽ നിന്നും ഒരു പ്രത്യേകതയുള്ള ഇസ്ലാം സംസ്കാര പാരമ്പര്യം ഇന്ത്യയിൽ വളർച്ച പ്രാപിച്ചു. മുസ്ലീം സുൽത്താൻമാർ ഡൽഹിയിലും തങ്ങളുടെ ഭരണ പ്രദേശത്തിൽ ഉൾപ്പെട്ട ദക്ഷിണേന്ത്യൻ പ്രദേശങ്ങളിലും പല കോട്ടകളും മസൂതികളും, കല്ലറകളും സ്മാരകങ്ങളും നിർമ്മിച്ചു. പ്രത്യേകിച്ച് മുഗളൻമാരുടെ കാലഘട്ടം ഇന്ത്യയുടെ സംസ്കാരിക ചരിത്രത്തിൽ സ്ഫുരിക്കുന്ന കാലമാണ് മുഗൾ രാജാക്കൻമാർ കലയുടെ വളർച്ചയ്ക്ക് വലിയ പിൻതുണ നൽകുന്ന രക്ഷാധികാരിയായി വിളങ്ങി. ഷാജഹാനാബാദ് (ഡൽഹി) ഫത്തേപൂർ സിക്രി എന്നീ നഗരങ്ങളേയും തോട്ടങ്ങളെയും മസൂതികളെയും കോട്ടകളെയും നിർമ്മിച്ച് മുഗളൻമാർ അവയോട് ചേർന്ന് ധാരാളം സ്മാരകങ്ങളെയും നിർമ്മിച്ചു. നഗര പ്രദേശങ്ങളിലുള്ള ധനികൻമാരും, രാജകുടുംബ അംഗങ്ങളുടെ പിൻതുണയോടെ അലങ്കാര കലകളായ പ്രത്യേകിച്ച് അമൂല്യമായ കല്ലുകൾ, നവ രത്നങ്ങൾ പതിച്ച സ്വർണ്ണാഭരണങ്ങൾ നിർ മ്മിക്കുന്ന കല പുഷ്ടി പ്രാപിച്ചു. കൂടാതെ ചിത്രകലയും ഇവരുടെ കാലത്ത് പ്രശസ്തമായി. ചെറു ചിത്രങ്ങൾ ഗ്രന്ഥങ്ങളിൽ ഇടം നേടുകയും പ്രത്യേക ചിത്രങ്ങൾ ആൽബങ്ങളിൽ ഇടം നേടുകയും ചെയ്തു. ധാരാളം സാഹിത്യങ്ങൾ ഈ കാലഘട്ടത്താണ് സൃഷ്ടിക്കപ്പെട്ടത്. പ്രത്യേകിച്ച് പേർഷ്യൻ ഭാഷയിൽ എഴുതപ്പെട്ടാലും ഉറുദ്, ഹിന്ദി, ചില പ്രാദേശിക ഭാഷകളിലും സാഹിത്യങ്ങൾ രചിക്കപ്പെട്ടു. പ്രത്യേകിച്ച് എടുത്ത് പറയേണ്ടത് ഓരോ രാജാക്കൻമാരെയും കുറിച്ചുള്ള എല്ലാ വിവരങ്ങളടങ്ങിയ ചരിത്ര രേഖകൾ പേർഷ്യൻ ഭാഷയിൽ രചിക്കപ്പെട്ടു. ആ സമയത്ത് ഹിന്ദുസ്ഥാനി സംഗീതത്തിൽ താൻസൻ ശ്രേഷ്ഠനായി വിളങ്ങി. ഇത് മൂലം ഈ കലയ്ക്ക് അക്ബർ നൽകിയ പിൻതുണ മനസ്സിലാക്കി.പ



**ഫത്തേപൂർസിക്രി കോട്ട**

തെക്കേന്ത്യയിൽ വിജയനഗര രാജാക്കൻമാരും അവരുടെ സൈന്യാധിപൻമാരും ക്ഷേത്ര നിർമ്മാണത്തിന് വലിയ പിൻതുണപ്രഖ്യാപിച്ചു. കൂടാതെ പുതിയ ക്ഷേത്രങ്ങളും നിർമ്മിച്ചു. മുൻകൂട്ടി പണികഴിപ്പിച്ച ക്ഷേത്രങ്ങളിൽ വിപുലമായി കലാ നൈപുണ്യത്തോടെ കൊത്തിയെടുത്ത പല തൂണുകളുള്ള വലിയ മണ്ഡപങ്ങളും വിശ്രമശാലകളും നിർമ്മിച്ചു. പല ചരിത്ര പണ്ഡിതൻമാർ വിജയനഗര കാലഘട്ടക്ഷേത്ര ശിൽപങ്ങൾ പ്രത്യേക രീതികളെ



IX Std - History Malayalam Unit-7.indd 94 3/29/2023 3:57:17 PM

ചൂണ്ടി കാണിക്കുന്നു. ക്ഷേത്ര കവാടങ്ങളിൽ ശിൽപങ്ങളാൽ പണി കഴിപ്പിച്ച ഗംഭീര ഗോപുരങ്ങൾ വിജയനഗര രാജാക്കൻമാരുടെ കാലഘട്ടത്തിൽ നിർമ്മിച്ചു. ക്ഷേത്രത്തിന്റെ ചുവരുകൾ വർണ്ണചിത്രങ്ങളാൽ അലങ്കരിക്കപ്പെട്ടു.



ഹംബി

വിജയ നഗര നായക്ക രാജാക്കൻമാ രുടെ പിൻതുണയോടെ ധാരാളം സാഹിത്യങ്ങൾ പ്രത്യേകിച്ച് സംസ്കൃത ഭാഷയിൽ എഴുതപ്പെട്ട സാഹിത്യങ്ങൾ രൂപം പ്രാപിച്ചു. രാജകുടുംബ അംഗങ്ങളുടെപിൻതുണയോടെ തെലുങ്ക് സാഹിത്യം പുഷ്ടി പ്രാപിച്ചു. മത തത്വങ്ങളെ ഉള്ളടക്കിയ പല പുസ്തകങ്ങളും ഇക്കാലത്ത് രചിക്കപ്പെട്ടു. പ്രബന്ധം എന്ന ഒരു പുതിയ വക തമിഴ് സാഹിത്യം ഇക്കാലത്ത് രൂപം പ്രാപിച്ചു. ഇതിഹാസ കാവ്യങ്ങളായ ചിലപ്പതികാരവും തിരുക്കുറളും ഇക്കാലഘട്ടത്തിലാണ് രചിച്ചത്. ഇക്കാലത്ത് ജീവിച്ചിരുന്ന ഗോവിന്ദദീഷ്ഷരിന്റെ മകനായ വെങ്കട് മഹി കർണാടക സംഗീതത്തിന് രാഗങ്ങളെ ക്രമപ്പെടുത്തി.

## 7.5 സാമ്പത്തികം

### 7.5 (a) കൃഷി




അടിസ്ഥാനപരമായി ഇന്ത്യ ഒരു കാർഷിക രാജ്യമാണ്. ഗ്രാമങ്ങളിലാണ് ജന സംഖ്യ കൂടുതലായി കാണപ്പെടുന്നത്. കൃഷിയാണ് ജനങ്ങളുടെ അടിസ്ഥാന തൊഴിൽ ഇന്ത്യയുടെ ഉത്തര, ദക്ഷിണ ഭാഗങ്ങളിലുള്ള ജലസേചന ത്തെ ആശ്രയിച്ചാണിരുന്നത്. മഴ, നദി, കന ാലുകൾ, കിണറുകൾ എന്നിവ ജലസേചന കേന്ദ്രങ്ങളായിരുന്നു. അധിക അളവിൽ ജലം ലഭിക്കുന്നതിന് വേണ്ടി ഗവൺമെന്റ് കനാലുകൾ നിർമ്മിച്ചിരുന്നു. പല കനാലുകളും 14 – ാം നൂറ്റാണ്ട ിൽ ഫിറോസ് തുക്ളക്കിനാൽ ഡെൽഹിയിൽ നിർമ്മിച്ച കനാലുകളായിരുന്നു. തടാകങ്ങൾ, കുളങ്ങൾ മുതലായ ജല സംഭരണികളിൽ നിന്ന് വെള്ളത്തെ പുറത്തേയ്ക്ക് കൊണ്ട് വരുവാൻ ഷട്ടറുകൾ നിർമ്മിച്ചതിനാൽ കൃഷി ചെയ്യാൻ ധാരാളം ജലം ലഭിച്ചു. കർഷകർ കിണറുകൾ വെട്ടാൻ പ്രോത്സാഹിപ്പിച്ചു. വടക്കേ ഇന്ത്യയിൽ കിണറുകളിൽ നിന്ന് വെള്ളം കോരുവാനായിട്ട് പേർഷ്യൻ ചക്രം പ്രയോജനപ്പെടുത്തി തമിഴ്നാ ട്ടിൽ ചോള രാജാക്കൻമാർ ജല സേചനത്തിന ായി കാവേരിയുടെ ഉപനദികളെ സംയോജിപ്പിച്ച വലപോലുള്ള കനാലുകളെ രൂപപ്പെടുത്തി. ജല സംഭരണം വർദ്ധിപ്പിക്കാൻ തടാകങ്ങളും കുളങ്ങളും നിർമ്മിച്ചു



പേർഷ്യൻചക്രം

ഇന്ത്യൻ കാർഷികതയിലെ പ്രധാന ഘടകം അധിക അളവിൽ പല തരം ധാന്യങ്ങൾ കൃഷി ചെയ്തതാണ്.ഇക്കാലഘട്ടത്തിൽ ലോക രാജ്യങ്ങളിലുള്ള കൃഷിക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യൻ കൃഷിക്കാർക്ക് പല തരത്തിലുള്ള കൃഷിയെക്കുറിച്ച് അറിവ് ഉണ്ടായിരുന്നു. എണ്ണ വിത്തുകൾ അമരച്ചെടികൾ, അരി, ഗോതമ്പ് തിന വർഗ്ഗങ്ങൾ എന്നിവ പോ ലുള്ള ധാന്യങ്ങൾ വിളയിച്ചിരുന്നു. കൂടാതെ വാണിജ്യവിളവുകളായ കരിമ്പ്, പരുത്തി, അമരി എന്നിവയും കൃഷി ചെയ്തു ഈ ധാന്യ വിളവുകൾ കൂടാതെ ദക്ഷിണേന്ത്യയിൽ കുരുമുളക്, ലവങ്കം, സുഗന്ധ ദ്രവ്യങ്ങൾ, തെങ്ങ് എന്നിവയും കൃഷി ചെയ്തു.

പൊതുവായി പല കാലവർഷങ്ങളിൽ ദ്വിതീയ വിളവെടുപ്പ് നടത്തി. ഇത് മണ്ണിന്റെ ഉത്പാദന ശക്തിയെ സംരക്ഷിച്ചു. യൂറോപ്യരുടെ ആഗമനത്തിന് ശേഷം ചോളവും പുകയിലയും പുതിയ വിളവുകളായി പരിചയപ്പെടുത്തി. പപ്പായ, കൈതച്ചക്ക, പേരയ്ക്ക, കശുവണ്ടി മുതലായ പഴ വർഗ്ഗങ്ങളെയും തോട്ട വിളവുകളെയും പരിചയപ്പെടുത്തി. പ്രത്യേകിച്ച് ഇവ അമേരിക്കയിൽ നിന്നും വന്നവയാണ്. ഉരുളക്കിഴങ്ങ് തക്കാളി മുതലായവ ഇന്ത്യൻ ഭക്ഷ്യ വസ്തുക്കളോട് ചേർന്നിട്ടുണ്ട്.

### 7.5 (b) കാർഷികേതര ഉല്പാദനം

ഇന്ത്യൻ സമ്പത്ത്വ്യവസ്ഥയിൽ കാർഷികത മുഖ്യ ഘടകമായിരുന്നാലും 17 ാം നൂറ്റാ ണ്ടിന്റെ അവസാനത്തിൽ ലോക അളവിൽ വളരെയധികം ഉത്പാദനം ചെയ്യപ്പെടുന്ന രാജ്യങ്ങളിൽ ഒന്നായി വിളങ്ങി കാർഷികതയെ ആശ്രയിക്കാത്ത വസ്തുക്കളുടെ ഉത്പാദനം എന്നത് അസംസ്കൃത വസ്തുക്കളുടെയും കരകൗശല വസ്തുക്കളുടെയും ഉത്പാദനത്തെ



IX Std - History Malayalam Unit-7.indd 95 3/29/2023 3:57:17 PM

കുറിച്ചാണ്. പഞ്ചസാര, എണ്ണ, വസ്ത്രങ്ങൾ മുതലായവ അസംസ്കൃത വസ്തുക്കളുടെ കീഴിൽ വരുന്നവയാണ്. ലോഹങ്ങൾ, നവ രത്നകല്ലുകൾ, സ്വർണ്ണങ്ങൾ, കപ്പൽ നിർമ്മാണം, അലങ്കാരത്തിനുപയോഗിക്കുന്ന മരം, തോൽ വസ്തുക്കൾ മുതലായവ കരകൗശല ഉത്പാദന വസ്തുക്കളുടെ പട്ടികയിൽ സ്ഥാനം പിടിക്കുന്നതാണ് ഇവയെ കൂടാതെ ധാരാളം ചെറു വസ്തുക്കളും ഉത്പാദിപ്പിച്ചു.

കംബോളത്തിന്റെ നിലവാരം അനുസരിച്ചാണ് ഉത്പാദനം ആസൂത്രണം ചെയ്യപ്പെട്ടത് ഉത്പാദനത്തിന്റെ ഭൂരിഭാഗവും ഗ്രാമ പ്രദേശങ്ങളിലെ ഉപയോഗിത്തിന് പ്രാധാന്യം നൽകിയിട്ടുള്ളതാണ്. ഈ വസ്തുക്കൾ അടിസ്ഥാന ഉപയോഗ വസ്തുക്കളായ മൺപാത്രങ്ങൾ, ലോഹ തകിടുകൾ കലപ്പ മുതലായ ഉപകരണങ്ങൾ മരസാധനങ്ങൾ വസ്ത്രങ്ങൾ മുതലായവയാണ്. ഉത്പാദകർ ഉത്പാദന വസ്തുക്കളെ കംബോളങ്ങളിൽ വിറ്റു. വസ്തുക്കളെ മാറ്റകച്ചവടത്തിലൂടെയാണ് കൈമാറ്റം ചെയ്യപ്പെടുന്നത്.

സാമ്പത്തികം എന്ന വാക്കിൽ ഏറ്റവും പ്രധാനപ്പെട്ടത് എന്തെന്നാൽ പ്രത്യേക കഴിവുകൾ ഉള്ള തൊഴിലാളികളെ കൊണ്ട് നഗര പ്രദേശങ്ങളിലെ സമ്പന്നർ, ഗ്രാമപ്രദേശങ്ങളിലെ സമ്പന്നർ മുതലായവർക്ക് കൂടുതൽ പ്രയോജനപ്പെടുന്ന വസ്തുക്കളെ ഉത്പാദനം ചെയ്യുക എന്നതാണ്. ഈ ഉല്പാദനം പുറത്തെ കമ്പോളങ്ങളെ കണ്ടു കൊണ്ട് ചെയ്യുന്നതാണ്. ഈ തരത്തിലുള്ള വസ്തുക്കളുടെ ഉല്പാദന കേന്ദ്രങ്ങൾ ഭൂരിഭാഗവും നഗരങ്ങളിൽ അല്ലെങ്കിൽ നഗരങ്ങൾക്കരികിലുള്ള ഗ്രാമങ്ങളിൽ രൂപപ്പെടുത്തിയിട്ടുണ്ട്. കരകൗശല വിദഗ്ദ്ധർ അല്ലെങ്കിൽ കുടുംബാംഗങ്ങളോട് ചേർന്ന്ചെയ്യുന്ന തൊഴിൽവീട്ടിൽ നിന്നും കൂടാതെ തൊഴിൽ കേന്ദ്രങ്ങൾ (കർഗാന) എന്ന പേരിലും കര കൗശല വിദഗ്ദരെ പ്രവർത്തന മേഖലയിൽ ഏർപ്പെടുത്തി.

## 7.5(c) വസ്ത്ര ഉത്പാദനം

ഉത്പാദനം ചെയ്യപ്പെട്ട എല്ലാ വസ്ത്രങ്ങളും പരുത്തി നൂലുകളാൽ ചെയ്യപ്പെട്ടതാണ് ബംഗാളിലും, ഗുജറാത്തിലും പട്ടുവസ്ത്രങ്ങൾ ഉത്പാദിപ്പിക്കപ്പെട്ടു. ഇന്ത്യയുടെ ഓരോ പ്രദേശങ്ങളിലും ഉപയോഗപ്രദമായ പരുത്തി വസ്ത്രങ്ങളും കട്ടിയുള്ള വസ്ത്രങ്ങൾ മുതൽ മൃദുവായ വസ്ത്രങ്ങൾ വരെ ഉത്പാദനം ചെയ്യപ്പെട്ടു. ഇവയെല്ലാം പുറത്തെ കംബോളങ്ങൾക്കായി ഉത്പാദനം ചെയ്യപ്പെട്ടതാണ്. ചായങ്ങൾ എല്ലാം സസ്യങ്ങളിൽ നിന്നും എടുത്ത് പ്രയോജനപ്പെടുത്തി. പരുത്തി നൂലുകൾ പ്രകൃതീയമായി ഉപയോഗങ്ങൾ ഉള്ളതാണ്. ഭൂരിഭാഗവും ഇന്ത്യയിൽ എല്ലാ പ്രദേശങ്ങളിലും പരുത്തി കൃഷി ചെയ്യുന്നതിനാൽ പ്രധാന മൂല വസ്തു വായപരുത്തി വളരെ വേഗം ലഭിച്ചു. രണ്ടാമതായി സസ്യങ്ങളുടെ ചായങ്ങളെ പ്രയോജനപ്പെടുത്തി പരുത്തി നൂലുകളുടെ പുറത്ത് നിരന്തരമായി വർണ്ണം പൂശുന്ന സാങ്കേതിക വിദ്യ ഇന്ത്യക്കാർക്ക് അറിയാമായിരുന്നു. വസ്ത്രങ്ങളെ പതപ്പെടുത്തിയില്ലായെങ്കിൽ ചായങ്ങൾ അവയുടെ പുറത്ത് ഒട്ടിപിടിക്കില്ല അതിനായി ആദ്യമായ് തുണികളുടെ പുറത്ത് രാസ വസ്തുക്കളെ പ്രയോജനപ്പെടുത്തി വർണ്ണം പൂശുന്ന വിദ്യ ഇന്ത്യക്കാർക്ക് അറിയാമായിരുന്നു. ഈ രീതി മറ്റുള്ള ലോക രാഷ്ട്രങ്ങൾക്ക് അപരിചിതമായി അമരിച്ചെടി, ഇന്ത്യയിൽ വിളയിക്കപ്പെട്ട പ്രധാനപ്പെട്ട വിളയാണ് ഇത് കൂടാതെ മറ്റ് ചായ വിളകളും ചായം നിർമ്മിക്കുന്നതിന് ആവശ്യമായ മരങ്ങളും അരക്ക് പോലുള്ള റെസിനുകളും ഇറക്കുമതി ചെയ്യപ്പെട്ടു. ഇത് കൂടാതെ പൂക്കൾ, പഴങ്ങൾ, മഞ്ഞൾ മുതലായ വസ്തുക്കളെ പല അനുപാതത്തിൽ സംയോജിപ്പിച്ച് വർണ്ണങ്ങൾ തയ്യാറാക്കി.



**തുണി ഉത്പാദനം**

## 7.5(d) വാണിജ്യം

ഏറ്റവും വലിയ ഉത്പാദന മേഖല എന്നത് സ്വന്തം ആവശ്യങ്ങൾക്ക് മാത്രമല്ലാതെ മാറ്റക്കച്ചവടത്തിനായി വസ്തുക്കളെ ഉത്പാദനം ചെയ്തതാണ്. അതിനാൽ വസ്തുക്കളെ കംബാളവത്കരിക്കാൻ ഇന്ത്യയ്ക്ക് വിപുലമായ കംബോളം ഉണ്ടായിരുന്നു. വസ്തുക്കളുടെ ഉത്പാദനത്തിൽ അടിസ്ഥാന ഭൂമി ശാസ്ത്ര യൂണിറ്റായി ഗ്രാമങ്ങൾ വിളങ്ങി. വസ്തുക്കൾ കൈമാറ്റ കച്ചവടം ചെയ്യപ്പെട്ടു.

കടകളോടും ബസാറുകളോടും നഗരങ്ങൾ എപ്പോഴും വാണിജ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചു. ഈ നഗരങ്ങൾ രാജ്യത്തിന്റെ മറ്റ് പ്രദേശങ്ങളോട് പല റോഡുകളാൽ ബന്ധിച്ചിരുന്നതിനാൽ അവ പ്രാദേശികങ്ങൾക്കിടയിൽ നടന്ന വാണിജ്യത്തിന്റെ മദ്ധ്യസ്ഥ കേന്ദ്രങ്ങളായി പ്രവർത്തിച്ചു. റോഡ് ഗതാഗതം വാണിജ്യത്തിന് പ്രയോജനപ്പെടുത്തി



IX Std - History Malayalam Unit-7.indd 96 3/29/2023 3:57:17 PM

രാജ്യത്തിന്റെ കിഴക്കൻ പടിഞ്ഞാറൻ കടൽ തീരത്തിലെ വാണിജ്യത്തിലേയ്ക്ക് ചെറിയ കപ്പലുകളെയും ബോട്ടുകളെയും പ്രയോജന പ്പെടുത്തി ഒരു പ്രദേശത്ത് നിന്നും മറ്റൊരു പ്രദേശത്തേയ്ക്ക് വാണിജ്യം ചെയ്യുന്ന ബഞ്ചാര എന്ന് വിളിക്കപ്പെടുന്ന നാടോടി സമൂഹം ഒന്നുചേർന്ന് യുദ്ധം ചെയ്യുന്ന സൈന്യ ങ്ങൾക്കാവശ്യമായ വസ്തുക്കളെ കൊണ്ട് ചെന്ന് വിറ്റു. രാജ്യത്തിന്റെ പ്രധാനപ്പെട്ട തുറമുഖങ്ങൾ ((സൂറത്ത്, മസൂലിപട്ടണം,കോഴിക്കോട്) സമുദ്രസംബന്ധമായ വാണിജ്യ കേന്ദ്രങ്ങളായും പ്രവർത്തിച്ചു.

ഇന്ത്യൻ മഹാ സമുദ്രത്തിന്റെ കുറുകെ കിഴക്ക് ചൈന മുതൽ പടിഞ്ഞാറ് ആഫ്രിക്ക വരെ വ്യാപിച്ചിരുന്ന കടൽ വാണിജ്യം നൂറ്റാ ണ്ടുകൾ പുഷ്ടി പ്രാപിച്ചിരുന്നു. അതുപോലെ പടിഞ്ഞാറിൽ നിന്നും കപ്പലുകൾ മലാക്കയെ കടന്ന് (മലേഷ്യയിൽ നിന്ന്) കിഴക്ക് വരില്ല. അതുകൊണ്ട് മലാക്ക, കോഴിക്കോട് മുതലായ തുറമുഖങ്ങളിൽ പ്രാദേശിക വാണിജ്യത്തിൽ മദ്ധ്യസ്ഥ കേന്ദ്രങ്ങളായി അല്ലെങ്കിൽ വസ്തുക്കളെ സംരക്ഷിക്കുന്ന കേന്ദ്രങ്ങളായി പ്രവർത്തിച്ചു. 17 ാം നൂറ്റാണ്ടിൽ ഗുജറാത്തിൽ സൂറത്ത്, ഗോൽകൊണ്ട, ആന്ധ്രയിലെ മസൂലി പട്ടണം, ബംഗാളിലെ സിറ്റഗോംഗ്, ചോളമണ്ഡല സമുദ്ര തീരത്തിൽ പുലിക്കാട്ട് (പഴവേർക്കാട്) നാഗപട്ടണം, കേരള സമുദ്രതീരത്തിലെ കോഴിക്കോട് മുതലായവ ഏഷ്യൻ വാണിജ്യത്തിലെ പ്രധാന തുറമുഖങ്ങളാണ്.

തുണി, കുരുമുളക്, അമൂല്യമായ നവ രത്നക്കല്ലുകൾമൂല്യം കുറഞ്ഞ നവരത്ന കല്ലുകൾ പ്രധാനമായി വജ്രം അതും ഇന്ത്യയിൽ മാത്രം ലഭിക്കുന്ന വജ്രം എന്നിവയെ കയറ്റുമതി ചെയ്യുന്നതിൽ ഇന്ത്യ പ്രധാന രാജ്യമായിരുന്നു. കൂടാതെ ഏഷ്യൻ രാജ്യങ്ങൾക്കാവശ്യമായ ഇരുമ്പ്, ഉരുക്ക് കയറ്റുമതി ചെയ്യുന്നതിൽ ഇന്ത്യ പ്രധാന പങ്ക് വഹിച്ചു. പല കയറ്റുമതികളെ നാ.ം മൂല്യ നിർണ്ണയം ചെയ്യുവാൻ ഡച്ച് ഈസ്റ്റിന്ത്യാ കമ്പന ിയുടെ സാധനങ്ങളുടെ പട്ടികയിൽ നാമൊരു രേഖയായി കണക്കാക്കുകയാണെങ്കിൽ ഇന്ത്യയുടെ കയറ്റുമതിയിൽ 90% വും വസ്ത്രങ്ങളാണ് ചൈന യിൽ നിന്നും ചില കിഴക്കൻ രാജ്യങ്ങളിൽ നിന്നും പട്ട്, ചൈനീസ്, സെറാമിക് പാത്രങ്ങൾ, സ്വർണ്ണം, സുഗന്ധദ്രവ്യങ്ങൾ, സുഗന്ധവൃക്ഷങ്ങൾ, കർപ്പൂരം എന്നിവയെ ഇറക്കുമതി ചെയ്തിരുന്നു. പട്ട് ഔഷധങ്ങൾ ചായ,വൃക്ഷങ്ങൾ, പഞ്ചസാര, എന്നിവ പേർഷ്യയിൽ നിന്നും ഇറക്കുമതി ചെയ്യപ്പെട്ട പ്രധാന വസ്തുക്കളാണ്. സ്വർണ്ണം ദന്തം എന്നിവയെ ആഫ്രിക്കയിൽ നിന്നും ഇറക്കുമതി ചെയ്തു. കൂടാതെ അടിമകളെയും ആഫ്രിക്കയിൽ നിന്നും ഇറക്കുമതി ചെയ്തു

## 7.6 നഗരവത്ക്കരണം

മദ്ധ്യകാലഘട്ടത്തിൽ ഇന്ത്യയിലേക്ക് വന്ന അയൽ രാജ്യ യാത്രക്കാർ പല രീതീകളിൽ ഉള്ള നഗരങ്ങളും, ചെറിയ നഗരങ്ങളും, കമ്പോള നഗരങ്ങളും ഇന്ത്യയുടെ മുഴുവൻ ഉണ്ടായിരുന്നതായി കണക്കാക്ക പ്പെട്ടിരുന്നു.എന്നാൽ ഇന്ത്യയിലെ മുഴുവൻ ജനങ്ങളും അടിസ്ഥാനപരമായി ഗ്രാമീണ മനോഭാവമുള്ളവരായിരുന്നു. മൊത്ത ജന സംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ നഗരങ്ങളിൽ ജീവിച്ചിരുന്ന ജനസംഖ്യ കുറവായിരുന്നു. എന്നാലും ഇതിന്റെ സാമ്പത്തിക സംസ്കാരിക മുഖ്യത്വം അതിന്റെ രൂപത്തെക്കാളും ശ്രേഷ്ഠമായിരുന്നു.

നഗരമവത്ക്കരണത്തെ സഹായിച്ച ഘടകങ്ങൾ ഏവ? വൻ നഗരങ്ങളും ചെറിയ നഗരങ്ങളും തങ്ങളുടെ സാമ്പത്തിക പങ്കിനെ പ്രത്യേകിച്ച് പൂർത്തീകരിച്ചു. വൻനഗരങ്ങൾ വസ്തു ഉത്പാദനം, കമ്പോളം, ധനകാര്യം ബാങ്ക്, സേവനങ്ങൾ മുതലായവയുടെ കേന്ദ്രങ്ങളായി വിളങ്ങി അവ വിപുലമായ രീതിയിൽ വലപോലെ നിർമ്മിച്ചിരുന്ന റോഡ് ഗതാഗതം രൂപപ്പെട്ടിരുന്നു ഈ റോഡുകൾ നഗരങ്ങളെ രാജ്യത്തിന്റെ മറ്റ് പ്രദേശങ്ങളോട് യോജിപ്പിച്ചിരുന്നു.

ദക്ഷിണേന്ത്യയിൽ പ്രത്യേകിച്ച് തമിഴ്ന ാട്ടിൽ നഗരമയമാക്കാനും ക്ഷേത്രങ്ങളും യോജിച്ച് പ്രവർത്തിച്ചു. ക്ഷേത്രങ്ങൾ വലിയ സാമ്പത്തിക കേന്ദ്രങ്ങളായി പല വിധത്തിൽ പ്പെട്ട വസ്തുക്കളും സേവനങ്ങളും ഈ പ്രവർത്തനത്തിന് ആവശ്യമായി വന്നു. തങ്ങളുടെ മതസംബന്ധമായ സേവന പ്രവർത്തനങ്ങളും മഠം പള്ളി, ക്ഷേത്ര സംബ ന്ധമായ പ്രവർത്തനങ്ങൾക്ക് ധാരാളം ജനങ്ങളെ ജോലിക്ക് നിയോഗിച്ചു കേത്രങ്ങളിൽ ആരാധന യ്ക്കായി വരുന്ന ഭക്തർക്ക് പല സേവനങ്ങൾ ആവശ്യമായി വന്നതിനാൽ ക്ഷേത്ര നഗരങ്ങൾ കമ്പോളകേന്ദ്രങ്ങളായിമാറി.

### ഉപസംഹാരം

ഇന്ത്യൻ ചരിത്രത്തിൽ എഴുനൂറിൽ കൂടുതൽ വർഷങ്ങളെ ഉൾക്കൊള്ളുന്ന മധ്യകാലം രാഷ്ട്രീയത്തിൽ ധാരാളം മാറ്റങ്ങളെ കൊണ്ട് വന്ന കാലഘട്ടമായിരുന്നു. ഈ മാറ്റങ്ങൾ രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ മാറ്റത്തെ ഏർപ്പെടുത്തി.



IX Std - History Malayalam Unit-7.indd 97 3/29/2023 3:57:17 PM

# ഇതേ കാലഘട്ടത്തിൽ യൂറോപ്പ്...

### വിശുദ്ധ റോമാ സാമ്രാജ്യവും ചക്രവർത്തി ചാർലെമെഗ്നെ


ചാർലേ മെഗ്നനെയും പോപ്പ്അഡ്രിയാൻ I

യൂറോപ്പിൽ ക്രിസ്തുവിന് പിൻപ് 9 ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വിശുദ്ധ റോമൻ സാമ്രാജ്യം ഉത്ഭവിച്ചു. ക്രിസ്തുവിന് പിൻപ് പൊതുവർഷം 476 ാം വർഷത്തിന് ശേഷം പുരാതന റോമൻ സാമ്രാജ്യം ആധുനിക റോമൻ സാമ്രാജ്യത്തോട് ഒരു ബന്ധവും ഇല്ലാത്തതിനാൽ അത് അവസാനിച്ചു. പുതിയതായി ഉത്ഭവിച്ച റോമൻ സാമ്രാജ്യം ക്രിസ്തീയതയ്ക്ക് മുഖ്യത്വം നലകിയതിനാൽ വിശുദ്ധ എന്ന നാമധേയം ലഭിച്ചു. ഈ ചക്രവർത്തി പോപ്പിനെ പോലെ ഭൂമിയിൽ ജീവിക്കുന്ന ദൈവത്തിന്റെ പ്രതിനിധിയായി കരുതപ്പെട്ടു. ഇദ്ധേഹം രാഷ്ട്രീയ കാര്യങ്ങളിലും മതസംബന്ധമായ ചുമതലകളിലും ഏർപെടുന്നതിനും പരിതികൾ നിശ്ചയിച്ചിരുന്നു. ഇദ്ധേഹത്തെ ഉന്നതനായി കരുതപ്പെട്ടാലും പോപ്പിന്റെ അടുത്തസ്ഥാനമാണ് ഉായിരുന്നത് ഫ്രാങ്ക് രാജ്യത്തിന്റെ ചാർലേ മെഗ്നെത്തെ രാജാവ് എന്ന രാജാവ് വിശുദ്ധ റോമൻ ചക്രവർത്തിയെന്ന ബഹുമതി ലഭിച്ച (ക്രിസ്തുവിന് പിൻമ്പ് പൊ.വ 800) ആദ്യത്തെ ചക്രവർത്തിയാണ്. ഈ ചക്രവർത്തി ചാർലേ മെഗ്നനെയും പല്ലവ രാജാവ് നന്ദിധർമ്മൻ പ്രതികാര രാജാവ് നാഗഫട്ടൻ ഒന്നാമനും സമകാലീനരാണ്.

### ജോൺ രാജാവും ഇന്ത്യയുടെ മഹാശാസനവും


ജോൺ രാജാവ്ഒപ്പിടുന്ന മഹാശാസനം

ക്രി.പിൻമ്പ് (പൊ.വ) 1515 ൽ ഇംഗ്ലിലുള്ള പ്രഭുക്കൾ ജോൺ രാമനെ ചാർട്ടിർ ഓഫ് ലിബർട്ടിയിൽ ഒപ്പിടാൻ നിർബന്ധിച്ചു. ഇംഗ്ലിലെ പ്രഭുക്കൾ ജനങ്ങളുടെ ചില സ്വാതന്ത്ര്യങ്ങളെ ബഹുമാനിക്കണമെന്ന ആശയത്തെ ഈ അവകാശ പത്രം സ്ഥിതീകരിച്ചു. വിശുദ്ധ റോമൻ സാമ്രാജ്യത്തിൽ ഏർപ്പെട്ട ഭരണാധികാരികളുടെ ആധിപത്യ സിദ്ധാന്തത്തെ ഇംഗ്ല് സ്വീകരിച്ചില്ല. ഇംഗ്ല് രാജാവ് ജോണും, ഇൽട്ടുമിഷും സമകാലീനരാണ്. അതു കൊ ആരംഭ കാലഘട്ടത്തിൽ രാജാവിന്റെ അധികാരം പരിശോധിക്കപ്പെട്ടതായി മനസ്സിലാക്കുന്നു.

**ചുരുക്കം**

- ഡൽഹിയിൽ മുസ്ലീം സർക്കാർ സ്ഥാപിച്ചതിൽ നിന്ന് ഉണ്ടായ പ്രധാനപ്പെട്ട രാഷ്ട്രീയ മാറ്റങ്ങളെ വിവരിച്ചിട്ടുണ്ട്.
- സാഹസീകരായ ചോളൻമാരുടെ കാലഘട്ടവും ദക്ഷിണത്തിൽ വിജയ നഗര സാമ്രാജ്യത്തിന്റെ പ്രാധാന്യവും വിശകലനം ചെയ്യപ്പെട്ടു.
- ഡൽഹി സുൽത്താനിയ മുഗളൻമാരുടെ സാമ്പത്തിക സാമൂഹ്യ നിലകളെ ചൂണ്ടികാണിക്കപ്പെട്ടു.
- തൊഴിലിനെ ആശ്രയിച്ച് ജാതികൾ വലതു കൈ, ഇടതു കൈ സംഘടനകൾ മുതലായവ വിശദീകരിച്ചിട്ടുണ്ട്.
- കല, സാഹിത്യം, സംഗീതം മുതലായ മേഖലകളിൽ ഏർപ്പെട്ട പുരോഗതിയെകുറിച്ചു വിവരിച്ചിരിക്കുന്നു.
- കാർഷിക, വാണിജ്യം, നഗരമയമാക്കൽ മുതലായവയെ കുറിച്ച് ഗവേഷണംനടത്തി.



IX Std - History Malayalam Unit-7.indd 98 3/29/2023 3:57:18 PM

## അഭ്യാസം

### I. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക

**1.** വിപുലീകൃതമായ അലാവദ്ദീൻഖിൽജിയുടെ രാജ്യത്തെ ശക്തിയാർജിച്ച സ്ഥലം

(a) ദൗലദാബാദ് (b) ഡൽഹി

(c) മഥുര (d) ബിടാർ

**2.** ഡക്കാൺ സുൽത്താന്മാർ പിടിച്ചടക്കി.

(a) അലാവുദീൻഖിൽജി (b) അലാവുദീൻ ബാമിൻഷാ

(c) ഔറംഗസീബ് (d) മാലിക് കഫൂർ

**3.** _____ സാമ്രാജ്യം സ്ഥാപിക്കപ്പെട്ടപ്പോൾ തെക്കേ ഇന്ത്യയുടെ നിർവാഹ സ്ഥാപന ഘടനയെ മാറ്റി.

(a) ബാമിനി (b) വിജയ നഗരം

(c) മുഗൾ (d) നായക്

**4.** കൃഷ്ണ ദേവരായർ എന്നറിയപ്പെട്ടത് _____.

(a) ബാബർ (b) ഹുമയൂൺ

(c) അക്ബർ (d) ഷെർ

### II. പൂരിപ്പിക്കുക

**1.** ഇന്ത്യയുടെ പടിഞ്ഞാറൻ കടൽ കരയിൽ വന്ന യൂറോപ്യൻ_____

**2.** ക്രിസ്തുവിന് മുമ്പ് (പെ.വ) 1565 ൽ ഡക്കാൺ സുൽത്താന്റെ സംയോജന സൈന്യം വിജയന ഗരത്തെ _____ യുദ്ധത്തിൽ തോൽപിച്ചു.

**3.** വിജയ നഗരം ഒരു_____ഭരണമായി രൂപീകൃതമായി.

**4.** നഗരവത്ക്കരണത്തിന്റെ രീതി _____ കാലഘട്ടത്തിൽ വർദ്ധിച്ചു.

**5.** _____ കാലം തമിഴ്നാട് ചരിത്രത്തിൽ പ്രകാശം പൂർണ്ണമായ കാലഘട്ടമാണ്.

### III. ഉചിതമായ ഉത്തരം തിരഞ്ഞെടുത്തെഴുതുക

**1.** i) വിജയ നഗരസാമ്രാജ്യം സ്ഥാപിക്കപ്പെട്ടത് ദക്ഷണേന്ത്യൻ ചരിത്രത്തിൽ പ്രധാനപ്പെട്ട ഒരു സംഭവമാണ്.

ii) സാലുവ രാജവംശം അധികകാലം ഭരണം നടത്തി.

iii) വിജയനഗര രാജാക്കൻമാർ ബാമിനി സുൽത്താൻമാരോട് നല്ല ബന്ധം പുലർത്തിയിരുന്നു.

iv) രജപുത്ര സാമ്രാജ്യം പേർഷ്യയിൽ നിന്നും അറേബ്യയയിൽ നിന്നും കുടിയേറ്റം ചെയ്തവരെ ആകർഷിച്ചു.

**2.** i) സെഞ്ചിയിൽ നായക്ക സാമ്രാജ്യം രൂപീകൃതമായി.

ii) തെലുങ്ക് നായകരെ പ്രവർത്തന മേഖലയിൽ കൊ≠ വന്നതിന്റെ ഫലമായി തെലുങ്ക് സംസാരിക്കുന്ന ജനങ്ങൾ മധുരയിൽ നിന്ന് കുടിയേറി.

iii) ജഹാംഗീറിന്റെ കാലഘട്ടത്തിൽ നിന്നും മുഗൾ സാമ്രാജ്യത്തിന്റെ അധഃപതനം ആരംഭിച്ചു.

iv) യൂറോപ്യൻമാർ അടിമകളെ അന്വേഷിച്ച് ഇന്ത്യയിലേക്ക് എത്തി.

**3.** i) പുരാണങ്ങളിൽ ഉള്ള ഭാവനവംശക്കാർ മെക്കൻസി ശേഖരിച്ച് രേഖപ്പെടുത്തി.

ii) അമരി എന്നത് ഇന്ത്യയുടെ പ്രധാനപ്പെട്ട പാനീയ വിളയാണ്.

iii) മുഹമ്മദ് ഗവാൻ അലാവുദീൻ ഖീൽജിയുടെ മന്ത്രിയാണ്..

iv) പോർച്ചുഗീസുകാർ തങ്ങളുടെ ആദ്യ കോട്ടയെ ഗോവയിൽ നിർമ്മിച്ചു.

**4.** പ്രസ്താവന (A) പൂർവ്വ ചൈന മുതൽ പശ്ചിമ ആഫ്രിക്കവരെ ഉണ്ടായിരുന്ന കടൽ വാണിജ്യത്തിന്റെ സംയോജന കേന്ദ്രമായി ഇന്ത്യ വിളങ്ങി.

കാരണം (R) ഇന്ത്യയുടെ ഭൂമിശാസ്ത്രഘടന ഇന്ത്യൻ മഹാസമുദ്രത്തിന്റെ കേന്ദ്രത്ത് സ്ഥിതി ചെയ്യുന്നു. ആശയത്തെ വിശദീകരിക്കുന്നു

i) പ്രസ്താവന ശരി;

ii) പ്രസ്താവന തെറ്റ്; കാരണം ശരി

iii) പ്രസ്താവനയും കാരണവും തെറ്റ്

iv) പ്രസ്താവന ശരി കാരണം ആശയത്തെ വിശദീകരിക്കുന്നില്ല.

**5.** i) സൗന്ദര്യവും കാലനൈപുണ്യമുള്ള സ്വർണ്ണ ശിൽപങ്ങളെ ചോളൻമാർ രൂപപ്പെടുത്തി.

ii) ചോളൻമാരുടെ കെട്ടിട കലയ്ക്ക് ഏറ്റവും നല്ല ഉദാഹരണം ശിവന്റെ അവതാരമായ നടരാജന്റെ താണ്ഡവമാണ്.

a) (i)ശരി (ii) തെറ്റ് b) (i) ഇവ രണ്ടും ശരി

c) ഇവ രണ്ടും തെറ്റ് d) (i) തെറ്റ്, (ii)ശരി



IX Std - History Malayalam Unit-7.indd 99 3/29/2023 3:57:18 PM

## IV. യോജിപ്പിക്കുക

1. പോർച്ചുഗീസുകാർ – ബംഗാൾ
2. ടാൻസൻ – കോട്ട
3. പട്ടുനൂൽപുഴു വളർത്തൽ – അക്ബറിന്റെ സദസ്സ്
4. അംഗോർവാട്ട് – ഗോവ
5. ജില്ല – കംബോഡിയ

## V. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ചുരുക്കി ഉത്തരമെഴുതുക

1. മാലിക് കഫൂറിന്റെ സൈനീക ആക്രമണത്തെകുറിച്ച് എഴുതുക.
2. വിജയനഗര സാമ്രാജ്യത്തെ രൂപീകരിച്ചതാരാണ്?ഈ സാമ്രാജ്യത്തെ ഭരിച്ച വംശക്കാരുടെ പേരുകളെ വിവരിക്കുക?
3. പരുത്തി നെയ്ത്തിൽ ഇന്ത്യക്കാർക്ക് ഉണ്ടായിരുന്ന അനുകൂല സാഹചര്യത്തിൽ രണ്ടെണ്ണത്തെ വിവരിക്കുക?
4. നഗരവല്ക്കരണത്തിന്റെ സഹായിച്ച ഘടകങ്ങൾ ഏവ?
5. പട്ടുനൂൽ പുഴു വളർത്തൽ എന്നാലെന്ത്?

## VI. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക

1. യൂറോപ്യൻ ആഗമനം

   (i) ഇന്ത്യയിൽ ഉണ്ടായിരുന്ന സുഗന്ധ ദ്രവ്യങ്ങളുടെ വാണിജ്യത്തെ നിയന്ത്രിച്ചത് ആര്?

   (ii) എല്ലാ പ്രദേശങ്ങളിലുമുള്ള കടൽ വാണിജ്യത്തെ നിയന്ത്രിക്കാൻ കഴിഞ്ഞത് എങ്ങനെ.

   (iii) ഇന്ത്യയിൽ യൂറോപ്യൻമാരുടെ വാണിജ്യ നടപടികൾ എങ്ങനെ ഏർപ്പെട്ടു?

   (iv) ഇന്ത്യയിൽ ഡച്ചുകാർ ബ്രിട്ടീഷുകാർ, ഫ്രഞ്ചുകാർ ഡേനിയൻമാർ മുതലായവരുടെ സ്ഥലങ്ങൾ ഏവ?.

## VII. വിശദമായ ഉത്തരമെഴുതുക

1. ക്രിസ്തുവിന് പിൻപ് (പൊ.വ) 1526 മുതൽ 1707 വരെയുള്ള രാഷ്ട്രീയ മാറ്റങ്ങളെ കുറിച്ച് വിവരിക്കുക?.
2. മദ്ധ്യകാല ഇന്ത്യയിൽ ഏർപ്പെട്ട വാണിജ്യ വളർച്ചയെ കുറിച്ച് വിവരിക്കുക?.
3. തമിഴ്നാടിന്റെ ചരിത്രത്തിൽ ചോളൻമാരുടെ കാലം ഒരു ഉന്നതമായ കാലഘട്ടമാണ് വിവരിക്കുക?.

## വിനോദത്തിലൂടെ ചരിത്ര പഠനം

### പ്രവർത്തനങ്ങൾ

തന്നിട്ടുള്ള ഇന്ത്യൻ ഭൂപടത്തിൽ മദ്ധ്യകാല ഇന്ത്യയുടെ പ്രധാനപ്പെട്ട സ്ഥലങ്ങളെ രേഖപ്പെടുത്തുക.

ചോളൻമാരുടെ കാലഘട്ടത്തിലെ പ്രധാനപ്പെട്ട കെട്ടിടങ്ങളെകുറിച്ചുള്ള ചിത്രങ്ങളെ ശേഖരിക്കുക.

### പ്രായോഗികാഭ്യാസം

കംബോഡിയയിലുള്ള അംഗോർ വാട്ട് ക്ഷേത്രത്തിന്റെ ചിത്രങ്ങളെ ശേഖരിക്കുക.

നഗരമയമാക്കലിന്റെ നേട്ടങ്ങളെയും കോട്ടങ്ങളെയും കുറിച്ച് ക്ലാസ്സിൽ വിവാദിക്കുക ഇതേ കാലഘട്ടം യൂറോപ്പിൽ

## വിശദമായ വായനയ്ക്ക്


1. **K.A. Nilakanta Sastri,** *A History of South India*, **1966.**
2. **Appadorai,** *Economic Conditions in Southern India 1000–1500.* **2 vols., 1990.**
3. **Tapan Raychaudhuri and Irfan Habib (ed.).** *The Cambridge Economic History of India*, **vol.1, 1984.**
4. **Kanakalatha Mukund,** *The Trading World of the Tamil Merchant,* **1999.**
5. **Burton Stein,** *A History of India*, **2012.**
6. *കെ.ഏ. നീലകണ്ഠ സാസ്തിരി – തെന്നിന്ത്യ വരലാറു (വരലാറ്റുക്കു മുറ്പട്ട കാലം മുതൽ വിജയനകര പേരരസിൻ വീഴ്ച്ചി വരെ) ത.പാ.മ.ക.പ. കഴകം, ചെന്നൈ–6 (ആവണപ്പതിപ്പു – ആകസ്ട് 2017).*
7. *ടാക്ടർ അ. കിരുഷ്ണസാമി – വിജയനകര പേരരസിൻ വരലാറു, ത.പാ.മ.ക.പ. കഴകം, ചെന്നൈ–6 (ആവണപ്പതിപ്പു – ആകസ്ട് 2017).*
8. *കെ.കെ. പിള്ളൈ – ചോഴർ വരലാറു, ത.പാ.മ.ക.പ. കഴകം, ചെന്നൈ–6 (ആവണപ്പതിപ്പു – ആകസ്ട് 2017).*
9. *S.M. എട്വർട്സ്, H.L.O. കാരെട് – ഇന്ത്യാവിൽ മുകലായരിൻ ആട്ചി–1, ത.പാ.മ.ക.പ. കഴകം, ചെന്നൈ–6 (ആവണപ്പതിപ്പു – ആകസ്ട് 2017).*




IX Std - History Malayalam Unit-7.indd 100 3/29/2023 3:57:18 PM

യൂണിറ്റ്

8

# നവീന യുഗത്തിന്റെ ആരംഭം



## പഠനലക്ഷ്യങ്ങൾ

താഴെ കൊടുട്ടുള്ള വിവരങ്ങളെ അറിയുക

- സംസ്കാരം മതം സാമ്പത്തിക മാറ്റങ്ങൾ നവീന യുഗത്തിനെ ക്രമപ്പെടുത്തുക
- മനുഷ്യത്വം എന്ന ആശയം മദ്ധ്യകാല ജനങ്ങളുടെ ആശയങ്ങളെ മാറ്റി.
- പ്രോട്ടസ്റ്റെന്റ് മതപരിവർത്തനത്തിൽ ചടങ്ങുകളെക്കാളും വിശ്വാസം അധികം പ്രാധാന്യം നൽകി.
- അമേരിക്ക ഭൂഖണ്ഡം കണ്ടുപിടിച്ചു. കിഴക്കുള്ള രാജ്യങ്ങളിൽ പുതിയ കടൽ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചതോടെ സാമ്പത്തിക വിപ്ലവം കോളനി സ്ഥാപിക്കുന്നതിനും വിത്തുപാകി

K3LBI

## മുഖവുര

14 ാം നൂറ്റാണ്ടിലും 15 ാം നൂറ്റാണ്ടിലും പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളിൽ ഒട്ടനവധി രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക സാമ്പത്തിക തലങ്ങളിൽ അപ്രതീക്ഷിത മാറ്റങ്ങളേർപ്പെട്ടു. നവീനകാല (സഹാപ്തം) ഘട്ടത്തിന്റെ പ്രശംസ ഉദ്ഘോഷിക്കുന്നതായി ഇറ്റാലിയൻ മനുഷ്യസ്നേഹിയായ പെട്രാക്കിന്റെ പുസ്തകമായ കാൻസോനിയർ, ജർമ്മൻ ഈശ്വര ചിന്തകൻ തത്വചിന്തകനായ മാർട്ടിൻ ലൂഥരുടെ "തൊണ്ണൂറ്റിയഞ്ച് (95) കുറിപ്പുകൾ" കൂടാതെ പോർച്ചുഗീസ് യുവരാജകുമാരനായ ഹെൻറിയുടെ നാവീക വിദ്യാലയം പോലെയുള്ളവ നവീന കാലഘട്ടത്തിന്റെ ആരംഭത്തെ അറിയിച്ചു.

പരിശുദ്ധ റോമാ സാമ്രാജ്യവും കത്തോലിക്കാ തിരുസഭയും ബലഹീനമായി ദുഷ്പേരിനു കാരണമായിരുന്നു. അവരുടെ സ്ഥാനത്ത് വ്യക്തി വിശ്വാസത്തിന് പ്രാധാന്യം തരുന്ന പുതിയ തിരുസഭകളും ദേശീയ സർക്കാരുകളും വാണിജ്യ സാമ്രാജ്യത്തിന്റെ അടഭിസ്ഥാനത്തിൽ സംഭവിച്ച ഒരു വാണിജ്യ വിപ്ലവവും അവിടെ ഉണ്ടായി. ചിന്താ സ്വാതന്ത്ര്യം, വ്യക്തിത്വം, യുക്തിവാദം, കൂടാതെ സാമ്പത്തിക ശാസ്ത്രം എന്നിവയുടെ പുരോഗതി തുടങ്ങിയ ഗുണങ്ങളാൽ നവീന യുഗം തിരിച്ചറിയപ്പെട്ടു. **നവോത്ഥാനം, പരിഷ്കാരം കൊണ്ടുണ്ടായ മാറ്റങ്ങൾ,ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ എന്നിവയെക്കുറിച്ച് ഈ അദ്ധ്യായത്തിൽ നമുക്ക്, പഠിക്കാം.**



IX Std - History Malayalam Unit-8.indd 101 3/29/2023 4:09:12 PM

## 8.1 കാരണമായിത്തീർന്ന ഘടകങ്ങൾ

### 8.1(a) വാണിജ്യത്തിന്റെ വളർച്ചയും നഗരങ്ങളുടെ വികസനവും

ഭൂപ്രഭുത്വത്തിന്റെ വീഴ്ചക്കുശേഷം യൂറോപ്പ് കുറച്ചു കുറച്ചായി നഗര വല്ക്കരണത്തിലോട്ട് പൊയ്കൊണ്ടിരുന്നു. ഈ സമ്പ്രദായം ആദ്യം ഇറ്റലിയിൽ തുടങ്ങി കാരണം അതിന്റെ സമ്പന്നമായ മധ്യരണിക്കടലിന്റെവാണിജ്യമായിരുന്നു.കിഴക്കിൽനിന്നും അറബികൾ സുഗന്ധവ്യജ്ഞനങ്ങളെ കൊണ്ടു വന്നു. പിന്നീട് അവ മധ്യരണിക്കടലിന്റെ അടുത്തുള്ള തുറമുഖങ്ങളിലേക്ക് കരഗതാഗത മാർഗ്ഗങ്ങൾ വഴി കൊണ്ടു പോയി. ഈ വാണിജ്യം കാരണം വെനീസ് ജെനോവാ തുടങ്ങിയ ഇറ്റലി നഗര ഭരണകൂടങ്ങൾ ധാരാളം സമ്പാദിച്ചു. വാജിജ്യ വികസനത്തെ തുടർന്ന് ഇറ്റലിയിൽ ബാങ്കുകൾ കൂടാതെ മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ ശക്തമായ ശൃംഖല നി ർമ്മിക്കപ്പെട്ടിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ നവോത്ഥാനം, മതപരിഷ്കാരം, സമുദ്ര ഗവേഷണ പര്യടനങ്ങൾ തുടങ്ങിയവയ്ക്കായി പുതിയ ചിന്തകൾ ഉത്ഭവിച്ചു.

### 8.1(b) അച്ചടിയന്ത്രത്തിന്റെ കണ്ടുപിടിത്തം

അച്ചടിയന്ത്രത്തിന്റെ കണ്ടുപിടിത്തം ആധുനീകരണത്തിനെ വേഗപ്പെടുത്തി. അതിനു മുൻപ് (*vellum*)വെല്ലും എന്ന് വിളിക്കപ്പെട്ട മൃഗതോലിൽ കൈ കൊണ്ട് എഴുതപ്പെട്ട എഴുത്തുപ്രതികൾമാത്രമാണ്പ്രചാരത്തിൽ ഉണ്ടായിരുന്നത് അവ പ്രത്യേക അവകാശം ഉള്ള ചില വ്യക്തികൾക്ക് മാത്രമേ വായിക്കാൻ അധികാരമുണ്ടായിരുന്നുള്ളൂ പതിനഞ്ചാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ജോഹാൻസ് ഗുട്ടൻബർഗ് (കി.പി 1394 1468) ജൻമനി യിൽ അച്ചടിയന്ത്രത്തെ കണ്ടുപിടിച്ചു. ഒരു കൈയെഴുത്ത് പ്രതിയുടെ പല പ്രതിമകൾ ഉണ്ടാക്കാൻ അച്ചടിയന്ത്രം സഹായിച്ചു. കൂടാതെ പടിഞ്ഞാറെ യൂറോപ്പ് മുഴുവനും അത് കണ്ടുപിടിച്ചതിന്റെ അരനൂറ്റാണ്ടിനുള്ളിൽ ഏതാണ്ട് 6 മില്ല്യൻ പുസ്തകങ്ങൾ അച്ചടിക്കപ്പെട്ട് കഴിഞ്ഞിരുന്നു. അച്ചടിയന്ത്രത്തിന്റെ കണ്ടുപിടിത്തം അറിവ് വിശാലമാക്കിയത് മാത്രമല്ല അതോടൊപ്പം വിമർശന രീതിയിലുള്ള ചിന്തയും പ്രചോദിപ്പിച്ചു.



ഗുട്ടൻബർഗിന്റെ അച്ചടിശാല

### 8.1(c) കോൺസ്റ്റാന്റിനോബിളിന്റെ വീഴ്ച

ഓട്ടോമാൻ തുർക്കികൾ കി.വി 1453 ൽ ബൈസന്റിയ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ കോൺസ്റ്റാൻറ്റിനോബിൾ പിടിച്ചടക്കി. തുർക്കികൾ കോൺസ്റ്റാൻറ്റിനോബിൾ പിടിച്ചടക്കിയത് നവോത്ഥാനം ഉണ്ടാക്കാനും പുതിയ കരമാർഗ്ഗങ്ങൾ കണ്ടുപിടിക്കാനും പ്രധാന കാരണമായി. തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയതിനു ശേഷം പല നൂറ്റാണ്ടുകളായി പാശ്ചാത്യ ലോകത്തിന്റെ സാംസ്കാരിക തലസ്ഥാനമായി വിളങ്ങി കൊണ്ടിരുന്ന കോൺസ്റ്റാന്റിനോപ്പിളിൽ നിന്നും ധാരാളം വിജ്ഞാനികളും കലാകാരൻമാരും കരകൗശല വിദഗ്ദ്ധൻമാരും ഇറ്റലി നഗര ഭരണ പ്രദേശങ്ങളിലേക്ക് പാലായനം ചെയ്തു.

## 8.2 നവോത്ഥാനം

ഇറ്റലി നഗര രാജ്യങ്ങൾ 14 ാം നൂറ്റാണ്ടിൽ സംസ്കാരങ്ങളുടെ പ്രവർത്തന കേന്ദ്രങ്ങളായി വിളങ്ങി. കോൺസ്റ്റേൺണ്ടിനോപ്പിളിൽ നിന്നും അവിടേയ്ക്ക് വിദ്യാഭ്യാസ വിദഗ്ദ്ധർ കലാകാരൻമാർ തുടങ്ങിയവരുടെ വരവുകൊണ്ട് ഗ്രീക്കുകാർ റോമാക്കാൻ തുടങ്ങിയവർക്ക് കലയും ഗവേഷണം ചെയ്യുന്നതിൽ ഇറ്റലി നഗര സർക്കാരുകളിൽ ഒരു പുതിയ ഉദ്യോഗവും ആകാംക്ഷയും ഉണ്ടായി. ഈ സാഹിത്യവിപ്ലവം അവരുടെ സാഹിത്യസൃഷ്ടികൾ, കല നിർമ്മാണ സാങ്കേതികവിദ്യ സംഗീതം തുടങ്ങിയവയിൽ പ്രതിഫലിച്ചു. ഈ സാംസ്കാരിക പുതുവസന്തം നവോത്ഥാനം എന്നറിയപ്പെട്ടു. നവോത്ഥാനം എന്നതിനെ കുറിക്കുന്നു. ആംഗലേയചാക്കായ "റിനൈസൻസ്" എന്നത് "മറുജൻമം" എന്നർത്ഥം വരും ഇതിന്റെ ഉത്ഭവം എന്നതിൽ നിന്നുമാണ്. ഇതിനെ നവോത്ഥാനം എന്ന് വളിക്കാൻ കാരണം ഗ്രീക്ക്, ലാറ്റിൻ ക്ലാസിക് സാഹിത്യത്തിൽ ഉണ്ടായ മറുജൻമം (നവീകരണം) ഉണ്ടായതാണ്. എറ്റലിയിലെ പലവിദ്യാഭ്യാസ വിദഗ്ദ്ധരും ക്ലാസിക് സാഹിത്യത്തിന്റെ കയ്യെഴുത്തു പ്രതികളെ തേടുന്നതിൽ വ്യാവൃതരായി. ഗ്രീക്കു കയ്യെഴുത്തു പ്രതികളെ ശേഖരിക്കുന്നതിനായി കാൺസ്റ്റാൻഡിനോപ്പിളിലേക്ക് പലതവണ പോയിട്ടു വന്നു. ഇറ്റലിയിൽ ഗ്രീക്കു ക്ലാസിക് സാഹിത്യ പരിശീലകരിൽ വിദഗ്ദരായ മനുവേൽ ക്രൈസോലാറസ് ഗ്വാരിനൊ ജിയോ വന്നി ആരിസ്പാ എന്നിവ അവരിൽ ചിലർമാത്രം പിന്നീട് അവർശേഖരിച്ചവയെ അച്ചടിച്ച് പ്രസിദ്ധീകരിച്ചു. ഇത് നവോത്ഥാനത്തിന്റെ നവീകരണത്തിന് കാരണമായിത്തീർന്നു.

### 8.2(a) ഇറ്റലി നവോത്ഥാനത്തിന്റെ ജൻമസ്ഥലമായത് എങ്ങനെ?

മദ്ധ്യധരണിക്കടൽ മാർഗ്ഗമുള്ള വാണിജ്യത്തിൽ നിന്ന് ഫ്ളോറൻസ്, മിലാൻ, വെനീസ്, റോം, എന്നീ ഇറ്റാലിയൻ നഗരങ്ങൾക്ക്



IX Std - History Malayalam Unit-8.indd 102 3/29/2023 4:09:12 PM

വൻതോതിൽ ലാഭമുണ്ടായി. ഇത് ഒരു സമ്പൽസമൃദ്ധമായ നഗരസംസ്കാരത്തിന്റെ വളർച്ചയ്ക്ക് കാരണമായി. ഫ്ളോറൻസ് നഗരത്തിലെ മെഡിസി കുടുംബക്കാർ, കൂടാതെ നഗരസർക്കാരുകളുടെ സമ്പന്ന കുടുംബങ്ങൾ സാഹിത്യം കല സംഗീതം എന്നിവയെ പരിപോഷിപ്പിച്ച് രക്ഷാധികാരം നല്കി. ഈ കാലഘട്ടത്തിന്റെ സുവർണ്ണകാലമായി കിപി 1475 കിപി 1525 ഇടയ്ക്കുള്ള വർഷങ്ങളായിരുന്നു. ഇറ്റാലിയൻ സർവ്വകലാശാലകൾ ഭാഷ, വ്യാകരണം, പ്രസംഗപാടവം, ചരിത്രം, ശാസ്ത്രം തുടങ്ങിയ കലാശാസ്ത്രസംബന്ധമായ പഠനങ്ങൾ പഠിപ്പിച്ചു. അതുവഴി വിദ്യാർത്ഥികളെ പൊതുജീവിതം വാണിജ്യം പൊതുഭരണത്തിനും തയ്യാറാക്കി. കലാശാസ്ത്രപരമായ പാഠങ്ങൾ ഇറ്റാലിയൻ സർവ്വകലാശാലകളിൽ കൂടുതൽ പുരോഗമിച്ചതു കൊണ്ട് യൂറോപ്പിലെ എല്ലാ ഭാഗത്തു നിന്നുംവിദ്യാർത്ഥികൾഅവിടേയ്ക്ക്വിദ്യാഭ്യാസത്തിനുമായി വന്നു ചേർന്നു. ഗ്രീക്കു ലാറ്റിൻ ക്ലാസിക് സാഹിത്യങ്ങൾ മനുഷ്യസ്നേഹം എന്ന ചിന്തയെ അവതരിപ്പിച്ചു ഇത് ആ കാലഘട്ടത്തിന്റെ ചിത്രങ്ങൾ, ശില്പങ്ങൾ, കെട്ടിടങ്ങൾ, സംഗീതം, സാഹിത്യ സൃഷ്ടികൾ എന്നിവയിൽ പ്രതിഫലിച്ചു.

## 8.2(b) സാഹിത്യത്തിൽ മനുഷ്യത്വം

മനുഷ്യസ്നേഹം എന്ന ചിന്ത ആദ്യമായി സാഹിത്യത്തിലാണ് പ്രബലമായത്. മനുഷ്യസ്നേഹികൾ തങ്ങളുടെ സാഹിത്യ സൃഷ്ടികളിൽ ഇടക്കാല ചിന്തകളേയും സ്ഥാപനങ്ങളേയും വിമർശന അവലോകനം ചെയ്ത പരിഹാസ വിമർശനം ചെയ്തു. മനുഷ്യർക്ക് യുക്തിവാദം എന്ന ഗുണം പ്രകൃത്യാ തന്നെ ലഭിച്ചിട്ടുണ്ട്. കൂടാതെ യഥാർത്ഥ വിജ്ഞാനത്തേയും മഹത്വത്തേയും നേടാനുള്ള സാമർത്ഥ്യമുണ്ട്. ക്ലാസിക്കൽ കല. മനുഷ്യസ്നേഹത്തെ തങ്ങളുടെ സൃഷ്ടികളിൽ ആദ്യമായി സ്വാംശീകരിച്ച് അത് അനുസരിച്ചുള്ള ചിന്തകളെ വെളിപ്പെടുത്തിയത് പെട്രാക്ക് ആണ് (കി.പി 1304 കി.പി 1374) ഇതിനാൽ ഇദ്ദേഹത്തെ മനുഷ്യ സ്നേഹത്തിന്റെ പിതാവ്" എന്ന് വിളിക്കുന്നു. ഇദ്ധേഹത്തിന്റെ മുൻകാലത്തിൽ ക്ലാസിക് സാഹിത്യത്തിൽ ആകർഷിക്കപ്പെട്ടിരുന്ന ഡാന്റെ എഴുതിയ "ഡിവൈൻ കോമഡി"എന്ന പുസ്തകം മാക്കിയവല്ലി രാഷ്ട്രീയ ആലേഖന കൃതയായ "രാജകുമാരൻ" രചിച്ചു . ഈ പുസ്തകത്തിൽ ഒരു രാജാവ് തീർച്ചയായും നേടിയിരിക്കേണ്ട സദ്ഗുണങ്ങളെ കുറിച്ച് വിവരിച്ചിട്ടുണ്ട്. ഒരു രാജാവ് സമയത്തിൽ സിംഹവും നരിയുമായിരിക്കണം എന്ന് അദ്ധേഹം പറയുന്നു. മാർഗ്ഗത്തേക്കാൾ ലക്ഷ്യമാണ് മികച്ചത് എന്നതായിരുന്നു അദ്ധേഹത്തിന്റെ സിദ്ധാന്തം മനുഷ്യ സ്നേഹികൾക്കിടയിൽ ഒരു രാജകുമാരനായിരുന്നു എറാസ്മസ് (കി.പി 1466 കി.പി1536) മൂഢതയുടെ പുകഴ്ത്തൽ എന്ന ആക്ഷേപഹാസ്യ പുസ്തകം രചിച്ചു. സ്പെയിൻകാരനായ സെർവാന്റീസ് മദ്ധ്യകാലത്തെ പ്രഭുത്വ സ്വഭാവ രീതികളും വിരോദാത്തമായ കാര്യങ്ങളെ കുറിച്ചും മറ്റൊരു ആക്ഷേപഹാസ്യമായ "ഡോൺ ക്വിസ്സോട്ട്" രചിച്ചു.

**മനുഷ്യത്വം**

മനുഷ്യത്വം എന്ന ആശയം നവോത്ഥാനത്തിന്റെ മുഖ്യവിശേഷതയായിരുന്നു. ഇത് വ്യക്തിത്വത്തിന് വളരെയേറെ പ്രാധാന്യം നൽകി. മദ്ധ്യ കാലഘട്ടത്തിൽ മനുഷ്യനെ ദൈവത്തിന്റെ താൽപര്യങ്ങൾ ഭൂമിയിയിൽ നടപ്പിൽ വരുത്തുന്ന സന്ദേശകനായി കരുതപ്പെടുന്നു. നവോത്ഥാന കാലഘട്ടത്തിൽ മനുഷ്യത്വം പല ഗുണങ്ങളെയും നൻമകളും നേടി. അതിനെ ഉപയോഗിച്ച് ഉന്നത നിലയെ പ്രാപിക്കണമെന്ന ആശയത്തിന് മുൻഗണന നൽകി സ്വർഗ്ഗ ലോകം പ്രാപിക്കാൻ ശ്രമിച്ചു നടന്നവർ ലൗകീക ജീവിതത്തിലേയ്ക്ക് തിരിച്ചു വന്നു. അങ്ങനെ ജനങ്ങൾ ആത്മീയ ജീവിതത്തിൽ നിന്നും ഭൗതീക ജീവിതത്തിലേക്ക് തിരിഞ്ഞു. മരണാനന്തര ജീവിതത്തിലേക്കുള്ള ലക്ഷ്യത്തിൽ നിന്നും ജനങ്ങൾ ഈ ലോകത്തിലേക്ക് തിരിഞ്ഞു.

## 8.2(c) കലകളാടുള്ള സ്വാധീനം

നവോത്ഥാനകാല ചിത്രങ്ങളും ശിൽപങ്ങളും യാഥാർത്ഥ്യമുള്ളതും സ്വാഭാവികതയുള്ളവയും ആയിരുന്നു.ഇവ മദ്ധ്യകാല ചിത്രങ്ങളിൽ നിന്നും ശിൽപികളിൽ നിന്നും മെച്ചപ്പെട്ടവയായിരുന്നു. മദ്ധ്യകാല കലാസൃഷ്ടികൾ സൗന്ദര്യബോധമുള്ളവയും മനുഷ്യശാസ്ത്രം, വികാരങ്ങൾ, ആശയങ്ങൾ എന്നിവ വിവരിക്കുന്നതായിരുന്നു.



മോണലിസ

കലയുടെ പ്രവർത്തനകാലത്തിൽ ലിയനാർഡോ ഡാവിഞ്ചി, റഫേൽ തുടങ്ങിയ മഹാകലാകാരൻമാർ ഉത്കൃഷ്ഠമായ കലാവാസന തുളുമ്പുന്ന സൃഷ്ടികൾ നിർമ്മിച്ചു. ലിയനാർഡോ ഡാവിഞ്ചി (കി.പി 1452 1519) ഒരു ബഹുമുഖപ്രതിഭ എഴുത്തുകാരൻ, ശാസ്ത്രജ്ഞൻ, കഥാകൃത്ത്, സാങ്കേതിക വിദഗ്ദർ, കെട്ടിട ശില്പി, ചിത്രകാരൻ എന്നിങ്ങനെ പല നിലകളിൽ ശോഭിച്ചിരുന്നു. "മോണാലിസ" അവസാനത്തെ അത്താഴം "പാറകളുടെ പുറത്തൊരു കന്യക"തുടങ്ങിയ ചിത്രങ്ങൾ അദ്ദേഹത്തിന്റെ കരവിരുതിന്റെ ഉദാഹരണങ്ങളാണ്.






IX Std - History Malayalam Unit-8.indd 103 3/29/2023 4:09:13 PM



മഡോണ

മൈക്കേലാഞ്ചലോ (കി.പി. 1475 1564) ഒരു ചിത്രകാരൻ, ശില്പി, കെട്ടിടശില്പി കൂടാതെ കവി എന്ന നിലയിലും ശോഭിച്ചിരുന്നു. അദ്ദേഹത്തിന്റെ വെണ്ണക്കൽ ശില്പമായ ഡേവിഡ് ഒരു മാരക ഘാതകന്റെ യുവത്വം തുളുമ്പുന്ന ശക്തി, ആർജവം എന്നിവ വെളിപ്പെടുത്തി. കൂടാതെ റോമാനഗരത്തിന്റെ സിസ്റ്റൈൻ ദേവാലയ മേൽകൂരയിൽ രചിക്കപ്പെട്ട ചിത്രങ്ങളുടെ പേരിലും അദ്ദേഹം പ്രശസ്തിയാർജിച്ചു. റാഫേൽ (കി.പ ി. 1483 കി.പി 1520) സുന്ദരമായ മഡോണ "കന്യ കയും കുഞ്ഞും" എന്ന ചിത്രം വരച്ചു. അദ്ദേഹം വരച്ച മറ്റൊരു ചിത്രമായ ദി സ്കൂൾ ഓഫ് ഏതൻസ് "ആത്മീയതയ്ക്കും മാനുഷികതയ്ക്കും ഇടയിൽ അക്കാലത്തുണ്ടായിരുന്ന തത്വചർച്ചയെ വെളിപ്പെടുത്തുന്നു.

## 8.2(d) നവോത്ഥാനകാലത്തെ ശാസ്ത്രം

ടോളമി, ആർക്കിമിഡീസ്, യൂക്ലിഡ് കൂടാതെ ക്ലാസിക് കാലത്തെ മറ്റു ശാസ്ത്രജ്ഞൻമാരുടെ കണ്ടുപിടിത്തങ്ങളാൽ ശാസ്ത്രം വളരെ പുരോഗമിച്ചു. മദ്ധ്യകാലഘട്ടത്തിൽ ജീവന്റെയും മനുഷ്യകുലത്തിന്റെയുംഉത്ഭവത്തെയുംകുറിച്ച്സഭയുടെ വീക്ഷണത്തെ ബലപ്പെടുത്തുന്നതായിരുന്നു അരിസ്റ്റോട്ടിലിന്റെ ഭൗമകേന്ദ്രസിദ്ധാന്തം. എന്നിരുന്നാലും പ്ലേറ്റോ തുടങ്ങിയ ക്ലാസ്സിക് ശാസ്ത്രജ്ഞൻ അത് അംഗീകരിക്കാതെ നവീന ശാസ്ത്രത്തിന് ആവശ്യമായ അടിസ്ഥാനം നൽകി. വില്ല്യംഹാർവിരക്തചംക്രമണംകണ്ടുപിടിച്ചു. ഒരു ഗണിതമാതിരിയുടെ സഹായത്തോടെ ഭൂമി സൂര്യനെ ചുറ്റി വരുന്നു എന്ന് കോപ്പർനിക്കസ് തെളിയിച്ചു. ഗലീലിയോ താൻ നിർമ്മിച്ച ദൂരദർശിനി ഉപയോഗിച്ച് ആകാശത്തെ സൂക്ഷ്മമായി നിരീക്ഷിച്ചു. എന്നിരുന്നാലും തിരുസഭയുടെ മതവിചാരണസഭയുടെ തീവ്രമായ നടപടി ക്രമങ്ങൾ മൂലം മരണശിക്ഷലഭിക്കും എന്ന ഭയത്തിനാൽ സ്വന്തം കണ്ടുപിടിത്തങ്ങൾ പിൻവലിക്കാൻ അദ്ദേഹം നിർബന്ധിതനായി ഇങ്ങനെ തുടർച്ചയായ ഇടപെടലുകൾ മൂലം കത്തോലിക്ക സഭ ശാസ്ത്ര പുരോഗതിയെ തടഞ്ഞു കൊണ്ടിരുന്നു. എന്തൊക്കെയായിരുന്നാലും ശാസ്ത്ര കണ്ടുപി ടിത്തങ്ങൾ ഒരു ശാസ്ത്രവിപ്ലവത്തിന്റെ നാന്ദിയായി മാറി കഴിഞ്ഞിരുന്നു.

## 8.2(e) നവോത്ഥാനത്തിന്റെ അനന്തര ഫലങ്ങൾ

നവോത്ഥാനത്തിന്റെ അനന്തരഫലങ്ങൾ ധാരാളവും ദൂരവ്യാപകമായിരുന്നു. അതിന്റെ സവിശേഷ സംഭാവന മനനുഷ്യത്വം എന്ന ചിന്തയായിരുന്നു. വ്യക്തിവാദം, മതനിരപേക്ഷത, ദേശീയത തുടങ്ങിയവയിലോട്ടുള്ള ഒരു മാറ്റത്തെ അത് സൂചിപ്പിച്ചു.

ഡാന്റെ പ്രാദേശിക ഭാഷയിൽ കൃതികൾ എഴുതുക എന്ന ശീലത്തിന് തുടക്കമിട്ടു. അത് പ്രാദേശിക ഭാഷാ വളർച്ചയ്ക്ക് കാരണമായി. ദേശീയ സർക്കാരുകൾ ഉണ്ടാകാൻ വിജ്ഞാന പൂർണ്ണമായ ഒരു അടിത്തറപാകാൻ അത് സഹായിച്ചു.

അഴിമതിയും ഭൗതികരീതികളും നിറഞ്ഞ തിരുസഭയുടെ പ്രവർത്തികളെ വിമർശിക്കാൻ നവോത്ഥാനം ഒരു കാരണമായി. മതപരിഷ്കരണ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിച്ചു. പുതിയ കരഗതാഗത മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും ലോക ഭൂപടം മാറ്റി വരയ്ക്കുന്നതിനും നവോത്ഥാനം പ്രധാന പങ്കു വഹിക്കുന്നു. അറിവിന്റെ ദാഹവും സാഹസങ്ങൾ ചെയ്യാനുള്ള ഉദ്യോഗവും മഹാസമുദ്രങ്ങളിൽ കപ്പൽയാത്രകൾ ചെയ്യാൻ പ്രോത്സാഹനമായി.

അതുപോലെ ക്ലാസിക്കാല ശാസ്ത്രജ്ഞനവും നവോത്ഥാനത്തിന്റെ അനുഭവജ്ഞാനവും ജിജ്ഞാസയും ശാസ്ത്രത്തിന്റെ പുതിയ കണ്ടുപിടിത്തങ്ങളിലേക്ക് നയിച്ചു. ജ്യോതിശാസ്ത്രത്തിൽ കോപ്പർനിക്കസിന്റെ കണ്ടുപിടിത്തങ്ങളും ഹാർവിയുടെ മനുഷ്യ ശരീരശാസ്ത്രിലുള്ള സംഭാവനകളും അത്തരത്തിലുള്ളവയായിരുന്നു.

## 8.3 പരിഷ്ക്കരണ പ്രസ്ഥാനം

മദ്ധ്യകാലഘട്ടത്തിൽ റോമൻ കത്തോലിക്ക തിരുസഭ ഉന്നതനില പ്രാപിച്ചിരുന്നു. ആത്മീയ രീതിയിലും ഭൗതീക രീതിയിലും തിരുസഭ അധികാരങ്ങൾ അനുഭവിച്ചു കൊണ്ടിരുന്നു. (മതരീതിയിലുള്ള നിയന്ത്രണങ്ങൾക്ക് പുറമേ പോപ്പിന്റെ രാജ്യങ്ങൾ എന്നറിയപ്പെട്ടിരുന്ന ചില സ്ഥലങ്ങളെ രാഷ്ട്രീയമായ രീതിയിലും നിയന്ത്രിച്ചിരുന്നു) തിരുസഭയുടെ പ്രധാനി പോപ്പ് എന്നും അദ്ദേഹത്തിന്റെ ഔദ്യോഗിക കാര്യാലയം പാപാസി എന്നും അറിയപ്പെട്ടു. യൂറോപ്പിലെ ക്രിസ്ത്യാനികളുടെ മേൽ പ്രാദേശികാധികാര അതിർത്തികൾ കടന്ന് ആത്മീയ രീതിയിലുള്ള ഭരണാധികാരം പോപ്പിനുണ്ടായിരുന്നു. അദ്ദേഹം ഒരു രാജാവിനേപോലെ ആഡംബരജീവിതം നയിച്ചു. അദ്ദേഹത്തിന്റെ ഭൂരിപക്ഷ ഉദ്യോഗസ്ഥൻമാരും



IX Std - History Malayalam Unit-8.indd 104 3/29/2023 4:09:13 PM

അഴിമതിക്കാരായിരുന്നു. തിരുസഭയുടെ പദവികൾ വിലയ്ക്ക് കച്ചവടമാക്കി. ജനങ്ങൾ തങ്ങൾ ചെയ്യുന്ന പാപങ്ങൾക്കായി നരകത്തിൽ കിടക്കേണ്ടി വരും എന്ന ഒരു വിശ്വാസം ജനങ്ങളുടെയിടയിൽ കത്തോലിക്കാ തിരുസഭക്ക് ഉണ്ടായിയിരുന്നു. അതു മാത്രമല്ല ജനങ്ങൾ തങ്ങളുടെ പാപങ്ങൾക്കായി കുമ്പസാര പ്രായശ്ചിത്തം ചെയ്താൽ അവർക്ക് പാപവിമോചനം ലഭിച്ച് സ്വർഗ്ഗപ്രാപ്തി കിട്ടും എന്നും ജനങ്ങളെ വിശ്വസിപ്പിച്ചിരുന്നു. അങ്ങനെയല്ലെങ്കിൽ അവർ നരകത്തിൽ കിടന്ന് യാതന അനുഭവിക്കേണ്ടി വരും. പാപങ്ങളിൽ നിന്ന് മോചനത്തിനായി പലതരം നോമ്പുകളും തിരുസഭ നിർദ്ദേശിച്ചിരുന്നു. ദേവാലയത്തിലെ കൂട്ട പ്രാർത്ഥനയിൽ പങ്കു ചേർന്നാൽ ജനങ്ങൾക്ക് അവരുടെ പാപഭാരത്തെ കുറയ്ക്കാൻ സാധിക്കും എന്നും വിശ്വസിപ്പിച്ചിരുന്നു. ഒരു പ്രത്യേക തുക ഈടാക്കി കൊണ്ട് പാപമോചനം നൽകാൻ പോലും തിരുസഭ ആരംഭിച്ചിരുന്നു.

**കത്തോലിക്കാ സഭാ കോടതി**

കത്തോലിക്കാ മത നീതിന്യായ സഭ എന്നത് മതവിശ്വാസത്തിന് എതിരായ അഭിപ്രായങ്ങൾ ഉള്ളവരെ വിചാരണ ചെയ്യുന്ന ഒരു കോടതി ആയിരുന്നു. കുറ്റക്കാരായി കണ്ടുപിടിക്കപ്പെട്ടവർ പശ്ചാത്തപിച്ച് തങ്ങളുടെ അഭിപ്രായങ്ങൾ മാറ്റിയാൽ അവർക്ക് ലഘുവായ ശിക്ഷകളും ജയിൽശിക്ഷയും അനുഭവിച്ചാൽ മതിയായിരുന്നു. എന്നാൽ നിഷേധിച്ചവർ ജീവനോടെ ദഹിപ്പിക്കപ്പെട്ടു. മതനീതിന്യായ സഭകളിൽ ഏറ്റവും സുപ്രസിദ്ധി നേടിയത് സ്പാനിഷ് കോടതി ആയിരുന്നു.

## 8.3(a) മാർട്ടിൻ ലൂഥർ (കി.പി. 1483 കി.പി 1556)



മാർട്ടിൻ ലൂഥർ

മാർട്ടിൻ ലൂഥർ അഗസ്റ്റീനിയൻ ഗണത്തിൽപ്പെട്ട ഒരു സന്യാസിയും ലിട്ടൻബർഗ് സർവ്വകശാലയിലെ വൈദീകശാസ്ത്ര അദ്ധ്യാപകനുമായിരുന്നു. കത്തോലിക്കാ സഭയുടെ ആത്മാർത്ഥ ഭക്തനും ദൈവഭക്തിയുള്ള വിശ്വാസിയും ആയിരുന്നു. റോമിൽ ചെന്നപ്പോൾ അവിടത്തെ സഭാകാര്യാധികാരുകളുടെ ആഡംബരജീവിതം അദ്ദേഹത്തെ ഞെട്ടിപ്പിച്ചു. ഏകദേശം ഇതേ സമയത്ത് തന്നെ ജോഹൻ ടെട്ട്സൽ എന്ന സഭാ ഉദ്യോഗസ്ഥൻ ദണ്ഡവിമോചനാപത്രങ്ങൾ വിൽക്കുവാനും തിരുസഭാ നിയമനങ്ങൾ ലേലം ചെയ്യുവാനും വേണ്ടി വിട്ടെൻബർഗിലേക്ക് ലേലം മാർട്ടിൻ ലൂഥർ മേൽപ്പറഞ്ഞ വിൽപ്പനകളെയും സഭയുടെ മറ്റു അഴിമതികളെയും എതിർത്ത് ഒരു ലഘുരേഖ രചിച്ചു. അദ്ദേഹം സഭയ്ക്കെതിരായി തൊണ്ണൂറ്റിയഞ്ച് കുറിപ്പുകൾ എഴുതി ലിട്ടെൻബർഗ് പള്ളിയുടെ വാതിലിൽ ഒട്ടിച്ചു വച്ചു. വളരെ വേഗം തന്നെ അദ്ദേഹത്തിന്റെ തൊണ്ണൂറ്റിയഞ്ച് പ്രബന്ധങ്ങൾ ആയി അറിയപ്പെട്ടു. പെട്ടെന്ന് തന്നെ അവ അച്ചടിക്കപ്പെട്ട് പ്രസിദ്ധപ്പെടുത്തുകയുണ്ടായി അദ്ദേഹത്തിന്റെ ഇത്തരത്തിലുള്ള വിമർശനങ്ങൾ പിൻവലിക്കാൻ വേണ്ടി സഭ നിരന്തരം ശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടു. അവസാനം പോപ്പ് ലിയോ പത്താമൻ മാർട്ടിൻ ലൂഥരെ മതത്തിൽ നിന്നും പുറത്താക്കി മാർപ്പാപ്പ ഉത്തരവ് ഇറക്കി. ആ മാർപ്പാപ്പാ ഉത്തരവിനെ പരസ്യമായി പൊതു സമൂഹത്തിനു മുന്നിൽ വച്ച് ചുട്ടെരിച്ച് ലൂഥർ തന്റെ പ്രതിഷേധം അറിയിച്ചു. ഇതിനായി ക്രി.പി. 1521 ൽ വോർമസ് നഗരത്തിൽ കൂടിയ നിയമ ആലോചന സഭയ്ക്കു മുമ്പിൽ ഹാജരാകാൻ ലൂഥർക്ക് ഉത്തരവിട്ടു. സ്വന്തം സുഹൃത്തുക്കളുടെ എതിർപ്പിനെ അവഗണിച്ചു കൊണ്ട് സ്വന്തം ന്യായങ്ങൾ നിരത്തി തന്നെ കുറ്റവിമുക്തനാക്കാൻ വേണ്ടി ലൂഥർ ആ നിയമ ആലോചന സഭയ്ക്കു മുമ്പിൽ ഹാജരായി. എന്നാൽ സാക്സൺ വരണാവകാശിയായ ഫ്രെഡറിക്ക്, ലൂഥറെ സംരക്ഷിച്ചതിനാൽ ഭാഗ്യം കൊണ്ട് ലൂഥർ രക്ഷപ്പെട്ടു. ഫ്രെഡറിക്ക് അദ്ദേഹത്തെ വാർട്ട് ബർഗ് അരമനയിൽ ഒളിപ്പിക്കുകയും ലൂഥർ അവിടിരുന്ന് തന്നെ ബൈബിൾ ജർമൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തു.

തിരുസഭയുമായി തനിക്കുണ്ടായിരുന്നാഭിപ്രായ വിത്യാസങ്ങൾ വീണ്ടും ലൂഥർ വിശദീകരിച്ചു. ചടങ്ങുകളും ദണ്ഡവിമോചനവും ആത്മാവിന്റെ ശാന്തിക്ക് കാരണമാകും എന്ന വിശ്വാസത്തെ അദ്ദേഹം ആത്മശാന്തിക്ക് കാരണമാകുന്നത് എന്ന് വാദിച്ചു.വിശ്വാസത്തിനാൽ ന്യായീകരിക്കൽ എന്ന തത്വത്തെ അദ്ദേഹം മുൻവച്ചു. മനുഷ്യരുടെ ആത്മസംയമനത്തോടുള്ള ഈശ്വരവിശ്വാസത്താൽ മാത്രമേ ദൈവകൃപ മനുഷ്യർക്കു ലഭിക്കുകയുള്ളൂ അല്ലാതെ അവരുടെ പ്രവൃത്തികൾ കൊണ്ടല്ല. കൂടാതെ ബൈബിൾ എല്ലാ ജനങ്ങളും വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യപ്പെടേണ്ട ഒന്നാണ് അല്ലാതെ സഭ മാത്രം വിശദീകരിക്കേണ്ടത് അല്ല. ദൈവത്തിനും വ്യക്തിക്കും ഇടയിലുള്ള ഒരു പാലമാണ് സഭ എന്നതിനെയും ലൂഥർ നിരാകരിച്ചു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ജർമനി മുഴുവനും വ്യാപിച്ചു. പല രാജാകുമാരൻമാരും കർഷകരും പോലും ലൂഥറുടെ ലക്ഷ്യത്തെ പ്രോത്സാഹിപ്പിച്ചു. ഇങ്ങനെ ലൂഥറുടെ മതപരിവർത്തനവാദം തിരുസഭയിൽ നിന്നും ആദ്യത്തെ പിളർപ്പിനെ വിജയകരമായി അടയാളപ്പെടുത്തിയത് മാത്രമല്ല പ്രൊട്ടസ്റ്റന്റ് സഭയുടെ സ്ഥാപനത്തിനും കാരണമായി. മതരീതിയിലുള്ള വിശ്വാസങ്ങൾ അടിച്ചേൽപ്പിക്കപ്പെട്ടപ്പൊൾ ചില ജർമൻ രാജകുമാരൻമാർ സഭയ്ക്കെതിരായി തിരിഞ്ഞു.



IX Std - History Malayalam Unit-8.indd 105 3/29/2023 4:09:14 PM

അവർ പ്രൊട്ടസ്റ്റാൻറ്റുകൾ എന്നും ഇതിനെ തുടർന്നുണ്ടായ പരിവർത്തനം പ്രൊട്ടസ്റ്റാൻറ്റ് പരിവർത്തനം എന്നും അറിയപ്പെട്ടു.

### 8.3(b) മറ്റു പ്രൊട്ടസ്റ്റൻറ്റ് പരിഷ്കരണ പ്രസ്ഥാനങ്ങൾ

മാർട്ടിൻ ലൂഥറുടെ പരിഷ്കരണം മറ്റു പ്രൊട്ടസ്റ്റാൻറ്റ് പരിഷ്കരണങ്ങൾ വാതിലുകൾ തുറന്നു കൊടുത്തു. ലൂഥറുടെ പരിഷ്കരണങ്ങൾക്കുള്ള അതേ കാരണങ്ങൾ തന്നെ മറ്റു പരിഷ്കരണങ്ങൾക്കും ഉദ്യോഗം കൊടുത്തതെങ്കിലും സിദ്ധാന്തപരമായ കാര്യങ്ങളിൽ അവ വേർപെട്ടു.

സ്വിറ്റ്ലാൻഡുകാരനായ ഹുൽട്രിച്ച് സ്വിഗ്ങ്ങലി (കി.പി. 1484 1531) ജെനീവക്കാരനായ ജോൺ കാൽവിൻ (കി.പി. 1509 കി.പി. 1564) തുടങ്ങിയവർ മാർട്ടിൻ ലൂഥറെ പിൻതുടർന്ന് സഭയെ എതിർത്തു. ലൂഥറെ പോലെ തന്നെ സഭയുടെ പ്രവർത്തികളിൽ അവർ അസംതൃപ്തരായിരുന്നു. പാപവിമോചന കാർഡുകളുടെ വിൽപന കൂടാതെ തിരുസഭാ പദവികൾ വിൽക്കുന്നത് തുടങ്ങിയ പ്രവർത്തികളെ അവർ എതിർത്തു. സ്വിഗ്ങ്ങലി സൂറിച്ചിൽ ആണ് ജോലി ചെയ്തിരുന്നത് അദ്ദേഹം എല്ലാ ആചാരചടങ്ങുകളെയും എതിർത്തു. സമ്പത്തിനെ പ്രകടിപ്പിക്കുന്ന എല്ലാ ചടങ്ങുകളെയും കാൽവിനും എതിർത്തു. തന്റെ ക്രിസ്ത്യൻ മതത്തിന്റെ സ്ഥാപനങ്ങൾ എന്ന പുസ്തകത്തിൽ കാൽവിൻ സ്വന്തം വീക്ഷണങ്ങളെ ക്രമത്തിൽ വിവരിച്ചിരുന്നു. ജെനീവാ ഭരണകൂടത്തെ (കി.പി 1541 മുതൽ 1564) വരെ അദ്ദേഹം നിയന്ത്രിച്ചിരുന്നു.

ഇംഗ്ലണ്ടിൽ രാജാവായ ഹെൻറി എട്ടാമന്റെ വ്യക്തിഗത കാരണങ്ങളിലാണ് മതപരിഷ്കരണം കൊണ്ടുവരപ്പെട്ടത്. തന്റെ പിൻഗാമിയായി വാഴിക്കാൻ ഒരു പുത്രനില്ലാതെ ഹെൻറി എട്ടാമൻ വളരെക്കാലം വിഷമിച്ചു. സിംഹാസനത്തിന് ഒരു അവകാശിയെ കൊടുക്കാൻ രാജ്ഞി കാതറിന് കഴിയാതെ വന്നപ്പോൾ കാതറിനുമായുള്ള വിവാഹബന്ധം വേർപ്പെടുത്തി മറ്റൊരു വിവാഹം കഴിക്കാൻ ഹെൻറി എട്ടാമൻ ആഗ്രഹിച്ചു. അദ്ദേഹം പോപ്പിനോട് കാതറിനുമായുള്ള വിവാഹബന്ധം വേർപ്പെടുത്തി തരാൻ ആവശ്യപ്പെട്ടു. പക്ഷേ റോമൻ ചക്രവർത്തി കേതറിന്റെ ബന്ധുവായ കാരണത്താൽ അദ്ദേഹം പോപ്പിനോട് ഹെൻറിയുടെ ആവശ്യത്തെ നിരാകരിക്കാൻ ആവശ്യപ്പെട്ടു. പോപ്പ് ഹെൻറിയെ തന്ത്രപൂർവ്വം ഒഴിവാക്കുകയും ഒടുവിൽ ക്ഷമ നശിച്ച ഹെൻറി എട്ടാമൻ റോമുമായുള്ള സകല ബന്ധങ്ങളും വിഛേദിച്ചു. തുടർച്ചയായ ചില നിയമങ്ങൾ മൂലം ഒരു ആംഗ്ലിക്കൻ സഭ അദ്ദേഹം രൂപീകരിച്ചു. കത്തോലിക്ക സഭയുടെയും മഠങ്ങളുടെയും സ്വത്തുകൾ കണ്ടുകെട്ടി അങ്ങനെ ആംഗ്ലിക്കൻ തിരുസഭയുടെ പരമോന്നത അധികാരി താൻ തന്നെയാണെന്ന് സ്വയം പ്രഖ്യാപിച്ചു.

## 8.4 എതിർ മതപരിഷ്ക്കരണ പ്രസ്ഥാനം

പ്രൊട്ടസ്റ്റാൻറ്റ് പരിഷ്കരണ പ്രസ്ഥാനം, കത്തോലിക്കാ സഭയ്ക്കു ഒരു ഭീഷണിയായി മാറി. ആ വെല്ലുവിളിയെ നേരിടാൻ പോപ്പ് പോൾ മൂന്നാമനും അദ്ദേഹത്തിനെ പിൻതുടർന്ന് വന്നവരും സഭയിൽ പല പരിഷ്കാരങ്ങളും കൊണ്ടുവന്നു. അഴിമതിക്കാരെ കഠിനമായി ശിക്ഷിക്കുകയും പദവികളുടെ വിൽപനയും തടഞ്ഞു. കൂട്ടപ്രാർത്ഥനയുടെ പ്രാധാന്യവും ഉത്സവങ്ങളുടെ പ്രാധാന്യത്തെയും ട്രെന്റ് കൗൺസിൽ വീണ്ടും പ്രതിപാദിച്ചു. കൂടാതെ വിശുദ്ധഗ്രന്ഥങ്ങളെ സഭയ്ക്കു മാത്രമേ വ്യാഖ്യാനിക്കാൻ അവകാശമുള്ളൂവെന്നും അറിയിച്ചു. തിരുസഭയ്ക്കു എതിരായ പ്രചരണങ്ങളെ തടയാൻ മതകോടതിയ്ക്ക് പുതുജീവൻ നൽകി. യേശുസഭയ്ക്ക് അധികാരപൂർവ്വമായ അനുമതിയും അതു നൽകി. കത്തോലിക്കാ സഭയ്ക്കുള്ളിൽ തന്നെ ഉണ്ടായ ഇത്തരം പരിഷ്കാരങ്ങളെ എതിർ മതപരിഷ്കരണ പ്രസ്ഥാനം എന്നു പറയുന്നു.

**വിശുദ്ധ ഇഗ്നേഷ്യസ് ലയോളയും യേശുസഭയും**

ക്രിസ്തു മതത്തെ പ്രചരിപ്പിക്കാൻ വേണ്ടി യേശുസഭയെ വിശുദ്ധ ഇഗ്നേഷ്യസ് ലയോള സ്ഥാപിച്ചു. അതിന്റെ പ്രധാന പണി ആശ്രയമറ്റവർക്ക് വിദ്യാഭ്യാസ സഹായം ചെയ്യുന്നതാണ്. ആശ്രയമറ്റവർക്കു വേണ്ടി അനാഥാശ്രമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, താമസിക്കാനുള്ള സ്ഥലങ്ങൾ തുടങ്ങിയവ ഇശോ സഭ സ്ഥാപിച്ചു. വളരെ വേഗം തന്നെ ലോകത്തിന്റെ എല്ലാ കോണിലും മതപ്രചാരണത്തിനു വേണ്ടി യേശുസഭയുടെ അനുയായികൾ എത്തിച്ചു ചേർന്നു.



വിശുദ്ധ ഇഗ്നേഷ്യസ് ലയോള

## 8.5 ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾ

### 8.5(a) കാരണങ്ങൾ

പോർച്ചുഗീസുകാരനായ രാജകുമാരൻ ഹെൻറി, നാവീകൻ, നീണ്ട കടൽയാത്രകൾക്കുള്ള അടിത്തറ പാകി. നാവികർക്കായി അദ്ദേഹം ഒരു നാവീക വിദ്യാലയം സ്ഥാപിച്ചു. ആ വിദ്യാലയത്തിൽ നാവീക ഉപകരണങ്ങളായ വടക്കുനോക്കി യന്ത്രം, വാനനിരീഷണ ഉപകരണം തുടങ്ങിയവ പഠിപ്പിച്ചു.



IX Std - History Malayalam Unit-8.indd 106 3/29/2023 4:09:14 PM

വിശാല കടൽയാത്രകൾക്കുള്ള ആകാംക്ഷ, ഇതു വരെ ചെന്നെത്താത്ത സ്ഥലങ്ങൾ കണ്ടുപിടിക്കാനുള്ള സാഹസ ശ്രമങ്ങൾ എന്നിവ നവോത്ഥാനത്താൽ ഉണ്ടായ ജിജ്ഞാസ വളർത്തി. കൂടാതെ മാർക്കോപ്പോളോ, ഇബിൻ ബതൂതാ തുടങ്ങിയവരുടെ യാത്രാവിവരണ കുറിപ്പുകൾ ജിജ്ഞാസ വളർത്താൻ കാരണമായി. ഇത് മതപ്രചാരണത്തിന് മിഷനറിമാർക്ക് പ്രചോദനം നൽകി. വിദൂരദേശങ്ങളിൽ ജീവിക്കുന്ന അവിശ്വാസികളുടെ ഇടയിൽ മതപ്രചരണം ചെയ്യാൻ സാഹസികമായ കടൽയാത്രകൾ ചെയ്യാൻ മിഷനറിമാരെ പ്രോത്സാഹിപ്പിച്ചു.

എന്നാൽ ഇത്തരം കണ്ടുപിടിത്തങ്ങളുടെ അടിസ്ഥാനം സാമ്പത്തികം തന്നെയാണ്. ഓട്ടോമാൻ തുർക്കികൾ കിഴക്കിനും പടിഞ്ഞാറിനും ഇടയ്ക്കുള്ള കരഗതാഗത മാർഗ്ഗം അടച്ചപ്പോൾ സുഗന്ധദ്രവ്യങ്ങളുടെ വില കൂടി സുഗന്ധദ്രവ്യങ്ങൾ വിൽപ്പന ചെയ്യുന്നതിലൂടെ വൻ ലാഭം നേടി കൊണ്ടിരുന്ന യൂറോപ്യൻ കച്ചവടക്കാർക്ക് അത് ലഭിക്കാതെ വന്നു. ഏഷ്യയിലേക്ക് പുതിയ കടൽമാർഗ്ഗം കണ്ടുപിടിക്കണം എന്നത് അവർക്ക് അത്യന്താപേക്ഷിതമായി മാറി. രാജാക്കൻമാർ പോലും പ്രഭുക്കളിൽ നിന്നും തങ്ങൾക്ക് സ്വയം മോചനം ലഭിക്കാൻ വേണ്ടി വാണിജ്യത്തിൽ നിന്നുള്ള സമ്പത്ത് ഉപകരിക്കും എന്നു മനസ്സിലാക്കി കടൽയാത്രകൾ പ്രോത്സാഹിപ്പിച്ചു.

14 ാം നൂറ്റാണ്ടിൽ, റ്റോളമിയുടെ ജ്യോഗ്രഫി എന്ന ഗ്രന്ഥം ബൈസൻറ്റയിൻ സാമ്രാജ്യത്തിൽ നിന്നും പാശ്ചാത്യ രാജ്യങ്ങളിലേക്ക് കൊണ്ടു വന്നപ്പോൾ ഒരു ജിജ്ഞാസ ഏർപ്പെട്ടു 14 ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ അച്ചടിയന്ത്രത്തിന്റെ അതിന്റെ പല പ്രതികൾ അച്ചടിക്കാനും അവ വ്യാപകമായ രീതിയിൽ പ്രചരിപ്പിക്കുവാനും തുടങ്ങി. അത് കടൽ മാർഗ്ഗത്തെക്കുറിച്ചുള്ള അറിവ് വികസിപ്പിച്ചു.

## 8.5(b) പോർച്ചുഗീസ് പര്യവേഷണങ്ങൾ

ഹെൻറി രാജകുമാരന്റെ നാവികർ അട്ട്ലാൻറ്റിക് സമുദ്രത്തിൽ യാത്ര ചെയ്ത് അസോറസ്, മെടിരാ തുടങ്ങിയ ദ്വീപുകൾ വരെ എത്തി. അവർ ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരങ്ങൾ ഗവേഷണം നടത്തി. ലോപോ ഗോൺസ്സവ്സ് എന്ന നാവീകൻ ആദ്യമായി ഭൂമധ്യരേഖ കടക്കാനുള്ള ധൈര്യം കാണിച്ചു. അതു വരെ മറ്റാരും തന്നെ ഭൂമധ്യരേഖ മറികടക്കാനുള്ള ധൈര്യം കാണിച്ചിട്ടില്ല. ഉഷ്ണജലസ്രോതസ്സുകളെ കുറിച്ചും കടൽരാക്ഷസൻമാരെ കുറിച്ചുമുള്ള കഥകൾ നാവീകരെ ഭയപ്പെടുത്തിയിരുന്നു. ബർത്തലോമിയോ ഡയസ്, ആഫ്രിക്കൻ കടൽക്കരയും കഴിഞ്ഞ് കി.പി 1487 ാം വർഷം ആഫ്രിക്കയുടെ തെക്കേ മുനമ്പിൽ എത്തിച്ചേർന്നു. അവിടെ തീവ്രമായ കൊടുങ്കാറ്റിനെ നേരിടേണ്ടി വന്നതിനാൽ ആ


നാവികനായ ഹെൻറി



കടൽഗതാഗത മാർഗ്ഗങ്ങൾ



IX Std - History Malayalam Unit-8.indd 107 3/29/2023 4:09:18 PM

മുനമ്പിനെ കൊടുങ്കാറ്റുകളുടെ മുനമ്പ് എന്ന് പേരിട്ടു. എന്നാൽ പോർച്ചുഗൽ രാജാവായ ജോൺ രണ്ടാമൻ ആ മുനമ്പിനെ സുപ്രതീക്ഷാ മുനമ്പ് എന്ന് നാമകരണം ചെയ്തു. അതു വഴി ഇന്ത്യയിൽ ചെന്നെത്താൻ കഴിയും എന്ന പ്രതീക്ഷയുള്ളതിനാൽ ആ പേരു നൽകി.

പോർച്ചുഗീസുകാർ ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരങ്ങൾ മുഴുവനും വാണിജ്യകേന്ദ്രങ്ങൾ, മരസാമഗ്രികൾ, ദന്തം, തുടങ്ങിയവ വിൽപ്പന ചെയ്തു. വിൽപ്പന കേന്ദ്രങ്ങൾ അടിമകളെ കച്ചവടം ചെയ്യാനും അവരെ നേരടിയായി പോർച്ചുഗലിലേക്ക് അയക്കാനും സഹായിച്ചു. അടിമകൾ കരിമ്പിൻ തോട്ടങ്ങളിൽ ജോലി ചെയ്യാനായി വിൽക്കപ്പെട്ടു. ശർക്കര യൂറോപ്പിലേക്ക് കയറ്റുമതി ചെയ്യപ്പെട്ടു. ആഫ്രിക്കൻ അടിമച്ചന്തകളിൽ നിന്നും വാങ്ങപ്പെട്ട അടിമകൾ മനുഷ്യത്വമറ്റ മുറയിൽ കോളനി നാടുകളിലേക്ക് കയറ്റി അയക്കപ്പെട്ടു. ശ്വസിക്കാൻ കാറ്റുപോലും കടക്കാത്തവിധം വളരെ ചെറിയ മുറികളിൽ ചങ്ങലകളാൽ ബന്ധിക്കപ്പെട്ട് അടിമകൾ വളരെ യാതന അനുഭവിക്കേണ്ടിവന്നു. യാത്രയുടെ സമയത്തു തന്നെ അവരിൽ പലരും മരണത്തിനു കീഴടങ്ങി. ജീവൻ രക്ഷപ്പെട്ടവർക്ക് അതിനേക്കാൾ ദുരന്തം ആണ് തോട്ടങ്ങളിൽ കാത്തിരുന്നത്. അമേരിക്കയുടെ കണ്ടുപിടിത്തത്തോടു കൂടി അടിമകച്ചവടം വലിയ തോതിൽ വർധിക്കാൻ തുടങ്ങി.

## 8.5(c) സ്പെയിനും പുതിയ ലോകത്തിന്റെ കണ്ടുപിടിത്തവും

സ്പെയിൻ രാജാവ് ഫെർഡിനാൺഡ്, രാജ്ഞി ഇസബെല്ല, എന്നിവരുടെ സഹായത്തോടെ ക്രി.പി 1492 ൽ കൊളംബസ് മൂന്നു കപ്പലുകളിലായി യാത്ര തുടങ്ങി അറ്റ്ലാന്റിക് മഹാസുദ്രത്തെ കടന്നു ചെന്ന അദ്ദേഹം ബഹാമസ് ദ്വീപ്, ക്യൂബ, ഹൈതി തുടങ്ങിയ സ്ഥലങ്ങളിൽ എത്തിച്ചേർന്നു. എന്നാൽ കൊളംബസ് വിചാരിച്ചത് താൻ ഏഷ്യയുടെ അതിർത്തിയിൽ എത്തിച്ചേർന്നു എന്നാണ്. അതിനാൽ അവിടെ കൊളംബസിനെ സ്വീകരിച്ച ജനങ്ങളെ അദ്ദേഹം ഇന്ത്യക്കാർ എന്നു വിളിച്ചു. മറ്റൊരു നാവികനായ അമേരിക്കോ വെസ്പുസി മൂന്നോ നാലോ യാത്രകൾ ചെയ്ത് അമേരിക്കൻ ഭൂഭണ്ഡത്തിൽ എത്തിച്ചേർന്നു. അത് ഏഷ്യ അല്ലെന്ന് അദ്ദേഹം മനസ്സിലാക്കി. എന്നാൽ തെറ്റിദ്ധരണ കൊണ്ട് പുതിയ ഒരു ലോകത്തിലാണ് തങ്ങൾ ചെന്നെത്തിയത് എന്ന് മനസ്സിലാക്കിയതിനാൽ സ്ഥലത്ത് അവർ പുതിയ ലോകം എന്ന് നാമകരണം ചെയ്തു. പിന്നീട് ജർമൻ ഭൂപടനിർമ്മാതാവ് ഒരു ലോകഭൂപടം വരച്ചപ്പോൾ അമേരിക്കോ വെസ്പുസിയുടെ ഓർമ്മയ്ക്കായി പുതിയ ലോകത്തിന് അമേരിക്ക എന്ന് നാമകരണം ചെയ്തു.

## 8.5(d) പോർച്ചുഗീസുകാർ സ്പെയിൻകാർ, ഇവർക്കിടയിലുള്ള മത്സരം

കൊളംബസിനാൽ കണ്ടു പിടിക്കപ്പെട്ട സ്ഥലങ്ങൾക്ക് പോർച്ചുഗീസുകാർ അവകാശം സ്ഥാപിക്കാൻ ശ്രമിച്ചു. ഈ പ്രശ്നം പോപ്പ് അലക്സാണ്ടർ ആറാമന്റെ അടുത്ത് പരിഹാരത്തിനായി എത്തി. അസോറസ് ദ്വീപിനു തെക്കു വടക്കായി ഒരു സാങ്കൽപ്പിക രേഖവരച്ച് പോപ്പ് ഇതിന് ഒരു പരിഹാരം കണ്ടെത്തി. ആ വരയ്ക്ക് കിഴക്കുള്ള സ്ഥലങ്ങൾ പോർച്ചുഗീസിനു സ്വന്തവും പടിഞ്ഞാറുള്ളവ സ്പെയിനിനു സ്വന്തവുമാണ് എന്ന് പോപ്പ് പ്രഖ്യാപിച്ചു. പോർച്ചുഗലിൽ നിന്ന് ക്രി. 1497 ൽ വാസ്കോടഗാമ നാല് കപ്പലുകളുമായി കടൽയാത്ര തുടങ്ങി.

ആഫ്രിക്കയെ ചുറ്റി യാത്ര ചെയ്ത് ഇന്ത്യയിലേക്ക് ഒരു കടൽഗതാഗത മാർഗ്ഗം കണ്ടുപിടിക്കുക എന്നതായിരുന്നു ഗാമയുടെ യാത്രാലക്ഷ്യം. സുപ്രതീക്ഷാ മുനമ്പിൽ എത്തിയതിനു ശേഷം ഒരു അറേബ്യൻ നാവികന്റെ സഹായത്തോടെ ഗാമ ഇന്ത്യയിലേക്ക് യാത്ര തിരിച്ചു. ക്രി.പി 1498 മേയ് മാസം 20 ാം തീയതി മലബാർ കടൽക്കരയിലെ കോഴിക്കോടിൽ എത്തിച്ചേർന്നു. കോഴിക്കോട് അങ്ങാടിയിൽ കുരുമുളകിന്റെയും മറ്റു സുഗന്ധവ്യജ്ഞനങ്ങളുടെയും വിലക്കുറവ് കണ്ട വാസ്കോടഗാമ അതിശയിച്ചു പോയി. കാരണം അവയ്ക്കു പോർച്ചുഗലിൽ വളരെ അധികം വില ഉണ്ടായിരുന്നു. തന്നെ കൊണ്ട് എത്ര വാങ്ങാൻ സാധിക്കുമോ അത്രയും കുരുമുളക് ഗാമ വാങ്ങി. അവയെ പോർച്ചുഗലിൽ വൻവിലയ്ക്കു വിറ്റ് വമ്പിച്ച ലാഭം നേടി. പിന്നീട് പോർച്ചുഗീസ് നാവിക സേന കോഴിക്കോടെത്തി അവിടത്തെ രാജാവായ സാമൂതിരിയെ തോൽപ്പിച്ചു കീഴടക്കി. അതിനു ശേഷം ഗോവയെ പോർച്ചുഗീസുകാർ കീഴടക്കുകയും തങ്ങളുടെ കിഴക്കിലെ തലസ്ഥാനമായി പ്രകടനപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ കിഴക്കിൽ പോർച്ചുഗീസ് സാമ്രാജ്യത്തിനുള്ള അടിത്തറ പാകപ്പെട്ടു.



**വാസ്കോടഗാമ**

ക്രി.പി 1519 ൽ ഫെർഡിനാൻ മെഗല്ലൻ പശ്ചിമദിശയിൽ കടലിൽ യാത്ര ചെയ്ത് ഒരു ജലസന്ധിയെ കടന്നു. പിന്നീട് അത് മെഗല്ലൻ ജലസന്ധി എന്ന് അറിയപ്പെട്ടു.



IX Std - History Malayalam Unit-8.indd 108 3/29/2023 4:09:18 PM

അവിടെ കടൽ ശാന്തമായിരുന്നതിനാൽ അതിനെ പസഫിക് സമുദ്രം (ശാന്തസമുദ്രം) എന്ന് പേരിട്ടു. അദ്ദേഹം ഒരു ദ്വീപ് കണ്ടുപിടിച്ചപ്പോൾ സ്പാനിഷ് രാജകുമാരനായ ഫിലിപ്പിന്റെ പേര് അതിനിട്ടു (ഫിലിപ്പെൻസ്) പ്രാദേശിക ജനങ്ങളുമായുണ്ടായ ഒരു യുദ്ധത്തിൽ മെഗല്ലൻ കൊല്ലപ്പെട്ടു. പക്ഷെ അദ്ദേഹത്തിന്റെ കപ്പൽ സ്പെയിനിലേക്ക് തിരിച്ചെത്തി. ഇങ്ങനെ ലോകത്ത് ആദ്യമായി ലോകം ചുറ്റുന്ന കടൽയാത്ര പൂർണ്ണമായി.

## 8.6 ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങളുടെ ഫലങ്ങൾ

ലോകത്തെ കുറിച്ച് യൂറോപ്യൻമാരുടെ വീക്ഷണത്തെ ഒട്ടാകെ ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾ മാറ്റി മറിച്ചു. ലോകഭൂപടം തന്നെ മാറ്റിവരയ്ക്കാൻ അത് കാരണമായി പുതിയ കരഗതാഗത മാർഗ്ഗങ്ങൾ, കടൽ ഗതാഗത മാർഗ്ഗങ്ങൾ എന്നിവയുടെ കണ്ടുപിടിത്തത്തിന്റെ ഫലമായി യൂറോപ്പിന്റെ സാമ്പത്തിക തലസ്ഥാനം ഇറ്റലീ ഭരണകൂടങ്ങളിൽ നിന്നും സ്പെയിൻ പോർച്ചുഗൽ തുടങ്ങിയ രണ്ടു രാജ്യങ്ങളിലേക്ക് മാറി. സ്പെയിനും പോർച്ചുഗലും കോളനി സ്ഥാപിക്കുന്നതിൽ ഉത്സാഹം കാണിക്കുകയും അത് രാജ്യങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്ക് കാരണമാകുകയും ചെയ്തു.

> അമേരിക്കക്കും യൂറോപ്പിനും മിടയ്ക്ക് അല്ലെങ്കിൽ പുതിയ ലോകത്തിനും പഴയ ലോകത്തിനും ഇടയിൽ സസ്യങ്ങൾ, ജന്തുക്കൾ, സാങ്കേതിക വിദ്യ,സംസ്കാരം, വിചിത്രരോഗങ്ങൾ തുടങ്ങിയവയുടെ കടന്നുകയറ്റത്തിനു പ്രധാന കാരണം യൂറോപ്പ്യൻ അധിനിവേശ ശക്തികൾ അമേരിക്കയെ കീഴ്പ്പെടുത്തിയതാണ്. ഇത് കൊളംബിയൻ പരിമാറ്റം എന്നു അറിയപ്പെടുന്നു.

മക്കാച്ചോളം, ഉരുളക്കിഴങ്ങ്, ചീനികിഴങ്ങ്, തക്കാളി, കൈതചക്ക, അമരിയ്ക്ക, കൂടാതെ കൊക്കോ തുടങ്ങിയ ചെടികളും, തുർക്കി ഗിന്നി പന്നികളും അമേരിക്കയിൽ നിന്നും കയറ്റുമതി ചെയ്യപ്പെട്ട് യൂറോപ്പിൽ പരിചയപ്പെട്ടു. അതേ പോലെ യൂറോപ്പിൽ നിന്നും കരിമ്പ്, ഗോതമ്പ്, അരി, കുതിരകൾ, ആടുമാടുകൾ, ചെമ്മരിയാട്, വെള്ളാടുകൾ തുടങ്ങിയ ജന്തുക്കൾ, സസ്യങ്ങൾ അമേരിക്കയിലേക്ക് എത്തിച്ചേർന്നു. മരണ ആപത്ത് നിറഞ്ഞ രോഗങ്ങളായ വസൂരി, മണ്ണൻ, ചിക്കൻ പോക്സ്, മലമ്പനി, സന്നിപാദജ്വരംതുടങ്ങിയവയുംയൂറോപ്പ്കയറ്റുമതിചെയ്തു. തോക്കുകൾക്കും കുതിരകൾക്കും പുറമേ പ്രാദേശിക വാസികൾ നേരിടേണ്ടി വന്ന പ്രധാന പ്രശ്നം രോഗങ്ങളായിരുന്നു. ഇത്തരത്തിലുള്ള രോഗങ്ങളിൽ നിന്നും രക്ഷ നേടാനുള്ള യാതൊരു തയ്യാറെടുപ്പുകളോ രോഗപ്രതിരോധ മരുന്നുകളോ ഉണ്ടായിരുന്നില്ല. ഇത്തരം രോഗങ്ങൾ അമേരിക്കയിലെ മുഖ്യസ്ഥലങ്ങളിലെല്ലാം ജീവിച്ചിരുന്ന തദ്ദേശീയവാസികളുടെ വംശ നാശത്തിലേക്ക് നയിച്ചു.

കരിമ്പ് പ്രചാരത്തിൽ വന്നതോടെ തെക്കേ അമേരിക്കയിലും കരീബിയൻ ദ്വീപുകളിലും കരിമ്പിൻ തോട്ടങ്ങൾ ഉണ്ടാകാൻ കാരണമായി. ഈ തോട്ടങ്ങളിൽ ആരംഭകാലങ്ങളിൽ തദ്ദേശീയ ജനങ്ങളാണ് ജോലിക്കു നിർത്തപ്പെട്ടിരുന്നത്. തദ്ദേശീയ ജനങ്ങൾ വലിയ തോതിൽ കൊല്ലപ്പെട്ടതിനാൽ ആഫ്രിക്കയിൽ നിന്നും അടിമകളെ ഇറക്കുമതി ചെയ്യേണ്ടി വന്നു. ആഫ്രിക്കയിലെ സാമ്പിയാ, സെനഗൽ, ഗോറീ, എൽമിനാ, കോംഗോ തുടങ്ങിയ നാടുകൾ അടിമകച്ചവടത്തിന്റെ പ്രധാന കേന്ദ്രങ്ങളായി മാറി. അറ്റ്ലാന്റിക്കിനു കുറുകേ നടന്ന ഈ അടിമക്കച്ചവടം ഒരു ത്രികോണ കച്ചവടമായി മാറി. ആഫ്രിക്കയിൽ നിന്നും അമേരിക്കയിലേക്ക് കയറ്റി അയക്കപ്പെട്ട അടിമകളെ യൂറോപ്യൻ രാജ്യങ്ങൾ വിലയ്ക്കു വാങ്ങി പകരം അമേരിക്കയിൽ നിന്നും യൂറോപ്യൻ രാജ്യങ്ങൾ പഞ്ചസാരയും മറ്റു അസംസ്കൃത വസ്തുക്കളും വാങ്ങി. ഈ കച്ചവടത്തിൽ നിന്നും യൂറോപ്പ്യൻ രാജ്യങ്ങൾ വൻ ലാഭം നേടി.



**അടിമകളെ കയറ്റി അയക്കൽ**

ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾ വാണിജ്യ വിപ്ലവത്തിലേക്ക് വഴിതെളിച്ചു. വാണിജ്യ വിപ്ലവത്തിന്റെ പ്രധാനഘടകങ്ങൾ ബാങ്കുകൾ, കൂട്ടു മുതൽ കമ്പനികൾ പിന്നെ വാണിജ്യ വളർച്ച എന്നിവ ആയിരുന്നു

ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങളുടെ അനന്തരഫലമായി പതിനേഴാം നൂറ്റാണ്ടിൽ കിഴക്കിന്ത്യൻ കമ്പനികൾ പലതും ആവിർഭവിച്ചു. ഇംഗ്ലീഷ് ഈസ്റ്റിൻന്ത്യാ കമ്പനി, ഡച്ച് ഈസ്റ്റിൻന്ത്യാ കമ്പനി, ഫ്രഞ്ച് ഈസ്റ്റിന്ത്യാ കമ്പനി എന്നിവ അത്തരത്തിലുള്ളവയാണ്.

ഇന്ത്യയിലേക്ക് പുതിയ കടൽ ഗതാഗത മാർഗ്ഗം കണ്ടുപിടിച്ച പോർച്ചുഗീസുകാർ സുഗന്ധവ്യജ്ഞന കച്ചവടത്തിൽ അറബികൾ, ഈജിപ്തുകാർ, വെനീസുകാർ തുടങ്ങിയവരെ യുദ്ധത്തിൽ തോൽപ്പിക്കുകയും കച്ചവടം അവരുടെ കുത്തകയാക്കി



IX Std - History Malayalam Unit-8.indd 109 3/29/2023 4:09:18 PM

മാറ്റുകയും ചെയ്തു. സ്പെയിൻകാർ പുതിയ ലോകത്തിലുള്ള തങ്ങളുടെ കോളനികളിൽ നിന്നും സ്വർണ്ണം, വെള്ളി മറ്റു ലോഹങ്ങളുടെ ചുരങ്ക പണി, ഗതാഗതം തുടങ്ങിയവയിൽ ആധിപത്യം സ്ഥാപിച്ചിരുന്നു.

ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി ഇന്ത്യയിൽ കുത്തക വാണിജ്യ അധികാരം നേടിയിരുന്നതിനാൽ ധാരാളം ധനം സമ്പാദിച്ചു. മെർക്കാൻടലിസത്തിന്റെ പ്രധാന അംശം എന്നത് കോളനി നാടുകളെ ചൂഷണം ചെയ്ത് അവയുടെ വിഭവങ്ങളെ കോളനിയാധിക്യ നാടുകൾ കൊണ്ടു പോകുക എന്നതാണ്. ഇതു നവീന മുതലാളിത്തത്തിന്റെ വളർച്ചയിൽ ഒരു പ്രധാന ഘട്ടത്തെ പ്രതിനിധീകരിക്കുന്നു.

### പാഠ ചുരുക്കം

- നവോത്ഥാനം, മതപരിഷ്ക്കാരം, പുതിയ കണ്ടുപിടിപ്പുകൾ എന്നിവ നവീന ലോകത്തിനെ രൂപപ്പെടുത്തുന്നു.
- മനുഷ്യസ്നേഹം, വ്യക്തിഗത സിദ്ധാന്തം, യുക്തിവിവാദം, ദേശീയത തുടങ്ങിയ പുതിയ ചിന്തകൾ പ്രബോധോദയ കാലത്തിന്റെ അടിസ്ഥാനമായിരുന്നു.
- ശാസ്ത്രവളർച്ച പുതിയ സാങ്കേതിക ഉപകരണങ്ങളുടെ കണ്ടുപിടിത്തത്തിനും കിഴക്കൻ നാടുകളിലേക്കുള്ള പുതിയ കടൽഗതാഗത മാർഗ്ഗത്തിനും കാരണമായി.
- രാഷ്ട്രീയം, സാമ്പത്തികം, സംസ്കാരം തുടങ്ങിയ മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾ ഏർപ്പെട്ടു

## യൂറോപ്പ് നവീന കാലഘട്ടത്തിൽ കൂടി കടന്നുപോകുമ്പോൾ ഇന്ത്യ

ക്രി.പി 1526 ാം മുഗൾ വിജയ നഗര സാമ്രാജ്യം സ്ഥാപിക്കപ്പെട്ടു. ക്രി.പി 1336 ാം ആ് വിജയ നഗരസാറമാജ്യം കൃഷ്ണദേവരായരുടെ കാലത്ത് ക്രി.പി (പൊ.ആ) 1509 - അതിന്റെ ഉന്നതിയെ പ്രാപിച്ചു.. പോർച്ചുഗീസുകാർ അവരുടെ സാമ്രാജ്യത്തെ കിഴക്കു ഭാഗത്ത് (ഇന്ത്യ - മലാക്ക - ലങ്ക) ഗോവയെ തലസ്ഥാനമാക്കി കടൽ പ്രദേശത്തെയും തങ്ങളുടെ നിയന്ത്രണത്തിൽ വെച്ചു തമിഴ്നാട്ടിൽ മധുരാനയ്ക്കൻമാര പാണ്ഡ്യ രാജ്യത്തെ 72 -പാളങ്ങളായി പിരിച്ച് ഭരിച്ചിരുന്നുജെ.സ്യൂട്ട് മിഷിനറിമാരുടെ വരവും യേശു സംഘത്തിന്റെ അംഗമായ ഫ്രാൻസിസന്റെ പ്രവർത്തനങ്ങളും തുഞ്ഞു കുടിയിലെ മീൻപ ിടുത്ത സമൂഹത്തെ കത്തോലിക്കാ മതത്തിലേക്ക് മാറാൻ കാരണമായിരുന്നു.



തിരുമല നായ്ക്കർ മഹാൽ

## അഭ്യാസം

### I.ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

**1.താഴെ കാണുന്നവരിൽ ആരാണ് മനുഷ്യസ്നേഹത്തിന്റെ പിതാവ് എനഭനു വിളിക്കുന്നത്?**
(a) ലിയനാർഡോ ഡാവിഞ്ചി
(b) പെട്രാക്ക്
(c) എറാസ്മസ്
(d) തോമസ്മോർ

**2. സ്കൂൾ ഓഫ് ഏതൻസ് എന്ന ചിത്രം വരച്ചതാരാണ്**
(a) റഫേൽ
(b) മൈക്കൽ ആഞ്ചലോ
(c) ആൽബ്രക്റ്റ് ഡ്യൂറർ
(d) ലിയനാർഡോഡാവിഞ്ചി

**3.വില്യം ഹാർവി _____ കണ്ടു പിടിച്ചു.**
(a) സൂര്യനാണ് പ്രപഞ്ചകേന്ദ്രം
(b) ഭൗമ പ്രപഞ്ചകേന്ദ്രം
(c) ഭൂഗുരുത്വ ആകർഷണം
(d) രക്തചംക്രമണം

**4. തൊണ്ണൂറ്റിയഞ്ച് പ്രബന്ധങ്ങൾ എഴുതിയത് ആരാണ്?**
(a) മാർട്ടിൻ ലൂഥർ



IX Std - History Malayalam Unit-8.indd 110 3/29/2023 4:09:20 PM

(b) സ്വിഗ്ങ്ങ്ലി
(c) ജോൺ കാൽവിൻ
(d) തോമസ്മോർ

**5.ക്രിസ്തുമതത്തിന്റെ സ്ഥാപനങ്ങൾ എഴുതിയത് ആരാണ്?**
(a) മാർട്ടിൻ ലൂഥർ
(b) സ്വിഗ്ങ്ങ്ലി
(c) ജോൺ കാൽവിൻ
(d) സെർവാന്റിസ്

**6.ഭൂമദ്ധ്യരേഖയെ കടന്ന ആദ്യത്തെ നാവികൻ ആരാണ്**
(a) നാവികൻ ഹെൻറി
(b) ലോപോസോൺ ഗോൽവസ്
(c) ബർത്തലോമിയ ഡയസ്
(d) കൊളംബസ്

**7.പസഫിക് മഹാസമുദ്രം എന്ന് നാമകരണം ചെയ്തത് ആരാണ് _____**
(a) കൊളംബസ്
(b) അമേരിഗോ വെസ്പുസി
(c) ഫെർഡിനാൻഡ് മെഗല്ലൻ
(d) വാസ്ഗോഡഗാമ

**8.അമേരിക്കാ ഭൂഖണ്ഡം _____ കണ്ടുപിടിച്ചു.**
(a) അമേരിഗോ വെസ്പുസി
(b) ക്രസ്റ്റഫർ കൊളംബസ്
(c) വാസ്ഗോഡഗാമ
(d) ഹെർനാഡോ കോട്ടക്സ്

**9. കിഴക്കിൻ പോർച്ചുഗീസ് സാമ്രാജ്യങ്ങളുടെ തലസ്ഥാനം**
(a) മനിലാ
(b) ബോംബേ
(c) പോണ്ടിച്ചേരി
(d) ഗോവ

**10. താഴെ കാണുന്ന സസ്യങ്ങളിൽ യൂറോപ്പ് അമേരിക്കയിൽ നിന്നും കയറ്റുമതി ചെയ്യപ്പെട്ടത് ഏത്?**
(a) കരിമ്പ്
(b) ചീനികിഴങ്ങ്
(c) അരി
(d) ഗോതമ്പ്

IDV9E

## II. പൂരിപ്പിക്കുക

1. ക്രി.പി 1453 ൽ കോൺസ്റ്റാന്റിനോബിൾ _____കൈയ്യടക്കി.
2. _____മനുഷ്യസ്നേഹികളുടെ ഇടയിലെ രാജകുമാരൻ എന്നറിയപ്പെടുന്നു.
3. _____ സിസ്റ്റൈൻ ദേവാലയത്തിലെ മേൽക്കൂരയിൽ വരയ്ക്കപ്പെട്ട തന്റെ ചിത്രങ്ങൾക്കായി പ്രശസ്തി നേടി.
4. കത്തോലിക്ക തിരുസഭയ്ക്കുള്ളിൽ തന്നെ ഏർപ്പെടുത്തപ്പെട്ട പരിഷ്കരണം _____ ആണ്.
5. വാണിജ്യവിപ്ലവത്തിന്റെ പ്രധാന അംശങ്ങൾ _____, _____ ,_____ ആണ്.

## III. ശരിയായ വാക്യം കണ്ടുപിടിക്കുക

1. a) കത്തോലിക്കാ സഭവിവേചനപരമായി പെരുമാറിയതിനാൽ മാർട്ടിൻ ലൂഥർ സഭയുമായുള്ള ബന്ധം വിഛേദിച്ചു.
   b) ജെനീവയിലുള്ള ജോൺ കാൽവിന്റെ സർക്കാർ സ്വതന്ത്രമായതും വിനോദം നിറഞ്ഞതുമായിരുന്നു.
   c) ഹെൻറി എട്ടാമന് കത്തോലിക്കാ സഭയുമായി വൈദിക തത്വങ്ങളിൽ വേർപ്പെട്ടിരുന്നു.
   d)ദേവാലയത്തിലെ കൂട്ടുപ്രാർത്ഥനയുടെ പ്രാധാന്യത്തെയും ഉത്സവങ്ങളുടെ പ്രാധാന്യത്തെയും ട്രെൻട് കൗൺസിൽ വീണ്ടും പ്രതിപാദിച്ച് ഉറപ്പിച്ചു പറഞ്ഞു

2. a) പുതിയ കര, കടൽ ഗതാഗത മാർഗ്ഗങ്ങളുടെ കണ്ടുപിടിത്തത്തിന്റെ ഫലമായി സാമ്പത്തിക കേന്ദ്രങ്ങൾ ഇറ്റാലിയൻ നഗര ഭരണകൂടങ്ങളിൽ നിന്നും സ്പെയിലേക്കും പോർച്ചുഗീസിലേക്കും മാറി.
   b) കുതിരകളുടെജൻമസ്ഥല അമേരിക്കയായിരുന്നു.
   c) നവീനയുഗത്തിന്റെ തുടക്കകാലത്തിൽ സാമ്പത്തിക കാര്യങ്ങളിൽ സർക്കാരുകൾ ഇടപെട്ടിരുന്നില്ല.
   d) പോർച്ചുഗീസുകാർ അറബികളുടെ കൂടെ ചേർന്ന് ഇന്ത്യയിൽ വാണിജ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

## IV.യോജിപ്പിക്കുക

1. ഫ്യൂഡലിസം – കുത്തകവാണിജ്യം
2. മനുഷ്യത്വം – ദൈവനിഷേധികളുടെ വിചാരണ
3. നീതിവിചാരണ – അമേരിക്കയ്ക്കും യൂറോപ്പിനും ഇടയിലുള്ള വാണിജ്യ പരിമാറ്റം
4. മെർക്കുലിസം – സാമൂഹ്യ സാമ്പത്തിക ഘടനയിലെ അധികാരക്രമം
5. കൊളംബിയൻ പരിമാറ്റം – മാനുഷിക ശ്രേഷ്ഠത

## V.ചുരുക്കത്തിൽ ഉത്തരമെഴുതുക

1. അച്ചടിയന്ത്രത്തിന്റെ കണ്ടുപിടിത്തങ്ങൾ നവോത്ഥാനം, മതപരിഷ്കരണം, ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾ എന്നിവയെ സ്വാധീനം ചെലുത്തിയത് എങ്ങനെയന്ന് വിവരിക്കുക ?
2. നവോത്ഥാനത്തിന്റെ ഫലങ്ങളെകുറിച്ച് കുറിപ്പെഴുതുക.
3. കത്തോലിക്കാ സഭയെകുറിച്ച് മാർട്ടിൻ ലൂഥറുടെ അഭിപ്രായമെന്ത് ?
4. മതവാദപരിഷ്കരണം എന്നാലെന്ത്?
5. കൊളംബിയൻ പരിമാറ്റം എന്നാലെന്ത്?



IX Std - History Malayalam Unit-8.indd 111 3/29/2023 4:09:20 PM

## VI. താഴെ പറയുന്ന എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക

**1.** നവോത്ഥാനം

(a) ഇറ്റാലിയൻ നഗര സർക്കാരുകളിൽ ആദ്യമായി നവോത്ഥാനം ഉണ്ടാക്കാനുള്ള കാരണം എഴുതുക.

(b) മനുഷ്യസ്നേഹികളിൽ ചിലരേയും അവരുടെ സൃഷ്ടികളെയും കുറിച്ചും എഴുതുക.

(c) നവോത്ഥാനകാലത്തെ കലയ്ക്കും മദ്ധ്യകാല ഘട്ടത്തിലേക്കും തമ്മിലുള്ള വ്യത്യാസങ്ങളെ കുറിച്ച് എഴുതുക.

(d) മനുഷ്യത്വത്തെ കുറിച്ച് വിവരിക്കുക.

**2.** മതപരിഷ്കരണം

(a) മാർട്ടിൻലൂഥർ കത്തോലിക്കാ സഭയെ എന്തുകൊണ്ടു എതിർത്തു?

(b) വിശ്വാസത്തെ ന്യായീകരിക്കൽ എന്ന തത്വത്തെ കുറിച്ച് വിവരിക്കുക?

(c) ഹെൻറി VIII ാമൻ ആംഗ്ലികൻ സഭയെ സ്ഥാപിക്കാനുള്ള കാരണം

(d) വിശുദ്ധ ഇഗ്നേഷിയസ്ലയോളയുടെ സംഭാവനകളെ കുറിച്ച് എഴുതുക.

**3.** ഭൂമി ശാസ്ത്ര പരമായ ക≠ുപിടിത്തങ്ങൾ

(a) നാവികനായ ഹെൻറി ആര്?

(b) ഭൂമിശാസ്ത്രപരമായ കണ്ടുപ ിടത്തങ്ങൾക്കുള്ള കാരണങ്ങൾ ക്രമീകരിക്കുക.

(c) അമേരിക്കയിൽ പ്രദേശിക ജനങ്ങളുടെ വംശനാശത്തിന് കാരണമെന്ത്?

(d) ത്രികോണ വാണിജ്യം എന്നാലെന്ത്?

## VII താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം വിശദീകരിച്ച് എഴുതുക

**1.** നവോത്ഥാനം മതപരിഷ്കരണം ഭൂമിശാസ്ത്രപ രമായ കണ്ടുപിടിത്തങ്ങൾ എന്നിവ ആധുനിക യുഗത്തിന്റെ ആരംഭത്തെ പ്രഖ്യാപിച്ചു -ചർച്ച ചെയ്യുക?

**2.** ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങളുടെ ഫലങ്ങളെ പരിശോധിക്കുക.

## വിനോദത്തിലൂടെ ചരിത്ര പഠനം

### പ്രവർത്തനങ്ങൾ

തന്നിട്ടുള്ള ലോക ഭൂപടത്തിൽ താഴേപ റയുന്നവരുടെ യാത്രാ മാർഗ്ഗങ്ങൾ രേഖപ്പെടുത്തുക ബർത്തലോമിയോഡയസ്, വാസ്ഗോഡഗാമ, കെളംബസ്, മെഗല്ലൻ.

യൂറോപ്യൻ നാവികരുടെ ചിത്രങ്ങൾ രേഖപ്പെടുത്തുക.

വടക്കുനോക്കിയന്ത്രത്തിന്റെ ഒരു മാതൃക തയ്യാറാക്കുക.

മൂദ്ധ്യകാല യൂറോപ്യൻ രൂപീകരിച്ച കപ്പലിന്റെ മാതൃക തയ്യാറാക്കുക.

### പ്രായോഗികാഭ്യാസം

ഇറ്റലിയുടെ പ്രധാന കലരാപരമായ സൃഷ്ടികളെ കുറിച്ച് ഒരു ആൽബം തയ്യാറാക്കുക.

മാർട്ടിൻ ലൂഥരുടെ ജീവിത ചരിത്രത്തെ ചുരുക്കി എഴുതുക.

അടുത്തുള്ള ഒരു പ്രസ്സിൽ പോയി പണ്ടത്തെ അച്ചടിയന്ത്രത്തിനും ഇപ്പോഴുള്ള അച്ചടിയന്ത്രത്തിനും തമ്മിലുള്ള വ്യത്യാസം മന സ്സിലാക്കുക.

## വിശദമായ വായനയ്ക്ക്


1. Eugene F. Rice Jr., & Anthony Grafton, The Foundations of Early Modern Europe, 1460-1559, W.W. Norton & Company: New York, 2004
2. Edward MacNall Burns, et al., ed., World Civilizations: Their History and Their Culture, Vol. B, W.W. Norton & Company: New York, New Delhi, 1991
3. Euan Cameron, ed., *Early Modern Europe: An Oxford History*, OUP: New Delhi, 2004
4. H.G. Koenigsberger, *Early Modern Europe, 1500 – 1789*, Longman: London, 1989
5. Arvind Sinha, *Europe in Transition: From Feudalism to Industrialization*, Manohar: New Delhi, 2017
6. *കി.ര. അനുമന്തൻ – ഇടക്കാല നാഗരികത്തിന് വരലാറു (കി.പി. (പൊ.ആ.) 476 മുതൽ 1453 വരെ), തപാ.മ.കപ. കഴകം, ചെന്നൈ-6 (ആവണപ്പതിപ്പു – ആകസ്ട് 2017).*
7. *L.C.A. നെലൽസ് – പത്തൊൻപതാം നൂറ്റാണ്ടിൽ കിരേട് പിരിട്ടനിൽ തൊഴിൽ, വാണിപ പുരട്ചികൾ, തപാ.മ.കപ. കഴകം, ചെന്നൈ-6 (ആവണപ്പതിപ്പു – ആകസ്ട് 2017).*


## ഇന്റർനെറ്റ് വിവരങ്ങൾ

1. https://www.italian-renaissance-art.com/
2. https://www.louvre.fr/en/routes/italian-renaissance
3. https://www.nationalgeographic.com/archaeology-and-history/magazine/2017/09-10/history-martin-luther-religious-revolution/
4. http://www.loc.gov/rr/hispanic/portam/role.html



IX Std - History Malayalam Unit-8.indd 112 3/29/2023 4:09:20 PM

യൂണിറ്റ്

9

# വിപ്ലവങ്ങളുടെ കാലഘട്ടം



## പഠനലക്ഷ്യങ്ങൾ

QAU36

**പാഠഭാഗത്തെക്കുറിച്ചുള്ള അറിവ് കരസ്ഥമാക്കൽ**

### I അമേരിക്കൻ സ്വാതന്ത്ര്യസമരം

- യൂറോപ്യന്മാരുടെ അധീനതയിൽ അമേരിക്കയിൽ കോളനികളുടെ രൂപീകരണം. പിന്നീട് ബ്രിട്ടന്റെ നിയന്ത്രണത്തിൽ 13 കോളനി നാടുകളുടെ ഏകീകരണവും കൂട്ടിച്ചേർക്കലും.
- ഇംഗ്ലണ്ടിനും കോളനിനാടുകൾക്കുമിടയിലുള്ള കിടമത്സരവും പ്രധാനപ്പെട്ട ഘടകങ്ങളും
- പ്രാതിനിധ്യം കൂടാതെ നികുതി ചെലുത്തുന്നതിനുള്ളകോളനി നാടുകൾക്കുണ്ടായ എതിർപ്പ് അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിനുവഴിതെളിച്ചു
- അമേരിക്കൻ സ്വാതന്ത്രസമരത്തിന്റെ കാരണങ്ങളും ഫലങ്ങളും
- അമേരിക്കൻ വിപ്ലവവും ആധുനീകലോകത്തിൽ ജനാധിപത്യത്തിന്റെ ആശയവും

### II ഫ്രഞ്ച് വിപ്ലവം

- ഫ്രഞ്ച് വിപ്ലവം പൊട്ടിപ്പുറപ്പെടാനുള്ള രാഷ്ട്രീയ,സാമൂഹിക,സാമ്പത്തിക മാനസീകകാരണങ്ങൾ
- പ്രമുഖമായ എസ്റ്റേറ്റ് ജനറൽമാരുടെ യോഗം വിളിച്ചുകൂട്ടുന്നതിനുണ്ടായ സാഹചര്യങ്ങളും പ്രജാപ്രതിനിധിസഭപ്രാതിനിത്യം വഹിക്കുന്ന സാമാന്യ ജനതയുടെ വീര വാദവും ഫ്രാൻസിലെ ഭരണാധികാരി 16-ാം ലൂയിയുടെ ഉത്തരവും.
- ടെന്നീസ് മൈതാന പ്രതിജ്ഞയുടെയും ബാസ്റ്റെൻ അധഃപതനത്തിന്റെയും ഫലവുമായി രാജ വാഴ്ച്ച അവസാനിപ്പിച്ച് ഒരു ദേശീയഅസംബ്ലി രൂപീകരിക്കുന്നതിന് വഴിയൊരുക്കി.
- ദേശീയ അസംബ്ലിയും ,സിംഹാസനത്തിൽ നിന്നും നീക്കപ്പെട്ട രാജാവും കൂടെ യൂറോപ്യൻ ശക്തികളും വിപ്ലവത്തിനെ അടിച്ചമർത്തി.ആസ്ട്രിയയും,പ്രഷ്യയുംഫ്രഞ്ചിന് എതിരായി ആക്രമണം നടത്തുന്നതിന് പ്രധാനകാരണമായി മാറി.



IX Std - History Malayalam Unit-9.indd 113 3/29/2023 4:43:35 PM

- ദേശീയ സമ്മേളനത്തിലൂടെ വിപ്ലവാത്മകമായ സർക്കാർ രൂപീകരണം ലൂയി 16-ാമന്റെ വധശിക്ഷയും ഫ്രാൻസിനെ റിപബ്ലിക്കായി പ്രഖ്യാപിക്കലും.
- ജന്മിസമ്പ്രദായം ഇല്ലാതാക്കൽ,തിരുസഭസ്വത്തുക്കൾ കൈവശപ്പെടുത്തൽ,പൗരന്മാരുടെ മൗലീകാവകാശങ്ങൾ അറിയിക്കൽ,ഭരണഘടന മുഖവുര തയ്യാറാക്കൽ.
- ജേക്കബിയൻസിന്റെ അധികാരം പിടിച്ചെടുക്കലും റോബസ്പിയറുടെ സ്വേച്ഛാധിപത്യ പ്രവർത്തനങ്ങളും
- റോബസ്പിയറുടെ അധഃപതനവും വിപ്ലവത്തിന്റെ അന്ത്യവും.

I

## 9.1 അമേരിക്കൻ സ്വാതന്ത്ര്യസമരം

### മുഖവുര

മൂന്നു വലിയ വിപ്ലവങ്ങൾ 18 ാം നൂറ്റാണ്ടിൽ പാശ്ചാത്യസമൂഹത്തിന്റെ ഇടയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ ഏർപ്പെടുത്തി. അമേരിക്കൻ വിപ്ലവം ഫ്രഞ്ച് വിപ്ലവം,വ്യാവസായിക വിപ്ലവം തുടങ്ങിയവയിൽ അമേരിക്കൻ വിപ്ലവമാണ് ആദ്യത്തെ രാഷ്ട്രീയ വിപ്ലവം. എന്നിരുന്നാലും ഫ്രഞ്ചു വിപ്ലവത്തിനെ പോലെ പ്രാധാന്യം കൽപ്പിക്കുന്നില്ല. അത് യൂറോപ്പിലെ സമൂഹത്തിനിടയിൽ നടുക്കം ഏർപ്പെടുത്തി. അമേരിക്കൻ വിപ്ലവം മൂലം രാഷ്ട്രീയ മാറ്റങ്ങൾ ഉളവാക്കി. അവ കോളനിവിരുദ്ധ സംഘർഷങ്ങൾക്ക് ആവേശം കൊള്ളിച്ചു.

തോമസ് ജെഫർസൻ 1776 ന്റെ തുടക്കത്തിൽ നടന്ന തെരഞ്ഞെടുപ്പ് പ്രസ്താവനയിൽ സ്വാതന്ത്ര്യ പ്രഖ്യാപനം ഉറപ്പിച്ചു പറയുകയു ണ്ടായി. അമേരിക്കൻ ജനങ്ങൾ ഇംഗ്ലീഷ് ഭരണകൂടത്തിൽ നിന്നും വേർപ്പെടാൻ കൊതിക്കുകയോ താൽപ്പര്യപ്പെടുകയോ ഇല്ല. ജൂലൈ മാസം 1776 ൽ ജെഫർസൻ തന്റെ സ്വാതന്ത്ര പ്രഖ്യാപനത്തിൽ ദത്തെടുത്ത 'ഭൂഖണ്ഡപരമായ കോൺഗ്രസ്സ്' 13 കോളനികളും അവരുടെ അവകാശവാദങ്ങളും എല്ലാവർക്കും ഒരുപോലെയാണെന്ന് അദ്ദേഹം പറഞ്ഞു. അത് ആ സമയത്തിലെ ഒരു വിപ്ലവാത്മകമായ പ്രസ്താവനയായിരുന്നു. പ്രഭുക്കന്മാരെയും രാജാക്കന്മാരെയും ബഹുമാനിക്കുമ്പോൾ വിശ്വവിശാലമായിരിക്കണം. ഈ പാഠത്തിൽ അമേരിക്കയിൽ ഇംഗ്ലീഷ് കോളനികളുടെ സ്ഥാപനവും ഈ കോളനികളിൽ ഉണ്ടാകുന്ന വിപ്ലവത്തെയുമാണ് വിവരിക്കുന്നത്.

### യൂറോപ്യൻ ശക്തികളുടെ കോളനികൾ.

പോർച്ചുഗലും,സ്പെയിനും ഭൂമിശാസ്ത്രപരമായ ഗവേഷണങ്ങളുടെ മുന്നോടികളാണ്. ഇത് കോളനികൾക്ക് അടിത്തറപാകി. ഇംഗ്ലീഷുകാരുടെ കോളനിവൽക്കരണത്തിൽ വളരെയധികം പിന്നിലായിരുന്നു. അവർവടക്കെ അമേരിക്കയുടെ വൻകരഭാഗത്തെ ജോൺ കേബാട്ട് 1497 ൽ നോവാസ് കോഷ്യാ കടൽ സഞ്ചാരത്തെ തുടർന്ന് ഇംഗ്ലീഷുകാർ സൂത്രാത്മകമായ രീതിയിൽ കൈവശപ്പെടുത്തി. എന്നാൽ 16-ാം നൂറ്റാണ്ടിൽ അവർക്ക് നഷ്ടപ്പെട്ട ഭാഗത്തെ തിരിച്ചുപിടിക്കുന്നതിൽ മാർഗ്ഗങ്ങളോ താൽപ്പര്യങ്ങളോ ഉണ്ടായിരുന്നില്ല. ജേംസ്ടപു അമേരിക്കയിൽ 1607 ആദ്യത്തെ ബ്രിട്ടീഷ് കോളനി, മേഫ്ളവർ എന്നുപറയുന്ന കപ്പൽ ഒരു വിഭാഗം പ്യൂരിറ്റൻസിനെ പ്ലൈമൗത്തിലുംഇംഗ്ലണ്ടിലും നിന്നും 1620ൽ അമേരിക്കയിലേക്ക് കൊണ്ടുപോയി. വടക്കേകരയോരത്ത് ഇറക്കപ്പെട്ട ശേഷം ആ ഭാഗത്തെ പുതിയ പ്ലൈമൗത്ത് എന്ന് വിളിക്കപ്പെട്ടു. മറ്റൊരുവിഭാഗം പ്യൂരിറ്റൻ ജോൺവിൻ ത്രൂപ്പിന്റെ നേതൃത്വത്തിൽ മസാചൂസെട്സ് കടൽത്തീരത്തിനടുത്തുള്ള കോളനിയിലേക്ക് യാത്രയായി.


കപ്പൽ മേഫ്ളവർ

> മതപരിഷ്ക്കർത്താക്കൾ തങ്ങളുടെ നേതൃത്വത്തിൽ ഇംഗ്ലണ്ടിലെ തിരുസഭയിൽ റോമൻ കത്തോലിക്ക തിരുസഭ അദ്ധ്യാപനങ്ങളേയും ആചാരങ്ങളേയും ഏർപ്പെടുത്തി.ഇതിനെ പ്യൂരിറ്റൻസ് എന്ന് അറിയപ്പെടുന്നു.ഇംഗ്ലണ്ട് സഭയെ പരിഷ്ക്കരിക്കാനുള്ള അവരുടെ ശ്രമങ്ങളെ സ്റ്റുവർട്ട് രാജാക്കന്മാരായ ജേംസ് ഒന്നാമനും ചാർലസ് ഒന്നാമനും സഹിച്ചില്ല.പ്യൂരിറ്റന്മാർക്കുണ്ടായ പീഡനം അനേകർ ഇംഗ്ലണ്ടിലേക്ക് പോകാനും അവിടെ താമസിക്കാനും ഇടയായി.കോളനികളിൽ അവർ സംഘടിപ്പിച്ച പ്യൂരിറ്റൻ ജീവിതരീതി സ്ഥാപിച്ചു.

പ്യൂരിറ്റന്മാർക്ക് മുൻപ് മറ്റുപല ഗ്രൂപ്പുകളും വടക്കേഅമേരിക്കൻ കടൽ തീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് എത്തിച്ചേരുകയുണ്ടായി. അവരെ പിന്തുടർന്ന് ധാരാളം പേർ കിഴക്കൻ തീരത്തുനിന്നും വടക്കൻ തീരത്തിലേക്കും തെക്കൻ തീരത്തിലേക്കും ചെന്ന് കോളനികൾ സ്ഥാപിച്ചു.ഇവയിൽ ചിലത് കത്തോ



IX Std - History Malayalam Unit-9.indd 114 3/29/2023 4:43:35 PM

ലിക്കൻ കോളനികളാണ്.മററുകോളനി കൾ ഇംഗ്ലണ്ടിലെ ക്വാക്കർ കോളനികളും കവാലിയർ പ്രഭുക്കന്മാർ സ്ഥാപിച്ച കോളനികളുമാണ് (ക്വാക്കർ പിന്നീട് പെൻസിൽ വാനിയ എന്ന് പേരിടപ്പെട്ടു).



തീർത്ഥാടകരായ പിതാക്കന്മാർ

ക്വാക്കർമാരെ ക്രിസ്ത്യൻ കൂട്ടായ്മകൾ സമൂഹത്തിന്റെ അംഗങ്ങൾ എന്നു വിളിച്ചിരിന്നു. അവർ പരിശുദ്ധാത്മാവിന് ഊന്നൽ നൽകുമ്പോൾ വെളിയിൽ നിന്നുള്ള ആചാരങ്ങളെ നിയോഗിക്കപ്പെട്ട മന്ത്രിസഭ നിരസിച്ചു. ഇംഗ്ലണ്ടിലെ സമൂഹത്തിന്റെ സ്ഥാപകനായിരുന്നു ജോർജ് ഫോക്സ്. ക്വാക്കർകൾ സമാധാനത്തിനും യുദ്ധത്തിനുമെതിരെ പ്രവർത്തിച്ച പ്രശസ്തി അവർക്കുണ്ട്.



ജോർജ് ഫോക്സ്

ഡച്ചുകാർ ഒരു നഗരം സ്ഥാപിക്കുകയും അതിനെ പുതിയ ആംസ്റ്റർഡാം എന്നു വിളിക്കുകയും ചെയ്തു.പിന്നീട് ഇംഗ്ലീഷുകാരുടെ പേര് ന്യൂയോർക്കിലേക്ക് മാറ്റുകയായിരുന്നു. അവിടെയും ജെർമൻകാരും,ഡേനിയർകളും,ഫ്രഞ്ചുകാരും ഉണ്ടായിരുന്നു.18ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കിഴക്കൻതീരത്തുണ്ടായിരുന്ന 13 കോളനികളും ബ്രിട്ടന്റെ നിയന്ത്രണത്തിലായിരുന്നു. ഈ 13 കോളനികൾ (വടക്കൻ തീരത്തു നിന്നും തെക്കൻ തീരം വരെ) റോഡ് ദീപ് പുതിയ ഹംപ്ഷർ, മസാചൂസെട്സ്, കണ്ണക്റ്റിക്ട്, ന്യയോർക്ക്, ന്യൂജെർസി, പെൻസിൽ വേനിയ, ഡെലാവെയർ, മേരിലാന്റ്, വിർജീനിയ, വടക്കൻ കരോലിന, തെക്കൻ കരോലിന, ജോർജിയ, 1775ൽ 13 കോളനികളുടെ ജനസംഖ്യ ബ്രിട്ടനിലെ ജനസംഖ്യകളെക്കാളും മൂന്നിരട്ടി വർദ്ധിച്ച് 3 ദശലക്ഷമായിമാറി.




അമേരിക്കയിലെ യൂറോപ്യന്മാരുടെ വരവിന് മുമ്പായി തദ്ദേശീയരായ അമേരിക്കക്കാർ എന്ന പേരിൽ വിളിക്കപ്പെട്ടവർ(റെഡ് ഇന്ത്യൻസ് എന്ന പേരിലാണ് ഇപ്പോൾ ചിത്രീകരിക്കപ്പെടുന്ന ആക്ഷേപഹാസ്യമാണ്.ചരിത്രകാരന്മാർ ഇനി ഈ വാക്ക് ഉപയോഗിക്കില്ല) അമേരിക്കൻ ഭൂഖണ്ഡം മുഴുവനും വ്യാപിച്ചു.പലവിഭാഗത്തിൽ പെട്ടവരിൽ പലരും യുദ്ധത്തിൽ പങ്കെടുത്തിരുന്നു.കൂടാതെ അവർ അടിമത്തത്തിന്റെ സാഹചര്യത്തിൽ ജോലി ചെയ്യാൻ വിസമ്മതിച്ചു.ആക്രമണത്തിന്റെയും നയതന്ത്രത്തിന്റെയും ഒത്തുചേരലിലൂടെ ഈ ഗോത്രങ്ങളിൽ പലരേയും കീഴടക്കിതോൽപ്പിച്ചു.അപ്രകാരം അവരുടെ എണ്ണം കുറഞ്ഞ് ജീവിതത്തിൽ നിന്നും മാറ്റിനിർത്തപ്പെട്ടു.



തദ്ദേശീയഅമേരിക്കക്കാർ

### തോട്ടങ്ങളുംഅടിമത്വവും

തദ്ദേശീയക്കാരായ അമേരിക്കക്കാർ തോട്ടങ്ങളിൽ ജോലി ചെയ്യാൻ ശ്രമിച്ചപ്പോൾ സസ്യങ്ങൾ പ്രധാനമായും പുകയില കൃഷിക്കായി വിർജീനിയ, കരോലിനസ്,ജോർജിയ തുടങ്ങിയ തെക്കൻ സംസ്ഥാനങ്ങൾ ആഫ്രിക്കയിൽ നിന്നുള്ള അടിമകളെ ഏറ്റെടുക്കാൻ തൊഴിലാളികളെ തേടി.

### നികുതി വർദ്ധിപ്പിക്കൽ

ഓരോ കോളനിയിലും ഒരു ഗവർണ്ണറും നിയമസഭകളും അദ്ധേഹത്തിന്റെ അധികാരം പരിശോധിച്ചു.അങ്ങനെ ആരംഭത്തിൽ ബ്രിട്ടീഷുകാർക്കും യാതൊരുവിധപ്രശ്നങ്ങളും ഉണ്ടായിരുന്നില്ല. ബ്രിട്ടണും, അമേരിക്കയും തമ്മിൽ ഓഹരിയിൽ തർക്കമാണ്. ഇംഗ്ലണ്ടിലെ രാജാവും പലവലിയ ഭൂവുടമകളും ഈ കോളനികളിൽ വലിയ ധനസഹായം നൽകി. ബ്രിട്ടണും ഫ്രാൻസും തമ്മിലുള്ള ഏഴ് വർഷത്തെ യുദ്ധം അമേരിക്കൻ കോളനികളുടെ നിയന്ത്രണത്തെ കേന്ദ്രീകരിച്ചായിരുന്നു. ബ്രിട്ടൺ ഫ്രാൻസിനെ തോൽപ്പിക്കുകയും കാനഡയുടെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തു. പക്ഷേ യുദ്ധം ബ്രിട്ടീഷുകാർക്ക് വലിയ നഷ്ട്ടം ഉണ്ടാക്കി. അമേരിക്കൻ കോളനി അധികാരികളോട് യുദ്ധ ചെലവുകൾ ചെയ്യുന്നതിന് ബ്രിട്ടീഷ് മന്ത്രിമാർ



IX Std - History Malayalam Unit-9.indd 115 3/29/2023 4:43:36 PM

നിർദ്ദേശിച്ചു. അങ്ങനെ പല കോളനികളിലും നികുതി ചുമത്തി.ഇതിൽ ശ്രദ്ധിക്കേണ്ടത് ബ്രിട്ടീഷ് പാർലമെന്റിൽ അമേരിക്കൻ ജനതയ്ക്ക് പ്രാതിനിധ്യം ഇല്ലെന്നാണ്.

1764 ലെ പഞ്ചസാര നിയമ വിദേശമദ്യത്തിന്റെ ഇറക്കുമതി നിരോധിക്കുകയും, ശർക്കര, വീഞ്ഞ്, പട്ടുതുണികൾ കാപ്പി മറ്റും പലആഡംബരവസ്തുക്കളിന്മേൽ നികുതി വിധിക്കുകയും ചെയ്തു. നിയനം നടപ്പിലാക്കിയശേഷം നിയമ നിർമ്മാണത്തിലും ടൗൺമീറ്റിങ്ങുകളിലും വ്യാപാരികൾ അതിനെ പ്രതിഷേധിച്ചു. പഞ്ചസാര നിയമത്തിന്റെ ആമുഖം നികുതിയല്ലാത്ത പ്രാതിനിധ്യം എന്ന മുദ്രാവാക്യമായിരുന്നു. ഉടൻ തന്നെ കറൻസി നിയമം പാസാക്കിയത്. സ്വർണ്ണത്തിലോ വെള്ളിയിലോ മാത്രം കടം തിരിച്ചടയ്ക്കുന്ന കോളനികളിൽ സമ്മർദ്ദമാണ്ടാക്കി. അത് കോളനിയുടെ സമ്പദ്വ്യവസ്ഥയിൽ വലിയ മാറ്റമായി. 1765 ലെ കാർട്ടർ നിയമം കോളനികൾ അമേരിക്കയിൽ ബ്രിട്ടീഷ് പട്ടാളക്കാരെ സൂക്ഷിക്കുന്നതിനുള്ള ചെലവ് അടയ്ക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. മുദ്രക്കടലാസ്സ് നിയമം 1765 ലണ്ടനിൽ നിർമ്മിച്ച മുദ്രകടലാസിൽ കോളനികളിലെ നിരവധി അച്ചടിവസ്തുക്കൾ നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു ശിലാശാസന റവന്യു മുദ്രചുമത്തി.

## ടൗൺഷെന്റ് നിയമങ്ങൾ

ബ്രിട്ടീഷ് ധനകാര്യമന്ത്രി ചാൾസ് ടൗൺഷെന്റ് ഇറക്കുമതി ചെയ്യുന്ന വസ്തുക്കളുടെ മേൽ പുതിയവരി വിധിപ്പ് രീതി കൊണ്ടുവന്നു. ഇതിനെ ടൗൺഷെന്റ് നിയമങ്ങൾ എന്നു പറയുന്നു. അവർകോളനികളിൽ ഇറക്കുമതിചെയ്യുന്ന സാധനങ്ങൾക്ക് കുറിപ്പായി കണ്ണാടി. പേപ്പർ, പെയിന്റ്, ഈയം, ചായ മുതലായവയ്ക്ക് നികുതി ചുമത്തി. കൂടാതെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർ വീടുകളിലും കച്ചവടസ്ഥാപനങ്ങളിലും കള്ളക്കടത്ത് സാധനങ്ങൾ അല്ലെങ്കിൽ നിയമവിരുദ്ധ സാധനങ്ങൾ കണ്ടെത്താൻതുടങ്ങി.

ടൗൺഷെന്റ് നിയമത്തിനെതിരെ വ്യാപകമായ പ്രതിഷേധം ഉണ്ടായിരുന്നു. ബോസ്റ്റണിലെ വ്യാപാരികൾ ബ്രിട്ടീഷ് വസ്തുക്കളിന്മേൽ ബഹിഷ്ക്കരണം നടത്തി. താമസിയാതെ മറ്റ് കോളനികൾ പ്രതിഷേധത്തിൽ പങ്കെടുത്തു. സ്ത്രീകൾ സ്വന്തമായി ഒരു സംഘടന രൂപീകരിച്ചു. ഇതിനെ പെൺകുട്ടികളുടെ സ്വാതന്ത്ര്യം എന്ന് വിളിക്കുന്നു. ഭരണഘടനാപരമായ മാർഗ്ഗങ്ങളിലൂടെ നേതാക്കൾ സമ്മർദ്ദം ചെലുത്തുകയും ജനങ്ങൾക്ക് ശാന്തത ഉറപ്പാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇത് ജനങ്ങളെ കൂടുതൽ കോപിഷ്ടരാക്കി. 1770 മാർച്ചിൽ ജനക്കൂട്ടത്തിന് നേരെ സൈന്യം വെടിവെച്ചതിനെ തുടർന്ന് ബോസ്റ്റണിലുണ്ടായ ക്രോധം അവരിൽ ഹിമഗോളം പേലെ വളർന്നു വലുതായി.ഈ സംഭവം ബോസ്റ്റൺ കൂട്ടക്കൊല എന്നറിയപ്പെടുന്നു. പത്രങ്ങൾ, പോസ്റ്ററുകൾ, ലഘുലേഖനങ്ങൾ എന്നിവയിലൂടെ അതിശക്തമായ ബ്രിട്ടീഷ് വിരുദ്ധ പ്രചരണം ഉയർത്തി.

പ്രതിഷേധവും ബഹിഷ്ക്കരണവും മൂലം ബ്രിട്ടീഷ് പാർലമെന്റ് ടൗൺ ഷെന്റ് നിയമത്തെ റദ്ദാക്കി. എന്നിരുന്നാലും ചായക്കച്ചവടത്തിന് നികുതി പിരിച്ചെടുത്ത് ഈസ്റ്റിന്ത്യാ കമ്പനിയുടെ കച്ചവടത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി അമേരിക്കയ്ക്ക് ചായ എടുക്കാനും അത് അവിടെ വിൽക്കാനും സഹായിച്ചു. ഇത് പ്രാദേശിക തേയില വ്യാപാരത്തെ ഉപദ്രവിച്ചതിനാൽ വിദേശചായയെ ബഹിഷ്ക്കരിക്കാൻ തുടങ്ങി.

## ബോസ്റ്റൺ തേയിലവ്യാപാരം

പലസ്ഥലങ്ങളിലും കോളനി അധികൃതർ തേയിലയുടെ ഇറക്കുമതിയെ തടസ്സപ്പെടുത്തി. ചാൾസ് ടൗണിലും തേയില ഇറക്കുന്നതിനെ തടസ്സപ്പെടുത്തി. ന്യൂയോർക്കിലെ ഫിലാഡെൽഫിയയിലും ചായകൊണ്ട് വന്ന കപ്പൽ തടസ്സപ്പെടുത്തി. 1773 ഡിസംബറിൽ ഒരു കൂട്ടം ആൾക്കാർ തദ്ദേശീയ അമേരിക്കക്കാരനായി വേഷം മാറി കാർഗോ കപ്പലിൽ ഉണ്ടായിരുന്ന ചായപ്പെട്ടികളെ കടലിൽ വലിച്ചെറിഞ്ഞു. ബോസ്റ്റൺ ടീപാർട്ടി എന്ന നിലയിൽ പ്രശംസിക്കപ്പെട്ട ഒരു വലിയ സമൂഹത്തിനു മുന്നിൽ ഇത് പരസ്യമായി ചെയ്തു. ഇത് ഒരു പ്രശ്നമായി മാറി. കോളനികൾക്കും ഇംഗ്ലണ്ടിനും തമ്മിൽ യുദ്ധത്തിലേക്കുള്ള ഒരു വെല്ലുവിളിയായി മാറി




## അമേരിക്കൻ സ്വാതന്ത്ര്യസമരം


ജോർജ്ജ് വാഷിംങ്ടൺ

1774ൽ കോളനികൾക്കും ഇംഗ്ലണ്ടിനും ഇടയിൽ യുദ്ധം ആരംഭിക്കുന്നതിന് തൊട്ടു മുമ്പായി ജോർജ്ജ് വാഷിങ്ടൺ പറഞ്ഞത് വടക്കേ അമേരിക്കയിൽ ചിന്തിക്കുന്ന ഒരു മനുഷ്യന് സ്വാതന്ത്ര്യം ആവശ്യമില്ല എന്നാണ്. 1774 മേയ് 17 ന് വിർജീനിയ നിയമസഭയിൽ തോമസ് ജെഫർസൺ പ്രസ്താവിച്ചത് 1774 ജൂൺ 1 ാം തിയ്യതി ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ഒരു ദിവസമായിരിക്കുമെന്നാണ്. എന്നിട്ടും അദ്ദേഹം കോളനി വിദഗ്ദനായ സർവ്വസേനാപതിയും പിന്നീട് അമേരിക്കയുടെ ആദ്യത്തെ രാഷ്ട്രപതിയുമായി മാറി. സ്വാതന്ത്രത്തിനുവേണ്ടി കോളനികൾ യുദ്ധം ആരംഭിച്ചില്ല. അവരുടെ പരാതികൾ നികുതികളിലും



IX Std - History Malayalam Unit-9.indd 116 3/29/2023 4:43:36 PM

വാണിജ്യനിയന്ത്രണത്തിലുമായിരുന്നു. ബ്രിട്ടീഷ് പാർലമെന്റിന് അവരുടെ ഇഷ്ടത്തിനെരായി നികുതി ചുമത്താൻ അവരെ വെല്ലുവിളിച്ചു. പ്രതിനിധാനമില്ലാതെ യാതൊരു നികുതിയു മില്ല എന്നത് അവരുടെ പ്രശസ്തമായ പോർവി ളിയായിരുന്നു.

### ഭൂഖണ്ഡങ്ങളുടെ ഒന്നാം സമ്മേളനം

### സെപ്റ്റംബർ 5, 1774


തോമസ് ജെഫർസൻ

ബോസ്റ്റൺ തുറമു ഖത്തുണ്ടായ പുരോഗതി യിൽ അസ്വസ്ഥത ഏർ പ്പെട്ടു. മസാച്ചൂഡെറ്റിന്റെ ഗവർണ്ണറായി ബ്രിട്ടീഷ് സർക്കാർ ജനറൽ ഗെയ് ലിനെ ചുമതലപ്പെടുത്തി. ബോസ്റ്റണിലേക്ക് സേന യെ യു മ യ ച്ചി രു ന്നു. നിയമം ലംഘിച്ചവരെയെല്ലാം ബ്രിട്ടണിൽ കൊണ്ടു പോകണമെന്ന നിർ ണ്ണായക നിയമങ്ങൾ പാസ്സാക്കി. ഈ പ്രസ്താവനയാൽ കൊളോണി യൽ ഗവർണർ സഭയെ പിരിച്ചു വിട്ടു. അതിനെ തുടർന്ന് ഭൂഖണ്ഡകോൺഗ്രസ്സ് രൂപീകരിക്കാൻ അംഗങ്ങൾ ഒരു പ്രമേയം അവതരിപ്പിച്ചു. താമ സിയാതെ മറ്റുകോളനികളിൽ നിന്നും അംഗങ്ങൾ ഇതിൽ ചേർന്നു. 1774 സെപ്റ്റംബർ 5ന് ആദ്യ ഭൂഖണ്ഡ കോൺഗ്രസ്സ് ഫിലാഡെൽഫിയയിൽ കണ്ടുമുട്ടി. കോളനികളുടെ പ്രതിനിധികളുടെ വോട്ട് രേഖപ്പെടുത്താൻ കോൺഗ്രസ്സ് സമ്മതി ക്കുകയും മേലൊപ്പുവയ്ക്കപ്പെട്ട താങ്ങാൻ കഴി യാത്ത ഭേദഗതി അസാധുവാക്കുകയും ചെയ്തു. ഇതു ബ്രിട്ടീഷുകാർക്കെതിരായി സാമ്പത്തിക ഉപ രോധനങ്ങൾ ആവശ്യപ്പെട്ടു. കോൺഗ്രസ്സ് ഒരു അമേരിക്കൻ അവകാശം പ്രഖ്യാപിച്ചു.

### ഭൂഖണ്ഡങ്ങളുടെ രണ്ടാമത്തെ സമ്മേളനം

1775 മാണ്ട് മെയ് മാസം 10ാം തിയ്യതി ഫിലാ ഡെൽഫിയയിൽ വച്ചുനടന്നു. ജോൺ ആഡംസ്, സാം ആഡംസ്, റിച്ചാർഡ് ഹെന്റിലീ, തോമസ് ജെഫർസൻ തുടങ്ങിയവർ ഈ സമ്മേളനത്തി ന്റെ മുഖ്യ പ്രതിനിധികൾ ആകുന്നു. ബോസ്റ്റ ണിൽ കൂടിയിരുന്ന സേനകളെ ഭൂഖണ്ഡങ്ങളുടെ ജവാന്മാർഎന്നു വിശേഷിപ്പിച്ചു. ഈ സമ്മേള നം ജോർജ്ജ് വാഷിംങ്ടനെ ഈ സേനകളുടെ മേധാവിയായി നിയമിച്ചു.ഇംഗ്ലണ്ടുമായി തത്കാലം യുദ്ധം നിർത്തിവെക്കാൻ ഉടമ്പടി ചെയ്യുന്നതിന് ഇനിയും സാഹചര്യമുള്ളതായി വിശ്വസിച്ച ഈ സമ്മേളനം പ്രശ്നം അവസാനിപ്പിക്കുന്നതിനായി സമാധാന ചിഹ്ന ഹർജിയെ ഇംഗ്ലണ്ടിലെ സർ ക്കാറിന് അയച്ചുകൊടുത്തു. മത്രമല്ല ആയുധം താങ്ങുന്നതിനുള്ള ആവശ്യവും കാരണവും എന്ന പ്രകടനവും പുറപ്പെടുവിച്ചു.

യുദ്ധം ആരംഭിച്ചപ്പോൾ ഭൂഖണ്ഡങ്ങളു ടെ സമ്മേളനം ഒരു സർക്കരിനെപോലെ പ്രവർ ത്തിക്കാൻ തുടങ്ങി. 1775 ജൂലൈ മാസത്തിൽ തദ്ദേശീയ അമേരിക്കക്കാരോട് ചർച്ച ചെയ്യുന്ന തിനായി അധികാരികളെ നിയമിച്ചു. തപാൽ നിലയം സ്ഥാപിക്കപ്പെട്ട് ബെഞ്ചമിൻ ഫ്രാങ്കി ളിനെ അതിന്റെ ചുമതലക്കാരനായി നിയോ ഗിച്ചു. വിദേശ സഹായത്തിനുള്ള സാധ്യത കൾ പര്യവേഷണം ചെയ്യാൻ ഒരു കമ്മറ്റി രൂപീകരിച്ചു.

### ബങ്കർക്കുന്ന് യുദ്ധം

ആദ്യത്തെ വലിയ യുദ്ധമായ ബങ്കർക്കുന്ന് യുദ്ധം 1775 മാണ്ട് ജൂൺ മാസം 17 ാം തിയതി മാസാചൂസെട്സിൽ വെച്ചുനടന്നു. 2200 ഭടന്മാരെ കൊണ്ട് ശക്തമായ ബ്രിട്ടീഷ് പടയാളികൾ രണ്ടുതവണ പിൻവാങ്ങാൻ നിർബന്ധിതരായി മൂന്നാമത്തെ പരിശ്രമത്തിൽആയിരക്കണക്കിന് സൈനികരുടെ കനത്ത അപകടത്തിൽ ബ്രിട്ടീഷ് സൈന്യം വിജയിച്ചു. ഈ യുദ്ധത്തിനു ശേഷം വാഷിങ്ടൺ അമേരിക്കൻ സൈന്യത്തിന്റെ മേധാവിയായി സ്ഥാനമേറ്റു.വളരെ വേഗം ബ്രിട്ടീഷ് സൈന്യം ബോസ്റ്റണിൽ നിന്നും പിൻവാങ്ങി.

### സ്വാതന്ത്ര്യ പ്രഖ്യാപനം

1776 ജനുവരിയിൽ സാധാരണ അറിവ് എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. ഇതിന്റെ രചയിതാവ് ഇംഗ്ലണ്ടിൽ നിന്നും അമേരിക്കയിൽ കുടിയേറിയ തോമസ് സ്പെയിൻ ആണ്. ഇംഗ്ലണ്ടിലെ രാജവാ ഴ്ചയെ വിമർശിച്ച് ഇത് പൂർണ്ണസ്വാതന്ത്രത്തിന യി ആഹ്വാനം ചെയ്തു. വളരെ പെട്ടെന്ന് ലഘു ലേഘയുടെ 100000 പകർപ്പുകൾ വിറ്റഴിഞ്ഞു. സാ മാന്യബുദ്ധി മനുഷ്യരുടെ മനസ്സുകളിൽ ശക്തമായ മാറ്റത്തെ ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്ന് ജോർജ്ജ് വാഷിംങ്ടൺ അഭിപ്രായപ്പെട്ടു.

1776 മാണ്ട് ജൂൺ മാസം 7- ാം തിയ്യതി വെർ ജീനിയയിലെ റിച്ചാർട് ഹെൻട്രി ലീ സ്വാതന്ത്ര്യ പ്രഖ്യാപനം ചർച്ച ചെയ്തു. ധാരാളം ചർച്ചകൾക്കു ശേഷം തോമസ്ജെഫർസൻ തയ്യാറാക്കിയ സ്വാത ന്ത്ര്യപ്രഖ്യാപനം 1776 ജൂലൈ മാസം 4ാം തിയ്യതി ഈ സമ്മേളനത്തിൽ സ്വീകരിക്കപ്പെട്ടു. ഈ ദിവ സം അമേരിക്കൻ സ്വാതന്ത്ര ദിനമായി ആചരിച്ചു വരുന്നു.

### യുദ്ധം

1776 ജൂലൈ മാസം 2-ാം തിയ്യതി ജനറൽ ഹൊവിന്റെ നേതൃത്വത്തിൽ ബ്രിട്ടീഷ് സൈന്യം തങ്ങൾക്ക് നഷ്ടപ്പെട്ടതിനെ തിരി ച്ചുപിടിക്കാനുള്ള ശ്രമം നടത്തി.ലോംഗ്ദീ പിൽ നിന്നും ഒഴിഞ്ഞു നിൽക്കാൻ വാഷിം ങ്ടൺ നിർബന്ധിതനായി.പ്രധാനപ്പെട്ട അമേ രിക്കൻ സൈന്യം ന്യൂയോർക്കിൽ മഞ്ഞു കാലം മാറട്ടെ എന്ന് കാത്തു നിന്നപ്പോൾ ടെന്റൺ എന്ന സ്ഥലത്ത് വാഷിംങ്ടൺ സുധീ



IX Std - History Malayalam Unit-9.indd 117 3/29/2023 4:43:36 PM



അമേരിക്കൻ സ്വാതന്ത്ര സമരം

രമായ ആക്രമണം നടത്തി ഇംഗ്ലണ്ടിലെ സൈന്യങ്ങളെ പ്രിൻസ്ടൺ എന്ന സ്ഥലത്തുവെച്ച് തോൽപ്പിച്ചു.

### ഫ്രാൻസുമായുള്ള സഖ്യം

കോളനികളെ 1777ൽ രണ്ടായി വിഭജിക്കുന്ന ലക്ഷ്യത്തോടെ വടക്കൻ പ്രദേശത്തുനിന്നും നടത്തിയ ആക്രമണം പരാജയപ്പെട്ടു. എന്നിരുന്നാലും ഫിലാഡെൽഫിയയെ കൈവശപ്പെടുത്തുന്നതിൽ വിജയം പ്രാപിച്ചു. ഫിലാഡെൽഫിയയുടെ ഒരു ചെറിയ നഗരത്തെ കൈവശപ്പെടുത്താനുള്ള വാഷിംങ്ടന്റെ പരിശ്രമങ്ങളെ കോൺവാലീസ് അവസാനിപ്പിച്ചു. എന്നാൽ ഇംഗീഷ് സൈന്യത്തെ സാരടോഗ എന്ന സ്ഥലത്തുവെച്ച് പരാജയപ്പെടുത്തി. ഈ പരാജയം അമേരിക്കയും ബ്രിട്ടനും സഖ്യത്തിലേർപ്പെടാൻ കാരണമായി. 1778 ഫെബ്രുവരി 6ൽ ഫ്രാൻസ്, അമേരിക്ക തുടങ്ങിയ നാടുകൾ രണ്ടു കരാറുകളിലും ഒപ്പുവച്ചു. അപ്രകാരം ഫ്രാൻസ് അമേരിക്ക ഐക്യനാടുകളെ അംഗീകരിച്ച് വ്യാപാര സൗജന്യം നൽകി. ഇതിനെ തുടർന്ന് 1778ൽ ജൂൺ മാസത്തിൽ ഇംഗ്ലണ്ടിനും ഫ്രാൻസിനുമിടയിൽ യുദ്ധം ഏർപ്പെട്ടു.

### യോക്ക്ടൗൺ വിജയം

1778ന്റെ അവസാനഘട്ടത്തിൽ യുദ്ധത്തിന്റെ അടുത്തകളം തെക്കൻ സംസ്ഥാനങ്ങളിലേക്ക് മാറി. 1781 മാർച്ച് ഗിൽഫോർഡ് കോർട്ട് ഹൗസ് എന്ന സ്ഥലത്ത് വെച്ച് നടന്ന യുദ്ധത്തിൽ കോൺവാലീസ് വൻനാശനഷ്ടങ്ങളെ നേരിട്ട് കനത്തപരാജയത്തിലേർപ്പെട്ടു. ഈ പരാജയത്തിനുശേഷം അദ്ദേഹം തന്റെ സൈന്യങ്ങളുമായി വെർജീനിയയിലേക്ക് പുറപ്പെട്ടു. അവിടെ സഹായമില്ലാത്ത സാഹചര്യം കണ്ട അദ്ദേഹം യോക്ക്ടൗൺ ആക്രമണത്തിൽ നിന്നും രക്ഷപെടാൻ ഒരു തൽക്കാല യുദ്ധരീതി പിൻതുടർന്നു. കടൽമാർഗ്ഗമായി അദ്ദേഹത്തിന് സഹായങ്ങൾ ലഭിക്കാത്ത വണ്ണം ഫ്രഞ്ചുകപ്പലുകൾ വഴിയിൽ നിന്നിരുന്നു. സെപ്തംബർ മാസം ജോർജ്ജ് വാഷിംങ്ടൺ അമേരിക്ക ഫ്രഞ്ച് സൈന്യങ്ങളെ സംയോജിച്ചുകൊണ്ട് യോർക്ക് ടൗണിനെ ആക്രമിച്ചു. 1783ൽ പാരിസ് സമാധാന ഉടമ്പടിയിൽ ഒപ്പുവച്ചു. ഇംഗ്ലണ്ട് അമേരിക്ക ഐക്യനാടുകളുടെ സ്വാതന്ത്ര്യത്തെ അംഗീകരിച്ചു. 1781 ൽ യോർക്ക് ടൗണിൽ നിന്നും ഇംഗ്ലീഷ് സൈന്യം പോയതിനെ തുടർന്ന് അമേരിക്കൻ സൈന്യം ലോകം തലകീഴായി മാറി എന്ന ഗാനം ആലപിച്ചു.

### ഫലങ്ങൾ

യുദ്ധത്തിന്റെ അടിയന്തര ഫലം അമേരിക്കയുടെ സ്വാതന്ത്രമായിരുന്നു. ഇതാദ്യമായി കോളനി ആധികൃത്തിനെ കോളനി ആധികൃത്തിൽപ്പെട്ട വരാൽ തൂക്കിയെറിയപ്പെട്ടതാകുന്നു. അമേരിക്ക ഐക്യനാടുകളിൽ ഒരു ജനാധിപത്യ സർക്കാർ രൂപം കൊള്ളുന്നതിൻ കാരണമായി. കുടിയേറ്റ നാടുകൾ യൂറോപ്പിന്റെ ഫ്യൂഡെൽ അസമത്വം ഇല്ലാതാക്കാൻ കോളനി അധികാരികൾ ആഗ്രഹിച്ചു. അതിൽ അവർ വിജയിച്ചു. യൂറോപ്പിലെ പ്രബുദ്ധതയുടെ അനേകം പിൻതുടർച്ചക്കാരെ സംബന്ധിച്ചിടത്തോളം സ്വാതന്ത്രപ്രഖ്യാപനത്തിന്റെ ഭാഷതങ്ങളുടെ ആശയങ്ങളുടെ ജീവിത നില



IX Std - History Malayalam Unit-9.indd 118 3/29/2023 4:43:37 PM

വാരം പുലർത്തിയതായി തോന്നി. 1776ലെ സ്വാതന്ത്ര്യപ്രഖ്യാപനം ജന്മനാൽ എല്ലാവരും സമം എന്നാണ്.


ലഫായറ്റ്

1777 കാലഘട്ടത്തിൽ ഏതാണ്ട് എല്ലാ കോളനികളും ഒരു ഭരണഘടനഘടനാ നിർമ്മിതിയു≠ായിരുന്നു. ഈ ഭരണഘടനകൾ വ്യക്തിപരമായഅവകാശങ്ങൾ,മാദ്ധ്യമസ്വാതന്ത്ര്യം മതസ്വാതന്ത്ര്യം മുതലായവയെ സംരക്ഷിച്ചു. ഭൂഖണ്ഡങ്ങശുടെ സമ്മേളനം നാടുകളുടെ കൂട്ടായിമ്മക്കുള്ള വ്യവസ്ഥകളെ ആസൂത്രണം ചെയ്തു.സർക്കാരും തിരു സഭയും പ്രത്യേകം പ്രത്യേകം പിരിക്കപ്പെട്ടു. തോമസ് ജെഫർസൻ അദ്ദേഹത്തിന്റെ വിർജിനിയ മത സ്വാതന്ത്ര ശാസ്ത്രത്തിൽ മതസ്വാതന്ത്രത്തെ അവതരിപ്പിച്ചു. പിന്നീട് ഇത് അമേരിക്കൻ ഭരണ ഘടനയിൽ ചേർന്നു.

ഇംഗ്ലണ്ടിന് എതിരായി വാഷിംങ്ടന്റെ പക്കൽ നിന്നുകൊണ്ട് 1781 ൽ യോർക്ക് ടൗണിൽ വച്ച് നടന്ന അവസാനഘടയുദ്ധം വരെ പോരാടിയ ലഫായെറ്റ് ഫ്രഞ്ചുപിപ്ലവകാലത്ത് ഫ്രഞ്ചു ദേശീയ കാവൽക്കാരൻ എന്ന സൈന്യവിഭാഗത്തിന്റെ നേതൃത്വം ഏറ്റെടുത്തു. ജെഫർസന്റെ സഹായത്തോടെ മനുഷ്യാവകാശത്തിന്റെയും പൗരന്റെ പ്രഖ്യാപനത്തെ അദ്ദേഹം എഴുതി. 1789 ആഗസ്റ്റ് 27ന് ദേശീയ അസംബ്ലിയുടെ അംഗീകാരം നേടി.

II

## 9.2 ഫ്രഞ്ചു വിപ്ലവം

### ആമുഖം

1789 ൽ ഫ്രഞ്ചുവിപ്ലവം പൊട്ടിപ്പുറപ്പെട്ടു. (1789ലെ വിപ്ലവത്തിന് മുമ്പ് ഫ്രാൻസിൽ നിലനിന്നിരുന്ന രാഷ്ട്രീയസാമൂഹികസ്ഥിതി)ഫ്രഞ്ചു രാജവാഴ്ച്ച പ്രതിരോധങ്ങളൊന്നും ഇല്ലാതെ 140 വർഷക്കാലം അധികാരത്തിലായികരുന്നു. ലൂയി പതിനാലാമനും അദ്ദേഹത്തിന്റെ കൊട്ടാരവും സ്വേച്ഛാധിപത്യ ഭരണരീതിയും ഫ്രാൻസിലെ അടയാള ചിഹ്നങ്ങളാണ്. എന്നിരുന്നാലും 1789ലെ വേനൽകാലത്ത് ആ ശക്തിപെട്ടെന്ന് കുലുങ്ങാൻ തുടങ്ങി.ലൂയി പതിനാറാമൻ 1789 മെയ് മാസം ഫ്രാൻസ് നാട്ടിന്റെ പാർലമെന്റായ സ്റ്റേറ്റ് ജനറൽ വിളിച്ച് കൂട്ടി. ഈ സഭ മൂന്ന വിഭാഗത്തിലുള്ള പ്രതിനിധികളെ കൊണ്ടതായിരുന്നു. അവർ മത പുരോഹിതന്മാർ(മതപരമായ ചുമതലക്കായി നിയനമിക്കപ്പെട്ട പുരുഷന്മാരും സ്ത്രീകളും) പ്രഭുക്കന്മാരും സാധാരണക്കാരും (നിയമസ്ഥർ, സമ്പന്നർ, ബാങ്ക് ജീവനക്കാർ, കച്ചവടക്കാർ സമ്പന്നരായ ഭൂരഹിതർ)തുടങ്ങിയവർ, മൂന്നാമത്തെ വിഭാഗത്തിനെകൊണ്ട സാധാരണക്കാരുടെ പ്രതിനിധികൾ പ്രഭുക്കന്മാരെ വണങ്ങാനോ രാജാവിന്റെ കൽപ്പനകളെ അനുസരിക്കാനോ തയ്യാറായില്ല. തങ്ങളെ ഒരു ദേശീയത എന്ന് വിളംബരം ചെയ്യപ്പെട്ടു. തങ്ങൾ കൂടിയിരുന്ന അറയിൽ നിന്നും സർക്കാരാൽ പുറത്താക്കിയ ശേഷം അടുത്തുണ്ടായിരുന്ന ടെന്നീസ് മൈതാനത്തിൽ ഒത്തുചേർന്നു.രാജാവ് അവർക്ക് ഭരണഘടനാ അനുവദിക്കുന്നതുവരെ അവിടെനിന്നും പിരിഞ്ഞുപോകില്ലായെന്ന് ശപഥം ചെയ്തു.ആകയാൽ 1789ൽ ഫ്രാൻസിൽ വിപ്ലവം ആരംഭിച്ചു.


ടെന്നീസ് മൈതാന പ്രതിജ്ഞ

### യുദ്ധം പൊട്ടിപ്പുറപ്പെടാനുള്ള കാരണങ്ങൾ

#### രാഷ്ട്രീയ കാരണങ്ങൾ


പതിനാറാം ലൂയി.

പതിനഞ്ചാം ലൂയി തന്റെ മുത്തച്ഛൻ പതിനാലാം ലൂയിക്കുശേഷം രാജാവായി അധികാരമേറ്റു. 59 വർഷം ഭരണം നടത്തി. രാജാവ് നിയമത്തിന് അധീതമല്ലെങ്കിലും നിയമങ്ങൾക്ക് ഉൾപ്പെട്ടവനാണ് എന്നതിനെ ഇംഗ്ലണ്ടിലെ വിപ്ലവത്തിനെ തുടർന്നും ആ വിപ്ലവത്തിൽ ചാർലസ് ഒന്നാമന്റെ ശിരച്ഛേദനത്തെ തുടർന്നും ലൂയി പതിനാറാമൻ പാഠം പഠിച്ചില്ല. 1774 ൽ പതിനഞ്ചാം ലൂയിക്ക് ശേഷം അദ്ദേഹത്തിന്റെ പൗത്രൻ പതിനാറാം ലൂയി അധികാരത്തിൽ വന്നു. അദ്ദേഹം ശരിക്കും അദ്ദേഹത്തിന്റെ ഭാര്യ മേരി അന്റോയ്നെറ്റിന്റെ സ്വാധീനത്തിലാണ് കഴിഞ്ഞിരുന്നത്. ഇദ്ദേഹത്തിന്റെ ഭാര്യ ദൈവികരാജാധികാരസിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്നു. ദൈവിക രാജാധികാര സിദ്ധാന്തത്തിൽ മൂലം രാജാവ് ഈ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയായതുകൊണ്ട് അദ്ദേഹം തന്റെ എല്ലാ പ്രവർത്തികൾക്കും ദൈവത്തിന് മാത്രമേ മറുപടി പറയാൻ ഉത്താരവാദപ്പെട്ടവനാകുന്നു മറ്റാരെയും തെളിവ് പെ



IX Std - History Malayalam Unit-9.indd 119 3/29/2023 4:43:37 PM

ടുത്തേണ്ട ആവശ്യം ഇല്ല. രാജാവും രാജ്ഞിയും ജനങ്ങളാൽ വെറുക്കപ്പെട്ടു.

### സാമ്പത്തിക കാരണങ്ങൾ

ഫ്രഞ്ചുവിപ്ലവം പൊട്ടിപ്പുറപ്പെട്ട സമയത്ത് ഫ്രാൻസിൽ കുറച്ചുകാലം സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വന്നു. ഏഴാണ്ട് വിപ്ലവത്തിൽ ഫ്രാൻസ് പങ്കെടുക്കേണ്ടതിന്റെ ഫലമായി ഫ്രാൻസിന്റെ ഖജനാവ് തീർന്നു.ഈ യുദ്ധത്തിൽ ഫ്രാൻസ് തോറ്റു. അമേരിക്ക സ്വാതന്ത്ര്യ യുദ്ധത്തിൽ ഫ്രാൻസ് പങ്കെടുത്താൽ അതിന്റെ സാമ്പത്തികസ്ഥിതി വീണ്ടും മോശമായി. വെർസയിൽസ് കൊട്ടാരത്തിൽ രാജകുടുംബവും പ്രഭുക്കളുടെയും ആഡംബര ജീവിതരീതിയും അതിനെതിരായി സാധാരണജനങ്ങളുടെ ദാരിദ്ര്യ ജീവിതത്തിനും ഇടയിൽ വലിയ വ്യത്യാസം ഉണ്ടായിരുന്നു. ആയതിനാൽ ദരിദ്ര്യത്തിലായിരുന്ന സാധാരണജനങ്ങൾ പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രഞ്ചു തത്വജ്ഞാനികളുടെ പുതിയ സിദ്ധാന്തങ്ങളെ സ്വീകരിച്ചു. സർക്കാരിന്റെ ധനകാര്യമന്ത്രികളായിരുന്ന ടർക്കട്ട്, നെക്കർ, കലോൺ, ബ്രെയിൻ തുടങ്ങിയവർ ഒന്നിനു പുറകെ മറ്റൊന്നായി രാജകുടുംബത്തിന്റെ ചെലവുകൾ കുറക്കണമെന്നും ആദ്യത്തെ രു വിഭാഗക്കാരായ പ്രഭുക്കൾക്കും മത പുരോഹിതന്മാർക്കും നികുതി വിധിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. അവരുടെ നിർദ്ദേശങ്ങൾ ഉപേക്ഷിക്കപ്പെട്ടത് കൂടാതെ അവരെല്ലാവരും പദവികളിൽ നിന്നും പിരിച്ചുവിട്ടു. വിഭവ ദാരിദ്രം നേരിടാൻ വൻതോതിൽ കടംവാങ്ങിയതിന്റെ ഫലമായി വലിയ സാമ്പത്തിക ദൗർബല്യം ഏർപ്പെട്ടു. സർക്കാർ വരുമാനത്തിന്റെ പകുതി വാങ്ങിക്കടത്തിന്റെ പലിശയായി ചെലുത്തി. ഇത്തരം സാഹചര്യത്തിലാണ് ഫ്രാൻസിലെ രാജാവ് പതിനാറാം ലൂയി പ്രഭുക്കൾ മതപുരോഹിതന്മാർ സാധാരണക്കാർ മുതലായവരുടെ പ്രതിനിധികളടങ്ങിയ സ്റ്റേറ്റ് ജനറൽ (പാർലമെന്റ്) സമ്മേളനം കൂട്ടാൻ നിർബന്ധിതനായത്.

### സാമൂഹിക കാരണങ്ങൾ

നേരത്തെതന്നെ ദാരിദ്ര്യത്തിലായിരുന്ന കർഷകരുടെ സ്ഥിതി മോശമായ വിളവിനെ തുടർന്ന് വീണ്ടും വഷളായി. ഇതിന്റെ ഫലമായി റൊട്ടിയുടെ വിലകൂടി. ഗ്രാമങ്ങളിലെ കർഷകരും നഗരങ്ങളിലെ കൈതൊഴിലാളികളും കൂടുതൽ പ്രതിസന്ധിയിലായി. പതിനാറാം ലൂയിയുടെ ഭരണത്തിന്റെ ആരംഭകാലത്തിൽ അനേകം ഉദ്യോഗാർത്ഥികൾ യാചകന്മാരായിരുന്നു. അതിനെത്തുടർന്നു കർഷകർ വിപ്ലവം നടത്തി. ഫ്രാൻസിൽ 11 ലക്ഷം ജനങ്ങൾ ഭിക്ഷക്കാർ ഉണ്ടെന്ന് 1777 വർഷത്തെ കണക്കെടുപ്പ് മുഖേന അറിയാൻ കഴിഞ്ഞു. കർഷകർ ആഹാരത്തിനു വേണ്ടി മാത്രമല്ല നിലങ്ങൾക്ക് വേണ്ടിയുമായിരുന്നു. അവർ പ്രഭുക്കന്മാരെയും മതപുരോഹിതന്മാരുടെയും വെറുത്തു. എന്തുകൊണ്ടെന്നാൽ പലതരത്തിലുള്ള അവകാശങ്ങളെയും ആനുകൂല്യങ്ങളെയും അനുഭവിച്ചുവന്നിരുന്നു. പ്രത്യേകിച്ചും വരി ചെലുത്തുന്നതിൽ നിന്നും അവർക്ക് ഇളവ് ലഭിച്ചിരുന്നു.

മതപുരോഹിതന്മാർ ഒരു ന്യൂനപക്ഷക്കാരായി ഏകദേശം 130000 പേർ സമൂഹത്തിൽ ഒരു ഉന്നത സ്ഥാനത്തായിരുന്നത് തിരുസഭ വലിയ സ്വത്തിന്റെ അവകാശിയാണ് എങ്കിലും ചില അവകാശങ്ങളെയും അനുഭവിച്ചു വന്നു. വരി ചെലുത്തുന്നതിൽ നിന്നും ഇളവ് ലഭിച്ചിരുന്നത് എടുത്തുപറയത്തക്ക ഒന്നാണ്. മതപുരോഹിതന്മാർ സാധാരണക്കാരിൽനിന്നും ടൈത്ത (വാർഷിക ഉത്പാദനം അല്ലെങ്കിൽ വരുമാനത്തിന്റെ പത്തിൽ ഒരുഭാഗം) എന്നും പറയുന്ന നിലവരി ഈടാക്കിയിരുന്നു. 1,10,000 അംഗങ്ങളുള്ള ന്യൂനപക്ഷക്കാരായ പ്രഭുക്കന്മാർ പ്രഭുത്വ അവകാശങ്ങൾ ആസ്വദിക്കുന്ന ഭൂവുടമകളായിരുന്നു. കർഷകരിൽനിന്നും നിങ്ങൾക്കായുള്ള കുടിശ്ശികകൾ നികുതിയായി ശേഖരിച്ചു. അവരുടെ നിലങ്ങൾ കർഷകരാൽ അപഹരിക്കപ്പെട്ടു. കർഷകർ തങ്ങളുടെ ധാന്യങ്ങളെ പൊടിച്ച് മാവാക്കുകയും അതെല്ലാം പ്രാവുകൾക്ക് സ്വന്തമായി മില്ലുകൾ പൊടിക്കുകയും വേണം. പുരാതന പാരമ്പര്യമായ സ്വദേശാഭിമാനികൾ എന്നറിയപ്പെടുന്ന പ്രഭുക്കന്മാർ വേട്ടയാടൽ അവകാശങ്ങൾ ആസ്വദിച്ചിരുന്നു. അവർ ഉയർന്നു വന്നിരുന്ന മദ്ധ്യവർഗ്ഗത്തിന് അല്ലെങ്കിൽ പുതിയ കുലീന വർഗ്ഗത്തിന് എതാരായിരുന്നു.

ഇത്തരത്തിലുള്ള പ്രഭുക്കന്മാർ മേലങ്കി പ്രഭുക്കന്മാർ എന്നു വിളിച്ചിരുന്നു. മദ്ധ്യവർഗ്ഗത്തിനെ ചേർന്നവരും കർഷകരും മൂന്നാമത്തെ വിഭാഗത്തെ ചേർന്നവരാകുന്നു. അവരിൽ കുറച്ചുപേർ മുതലാളിത്ത വർഗ്ഗത്തിനെ ചേർന്ന് ആനുകൂല്യങ്ങൾ ഉള്ളവരായിരുന്നു. മൂന്നാമത്തെ വിഭാഗത്തിലുള്ള ഏകദേശം ആളുകളും കർഷകരാണ്. കർഷകർ സർക്കാരിന് ടെയിലെ (നിലവരി) ഗാബല്ലെ (ഉപ്പുവരി) തുടങ്ങിയ വരികളെ ചെലുത്തി. റോഡുകൾ നിർമ്മിക്കാൽ തുടങ്ങിയ പൊതുപ്രവർത്തനങ്ങൾക്ക് കോർവി എന്നുപറയുന്ന സൗജന്യ പ്രയത്നവും കൊടുത്തു ഇപ്രകാരം രാജാവ് പ്രഭുക്കൾ മതപുരോഹിതന്മാർ തുടങ്ങിയവരാൽ വലിയ കഷ്ടത അനുഭവിക്കേണ്ടി വന്ന കർഷകർ പട്ടിണികിടന്നു മരിക്കുമെന്ന് കരുതി നിരാശരായിരുന്നു.



IX Std - History Malayalam Unit-9.indd 120 3/29/2023 4:43:37 PM

**കോൺവാലീസ്**-കുലീനമായ കുടുംബത്തിൽ ജനിച്ച ഇദ്ദേഹം ഈട്ടനിലും, കേംബ്രിഡ്ജിലും വിദ്യാഭ്യാസം നേടി. 1757ൽ സൈന്യത്തിൽ ചേർന്നു. 1762ൽ അച്ഛന്റെ മരണശേഷം കാരൻവാലീസ് പ്രഭുവായി പീന്നീട് ഇംഗ്ലണ്ട് മേൽ സഭയായ പ്രഭുക്കൾ സഭയിൽ സ്ഥാനം പിടിച്ചു. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പ്രശസ്തി നേടിക്കൊടുത്തു.ചിലസ്ഥലങ്ങളിൽ അമേരിക്കൻസൈനൃങ്ങളെ തോൽപ്പിച്ച ഇദ്ദേഹം യോർക്ക്ടൗണിൽ തന്റെ സൈനൃങ്ങളുമായി കീഴടങ്ങി. ഈ പരാജയത്തിനു ശേഷംവും അടുത്തടുത്തു വന്ന ഇംഗ്ലണ്ട് സർക്കാരുകളുടെ വിശ്വാസമുള്ള ഒരാളായി തുടർച്ചയായി പ്രധാനപ്പെട്ട ജോലികൾ ഏൽപ്പിക്കപ്പെട്ടു. 1786-ൽനൈറ്റ് പപദവി കൊടുക്കപ്പെട്ട ഇദ്ദേഹം അതേ വർഷം ബ്രിട്ടീഷ് ഇന്ത്യയിലെ കോറൻവാലീസ് ഗവർണ്ണർജനറലായി ഈസ്റ്റിൻഡ്യ കമ്പനിയാൽ നിയമിക്കപ്പെട്ടു.


കോൺവാലീസ്

## ഫ്രഞ്ചു തത്ത്വചിന്തകരിൽ നിന്ന് കിട്ടിയ പ്രചോദനം

പതിനെട്ടാം നൂറ്റാണ്ടിൽ പല പ്രശസ്ത ചിന്തകന്മാരും എഴുത്തുകാരും ഉണ്ടായിരുന്നു. യുക്തിപരമായതും ശാസ്ത്രീയവുമായ വിഷയങ്ങളിൽ ഏറ്റവും ശ്രദ്ധേയനായ എഴുത്തുകാരൻ വോൾട്ടയർ (1694-1778) ആയിരുന്നു. അദ്ദേഹം ജയിലിൽ നിന്നു പുറത്താക്കി നാടുകടത്തപ്പെട്ടപ്പോൾ ജനീവയ്ക്കു സമീപമുള്ള ഫെർണി എന്ന സ്ഥലത്ത് ജീവിക്കേണ്ടിയിരുന്നു. വോൾട്ടയർ മോണ്ടസ്ക്യൂ (1689-1755) റൂസ്സോ തുടങ്ങിയവർ ഫ്രാന്സിലെ നിലവിലുള്ള നിബന്ധനകളെ കുറിച്ച് വിമർശിച്ചു. വോൾട്ടയർ ഒരു സമൃദ്ധനായ എഴുത്തുകാരനും സാമൂഹിക പ്രവർത്തകനുമായിരുന്നു. തന്റെ പ്രമുഖമായ എഴുത്തുകൾ മുഖേന തിരുസഭയെ വിമർശനം ചെയ്തു. കാൻഡിഡ് എന്നത് അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തിയാർജ്ജിച്ച ഗ്രന്ഥമാണ്. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ചിന്താഗതി 'നിങ്ങൾ വിഡ്ഢിത്തമെന്ന വിശ്വസിക്കുന്നവർ നിങ്ങളെ ചൂഷണം ചെയ്യും. 'ഒരിക്കൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു. ഞാൻ നിങ്ങൾ പറഞ്ഞതിനെ വിസമ്മതിക്കുന്നു. എന്നാൽ അതിനെ പറയുന്നതിനുള്ള നിങ്ങളുടെ അവകാശത്തിനെ ഞാൻ എന്റെ ജീവനെ കൊടുത്തും ലംരക്ഷിക്കും. എന്നതാണ്.


വോൾട്ടേർ

മറ്റൊരു പ്രധാനപ്പെട്ട എഴുത്തുകാരൻ വോൾട്ടയറുടെ സമകാലീനനായ ജീൻജാക്കുയസ് റൂസ്സോ 1712-78 ആണ്. അയാളുടെ രാഷ്ട്രീയ സിദ്ധാന്തം പല ആശയ വിനിമയങ്ങളും പുതിയ ആശയങ്ങളിലേക്കും പുതിയ പരിഹാരങ്ങളിലേക്കും മാറ്റി.അദ്ദേഹത്തിന്റെ ആശയങ്ങൾ മഹത്തായ വിപ്ലവത്തിനായി ഫ്രാൻസിലെ ജനതയെ ഒരുക്കുന്നതിൽ ഒരു പ്രധാന പങ്കുവഹിച്ചു.അദ്ദേഹം സാമൂഹിക ഉടമ്പടി എന്ന തന്റെ മഹത്തായ പുസ്തകത്തിൽ മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു.എന്നാൽ എല്ലായിടത്തും ചങ്ങലകളാൽ കെട്ടിപ്പെട്ടിരിക്കുന്നു.എന്നാണ് ജനങ്ങളുടെ പൊതുവായ ഇച്ഛാശക്തിയാൽ മാത്രമേ നിയമങ്ങൾ പിന്തുടരുകയുള്ളൂ എന്ന് അദ്ദേഹം വാദിച്ചു.


റൂസോ


മൊണ്ടസ്ക്യൂ

മോണ്ടസ് ക്യൂ 1689-1755 പേർഷ്യൻ ലിഖിതങ്ങളിൽ നിയമത്തിന്റെ ആത്മാവ് എന്ന ഗ്രന്ഥം രചിച്ചു.അദ്ദേഹം അധികാരവിഭചനം എന്ന ആശയത്തെ മുന്നിൽ വച്ചു.വ്യക്തിയുടെ സ്വാതന്ത്രം ഒരു സർക്കാരിൽ മാത്രം സംരക്ഷിക്കപ്പെടും അതിന്റെ മൂന്ന് അവയവങ്ങൾ വിർവ്വഹരണം നിയമനിർമ്മാണം നീതിന്യായം തുടങ്ങിയവയുടെ അധികാരങ്ങൾ ശരിയായ രീതിയിൽ പിരിക്കപ്പെടുന്നുവോ ആ സർക്കാരാൽ വ്യക്തിസ്വാതന്ത്രം നിലനിർത്താൻ കഴിയുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.ഈ മൂന്നു അവയവങ്ങളിൽ ഏതെങ്കിലും ഒന്ന് കൂടുതൽ അധികാരം കാണിക്കാൻ ശ്രമിച്ചാൽ തടസ്സങ്ങൾ സൃഷ്ടിച്ച് സമതുലിതാവസ്ഥയിലും എന്നു വിശേഷിപ്പിച്ചു.

പാരിസിലുണ്ടായിരുന്ന സർവ്വവിജ്ഞാനകോശം എന്ന ഗ്രന്ഥം ഈ സമയത്ത് പുറത്തുവന്നു.ഡിടറ്റ് ജീൻ-ഡി ആലം ബർട്ട് തുടങ്ങിയ ചിന്തകന്മാരിൽ രൂപീകരിക്കപ്പെട്ട ലേഖനങ്ങളെ കൊണ്ട് നിറഞ്ഞിരുന്നു.ഈ തത്വചിന്തകന്മാരും ചിന്തകരും മതസഹിഷ്ണതക്കും രാഷ്ട്രീയ സാമൂഹിക അവകാശങ്ങൾക്കും എതിരായിരുന്നു.



IX Std - History Malayalam Unit-9.indd 121 3/29/2023 4:43:37 PM

## അമേരിക്കൻ സ്വാതന്ത്ര്യ സമരം

അനേകം സാധാരണജനങ്ങളെ ചിന്തിപ്പിക്കുന്നതിലും പ്രവർത്തിക്കുന്നതിനും വിജയം കൈവരിച്ചു 1776 ൽ ഉണ്ടായ അമേരിക്കൻ വിപ്ലവം റിപ്പബ്ലിക്കൻ അമേരിക്ക രൂപീകരിച്ചതിന് ശേഷം അവസാനിച്ചു. ഇത് ഫ്രഞ്ച് വിപ്ലവത്തിനെ പ്രോത്സാഹിപ്പിക്കുകയും ഒരു മാതൃകയും ആയിരുന്നു ഇംഗ്ലണ്ടിനെതിരായ അമേരിക്ക ജനങ്ങൾക്ക് ആദരവായി ഈ സ്വാതന്ത്ര്യസമരത്തിൽ ഫ്രാൻസ് പങ്കെടുത്തു. ഈ പങ്കെടുപ്പ് ഫ്രഞ്ചു വിപ്ലവത്തിൽ രണ്ടുതരത്തിലുള്ള ബാധിപ്പിനെ ഏർപ്പെടുത്തി.ഒന്നാമത് ഫ്രഞ്ച് വലിയ ചെലവിനെ ഏർപ്പെടുത്തി. രണ്ടാമതായി അമേരിക്ക സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ലഫായ്ഡ് തുടങ്ങിയ ഫ്രഞ്ചു സൈനികർ ജനാധിപത്യ ആശയങ്ങളോടു കൂടി നാട്ടിലെത്തി ഫ്രഞ്ചു വിപ്ലവത്തിൽ സജീവമായി പങ്കുകൊണ്ടു.

## ഫ്രഞ്ചു വിപ്ലവത്തിന്റെ ഗതി

### ബാസ്റ്റൈൻ ജയിലിന്റെ വീഴ്ച

സർക്കാരിനാൽ പുറത്താക്കപ്പെട്ട സാധാരണജനങ്ങളുടെ പ്രതിനിധികൾ ടെന്നീസ് മൈതാനത്തിൽ ഒത്തുകൂടി തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ലഭിക്കുന്നതുവരെ പിരിഞ്ഞു പോവുകയില്ല പ്രതിജ്ഞയെ തുടർന്ന് കൂടുതൽ പ്രശ്നമുണ്ടായി. രാജാവ് അദ്ദേഹത്തിന്റെ ശക്തി പ്രയോഗിക്കാൻ ശ്രമിച്ചു എങ്കിലും സൈനികർ അദ്ദേഹത്തിന്റെ കൽപ്പനകളെ അനുസരിക്കാൻ വിസമ്മതിച്ചു. ഇതിനെതുടർന്ന് തന്റെ നാട്ടു ജനങ്ങളെ വെടിവയ്ക്കാൻ രാജാവ് ലൂയി വിദേശ സൈന്യങ്ങളോട് തന്ത്രപൂർവം ആലോചിച്ചു ഇതിനാൽ ആവേശമടഞ്ഞ ജനങ്ങൾ 1789 ജൂലൈ 14ന് പാരിസിൽ കലാപമുണ്ടാക്കി. അവർ ബാസ്റ്റൈൻ ജയിലിനെ തകർത്ത് അവിടെ ഉണ്ടായിരുന്ന തടവുകാരെ മോചിതരാക്കി.ബാസ്റ്റൈൻ ജയിലിലെ വീഴ്ച വിപ്ലവത്തിന്റെ വഴിത്തിരിവാണ്. ഇതിന്റെ ഫലമായി ജൂലൈ മാസം 14ാം തിയ്യതിയെ ദേശീയ ദിനമായി ഇന്നുവരെ ആഘോഷിച്ചുവരുന്നു. ഇതിൽ മൂലം രാജ്യത്തുടനീളം തുടർന്നുള്ള ജനകീയ പ്രതിസന്ധികൾ ദേശീയ അസ്സംബ്ലിക്ക് പെട്ടെന്ന് പ്രവർത്തിക്കാൻ ധൈര്യം നൽകി.



ബാസ്റ്റൈൻ ജയിലിന്റെ വീഴ്ച

## ദേശീയ നിയമസഭ

മിതവാദികളായ വിശാലമനസ്സുള്ളവരെ കൊണ്ടിരുന്ന ദേശീയ നിയമസഭ ഇംഗ്ലണ്ടിന്റെയും അമേരിക്കയുടെയും മാതൃകയിൽ ഒരു ഭരണഘടന വേണമെന്ന് ആവശ്യപ്പെട്ടു. മിരാബോ ഇവർക്ക് നേതൃത്വം വഹിച്ചു. ഈ നിയമസഭ ഇടത്തരവർഗ്ഗക്കാരാൽ നിയന്ത്രിക്കപ്പെട്ടിരുന്നു. കർഷകർക്കും സാധാരണക്കാർക്കും ഇതിൽ പ്രാതിനിത്യം നൽകിയില്ല. ദേശീയ നിയമസഭ അടിമത്തം ജന്മിത്ത അവകാശങ്ങൾ നികുതി ചെലുത്തുന്നതിൽ നിന്നും പ്രഭുക്കൾക്കും മതപുരോഹിതന്മാർക്കുമുള്ള ഇളവ് അവർക്ക് നൽകപ്പെട്ട ബഹുമതികൾ നില പ്രഭുത്വ കോടതികൾ തുടങ്ങിയവയെ ഒഴിച്ചുകെട്ടി. ഇതിനെതുടർന്ന് മനുഷ്യാവകാശത്തിന്റെയും പൗരാവകാശത്തിന്റെയും പ്രഖ്യാപനം പുറപ്പെടുവിച്ചു.

അമേരിക്കയുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ നിന്നും എടുത്തതാണ് ഈ ആശയം. എന്നാൽ അമേരിക്കൻ പ്രഖ്യാപനം ചുരുക്കത്തിൽ ഉള്ളവയാണ്. എന്നാൽ ഫ്രഞ്ച് പ്രഖ്യാപനം നീണ്ടതാണ്. മനുഷ്യാവകാശം എന്നത് സമത്വം സ്വാതന്ത്ര്യം സന്തോഷം തുടങ്ങിയ അവകാശങ്ങളെ ഉള്ളടക്കിയതായും അതിനെ സ്വീകരിക്കുകയുമാണ് ദേശീയ നിയമസഭ ചെയ്തത്. ദേശീയ നിയമസഭ വേറെ ചില പരിഷ്കാരങ്ങളെയും കൊണ്ടുവന്നു. തിരുസഭയുടെ വൻസ്വത്തുക്കളെല്ലാം കണ്ടുകെട്ടി.നിർവ്വാഹം നന്നായി പ്രവർത്തിക്കാൻ വേണ്ടി നാട്ടിനെ 80 വിഭാഗങ്ങളായി പിരിച്ചു. പഴയ രാജകീയ കോടതികൾ ഒഴിക്കപ്പെട്ട് പുതിയനിയമ കോടതികൾ സ്ഥാപിച്ചു.



മിരാബോ

മനുഷ്യന്റെയും പൗരന്റെയും അവകാശങ്ങൾ പ്രഖ്യാപനം ഈ പ്രഖ്യാപനം തയ്യാറാക്കിയത് ലഹായെറ്റ് തോമസ് ജെഫേഴ്സൺ എന്നിവരാണ് മനുഷ്യർ ചില അവകാശങ്ങളെ പ്രകൃതി പ്രാകൃതികമായി നേടിയിരിക്കുന്നു എന്നതിനെ സ്ഥിരീകരിക്കും. പ്രകൃതിനിയമത്തിനെ അടിസ്ഥാനമാക്കി കൊണ്ടതാണ് ആ അവകാശങ്ങൾ ലോകംമുഴുവനും എല്ലാ സ്ഥലങ്ങളിലും എല്ലാ കാലഘട്ടങ്ങളിലും വ്യാപിക്കത്തക്കതാണ് ബോധോധയമുള്ള തത്വചിന്തകന്മാർ എഴുതപ്പെട്ട ഈ പ്രഖ്യാപനം ഫ്രഞ്ച് വിപ്ലവത്തിന്റെ ലക്ഷ്യത്തെ വിവരിക്കുന്നതാണ് ലോകം മുഴുവനും സ്വാതന്ത്ര്യവും ജനാധിപത്യവും മുന്നേറുന്നതിൽ ഈ സിദ്ധാന്തത്തിന് വളരെയേറെ പ്രാധാന്യമർഹിക്കുന്നു.



IX Std - History Malayalam Unit-9.indd 122 3/29/2023 4:43:38 PM

### വെർ സെയിൽസ് നോക്കി അണി നടത്തം



വെർസെയിൽസ് നോക്കി അണി നടത്തം

### വാരന്നെസിലേക്കുള്ള ഒളിച്ചോട്ടം

രാജാവിന്റെ നില കൂടുതൽ ആട്ടം കണ്ടു. ദേശീയ നിയമ സഭ കൊണ്ടുവന്ന നിയമങ്ങളെ അദ്ദേഹത്തിന് താങ്ങാൻ കഴിഞ്ഞില്ല. പാരീസിൽ നിന്നും ഒളിച്ചോടാൻ തീരുമാനിച്ചു. ഒരു ദാസനെ പോലെ വേഷം ധരിച്ച് തന്റെ കുടുംബാംഗങ്ങളുമായി വാരന്നെസിലേക്കുള്ള അതിർത്തിയിലേക്ക് ഒളിച്ചോടി. എന്നിരുന്നാലും ഒരു തപാൽ ജോലിക്കാരനാൽ അടയാളം കാണപ്പെട്ട് ദേശീയ കാവൽക്കാരൻ പിടികൂടി പാരിസ് നഗരത്തിലേക്ക് തിരിച്ചു കൊണ്ടുവരപ്പെട്ടു. അതിനെതുടർന്ന് പാരീസ് നഗരത്തിൽ അദ്ദേഹം ഒരു തടവുകാരനായി കഴിഞ്ഞിരുന്നു.

### ഗിരോണ്ടിയരും ജേക്കോബിയരും

വിശാലമനസ്സുള്ള മിതവാദികൾ രാജാവിന്റെ അധികാരം പരിമിതപ്പെടുത്താൻ ആഗ്രഹിച്ചു. ഇവർ തങ്ങളെ ഗിരോണ്ടിയൻ കക്ഷികൾ എന്നും വിളിച്ചിരുന്നു. ജനാധിപത്യപരമായ തീവ്രവാദ ഗുണമുള്ളവർ ജേക്കോബിയനുകളാണ്. ഇവർ മാത്രമല്ല വിപ്ലവ കാലഘട്ടത്ത് ഫ്രാൻസിൽ നിന്നും ഒളിച്ചോടി അയൽരാജ്യങ്ങളിൽ പ്രത്യേകിച്ചും ഇംഗ്ലണ്ടിൽ കുടിയേറിയ ഫ്രാൻസ് നാട്ട് പ്രഭുക്കൾ വിപ്ലവത്തിന് എതിരായി തുടർന്ന് ചതിയിൽ ഏർപ്പെട്ടിരുന്നു. ഇവരെ കുടിയേറ്റക്കാർ എന്ന് പറയുന്നു. ഫ്രാൻസിലെ ഭൂരിപക്ഷം ജനങ്ങളുടെ സങ്കീർണമായ മുന്നേറ്റത്താൽ പേടിച്ച യൂറോപ്പിലെ എല്ലാ രാജാക്കന്മാരും വിപ്ലവകരമായ ഫ്രാൻസിനെതിരായി നിലനിന്നു.

### 1791 ലെ ഭരണഘടന

1791 സെപ്റ്റംബർ മാസം ദേശീയ നിയമസഭ തന്റെ ആദ്യത്തെ ഭരണഘടന രൂപീകരിച്ചു. ഒരു ഭരണഘടന ഇത് രാജവംശത്തിന് ഇത് നൽകി. രാജവാഴ്ചയെ ഇത് മുന്നിൽവച്ചു 750 പ്രതിനിധികളെയും ഒരേ സഭയെയും കൊണ്ട് നിയമസഭക്ക് ശുപാർശ ചെയ്തു. ഒരു നിശ്ചിത അളവ് സമ്പാദ്യം കൈവശമുള്ളവർക്ക് മാത്രമേ വോട്ടവകാശം നൽകിയിരുന്നത്. രാജാവ് നിർവാഹത്തിന് നേതൃത്വം വഹിക്കുമെന്നും അദ്ദേഹത്തിന്റെ അധികാരം വലിയതോതിൽ കുറയ്ക്കുമെന്നും പറയപ്പെട്ടു. എന്നാൽ ബാസ്റ്റെൽ ജയിലിനെ തകർത്ത പെരാതുജനങ്ങൾ ഇക്കാര്യങ്ങളിൽ തൃപ്തിയില്ലാത്തവരാണ്. തങ്ങളുടെ വിപ്ലവ ശക്തിക്ക് വേറൊരു യുക്തിയെ കണ്ടു പിടിച്ചു അതാണ് പാരീസ് കമ്മ്യൂൺ. പാരീസ് കമ്മ്യൂൺ ജനങ്ങളോട് നേരിട്ട് സ്വാധീനം കൊണ്ടിരുന്നു. ഈ കമ്മ്യൂൺ മിതവാദ ഗുണമുള്ള ഇടത്തര പ്രതിനിധികളെ കൊണ്ട ദേശീയ നിയമസഭയ്ക്ക് എതിരായി മാറി.



മാർട്ട്

### കുടിയേറിയവരും വിപ്ലവ യുദ്ധവും

1792ാം ആണ്ട് ഏപ്രിൽ മാസം ദേശീയ നിയമസഭയെ തുടർന്ന് നിർവഹണ സ്ഥാന മേറ്റു വന്ന നിയമനിർമ്മാണസഭ ആസ്ത്രിയക്കും പ്രവിശ്യയും എതിരായി യുദ്ധം പ്രഖ്യാപിച്ചു. വിദേശ സൈന്യങ്ങൾ ഫ്രാൻസിലേക്ക് ചെന്ന് ഫ്രഞ്ച് സൈന്യങ്ങളെ തോൽപ്പിച്ചു. രാജാവും അദ്ദേഹത്തിന്റെ അനുയായികളും രാജ്യദ്രോഹം ചെയ്തു എന്ന് സന്തോഷിപ്പിച്ചു. ആയതിനാൽ വിപ്ലവകാരിയായ പാരീസ് കമ്മ്യൂൺ സൈന്യ നിയമത്തെ പ്രാവർത്തികമാക്കി അതിന്റെ അടയാളമായി ചെങ്കൊടി യേന്തി പറപ്പിച്ചു. രാജാവ് തന്നെ സ്വിറ്റ്സർലാന്റ് നാട് കാവൽക്കാരോട് ജനങ്ങളെ നോക്കി വെടി വയ്ക്കുന്നതിന് ഉത്തരവ് നൽകിയാലും അവസാനം അദ്ദേഹത്തെ പദവിയിൽ നിന്നും നീക്കി ജയിലിലടച്ചു. സ്വിറ്റ്സർലാന്റ് നാട് കാവൽക്കാർ നടത്തിയ വെടിവയ്പ്പിൽ പലർ കൊല്ലപ്പെട്ടു. കോപം കൊണ്ട പൊതുജനങ്ങൾ രാജാവിന്റെ അനുയായികളെ മാർട്ട് എന്ന ആളുകളുടെ നേതൃത്വത്തിൽ വേട്ടയാടി സെപ്തംബർ മാസം രണ്ടാം തീയതി ആരംഭിച്ച് മൂന്നു നാളുകളിൽ അഭിപ്രായവ്യത്യാസ എതിരാളികൾ എന്ന് സന്തോഷിച്ച് 1500 പേരെ അറസ്റ്റ് ചെയ്തു ജയിലിലടച്ചു. വിചാരണയ്ക്കുശേഷം അവരെല്ലാവരും കൊല്ലപ്പെട്ടു. ഫ്രാൻസിന്റെ ചരിത്രത്തിൽ ഇത് സെപ്റ്റംബർ കൂട്ടക്കൊല എന്ന് വിളിക്കപ്പെടുന്നു. ഇതേ മാസത്തിൽ വാല്മി യുദ്ധക്കളത്തിൽ ആസ്ട്രിയ പ്രഷ്യ



IX Std - History Malayalam Unit-9.indd 123 3/29/2023 4:43:38 PM

ഫ്രഞ്ച് സൈന്യങ്ങൾ വിജയം പ്രാപിച്ചു. ഈ വിജയം വിപ്ലവത്തിനെ രക്ഷിച്ചു. 1792 സെപ്റ്റംബർ 21ാം തിയതി ദേശീയ സമ്മേളനം വിളിച്ചുകൂട്ടി.

## ദേശീയ സമ്മേളനവും ഭയങ്കര വാദ ഭരണവും (ജൂൺ 1793 ജൂലൈ 1794)


ഡാന്റൺ

ജനാധിപത്യഭരണം രൂപീകരിക്കുന്നതിനായിരുന്നു ദേശീയ സമ്മേളനത്തിന്റെ ആദ്യ പ്രവർത്തനം സമ്മേളനം ആരംഭിച്ച ഉടനെ ചെയ്ത ആദ്യത്തെ ജോലി ഫ്രാൻസിനെ ജനാധിപത്യ നാടായി അറിയിച്ചതാണ്. പതിനാറാം ലൂയിയെ വിചാരണ നടത്തി അദ്ദേഹത്തിന് മരണശിക്ഷ വിധിച്ചു. അദ്ദേഹത്തെ ഗില്ലറ്റിൻ എന്ന ഭീകര ആയുധമുപയോഗിച്ച് കൊലപ്പെടുത്തി. വിപ്ലവത്തിന്റെ ഒരു മഹത്തായ നേതാവായിരുന്ന ഡാൻടൻ സമ്മേളിക്കുന്ന ജനക്കൂട്ടത്തെ അഭിസംബോധന ചെയ്ത് മറ്റു യൂറോപ്യൻ രാജാക്കന്മാരോട് തുറന്ന വെല്ലുവിളി ഉയർത്തി. ഫ്രാൻസിലെ പുതിയ ജനാധിപത്യ സൈനികരെ നിർബന്ധിച്ച് ഒരു ശക്തമായ സൈന്യത്തെ സൃഷ്ടിച്ചു. ഇത് പ്രത്യേകിച്ചും ആസ്ട്രിയക്കും പ്രഷ്യക്കും എതിരായി എടുക്കപ്പെട്ട നടപടിയാണ്. പിന്നീട് ഫ്രാൻസ് ജനാധിപത്യരീതിയിൽ ഇംഗ്ലണ്ടിനോട് മോതലിൽ ഏർപ്പെട്ടു. ഇതിന്റെ ഫലമായി പുതിയ സർക്കാരാൽ ഉൾനാടൻ സമൂഹപ്രശ്നങ്ങളിൽ ശരിയായി ശ്രദ്ധചെലുത്താൻ കഴിഞ്ഞില്ല.

വിപ്ലവത്തിനുമുമ്പുള്ള ഭരണരീതിയിൽനിന്നും ശരിക്കും മാറുന്ന ഉദ്ദേശത്തോടെ ദേശീയസമ്മേളനം ഫാൻസിനുവേണ്ടി പുതിയ ജനാധിപത്യ കലണ്ടറിനെ കൊണ്ടുവന്നു. പഴയ കലണ്ടറിൽ ഉണ്ടായിരുന്ന മതം സംബന്ധിച്ച പരുകളും കുറിപ്പുകളും നീക്കി .ഒരാഴ്ച്ച എന്നത് 10 നാളുകളെ കൊണ്ടതായി മാറ്റപ്പെട്ടു. മതേതരമായ ഈ കലണ്ടറിൽ പന്ത്രണ്ട് മാസങ്ങളും പ്രകൃതിശക്തികളുടെ പേരും രേഖപ്പെടുത്തിയിരുന്നു. നാളുകൾ ഇടപെട്ട പുണ്യവാന്മാരുടെ പേരുകളും ക്രിസ്ത്യൻ ചടങ്ങുകളുടെ പേരുകളും നീക്കി ഓരോന്നിനും കായി മരം പുഷ്പം ആയുധങ്ങൾ മൃഗങ്ങൾ പഴം തുടങ്ങിയവരുടെ പേരുകൾ ഇട്ടു. ജനാധിപത്യത്തിന്റെ പുതിയ കലണ്ടർ നെപ്പോളിയൻ 1806 ജനുവരി ഒന്നാം തീയതി ഉപേക്ഷിക്കപ്പെട്ടു. പ്രാബല്യത്തിലുണ്ടായിരുന്ന അളവു രീതികൾ മാറ്റി കിലോഗ്രാം മീറ്റർ തുടങ്ങിയ മെട്രിക് സമ്പ്രദായം കൊണ്ടുവന്നു.

1793 സെപ്റ്റംബർ മാസം സംശയിക്കുന്നവരുടെ നിയമം എന്ന ഒരു നിയമം കൊണ്ടുവന്നു. അപ്രകാരം വിപ്ലവത്തിന് എതിരായവരെ എന്ന് സംശയിക്കപ്പെടുന്നവരെ അറസ്റ്റ് ചെയ്യാനുള്ള അധികാരം ഈ സമൂഹത്തിന് നൽകി. ഒരുമാസത്തിനുശേഷം സഭയുടെ ഗിരോണ്ടിൻകക്ഷിയെ ചേർന്ന് 22 പ്രതിനിധികൾ വിപ്ലവ കോടതിയാൽ വിസ്തരിക്കപ്പെട്ട് മരണ ശിക്ഷ വിധിക്കപ്പെട്ടു. ഇപ്രകാരം ഭയങ്കര ഭരണം ആരംഭിച്ചു.


റോബസ്പ്പിയർ

ഡാന്റൺ, ഹെർബർട്ട് റോബസ്പ്പിയർ തുടങ്ങിയവർ ദേശീയ സഭയുടെ നേതാക്കന്മാരായ വിഷയങ്ങളിലും അഭിപ്രായ വ്യത്യാസമുണ്ടായിരുന്നു. പൊതു സംരക്ഷ സംഘത്തിനെ തന്റെ നിയന്ത്രണത്തിൽ വച്ചിരുന്ന റോബസ്പിയർ തുടങ്ങിയവർ ദേശീയ സഭയുടെ നേതാക്കന്മാരായി മാറി. എന്നിരുന്നാലും അവർക്ക് പല വിഷയങ്ങളിലും അഭിപ്രായ വ്യത്യാസമുണ്ടായിരുന്നു. പൊതു സംരക്ഷണ സംഘത്തിനെ തന്റെ നിയന്ത്രണത്തിൽ വച്ചിരുന്ന റോബസ്പിയർ ശത്രുക്കളെ വകവരുത്തി വെണ്ടി എന്ന സ്ഥലത്ത് നിർബന്ധ സൈനികസേവനത്തിനെതിരായി വിപ്ലവം നടത്തി. വെണ്ടിയിലെ വിപ്ലവം വളരെ ക്രൂരമായി അടയ്ക്കപ്പെട്ടു. ക്രിസ്ത്യാനികൾക്കെതിരായി ഒരു ശക്തമായ പ്രസ്ഥാനം നടന്നു. ഈ പ്രസ്ഥാനത്തിനെ നടത്തിയവർ വിവേചനത്തെ ആശ്രയിക്കാൻ പ്രേരിപ്പിച്ചു. പാരീസ് നഗരത്തിൽ നോട്രഡാം കേത്തൽഡ്രൽ തിരുസഭയിൽ സ്വാതന്ത്ര്യത്തിനും വിവേചനത്തിനും ഉത്സവം ആഘോഷിക്കപ്പെട്ടു. എന്നാൽ റോബസ്പിയർ മത സമ്പ്രദായങ്ങളിൽ യാഥാസ്ഥിതികൻ ആയിരുന്നു. അദ്ദേഹമോ ഡാന്റനോ ഈ പ്രസ്ഥാനത്തിനെ അംഗീകരിച്ചില്ല. ഈ ഉത്സവത്തിനെ നടത്തിയ ഹെർബർട്ടും അദ്ദേഹത്തിന്റെ അനുയായികളും ഗില്ലറ്റിന് ഇരയാക്കപ്പെട്ടു. അതുകൊണ്ട് ജേക്കോബിയൻ കക്ഷിയിൽ പിളർപ്പ് ഏർപ്പെട്ടു.




കൂടുതൽ ജനങ്ങളെ ഗില്ലറ്റിൻ എന്ന ഭീകര ആയുധമുപയോഗിച്ച് കൊല്ലുന്നതിനെ ടാന്റനും മറ്റു പലരും എതിർത്തിരുന്നു. അതുകൊണ്ട് അവരും ഗില്ലറ്റിൻമൂലം കൊല ചെയ്യപ്പെട്ടു. റോബസ്പിയറും അദ്ദേഹത്തിന്റെ ചെറിയ സംഘവും ഭയങ്കര വാദത്തിനെ കൂടുതൽ തീവ്രമാക്കാൻ ആഗ്രഹിച്ചു.



IX Std - History Malayalam Unit-9.indd 124 3/29/2023 4:43:38 PM



ഗില്ലറ്റിൻ

സംശയിക്കപ്പെടുന്നവർക്കായുള്ള നിയമം തെറ്റായ വാർത്തകളെ പരത്തുന്ന തുമൂലം ജനങ്ങളെ പിരിക്കുന്നതിനും കുത്തിപ്പൊടുക്കുന്നതും ശിക്ഷാർഹമാണെന്ന് അറിയിച്ചു. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ നിരവധി ജനങ്ങൾ അറസ്റ്റ് ചെയ്തു വിസ്തരിക്കപ്പെട്ട് മരണശിക്ഷ വിധിച്ചു. ഭീകര ഭരണം 40 നാളുകൾ നീണ്ടുനിന്നു. 1794 ജൂലൈ 27ൽ ദേശീയ സഭ പെട്ടെന്ന് റോബസ്പിയറും അദ്ദേഹത്തിന്റെ അനുയായികൾക്കും എതിരായി തിരിഞ്ഞു. അടുത്തദിവസം റോബസ്പിയറെ ഗില്ലറ്റിന് ഇരയാക്കി

റോബസ്പിയറിന്റെ മരണത്തിനുശേഷം ഭീകര മരണവും അവസാനിച്ചു. ദേശീയ സഭയുടെ സർവ്വാധികാരിയായിരുന്ന റോബസ്പിയർ സത്യസന്ധനായ ദേശസ്നേഹം ഉള്ളവനായ നീതിയുള്ളവനായിരുന്നിട്ടും തന്റെ കൂടെ ജോലി ചെയ്ത പലരെയും ഗില്ലറ്റിൻ മൂലം കൊലചെയ്തത് മോശപ്പേരുണ്ടാക്കി. 1795 ഒക്ടോബറിൽ ദേശീയ സഭ പിരിച്ചുവിട്ട് 5 അംഗങ്ങളെക്കൊണ്ട ഡയറക്ടറി ഭരണം ചുമതലയേറ്റു.

ഡയറക്ടറി സംഘത്തിന്റെ ഭരണവും അല്പായുസ്സ് ഉള്ളതായിരുന്നു. ഈ ഡയറക്ടറി സംഘവും മാറ്റി ആസ്ഥാനത്ത് നെപ്പോളിയനെ ഒന്നാമത്തെ കൊൺസലായി കാൺസലേറ്റ് ഭരണം അധികാരമേറ്റു. പിന്നീട് അതിനെയും മാറ്റി നെപ്പോളിയൻ ഫ്രാൻസിലെ രാജാവായി സ്വയം പ്രഖ്യാപിച്ചു.ഇപ്രകാരം ലക്ഷ്യക്കാരുടെ സ്വപ്നങ്ങളെയും പാവപ്പെട്ടവരുടെ വിശ്വാസങ്ങളെയും തകർക്കുന്ന വിധത്തിൽ വിപ്ലവം പരാജയപ്പെട്ടു. എന്നിരുന്നാലും ജനാധിപത്യ ആശയങ്ങളും സ്വാതന്ത്ര്യം സമത്വം സാഹോദര്യം തുടങ്ങിയ തത്വങ്ങളും വരുംതലമുറകളെ കൂടുതൽ സ്വാധീനം ചെലുത്തി.

### ഫ്രഞ്ച് വിപ്ലവത്തിന്റെ അനന്തരഫലം

ഫ്രഞ്ചുവിപ്ലവം പല നീണ്ട ഫലങ്ങളെ ഏർപ്പെടുത്തി. ഫ്രാൻസിലെ അതിരറ്റ രാജവാഴ്ച അവസാനിച്ചതിന്റെ അടയാളമാണ് എല്ലാവിധ ജന്മിത്ത അവകാശങ്ങളും മതപുരോഹിതന്മാരുടെ അധികാരങ്ങളും ഒഴിക്കപ്പെട്ടു. പല വിഭാഗത്തിൽപ്പെട്ട ജനങ്ങളെ ഒന്നിപ്പിച്ച ഈ വിപ്ലവം ഭരണത്തിന്റെ ശക്തി കൂട്ടുന്നതിനു കാരണമായി. ദേശീയം എന്ന ചിന്ത വളരുന്നതിനും ഒരു ദൃഢമായ ഇടത്തര വർഗ്ഗം രൂപം കൊള്ളുന്നതിനും ഈ വിപ്ലവം കാരണമാണ്.



നെപ്പോളിയൻ

ഈ വിപ്ലവം ജനങ്ങളുടെ മേൽക്കോയ്മയെ ഉയർത്തി. യൂറോപ്പിലെ വിശാലമനസ്കന്മാരുടെ ഭരണഘടനയുടെ അടിസ്ഥാനത്തിലുള്ള സർക്കാർ രൂപംകൊള്ളുന്നതിന് അടിത്തറപാകി. സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുംലോകമെമ്പാടുമുള്ള ആളുകളുടെ നിരീക്ഷണത്തിൽആയി മാറി. യൂറോപ്പിലും മറ്റെവിടെയെങ്കിലും പിന്നീട് വിശാലമനസ്കന്മാരുടെ ജനാധിപത്യസംവിധാനത്തിനു വേണ്ടിയുള്ള പല രാഷ്ട്രീയ ചലനങ്ങളും പ്രചോദിപ്പിച്ചു.

## പാഠസംഗ്രഹം

### I അമേരിക്കൻ സ്വാതന്ത്ര സമരം

- അമേരിക്ക കണ്ടുപിടിച്ചതിനുശേഷം അവിടെ യൂറോപ്യൻ സംഘം കോളനികൾ ഏർപ്പെടുത്തിയതും മറ്റു യൂറോപ്യൻ ശക്തികളെ ജയിച്ചു 13 കുടിയേറ്റ നാടുകളെയും ബ്രിട്ടൻ തങ്ങളുടെ നേരിട്ടു നിയന്ത്രണത്തിൽ കൊണ്ടുവന്നതിനെ വിവരിക്കുന്നു.
- ഇംഗ്ലണ്ടിലെ ഭാരംകുറഞ്ഞ നികുതിയും പാരിസ്ഥിതിക ചൂഷണങ്ങൾ നയങ്ങൾ അവരുടെ സ്വയംഭരണത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കോളനികൾ നിഷേധിക്കപ്പെടുന്നു.
- കുടിയേറ്റ രാജ്യങ്ങളിൽ പ്രാതിനിധ്യമില്ലാതെ നികുതിയില്ല എന്ന പ്രഖ്യാപനം കുടിയേറ്റ നാളുകൾക്കു എതിരായ യുദ്ധം പ്രഖ്യാപനം ചെയ്യാൻ ഇംഗ്ലണ്ടിന്റെ പ്രേരണയെ വിശദീകരിക്കുന്നു.
- കുടിയേറ്റ രാജ്യങ്ങളുടെ പ്രതിഷേധം കണക്കിലെടുക്കാതെ തേയില ഇറക്കുമതി ചെയ്തു. പ്ലാസ്ടനിൽ കലഹത്തെ ഏർപ്പെടുത്തി. ഇത് അമേരിക്കൻ സ്വാതന്ത്ര്യ സമരം പൊട്ടിപ്പുറപ്പെടുന്നതിന് കാരണമായെന്നും തെളിയിക്കുന്നു.
- കുടിയേറ്റ രാജ്യങ്ങളുടെയും ബ്രിട്ടന്റെയും സേനകൾക്കിടയിൽ നടന്ന പ്രധാനമായ ലക്സ്റ്റൺ,ബങ്കഹിൽ,യോർക്ക്ടൗൺ യുദ്ധങ്ങളെ രേഖപ്പെടുത്തിയിട്ടുണ്ട്.
- 1774ൽ നടന്ന ഭൂഖണ്ഡപരമായ കോൺഗ്രസ് സമ്മേളനത്തിൽ



IX Std - History Malayalam Unit-9.indd 125 3/29/2023 4:43:38 PM

അമേരിക്കയുടെ അവകാശപ്രഖ്യാപനം സ്വീകരിക്കുകയും രണ്ടാം ഭൂഖണ്ഡപരമായ സമ്മേളനത്തിൽ സൈന്യാധിപന്റെ പദവി ജോർജ് വാഷിംഗ്ടൺ നൽകിയതിനെ പറ്റി വിശദമായി വിവരിച്ചിട്ടുണ്ട്.

- ഇംഗ്ലണ്ട് സൈന്യാധിപനായി സ്ഥാനമേറ്റ കോൺവാലിസ് പ്രഭു കീഴടങ്ങിയതും 1773ൽ പാരിസ് ഉടമ്പടി ഒപ്പുവയ്ക്കുകയും ആ ഉടമ്പടി അമേരിക്കൻ ഐക്യനാടുകൾ സ്വാതന്ത്ര്യത്തെ അംഗീകരിച്ചതും വിശദീകരിച്ചിട്ടുണ്ട്.

## II ഫ്രഞ്ച് വിപ്ലവം

- പതിനാറാം ലൂയിസ് എസ്റ്റേറ്റ് ജനറൽ (പാർലമെന്റിന്റെ) വിളിച്ചു കൂട്ടിയതിനെ തുടർന്ന് ഫ്രഞ്ചുവിപ്ലവം ആരംഭിച്ചുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.
- പ്രഭുക്കന്മാരും മതപുരോഹിതന്മാരും വിശേഷാവകാശത്തോടുകൂടിയ ആഡംബര ജീവിതത്തിലും സമൂഹത്തിൽ മൂന്നാം ഭാഗത്തിൽ ചേർന്ന കർഷകർ, കരകൗശലക്കാർ മറ്റു വിഭാഗത്തിൽ ചേർന്ന പൊതുജനങ്ങളും കഷ്ടപ്പാടുകൾ ഉള്ള ജീവിതത്തിനു ഇടയിലുള്ള വ്യത്യാസങ്ങളെ വിവരിച്ചിരിക്കുന്നു.
- ഫ്രഞ്ചു വിപ്ലവം ഏർപ്പെടുന്നതിനായുള്ള രാഷ്ട്രീയ സാമ്പത്തിക സാമൂഹിക കാരണങ്ങൾ പരിശോധിക്കപ്പെട്ടിരിക്കുന്നു.
- വിപ്ലവകാരികൾക്ക് ബോധവൽക്കരണം നടത്തി അവരെ പ്രോത്സാഹിപ്പിച്ചു ജനങ്ങൾക്ക് ഇഷ്ടമില്ലാത്ത രാജവാഴ്ചയ്ക്ക് എതിരായി കലഹം ഏർപ്പെടുത്തിയതിൽ ഫ്രഞ്ച് തത്ത്വചിന്തകർ വഹിച്ച പങ്കിനെ പ്രമുഖമാക്കിക്കാട്ടിയിരിക്കുന്നു.
- മൂന്നാമത്തെ എസ്റ്റേറ്റ് അംഗങ്ങളുടെ ടെന്നീസ് കോർട്ട് പ്രതിജ്ഞയെ തുടർന്ന് നടന്ന സംഭവങ്ങൾ ബാസ്റ്റിലിൻ ജയിൽ തർക്കങ്ങൾ വെർസെയിൽസിനെ നോക്കി സ്ത്രീകളുടെ ചരിത്രപരമായ മാർച്ച് എന്നിവയെ വിശദീകരിച്ചിരിക്കുന്നു
- രാജവാഴ്ചയും ജന്മിത്വസമ്പ്രദായവും ഇല്ലാതാക്കപ്പെട്ട് ജനങ്ങളുടെ അവകാശ പ്രകടനം പള്ളിയുടെ സ്വത്തുക്കൾ കണ്ടുകെട്ടുക ജനാധിപത്യ പ്രഖ്യാപനം അതുമുഖേന രാജവാഴ്ച രീതി അവസാനിപ്പിക്കപ്പെട്ട് മുതലായവ വിശദമായി വിവരിക്കുന്നുണ്ട്
- ദേശീയ കൺവെൻഷൻ അധ്യക്ഷനായ ജാക്കോബീസിന്റെ സർവ്വാധികാരം ഭരണത്തിൽ കീഴിൽ ഭയാനക ഭരണം എപ്രകാരം വിപ്ലവകാരികൾക്കിടയിൽ വിഭജനം ഏർപ്പെടുത്തിയതിനെ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു
- ദേശീയ കൺവെൻഷൻ റോബസ്പിയറിനെതിരെ തിരിയുകയും അദ്ദേഹത്തിനെ ഗില്ലറ്റിനിലേക്ക് അയച്ചത് എടുത്തു കാണിക്കപ്പെട്ടിട്ടുണ്ട് രാജപ്രതിനിധി നെപ്പോളിയൻ അധികാരം പിടിച്ചെടുക്കുകയും പിന്നീട് താനാണ് ഫ്രാൻസിന്റെ സർവാധിപതി എന്ന് പ്രഖ്യാപിക്കുകയും ചെയ്തതിനെ പ്രതിപാദിച്ചിരിക്കുന്നു.
- നെപ്പോളിയന്റെ വളർച്ച വിപ്ലവത്തിന്റെ അവസാനം എന്ന് കരുതപ്പെട്ടാലും വിപ്ലവകരമായ സ്വാതന്ത്ര്യആദർശങ്ങൾ സമത്വവും സാഹോദര്യവും പിൽക്കാലത്തെ രാഷ്ട്രീയ സംഘടനകൾക്കു പ്രോത്സാഹനം നൽകുന്നതായിരുന്നു യൂറോപ്പിലും മറ്റു രാജ്യങ്ങളിലും പുരോഗമന ജനാധിപത്യം രൂപം പ്രാപിക്കുന്നതിന് അടിത്തറ സ്ഥാപിച്ചു എന്നതിനെയും എടുത്തുകാണിച്ചിരിക്കുന്നു.

### കാലശ്രേണി

| | |
|---|---|
| മെയ് 5 1789 | സ്റ്റേറ്റ് ജനറൽ ചേർന്ന ദിവസം |
| ജൂൺ 17 1789 | മൂന്നാം വിഭാഗക്കാരുടെ ദേശീയ നിയമസഭയാകൽ |
| ജൂൺ 20 1789 | ടെന്നീസ് കോർട്ട് സത്യപ്രതിജ്ഞ |
| ജൂലൈ 9 1789 | ദേശീയ നിയമസഭ, നിയമസഭയായി മാറൽ |
| ജൂലൈ 14 1789 | വാസ്ടിയൽ ജയിൽ തകർക്കൽ |
| ആഗസ്റ്റ് 27 1789 | മനുഷ്യൻ പൗരൻ അവകാശ പ്രകടനം |
| ഒക്ടോബർ 5, 6 1789 | വെർനെയിൽസ് മാർച്ച് |
| ജൂൺ 20, 21 1790 | വെർണ്ണസ് രാജാവ് രക്ഷപ്പെട്ടോടൽ |
| ആഗസ്റ്റ് 10 1792 | ദേശീയ സമ്മേളനം |
| സെപ്റ്റംബർ 2, 3 1792 | സെപ്റ്റംബർ കൂട്ടക്കൊല |
| 21 ജനുവരി 1793 | പതിനാറാം ലൂയി കൊല്ലപ്പെട്ട ദിനം XVI |
| ജൂലൈ 27 1794 | റോബോസ്പിയർ കൊല്ലപ്പെട്ട ദിനം |



IX Std - History Malayalam Unit-9.indd 126 3/29/2023 4:43:38 PM

## അഭ്യാസം

### I ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക

**1.** അമേരിക്കയിൽ ഏർപ്പെടുത്തപ്പെട്ട ആദ്യ ബ്രിട്ടീഷ് കോളനി _____ആണ്.
a) ന്യൂയോർക്ക് b) ഫിലാഡൽഫിയ
c) ജേംസ്ടൗൺ d) ആംസ്റ്റർഡാം

**2.** ഫ്രഞ്ച് വിപ്ലവത്തിന്റെ മുന്നോടിയായി വാഷിംഗ്ടണിനോട് യോജിച്ച് ഇംഗ്ലീഷുകാർക്കെതിരായി പോരാടിയത്_____.
a) ടാൺടൻ b) ലഫായ്ട്
c) നെപ്പോളിയൻ d) എബ്രഹാംലിങ്കൻ

**3.** _____ ലഫായ്ഡ്, തോമസ് ജഫേഴ്സൺ മിരബ്യൂഎന്നിവരാൽ എഴുതപ്പെട്ടു.
a) സ്വാതന്ത്ര്യ പ്രകടനം
b) ബിൽനിറ്റ്സ് പ്രകടനം
c) മനുഷ്യൻ പൗരൻ അവകാശം സമ്പന്ധിച്ച പ്രകടനം
d) മനുഷ്യാവകാശ പ്രകടനം

**4.** _____ ൽ ആംഗലേയരുടെ തോൽവി ഫ്രാൻസിനും അമേരിക്കയ്ക്കും ഇടയിൽ സുഹൃത്ത് ബന്ധത്തിന് വഴിയൊരുക്കി
a) ട്രെൻഡൻ b) സാരടോക്കോ
c) പെന്നിസിൽ വനിയ d) ന്യൂയോർക്ക്

**5.** ഫ്രാൻസിൽ രാജകീയ സ്വേച്ഛാധിപത്യത്തിന്റെ ചിഹ്നമായി _____ ഉണ്ടായിരുന്നു.
a) വെയിൽസ് മാളിക b) ബാസ്റ്റൈൽ ജയിൽ
c) പാരീസ് കമ്മ്യൂൺ d) സ്റ്റേറ്റ് ജനറൽ

**6.** ആസ്ട്രിയയുടെയും പ്രവിഷ്യയുടെയും സൈന്യങ്ങളെ ഫ്രഞ്ച് വിപ്ലവകാരികളുടെ സൈന്യങ്ങളാൽ _____ യുദ്ധക്കളത്തിൽ തോൽപ്പിച്ചു.
a) വെർണ്ണാ b) വെർസോ
c) ഫിൽനിട്ട്സ് d) വാൽമി

**7.** കാൻഡൈഡ് എന്ന ഗ്രന്ഥം രചിച്ചത് _____.
a) വാൾടേർ b) റൂസ്സോ
c) മോൻഡെസ്ക്യൂ d) വാൽമി

**8.** പതിനാറാം ലൂയിയുടെ കീഴിൽ അധികാരങ്ങളെ ഉള്ളടക്കിയ സ്വേച്ഛാധിപത്യഭരണത്തെ നിലനിർത്താൻ ആഗ്രഹിച്ച മിതവാദപുരോഗമനവാദികൾ _____ .
a) ജിറോൺ ഡിൻസ് b) ജോക്കോബിയൻസ്
c) കുടിയേറ്റക്കാർ d) രാജ വിശ്വാസികൾ

**9.** _____ വർഷം പാരീസ് ഉടമ്പടി പ്രകാരം അമേരിക്കൻ സ്വാതന്ത്ര്യ സമരം അവസാനിച്ചു.
a) 1776 b) 1779
c) 1781 d) 1783

**10.** തോമസ് ബെയിൽ രചിച്ച പ്രശസ്തമായ ഗ്രന്ഥം _____ ആണ്.
a) സാമാന്യബുദ്ധി b) മനുഷ്യാവകാശങ്ങൾ
c) അവകാശബിൽ d) അടിമത്തത്തെ ഒഴിക്കൽ

### II വിട്ട ഭാഗം പൂരിപ്പിക്കുക

**1.** രണ്ടാം ഭൂഖണ്ഡ സമ്മേളനത്തിൽ തപാൽ വകുപ്പിന്റെ മേധാവിയായി തിരഞ്ഞെടുക്കപ്പെട്ടത് _____ ആണ്

**2.** ബജർമലയുദ്ധം നടന്നവർഷം _____.

**3.** _____ നിയമം കടത്തെ സ്വർണമായും വെള്ളിയായും തിരിച്ചടയ്ക്കാൻ വ്യവസ്ഥചെയ്യുന്നു.

**4.** ഫ്രാൻസിന്റെ ദേശീയ നിയമസഭയുടെ അധ്യക്ഷൻ _____ ആണ്

**5.** സ്വാതന്ത്ര്യത്തിനും യുക്തിചിന്തയ്ക്കും വലിയ ആഘോഷം നടത്തിയ_____ ഗില്ലറ്റിനാൽ കൊല്ലപ്പെട്ടു.

**6.** പതിനാറാം ലൂയി ഫ്രാൻസിൽ നിന്നും രക്ഷപ്പെട്ടോടാൻ ശ്രമിച്ചപ്പോൾ _____ വച്ച് കുടുംബത്തോടൊപ്പം അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു.

### III ശരിയായ പ്രസ്താവന കണ്ടുപിടിക്കുക

**1.** i) സമുദ്രഗവേഷണ യാത്രകളിൽ പോർച്ചുഗീസുകാർ മുന്നോടികളാണ്
ii) കാക്കർപെന്നിനു ശേഷം ന്യൂപ്ലൈ മൗത്ത് എന്ന് നാമകരണം ചെയ്യപ്പെട്ടു
iii) കക്കർമാർ യുദ്ധത്തിന് അനുകൂലമായതിനാൽ നല്ല പേര് ലഭിച്ചു
iv) ഇംഗ്ലീഷുകാർ ന്യൂ ആംസ്റ്റർഡാമിലെ ന്യൂയോർക്ക് എന്ന് പേരുമാറ്റം ചെയ്തു
a) i & ii ശരി b) iii ശരി
c) iv ശരി d) i & iv ശരി

**2.** i) അമേരിക്കൻ സ്വാതന്ത്ര്യസമരം ഇംഗ്ലണ്ടിനോട് ചെയ്യപ്പെട്ട യുദ്ധം മാത്രമല്ലാതെ ആഭ്യന്തര യുദ്ധമായും മാറി
ii) ഇംഗ്ലീഷ് സൈന്യം യാർക് ടൗണിൽ വിജയിച്ചു
iii) വളർന്നുവന്ന ഇടത്തര വർഗ്ഗത്തിനെ ഫ്രഞ്ച് പ്രഭുക്കൾ അനുകൂലിച്ചു
iv) ബ്രിട്ടീഷ് പാർലമെന്റ് പേപ്പറിന്റെ മേലുള്ള നികുതി ഒഴികെ മറ്റു വസ്തുക്കളുടെ മേൽ ടൗൺഷെന്റ് നിയമങ്ങളെ റദ്ദാക്കി.
a) i & ii ശരി
b) iii ശരി
c) iv ശരി
d) i & iv ശരി



IX Std - History Malayalam Unit-9.indd 127 3/29/2023 4:43:39 PM

3. **പ്രസ്താവന (A):** ഇംഗ്ലീഷ് വസ്തുക്കളെ പാസ്റ്റൻ വ്യാപാരികൾ നിരസിച്ചു

**കാരണം (R):** ഇംഗ്ലീഷ് സാമ്പത്തിക മന്ത്രി അമേരിക്കൻ കോളനികളിൽ ഇറക്കുമതി ചെയ്യപ്പെട്ട വസ്തുക്കളുടെ മേൽ പുതിയ നികുതി പ്രഖ്യാപിച്ചു

a) പ്രസ്താവന ശരി കാരണം പ്രസ്താവനയുടെ ശരിക്കുള്ള വിവരമല്ല
b) പ്രസ്താവന തെറ്റ് കാരണം പ്രസ്താവനയുടെ ശരിയായ വിവരമല്ല
c) പ്രസ്താവന ശരി കാരണം പ്രസ്താവനയുടെ ശരിയായ വിവരണമാണ്
d) പ്രസ്താവനയും കാരണവും തെറ്റാണ്

4. **പ്രസ്താവന (A):** നിർബന്ധിത സൈനിക സേവനത്തിനെതിരായി വെണ്ടി എന്ന സ്ഥലത്ത് വ്യവസായികൾ ഒരു വലിയ വിപ്ലവം നടത്തി.

**കാരണം (R):** രാജാവിന്റെ അനുകൂലികൾ ഗ്രാമീണർ അദ്ദേഹത്തിനെതിരായി യുദ്ധം ചെയ്യാൻ ആഗ്രഹിച്ചില്ല

a) A പ്രസ്താവനയും R കാരണവും തെറ്റാണ്
b) A പ്രസ്താവനയും കാരണവും R ശരിയാണ്
c) A പ്രസ്താവന ശരി R കാരണം തെറ്റ്
d) A പ്രസ്താവന തെറ്റ് R കാരണം ശരി

## IV യോജിപ്പിക്കുക

1. ജോൺ വിൻട്രോപ് – ഫ്രാൻസിലെ സാമ്പത്തിക മന്ത്രി
2. ടർഗോട്ട് – ജൂലൈ 4
3. നിയമത്തിന്റെ ആത്മാവ് – ഇംഗ്ലണ്ടും ഫ്രാൻസും
4. മേരി അന്റായ്നെറ്റ് – മാസാസൂസച്സ് കുടിയേറ്റം
5. ഏഴുവർഷം യുദ്ധം – പതിനാറാം ലൂയി
6. അമേരിക്കൻ സ്വാതന്ത്ര്യ ദിനം – മാൻഡെസ്ക്യൂ.

## V താഴെക്കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ചുരുക്കി ഉത്തരമെഴുതുക

1. പ്യൂരിട്ടൻസ് എന്നത് ആരാണ്? അവർ ഇംഗ്ലണ്ട് വിട്ട് വെളിയേറാൻ കാരണമെന്ത്?
2. ക്വാക്കേർസിനെ കുറിച്ച് എന്തറിയാം?
3. പാസ്റ്റൻ ചായ സൽക്കാരത്തിന്റെ പ്രാധാന്യം എന്ത്?
4. സെപ്റ്റംബർ കൂട്ടക്കൊലയെ കുറിച്ച് കുറിപ്പെഴുതുക
5. ഫ്രാൻസിന്റെ പ്രജാ പ്രതിനിധിസഭയെ കുറിച്ചെഴുതുക
6. ഫ്രഞ്ച് വിപ്ലവത്തിൽ ലഫായട്ടിന്റെ പങ്കിനെ കുറിച്ച് എഴുതുക
7. പാസ്റ്റിയൻ ജയിൽ തകർക്കലിന്റെ പശ്ചാത്തലം എന്ത്?
8. ഫ്രഞ്ച് വിപ്ലവ സമയത്ത് വ്യവസായികൾ ചെലുത്തേണ്ട നികുതികൾ എന്തൊക്കെ?

## VI ഓരോ തലക്കെട്ടുകളിലും കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

1. ടൗൺ ഷെണ്ട് നിയമം
   a) ഈ നിയമം പരിചയപ്പെടുത്തിയത് ആര്?
   b) ഏത് വർഷമാണ് ഈ നിയമം കൊണ്ടു വന്നത്?
   c) കുടിയേറ്റക്കാർ ഈ നിയമത്തെ എതിർക്കാൻ കാരണം എന്ത്?
   d) പാസ്റ്റൺ കച്ചവടക്കാർ ബ്രിട്ടീഷ് വസ്തുക്കളെ എതിർക്കാൻ കാരണം എന്ത്?
2. ഫ്രാൻസിന്റെ സാമൂഹ്യനില
   a) ഫ്രാൻസിന്റെ തിരുസഭ ഈടാക്കിയ നികുതിയുടെ പേര് എന്ത്?
   b) ടാൺടൺ എന്നത് ആര്?
   c) പതിനെട്ടാം നൂറ്റാണ്ടിലെ ഫ്രാൻസിന്റെ സർവ്വവിജ്ഞാന ചിന്തകർ ആരൊക്കെ?
   d) പൊതു നിരത്തുകളുടെ നിർമാണത്തിന് സൗജന്യ സേവനം ചെയ്തത് ആര്?

## VII വിശദമായി ഉത്തരമെഴുതുക

1. പ്രാതിനിധ്യമില്ലാതെ നികുതി ചുമത്തൽ ഇല്ല എന്നവാക്ക് അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന് എങ്ങനെ വഴിതെളിയിച്ചു എന്നതിനെ വിശദീകരിക്കുക
2. 1789 -20 ആണ്ടിലെ വിപ്ലവത്തിന് ഫ്രഞ്ച് തത്വചിന്തകന്മാരുടെ പങ്കിനെ വിശദമാക്കുക

## VIII പ്രവർത്തനം

1. പതിനാറാം ലൂയിയുടെ ഭരണത്തെ പോലെ ഏതൊരു ഭരണവും ദിവാലായാൽ ആപത്ഘട്ടത്തെ തരണം ചെയ്യാൻ നിങ്ങൾ എന്തൊക്കെ നടപടികൾ സ്വീകരിക്കും
2. അമേരിക്കൻ സ്വാതന്ത്ര്യ സമരം ഇന്ത്യൻ സ്വാതന്ത്ര്യ സമരം താരതമ്യം ചെയ്യുക

## IX നിയോഗാഭ്യാസം

1. പാസ്റ്റിയൻ ജയിൽ സംഭവങ്ങളെ കുറിച്ച് വിവരിക്കുക.
2. ലെസ് മിസറബിൾ എന്ന വിക്ടർ ഹ്യൂഗോയുടെ ചരിത്ര നോവലിന്റെ സാരം വായിക്കുക



IX Std - History Malayalam Unit-9.indd 128 3/29/2023 4:43:39 PM

## വിശദമായ വായനയ്ക്ക്


1. George Brown Tindall and David E. Shi, *America: A Narrative History,* Vol. I, W.W. Norton, New York, 1993.
2. John A. Garraty, *A Short History of the American Nation,* Harper Collins College Publishers, New York, 1993.
3. James A. Henrietta, et al., *America's History,* Vol. 1, Worth Publishers, New York, 1997.
4. Jawaharlal Nehru, *Glimpses of World History*, Penguin, 2004.
5. Chris Harman, *The People's History of the World*, Orient Longman, 2007.
6. Eric Hobsbawm, *The Age of Revolution, 1789-1848*, Vintage Books, New York, 1996.
7. Edward MacNall Burns, *World Civilizations*, Vol. II, W.W. Norton, 1968.
8. David Thomson, *Europe Since Napoleon,* Penguin Books, New Delhi, 1990.
9. C.D.M. Ketelbey, *A History of Modern Times since 1789,* OUP, New Delhi, 1997




## ICT കോർണ്ണർ

**വിപ്ലവങ്ങളുടെ കാലഘട്ടം**

ഈ പ്രവർത്തനം ചെയ്യുന്നതിനാൽ അമേരിക്കൻ ഐക്യനാടുകളുടെ ഭൂപടത്തിൽ അമേരിക്കൻ സംസ്ഥാനങ്ങൾ എവിടെയൊക്കെയാണ് എന്ന് വ്യക്തമായി അറിയാൻസാധിക്കും




**നടപടിക്രമങ്ങൾ**

ഘട്ടം 1: അല്ലെങ്കിൽ ഉപയോഗിച്ച് ഈ പ്രവർത്തനത്തിനുവേണ്ട ഇന്റർനെറ്റ് പേജിലേക്ക് ചെല്ലുക.

ഘട്ടം - 2 വിളയാട്ടു പേജിലേക്കു പോകുന്നതിന് വിളയാട്ട് ഐക്കൺ ക്ലിക്ക് ചെയ്യുക.

ഘട്ടം-3 എന്നതിനെ തിരഞ്ഞെടുക്കുക.

ഘട്ടം-4 ഭൂപടത്തിൽ ചിതറിക്കിടക്കുന്ന സംസ്ഥാനങ്ങളെ ശരിയായ സ്ഥലത്ത് കൊണ്ടുവന്ന് യോജിപ്പിക്കുക

**URL:**

https://bensguide.gpo.gov/ (or) scan the QR Code

ചിത്രങ്ങൾ അടയാളങ്ങൾക്ക് മാത്രം




IX Std - History Malayalam Unit-9.indd 129 3/29/2023 4:43:39 PM

യൂണിറ്റ്
10

# വ്യവസായവിപ്ലവം



## പഠന ലക്ഷ്യങ്ങൾ

### സ്വയം പരിചയപ്പെടൽ

- 18-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ വ്യവസായിക വിപ്ലവത്തിന്റെ പ്രത്യേകതകൾ.
- ഇംഗ്ലണ്ടിലെ വ്യവസായിക വിപ്ലവത്തെക്കുറിച്ച് അറിയാനുള്ള അനുകൂലസാഹചര്യങ്ങൾ.
- വ്യവസായ വിപ്ലവത്തിൽ നെയ്ത്ത് വ്യവസായത്തിന്റെ കണ്ടുപിടിത്തങ്ങൾ.
- ഉരുക്കു വ്യവസായവൽക്കരണത്തിന്റെ ഉത്തേജനം.
- ഇംഗ്ലണ്ടിലെ തൊഴിലാളിവർഗ്ഗ പ്രസ്ഥാനവും അതിന്റെ പ്രത്യാഘാതങ്ങളും.
- രണ്ടാം വ്യവസായവിപ്ലവം ഫ്രാൻസിലും ജർമ്മനിയിലും അമേരിക്കയിലും.
- അമേരിക്കയിലെ മഹത്തായ റെയിൽറോഡ് സമരവും ഹെയ് മാർക്കറ്റ് കൂട്ടക്കൊലയും.
- ഇന്ത്യയിൽ വ്യവസായ വിപ്ലവത്തിന്റെ സ്വാധീനം.

Q8J7O

### മുഖവുര

18-ാം നൂറ്റാണ്ടിലെ രണ്ടാം ഭാഗങ്ങളിൽ ഉത്പാദന രീതിയിലുണ്ടായമാറ്റം സാമൂഹ്യ ജീവിതത്തിൽ സമൂലമാറ്റം ഏർപ്പെടുത്തി. ഉത്പാദനത്തിൽ ഏർപ്പെട്ട മാറ്റത്തെയാണ് വ്യവസായ വിപ്ലവം എന്നു പറയുന്നത്. കൈത്തൊഴിലിൽ നിന്നും യന്ത്രങ്ങൾ മൂലം സാധനങ്ങൾ ഉത്പാദിപ്പിക്കാൻ തുടങ്ങി. ഉത്പാദന വ്യാപനം വാണിജ്യ പുരോഗതിക്ക് അടിസ്ഥാനമിട്ടു. ഈ മാറ്റങ്ങൾ സാമ്പത്തികമായി മാത്രമല്ല സമൂഹത്തെയും രാഷ്ട്രീയത്തെയും ആഴത്തിൽ സ്വാധീനിച്ചു. സമൂഹത്തിൽ കൃഷി, കൈത്തൊഴിൽ, തൊഴിലിടസ്ഥാനത്തിലുള്ള സാമ്പത്തിക വ്യവസ്ഥ എന്നിവയെ മാറ്റി യന്ത്രോപകരണങ്ങളെ അടിസ്ഥാനമാക്കിയുള്ള ആധിപത്യം സ്ഥാപിച്ചു. ഇംഗ്ലണ്ടിൽ നിന്നും ആരംഭിച്ച മാറ്റം പിന്നീട് ലോകത്തിന്റെമറ്റു ഭാഗങ്ങളിലേക്കും വ്യാപിച്ചു. ബ്രിട്ടീഷ് സാമ്പത്തിക ശാസ്ത്രജ്ഞന്മാർ 1760 മുതൽ 1840 വരെയുള്ള കാലഘട്ടത്തെ സൂചിപ്പിക്കുന്നതിന് മുമ്പുതന്നെ ഫ്രഞ്ചു ചരിത്രകാരന്മാർ വ്യവസായ വിപ്ലവം എന്ന പദം പ്രചരിപ്പിച്ചിരുന്നു.



IX Std - History Malayalam Unit-10.indd 130 3/29/2023 4:34:47 PM

## 10.1 വ്യവസായ വിപ്ലവത്തിന്റെ പ്രധാന ഗുണങ്ങൾ.

- പുതിയ അടിസ്ഥാന വസ്തുക്കളുടെ ഉപയോഗം ഇരുമ്പ്, ഉരുക്ക്.
- ഊർജസ്രോതസ്സുകളുടെ ഉപയോഗം കൽക്കരി, വൈദ്യുതി, പെട്രോളിയം.
- സ്പിന്നിങ് ജെന്നി, നെയ്ത്ത് യന്ത്രം പോലെയുള്ള പുതിയ യന്ത്രങ്ങളുടെ കണ്ടുപിടിത്തം ഉത്പാദനം വർദ്ധിപ്പിക്കുകയും മനുഷ്യപ്രയത്നം കുറയ്ക്കുകയും ചെയ്തു.
- ഫാക്ടറി സമ്പ്രദായം എന്നറിയപ്പെടുന്ന പുതിയ സംഘടനയുടെ ഉദയം, തൊഴിൽ ഉത്പന്നങ്ങളുടെ വർദ്ധിച്ച വിഭജനം, തൊഴിലിന്റെ പ്രത്യേകത എന്നിവയാണ്.
- ഗതാഗതത്തിലും വാർത്താ വിനിമയത്തിലും വികസനം.
- ശാസ്ത്രത്തിന്റെ പ്രയോഗത്തെ വ്യവസായത്തിലേക്ക് വർദ്ധിപ്പിക്കുക.
- പുതിയ സാങ്കേതികവിദ്യയുടെ ഉപയോഗം.

### ആരംഭം

ഇംഗ്ലണ്ടിൽ ആദ്യം വ്യവസായവിപ്ലവം ആരംഭിക്കുന്നതിന് പ്രത്യേക ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. അവ.

- ഇംഗ്ലണ്ടിന് ധാരാളം വിഭവങ്ങളും കോളനികളും ഉണ്ടായിരുന്നു അവർ ഇന്ത്യയെ "ബ്രിട്ടീഷ് കിരീടത്തിലെ ഏറ്റവും വിലയേറിയ രത്നം" എന്ന് വിശേഷിപ്പിച്ചു.
- കോളനികളിൽ നിന്ന് കൽക്കരി, ഇരുമ്പ്, പരുത്തി എന്നിവയിലേക്കുള്ള പ്രവേശനം.
- നെതർലാൻഡിലെ കുടിയേറ്റക്കാരായ തൊഴിലാളികൾ വികസിപ്പിച്ചെടുത്ത തുണിത്തരങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇംഗ്ലണ്ടിലുണ്ട്.
- വികസിത ബാങ്കിംഗ് സംവിധാനം വളർന്നുകൊണ്ടിരിക്കുന്ന ഒരു സംരംഭകത്വ വിഭാഗം, സാധ്യതയുള്ള നിക്ഷേപകർ എന്നിവയായിരുന്നു ഇംഗ്ലണ്ടിൽ ഉണ്ടായിരുന്നത്.
- ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾക്കും പരീക്ഷണങ്ങൾക്കും ഇംഗ്ലണ്ടിലെ റോയൽ സൊസൈറ്റിയുടെ പ്രോത്സാഹനം.
- വ്യവസായ വളർച്ചയ്ക്ക് മുഴുവൻ ശ്രദ്ധയും നൽകാനുള്ള ഇംഗ്ലണ്ടിന്റെ രാഷ്ട്രീയ സ്ഥിരത.

### നീരാവി യന്ത്രത്തിന്റെ കണ്ടുപിടിത്തം.

18-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് ഖനി ഉടമകൾ അവരുടെ ഖനികളിൽ ജലസ്രോതസുകളുടെ പ്രശ്നം അഭിമുഖീകരിച്ചു. കൽക്കരി പുറത്തെടുക്കാൻ ജലം നീക്കം ചെയ്യണം അതിനായി അവർ ജലം പമ്പു ചെയ്യാൻ തൊഴിലാളികളെ നിയമിച്ചു. തൊഴിലാളി നിയമനം ഭാരിച്ച ധന നഷ്ടത്തിന് കാരണമായി. ഈ ആപത്ഘട്ടത്തിൽ ബ്രിട്ടീഷ് സാങ്കേതിക വിദഗ്ധനായ തോമസ് ന്യൂ കാമൻ ജലം ഖനികളിൽ നിന്നും പമ്പ് ചെയ്യാൻ പുതിയ ഉപകരണം കണ്ടുപിടിച്ചു. പക്ഷേ അദ്ദേഹം വികസിപ്പിച്ചെടുത്ത ഉപകരണത്തിന് വളരെയധികം ഇന്ധനം ആവശ്യമായി വന്നു. സ്കോട്ടിഷ് എൻജിനീയറായ ജയിംസ് വാട്ട് വികസിപ്പിച്ചെടുത്ത റോട്ടറി എഞ്ചിൻ കുറഞ്ഞ ഇന്ധന ശേഷി ഉള്ളതായിരുന്നു.



ബ്രിട്ടീഷ് തൊഴിൽശാല

### ടെക്സ്റ്റയിൽസ് വികസനം.

വ്യവസായ വിപ്ലവത്തിന് മുമ്പായി പ്രാദേശികവും ആഭ്യന്തരവുമായ ഉപഭോഗത്തിനായിയുള്ള വസ്ത്രങ്ങൾ നെയ്ത് ഉപയോഗിച്ചിരുന്നു. ഇത് വീട്ടിൽ അല്ലെങ്കിൽ ഒരു ചെറിയ വാടക സ്ഥലത്ത് ചെയ്തിരുന്നു. ഈ ഉത്പാദനം കുടിൽ വ്യവസായ രീതിയിലാണ് നടന്നിരുന്നത്. ഒരു കൈത്തറി നെയ്ത്തുകാരന് നാലുമുതൽ എട്ടുവരെ സ്വയം പ്രവർത്തിക്കുന്ന സ്പിന്നിംഗ് യന്ത്രം ആവശ്യമായിരുന്നു. 1733ൽ ജോൺ കേ കണ്ടുപിടിച്ച പറക്കും പാവോട്ടി കൈകൊണ്ട് പ്രവർത്തിച്ചപ്പോൾ നെയ്ത്തിന്റെ വേഗത വർദ്ധിച്ചു. 1767 ൽ ജയിംസ് ഹാർ ഗ്രീവ്സ് സ്പിന്നിംഗ് ജെന്നി കണ്ടുപിടിച്ചു. ഈ യന്ത്രം എട്ട് നൂലുകളേയും ഒരേസമയം ഒന്നാക്കി. രണ്ടുവർഷത്തിനുശേഷം റിച്ചാർഡ് ആർ ക്രൈറ്റ് വാട്ടർ ഫ്രെയിം കണ്ടുപിടിച്ചു. ഈ സ്പിന്നിംഗ് യന്ത്രം മനുഷ്യശക്തിക്കു പകരം ജല ശക്തി ഉപയോഗിച്ചു. ഈ വാട്ടർ ഫ്രെയിം വീടുകളിൽ ഉപയോഗിക്കാൻ വളരെ വലുതായിരുന്നു. അതിനാൽ തൊഴിൽശാലകൾ രൂപീകൃതമായി. 1779 ൽ സാമുവൽ ക്രോംപ്ടൺ കണ്ടുപിടിച്ച സ്പിന്നിംഗ് മ്യൂൾ, സ്പിന്നിംഗ് ജന്നി, വാട്ടർ ഫ്രെയിം എന്നീ രണ്ടു



IX Std - History Malayalam Unit-10.indd 131 3/29/2023 4:34:47 PM

സംയുക്തങ്ങളും ഉൾപ്പെടുത്തിയതായിരുന്നു. ഇത് വൻതോതിൽ നെയ്ത്തിനെ പൈപ്പുരോഗമിപ്പിച്ചു. എലിവിറ്റ്നി 1793ൽ കോട്ടൺ ജിൻ എന്ന ഉപകരണം പരുത്തിയിൽ നിന്നും വിത്തിന് വേർതിരിക്കുന്നതിനായികണ്ടുപിടിച്ചു.


ജോൺ കേ


ജയിംസ് ഹാർ ഗ്രീവ്സ്

വസ്ത്ര ഉൽപാദനം വ്യവസായ വിപ്ലവത്തിന്റെ ഭാഗമായി മാറി. അൻപത് വർഷത്തിനിടയിൽ ബ്രിട്ടനിൽ ടെക്സ്റ്റൈൽസ് നിർമ്മാണ വ്യവസായം ഉത്പാദന രീതിയിൽ കൈത്തറി മേഖലയിൽ നിന്നും യന്ത്രസാമഗ്രികളിലേക്ക് രൂപ ാന്തരം പ്രാപിച്ചു. പുതുതായി കണ്ടുപിടിച്ച യന്ത്രങ്ങൾ വലിയതോതിൽ തുണിത്തരങ്ങൾ ഉത്പാദിപ്പിക്കാൻ തൊഴിൽശാലകളെ പ്രാപ്തമാക്കി. ഡെർബി ഷെയർ, ലങ്കാഷയർ, ചെഷയർ, സ്റ്റാഫോർഡ് ഷെയർ, നോട്ടിംഗ്ഹാം ഷെയർ യോർക്ക്ഷയർ എന്നിവ പ്രധാന ഫാക്ടറി കേന്ദ്രങ്ങളായിരുന്നു. അതിൽ ഏറ്റവും ശ്രദ്ധേയമായത് മാഞ്ചസ്റ്റർ ആയിരുന്നു.അവിടെ 1802ൽ 50 മില്ലുകൾ ഉണ്ടായിരുന്നു. തൊഴിലാളികളെ വിഭജിക്കുന്ന തത്വത്തിൽ ബഹുജന ഉത്പ ാദനത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഈ ഫാക്ടറികൾ സംഘടിപ്പിക്കപ്പെട്ടു.


ലങ്കാഷെയർ

## ഇരുമ്പുരുക്ക്

വ്യവസായവത്കരണത്തിന്റെ പെട്ടെന്നുള്ള വളർച്ചയ്ക്ക് ഇരുമ്പുരുക്ക് പ്രധാനപങ്കുവഹിച്ചു. പുരാതനകാലത്ത് ഇഷ്ടിക ചൂളകളിൽ ഇരുമ്പയിരിനെ ഉരുക്കാൻ കരി ഇന്ധനമായി ഉപയോഗിച്ചിരുന്നു. ഇങ്ങനെ ഉത്പാദിപ്പിച്ച് ഇരുമ്പു ധാതുവിന് ശേഷി കുറവായിരുന്നു. അതുകൊണ്ട് ഇരുമ്പ് ധാതുവിനെ ഉരുക്കാൻ കരിക്കു പകരം കൽക്കരി ഉപയോഗിച്ചു. പക്ഷേ ഇത് വളരെ ചെലവേറിയതാണ്. ഇരുമ്പിനെ കഷണങ്ങളാക്കുന്നതിന് സിലിണ്ടർ ഉപ യോഗിക്കുന്ന പുതിയ രീതി കൊണ്ടുവന്നു. റോളിംഗ് മിൽ (ഉരുക്ക് അല്ലെങ്കിൽ മറ്റേതെങ്കിലും മെറ്റൽ ഷീറ്റുകൾ) യന്ത്ര തകരാറുള്ള ആയുധങ്ങളെക്കാൾ പതിനഞ്ച് മടങ്ങ് വേഗതയാണ്. 1856 ൽ ഹെൻട്രി ബെസ്മർ ഇരുമ്പുരുക്ക് ഉത്പാദിപ്പിക്കാൻ വേഗതയേറിയതും വിലകുറഞ്ഞതുമായ രീതി കണ്ടുപിടിച്ചു. കാലക്രമേണ ഇരുമ്പുരുക്കിനെ വ്യവസായ ശാലകളിൽ എല്ലാ യന്ത്രങ്ങളും നിർമ്മിക്കാൻ ഉപയോഗിച്ചിരുന്നു.


ഇരുമ്പുരുക്കു വ്യവസായശാല

## ഖനനം

വ്യവസായവത്കരണം വേഗത്തിൽ ആയപ്പോൾ കൂടുതൽ കൂടുതൽ കൽക്കരിയുടെ ആവശ്യം നിറവേറ്റുന്നതിനുള്ള നീരായി എൻജി നുകളും ചൂളകളും ഉണ്ടായിരുന്നു. ആർക്ക് റൈറ്റ് നിർമ്മിച്ച ഫാക്ടറികളുടെ വികസനവും ജയിംസ് വാട്ട് നിർമ്മിച്ച മെച്ചപ്പെടുത്തിയ നീരാവി എഞ്ചിൻ കൽക്കരിയുടെ ആവശ്യം വർദ്ധിപ്പിച്ചു. തൽഫലമായി കൽക്കരി ഖനികൾ കൂടുതൽ ആപത്കരമായി. ഖനികളിൽ തൊഴിലാളികൾ ഉപ യോഗിച്ചിരുന്ന എണ്ണ വിളക്ക് സ്ഫോടനത്തിന്റെ അപകട സാധ്യത വർദ്ധിപ്പിച്ച് ഖനി ത്തൊഴിലാളികളുടെ മരണത്തിന് കാരണമായി. 1815 ൽ സർഹംഫ്രി ഡേവി കണ്ടുപിടിച്ച സുരക്ഷാ വിളക്ക് കൊണ്ട് ഖനി തൊഴിലാളികൾ സംരക്ഷണത്തോടെ ജോലി ചെയ്തു.

ഇംഗ്ലണ്ടിൽ കൽക്കരി ഉത്പാദനം 1750 ൽ 4.7 ദശലക്ഷം ടണ്ണിൽനിന്ന് 1900 ൽ 250 മില്യൻ ടണ്ണായി വർദ്ധിച്ചു.


കൽക്കരി ഖനി

## ഗതാഗതവും വാത്താവിനിമയവും

വ്യവസായവിപ്ലവം നല്ല ഗതാഗതത്തെ ആശ്രയിച്ചാണ്. ഉത്പാദന വർദ്ധനവ് കാരണം ദൂരെയുള്ള ഫാക്ടറികളിലേക്ക് അസംസ്കൃത



IX Std - History Malayalam Unit-10.indd 132 3/29/2023 4:34:47 PM

വസ്തുക്കൾ കൊണ്ടുവരണം. ചരക്കുകളുടെ നിർമ്മാണത്തിനു ശേഷം അവ കമ്പോളങ്ങളിലേക്ക് കൊണ്ടു പോകേണ്ടി വന്നു. തൽഫലമായി കനാലുകൾ, റോഡുകൾ, റെയിൽ റോഡുകൾ എന്നിവയുടെ പുതിയ ശൃംഖലകൾ നിർമിക്കപ്പെട്ടു. റെയിൽവേ ഗതാഗത സംവിധാനവും മെച്ചപ്പെടുത്താൻ മെക്ക് ആദം റോഡുകളും ജോർജ് സ്റ്റീഫൻസന്റെ നീരാവി എഞ്ചിൻ സഹായിച്ചു.

സ്കോട്ടിഷ് എൻജിനീയർ ആയ ജോൺ ലൗഡർ മെക്ക് ആദം ലോകമെമ്പാടുമുള്ള റോഡ് നിർമാണത്തിൽ പുരോഗതി ഏർപ്പെടുത്തി. അതിനാൽ അത്തരം റോഡുകളെ മെക്ക്ആദം റോഡുകൾ എന്ന് പറയപ്പെടുന്നു.

ആറാം നൂറ്റാണ്ടിൽ ഗ്രീസ്, കൊരിന്ത് എന്നീ രാജ്യങ്ങളിൽ മനുഷ്യരെയോ മൃഗങ്ങളെയോ ആണ് റെയിൽവേക്കായി ഉപയോഗിച്ചിരുന്നത്. പതിനാറാംനൂറ്റാണ്ടിൽ ജർമ്മനിയിൽ കുതിരസവാരി ഉണ്ടായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബ്രിട്ടീഷ് വികസനത്തിന്റെ ഭാഗമായി നീരാവി എൻജിനുകൾ ഉപയോഗിച്ച് ആധുനിക റെയിൽ ഗതാഗതം ആരംഭിച്ചു. 1825 ൽ സ്റ്റോക്ടൺ നും ഡാർലിംഗ്ടണ്ണി നും ഇടയിൽ ഇംഗ്ലണ്ട് ആദ്യ റെയിൽവേ ഗതാഗതം ആരംഭിച്ചു. അടുത്ത 40 വർഷത്തിൽ പതിനഞ്ചായിരം മൈൽ റെയിൽവേ ശൃംഖല പൂർത്തിയാക്കി. 1807 ൽ ന്യൂയോർക്കിൽ നിന്നും അൽബേനിയയിലേക്കുള്ള കടൽ യാത്രയ്ക്ക് കാർമെൻറ് എന്നറിയപ്പെടുന്ന നീരാവി കപ്പൽ കണ്ടുപിടിച്ചത് റോബർട്ട് ഫുൾട്ടൺ എന്ന അമേരിക്കക്കാരനാണ്. ഏതാനും വർഷങ്ങൾക്ക് ശേഷം കാർഗോ ചരക്കുഗതാഗതം എന്നിവയ്ക്കുവേണ്ടി നദികളിലും കടലിലും നീരാവി കപ്പലുകൾ ഉപയോഗിച്ചു. 1830 ആയപ്പോഴേക്കും ലിവർപൂളിനും മാഞ്ചസ്റ്ററിനും 40 മൈൽ ദൂരം ഒന്നരമണിക്കൂർ യാത്ര പൂർത്തിയാക്കി.



റെയിൽ ഗതാഗതം

## 10.2 ഇംഗ്ലണ്ടിൽ വ്യവസായ വിപ്ലവത്തിന്റെ ഫലങ്ങൾ

വ്യവസായവിപ്ലവം വ്യവസായിക വിപ്ലവത്തിനും കൂടുതൽ ഭക്ഷ്യോത്പദനത്തിനും പുതിയ ഫാക്ടറി തൊഴിലാളികളുടെ ഉത്ഭവത്തിനും കാരണമായി. നഗരങ്ങളുടെ ഉദയവും വളർച്ചയും ദ്രുതഗതിയിലുള്ള നഗരവത്കരണവും സംഘടിത തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങളും വോട്ടിംഗ് അവകാശവും സർവ്വ സേവന വ്യവസ്ഥകളുടെ നിയന്ത്രണവും രാഷ്ട്രീയത്തിൽ പുതിയ ചലനാത്മകത സൃഷ്ടിച്ചു.

### പരിസ്ഥിതി ജീവിത വ്യവസ്ഥകളിൽസ്വാധീനം

കാറ്റ്, ജലം, വിറക് എന്നിവയ്ക്ക് പകരം രാസവസ്തുക്കളും ഫോസിൽ ഇന്ധനങ്ങളും ഉപയോഗിക്കുന്നതിനാൽ വായുമലിനീകരണവും ജലമലിനീകരണവും വർദ്ധിച്ചു. ഭൂമിയുടെ പരിസ്ഥിതിയിലും മനുഷ്യന്റെ സമ്പർക്കത്തിലും വ്യവസായവിപ്ലവം ഒരു പ്രധാന വഴിത്തിരിവായി.

വ്യവസായവിപ്ലവം കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ജോലി സാധ്യതക്ക് വഴിതെളിച്ചു. എന്നിരുന്നാലും തൊഴിലാളിവർഗത്തിന്റെ ജീവിതം ദുസ്സഹമായിരുന്നു. കുറഞ്ഞ വേതനത്തിൽ കുട്ടികളെ തുണി മില്ലുകളിൽ ഉപയോഗിച്ചു. 1842 ൽ ബ്രിട്ടീഷ് പാർലമെൻറ് കൽക്കരി ഖനനത്തെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് സമർപ്പിച്ചു.

ആദ്യകാലങ്ങളിൽ വ്യവസായശാലകളിലും ഖനികളിലും സുരക്ഷ വളരെ മോശമായിരുന്നു. കേന്ദ്രത്തിൽനിന്നുള്ള പരിക്കുകൾ, ചെറിയ രീതിയിലുള്ള പൊള്ളലുകൾ, കൈകാലുകളിലെ മുറിവുകൾ,കൈകാലുകൾ ഛേദിക്കപ്പെടുന്നവയൊക്കെ മരണത്തിനു വരെ കാരണമായി,

അധ്വാനിക്കുന്ന വർഗ്ഗത്തിന്റെ ഭവനങ്ങൾ പോലും വൃത്തിഹീനമായതും രോഗാവസ്ഥ പടരുന്നതുമായിരുന്നു. തൊഴിലാളികൾ സ്വന്തം ചുറ്റുപാടുകളെ വൃത്തിയുള്ളതാക്കാൻ ആഗ്രഹിച്ചിരുന്നെങ്കിലും അവരുടെ സമയമില്ലായ്മ കാരണം കോളറ വസൂരി ടൈഫോയിഡ് പോലുള്ള രോഗങ്ങൾ പടർന്നു പിടിച്ചു.

### നഗരവത്കരണം

വ്യവസായ വിപ്ലവത്തിന്റെ വരവോടെ ഇംഗ്ലണ്ട് ലോകത്തിന്റെ വർക്ക്ഷോപ്പ് ആയി മാറി. എന്നിരുന്നാലും കാർഷികരംഗത്ത് കുറവുണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി ഗ്രാമങ്ങളിൽ നിന്നും വ്യവസായ നഗരങ്ങളിലേക്ക് ജനങ്ങൾ പാലായനം ചെയ്യാൻ തുടങ്ങി. ഈ കാലയളവിൽ ഏർപ്പെട്ട മറ്റ് സാമൂഹിക മാറ്റങ്ങൾ ജനസംഖ്യ വളർച്ച ,കുടിയേറ്റം, നഗരവത്കരണം എന്നിവയാണ്. മുൻവ്യവസായ സമൂഹത്തിൽ 80% ജനങ്ങൾ ഗ്രാമ പ്രദേശങ്ങളിൽ ജീവിച്ചു. നാട്ടിൻപുറങ്ങളിൽ നിന്നും കുടിയേറ്റം കൂടുതൽ ഊർജിതമാകാൻ തുടങ്ങിയതോടെ ചെറിയ പട്ടണങ്ങളും വൻനഗരങ്ങളെ പിടിച്ചെടുത്തു. 1840ൽ രണ്ട് മില്യൻ ജനസംഖ്യയിൽ



IX Std - History Malayalam Unit-10.indd 133 3/29/2023 4:34:47 PM

നിന്നും അഞ്ച് മില്യൻ ജനസംഖ്യയിലേക്ക് നാൽപ്പതു വർഷത്തിനുള്ളിൽ ലണ്ടൻ നഗരം വളർന്നു.

മാഞ്ചസ്റ്ററിന്റെ തണുത്ത കാലാവസ്ഥ തുണി ഉത്പാദനത്തിന് അനുയോജ്യമായിരുന്നു. ഇതിനുപുറമേ ലിവർപൂൾ തുറമുഖം ലങ്കാഷയർ കൽക്കരി ഖനികൾക്ക് അടുത്തായി സ്ഥിതി ചെയ്യുന്നു. ലോകത്തിലെ ടെക്സ്റ്റൈൽസ് തലസ്ഥാനമായ മാഞ്ചസ്റ്റർ ബ്രിട്ടീഷുകാർക്ക് വൻതോതിലുള്ള കുടിയേറ്റങ്ങൾ സൃഷ്ടിച്ചു. 1771 മാഞ്ചസ്റ്റർ വെറും 22000 ജനസംഖ്യയുള്ള ഒരു ഉറക്ക നഗരമായിരുന്നു എന്നാൽ അടുത്ത 50 വർഷത്തിൽ അവിടുത്തെ ജനസംഖ്യ 180000കവിഞ്ഞു

### സാമൂഹികസാമ്പത്തിക പ്രത്യാഘാതങ്ങൾ

കർഷകർ പാവപ്പെട്ടവരായിത്തീരുകയും തൊഴിലാളിവർഗ്ഗം കഷ്ടമനുഭവിക്കുകയും ചെയ്തപ്പോൾ മദ്ധ്യവർഗ്ഗം വ്യവസായത്തിലും തൊഴിൽശാലകളിലും മൂലധനം നിക്ഷേപിച്ചുകൊണ്ട് സമ്പന്നരായി തീർന്നു. അക്കാലത്തെ സർക്കാരുകൾ അവരെ സ്വാധീനിച്ചു. എല്ലാ നിയമങ്ങളും അവരുടെ താത്പര്യങ്ങളെ അനുകൂലിച്ചു. തൊഴിലാളികൾക്ക് തൊഴിലാളിസംഘടനകൾ രൂപീകരിക്കാൻ അനുവാദം ഇല്ല. ഈ സാഹചര്യത്തിലാണ് യൂറോപ്പിൽ സോഷ്യലിസം പുതിയ പ്രത്യയശാസ്ത്രം രൂപം കൊണ്ടത്. കാറൽമാർക്സ് തൊഴിലാളിവർഗ്ഗത്തെ ചൂഷണ നയങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനായി ശാസ്ത്രീയ സോഷ്യലിസത്തെ പ്രോത്സാഹിപ്പിച്ചു. 19ആം നൂറ്റാണ്ടിന്റെ അവസാനത്തിൽ സാമ്പത്തികവും രാഷ്ട്രീയവുമായ അവകാശങ്ങൾ ആവശ്യപ്പെടുന്ന പടിഞ്ഞാറൻ യൂറോപ്പിൽ ശക്തമായ തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങൾ ഉണ്ടായിരുന്നു.

### തൊഴിലാളി സംഘടന

1832ലെ ഭേദഗതി നിയമം അനുസരിച്ച് മദ്ധ്യവർഗ്ഗക്കാർക്ക് മാത്രം വോട്ടവകാശം നൽകിയിരുന്നു. ഇതിനി ടയിൽ ആശങ്ക ഉണ്ടാക്കിയ തൊഴിലാളിവർഗ്ഗം ഒരു മഹത് സമ്മേളനത്തിൽ അവകാശപത്രിക തയ്യാറാക്കി. ദശലക്ഷക്കണക്കിന് തൊഴിലാളികളിൽ നിന്നും ഒപ്പുശേഖരിച്ചു. ഈ ചാർട്ടർ ഇംഗ്ലണ്ട് പാർലമെൻറിലെ കീഴ് സഭയിൽ അവതരിപ്പിച്ചു. ചാർട്ടിസ്റ്റ് എന്ന് അറിയപ്പെടുന്ന ഈ തൊഴിലാളിവർഗ്ഗം 1836 നും 1848 നും ഇടയ്ക്ക് സജീവമായിരുന്നു.ചാർട്ടിസ്റ്റ് തൊഴിലാളികൾ ഓരോരുത്തരും 21 വയസ്സിനു ശേഷം വോട്ട് ചെയ്യുന്നതിനുള്ള അവകാശം രഹസ്യബാലറ്റ് പാർലമെൻറിലെ അംഗങ്ങൾക്ക് സ്വത്തവകാശം നിർത്തലാക്കൽ, വാർഷിക പാർലമെൻറ് തിരഞ്ഞെടുപ്പുകൾ തുല്യ പ്രാതിനിധ്യം എന്നിവയെല്ലാം നൽകി.

## 10.3 വ്യവസായ വിപ്ലവത്തിന്റെ വ്യാപനം

### ഫ്രാൻസിലെ വ്യവസായ വിപ്ലവം

ഇംഗ്ലണ്ടിലെതുപോലെയുള്ള പ്രകൃതി വിഭവങ്ങൾ ഫ്രാൻസിൽ ഇല്ലായിരുന്നു. ഫ്രഞ്ച് വിപ്ലവവും ദൈർഘ്യമേറിയ നെപ്പോളിയൻ യുദ്ധവും സൃഷ്ടിച്ച രാഷ്ട്രീയ അസ്ഥിരത ആ രാജ്യത്തെ തകർത്തു. വിപ്ലവകാലത്ത് ബ്രിട്ടനിൽ അഭയം തേടിയിരുന്ന പല ഫ്രഞ്ച് വ്യവസായികളും നെപ്പോളിയൻ യുദ്ധങ്ങൾക്ക് ശേഷം ഫ്രാൻസിൽ തിരികെ എത്തിയപ്പോൾ ബ്രിട്ടീഷ് സാങ്കേതികവിദ്യ ഉപയോഗിച്ചു. ഇത് അവരുടെ രാജ്യത്ത് വ്യവസായ വിപ്ലവം നേടിയെടുക്കാൻ സഹായിച്ചു. 1830 മുതൽ 1860 കാലഘട്ടത്തിൽ ബ്രിട്ടീഷ് നിർമിതമായ സ്പിൻഡുകളുടെ സഹായത്തോടെ ഫ്രാൻസിൽ തുണി ഉത്പാദനം ഇരട്ടിയിലേറെ വർദ്ധിച്ചു. ഫ്രാങ്കോയിസ് ഡി വെൻറൽ കുടുംബം

ബ്രിട്ടീഷ് സാങ്കേതിക വിദ്യയെ ലൊറൈനിലേക്ക് കൊണ്ടുവന്നു. ആ കുടുംബം കൽക്കരി ഖനനത്തിനായി എൻജിനുംഇരുമ്പിനെ ഉരുക്കാനായി പുട്ലിംഗ് ക്ലിൻസ് പരിചയപ്പെടുത്തി.1860 ഡി വെൻറൽ കുടുംബം പത്തായിരം തൊഴിലാളികളെ ജോലിയിൽനിയമിച്ചു. തൊഴിൽ വൈവിധ്യവത്കരിക്കപ്പെട്ട തോടെ റെയിൽവേ നിർമ്മാണം, കപ്പൽ നിർമാണം തുടങ്ങിയ വൻകിട വ്യവസായങ്ങളിലേക്ക് എത്തിച്ചേർന്നു.

അൾസയിൽസ് പ്രവിശ്യയിലെ മൾഹൗസ് പട്ടണത്തിൽ നിരവധി ഡിസൈനർമാരെ കൊണ്ടുവന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മൾഹൗസിൽ വർധിച്ചുവരുന്ന വൻകിട വ്യവസായശാലകൾക്ക് ആവശ്യമായ യന്ത്ര സാമഗ്രികൾ നിർമ്മിക്കുന്നതിൽ പ്രാവീണ്യം നേടി. ശെഴി രവമ്യാമിറല്യ ഇരുമ്പ് ഉൽപാദനത്തിലെ സംഭവവികാസങ്ങൾ കണ്ടുപിടിച്ചു. ഇരുമ്പ് ഉൽപാദനത്തിലെ സംഭവവികാസങ്ങൾ കണ്ടു. 1820ൽ പച്ചിരുമ്പിനെ ശുദ്ധീകരിക്കുന്ന ബ്രിട്ടീഷ് സാങ്കേതികവിദ്യ ഈ പട്ടണത്തിൽ ആരംഭിച്ചു.


ഫ്രാങ്കോയിസ് ഡി വെൻറൽ

1832 ആദ്യത്തെ ഫ്രഞ്ചു റെയിൽവേ സെൻറ് എറ്റ്നി ആൻഡ്രൂഷ്യസ് എന്ന പാത തുറന്നു.നിരവധി റോഡുകൾ ഈ പാത പിന്തുടർന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഫ്രാൻസ് വാഹന തൊഴിലിൽ അഗ്രഗണ്യരായി ഇന്നത്തെ ഫ്രാൻസിലെ രണ്ട് വലിയ വാഹന



IX Std - History Malayalam Unit-10.indd 134 3/29/2023 4:34:47 PM

കമ്പനികൾ 1891ൽ ആരംഭിച്ചു. അർമാൻ പാവോ ഗോറ്റ് ആദ്യത്തെ ഓട്ടോമൊബൈൽ നിർമ്മിച്ചു1898 ലൂയിറെനോൾട്ട് ക്വാഡ്രിസൈക്കിൾ നിർമ്മിച്ചു. അതിൽനിന്നുംസോഷ്യറ്റ്സ് റെനോൾട്ട് ഫിൻഡ് എന്നപുതിയ കമ്പനി രൂപീകരിച്ചു.






റിനോൾട്ട് കാറിന്റെ പഴയ ചിത്രം

1806 ഫ്രാൻസിൽ കാർഷികമേഖലയുടെ ഉത്പാദനം 65. 1% ആയിരുന്നു 1896 ഇത് 42 5 % ആയി കുറഞ്ഞു. അതേ കാലഘട്ടത്തിൽ വ്യവസായമേഖലയിൽ 1806 20. 4% ആയിരു ന്നത് 1896 31. 4% ആയി ഉയർന്നു.

## ജർമ്മനിയിലെ വ്യവസായവിപ്ലവം

ജർമനിയിൽ വ്യവസായ വിപ്ലവത്തിന് ആവശ്യമായ പ്രകൃതി വിഭാഗങ്ങളുണ്ടായിരുന്നു. സാർ,റൂഹർ,മേൽസിലേഷ്യ,സാക് സാണി മേഖലകളിൽ വലിയ കൽക്കരി നിക്ഷേപങ്ങൾ ഉണ്ടായിരുന്നു. എർസ്ഗബിർഗ് ഹർസ് മൗണ്ടൻസ് മേൽ സിലേഷ്യ എന്നിവിടങ്ങളിൽ വീണ്ടും ഇരുമ്പു നിക്ഷേപങ്ങളും കാണപ്പെട്ടു

ജർമ്മനിയിലെ മുഖ്യ വെല്ലുവിളി അതിന്റെ ഫ്യൂഡൽ സാമൂഹിക രാഷ്ട്രീയഘടനയായിരുന്നു. തൊഴിൽ ശാലകൾസ്ഥാപിക്കുന്നതിന് അടിമകളും അവരുടെ അനുകൂലമായ ലൈസൻസിംഗ് നയങ്ങളും സഹായിച്ചു. കൂടാതെ രണ്ട് പ്രധാന തുറമുഖങ്ങൾ ബ്രമൻ ഹാംബർഗ് എന്നിവയ്ക്ക് വടക്ക് കടലിൽ വ്യക്തമായ അനുമതി ലഭിക്കുകയും ചെയ്തു.എന്നാൽ ജർമ്മനിയുടെ വ്യവസായ വിപ്ലവത്തിന്റെ പ്രധാനപ്പെട്ട വെല്ലുവിളി അതിന്റെ രാഷ്ട്രീയ സംവിധാനമായിരുന്നു. 1871 ന് മുമ്പ് ജർമ്മനിയിലെ നിരവധി ജർമ്മൻ രാഷ്ട്രങ്ങളിൽ പ്രഷ്യയായിരുന്നു ഏറ്റവും വലുത്.

ഉയർന്ന നിലവാരത്തിൽ മത്സരം നിലനിർ ത്തുന്നതിനും മത്സരം നിയന്ത്രിക്കുന്നതിനു മായി നിർമാതാക്കളുടെ അല്ലെങ്കിൽ വിത രണക്കാരുടെ ഒരു ബന്ധമാണ് കാർട്ടൽ.

വ്യവസായ വികസനത്തിലും അതിന്റെ ഏകീകരണത്തിലും ജർമനിയിലെ റെയിൽ ഗതാഗതം നന്നായി സഹായിച്ചു 1835 ഡിസംബ റിൽ ആദ്യത്തെ റെയിൽപാത ന്യൂറംബർഗ് ഫർത്ത് എന്നിവയ്ക്കിടയിൽ പ്രവർത്തനം ആരംഭിച്ചു റെയിൽവേ റോഡുകൾ നിർമ്മിക്കുന്നതിൽ സ്വകാര്യമേഖലയും മുൻകൈയെടുത്തു എന്നാൽ മൂലധനം ചുരുക്കുമ്പോൾ സർക്കാർ ഇടപെ ടുകയും ചില പ്രവിശ്യകളിൽ വ്യവസായത്തെ ദേശസാൽക്കരിക്കുകയും ചെയ്തു പ്രഷ്യയിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെ റെയിൽവേ ശൃംഖല സ്ഥാപിക്കുന്നതിൽ ഗവൺമെൻറ് പ്രധാനപങ്കുവഹിച്ചു. 1842 റെയിൽവേ നിർമാണ പദ്ധതിക്ക് പ്രഷ്യൻ ഗവൺമെൻറ് റെയിൽവേ ഫ≠ രൂപീകരിച്ചു. പ്രഷ്യയിൽ ബെർലിൻ നഗരം റെയിൽറോഡ് ശൃംഖലയുടെ കേന്ദ്രമായിമാറി റെയിൽ റോഡ് ഗതാഗതംസോൾവെറിയൻ അംഗങ്ങളെ ബ ന്ധിപ്പിക്കുകയും വ്യാപാരവും വാണിജ്യവും ത്വരിതപ്പെടുത്തുകയും ചെയ്തു.

നീരാവി യന്ത്രത്തിന് ഉപയോഗത്തോടെ പ്രഷ്യയിലെ തൊഴിൽ ശാലകളുടെ എണ്ണം 1837 419 ആയിരുന്നത് 1849 -ൽ 1444 ആയി വർദ്ധിച്ചു 1820 ഒരു ദശലക്ഷം ടൺ കൽക്കരി ഉല്പ ാദനം 30 വർഷത്തിനുള്ളിൽ 6 ദശലക്ഷമായി ഉയർന്നു 1810 46,000 ഇരുമ്പ് ഉൽപാദന 1850 529000 ടണ്ണായി ഉയർന്നു 1853 3638 മൈൽ റെയിൽവേ റോഡുകളുടെ എണ്ണം 1870 11600 മൈൽ ആയി ഉയർന്നു.

1871 ൽ പ്രഷ്യ ജർമനിയുമായി യോജിച്ചു. പത്തൊമ്പതാം നൂറ്റാ≠ിന്റെ അവസാനത്തോടെ ജർമ്മനി ഏറ്റവും വലിയ വ്യവസായ രാഷ്ട്രമായി മാറി ജർമ്മനിയിലെ വ്യവസായ വിപ്ലവത്തെ ജർമനി ജയിച്ചു കയറുകയും അമേരിക്കയ്ക്ക് കടുത്ത എതിരാളി ആവുകയും ചെയ്തു ഇലക്ട്രോണിക് രംഗത്തെ ജർമനിക്ക് സീമെൻസ് പോലെയുള്ള കമ്പനികൾ വാഗ്ദാനം ചെയ്ത് രാസവസ്തുക്കളിൽ പൊട്ടാസ്യം ചായങ്ങൾ മരുന്ന് ഉൽപ്പന്നങ്ങൾ സിന്തറ്റിക് ഉൽപ്പന്നങ്ങൾ എന്നിവ ഉൽപാദിപ്പിക്കുന്നതിൽ ജർമ്മനി മുന്നിലാണ് ബേ യർ ഫ്യൂഷ്യസ്റ്റ് തുടങ്ങിയ കമ്പനികൾ ജർമനി യുടെ രാസ വ്യവസായത്തിന് നേതൃത്വം നൽകിയ വാഹന നിർമാണത്തിലും ജർമ്മനി വിജയം കൈവരിച്ചു ജർമ്മനിയിലും ലോകത്തിലുള്ള ഏറ്റവും പ്രശസ്തമായ വാഹന ശൃംഖലയാണ് ഡൈംലറും ബെൻസും



ഡൈംലർ തൊഴിൽശാല



IX Std - History Malayalam Unit-10.indd 135 3/29/2023 4:34:48 PM

## 10.4 അമേരിക്കൻ ഐക്യനാടുകളിലെ രണ്ടാം വ്യവസായവിപ്ലവം

മാനുഷിക തൊഴിൽ അടിസ്ഥാനത്തിൽ നിന്നും കൂടുതൽ സാങ്കേതിക യന്ത്രവൽകൃത ഉൽപാദന വ്യവസായത്തിലേക്ക് മാറുന്നതിന് അമേരിക്കൻ വിപ്ലവം സാക്ഷ്യംവഹിച്ചു. ഇംഗ്ലണ്ട് പൗരനായ സളറ്റർ 10 വയസ്സുവരെയുള്ള കാലഘട്ടത്തിൽ പരുത്തി മില്ലിൽ ജോലി ചെയ്ത അനുഭവം ഒരു തൊഴിൽ ശാല തുടങ്ങാൻ പ്രേരിപ്പിച്ചു. അമേരിക്കക്കാർ പുതിയ സാങ്കേതിക വിദ്യകളിൽ താത്പര്യം പ്രകടിപ്പിച്ചപ്പോൾ 1789ൽ സളറ്റർ അധികമായി ന്യൂയോർക്കിൽ പോയി. സളറ്റർ ഒരു വ്യവസായശാല നിർമിക്കാൻ റോഡിസ് ദ്വീപിലെ വ്യവസായിയായ മോസി ബ്രൗണിനാണ് തന്റെ സേവനം വാഗ്ദാനം ചെയ്തത്. ബ്രൗൺ സമ്മതിച്ചതിന്റെ ഫലമായി 1793ൽ അമേരിക്കയിലെ ആദ്യത്തെ ജലശക്തി ഉപയോഗിച്ചുള്ള റോളർ സ്പിന്നിംഗ് മിൽ പ്രവർത്തനമാരംഭിച്ചു. 1800 ആയപ്പോഴേക്കും സ്ലറ്ററുടെ വ്യവസായ ശാലയുടെ പകർപ്പ് പല വ്യവസായ സംരംഭകർക്കും നൽകിയിരുന്നു. സ്ലറ്റർ സമ്പന്നമായതോടെ അദ്ദേഹത്തിന്റെ വിദ്യകൾ കൂടുതൽ ജനപ്രിയമായി. അമേരിക്കൻ പ്രസിഡണ്ടായ ആൻഡ്രൂ ജാക്സൺ അദ്ദേഹത്തെ "അമേരിക്കൻ വ്യവസായ വിപ്ലവത്തിന്റെ പിതാവ്" എന്ന് വിശേഷിപ്പിച്ചു.


ശാമുവൽസ്ലറ്റർ


ആൻഡ്രൂ ജാക്സൺ

പത്തൊമ്പതാം നൂറ്റാണ്ടിൽ അമേരിക്കൻ ഐക്യനാടുകൾ കണ്ടുപിടിച്ച സാങ്കേതികവിദ്യ പ്രചരിപ്പിച്ചു തുടങ്ങി. ഹഡ്സൺ നദിയിൽ റോബർട്ട് ഫുൾട്ടൺ നീരാവി കപ്പൽ സേവനമാരംഭിച്ചു. സാമുവൽ എഫ് ബി മോറിസേയുടെ കണ്ടുപിടിത്തവും എലിയാസ്ഹോവിന്റെ തയ്യൽയന്ത്രങ്ങളുടെ കണ്ടു പിടിത്തവും അമേരിക്കയിൽ ആഭ്യന്തരയുദ്ധത്തിന് മുമ്പുള്ളതാണ്. (1860 1865)

> 1846 അമേരിക്കക്കാരനായ എലിയാസ്ഹോവ് തയ്യൽ യന്ത്രം കണ്ടുപിടിച്ചു. ബ്ലീച്ചിങ്, ചായം പൂശൽ, അച്ചിടൽ തുടങ്ങിയ പുതിയ രീതികൾ കണ്ടുപിടിച്ചതുകൊണ്ട് പത്തൊമ്പതാം നൂറ്റാണ്ടിലെ ആദ്യപകുതിയിൽ വിവിധ നിറങ്ങളിലുള്ള തുണിത്തരങ്ങൾ ഉത്പാദിപ്പിച്ചു തുടങ്ങി.

ആഭ്യന്തര യുദ്ധത്തിനു ശേഷം വ്യവസായവൽക്കരണം ഒരു ഭ്രാന്തൻ വേഗത്തിൽ നടന്നു. 1869 ജനകീയ അസംസ്കൃതവസ്തുക്കളും ഉത്പന്നങ്ങളും എത്തിക്കുന്നതിനായി ആദ്യ അന്തർദേശീയ റെയിൽവേ പൂർത്തിയാക്കി.


ജോൺ ഡി റോക്ക് ഫെല്ലർ

അമേരിക്കൻ നഗരവൽക്കരണവും പ്രാദേശിക വത്കരണവും വഴി അദ്ഭുതാവഹമായ വളർച്ച കൈവരിച്ചു. ഇതിന്റെ ഫലമായി 1860 നും 1900 നും ഇടയ്ക്ക് 14 മില്യൻ കുടിയേറ്റക്കാർ രാജ്യത്തിന്റെ പല ഭാഗത്തുള്ള തൊഴിൽ ശാലകളിൽ എത്തിച്ചേർന്നു. വൈദ്യുതി ബൾബ് കണ്ടുപിടിച്ച തോമസ് ആൽവാ എഡിസനും (1879) ടെലിഫോൺ കണ്ടുപിടിച്ച അലക്സാണ്ടർ ഗ്രഹാംബെല്ലും (1885) ലോകത്തെ മാറ്റി മറിച്ചു.

ആൻഡ്രൂ കാർണിംഗ് അമേരിക്കയിൽ നിർമ്മിച്ച ആദ്യത്തെ ഉരുക്ക് നിർമാണശാല ഏറ്റവും കൂടുതൽ ഉത്പാദനം അസംസ്കൃതവസ്തുക്കൾ ഉല്പാദിപ്പിക്കുകയും ഉല്പന്നങ്ങൾ കൈമാറ്റം ചെയ്യുന്നതിനു വേണ്ടി റെയിൽവേ റോഡുകളും ജലഗതാഗതവും നിർമിക്കുകയും ചെയ്തു. ഇത് ഒരു നിർമാണ പ്രക്രിയയുടെ എല്ലാ വശങ്ങളെയും നിയന്ത്രിക്കുകയായിരുന്നു. ജോൺ ഡി റോക്ക് ഫെല്ലർ നിരവധി വലിയ കമ്പനികളുടെ പ്രവർത്തനം ഒരു ട്രസ്റ്റിൻറെ കീഴിൽ കൂട്ടിച്ചേർത്തു. അദ്ദേഹത്തിന്റെ സ്റ്റാൻഡേർഡ് ഓയിൽ കമ്പനി വ്യവസായത്തിന്റെ 90 ശതമാനവും പരിമിതമായ മത്സരം ഏകോപിക്കാൻ ശ്രമിച്ചു. ഈ ഏകീകരണം ചെറിയ കമ്പനികളെ ഭീഷണിപ്പെടുത്തുകയും ചെയ്തു.അമേരിക്കൻ ഗവൺമെൻറ് വ്യവസായ വളർച്ചയെ സഹായിച്ചു.റെയിൽവേ നിർമാണത്തിനായി ഭൂമി നൽകി കൊണ്ട് വിദേശ മത്സരത്തിൽ നിന്നും അമേരിക്കൻ വ്യവസായത്തെ സംരക്ഷിക്കുകയായിരുന്നു.

വ്യവസായവിപ്ലവം അമേരിക്കൻ ഐക്യ നാടുകളെ ഗ്രാമങ്ങളിൽ നിന്നും നഗരത്തിലേക്ക് പരിവർത്തനം ചെയ്തു യൂറോപ്പിൽ നിന്നുള്ള ദശലക്ഷക്കണക്കിന് കുടിയേറ്റക്കാരെ പോലെ കൃഷിസ്ഥലങ്ങളിൽ വളർന്നുവന്നിരുന്ന ചെറുപ്പക്കാർക്ക് നഗരങ്ങളിൽ വലിയ അവസരങ്ങൾ സൃഷ്ടിച്ചു നഗരങ്ങളിലെല്ലാം പുതിയ നിവാസികൾക്കും താമസസൗകര്യം ഒരു പ്രശ്നമായിരുന്നു പല തൊഴിലാളികളും നഗരങ്ങളിലെ ചേരികളിൽ താമസിക്കുന്നതായി കണ്ടു തെരുവുകളിൽ ജലവിതരണം മലിനമായതിനാൽ സാക്രമിക രോഗങ്ങൾ പടർന്നു പിടിക്കാൻ കാരണമായി.

## 10.5 തൊഴിലാളി സമരം

വ്യവസായശാലകളിലെ വിഷമകരമായ തൊഴിൽ സാഹചര്യങ്ങൾ മണിക്കൂറുകളോളം



IX Std - History Malayalam Unit-10.indd 136 3/29/2023 4:34:48 PM

ജോലി കുറഞ്ഞ വേതനം സ്ത്രീകളെയും കുട്ടികളെയും ചൂഷണം ചെയ്യുന്നത് എന്നിവ തൊഴിലാളി യൂണിയനു കളുടെ വളർച്ചയ്ക്ക് കാരണമായി. ആഭ്യന്തരയുദ്ധത്തിനു ശേഷം തൊഴിലാളികൾ പണിമുടക്ക് സം ഘടിപ്പിച്ചു. 1877 സംഘടിപ്പിച്ച മഹത്തായ റെയിൽറോഡ് സമരമായിരുന്നു ഏറ്റവും പ്രധാനപ്പെട്ടത്. റെയിൽറോഡ് വ്യവസായത്തിലെ വേതനം വെട്ടിച്ചുരുക്കൽ ദീർഘകാല സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ പടിഞ്ഞാറൻ വെർജീനിയയിൽ ആരംഭിച്ച പണിമുടക്ക് വിജയികൾ ദേശീയ ഗാർഡുകൾ ഫെഡറൽ സൈന്യം എന്നിവരുടെ കൂട്ടായ്മയിലൂടെ 45 ദിവസം പിന്നിട്ടിട്ടും അടുത്തുള്ള മറ്റു 3 സംസ്ഥാനങ്ങളിലേക്കും വ്യാപിച്ചു.


1877 റെയിൽറോഡ് സമരം

8MOT5

### ഹേമാർക്കറ്റ് കൂട്ടക്കൊല

1886 മെയ് 4 ന് ചിക്കാഗോയിലെ ഹേമാർക്കറ്റ് സ്ക്വയറിൽ ഒരു തൊഴിലാളി പ്രക്ഷോഭം നടന്നു. 8മണി നേരം സമാധാനപരമായി സമരം നടത്തിയ തൊഴിലാളികളെ പിരിച്ചു വിടാൻ പോലീസുകാർ നിരവധി തൊഴിലാളികളെ കൊല്ലുന്നതിന് കാരണമായി. ഈ സംഭവത്തിന്റെ ഓർമയ്ക്കായിട്ടാണ് 1887 മെയ് ഒന്നാം തീയതി അന്താരാഷ്ട്ര തൊഴിലാളി ദിനം അല്ലെങ്കിൽ മെയ് ദിനമായി ആചരിക്കുന്നത്.


ഹേമാർക്കറ്റ് കൂട്ടക്കൊല

## 10.6 വ്യവസായ വിപ്ലവത്തിൻറെ പ്രധാന

| കണ്ടുപിടിത്തങ്ങൾ | പേര് | വർഷം |
|---|---|---|
| ഇരുമ്പുരുക്ക് ഉലകൾ | അബ്രഹാം ഡെർഫ | 1709 |
| നീരാവി എഞ്ചിൻ | തോമസ് ന്യൂ കോമൻ | 1712 |
| പറക്കും പാവോട്ടി (തുണിമില്ല്) | ജോൺ കേ | 1733 |
| ഡെർഫി ഗവേഷണം വികസിപ്പിച്ചത് | ജോൺ സ്മിട്ടൺ | 1760 |
| സ്പിന്നിങ് ജെന്നി | ജെയിംസ് ഹാർഗ്രീവ്സ് | 1764 |
| സ്പിന്നിംഗ് ഫ്രെയിം (നീർ ചട്ടം) | റിച്ചാർഡ് ആർറ്റെറ്റ് | 1769 |
| ന്യൂ കാമൺ നീരാവി യന്ത്രം (വികസിപ്പിച്ചത്) | ജയിംസ് വാട്ട | 1769 |
| സ്പിന്നിങ് മൂൾ (തുണി മില്ല്) | സാമുവേൽ ക്രോംടൺ | 1779 |
| പവർലൂം (നെയ്ത്ത് യന്ത്രം) | എഡ്മണ്ട് കാർട്ട റൈറ്റ് | 1785 |
| കോട്ടൺ ജിൻ | എലിവിട്നി | 1793 |
| കാറ്റ് അടക്കുന്ന യന്ത്രം ഖനികളിൽ | ജോൺ ബണ്ടിൽ | 1807 |
| പഫിംഗ് ടെവിൾ (ആദ്യത്തെ നീരാവിയന്ത്രം) | റിച്ചാർഡ് ട്രിവിതിക് | 1801 |
| ബട്ച്ചർ ഗതാഗത നീരാവി യന്ത്രം | ജോർജ് സ്റ്റീഫൻസൺ | 1814 |
| സുരക്ഷാ വിളക്ക് | ഹംഫ്രി ഡേവി | 1815 |
| തയ്യൽ യന്ത്രം | എലിയാസ് ഹോവ് | 1846 |
| ടെലഗ്രാഫ് മോഴ്സ് കോഡ് (വാർത്താവിനിമയം) | സാമുവൽ മോഴ്സ് | 1844 |



IX Std - History Malayalam Unit-10.indd 137 3/29/2023 4:34:49 PM

| | | |
|---|---|---|
| ഇരുമ്പുരുക്ക് നിർമ്മിക്കുന്ന കുറഞ്ഞരീതി | ഹെൻട്രി ബെസ്മർ | 1856 |
| ടെലിഫോൺ | അലക്സാണ്ടർ ഗ്രഹാം ബെൽ | 1876 |
| കമ്പിയില്ലാക്കമ്പി (വാർത്താവിനിമയം) | മാർക്കോണി | 1899 |
| വൈദ്യുതി ബൾബ് | തോമസ് ആൽവാ എഡിസൺ | 1879 |

## 10.7 ഇന്ത്യയിൽ വ്യവസായ വിപ്ലവത്തിന്റെ സ്വാധീനം

പതിനെട്ടാം നൂറ്റാണ്ടിന്റെ പകുതിവരെ ഇംഗ്ലണ്ട് ഒരു കാർഷിക രാജ്യമായിരുന്നു കാർഷികമേഖലയിലും ഉൽപാദനത്തിലും ഇന്ത്യ തന്റെ കഴിവ് തെളിയിച്ചു പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്തിൽ ഇന്ത്യൻ പരുത്തിയുടെ ഉത്പാദനം ഇംഗ്ലണ്ടിൽ കോളിളക്കം സൃഷ്ടിച്ചതിന്റെ ഫലമായി ഇന്ത്യൻ കശേരുകികളുടെയും സിൽക്കിന്റെയും ഉപയോഗം നിരോധിക്കുന്ന ഒരു നിയമം നടപ്പിലാക്കി. ജോൺ കെ, ഹെർഗ്രേവ്, ആർ ക്രൈറ്റ്, ക്രോംപ്ട്ടൺ എന്നിവരുടെ കണ്ടുപിടിത്തങ്ങൾ നൂൽ നൂക്കും, നെയ്ത്തും ഉപയോഗിച്ചുള്ള പ്രക്രിയ കണ്ടുപിടിക്കാൻ സഹായിച്ചു. ബംഗാളിൽ ഒരു പ്രാദേശിക അധികാരമായി ബ്രിട്ടീഷുകാർ തങ്ങളുടെ അധികാരം സ്ഥാപിച്ചപ്പോൾ ബംഗാളിലും കർണാടക പ്രദേശത്തും കൊള്ളയടിക്കാൻ ആവശ്യമായ മൂലധനം നൽകി ഇംഗ്ലണ്ടിലെ വ്യവസായ വിപ്ലവം നേടിയെടുക്കാൻ സഹായിച്ചു. ബംഗാളിലെ നെയ്ത്തുകാരെ ബ്രിട്ടീഷ് കമ്പനിയുടെ ഉദ്യോഗസ്ഥരും ഏജൻറുമാരും കയ്യേറ്റം ചെയ്തു.ആദ്യം അവർ കൊണ്ടുവന്ന ചരക്കുകളുടെ കൈ മാറ്റത്തിനായി ബ്രിട്ടൻ ഇംഗ്ലണ്ടിനാവശ്യമായ വാണിജ്യ വിളകൾ കൃഷി ചെയ്യാൻ ആവശ്യപ്പെട്ടു ബ്രിട്ടീഷുകാർ മനപ്പൂർവ്വം ഇന്ത്യൻ വ്യവസായങ്ങളെ നശിപ്പിച്ചുകൊണ്ട് അവരുടെ യന്ത്ര നിർമ്മിതമായ പരുത്തി ഉത്പന്നങ്ങളും ഇന്ത്യൻ വിപണിയിലേക്ക് തള്ളിവിടുകയാണ് ചെയ്തത്. കൈത്തറി ഉൽപന്നങ്ങളുടെ വിപണന നഷ്ടം മൂലം ഇന്ത്യക്ക് പഴയ വ്യവസായ സ്ഥാനം നഷ്ടപ്പെടുകയും അസംസ്കൃതവസ്തുക്കളുടെ കയറ്റുമതി കേന്ദ്രം മാത്രമായി മാറുകയും ചെയ്തു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ ഭാഗത്തിൽ ഇംഗ്ലണ്ടിലേക്കുള്ള ഡാക്ക മസ്‌ലി തുണികളുടെ കയറ്റുമതി നിർത്തലാക്കി അമേരിക്കൻ ഐക്യ നാടുകളിൽ നിന്നുള്ള മത്സരം കാരണം ഇന്ത്യയിൽ നിന്നുള്ള പരുത്തി കയറ്റുമതി പോലും ചുരുങ്ങി പോവുകയായിരുന്നു. ബ്രിട്ടീഷ്തൊഴിൽശാലയിലെ അമിതമായഉത്പാദനം കുറഞ്ഞു. വിലനിലവാരത്തിലുള്ള ഉത്പന്നങ്ങൾ നിർമ്മിച്ച ഉപജീവനമാർഗ്ഗം ആവിഷ്കരിച്ചനെയ്ത്തുകാർക്ക് ജോലി നഷ്ടപ്പെട്ടു.

കലക്ടറുടെ അഭിപ്രായത്തിൽ 5000 നെയ്ത്ത് കുടുംബങ്ങൾക്ക് അവരുടെ ഒരു ദിവസത്തെ ഭക്ഷണത്തിന് ആവശ്യമായ അരി ഉത്പാദിപ്പിക്കാൻ സാധിക്കുന്നില്ല എന്നതായിരുന്നു ജനസംഖ്യ അവരുടെ ഉപജീവന മാർഗ്ഗത്തിലൂടെ കടന്നു പോകുന്നുവെന്നും ജാതിയുടെ പേരിൽ മറ്റു ജോലികൾ ചെയ്യുന്നതിൽ നിന്നും അവരെ തടയുകയാണെന്നും തിരുനെൽവേലി കലക്ടർ നിരീക്ഷിച്ചു പട്ടിണി മൂലം ധാരാളം മരണം സംഭവിച്ചു മരണങ്ങളിൽ നിന്ന് രക്ഷപ്പെടാൻ കർഷകരും തൊഴിലാളികളും ബ്രിട്ടീഷ് സാമ്രാജ്യത്തിലെ കോളനികളിൽ വളരെ പരിമിതമായ സാഹചര്യങ്ങളിൽ ജോലി ചെയ്യാൻ നിർബന്ധിതരായി.

### ചുരുക്കം

- വ്യവസായ വിപ്ലവത്തിന്റെ പ്രധാന പ്രത്യേകതകൾ.
- ഇംഗ്ലണ്ടിലെ വ്യവസായ വിപ്ലവത്തിന്റെ കാരണങ്ങൾ വിവരിക്കുന്നു.
- തുണിമില്ലുകൾ വികസിക്കുന്നതിലേക്ക് നയിക്കുന്ന കണ്ടുപിടിത്തങ്ങൾ ചർച്ചചെയ്യപ്പെടുന്നു.
- ഗതാഗതത്തിലും വാർത്താ വിനിമയത്തിലും എല്ലാ വ്യവസായങ്ങളുടെയും യന്ത്രവൽക്കരണത്തിലേക്ക് നയിക്കുന്ന ഇരുമ്പുരുക്കു പ്രയോഗം ദ്രുതഗതിയിലുള്ള മാറ്റങ്ങളെ വിശദമാക്കുന്നു
- പരിസ്ഥിതിക്ക് മേലുള്ള വ്യവസായ വിപ്ലവത്തിന്റെ സ്വാധീനം ചൂണ്ടിക്കാണിക്കുന്നു.
- ഫ്രാൻസ്, ജർമനി അമേരിക്കൻ ലേബർ പ്രസ്ഥാനങ്ങളിലെ വ്യവസായ വിപ്ലവത്തിന്റെ പ്രചോദനം.
- തൊഴിലാളി പ്രസ്ഥാനവും അമേരിക്കൻ പ്രസ്ഥാനത്തെ അടിച്ചമർത്തുന്ന നടപടികളും പ്രത്യേകിച്ച് സമരങ്ങളിലൂടെയും പോരാട്ടങ്ങൾക്ക് ശേഷവും തൊഴിലാളിവർഗ്ഗത്തിൻറെ അവകാശങ്ങൾ നേടിയെടുക്കാനാണ്.



IX Std - History Malayalam Unit-10.indd 138 3/29/2023 4:34:49 PM

## അഭ്യാസം

### I ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

**1.** ആദ്യത്തെ നീരാവി കപ്പൽ സേവനം ആരാണ് സ്ഥാപിച്ചത്?
a) ആർക്ക്റൈറ്റ് b) സാമുവൽ ക്രോംപ്ടൺ
c) റോബർട്ട് പ്ലട്ടർ d) ജെയിംസ് വാട്ട്

**2.** വസ്ത്ര നിർമ്മാണ രംഗത്ത് മാഞ്ചസ്റ്ററിന്റെ ഏറ്റവും അനുയോജ്യമായത് എന്തായിരുന്നു?
a) ഭൂരിഭാഗം നില ലഭ്യത
b) സമ്പന്നമായ മനുഷ്യ വിഭവങ്ങൾ
c) മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ
d) തണുത്ത കാലാവസ്ഥ

**3.** തയ്യൽ യന്ത്രം കണ്ടുപിടിച്ചതാര്?
a) ഏലിയാസ് ഹോവ് b) എലി വിറ്റ്നി
c) സാമുവേൽ ക്രോംപ്ട്ടൺ d) ഹംഫ്രി ഡേവി

**4.** ഏത് കുടുംബമാണ് ഫ്രാൻസിൽ നീരാവി എഞ്ചിൻ കൊണ്ടുവന്നത്?
a) ഡി വെൻഡൽ b) ഡി ഹിൻഡൽ
c) ഡി ആർമാൻ d) ഡി റീനോൾട്ട്

**5.** അമേരിക്കൻ വ്യവസായ വിപ്ലവത്തിന്റെ പിതാവ് ആരായിരുന്നു?
a) എഫ് ഡി റൂസ് വെൽറ്റ്
b) ആൻഡ്രൂ ജാക്സൺ
c) വിൻസൺ ചർച്ചിൽ
d) വുഡ്രോ വിൽസൻ

**6.** ഹേ മാർക്കറ്റ് കൂട്ടക്കൊലയുടെ അനുസ്മരണയുമായി ബന്ധപ്പെട്ടത് താഴെ പറയുന്നവയിൽ ഏതാണ്?
a) സ്വതന്ത്രദിനം b) കാർഷിക ദിനം
c) തൊഴിലാളി ദിനം d) രക്തസാക്ഷിദിനം

**7.** സോൾ വെറിയൻ കസ്റ്റംസ് യൂണിയൻ എവിടെയായിരുന്നു?
a) ഇംഗ്ലണ്ട് b) ജർമനി
c) ഫ്രാൻസ് d) അമേരിക്ക

**8.** ഫ്രാൻസിൽ ആദ്യ ബാച്ച് ഓട്ടോമൊബൈൽസ് നിർമ്മിച്ചതാര്?
a) ലൂയി റെനോൾട്ട്
b) അർമാൻഡ് പ്യൂഗെറ്റ്
c) തോമസ് ആൽവ
d) എഡിസൺമെക്ക് ആദം

**9.** പരുത്തി വിത്തുകൾ നീക്കം ചെയ്യുന്ന കണ്ടുപിടിത്തം എന്തായിരുന്നു?
a) റോളിംഗ് മിൽ b) കോട്ടൻജിൻ
c) സ്പിന്നിംഗ് മ്യൂൾ d) സ്പിന്നിങ് ജെന്നി

**10.** പുരാതനകാലങ്ങളിൽ ഇന്ധനം ഉണ്ടാക്കുന്നതിനായി താഴെപ്പറയുന്നവയിൽ ഏതാണ് ഉപയോഗിക്കുന്നത്
a) കോക്ക് b) കരി c) വിറക് d) പേപ്പർ

### II പൂരിപ്പിക്കുക

**1.** ഇംഗ്ലണ്ടിലെ പുരുഷന്മാർക്ക് വോട്ടവകാശം നൽകിയതിനെ _____ എന്ന് വിളിക്കുന്നു.

**2.** _____ ലോകമെമ്പാടുമുള്ള റോഡുകൾ നിർമ്മിച്ചരീതി മാറ്റി.

**3.** വേഗത്തിലും കുറഞ്ഞ രീതിയിലുള്ള ഉരുക്ക് ഉൽപാദനം കണ്ടെത്തിയത് _____ ആണ്

**4.** ശാസ്ത്രീയ സോഷ്യലിസത്തെ പ്രോത്സാഹിപ്പിച്ചത് _____ ആയിരുന്നു

**5.** ജർമനിയിൽ ആദ്യത്തെ റെയിൽ റോഡ് ലൈൻ _____വർഷം ആരംഭിച്ചു

### III ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

**1.** i) ബ്രിട്ടീഷ് ഖനി ഉടമകൾ അവരുടെ ഖനികളിലേക്ക് വെള്ളം കയറാനുള്ള പ്രശ്നത്തെ അഭിമുഖീകരിച്ചു.
ii) ജോലിക്ക് മനുഷ്യന്റെ അധ്വാനം വളരെ കുറവായിരുന്നു
iii) ഖനികളിൽ നിന്ന് വെള്ളം പമ്പ് ചെയ്യാൻ ന്യൂട്ടൻ നീരാവി എഞ്ചിൻ കണ്ടുപിടിച്ചു
iv) ഖനികളിൽ നിന്ന് കൽക്കരി ലഭിക്കുന്നതിന് വെള്ളം നീക്കം ചെയ്യേണ്ടിവന്നു
a) (i) ശരിയാണ്
b) (ii) കൂടാതെ (iii) ശരിയാണ്
c) (i) കൂടാതെ (iv) ശരിയാണ്
d) iii) ശരിയാണ്

**2.** i) തൊഴിലാളികൾ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ട്രേഡ് യൂണിയനുകൾ രൂപീകരിച്ചു
ii) ജർമനിയുടെ രാഷ്ട്രീയ സംവിധാനങ്ങൾ വ്യവസായ വിപ്ലവത്തിനു വേണ്ടി ആയിരുന്നു
iii) മുതലാളിമാരെ സംരക്ഷിക്കുന്നതിന് കാറൽ മാർക്സ് സോഷ്യലിസം പ്രചരിപ്പിച്ചു



IX Std - History Malayalam Unit-10.indd 139 3/29/2023 4:34:49 PM

iv) ജർമനിയിൽ പ്രകൃതിവിഭവങ്ങൾ ഇല്ലായിരുന്നു

a) (i) ശരിയാണ്
b) (ii) കൂടാതെ (iii) ശരിയാണ്
c) (i) കൂടാതെ (iv) ശരിയാണ്
d) (iii) ശരിയാണ്

**3.** **പ്രസ്താവന(A):** തൊഴിലാളികൾക്ക് അവധിദിവസങ്ങൾ ലഭിക്കാനുള്ള അവകാശം ഉണ്ടായിരുന്നു.

**കാരണം(R):** അവ തൊഴിലാളികളെ സംരക്ഷിക്കുന്ന നിയമങ്ങളാണ്.

a) A ശരിയാണ് R തെറ്റാണ്
b) A ഉം, R ഉം തെറ്റാണ്
c) A ഉം, R ഉം ശരിയാണ്
d) A ശരിയാണ് R എന്നത് A യുടെ കൃത്യമായ വിശദീകരണമല്ല

**4.** **പ്രസ്താവന (A):** സ്ലാട്ടറിനെ അമേരിക്കൻ വ്യവസായി വിപ്ലവത്തിന്റെ പിതാവ് എന്ന് വിശേഷിപ്പിക്കുന്നു

**കാരണം (R):** അദ്ദേഹത്തിന്റെ സ്പിന്നിംഗ് തുണിമിൽ ഇരട്ടിപ്പിക്കുകയും സാങ്കേതികവിദ്യ വളരെ പ്രചാരം നേടിയതുമായിരുന്നു.

a) A ശരിയാണ് കൂടാതെ R, A യുടെ കൃത്യമായ വിശദീകരണമാണ്.
b) A തെറ്റാണ് കൂടാതെ R എന്നത് A യുടെ കൃത്യമായ വിശദീകരണമാണ്
c) A ഉം, R ഉം തെറ്റാണ്
d) A ഉം, R ഉം ശരിയാണ്

## IV യോജിപ്പിക്കുക

**1.** ബെൻസ് – അമേരിക്ക
**2.** സുരക്ഷാ വിളക്ക് – ലൂയി റെനാൾട്ട്
**3.** ക്വാഡ്രിസൈക്കിൾ – ഹംബ്രിഡേവി
**4.** മഹത്തായ റെയിൽറോഡ്സമരം – ലങ്ക ഷെയർ
**5.** കൽക്കരി ഖനി – ജർമ്മനി

## V ചുരുക്കി ഉത്തരമെഴുതുക

**1.** വ്യവസായ വിപ്ലവത്തിന്റെ കാലത്ത് തൊഴിലാളികളുടെ അവസ്ഥ എന്തായിരുന്നു?
**2.** ഇംഗ്ലണ്ടിലെ നഗരവത്ക്കരണത്തെക്കുറിച്ച് കുറിപ്പെഴുതുക
**3.** ഹെമാർക്കറ്റ് കൂട്ടക്കൊലയെ കുറിച്ച് കുറിപ്പെഴുതുക
**4.** റെനോൾട്ടിനെ കുറിച്ച് നിങ്ങൾക്ക് എന്തറിയാം?
**5.** വ്യവസായ വിപ്ലവത്തിന്റെ ഏതെങ്കിലും രണ്ട് പ്രധാനപ്പെട്ട സ്ഥലങ്ങൾ എഴുതുക

## VI. താഴെ കൊടുത്തിട്ടുള്ള ശീർഷകത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.

### 1. തൊഴിലാളി സംഘടന

(a) തൊഴിലാളി സംഘടനയുടെ രൂപീകരണം നിരോധിച്ച നിയമം ഏതാണ്?
(b) ഇടത്തരക്കാരായ വിഭാഗത്തിന് വോട്ടവകാശം അനുവദിച്ച ബിൽ ഏതാണ്?
(c) കോമ്പിനേഷൻ നിയമങ്ങൾ എപ്പോൾ റദ്ദാക്കപ്പെട്ടു?
(d) ചാർട്ടിസിന്റെ ആവശ്യങ്ങൾ എന്തായിരുന്നു?

### 2. ഗതാഗതവും വാർത്താവിനിമയവും

(a) ഇംഗ്ലണ്ടിൽ ആരംഭിച്ച ആദ്യത്തെ റെയിൽവേ ലൈൻ ഏതാണ്?
(b) ഉൽപന്നങ്ങൾ എപ്രകാരമാണ് കയറ്റി അയച്ചിരുന്നത്?
(c) നീരാവി എഞ്ചിൻ കണ്ടുപിടിച്ചത് ആര്?
(d) ന്യൂയോർക്കിൽനിന്ന് അൽബാനിയെയിലേക്ക് യാത്ര നടത്തിയ നീരാവി കപ്പൽ ഏതാണ്?

## വിനോദത്തിലൂടെ ചരിത്ര പഠനം

### പ്രവർത്തനങ്ങൾ

**1.** യൂറോപ്പിന്റെ ഭൂപടത്തിൽ, ഓട്ടോമൻ സാമ്രാജ്യത്തിന്റെ പ്രശസ്തി അത്യുന്നതാവസ്ഥയിൽ ഇരുന്ന കാലഘട്ടത്തിൽ, സാമ്രാജ്യത്തിന്റെ അതിർത്തിയെ കുറിക്കുക.

**2.** സാരാസെനിക് വാസ്തു വിദ്യയുടെ ശിൽപശാലകളെ ആകർഷിക്കുന്ന വിധത്തിൽ ഗൂഗിളിൽ അദ്ധ്യാപകരുടെ സഹായത്തോടെ മനസ്സിലാക്കുക.

### പ്രായോഗികാഭ്യാസം

**1.** ഓട്ടോമൻ കുടുംബത്തിന്റെ ഉത്ഭവത്തെ പട്ടിയലിടുക? ഈജിപ്തിലെ സലാദിൻ, ഓട്ടോമൻ സാമ്രാജ്യത്തിലെ മഹാനായ സുലൈമാൻ എന്നിവരുടെ ജീവചരിത്രത്തെപ്പറ്റിയ കുറിപ്പുകൾ തയ്യാറാക്കുക?

**1.** ഇംഗ്ലണ്ടിലെ ലയൺ-ഹാർട്ട് റിച്ചാർഡ്, ജർമൻ ചക്രവർത്തി ഫ്രെഡറിക് ബാർബറോസ എന്നിവരുടെ നേതൃത്വത്തിൽ നടന്ന കുരിശുയുദ്ധത്തെക്കുറിച്ച് എഴുതുക?



IX Std - History Malayalam Unit-10.indd 140 3/29/2023 4:34:49 PM

## കൂടുതൽ വായനയ്ക്ക്


1. Eric Hobsbawm, *The Age of Revolution*, 1789-1848, Phoenix Press, London, 1961
2. Eric Hobsbawm, *Industry and Empire: The Birth of the Industrial Revolution*, The New Press, 1999.
3. Peter N Streams, *The Industrial Revolution in World History*, Routledge, 2018.
4. James E. Swain, *A History of World Civilization*, Vol. I & II, McGraw Hill Book Co, 1947.
5. J.H. Nelson , *The Madura Country: A Manual* (1868)
6. A.J. Stewart, *A Manual of the Tinnevelly District in the Presidency of Madras* (1879).


## ഇന്റർനെറ്റ് വിവരങ്ങൾ

1. Encyclopaedia Brittanica

## ICT കോർണ്ണർ

### വ്യവസായ വിപ്ലവം

ഈ പ്രവർത്തനത്തിലൂടെ ലേക ചരിത്ര സംഭവങ്ങൾ അറിയാൻ നിങ്ങൾക്ക് സംവേദനാത്മകമായ കാലനിർണ്ണയരേഖ വഴി സാധിക്കും




**നടപടിക്രമം**

**ഘട്ടം – 1** ബ്രൗസർ തുറന്ന് തന്നിരിക്കുന്ന ടൈപ്പ് ചെയ്യുക(അല്ലെങ്കിൽ) കോഡ് സ്കാൻ ചെയ്യുക

**ഘട്ടം – 2** സ്ക്രീനിൽ ക്ലിക്ക് ചെയ്ത് ഏതെങ്കിലുമൊരു കാല നിർണ്ണയ രേഖയിൽ കടക്കുക(വ്യവ സായവിപ്ലവം)

**ഘട്ടം – 3** ക്ലിക്ക് ചെയ്ത് പൂർണ്ണ സ്ക്രീനിൽ കൊണ്ടുവരിക

**ഘട്ടം – 4** ചിത്ര ചിത്രീകരണത്തിലൂടെ കാലനിർണ്ണയ രേഖാധിഷ്ഠിതസംഭവങ്ങളെ പര്യവേഷണം ചെയ്യുക

**URL:**

https://www.timetoast.com/categories (or) scan the QR Code

Pictures are as indicators only




IX Std - History Malayalam Unit-10.indd 141 3/29/2023 4:34:50 PM

അദ്ധ്യായം

11

# ഏഷ്യയിലും ആഫ്രിക്കയിലും കോളനിയാധിപത്യം



## പഠനലക്ഷ്യങ്ങൾ

8PF5A

**താഴെക്കാണുന്നവയെപ്പറ്റി മനസ്സിലാക്കൽ.**

- തെക്കുകിഴക്ക് ഏഷ്യയുടെ ഭാഗങ്ങൾ.
- പോർച്ചുഗീസുകാർ, സ്പെയിൻകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ, അമേരിക്കകാർ എന്നിവരാൽ കോളനികൾ സ്ഥാപിച്ച് എടുക്കൽ.
- മലയ ഉപദ്വീപ് ഇൻഡോനേഷ്യ ബർമ്മ (മ്യാൻമർ) ഇന്തോ-ചൈന ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങൾക്കെതിരെ കോളനി ആധിപത്യം ഏർപ്പെടുത്തിയ ആഘാതം.
- ആഫ്രിക്ക ആക്രമിക്കൽ, ഡച്ചുകാർ, ഇംഗ്ലീഷുകാർ, പോർച്ചുഗീസുകാർ, ജർമ്മനികാർ, ബെൽജിയം കാർ തുടങ്ങിയവരുടെ കോളനി ആധിപത്യ ഭരണം .
- ഇന്ത്യയിൽ ഇംഗ്ലീഷുകാരുടെ കോളനി ആധിപത്യം ഇന്ത്യ സാമ്പത്തികത്തെ കോളനിമയം ആക്കൽ.
- ഇന്ത്യയിൽ ഇംഗ്ളീഷുകാരുടെ ഭരണത്തിൽ സാമ്പത്തിക ആഘാതം.

## മുഖവുര

കോളനിയാധിപത്യം എന്നത് ഒരു രാജ്യം മറ്റൊരു രാജ്യത്തെ അടിമപ്പെടുത്തി ആധിപത്യം ചെയ്യുന്നതാണ്. കോളനി ആധിപത്യത്തെ പോലെ ഏകാധിപത്യവും തങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥലങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികത്തെയും നിയന്ത്രിക്കുന്നതാണ്. സ്റ്റാൻഫോർഡ് എൻ സൈക്ലോപീഡിയ ഓഫ് ഫിലോസഫി കോളനി ആധിപത്യത്തെയും സാമ്രാജ്യത്തെയും താഴെ സൂചിപ്പിക്കും പ്രകാരം വേർതിരിക്കുന്നു. കോളനി എന്ന പദം കലോനസ് എന്ന ലത്തീൻ പദത്തിൽ നിന്നും രൂപംകൊണ്ടതാണ്. ഇതിൻറെ അർത്ഥം വ്യവസായി എന്നാണ്. കോളനി ആധിപത്യം എന്നത് ജനങ്ങളെ ഒരു പുതിയ സ്ഥലത്തിൽ കുടിയേറുന്നതാണ്. ആ സ്ഥലത്ത് കുടിയേറിയവർ സ്ഥിരമായി അവിടെ താമസിക്കും. എന്നാൽ സ്വന്തം രാജ്യത്തിൽ രാഷ്ട്രീയ വിശ്വാസമുള്ളവർ എന്നത് ഈ വാക്ക് സൂചിപ്പിക്കുന്നു. മാത്രമല്ല ഏകാധിപത്യം (ഇംപീരിയം എന്ന ലത്തീൻ പദത്തിൽ നിന്നും ഉത്ഭവിച്ചതാണ് ഏകാധിപത്യം. ആധിപത്യം എന്നാണ് ഇതിന്റെ അർത്ഥം.) എന്നത് ഒരു രാജ്യം കുടിയേറ്റം മൂലമോ ദൈവിക വിശ്വാസം മൂലമോ പരോക്ഷമായ സംവിധാനത്തിലൂടെ വേറെ



IX Std - History Malayalam Unit-11.indd 142 3/29/2023 4:36:39 PM

വഴികളിൽ ഒരു രാജ്യത്തിന് മേൽ അധികാരം ഏൽപ്പിക്കുന്നതിന് സൂചിപ്പിക്കും.

ലോകചരിത്രത്തിൽ ആധുനിക യൂറോപ്പിനെപോലെ വേറെ ഏതൊരു ഭൂഖണ്ഡത്തിലും കോളനി രാജ്യങ്ങൾ ഉണ്ടായിരുന്നില്ല. അങ്ങനെ ലോകത്തിൻറെ പല ഭാഗങ്ങളിലും പോകാൻ കഴിഞ്ഞത് സംസ്കാരത്തെ വ്യാപിപ്പിക്കുന്ന പ്രവർത്തിയെന്ന് ന്യായ പെടുത്തിയില്ല. പ്രായോഗികമായി പാശ്ചാത്യ തര നാട് മുഴുവനും ഒരു യൂറോപ്യൻ ശക്തി യുടെ കീഴിൽ നാലുനൂറ്റാണ്ടുകൾ ഉണ്ടായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കോളനി ആധിപത്യം അവസാനിക്കുന്നതു വരെ ഈ അവസ്ഥ തുടർന്നു.

ഈ പാഠത്തിൽ ദക്ഷിണ കിഴക്കൻ ഏഷ്യ ആഫ്രിക്ക ഇന്ത്യ എന്നീ രാജ്യങ്ങളെ യൂറോപ്യൻ ശക്തികളാൽ കോളനിയാക്കി മാറ്റി എന്നതിനെക്കുറിച്ച് ചർച്ച ചെയ്യാനിരിക്കുന്നു.

## 11.1 കോളനിവൽക്കരണം ഏഷ്യയിൽ (തെക്ക് കിഴക്ക് ഏഷ്യ) ആഫ്രിക്കയി

### തെക്ക് കിഴക്ക് ഏഷ്യ

തെക്കുകിഴക്കേ ഏഷ്യ എന്ന പദം രണ്ടാം ലോക മഹായുദ്ധത്തിനു ശേഷമാണ് ഉപയോഗിക്കപ്പെട്ടിട്ടുള്ളത്.മലയ, ഡച്ച് ഈസ്റ്റ് ഇന്ത്യാസ്, ബർമ്മ, സയാം, ഫ്രഞ്ച് ഇൻഡോ ചൈന, ഫിലിപ്പൈൻസ് എന്നിവ ഉൾക്കൊള്ളുന്ന ഭൂപ്രദേശത്തെയാണ് സൂചിപ്പിക്കുന്നത്. സയാം( തായ്ലൻഡ്) ഒഴികെയുള്ള സ്വതന്ത്രമായ നിലനിന്ന ഭൂപ്രദേശങ്ങൾ ഡച്ചുകാരും ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും വിഭജിച്ചെടുത്തു.

### മലയ ഉപദ്വീപ്

പതിനഞ്ചാം നൂറ്റാണ്ടിൽ യൂറോപ്യൻ വ്യാപാരികൾ ഇന്ത്യൻ മഹാസമുദ്രത്തിലെ കടക്കുമ്പോൾ സുഗന്ധവ്യഞ്ജനമായി തെക്കുകിഴക്കൻ രാജ്യങ്ങളിലേക്ക് വന്നു. പോർച്ചുഗീസ് രാജാവിനു വേണ്ടി പോർച്ചുഗീസുകാർ ഏറ്റവുംവലിയ അന്തർദേശീയ വ്യാപാരകേന്ദ്രമായ മലാക്കായെ പിടിച്ചടക്കിയപ്പോൾ ശ്രീ വിജയത്തിന്റെയും മഹാപാഹിത്തിന്റെയും സാമ്രാജ്യങ്ങൾ പല ചെറിയ നാട്ടു രാജ്യങ്ങളായി വിഭജിക്കപ്പെട്ടു. ഗോവയെയും മലാക്കയെയും കൈവശപ്പെടുത്തിയ സൈന്യാധിപനായ അൽബുക്കർക്കിന്റെ പിൻഗാമികൾ സുഗന്ധവ്യഞ്ജന വ്യാപാരത്തിൽ താൽപര്യം കാണിച്ചു. പോർച്ചുഗീസുകാർ നാവികസേനയും ആയി ബന്ധപ്പെടുത്തിയുള്ള ശക്തമായ വ്യാപാരശാലയുടെ ഒരു ശൃംഖല സൃഷ്ടിച്ചു. ആരംഭത്തിൽ അവർ പ്രാദേശിക ഭരണാധികാരികളുമായി വളരെ അടുപ്പത്തിൽ ആയിരുന്നില്ല. ഡച്ചുകാരും ഇംഗ്ലീഷുകാരും വന്നതിനുശേഷം പോർച്ചുഗീസുകാർക്ക് അതൊരു വെല്ലുവിളിയായി മാറി. പതിനേഴാം നൂറ്റാണ്ടിൽ മൂന്ന് യൂറോപ്യൻ ശക്തികളും തങ്ങളുടെ മേൽക്കോയ്മയ്ക്ക് വേണ്ടി മത്സരിച്ചു.

പോർച്ചുഗീസ് കോളനിയായ മലാക്കായെ 1641 ഡച്ചുകാർ ആക്രമിച്ചു കീഴടക്കി. 1619 ൽ ബത്താവിയയിൽ ഇപ്പോഴത്തെ ജക്കാർത്ത ഒരു നാവിക ആസ്ഥാനം സ്ഥാപിച്ചതിനു ശേഷം ഡച്ചുകാർ അയൽക്കാരായ സുൽത്താന്മാരും ആയി പിന്തുടർച്ചാവകാശ ത്തിനു വേണ്ടി പോരാടി. 1982 ൽ ബ്രിട്ടീഷുകാരെ ബാണ്ഡമിൽ പുറത്താക്കുന്നതിനു വേണ്ടി ജാവ വരെ തങ്ങളുടെ നിയന്ത്രണത്തെ ക്രമേണ വിപുലീകരിച്ചു. അമ്പൂയ്നാ (1623) കൂട്ടക്കൊലക്ക് ശേഷം ബ്രിട്ടീഷുകാരെ സ്പൈസസ് ദ്വീപുകളിൽ നിന്ന് പുറത്താക്കിയിരുന്നു. മാസ്സക്കർ (1667) പിടിച്ചെടുത്ത തോടുകൂടി ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയെ ചൈനയുടെ വ്യാപാരത്തിലേക്ക് തിരിയുന്നതിന് നിർബന്ധിതരായി. സ്പാനിഷുകാർ മനിലയെ ആക്രമിച്ച് കീഴടക്കിയതോടുകൂടി സ്പെയിൻ ഈസ്റ്റ് ഇന്ത്യയുടെ ഒരു വലിയ പ്രദേശമായി വികസിച്ചു.



**അൽബുക്കർക്ക്**

### ആംഗ്ലോ ഡച്ച് കിടമത്സരം

ഫ്രാൻസിസ് ലൈറ്റിലൂടെ പേനങ്ങ് ദ്വീപ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ശ്രദ്ധയിൽപ്പെട്ടു. 1786 ൽ ജോർജ് ടൗൺ പെനാംഗ് ദ്വീപിനെ കണ്ടുപിടിച്ചു അവിടെ താമസമാക്കി. ഇത് മാലിദ്വീപിലെ ബ്രിട്ടീഷ് വിപുലീകരണത്തിന് തുടക്കംകുറിച്ചു. 1819 ൽ ബ്രിട്ടനിലെ സ്റ്റാൻഫോർഡ് റാഫേൽ ഡച്ചുകാരുടെ എതിർപ്പിനെ നേരിടാൻ സിംഗപ്പൂർ ഒരു വ്യാപാര സ്ഥാപനം ആയി ഉയർത്തി. എന്നിരുന്നാലും 1824 ൽ ഒരു ആംഗ്ലോ ഡച്ച് ഉടമ്പടി അവരുടെ താൽപര്യങ്ങൾ തെക്കുകിഴക്കേ ഏഷ്യയിൽ വേർതിരിച്ച് കഴിഞ്ഞപ്പോൾ അവരുടെ ശത്രുത കുറഞ്ഞു. 1826 സിംഗപ്പൂർ, മലാക്ക എന്നിവ പിനങ്ങുമായി സന്ധിയില്ലാ കരാറിലേർപ്പെട്ടു.

1874 നും 1895 നും ഇടയ്ക്ക് ബാക്കിയുണ്ടായിരുന്ന 5 മലയ സംസ്ഥാനങ്ങൾക്ക് ഇടയ്ക്ക് ഒരു



IX Std - History Malayalam Unit-11.indd 143 3/29/2023 4:36:40 PM

ആഭ്യന്തരയുദ്ധം ഉണ്ടായി. ഈ യുദ്ധത്തിൽ ബ്രിട്ടീഷുകാർ ഇടപെട്ട് മലയ സുൽത്താന്മാർ തമ്മിൽ ഉടമ്പടിയിൽ ഒപ്പുവച്ചു. ബ്രിട്ടീഷ് നിവാസികൾ സുൽത്താനിലെ കോടതികളിൽ നിയമിക്കപ്പെട്ടു. താമസക്കാരുടെ ( ബ്രിട്ടീഷ് നിവാസികൾ) ഉപദേശപ്രകാരം കോടതികൾ പ്രവർത്തിക്ക്പ്പെട്ടു. 1896 ൽ 4 മലയ ഫെഡറൽ സംസ്ഥാനങ്ങൾ രൂപീകരിച്ചു. 1900 ൽ 4 ഫെഡറൽ സംസ്ഥാനങ്ങളും ചേർന്ന് ഒരു സന്ധിയില്ലാ കരാറിലേർപ്പെട്ടു. ജനസംഖ്യ ഏകദേശം ഒരു മില്യൻ ആയിരുന്നു. ഇതിൽ പകുതി മലയ കാരും ബാക്കി ചൈനക്കാരുമായിരുന്നു. മലയ കാർ സാമ്പത്തികമായി ഉന്നത നിലയെ പ്രാപിച്ചിരുന്നു.

### ഇന്തോനേഷ്യ

1640 കളുടെ ആരംഭത്തിൽ ജാവ, സുമാത്ര (ഇന്തോനേഷ്യ) ഡച്ചുകാർ പിടിച്ചടക്കി. എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടിലെ മധ്യ ഭാഗത്തിൽ മാത്രമാണ് ഈസ്റ്റ് ഇന്ത്യയുടെ ആഴക്കടൽ ദ്വീപുകളെ അവർ കീഴടക്കിയത്. ബ്രിട്ടീഷുകാർ നോർ ഫോൺ യോ , ബ്രോണി, സരവക്, തുടങ്ങിയ ദ്വീപുകളെ സ്വന്തമാക്കി. ആരംഭത്തിൽ ഡച്ചുകാർ രാഷ്ട്രീയത്തിൽ താൽപര്യം കാണിച്ചില്ലെങ്കിലും ഇന്ത്യനേഷ്യയെ ചൂഷണം ചെയ്യുന്നതിൽ അവർ ശ്രദ്ധകേന്ദ്രീകരിച്ചു. ഭൂരിഭാഗം ഇന്ത്യക്കാരും മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടവരും ചെറുകിട കർഷകരും യൂറോപ്പിലെ പഞ്ചസാര പുകയില കാപ്പിത്തോട്ടങ്ങളിൽ പ്രവർത്തിച്ചു. ഈ തോട്ടങ്ങളിൽ കനത്ത നിക്ഷേപം മറ്റു ഉൽകണ്ഠകൾ 1900 ൽ എണ്ണ കണ്ടുപിടിക്കപ്പെട്ടു അതിനാൽ ഡച്ചുകാരുടെ വിലപ്പെട്ട കോളനിയായി ഇന്ത്യനേഷ്യ മാറി.

### ബർമ്മ

1886 മുതൽ 1937 വരെ ഇന്ത്യയുടെ ഭാഗം ബർമ്മയായിരുന്നു. 3 യുദ്ധങ്ങൾക്കു ശേഷം ബ്രിട്ടീഷുകാർ ബർമ്മ പിടിച്ചടക്കി. നാമനിർദ്ദേശം ചെയ്ത നിയമസഭാ കൗൺസിലിന്റെ സഹായത്തോടെ ല്യൂട്ടനന്റ് ഗവൺമെൻറ് ആണ് ബർമ്മയെ ഭരിച്ചിരുന്നത്. ബർമ തേക്ക് വിദേശത്തേക്ക് കയറ്റുമതി ചെയ്തിരുന്നു. ഇതു കൂടാതെ ഫലഭൂയിഷ്ഠമായ മണ്ണും ഉള്ളതു കൊണ്ട് കൃഷി പുരോഗമിക്കുകയും അരി കയറ്റുമതി ചെയ്യുകയും ചെയ്തിരുന്നു. രണ്ടാം ലോക മഹായുദ്ധ സമയത്ത് ബർമ്മ ജപ്പാന്റെ നിയന്ത്രണത്തിൽ ആയപ്പോൾ ദക്ഷിണേന്ത്യയിൽ ക്ഷാമം ഉണ്ടാവുകയും അരിയുടെ വൻതോതിലുള്ള വരവ് കുറയുകയും ചെയ്തു.

### ഇൻഡോ ചൈന

1858 മുതൽ ഇൻഡോ-ചൈനീസ് യൂണിയൻ 1887 ഓടെ അവരുടെ നിയന്ത്രണത്തിലായി. അതിനുശേഷം ജനങ്ങളുടെ ശക്തമായ പ്രതിരോധം മൂലം ഫ്രഞ്ചുകാർ ഇൻഡോ ചൈന കീഴടക്കി. ആറുവർഷത്തിനുശേഷം ലാവോസ് ചേർക്കപ്പെട്ടു. ഇൻഡോ ചൈന, അങ്കം,തങ്കിങ്, കൊച്ചി ചൈന എന്നിവയും കൊച്ചി ചൈന മാത്രം ഫ്രാൻസിന്റെ നിയന്ത്രണത്തിലായിരുന്നു. ഉദാഹരണം ഫ്രഞ്ച് കോളനി. ബാക്കിയുള്ള നാലു രാജ്യങ്ങളും സംരക്ഷകരായിരുന്നു. ഈ ഭരണത്തിൻകീഴിൽ പ്രാദേശിക ഭരണാധികാരികൾ ഭരണം തുടരുകയും ഫ്രഞ്ചുകാരുടെ നിർദ്ദേശ പ്രകാരം ഭരണം നടത്തുകയും ചെയ്തു. ഫ്രാൻസ് ഗവൺമെന്റിന്റെ തലസ്ഥാനമായിരുന്നു ഹാനോ. അരി, റബ്ബർ, ഗോതമ്പ് എന്നിവയാണ് ഇവിടത്തെ പ്രധാനപ്പെട്ട കയറ്റുമതി ഉല്പന്നങ്ങൾ.



ഇൻഡോ ചൈനയിൽ ഫ്രഞ്ച്

### ഫിലിപ്പൈൻസ്



ഫിലിപ്പൈൻസ്

300 വർഷങ്ങൾക്കു മേൽ സ്പെയിൻ ഫിലിപ്പൈൻസിനെ ഭരിച്ചിരുന്നു. അതിനാൽ ഫിലിപ്പൈൻസിനെ ഭാഷ, സംസ്കാരം, മതം എന്നിവയെല്ലാം അടിച്ചമർത്തപ്പെട്ടു. 1872 ലും 1896 ലും രണ്ടു വലിയ വിപ്ലവം ഉണ്ടായി. തൽഫലമായി റോമൻ കത്തോലിക്ക ജനസംഖ്യ കുത്തനെ ഉയർന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ദേശീയത വളർന്നു.



IX Std - History Malayalam Unit-11.indd 144 3/29/2023 4:36:40 PM

### സയാം ( തായ്ലാൻഡ്)

പാശ്ചാത്യശക്തികളുടെ അധികാര രാഷ്ട്രീയത്താൽ തായ്ലാൻഡിന് വലിയ സ്വാധീനം ഉണ്ടായില്ലെങ്കിലും വിദേശ ഭരണത്തിന്റെ അനുഭവങ്ങളെ തായ്ലാൻഡിൽ നിന്നും വിമുക്തമാക്കി. പത്തൊമ്പതാം നൂറ്റാണ്ടിൻറെ അവസാനകാലത്തെ ഭരണപരിഷ്കാരങ്ങൾ 1910 വരെ തുടർന്നു. തായ്ലാൻഡിലെ ഭാഗിക നഗരമായ മുവാഗ് എന്നപേരിൽ ഒരു പാശ്ചാത്യ രൂപവത്കരണത്തെ സർക്കാർ ഏർപ്പെടുത്തി. എന്നാൽ പാശ്ചാത്യ ശക്തികൾ അതിന്റെ ആഭ്യന്തര-വിദേശ കാര്യങ്ങളിൽ തുടർന്നും ഇടപെട്ടു.

## 11.2 കോളനിയാധിപത്യം ആഫ്രിക്കയിൽ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന പാദം വരെ സഹാറയുടെ(സബ്സഹാറൻ ആഫ്രിക്ക) തെക്കുപടിഞ്ഞാറൻ ആഫ്രിക്കയെ പുറംലോകത്തിന് അജ്ഞാതമായിരുന്നു. ആഫ്രിക്കയുടെ ഉൾ പ്രദേശം ജനവാസയോഗ്യമായിരുന്നില്ല. 1875 നുശേഷം യൂറോപ്യന്മാരുടെ നുഴഞ്ഞുകയറ്റവും കോളനിവൽക്കരണവും വലിയ തോതിൽ ആരംഭിച്ചു. 1884-85 ലെ ബെർലിൻ കോളനി ആധിപത്യ സമ്മേളനം വിവിധ യൂറോപ്യൻ ശക്തികളുടെ സ്വാധീന മേഖലകളായി വിഭജിക്കാൻതീരുമാനിച്ചു. പ്രധാനപ്പെട്ട യൂറോപ്യൻ ശക്തികൾക്കിടയിലെ യുദ്ധം ആഫ്രിക്കയിൽ യൂറോപ്യൻ കോളനിവൽക്കരണം ഒരു പരിധി വരെ സുഗമമായി നടന്നു. യൂറോപ്യൻ ശക്തികൾ 1881 നും 1914-നും ഇടയ്ക്ക് ആഫ്രിക്കൻ രാജ്യങ്ങളിൽ അക്രമണം അധിനിവേശം കൂട്ടിച്ചേർക്കൽ സാമ്രാജ്യത്വ യുഗം എന്നിവയെ ആഫ്രിക്കയുടെ മേലുള്ള ആക്രമണം അല്ലെങ്കിൽ ആഫ്രിക്ക വിഭജനം എന്നുവിളിക്കുന്നു.

1884-85 ലെ കോംഗോ സമ്മേളനം അഥവാ പശ്ചിമ ആഫ്രിക്കൻ സമ്മേളനം എന്നറിയപ്പെടുന്ന ബെർലിൻ സമ്മേളനം കോംഗോ നദീതീരവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും മധ്യ ആഫ്രിക്കയിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചു. കോംഗോ നദി തടയാൻ നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മുന്നോട്ടുവച്ച സമ്മേളനം തള്ളിക്കളഞ്ഞു. ബർലിനിലെ സമ്മേളനം ജനറൽ ആക്ടിൻ കോംഗോ നദീതടത്തിൽ പരസ്യമായി പ്രഖ്യാപിക്കുകയും എല്ലാ സംസ്ഥാനങ്ങൾക്കും കച്ചവട ചെലവുകളും കപ്പൽ ഗതാഗതവും ഉറപ്പാക്കുകയും ചെയ്തു.

### ദക്ഷിണാഫ്രിക്ക

ദക്ഷിണാഫ്രിക്കയിൽ ബ്രിട്ടീഷുകാർ നാറ്റലും കേപ് കോളനിയും ഡച്ചുകാർ പ്രാദേശികമായി അറിയപ്പെടുന്ന ട്രാൻസ്വാളും ഓറഞ്ച് വിമുക്ത സംസ്ഥാനം എന്നിവയുടെ നിയന്ത്രണം ഏറ്റെടുത്തു. 1886 ൽ ട്രാൻസ്വാളിലെ സ്വർണ്ണ നിക്ഷേപം കണ്ടുപിടിച്ചതോടുകൂടി ബ്രിട്ടനിലെ ധാരാളം ഖനി തൊഴിലാളികൾ ജോഹന്നാസ്ബർഗിൽ താമസമുറപ്പിച്ചു. വിദേശത്തുനിന്ന് വന്ന ബ്രിട്ടീഷ് ഖനി തൊഴിലാളികളെ കണ്ടു ബയേഴ്സ് ഭയപ്പെടുകയും വെറുക്കുകയും ചെയ്തു. 1890 ൽ കേപ്പ് കോളനിയിലെ പ്രധാനമന്ത്രിയായ സെസിൽ റോഡേഴ്സ് ട്രാൻസ് സ്വാളിന്റെ വടക്കുഭാഗത്തേക്ക് ബ്രിട്ടീഷ് വികസനത്തെ പ്രോത്സാഹിപ്പിച്ചു. ഇത് ബോയേഴ്സിനും ബ്രിട്ടീഷുകാർക്കും തമ്മിലുള്ള ബന്ധം വഷളായി. ബ്രിട്ടീഷുകാരുടെ രാഷ്ട്രീയ അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ബ്രിട്ടീഷുകാർ ഖനികളിൽ കലാപത്തിൽ ഏർപ്പെടുകയും ചെയ്തു. ബോയർ സിനു( ഡച്ചുകാർക്കും) ഇംഗ്ലീഷുകാർക്കും മൂന്നുവർഷക്കാലം (1899-1902) കലാപം ഉണ്ടാകുവാൻ ഇത് കാരണമായി. ഒടുവിൽ ബോയർ സൈന്യത്തെ പരാജയപ്പെടുത്തുകയും പ്രിട്ടോറിയയെ കൈവശപ്പെടുത്തുകയും ചെയ്തു. ഈ യുദ്ധത്തിൽ ബോയറുകൾ വളരെയധികം കഷ്ടപ്പെട്ടു. അവരുടെ വിളനിലങ്ങളും വിളവുകളും നശിപ്പിക്കുകയും ബോയർ സ്ത്രീകളെയും കുട്ടികളെയും തടവ് ക്യാമ്പുകളിൽ പാർപ്പിച്ചു. ഭക്ഷണം, കിടക്കകൾ, വൈദ്യ ശുശ്രൂഷകർ, ശൗചാല യങ്ങൾ എന്നിവയുടെ കുറവ് 26000 പേരുടെ മരണത്തിനു കാരണമായി ബ്രിട്ടീഷുകാർ 2 ബോയർ സംസ്ഥാനങ്ങളെ പിടിച്ചടക്കുകയും ഈ കാലഘട്ടങ്ങളിൽ സ്വയംഭരണ സർക്കാർ പ്രാബല്യത്തിൽ വരുത്താൻ വാഗ്ദാനം ചെയ്തു. 1907ൽ ബോയർ സംസ്ഥാനങ്ങൾക്ക് പൂർണ ചുമതലകൾ നൽകി. നാലുവർഷത്തെ ചർച്ചകൾക്കുശേഷം ഈ നാല് സംസ്ഥാനങ്ങളും അവസാനമായി 1909 ൽ ഒരു യൂണിയൻ പ്രദേശമായും തുടർന്ന് ദക്ഷിണാഫ്രിക്ക രാജ്യമായും തീരുമാനിച്ചു.



ബോയർ യുദ്ധം

സുലു വർഗ്ഗക്കാർ ശക്തമായ പോരാട്ടങ്ങൾക്ക് പേരുകേട്ടവർ ആയിരുന്നു. ദക്ഷിണ പൂർവ്വ ആഫ്രിക്കയിലെ ഏറ്റവുംവലിയ സുലു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ



IX Std - History Malayalam Unit-11.indd 145 3/29/2023 4:36:40 PM

നിർണായക പങ്കുവഹിച്ച ഷാക്ക സുലു പോലുള്ള പ്രഗൽഭരായ പ്രതിനിധികളെയാണ് പ്രതിനിധാനം ചെയ്തത്. ബ്രിട്ടീഷ് സൈന്യം സുലു പ്രദേശത്തെ അക്രമിക്കുകയും 13 ഭരണ പ്രവിശ്യകളായി ഛിന്നഭിന്നമാകുകയും ചെയ്തു. സുലു ക്കളെ കൊണ്ട് തങ്ങളുടെ സ്വാതന്ത്ര്യത്തെ തിരിച്ചു പിടിക്കാൻ കഴിഞ്ഞില്ല ഒരു നൂറ്റാണ്ടുകാലമായി ദക്ഷിണാഫ്രിക്കയിൽ ശക്തമായി നിലയുറപ്പിച്ചിരുന്ന വംശീയത ക്കെതിരെ പോരാടേണ്ടി വന്നു.

## റൊഡീഷ്യാ


സുലു വർഗ്ഗക്കാർ

1889 ൽ ബ്രിട്ടീഷ് ദക്ഷിണാഫ്രിക്കൻ കമ്പനി രൂപീകരിക്കപ്പെട്ടു. 6000 പുരുഷന്മാരെക്കൊണ്ട് ബ്രിട്ടീഷുകാർ പര്യവേഷണം നടത്തുകയും ഓരോരുത്തർക്കും 3000 ഏക്കർ വിളനിലങ്ങൾ കൊടുക്കാമെന്ന വാഗ്ദാനം ചെയ്തു. യൂറോപ്യന്മാർ ആഗ്രഹിച്ചിരുന്നത് എല്ലാം സ്വർണമാണെന്ന് ആഫ്രിക്കൻ രാജാവ് വിശ്വസിച്ചു. പക്ഷേ അവർ ബീച്ചാനലാന്റിലെ കോളനികളെ നിശ്ചയിക്കാനുള്ള ഒരു പദ്ധതിയുമായി മുന്നോട്ടു വന്നു. പത്തുവർഷത്തിനിടയിൽ യൂറോപ്യന്മാർ ആഫ്രിക്കയുടെ എതിർപ്പിനെ തകർത്തു. വെളുത്ത കുടിയേറ്റക്കാർ കൃഷിഭൂമിയും റെയിൽ മാർഗ്ഗവും ഒരു ടെലിഗ്രാഫ് സംവിധാനവും വികസിപ്പിച്ചെടുത്തു. സെസിൽ റോഡിനു ശേഷം ഈ കോളനിയെ റൊഡേഷ്യ എന്ന് വിളിച്ചു.

## പശ്ചിമ ആഫ്രിക്ക

1854 ൽ ഗോൾഡ് കോസ്റ്റിലെ തീരദേശങ്ങൾ ബ്രിട്ടീഷ് കോളനിയായി മാറി. നൈജീരിയയുടെ തീര പ്രദേശങ്ങൾ അടിമ വ്യാപാര കേന്ദ്രങ്ങൾ ആയി മാറി. 1886 ൽ റോയൽ നൈജർ കമ്പനി രൂപീകരിക്കുകയും അതിനെ 1900 ൽ ബ്രിട്ടീഷ് സർക്കാർ ഏറ്റെടുത്തു.

**പശ്ചിമഫ്രഞ്ച്:**

സെനഗൽ പശ്ചിമാഫ്രിക്കയിലെ ഒരു ഫ്രഞ്ച് അടിത്തറയായിരുന്നു. ഗിനിയ ഐവറി കോസ്റ്റ് , ദൊമേമെ, എന്നീ രാജ്യങ്ങൾ സഹാറയുടെ ദക്ഷിണ പ്രദേശങ്ങളുമായി ബന്ധപ്പെടുത്തിയിരുന്നു.

**കോംഗോ:** ബെൽജിയം രാജാവായ ലിയോപോൾഡ് രണ്ടാമൻ കോംഗോയിൽ താൽപര്യം കാണിക്കുകയും ബർലിൻ സമ്മേളനം കോംഗോ ഫ്രീ സ്റ്റേറ്റിന്റെ ലിയോ പോൾഡിന്റെ ഭരണത്തിന് സമ്മതിക്കുകയും ചെയ്തു. കോങ്കോയിലെ ഏറ്റവും വിലപിടിപ്പുള്ള 2 ഉൽപന്നങ്ങളായിരുന്നു ആനക്കൊമ്പും റബ്ബറും. ഇവ വ്യാപാരത്തിന് കുത്തകയായി മാറി. ഈ ഉൽപ്പന്നങ്ങൾ നിർബന്ധപൂർവം ശേഖരിച്ചു. ആഫ്രിക്കക്കാർ നിർബന്ധിത തൊഴിലാളികളായിരുന്നു. ഓരോ ഗ്രാമത്തിനും ഒരു കാട്ട നൽകിയിരുന്നു. ആ കാട്ടകൾ പൂർത്തീകരിച്ചില്ലെങ്കിൽ അവരെ അടിച്ചമർത്തുകയും തകർക്കുകയും ചെയ്തിരുന്നു. ആഫ്രിക്കൻ ജനതയുടെ സാമ്പത്തിക ചൂഷണത്തെ കുറിച്ചുള്ള ജനകീയ പ്രതിഷേധത്തിലിടപെടാൻ ബെൽജിയം സർക്കാരിനെ പ്രേരിപ്പിച്ചു. ലിയോപോൾഡ് രണ്ടാമൻ തന്റെ പരമാധികാര അവകാശം പിൻവലിക്കുകയും 1908ൽ കോംഗോയിലെ പരമാധികാരം ലിയോപോൾഡിൽ നിന്ന് ബെൽജിയത്തിന് നൽകുകയും ചെയ്തു.


ലിയോ പോൾഡ് II

## കിഴക്കൻ ആഫ്രിക്ക.

**ബ്രിട്ടീഷുകാർ:** 1886 ൽ സ്വാൻസി ബാറിലെ സുൽത്താന്റെ കൈവശം ഇരുന്ന് സ്ഥലങ്ങളെ തങ്ങളുടെ സ്വാധീനം മുഖേന വിഭജിച്ച് എടുത്തു. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി ആദ്യകാലങ്ങളിൽ 1895 ൽ അധികാരം ഏറ്റെടുക്കുകയും കിഴക്കൻ ആഫ്രിക്കൻ സംരക്ഷണ കേന്ദ്രം രൂപവൽക്കരിക്കുകയും ചെയ്തു. ഡമമ്യേ ചായ കുടിക്കാമോ അതിൽ കെനിയ ഉഗാണ്ട സാൻസിബാർ എന്നിവ ഉൾപ്പെടുന്നു. ഉഗാണ്ടയിലെ വലിയൊരുഭാഗം ബുഹാണ്ടായായി രൂപീകരിക്കുകയും കബാക്ക സാമ്രാജ്യം ആ പ്രദേശത്തെ ഭരിക്കുകയും ചെയ്തു. ഭരണാധികാരിയെ ദുർബലവും ഫലപ്രദമല്ലാത്തതുമാക്കി മാറ്റിയ ബ്രിട്ടീഷ് ഇന്ത്യയുടെ നാട്ടുരാജ്യങ്ങളിൽ ബ്രിട്ടീഷുകാർ പരോക്ഷ ഭരണം നടത്തി.

**ജർമ്മനിക്കാർ:** ജർമ്മനിയുടെ കുടിയേറ്റ പ്രദേശമായ കിഴക്കൻ ആഫ്രിക്കയിലേക്ക് തങ്ങളുടെ ഭരണം നടത്തി.കോംഗോയിലെ ലിയോപോൾസ് രണ്ടാമനെ പോലെ ജർമ്മനിയിൽ ആഫ്രിക്കക്കാർ സാമ്പത്തികമായി ചൂഷണം ചെയ്യപ്പെടുകയാണ്. ഇത് നിരവധി കലാപങ്ങൾക്ക് വഴിതെളിയിക്കുകയാണ്. ഏറ്റവും ഗുരുതരമായ വിപ്ലവം മാജിയിലെ മജി വിപ്ലവമാണ്.(1905 മുതൽ 1907)

## പോർട്ടുഗീസുകാർ അങ്കോളയിലും മൊസാംബിക്കിലും

16-ാം നൂറ്റാണ്ടിനു ശേഷം പോർട്ടുഗീസുകാർ ഗിനിയ കൂടാതെ ദക്ഷിണാഫ്രിക്കയിലെ പശ്ചിമ, പൂർവ്വ തീര പ്രദേശങ്ങളെ പോർട്ടുഗീസുകാരുടെ രണ്ടു കോളനികളായി ഉപയോഗിച്ചിരുന്നു.

## ലൈബീരിയയിലും എത്യോപ്പയിലും ആഫ്രിക്കക്കാരുടെ ഭരണം



ലൈബീരിയ, എത്യോപ്യ എന്നീ രണ്ടു രാജ്യങ്ങളിൽ യൂറോപ്യന്മാർക്ക് കോളനി വൽക്കരണത്തെ നടപ്പിലാക്കാൻ സാധിച്ചില്ല.അതിനു ശേഷം അവരുടെ സ്വാതന്ത്രത്തെ യാതൊരു യൂറോപ്യൻ ശക്തിയെ കൊണ്ട് പ മെലനിക് രാജാവ്



IX Std - History Malayalam Unit-11.indd 146 3/29/2023 4:36:40 PM

ടിച്ചെടുക്കാൻ സാധിച്ചില്ല.റയിൽ മാർഗ്ഗങ്ങൾ,വൈദ്യുതീകരണത്തിൽ കൂടെ മെലനിക് രാജ്യത്തെ നവീകരിച്ചു.

## 11.3 ഇന്ത്യയിൽ കോളനിയാധിപത്യം

15-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇന്ത്യയിൽ വാണിജ്യ ബന്ധം രൂപീകരിച്ച ആദ്യത്തെ യൂറോപ്പ്യൻ ശക്തി പോർച്ചുഗീസുകാരണ്.1498 ൽ വാസ്ഗോഡ ഗാമ സുപ്രതീക്ഷാ മുനമ്പിനെ ചുറ്റി കോഴിക്കോടിൽ എത്തിച്ചേർന്നു.മറ്റ് യൂറോപ്യൻ ശക്തികൾ വളരെ വേഗത്തിൽ അവരുടെ സാന്നിദ്ധ്യം ഇന്ത്യയിൽ സ്ഥാപിക്കുന്നതിന് പോർട്ടുഗീസുകാർ വളരെയധികം പിന്തുണച്ചു.16 -ം നൂറ്റാണ്ടിനു ശേഷം യൂറോപ്യൻ ശക്തികൾ താഴെ പറയുന്ന രീതിയൽ തങ്ങളുടെ ആധിപത്യത്തെ സ്ഥാപിച്ചു.

| | |
|---|---|
| പോർട്ടുഗീസ് | 1505-1961 |
| ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി (നെതർലാന്റ്) | 1605-1825 |
| ഡാനിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി (ഡെന്മാർക്ക്) | 1620-1869 |
| ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി | 1668-1954 |
| ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി | 1612-1757 |
| ബ്രിട്ടീഷ് കമ്പനി ഭരണം | 1757-1857 |
| ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണം | 1858-1947 |

നാലു വലിയ യൂറോപ്യൻ ശക്തികൾ തമ്മിലുള്ള മത്സരത്തിൽ (പോർട്ടുഗീസ്, ഡച്ചുകാർ,ഫ്രഞ്ചുകാർ,ഇംഗ്ലീഷുകാർ) 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടു കൂടി ബ്രിട്ടീഷുകാർ മൂന്നു കർണ്ണാടക യുദ്ധങ്ങൾക്കു ശേഷം ഇന്ത്യ വിട്ട് മറ്റുള്ളവരെ പുറത്താക്കി.മൂന്ന് ആംഗ്ലോ-മൈസൂർ,മൂന്ന് ആംഗ്ലോ മറാത്ത യുദ്ധങ്ങളിൽ ചില പ്രാദേശിക പ്രദേശങ്ങളും പിടിച്ചെടുത്തു.പ്രത്യേകിച്ച് ഏറ്റവും ശക്തമായ വെല്ലുവിളി ഗൂർഖാസ് (1816), സിന്ധികൾ (1843),സിക്കുകാർ(1849) എന്നിവരെ പിടിച്ചെടുത്തു.ഈ വിജയങ്ങൾ ഇന്ത്യയിൽ ബ്രിട്ടീഷുകാർ ഭരിക്കുന്ന ശക്തിയായി മാറി.

### ഇന്ത്യൻ സാമ്പത്തികത്തിൽ കോളനിയാധിപത്യം

നമുക്ക് ഇന്ത്യയുടെ കോളനിവൽക്കരണ പ്രക്രിയയെ മൂന്ന് ഘടകങ്ങളായി വേർതിരിക്കാം.

a. ഘട്ടം1 വാണിജ്യ മുതലാളിത്വം
b. ഘട്ടം2 വ്യവസായിക മുതലാളിത്വം
c. ഘട്ടം3 സാമ്പത്തിക മുതലാളിത്വം

### (a) ഒന്നാം ഘട്ടം വാണിജ്യ മുതലാളിത്വം (പ്രത്യക്ഷ നയം, 18 ാം നൂറ്റാണ്ട്).


റോബർട്ട് ക്ലൈവ്

18ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഒരു ചെറിയ ശക്തിയായിരുന്നു.ഇന്ത്യൻ ഭരണാധികാരികളിൽ നിന്ന് തീരദേശത്ത് കച്ചവട കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഇളവുകൾ ലഭിച്ചിരുന്നു.എന്നാൽ താമസിയാതെ ഇന്ത്യൻ തുണിത്തരങ്ങളും മറ്റു സാധനങ്ങളും ഉൾപ്രദേശങ്ങളിൽ ഇന്ത്യൻ വ്യാപാരികൾ ബ്രിട്ടീഷുകാരോട് ശക്തമായ ബന്ധം ഉണ്ടായി. ഇന്ത്യയിൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ആധിപത്യം സ്ഥാപിച്ചതോടു കൂടി ഇന്ത്യയിൽ നിർമ്മിച്ച പരുത്തി തുണിത്തരങ്ങൾ,അച്ചടിച്ച തുണിത്തരങ്ങൾ എന്നിവ വിപണിയിൽ വിറ്റ് അധികം ലാഭം നേടി.ഇന്ത്യൻ ദേശീയ സാമ്പത്തിക വിദഗ്തനായ ആർ.വി ദത്തിന്റെ അഭിപ്രായത്തിൽ നെയ്ത്ത് ജനങ്ങളുടെ ദേശീയ വ്യവസായമായും, നൂൽനൂൽപ് ദശലക്ഷക്ക്ണക്കിന് സ്ത്രീകളുടെ തൊഴിലുമായിരുന്നു. ഇന്ത്യൻ തുണിത്തരങ്ങൾ ഇംഗ്ലണ്ടിലും യൂറോപ്പിലെ പലഭാഗങ്ങളിലും ചൈന,ജപ്പാൻ, അറേബ്യ, ബ്രർമ്മ പേർഷ്യ, ആഫ്രിക്കയുടെ പല ഭഗങ്ങളിലും വ്യാപിച്ചിരുന്നു.ഈ കാലഘട്ടത്തിലാണ് ലങ്കാഷയർ, ബർമിങ്ഹാം എന്നിവടങ്ങളിലെ വസ്ത്രവ്യാപാരികൾ ഇന്ത്യൻ വസ്ത്രങ്ങളുടെ ഇറക്കുമതിയെ നിരോധിച്ചുകൊണ്ടുള്ള നിയമം ഇംഗ്ലണ്ട് പാർലമെന്റിൽ കൊണ്ടുവന്നു. ഇന്ത്യയിൽ പരുത്തി തുണികളെ വച്ചിരുന്നാലോ അതിൽ ഇടപെട്ടാലോ അവരെ കണ്ടെത്തുകയും അവർക്ക് 200 പൗണ്ട് പിഴ ചുമത്തുകയും ചെയ്തുവെന്ന് അവർ പറഞ്ഞു.

1750 ലും 1960 ന്റെ ആരംഭത്തിലും റോബർട്ട് ക്ലൈവ് പഴയ മുഗൾ സാമ്രാജ്യത്തിന്റെ ഏറ്റവും സമ്പന്നമായ മേഖലയുടെ നിയന്ത്രണം നേടി.കമ്പനി സാധനങ്ങളുടെ കയറ്റുമതി ഇറക്കുമതി നികുതികളിൽ നിന്നും ഇംഗ്ലീഷുകാരെ ഒഴിവാക്കിയിരുന്നു.തന്റെ വസ്തുക്കൾ സ്ഥലം വിട്ട് കൊണ്ട് ചെല്ലുന്ന നയങ്ങളിൽ നിന്ന് ഒഴിവാക്കി.എന്നാൽ ഇന്ത്യൻ വ്യാപാരികൾ നികുതി ചുമത്തി.പ്ലാസിയുദ്ധത്തിന് ശേഷം (1757) കമ്പനി 1:2 മില്ല്യൺ പൗണ്ട് ലഭിച്ചു. ഇതിൽ ക്ലൈവ് 31500 പൗണ്ടും വാർഷിക വരുമാനം 2700 പൗണ്ടും ജാഗിയും ആയിരുന്നു. ബക്സാർ യുദ്ധതിനു ശേഷം (1764) മുർഷിദാബാദിലെ ഖജനാവ് കൊള്ളയടിച്ചു. 1765ൽ കമ്പനി നിലനികുതി ഈടാക്കുന്ന അവകാശം കരസ്ഥമാക്കുകയും പിന്നീട് മുഗൾ സാമ്രാജ്യത്തിന്റെ ഇടനിലക്കാരനായി മാറി.



IX Std - History Malayalam Unit-11.indd 147 3/29/2023 4:36:40 PM

### (b) വ്യവസായ മുതലാളിത്തം-19-ാം നൂറ്റാണ്ടിന്റെ മധ്യത്തിലെ ഒന്നാം ഘട്ടം

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കമ്പനിയ്ക്ക് പ്രാദേശിക അധികാരം വർദ്ധിച്ചു വന്നു.ഈ കാലഘട്ടത്തിൽ ബ്രിട്ടീഷ് വസ്ത്ര മേഖല ഒരു വലിയ അസംസ്കൃത കേന്ദ്രമായി മാറി.കമ്പനിയുടെ വിപുലീകരണ നയങ്ങൾ പ്രാദേശിക ഭരണാധികാരികൾക്കെതിരായ യുദ്ധങ്ങളിലേക്ക് നയിച്ചു.ആഭ്യന്തര ആക്രമണങ്ങളുടെ ചെലവ് ഇന്ത്യക്കാരുടെ മേൽ ചുമത്തി.

### (c) സാമ്പത്തിക മുതലാളിത്തം 19ാം നൂറ്റാണ്ടിലെ മധ്യത്തിലെ രണ്ടാം ഘട്ടം

ഈ ഘട്ടത്തിൽ മാനേജിങ് ഏജൻസി സ്ഥാപനങ്ങൾ കയറ്റുമതി,ഇറക്കുമതി സ്ഥാപനങ്ങൾ പണ പരിവർത്തന ബാങ്കുകൾ എന്നിവ പുരോഗമിക്കുവാൻ തുടങ്ങി.ഇംഗ്ലണ്ടിൽ നിക്ഷേപിക്കുവുന്ന ഉപരിമൂലധനത്തിനെ പുറത്ത് ലഭ്യമാക്കാൻ ശ്രമിച്ചപ്പോൾ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി സർക്കാർ റെയിൽവേ റോഡുകൾ, തപാൽ സമ്പ്രദായം,നിക്ഷേപിക്കാൻ തീരുമാനിച്ചു. റെയിൽവേ നിർമ്മിതിക്കായി കയറ്റുമതി ചെയ്യപ്പെട്ട മൂലധനം വിനിയോഗിച്ചു.ബ്രിട്ടീഷ് സൈന്യത്തെ ദ്രുതഗതിയിൽ എത്തിക്കാൻ റെയിൽവേ സഹായിച്ചു.ഇത് ഇന്ത്യൻ കമ്പോളത്തിന്റെ പരമാവധി പരിധി വരെ അത് വിജയകരമായി സഹകരിച്ചു.റെയിൽവേ ബ്രിട്ടീഷ് നിക്ഷേപം 5ശതമാനം വാർഷിക പലിശാപിന്തുണച്ചു.ചുരങ്ക സ്ഥാപനങ്ങൾക്ക് കുറഞ്ഞ തുകയിൽ ചുരങ്കങ്ങൾ നൽകി.ലാഭത്തിൽ ലഭിക്കുന്ന ഓഹരിതുകയും കുറഞ്ഞ അളവിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കാപ്പി, തേയില, റബ്ബർ, കുരുമുളക് എന്നിവയെ കൃഷിചെയ്യുന്നതിന് ഏറ്റവും കുറഞ്ഞ വിലയിൽ നിലം നൽകി.ഇംഗ്ലണ്ടിന് സ്വന്തമായ കടലിനക്കരെയുള്ള കോളനികളിൽ നിന്നും വലിയ തോട്ടങ്ങളിൽ ജോലി ചെയ്യുന്നതിന് അധിക അളവിൽ തൊഴിലാളികൾ ആവശ്യപ്പെട്ടിരുന്നു.ഇന്ത്യയിൽ അടിമതവ രീതി 1843 ൽ അവസാനിപ്പിച്ചതിനാൽ കമ്പനി കരാർ തുക രീതിയെ പ്രാബല്യത്തിസൽ കൊണ്ടുവന്നു.

## 11.4 ബ്രിട്ടീഷ് ഭരണത്തിൽ സാമ്പത്തിക ആഘാതം

### കാർഷിക വ്യവസ്ഥകൾ

ഇംഗ്ലണ്ടിലെ ഒരു വലിയ ഭൂവുടമയായ ഗവർണർ ജനറൽ കോൺവലീസ് ഇംഗ്ലീഷ് രീതിയെ മാതൃകയാക്കി കൊണ്ട് ഇന്ത്യയിലും ഭൂവുടമകളെ സൃഷ്ടിക്കാൻ ആഗ്രഹിച്ചു.മൂഗൾ ഭരണത്തിൽ തന്നെ നിലനികുതിയെ ഈടാക്കുകയും സർക്കാരിന് നൽകി വന്ന ഇടനിലക്കാരോട് ആലോചിച്ച് തീരുമാനത്തിൽ എത്തിയ കോൺവാലീസ് അവരെ ഭൂപ്രഭുക്കളെ പോലെ നടത്തിയിരുന്നു.അതിന്റെ ഫലമായി ഇന്ത്യയിൽ ആദ്യമായി ജമിന്തർമാർ തങ്ങളുടെ സമ്പത്തുകളെ മറ്റുള്ളവർക്ക് വിൽക്കുന്നതിനും അനന്തരാവകാശികൾക്ക് നിലങ്ങളെ നൽകുന്നതിനും അവകാശം നേടി.മറുവശം കർഷകർ പാട്ടക്കാരായി മാറ്റപ്പെട്ടു. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി സർക്കാർ ജമാന്തർമാരോട് നേരിട്ട് ബന്ധം പുലർത്തിക്കൊണ്ട് പാട്ടക്കാരോട് തങ്ങളുടെ ഇഷ്ടം പോലെ പ്രവർത്തിക്കുന്നതിന് മുഴുവൻ സ്വാതന്ത്രവും നൽകി.ബംഗാൾ,ബീഹാർ,ഒറീസ്സാ എന്നീ പ്രദേശങ്ങളിലുള്ള ജമീന്തർമാരോടൊപ്പം നടപ്പിലാക്കിയ ഈ നയത്തെ ശാശ്വത ഭൂ നികുതി വ്യവസ്ഥ(1793) എന്നു വിളിക്കുന്നു.

റയ്ത്ത് വാരി സമ്പ്രദായം എന്നു പറയുന്നത് ദക്ഷിണ ഇന്ത്യയൽ പ്രാബല്യത്തിൽ കൊണ്ടു വന്ന പ്രത്യേക ഭൂനികുതി സമ്പ്രദായമാണ്.ഈ സമ്പ്രദായം അനുസരിച്ച് കർഷകർ നിലത്തിന്റെ ഉടമസ്ഥനായി മാറുന്നു.അവർ തന്നെ നികുതി ചെലുത്തുന്നു. ഇടനിലക്കാരൻ അല്ലെങ്കിൽ ഭൂനികുതി ഈടാക്കുന്നവരുടെ ഇടപെടൽ ഇല്ലാതെ സർക്കാർ തന്നെ കർഷകരോട് നേരിട്ട് ബന്ധത്തിലിരിക്കുന്നു.ഭൂനികുതിയെ ഒരു കർഷകൻ ശരിയായ രീതിയിൽ കൊടുക്കുന്നതു വരെ ആ സ്ഥലം ആ വ്യക്തിക്ക് ചെലുത്തുംവരെ നിലം ആ വ്യക്തിക്ക് സ്വന്തമായിരിക്കും. ഭൂനികുതി അടക്കാതിരുന്നാൽ അദ്ദേഹം ആ നിലം വിട്ട് പുറന്തള്ളപ്പെടും.മാത്രമല്ല അദ്ദേഹത്തിന് സ്വന്തമായിട്ടുള്ള കന്നുകാലികളും മറ്റ് സ്വത്തുക്കളും സർക്കാരിന് തിരിച്ചു പിടിക്കാവുന്നതാണ്. നിലത്തിൽ വ്യക്തി നില ഉടമസ്ഥത എന്ന നയത്തെ റയ്ത്ത് വാരി സമ്പ്രദായം പ്രാബല്യത്തിൽ കൊണ്ടുവന്നു.ഒരു വ്യക്തിക്ക് സ്വന്തമായ നിലങ്ങൾ ശരിയായ രീതിയിൽ രജിസ്റ്റർ ചെയ്ത് ആ നിലങ്ങളെ വിൽക്കുന്നതിനും പണയം വയ്ക്കുന്നതിനും പാട്ടത്തിന് വിടുന്നതിനും നിലത്തിന് മേൽ തങ്ങളുടെ സ്വാതന്ത്ര്യത്തെ വേറൊരു വ്യക്തിക്ക് കൊടുക്കുന്നതിനും ആ കർഷകന് അവകാശം ഉണ്ടായിരുന്നു.

### ഭൂനികുതി വരുമാനവും കർഷകരുടെ ദാരിദ്ര്യവും

ഇംഗ്ലീഷുകാരുടെ വരുമാനത്തിന് അടിസ്ഥാന ആധാരമായി കാണപ്പെട്ട ഭൂനികുതി ബലാൽക്കാരമായ രീതികളിൽ ഈടാക്കി.ദാരിദ്ര്യ കാലങ്ങളിലും ഭൂനികുതി കൊടുക്കുന്നതിൽ നിന്നും കർഷകരെ ഒഴിവാക്കിയിരുന്നില്ല. ഭൂപ്രഭുക്കന്മാർക്ക് പാട്ടത്തുക നൽകുന്നതിനും സർക്കാരിന് ഭൂമികുതിയെ ചെലുത്തുന്നതിനും നിലം ഉൾപ്പെട്ട തങ്ങളുടെ സ്വത്തിനെ കർഷകർ പണയം വയ്ക്കുന്നതിനും അല്ലെങ്കിൽ വിൽക്കുന്നതിനുമുള്ള മോശമായ അന്തരീക്ഷത്തിലേക്ക് തള്ളപ്പെട്ടു. സർക്കാർ വായ്പാ സൗകര്യങ്ങൾ നൽകാത്തതിനാൽ കർഷകർ വായ്പകൾ ലഭിക്കുന്നതിന് പണയ സ്ഥാപന ഉടമകളെ ആശ്രയിച്ചു വരുന്നു.



IX Std - History Malayalam Unit-11.indd 148 3/29/2023 4:36:40 PM

പണയത്തിന് വായ്പ നൽകുന്നതിനെ ഒരു തൊഴിലായി നടത്തിയവർ ഒരു പ്രത്യേക വായ്പ നൽകുന്ന രീതിയായി പിൻതുടർന്നു. വായ്പ നൽകുന്നവർ മഹജൻസ്, ശൗകാർകൾ, പോരാ പോലുള്ള പലതരത്തിലുള്ള സമൂഹത്തിലുള്ളവരായിരുന്നു. തമിഴ് ഭാഷാ സംസാരിക്കുന്ന പ്രദേശങ്ങളിൽ നാട്ടുകോട്ടൈ ചെട്ടിയാർകൾ വായ്പകൾ കൊടുക്കുന്നതിന് ഒരു തൊഴിലാക്കിയിരുന്നു. ഈ വായ്പകൾ വളരെ ഉയർന്ന പലിശയിൽ നൽകിയിരുന്നു.

കോളനി സർക്കാർ കൃഷി വാണിജ്യാടിസ്ഥാനത്തിൽ ഉള്ള നയങ്ങളെ പിൻപറ്റി കമ്പോള ധാന്യങ്ങളായ പരുത്തി, ചണൽ, എണ്ണവിത്തുകൾ, കരിമ്പ്,പുകയില എന്നിവ കമ്പോള നിലവാരത്തിന് യോജിച്ച രീതിയിൽ ഭക്ഷണധാന്യങ്ങളെക്കാളും ലാഭകരമയ വില നേടിയിരുന്നു.


ആർതർ കാട്ടൻ


പെന്നികുയിക്

**കേണൽ പെന്നി കുയിക്:** പെന്നി കുയിക് ഒരു സൈന്യാധിപനായ എഞ്ചിനീയറും പൗരനായ ഉദ്യോഗസ്ഥനും മദിരാശി സംസ്ഥാന നിയമസഭാ മേൽസഭയുടെ അംഗവും ആയിരുന്നു.പടിഞ്ഞാറോട്ട് ഒഴുകുന്ന നദിയുടെ ജലത്തെ ഒരു അണകെട്ടി കിഴക്കോട്ട് തിരിച്ചുവിട്ടാൽ വൈഗനദിയെ ആശ്രയിച്ചിരിക്കുന്ന വരൾച്ച ബാധിച്ച നിലങ്ങളെ ലക്ഷക്കണക്കിന് കൃഷിഭൂമിയെ ജലസേചന സൗകര്യം ഏർപ്പെടുത്തി കൊടുത്ത് മാറ്റാൻ കഴിയുമെന്ന് അദ്ദേഹം തീരുമാനിച്ചു. പെന്നി കുയിക്കാനും മറ്റ് ബ്രിട്ടീഷ് എഞ്ചിനീയർമാരും പ്രകൃതി ക്ഷോഭത്തെയും വന്യമൃഗങ്ങൾ,വിഷജീവികൾ എന്നിവയുടെ അപകടങ്ങളെ മുന്നിൽ പ്രതീക്ഷിച്ചുകൊണ്ട് അണക്കെട്ടിന്റെ നിർമ്മാണ ജോലികളെ തുടർന്ന് ചെയ്തപ്പോൾ തുടർച്ചയായുള്ള മഴയാൽ തടസ്സങ്ങൾ ഏർപ്പെട്ടു. ബ്രിട്ടീഷ് സർക്കാരിൽ നിന്ന് ആവശ്യത്തിനുള്ള ഫണ്ട് ലഭിക്കാൻ പറ്റാത്ത സാഹചര്യത്തിൽ പെന്നികുയിൻ ഇംഗ്ലണ്ടിൽ ചെന്ന് തന്റെ തുടുംബ സ്വത്തിനെ വിറ്റ് അണക്കെട്ടിന്റെ ജോലികളെ പൂർത്തീകരിച്ചു.അണക്കെട്ടിന്റെ പണികൾ 1895 ൽ പൂർത്തീകരിച്ചു. മുല്ലപ്പെരിയാർ അണക്കെട്ട്, തേനി, ദിണ്ടുക്കൽ, മധുര, ശിവഗംഗ, രാമനാഥപുരം എന്നീ ജില്ലകളിലെ കാർഷിക നിലങ്ങൾക്ക് തുടർന്ന് ജലസേചന സൗകര്യം നൽകി വരുന്നു.

അതിനാൽ കർഷകർ തങ്ങളുടെ വായ്പയെ അടക്കാനും സർക്കാരിന് അടക്കേണ്ട നികുതിയെ അടക്കാനും ഉപഭോത്യത്വത്തിന് ആവശ്യമായ ഭക്ഷണധാന്യങ്ങളെക്കാളും വാണിജ്യത്തിന് ആവശ്യമായ ധാന്യങ്ങളെ മാത്രം ഉൽപാദിപ്പിക്കുവാൻ തുടങ്ങി.ഇന്ത്യൻ കർഷകർ തങ്ങളുടെ കാർഷിക വിളവുകളെ വിൽക്കുന്നതിന് വേണ്ടി അന്താരാഷ്ട്ര കമ്പോളത്തിന്റെ വില നിലവാരത്തെ ആശ്രയിച്ചിരിക്കേണ്ട നിലപാട് ഉണ്ടായി.കമ്പോള പ്രവർത്തനങ്ങളെ പറ്റിയുള്ള അറിവില്ലായ്മയാൽ ആഭ്യന്തര കമ്പോളങ്ങളിൽ കാർഷിക ഉൽപന്നങ്ങൾക്കായുള്ള ആവശ്യം കുറവയപ്പോൾ കർഷകർ ദുരിതത്തിലായി.

### ജലസേചനം

ഇംഗ്ലീഷുകാർ 19 ാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ ജലസേചനത്തെ ഒഴിവാക്കിയിരുന്നു. 19 ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിൽ ആരംഭിച്ച് നിശ്ചിത ിടവേളകളിൽ തുടർന്നുണ്ടായ വലിയ ക്ഷാമങ്ങളാൽ ലക്ഷക്കണക്കിന് ജനങ്ങൾ മരിച്ചതിന് ശേഷം ചില പ്രധാനപ്പെട്ട ജലസേചന കനാലുകൾ നിർമ്മിച്ചു. അതിനു ശേഷവും ജല സേചന കനാലുകൾ നിർമ്മിക്കുന്നതിനായി അനുവദിച്ച പണം വളരെ കുറവായിരുന്നു. ജനങ്ങളുടെ ക്ഷേമത്തിൽ തൽപരനായ ആർതർ കാട്ടൻ, പെന്നികുയിക് പോലുള്ള ഇംഗ്ലീഷ് ഉദ്യോഗസ്ഥരും എഞ്ചിനീയർമാരും സ്വീകരിച്ച നടപടികളാൽ സംരക്ഷിക്കപ്പെട്ട കനാലുകൾ ചില സ്ഥലങ്ങളിൽ സാധ്യമയി.എവിടെയെല്ലാം ഇപ്രകാരമുള്ള ശ്രമങ്ങൾ നടത്തിയോ അവിടെയെല്ലാം ഇംഗ്ലീഷുകാർ കൂടുതൽ ഓഹരി പിരിച്ചെടുത്തു.അങ്ങനെ ക്രൂരമായ ഭൂനികുതി പിരിക്കൽ മൂലം കർഷകർ വീണ്ടും വീണ്ടും ബുദ്ധിമുട്ടിലായി.

### ക്ഷാമങ്ങൾ

കോളനിയാധിപത്യത്തിന്റെ സ്വതന്ത്ര വാണിജ്യ നയവും തീവ്രമായ നിലനികുതി ചെലുത്തുന്ന സമ്പ്രദായവും ക്ഷാമങ്ങൾ ഉണ്ടാകുന്നതിന് കാരണമയിത്തീർന്നു.1866-1867 കാലഘട്ടങ്ങളിൽ ഉണ്ടായ ഒഡീഷാ ക്ഷാമം ആ പ്രദേശത്ത് ചരിത്രത്തിൽ നടന്ന ക്രൂരമായ സംഭവമാണ്.ഈ ക്ഷാമത്തിൽ ആപ്രദേശത്ത് ജനങ്ങളിൽ മൂന്നിൽ ഒരു ഭാഗം മരണമടഞ്ഞു.1876-78 ൽ ഉണ്ടായ വലിയ ക്ഷാമം (തമിഴിൽ ധാതുവരുടെ പഞ്ചം എന്നു വിളിക്കുന്നു) ദക്ഷിണ ഇന്ത്യയിലുള്ള കർഷക തൊഴിലാളികളെയും കരകൗശല വിദഗ്ദരെയും ഇംഗ്ലണ്ടിൽ മറ്റു കുടിയേറ്റങ്ങൾക്ക് കാരണമായി.അവിടെ അവർ വലിയ തോട്ടങ്ങളിൽ കരാർ പണിക്കാരായി ജോലി ചെയ്തു.ഇന്ത്യയിൽ ഈ ക്ഷാമം ഒരു കോടി മൂന്ന് ലക്ഷം ജനങ്ങൾ മരിക്കാൻ ഇടയായി.



IX Std - History Malayalam Unit-11.indd 149 3/29/2023 4:36:41 PM



1866 ലെ ഒഡിഷയിലെ ക്ഷാമം

മദിരാശി സംസ്ഥാനത്തിൽ 1876-78 വർഷത്തിൽ ഏർപ്പെട്ട ക്ഷാമത്തിന് മുമ്പായി വരൾച്ച ഏർപ്പെട്ടിരുന്നു.കേളനി സർക്കാർ ഭക്ഷ്യധാന്യങ്ങളുടെ വ്യാപാരത്തിൽ കൈകൊണ്ട ഇടപെടാ നയം സാഹചര്യത്തെ വീണ്ടും വഷളാക്കി.ഉദാഹരണമായി മദിരാശി സംസ്ഥാനത്തിൽ ഈ ക്ഷാമത്താൽ വളരെ മോശമായ ബാധിപ്പിനുൾപ്പെട്ട ഗഞ്ചം വിശാഖപട്ടണം എന്നീ രണ്ടു ജില്ലകളിൽ നിന്നും ഈ ക്ഷാമ കാവത്തിലും ഭക്ഷ്യധാന്യങ്ങൾ കയറ്റുമതി ചെയ്യുന്നത് തുടർന്ന് വരുന്നു.ക്ഷാമത്തെ തുടർന്ന് സാധാരണയായി പ്ലേഗ്(ചത്തു പോയ എലികളാൽ വ്യാപിക്കുന്ന രോഗം.)നീർകെട്ടോടു കൂടി കടുത്ത പനിപോലുള്ള പല പകർച്ച വ്യാതികൾ വ്യാപിക്കുകയും ആദ്യകാലങ്ങളിൽ പട്ടിണിയാൽ ബലഹീനരായ ആളുകളെ ആക്രമിച്ചു കൊന്നു. ഈ ക്ഷാമത്തെ കുറിച്ചുള്ള സ്മരണകൾ ഇപ്പോഴും നാടൻ പാട്ടുകളിലൂടെയും നീണ്ട കഥകളിലൂടെയും നിലനിന്നു പോരുന്നു.

കരാർ ശമ്പള സമ്പ്രദായം എന്നു പറയുന്നത് ശിക്ഷാർഹമായ ഒരു കരാർ രീതിയാണ്.ഈ കരാറിന്റെ സ്ഥാനത്തിൽ കരാറുകാരനായ ഒരു വ്യക്തി ജോലിചെയ്യാൻ മടിക്കുകയോ ജോലി ഹാജറാകാതിരുന്നാലോ,അവരുടെ യജമാനന്റെ ഉത്തരവിനെ അനുസരിക്കാതിരുന്നാലോ ജോലി ചെയ്യുന്ന സ്ഥലത്ത് കാണാതിരുന്നാലോ അവർ ശമ്പളം കൊടുക്കാതിരിക്കുകയോ തടവുകാരാക്കുകയോ ചെയ്യാം.

1842 നും 1970 നും ഇടയ്ക്ക് 525482 ഇന്ത്യക്കാർ ഇംഗ്ലണ്ട്,ഫ്രാൻസ്,എന്നിവർക്ക് സ്വന്തമായ കോളനികളിൽ കുടിയേറിപ്പാർത്തു.അവരിൽ 351401 പേർ മൗറീഷ്യസിലേക്കും 76691 പേർ ഡെമറാറയിലേക്കും 42519 പേർ ട്രിനിഡാഡിയിലേക്കും 15169 പേർ ജമൈക്കയിലേക്കും 6448 പേർ നാട്ടാലേക്കും 15005 പേർ റീയൂണിയനിലേക്കും 16341 പേർ മറ്റു ഫ്രഞ്ചുകോളനികളിലേക്കും പോയി. ആദ്യമേ മൗറീഷ്യസിൽ പോയ 30000 വ്യക്തികളെയും ശ്രിലങ്ക,മലേഷ്യ എന്നീ സ്ഥലങ്ങളിൽ നിയമ വിരുദ്ധമായി ഫ്രഞ്ച് കോളനികളിലേക്ക് അയച്ചവരേയും നേരത്തെ സൂചിപ്പിച്ച സ്ഥിതി വിവര കണക്കിൽ ചേർത്തിട്ടില്ല.അങ്ങനെ 1870 ൽ കരാർ ശമ്പള രീതി ഇന്ത്യൻ തൊഴിലാളികളെ കടൽ കടന്ന് കോളനികളിലേക്ക് അയച്ചത് നിയമരീതിയായിട്ട് യൂറോപ്യൻ കോളനികളിൽ ഉള്ള വലിയ തോട്ടങ്ങളിലേക്ക് അടിമ ജോലി നൽകിയിരുന്നു.



ട്രനിഡാഡിലെ ഇന്ത്യൻ കരാർ തൊഴിലാളികൾ

**ബ്രിട്ടീഷ് ഇൻഡ്യയിൽ ക്ഷാമങ്ങൾ:** 1770 വർഷം ബംഗാൾ ക്ഷാമം വലിയതോതിൽ ഒരു കോടി ജനങ്ങളിൽ അല്ലെങ്കിൽ ഏകദേശം ബംഗാളിലെ മൊത്ത ജനസംഖ്യയിൽ മൂന്നിൽ ഒരു ഭാഗത്തിന് ജീവൻ നഷ്ടപ്പെട്ടു. ഇങ്ങനെയാണ് ബ്രിട്ടീഷുകാരുടെ ഭരണം ഇന്ത്യയിൽ ആരംഭിച്ചത് അതുപോലെ തന്നെ ഇംഗ്ലീഷുകാരുടെ ഭരണം അവസാനിക്കുന്ന ഘട്ടത്തിൽ 1943 ൽ ബംഗാളിലുണ്ടായ ക്ഷാമം മുപ്പത് ലക്ഷം ജനങ്ങളുടെ ജീവൻ നഷ്ടപ്പെട്ടത് 1998 ലെ നോബൽ സമ്മാന ജേതാവായ അമർത്യാസെൻ ഒരു ബാലനായിരുന്നപ്പോൾ കൊൽകത്തയുടെ തെരുവുകളിൽ ക്ഷാമത്താൽ മനുഷ്യർ മരിച്ചു വീഴുന്നത് കണ്ടു.അതിനെക്കുറിച്ച് അദ്ദേഹം സാധാരണയായിട്ടുള്ള നിരീക്ഷണത്തിൽ നിന്ന് മാറി പുതിയ പരിണാമത്തിൽ ഗവേഷണം നടത്തി.



മദിരാശിയിലെ ക്ഷാമ പരിഹാര ക്യാമ്പ് പാചകപ്പുര (1876-1878)

*എടുത്തത് ഒ.ഹൂപ്പർ*



IX Std - History Malayalam Unit-11.indd 150 3/29/2023 4:36:41 PM

## പാഠസംഗ്രഹം

- മലയ ഉപദ്വീപിൽ കോളനികളെ ആരംഭിക്കാൻ പോർച്ചുഗീസുകാർ,ഡച്ചുകാർ,ഇംഗ്ലീഷുകാർ എന്നിവർക്കിടയിൽ ഉണ്ടായ കിടമത്സരങ്ങളെ കുറിച്ച് വിവരിച്ചിരിക്കുന്നു.
- ജക്കാർത്തയിൽ തങ്ങളുടെ താവളത്തെ ആരംഭിച്ച ഡച്ചുകാർ തുടർന്ന് ജാവ, സുമത്ര, തുടങ്ങിയ സ്ഥലങ്ങളിൽ തങ്ങളുടെ ആധിപത്യത്തെ വ്യാപിപ്പിച്ചത് ചർച്ചചെയ്തു.
- പെനാങ്ങിൽ നിന്നും ഇംഗ്ലീഷുകാർ തങ്ങളുടെ താവളങ്ങളെ ഐക്യ മലയ രാജ്യങ്ങൾ ജലസന്ധികൾ,ബർമ്മ,എന്നിവയെ കൈവശപ്പെടുത്തുന്നതിനെ വിവരിച്ചു.
- ആദ്യമായി സ്പെയിൻ കാരിൽ നിന്ന് ഫിലിപൈൻസ് അമേരിക്ക കൈവശപ്പെടുത്തിയത് സൂചിപ്പിച്ചിരിക്കുന്നു.
- ബ്രിട്ടീഷുകാർ ആദ്യം നേട്ടാൽ, കേപ് കോളനി എന്നിവയും പിന്നീട് ഗോൾഡ് കോസ്റ്റിന്റെ കടൽതീര രാജ്യങ്ങളെ കൈവശപ്പെടുത്തിയും ഡച്ചുകാർ ബോയർ രാജ്യങ്ങളായ ട്രൻസ്വാൽ, ഓറഞ്ച് സ്വാതന്ത്ര രാജ്യങ്ങളെ പിടിച്ചടക്കിയതും വിശദീകരിച്ചിട്ടുണ്ട്.
- ജോഹന്നാസ്ബർഗിൽ നിലകൊണ്ട ഇംഗ്ലീഷുകാർ ബോയർകളോട് ഏറ്റുമുട്ടൽ നടത്തിയതിനാൽ ബോയർ യുദ്ധങ്ങൾ ഉണ്ടായത് ചൂണ്ടിക്കാണിക്കുന്നു.
- ബിച്ചുവാനാലാന്റ് (ബോഡ്സ്വാനാ) കുടിയേറ്റപ്രദേശമൊന്നിനെ സ്ഥാപിച്ചതും പിന്നീട് ആഫ്രിക്കക്കാരുടെ എതിർപ്പിനെ നശിപ്പിച്ച് ആ പ്രദേശങ്ങളെ കൈവശപ്പെടുത്തി റൊഡേഷ്യാ എന്ന് പേരിട്ടതും സൂചിപ്പിച്ചിരിക്കുന്നു.
- പശ്ചിമ ആഫ്രിക്കയിൽ ഫ്രാൻസ് ആദ്യം സെനഗലിനെയും പിന്നീട് ഗിനിയ, ഐവറി കോസ്റ്റ്, തകോമേ(ഇപ്പോൾ ആഫ്രിക്ക ഭൂഖണ്ഡത്തിലുള്ള ബെനിൻ രാജ്യത്തിന്റെ ഒരു ഭാഗം) എന്നിവയെ കൈവശപ്പെടുത്തിയതും കോംഗോ ബെൽജിയത്തിന് നൽകിയതും ലിയോപോൾട്ടാൾ എന്ന ഭരണാധികാരി ഭരണം നടത്തിയതും വിവരിച്ചിട്ടുണ്ട്.
- ബ്രിട്ടീഷുകാർ കെനിയാ,ഉകാണ്ടാ, സാൻസിബാർ,എന്നിവയെയും ജർമ്മനിക്കാർ പൂർവ്വ ആഫ്രിക്കയെയും പോർച്ചുഗീസുകാർ അംഗോള,മൊസാംബിക്, പോർച്ചുഗീസ് ഗിനിയ എന്നിവയെയും കോളനികളാക്കിയത് എടുത്തു പറഞ്ഞിട്ടുണ്ട്.
- ബ്രിട്ടീഷുകാരുടെ ഭരണം രൂപീകരിച്ചതിന്റെ ഫലമായി മൂന്നു രീതികളിൽ തുടർച്ചയായ ഘട്ടങ്ങൾ നമുക്കേന ഇന്ത്യയുടെ സാമ്പത്തികം എങ്ങനെ കോളനീവത്കരിക്കപ്പെട്ടു എന്നത് വിശദീകരിച്ചിരിക്കുന്നു.
- ബ്രിട്ടീഷുകാരുടെ കോളനിയാധിപത്യം ഇന്ത്യയുടെ കൃഷിയെ കഠിനമായി കടന്നാക്രമിച്ചതിനാൽ ഇന്ത്യൻ കർഷകർ മോശമായ അവസ്ഥയിലേക്ക് തള്ളപ്പെടുകയും മാത്രമല്ല ക്ഷാമങ്ങൾ ഉണ്ടായതിനാൽ അവർ കരാർ ജീവനക്കാരായി ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കടൽ കടന്ന് കോളനികളിലേക്ക് കുടിയേറാൻ നിർബന്ധിച്ചതും നിരീക്ഷിച്ചിട്ടുണ്ട്.

## അഭ്യാസം

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക?

1. ഫ്രാന്സിസ് ലൈറ്റ് _____ നെക്കുറിച്ച് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു.
   a) സുഗന്ധ ദ്വീപുകൾ
   b) ജാവ ദ്വീപുകൾ
   c) പിനാങ്കു ദ്വീപുകൾ
   d) മലാക്ക

2. 1896 ൽ _____ നാടുകൾ സംയോജിപ്പിച്ച് മലയ ഐക്യനാടുകൾ ആരംഭിച്ചു.
   a) നാല് b) അഞ്ച്
   c) മൂന്ന് d) ആറ്.

3. ഇന്തോ-ചൈനയിൽ _____ മാത്രം ഫ്രാൻസിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലിരുന്ന പ്രദേശമാണ്.
   a) യാനം
   b) ടോങ്കിങ്ങ്
   c) കംബോഡിയ
   d) കൊച്ചിൻ-ചൈന

4. _____ പ്രദേശത്തിൽ സ്വർണ്ണം കണ്ടുപിടിക്കപ്പെട്ടതിനാൽ അധിക അളവിൽ ബ്രിട്ടീഷ് ഖനി തൊഴിൽ ചെയ്യുന്നവർ ജോഹന്നാസ് ബർഗിലും അതിന്റെ പരിസരങ്ങളിലും കുടിയേറുന്നതിന് അവസരം ലഭിച്ചു.
   a) ട്രാൻസ്വാൾ
   b) ഓറഞ്ച് സ്വാതന്ത്ര രാജ്യം
   c) റൊഡീഷ്യാ
   d) കോപ് കോളനി



IX Std - History Malayalam Unit-11.indd 151 3/29/2023 4:36:41 PM

5 _____ ഇന്ത്യയോട് വാണിജ്യബന്ധം പുലർത്തിയ രാജ്യം?

a) ഫ്രഞ്ചുകാർ
b) പോർച്ചുഗീസുകാർ
c) ഡേനീഷുകാർ
d) ഡച്ചുകാർ

6 കരാർ കൂലി സമ്പ്രദായം ഒരു തരം _____

a) കരാർ തൊഴിലാളി രീതി
b) അടിമത്വം
c) വായ്പയ്ക്കായുള്ള അടിമ കരാർ
d) അടിമപണി

## II. വിട്ടുപോയസ്ഥലങ്ങളെ പൂരിപ്പിക്കുക

1. _____ സമ്മേളനം ആഫ്രിക്കയെ യൂറോപ്യൻ രാജ്യങ്ങളുടെ സ്വാധീനമേഖലകളായി വിഭജിക്കുന്നതിന് തീരുമാനിച്ചു

2. ബംഗാൾ,ബീഹാർ,ഒറീസ്സാ എന്നീ പ്രദേശങ്ങളിലെ ജമീന്താർ മാരോട് ഏർപ്പെടുത്തപ്പെട്ട തീരുമാനം _____ എന്നു വിളിക്കുന്നു.

3. ബ്രിട്ടീഷുകാരുടെ വരുമാനത്തിന് പ്രധാന ആധാരമായി വിളങ്ങുന്നത് _____ ആണ്

4. _____ തമിഴ് ഭാഷാ സംസാരിച്ച പ്രദേശങ്ങളിൽ—പലിശയ്ക്ക് വായ്പ കൊടുക്കുന്ന തൊഴിലിൽ ഏർപെട്ടിരുന്നു.

## III ശരിയായ ആശയം കണ്ടെത്തുക

1. i) 19 ാം നൂറ്റാണ്ടിന്റെ പാദവർഷത്തിന്റെ അവസാനത്തിൽ സഹാറയുടെ ദക്ഷിമ പടിഞ്ഞാറൻ ആഫ്രിക്കൻ പുറം ലോകത്തിന് അജ്ഞാതമായിരുന്നു.

ii) 1864 ൽ കോള്ഡ്കോസ്റ്റിൽ സ്ഥിതി ചെയ്യുന്ന കടൽതീര പ്രദേശ രാജ്യങ്ങൾ ഇംഗ്ലണ്ടിന്റെ കോളനികളായി.

iii) 500 വർഷങ്ങൾക്കുമുമ്പ് സ്പെയിന് ഫിലിപൈൻസിനെ ഭരിച്ചിരുന്നു.

iv) ഒറീസ്സാ ക്ഷാമം 1876-78 ൽ ഉണ്ടായി.

a) i) ശരി
b) ii) ശരി
c) ii) ഉം iii) ശരി
d) iv) ശരി

2. i) 1640 ൽ ഫ്രഞ്ചുകാർ ജാവയെയും സുമത്രയെയും കൈയ്യടക്കി.

ii) മലാക്കയെ പിടിച്ചടക്കിയതു മുഖേന ബ്രിട്ടീഷ് കുടിയേറ്റ പ്രദേശങ്ങളെ പിടിച്ചെടുക്കുന്ന ജോലിയെ ഡച്ചുകാർ ആരംഭിച്ചു.

iii കോംഗോ നദിയുടെ തീരത്തോട് ബന്ധമുള്ള എല്ലാ പ്രശ്നങ്ങളേയും ചർച്ചചെയ്ത് തീർക്കുവാനാണ് ബെർലിൻ സമ്മേളനം നടന്നത്.

iv) സുൽത്താൻ സാൻസിബാറിന്റെ ഭാഗങ്ങൾ ഫ്രാൻസിന്റെയും ജർമ്മനിയുടെയും അനുകൂല മേഖലകളായി പിരിച്ചു.

a) i) ശരി
b) ii) ഉം i) ശരി
c) iii) ശരി
d) iv) ശരി

3. **പ്രസ്താവന (A):** മദിരാശി സംസ്ഥാനത്തിൽ 1876-1878 വർഷങ്ങളിൽ നിലവിൽ വന്ന ക്ഷാമത്തിന് മുമ്പ് വലിയ വരൾച്ച കാണപ്പെട്ടിരുന്നു.

**കാരണം (R) :** കോളനി സർക്കാർ കച്ചവടത്തിൽ ഇടപെടാനയം പിൻതുടർന്നു.

a) അ പ്രസ്താവന ശരി, ഞ കാരണം തെറ്റ്
b) A ഉം R പ്രസ്താവന, കാരണം രണ്ടും തെറ്റ്
c) A പ്രസ്താവന ശരി, R കാരണം ശരിയായി വിശദീകരിച്ചിട്ടില്ല
d) A പ്രസ്താവന ശരി. കാരണം (R) പ്രസ്താവനയെ (അ)ശരിയായ വിശദീകരിക്കുന്നു

4. **പ്രസ്താവന (A):** ബെർളിൻ സമ്മേളനം ലിയോപോൾഡ് രണ്ടാമനെ സ്വതന്ത്ര കോംഗോ രാജ്യത്ത് ഭരണം നടത്താൻ അനുവാദം നൽകി.

**കാരണം (R):** ബെൽജിയം രാജാവായിരുന്ന ലിയോപോൾഡ് രണ്ടാമൻ കോംഗോയുടെ മേൽ വലിയ താൽപര്യം കാണിച്ചിരുന്നു.

a) A പ്രസ്താവനയും R കാരണവും ശരി,കാരണം നിഗമനത്തിന് ശരിയായ വിശദീകരണമാണ്.
b) A പ്രസ്താവനയും R കാരണവും ശരി. കാരണം നിഗമനത്തിന് ശരിയായ വിശദീകരണമല്ല.
c) പ്രസ്താവന ശരി, കാരണം തെറ്റ്.
d) പ്രസ്താവന തെറ്റ്, കാരണം ശരി



IX Std - History Malayalam Unit-11.indd 152 3/29/2023 4:36:41 PM

## IV യോജിപ്പിക്കുക

1. ലിയോബോൾട് - എത്യോപ്യ
2. മെനിലിക് - വിയറ്റ്നാം
3. സിസൽ റോഡസ് - ബെൽജിയം
4. ബംഗാൾ ക്ഷാമം - കേപ് കോളനി
5. പോതെയ് - 1770

## V ചുരുക്കി ഉത്തരമെഴുതുക

1. കോളനി ആധിപത്യം ഏകാധിപത്യം -ഇവ രണ്ടും വേർത്തിരിച്ചെഴുതുക?
2. സുലു വർഗ്ഗത്തെകുറിച്ച് ചെറു കുറിപ്പെഴുതുക.
3. ഇന്ത്യൻസാമ്പത്തികംകോളനിവൽക്കരിക്കപ്പെട്ടതിന്റെ മൂന്നു ഘട്ടങ്ങളെ കുറിച്ച് എഴുതുക
4. കേണൽ പെന്നികുയിക് കുറിപ്പെഴുതുക.
5. വീട്ടുവാടകയെ കുറിച്ച് വിശദീകരിക്കുക.

## VI ഓരോ ശീർഷകത്തിന് താഴെ കൊടുത്തിട്ടുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക

1. ഇന്ത്യയിൽ കോളനിയാധിപത്യം

   a) ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് എപ്പോൾ നിലനികുതി ഈടാക്കുന്ന അവകാശം ലഭിച്ചു

   b) ബ്രിട്ടീഷുകാർ എപ്പോൾ ഗൂർഖകളെ പരാജയപ്പെടുത്തി

   c) ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിൽ അടിമസമ്പ്രദായത്തെ എപ്പോൾ ഇല്ലാതാക്കി.

   d) എപ്പോഴാണ് ബർമ്മ ഇന്ത്യയുടെ ഭാഗമായത്

2. ദക്ഷിണാഫ്രിക്ക

   a) ദക്ഷിണാഫ്രിക്കയിൽ ബ്രിട്ടീഷുകാർക്ക് സ്വന്തമായ രാജ്യങ്ങൾ ഏവ

   b) ഡച്ചുകാർ കൈവശപ്പെടുത്തിയിരുന്ന പ്രദേശങ്ങൾ ഏവ

   c) കേപ് കോളനിയുടെ പ്രധാനമന്ത്രി യാര്?

   d) ബോയർ യുദ്ധങ്ങൾ എത്ര വർഷം നടന്നു.

## വിനോദത്തിലൂടെ ചരിത്ര പഠനം

### പ്രവർത്തനങ്ങൾ

ഇന്ത്യയിൽ ബ്രിട്ടീഷ് കോളനി ആധിപത്യ സമയത്ത് ക്ഷാമങ്ങളാൽ ബാധിക്കപ്പെട്ട പല സ്ഥലങ്ങളുടെ ചിത്രങ്ങളെ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.

ഇന്ത്യക്കും ദക്ഷിണകിഴക്ക് ഏഷ്യക്കും ഇടയിലുള്ള സാംസ്കാരിക ബന്ധങ്ങളെ കുറിച്ച് വിവരിക്കുക.

### പ്രായോഗികാഭ്യാസം

ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന്റെ നന്മതിന്മകളെ കുറിച്ച് ക്ലാസ് മുറിയിൽ വിദ്യാർത്ഥികൾ പ്രതിവാദം നടത്താൻ അദ്ധ്യാപകൻ ക്രമീകരിക്കുക.

ആഗ്ലോ ബർമ്മയിൽ കോളനിയാധിപത്യത്തിന്റെ ആഘാതത്തെക്കുറിച്ച് സമഗ്രപഠനം നടത്തുക.

## VII താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം വിശദീകരിച്ച് എഴുതുക

1. ബ്രിട്ടീഷ് ഭരണത്തിൽ ഇന്ത്യൻ സാമ്പത്തികത്തിലുണ്ടായ ആഘാതം വിവരിക്കുക.
2. ആഫ്രിക്കയിൽ കോളനി ആധിപത്യം വിവരിക്കുക.

## കൂടുതൽ വായനയ്ക്ക്


1. Irfan Habib, *A People's History of India Series - Indian Economy under Early British Rule*, 1757-1857, Tulika.
2. Irfan Habib, *Essays In Indian History*, Manohar
3. Irfan Habib, *Indian Economy*, 1858-1914, Tulika
4. D.G.E. Hall, *A History of Southeast Asia*, Macmillan
5. R.D. Cornwell, *World History in the Twentieth Century*, Longman, 1980.


## ഇന്റർനെറ്റ് വിവരങ്ങൾ

1. https: //www.ukessays.com (*The Political Economy: Decolonisation in India*) http://www.seasite.niu.edu/crossroads/wilson/colonialism.htm (Constance Wilson, Colonialism and Nationalism in Southeast Asia)



IX Std - History Malayalam Unit-11.indd 153 3/29/2023 4:36:41 PM

# പദപരിചയം

| | | |
|---|---|---|
| **Assemblage** | A collection of artifacts and other objects unearthed from archaeological sites | പുരാവസ്തുക്കളുടെ ശേഖരം |
| **Aboriginal** | One living on a land from earliest times. | പുരാതന കാലം മുതൽ ഒരു ദേശത്ത് താമസിക്കുന്ന ഒരാൾ. |
| **Ascetic** | Self discipline avoiding any physical pleasure. | സന്യാസി |
| **Austere** | Simple and plain | ലളിതമായ |
| **Abdicate** | Give up | ഉപേക്ഷിക്കുക |
| **Allegiance** | Loyalty | വിശ്വാസ്തത |
| **Abortive** | Unsuccessful | പരാജയപ്പെട്ട |
| **Bureaucracy** | Government by unelected officials | തിരഞ്ഞെടുക്കാത്ത ഉദ്യോഗസ്ഥരുടെ സർക്കാർ |
| **Cardinal** | Fundamental | അടിസ്ഥാനപരമായത് |
| **Cartel** | A monopolistic association of manufacturers | നിർമ്മാതാക്കളുടെ കുത്തക സംഘം |
| **Chiefdom** | A hierarchical political formation and it is larger than the tribe level formation | ഒരു ശ്രേണിപരമായ രാഷ്ട്രീയ രൂപീകരണം, അത് ഗോത്രതല രൂപീകരണത്തേക്കാൾ വലുതാണ് |
| **Clad** | Clothed (dressed) | വസ്ത്രധാരണം |
| **Commemorate** | Celebrate the memory of a person or an event | സ്മരണ നിലനിറുത്തുക |
| **Confederacy** | An alliance, especially of states | ഒരു സഖ്യം, പ്രത്യേകിച്ച് സംസ്ഥാനങ്ങളുടെ |
| **Diaspora** | Persons dispersed from their homeland | നാടുവിടൽ |
| **Dissension** | Disagreement | വിയോജിപ്പ് |
| **Dock** | A structure extending along shore or out from the shore into a body of water, to which boats are moored | നാവിക വകുപ്പ് |
| **Dogmatic** | Clinging to principles as incontrovertibly true/ opinionated | സിദ്ധാന്തത്തെ സംബന്ധിച്ച (കാര്യകാരണവാദി) |
| **Embossed** | Carved | ചെതുക്കിയ |
| **Emboldened** | Giving the courage or confidence to do something | നിശ്ചയദാർഢ്യം |
| **Emporium** | A large commercial complex selling a wide variety of goods | വ്യാപാര സമുച്ചയം |
| **Entrepreneurial class** | A group characterised by the taking of financial risks in the hope of profit | തൊഴിലാളി വർഗ്ഗം |
| **Encyclopaedia** | A book containing a set of articles on many subjects and arranged alphabetically | സർവ്വവിജ്ഞാന കോശം |
| **Epoch** | A period of time in history | യുഗം |
| **Estampage** | The process of making copies of inscriptions using paper and ink. | പേപ്പറും മഷിയും ഉപയോഗിച്ച് ലിഖിതങ്ങളുടെ പകർപ്പുകൾ നിർമ്മിക്കുന്ന പ്രക്രിയ. |
| **Flogging** | Beat (someone) with whip or stick as punishment or torture | പ്രഹരം |
| **Frustrated** | Expressing feelings of despair | നിരാശയുടെ വികാരങ്ങൾ പ്രകടിപ്പിക്കുന്ന |



IX Std - History Malayalam Unit-11.indd 154 3/29/2023 4:36:41 PM

| | | |
|---|---|---|
| **Guillotine** | A machine with a heavy blade used for beheading people | ശിരച്ഛേദയന്ത്രം |
| **Heresy** | Opinion which goes against the accepted belief | മതവിരുദ്ധം |
| **Incorporated** | Included | സംയോജിപ്പിക്കുക |
| **Impoverished** | Poverty stricken | ക്ഷീണിക്കുക |
| **Intriguing** | Puzzling | അമ്പരപ്പിക്കുന്ന |
| **Manhunt** | An organized search for a person | നരവേട്ട |
| **Migrants** | Persons who moved from one place to another in search of livelihood or for settlement | കുടിയേറി പാർക്കുന്നവർ |
| **Molasses** | Thick dark brown syrup obtained from raw sugar during the refining process | ശർക്കരപാക് |
| **Oligarchy** | A small group of people having control of a state | പ്രഭുഭരണം |
| **Pauperized** | To reduce to poverty | ദർദ്രരാക്കപ്പെട്ടവർ |
| **Penetration** | Entry with force | കടന്നുകയറ്റം |
| **Penultimate** | Last but one | അവസാനത്തെ ഒന്ന് |
| **Perpetuating** | Keeping alive, continuing indefinitely | ശാശ്വതമാക്കുക |
| **Piety** | Religious devotion | മതഭക്തി |
| **Proliferation** | Increase in great numbers or large amounts | വലിയ അളവിൽ വർദ്ധിക്കുക |
| **Proponents** | Persons advocating a theory or a proposal | ആദരണീയർ |
| **Rationale** | Reasons or a logical basis for a course of action | കാരണം |
| **Reconcile** | To agree to | സമ്മതിക്കുക |
| **Relinquish voluntarily** | To give up a post or office | കൈവെടിയുക |
| **Remittance** | A sum of money sent, especially by mail in payment for goods or services or as a gift | പണം അടക്കൽ |
| **Repealed** | Cancelled | നിരോധിക്കുക |
| **Resentment** | Fury / anger | കോപം |
| **Slaughter** | Killing animals for food | ഭക്ഷണത്തിനായി മൃഗങ്ങളെ കൊല്ലുന്നു |
| **Smelting** | Heating and melting ore to extract metal | ലോഹം വേർതിരിച്ചെടുക്കാൻ അയിര് ചൂടാക്കുകയും ഉരുക്കുകയും ചെയ്യുന്നു |
| **Subjugation** | Bring a person or a country under control | അടിമപ്പെടുത്തുക |
| **Subsistence** | Means minimum requirements for maintaining human existence | ഉപജീവനമാർഗം |
| **Suzerainty** | The control of one country over another country | ഒരു രാജ്യത്തിന്റെ നിയന്ത്രണം മറ്റൊരു രാജ്യത്തിന്മേൽ വരുന്നത് |
| **Tribe** | A community of people who live in a region connected by kinship ties. They are linked by social, economic, religious or blood relationships. They share a common culture and dialect, under the control of a chief. | ഗോത്രം |
| **Tricked** | Cheated | ചൂഷണം ചെയ്യപ്പെട്ട |
| **Tutelage** | Guardianship | സംരക്ഷണം |
| **Vehement** | Forceful | പ്രബലമായ |



IX Std - History Malayalam Unit-11.indd 155 3/29/2023 4:36:42 PM

# ഒമ്പതാം സ്റ്റാൻഡേർഡ്

# ഭൂമി ശാസ്ത്രം



IX Std - Geography Malayalam Unit-1.indd 156 1/27/2023 1:06:12 PM

യൂണിറ്റ് 1

# ശിലാ മണ്ഡലം - I ആന്തരിക പ്രക്രിയകൾ (Endogenetic Processes)

## പഠന ലക്ഷ്യങ്ങൾ

- ഭൂമിയിലെ വിവിധ മണ്ഡലങ്ങളെക്കുറിച്ചറിയുക
- ഭൂമിയുടെ ആഭ്യന്തര ഘടനയെക്കുറിച്ച് വ്യക്തമാക്കുക.
- ശിലകളുടെ വകഭേദങ്ങളും അവയുടെ പരിണാമ ചക്രത്തെയും പഠിക്കുക.
- ഭൂമിയുമട ആന്തരിക പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുക.
- ഭൂകമ്പങ്ങൾ, അഗ്നിപർവ്വതങ്ങൾ എന്നിവയുടെ രൂപീകരണ പ്രക്രിയകളെക്കുറിച്ച് മനസ്സിലാക്കുക.

V9QJH

## ആമുഖം

സൂര്യകുടുംബത്തിലെ സവിശേഷതയാർന്ന ഒരു ഗ്രഹമാണ് ഭൂമി. ഭൂമിയിൽ നാലു മണ്ഡലങ്ങളുണ്ട്. അവ ശിലാമണ്ഡലം, വായുമണ്ഡലം, ജലമണ്ഡലം, ജൈവമണ്ഡലം എന്നിവയാണ്. ഭൂമിയുടെ ആന്തരിക പ്രവർത്തനങ്ങളെ വിശദീകരിക്കുന്നതാണ് ഈ പാഠം. ഭൂമണ്ഡലങ്ങളുടെ പ്രാധാന്യങ്ങളുടെ അടിസ്ഥാനത്തിൽ പാഠങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

ഭൂമിയുടെ ഘടനയെക്കുറിച്ചറിഞ്ഞ് നിങ്ങൾ അത്ഭുതപ്പെട്ടിട്ടുണ്ടോ? ഭൂമിയുടെ ഉപരിതലത്തിനടിയിൽ എന്താണുള്ളതെന്ന് നിങ്ങൾക്കറിയാമോ?

> ഭൗതികമായി ഭൂമിയെ ഒരു ശിലാഗോളം എന്നുപറയാം (ശിലാമണ്ഡലം) പാർശ്വങ്ങളിൽ വെള്ളം നിറഞ്ഞ വായുകൊണ്ട് ആവരണം ചെയ്തിരിക്കുന്നു. ഈ മൂന്ന് ഭൗതികമേഖലകൾക്കു പുറമെ എല്ലാജീവജാലങ്ങളെയും ഉൾക്കൊള്ളുന്ന ജൈവമേഖലയെ ഉൾപ്പെടുത്തുന്നത് സൗകര്യപ്രദമായിരിക്കും.
> ആർതർ ഹോംസ്

## 1.1 ഭൂമിയിലെ മേഖലകൾ

510 മില്യൻ ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഭൗമോപരിതലം പരസ്പര ബന്ധമുള്ള നാലു മേഖലകളായി കാണപ്പടുന്നു. ശിലാമണ്ഡലം, വായുമണ്ഡലം, ജലമണ്ഡലം എന്നിവ അജൈവമണ്ഡലങ്ങളാണ്. ജീവജാലങ്ങൾ ഉൾപ്പെടുന്നതാണ് ജൈവമണ്ഡലം. ഇവയെല്ലാം കൂടിച്ചേർന്ന് ഭൂമി എന്നഗ്രഹം രൂപം കൊള്ളുന്നു.

## 1.2 ഭൂമിയുടെ ഘടന

ഭൂമിയുടെ ബാഹ്യഉപരിതലവും ആന്തരിക കേന്ദ്രവും ഘടനയിലും പ്രകൃതിയിലും പൂർണ്ണമായും വ്യത്യസ്ഥമാണ്. ഭൂമിയുടെ ആന്തരിക ഘടനയെ മൂന്ന് അടുക്കുകളായി വേർതിരിച്ചിട്ടുണ്ട്. അവ ഭൂവൽക്കം, ഇടത്തട്ട്, ഭൂഗർഭം എന്നിവയാണ്.



ഭൂമിയിലെ മേഖലകൾ



IX Std - Geography Malayalam Unit-1.indd 157 1/27/2023 1:06:12 PM

ഖരരൂപത്തിലുള്ള ഭൂമിയുടെ ഉപരി തലമാണ് **ശിലാമണ്ഡലം.**

ഭൂമിയെ വലയം ചെയ്തിട്ടുള്ള കട്ടികുറഞ്ഞ വായുവിൻറെ നിരയാണ് **വായുമണ്ഡലം.**

ഭൂമിയുടെ ഉപരിതലത്തിലെ ജലഭാഗങ്ങളായ സമുദ്രങ്ങൾ, നദികൾ, തടാകങ്ങൾ, ജലബാഷ്പം എന്നിവ ചേർന്നതാണ് **ജലമണ്ഡലം(Hydrosphere)**

ജീവജാലങ്ങൾ നിറഞ്ഞ ഭൂമിയിലെ അടുക്കാണ് **ജൈവമണ്ഡലം**

നിങ്ങൾക്ക് അറിയാമോ?

**ശിലാമണ്ഡലം, ഭൂവല്ക്കം** എന്നിവ ഒരേ അർത്ഥമുള്ളതല്ല ശിലാമണ്ഡലം ഭൂവല്ക്കത്തിലുൾപ്പെടുന്നു. മാത്രമല്ല ഇത് ഇടത്തട്ടിന്റെ മുകളിൽ സ്ഥിതി ചെയ്യുന്നു.

എല്ലാ ഭൗമഗ്രഹങ്ങൾക്കും ശിലാമണ്ഡലങ്ങളുണ്ട്. ബുധൻ, ശുക്രൻ, ചൊവ്വ എന്നിവയുടെ ശിലാമണ്ഡലങ്ങൾ ഭൂമിയുടേതിനെക്കാൾ ഉറച്ചതാണ്.




### ഭൂവൽക്കം

ഭൂമിയുടെ പുറമെയുള്ള അടുക്കാണ് ഭൂവൽക്കം. ഇത് ഭൂമിയുടെ ചർമ്മമായി 5കി.മീറ്റർ മുതൽ 30കി. മീറ്റർ വരെ ആഴത്തിൽ സ്ഥിതിചെയ്യുന്നു. ഇത് ഖരരൂപത്തിലുള്ള ഭൂമിയുടെ ഉറപ്പുള്ള അടുക്കാണ്. ഭൂവൽക്കത്തിന്റെ കട്ടി വൻകരകൾക്കിടയിൽ കൂടുതലും മഹാസമുദ്രങ്ങൾക്കടിയിൽ കുറവുമാണ്. ഭൂവൽക്കത്തെ ഭൂഖണ്ഡ വല്ക്കമെന്നും സമുദ്ര വൽക്കമെന്നും വകഭേദം ചെയ്തിട്ടുണ്ട്. ഭൂവല്ക്കത്തിന്റെ പ്രധാനമൂലകങ്ങൾ സിലിക്ക(SI) യും അലുമിനിയവും (AL) ആണ്. അതുകൊണ്ട് ഇതിനെ (SIAL) എന്നുവിളിക്കുന്നു.




ഭൂഖണ്ഡവല്ക്കവും സമുദ്രവല്ക്കവും.

### ഇടത്തട്ട്

ഭൂവല്ക്കത്തിനു താഴെയായി 2900കി.മീ കട്ടിയുള്ള ഭാഗത്തെ ഇടത്തട്ട് (Mantle) എന്നുപറയുന്നു. ഇടത്തട്ടിന്റെ മുകൾ ഭാഗത്തെ പാറഖരാവസ്ഥയിലും അടിഭാഗത്തേത് ഉരുകിയ



IX Std - Geography Malayalam Unit-1.indd 158 1/27/2023 1:06:15 PM

അവസ്ഥയിലുമാണ്. ഭൂമിക്കടിയിലെ ഉരുകിയ പാറയെ മാഗ്മ (Magma) എന്നുപറയുന്നു;

### ഭൂഗർഭം

ഇടത്തട്ടിനടിയിൽ ഭൂമിയുടെ ഏറ്റവും ഉൾഭാഗത്ത് കാണുന്ന ചുടേറിയ ഭാഗമാണിത്. ഇത് നിക്കൽ (Ni) ഇരുമ്പ് (Fe) എന്നിവയാൽ രൂപം കൊണ്ടതാണ്. അതിനാൽ ഇത് NIFE എന്നറിയപ്പെടുന്നു. ഭൂഗർഭത്തെ ഖരാവസ്ഥയിലുള്ള ആന്തരിക ഭൂഗർഭമെന്നും ദ്രവാവസ്ഥയിലുള്ള ബാഹ്യ ഭൂഗർഭമെന്നും വിഭജിച്ചിട്ടുണ്ട്. ഭൂഗർഭത്തിൽ വലിയ തോതിൽ ഇരുമ്പ് കാണപ്പെടുന്നതാണ് ഭൂഗുരുത്വബലത്തിന് ആധാരം. ഭൂമി അതിന്റെ അക്ഷത്തിൽ തിരിയുന്നതിനാൽ ദ്രവാവസ്ഥയിലുള്ള ബാഹ്യ ഭൂഗർഭം ഖരാവസ്ഥയിലുള്ള ആന്തരിക ഭൂഗർഭത്തിനുമുകളിൽ ഭ്രമണം ചെയ്യുന്നു. അതുകൊണ്ട് ഭൂമിയുടെ കാന്തികശക്തി ഉല്പാദിപ്പിക്കുന്നു. ഈ കാന്തികശക്തി വടക്കുനോക്കിയന്ത്രത്തിന്റെ പ്രവർത്തനത്തെ സഹായിക്കുന്നു. ഉന്നതമർദ്ദത്താൽ ആന്തരിക ഭൂഗർഭത്തിലെ പദാർത്ഥങ്ങൾക്ക് ചലിക്കാൻ സാധിക്കാത്തതിനാൽ അവ ഖരാവസ്ഥയിൽ തുടരുന്നു.

## 1.3 പാറകൾ

ഭൂവല്ക്കം പാറകളുടെ കലവറയാണ് ഭൂവല്ക്കത്തിലെ ധാതുക്കളുടെ ആകെത്തുകയാണ് പാറകൾ. അത് ഗ്രാനൈറ്റുപോലെ കഠിനവും നിബിഡവും അഥവാ കളിമണ്ണുപോലെ മൃദുവായതും മണൽപോലെ ഇളകിയതുമാണ്.'

### പാറകളുടെ വകഭേദങ്ങൾ

രൂപീകരണത്തെ ആസ്പദമാക്കി പാറകളെ താഴെക്കാണുന്ന വിധം തരം തിരിച്ചിരിക്കുന്നു. അവ:

- ആഗ്നേയ ശിലകൾ
- അവസാദ ശിലകൾ
- പരിണാമ ശിലകൾ

### വസ്തുത

പുരാതന നഗരമായ ജോർദാനിലെ പെട്ര പൂർണ്ണമായും കല്ലിൽ കൊത്തിവെച്ച നഗരത്തിന് ഉദാഹരണമാണ്. അതിഗംഭീരമായ പാറപ്പൊട്ടിച്ചുണ്ടാക്കിയ വാസ്തുശില്പ മാതൃകകൾ ഇന്ത്യയിൽ കാണാം. മഹാരാഷ്ട്രയിലെ അജന്ത, എല്ലോറ ഗുഹകൾ കർണ്ണാടകത്തിലെ ഐഹോൾ, ബദാമി ക്ഷേത്രങ്ങൾ, ഒഡീഷയിലെ കൊണാർക്ക് തമിഴ്നാട്ടിലെ മാമല്ലപുരം എന്നിവ ഉദാഹരണങ്ങളാണ്.

### ആഗ്നേയ ശിലകൾ

ആഗ്നേയം എന്നർത്ഥം വരുന്ന ഇഗ്നിസ് എന്നപദം 'തീ' എന്നർത്ഥം വരുന്ന ലാറ്റിൻ ഭാഷയിലെ ഇഗ്നിസ് എന്ന പദത്തിൽ നിന്നും രൂപം കൊണ്ടതാണ്. ഭൂമിയുടെ ഉൾഭാഗത്തിൽ വളരെയധികം ചൂടുള്ള മാഗ്മ എന്ന ഉരുകിയ പദാർത്ഥം കാണാം. മാഗ്മ ഭൂമിയുടെ ഉപരിതലത്തിൽ എത്തുമ്പോൾ അതിനെ ലാവ എന്നു പറയുന്നു. ഉപരിതലത്തിലെ ലാവ തണുക്കുമ്പോൾ ഖരാവസ്ഥയിലാവുകയും അതിനെ ആഗ്നേയശില എന്ന് വിളിക്കുകയും ചെയ്യുന്നു. ഗ്രാനൈറ്റും ബസാൾട്ടും അത്തരം പാറകൾക്കുദാഹരണമാണ് ആഗ്നേയശിലകളെ പ്രാഥമിക പാറ അഥവാ മാതൃശിലകൾ എന്നു വിളിക്കുന്നു. എന്തെന്നാൽ മറ്റു പാറകളെല്ലാം അതിൽനിന്നും നേരിട്ടോ അല്ലാതെയോ രൂപം കൊണ്ടതാണ്.

### അവസാദ ശിലകൾ

'അടിയുക' എന്നർത്ഥം വരുന്ന 'സെഡിമെന്റ്' എന്ന ലാറ്റിൻ പദത്തിൽ നിന്നുമാണ് സെഡിമെന്ററി റോക്സ് അഥവാ അവസാദശിലയെന്ന പേരുണ്ടായത്. നദികൾ, ഹിമനദികൾ, കാറ്റുകൾ എന്നിവ പാറക്ഷണങ്ങൾ, മണ്ണ് എന്നിവയെ വഹിച്ചുകൊണ്ടുവന്ന് പല അടുക്കുകളായി നിക്ഷേപിക്കുന്നു. പലമില്യൻ വർഷങ്ങൾക്കുശേഷം ഈ നിക്ഷേപങ്ങൾ കഠിനവും ഉറപ്പുള്ളതുമായ പാറകളാകുന്നു. ഇവയെ അവസാദ ശിലകൾ എന്നു പറയുന്നു.

സസ്യങ്ങളും ജന്തുക്കളും ഈ നിക്ഷേപത്തിൽപ്പെട്ട് അടുക്കുകൾക്കുള്ളിലാകുന്നു. അവ ശിലീഭൂത ജൈവാംശം അഥവാ അശ്മകം (Fossils) എന്ന് വിളിക്കപ്പെടുന്നു. പൊടിക്കല്ല്,

### നിങ്ങൾക്ക് അറിയാമോ?

മനുഷ്യ സാങ്കേതികവിദ്യ കൊണ്ട് ഏറ്റവും അധികം ആഴത്തിൽ എത്താൻ സാധിച്ചത് കാലാകാലങ്ങളിൽ വ്യത്യാസപ്പെടുന്നു. റഷ്യയിലെ മർമൻസ്ക്കീലുള്ള കോലാസൂപ്പർ ഹോൾ (12262.മീ) 2011-വരെ ഏറ്റവും ആഴം കൂടിയ സ്ഥലമായിരുന്നു. എന്നാൽ 2012-ൽ Z-44 ചാവ്യോവെൽ (12376.മീ) നേരത്തെ രേഖപ്പെടുത്തിയ റെക്കാഡ് തകർത്തു. അതു ദുബായിലെ ബുർജ്ജ് ഖാലിഫയുടെ ഉയരേത്തേക്കാൾ 15 മടങ്ങാണ് ഭൂമിയുടെ ആഴങ്ങളിലേയ്ക്കുള്ള പര്യവേക്ഷണം തുടർന്നുകൊണ്ടിരിക്കുന്നു.



IX Std - Geography Malayalam Unit-1.indd 159 1/27/2023 1:06:15 PM

ചുണ്ണാമ്പുകല്ല്, ചോക്ക്, ജിപ്സം, കല്ക്കരി, ഉണ്ടക്കല്ല് (Conglomerate) എന്നിവ അവസാദ ശിലകൾക്ക് ഉദാഹരണമാണ്.

**പരിണാമശിലകൾ**

രൂപമാറ്റം സംഭവിച്ചത് എന്നർത്ഥം വരുന്ന മെറ്റമോർഫോസിസ് എന്ന പദത്തിൽ നിന്നും രൂപം കൊണ്ട പദമാണ് മെറ്റമോർഫിക്ക്. ആഗ്നേയ ശിലകളും അവസാദശിലകളും വളരെയധികം ചൂട്, മർദ്ദം എന്നിവയ്ക്ക് വിധേയമാകുമ്പോൾ അവയുടെ രൂപത്തിലും ഭാവത്തിലും പരിപൂർണ്ണമായ മാറ്റം ഉണ്ടാകുന്നു. ഗ്രാനൈറ്റ് പാറകൾ കാലക്രമത്തിൽ നീസ് ആയും ബസാൾട്ടു പാറകൾ സിസ്ട് ആയും ചുണ്ണാമ്പുപാറകൾ മാർബിൾ ആയും പൊടിക്കല്ലുകൾ ക്വാർട്സൈറ്റ് ആയും പരിണമിക്കുന്നു

**പാറകളുടെ ചക്രഗതി**

പാറകളുടെ ചക്രഗതിയെന്നത് ആഗ്നേയ ശിലകൾ, അവസാദശിലകൾ, പരിണാമശിലകൾ എന്നിവ ഒരു രൂപത്തിൽ നിന്നും മറ്റൊരു രൂപത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്ന തുടർ പ്രക്രിയ ആണ്.




**പ്രവർത്തനം**

തന്നിട്ടുള്ള**പാറകളുടെ ചക്രഗതിയുടെ** ചിത്രത്തെ നിരീക്ഷിച്ച് അതിന്റെ പ്രക്രിയകളെക്കുറിച്ച് സ്വന്തം വാക്യത്തിലെഴുതുക.

## 1.4 ഭൗമ ഉപരിതല രൂപീകരണ പ്രക്രിയകൾ

ഭൂമിയുടെ ഉള്ളിൽ നിന്നും ഉപരിതലത്തിലേയ്ക്ക് പ്രവർത്തിക്കുന്ന ബലത്തെ ആന്തരിക പ്രക്രിയകൾ അഥവാ Endogenetic Processes എന്നുപറയുന്നു. സ്ഥലപ്രകൃതി, ഭൂഘടന എന്നിവ ഈ ബലത്താൽ രൂപം കൊള്ളുന്നു.

പ്രകൃതി ശക്തികളായ ഒഴുകുന്ന ജലം, ഹിമനദി, കാറ്റ്, തിരമാലകൾ എന്നിവയുടെ പ്രവർത്തന ഫലമായി ഉപരിതലമാറ്റം ഉണ്ടാക്കുന്നു. ഇതിനെ ബാഹ്യ പ്രക്രിയ അഥവാ Exogenetic Processes എന്നുപറയുന്നു. ഈ ബാഹ്യപ്രക്രിയകൾ ഭൂപ്രദേശത്തെ ഖാദനം ചെയ്ത് താഴ്ന്ന പ്രദേശത്ത് ഉയർത്തപ്പെട്ട സമതലങ്ങൾ രൂപം കൊള്ളുന്നു.

**ആന്തരിക പ്രക്രിയകൾ:**

ആന്തരിക പ്രക്രിയകളാൽ ഉല്പാദിപ്പിക്കുന്ന ചൂട് ഭൂവൽക്കത്തിൽ വളരെ ആഴത്തിലുള്ള വസ്തുക്കളെ പുറം തള്ളുന്നു. ഈ പ്രക്രിയയ്ക്കാവശ്യമായ ഊർജ്ജം ആന്തരിക റേഡിയോ ആക്ടിവതയാൽ ലഭ്യമാകുന്നു.

LM5P3

**ഭൂപാളികൾ (Plate Tectonics)**

ശിലാമണ്ഡലം നിരവധി വലിയ ഫലകങ്ങളായിട്ടുള്ള പാറകളെ ഭൂപാളികൾ എന്നു പറയുന്നു. ഇവ വലിയ പാളികൾ ചെറിയപാളികൾ എന്നു വിഭജിക്കപ്പെട്ടിട്ടുണ്ട്. ഈ പാളികൾ ഇടത്തട്ടിനു മുകളിൽ സ്വതന്ത്രമായി പൊങ്ങിക്കിടക്കുന്നു. ഇവയുടെ കൂട്ടിമുട്ടലുകൾമലനിരകളും ക്രമമല്ലാത്ത ഉപരിതല ഘടനകളുംഭൂപ്രദേശങ്ങളിലും സമുദ്രത്തിന്റെ അടിത്തട്ടുകളിലും രൂപംകൊള്ളുന്നു. ഈഘടനയെ ഭൂപാളികൾഎന്നുപറയുന്നു. ഭൂപാളികളുടെ ചലനം ഇടത്തട്ടിലെ താപോർജ്ജത്താലാണ് സംഭവിക്കുന്നത്. നമുക്കിപ്പോൾ ഭൂപാളികളുടെ ചലനത്തിനും ഭൂകമ്പം അഗ്നി പർവ്വതം എന്നിവയുടെ പ്രവർത്തനങ്ങൾക്കുമുള്ള ബന്ധം വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നു.

**ഭൂപാളികളുടെ വിവിധ തരങ്ങൾ**

**കേന്ദ്രീകൃത (കൂടിച്ചേർന്ന)** – അതിർത്തി ഇവിടെ പാളികൾ ഒന്നിനൊന്ന് അടുത്തുവരുന്നു. ചിലപ്പോൾ ഒരുപാളി മറ്റൊന്നിന് താഴെപോകുന്നു. പാളി താഴേക്കുപോകുന്ന പ്രദേശത്തെ പാളിമുങ്ങും മേഖല എന്നു പറയുന്നു. **ഉദാ:** മടക്കുമലകൾ-ഹിമാലയം.

കേന്ദ്രീകൃത പാളികളുടെ അതിർത്തി



**വേറിട്ട പാളി അതിർത്തി** – ഇടത്തട്ടിൽ നിന്ന് മാഗ്മ പുറത്തേയ്ക്കു തള്ളുന്നതിനാൽ ഇവിടെ പാളികൾ പരസ്പരം വേറിട്ടു പോകുന്നു. **ഉദാ:** മധ്യ അറ്റ്ലാന്റിക് റിഡ്ജ്.



IX Std - Geography Malayalam Unit-1.indd 160 1/27/2023 1:06:16 PM




**പരിണാമ പാളി അതിർത്തി** – ഇവിടെ പാളികൾ തിരശ്ചീനമായി പരസ്പരം ചലിക്കുന്നു. **ഉദാ:** സാൻ ആൻഡ്രൂസ്.




### വൻകരാ പാളികളുടെ ചലനം

പാർശ്വ മർദ്ദ ബലങ്ങളാൽ പാളികൾ മുകളിലേയ്ക്കും താഴേയ്ക്കും ചലിക്കുന്നു. ഇതിനെ മടക്കുകൾ എന്നു പറയുന്നു. മടക്കുകളാൽ രൂപം കൊണ്ട മലകളെ മടക്കുമലകൾ എന്നു പറയുന്നു. ഈ പ്രക്രിയകളാണ് ഹിമാലയം, ആൽപ്സ് തുടങ്ങിയ ഉയരം കൂടിയ മലനിരകൾ രൂപം കൊണ്ടത്.

ഭൂപാളികളുടെ ചലനം പാറകളിൽ മർദ്ദമുണ്ടാക്കുന്നു. അത് വിടർത്തപ്പെടുന്നതിനാൽ വിള്ളലുകൾ ഉണ്ടാകുന്നു. ഇതിനെ ഭ്രംശം എന്നു പറയുന്നു. കിഴക്കൻ ആഫ്രിക്കയിലെ പ്രസിദ്ധമായ വിള്ളൽ താഴ്വര ഭ്രംശം പ്രക്രിയക്കുള്ള ഒരു പ്രധാന ഉദാഹരണമാണ്. മടക്കുകളുടേയും ഭ്രംശത്തിന്റെയും ഭൂകമ്പം അഗ്നിപർവ്വതം എന്നിവ ചേർന്നിട്ടുള്ള തുടർചലനങ്ങൾ വൻകരകൾ, സമുദ്രത്തിന്റെ അടിത്തട്ട് എന്നിവയ്ക്ക് രൂപമാറ്റമുണ്ടാക്കുന്നു.

ഭൂപാളികൾ അവർക്കിടയിൽ തുടർചലനത്തിലാണ്. അവ ശരാശരിയായി ചില സെന്റീ മീറ്റർ ദൂരം വർഷം തോറും ചലിക്കുന്നു. ചലനം വേഗത കുറഞ്ഞു കാണപ്പെടുന്നു. എന്നാൽ മില്യൻ കണക്കിന് വർഷങ്ങളിൽ ഭൂപാളികളും അതിലെ വൻകരകളും വളരെ ദൂരം സഞ്ചരിച്ചതായി കാണുന്നു. ഉദാഹരണത്തിന് 250 മില്യൻ വർഷങ്ങൾക്കുമുമ്പ് ഇന്നത്തെ ആഫ്രിക്ക, ആസ്ട്രേലിയ, അന്റാർട്ടിക്ക, ദക്ഷിണ അമേരിക്ക എന്നിവ ഉൾപ്പെടുന്ന ഗോണ്ടാന ന ിലത്തിന്റെ ഭാഗമായിരുന്ന ഇന്ത്യൻ ഭൂപാളിയും.

**പ്രവർത്തനം**

ഇവിടെ ചില മലകളുടെ പട്ടിക നല്കിയിട്ടുണ്ട്

- യൂറാൾ മലകൾ, ആൻഡീസ് മലനിരകൾ, വിന്ധ്യാ പർവ്വതം, ആൽപ്സ് മലകൾ
- സാത്പുരാ നിരകൾ, റോക്കി പർവ്വതങ്ങൾ, സിരാ നിവേദ
- ഇവയെ അറ്റ്ലസിന്റെ സഹായത്താൽ കണ്ടെത്തുക.

### ഭൂകമ്പം

ഭൂവല്ക്കത്തിൽ പെട്ടെന്നുാകുന്ന കമ്പനങ്ങൾ പൊതുവായി ഭൂകമ്പങ്ങൾക്ക് കാരണമാകുന്നു. അത് തരംഗങ്ങളായി ഉത്ഭവസ്ഥാനത്തിൽ നിന്നും എല്ലാദിശകളിലേയ്ക്കും വ്യാപിക്കുന്നു. ഭൂകമ്പം ഉത്ഭവിക്കുന്ന ബിന്ദു അധികേന്ദ്രം (Hypocenter) എന്നു പറയുന്നു. ഇലാസ്ടിക്




ഭൂപാളികളും അതുമായി ബന്ധപ്പെട്ട സവിശേഷതകളും



IX Std - Geography Malayalam Unit-1.indd 161 1/27/2023 1:06:16 PM




പെർമിയ
250 മില്യൻ വർഷങ്ങൾക്കു മുമ്പ്

ട്രൈയാസിക്
200 മില്യൻ വർഷങ്ങൾക്കു മുമ്പ്

ജുറാസ്സിക്
145 മില്യൻ വർഷങ്ങൾക്കുമുമ്പ്

ക്രെറ്റാഷിയസ്
65 മില്യൻ വർഷങ്ങൾക്കുമുമ്പ്

ഇന്നത്തെ നില

PHU2E

തരംഗങ്ങളുടെ ശ്രേണികൾ രൂപംകൊള്ളുന്നു. പ്രഭവകേന്ദ്രം (Epicentre) എന്നത് അധികേന്ദ്രത്തിന്റെ മുകളിലുള്ള ഭൂമിയുടെ ഉപരിതലത്തിലുള്ള ഒരു ബിന്ദുവാണ് ഭൂകമ്പത്തിന്റെ ആഘാതം ഇവിടെയാണ്ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്.

### ഭൂകമ്പതരംഗങ്ങൾ

ഭൂകമ്പതരംഗങ്ങളെ ഭൂകമ്പങ്ങൾ ഉല്പാദിപ്പിക്കുന്നു. ഭൂകമ്പതരംഗങ്ങളുടെ സ്വഭാവം, ബലം, വേഗത എന്നിവ അവ കടന്നുപോകുന്ന മാദ്ധ്യമത്തിന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. അതനുസരിച്ച് പ്രധാനമായി മൂന്നുതരം തരംഗങ്ങൾ സൃഷ്ടിക്കുന്നു.




1. ശിലാ മണ്ഡലം-I ആന്തരിക പ്രക്രിയകൾ

### വസ്തുത

ഭൂകമ്പത്തിന്റെ തീവ്രത അളക്കുന്നതിന് C.F.റിക്ടർ ഒരു മാപിനി രൂപകല്പന ചെയ്തു. ഈ ഉപകരണം പ്രഭവകേന്ദ്രത്തിൽ നിന്നും പുറത്തുവരുന്ന ഊർജ്ജത്തിന്റെ അളവിനെ തിട്ടപ്പെടുത്തി ഭൂകമ്പത്തിന്റെ തീവ്രതയെ കണക്കാക്കുന്നു. ഇതുവരെ രേഖപ്പെടുത്തിയിട്ടുള്ളതിൽ ഏറ്റവും തീവ്രതയേറിയത് റിക്ടർ സെക്യിലിൽ 9.5 ആണ് (ബയോ - ബയോ ചിലി, 1960)

**പ്രാഥമിക തരംഗങ്ങൾ അഥവാ P തരംഗങ്ങൾ :** ഭൂകമ്പത്തിൽ ഉണ്ടാകുന്ന തരംഗങ്ങളിൽ ഏറ്റവും വേഗതയേറിയതും പ്രഭവകേന്ദ്രത്തിൽ ആദ്യം ചെന്നെത്തുന്നതുമാണ്. ഈ തരംഗങ്ങൾ ഖരം, ദ്രവം, വാതകം എന്നിവയിലൂടെ സഞ്ചരിക്കുന്നു. അവ സെക്കന്റിൽ 5.3കി.മീ മുതൽ 10.6കി.മീ വരെ പ്രവേഗത്തിൽ മുന്നിലേയ്ക്ക് തള്ളപ്പെടുകയോ പിന്നിലേയ്ക്ക് വലിക്കപ്പെടുകയോ ചെയ്യുന്നു.

**ദ്വിതീയ തരംഗങ്ങൾ അഥവാ S തരംഗങ്ങൾ:** ഇവഖരപദാർത്ഥങ്ങളിലൂടെമാത്രം സഞ്ചരിക്കുന്നു. ഈ അനുദൈർഘ്യതരംഗങ്ങൾ അവ വ്യാപിക്കുന്ന ദിശയ്ക്കു ലംബമായി നിലത്തെ പ്രകമ്പനം കൊള്ളിക്കുന്നു. ഇവയുടെ



IX Std - Geography Malayalam Unit-1.indd 162 1/27/2023 1:06:18 PM

ശരാശരി പ്രവേഗം സെക്കന്റിന് 1 കി.മീ മുതൽ 8 കി.മീറ്റർ വരെയാണ്

**ഉപരിതല തരംഗങ്ങൾ അഥവാ L തരംഗങ്ങൾ :** ഇവ P തരംഗങ്ങളെപ്പോലെ പ്രധാനമായും ഉപരിതലത്തിലൂടെ സഞ്ചരിക്കുന്നു. ഇവ താരതമ്യേന വേഗത കുറഞ്ഞതും എന്നാൽ ഏറ്റവുമധികം വിനാശകാരികളുമാണ്. ഇവയുടെ ശരാശരി പ്രവേഗം സെക്കന്റിൽ 1 കി.മീറ്റർ മുതൽ 5 കി.മീ വരെയാണ്.




ഭൂകമ്പ തരംഗങ്ങളെ അളക്കുന്ന ഉപകരണത്തെ ഭൂകമ്പമാപിനി (Seismograph) അഥവാ സീസ്മോമീറ്റർ എന്നറിയപ്പെടുന്നു. ഭൂകമ്പത്തെക്കുറിച്ചുള്ള ശാസ്ത്ര വിഭാഗത്തെ സീസ്മോളജി എന്നുപറയുന്നു.

### സുനാമി

തുറമുഖ തിരമാലകൾ എന്നർത്ഥം വരുന്ന 'സുനാമി' ഒരു ജപ്പാൻ പദമാണ്. ഭൂകമ്പം മുങ്ങിക്കപ്പൽ വിസ്ഫോടനം, ഉരുൾപൊട്ടൽ എന്നിവയാലുണ്ടാകുന്ന പ്രകമ്പനങ്ങളുമായി ബന്ധപ്പെട്ട് രൂപം കൊള്ളുന്നവയാണ് 600 കി.മീറ്ററിലധികം ദൈർഘ്യമുള്ള ഈ തിരമാലകൾ അതിവേഗത്തിൽ (മണിക്കൂറിൽ 500 കി.മീറ്ററിൽ അധികം) സഞ്ചരിക്കുന്നു. ഇവ കടലോരത്തിൽ 15 മീറ്ററിലധികം ഉയരത്തിൽ തിരകൾ അടിക്കുകയും അവിടങ്ങളിൽ വൻ നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

2004 – ൽ ഇന്ത്യൻ മഹാസമുദ്രത്തിലുണ്ടായ ഭൂകമ്പാനന്തരമുള്ള സുനാമി 600 കി.മീറ്റർ വേഗതയിൽ സഞ്ചരിച്ച ആറാമത്തെ ഏറ്റവും അപകടകാരിയായ പ്രകൃതിദുരന്തമാണ്. ഇതിനാൽ 2,80,000 പേർ മരിച്ചു. ഇൻഡോനേഷ്യയ്ക്കടുത്ത് 00-58 മണിക്ക് ആരംഭിച്ച ഭൂകമ്പം ചെന്നൈയിലെത്തുന്നതിന് 7 മണിക്കൂർ സമയമെടുത്തു.




2004 ഡിസംബർ 26-ാം തിയതി ഇന്ത്യൻ മഹാസമുദ്രത്തിൽ സുനാമി വീശി, ഇൻഡോ, ആസ്ട്രേലിയൻ ഭൂപാളി യൂറേഷ്യൻ ഭൂപാളിയുടെ അടിയിലേയ്ക്ക് നീങ്ങിയതുകൊണ്ട് ഉണ്ടായതാണ്. റിക്ടർ സ്കെയിലിൽ 9ന് മുകളിൽ തീവ്രതയുള്ള ഭൂകമ്പം കൊണ്ട് ഉണ്ടായതാണ്. ഭൂകമ്പത്താൽ കടലിന്റെ അടിഭാഗം ഉയർത്തപ്പെടുകയും അതിനുമുകളിലുള്ള കടൽ വെള്ളം വിസ്ഥാപനം ചെയ്യപ്പെടുകയുമുണ്ടായി.

### അഗ്നി പർവ്വതങ്ങൾ

ഭൂമിയുടെ ഉൾഭാഗത്തു നിന്നും ചൂടുള്ള ഖര, ദ്രവ, വാതക വസ്തുക്കൾ (മാഗ്മ)പുറത്തേയ്ക്ക് പ്രവഹിക്കുന്ന ഭൂവൽക്ക ഉപരിതലത്തിലെ ഒരു ദ്വാരം അഥവാ പഴുതിനെയാണ് അഗ്നി പർവ്വതം എന്നു പറയുന്നത്. മാഗ്മ ഉയർന്നുവന്ന് പുറത്തേയ്ക്ക് ലാവയായി ഒഴുകുന്നു. ഭൂപാളികൾ അകലങ്ങളിലേയക്ക് ചലിക്കുമ്പോഴും അഗ്നി പർവ്വതം രൂപം കൊള്ളുന്നു.

അഗ്നി പർവ്വതങ്ങൾക്ക് പൊതുവെ താഴെപ്പറയുന്ന ഘടകങ്ങളുണ്ട്. അവ

i. മാഗ്മ അറ – പാറ ദ്രാവകരൂപത്തിൽ ഒരു ജലാശയം പോലെ ഭൂമിയ്ക്കടിയിൽ കാണുന്നു.

ii. ദ്വാരം – വായു, പുക, തീ, മാഗ്മ എന്നിവ പുറത്തു വരുന്ന ദ്വാരം

iii. അഗ്നി പർവ്വത കൂന – അഗ്നിപർവ്വത ദ്വാരത്തിലൂടെ പുറത്തേയ്ക്കൊഴുകുന്ന മാഗ്മയാൽ രൂപം കൊള്ളുന്ന ഒരു സ്ഥലരൂപം.

iv. അഗ്നി പർവ്വത മുഖദ്വാരം : കുഴിഞ്ഞ ഒരു പാത്രത്തിന്റെ ആകൃതിയിൽ അഗ്നി പർവ്വതത്തിന്റെ മുകളിൽ കാണുന്ന മാഗ്മ ഒഴുകുന്ന ഭാഗം.



IX Std - Geography Malayalam Unit-1.indd 163 1/27/2023 1:06:18 PM

നിങ്ങൾക്ക് അറിയാമോ?

റോമക്കാരുടെ അഗ്നിദേവന്റെ പേരായ വൾക്കൻ (VULCAN) എന്ന ലാറ്റിൻ പദത്തിൽ നിന്നുമാണ് അഗ്നി പർവ്വതം എന്നർത്ഥം വരുന്ന വൾക്കനോ (VALCANO) രൂപം കൊണ്ടത്.




അഗ്നി പർവ്വത വിസ്ഫോടനത്തിന്റെ കാല മനുസരിച്ച് അവയെ മൂന്നായി തരം തിരിക്കാം.

(i) സജീവ അഗ്നിപർവ്വതം

(ii) ഉറങ്ങുന്ന അഥവാ സുഷുപ്ത അഗ്നി പർവ്വതം

(iii) അജീവ അഗ്നി പർവ്വതം

### ❍ സജീവ അഗ്നി പർവ്വതം (Active Volcano)

അഗ്നിപർവ്വതലാവ, വാതകങ്ങൾ ഉടഞ്ഞ വസ്തുക്കൾ എന്നിവ നിരന്തരം വമിക്കുന്നവയാണ് സജീവ അഗ്നി പർവ്വതങ്ങൾ. ഉദാ: അമേരിക്കൻ ഐക്യനാടുകളിലെ മൗണ്ട് സെയിന്റ് ഹെലൻസ്.



### ❍ ഉറങ്ങുന്ന അഥവാ സുഷുപ്ത അഗ്നി പർവ്വതം



വളരെക്കാലം അഗ്നിപർവ്വത പ്രവർത്തനങ്ങളുടെ ഒരടയാളവും കാണാത്തവയാണ് ഉറങ്ങുന്ന അഗ്നി പർവ്വതം എന്നു പറയുന്നത്. ചില സമയത്ത് പെട്ടെന്ന് വിസ്ഫോടനം ഉണ്ടാവുകയും സങ്കല്പിക്കാനാവാത്ത വിധത്തിൽ ജീവനും വസ്തുക്കൾക്ക് നാശനഷ്ടം ഉണ്ടാവുകയും ചെയ്യുന്നു. ഉദാ: ജപ്പാനിലെ മൗണ്ട് ഫ്യൂജിയാമ.

### ❍ നിർജ്ജീവ അഗ്നി പർവ്വതം

ഒരു അഗ്നി പർവ്വതത്തിന്റെ പ്രവർത്തന എന്നെന്നേയ്ക്കുമായി അവസാനിച്ചാൽ അത്തരം അഗ്നി പർവ്വതങ്ങളെ നിർജ്ജീവ അഗ്നിപർവ്വതങ്ങൾ എന്നു പറയുന്നു. ഉദാ: ടാൻസാനിയയിലെ മൗണ്ട് കിളിമഞ്ചാരോ.

#### പ്രവർത്തനം

സോഡ നിറച്ച ഒരു കുപ്പി എടുക്കുക. അതിനെ കുലുക്കുക. എന്നിട്ട് തുറക്കാനായി അതിന്റെ അടപ്പ് തിരിക്കുക. നിങ്ങൾ കാണുന്നതെന്ത്?

അഗ്നി പർവ്വതങ്ങളുടെ ഘടനയും അതിലെ ഘടകങ്ങളും ആസ്പദമാക്കി അതിനെ സംയുക്ത അഗ്നിപർവ്വതം, കവച അഗ്നിപർവ്വതം, കുംഭാകൃതിയിലുള്ള അഗ്നി പർവ്വതം എന്ന് വകഭേദം ചെയ്യാവുന്നതാണ്.

### ❍ സംയുക്ത അഗ്നി പർവ്വതം

സംയുക്ത അഗ്നി പർവ്വതത്തെ അടുക്കുകളായുള്ള അഗ്നി പർവ്വതം എന്നു പറയുന്നു. പല അടുക്കുകളിലുള്ള ഉറച്ച ലാവയും ആഗ്നേയ സ്ഫോടന പിണ്ഡവും (Pumice) അഗ്നി പർവ്വതചാരവും കൊണ്ട് നിർമ്മിതമായ കോണാകൃതിയിലുള്ള അഗ്നി പർവ്വതമാണിത്. ഇത് പസഫിക് മഹാസമുദ്രത്തിൽ സാധാരണയായി കണ്ടുവരുന്നു. ഉദാ: ജപ്പാനിലെ മൗണ്ട് ഫ്യൂജിയാമ.

### ❍ കുംഭാകൃതിയിലുള്ള അഗ്നിപർവ്വതം.

ഒരു അഗ്നി പർവ്വതത്തിൽ നിന്നും ഒഴുകുന്ന സാന്ദ്രതയേറിയ ലാവകൊണ്ട് രൂപീകൃതമായ വൃത്താകൃതിയിലുള്ള മേടായി കാണുന്ന ഭാഗമാണ് കുംഭാകൃതിയിലുള്ള അഗ്നി പർവ്വതം. സിലിക്ക അധികമായിട്ടുള്ള ഈ ലാവയ്ക്ക് സാന്ദ്രത അധികമായതിനാൽ അത് അഗ്നിപർവ്വത ദ്വാരത്തിൽ നിന്നും പുറത്തേയ്ക്കൊഴുകുന്നില്ല. ഉദാ: മെക്സിക്കോയിലെ പാരിക്യൂട്ടിൻ..

#### ചിന്തിക്കാനുള്ള ചോദ്യം

പസഫിക്കിലെ അഗ്നി വലയം - ഭൂകമ്പം, അഗ്നിപർവ്വതം എന്നിവ ഇവിടെ വളരെ സജീവമാണ് എന്തുകൊ?

### ❍ കവച അഗ്നി പർവ്വതം

അധികം പശിമയുള്ള ലാവകൊണ്ട് കവച അഗ്നി പർവ്വതം രൂപം കൊള്ളുന്നു.

മിതമായ ചരിവുകളുള്ള പൊള്ളയായ നിക്ഷേപങ്ങളാണിവ.



IX Std - Geography Malayalam Unit-1.indd 164 1/27/2023 1:06:19 PM

അതിനാൽ ലാവ എല്ലാ ദിശകളിലേയ്ക്കും ഒഴുകുന്നതിനാൽ അതിന് കവചാകൃതി കൈവരുന്നു. **ഉദാ:** ഹവായിലെ മൗനലാവോ



### ഭൂകമ്പങ്ങളുടേയും അഗ്നി പർവ്വതങ്ങളുടേയും വ്യാപനം

ഭൂകമ്പങ്ങളും അഗ്നിപർവ്വത സ്ഫോടനങ്ങളും അവിടവിടയായി നടക്കുന്നില്ല. അവ സംഭവിക്കുന്നത് ഭൂപാളികളുടെ അതിർത്തി പ്രദേശത്താണ്. പസിഫിക് അഗ്നി വലയം അങ്ങനെയുള്ള ഒരു സ്ഥലമാണ്. അതായത് പസഫിക് ഭൂപാളി അതിന് ചുറ്റുമുള്ള ഭൂപാളികളുമായി ചേരുന്ന സ്ഥലങ്ങളിൽ അവ സംഭവിക്കുന്നു. ലോകത്തിലെ ഏറ്റവും സജീവമായ ഭൂകമ്പ, അഗ്നിപർവ്വത മേഖലയാണ് പസഫിക് അഗ്നി വലയം. വ്യത്യസ്ഥതയുള്ള മറ്റു പ്രധാന മേഖലകളാണ് മദ്ധ്യഭാഗത്തെ കടലിനടിയിലെ മലനിരകളും മദ്ധ്യഭാഗത്തെ ഭൂഖണ്ഡത്തട്ടു മേഖലകളും.

### അഗ്നി പർവ്വതം കൊണ്ടുള്ള ഫലങ്ങൾ

#### നൻമകൾ

അഗ്നി പർവ്വത വസ്തുക്കൾ മണ്ണിന്റെ വളക്കൂറിനെ വർദ്ധിപ്പിക്കുന്നതിനാൽ അത് കാർഷിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ചൂടേറിയ അഗ്നി പർവ്വത പ്രദേശങ്ങൾ ഭൗമതാപോർജ്ജം ഉല്പാദിപ്പിക്കാൻ പ്രയോജനപ്പെടുന്നു. നിരവധി ഉറങ്ങും അഗ്നി പർവതങ്ങളും സജീവ അഗ്നി പർവ്വതങ്ങളും ലോകത്തിലെ മികച്ച വിനോദ സഞ്ചാര കേന്ദ്രങ്ങളായി കാണപ്പെടുന്നു. അഗ്നി പർവതത്തിൽ നിന്നും പുറത്തുവരുന്ന പല വസ്തുക്കളും കെട്ടിടനിർമ്മാണത്തിന് ഉപകരിക്കുന്നു.

#### തിൻമകൾ

അഗ്നി പർവ്വത സ്ഫോടനത്താൽ ഭൂകമ്പം, പെട്ടെന്നുള്ള വെള്ളപ്പൊക്കം, ചെളിവീഴ്ച, പാറവീഴ്ച എന്നിവ സംഭവിക്കുന്നു. ലാവയ്ക്ക് വളരെ ദൂരം സഞ്ചരിച്ച് വസ്തുക്കളെ കത്തിക്കുന്നതിനും താഴ്ത്തുന്നതിനും അതിന്റെ മാർഗ്ഗത്തിലുള്ള എല്ലാ വസ്തുക്കളേയും നശിപ്പിക്കുന്നതിനും കഴിയും. വൻതോതിലുള്ള പൊടിയും ചാരവും കൊണ്ട് ശ്വസനത്തിനും പ്രയാസവും അസ്വസ്ഥതയും ഉണ്ടാകുന്നു. അഗ്നി പർവ്വത സ്ഫോടനങ്ങൾ കാലാവസ്ഥയിൽ മാറ്റമുണ്ടാക്കുന്നു. ആ പ്രദേശത്തുള്ള ഗതാഗതത്തെ തടസ്സപ്പെടുത്തുന്നു. (ഐസ്ലാന്റ് അഗ്നി പർവ്വത സ്ഫോടനം)

## സംഗ്രഹം

- ശിലാമണ്ഡലം, വായുമണ്ഡലം, ജലമണ്ഡലം, ജൈവമണ്ഡലം എന്നിവ ഭൂമിയിലെ വിവിധ മണ്ഡലങ്ങളാണ്.
- ഭൂമിയുടെ ആന്തരിക ഭാഗം ഭൂവൽക്കം, ഇടത്തട്ട്, ഭൂഗർഭം എന്ന് മൂന്നായി വിഭജിച്ചിട്ടുണ്ട്.
- ഭൂവൽക്കം, ഇടത്തട്ട്, ഭൂഗർഭം എന്നിവയിലെ ഘടകങ്ങളെ ആസ്പദമാക്കി അവയെ SIAL, SIMA, NIFE എന്നു പറയുന്നു.
- ഭൂമിയുടെ ഉപരിതലത്തിലെ സ്ഥലപ്രകൃതികളുടെ രൂപീകരണവും പുനർ രൂപീകരണവും തുടർച്ചയായ ആന്തരിക ബാഹ്യ പ്രക്രിയകളാൽ നടക്കുന്നു.
- ശിലാമണ്ഡലം വലുതും ചെറുതുമായ ഭൂപാളികൾ കൊണ്ടുള്ളതാണ്.
- ഭൂവല്ക്കത്തെ ചലിപ്പിക്കുന്നതോ കമ്പനം ചെയ്യുന്നതോ ആയ പ്രക്രിയയാണ് ഭൂകമ്പം.
- ഭൂകമ്പങ്ങളും അഗ്നി പർവ്വതങ്ങളും ഭൂമിയുടെ ആന്തരിക സ്ഥിതിയെക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കുന്നു.



IX Std - Geography Malayalam Unit-1.indd 165 1/27/2023 1:06:19 PM

## അഭ്യാസം

QMGW6

### I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

1. ഭൂമിയുടെ ഉറച്ച ബാഹ്യ അടുക്കിനെ ..... എന്നു വിളിക്കുന്നു.
   (a) ഭൂഗർഭം (b) ഇടത്തട്ട്
   (c) ഭൂവൽക്കം (d) ആന്തരിക ഭൂഗർഭം

2. ഭൂമിക്കകത്ത് ഉരുകിയ ഇരുമ്പുകൊണ്ടുള്ള അടുക്കിനെ ... എന്നു വിളിക്കുന്നു
   (a) ആന്തരിക ഭുഗർഭം
   (b) ബാഹ്യ ഭൂഗർഭം
   (c) ഇടത്തട്ട് (d) ഭൂവല്ക്കം

3. മാഗ്മ കാണപ്പെടുന്നത് ..... ൽ ആണ്
   (a) ഭൂവല്ക്കം (b) ഇടത്തട്ട്
   (c) ഭൂഗർഭം (d) ഇവയൊന്നുമല്ല

4. ഭൂപാളികളുടെ ചലനത്തിന് പ്രേരകമാകുന്നത് .... ഊർജ്ജമാണ്
   (a) ജലവൈദ്യുതി
   (b) താപോർജ്ജം
   (c) തിരമാല ഊർജ്ജം
   (d) വേലിയേറ്റ/ വേലിയിറക്ക ഊർജ്ജം

5. പുരാതനകാലത്ത് ഗോണ്ട്വാന പ്രദേശം ..... ദിശയിൽ ചലിച്ചു
   (a) വടക്ക് (b) തെക്ക്
   (c) കിഴക്ക് (d) പടിഞ്ഞാറ്

6. പല മില്യൻ വർഷങ്ങൾക്ക് മുമ്പ് ഇന്ത്യ ..... ഭൂഖണ്ഡത്തിന്റെ ഭാഗമായിരുന്നു.
   (a) ഗോണ്ട്വാന (b) ലോറേഷ്യ
   (c) പന്തലാസ (d) പാഞ്ചിയ

7. ഭൂപാളികളുടെ ചലനം പാറകളിൽ സമ്മർദ്ദമുണ്ടാക്കി അവ വലിഞ്ഞ് വിള്ളലുണ്ടാകുന്നത് ..... രൂപീകരണമാണ്
   (a) മടക്ക് (b) ഭ്രംശം
   (c) മല (d) ഭൂകമ്പം

8. അഗ്നി പർവ്വതത്തിന്റെ മുകളിൽ കുഴിഞ്ഞ പാത്രത്തിന്റെ ആകൃതിയിലുള്ളത്....
   (a) അഗ്നിപർവ്വത മുഖദ്വാരം (b) ദ്വാരം
   (c) അറ (d) അഗ്നി പർവ്വത കൂന

9. ഭൂകമ്പത്തിന്റെ ഉത്ഭവ കേന്ദ്രം
   (a) പ്രഭവ കേന്ദ്രം (b) അധികേന്ദ്രം
   (c) ഭൂകമ്പ തരംഗം (d) ഭൂകമ്പ തീവ്രത

### II. ചേരും പടി ചേർക്കുക

| | | |
|---|---|---|
| 1. ആന്തരിക പ്രക്രിയ | — | ഭൂകമ്പമാപിനി (Seismography) |
| 2. ഇടത്തട്ട് | — | അടിയിലേയ്ക്ക് താഴുന്ന മേഖല |
| 3. കൂടിച്ചേരുന്ന അതിർത്തികൾ | — | അഗ്നി പർവ്വതസ്ഫോടനം |
| 4. ഭൂകമ്പം | — | പസഫിക് മഹാസമുദ്രം |
| 5. സംയുക്ത അഗ്നിപർവ്വതം | — | SIMA |

### III. തന്നിട്ടുള്ള പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക

1. (i) മൗണ്ട് ഫ്യൂജിയാമ ഒരു ഉറങ്ങും അഗ്നിപർവ്വതമാണ്.
   (ii) മൗണ്ട് കിളിമഞ്ചാരെ ഒരു ഉറങ്ങും അഗ്നിപർവ്വതമാണ്
   (iii) മൗണ്ട് ടാൻസാനിയ ഒരു ഉറങ്ങും അഗ്നിപർവ്വതമാണ്.
   (a) (i) ശരിയാണ്
   (b) (ii) ശരിയാണ്
   (c) (iii) ശരിയാണ്
   (d) (ii) (iii) ശരിയാണ്

2. പ്രസ്താവന : ദ്വാരമുള്ള സ്ഥലങ്ങളിലൂടെ മാഗ്മ പുറത്തൊഴുകുന്നു.
   കാരണം : ഭൂമിയുടെ ആന്തരിക ഭാഗത്ത് മർദ്ദമേറിയ ചൂടേറിയ മാഗ്മയുണ്ട്
   ശരിയായ പ്രസ്താവന ഏത്?
   (a) പ്രസ്താവനയും കാരണവും ശരിയാണ്
   (b) പ്രസ്താവന ശരിയാണ് കാരണം തെറ്റാണ്
   (c) പ്രസ്താവന തെറ്റും കാരണം ശരിയുമാണ്
   (d) പ്രസ്താവനയും കാരണവും തെറ്റാണ്

3. പ്രസ്താവന (i) ഭൂപാളികളുടെ കൂട്ടിമുട്ടലുകൾ കൊണ്ട് മലനിരകൾ രൂപം കൊള്ളുന്നു.
   പ്രസ്താവന (ii) ഇടത്തട്ടിലെ താപോർജ്ജം



IX Std - Geography Malayalam Unit-1.indd 166 1/27/2023 1:06:20 PM

കൊണ്ട് ഭൂപാളികൾ ചലിക്കുന്നു.

(a) പ്രസ്താവന (i) തെറ്റും (ii) ശരിയുമാണ്

(b) പ്രസ്താവന (i) ഉം (ii)ഉം തെറ്റാണ്

(c) പ്രസ്താവന (i) ശരിയും (ii) തെറ്റുമാണ്

(d) പ്രസ്താവന (i) ഉം (ii) ഉം ശരിയാണ്

## IV. ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക

1. ഭൂമിയിലെ വിവിധ മണ്ഡലങ്ങളെക്കുറിച്ച് ചുരുക്കിഎഴുതുക
2. ഭൂമിയുടെ ആന്തരിക ഭാഗത്തെ അടുക്കുകളേവ?
3. ഭൂപാളികൾ - നിർവചിക്കുക?
4. സുനാമി എന്നാലെന്ത്?
5. അഗ്നി പർവ്വതം എന്നാലെന്ത്? അതിന്റെ പ്രധാന ഘടകങ്ങൾ ഏവ?
6. ഭൂകമ്പം എന്നാലെന്ത്? അത് സംഭവിക്കുന്നതെങ്ങനെ?
7. ഭൂകമ്പതരംഗങ്ങൾ എന്നാലെന്ത്? അവയുടെ വകഭേദങ്ങൾ ഏവ?
8. പസഫിക് അഗ്നി വലയത്തെക്കുറി ച്ചെഴുതുക?

## V. കാരണം നല്കുക

1. ആഗ്നേയ ശിലകളെ പ്രാഥമിക പാറകൾ അഥവാ മാതൃശിലകൾ എന്നു പറയുന്നു. എന്തുകൊണ്ട്?

## VI. വ്യത്യാസങ്ങൾ എഴുതുക

1. ഭൂഗർഭവും ഭൂവൽക്കവും
2. പ്രഭവകേന്ദ്രവും അധികേന്ദ്രവും
3. വേർപെടുന്നതും കൂടിച്ചേരുന്നതുമായ അതിർത്തികൾ
4. പ്രാഥമിക തരംഗങ്ങളും ദ്വിതീയ തരംഗങ്ങളും
5. കവച അഗ്നി പർവ്വതവും കുംഭാകൃതിയിലുള്ള അഗ്നി പർവ്വതവും

## VII. ഖണ്ഡികയിൽ ഉത്തരമെഴുതുക

1. ഭൂമിയുടെ ഘടനയെ വിവരിക്കുക
2. ഭൂമിയുടെ ആന്തരിക, ബാഹ്യ പ്ര ക്രിയകളെക്കുറിച്ചെഴുതുക
3. അഗ്നി പർവ്വത വിസ്ഫോടന കാലയളവിനെ അടിസ്ഥാനമാക്കി അവയെ വേർതിരിക്കുന്നത് എങ്ങനെ?
4. അഗ്നി പർവ്വതത്തിന്റെ ഫലങ്ങൾ ഏവ?

## VIII. ഭൂപട പരിശീലനം

തന്നിട്ടുള്ള ലോക ഭൂപടത്തിൽ താഴെപ്പറയുന്നവ കുറിക്കുക.

(a) പസഫിക് അഗ്നിവലയം

(b) ഭൂകമ്പ മേഖലകൾ (ഏതെങ്കിലും 2)

(c) ലോകത്തിലെ ഏതെങ്കിലും 2 സജീവ അഗ്നി പർവ്വതങ്ങളെ കുറിക്കുക

(d) ഹിമാലയവും ആൽപ്സ് മലനിരകളും

## IX. ജീവിത നൈപുണ്യം

നിങ്ങളുടെ സ്ഥലത്തിൽ ഭൂകമ്പം ഉണ്ടായതായി സങ്കല്പിക്കുക. അവശിഷ്ടങ്ങൾക്കിടയിൽപ്പെട്ടവരെ രക്ഷിക്കുന്നതിന് നിങ്ങളുടെ പങ്കെന്തായിരിക്കും. ചെയ്യാവുന്നതും ചെയ്യാൻ പാടില്ലാത്തതും പട്ടികയിലാക്കുക.



IX Std - Geography Malayalam Unit-1.indd 167 1/27/2023 1:06:20 PM

യൂണിറ്റ്
2

# ശിലാമണ്ഡലം – II
# ഭൂമിയുടെ ബാഹ്യപ്രക്രിയകൾ

## പഠനലക്ഷ്യങ്ങൾ

- ഭൂമിയുടെ നിരവധി ബാഹ്യപ്രക്രിയകളെ കുറിച്ച് മനസ്സിലാക്കൽ
- വിവിധതരത്തിലുള്ള അപക്ഷയങ്ങളേയും അതുകൊണ്ട് ഉണ്ടാകുന്ന ഫലങ്ങളെയും കുറിച്ചറിയൽ
- അപക്ഷയം സംഭവിച്ച പദാർത്ഥങ്ങൾ എങ്ങനെ അപവാഹം ചെയ്യപ്പെട്ടുവെന്നറിയുക
- ഖാദന, പരിവഹന, നിക്ഷേപണങ്ങളാൽ രൂപംകൊള്ളുന്ന സ്ഥലപ്രകൃതികളെയും അവയുടെ സവിശേഷതകളെയും കുറിച്ച് പഠിക്കുക

VUQBR

## ആമുഖം

ഭൂമിയുടെ ചലനാത്മകമായ സംവിധാനം ബാഹ്യ ആന്തര പ്രക്രിയകളിലൂടെ നിരവധി മാറ്റങ്ങൾക്ക് വിധേയമാകുന്നു. ഇവതമ്മിലുള്ള തുടർച്ചയായ പ്രവർത്തനം ഭൗമോപരിതല ഘടനയെ നിയന്ത്രിക്കുന്നു.

ബാഹ്യപ്രക്രിയകൾ സൗരോർജ്ജം ഭൂഗുരുത്വബലം എന്നിവയാൽ സംഭവിക്കുന്നതെങ്കിൽ ആന്തരിക പ്രക്രിയകൾ സംഭവിക്കുന്നത് ഭൂമിയുടെ ആന്തരിക ഭാഗത്തുനിന്നുമുള്ള താപം കൊണ്ടാണ്.

Info Graphics




## 2.1 അപക്ഷയം

ഭൂവല്ക്കത്തിൽ വായു മണ്ഡലത്തിന്റെ പ്രവർത്തനങ്ങളാൽ വസ്തുക്കൾ ഉടയുകയും ശിഥിലമാവുകയും ചെയ്യുന്നതിനെ അപക്ഷയം എന്നു പറയുന്നു.

അപക്ഷയം മൂന്ന് വിധത്തിലുണ്ട്.

- ഭൗതിക അപക്ഷയം
- രാസ അപക്ഷയം
- ജൈവ അപക്ഷയം

### ഭൗതിക അപക്ഷയം

ഭൗതിക ശക്തികളുടെ പ്രവർത്തന ഫലമായി രാസഘടനയിൽ മാറ്റമില്ലാതെ പാറകൾ ഉടയുന്നതാണ് ഈ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. നിരന്തരമായി പാറകളിൽ രാത്രിയും പകലും മഞ്ഞുറയുകയും ഉരുകുകയും ചെയ്യുന്നതുകൊണ്ട് അവ വികസിക്കുകയും ചുരുങ്ങുകയും ചെയ്യുന്നു. വിടവുകൾ രൂപം കൊള്ളുകയും ക്രമേണ അവ ഉടയുകയും ചെയ്യുന്നു. ഉരിഞ്ഞുപോവുക, വലിയ കഷ്ണങ്ങളായി ഉടയുക, തരിതരിയായി ഉടയുക എന്നിവ അപക്ഷയത്തിന്റെ വിവിധ തരങ്ങളാണ്

#### പാറകളുടെ ഉരിയൽ (Exfoliation)

മാറിമാറിവരുന്ന ചൂടും തണുപ്പും ഉരുണ്ട പാറകളുടെ മുകൾ ഭാഗം അടുക്കടുക്കായി ഉള്ളിപോലെ ഉരിഞ്ഞുവരുന്നു. ഇതിനെ ഉരിയൽ എന്നു പറയുന്നു. പാറകളുടെ മുകൾഭാഗം തകിടുകളായി (Sheeting) ഉരിയുക, ഉടഞ്ഞുതകരുക (Shattering) എന്നിവയും ഉരിയലിന്റെ വകഭേദങ്ങളാണ്.



IX Std - Geography Malayalam Unit-2.indd 168 1/27/2023 1:20:07 PM



**തരിതരിയായി ഉടയൽ**

സ്ഫടിക പാറകളിൽ തരികൾ അയഞ്ഞ് അവ താഴെ വീഴുന്നതിലൂടെ പാറകളുടെ ഉടയൽ സംഭവിക്കുന്നു. ഇതിന് അത്യുഷ്ണവും മഞ്ഞുവീഴ്ചയുമാണ് കാരണം.



**വലിയ കക്ഷണങ്ങളായി ഉടയൽ**

രാത്രി പകലുകളിൽ തുടർച്ചയായി ചുരുങ്ങുകയും വികസിക്കുകയും ചെയ്യുന്നതിനാൽ പാറകളിലെ സന്ധികളിൽ സമ്മർദ്ദമേറി അവ വലിയ കഷണങ്ങളായി ഉടയുന്നു.



**ചിന്തിക്കാനുള്ള ചോദ്യം**

മണ്ണ് രൂപപ്പെടുന്നതിന് അപക്ഷയം ഒരു പ്രധാന ആവശ്യമാണോ?

**വസ്തുത**

ഉടഞ്ഞ പാറകൾക്ക് കാലക്രമത്തിൽ അപക്ഷയം സംഭവിച്ച് മണ്ണ് ഉണ്ടാകുന്നു. ഉടഞ്ഞ പാറവസ്തുക്കളും ക്ലേദം എന്നു പറയുന്ന ശിഥിലമായ ജൈവ വസ്തുക്കളും ചേർന്ന് മണ്ണ് ഉണ്ടാകുന്നു.

## രാസ അപക്ഷയം (Chemical Weathering)

പാറകളിൽ ഏർപ്പെടുന്ന രാസപ്രവർത്തനങ്ങളാൽ പാറകൾ ഉടയുകയും ഘടകങ്ങൾ വേർതിരിഞ്ഞ് ജീർണ്ണിക്കുകയും ചെയ്യുന്നതിനെ രാസ അപക്ഷയം എന്നു പറയുന്നു. ഈർപ്പമുള്ളതും ചൂടേറിയതുമായ ഭൂമദ്ധ്യരേഖ, ഉഷ്ണമണ്ഡലം, ഉപ ഉഷ്ണമണ്ഡല പ്രദേശങ്ങളിൽ ഇത് പ്രധാനമായി സംഭവിക്കുന്നു. ഓക്സീകരണം കാർബണീകരണം, വിലയനം, ജലം ആഗിരണം ചെയ്യൽ എന്നീ പ്രക്രിയകൾ രസ അപക്ഷയത്തിന് കാരണമാകുന്നു. ഓക്സിജൻ, കാർബൺഡൈ ഓക്സൈഡ്, ഹൈഡ്രജൻ എന്നിവ രാസ അപക്ഷയത്തിന് ഹേതുവായി വർത്തിക്കുന്നു.



### ഓക്സീകരണം

വായുവിലെ ഓക്സിജൻ പാറകളിലെ ഇരുമ്പുമായി പ്രതി പ്രവർത്തനം ചെയ്ത് ഇരുമ്പ് ഓക്സൈഡ് രൂപം കൊള്ളുന്നു. പാറകൾ ക്ഷയിക്കുന്ന ഈ പ്രക്രിയയെ ഓക്സീകരണം എന്നു പറയുന്നു.

### കാർബണീകരണം

വായുവിലെ കാർബൺഡൈ ഓക്സൈഡ് വെള്ളവുമായി ചേർന്ന് കാർബോണിക് അമ്ലമുണ്ടാകുന്നു. ചുണ്ണാമ്പുകൽ പ്രദേശങ്ങളിൽ ഗുഹകളുടെ രൂപീകരണത്തിന് ഇത് പ്രധാന പങ്ക് വഹിക്കുന്നു. കാർബോണിക് അമ്ലം കാർബണേറ്റ് പാറകളുമായി പ്രതി പ്രവർത്തനം നടത്തുമ്പോൾ പാറകൾ ഉടയുന്നു.



IX Std - Geography Malayalam Unit-2.indd 169 1/27/2023 1:20:11 PM

### വിലയനം (അലിയൽ)

പാറയിലെ പദാർത്ഥങ്ങൾ വെള്ളത്തിൽ അലിയുമ്പോൾ പാറകളിലെ വസ്തുക്കൾ അയവുള്ളതായി മാറുന്നു. ഇത് പാറകൾ ഉടയുന്നതിന് കാരണമാകുന്നു.

### ജലം ആഗിരണംചെയ്യൽ

ഈർപ്പമുള്ള സാഹചര്യങ്ങളിൽ ചില രാസവസ്തുക്കൾക്ക് കൂടുതൽ വലിപ്പം ഉണ്ടാകുന്നു. ഈ ധാതുക്കളുള്ള പാറകൾ വീർത്തുകെട്ടുകയും അതിനാൽ പാറകളിൽ വിള്ളലുകളുണ്ടായി അപക്ഷയം സംഭവിക്കുന്നു ഇത്തരത്തിലുള്ള അപക്ഷയത്തെ ജല ആഗിരണത്താൽ ഉണ്ടാകുന്ന അപക്ഷയം എന്നു പറയുന്നു.

### ജൈവ അപക്ഷയം

സസ്യങ്ങളുടെ വേരുകൾ പാറകളിൽ തുളച്ചു കടക്കുന്നതിനാലും മണ്ണിര, മാളമുണ്ടാക്കുന്ന ജീവികൾ (മുയലുകൾ, എലി) മനുഷ്യ പ്രവർത്തനങ്ങൾ എന്നിവകളാലും ഉണ്ടാകുന്നതാണ് ജൈവ അപക്ഷയം.



## 2.2 സമീകരണം (Gradation)

പ്രകൃതി ഘടകങ്ങളായ നദികൾ, ഭൂഗർഭജലം, കാറ്റുകൾ, ഹിമനദികൾ, കടൽത്തിരമാലകൾ, എന്നിവ ഭൂമിയുടെ ഉപരിതലത്തെ സമമാക്കുന്നു. ഈ പ്രക്രിയയെ സമീകരണം (Gradation) എന്നു പറയുന്നു. മേല്പറഞ്ഞ ഘടകങ്ങൾ അവയുടെ പ്രവർത്തനങ്ങളാൽ കാലക്രമത്തിൽ ഭൂമിയുടെ ഉപരിതലത്തിൽ നിരവധി സ്ഥലരൂപങ്ങൾ ഉണ്ടാക്കുന്നു. സമീകരണ പ്രവർത്തനങ്ങൾ രണ്ട് രീതികളിൽ നടക്കുന്നു. അവ ഖാദന സമീകരണം (Degradation) നിക്ഷേപണ സമീകരണം (Aggradation) എന്നിവയാണ്.

### സമീകരണ ഹേതുക്കൾ

**ഒഴുകുന്ന വെള്ളം അഥവാ നദികൾ**

നദികൾ വളരെയധികം സമീകരണം ഉണ്ടാക്കുന്ന പ്രക്രിയകളെ ഏർപ്പെടുത്തുന്ന മുഖ്യഘടകങ്ങളാണ്. നദികൾ അധികവും ഉയരമുള്ള മലകൾ, കുന്നുകൾ അല്ലെങ്കിൽ പീഠഭൂമികളിൽ നിന്നും രൂപം കൊള്ളുന്നു. അവയിൽ ജലം ലഭിക്കുന്നത് മഴ, ഹിമനദികൾ, ഉറവകൾ, തടാകങ്ങൾ എന്നിവ മൂലമാണ്. നദിയുടെ ഉത്ഭവ സ്ഥാനം അതിന്റെ ഉറവിടമെന്നും അത് പതിക്കുന്ന സ്ഥാനത്തെ നദീമുഖം എന്നും പറയുന്നു.




### നദിയുടെ ഗതി (course of a river)

നദികൾ മലകളിൽ ഉത്ഭവിച്ച് കടലിലോ അഥവാ തടാകങ്ങളിലോ പതിക്കുന്നു. നദികൾ ഒഴുകിച്ചെല്ലുന്ന പാതയെ നദിയുടെഗതി എന്നു പറയുന്നു. നദിയുടെ ഗതിയെ മുന്നായി വിഭജിക്കാം

i. യൗവനാവസ്ഥ (The Upper Course)
ii. പരിപക്വാവസ്ഥ (The Middle Course)
iii. വാർദ്ധക്യാവസ്ഥ (The Lower Course)

### *i.* യൗവനാവസ്ഥ (The Upper Course)

നദിയുടെ യൗവനാവസ്ഥയിൽ ഖാദനം പ്രധാന പ്രവർത്തനമാണ് ഈ ഘട്ടത്തിൽ നദികൾ ലംബമായ മലഞ്ചരിവുകളിലൂടെ ഒഴുകുന്നു. ഈ ചരിവുകളിൽ നദികളുടെ വേഗം അധികമായിരിക്കുന്നതിനാൽ അവ വളരെ വേഗം ഒഴുകുമ്പോൾ താഴ്വരകൾ അധികം വീതിയിലും ആഴത്തിലും ഖാദനം ചെയ്യപ്പെടുന്നു. യൗവനാവസ്ഥയിൽ നദികൾ രൂപം നൽകുന്ന സ്ഥലപ്രകൃതികളാണ് 'V' താഴ്വരകൾ ('V'



IX Std - Geography Malayalam Unit-2.indd 170 1/27/2023 1:20:13 PM

Shaped Valley) മലയിടുക്കുകൾ (Gorges) കുറുകിയ താഴ്വരകൾ (Canyons) പരസ്പരം ബന്ധിച്ചിട്ടുള്ള കുന്നുകളുടെ ശാഖകൾ നീർച്ചാട്ടം (Rapids) ഘടദ്വാരങ്ങൾ (Pot holes) വെള്ളച്ചാട്ടങ്ങൾ എന്നിവ.

### *ii.* പരിപക്വാവസ്ഥ (The Middle Course)

പരിവക്വാവസ്ഥയിൽ നദികൾ സമതലത്തിലേയ്ക്ക് പ്രവേശിക്കുന്നു. നിരവധി പോഷകനദികൾ സംഗമിക്കുന്ന സ്ഥാനങ്ങളിൽ ജലത്തിന്റെ അളവ് വർദ്ധിക്കുന്നു. തന്മൂലം നദികളിലെ വസ്തുക്കളുടെ ഭാരം അധികമാകുന്നു. അങ്ങനെ നദികളുടെ പ്രധാന പ്രവർത്തനം പരിവഹനമാകുന്നു. പ്രവേഗത്തിന്റെ പെട്ടെന്നുള്ള വർദ്ധനവിനാൽ നിക്ഷേപണം നടക്കുന്നു. പരിപക്വാവസ്ഥയിൽ നദികളിൽ ചില പ്രത്യേകതരം സ്ഥലരൂപങ്ങൾ ഉണ്ടാകുന്നു. അവ ഓഘാകൃത മൈതാനം, മിയാൻഡറുകൾ, ഓകസ്ബോ തടാകം എന്നിവയാണ്.

### *iii.* വാർദ്ധക്യാവസ്ഥ (The Lower Course)

യൗവനാവസ്ഥയിലും പരിപക്വാവസ്ഥയിലും ഖാദനം ചെയ്തു കൊണ്ടുവരപ്പെട്ട വസ്തുക്കൾ സമതലങ്ങളിൽ നിക്ഷേപണം ചെയ്യപ്പെടുന്നുണ്ട്. താഴ്ന്ന സമതലങ്ങളിൽ നിക്ഷേപ വസ്തുക്കളാൽ നിറയ്ക്കപ്പെടുന്നതിനാൽ പ്രധാന നദി പല ശാഖകളായി പിരിയുന്നു. നിക്ഷേപണം ഈ ഘട്ടത്തിലെ പ്രധാന പ്രവർത്തനമാകുന്നു. ഈ സാഹചര്യത്തിൽ ഡൽറ്റകളും അഴിമുഖങ്ങളും രൂപം കൊള്ളുന്നു.

- **പോഷകനനദി :** ചെറിയ പുഴകൾ പ്രധാനനദികളുമായി ചേരുന്നവ (ഉദാ: ഭവാനി നദി)
- **ഉപനദി (കൈവഴി)** : പ്രധാനനദിയിൽ നിന്നും പിരിഞ്ഞു പോകുന്ന നദികൾ ഉദാ: കൊള്ളിടം നദി

## നദികളുടെ ഖാദനത്താൽ രൂപം കൊള്ളുന്ന സ്ഥല പ്രകൃതികൾ (Erosional landforms of rivers)

### മലയിടുക്കും കുറുകിയ താഴ്വരയും (Gorges & Canyons)

കഠിന പാറകളാൽ നിർമ്മിതമായ മലമ്പ്രദേശങ്ങളിലൂടെ ഒഴുകുന്ന നദികൾ ലംബമായ ചെരിവുകളുള്ള പാർശ്വങ്ങളുൾക്കൊള്ളുന്ന താഴ്വരകൾ സൃഷ്ടിക്കുന്നു. ഇവയെ മലയിടുക്കുകൾ എന്നു പറയുന്നു. സിന്ധു. ബ്രഹ്മപുത്ര എന്നീ നദികൾ ഹിമാലയത്തിൽ ഉത്തരം സ്ഥല പ്രകൃതികൾക്ക് രൂപം നല്കുന്നു.

ലംബമായ ചരിവുകളുള്ള മലയിടുക്കുകൾ പലനൂറു കി.മീറ്റർ ദൂരം കാണപ്പെട്ടാൽ അവയെ കുറുകിയ താഴ്വര (Canyon) എന്നു പറയുന്നു. കൊളറഡോ നദിയാൽ രൂപം നല്കപ്പെട്ട ഗ്രാന്റ് കാൻയൺ (Grand Canyon) ഇതിന് മികച്ച ഉദാഹരണമാണ്.


കുറുകിയ താഴ്വര

### വെള്ളച്ചാട്ടം

കഠിന പാറകൾ മേലടുക്കിലും മൃദുപാറകൾ കീഴടുക്കലും തിരശ്ചീനമായി സ്ഥിതിചെയ്തിരുന്നാൽ കീഴടുക്കിലുള്ള മൃദുപാറകൾ ജലത്താൽ വേഗത്തിൽ അരിക്കപ്പെടുന്നു. അതിനാൽ മേലടുക്കിലുള്ള കഠിനപാറകൾ നദിയുടെ ഒഴുക്കിന്റെ ദിശയിൽ വെള്ളച്ചാട്ടത്തെ സൃഷ്ടിക്കുന്നു. ജലം ശക്തിയായി താഴേയ്ക്ക് വീഴുമ്പോൾ അവിടത്തെ പാറ വസ്തുക്കൾ അരിക്കപ്പെട്ട് കുഴികൾ രൂപം കൊള്ളുന്നു. ഇതിനെ നിമജ്ജനതടാകം (Plunge pool) എന്നു പറയുന്നു. ആഴം കുറഞ്ഞ പ്രദേശങ്ങളിൽ വേഗത്തിലോടുന്ന നദിജലത്തെ നീർച്ചാട്ടം (Rapid) എന്നു പറയുന്നു.

ലോകത്തിലെ ഏറ്റവും ഉയരമുള്ള വെള്ളച്ചാട്ടം വെനിസുലയിലെ ഏഞ്ചൽ വെള്ളച്ചാട്ടമാണ്. (979 മീ.)


നീർച്ചാട്ടം



IX Std - Geography Malayalam Unit-2.indd 171 1/27/2023 1:20:15 PM

### 'V" ആകൃതിയിലുള്ള താഴ്വര

നദികളുടെ ലംബമായ ഖാദന പ്രക്രിയകളാൽ മലകളിൽ രൂപം കൊണ്ടിട്ടുള്ള ആഴമേറിയതും വിസ്തൃതവുമായ സ്ഥല പ്രകൃതിയാണ് V ആകൃതിയിലുള്ള താഴ്വര.




### ഘടദ്വാരങ്ങൾ (Pot hole)

നദിയുടെ അടിഭാഗത്തിൽ ലംബമായ ചെരിവിൽ കടഞ്ഞെടുക്കപ്പെട്ട വ്യത്യസ്തമായ ആഴവും വ്യാസവും കൊണ്ട സിലിണ്ടറാകൃതിയിലുള്ള ദ്വാരങ്ങളെയാണ് ഘടദ്വാരങ്ങൾ എന്നു പറയുന്നത്.




### മിയാൻഡറുകൾ

നദികളിൽ അവശിഷ്ടങ്ങൾ നിറഞ്ഞു കാണുമ്പോൾ അവ വളരെ മന്ദഗതിയിൽ ഒഴുകുന്നു. അതുകൊണ്ട് അവവളഞ്ഞുസഞ്ചരിക്കുന്നു.വക്രഗതിയിലൊഴുകുന്ന നദികളെയാണ് മിയാൻഡറുകൾ എന്നു പറയുന്നത്.




### ഓക്സ്ബോ തടാകങ്ങൾ

വക്രഗതിയിലൊഴുകുന്ന നദികൾ ക്രമേണ ഒരു പൂർണ്ണ വലയമായി മാറുന്നു. ഈ പൂർണ്ണവലയങ്ങൾ പ്രധാനനദിയിൽ നിന്നും പൂർണ്ണമായി വേർപെട്ട് കാണുന്നു. ഇതിനെ ഓക്സ്ബോ തടാകം എന്നു പറയുന്നു.

ഏഷ്യയിലെ ഏറ്റവും വലിയ ഓക്സ്ബോ തടാകം ബിഹാറിലുള്ള കൻവർ തടാകമാണ്. ഇത് ഒരു വലിയ ശുദ്ധജല തടാകമാണ്. അമേരിക്കയിലെ അർക്കൻസാസ് പ്രദേശത്തുള്ള സിക്കാഡ് തടാകം ലോകത്തിലെ ഏറ്റവും വലിയ ഓക്സ്ബോ തടാകമാണ്.

## നദികളുടെ നിക്ഷേപണ സ്ഥലപ്രകൃതികൾ

### എക്കൽ വിശറികൾ അഥവാ വണ്ടൽ വിശറികൾ

ഒരു വിശറിയുടെ ആകൃതിയിൽ നദി മലയടിവാരത്തിൽ നിക്ഷേപിച്ചുണ്ടാകുന്ന വണ്ടൽ സമതലങ്ങളാണിത്.

### ഓഘാകൃത സമതലം (Flood Plain)

ഒരു നദിയിൽ വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ഭാരം കുറഞ്ഞ അവശിഷ്ടങ്ങൾ നദിക്കരകളിൽ നിക്ഷേപിക്കുന്നു. ഈ നിക്ഷേപണം ആ പ്രദേശത്തെ വളക്കൂറുള്ളതാക്കി മാറ്റുന്നു. ഇതിനെ ഓഘാകൃത സമതലം എന്നു പറയുന്നു. നദിയിലെ വെള്ളപ്പൊക്കത്താൽ തുടർച്ചയായുള്ള നിക്ഷേപണം നടക്കുന്നു. അതിനാൽ നദീതീരങ്ങളുടെ ഉയരം കൂടുകയും തടബന്ധങ്ങൾ (leeves) രൂപം കൊള്ളുകയും ചെയ്യുന്നു.

### അഴിമുഖം (Estuary)

നദി സമുദ്രവുമായി ചേരുന്ന സ്ഥലത്തിൽ അഴിമുഖം രൂപം കൊള്ളുന്നു. ഇവിടെ നദികൾ കൊണ്ടുവരുന്ന എക്കൽ മണ്ണിനെ ഡൽറ്റകളെപ്പോല അഴിമുഖത്തിൽ നിക്ഷേപിക്കാൻ സാധിക്കുന്നില്ല. എന്തെന്നാൽ തിരമാലകൾ തുടർച്ചയായി നിക്ഷേപങ്ങളെ ഖാദനം ചെയ്യുന്നു. ഉദാ: നർമ്മദ, തപ്തി എന്നീ നദികൾ

### ഡൽറ്റ

നദിയുടെ മുഖദ്വാരത്തിൽ അതിന്റെ നിക്ഷേപങ്ങളാൽ രൂപം കൊണ്ടിട്ടുള്ള ത്രികോണാകൃതിയിലുള്ള ഒരു താഴ്ന്ന പ്രദേശമാണിത്. ഡൽറ്റകളിൽ ധാതുക്കളാൽ സമ്പുഷ്ടമായ മൃദുവായ എക്കൽ മണ്ണ് നിക്ഷേപം ഉണ്ട്. (ഉദാ: തമിഴ്നാട്ടിലെ കാവേരി ഡൽറ്റ)



IX Std - Geography Malayalam Unit-2.indd 172 1/27/2023 1:20:17 PM



## വസ്തുത

ഡൽറ്റ എന്ന് ഉച്ചാരണമുള്ള ഗ്രീക്ക് അക്ഷരം△ നൈൽ നദീതീരത്തെ ത്രികോണാകൃതിയിലുള്ള ഡൽറ്റയോട് സാമ്യമുണ്ട്. ഗംഗാ ബ്രഹ്മപുത്ര നദികളുടെ ഖാദനം പ്രക്രിയയാൽ രൂപംകൊള്ളുന്ന സുന്ദരവനമാണ് ലോകത്തിലെ ഏറ്റവും വലിയഡൽറ്റാപ്രദേശം.

ലോകത്തെ ഏറ്റവുമധികം അറിയപ്പെടുന്ന തിളച്ചനീരുറവ അമേരിക്കൻ ഐക്യനാടുകളിലെ വ്യോമിങ് എന്ന സ്ഥലത്തുള്ള യെല്ലോസ്റ്റോൺ ദേശീയ പാർക്കിൽ കാണപ്പെടുന്ന 'ഓൾഡ് ഫെയിത്ഫുൾ' തിളച്ച നീരുറവയാണ്

### കാർസ്റ്റ്ഭൂപ്രകൃതി

**ഭൂഗർഭജലത്തിന്റെ സമീകരണ ഹേതുക്കൾ ചുണ്ണാമ്പുപാറകളിൽ നിരവധി വൈവിധ്യമാർന്ന പ്രദേശങ്ങൾക്ക് രൂപം നൽകുന്നു. ഇതിനെ കാർസ്റ്റ് ഭൂപ്രകൃതി എന്നു പറയുന്നു.**

### (ചുണ്ണാമ്പുകൽ പ്രദേശ ഭൂപ്രകൃതി)

ഭൂഗർഭജലം ചുണ്ണാമ്പുകൽ പ്രദേശങ്ങളിൽ സജീവമായ പ്രവർത്തനത്തിന് ഹേതുവാണ്. ചുണ്ണാമ്പുകല്ല്, ഡോളമൈറ്റ് ജിപ്സം തുടങ്ങിയ വെള്ളത്തിൽ അലിയുന്ന പാറകളുടെ വിലയന പ്രക്രിയയാൽ രൂപം കൊള്ളുന്നതാണ് കാർസ്റ്റ് ഭൂപ്രകൃതി.

480 കി.മീ നീളവും 80 കി.മീ വീതിയുമുള്ള പടിഞ്ഞാറൻ സ്ലൊവേനിയയിലുള്ള ചുണ്ണാമ്പുകൽ ഭൂപ്രദേശത്തെ കാർസ്റ്റ് എന്ന് സ്ലാവിക് ഭാഷയിൽ പ്രയോഗിച്ചിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ കാർസ്റ്റ് സ്ഥലരൂപമായ നള്ളർബാർ ദ ഗ്രേറ്റ് ആസ്ട്രേലിയൻ കടൽ തീരത്ത് സ്ഥിതിചെയ്യുന്നു ദക്ഷിണ ഫ്രാൻസ്, സ്പെയിൻ, മെക്സിക്കോ ജമൈക്ക, പടിഞ്ഞാറൻ ക്യൂബ, മദ്ധ്യ ന്യൂഗിനി, ശ്രീലങ്ക, മിയാൻമർ എന്നിവിടങ്ങളിൽ കാർസ്റ്റ് സ്ഥല പ്രകൃതികൾ കാണാവുന്നതാണ്.

## വസ്തുത

### ഇന്ത്യയിലെ കാർസ്റ്റ് പ്രദേശങ്ങൾ

ഗുപ്തദാം ഗുഹകൾ - പടിഞ്ഞാറൻ ബീഹാർ. റോബർട്ട് ഗുഹയും തപ് കേഷ്വർ ക്ഷേത്രവും-ഉത്തരഖണ്ഡ് പച്മാറിയിലെ പാണ്ഡവഗുഹകൾ - മദ്ധ്യപ്രദേശം.
കുടുംസാർ -ഛത്തീസ്ഗറിലെ ബസ്താർ ജില്ല
ബോറഗുഹകൾ -വിശാഖ പട്ടണം (ആന്ധ്ര പ്രദേശം)

### ഭൂഗർഭജലത്തിന്റെ ഖാദനത്താൽ ഉണ്ടാകുന്ന സ്ഥല പ്രകൃതികൾ

ഖാദനം അധികവും വിലയന പ്രക്രിയയാൽ നടക്കുന്നു. മഴവെള്ളം കാർബൺ ഡൈ ഓക്സൈഡുമായി ചേർന്ന് ചുണ്ണാമ്പുകൽ പ്രദേശത്തിൽ കടക്കുമ്പോൾ ചുണ്ണാമ്പുപാറകളധികവും അലിയുകയും നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. തൽഫലമായി സ്ഥല പ്രകൃതികളായ ടെറാറോസ്സാ, ലപ്പീസ്, സിങ്ക്ഹോൾസ് ഊറ്റുകുഴി, ഡോളൈൻസ്, ഉവാലാസ്, പോളീസ്, ഗുഹകൾ ആഴത്തിലുള്ള ഗുഹകൾ (Caverns) എന്നിവ രൂപം കൊള്ളുന്നു.

### ടെറാ റോസ്സ (ഇറ്റാലിയൻ ഭാഷയിൽ ചെമ്മണ്ണ്)

പാറകളിലെ ചുണ്ണാമ്പ് ഭാഗങ്ങൾ അലിഞ്ഞതിനുശേഷം അവശേഷിച്ച ചെമ്മണ്ണ് ഭൂമിയുടെ ഉപരിതലത്തിൽ നിക്ഷേപിക്കപ്പെടുന്നതാണിത് ഇരുമ്പ് ഓക്സൈഡ് ഉള്ളതിനാൽ ഈ മണ്ണിന് ചുവപ്പുനിറം കൈവരുന്നു.





IX Std - Geography Malayalam Unit-2.indd 173 1/27/2023 1:20:20 PM

## ലപ്പീസ്

കരടുമുരടായ ചുണ്ണാമ്പുപാറകൾക്കിടയിലൂടെ ഭൂഗർഭജലം നെടുനീളത്തിൽ ഒഴുകുമ്പോൾ വലിയ കുഴികൾ (Furrows) രൂപം കൊള്ളുന്നു. ഇതിനെ ലപ്പീസ് എന്നു വിളിക്കുന്നു.




## സിങ്ക്ഹോൾസ്

ചുണ്ണാമ്പുകല്ലുകൾ അലിയുന്നതിലൂടെ രൂപം കൊള്ളുന്ന ഫണലാകൃതിയിലുള്ള കുഴികളെ സിങ്ക്ഹോൾ എന്നു പറയുന്നു. അവയുടെ ശരാശരി ആഴം 3 മുതൽ 9 വരെ മീറ്ററാണ്.



## ഗുഹകളും ആഴത്തിലുള്ള ഗുഹകളും (Caves and Caverns)

കാർസ്റ്റ് ഭൂപ്രകൃതിയിൽ ഭൂമിക്കടിയിലുള്ള സ്ഥലരൂപങ്ങളാണ് ഗുഹകളും ആഴത്തിലുള്ള ഗുഹകളും കാർബൺഡൈ ഓക്സൈഡ് വെള്ളവുമായി ചേർന്ന് കാർബോണിക്ക് അമ്ലമാകുന്നു. ഇവ ചുണ്ണാമ്പു പാറകളെ അലിയിക്കുന്നതിനാൽ പൊള്ളയായ സ്ഥലരൂപങ്ങളായ ഗുഹകൾ രൂപം കൊള്ളുന്നു. അവ ആകൃതിയിലും വലിപ്പത്തിലും വ്യത്യാസപ്പെടുന്നു. ക്രമമല്ലാത്ത നിലത്തോടുകൂടിയ ഗുഹകളാണ് ആഴത്തിലുള്ള ഗുഹകൾ. ഉദാ: പശ്ചിമ ബിഹാറിലെ ഗുപ്തദാം ഗുഹകൾ.

ഗുഹകളിലും ആഴമേറിയ ഗുഹകളിലുമുള്ള ആകെ നിക്ഷേപങ്ങളെ **ട്രാവർടൈൻ, ടുഫ, ഡ്രിപ്സ് സ്റ്റോൺ** എന്നിവ ഉൾപ്പെടുന്ന **സ്പീലിയോ തേംസ്** എന്നറിയപ്പെടുന്നു.

കാർസ്റ്റ് ഭൂപ്രകൃതികൾ അധികമുള്ള ലോകത്തിന്റെ ഇതരഭാഗങ്ങളിൽ കാണപ്പെടുന്ന ഖാദനം കൊണ്ടുള്ള സ്ഥലരൂപങ്ങൾ ഊറ്റുകുഴി, ഉവാലകൾ, ഡോളൈൻസ്, പോൾജിസ്, എന്നിവയാണ്.



ഗുഹ

**നിങ്ങൾക്ക് അറിയാമോ?**

2172 അടി ആഴമുള്ള ചൈനയിലെ സിയാൻസായ് ടിയൻകാങ് ആണ് ലോകത്തിലെ ഏറ്റവും ആഴംകൂടിയ സിങ്ക്ഹോൾ. ഇല്യനോസിൽ ഏകദേശം 15000 സിങ്ക് ഹോളുകളുണ്ട്.

### പ്രവർത്തനം

ഒരു വലിയ സ്ഫടിക ജാറിൽ മണൽ നിറയ്ക്കുക. മദ്ധ്യത്തിൽ ഒരു ഭാഗം മണൽ നീക്കി അവിടെ പഞ്ചസാര നിറയ്ക്കുക. എന്നിട്ട് പഞ്ചസാരയ്ക്ക് മുകളിലുള്ള മണലിനെ നിരപ്പാക്കുക. ജാറിൽ വെള്ളമൊഴിക്കുക. എന്നിട്ട് എന്തു സംഭവിക്കുന്നുവെന്ന് നിരീക്ഷിക്കുക. പഞ്ചസാര അലിഞ്ഞ് അവിടെ ഒരു കുഴി രൂപപ്പെടുന്നു. ഇത് സിങ്ക് ഹോളിന്റെ രൂപീകരണത്തിന് സദൃശമാണ്.

### വസ്തുത

ഗുഹയിലെ പ്രാണികൾക്ക് കാഴ്ച ശക്തി നഷ്ടപ്പെടുന്നതിനാൽ അവയുടെ പരിഹാരമായി പ്രത്യേകിച്ച് നീളത്തിലുള്ള ഒരു സ്പർശിനി രൂപം കൊള്ളുന്നു.



IX Std - Geography Malayalam Unit-2.indd 174 1/27/2023 1:20:23 PM

### ഭൂഗർഭജലത്തിന്റെ നിക്ഷേപണത്താൽ രൂപം കൊള്ളുന്ന സ്ഥലരൂപങ്ങൾ

കാർസ്റ്റ് ഭൂപ്രകൃതിയിലെ ഗുഹകളിലും ആഴത്തിലെ ഗുഹകളിലും നിലം, മേല്ത്തട്ട് പാർശ്വഭിത്തികൾ എന്നിവിടങ്ങളിൽ നിക്ഷേപങ്ങളാൽ സവിശേഷതയാർന്ന നിരവധി സ്ഥലരൂപങ്ങൾ ഉണ്ടാകുന്നുവെന്നത് രസകരമായ ഒരറിവാണ്.

## സ്റ്റാലക്റ്റൈറ്റ്, സ്റ്റാലക്മൈറ്റ്, സ്തംഭങ്ങൾ

കാൽസൈറ്റ് അലിഞ്ഞു ചേർന്ന വെള്ളം ഗുഹയുടെ മേല്ത്തട്ടിൽ നിന്നു ഇറ്റിറ്റുവീഴുമ്പോൾ വെള്ളം നീരാവിയാകുന്നു. അവശേഷിച്ച കാൽസൈറ്റ് മേൽത്തട്ടിൽ തൂങ്ങിക്കിടക്കുന്നു. ഇപ്രകാരം **സ്റ്റാലക്റ്റൈറ്റുകൾ** ഉണ്ടാകുന്നു. ചിലപ്പോൾ കാൽസൈറ്റ് നിക്ഷേപങ്ങൾ മുകളിലേയ്ക്ക് ഉയർന്ന ഒരു സ്തംഭം പോലെ **സ്റ്റാലക്സ്മൈറ്റുകൾ** ഉണ്ടാക്കുന്നു. ചിലപ്പോൾ സ്റ്റാലക്റ്റൈറ്റും സ്റ്റാലക്മൈറ്റും കൂടി ചേർന്ന് **സ്തംഭങ്ങൾ** രൂപം കൊള്ളുന്നു.



## ഹിമനദികൾ

മഞ്ഞുക്കൂമ്പാരത്തിൽ നിന്നും മഞ്ഞുക്കട്ടകൾ സാവധാനത്തിൽ നിലത്തിലൂടെ സഞ്ചരിക്കുന്നതിനെ ഹിമനദി എന്നു പറയുന്നു. മഞ്ഞുക്കട്ടകൾ കൂടിക്കിടക്കുന്ന സ്ഥലത്തെ മഞ്ഞുപാടം (Snow field) എന്നു പറയുന്നു. **വലിയ ഉയരങ്ങളിലും അഥവാ ഉയർന്ന അക്ഷാംശത്തിലും സ്ഥിരമായി മഞ്ഞുറഞ്ഞു കാണപ്പെടുന്ന സ്ഥലത്തെ ഹിമരേഖ (Snow line) എന്നു പറയുന്നു.** ഉയർന്ന അക്ഷാംശത്തിലേയ്ക്കു പോകുന്തോറും ഹിമരേഖയുടെ ഉയരം കടൽ നിരപ്പിൽ നിന്നും കുറയുന്നു.

മഞ്ഞുകട്ടികൾ ക്രമേണ മഞ്ഞുതരികളായിമാറുന്നു. ഈ മഞ്ഞുതരികളെ ഫീൻ അഥവാ നീവ് എന്ന് വിളിക്കുന്നു. വീണ്ടും ഇത് ഇഴുകിച്ചേർന്ന് മഞ്ഞുകട്ടകൾ (Solid Glacial ice) ആയിമാറുന്നു.

**ചിന്തിക്കാനുള്ള ചോദ്യം**

ആൽപ്സ് മലയിലെ ഹിമരേഖയുടെ ഉയരം 2700 മി. എന്നാൽ ഗ്രീൻലാന്റിൽ അത് വെറും 600 മീറ്റർ മാത്രമാണ്. കാരണമെന്തെന്ന് അറിയുക.

**പ്രവർത്തനം**

**കൃത്രിമ മഞ്ഞ് ഉണ്ടാക്കുന്ന വിധം**

*ആവശ്യമായ വസ്തുക്കൾ*

- ഒരു കപ്പ് ബേക്കിംഗ് സോഡ
- ഷേവിങ് ക്രീം

*രീതി*

- ഒരു കപ്പ് ബേക്കിംഗ് സോഡയെ ഒരു പാത്രത്തിൽ ഇടുക
- അതിൽ ഷേവിങ് ക്രീമിനെ ചേർക്കുക

ഉടൻതന്നെ മഞ്ഞുണ്ടാകുന്നത് കാണാവുന്നതാണ്.

### ഒരു ഹിമനദിയുടെ ഖാദനത്താലുണ്ടാകുന്ന സ്ഥലരൂപങ്ങൾ

ഹിമനദികൾക്ക് അതിശക്തമായ ഖാദന ശേഷിയുണ്ട്. അയവുടെ ഖാദനം കൊണ്ടുണ്ടാകുന്ന ചിലസ്ഥലരൂപങ്ങളാണ് സിർക്യൂ, ആരിറ്റസ്, 'V' ആകൃതിയിലുള്ള താഴ്വര തൂങ്ങും താഴ്വര, മേറ്റർ ഹോൺ, ഫിയോർഡുകൾ എന്നിവ

## സിർക് (Cirque)

ഹിമനദികൾ ചെങ്കുത്തായ ചരിവുള്ള പാർശ്വഭിത്തികളെ അരിച്ച് കുഴികൾ ഉണ്ടാക്കുന്നു. കസേര പോലുള്ള ആകൃതിയോടുകൂടിയ കുഴികളെ സിർക്ക് എന്നു പറയുന്നു.

## ആരിറ്റസ് (Aretes)

രണ്ട് സിർക്യൂകൾ എതിർദിശകളിൽ അതായത് പിറകോട് പിറക് ചേരുമ്പോൾ വീതികുറഞ്ഞ കത്തിപോലെ കൂർമ്മയുള്ള ആകൃതിയാൽ കാണപ്പെടുന്ന സ്ഥലരൂപത്തെ ആരിറ്റസ് എന്നു പറയുന്നു.

## മാറ്റർഹോൺ

മൂന്ന് സിർക്കുകൾ ചേരുന്ന സ്ഥലത്ത് പിരമിഡ് പോലെ ശിഖരങ്ങൾ രൂപം കൊള്ളുന്നു. ഇതിനെ മാറ്റർഹോൺ എന്നു പറയുന്നു.



IX Std - Geography Malayalam Unit-2.indd 175 1/27/2023 1:20:23 PM

### 'U' ആകൃതിയിലുള്ള താഴ്വര

നദി താഴ്വരയിലൂടെ ചലിക്കുന്ന ഒരു ഹിമനദി താഴ്വരയെ ആഴത്തിലും വീതിയിലും ഖാദനം ചെയ്യുന്നതിനാൽ 'U' ആകൃതിയിലുള്ള താഴ്വര ഉണ്ടാകുന്നു.

### തൂങ്ങും താഴ്വര

ഹിമനദിയുടെ പോഷകനദികൾ ഖാദനം ചെയ്ത് പ്രധാന താഴ്വരയിലേയ്ക്ക് തൂങ്ങി നില്ക്കുന്ന താഴ്വരകൾ സൃഷ്ടിക്കുന്നു.



ഹിമനദിയാലുള്ള ഭൂപ്രകൃതി

### ഫിയോർഡ്

ഭാഗികമായി സമുദ്രത്തിലാണ്ട ഹിമനദി താഴ്വരയെ ഫിയോർഡുകൾ എന്നുപറയുന്നു.



## ഹിമനദിയുടെ നിക്ഷേപണ സ്ഥലപ്രകൃതികൾ

ഹിമനദികളാൽ കൊണ്ടുവരപ്പെട്ട സൂക്ഷ്മ അവശിഷ്ടങ്ങൾ, പാറക്കഷ്ണങ്ങൾ, ഉരുളൻ പാറകൾ എന്നിവയെ ഹിമനദി അവശിഷ്ടങ്ങൾ എന്നു പറയുന്നു. ഈ അവശിഷ്ടങ്ങൾ താഴ്ന്ന സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതിനാൽ മൊറൈൻ, ഡ്രംലിൻ, എസ്ക്കർ, കെയിംസ്, ഹിമനദീസമതലങ്ങൾ എന്നിവ രൂപം കൊള്ളുന്നു.

### മൊറൈൻ

ഹിമനദിയുടെ നിക്ഷേപണ പ്രക്രിയയാൽ രൂപപ്പെടുന്ന സ്ഥലരൂപങ്ങളെ മൊറൈൻ എന്നു വിളിക്കുന്നു. അവ രൂപപ്പെടുന്ന സ്ഥാനമനുസരിച്ച് ഭൂതലമൊറൈൻ, അന്തസ്ഥമൊറൈൻ പാർശ്വസ്ഥ മൊറൈൻ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.



### ഡ്രംലിൻ (Drumlin)

കമിഴ്ത്തി വെച്ചിട്ടുള്ള വളരെവലിയ കരണ്ടിയെപ്പോലെയോ അല്ലെങ്കിൽ പകുതിയായി മുറിച്ച മുട്ടയെപ്പോലെയോ കാണുന്ന മൊറൈനുകളെ ഡ്രംലിൻ എന്നു പറയുന്നു.

### എസ്ക്കർ (Esker)

മഞ്ഞുനദികൾ ഉരുകുന്നതിനാൽ അവ കൊണ്ടുവരുന്ന ഉരുളൻ കല്ലുകളും ചരൽക്കല്ലുകളും മണലും ഒരു നീണ്ട കൂറിയ കുന്നിൽ ശ്രേണി പോലെ ഹിമനദിക്കു സമാന്തരമായി നിക്ഷേപിക്കപ്പെട്ട് രൂപീകൃതമാകുന്ന തുടർച്ചയായ കുന്നുകളാണ് എസ്ക്കറുകൾ എന്നു പറയുന്നത്.

### ഹിമനദി എക്കൽ സമതലം (Outwash Plain)

ചിത്രം : ഹിമനദീ എക്കൽ സമതലം

ഹിമനദികൾ അതിന്റെ അവസാന ഘട്ടത്തിൽ ഉരുകുന്നതിനാൽ അത് വഹിച്ചുകൊണ്ടു വരുന്ന എക്കൽ നിക്ഷേപിക്കുന്നതിലൂടെ ഈ സമതലം രൂപം കൊള്ളുന്നു. ഇവിടത്തെ നിക്ഷേപങ്ങളിൽ മണൽ, ചരൽ കല്ലുകൾ, എക്കൽ എന്നിവ നിറഞ്ഞുകാണുന്നു.





IX Std - Geography Malayalam Unit-2.indd 176 1/27/2023 1:20:25 PM

## പ്രവർത്തനം

ആഗോളതാപനത്താൽ ഹിമനദികൾ എത്ര മാത്രം വേഗത്തിലാണ് ഉരുകുന്നത്? ചെറിയ സംഘങ്ങളായി ചർച്ച ചെയ്യുക.

### കാറ്റ് (Wind)

ഭൂമിയുടെ ഉപരിതലത്തിലോ അതിന് സമീപത്തിലോ വായു തിരശ്ചീനമായി വീശുന്നതിനെ കാറ്റ് എന്നു പറയുന്നു. ഖാദനം, പരിവഹനം, നിക്ഷേപണം എന്നീ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്ന കാറ്റ് അധികവും വരണ്ട പ്രദേശത്താണ് ഉള്ളത്. കാറ്റിന്റെ ഈ പ്രവർത്തനങ്ങളെ അയോളിയൻ പ്രക്രിയ എന്നു പറയുന്നു.

### കാറ്റിന്റെ ഖാദനത്താൽ രൂപം കൊള്ളുന്ന സ്ഥല പ്രകൃതികൾ

കാറ്റിന്റെ ഖാദനത്താൽ രുപീകൃതമാകുന്ന സ്ഥലരൂപങ്ങളാണ് കുമിൾ പാറകൾ (Mushroom rocks) ഇൻസൽബർഗ് (Insel berg) യാർടങ് (Yardang) എന്നിവ

**കുമിൾ പാറകൾ (Mushroom rocks)**

കഠിന ശിലകൾ, മൃദ്യശിലകൾ എന്നീ അടുക്കുകളുള്ളവയാണ് പാറകൾ ഒരു പാറയുടെ അടിഭാഗത്ത് മൃദുപാറകളാണെങ്കിൽ അവയിൽ മണൽ വഹിക്കുന്ന കാറ്റ് വിശുന്നതിനാൽ അവ അരിക്കപ്പെടുന്നു. തുടർച്ചയായ ഈ ഖാദന പ്രക്രിയ കൊണ്ട് അതിന്റെ അടിഭാഗം അരിക്കപ്പെട്ട് കുമിൾപോലെയുള്ള ഘടന ഉണ്ടാകുന്നു. ഇതിനെ കുമിൾപാറ അഥവാ പീഠപാറകൾ (Pedestal rocks) എന്നു പറയുന്നു. ഇത്തരം പാറകൾ രാജസ്ഥാനിലുള്ള ജോത്പൂരിൽ കാണപ്പെടുന്നു.



**ഇൻസൽബർഗ്** (Inselburg)

ഇൻസൽബർഗ് എന്നത് ഒരു ജർമ്മൻ പദമാണ്. അതിനർത്ഥം ദ്വീപു മല എന്നാണ്. വരണ്ട പ്രദേശങ്ങളിൽ കാണപ്പെടുന്ന ആഗ്നേയശിലകൾ (കഠിനമായ പാറകൾ) കാറ്റിന്റെ പ്രവർത്തനത്തെ വളരെയധികം പ്രതിരോധിക്കുന്നതാണ്. അത്തരത്തിൽ ചുറ്റുപാടുകളിൽ നിന്നും വേറിട്ട കീഴ്ക്കാം തുക്കായ മലകൾ രൂപം കൊള്ളുന്നു. ഇതിനെ ഇൻസെൽബർഗ് എന്നു പറയുന്നു. ഉദാ : ആസ്ട്രേലിയയിലെ ഉലുരു അഥവാ അയർസ് പാറ



**യാർദങ്ങ്** (Yardang)

വരണ്ട പ്രദേശങ്ങളിൽ ചില പാറകൾ കഠിനവും മൃദുവുമായ അടുക്കുകളാൽ ലംബമായി ക്രമീകരിച്ചിരിക്കും. കാറ്റ് ഇവയ്ക്ക് മുകളിലൂടെ വീശുമ്പോൾ മൃദുപാറ അരിക്കപ്പെട്ട് അവശേഷിച്ച കഠിനപാറകൾ ശിഖപോലുള്ള രൂപം കൈവരിക്കുന്നു. ഇവയെ യാർദങ്ങുകൾ എന്നു പറയുന്നു.



### കാറ്റിന്റെ നിക്ഷേപത്താലുള്ള സ്ഥല പ്രകൃതികൾ

മണൽക്കൂനകൾ, ബർകാൻ, ലോയസ്സ് എന്നിവ കാറ്റിനാൽ നിക്ഷേപിക്കപ്പെട്ട സ്ഥലപ്രകൃതികളാണ്.

**മണൽക്കൂനകൾ**

മരുഭൂമികളിൽ വീശുന്ന മണൽ കൊടുങ്കാറ്റുകൾ വൻ തോതിൽ മണലിനെ വഹിച്ചുകൊണ്ടു പോവുന്നു. കാറ്റിന്റെ വേഗത കുറയുമ്പോൾ വഹിച്ചുകൊണ്ടു പോകുന്ന മണൽ വൻതോതിൽ കുന്നു പോലെ നിക്ഷേപ



IX Std - Geography Malayalam Unit-2.indd 177 1/27/2023 1:20:26 PM

ിക്കുന്നു. ഇങ്ങനെ കുന്നു പോലെ കാണുന്നവയ ാണ് മണൽ ക്കൂനകൾ ഇവയെ നിരവധി വിഭാ ഗങ്ങളായി തരം തിരിച്ചിട്ടുണ്ട്.

**ബർക്കൻ**

ചന്ദ്രക്കലയുടെ ആകൃതിയിൽ വേറിട്ട് കാണുന്ന ഒരു മണൽക്കൂനയാണിത്. അവയ്ക്ക് കാറ്റിനനുകൂല ദിശയിൽ മിതമായ ചരിവും കാറ്റിനെതിർദിശയിൽ ലംബമായ ചരിവും കാണപ്പെടുന്നു.



**അനുപ്രസ്ഥ മണൽക്കൂനകൾ** (Transverse dunes)

ക്രമരഹിതമായ ആകൃതിയിൽ കാണപ്പെടുന്ന മണൽക്കൂനകളാണിവ, കാറ്റ് വേഗത്തിലും മിതമായും മാറിമാറി ഒരേ ദിശയിൽ വീശുമ്പോൾ അനുപ്രസ്ഥ മണൽക്കൂനകൾ രൂപം കൊള്ളുന്നു.




**അനുദൈർഘ്യ മണൽക്കൂനകൾ**
(Longitudinal dunes)

അനുദൈർഘ്യ മണൽക്കൂനകൾ കുറിയ മണൽ ശ്രേണികളായി നീണ്ട് കാണപ്പെടുന്നു. ഈ മണൽക്കൂനകൾ കാറ്റുവീശുന്ന ദിശയ്ക്ക് സമാന്തരമായി സ്ഥിതിചെയ്യുന്നു. ഇവയെ സഹാറയിൽ സീഫ് എന്ന് വിളിക്കപ്പെടുന്നു.

**അനുദൈർഘ്യ മണൽക്കൂനകൾ**




**ലോയസ്സ്** (Loess)

മൃദുവും സൂക്ഷ്മവുമായ മണൽ കണികകൾ വളരെ വിശാലമായ പ്രദേശത്തിൽ നിക്ഷേപിക്കപ്പെടുന്നതാണ് ലോയസ്സ്. ചൈനയുടെ വടക്കും പടിഞ്ഞാറും ഭാഗങ്ങൾ അർജന്റീനയിലെ പാമ്പാസ്, ഉക്രൈൻ, അമേരിക്കൻ ഐക്യനാടുകളിലെ മിസ്സിസിപ്പി താഴ്വര എന്നിവിടങ്ങളിൽ വളരെ വിശാലമായ ലോയസ്സ് നിക്ഷേപങ്ങൾ കാണാം.






ലോകത്തിലെ ഘനമേറിയ ലോയസ്സ് നിക്ഷേപം ചൈനയിലെ ലോയസ്സ് പീഠഭൂമിയിൽ സ്ഥിതി ചെയ്യുന്നു. ഇതിന്റെ ഉയരം 335 മീറ്ററാണ്.

**തിരമാലകൾ**

ഉപരിതല ജലത്തിന്റെ മോലോട്ടും താഴോട്ടുമുള്ള തുടർച്ചയായ ചലനമാണ് തിരമാലകൾ വളരെ കുറുകിയ കടൽതീരത്തിൽ മാത്രമായി ഖാദനം, പരിവഹനം, നിക്ഷേപണം എന്നീ പ്രക്രിയകൾ നടത്തുന്ന അതി ശക്തമായ ഘടകങ്ങളാണ് സമുദ്രത്തിലെ തിരമാലകൾ.



IX Std - Geography Malayalam Unit-2.indd 178 1/27/2023 1:20:28 PM

### തിരമാലകളുടെ ഖാദനത്താലുള്ള സ്ഥലരൂപങ്ങൾ

കടലിലെ ചെങ്കുത്തുപ്പാറ, കടൽഗുഹ, സമുദ്രകമാനങ്ങൾ, കടൽക്കുറ്റികൾ, കടൽത്തീരം, രോധികൾ, ഭൂശിരസ്സ്, എന്നീ സമുദ്ര തിരമാലകളുടെ ഖാദന സ്ഥലരൂപങ്ങളിൽ ചിലതാണ്.

**1. കടലിലെ ചെങ്കുത്തുപ്പാറകൾ** (Sea cliffs)

കടലിലേയ്ക്ക് തള്ളിനില്ക്കുന്ന പാറകൾക്കുമേൽ സമുദ്രതിരമാലകൾ അടിക്കുന്നതിനാൽ ആ പാറകൾ ഖാദനം ചെയ്യപ്പെട്ട് വലിയ ചെങ്കുത്തുപാറകൾ രൂപം കൊള്ളുന്നു. ചെങ്കുത്തായ ഭിത്തിപോലെ കാണപ്പെടുന്ന ഈ പാറകളെ ചെങ്കുത്തുപ്പാറ എന്നു പറയുന്നു.

**2. കടൽഗുഹകൾ**

ഒരു ചെങ്കുത്തുപ്പാറയുടെ അടിഭാഗം സമുദ്രതിരമാലകളാൽ തുടർച്ചയായി ആക്രമിക്കപ്പെട്ടാൽ പാറകളിലെ വസ്തുക്കൾ അരിക്കപ്പെട്ട് കടൽഗുഹകൾ രൂപം കൊള്ളുന്നു.

**3. സമുദ്രകമാനങ്ങൾ**

അടുത്തടുത്തുള്ള രണ്ട് കടൽ ഗുഹകളുടെ നീണ്ട പ്രദേശങ്ങൾ ഒന്നായിച്ചേർന്ന് അവ കമാനാകൃതി സൃഷ്ടിക്കുന്നു. ഈ കമാനങ്ങൾ സമുദ്ര കമാനങ്ങൾ എന്നറിയപ്പെടുന്നു. ഉദാ: നീൽ ദ്വീപ്, ആന്റമാൻ നിക്കോബാർ)



**4. കടൽക്കുറ്റി**

സമുദ്രകമാനങ്ങൾ വീണ്ടും ഖാദനം ചെയ്യപ്പെടുമ്പോൾ അതിന്റെ കമാന പ്രദേശം ഉടഞ്ഞു വീഴുന്നു. ഇപ്രകാരം ഉടഞ്ഞ കമാനത്തിന്റെ ഒരു ഭാഗം സമുദ്രത്തെ നോക്കി സ്ഥിതി ചെയ്യുന്നു. ഇതിനെ കടൽക്കുറ്റി എന്നു പറയുന്നു. ഉദാ: സ്കാട്ട്ലാണ്ടിലുള്ള ഓൾഡ് മാൻ ഓഫ് ഹോയ്! (Old man of hoy).

**5. അലനിർമ്മിത തിട്ട**

ചെങ്കുത്തുപ്പാറകളുടെ അടിഭാഗത്തു കാണപ്പെടുന്ന പരന്ന ഉപരിതലത്തെ അലനിർമ്മിത തിട്ട എന്നു പറയുന്നു. അലനിർമ്മിത തിട്ടകൾ ബീച്ച്, ഷെൽഫ്, മേൽത്തട്ട്, സമതലം എന്നും വിളിക്കപ്പെടുന്നു.

### തിരമാലകളുടെ നിക്ഷേപ സ്ഥലരൂപങ്ങൾ

**കടൽത്തീരം**

കടൽത്തിരമാലകളാൽ ഖാദനം ചെയ്യപ്പെട്ട മണൽ, ചരൽ, എന്നിവ കടലോരത്തിൽ നിക്ഷേപിക്കപ്പെട്ടതിനാൽ രൂപം കൊണ്ട സ്ഥലരൂപമാണ് കടല്ക്കര. ഇത് സമുദ്രത്തിന്റെ ഏറ്റവും പ്രധാനവും നിർമ്മാണാത്മകവുമായ ഒരു പ്രവൃത്തിയാണ്. ഉദാ: മുംബൈയിലെ ജുഹു കടല്ക്കര, ചെന്നൈയിലെ മറീന കടല്ക്കര, ഒഡീഷയിലെ പുരി കടല്ക്കര.

**രോധികൾ** (Bars)

കടല്ക്കരയിൽ മണൽ നിക്ഷേപങ്ങളാൽ രൂപം കൊണ്ട ദൈർഘ്യമേറിയ സ്ഥലരൂപമാണ് രോധികൾ അഥവാ മണൽത്തിട്ടുകൾ. ഇവ അധികവും കടല്ക്കരയ്ക്ക് സമാന്തരമായി കാണുന്നതാണ്.



**ഭൂശിരസ്സ്**

മണൽത്തിട്ടയുടെ (രോധി) ഒരഗ്രം നിലത്തോടു ചേർന്നു മറ്റെ അഗ്രം കടലിനെ നോക്കി നീണ്ടുകാണപ്പെടും. ഈദൈർഘ്യ മേറിയ സ്ഥലരൂപം നീണ്ട മണൽതിട്ട അഥവാ ഭൂശിരസ്സ് എന്നറിയപ്പെടുന്നു. ഇവ അധികവും അഴിമുഖ പ്രദേശത്ത് കാണുന്നുണ്ട്. ആന്ധ്രയിലെ കാകിനാഡയിൽ ഈ സ്ഥലരൂപം കാണാവുന്നതാണ്.





IX Std - Geography Malayalam Unit-2.indd 179 1/27/2023 1:20:30 PM

## സംഗ്രഹം

- സമമല്ലാത്ത ഉപരിതലത്തെ സമമാക്കുന്ന പ്രക്രിയയെ സമീകരണം (Gradation)എന്നു പറയുന്നു.
- പാറകളുടെ ശിഥിലീകരണത്തെ അപക്ഷയം എന്നു വിളിക്കുന്നു.
- അപക്ഷയങ്ങളെ ഭൗതിക രാസ, ജൈവ അപക്ഷയങ്ങൾ എന്നു മൂന്നായി തിരിക്കാവുന്നതാണ്.
- ഒഴുകുന്ന ജലം, ഹിമനദി, ഭൂഗർഭജലം,കാറ്റ് തിരമാലകൾ എന്നിവ അപക്ഷയത്തിന്റെ ഹേതുക്കളാണ്.
- ഭൂമിയുടെ ഉപരിതലത്തിൽ അപക്ഷയത്താൽ രൂപം കൊണ്ട ആവരണമാണ് മണ്ണ്.

## അഭ്യാസം

### I. ശരിയായ ഉത്തരം കണ്ടെത്തുക.

1. പാറകളുടെ ശിഥിലീകരണം അഥവാ വിഘടനം പൊതുവായി അറിയപ്പെടുന്നത്?
(a) അപക്ഷയം (b) ഖാദനം
(c) പരിവഹനം (d) നിക്ഷേപണം

2. പ്രകൃത്യാലുള്ള ഘടകങ്ങളാൽ നിലത്തെ സമമാക്കുന്ന പ്രക്രിയ
(a) നിക്ഷേപണ സമീകരണം
(b) ഖാദന സമീകരണം
(c) സമീകരണം
(d) ഇവയൊന്നുമല്ല

3. നദി താഴ്ന്ന സ്ഥലങ്ങളിലൂടെ ഒഴുകുന്ന പ്രദേശത്തിൽ കാണുന്ന സ്ഥലരൂപം
(a) നീർച്ചാട്ടം (b) എക്കൽവിശറി
(c) ഡൽറ്റ (d) മലയിടുക്ക്

4. കാർസ്റ്റ് ഭൂപ്രകൃതി ഉണ്ടാക്കുന്നത് ..... ന്റെ പ്രവർത്തനത്താലാണ്
(a) ഹിമനദി (b) കാറ്റ്
(c) കടൽത്തിരമാലകൾ (d) ഭൂഗർഭജലം

5. താഴെ കൊടുത്തിട്ടുള്ളവയിൽ ഹിമനദിയുടെ നിക്ഷേപത്താൽ രൂപം കൊള്ളാത്ത സ്ഥലപ്രകൃതി ഏത്?
(a) സിർക്ക് (b) മൊറൈൻ
(c) ഡ്രംലിൻ (d) എസ്ക്കർ

6. കാറ്റിനാൽ മൃദുമണ്ണ് വഹിക്കപ്പെട്ട് നിക്ഷേപിച്ചുണ്ടാകുന്ന സ്ഥലരൂപം
(a) ലോയസ്സ് (b) ബർക്കൻസ്
(c) ഹമാഡ (d) റിപ്പിൾസ്

7. കടൽക്കുറ്റി ഉണ്ടാകുന്നത് ..... നാലാണ്
(a) തിരമാലകളുടെ ഖാദനം
(b) നദികളുടെ ഖാദനം
(c) ഹിമനദികളുടെ ഖാദനം
d) കാറ്റിനാലുള്ള നിക്ഷേപം

8. ..... ഖാദനത്താൽ സിർക്ക് രൂപം കൊള്ളുന്നു.
(a) കാറ്റ് (b) ഹിമനദി
(c) നദി (d) ഭൂഗർഭജലം

### II. ചേരും പടി ചേർക്കുക

1. ഉപനദികൾ - ഹിമനദീ പ്രവർത്തനങ്ങൾ
2. കുമിൾപ്പാറകൾ - കടൽത്തിരമാലകളുടെ പ്രവർത്തനം
3. എസ്ക്കർ - ഒരു നദിയുടെ താഴ്ന്ന സ്ഥലത്തെ ഗതി
4. സ്റ്റാലക്റ്റൈറ്റ്സ് - അയോലിയൻ പ്രക്രിയ
5. ചെങ്കുത്തുപാറ - കാർസ്റ്റ് ഭൂപ്രകൃതി

### III. തന്നിട്ടുള്ള പ്രസ്താവനയെ വായിച്ച് അനുയോജ്യമായ ഉത്തരങ്ങൾ കണ്ടുപിടിക്കുക.

i 1. 'I' ആകൃതിയിലുള്ള താഴ്വര നദിയുടെ ഖാദന പ്രവർത്തനത്താലുണ്ടാകുന്നു.
2. 'U' ആകൃതിയുള്ള താഴ്വര ഹിമനദിയുടെ ഖാദന പ്രവർത്തനത്താലുണ്ടാകുന്നു.
3. 'V' ആകൃതിയുള്ള താഴ്വര ഹിമനദിയുടെ ഖാദന പ്രവർത്തനത്താലുണ്ടാകുന്നതാണ്.
(a) (i), (ii), (iii) എന്നിവ ശരിയാണ്
(b) (i), (ii) എന്നിവ ശരിയാണ്
(c) (i), (iii) എന്നിവ ശരിയാണ്
(d) (iii) മാത്രം ശരിയാണ്

(ii) **പ്രസ്താവന (I)** ഒഴുക്കു ജലം സമീകരണത്തിന്റെ ഒരു പ്രധാന ഹേതുവാണ്.
**പ്രസ്താവന (ശശ)** ഒരു നദിയുടെ പ്രവർത്തനം അതിന്റെ ചരിവിനെ ആശ്രയിച്ചിരിക്കും
(a) പ്രസ്താവന (i) തെറ്റും (ii) ശരിയുമാണ്
(b) പ്രസ്താവന (i) ഉം (ii) ഉം തെറ്റാണ്
(c) പ്രസ്താവന (i) ശരിയും (ii) തെറ്റുമാണ്
(d) പ്രസ്താവന (i) ഉം (ii) ഉം ശരിയുമാണ്



IX Std - Geography Malayalam Unit-2.indd 180 1/27/2023 1:20:30 PM

(iii) **പ്രസ്താവന** : ചുണ്ണാമ്പുകൽ പ്രദേശത്തിൽ ഭൂഗർഭജലം കുറവാണ്

**കാരണം :** ചുണ്ണാമ്പുകല്ലിലൂടെ വെള്ളം താഴെയ്ക്കിറങ്ങുന്നില്ല.

(a) പ്രസ്താവന ശരിയും കാരണം തെറ്റുമാണ്

(b) പ്രസ്താവന തെറ്റും കാരണം ശരിയുമാണ്

(c) പ്രസ്താവനയും കാരണവും തെറ്റാണ്

(d) പ്രസ്താവനയും കാരണവും ശരിയാണ്

## IV. ഉത്തരം ചുരുക്കി എഴുതുക

1. അപക്ഷയം എന്നാലെന്ത്?
2. ജൈവ അപക്ഷയം എന്നാലെന്ത്?
3. ഒരു നദിയുടെ മൂന്ന് ഗതികളും അവയോരോന്നും സൃഷ്ടിക്കുന്ന സ്ഥലപ്രകൃതികളിൽ രണ്ടു വീതവും എഴുതുക.
4. ഓക്സ് -ബോ തടാകങ്ങൾ എന്നാലെന്ത്?
5. സമുദ്രകമനാങ്ങൾ ഗുഹകളിൽ നിന്നും എപ്രകാരം വ്യത്യാസപ്പെടുന്നു?
6. ഇന്ത്യയിൽ കാണപ്പെടുന്ന ഏതെങ്കിലും നാല് കാർസ്റ്റ് ഭൂപ്രകൃതി പ്രദേശങ്ങളെഴുതുക?
7. തൂങ്ങും താഴ്വര കൊണ്ടർത്ഥമാക്കുന്നതെന്ത്?
8. നിർവചിക്കുക : (a) മൊറൈൻ (b) ഡ്രംലിൻ (c) എസ്ക്കർ
9. കാറ്റിന്റെ ഖാദനത്താലുള്ള സ്ഥലപ്രകൃതികളുടെ പട്ടിക തയ്യാറാക്കുക.
10. അലനിർമ്മിത തിട്ട എന്നാലെന്ത്?

## V. കാരണങ്ങൾ നല്കുക

1. ചൂടേറിയ ഈർപ്പമുള്ള സ്ഥലങ്ങളിൽ രാസ അപക്ഷയം അധികം നടക്കുന്നു.
2. ഡൽറ്റകളെക്കാൾ അഴിമുഖങ്ങളിൽ എക്കൽ നിക്ഷേപം കുറവാണ്
3. കാറ്റിന് ഒരു പാറയുടെ എല്ലാ വശങ്ങളെയും ഖാദനം ചെയ്യാൻ കഴിയുന്നതാണ്

## VI. വ്യത്യാസങ്ങൾ എഴുതുക

1. ഭൗതിക അപക്ഷയവും രാസ അപക്ഷയവും
2. ഡൽറ്റയും അഴിമുഖവും
3. സ്റ്റാലക്റ്റൈറ്റും സ്റ്റാലക്മൈറ്റും
4. അനുദൈർഘ്യമണൽക്കൂനകളും അനുപ്രസ്ഥ മണൽക്കൂനകളും
5. ഇൻസൽബർഗും യാർദാങ്ങുകളും
6. ഭൂശിരസ്സും രോധികളും

## VII. ഖണ്ഡികയിൽ ഉത്തരമെഴുതുക

1. അപക്ഷയത്തെക്കുറിച്ചൊരു കുറിപ്പെഴുതി അവയുടെ വകഭേദങ്ങളെ വിശദമാക്കുക.
2. ഭൂഗർഭ ജലത്തിന്റെ ഖാദനത്താൽ രൂപം കൊള്ളുന്ന സ്ഥലങ്ങളെക്കുറിച്ച് വിവരിക്കുക.
3. ഹിമനദി എന്നാലെന്ത് ? അവയുടെ തരങ്ങളെ വിവരിക്കുക?
4. കാറ്റിന്റെ നിക്ഷേപണ പ്രവർത്തനങ്ങളെ വിവരിക്കുക

## VIII. ഭൂപട പരിശീലനം

തന്നിട്ടുള്ള ഭൂപടത്തിൽ താഴെപ്പറയുന്നവ കുറിക്കുക.

1. ഏതെങ്കിലും രണ്ടു ഡൽറ്റകൾ
2. ഒരു കാർസ്റ്റ് പ്രദേശം
3. ഏതെങ്കിലും രണ്ട് ഉഷ്ണ മരുഭൂമികളും രണ്ട് ശൈത്യമരുഭൂമികളും

## IX. ചിന്തിക്കാനുള്ള ചോദ്യം (HOTS)

1. മരുഭൂമികളിൽ സമീകരണ പ്രവർത്തനം നടത്തുന്ന ഒരേഘടകം കാറ്റെന്നത് ശരിയാണോ?
2. ചുണ്ണാമ്പുകൽ പ്രദേശങ്ങളിൽ ഉപരിതല ജലത്തേക്കാൾ ഭൂഗർഭജലം അധികമായി കാണുന്നു എന്തുകൊണ്ട്?
3. നദി താഴ്ന്ന ഭാഗത്ത് കൂടെ ഒഴുകുമ്പോൾ മുകൾ ഭാഗത്തു കൂടെ ഒഴുകുന്നതിനേക്കാൾ വീതി കൂടുതലായിരിക്കും എന്തുകൊണ്ട്?

## X. താഴെപ്പറയുന്നവയ്ക്കുള്ള ഭൂമിശാസ്ത്രപദം നല്കുക.

(a) ചുണ്ണാമ്പുകൽ പ്രദേശത്തുള്ള കാർബണേറ്റ് പാറകളിൽ ഏർപ്പെടുന്ന രാസമാറ്റം

(b) ചെങ്കുത്തുപ്പാറയ്ക്കരികിലുള്ള പരന്ന നിലപ്പരപ്പ്

(c) ഖാദനം + പരിവഹനം + നിക്ഷേപണം =

(d) ഒരു ഹിമപാടത്തിന്റെ അടിഭാഗം

## ഇന്റർ നെറ്റ് വിവരങ്ങൾ

1. www.usgs.gov.in
2. www.nasa.gov.in
3. https://www.isro.gov.in
4. https://www.india.gov.in



IX Std - Geography Malayalam Unit-2.indd 181 1/27/2023 1:20:30 PM

# ICT CORNER ഇന്റർനെറ്റ് പ്രവർത്തനങ്ങൾ

## കാർസ്റ്റ് ഭൂപ്രകൃതി

ഈ പ്രവർത്തനത്തിലൂടെ നിങ്ങൾ കാർസ്റ്റ് രൂപീകരണത്തെക്കുറിച്ച് പര്യവേക്ഷണം ചെയ്യും




### ഘട്ടങ്ങൾ

- URL ഉപയോഗിച്ച് **'Karst Topography'** പേജിലേയ്ക്ക് വരിക അത് ആവശ്യപ്പെട്ടാൽ Flash player നെ Play ചെയ്യാൻ അനുവദിക്കുക
- പേജിനടിഭാഗത്തുള്ള **Next** ബട്ടൺ ക്ളിക്ക് ചെയ്ത് അനിമേഷൻ കണ്ടെത്തുന്നതിന് വേണ്ടി അടുത്ത പേജിലേയ്ക്ക് പോവുക
- ഇടതു ഭാഗത്തു തന്നിട്ടുള്ള **Dissolution** ഓപ്ഷൻ സെലക്ട് ചെയ്ത് കണ്ടെത്തൽ നടത്തുക.
- ആനിമേഷനുവേണ്ടി > കീ മുകളിലേയ്ക്കും താഴേയ്ക്കും ചലിപ്പിക്കുക.

**Website URL:**

http://folk.uio.no/hanakrem/svalex/E-learning/Karst/

RYK4H



IX Std - Geography Malayalam Unit-2.indd 182 1/27/2023 1:20:31 PM

യൂണിറ്റ്
3

# വായുമണ്ഡലം
# (Atmosphere)

## പഠനലക്ഷ്യങ്ങൾ

- വായുമണ്ഡലത്തിന്റെ ഘടനയെക്കുറിച്ച് ഗ്രഹിക്കുക.
- അന്തരീക്ഷ സ്ഥിതി, കാലാവസ്ഥ എന്നിവയുടെ വ്യത്യാസങ്ങൾ മനസ്സിലാക്കുക
- അന്തരീക്ഷസ്ഥിതിയെയും കാലാവസ്ഥയെയും സ്വാധീനിക്കുന്ന ഘടകങ്ങളെ പരസ്പരം ബന്ധപ്പെടുത്തുക
- മേഘം, കാറ്റ്, മഴ എന്നിവയുടെ വകഭേദങ്ങളെക്കുറിച്ചറിയുക

WOKZ1

## ആമുഖം

ജീവജാലങ്ങളുള്ള ഒരു സവിശേഷഗ്രഹമാണ് ഭൂമി. വായുവില്ലാതെ ഭൂമിയിൽ ജീവജാലങ്ങളുണ്ടാകുമെന്ന് നിങ്ങൾക്ക് സങ്കല്പിക്കാൻ കഴിയുമോ? ഇല്ല. എല്ലാ ജീവജാലങ്ങളുടെയും നിലനില്പിന് വായു അത്യന്താപേക്ഷിതമാണ്. ഭൂമിക്കുചുറ്റും ഒരു ആവരണം പോലെ വായു മണ്ഡലം സ്ഥിതിചെയ്യുന്നു. അത് ഭൂഗുരുത്വബലത്താൽ ഭൂമിയോട് വളരെ അടുത്ത് കാണപ്പെടുന്നു.

## വസ്തുത

CE 1772-ൽ ഡാനിയൽ റൂഥർഫോർഡ് വായുമണ്ഡലത്തിലെ നൈട്രജനെ കണ്ടുപിടിച്ചു. CE 1774-ൽ ജോസഫ് പ്രീസ്റ്റിലി വായുമണ്ഡലത്തിൽ ഓക്സിജൻ കണ്ടെത്തി.

## 3.1 വായുമണ്ഡലത്തിന്റെ ഘടകങ്ങൾ

വ്യത്യസ്ത അനുപാതങ്ങളിൽ നിരവധി വാതകങ്ങളും നീരാവിയും പൊടിപടലങ്ങളും വായുമണ്ഡലത്തിൽ കാണപ്പെടുന്നു. നൈട്രജൻ (78%) ഓക്സിജൻ (21%) എന്നിവ വായുമണ്ഡലത്തിലെ സ്ഥിരമായുള്ള വാതകങ്ങളാണ്. അവ മൊത്തം ഘടനയിൽ 99% ഇതിന് ഒരുമാറ്റവുമില്ലാതെ തുടരുന്നു. ബാക്കിയുള്ള ഒരു ശതമാനത്തിൽ ആർഗാൺ 0.93%, കാർബൺഡൈ ഓക്സൈഡ് 0.03, നിയോൺ 0.0018, ഹീലിയം 0.005% ഓസോൺ (0.00006%) ഹൈഡ്രജൻ (0.00005%), ക്രിപ്റ്റോൺ, സെനോൺ, മീഥേൻ എന്നിവ വളരെ കുറഞ്ഞ തോതിലും കാണപ്പെടുന്നു. അന്തരീക്ഷ സ്ഥിതിയുടെ പ്രവചനങ്ങൾക്ക് സഹായകമായ നീരാവിയുടെ അളവ് 0-0.4% വരെ വായുമണ്ഡലത്തിൽ കാണുന്നുണ്ട്. പൊടിപടലങ്ങൾ, ഉപ്പിന്റെ കണങ്ങൾ, പരാഗരേണുക്കൾ, പുക, കരി, അഗ്നിപർവ്വത ചാരം എന്നിങ്ങനെയുള്ള ഇതര ഖരവസ്തുക്കളും വായുമണ്ഡലത്തിലുണ്ട്.

ഓക്സിജൻ ജീവജാലങ്ങൾക്ക് വളരെയേറെ പ്രാധാന്യമുള്ളതാണ്. സൂര്യകിരണങ്ങൾ, സൂര്യതാപതരംഗങ്ങൾ എന്നിവകളിൽ നിന്നുള്ള താപം ആഗിരണം ചെയ്ത് കാർബൺഡൈ ഓക്സൈഡ് വായുമണ്ഡലത്തെ ചൂടുള്ളതായി സൂക്ഷിക്കുന്നു. നൈട്രജൻ രാസമാറ്റങ്ങൾ സംഭവിക്കാതെ ഒരു സമ്പുഷ്ട വാതകമായി പ്രവർത്തിക്കുന്നു. ഓസോൺ മണ്ഡലം ഭൂമിയെ വികിരണങ്ങളിൽ നിന്നും രക്ഷിക്കുന്നു. വായുമണ്ഡലത്തിലെ ഖരവസ്തുക്കൾ ഒരു ന്യൂക്ലിയസ്പോലെ പ്രവർത്തിച്ച് നീരാവിയെ തണുപ്പിച്ച് മഴപെയ്യിക്കുന്നു.

## 3.2 വായുമണ്ഡലത്തിന്റെ ഘടന

വായുമണ്ഡലം ഭൂമിയുടെ ഉപരിതലത്തിനടുത്ത് കട്ടികൂടിയും അത് ബഹിരാകാശത്തിൽ ചേരുന്നതുവരെ കട്ടികുറഞ്ഞും കാണപ്പെടുന്നു. വായുമണ്ഡലത്തിന്റെ അഞ്ചുമണ്ഡലങ്ങൾ ട്രോപോസ്പിയർ, സ്ട്രാറ്റോസ്ഫിയർ, മെസോസ്ഫിയർ,



IX Std - Geography Malayalam Unit-3.indd 183 1/27/2023 1:10:12 PM

തെർമോസ്ഫിയർ, എക്സോസ്ഫിയർ എന്നിവയാണ്.

### ട്രോപ്പോസ്ഫിയർ

വായുമണ്ഡലത്തിലെ ഏറ്റവും താഴത്തെ അടുക്കിനെ ട്രോപ്പോസ്ഫിയർ എന്നു പറയുന്നു. മാറ്റം എന്ന അർത്ഥം വരുന്ന ട്രോപ്പോസ് എന്ന ഗ്രീക്കുപദത്തിൽ നിന്നുമാണ് ട്രോപ്പോസ്ഫിയർ എന്നപദം രൂപം കൊണ്ടത്. ഈ അടുക്ക് ധ്രുവപ്രദേശത്തിൽ 8 കി.മീ ഉയരത്തിലും ഭൂമദ്ധ്യരേഖാപ്രദേശങ്ങളിൽ 18 കി.മീ ഉയരത്തിലും കാണപ്പെടുന്നു. ഉയരം കൂടുന്തോറും താപനിലകുറയുന്നു. എല്ലാ കാലാവസ്ഥാ സവിശേഷതകളും ഈ അടുക്കിലാണ് സംഭവിക്കുന്നത് അതുകൊണ്ട് ഇതിനെ കാലാവസ്ഥ ഉണ്ടാക്കുന്ന അടുക്ക് എന്നു പറയുന്നു. ട്രോപ്പോസ്ഫിയറിന്റെ മുകളിലെ പരിധിയെ ട്രോപ്പോപാസ് എന്നു പറയുന്നു.

### സ്ട്രാറ്റോസ് ഫിയർ

ട്രോപ്പോസ്ഫിയറിനു മുകളിലായി സ്ട്രാറ്റോസ്ഫിയർ സ്ഥിതി ചെയ്യുന്നു. ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് 50 കി.മീ ഉയരം വരെ വ്യാപിച്ചു കിടക്കുന്നു. ഈയടുക്കിൽ ഓസോൺ അധികമായി കാണുന്നതുകൊണ്ട് ഇതിനെ ഓസേനോസ്ഫിയർ എന്നും പറയുന്നുണ്ട്. ഇവിടെ ഉയരം കൂടുന്നതനുസരിച്ച് ഉഷ്ണനിലകൂടുന്നു. വലിയ ജെറ്റ്വിമാനങ്ങൾ സാധാരണയായി ഈ മേഖലയിലാണ് സഞ്ചരിക്കുന്നത്. സ്ട്രാറ്റോസ്ഫിയറിന്റെ മുകളിലെ പരിധിയെ സ്ട്രാറ്റോ പാസ് എന്നു പറയുന്നു

### മെസോസ്ഫിയർ

മെസോസ്ഫിയർ 50 കി.മീ മുതൽ 80 കി.മീ വരെ വ്യാപിച്ചു കിടക്കുന്നു. ഉയരം കൂടുന്തോറും ഉഷ്ണനിലയും കൂടുന്നു. ഭൂമിക്കടുത്തേയ്ക്ക് വരുന്ന ഉൽക്കകൾ അധികവും ഇവിടെ വെച്ച് കത്തിക്കപ്പെടുന്നു. മെസോസ്ഫിയറിന്റെ ഏറ്റവും ഉയരത്തിലുള്ള പരിധിയെ മെസോപാസ് എന്നു പറയുന്നു.

### തെർമോസ്ഫിയർ

മെസോസ്ഫിയറിനു മുകളിലത്തെ അടുക്കാണ് തെർമോസ്ഫിയർ. ഇത് 400 കി.മീ ഉയരം വരെ വ്യാപിച്ചിരിക്കുന്നു. ഇതിന്റെ താഴത്തെ അടുക്കിലെ വാതകങ്ങൾ ഏറെക്കുറെ ഒന്നുപോലിരിക്കുന്നതിനാൽ ഈ ഭാഗത്തെ 'ഹോമോസ്ഫിയർ' എന്നു പറയുന്നു. തെർമോസ്ഫിയറിന്റെ ഏറ്റവും മുകളിലത്തെ ഭാഗത്തിൽ വാതകങ്ങൾക്ക് തുല്യമല്ലാത്ത ഘടന ഉള്ളതിനാൽ ഇതിനെ 'ഹെട്രോസ്ഫിയർ' എന്നു പറയുന്നു. ഇവിടെ ഉയരം കൂടുന്നതനുസരിച്ച് ഉഷ്ണനിലയും കൂടുന്നു. തെർമോസ്ഫിയറിലെ അയോൺസ്, സ്വതന്ത്ര ഇലക്ട്രോണുകൾ എന്നിവയുള്ള അയണോസ്ഫിയർ എന്ന അടുക്ക് സ്ഥിതി ചെയ്യുന്നു. ഭൂമിയിൽ നിന്നും പ്രസരണം ചെയ്യപ്പെടുന്ന റേഡിയോ തരംഗങ്ങൾ ഈയടുക്ക് ഭൂമിയിലേയ്ക്ക് പ്രതിഫലിപ്പിക്കുന്നു.

**വസ്തുത**

എക്സോസ്ഫിയറിനും അപ്പുറം മാഗ്നറ്റോസ്ഫിയർ സ്ഥിതിചെയ്യുന്നു.ഇത് ഭൂമിയുടെ കാന്തികമണ്ഡലമാണ്.ഈമണ്ഡലം സൂര്യനിൽനിന്നും പുറത്തുവരുന്ന പ്രോട്ടോണുകൾ, ഇലക്ട്രോണുകൾ എന്നിവയെ പിടിച്ചെടുക്കുന്നു. ഭൂമിയുടെ ഉപരിതലത്തിൽ നിന്നും 64000 കി.മീറ്റർ വരെ ഈ കാന്തിക മണ്ഡലം വ്യാപിച്ചിട്ടുണ്ട്.

### എക്സോസ്ഫിയർ

വായുമണ്ഡലത്തിലെ ഏറ്റവും മുകളിലുള്ള അടുക്കിനെ എക്സോസ്ഫിയർ എന്നു പറയുന്നു. ഈയടുക്കിൽ വാതകങ്ങൾ അപൂർവമാണ്. ക്രമേണ ഇത് ബഹിരാകാശവുമായി കൂടിച്ചേരുന്നു. അരോറ ആസ്ട്രിയാലിസ്, അരോറ ബൊറിയാലിസ് എന്നി സവിശേഷമായ പ്രാകാശിക സംഭവങ്ങൾ ഇവിടെ നടക്കുന്നു.




സൂര്യന്റെഉപരിതലത്തിൽനിന്നും രൂപം കൊള്ളുന്ന കാന്തിക കൊടുങ്കാറ്റിനാൽ ബഹിർഗ്ഗമിക്കുന്ന ഇലക്ട്രോണുകളാൽ ധ്രുവപദേശങ്ങളിൽഅർദ്ധരാത്രി ആകാശത്തിൽ വെടിക്കെട്ട് നടത്തുമ്പോൾ ഉണ്ടാകുന്നതു പോലെ ബഹുവർണ്ണ പ്രകാശവ്യാപനം കൊണ്ടുള്ള കാഴ്ചകൾ പ്രത്യക്ഷമാകുന്നു. ഇതിനെ 'അരോറാസ്' എന്നു പറയുന്നു.

## 3.3 അന്തരീക്ഷസ്ഥിതിയും കാലാവസ്ഥയും

വായു മണ്ഡലത്തിലെ സ്ഥിതിഗതികളുമായി ബന്ധപ്പെട്ട പദങ്ങളാണ് അന്തരീക്ഷസ്ഥിതിയും കാലാവസ്ഥയും. വായുമണ്ഡലത്തിലെ ദൈനം ദിനമാറ്റങ്ങളെക്കുറിക്കുന്നത് അന്തരീക്ഷ സ്ഥിതിയും താരതമ്യേന ദീർഘകാലത്തെ ശരാശരി അന്തരീക്ഷ സ്ഥിതിയെക്കുറിക്കുന്നത് കാലാവസ്ഥയുമാണ് താഴെക്കൊടുത്തിട്ടുള്ള പട്ടികയിൽ നിന്നും രണ്ടിനുമുള്ള വ്യത്യാസങ്ങൾ വ്യക്തമാകുന്നതാണ്.

**ചിന്തിക്കാനുള്ള ചോദ്യം**

ട്രോപ്പോസ്ഫിയറിനെ അന്തരീക്ഷസ്ഥിതി രൂപവല്ക്കരിക്കുന്ന അടുക്കായി പറയുന്നത് എന്തുകൊണ്ട്?



IX Std - Geography Malayalam Unit-3.indd 184 1/27/2023 1:10:12 PM

### അന്തരീക്ഷസ്ഥിതിയെയും കാലാവസ്ഥയെയും നിരവധി ഘടകങ്ങൾ സ്വാധീനിക്കുന്നു.

- ഭൂമദ്ധ്യരേഖയിൽ നിന്നുള്ള ദൂരം
- ഉയരം
- സമുദ്ര സാമീപ്യം
- വീശുന്ന കാറ്റിന്റെ സ്വഭാവം
- തടസ്സം സൃഷ്ടിക്കുന്ന മലകൾ
- മേഘം
- സമുദ്രജല പ്രവാഹങ്ങൾ
- പ്രകൃതി സസ്യങ്ങൾ

### ഭൂമദ്ധ്യ രേഖയിൽ നിന്നുള്ള ദൂരം

ഭൂമദ്ധ്യരേഖയിൽ സൂര്യരശ്മികൾ ലംബമായി പതിക്കുന്നു. ഭൂമിയുടെ ഗോളാകൃതിയാൽ ഭൂമദ്ധ്യരേഖയ്ക്ക് അകലെ ധ്രുവപ്രദേശത്തിനടുത്ത് സൂര്യരശ്മികൾ ചരിഞ്ഞു പതിക്കുന്നു. ചരിഞ്ഞ രശ്മികളെക്കാളും ലംബരശ്മികൾ ഭൂമിയെ ചൂടേറിയതാക്കുന്നു. അങ്ങനെ ഭൂമദ്ധ്യരേഖാ പ്രദേശങ്ങൾ ഭൂമദ്ധ്യരേഖയ്ക്കകലെയുള്ള പ്രദേശങ്ങളെക്കാൾ ചൂട് കൂടുതലാണ്.

**പ്രവർത്തനം**

താഴെക്കൊടുത്തിട്ടുള്ള സ്ഥലങ്ങളുടെ അക്ഷാംശങ്ങളെയും അവിടെ അനുഭവപ്പെടുന്ന ചൂടും ബന്ധപ്പെടുത്തുക.

| | അന്തരീക്ഷ സ്ഥിതി | കാലാവസ്ഥ | |
|---|---|---|---|
| ഭാഗികമായി സൂര്യപ്രകാശം  | 1. ചെറിയ സ്ഥലത്തുള്ള ചുരുങ്ങിയ കാലത്തെ വായുമണ്ഡല സ്ഥിതിയെക്കുറിച്ച് പഠിക്കുന്നത് | 1. വലിയ പ്രദേശത്തിൽ ദീർഘകാലത്തെ ശരാശരി അന്തരീക്ഷ സ്ഥിതിയെക്കുറിച്ച് പഠിക്കുന്നത് | മിതമായ ചൂടുള്ള കാലാവസ്ഥ  |
| കാറ്റുള്ളത്  | 2. മണിക്കൂറുതോറും,ദിവസം തോറും അടിക്കടി മാറുന്നതാണ് അന്തരീക്ഷസ്ഥിതി | 2. കാലാവസ്ഥ ഏറിയ കൂറും സ്ഥിരമായിരിക്കും അത് എപ്പോഴും ഒന്നുപോലിരിക്കും | മൺസൂൺ  |
| മഴയുള്ളത്  | 3. ഒരുദിവസത്തിൽതന്നെ വിവിധങ്ങളായ അന്തരീക്ഷ സ്ഥിതി അനുഭവപ്പെടുന്നു. ഉദാ: പ്രഭാതത്തിൽ അധികചൂടനുഭവപ്പെടുന്ന ദിവസങ്ങളിൽ ഉച്ചയ്ക്ക് മഴ അനുഭവപ്പെടുന്നതുമാകാം. | 3. ഒരു സ്ഥലത്തിന് ഒന്നുപോലുള്ള കാലാവസ്ഥ അനുഭവപ്പെടുന്നതാണ് | ഈർപ്പമുള്ള കാലാവസ്ഥ  |
| തണുത്തത്  | 4. അന്തരീക്ഷസ്ഥിതി വിവരങ്ങൾ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ നിന്നും ദിവസവും ശേഖരിക്കുന്നു | 4. കാലാവസ്ഥയെന്നത് അന്തരീക്ഷ സ്ഥിതിയുടെ ശരാശരിയാണ് | തീവ്രമായ കാലാവസ്ഥ  |
| കൊടുങ്കാറ്റുള്ളത്  | 5. അന്തരീക്ഷ സ്ഥിതിയെക്കുറിച്ചുള്ള പഠനമാണ് മെറ്റിയറോളജി | 5. കാലാവസ്ഥയെക്കുറിച്ച് പഠിക്കുന്നതാണ് ക്ളൈമെറ്റോളജി | ചുഴലിക്കാറ്റ്  |



IX Std - Geography Malayalam Unit-3.indd 185 1/27/2023 1:10:12 PM

| നഗരം | അക്ഷാംശം | ഉഷ്ണനില (ആഗസ്റ്റ് മാസത്തിൽ) |
|---|---|---|
| കന്യാകുമാരി-തമിഴ്നാട് | | |
| ഡൽഹി-ഇന്ത്യ | | |
| മോസ്കോ-റഷ്യ | | |

## ഉയരം

കടൽ നിരപ്പിൽ നിന്നുള്ള ഉയരമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഓരോ 165 മീറ്റർ ഉയരത്തിന് 1° Cഎന്ന തോതിൽ ഉഷ്ണ നില കുറയുന്നു. ഇതിനെ ഉഷ്ണത്തിന്റെ നേരെതിർ മാറ്റം (Normal lapse rate) എന്നു പറയുന്നു. അതിനാൽ ഉയരംകൂടിയ സ്ഥലങ്ങളിൽ ഉഷ്ണ നില കുറഞ്ഞു കാണുന്നു.

### പ്രവർത്തനം

താഴെ കൊടുത്തിട്ടുള്ള സ്ഥലങ്ങളുടെ ഉയരങ്ങളെയും അവിടെ അനുഭവപ്പെടുന്ന ചൂടും ബന്ധപ്പെടുത്തുക

| നഗരം | ഉയരം | ഉഷ്ണനില (മെയ് മാസത്തിൽ) |
|---|---|---|
| മധുര-തമിഴ്നാട് | | |
| ഉദകമണ്ഡലം-തമിഴ്നാട് | | |
| സിംല-ഹിമാചൽ പ്രദേശം | | |

## സമുദ്ര സാമീപ്യം

ഒരു സ്ഥലത്തിന്റെ കാലാവസ്ഥ അതിന്റെ സമുദ്രസാമീപ്യമനുസരിച്ച് വ്യത്യാസപ്പെടുന്നു.




സമുദ്രത്തിൽ നിന്നും വീശുന്ന കാറ്റുകളുടെ സ്വാധീനത്താൽ കടലോരങ്ങളിൽ മിതമായ കാലാവസ്ഥ അനുഭവപ്പെടുന്നു. സമുദ്രത്തിൽ നിന്നും വളരെയകലെയുള്ള സ്ഥലത്തിൽ കാലാവസ്ഥയെ മിതമാക്കുന്ന സമുദ്രസ്വാധീനം ഉണ്ടാകുന്നതല്ല. ഇത്തരം സ്ഥലങ്ങളിൽ ഭൂഖണ്ഡ കാലാവസ്ഥ അനുഭവപ്പെടുന്നു.




### വസ്തുത

പകൽ സമയങ്ങളിൽ നിലം സമുദ്രത്തെ അപേക്ഷിച്ച് വേഗത്തിൽ ചൂടാകുന്നു. ചൂടേറിയ വായു ഉയരങ്ങളിലേയ്ക്കു പോകുന്നു. സമീപത്തിലുള്ള സമുദ്രത്തിൽ ഉന്നതമർദ്ദമാണുള്ളത്. അതിനാൽ ഉച്ചതിരിഞ്ഞുള്ള സമയങ്ങളിൽ സമുദ്രത്തിൽ നിന്നും കരയിലേയ്ക്ക് കാറ്റ് വീശുന്നു. ഇതിനെ കടൽക്കാറ്റ് എന്നു പറയുന്നു. വേനല്ക്കാലത്തിൽ കടലോര പ്രദേശങ്ങളിലെ ഉഷ്ണനില കുറയ്ക്കുന്നതിന് കടൽക്കാറ്റ് സഹായകമാവുന്നു.

രാത്രികാലങ്ങളിൽ നിലം സമുദ്രത്തേക്കാൾ വേഗത്തിൽ തണുക്കുന്നു. തണുത്ത കാറ്റ് താഴേക്കുപോവുകയും ഉന്നതമർദ്ദമുണ്ടാക്കുകയും ചെയ്യുന്നു. രാത്രികാലങ്ങളിൽ കരയിൽനിന്നും കാറ്റ് കടലിലേയ്ക്ക് വീശുന്നു. ഇതിനെ കരക്കാറ്റ് എന്നു പറയുന്നു.

## വീശുന്ന കാറ്റിന്റെ സ്വഭാവം

കാറ്റ് വീശുന്ന സ്ഥലത്തിനെ ആസ്പദമാക്കി ഒരു സ്ഥലത്തിന്റെ കാലാവസ്ഥയിൽ മാറ്റമുണ്ടാക്കുന്നു. ചൂടുള്ള പ്രദേശത്തിൽ നിന്നും വീശുന്നകാറ്റ് ആസ്ഥലത്തെചൂടുള്ളതാക്കുന്നു. തണുത്ത പ്രദേശത്തിൽ നിന്നും വീശുന്ന കാറ്റ്



IX Std - Geography Malayalam Unit-3.indd 186 1/27/2023 1:10:13 PM

ആസ്ഥലത്തിൽ തണുപ്പുണ്ടാക്കുന്നു. കടലിൽ നിന്നുള്ള കാറ്റ് മഴപെയ്യിക്കുകയും സ്ഥലത്തിൽ തണുപ്പുണ്ടാക്കുകയും കടലിലേയ്ക്ക് വീശുന്ന കാറ്റ് (കരക്കാറ്റ്) വരണ്ട കാലാവസ്ഥയെയും സൃഷ്ടിക്കുന്നു.

### തടസ്സമുണ്ടാക്കുന്ന മലകൾ

മലകളുടെ സ്ഥാനം ഒരു സ്ഥലത്തിന്റെ കാലാവസ്ഥയെ സ്വാധീനിക്കുന്നു. മലനിരകൾ കാറ്റിന്റെ പ്രകൃത്യാലുള്ള തടസ്സങ്ങളായി കാണപ്പെടുന്നു. അവ ചിലപ്പോൾ ശൈത്യമേറിയ കാറ്റിനെ രാജ്യത്തിനുള്ളിലേയ്ക്ക് കടക്കാതെ തടുക്കുന്നു.അല്ലെങ്കിൽ മൺസൂൺ കാറ്റിനെ തടഞ്ഞു നിറുത്തുന്നില്ല. അങ്ങനെ അവ കാലാവസ്ഥയിൽ വലിയ സ്വാധീനം ചെലുത്തുന്നു.

**നിങ്ങൾക്ക് അറിയാമോ?**

ഒരു മലയുടെ കാറ്റിനഭിമുഖമായ (Wind ward)വശത്ത് കാറ്റുവീശി കനത്ത മഴ പെയ്യുന്നു.

ആ മലയുടെ മറുഭാഗത്ത് (Leeward) കാറ്റു വീശുന്നില്ല.അതിനാൽ അവിടെ വളരെക്കുറച്ചു മഴയേ ലഭിക്കുന്നുള്ളൂ.




### മേഘപടലം

സൂര്യനിൽ നിന്ന് വലിയ തോതിലുള്ള വികിരണങ്ങൾ മേഘങ്ങൾ പ്രതിഫലിപ്പിക്കുന്നു. ഇത് ഭൂമിയുടെ ഉപരിതലത്തിലേയ്ക്ക് ഉഷ്ണം കടക്കുന്നതിനെ തടയുന്നു. മേഘരഹിതമായ ആകാശമുള്ള മരുഭൂമികളിൽ സാധാരണയായി ചൂട് വളരെ കൂടുതലാണ്. നേരെമറിച്ച് മേഘാവൃതമായ ആകാശമുള്ളിടത്തിൽ ചൂട് കുറവായിരിക്കും.

### സമുദ്ര ജല പ്രാവാഹങ്ങൾ

ഉഷ്ണ ജലപ്രാവാഹങ്ങൾ സമീപത്തിലുള്ള കടലോരപ്രദേശത്തിൽ ചൂട് അധികമാക്കുന്നു. ശൈത്യ ജലപ്രവാഹങ്ങൾ സമീപ സ്ഥലങ്ങളുടെ ചൂടു കുറയ്ക്കുന്നു.

### പ്രകൃതി സസ്യങ്ങൾ

മരങ്ങൾ ജലബാഷ്പത്തെ പുറത്തേയ്ക്കു വിടുന്നതിനാൽ വായു തണുക്കുന്നു. അതിനാൽ വനമല്ലാത്ത പ്രദേശങ്ങളെ അപേക്ഷിച്ച് വനപ്രദേശങ്ങളിൽ വർഷം മുഴുവനും താഴ്ന്ന ഉഷ്ണനില ആയിരിക്കും.

## 3.4 കാറ്റുകൾ

ഭൂമിയുടെ ഉപരിതലത്തിലൂടെ ഉണ്ടാകുന്ന വായുവിന്റെ തിരശ്ചീനമായ ചലനത്തെ കാറ്റ് എന്നു പറയുന്നു. ലംബമായുള്ള കാറ്റിന്റെ ചലനത്തെ കാറ്റിന്റെ പ്രവാഹം (Air Current) എന്നു പറയുന്നു. കാറ്റ് എപ്പോഴും ഉന്നതമർദ്ദത്തിൽ നിന്നും കുറഞ്ഞ മർദ്ദത്തിലേയ്ക്ക് സഞ്ചരിക്കുന്നു. അധിക പക്ഷവും കാറ്റ് വീശുന്ന ദിശയ്ക്കനുസൃതമായി നാമകരണം ചെയ്യപ്പെടുന്നു. ഉദാ: കിഴക്കിൽനിന്നും വീശുന്ന കാറ്റിനെ കിഴക്കൻ കാറ്റ് എന്നു വിളിക്കുന്നു.

അനിമോമീറ്റർ കാറ്റിന്റെ വേഗതയേയും വിൻഡ്വേൻ (കാറ്റാടിയന്ത്രം) കാറ്റിന്റെ ദിശയെയും അളക്കുന്നു. അതിന്റെ അളവുമാത്ര കി.മി/മണിക്കൂർ അഥവാ കടൽമൈൽ (Knot) (നോട്ട്) ആണ്.



അനിമോ മീറ്റർ




വിൻഡ് വെയ്ൻ
(കാറ്റാടിയന്ത്രം)

### കാറ്റിന്റെ വകഭേദങ്ങൾ

കാറ്റിനെ പൊതുവായി താഴെപ്പറയുന്ന നാലു പ്രധാന വിഭാഗങ്ങളായി പിരിച്ചിട്ടുണ്ട്. അവ

- ഗ്രഹക്കാറ്റുകൾ
- കാലാനുസൃത കാറ്റുകൾ
- പരിവർത്തന കാറ്റുകൾ
- പ്രാദേശിക കാറ്റുകൾ

### ഗ്രഹക്കാറ്റുകൾ

വർഷം മുഴുവനും ഒരേ ദിശയിലേയ്ക്ക് തുടർച്ചയായി വീശുന്ന കാറ്റിനെ ഗ്രഹക്കാറ്റുകൾ എന്നു പറയുന്നു. അവയെ സ്ഥിരക്കാറ്റുകളെന്നും നിലവിലെ കാറ്റുകളെന്നും പറയുന്നുണ്ട്.



IX Std - Geography Malayalam Unit-3.indd 187 1/27/2023 1:10:15 PM

വാണിജ്യകാറ്റുകൾ, പടിഞ്ഞാറൻ കാറ്റുകൾ (Westerlies) (ധ്രുവ കാറ്റുകൾ, കിഴക്കൻ കാറ്റുകൾ എന്നിവ ഇതിലുൾപ്പെടുന്നു.

## വാണിജ്യക്കാറ്റുകൾ

രണ്ട് അർദ്ധ ഗോളങ്ങളിലും ഉപ ഉഷ്ണമണ്ഡല ഗുരുമർദ്ദ മേഖലയിൽ നിന്നും ഭൂമദ്ധ്യരേഖാ ലഘുമർദ്ദ മേഖലയിലേയ്ക്ക് വാണിജ്യക്കാറ്റുകൾ വീശുന്നു. അവ വർഷം മുഴുവനും ഒരു സ്ഥിരമായ ദിശയിലൂടെ വലിയ കൃത്യതയോടെയും ശക്തമായും വീശുന്നു. നാവികൻമാർ കടലിൽ സഞ്ചരിക്കുമ്പോൾ അവർ ഈ കാറ്റിനെ ആശ്രയിച്ചിരുന്നതിനാൽ അവരുടെ യാത്രയ്ക്ക് ഇത് വളരെ സഹായകരമായിരുന്നു. ഈ കാറ്റ് വിസ്തൃതമായ സമുദ്രങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ ഈർപ്പം സംഭരിച്ച് ഉഷ്ണമേഖലയിലെ വൻകരകളിലുള്ള കിഴക്കൻ കടലോരത്തിൽ കനത്ത മഴ പെയ്യിക്കുന്നു. എന്നാൽ പടിഞ്ഞാറോട്ട് ചലിക്കുമ്പോൾ ഈ കാറ്റ് വരണ്ട് മഴ നൽകാതിരിക്കുകയും ചെയ്യുന്നു.

### പ്രവർത്തനം

വാണിജ്യക്കാറ്റുകളും പ്രധാന മരുഭൂമികളായ സഹാറ, അറ്റക്കാമ എന്നിവയുടെ സ്ഥാനവും തമ്മിലുള്ള ബന്ധം എന്താണെന്ന് കണ്ടുപിടിക്കുക.

## പടിഞ്ഞാറൻ കാറ്റുകൾ

രണ്ടർദ്ധഗോളങ്ങളിലും ഉഷ്ണമണ്ഡല ഗുരുമർദ്ദ മേഖലയിൽ നിന്നും ഉപധ്രുവ ലഘു മർദ്ദ മേഖലയിലേയ്ക്ക് വീശുന്ന സ്ഥിരമായ കാറ്റുകളെ പടിഞ്ഞാറൻ കാറ്റുകൾ എന്നു പറയുന്നു. അവ ഉത്തരാർദ്ധ ഗോളത്തിൽ തെക്കു പടിഞ്ഞാറു നിന്നും വടക്കു കിഴക്കിലേയ്ക്കും ദക്ഷിണാർദ്ധ ഗോളത്തിൽ വടക്കു പടിഞ്ഞാറു നിന്ന് തെക്കു കിഴക്കിലേയ്ക്കും വീശുന്നു. പടിഞ്ഞാറൻ കാറ്റുകളുടെ പ്രവേഗം വളരെ ശക്തിയാർജ്ജിച്ചതും വേഗത കൂടിയതുമാണ്. അതിനാൽ $40^0$ അക്ഷാംശങ്ങളിൽ **ഗർജ്ജിക്കുന്ന നാല്പതുകളെന്നും** $50^0$ അക്ഷാംശങ്ങളിൽ **ഭയങ്കരമായ അമ്പതുകളെന്നും** $60^0$ അക്ഷരാംശങ്ങളിൽ **അലറുന്ന അറുപതുകളെന്നും** വിളിക്കുന്നു.

## ധ്രുവപ്രദേശ കിഴക്കൻ കാറ്റുകൾ

ധ്രുവ ഗുരുമർദ്ദ മേഖലയിൽ നിന്നും ഉപധ്രുവ ലഘുമർദ്ദ മേഖലയിലേയ്ക്ക് വീശുന്ന വരണ്ട ധ്രുവക്കാറ്റുകളാണ് ധ്രുവ പ്രദേശകിഴക്കൻ കാറ്റുകൾ. ഉത്തരാർദ്ധ ഗോളത്തിൽ വടക്കുകിഴക്കൻ ദിശയിൽ നിന്നും ദക്ഷിണാർദ്ധ ഗോളത്തിൽ തെക്കുകിഴക്കൻ ദിശയിൽ നിന്നും വീശുന്ന ശക്തി കുറഞ്ഞ കാറ്റുകളാണിവ.

### വസ്തുത

ഭൂമിയുടെ ഭ്രമണത്താൽ കാറ്റുകൾ അവയുടെ യഥാർത്ഥ പാതയിൽ നിന്ന് വ്യതിചലിക്കുന്നു. കോറിയോലിസ് ഇഫക്ട് നല്കുന്ന ആശയമാണിത്. ഫെറൽ നിയമ പ്രകാരം ഉത്തരാർദ്ധഗോളത്തിൽ കാറ്റുകൾ വലതുഭാഗത്തേയ്ക്ക് വ്യതിചലിക്കുമ്പോൾ ദക്ഷിണാർദ്ധ ഗോളത്തിൽ അത് ഇടതുഭാഗത്തായിരിക്കും വ്യതിചലിക്കുക. ഈ ആശയത്തിന്റെ ഉപജ്ഞാതാവ് വില്യം ഫെറൽ ആണ്. അദ്ദേഹം കോറിയാലിസ് ഫോർസ് സിദ്ധാന്തമുപയോഗിച്ച് ഫെറൽ നിയമങ്ങൾ തെളിയിച്ചു. കോറിയാലിസ് ഫോഴ്സിന്റെ ഉപജ്ഞാതാവ് G.G കോറിയോലിസ് (1792 - 1843) ആണ്.


G.G.കോറിയോലിസ്

## കാലാനുസൃത കാറ്റുകൾ

ഒരു പ്രത്യേക കാലത്ത് വീശുന്നവയും കാലാനുസൃതമായി ദിശമാറുന്നവയുമാണ് കാലാനുസൃത കാറ്റുകൾ നിലത്തിന്റെയും സമുദ്രത്തിന്റെയും വ്യത്യസ്ഥമായ താപനം ഈ കാറ്റുകൾക്ക് കാരണമാകുന്നു.

കാലം മാറുമ്പോൾ എതിർ ദിശയിലേയ്ക്ക് സഞ്ചരിക്കുന്ന കാറ്റുകളെ മൺസൂൺ കാറ്റെന്നു പറയുന്നു. ഇന്ത്യൻ ഉപ ഭൂഖണ്ഡത്തിലെ ഉഷ്ണ മേഖലാ കാലവർഷക്കാറ്റ് (Monsoon) ഇവയ്ക്ക് ഉദാഹരണമാണ്.

## പരിവർത്തനക്കാറ്റുകൾ

## ചുഴലിക്കാറ്റ്

പാമ്പിന്റെ ചുരുൾ എന്നർത്ഥം വരുന്ന ഗ്രീക്കു പദമാണ് സൈക്ലോൺ അഥവാ ചുഴലിക്കാറ്റ്. ഗുരുമർദ മേഖലയിൽ നിന്നും കാറ്റ് ലഘുമർദ്ദ മേഖലയിൽ അതിന്റെ കേന്ദ്രത്തിലേയ്ക്ക് ഒരു ചുഴിയായി കൂടിച്ചേരുന്നു. ഇതിനെ ചുഴലിക്കാറ്റ് എന്നു പറയുന്നു. ഭൂമിയുടെ ഭ്രമണത്താൽ ഉത്തരാർദ്ധ ഗോളത്തിലെ ചുഴലിക്കാറ്റ് ക്ലോക്കിനെതിർ ദിശയിലും ദക്ഷിണാർദ്ധ ഗോളത്തിൽ ക്ലോക്ക് ദിശയിലും ചലിക്കുന്നു.

ചുഴലിക്കാറ്റുകളെ താഴെപ്പറയുന്ന പ്രകാരം വകഭേദം ചെയ്യാവുന്നതാണ്

- ഉഷ്ണമേഖലാ ചുഴലിക്കാറ്റ്
- മിതോഷ്ണ മേഖലാ ചുഴലിക്കാറ്റ്
- അധിക ഉഷ്ണമേഖലാ ചുഴലിക്കാറ്റ്

## ഉഷ്ണമേഖലാ ചുഴലിക്കാറ്റ്

ഉഷ്ണമേഖലാ ചുഴലിക്കാറ്റുകൾ പലസ്ഥലങ്ങളിൽ പല പേരുകളിൽ അറിയപ്പെടുന്നു.



IX Std - Geography Malayalam Unit-3.indd 188 1/27/2023 1:10:15 PM

ഇന്ത്യൻ മഹാസമുദ്ര പ്രദേശത്തിൽ ഇവ **ചുഴലിക്കാറ്റ്** (Cyclone) എന്നും പടിഞ്ഞാറൻ പസിഫിക് മഹാസമുദ്രത്തിൽ **ടൈഫൂൺ** എന്നും കിഴക്കൻ പസഫിക് മഹാസമുദ്രം അറ്റ്ലാന്റിക് മഹാസമുദ്രം എന്നി ഭാഗങ്ങളിൽ **ഹരിക്കേൻസ്** എന്നും ഫിലിപ്പൈൻസ് പ്രദേശത്ത് **ബാഗ്യൂസ്** എന്നും ആസ്ട്രേലിയയിൽ **വില്ലി വില്ലി** (Willy Willy) എന്നും അറിയപ്പെടുന്നു. ഉഷ്ണ മേഖലാ ചുഴലിക്കാറ്റുകൾ കടലോര പ്രദേശങ്ങളിൽ അധികം ജീവനാശവും വസ്തു നഷ്ടങ്ങളും ഏർപ്പെടുത്തിയ ശേഷം കരയിലെത്തുകയും അവയുടെ ശക്തി ക്ഷയിക്കുകയും ചെയ്യുന്നു.



## വസ്തുത

**സൂപ്പർ സൈക്ലോൺ** :
1999 ഒക്ടോബർ 29 ാം തിയതി വെള്ളിയാഴ്ച ഇന്ത്യയിലെ ഒഡീഷ സംസ്ഥാനത്തിന്റെ കടലോരത്തിൽ അതി ശക്തമായ ഒരുവൻ ചുഴലിക്കാറ്റ് ആഞ്ഞടിച്ചു. ഇത് ഇന്ത്യൻ ചരിത്രത്തിൽ അതിശക്തമായി വീശിയതും വൻ നാശനഷ്ടങ്ങൾ സൃഷ്ടിച്ചതുമായ ചുഴലിക്കാറ്റാണ്. കാറ്റ് 260 കി.മീറ്റർ വേഗത്തിൽ വീശി. 7 മീറ്റർ വരെ ഉയർന്ന കടൽത്തിരമാലകൾ 20 കി.മീ ദൂരം വരെയുള്ള പ്രദേശങ്ങളിൽ കനത്ത നാശനഷ്ടങ്ങളുണ്ടാക്കി കൂടാതെ ഈ ചുഴലിക്കാറ്റിനാൽ ഒഡീഷയുടെ 12 കടലോര ജില്ലകളിലെ 10 മില്യൻ ജനങ്ങളെ ബാധിച്ചു. ഏകദേശം 10000 പേർ മരണമടഞ്ഞു.

## മിതോഷ്ണ മേഖലാ ചുഴലിക്കാറ്റ്

35° മുതൽ 65° വരെ വടക്കും തെക്കുമുള്ള അക്ഷാംശങ്ങളിൽ വലിയ അളവിൽ

**നിങ്ങൾക്ക് അറിയാമോ?**

ഇന്ത്യൻ മഹാസമുദ്രത്തിൽ രൂപം കൊള്ളുന്ന ചുഴലിക്കാറ്റുകൾക്ക് പേരിടുന്നത് സംബന്ധിച്ച് ബംഗ്ലാദേശ്, ഇന്ത്യ, മാലദ്വീപുകൾ, മിയാൻമർ, ഒമാൻ, പാകിസ്ഥാൻ, ശ്രീലങ്ക, തായ്ലാണ്ട് എന്നീ രാജ്യങ്ങൾ CE 2000-ാമാണ്ട് ഒരു ആലോചനായോഗം നടത്തി. പിന്നീട് 2004-മാണ്ട് ഓരോ രാജ്യവും ചുഴലിക്കാറ്റുകൾക്കുള്ള പേരുകളുടെ പട്ടിക നല്കി, ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രാവശ്യവും ചുഴലിക്കാറ്റു വരുമ്പോൾ ഈ പട്ടികയിലുള്ള പേരുകൾ ക്രമമനുസരിച്ച് ഉപയോഗിച്ചുവരുന്നു.

ഉഷ്ണക്കാറ്റും ശൈത്യമേറിയ കാറ്റും സന്ധിക്കുന്ന പ്രദേശത്ത് മിതോഷ്ണ ചുഴലിക്കാറ്റുകൾ രൂപം കൊള്ളുന്നു. മിതോഷ്ണ ചുഴലിക്കാറ്റുകൾ ഉഷ്ണ ചുഴലിക്കാറ്റുകൾ പോലെ അവ കരകടന്ന ഉടനെ ശക്തി ക്ഷയിക്കുകയില്ല. ഇവ സാധാരണയായി ഉത്തര അറ്റ്ലാന്റിക് മഹാസമുദ്ര ഭാഗങ്ങൾ വടക്കു പടിഞ്ഞാറൻ യൂറോപ്പ് മദ്ധ്യ ധരണിക്കടൽ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ രൂപം കൊള്ളുന്നു. മദ്ധ്യധരണിക്കടൽ പ്രദേശത്തിൽ രൂപം കൊള്ളുന്ന ചുഴലിക്കാറ്റ് ശൈത്യകാലത്തിൽ റഷ്യ, ഇന്ത്യൻ പ്രദേശങ്ങൾ വരെ വ്യാപിച്ച് വീശുന്നു. ഇന്ത്യയിലേയ്ക്ക് കടക്കുന്ന ഈ കാറ്റിനെ പടിഞ്ഞാറൻ തടസ്സക്കാറ്റ് (Western disturbance) എന്ന് പറയുന്നു.

അഭിമുഖം (front) എന്നത് ചൂടുള്ളതും തണുത്തതുമായ വായുപിണ്ഡത്തെ വേർതിരിക്കുന്ന അതിർത്തിയാണ്. വ്യത്യസ്ഥമായ നിലയിൽ ആർദ്രതയും (Humidity) ഉള്ള ഒരു തരം വായു പിണ്ഡം സാധാരണയായി മറ്റൊന്നിനേക്കാൾ സാന്ദ്രത കൂടിയതാണ്. വായു പിണ്ഡത്തിന്റെ ഇത്തരത്തിലുള്ള കൂടിച്ചേരൽ മഴ, മഞ്ഞ്, ശൈത്യദിനങ്ങൾ, ഉഷ്ണദിനങ്ങൾ, കാറ്റുള്ള ദിനങ്ങൾ എന്നിവ ഉണ്ടാക്കുന്നു.

## അധിക ഉഷ്ണ മേഖലാ ചുഴലിക്കാറ്റ്

അധിക ഉഷ്ണ മേഖലാ ചുഴലിക്കാറ്റ് എന്നത് ഉത്തരദക്ഷിണ അക്ഷാംശങ്ങളിൽ 30° മുതൽ 60° വരെ വീശുന്നു. ഇതിനെ **മദ്ധ്യ അക്ഷാംശ ചുഴലിക്കാറ്റെന്നു** പറയുന്നു. ഇവയ്ക്കാവശ്യമായ ഊർജ്ജം ഉയർന്ന അക്ഷാംശങ്ങളിലെ താപമാറ്റങ്ങളിൽ നിന്നും നേടുന്നു. ഇത് ചെറിയ ചാറ്റൽമഴ (Mild shower) അതിശക്തമായ കാറ്റിനോടൊപ്പമുള്ള ആലിപ്പഴമഴ (Heavy hails) ഇടിയോടുകൂടിയ മഴ, മഞ്ഞുവീഴ്ച (Blizzards) ടൊർണാഡോ, ചുഴലിക്കാറ്റ് എന്നിവ നൽകുന്നു.



IX Std - Geography Malayalam Unit-3.indd 189 1/27/2023 1:10:17 PM

## ചിന്തിക്കാനുള്ള ചോദ്യം

കടലൂർ, നാഗപട്ടണം, എന്നിവ എപ്പോഴും ചുഴലിക്കാറ്റിനാൽ ബാധിക്കപ്പെടുന്നു. എന്തുകൊണ്ട്?




**എതിർ ചുഴലിക്കാറ്റും ചുഴലിക്കാറ്റും**

### എതിർ ചുഴലിക്കാറ്റ്

ചുഴലിക്കാറ്റിന് എതിരായ ഘടനയുള്ളതാണ് എതിർ ചുഴലിക്കാറ്റുകൾ. ഇവിടെ ഗുരുമർദ്ദം കേന്ദ്രത്തിലും ലഘുമർദ്ദം അതിനു ചുറ്റുമായും കാണപ്പെടുന്നു. ഗുരുമർദ്ദ മേഖലയിൽ നിന്ന് ലഘു മർദ്ദ മേഖലയിലേയ്ക്ക് ചുഴി രൂപത്തിൽ കാറ്റ് വരുന്നു. എതിർ ചുഴലിക്കാറ്റുകൾ അധികവും ഉഷ്ണശൈത്യ തരംഗങ്ങളോടൊപ്പം കാണുന്നു.

### പ്രാദേശിക കാറ്റുകൾ

ഒരു ഹ്രസ്വകാലയളവിൽ ഒരു പ്രത്യേക സ്ഥലത്തിൽ മാത്രം വീശുന്ന കാറ്റുകളാണിവ. ഈ കാറ്റുകളുടെ ഫലം അവ വീശുന്ന സ്ഥലത്തിൽ മാത്രം അനുഭവപ്പെടുന്നതാണ്.

അവ അധികവും പ്രത്യേക ഋതുക്കളിൽ വീശുന്നവയാണ്. അവയ്ക്ക് പ്രാദേശികമായി പേരുകളുണ്ട്.

- ഫോയ്ൻ (ആൽപ്സ് -യൂറോപ്പ്)
- സിറാക്കോ (ആഫ്രിക്കയുടെ വടക്കെ കടൽക്കര പ്രദേശം)
- ചിന്നൂക്ക് (റോക്കി - വടക്കെ അമേരിക്ക)
- ലൂ (താർ മരുഭൂമി - ഇന്ത്യ)
- മിസ്ട്രൽ (മദ്ധ്യധരണിക്കടൽ പ്രദേശം - ഫ്രാൻസ്)
- ബോറ (മദ്ധ്യധരണിക്കടൽ പ്രദേശം - ഇറ്റലി)

## 3.5 മേഘങ്ങൾ

ഉയരമനുസരിച്ച് മേഘങ്ങളെ താഴെപ്പറയുന്ന തരത്തിൽ വകഭേദം ചെയ്യാവുന്നതാണ്. അവ

- ഉയർന്ന മേഘങ്ങൾ) (High Clouds) (6 - 20 കി.മീ ഉയരം വരെ)
- ഇടയ്ക്കുള്ള മേഘങ്ങൾ(Middle Clouds) (2.5 - 6 കി.മീ ഉയരം വരെ
- താഴ്ഭാഗത്തെ മേഘങ്ങൾ (Low Clouds) (ഭൂമിയുടെ ഉപരിതലത്തിൽ നിന്നും 25 കി മീറ്റർ ഉയരം വരെ)

ആകൃതിയുടെ ഘടനയും ആസ്പദമാക്കിയും മേഘങ്ങളെ പല വിഭാഗങ്ങളായി വേർതിരിക്കാവുന്നതാണ്.

### ഉയർന്ന മേഘങ്ങൾ

**സിർറസ്:** വായു മണ്ഡലത്തിൽ 8000 മുതൽ 12000 മീറ്റർ വരെ ഉയരത്തിൽ മൃദുവും വെളുത്തതുമായ നൂലുപോലുള്ള രൂപത്തിൽ കാണപ്പെടുന്ന മേഘങ്ങളെ സിർറസ് എന്നു പറയുന്നു. ഇത് പൂർണ്ണമായും ഈർപ്പമില്ലാത്ത മേഘങ്ങളാണ് അതിനാൽ ഇവ മഴതരുന്നില്ല.

**സിർറോ കുമിലസ്:** വെളുത്ത അടയാളമുള്ള പാളികൾ അഥവാ വിരിപ്പുപോലെയോ അടുക്കുകളായോ ഉള്ള ഇവ മഞ്ഞു പാളികളാൽ ഉണ്ടായതാണ്.

**സിർറോ - സ്ട്രാറ്റസ്:** മൃദുവും പാലുപോലുള്ളതും പാരദർശകവുമായ ചെറിയ മഞ്ഞിൻ കണങ്ങൾ കൊണ്ടുണ്ടായ വെളുത്ത മേഘം.




**നിങ്ങൾക്ക് അറിയാമോ?**

സൂര്യാസ്തമയ സമയത്തിൽ സിർറസ് മേഘങ്ങൾ വർണ്ണാഭമായിരിക്കുന്നു. അതു കൊണ്ട് അവയെ പെൺ കുതിരയുടെ വാലുകൾ (Mare's tails) എന്നു വിശേഷിപ്പിക്കുന്നു.

### ഇടയ്ക്കുള്ള മേഘങ്ങൾ

**അൾടോ -സ്ട്രാറ്റസ് :** ചാരനിറത്തിൽ അല്ലെങ്കിൽ നീലനിറത്തിൽ ക്രമമായി കാണുന്ന മൃദുവായ വിരിപ്പുപോ ലുള്ള മേഘങ്ങൾ അൾടോ സ്ട്രാറ്റസ്



IX Std - Geography Malayalam Unit-3.indd 190 1/27/2023 1:10:18 PM

മേഘങ്ങളാകുന്നു. ഇവയിൽ ഉറഞ്ഞ ജലകണങ്ങൾ കാണാവുന്നതാണ്.

**അൾടോ -കുമിലസ് :** വേറിട്ടു നില്ക്കുന്ന മേഘക്കൂട്ടങ്ങൾ ഒന്നിനോടൊന്ന് ചേർന്ന് പലരൂപങ്ങളിൽ കാണപ്പെടുന്നു. ഇവ തിരമാലക്കൂട്ടങ്ങൾ പോലെയും കറ്റകൾ പോലെയും കാണുന്നതിനാൽ ഇവയെ ചെമ്മരിയാട് മേഘങ്ങൾ **(Sheep Clouds)** അഥവാ കമ്പിളിക്കറ്റ മേഘങ്ങൾ **(Pack Clouds)** എന്നു വിളിക്കപ്പെടുന്നു.

**നിംബോ സ്ട്രാറ്റസ് (കാർമേഘങ്ങൾ):** ഭൂമിയുടെ ഉപരിതലത്തിനടുത്തുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്ന കറുത്ത മേഘങ്ങളാണ് നിംബോ സ്ട്രാറ്റസ് അഥവാ കാർമേഘങ്ങൾ. ഇവ മഴ, മഞ്ഞ്, ആലിപ്പഴ മഴ എന്നിവയുമായി ബന്ധമുള്ളവയാണ്.

**നിങ്ങൾക്ക് അറിയാമോ?**

വായുമണ്ഡലത്തിന്റെ താഴത്തെ അടു ക്കിൽ (ട്രോപോസ്ഫിയർ) മാത്രമാണ് എല്ലാതരത്തിലുള്ള മേഘങ്ങളും കാണപ്പെടുന്നുത്.

## താഴ്ഭാഗത്തെ മേഘങ്ങൾ

**സ്ട്രാറ്റോ -കുമിലസ് :** ചാരനിറം അഥവാ വെളുപ്പുനിറ നൂലുകളല്ലാത്തതായ താഴത്തെ മേഘങ്ങൾ വ്യത്താകൃതിയിലുള്ള പാടുകളുള്ളതും 2500 മീ മുതൽ 3000 മീറ്റർ വരെ ഉയരമുള്ളതും തെളിഞ്ഞ കാലാവസ്ഥയുമായി ബന്ധമുള്ളതുമാണ്.

**സ്ട്രാറ്റസ് :** സാന്ദ്രതയേറിയതും, താഴ്ന്നതും മൂടൽമഞ്ഞു പോലുള്ളതുമായ മഴയും മഞ്ഞുവീഴ്ചയുമായും ബന്ധമുള്ളവയുമാണ്.

**കുമിലസ്:** അടിഭാഗം പരന്ന് മുകൾഭാഗം കുംഭാകൃതിയിലുള്ളതും കാളിഫ്ളവറിനെപ്പോലിരിക്കുന്നതും നല്ല കാലാവസ്ഥയുമായി ബന്ധമുള്ളവയുമാണ് ഇത്തരം മേഘങ്ങൾ

**കുമിലോ നിംബസ്** (കാർമേഘങ്ങൾ) **:** അധിക സാന്ദ്രതയും കനത്ത രൂപത്തോടുമുള്ള ഈ മേഘങ്ങൾ ഇടിയോടൊപ്പം മഴ പെയ്യുന്ന മേഘങ്ങളാണ് കാർമേഘങ്ങൾ. ഇവ സാധാരണയായി കനത്തമഴയും അധികമഞ്ഞു വീഴ്ചയും ചിലസമയത്ത് ആലിപ്പഴമഴയും അഥവാ ടൊർനാഡോകളും ഉണ്ടാകുന്നതാണ്.

## വർഷപാതം

തണുത്ത് ചുരുങ്ങിയ ജലബാഷ്പം പല രൂപങ്ങളിലായി താഴേയ്ക്കു വർഷിക്കുന്നതാണ് വർഷപാതം. മേഘങ്ങളിലുള്ള ജലകണികകൾ മഞ്ഞുകണങ്ങളുടെ അവസ്ഥയിലെത്തുമ്പോൾ അവ പൂരിതനിലയെ പ്രാപിക്കുന്നു. പിന്നീടവ വർഷപാതമായി ഭൂമിയിൽ പതിക്കുന്നു.

വർഷപാതത്തെ സ്വാധീനിക്കുന്ന കാലാവസ്ഥാ ഘടകങ്ങൾ പ്രധാനമയും താഴെപ്പറയുന്നവയാണ്

- ഉഷ്ണനില
- ഉയരം
- മേഘത്തിന്റെ വകഭേദം
- അന്തീക്ഷ സാഹചര്യങ്ങൾ
- വർഷപാത പ്രക്രിയ

വർഷപാതത്തിന്റെ പ്രധാന രൂപങ്ങളാണ് **ചാറ്റൽമഴ, മഴ, ആലിപ്പഴമഴ, മഞ്ഞുവീഴ്ച, കല്ലുമഴ,** എന്നിവ.

### ചാറ്റൽമഴ




0.5 മി.മീറ്ററിൽ കുറവായി വ്യാസമുള്ള ഏകരൂപമായ വളരെച്ചെറിയ അനേകം ജലകണങ്ങൾ താഴത്തെ മേഘങ്ങളിൽനിന്നും പതിക്കുന്നതാണ് ചാറ്റൽമഴ. ചിലസമയത്ത് ചാറ്റൽ മഴയോടൊപ്പം മൂടൽ മഞ്ഞും ഉണ്ടാകാറുണ്ട്. ഇത് പരിസര പ്രദേശങ്ങളെ കാണാൻ സാധിക്കാത്ത അവസ്ഥയുണ്ടാകുന്നു.

### മഴ

മഞ്ഞുറയുന്ന ഉഷ്ണ നിലയെക്കാൾ ചൂടധികമുള്ള പ്രദേശത്തിൽ മഴപെയ്യുന്നു. വായുവിൽ അധികം ഈർപ്പ മുണ്ടാകുമ്പോഴാണ് മഴ പെയ്യുന്നത്. ഭൂമിയുടെ അധിക ഭാഗത്തും മഴ പെയ്യുന്നു. മഴത്തുള്ളിയുടെ വ്യാസം 5 മീ.മീറ്ററിലധികമുണ്ടാകും.

### ആലിപ്പഴമഴ (Sleet)

സുതാര്യമോ അർദ്ധസുതാര്യമോ ആയിട്ടുള്ള വളരെച്ചെറിയ മഞ്ഞുരുണ്ട (Pellets) കളോടെ മഴപെയ്യുന്നതിനെ ആലിപ്പഴമഴ എന്നു പറയുന്നു. ഇത് മഴയും മഞ്ഞും കലർന്ന വർഷപാതമാണ്.

### മഞ്ഞ് (Snow)

ഉറയുന്ന ഉഷ്ണനിലയ്ക്കു താഴെ ജലകണം ചുരുങ്ങുമ്പോൾ അത് മഞ്ഞായി പെഴിയുന്നു. ഭാഗികമായോ, പൂർണ്ണമായോ പ്രകാശം കടക്കാത്ത അവസ്ഥയിൽ കാണുന്ന മഞ്ഞുകണങ്ങളാലുള്ള പരലുകളെ മഞ്ഞ് എന്ന്



IX Std - Geography Malayalam Unit-3.indd 191 1/27/2023 1:10:22 PM

വിളിക്കുന്നു. ഈ മഞ്ഞു പരലുകൾ ഒന്നിനോടൊന്ന് കൂട്ടിമുട്ടി പരസ്പരം ഒട്ടിച്ചേർന്ന് ഹിമപാളി (Snowflakes) കൾ ഉണ്ടാകുന്നു.

**കല്ല് മഴ** (Hail)

ഒരു കൊടുങ്കാറ്റു മഴയിലോ അതിശക്തമായ ഇടിയോടുകൂടിയ മഴയിലോ 2 സെ.മീ വ്യാസമുള്ള മഞ്ഞു കട്ടകൾ അധിക അളവിൽ ആകാശത്തിൽ നിന്നും താഴെയ്ക്കു വീഴുന്നതിനെ കല്ലുമഴ എന്നു പറയുന്നു. ഇത് ഖരാവസ്ഥയിലെ വർഷപാതമാണ്. ഈ വർഷപാതത്തിൽ ചെറിയ മഞ്ഞിൻകട്ടകൾ താഴേയ്ക്കു പതിക്കുന്നു. ഇത് വിനാശകാരിയും ഭയാനകവുമായ ഖരവർഷപാതമാണ്. എന്തെന്നാൽ കൃഷിനാശവും ജീവനാ ശവും ഇതുണ്ടാക്കുന്നു.

### വസ്തുത

മഞ്ഞിൻ കട്ടകൾ വീഴുന്ന ഇടിയോടൊപ്പമുള്ള കൊടുങ്കാറ്റുമഴയാണ് കല്ലുമഴ. ഏറ്റവും കൂടുതൽ ഭയപ്പെടുന്ന ഒരു കാലാവസ്ഥാ പ്രതിഭാസമാണിത്. എന്തെന്നാൽ ഇതിന് സസ്യങ്ങളെയും ജന്തുക്കളെയും മരങ്ങളെയും വിളവുകളെയും മനുഷ്യജീവനെയും നശിപ്പിക്കാനുള്ള കഴിവുണ്ട്.

## 3.6 മഴ പൊഴിയൽ

വർഷപാതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് മഴ. ഈർപ്പം വഹിക്കുന്ന വായുപിണ്ഡങ്ങൾ മുകളിലേയ്ക്ക് ചലിക്കുന്നു. അവ മേഘങ്ങളായി പിന്നീട് മഴയായി പൊഴിയുന്നു. വായു ഉയർത്തപ്പെടുന്ന രീതിയെ ആസ്പദമാക്കി മഴയെ മൂന്നായി വിഭജിക്കാം. അവ

1. സംവഹനമഴ (Convectional rainfall)
2. ചുഴലിക്കാറ്റുമഴ (Cyclonic Rainfall)
3. മലയാൽ തടുക്കപ്പെട്ടുള്ള മഴ (Orographic rainfall)

### സംവഹന മഴ

പകൽസമയത്ത് സൂര്യരശ്മികളുടെ വികിരണത്താൽ ഭൂമിയുടെ മുകൾഭാഗം അധികമായി ചൂടാകുന്നു. ഭൂമിയുടെ ഉപരിതലത്തിലെ വായു ചൂടാകുന്നതിനാൽ വികസിച്ച് മുകളിലേയ്ക്ക് പോകുന്നു. അവിടെ **സംവഹന വായു ചലനമുണ്ടാകുന്നു**. മുകളിലേയ്ക്കു ചെന്ന വായു തണുത്ത് ചുരുങ്ങുകയും മേഘങ്ങളായി രൂപം കൊണ്ട് മഴയായി പൊഴിയുകയും ചെയ്യുന്നു. ഇതിനെ സംവഹന മഴ എന്നു പറയുന്നു. **സംവഹനമഴ** ഭൂമദ്ധ്യരേഖാ പ്രദേശത്ത് വൈകുന്നേരങ്ങളിൽ അടിക്കടി പെയ്യുന്നു. കൂടാതെ ഉഷ്ണമണ്ഡലം, ഉപഉഷ്ണമണ്ഡലം, മിതോഷ്ണമണ്ഡലം എന്നിവിടങ്ങളിൽ വേനല്ക്കാലത്ത് ഇത്തരം മഴപെയ്യുന്നു.




### ചുഴലിക്കാറ്റ് മഴ അഥവാ അഭിമുഖമഴ:




സാന്ദ്രമായ വായു പിണ്ഡങ്ങൾ എകീകരിക്കപ്പെട്ട് പിന്നീട് അവ മുകളിലേയ്ക്ക് ചെന്ന് ചൂടുമാറാത്ത നിലയാൽ തണുപ്പിക്കപ്പെടുന്നതിനാൽ പെയ്യുന്ന മഴയെ ചുഴലിക്കാറ്റ് മഴ എന്നു പറയുന്നു.

ഉഷ്ണമേഖലകളിലും മിതോഷ്ണമേഖലകളിലും ചുഴലിക്കാറ്റ്മഴ ലഭിക്കുന്നു. ഉഷ്ണക്കാറ്റും ശൈത്യക്കാറ്റും സന്ധിക്കുന്ന അതിർത്തിയിൽ നീരാവി ചുരുങ്ങി മഴപൊഴിയുന്നതിനെ അഭിമുഖമഴ എന്നു പറയുന്നു.



IX Std - Geography Malayalam Unit-3.indd 192 1/27/2023 1:10:24 PM

### മലയാൽ തടുക്കപ്പെടുന്നതുകൊണ്ടുള്ള മഴ




മലയാൽ തടുക്കപ്പെടുന്നതു കൊണ്ടുള്ള മഴയെ പ്രകൃതി ഘടനയാലുള്ള മഴയെന്നു പറയുന്നുണ്ട്. ഈർപ്പം നിറഞ്ഞ കാറ്റ് വീശുമ്പോൾ മലഞ്ചരിവുകളാൽ തടുക്കപ്പെട്ട് അത് മുകളിലേയ്ക്കുയരുന്നു. ഈ കാറ്റ് തണുത്ത് ചുരുങ്ങി മഴയായി പെയ്യുന്നു. ഇപ്രകാരം പെയ്യുന്ന മഴയെ മലയാൽ തടുക്കപ്പെടുന്നതുകൊണ്ടുള്ള മഴ എന്നു പറയുന്നു.

കാറ്റു വീശുന്ന ദിശയ്ക്കു നേരെയുള്ള മലഞ്ചരിവിനെ കാറ്റിനഭിമുഖഭാഗം (Wind ward) എന്നു പറയുന്നു. ഈ പ്രദേശത്തിൽ അധികം മഴ പെയ്യുന്നു. കാറ്റുവീശുന്ന ദിശയുടെ മറുഭാഗത്തുള്ള മലഞ്ചരിവിനെ കാറ്റ് വീശാത്ത ഭാഗം (Leeward Side) എന്നു പറയുന്നു. ഈ ഭാഗത്ത് വളരെകുറച്ചു മാത്രമാണ് മഴ പെയ്യുന്നത്. ഇതിനെ മഴനിഴൽ പ്രദേശം എന്നു വിളിക്കുന്നു.

**നിങ്ങൾക്ക് അറിയാമോ?**

ഇന്ത്യയിൽ അധികം മഴപെയ്യുന്ന സ്ഥലമാണ് മൗസിൻറാം. ഇത് പൂർവ്വാഞ്ചൽ മലയുടെ കാറ്റിനഭിമുഖഭാഗത്ത് സ്ഥിതി ചെയ്യുന്നു. എന്നാൽ ഹിമാലയത്തിലെ കാറ്റ് വീശാത്ത ഭാഗത്തുള്ള ഷില്ലാങ്ങിൽ വളരെക്കുറച്ച് മഴ മാത്രമാണ് പെയ്യുന്നത്. ഇത് പോലെയാണ് മുംബൈയും പൂനയും സ്ഥിതിചെയ്യുന്നത്.

## 3.7 ആർദ്രത അഥവാ ഈർപ്പം

വായു മണ്ഡലത്തിൽ അന്തരീക്ഷ സ്ഥിതി കാലാവസ്ഥ എന്നിവയെ ബാധിക്കുന്ന ഒരു പ്രധാന ഘടകമാണ് ഈർപ്പം അഥവാ ആർദ്രത. വായു മണ്ഡലത്തിലെ നീരാവിയുടെ അളവ് അധികമായാൽ ഈർപ്പവും അധികമാകും. വായു മണ്ഡലത്തിലെ ആകെ നീരാവിയുടെ അളവിനെ കേവല ആർദ്രത (Absolute Humidity) എന്നു പറയുന്നു. വായു മണ്ഡലത്തിലുള്ള ഈർപ്പത്തിന്റെ അളവിനും അതിന് വഹിക്കാവുന്ന മൊത്ത കൊള്ളളവിനുമുള്ള അനുപാതത്തെ ആപേക്ഷിക ആർദ്രത (Relative humidity) എന്നു പറയുന്നു.

ഉഷ്ണക്കാറ്റ് ശൈത്യക്കാറ്റിനേക്കാൾ അധികം ഈർപ്പം ഉൾക്കൊള്ളുന്നതാണ്. ആപേക്ഷിക ആർദ്രത ശൈത്യക്കാറ്റിൽ കൂടുതലായും ഉഷ്ണക്കാറ്റിൽ കുറവായും കാണുന്നു.

**നിങ്ങൾക്ക് അറിയാമോ?**

വായുവിന്റെ ആപേക്ഷിക ആർദ്രത നൂറുശതമാനമായിരിക്കുമ്പോൾ വായു പൂരിത നില പ്രാപിക്കുന്നു. ഈ അവസ്ഥയിൽ വായു നീരാവിയെ ആഗിരണം ചെയ്യുകയില്ല. ഈ പൂരിത നിലയാണ് മഞ്ഞുവീഴ്ച നില എന്നു പറയുന്നത്. ആർദ്രത അഥവാ ഈർപ്പത്തെ അളക്കുന്നതിന് ഈർപ്പമുള്ളതും ശുഷ്ക്കവുമായ ബൾബ്തെർമോമീറ്റർ അഥവാ **ഹൈഗ്രോമീറ്റർ** ഉപയോഗിക്കുന്നു.

ഒരു ഘനമീറ്റർ വായുവിൽ എത്രഗ്രാം നീരാവി ഉണ്ട് എന്ന് ആപേക്ഷിക ആർദ്രതയിലൂടെ പ്രകടിപ്പിക്കുന്നു.

ആപേക്ഷിക ആർദ്രത ശതമാനത്തിൽ കണക്കാക്കുന്നു.

### സംഗ്രഹം

- ഭൂമിയെ ചുറ്റിയുള്ള വാതകങ്ങൾ കൊണ്ടുള്ള കട്ടികുറഞ്ഞ അടുക്കാണ് വായുമണ്ഡലം.
- വായുമണ്ഡലത്തിലെ പ്രധാന വാതകങ്ങൾ നൈട്രജൻ (78%) ഓക്സിജൻ (21%)
- വായു മണ്ഡലത്തിലെ അഞ്ച് അടുക്കുകളാണ് ട്രോപ്പോസ്ഫിയർ, സ്ട്രാറ്റോസ്ഫിയർ, മെസോസ്ഫിയർ, തെർമോസ്ഫിയർ, എക്സോസ്ഫിയർ എന്നിവ.
- ചാലനത്തിലൂടെ വായുമണ്ഡലം ചൂടാകുന്നു.
- വായുവിന്റെ തിരശ്ചീനമായ ചലനമാണ് കാറ്റ്.
- ഗുരുമർദ്ദത്തിൽ നിന്നും ലഘുമർദ്ദ ത്തിലേയ്ക്ക് കാറ്റ് വീശുന്നു.
- നാലുവിധം കാറ്റുകൾ : സ്ഥിരക്കാറ്റ് (ഗ്രഹക്കാറ്റ്) കാലാനുസൃത കാറ്റ്, പ്രാ ദേശിക കാറ്റ്, പരിവർത്തന കാറ്റ് എന്നിവ.
- ശുരുമർദ്ദത്താൽ ചുറ്റപ്പെട്ട ലഘുമർദ്ദ മേഖലയിൽ ചുഴലിക്കാറ്റ് ഉണ്ടാകുന്നു.



IX Std - Geography Malayalam Unit-3.indd 193 1/27/2023 1:10:25 PM

- ലഘുമർദ്ദ മേഖലയാൽ ചുറ്റപ്പെട്ട ഗുരുമർദ്ദ മേഖലയിൽ എതിർ ചുഴലിക്കാറ്റ് ഉണ്ടാകുന്നു.
- മേഘങ്ങൾ : വായുവിൽ പൊ ങ്ങിക്കിടക്കുന്ന കാണാവുന്ന ചുരുങ്ങിയ ജലബാഷ്പ പിണ്ഡമാണിത്.
- മേഘങ്ങളിൽ നിന്നും വർഷപാതം ഉണ്ടാകുന്നു.
- ഉയരത്തെ അടിസ്ഥാനമാക്കി മേഘങ്ങളെ ഉയർന്ന മേഘങ്ങൾ, മദ്ധ്യ മേഘങ്ങൾ, താഴ്ന്ന മേഘങ്ങൾ എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്.
- വർഷപാതത്തിന്റെ പ്രധാന വകഭേദ ങ്ങളാണ് ചാറ്റൽ മഴ, മഴ, മഞ്ഞ്, ആലിപ്പഴമഴ, കല്ലുമഴ.

## അഭ്യാസം

BJRZ2

### I. ശരിയായ ഉത്തരം കണ്ടുപിടിക്കുക

1. ജീവജാലങ്ങളുടെ നിലനില്പിന് അത്യാന്താപേക്ഷിതമായ വാതകം
   a. ഹീലിയം
   b. കാർബൺഡൈ ഓക്സൈഡ്
   c. ഓക്സിജൻ d. മീഥേൻ

2. വായുമണ്ഡലത്തിലെ ഏറ്റവും താഴത്തെ അടുക്ക് _____
   a. ട്രോപോസ്ഫിയർ
   b. സ്ട്രാറ്റോസ്ഫിയർ
   c. എക്സോസ്ഫിയർ
   d. മെസോസ്ഫിയർ

3. _____റേഡിയോ തരംഗങ്ങളെ പ്രതിഫലിപ്പിക്കുന്നു.
   a. എക്സോഫിയർ
   b. അയണോസ്ഫിയർ
   c. മെസോസ്ഫിയർ
   d. സ്ട്രാറ്റോസ്ഫിയർ

4. ജലത്തിന്റെ അവസ്ഥാമാറ്റത്തിൽ വാതകാവസ്ഥയിൽ നിന്നും ദ്രാവകാവസ്ഥയിലേയ്ക്ക് മാറുന്നത്
   a. വർഷപാതം b. ബാഷ്പീകരണം
   c. സസ്യങ്ങളിലെ ബാഷ്പീകരണം
   d. ചുരുങ്ങൽ

5. ഭൂമിയുടെ പ്രധാന ഊർജ്ജ സ്രോതസ്സ്
   a. സൂര്യൻ b. ചന്ദ്രൻ
   c. നക്ഷത്രങ്ങൾ d. മേഘങ്ങൾ

6. എല്ലാ തരത്തിലുള്ള മേഘങ്ങളും _____ൽ കാണപ്പെടുന്നു
   a. ട്രോപ്പോസ്ഫിയർ
   b. അയണോസ്ഫിയർ
   c. മെസോസ്ഫിയർ
   d. എക്സോസ്ഫിയർ

7. _____ മേഘങ്ങളെ ചെമ്മരിയാട് മേഘങ്ങൾ എന്നുപറയുന്നു.
   a. അൾട്ടോ കുമിലസ്
   b. അൾട്ടോ സ്ട്രാറ്റസ്
   c. നിംബോ സ്ട്രാറ്റസ്
   d. സിർറോ സ്ട്രാറ്റസ്

8. മൺസൂണുകൾ _____
   a. നിലവിലെ കാറ്റ്
   b. കാലാനുസൃത കാറ്റ്
   c. പ്രാദേശിക കാറ്റ്
   d. ഇവയൊന്നുമല്ല

9. മഞ്ഞു പരലുകളുടെ രൂപത്തിലുള്ളതാണ് _____
   a. ഫ്രോസ്റ്റ് b. ഫോഗ്
   c. മിസ്റ്റ് d. സ്ലിറ്റ്

10. _____ നെ കൊടുങ്കാറ്റിന്റെ കണ്ണ് എന്നു പറയുന്നു
    a. മർദ്ദം
    b. കാറ്റ്
    c. ചുഴലിക്കാറ്റ്
    d. മഞ്ഞ്

11. വായുവിന്റെ ലംബചലനത്തെ _____ എന്നു പറയുന്നു
    a. കാറ്റ് b. കൊടുങ്കാറ്റ്
    c. വായു പ്രവാഹം d. വിസ്ഥാപനം



IX Std - Geography Malayalam Unit-3.indd 194 1/27/2023 1:10:26 PM

## II. ചേരുംപടി ചേർക്കുക

1. മെറ്റിയറോളജി — കാറ്റിന്റെ വേഗത
2. ക്ലൈമെറ്റോളജി— കാറ്റിന്റെ ദിശ
3. അനിമോമീറ്റർ — സിർറസ്
4. കാറ്റാടിയന്ത്രം — കാലാവസ്ഥാ പഠനം
5. പെൺകുതിര യുടെ വാൽ — അന്തരീക്ഷസ്ഥിതി പഠനം
6. കാറ്റ് വീശാത്ത ഭാഗം — ആസ്ട്രേലിയ
7. വില്ലി വില്ലി — മഴനിഴൽ പ്രദേശം

## III. ചുരുക്കി ഉത്തരമെഴുതുക

1. വായു മണ്ഡലം - നിർവചിക്കുക
2. കാലാവസ്ഥയെ നിർണ്ണയിക്കുന്ന ഘടകങ്ങൾ ഏവ?
3. ഉഷ്ണത്തിന്റെ നേരെതിർ മാറ്റം-കുറിപ്പെഴുതുക?
4. വായുവിനെ ചൂടാക്കുന്ന പ്രക്രിയകളേവ?
5. ഭൂമിയിലെ ഗ്രഹക്കാറ്റ് സംവിധാന ത്തെക്കുറിച്ചെഴുതുക?
6. കുറിപ്പുകളെഴുതുക.
   a. വാണിജ്യക്കാറ്റുകൾ
   b. ഗർജ്ജിക്കുന്ന നാല്പതുകൾ
7. മേഘങ്ങൾ ഉണ്ടാകുന്നതെങ്ങനെ?
8. മഴയുടെ വകഭേദങ്ങൾ ഏവ?
9. കുറിപ്പെഴുതുക
   a. ചാറ്റൽമഴ
   b. മഴ
   c. ആലിപ്പഴ മഴ
   d. മഞ്ഞ്
   e. ചൂട്
10. ചുഴലിക്കാറ്റുകൾ രൂപം കൊള്ളുന്ന തെങ്ങനെ?

## IV. കാരണം നൽകുക

1. ചുഴലിക്കാറ്റ് വൻതോതിൽ ജീവനാശവും വസ്തു നാശവും ഉണ്ടാക്കുന്നു.
2. മേഘാവൃതമായ ദിവസങ്ങൾ മേഘങ്ങൾ ഇല്ലാത്ത ദിവസങ്ങളേക്കാൾ ചൂടു കൂടുതലാണ്.
3. മൂടൽമഞ്ഞ് ഗതാഗതത്തിൽ അപകടങ്ങൾ ഉണ്ടാക്കുന്നു.
4. സംവഹനമഴയെ 4 മണി മഴയെന്നു പറയുന്നു.
5. ധ്രുവ പ്രദേശകിഴക്കൻ കാറ്റുകൾ തണുത്തതും വരണ്ടതുമാണ് എന്തുകൊണ്ട്?

## V. വ്യത്യാസങ്ങൾ എഴുതുക

1. അന്തരീക്ഷസ്ഥിതിയും കാലാവസ്ഥയും
2. കരക്കാറ്റും കടൽക്കാറ്റും
3. കാറ്റിനഭിമുഖമായ വശവും കാറ്റ് വീശാത്ത ഭാഗവും
4. ഉഷ്ണമേഖല ചുഴലിക്കാറ്റും മിതോഷ്ണ മേഖലാ ചുഴലിക്കാറ്റും

## VI. ഖണ്ഡികയിൽ ഉത്തരമെഴുതുക

1. വായുമണ്ഡലത്തിന്റെ ഘടനയെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക.
2. വിവിധതരം സ്ഥിരക്കാറ്റുകളെ വിവരിക്കുക
3. മേഘങ്ങളെ എങ്ങനെ വകഭേദം ചെയ്യാം? അവയെ വിവരിക്കുക
4. ചുഴലിക്കാറ്റ് രൂപം കൊള്ളുന്നതെങ്ങനെ? അവയെ എപ്രകാരം തരം തിരിക്കാം?
5. വർഷപാതത്തിന്റെ വിവിധ തരങ്ങളെക്കുറിച്ച് വിവരിക്കുക?

## VII. പ്രവർത്തനം

1. വിവിധ വായുമണ്ഡല അടുക്കുകളിലെ മേഘങ്ങളെക്കുറിച്ച് **ഒരു ചാർട്ട് തയ്യാറാക്കുക.**
2. **പഴഞ്ചൊല്ലുകൾ ശേഖരിക്കുക.** മേഘങ്ങളെയും മഴയെയും സംബന്ധിച്ചുള്ള പഴഞ്ചൊല്ലുകൾ
3. **കവിത രചിക്കുക!** മേഘങ്ങൾ, മഴ
4. **റിപ്പോർട്ട് തയ്യാറാക്കുക:** ഒരാഴ്ച മേഘങ്ങളെ നിരീക്ഷിക്കുക. അവയുടെ ആകൃതിയും നിറവും കുറിച്ച് നിങ്ങളുടെ റിപ്പോർട്ട് എഴുതുക.
5. **പ്രവർത്തനമാതൃകകൾ** (a) മഴമാപിനി (b) കാറ്റാടിയന്ത്രം (Wind Vane)
6. **ബാർചിത്രം വരയ്ക്കുക**
   a. ഒരു ദിവസത്തെ താഴെപ്പറയുന്ന **ഉഷ്ണ നിലയുടെ അളവു** വിവരങ്ങൾ ശേഖരിച്ച്



IX Std - Geography Malayalam Unit-3.indd 195 1/27/2023 1:10:26 PM

ഒരു ബാർചിത്രം വരയ്ക്കുക. കന്യാകുമാരി, ഡൽഹി, അലഹബാദ്, ഇറ്റാനഗർ അതുപോലെ താഴെപ്പറയുന്ന സ്ഥലങ്ങളുടെ ഒരു ദിവസത്തെ **മഴയളവ്** വിവരം ശേഖരിച്ച് ബാർചിത്രം വരയ്ക്കുക. ജയ്സാൽമർ (രാജസ്ഥാൻ), മൗസിൻറാം (മേഘാലയ) നാഗപട്ടണം, കോയമ്പത്തൂർ.

7. **ഒരു കാലാവസ്ഥാനിരീക്ഷകനായി വളരുന്നതിന്.** പ്രാദേശിക അന്തരീക്ഷ സ്ഥിതിയെ സംബന്ധിച്ച ഒരാഴ്ചയുടെ വിവരങ്ങൾ നിങ്ങളുടെ സ്ഥലത്തു നിന്നും. ശേഖരിച്ച് രേഖപ്പെടുത്തുക.

## ഇന്റർനെറ്റ് വിവരങ്ങൾ

1. www.imd.gov.in
2. www.imdpune.gov.in
3. https://www.isro.gov.in
4. https://www.india.gov.in

## ICT CORNER

ഇന്റർനെറ്റ് പ്രവർത്തനം

### ഉരുകുന്ന താപനില

**ഈ പ്രവർത്തനത്തിലൂടെ നിങ്ങൾക്ക് ഹിമനദിയുണ്ടാക്കുന്ന സ്ഥലരൂപങ്ങളെ കാണാൻ സാധിക്കും**




### ഘട്ടം

1. URL ഉപയോഗിച്ച് **Glaciers** flash file ഡവുൺ ലോഡ് ചെയ്യുക.
2. അടിയിൽ നിന്നും **Glacier type** സെലക്റ്റ് ചെയ്ത് വ്യത്യസ്ഥ സ്ഥല പ്രകൃതികൾ കാണുന്നതിനായി ആരോസ് ഉപയോഗിച്ച് മാറ്റുക.
3. പേജിന്റെ മുകളിൽ നിന്നും '**Anatomy Glaciers**' സെലക്ട് ചെയ്ത് ഹിമനദി രൂപ വല്ക്കരണം കാണുന്നതിന് ആക്ടിവിറ്റി അനിമേറ്റ് ചെയ്യുക.
4. 'Glacier Erosion' സെലക്ട് ചെയ്ത് move Glacier' ബട്ടനെ പ്രസ്സ് ചെയ്യുക. എന്നിട്ട് ഹിമനദികളുടെ ഖാദന പ്രവർത്തനം നിരീക്ഷിക്കാവുന്നതാണ്

**Website URL:**

https://ees.as.uky.edu/sites/default/files/elearning/module13swf.swf

EBN00



IX Std - Geography Malayalam Unit-3.indd 196 1/27/2023 1:10:27 PM

അദ്ധ്യായം

4

# ജലഗോളം

## പഠനലക്ഷ്യങ്ങൾ

- ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കുക.
- ശുദ്ധജലം, കടൽജലം ഇവയുടെ സ്വഭാവം, ഉപയോഗം, വിതരണം എന്നിവയെക്കുറിച്ച് പഠിക്കുക.
- സമുദ്രത്തിനടിത്തട്ടിലെ ഭൂപ്രകൃതിയെ കുറിച്ച് മനസ്സിലാക്കുക.
- സമുദ്രത്തിലെ ചലനങ്ങളെകുറിച്ച് മനസ്സിലാക്കുക.
- സമുദ്രവിഭവങ്ങളെ കുറിച്ച് മനസ്സിലാക്കുന്നു. കൂടാതെ അവ സംരക്ഷിക്കേണ്ടതെങ്ങനെയെന്ന് ബോധവാൻമാരാകുന്നു.

6Y9C5

## ആമുഖം

**കരഗോളം, വായുഗോളം, ജലഗോളം, ജീവഗോളം** ഇവ നാലുമടങ്ങിയതാണ് ഭൂഗോളമെന്ന് നാം മനസ്സിലാക്കിയിട്ടുണ്ട്. കരഗോളം, വായുഗോളം ഇവയെ പറ്റി നാം മുൻ ക്ലാസ്സുകളിൽ പഠിച്ചിട്ടുണ്ട്. ഈ പാഠത്തിൽ ജലഗോളം, ജീവഗോളം ഇവയെക്കുറിച്ച് മനസ്സിലാക്കാം.

## 4.1 ജലഗോളം

പ്രകൃതി വിഭവങ്ങളിൽ വളരെ പ്രാധാന്യ മുള്ളതും ഒഴിച്ചു കൂടാനാവാത്തതുമാണ് ജലം. ഭൂഗോളത്തിൽ ജലം വളരെ കൂടുതൽ കാണപ്പെടുന്നതിനാൽ ഇതിനെ **നീല ഗോളം** എന്ന് വിളിക്കുന്നു. അതിനാൽ ഇത് പ്രത്യേകതയുള്ള ഒരു ഗോളമായി നിലനിൽക്കുന്നു. ജലഗോളം ഭൂമിയിൽ കാണപ്പെടുന്നത് വ്യത്യസ്ത അവസ്ഥകൾ ഉൾകൊണ്ടാണ്. ജലഗോളത്തിൽ ഭൂമിയിലെ എല്ലാ ജലസ്രോതസ്സുകളും ഉൾപ്പെട്ടിരിക്കുന്നു. ഭൂമിയുടെ മേൽപരപ്പിൽ 97 ശതമാനം ജലവും സമുദ്രങ്ങളിൽ കാണപ്പെടുന്നു. ബാക്കി 3 ശതമാനം ജലം ഹിമപ്പാറകളായും, ഹിമ കൂമ്പാരങ്ങളായും കാണപ്പെടുന്നു. കൂടാതെ നദികൾ, തടാകങ്ങൾ, കുളങ്ങൾ, ഭൂഗർഭജലം എന്നിങ്ങനെയും ഒരു ചെറിയ ഭാഗം കാറ്റിൽ നീരാവിയായും കാണപ്പെടുന്നു.

## 4.2 ജലചംക്രമണം

ഭൂമിയിലെ ജലം സ്ഥിരമായ ഗുണമില്ലാത്ത ചലിക്കുന്ന പ്രത്യേകതയുള്ളതാണ്. ഭൂമിയുടെ ഉപരിതലത്തിൽ മുകളിലോട്ടും, താഴോട്ടും, ജലത്തിന്റെ ചലനം തുടർച്ചയായി നടക്കുന്നതിനെയാണ് **ജലചംക്രമണം** എന്നു പറയുന്നത്. **ജലം ബാഷ്പീകരിക്കൽ, ജലം സങ്കോചിക്കൽ, വർഷപാതം** ഇവ മൂന്നും ജലത്തിന്റെ ചാക്രീയമായ പ്രധാന പ്രവർത്തനങ്ങളാണ്. ജലത്തിന്റെ അവസ്ഥ തുടർച്ചയായി മാറിക്കൊണ്ടിരിക്കും. (ഉദാ. ഹിമം, ജലം, നീരാവി) ഈ അവസ്ഥ ചിലപ്പോൾ കണ്ണടച്ചു തുറക്കുന്നതിനു മുമ്പോ, അല്ലെങ്കിൽ പല മില്യൻ വർഷങ്ങളിലോ നടക്കുന്നതാണ്.

ഭൂമിയുടെ ഉപരിതലത്തിൽ കാണപ്പെടുന്ന ജലവിഭവത്തെ **ശുദ്ധജലമെന്നും, അശുദ്ധജലമെന്നും** രണ്ടായിതിരിക്കാം.



ജല ചക്രം

## 4.3 ശുദ്ധജലം

കടൽ,മഹാസമുദ്രങ്ങൾ ഇവയുമായി തുലനം ചെയ്യുമ്പോൾ ഉപ്പിന്റെ ശതമാനം മഴവെള്ളത്തിൽ വളരെ കുറവാണ് കാണപ്പെടുന്നത്. അതിനാൽ ഇതിനെ **ശുദ്ധജലം** എന്ന് വിളിക്കുന്നു. ശുദ്ധജലത്തിന്റെ ഭൂരിഭാഗവും ഉറഞ്ഞ നിലയിൽ ഹിമചരത്രകം, (Icecap) യും ഹിമനദികളായും കാണപ്പെടുന്നു. ഏകദേശം 61 ശതമാനം ജലം മാത്രം നദികളിലും ജലാശയങ്ങളിലും, അരുവികളിലും, കുളങ്ങളിലും ദ്രാവകാവസ്ഥയിൽ കാണപ്പെടുന്നു.ഭൂമിയുടെ ഉപരി തലത്തിലുള്ള ജലം ജലം ഉൾക്കൊള്ളുന്ന പാറകൾ വഴി തുളഞ്ഞ് അടിയിൽ ചെന്ന് ഭൂമിയുടെ

ZPQGR



IX Std - Geography Malayalam Unit-4.indd 197 3/29/2023 4:48:47 PM

അടിയിൽ ശേഖരിക്കപ്പെടുന്നു. ഇതിനെ **ഭൂഗർഭ ജലം** എന്ന് വിളിക്കുന്നു.

### വസ്തുത

ആയിരം തടാകങ്ങളുടെ നാട് എന്ന് ഫിൻലാന്റ് അറിയപ്പെടുന്നു. ഇവിടെ 1, 87, 888 തടാകങ്ങളുണ്ട്.

## 4.4 മഹാസമുദ്രങ്ങൾ

ഭൂഖണ്ഡങ്ങൾ, കടലുകൾതുടങ്ങിയവ ഉത്തരാർദ്ധഗോളത്തിലും, ദക്ഷിണാർദ്ധ ഗോളത്തിലും ഒരേ രീതിയിലല്ല കാണപ്പെടുന്നത്. ഉത്തരാർദ്ധഗോളം 61 ശതമാനം കരവിസ്തൃതിയും. ദക്ഷിണാർദ്ധഗോളം 81 ശതമാനം ജലവിസ്തൃതിയുമുണ്ട്. കര ജല വ്യാപനം ഇവയുടെ അടിസ്ഥാനത്തിൽ ഉത്തരാർദ്ധഗോളം കര അർദ്ധഗോളമെന്നും ദക്ഷിണാർദ്ധഗോളത്തെ ജലഅർത്ഥ ഗോളമെന്നും വിളിക്കുന്നു.

അധികതോതിൽ ആഹാര പദാർത്ഥ ങ്ങളും ഖനി ജങ്ങളും ഉള്ളതിനാൽ കടലുകളും മഹാസമുദ്രങ്ങളും ഭൂഗോളത്തിന്റെ **വിഭവ കിണ്ണങ്ങളെന്ന്** കരുതപ്പെടുന്നു.

ഇപ്പോൾ ഭൂമിയിൽ കാണപ്പെടുന്ന പ്ര ധാന കടലുകളും മഹാസമുദ്രങ്ങളും മാപ്പിൽ കൊടുത്തിരിക്കുന്നു.




കരാർദ്ധഗോളവും ജലാർദ്ധഗോളവും

### ചിന്താശകലങ്ങൾ

- **ഭൂമി 71% ജലത്താൽ ചുറ്റപ്പെട്ടിരുന്നാലും മനുഷ്യന്റെ ആവശ്യത്തിന് വളരെ കുറഞ്ഞ തോതിൽ മാത്രമേ ജലം ലഭിക്കുന്നുള്ളൂ എന്തുകൊണ്ട്?**
- **മഹാസമുദ്രങ്ങൾ ഉപ്പുള്ളതായി കാണപ്പെടുന്നു എന്തുകൊണ്ട്?**

നിങ്ങൾക്ക് അറിയാമോ?

ഭൂമിയുടെ അടിഭാഗത്തുള്ള ജലത്തിന്റെഉപരിതല പരിധിയെയാണ് ഭൗമജലസ്തരം (Water Table) എന്ന് പറയുന്നത്.

ജലം ജലാഗിരണം,ചെയ്യുന്ന പാറ കൾ വഴി അകത്തു ചെന്ന്, ജലം അകത്തു കയറാത്ത പാറകളുടെ ഉപ രിതലത്തിൽ തങ്ങി നിൽക്കുന്നു. ഈ ജലത്തെ ജലഭൃതം (Aqui Fers) എന്ന് വിളിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

അമേരിക്കയിലെ പ്രശ സ്തയായ സമുദ്രപര്യവേഷണ വിദഗ്ധയാണ് സിൽവിയ ഏൽ കടലിലുള്ള ജീവജാലങ്ങളുടെ സംരക്ഷണത്തിനായിഇവർ നട ത്തിയ പരിശ്രമത്തിന് ദി ടൈംസ് പത്രം ഗോളത്തിന്റെ കഥാനാ യകൻ എന്ന ബിരുദം ആദ്യമായി നല്കി ബഹുമാ നിച്ചു.

ഫ്രാൻസിലെ പ്രശസ്തനായ സമുദ്ര പര്യവേഷണ ഗവേഷകനാണ് ജാക്വസ് യുവസ് കാസ്റ്റോവ് (19101997) ഇദ്ദേഹം ആഴക്കടലിനെക്കുറിച്ച് വളരെ ബൃഹത്തായ ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. ഇദ്ദേഹം നാവിക സേനയിൽ വിവര സാങ്കേതിക വിഭാഗത്തിൽ ജോലി ചെയ്ത കാലത്ത് ഷാങ്കായ്, ജപ്പാൻ, സോവിയറ്റ് റഷ്യ തുടങ്ങിയ രാജ്യങ്ങളിലേക്ക് വ്യത്യസ്ത ജോലികൾ ചെയ്യുന്നതിനായി പോയിരുന്നു. 1945 ൽ ഇദ്ദേഹത്തിന് യുദ്ധത്തിന്റെ കുരിശ് എന്ന അവാർഡും 1985 ൽ അമേരിക്കൻ പ്രസിഡന്റിന്റെ പാരിതോഷികവും ലഭിച്ചു.

### 4.4.1 സമുദ്രത്തിനടിയിലെ ഭൂപ്രദേശങ്ങൾ

സമുദ്രാന്തർ ഭാഗത്ത് പലതരത്തിലുള്ള ഭൂപ്രദേശങ്ങൾ കാണപ്പെടുന്നു അവ:

- ✓ വൻകര യോരം (Continental shelf)
- ✓ വൻകര ചരിവ് (Continental slope)
- ✓ വൻകര ഉയർച്ച (Continental rise)
- ✓ സമുദ്രാന്തർ ഭാഗത്തെ സമതലങ്ങൾ അല്ലെങ്കിൽ അബിസൽ സമതലങ്ങൾ (Deep Sea Plain / Abyssal Plain)
- ✓ സമുദ്രഗർത്തം ( Ocean Deep)

**(A) വൻകരയോരം**

കരയിൽ നിന്ന് കടലിലേയ്ക്ക് ചെറിയ ചരിവോടു കൂടി കടലിൽ മുങ്ങിക്കിടക്കുന്ന ആഴമി ല്ലാത്ത ഭാഗത്തെയാണ് **വൻകരയോരം** എന്നു പ റയുന്നത്. മിക്കവാറും ആദ്യം ഇവ ചെറിയ ചരിവോടു കൂടിയ സമുദ്രതടങ്ങളാണ്.

KQSN4



IX Std - Geography Malayalam Unit-4.indd 198 3/29/2023 4:48:47 PM

വൻകരയോരം താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ട് വളരെ പ്രാധാന്യം കൽപ്പിക്കുന്നതായി കരുതപ്പെടുന്നു.

- വൻകരയോരം ആഴമില്ലാത്ത ഭാഗമായതിനാൽ സൂര്യപ്രകാശം നന്നായി പതിക്കുന്നു. ഇത് കടൽപുറ്റ് ആൽഗകൾ പ്ലവഗങ്ങൾ (Plankton) തുടങ്ങിയവ നന്നായി വളരാൻ കാരണമാകുന്നു. ;അതിനാൽ ഈ ഭാഗങ്ങൾ ലോകത്തിലെ സമൃദ്ധമായ മത്സ്യബന്ധന മേഖലകളിൽ ഒന്നാണ്. ഉദാ. ന്യൂഫൌണ്ട്ലാന്റിലെ ഗ്രാന്റ് ബാ ങ്ക് (The Grand Bank).
- വൻകരയോരം അധികതോതിൽ ഖനികളും ഹൈഡ്രോ കാർബണുകളും ഉള്ളതാണ്. ഈ ഭാഗം ആഴക്കിണറുകൾ മൂലം എണ്ണ എടുക്കാനും തുരങ്ക നിർ മാണത്തിനും പറ്റിയ സ്ഥലങ്ങളാണ് (ഉദാ:) അറബിക്കടലിലെ **മുംബൈഹൈ.**

**ഭൗമബന്ധം**

**O.N.G.C (ഒ.എൻ.ജി.സി)** എണ്ണ പ്രകൃതി വാതക കേന്ദ്രം തുടങ്ങിയവ ഇന്ത്യയിലുള്ള എണ്ണ, പ്രകൃതി വാതകം ഇവയെകുറിച്ച് ഗവേഷണവും ഉൽപാദനവും നടത്തിവരുന്ന വലിയ കേന്ദ്രങ്ങളാണ്. **മുംബൈ ഹൈയിൽ** 20 മില്യൻ ടൺ എണ്ണയും മറ്റു പ്രകൃതി വാതകങ്ങളും ഉള്ളതായി സമീപകാലത്തെ മൂല്യ നിർണയത്തിൽ നിന്ന് മനസ്സിലാക്കാം.



### (B) വൻകരചരിവ്

വൻകരയോരത്തിൽ ആഴക്കടലിലേക്ക് ചരിഞ്ഞ് കാണപ്പെടുന്ന ഭാഗത്തെ **വൻകരചരിവ്** എന്ന് പറയുന്നു. ഇത് വൻകര ഉപരിതലത്തിനും കടലിനടിയിലെ ഉപരിതലത്തിനും ഇടയിൽ ഒരു അതിർത്തി രൂപീകരിക്കുന്നു. വൻ ചരിവായതിനാൽ ഇവിടെ നിക്ഷേപണങ്ങൾ ഒന്നും കാണുന്നില്ല. സമുദ്രാന്തർ ഭാഗത്തെ ഗർത്തങ്ങളും കിടങ്ങുകളും കാണപ്പെടുന്നത് ഇതിന്റെ പ്രത്യേകതയാണ്. സൂര്യപ്രകാശം വളരെ കുറച്ചു മാത്രമേ ഉള്ളിൽ പതിയ്ക്കുകയുള്ളൂ. ,അതിനാൽ താപം വളരെ കുറച്ചു മാത്രമേ അനുഭവപ്പെടുന്നുള്ളൂ. അതു കൊണ്ട് ഈ ഭാഗത്ത് ജീവിക്കുന്ന ജീവജാലങ്ങളുടെ വളർച്ച വളരെ പതുക്കെയാണ് നടക്കുന്നത്.




നിങ്ങൾക്ക് അറിയാമോ?

ഹിപ്സോ മെട്രിക് കർവ് (Hypsometric Curve) എന്നു പറയുന്നത് കരയിലോ ജലത്തിലോ കാണപ്പെടുന്ന ഭൂപ്രദേശങ്ങളുടെ ഉയരം കണ്ടെത്താൻ ഉപയോഗിക്കുന്ന രേഖാചിത്രമാണ് 'Hypso' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം ഉയരം എന്നാണ്.

### (C) വൻകര ഉയർച്ച

വൻകര ചരിവിന്റെ അടിഭാഗത്ത് ചെറുതായി ചരിഞ്ഞ ഭാഗത്ത് നിക്ഷേപണങ്ങൾ കാണുന്നു. വൻകരചരിവിന്റെ കടലിനടിയിലെ സമതലത്തിനും ഇടയിലും കാണപ്പെടുന്ന ഭൂപ്രദേശത്തെ **വൻകര ഉയർച്ച** എന്നു പറയുന്നു. കരയിൽ കാണപ്പടുന്ന വണ്ടൽ നിക്ഷേപണങ്ങൾ പോലെ തന്നെ സമുദ്രത്തിനടിയിലും വണ്ടൽ നിക്ഷേപണങ്ങൾ കാണപ്പെടുന്നു. .

### (D) ആഴക്കടൽ സമതലം

ആഴക്കടൽ സമതലം അല്ലെങ്കിൽ അബിസൽ സമതലം എന്നു പറയുന്നത്. ആഴക്കടലിൽ കാണപ്പെടുന്ന കടലിനടിയിലെ സമതലമാണ്. ഇവ വൻകര ഉയർച്ചയിൽ നിന്നും കടലിനടിയിലെ മധ്യപർവ്വത ശിഖരങ്ങൾ വരെ വ്യാപിച്ചിരിക്കുന്നു. കൂടാതെ മറ്റ് ഭൂപ്രദേശങ്ങളില്ലാത്ത ചെറിയ ചരിവുള്ള ഭാഗങ്ങളാണ് ഇത്. പൊതുവെ ഈ സമതലങ്ങൾ, കളിമണ്ണ്, മണൽ, വണ്ടൽ മണ്ണ് തുടങ്ങിയവയാൽ രൂപീകരിക്കപ്പെട്ട ദൃഢമായ നിക്ഷേപണങ്ങൾ അടങ്ങിയവയാണ്. അബിസൽ കുന്നുകൾ കടൽ കുന്നുകൾ, സമുദ്ര വിതാന കുന്നുകൾ, പവിഴപ്പാറകൾ,പവിഴപ്പു റ്റുകൾ (Atolls) എന്നിവ ഈ സമതലത്തിന്റെ പ്രത്യേകതകളാണ്.

9K8CQ



IX Std - Geography Malayalam Unit-4.indd 199 3/29/2023 4:48:48 PM

## മഹാസമുദ്രത്തിന്റെ പ്രധാന സങ്കീർണമായഭൂപ്രദേശങ്ങൾ




നിങ്ങൾക്ക് അറിയാമോ?

അറ്റ്ലാന്റിക് മഹാസമുദ്രം, ഇന്ത്യൻ മഹാസമുദ്രം തുടങ്ങിയവയിൽ കാണപ്പെടുന്ന കടലിനടിയിലെ സമതലങ്ങൾ പസഫിക് മഹാ സമുദ്രത്തിൽ കാണുന്ന സമതലത്തെക്കാളും വളരെയധികം വ്യാ പിച്ച് കാണപ്പെടുന്നു. കാരണം വലിയ മഹാനദികൾ ഈ സമുദ്രത്തിലാണ് ചെന്നു ചേരുന്നത്.ആമസോൺ, ബ്രഹ്മപുത്ര, ഗംഗ.

### (E)സമുദ്രത്തിനടിയിലെ ഗർത്തം അല്ലെങ്കിൽ കിടങ്ങുകൾ

സമുദ്രത്തിനടിയിലെ ഏറ്റവും ആഴം കൂടിയ പ്ര ദേശമാണ് **കിടങ്ങുകൾ.** ഇത് മൊത്തം കടലിന്റെ വിസ്തീർണത്തിൽ 7% മുകളിൽ കാണപ്പെടുന്നു. ഗർത്തങ്ങളിൽ ജലത്തിന്റെ താപം ഹിമാങ്കത്തേക്കാൾ കൂടുതലായി കാണപ്പെടുന്നു. മിക്കവാറും ഗർത്തങ്ങൾ വലിയ ചരിവോടു കൂടിയ Vആകൃതിയിൽ കാണപ്പെടുന്നു.ശക്തമായ ഭൂകമ്പത്തിന്റെ പ്രകമ്പനങ്ങൾ സൃഷ്ടിക്കുന്ന പ്രഭവകേന്ദ്രം (Epicentre) ഇവിടെ കാണപ്പെടുന്നു.

### (F) സമുദ്രത്തിനടിയിലെ പർവ്വത ശിഖരങ്ങൾ

സമുദ്രത്തിനടിയിൽ കാണപ്പെടുന്ന തുടർച്ചയായ പർവ്വത ശിഖരങ്ങളെ **സമുദ്രത്തിനടിയിലെ പർവ്വതശിഖരങ്ങൾ** എന്നുവിളിക്കുന്നു. ഇവ രണ്ട് ഭൂഖണ്ഡത്തട്ടുകൾ മാറിപോകുന്നതു കൊണ്ട് രൂപ പ്പെടുന്നതാണ്. ഇവ ഇളം നിറത്തിലുള്ള ബാസൾട്ട് പാറകളാൽ ഉള്ളതാണ്. ഈ പർവ്വത പ്രദേശങ്ങൾ പ്രത്യേകിച്ചും വളരെ വ്യാപിച്ചും കാണപ്പെടുന്നു. മധ്യ അറ്റ്ലാന്റിക് പർവ്വത നിരകളും, കിഴക്കൻ പസഫിക് മലനിരകളും സമുദ്രത്തിനടിയിലെ പർവ്വത ശിഖരങ്ങൾക്ക് ഉദാഹരണമാണ്.

നിങ്ങൾക്ക് അറിയാമോ?

**ഫാത്തോമുകൾ** ⇨ സമുദ്രത്തിന്റെ ആഴം അറിയാൻ ഉപയോഗിക്കുന്ന ഒരളവ്.

**സമആഴ രേഖകൾ** ⇨ ഒരേ അളവിലുള്ള ആഴമുള്ള ഭൂപ്ര ദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന സാങ്കൽപിക രേഖകൾ.

**സമലായനീയകരണ രേഖകൾ** ⇨ ഒരേ അളവിലുള്ള ലവണാംശമുള്ള ഭൂപ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന സാങ്കൽപ്പിക രേഖകൾ.

നിങ്ങൾക്ക് അറിയാമോ?

ലോകത്തിലെ ഏറ്റവും ആഴം കൂടിയ സമുദ്രത്തിനടിയിലെ രന്ധ്രത്തിന് ഡ്രാഗൻ രന്ധ്രം എന്ന പേർ. ഈ സ്ഥലത്ത് താമസിക്കുന്ന മീൻപി ടിത്തക്കാർ ഇതിനെ തെക്കൻ ചൈനാ കടലിന്റെ കണ്ണ് എന്നു വിളിക്കുന്നു.





IX Std - Geography Malayalam Unit-4.indd 200 3/29/2023 4:48:49 PM




മദ്ധ്യഅറ്റ്ലാന്റിക് പർവ്വത ശിഖരം

## 4.4.2 സമുദ്ര ജലത്തിന്റെ ചലനങ്ങൾ

സമുദ്ര ജലം ഒഴുകി കൊണ്ടിരിക്കുന്നു. താപനില, ലവണീകരണം , സാന്ദ്രത, സൂര്യൻ, ചന്ദ്രൻ തുടങ്ങിയവയുടെ ഭൂഗുരുത്വ ബലം, കാറ്റ്, തുടങ്ങിയവ സമാന്തരമായും ലംബ രീയമായും ചലനങ്ങൾ സൃഷ്ടിക്കാൻ കാരണമാകുന്നു.

### (A) തിരമാലകൾ (Waves)

സമുദ്ര ജല ചലനങ്ങളിൽ തിരമാലകളാണ് ഏറ്റവും ശക്തിയേറിയവ എന്ന് കരുതപ്പെടുന്നു. കാറ്റ് സമുദ്രോപ രിതലത്തിൽ വീശുമ്പോൾ ചെറിയ അലകൾ ഉണ്ടാകുന്നു. കാറ്റിന്റെ വേഗം അതിന്റെ ദൈർഘ്യം അതിന്റെ ദിശ, ഇവയനുസരിച്ച് തിരമാലകളുടെ ഉയരത്തിൽ വ്യത്യാസം ഉണ്ടാക്കുന്നു. ചിലപ്പോൾ ആഴക്കടലിൽ ചില ഭൂകമ്പങ്ങൾ ഉണ്ടാകുമ്പോഴും തിരമാലകൾ ഉണ്ടാകുന്നു. ഇത്തരം തിരമാലകൾ നാ ശനഷ്ടങ്ങൾ ഉണ്ടാക്കുന്ന സുനാമിത്തിരമാലകളാണ് (Tsunami).

**നിങ്ങൾക്ക് അറിയാമോ?**

സമുദ്രജലം വീഴുമ്പോൾ ഉണ്ടാകുന്ന ഊർജ്ജം **ഹൈഡ്രോടർബൈൻസ്** (Hydro Turbines) ഉപയോഗിച്ച് വൈദ്യുതി ഉൽ പാദിപ്പിക്കുന്നു. ഇന്ത്യയിൻ കേരളത്തിലെ വിഴിഞ്ഞം, ആന്റമാൻ നിക്കോബാർ ദ്വീ പുകൾ എന്നിവിടങ്ങളിൽ തിരമാലകൾ ഉപയോഗിച്ച് വൈദ്യുതി ഉൽപാദി പ്പിക്കുന്ന നിലയങ്ങൾ ഉണ്ട്.

### (B) സമുദ്ര ചലനം (Tides)

സൂര്യൻ, ചന്ദ്രൻ ഇവയുടെ ഭൂഗുരുത്വ ബലം കൊണ്ട് ഒരു പ്രത്യേക കാലദൈർഘ്യത്തിൽ കടൽ ജലം ഉയരുകയും താഴുകയും ചെയ്യുന്നു. ഇതിനെ **സമുദ്രചലനം** എന്നുപറയുന്നു. ഈ സമുദ്രചലന ത്തെ **വേലിയേറ്റം (Spring Tides) വേലിയിറക്കം (Neep Tides)** എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു

ഭൂമി, സൂര്യൻ, ചന്ദ്രൻ ഇവ മൂന്നും ഒരേ നേർ രേഖയിൽ വരുമ്പോൾ സൂര്യന്റെയും ചന്ദ്രന്റെയും ഭൂഗുരുത്വ ബലം സമുദ്രത്തിന്റെ ഉപരിതലത്തിലുള്ള തിരമാലകളെ ശക്തമാക്കി ഉയരം കൂടിയ തിരമാലകൾ ഉണ്ടാക്കാൻ കാരണമാകുന്നു. ഇത്തരത്തിൽ ഉയരം കൂടിയ തിരമാലകൾ ഉണ്ടാകുന്നതിന് **വേലിയേറ്റം** എന്ന് പറയുന്നു. ഇത് അമാവാസി, പൗർണമി ദിവസങ്ങളിലാണ് നടക്കുന്നത് .

ഭൂമി, സൂര്യൻ, ചന്ദ്രൻ തുടങ്ങിയവ ലംബ രീയമായി വരുമ്പോൾ ഇവയുടെ ഭൂഗുരുത്വം ഒന്നിനെ ാന്ന് എതിരായിപ്രവർത്തിക്കുമ്പോൾ ഉയരം കുറഞ്ഞ തിരമാലകൾ സൃഷ്ടിക്കപ്പെടുന്നു. ഇത്തരത്തിലുള്ള ഉയരം കുറഞ്ഞ അലകൾ ഉണ്ടാകുന്നതിനെ **വേലിയിറക്കം** എന്നുപറയുന്നു,

രണ്ട് വേലിയേറ്റങ്ങൾക്കിടയിൽ ഒരു വേലിയിറക്കം ഉണ്ടാകുന്നു ചന്ദ്രന്റെ ആദ്യ അല്ലെങ്കിൽ അവസാന കാൽഭാഗത്ത് അതായത്. മാസത്തിൽ രണ്ടു പ്രാവശ്യം ഈ പ്രതിഭാസം നടക്കുന്നു.

**സമുദ്ര ജലചലനത്തിന്റെ തരങ്ങൾ**






IX Std - Geography Malayalam Unit-4.indd 201 3/29/2023 4:48:50 PM

നിങ്ങൾക്ക് അറിയാമോ?

ഇന്ത്യയിൽ കാംബേ ഉൾക്കടൽ, കച്ച് ഉൾക്കടൽ സുന്ദരവനം ചതുപ്പു തുടങ്ങിയവയിൽ സമുദ്രചലന ഊർജ്ജം ഉൽപ്പാദനം നടത്താൻ യോഗ്യമായ മണ്ഡലങ്ങളാണ് കരുതപ്പെടുന്നു.



നിങ്ങൾക്ക് അറിയാമോ?

ഭൂരിഭാഗം രാജ്യങ്ങളിലും സമുദ്രാതിർത്തി എന്നുപറയുന്നത് കടൽക്കരയിൽനിന്നും 12 മൈൽ ആണ് അതായത് (Nautical mile) എന്ന് കണക്കിട്ടിരിക്കുന്നു. 2013 ൽ സമുദ്രനിയമം സംബന്ധിച്ച മഹാ സമ്മേളനം നടന്നപ്പോൾ ഓരോ രാജ്യത്തിനുമുള്ള കടൽ മൈലുകൾ ഐക്യരാഷ്ട്ര സഭ നിർണയിച്ചു. ഇതിനനു സരിച്ച് ജോർഡാൻ പാല വ് തുടങ്ങീ രാജ്യങ്ങൾക്ക് 3 കടൽ മൈലുകളും ബെനൻ കോംഗോ റിപ്പബ്ലിക്കൻ രാജ്യമായ എൻസാൽവഡോർ , പെറു സോമാലിയ തുങ്ങിയവയ്ക്ക് 200 കടൽ മൈലുകളും നിർണ്ണയിക്കപ്പെട്ടു.

### (C) സമുദ്ര ജല പ്രവാഹങ്ങൾ

മഹാസമുദ്രങ്ങളുടെ മേൽപരപ്പിലും അതിന്റെ അഗാധതയിലും ഒരു പ്രത്യേക ദിശയിൽ ചലിക്കുന്ന ജലത്തെ **ജലപ്രവാഹങ്ങൾ** എന്നുവിളിക്കുന്നു. സമുദ്ര ജലപ്രവാഹങ്ങൾഉത്തരാർദ്ധഗോളത്തിൽ ഘടികാരദിശയിലും ദക്ഷിണാർദ്ധഗോളത്തിൽ എതിർ ഘടികാര ദിശയിലും ചലിക്കുന്നു.

സമുദ്ര ജലപ്രവാഹങ്ങൾ ഉണ്ടാകുന്നതിനുള്ള ഘടകങ്ങൾ:

- ഭൂമിയുടെ ഭ്രമണം
- വീശുന്ന കാറ്റ്
- കടൽ ജലത്തിന്റെ താപം ലവണീകരണത്തിലുള്ള വ്യത്യാസം.

സമുദ്രജലപ്രവാഹങ്ങളെ ഊഷ്ണജല പ്രവാഹങ്ങളെന്നും ശീത ജലപ്രവാഹങ്ങളെന്നും രണ്ടായി തിരിച്ചിരിക്കുന്നു. താഴ്ന്ന അക്ഷാംശത്തിൽ നിന്നും (താപമണ്ഡലം) ഉയർന്ന അക്ഷാംശത്തിലേക്ക് (മിതതാപമണ്ഡലം, ധ്രുവമണ്ഡലം) ചലിക്കുന്ന ജലപ്രവാഹങ്ങളെ **ഉഷ്ണജലപ്രവാഹങ്ങൾ** എന്നുവിളിക്കുന്നു. ഉദാഹരണം: അറ്റ്ലാന്റിക് മഹാസമുദ്രത്തിലെ ഉൾക്കടൽ ജലപ്രവാഹം പസഫിക് മഹാസമുദ്രത്തിലെ അതിർത്തി രേഖാ ജലപ്രവാഹം .

ഉയർന്ന അക്ഷാംശത്തിൽ നിന്നും (മിതതാപ മണ്ഡലം, ധ്രുവമണ്ഡലം) താഴ്ന്ന അക്ഷാംശം (താപ മണ്ഡലം) ത്തിലേക്ക് ചലിക്കുന്ന ജലപ്രവാഹങ്ങളെ **ശൈത്യ ജലപ്രവാഹങ്ങൾ** എന്നുവിളിക്കുന്നു. ഉദാഹരണം. അറ്റ്ലാന്റിക് മഹാസമുദ്രത്തിലുള്ള ലാബ്രഡോർ ജലപ്രവാഹം, പസഫിക് സമുദ്രത്തിലുള്ള പെറുവിയൻ ജലപ്രവാഹം.

നിങ്ങൾക്ക് അറിയാമോ?

ദേശീയ സമുദ്ര പര്യവേഷണ സ്ഥാപനം (***NIO* (National Institute of Oceanography) 1.1.1996** ജനുവരിയിൽ രൂപീകരിച്ചു. ഇതിന്റെ കേന്ദ്രസ്ഥാനം ഗോവയിലുള്ള ഡോണാ പൗല ആണ്. സമുദ്രോൽപന്നങ്ങൾ, മെറൈൻ എൻജിനിയറിംഗ്, സമുദ്രത്തിലെ പുരാതന വസ്തുക്കൾ ഇവയെകുറിച്ച് ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നു.

## 4.5 സമുദ്ര വിഭവങ്ങൾ

P4JOS

സമുദ്രത്തിലും സമുദ്രത്തിന്റെ അടിത്തട്ടിലും കാണപ്പെടുന്ന ജീവനു ള്ളതും ജീവനില്ലാത്തതുമായ വസ്തുക്കളെ **സമുദ്രവിഭവങ്ങൾ** എന്നുപറയുന്നു. മനുഷ്യന്റെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ പൂർത്തീകരിക്കാൻ സമുദ്ര വിഭവങ്ങൾ പ്രത്യേക പങ്ക് വഹിക്കുന്നു. പലതരത്തിൽപ്പെട്ട കടൽ ജീവികളെ, ആഹാരം മരുന്ന് ,സൗന്ദര്യവർദ്ധകവസ്തുക്കൾ എന്നിവയ്ക്ക് വേണ്ടി വൻതോതിൽ തൊഴിൽമേഖലയിൽ ഉപയോഗിക്കുന്നു. ഊർജ്ജം,ഖനികൾ, ജലം തുടങ്ങീ ജീവിതാവശ്യങ്ങൾ അജൈവിക സമുദ്ര വിഭവങ്ങളെ ആശ്രയിച്ചിരിക്കുന്നു.



### ചിന്താശകലം

- സമുദ്രം മഹാസമുദ്രം എന്നിവയിലെ ജലം പൂർണ്ണമായും ശുദ്ധജലമായിരുന്നാൽ എന്ത് സംഭവിക്കും??



IX Std - Geography Malayalam Unit-4.indd 202 3/29/2023 4:48:53 PM




## 4.5.1 സമുദ്ര വിഭവ സംരക്ഷണം

ഭൂമിയിലെ മനുഷ്യരാശിയുടെ ജീവനാഡിയാണ് സമുദ്രങ്ങൾ. മനുഷ്യന്റെ ജീവിതാവശ്യങ്ങൾ സമുദ്ര വിഭവങ്ങളെ ആശ്രയിച്ചിരിക്കുന്നു. സാമ്പത്തികത, സമൂഹ്യക്ഷേമം ജീവിതനിലവാരം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിന് സമുദ്രവിഭവം ആവശ്യപ്പെടുന്നു. എണ്ണവിഭവം മഹാസമുദ്രങ്ങളിൽ വളരെ കൂടുതൽ കാണപ്പെടുന്നു. മഹാസമുദ്രങ്ങൾ മുഖ്യ മത്സ്യബന്ധനകേന്ദ്രങ്ങളാണ് പാരമ്പര്യേതര പ്രകൃതിവാതക ങ്ങളുടെ ഉൽപാദനത്തിനും ചെറുതും വലുതുമായ തുറമുഖങ്ങളുടെ വളർച്ചയ്ക്കും ഇത് വളരെയധികം പ്രയോജനപ്പെടുന്നു. കടലോര വിനോദസഞ്ചാരം ലോകം മുഴുവനുമുള്ള ജന തയെ ആകർഷിച്ചിട്ടുണ്ട്. ഇത് പലരാജ്യങ്ങളിലും സാമ്പത്തികമായ പുരോഗതി കൈവരിക്കുന്നതിന് കാരണമാകുന്നു.

വൈവിദ്ധ്യമാർന്ന ജീവജാലങ്ങളുടെ വാസസ്ഥലങ്ങൾ നഷ്ടമാവുക, കടൽ ജലം മലിനീകരിക്കൽ, കാലാവസ്ഥ വ്യതിയാനം തുടങ്ങീ പ്രശ്നങ്ങളെ സമുദ്രം അതിജീവിക്കേണ്ടിയിരിക്കുന്നു. സമുദ്രവിഭവം പൂർണ്ണമായും നശിക്കുന്നതിനു മുൻപ് അവയെ സംരക്ഷിക്കേണ്ട രീതികൾ അവലംബിക്കേണ്ടതാണ്.

### പവിഴപ്പാറകൾ




ലോകത്തിലെ ഏറ്റവും നീളം കൂടിയ പവിഴപ്പാറപ്പുറ്റ് ഗ്രേറ്റ് ബാരിയൻ റീഫ് ആണ്. ഈ പവിഴപ്പാറകൾ 2,900 പവിഴപുറ്റുകളും 900 ദ്വീപുകളും ഉള്ളതാണ്. ഇതിന് 2000 കി.മീ നീളം കാണപ്പെടുന്നു. ഇതിന് 350000 ചതുരശ്ര കി.മീ വിസ്തൃതിയുമുണ്ട്. ആസ്ട്രേലിയയിലെ കീൻസ്ലാന്റിന് അരികിലുള്ള പവിഴക്കടലിൽ ഇതിന്റെ ആവാസസ്ഥലങ്ങളുണ്ട് ബഹികരാകാശത്തുനിന്നുപോലും ഈ പവിഴപുറ്റുകളെ കാണാവുന്നതാണ്. ഭൂമിയിലെ വൈവിധ്യമാർന്ന ജീവജാല സ്രോതസ്സുകളിൽ ഒന്നായി ഈ പവിഴപ്പുറ്റുകൾ കാണപ്പെടുന്നു. പല ബില്ല്യൻ സൂക്ഷ്മജീവികളായി പവിഴമൊട്ടുകൾ കൊണ്ട് ഈ പവിഴപ്പാറകൾ ഉണ്ടാക്കിയിരിക്കുന്നു. ലോകത്തിലെ 7 അത്ഭുതങ്ങളിൽ സി.എൻ.എൻ. ഒന്നായി ഇതിനെ കണക്കാക്കിയിരിക്കുന്നു .



### തുടർ പഠനം

- ഭൂമിയിലെ മൂന്നാമത്തെ ഗോളം ജലഗോളമാണ്. ഇത് ഭൂമിയിലുള്ള എല്ലാ അവസ്ഥയിലുമുള്ള(ഖരം, ദ്രവം, വാതകം) ജലം ഉൾകൊണ്ടതാണ്.
- ജല ചംക്രമണം എന്നുപറയുന്നത് ഭൂമിയിലുള്ള ജലം ഓരോ അവസ്ഥകളിലായി മാറികൊണ്ടിരിക്കുന്നതാണ്.
- ശുദ്ധജലം, അശുദ്ധജലം എന്നീ രണ്ടു തരത്തിൽ ഭൂമിയിൽ ജലം ലഭ്യമാണ്. ഭൂമിയുടെ ഉപരിതലത്തിൽ കാണപ്പെടുന്ന ജലത്തിന്റെ 97% കടൽജലമാണ്.
- പസഫിക് മഹാസമുദ്രം, ഇന്ത്യൻ മാഹാസമുദ്രം അറ്റ്ലാന്റിക് മഹാസമുദ്രം, തെക്കൻമഹാസമുദ്രം ആർടിക് മഹാസമുദ്രം തുടങ്ങിയവ ഭൂമിയിലെ അഞ്ച് മഹാ സമുദ്രങ്ങളാണ്.
- വൻകരയോരം, വൻകരചരിവ്, വൻ കര ഉയർച്ച, മഹാസമുദ്രത്തിലെ സമതല ങ്ങൾ, ഗർത്തങ്ങൾ, സമുദ്രത്തിനടിയി ലെ പർവ്വതനിരകൾ തുടങ്ങിയവ സമുദ്രത്തിന്റെ അടിഭാഗത്ത് കാണപ്പെടുന്ന ഭൂപ്രദേശങ്ങളാണ്.
- കടലിൽ കാണപ്പെടുന്ന ജൈവീകവും അജൈവികവുമായ വസ്തുക്കളെ കടൽ വിഭവങ്ങൾ എന്നു പറയുന്നു.
- മഹാസമുദ്രങ്ങൾ ഭൂമിയുടെയും മനുഷ്യരാശിയുടെയും ജീവനാഡികളാണ് അതിനാൽ ഇവ സംരക്ഷിക്കപ്പെടേണ്ടവയാണ്.



IX Std - Geography Malayalam Unit-4.indd 203 3/29/2023 4:48:53 PM

## പ്രധാന സമുദ്ര ജലപ്രവാഹങ്ങളുടെ വ്യാപനവും ഫലങ്ങളും

| മഹാസമുദ്രങ്ങൾ | ജലപ്രവാഹങ്ങളുടെ പേര് | ഫലങ്ങൾ |
|---|---|---|
| തെക്കൻ അറ്റ്ലാൻഡിക് മഹാസമുദ്രം | ബെൻഗുലാ ജലപ്രവാഹം (ശീതം) | നമീബിയ കടൽക്കരപ്രദേശങ്ങളെ ഹിമ പ്രദേശങ്ങളാക്കുന്നു. നമീബിയ, കലഹാരി മരുഭൂമികൾ ഫലപുഷ്ടമാക്കാൻ സഹായിക്കുന്നു. |
| വടക്കൻ അറ്റ്ലാന്റിക് മഹാസമുദ്രം | ഉൾക്കടൽ ജലപ്രവാഹം (ഉഷ്ണം) | ഈ ജലപ്രവാഹങ്ങൾ ലാബ്രഡോർ ജലപ്രവാഹങ്ങളോടു കൂടി ചേരുന്നതു കൊണ്ട് ന്യൂഫൗണ്ട്ലാന്റ് കടലോര പ്രദേശങ്ങൾ ഹിമപ്രദേശങ്ങളായി മാറുന്നു. ഇത് കടൽ ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നു. ഏറ്റവും വലിയ മത്സ്യബന്ധന കേന്ദ്രവുമാണിത്. |
| | വടക്കൻ അറ്റ്ലാൻഡിക് ജലപ്രവാഹം (ഉഷ്ണം) | ഈ ജലപ്രവാഹം ഉയർന്ന അക്ഷാംശ പ്രദേശങ്ങളിലുള്ള തുറമുഖങ്ങളിൽ വർഷം മുഴുവനും മഞ്ഞുറയാതിരിക്കാൻ സഹായിക്കുന്നു. റോർവിക് തുറമുഖം (നോർവേ) മാർമാൻസ്ക്, സെവിറോഡ്വിൻസ്ക് |
| | ലാബ്രഡോർ ജലപ്രവാഹം (ശീതം) | ഉൾക്കടൽ ജലപ്രവാഹത്തോടു ചേരുന്നതിന്റെ ഫലമായി മഞ്ഞ് വീഴ്ചയ്ക്ക് കാരണമാകുന്നു. കടൽ ഗതാഗതത്തിന് തടസ്സമുണ്ടാകുന്നു. |
| | കാനറി ജലപ്രവാഹം (ശീതം) | സഹാറ മരുഭൂമി വിസ്തൃതിയാവാതിരിക്കാൻ സഹായിക്കുന്നു. |
| തെക്കൻ പസഫിക് മഹാസമുദ്രം | പെറുവിയൻ ഹംബോർഡ് ജലപ്രവാഹം (ശീതം) | അറ്റക്കാമ മരുഭൂമിയുടെ രൂപീകരണത്തിന് ഇത് കാരണമാകുന്നു. തെക്കെ അമേരിക്കയുടെ പടിഞ്ഞാറൻ ഭാഗത്ത് എൽനിനോ കാലാവസ്ഥ ഭേദം പെറുവിയൻ ജലപ്രവാഹത്തിലുണ്ടാകുന്ന മാറ്റവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇൻഡ്യയിൽ മൺസൂൺ കാറ്റുകൾ ശരിയായ സമയത്ത് വീശാതിരിക്കാൻ കാരണമാകുന്നു. |
| വടക്കൻ പെസഫിക് മഹാസമുദ്രം | ക്രൊയേഷ്യ ജലപ്രവാഹം (ഉഷ്ണം) | അടുത്തുള്ള പ്രദേശങ്ങളിൽ അധിക താപ നില ഉണ്ടാകുന്നതു കൊണ്ട് കാറ്റ് വികസിച്ച് മേഘപാളികളുണ്ടായി മഴ നൽകുന്നു. |
| | ഒയോഷ്യാ ജലപ്രവാഹം (ശീതം) | ഈ ജലപ്രവാഹം ക്രൊയേഷ്യാ ജലപ്രവാഹവുമായി ലയിക്കുന്നതിനാൽ ഹൊക്കൈഡോ ദ്വീപിൽ മഞ്ഞുവീഴ്ച ഉണ്ടാകുകയും കടൽ ഗതാഗതത്തിന് സങ്കീർണ്ണപ്രശ്നങ്ങൾ ഉണ്ടാകുന്നതിനും കാരണമാകുന്നു. അതിനാൽ ഹൊക്കൈഡോ ലോകത്തിലെ പ്രശസ്ത മത്സ്യ ബന്ധന മേഖലയായി തീർന്നിരിക്കുന്നു. |
| | അലാസ്കാ ജലപ്രവാഹം | അലാസ്കയിലെ തുറമുഖങ്ങൾ വർഷം മുഴുവൻ പ്രവർത്തിക്കാൻ കാരണമായിരിക്കുന്നു |
| | കാലിഫോർണിയ ജലപ്രവാഹം (ശീതം) | കാലിഫോർണിയയുടെ കടൽപ്രദേശങ്ങളിൽ മേഘപാളികൾ രൂപീകരിക്കാൻ കാരണമായിരിക്കുന്നു. അരിസോണ, സൊണാട്ട മരുഭൂമികൾ ഇത് രൂപപ്പെടുന്നതിന് കാരണമായിരിക്കുന്നു. |
| ഇൻഡ്യൻ മഹാസമുദ്രം | പടിഞ്ഞാറൻ ആസ്ട്രേലിയ ജലപ്രവാഹം (ശീതം) | ആസ്ട്രേലിയയുടെ പടിഞ്ഞാറ് കടൽക്കര പ്രദേശങ്ങളിൽ മേഘപാളികൾ ഉണ്ടാവാൻ കാരണമാകുന്നു. പടിഞ്ഞാറ് ആസ്ട്രേലിയൻ മരുഭൂമി ഉണ്ടാവാൻ കാരണമായിരിക്കുന്നു. |



IX Std - Geography Malayalam Unit-4.indd 204 3/29/2023 4:48:53 PM

## ലോകത്തിലെ പ്രധാന സമുദ്ര ജലപ്രവാഹങ്ങൾ




**നിങ്ങൾക്ക് അറിയാമോ?**

**2010**ൽ ഇന്ത്യയുടെ ദേശീയ കടൽ ജീവിയായി ഡോൾഫിനെ തെരഞ്ഞെടുത്തിരുന്നു വംശനാശ ഭീക്ഷണിനേരിടുന്ന കടൽ ജീവികളിൽ ഒന്നാണിത്. ഡോൾഫിനുകൾ യഥാർത്ഥത്തിൽ വംശനാശഭീക്ഷണിനേരിടുന്നുണ്ടോ? അതെ എന്നാണെങ്കിൽ കാരണം പറയുക.



## അഭ്യാസം

### I ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. മഹാസമുദ്രങ്ങളിലെ താപനില ആഴം കൂടുന്തോറും.
   a) അധികരിക്കും
   b) കുറയും
   c) ഒരേ അളവിലായിരിക്കും
   d) മേൽപ്പറഞ്ഞവയൊന്നുമല്ല

2. സമുദ്രജല പ്രവാഹങ്ങൾ ഉണ്ടാവാൻ കാരണം
   a) ഭൂമിയുടെ ഭ്രമണം
   b) താപവ്യതിയാനം
   c) ഉപ്പിന്റെ അളവിലുള്ള വ്യത്യാസം
   d) മേൽപ്പറഞ്ഞവയെല്ലാം

3. താഴെപ്പറയുന്ന വസ്തുതകൾ വിശകലനം ചെയ്യുക.
   1. മത്സ്യബന്ധന മേഖലകൾ മിക്കവാറും വിസ്തൃതമായ വൻകരയോരങ്ങളിൽ കാണപ്പെടുന്നു.
   2. മിതതാപമേഖലകളിൽ മീൻപിടിത്തം നല്ലതുപോലെ പുരോഗതി പ്രാപി ച്ചിട്ടുണ്ട്.
   3. മീനിന്റെ പ്രധാന ആഹാരമായ പ്ലവഗങ്ങൾ വളരുന്നതിന് കാരണം ഉഷ്ണജല പ്രവാഹവും ശീതജലപ്രവാഹവും ഒന്നിക്കുന്നതാണ്.
   4. ഇൻഡ്യയിലെ ഉൾനാട്ട് മത്സ്യബന്ധനം കുറിപ്പിടത്തക്കതാണ്.

   a) 1 ഉം 2 ശരിയാണ്.
   b) 1 ഉം 3 ശരിയാണ്.
   c) 2,3, 4 ഉം ശരിയാണ്.
   d) 1,2 , 3 ഉം ശരിയാണ്



IX Std - Geography Malayalam Unit-4.indd 205 3/29/2023 4:48:55 PM

4. സമുദ്രത്തിനടിത്തട്ടിൽ പർവ്വതശിഖരങ്ങൾ ഉണ്ടാവാൻ കാരണം
   a) ഭൂഖണ്ഡത്തട്ടുകൾ യോജിക്കുന്നതുകൊണ്ട്
   b) ഭൂഖണ്ഡത്തട്ടുകൾ മാറുന്നതു കൊണ്ട്
   c) ഭൂഖണ്ഡത്തട്ടുകളുടെ പാർശ്വത്തിലുള്ള ചലനം
   d) മുകളിൽ പറഞ്ഞിട്ടുള്ളവ ഒന്നുമല്ല.

5. സമുദ്ര വിതാനത്തിൽ നിന്നും താഴോട്ടുള്ള ഭൂപ്രദേശങ്ങളെ ആരോഹണ ക്രമത്തിൽ എഴുതുക?
   a) വൻകരയോരം, വൻകരചരിവ്, മഹാസമുദ്രത്തിലെ സമതലങ്ങൾ, സമുദ്രഗർത്തം.
   b) വൻകരചരിവ്, വൻകരയോരം, മഹാസമുദ്രത്തിലെ സമുദ്രഗർത്തം.
   c) മഹാസമുദ്രത്തിലെ സമതലങ്ങൾ, വൻകരയോരം, സമുദ്രഗർത്തം.
   d) വൻകര ചരിവ് മഹാസമുദ്രത്തിലെ സമതലങ്ങൾ വൻകരയോരം, സമുദ്രഗർത്തം.

6. താഴെ തന്നിരിക്കുന്നവയിൽ ശരിയായി യോജിക്കാത്തതേത്?
   a) ഉൾക്കടൽ ജലപ്രവാഹം — പസഫിക് മഹാസമുദ്രം
   b) ലാബ്രഡോർ ജലപ്രവാഹം — വടക്കൻ അറ്റ്ലാൻഡിക് മഹാസമുദ്രം
   c) കാനറി ജലപ്രവാഹം — മദ്ധ്യധരണ്യാഴി.
   d) മൊസമ്പിക് ജലപ്രവാഹം — ഇൻഡ്യൻ മഹാസമുദ്രം.

## II. പ്രസ്താവനയെ (A), കാരണവുമായി (R) ബന്ധിപ്പിക്കുക:

A) A, R രണ്ടും ശരി R , A യുടെ ശരിയായ വിശദീകരണം.
B) A, R ശരിയാണെങ്കിൽ R, A യ്ക്കുള്ള ശരിയായ വിശദീകരണമല്ല.
C) A ശരിയാണെങ്കിൽ R തെറ്റാണ്.
D) A തെറ്റാണെങ്കിൽ R ശരിയാണ്

1. **പ്രസ്താവന (A):** ചിത്രങ്ങളിൽ സമുദ്രങ്ങൾ എപ്പോഴും നീലനിറത്തിൽ നൽകിയിരിക്കും.
   **കാരണം (R):** ഇത് സമുദ്രങ്ങളുടെ പ്രകൃതിദത്തമായ നിറം കാണിക്കുന്നു.
2. **പ്രസ്താവന (A):** ആഴക്കടൽ വിതാന കുന്നുകളെ ഗയാട്ട് എന്നു വിളിക്കുന്നു.
   **കാരണം (R):** എല്ലാ ഗയാട്ടുകളും അഗ്നിപർവ്വത സ്ഫോടനം കൊണ്ടുണ്ടായവയാണ്.
3. **പ്രസ്താവന (A):** മഹാസമുദ്രതടത്തിൽ കാണപ്പെടുന്ന ആഴമുള്ള കുറുകിയ ഭാഗം സമുദ്രാന്തർഭാഗത്തെ കിടങ്ങുകളാണ്.
   **കാരണം (R):** ഇവ വൻകരയോരം, ചരിവ്, ഉയർച്ചകളാൽ നിയന്ത്രിക്കപ്പെടുന്നു.
4. **പ്രസ്താവന (A):** വൃത്താകൃതിയിലുള്ള പവിഴപ്പുറ്റ് അറ്റ്ലാന്റിക് സമുദ്രത്തിൽ വ്യാപിച്ച് കാണപ്പെടുന്നു.
   **കാരണം (R):** ആഴമുള്ള ഭാഗങ്ങളിൽ സമുദ്രജീവികൾ വളരെ കുറഞ്ഞ് കാണപ്പെടുന്നു.

## III. യോജിപ്പിക്കുക :

| | | | |
|---|---|---|---|
| 1. | മരിയാനാ കിടങ്ങ് | - | സമുദ്രത്തിൽ ഉപ്പിന്റെ അളവ് കുറവ് |
| 2. | ഗ്രേറ്റ് ബാ രിയർ റീഫ് | - | ജപ്പാൻ കടൽക്കരയോരം |
| 3. | വേലിയേറ്റം | - | പസഫിക് മഹാസമുദ്രത്തിലെ ആഴമുള്ള ഭാഗം |
| 4. | അധികമഴ | - | ആസ്ട്രേലിയ |
| 5. | ക്രൊയോഷ്യാ ജലപ്രവാഹം | - | രണ്ടാംഘട്ട ഭൂപ്രദേശം |
| 6. | വൻകരചരിവ് | - | അമാവാസി, പൗർണ്ണമി ദിവസം |

## IV. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക:

1. ജലഗോളം എന്നതിന്റെ അർത്ഥമെന്ത്?
2. ജലചംക്രമണം എന്നാൽ എന്ത്?
3. സമുദ്രത്തിനടിയിലെ ഭൂപ്രദേശങ്ങൾ ഏതെല്ലാം
4. സമുദ്രജലപ്രവാഹങ്ങൾ ഉണ്ടാകുന്നതിനുള്ള ഘടകങ്ങൾ എന്തെല്ലാം ?
5. കുറിപ്പെഴുതുക കടൽത്തിരമാലകൾ.

## V. കാരണം പറയുക:

1. ഉത്താർദ്ധഗോളത്തെ കരഅർദ്ധഗോളമെന്നും ദക്ഷിണാർദ്ധഗോളം ജലഅർദ്ധഗോളമെന്നും വിളിക്കുന്നു.
2. വൻകരയോരങ്ങൾ നല്ല മത്സ്യബന്ധന മേഖലകളാണ്.

## VI. വ്യത്യാസമെഴുതുക:

1. വേലിയേറ്റം, വേലിയിറക്കം.
2. മഹാ സമുദ്രത്തിലെ സമതലങ്ങൾ, മഹാസമുദ്രത്തിലെ ഗർത്തം.

## VII. ഖണ്ഡികയിൽ ഉത്തരമെഴുതുക:

1. വൻകരയോരം, വൻകരചരിവ് ഇവയെ കുറിച്ച് കുറിപ്പെഴുതുക.
2. സമുദ്രജലപ്രവാഹങ്ങൾ എന്നാലെന്ത്? തരങ്ങൾ ഏതെല്ലാം?
3. സമുദ്രവിഭവങ്ങൾ മനുഷ്യരാശിയെ എപ്രകാരം സ്വാധീനിക്കുന്നു.



IX Std - Geography Malayalam Unit-4.indd 206 3/29/2023 4:48:55 PM



# ICT കോർണ്ണർ

**ഭൂമിശാസ്ത്രം - ജലഗോളം**

ഭൂഗോളത്തിൽ ഉൾപ്പെട്ടവ ഏതൊക്കെയാണെന്ന് മെമ്മറി കാർഡുകൾ ഉപയോഗിച്ച് യോജിപ്പിച്ച് നോക്കുക.




**ഘട്ടം**

ഘട്ടം 1 താഴെതന്നിരിക്കുന്ന /ഫാസ്റ്റ് സിംബൽ ഉപയോഗിച്ച് പ്രവർത്തനത്തിനായി ഇന്റർനെറ്റിലേക്ക് കടക്കുക

ഘട്ടം 2 ഭൂഗോളം സംബന്ധിച്ച കാർഡുകൾ സ്ക്രീനിൽ കാണാവുന്നതാണ്

ഘട്ടം 3 ശരിയായ ചിത്രത്തെ ഭൂഗോള ചിത്രവുമായി ബന്ധിപ്പിക്കുക

**വെബ് അഡ്രസ്സ്**

http://match_themeory.com/earth spheres
ചിത്രങ്ങൾ അടയാളത്തിന് മാത്രമാണ്
ആവശ്യമെങ്കിൽ Adobe Flash ഉപയോഗിക്കുക

E5Y40



IX Std - Geography Malayalam Unit-4.indd 207 3/29/2023 4:48:56 PM

അദ്ധ്യായം

5

# ജൈവഗോളം



## പഠന ലക്ഷ്യങ്ങൾ

- ജീവ മണ്ഡലത്തിന്റെ അർത്ഥം മനസ്സിലാക്കൽ.
- ജന്തുക്കളുടെയും സസ്യങ്ങളുടെയും ഒരു നിശ്ചിത സമൂഹവും അവ ആശ്രയിച്ചിരിക്കുന്ന പരിസ്ഥിതിയേയും വ്യവസ്ഥയെയും പറ്റി മനസ്സിലാക്കൽ.
- ലോകത്തിലെ വിവിധ ജൈവമേഖലകളെക്കുറിച്ച് അറിയുക.
- ജീവജാലങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യം മനസ്സിലാക്കാൻ.

APV7C

## ആമുഖം

ജീവഗോളം ഭൂമിയുടെ നാലാമത്തെ ഗോളമാണ്. ഭൂമിയുടെ ഉപരിതലത്തിൽ കാണപ്പെടുന്ന ഈ മണ്ഡലം ജീവജാലങ്ങൾ വസിക്കുന്നതിന് അനുയോജ്യമാണ് ഇത് സ്ഥലഗോളം ജലഗോളം, വായുഗോളം, എന്നിവയെ ഉള്ളടക്കിയതാണ്. വിവിധതരത്തിലുള്ള സസ്യങ്ങൾക്കും ജന്തുക്കൾക്കും ജീവിക്കാൻ അനുയോജ്യമായ പരിസ്ഥിതി ഇവിടെയുണ്ട്. കടൽ നിരപ്പിനു മുകളിലായിട്ടും വായു മണ്ഡലത്തിനും താഴേയായിട്ടും ഏകദേശം 20 കിലോമീറ്റർ വരെ ജീവഗോളം വ്യാപിച്ചിരിക്കുന്നു. കടൽ നിരപ്പിനു മുകളിലും താഴേയുമായി 1 കിലോ മീറ്റർ വരെയുള്ള വളരെ ചുരുങ്ങിയ പ്രദേശത്താണ് മിക്ക സസ്യങ്ങളും ജന്തുക്കളും വസിക്കുന്നത് ജീവഗോളം എന്നത് വിവിധ തരങ്ങളിൽ ഉൾപ്പെട്ട പരിസ്ഥിതി മണ്ഡലത്തേയും ജീവജാലങ്ങളെയും ഉള്ളടക്കിയതാണ്. എല്ലാ ജീവജാലങ്ങളെയും അവയുടെ വലിപ്പമനുസരിച്ച് വിവിധ



IX Std - Geography Malayalam Unit-5.indd 208 3/29/2023 4:56:48 PM

തരങ്ങളായി പിരിക്കാം ജന്തുക്കൾ, സസ്യങ്ങൾ, സൂക്ഷ്മജീവികൾ എന്നിവ ജീവിക്കുന്ന പ്രദേശം അവയുടെ വാസസ്ഥലം എന്നറിയപ്പെടുന്നു. ഒരു നിശ്ചിത പരിസ്ഥിതിയിൽ വളരുന്ന സസ്യങ്ങൾ, ജന്തുക്കൾ, സൂക്ഷ്മജീവികൾ എന്നിവയിൽ കാണുന്ന വ്യത്യാസത്തിനെ ജൈവവൈവിദ്ധ്യം എന്ന് പറയുന്നു.

ഭൂമിയുടെ ഉപരിതലത്തിനു മേൽ ചെങ്കുത്തായിട്ടുള്ള ജീവഗോളം




## 5.1 ആവാസവ്യവസ്ഥ

വിവിധ തരങ്ങളിൽ ഉൾപ്പെട്ട ജീവജാലങ്ങളുടെ ഘടകമാണ് ജൈവ സമൂഹം ജൈവ മണ്ഡലത്തിൽ ജീവിക്കുന്ന ജീവജാലങ്ങൾ ഒന്നിനോടൊന്ന് ബന്ധമുള്ളവയാണ്. ഇവ ജീവനില്ലാത്ത ഘടകങ്ങളായ മണ്ണ്, കാറ്റ്, ജലം എന്നിവയെ ആശ്രയിച്ചാണ് വളരുന്നത്. ജൈവ മണ്ഡലം വളരെ ചെറിയ മാത്രയിൽ നിന്ന് (ഉദാഹരണം മരപ്പട്ട) ആരംഭിച്ച് വളരെ വിശാലമായ ജൈവ മണ്ഡലം അല്ലെങ്കിൽ പരിസ്ഥിതി മണ്ഡലം വരെ (ഉദാഹരണം കൃഷിഭൂമി, കുളങ്ങൾ, വനം, മുതലായവ) വ്യത്യസ്തമായിട്ട് കാണപ്പെടുന്നു. ഇവിടെ ജീവജാലങ്ങൾ സ്ഥിരമായി താമസിക്കുന്നതിന് അനുകൂലമായ പരിസ്ഥിതി കാണപ്പെടുന്നു. ഭൂമിയിലുള്ള പരിസ്ഥിതി മണ്ഡലം ജീവജാലങ്ങൾ മനുഷ്യരാശികൾ എല്ലാറ്റിനെയും ഉൾകൊള്ളിച്ചിട്ടുള്ളതാണ് ജൈവമണ്ഡലം എന്നറിയപ്പെടുന്നത്.



### പ്രവൃത്തി

വനത്തിനെകുറിച്ച് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിവരിക്കുക




- ജൈവസമൂഹത്തെ കുറിച്ച് പഠിയ്ക്കുന്ന പഠനമാണ് പരിസ്ഥിതി വിജ്ഞാനം.
- ജൈവ സമൂഹത്തെ കുറിച്ച് പഠിയ്ക്കുന്ന വ്യക്തിയെ പരിസ്ഥിതി ശാസ്ത്രജ്ഞൻ എന്ന് വിളിക്കുന്നു.

### 5.1.1 ആവാസവ്യവസ്ഥയുടെ ഘടകങ്ങൾ

ആവാസവ്യവസ്ഥയുടെ ഘടകങ്ങളെ മൂന്നായി തരം തിരിക്കാം

A) അജീവീയ ഘടകങ്ങൾ
B) ജീവീയ ഘടകങ്ങൾ
C) ഊർജ്ജ ഘടകങ്ങൾ

**A) അജീവീയ ഘടകങ്ങൾ**

പരിസ്ഥിതിയിലുള്ള ജീവനില്ലാത്ത എല്ലാ വസ്തുക്കളേയും, ഭൗതീക, രസതന്ത്രഘടകങ്ങളെ ഉള്ളടക്കിയതാണ്. ഉദാഹരണം: നിലം, കാറ്റ്, ജലം, ചുണ്ണാമ്പ്, ഇരുമ്പ് മുതലായവ.

**B) ജീവീയ ഘടകങ്ങൾ**

സസ്യങ്ങൾ, ജന്തുക്കൾ, സൂക്ഷ്മജീവികൾ എന്നിവയെ ഉള്ളടക്കിയതാണ് ജീവനുള്ള ഘടകങ്ങൾ ഇവയെ മൂന്ന് തരങ്ങളായി വിഭജിക്കാം:

- **ഉൽപ്പാദകർ:** ജൈവമണ്ഡലത്തിൽ തങ്ങൾക്ക് ആവശ്യമായ ആഹാരം സ്വയം ഉല്പാദിപ്പിക്കുന്ന ജീവരാശികളെ ഉല്പ്പാദകർ എന്നു പറയുന്നു. ഇവ സ്വയം ഭോജികൾ എന്നറിയപ്പെടുന്നു.
- **ഉദാഹരണം:** സസ്യങ്ങൾ, പായൽ, ബാക്ടീരിയ മുതലായവ
- **ഉപഭോക്താക്കൾ:** നേരിട്ട് അല്ലെങ്കിൽ മറ്റ് ഏതെങ്കിലും രീതിയിൽ ഉല്പ്പാദകരെ ആശ്രയിച്ചിരിക്കുന്ന ജീവജാലങ്ങളെ ഉപ






IX Std - Geography Malayalam Unit-5.indd 209 3/29/2023 4:56:50 PM

ഭോക്താക്കൾ എന്നു പറയുന്നു. ഇവയെ അന്യ ഭോജികൾ എന്നറിയപ്പെടുന്നു.

**ഉപഭോക്താക്കളുടെ വിഭാഗങ്ങൾ:**

- ✓ **പ്രഥമഘട്ട ഉപഭോക്താക്കൾ:** ആഹാരത്തിനായി ഉല്പ്പാദകരെ ആശ്രയിച്ചിരിക്കുന്ന ജീവതശികളാണ് പ്രഥമഘട്ട ഉപഭോക്താക്കൾ ഇവ സസ്യഭോജികൾ എന്നും അറിയപ്പെടുന്നു. ഉദാഹരണം കുതിര, ആട് മുതലായവ.
- ✓ **രണ്ടാം ഘട്ട ഉപഭോക്താക്കൾ:** ഇവ മാംസ ഭോജികളാണ്. ഇവ സസ്യഭോജികളെ ആഹാരമായി ഉൾകൊള്ളുന്നു. ഉദാഹരണം സിംഹം, പാമ്പ് മുതലായവ.
- ✓ **മൂന്നാംഘട്ട ഉപഭോക്താക്കൾ:** ഇവ സസ്യഭോജികളെയും, മാംസഭോജികളെയും ആഹാരമായി ഉൾകൊള്ളുന്നു. ഇവയെ മിശ്രഭോജികളെന്നും വിളിക്കുന്നു. ഉദാഹരണം മൂങ്ങ, മുതല മുതലായവ.
- **മൃതഭോജികൾ:** ഇവ സ്വന്തമായി ആഹാരം തയ്യാറാക്കാൻ കഴിവില്ലാത്തവയാണ്. ഇത്തരം ജീവികൾ മൃതമായ സസ്യജന്തുപദാർത്ഥങ്ങളെ വിഘടിപ്പിച്ച് ലഘുതൻമാത്രകളായി മാറ്റി അവയെ ശരീരഭിത്തിവഴി ആഗിരണം ചെയ്യുന്നു. ഉദാഹരണം കൂൺ, കവകങ്ങൾ.

**പ്രവൃത്തി**

നിഘണ്ഡു ഉപയോഗിച്ച് ***Herbivores, carnivores, omnivores*** മറ്റും ***scavengers*** എന്നീ പദങ്ങളുടെ അർത്ഥത്തേയും വിവരണത്തേയും കണ്ടുപിടിക്കുക.

### C) ഊർജ്ജ ഘടകങ്ങൾ

ജൈവഗോളത്തിൽ വസിക്കുന്ന എല്ലാ ജീവജാലങ്ങളും സ്വയം ജോലികളെ കൃത്യമായി ചെയ്യാനും ഒരു തരത്തിലുള്ള ഊർജ്ജത്തെ മറ്റൊരു തരത്തിലുള്ള ഊർജ്ജമാക്കി മാറ്റുന്നതിനും ഊർജ്ജഘടകങ്ങൾ ഉപയോഗപ്രദമാകുന്നു. സൂര്യൻ ജൈവ ഗോളത്തിലുള്ള എല്ലാ ജീവജാലങ്ങൾക്കും ഊർജ്ജം പകരുന്ന ഘടകമാകുന്നു. ജൈവ ഗോളത്തിലുള്ള പല ഘടകങ്ങൾ മൂലം സൗരോർജ്ജത്തെ മറ്റു തരത്തിലുള്ള ഊർജ്ജമാക്കി മാറ്റപ്പെടുന്നു. ഉല്പ്പാദകർ, ഉപഭോക്താക്കൾ, പരഭോജികൾ മുതലായവ ജൈവമണ്ഡലത്തിൽ പ്രധാന പങ്ക് വഹിക്കുന്നു.

## 5.1.2 ആവാസവ്യവസ്ഥയുടെ പ്രവൃത്തികൾ

എല്ലാ ജീവജാലങ്ങളും ഊർജ്ജം, ആഹാരം ഭക്ഷണശൃംഖല, ഊർജ്ജ സംതുലനം എന്നിവയ്ക്കായി പരസ്പരം ആശ്രയിച്ചിരിക്കുന്നു. ജൈവ മണ്ഡലം എന്നത് ഊർജ്ജഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഈ ഊർജ്ജം പരിസ്ഥിതിയിലുള്ള ജൈവ അജൈവം വസ്തുതകളുടെ വിതരണത്തിനും ചംക്രമണത്തിനും സഹായിക്കുന്നു. ഊർജ്ജവിതരണം ജൈവമണ്ഡലത്തിൽ പുരോഹിത വാഴ്ചയുള്ളതായിരിക്കണം ഒരു സമൂഹം ജീവജാലങ്ങളിൽ നിന്ന് മറ്റൊരു സമൂഹം ജീവജാലങ്ങളിലേയ്ക്ക് ഊർജ്ജവിതരണം ചെയ്യുന്നതിന് ഭക്ഷ്യശ്രേണി എന്നു പറയുന്നു. ഭക്ഷണത്തിനായി ഒരു ജീവരാശി മറ്റൊന്നിനെ ആശ്രയിച്ചു ജീവിക്കുന്നതിന് ആഹാരശൃംഗല എന്നു പറയുന്നു.




## 5.2 ജൈവവൈവിധ്യം

ഒരു നിശ്ചിത പരിതസ്ഥിതിയിൽ വളരുന്ന ജീവജാലങ്ങളിൽ കാണപ്പെടുന്ന വ്യത്യാസങ്ങളെ ജൈവവൈവിധ്യം എന്നു പറയുന്നു. (സസ്യങ്ങൾ, ജന്തുക്കൾ, സൂക്ഷ്മ ജീവികൾ) ഇത് കാലാവസ്ഥ, ഭൂഘടന മനുഷ്യന്റെ ദിനചര്യകൾ എന്നിവയാൽ ബാധിക്കുന്നു. ഈ ബഹുകോശ മേഖല ഒരു സ്ഥലത്തെ ജൈവ വിഭവങ്ങളുടെ ദൃഢതയെ പ്രതിഫലിക്കുന്നു. ജൈവ മണ്ഡലത്തിലുള്ള ഓരോ ഘടകങ്ങളും പരിസ്ഥിയിൽ ഏറിയ പങ്കുവഹിക്കുന്നു. ഒരു സ്ഥലത്തെ പരിസ്ഥിതി സംതുലനാവസ്ഥ സമുദായമേൻമ, വിനോദ സഞ്ചാരം, വിദ്യാഭ്യാസം, ഗവേഷണം എന്നിവ ജൈവ വൈവിധ്യത്തെ ആശ്രയിച്ചിരിക്കുന്നു.



IX Std - Geography Malayalam Unit-5.indd 210 3/29/2023 4:56:50 PM

## 5.2.1 ജൈവ വൈവിധ്യ ന്യൂനത

മനുഷ്യസ്വാധീനം, പ്രാകൃതിക കാരണങ്ങൾ എന്നിവയിൽ ജീവജാലങ്ങൾക്ക് ഏർപ്പെടുന്ന ന്യൂനതയാണ് ജൈവ വൈവിധ്യ ന്യൂനത എന്നു പറയുന്നത്.

പരിസ്ഥിതി, ശുദ്ധമായ ജലം, കാറ്റ്, ഫലസമൃദ്ധിയുള്ള മണ്ണ്, ആഹാരം, അസംസ്കൃത വസ്തുക്കൾ കൂടാതെ ഔഷധദ്രവ്യങ്ങൾ എന്നിവ ആരോഗ്യകരമായ പരിസ്ഥിതിയിൽ നിന്നും ലഭിക്കുന്നു. അതിനാൽ പരിസ്ഥിതിയെ സംരക്ഷിക്കേണ്ട കടമ നമുക്കേവർക്കും ഉണ്ട്.

## 5.3 ജൈവമേഖലകൾ (Biomes)

ബഹുകോശമണ്ഡലം എന്നത് ഭൂമിയുടെ പരിസ്ഥിതി മണ്ഡലത്തിൽ വിവിധതരത്തിലുള്ള സസ്യങ്ങൾ, ജന്തുക്കൾ എന്നിവ പരസ്പരം ആശ്രയിച്ച് ജീവിക്കുന്ന പരിതസ്ഥിതിയാണ്. ജീവഗോളത്തിൽ സസ്യങ്ങളും ജന്തുക്കളും ഒന്നിനോടൊന്ന് പരസ്പരം ബന്ധപ്പെട്ട് കൂട്ടമായി ജീവിക്കുന്നു.

**നിങ്ങൾക്ക് അറിയാമോ?**

- ഒരു പരിസ്ഥിതി മേഖലയിൽ 70% ത്തിലധികം ജീവജാലങ്ങൾ തങ്ങളുടെ സ്വന്തം വാസസ്ഥലത്തെ ഷ്ടപ്പെടുമ്പോൾ ആപ്രദേശം അനിശ്ചിതത്വ പ്രദേശം (Hotspot) എന്ന് അറിയപ്പെടുന്നു
- ഹിമാലയ പർവ്വതം പശ്ചിമഘട്ട മലനിരകൾ, ഇൻഡോ ബർമ്മൻ പ്രദേശം, സുന്ദർബൻ കാടുകൾ മുതലായവ ഇൻഡ്യയിലുള്ള അനിശ്ചിതത്വ പ്രദേശങ്ങൾ ആകുന്നു.

## 5.3.1 ഭൂതല ജൈവമേഖലകൾ (Terrestrial Biomes)

ഭൂതലബഹുകോശ ജീവികൾ എന്നത് ഒരു കൂട്ടം ജീവജാലങ്ങൾ പരസ്പര ആശ്രയത്തോടു കൂടി ജീവിക്കുന്ന പരിസ്ഥിതിയാകുന്നു. ഊഷ്മാവ്, മഴ എന്നിവ ജീവിത പരിതസ്ഥിതിയെ നിർണ്ണയിക്കുന്നു. ലോകത്തിലുള്ള മുഖ്യമായ ഭൂതല ബഹുകോശ വാസസ്ഥലങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. ഉഷ്ണമണ്ഡലവന പ്രദേശങ്ങൾ
2. ഉഷ്ണമണ്ഡല സാവന്നാ പ്രദേശങ്ങൾ
3. മരുഭൂമി പ്രദേശങ്ങൾ
4. മിതോഷ്ണ മേഖലാ പ്രദേശങ്ങൾ
5. തുന്ദ്രാ പ്രദേശങ്ങൾ.

https://www.nature.com/scitable/knoledge/library/terrestial-biomes-13236757

GSHZ6

**ജൈവമേഖലകളുടെ വിഭാഗങ്ങൾ**

**പ്രകൃതി: നിലസസ്യങ്ങൾ**


പുൽപ്രദേശങ്ങൾ


കാടുകൾ


മരുഭൂമി

**പ്രകൃതി: ജലജീവികൾ**


മഹാസമുദ്രങ്ങൾ


ശുദ്ധജലതടാകം

### A. ഉഷ്ണമണ്ഡലവന പ്രദേശങ്ങൾ

ഉഷ്ണ മണ്ഡല പ്രദേശങ്ങളെ നിത്യഹരിത മഴക്കാടുകൾ, മിതോഷ്ണ മണ്ഡല ഇലപൊഴിയും കാടുകൾ എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി പിരിക്കാം.

ഈ മണ്ഡലം ഭൂമദ്ധ്യരേഖയ്ക്ക് വടക്ക് 10 അക്ഷം മുതൽ തെക്ക് 10 അക്ഷം വരെ വ്യാപിച്ചിരിക്കുന്നു. ലോക രാജ്യങ്ങളിലുള്ള ഉഷ്ണമേഖലാക്കാടുകളിൽ 50 ശതമാനം കാടുകൾ അമേരിക്കയുടെ മദ്ധ്യഭാഗത്തും തെക്കു ഭാഗത്തും കാണപ്പെടുന്നു. ഇവിടെ വർഷം മുഴുവനും വളരെയധികമായിട്ടുള്ള മഴയും കൂടുതൽ ഉഷ്ണനിലയും അനുഭവപ്പെടുന്നു. ഈ ശീതോഷ്ണാവസ്ഥ ൻടതൂർന്ന മരങ്ങള വളരാൻ അനുകൂലമായിരിക്കുന്നു

മറ്റുള്ള ഭൂതല മേഖലകളെ അപേക്ഷിച്ച് ഉഷ്ണമണ്ഡലകാടുകൾ വിവിധ തരത്തിലുള്ള ജീവ ജാലങ്ങൾ വസിയ്ക്കുന്നതിനും പ്രധാനതൊഴിലുകൾ ചെയ്യുന്നതിനും അനുകൂലമായിരിക്കുന്നു. ആമസോൺ താഴ്വര, കാംഗോ രാഴ്വര കൂടാതെ എൻസ്റ്റോനേഷ്യൻ ദ്വീപുകൾ എന്നിവ മുഖ്യമായ ഉഷ്ണമണ്ഡലക്കാട് പ്രദേശങ്ങളാകുന്നു. ഈ പ്രദേശത്തുള്ള കാടുകൾ



IX Std - Geography Malayalam Unit-5.indd 211 3/29/2023 4:56:57 PM

ഇടതൂർന്ന് കാണപ്പെടുന്നതിനാൽ സാമ്പത്തിക രീതിയിൽ പ്രാധാന്യമർഹിക്കുന്നു. അതിനാൽ പാർപ്പിടങ്ങൾ വളരെ അപൂർവ്വമായിട്ടാണ് കാണുന്നത്. ഭക്ഷ്യശേഖരണം, മത്സ്യബന്ധനം, മരംവെട്ടൽ, കൃഷി എന്നീ തൊഴിലുകൾ ഈ പ്രദേശത്ത് വസിക്കുന്ന ജനങ്ങളുടെ ജീവിതോപാധിയാണ്. ഈ മണ്ഡലത്തിൽ ശീതളമായ പരിസ്ഥിതി നിലനില്ക്കുന്നതിനാൽ മലേരിയ, ജ്വരം എന്നീ രോഗങ്ങൾ ഉാകാൻ സാധ്യതയു്. റബ്ബർ, മുള, എബേറി മുതലായവ ഇവിടെയുള്ള മുഖ്യ മരങ്ങളാകുന്നു. വച്ചാൽ, ഒരു തരം കോഴികൾ, പുള്ളുപുലി, ആന, കുരങ്ങ് മുതലായവ ഇവിടെ കാണപ്പെടുന്ന പക്ഷികളും ജന്തുക്കളും ആകുന്നു.

**നിങ്ങൾക്ക് അറിയാമോ?**

അർബുദരോഗ ചികിത്സയ്ക്കു ഉപയോഗിക്കുന്ന ഔഷധസസ്യങ്ങളിൽ ഏകദേശം 70 ശതമാനവും ഈ പ്രദേശത്തു നിന്നുമാണ് ലഭിക്കുന്നത് എന്ന് അമേരിക്കൻ ഐക്യനാടുകളുടെഅർബുദരോഗ പഠനചികിത്സാ കേന്ദ്രം സൂചിപ്പിക്കുന്നു. ഉദാ. ലപ്പോസ.



## B. ഉഷ്ണമണ്ഡല സാവന്നാ പുൽപ്രദേശങ്ങൾ

ഈ പ്രദേശങ്ങൾ മിക്കവാറും ഉഷ്ണമണ്ഡല കാടുകൾക്കും മരുഭൂമികൾക്കുമിടയിൽ കാണപ്പെടുന്നു. ഈ മേഖല 10 മുതൽ 20 വടക്ക് തെക്ക് അക്ഷരേഖയ്ക്കിടയിൽ കാണപ്പെടുന്നു. ഈ പുൽപ്രദേശങ്ങൾ സേഹൽ കിഴക്ക് ആഫ്രിക്കയിലെ സഹാറയുടെ തെക്ക് പ്രദേശം കൂടാതെ ആസ്ട്രേലിയ ഭൂഖണ്ഡപ്രദേശങ്ങളിൽ കാണപ്പെടുന്നു. ഈ പ്രദേശത്ത് അധിക ഊഷ്മാവും വര കാലാവസ്ഥയും മിതമായ മഴയും ലഭിക്കുന്നു. അതിനാൽ ഇവിടെ വളരുന്ന സസ്യങ്ങൾ ഉയരത്തിലും അതിന്റെ ഇലകൾ കൂർമ്മയായും കാണപ്പെടുന്നു. ഇവിടത്തെ ജനങ്ങളുടെ മുഖ്യ തൊഴിൽ കന്നുകാലി വളർത്തൽ ആകുന്നു. ഈ പ്രദേശത്ത് വസിക്കുന്ന ആദിവാസി മനുഷ്യർ നാടോടികളായി ജിവിക്കുന്നു.

സിംഹം, പുള്ളിപുലി, പുലി, മാൻ, വരികുതിര, സീബ്രാ മുതലായ മൃഗങ്ങൾ ഇവിടെ കാണപ്പെടുന്നു. ദർഭപുല്ല്, റെഡ്വോട്സ് പുല്ല് ലെമൻ പുല്ല് എന്നീ സസ്യങ്ങൾ ഇവിടെ കാണപ്പെടുന്നു.

**നിങ്ങൾക്ക് അറിയാമോ?**

സാവന്നാ പുൽപ്രദേശങ്ങൾ കൃഷിഭൂമികളായി മാറ്റപ്പെടുന്നു. അതിനാൽ ഇവിടെ ജീവിക്കുന്ന വിവിധ തരത്തിലുള്ള മൃഗങ്ങളുടെ ജീവന് ഭീഷണിയുണ്ടാകാനിടയുണ്ട്.

**ഉദാഹരണം:** പുള്ളിപുലി, സിംഹം എന്നീ മൃഗങ്ങളുടെ വംശവർദ്ധനവ് കുറഞ്ഞുവരുന്നു.

## C. മരുഭൂമി പ്രദേശങ്ങൾ

ഈ പ്രദേശങ്ങൾ മിക്കവാറും ഭൂഖണ്ഡങ്ങളിലെ പടിഞ്ഞാറൻ തീരത്ത് കാണപ്പെടുന്നു. ഈ മണ്ഡലം 20 മുതൽ 30 വരെ വടക്ക് തെക്ക് അക്ഷരേഖകൾക്കിടയിൽ കാണപ്പെടുന്നു. ഇവിടത്തെ മഴയുടെ അളവ് വർഷത്തിൽ 25 സെന്റീമീറ്ററിലും കുറവാണ്. മഴ അളവിന്റെ കുറവ് കൂടാതെ വര കാലാവസ്ഥ എന്നിവയാൽ സസ്യങ്ങൾ വളരുന്നത് വളരെ കുറവാണ് എങ്കിലും മരുഭൂമി സസ്യങ്ങൾ അവിടെവിടെയായി കാണപ്പെടുന്നു. ഇവിടത്തെ മണ്ണ് മണൽ രൂപത്തിലും ഉപ്പും കലർന്നും കാണപ്പെടുന്നതിനാൽ കൃഷിയ്ക്ക് അനുയോജ്യമല്ല വരൾച്ചയെ അതിജീവിക്കാനുള്ള മുൾച്ചെടികൾ, കുറ്റിച്ചെടികൾ, കൂടാതെ പന എന്നിവയും വളരുന്നു. ഇവിടത്തെ ആദിവാസി മനുഷ്യരുടെ മുഖ്യമായ തൊഴിൽഭക്ഷണശേഖരണവും, വേട്ടയാടലും ആകുന്നു. ഇവർ മേയ്യ്യിൽ സ്ഥലങ്ങളെ അന്വേഷിച്ച് ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് ചെല്ലുന്നു. ഗതാഗതസൗകര്യം വളരെ കുറവായതിനാൽ ഒട്ടകങ്ങളെ ഉപയോഗിക്കുന്നു. ഇവിടെ പാമ്പ്, പല്ലി, തേൾ എന്നീ ഇഴജന്തുക്കൾ അധികമായിട്ട് കാണുന്നു.





IX Std - Geography Malayalam Unit-5.indd 212 3/29/2023 4:56:59 PM

നിങ്ങൾക്ക് അറിയാമോ?

മരുഭൂമികളിലും അർധനാശിനികളിലുമുള്ള ഫലഭൂയിഷ്ഠമായ ഒരു ശുദ്ധ ഉറവിടമാണ് ഒരു മരുപ്പച്ച. ഈന്തപ്പനകൾ, അത്തിപ്പഴം, സിട്രസ് പഴങ്ങൾ, ചോളം തുടങ്ങിയ വിളകൾ അധികമായിട്ട് കൃഷിചെയ്യുന്നു.



### D. മിതോഷ്ണ മേഖലാ പുൽപ്രദേശങ്ങൾ

ഭൂഖണ്ഡങ്ങളുടെ ഉൾപ്രദേശങ്ങളിൽ ഈ മേഖല കാണപ്പെടുന്നു. ഇവിടെ കുറുകിയ വേനൽക്കാലവും നീ ശീതകാലവും, ശീതകാലമഴയും അനുഭവപ്പെടുന്നു. ഈ പുൽപ്രദേശങ്ങൾ മഴയെ ആശ്രയിച്ചിരുന്നു. അധികമായ മഴ ഉയരം കൂടിയ മൃദുവായ പുല്ലുകൾ വളരുന്നതിനും, കനത്തമഴ അളവ് ഉയരം കുറഞ്ഞ മൃദുവായ പുല്ലുകൾ, വളരുന്നതിനും, കുറഞ്ഞമഴ അളവ് ഉയരം കുറഞ്ഞ മൃദുവായ പുല്ലുകൾ വളരുന്നതിനും സഹായിക്കുന്നു. കൂടാതെ ഗോതമ്പ് കൃഷി ചെയ്യാനും അനുയോജ്യമായ പ്രദേശവുമാണ്. ഇവിടെ കൃഷി ചെയ്യുന്ന തൊഴിലാളികളുടെ ലഭ്യത കുറവിനാൽ യന്ത്രങ്ങളുടെ സഹായത്താൽ ആധുനിക രീതിയിൽ കൃഷിചെയ്യപ്പെടുന്നു. കന്നുകാലി വളർത്തൽ ഇവിടത്തെ മുഖ്യതൊഴിലാണ് ആഹാരത്തിനായി മൃഗങ്ങളെ കൊന്ന് മാംസത്തെ ഭക്ഷണമായി ഉപയോഗിക്കുന്നു. വ്യവസായവും ക്ഷീരോൽപാദനവും സുഗമമായി നടക്കുന്നു.



**മിതോഷ്ണ മേഖലാ പ്രദേശങ്ങൾ ലോകരാജ്യങ്ങളിൽ വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്നു**

നിങ്ങൾക്ക് അറിയാമോ?

| | | |
|---|---|---|
| പ്രയറീസ് | — | വടക്കേ അമേരിക്ക |
| സ്റ്റെപ്പീസ് | — | യുറേഷ്യ |
| പാമ്പാസ് | — | അൻജന്റീന |
| വെൽട്ട് | — | ദക്ഷിണാഫ്രിക്ക |
| ഡൊൻസ് | — | ആസ്ട്രേലിയ, ന്യൂസിലാന്റ് |

### E. തുന്ദ്രാ പ്രദേശം:

ഈ പ്രദേശങ്ങളിൽ ഭൂരിഭാഗവും മഞ്ഞുറഞ്ഞ് കാണപ്പെടുന്നു. ഏഷ്യാ, കാനഡാ, യൂറോപ്പ് ഭൂഖണ്ഡത്തിന്റെ വടക്ക് പ്രദേശം കൂടാതെ ഗ്രീൻലാൻഡ്, ആർട്ടിക്, അന്റാർട്ടിക് തുടങ്ങിയ പ്രദേശങ്ങളും ഉൾപ്പെടുന്നു. ഈ പ്രദേശങ്ങൾ തരിശ് നിലം എന്നും അറിയപ്പെടുന്നു ശീതകാലത്ത് ഇവിടെ അതിശൈത്യവും നേൽക്കാലത്ത് മിതമായ തണുപ്പും ഉായിരിക്കും ഇവിടത്തെ ഏറ്റവും കുറഞ്ഞതാപനിലയാൽ ചെറിയ കാലയളവിൽ വളരുന്ന സസ്യങ്ങൾ മാത്രം വളരുന്നു. അതുകൊണ്ട് പരിസ്ഥിതിയിൽ ഉല്പ്പാദനശേഷി വളരെ കുറവാണ്. ജനങ്ങൾ നാടോടികളായി ജീവിക്കുകയും, വേട്ടയാടൽ, മത്സ്യ ബന്ധനം എന്നീ മുഖ്യതൊഴിലുകളിലും ഏർപ്പെടുന്നു. ജന സംഖ്യ ഇവിടെ വളരെ കുറവാണ്. മോശമായ കാലാവസ്ഥമൂലം പാർപ്പിട സൗകര്യത്തെ ഇടയ്ക്കിടയ്ക്ക് മാറ്റേ സാഹചര്യവും ഉാകുന്നു. ഇവർ ശീതകാലത്ത് ഇഗ്ലൂ എന്നറിയപ്പെടുന്ന വീടുകളിലും വേനൽകാലത്ത് കൂടാരം നിർമ്മിച്ച് വസിക്കുകയും ചെയ്യുന്നു.

ആർട്ടിക് ധ്രുവ പ്രദേശങ്ങളിൽ ഒരു തരം പായൽ സസ്യം വളരുന്നു.ധ്രുവപ്രദേശങ്ങളിൽ ധ്രുവകരണികളും, ചെന്നായ്കളും, മാനുകളും കൂടാതെ കഴുക്കളും കാണപ്പെടുന്നു



## 5.3.2 ജലത്തിലെ ജൈവമേഖലകൾ (Aquatic Biomes)

ജീവജാലങ്ങൾ പരസ്പരം ആശ്രയിച്ച് അവ ജീവിക്കുന്ന പരിസ്ഥിയ്ക്കും ഊർജ്ജ സ്രോതസ്സിനും ദോഷം വരുത്താതെയും ജീവിക്കുന്നു. ഭൂതല ജീവ ജാലങ്ങളെപ്പോലെ ജലത്തിൽ വസിക്കുന്ന ജീവജാലങ്ങളിലും ജീവനി ല്ലാത്ത ഘടകങ്ങൾ ആഘാതമുണ്ടാക്കുന്നു. ജലത്തിൽ വസിക്കുന്ന ബഹുകോശ ജീവികളെ ശുദ്ധജലബഹുകോശ



IX Std - Geography Malayalam Unit-5.indd 213 3/29/2023 4:57:04 PM

മണ്ഡലം, സമുദ്രജല ബഹുകോശ മണ്ഡലം എന്ന് രണ്ടായി തരം തിരിക്കാം.

**A. ശുദ്ധജല ജൈവമേഖലകൾ:**

കായൽ, കുളങ്ങൾ, നദികൾ, തടാകങ്ങൾ, ചതുപ്പു നിലങ്ങൾ എന്നീ ജലാശയങ്ങളെ ശുദ്ധജല ബഹുകോശ മണ്ഡലങ്ങൾ എന്നു വിളിക്കുന്നു. ഈ മണ്ഡലം വെള്ളത്തിന്റെ ജലപ്രവാഹം ഓക്സിജന്റെ അളവ്, ഊഷ്മാവ് എന്നീ ജീവനില്ലാത്ത ഘടകങ്ങളാൽ ബാധിക്കപ്പെടുന്നു. മനുഷ്യർക്ക് ആവശ്യമായ കുടിവെള്ളം, ജലസേചനം, ശുചിത്വം തെഴിൽ ശാലകൾക്ക് ആവശ്യമായ ജലം എന്നിവ ശുദ്ധ ജലമണ്ഡലത്തെ ആശ്രയിച്ചിരിക്കുന്നു. ഇവിടെ ആമ്പൽ, താമര, പായൽ എന്നീ സസ്യങ്ങളും വളരുന്നു. ആമ, മുതല കൂടാതെ വിവിധയിനം മത്സ്യങ്ങളും ഈ മണ്ഡലത്തിൽ കാണപ്പെടുന്നു.



**B. സമുദ്രജല ജൈവമേഖലകൾ:**

സമുദ്രജല ബഹുകോശ മണ്ഡലത്തിൽ എന്നത് ഭൂമിയിൽ ഉള്ളതിനെക്കാൾ ഏറ്റവും കൂടിയ അളവിൽ ജീവജാലങ്ങൾ വസിയ്ക്കുന്നു. സമുദ്രജലത്തിൽ ജീവിയ്ക്കുന്ന പലതരം സസ്യങ്ങൾക്കും, ജന്തുക്കൾക്കും ഈ മണ്ഡലം പാർപ്പിടമാകുന്നു. പവിഴപുറ്റുപോലുള്ള സമുദ്ര ജീവികളും ഇവിടെ കാണപ്പെടുന്നു സമു ദ്രതീരത്തിനും പൊഴിമുഖത്തിനും ഇടയിൽ ശുദ്ധജലവും സമുദ്രജലവും സംഗമിക്കുന്ന സ്ഥാനത്ത് ജലജീവികൾ കാണപ്പെടുന്നു. ജലപ്ര വാഹത്താൽ കടൽജീവികൾ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് സഞ്ചരിക്കുന്നു. ഭൂതലജല ബഹുകോശ ജീവികളെ അപേക്ഷിച്ച് ജലജീവികൾ അതിവേഗത്തിൽ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് പ്രയാണം ചെയ്യുന്നു. മൃഗങ്ങളെ കൂടാതെ സസ്യവകകളായ തവിട്ടു നിറത്തിലുള്ള വലിയ കടൽപോച്ച, കടൽപായൽ, പ്ലവഗങ്ങൾ എന്നിവയും ഈ മണ്ഡലത്തിൽ കാണപ്പെടുന്നു. ജന്തുക്കൾ, സസ്യങ്ങൾ കൂടാതെ മനുഷ്യർക്കും ഈ മണ്ഡലം വളരെ പ്രധാനപ്പെട്ടതാണ്. ജലം, ആഹാരം, വിശ്രമം എന്നിവയ്ക്കായി ഈ മണ്ഡലത്തെ മനു ഷ്യർ ഉപയോഗിക്കുന്നു. മത്സ്യബന്ധനത്തിനായും ഈ മണ്ഡലം ഉപ യോഗപ്പെടുത്തുന്നു. കൂടാതെ പരിസ്ഥിതി മലിനീ കരണത്താലും സമുദ്ര നിരപ്പ് ഉയരുന്നതിനാലും ഏർപ്പെടുന്ന ദോഷകരമായ സംഭവ വികാസങ്ങൾ ഇടയ്ക്കിടയ്ക്ക് ഉണ്ടാകാറുണ്ട്.



## 5.3.3 സംരക്ഷണം (Biomes)

ജൈവവളം എന്നത് ആഴക്കടൽ മുതൽ അടർന്ന വനങ്ങൾ വരെ വ്യാപിച്ചു കാണുന്നതാണ്. ഇത്തരത്തിലുള്ള വ്യാപകത്തിന് മനുഷ്യരാശിയുടെ പങ്ക് വളരെ അധികമാണ്. അതേസമയം ചില ജീവജാലങ്ങളുടെ തിരോധാനത്തിലും സംക്രമണത്തിനും മനുഷ്യന്റെ പ്രവൃത്തിയും മുഖ്യ കാരണമാണ്. വർദ്ധിച്ചു വരുന്ന ജന സംഖ്യ ജൈവ വിഭവങ്ങളെ ചൂഷണം ചെയ്യുന്നു. ഇത് ഭൂമിയിൽ കാണപ്പെടുന്ന സസ്യങ്ങളിലും ജന്തുക്കളിലും വലിയ മാറ്റത്തെ ഏർപ്പെടുത്തുന്നു. ഭൂമുഖത്തുള്ള ചില പ്രദേശങ്ങളിൽ അധിക ജൈവ വിഭവങ്ങൾ ലഭ്യമാവുകയും, ചില പ്രദേശങ്ങളിൽ ജീവരാശികൾക്ക് ഹാനികരം സംഭവിക്കുകയും ചെയ്യുന്നു. അതിനാൽ ജീരാശികളുടെ പരിരക്ഷ മൂലം ഭൂമിയെ പ്രൗഢിയും, സമ്പന്നതയും ഉള്ളതായി സംരക്ഷിക്കേണ്ടത് നാം ഓരോരുത്തരുടെയും കടമയാകുന്നു.




ജൈവഗോള പരിരക്ഷ എന്നത് ഒരു പ്രത്യേക പരിസ്ഥിതി മണ്ഡലം അല്ലെങ്കിൽ സസ്യങ്ങളും ജന്തുക്കളും അടങ്ങിയ പ്രത്യേകമായി സംരക്ഷിക്കേണ്ട ഒരു മേഖലയാകുന്നു.ഭാരതത്തിൽ **ഏകദേശ 18 ജൈവഗോള പരിരക്ഷാകേന്ദ്രങ്ങൾ ഉണ്ട്.**



IX Std - Geography Malayalam Unit-5.indd 214 3/29/2023 4:57:07 PM

## സംഗ്രഹം

- ജൈവഗോളം എന്നത് ഭൂമിയുടെ മേൽഭാഗത്തും ഉൾഭാഗത്തും ജീവജാലങ്ങൾ വസിക്കുന്ന നേരിയ അടുക്കാണ്.
- ഭൂമിയിൽ വസിക്കുന്ന ജീവജാലങ്ങൾ ഒന്നിനോടൊന്ന് ബന്ധപ്പെട്ട് പ്രകൃതി നിയതിക്കനുസരിച്ച് ജീവിക്കുന്ന മണ്ഡലം ജൈവ സമൂഹം എന്ന് അറിയപ്പെടുന്നു.
- ജൈവസമൂഹത്തിൽ പ്രധാനമായും 3 ഘടകങ്ങൾ ഉണ്ട് അവ ജീവനുള്ളവ ജീവനി ല്ലാത്തവ കൂടാതെ ഊർജ്ജ ഘടകങ്ങൾ എന്നിവയാണ്.
- ജീവനുള്ള ഘടകങ്ങൾ ഉൽപാദകർ ഉപഭോക്താകൾ, പരഭോജികൾ എന്നിവയാണ്.
- ജൈവസമൂഹത്തിന്റെ പ്രവൃത്തികൾ അവിടെ ലഭിക്കുന്ന ഊർജ്ജത്തെ അടിസ്ഥാനമായിനടക്കുന്നു. അതു കൊണ്ട് ഊർജ്ജഘടകങ്ങളെ ഊർജ്ജ സ്രോതസ്സ് എന്നും പറയുന്നു.
- ജൈവവൈവിധ്യം എന്നത് ഒരു നിശ്ചിത പരിതസ്ഥിതിയിൽ വളരുന്ന ജീവജാലങ്ങളിൽ കാണപ്പെടുന്ന വ്യത്യാസങ്ങളെ കുറിക്കും.
- ജൈവവൈവിധ്യ നൂനത പ്രകൃതി, മനു ഷ്യർ എന്നിവയാൽ ജീവജാലങ്ങൾക്ക് ഏർപ്പെടുന്ന ന്യൂന തയാണ്.
- ഭൂമിശാസ്ത്രപരമായി പരന്നു കാണപ്പെടുന്ന പരിസരത്തിൽ ജീവജാലങ്ങൾ വസിക്കുന്ന പ്രദേശത്തെ ജീവമണ്ഡലം എന്നുപറയുന്നു.
- ജീവ മണ്ഡലത്തെ ഭൂതലജീവികൾ എന്നും ജലജീവികൾ എന്നും രണ്ടായി വിഭജിക്കാം.
- ജൈവഗോളത്തിലെ ജീവജാലങ്ങളെ സംരക്ഷിക്കേണ്ടതാണ് എന്തു കൊണ്ടെന്നാൽ അവ ഭൂമിയുടെ വിഭവങ്ങളായി കരുതപ്പെടുന്നു.

## അഭ്യാസം

### I. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക:

1. ഭൂമിയിലെ ശൈത്യജൈവമണ്ഡലമേഖല
   A) തുന്ദ്രാ
   B) ടൈകാ
   C) മരുഭൂമി
   D) മഹാസമുദ്രങ്ങൾ

10V6YE

2. ജീവഗോളത്തിന്റെ വളരെ ചെറിയ ഘടകം.
   A) ജൈവസമൂഹം
   B) ജൈവമണ്ഡലം
   C) പരിസ്ഥിതി
   D) മേൽപറഞ്ഞ ഏതുമല്ല

3. അന്തരീക്ഷത്തിലുള്ള പോഷകങ്ങളെ പുന രുല്പാദനം ചെയ്യുന്ന സൂക്ഷ്മജീവികൾ
   A) ഉൽപാദകർ
   B) മൃദഭോജികൾ
   C) ഉപഭോക്താക്കൾ
   D) മേൽപറഞ്ഞ ഏതുമല്ല

4. മരഭൂമി സസ്യങ്ങൾ വളരുന്ന പരിസ്ഥിതി?
   A) ഉപ്പുകലർന്ന മണ്ണ്
   B) കുറഞ്ഞ ഈർപ്പം
   C) ശീത ഊഷ്മാവ്
   D) നനവുള്ള പരിസ്ഥിതി

5. മഴക്കാടുകൾ പ്രദേശങ്ങൾ കൃഷിയ്ക്ക് ഉപ യോഗപ്പെടുത്താൻ കാരണം?
   A) വളരെ അധികമായ ഈർപ്പം
   B) വളരെ അധികമായ ഉഷ്ണ നില.
   C) വളരെ നേരിയ മണ്ണിടുക്ക്.
   D) പോഷകമിത്ത മണ്ണ്.

### 6–7 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക:

**സൂചനകൾ:**

a) പ്രസ്താവനയും കാരണവും ശരി കാരണം പ്രസ്താവനയെ വിശദീകരിക്കുന്നു.
b) പ്രസ്താവനയും കാരണവും ശരി കാരണം പ്രസ്താവനയെ വിശദീകരിക്കുന്നില്ല
c) പ്രസ്താവന ശരി കാരണം തെറ്റ്
d) പ്രസ്താവനയും കാരണവും തെറ്റ്

6. **പ്രസ്താവന:** പരാശ്രയഭോജികൾ തങ്ങൾക്കാവശ്യമായ ആഹാരം താനേ തയ്യാറാക്കുന്നു.
   **കാരണം:** പോഷണത്തിനായി ഇവ ഉൽപാ ദകരെ ആശ്രയിച്ചിരിക്കുന്നു.

7. **പ്രസ്താവന:** പ്രത്യേക സാഹചര്യങ്ങളിൽ മാത്രം കാണപ്പെട്ടതും ,വളരെ വേഗം ബാധിക്കുന്നതുമായ ജന്തുക്കളും സസ്യങ്ങളും അടങ്ങിയ മേഖലയെ വിഭവകേന്ദ്രം എന്നുപ റയുന്നു.



IX Std - Geography Malayalam Unit-5.indd 215 3/29/2023 4:57:07 PM

**കാരണം:** ഈ പ്രദേശം സംരക്ഷിക്കേണ്ട ഭാഗമാണ് ഗവേഷകർ ഇവയെ അടയാളം കാണുന്നു.

## II. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക:

1. ജന്തുക്കൾ, സസ്യങ്ങൾ, മജീവികൾ എന്നിവ ഒന്നിനോടൊന്ന് ആശ്രയിച്ചു ജീവിക്കുന്നു _____.
2. പരഭോജികൾ എന്ന്പറയുന്നത് _____.
3. ഒന്നിനോടൊന്ന് ബന്ധപ്പെട്ട് കഴിയുന്ന ആഹാരശൃംഖല _____ എന്നറിയപ്പെടുന്നു.
4. വളരെ വിസ്തൃതമായ പരിസ്ഥിതി മണ്ഡലത്തെ _____ എന്ന് പറയുന്നു.
5. മരുഭൂമി പ്രദേശങ്ങളിലുള്ള സസ്യങ്ങൾ _____ ആകുന്നു
6. _____ ജലജീവിമണ്ഡലം ശുദ്ധജലവും സമുദ്രജലവും സംഗമിക്കുന്ന സ്ഥലത്ത് കാണപ്പെടുന്നു.

## III. ചുരുങ്ങിയ ഉത്തരം നൽകുക:

1. ജൈവഗോളം എന്നാലെന്ത്?
2. ജൈവസമൂഹം എന്നാലെന്ത്?
3. ജൈവവൈവിധ്യം എന്ന ചൊല്ലിന്റെ അർത്ഥമെന്താണ്?
4. ജൈവവൈവിധ്യ ന്യൂനത എന്നാലെന്ത്?
5. ഭൂതല ജൈവ മണ്ഡലത്തിന്റെ ഘടകങ്ങളെ പറ്റി ചുരുക്കി എഴുതുക.

## IV. കാരണം പറയുക:

1. ഉൽപാദകരെ സ്വാശ്രയഭോജികൾഎന്നു പറയുന്നതെന്തുകൊണ്ട്.
2. ജൈവഗോളം ഒരു സ്ഥായിയായ പരിസ്ഥിതി മണ്ഡലത്തെ ഉള്ളടക്കിയതാണ്. എന്തുകൊണ്ട്.

## V. വേർപ്പെടുത്തുക:

1. ഉൽപാദകർ - മൃദഭോജികൾ.
2. ഭൂതല ജൈവമണ്ഡലം - ജല ജൈവമണ്ഡലം.
3. ഉഷ്ണമേഖലാസസ്യങ്ങൾ - മരുഭൂമിസസ്യങ്ങൾ.
4. സാവന്നാ - തുന്ദ്രാ.

## VI. വിശദമായ ഉത്തരം നൽകുക:

1. ജൈവസമൂഹത്തിന്റെ വിവധ മേഖലകളെ പറ്റി വിവരിക്കുക.
2. ജൈവസമൂഹത്തിന്റെ പ്രവർത്തനങ്ങളെപറ്റി വിവരിക്കുക.
3. ഭൂമിയിലുള്ള ബഹുതലമണ്ഡലങ്ങളെപറ്റി ഒരു വിവരണം തയ്യാറാക്കുക.

## VII. താഴെ പറയുന്നവയുടെ ദിവസങ്ങളെ കണ്ടറിയുക:

1. ലോകവന്യജീവി സംരക്ഷണദിനം_____.
2. അന്താരാഷ്ട്ര വനദിനം_____.
3. ലോക ജലദിനം_____.
4. ഭൂമി ദിനം_____.
5. ലോക പരിസ്ഥിതി ദിനം – ജൂൺ 5th
6. ലോക സമുദ്ര ദിനം_____.

## VIII. ഭൂപട പരിശീലനം:

ലോക ഭൂപടത്തിൽ താഴെപ്പറയുന്ന പ്രദേശങ്ങളെ കുറിക്കുക

1. പ്രയറി
2. ഡവുൺസ്
3. തുന്ദ്രാപ്രദേശ ജൈവമണ്ഡലം
4. ഉഷ്ണമേഖലാ ജൈവമണ്ഡലം

## IX. ചിത്രപഠനം:

തുന്ദ്രാപ്രദേശത്തെ ആഹാര ശൃംഗലയെപ്പറ്റി സ്വന്തം വാക്കുകളിൽ വിവരിക്കുക.

**ആർട്ടിക്ക് തുന്ദ്രാപ്രദേശത്തെ ആഹാര് വെബ്**






IX Std - Geography Malayalam Unit-5.indd 216 3/29/2023 4:57:07 PM

## വിശാലമായ വായനയ്ക്ക


1. Environmental Geography by Savindra Singh
   Edition: 1995, Prayag Pustak Bhawan, Allahabad, India
2. Physical Geography by Dr. Savindra Singh
   Edition: 2015, Pravalika Publications, Allahabad, India.
3. Essential Environmental Studies S.P. Misra and S.N.PandeySecond Edition, Ane books Pvt. Ltd., New Delhi, India.
4. Environmental Geography by Dr. Savindra Singh Edition: 2015, Pravalika Publications, Allahabad, India.


## ഇന്റർനെറ്റ് വിവരങ്ങൾ

1. www.usgs.gov
2. http://environment.nationalgeographic.com
3. www.nasa.gov
4. www.britannica.com
5. http://earth.usc.ed

## ICT കോർണർ

### ഭൂമിശാസ്ത്രം ജൈവഗോളം

വീഡിയോ മൂലം
ജൈവഗോളത്തെപ്പറ്റി അറിയാം




ഘട്ടങ്ങൾ

ഘട്ടം 1: താഴെ കാണുന്ന URL Link നെ Scan ചെയ്യുക.

ഘട്ടം 2: അദ്ധ്യാപകന്റെയോ, കുട്ടിയുടേയോ Email രജിസ്റ്റർ ചെയ്യുക.

ഘട്ടം 3: Video എന്ന Option നെ Click ചെയ്ത് ജൈവഗോളത്തെപ്പറ്റി അറിയുക.

ഘട്ടം 4: Quiz എന്നതിനെ Click ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

**Website URL :**
https://matchthememory.com/Earthspheres




IX Std - Geography Malayalam Unit-5.indd 217 3/29/2023 4:57:09 PM

അദ്ധ്യായം

6

# മനുഷ്യനും പരിസ്ഥിതിയും



## പഠന ലക്ഷ്യങ്ങൾ

- പരിസ്ഥിതി ഘടകങ്ങളെ കുറിച്ചറിയുക.
- മനുഷ്യ പരിസ്ഥിതിയുടെ സവിശേഷതകളെ മനസ്സിലാക്കുക.
- വിവിധ തീർപ്പാക്കൽ രീതികൾ വിവരിക്കുക.
- മനുഷ്യൻറെ വിവിധ സാമ്പത്തിക പ്രവർത്തനങ്ങളെ കുറിച്ചറിയുക.
- മനുഷ്യൻറെ സ്വഭാവത്തിന്റെ് പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ വിശദീകരിക്കാൻ.

JYATV

## ആമുഖം

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ കൂട്ടായ്മയാണ് പരിസ്ഥിതി. മനുഷ്യൻ പരിത സ്ഥിതികമെന്ന് വിളിക്കപ്പെടുന്ന കാലഘട്ടത്തിൽ ജീവിച്ചു. പരിസ്ഥിതി എന്ന പദം ഫ്രഞ്ച് പദമായ എൺ വിറോണർ എന്ന വാക്കിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഇതിന്റെ അർത്ഥം വലയം അല്ലെങ്കിൽ ചുറ്റുപാട് എന്നതാണ്. പരിസ്ഥിതിയിൽ ജീവനുള്ളതും ജീവനില്ലാത്ത ഘടകങ്ങളും ഉൾപ്പെടുന്നു.

## 6.1 മനുഷ്യനും പരിസ്ഥിതിയും

പ്രാചീന മനുഷ്യൻ പൂർണ്ണമായും ഭക്ഷണം, വസ്ത്രം, പാർപ്പിടം, എന്നിവയ്ക്ക് വേണ്ടി പ്രകൃതിയെ ആശ്രയിച്ചിരുന്നു. തൻറെ ശാരീരിക ബലവും ബുദ്ധിശക്തിയും നിമിത്തം ചുറ്റുമുള്ള മറ്റു ജീവികളുടെ മേൽ മനുഷ്യൻ ആധിപത്യം പുലർത്തിയിരുന്നു. പുരാതന ശിലായുഗം മുതൽ നവീനശിലായുഗം വരെയുള്ള കാലഘട്ടത്തിൽ മനുഷ്യൻ കണ്ടുപിടിച്ച ചക്രം, തീ, ഉപകരണങ്ങൾ, കൃഷിരീതി, സംരക്ഷണത്തിനുള്ള



IX Std - Geography Malayalam Unit-6.indd 218 3/29/2023 5:17:35 PM

കെട്ടിട നിർമാണം എന്നിവ ജീവിതനിലവാരം മെച്ചപ്പെടുത്താനും അവനെ സാങ്കേതികമായി വികസിക്കാനും സഹായിച്ചു. ആധുനിക മനുഷ്യന് ജനസംഖ്യ വർധിപ്പിക്കാൻ സഹായിക്കുന്ന അന്തരീക്ഷത്തെ പരിഷ്കരിച്ചു. എല്ലായിപ്പോഴും തന്റെ ഭൂവിഭാഗങ്ങളെ വിസ്തൃതമാക്കി പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്യുന്നതിലേക്ക് നയിച്ചു.

**നിങ്ങൾക്ക് അറിയാമോ?**

1972ൽസ്റ്റോക്ക്ഹോംസമ്മേളനത്തിൽ പരിസ്ഥിതിയുടെ സൃഷ്ടാവും മാന്ത്രികനുമാണ് മനുഷ്യൻ എന്ന് അഭിപ്രായപ്പെട്ടു. എന്നറിയപ്പെടുന്ന ഭൗമ ഉച്ചകോടി 1992 ൽ റിയോ ടി ജനീറോയിൽ വച്ച് നടന്നു.

**പരിസ്ഥിതിയുടെ വർഗ്ഗീകരണം**

(a) പ്രകൃതി പരിസ്ഥിതി
(b) മനുഷ്യ പരിസ്ഥിതി
(c) മനുഷ്യനിർമ്മിത പരിസ്ഥിതി




### (a) പ്രകൃതി പരിസ്ഥിതി

ലിത്തോ സ്ഫിയർ, അന്തരീക്ഷം, ജലസ്രോതസ്സുകൾ, ജൈവമണ്ഡലം തുടങ്ങിയ പരിസ്ഥിതി ഘടകങ്ങളെക്കുറിച്ച് നാം മുമ്പ് മനസ്സിലാക്കിയിട്ടുണ്ട്. ഈ അധ്യായത്തിൽ മാനുഷികവും മനുഷ്യനിർമ്മിതവുമായ ഘടകങ്ങളെക്കുറിച്ച് വിശദമായി പഠിക്കുന്നതാണ്.

### (b) മനുഷ്യ പരിസ്ഥിതി

മാനുഷിക പരിസ്ഥിതിയെ മനുഷ്യനെ ഒരു വ്യക്തിയായും കുടുംബവും തൊഴിലും സമൂഹവും തമ്മിലുള്ള ഇടപെടലാണ് നിർവചിക്കുന്നത്. കൂടാതെ വിദ്യാഭ്യാസം, മതം, സാമ്പത്തികശാസ്ത്രം, രാഷ്ട്രീയം തുടങ്ങിയ സാംസ്കാരിക വശങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

### (c) മനുഷ്യനിർമ്മിത പരിസ്ഥിതി

മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും തന്റെ ജീവിതം കൂടുതൽ സൗകര്യപ്രദവും എളുപ്പവുമാക്കാൻ വേണ്ടി മനുഷ്യനുമായി മനുഷ്യൻ സൃഷ്ടിച്ചു. ഉദാഹരണത്തിന് കെട്ടിടങ്ങൾ, വാഹനങ്ങൾ, പാർക്ക്, വ്യവസായങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയവ. മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള സന്തുലിതത്വം ഉറപ്പുവരുത്തുന്നതിന് ജനങ്ങളുടെ വിതരണം വിഭവങ്ങളുടെ ലഭ്യത വർദ്ധിച്ചുവരുന്ന ജനസംഖ്യ സാങ്കേതികവിദ്യയുടെ വികസനം വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിനുള്ള ഇതര മാർഗ്ഗങ്ങൾ എന്നിവ പഠിക്കേണ്ടതാണ്.

## 6.2 ജനസംഖ്യ




മനുഷ്യൻ ഇല്ലാത്ത ലോകത്തെ നിങ്ങൾക്ക് ഭാവനയിൽ കാണാൻ കഴിയുമോ? സമ്പദ്വ്യവസ്ഥയും സമൂഹവും വികസിപ്പിക്കുന്നതിനാണ് മനുഷ്യൻ പ്രാധാന്യമർഹിക്കുന്നത്. ലത്തീൻ പദമായ പോപ്പുലസ് എന്നതിനർത്ഥം ജനങ്ങൾ എന്നാണ്. ഒരു പ്രത്യേക സ്ഥലത്ത് ഒരുമിച്ച് ജീവിക്കുന്ന ആളുകളുടെ എണ്ണം ആണ് ജനസംഖ്യ.

**എന്താണ് ഡെമോഗ്രഫി**

പുരാതന ഗ്രീക്കിൽ ഡെമോസ് എന്നാൽ ജനങ്ങൾ എന്നും ഗ്രാഫിസ് എന്നതിനർത്ഥം അളക്കുന്നതിനുള്ള പഠനമാണ്. അങ്ങനെ ജനസംഖ്യ മനുഷ്യ വംശജരുടെ സ്ഥിതിവിവരക്കണക്കുകളുടെ പഠനമാണ് .

### 6.2.1 ജനസംഖ്യ വളർച്ച

**എളുപ്പത്തിൽ ചേർക്കാം, പക്ഷേ നിർത്താൻ ബുദ്ധിമുട്ടാണ്**

എണ്ണം, വിതരണം, ഘടന എന്നിവ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ഒരു ചലനാത്മകമായ പ്രതിഭാസമാണ് ജനസംഖ്യ. കുട്ടികൾ ജനിച്ചാൽ ജനസംഖ്യ വർദ്ധിക്കും ജനങ്ങൾ മരിച്ചാൽ ജനസംഖ്യ കുറയും. മനുഷ്യചരിത്രത്തിലെ ഭൂരിഭാഗം ജനങ്ങളും വർഷംതോറും മരണമടയുന്നു. തൽഫലമായി മനുഷ്യസമൂഹം സാവധാനത്തിൽ വളർന്നു. വ്യവസായ വിപ്ലവ സമയത്തെ ജനസംഖ്യ ക്രമാതീതമായി വർദ്ധിക്കാൻ തുടങ്ങി. ജനസംഖ്യയുടെ സ്വാഭാവിക വർദ്ധനവ് ജനനനി.



IX Std - Geography Malayalam Unit-6.indd 219 3/29/2023 5:17:36 PM

രക്കിന്റെയും മരണനിരക്ക് മരണ നിരക്കിന്റെയും വ്യത്യാസമാണ്. വാസ്തവത്തിൽ ജനസംഖ്യ എല്ലായിടത്തും വർധിച്ചുവരുന്നു. വളരെ അപൂർവ്വമായി മാത്രമേ ഇത് കുറയുന്നുള്ളു. ക്ഷാമം, മണ്ണിടിച്ചിൽ, ഭൂകമ്പം, സുനാമി, പകർച്ചവ്യാധികൾ, തീവ്ര കാലാവസ്ഥ, യുദ്ധം എന്നിവപോലുള്ള പ്രകൃതിദത്ത മനുഷ്യ സംഭവങ്ങളിലൂടെ ജനസംഖ്യയിൽ കുറവു വരുന്നു.

ജനസംഖ്യ മാറ്റമെന്നത് ജനനം, മരണം, കുടിയേറ്റം എന്നിവമൂലം ജനസംഖ്യ കൂടുകയോ കുറയുകയോ ചെയ്യുക എന്നതാണ്. ലോകത്തിലെ ജനസംഖ്യ 1650 ൽ 500 മില്യൺ ആയിരുന്നത് 1850 ൽ 1000 മില്യൺ ആയി. 2025 നും 2050 നും ഇടയ്ക്ക് ജനസംഖ്യ 8 ബില്യനും 9 ബില്യനും ആയിതീരും.

ജനസംഖ്യ വളർച്ച എന്നത് പ്രത്യേക കാലഘട്ടത്തിൽ ഒരു പ്രത്യേക പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവാണ്.

കൂടുതൽ ജനനങ്ങളും കുടിയിറക്കങ്ങളും ഉണ്ടാകുമ്പോൾ ജനസംഖ്യ വർദ്ധിക്കുന്നു. കൂടുതൽ മരണങ്ങളും കുടിയേറ്റങ്ങളും ഉണ്ടാകുമ്പോൾ ഇത് കുറയുന്നു.

### സെൻസസ്

സെൻസസ് എന്നത് സമയാസമയങ്ങളിൽ നടത്തപ്പെടുന്ന ഒരു ജനസംഖ്യ കണക്കാണ്. പ്രായം, ലിംഗം, സാക്ഷരത, തൊഴിൽ തുടങ്ങിയ ജനസംഖ്യയുടെ പ്രത്യേകതകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നു. ഐക്യരാഷ്ട്രസംഘടന ശുപാർശ ചെയ്യുന്ന പ്രകാരം ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ഓരോ അഞ്ചുമുതൽ പത്തുവർഷം വരെ സെൻസസ് നടത്തുന്നു. ആദ്യത്തെ അറിയപ്പെടുന്ന ജനസംഖ്യ കണക്കെടുപ്പ് ഏതാണ്ട് 6000 വർഷങ്ങൾക്ക് മുമ്പ് ബാബിലോണിയർ ബിസി 3800 നടത്തി. സെൻസസ് നടത്തിയ ആധുനികലോകത്തിലെ ആദ്യത്തെ രാജ്യമാണ് ഡെന്മാർക്ക്. ഇന്ത്യയിലാദ്യമായി 1872 ലാണ് ഇത് നടന്നത്. 1881 മുതലുള്ള എല്ലാ പത്താമത്തെ വർഷവും സെൻസസ് നടത്തുകയുണ്ടായി. ജനസംഖ്യാ കണക്കെടുപ്പിന്റെ സാമൂഹിക സാമ്പത്തിക വിവരങ്ങളുടെ ഏറ്റവും സമഗ്രമായ സ്രോതസാണ് ഇന്ത്യൻ സെൻസസ്. നിങ്ങൾ എപ്പോഴെങ്കിലും ഒരു സെൻസസ് റിപ്പോർട്ട് കണ്ടിട്ടുണ്ടോ നിങ്ങളുടെ ലൈബ്രറിയിൽ പരിശോധിക്കുക.

നിങ്ങൾക്ക് അറിയാമോ?

പതിനാലാം നൂറ്റാണ്ടിൽ യൂറോപ്പിനെ മൊത്തം ജനസംഖ്യയുടെ 30 മുതൽ 60% വരെ ജനങ്ങൾ കൊല്ലപ്പെട്ടിരുന്നതിനെ കറുത്ത മരണം എന്നാണ് കണക്കാക്കപ്പെടുന്നത്. കറുത്ത മരണത്തിനുള്ള പ്രധാന ആഘാതം പ്ലേഗ് ബാധയിൽ നിന്ന് വരുന്നതാണ്.

## 6.2.2 ജനസംഖ്യ വിതരണം

ജനസംഖ്യ വിതരണം എന്നത് ഭൂമിയുടെ ഉപരിതലത്തിൽ ജനങ്ങൾ വ്യാപിച്ചിരിക്കുന്ന വിധത്തെ സൂചിപ്പിക്കുന്നു.

താഴെപ്പറയുന്ന ഘടകങ്ങൾ മൂലം ലോകജനസംഖ്യ ഒരേപോലെ വിതരണം ചെയ്യപ്പെടുന്നില്ല.

**a) ഭൗതിക ഘടകങ്ങൾ**

ഊഷ്മാവ്, മഴ, മണ്ണ്, ഭൂപ്രകൃതി വെള്ളം, പ്രകൃതി സസ്യങ്ങൾ, ധാതുക്കളുടെ വിതരണം, ലഭ്യമായ ഊർജ്ജ വിഭവങ്ങൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്നതാണ്.

**b) ചരിത്ര ഘടകങ്ങൾ**

ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ (നദീതട നാഗരികത) യുദ്ധം, സ്ഥിരമായ ആക്രമണം എന്നിവ ജനസംഖ്യ വിതരണത്തെ ബാധിക്കുന്ന ചരിത്ര ഘടകങ്ങളാണ്.

**c) സാമ്പത്തിക ഘടകങ്ങൾ**

വിദ്യാഭ്യാസസ്ഥാപനങ്ങൾ, തൊഴിലവസരങ്ങൾ, ഉൽപ്പാദന തൊഴിൽശാലകൾ, ആഡംബര സൗകര്യങ്ങൾ, വ്യാപാരം, വാണിജ്യം, മറ്റു സൗകര്യങ്ങൾ എന്നിവ ഇടതിങ്ങിയ ജനസംഖ്യ പ്രദേശത്തെ പ്രോത്സാഹിപ്പിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

എല്ലാവർഷവും ജൂലൈ 11 ലോക ജനസംഖ്യ ദിനം ആചരിക്കുകയാണ്. ആഗോള ജനസംഖ്യയുടെ പ്രശ്നങ്ങൾക്ക് ബോധവൽക്കരണം നൽകണം. 1989 മുതൽ ഐക്യരാഷ്ട്ര വികസന പരിപാടി ഈ സംരംഭത്തെ ആഘോഷിച്ചു തുടങ്ങി.

## 6.2.3 ജനസാന്ദ്രത

ജനസാന്ദ്രത എന്നത് ചതുരശ്രകിലോമീറ്ററിൽ ജീവിക്കുന്ന ജനങ്ങളുടെ എണ്ണത്തെ സൂചിപ്പിക്കുന്നു. കുറഞ്ഞ ജനവിഭാഗം ഉള്ള ഒരു വലിയ പ്രദേശത്തെ അവിടത്തെ കുറഞ്ഞ ജനസംഖ്യ ഉള്ളതായി പറയപ്പെടുന്നു. അതേപോലെ വലിയ ജനസംഖ്യയുള്ള ചെറിയ പ്രദേശത്തെ ജനസാന്ദ്രത കൂടുതലുള്ള പ്രദേശം എന്നുപറയുന്നു. മൊത്തം ജനസംഖ്യയെ അതിന്റെ ഭൂവിസ്തൃതി കൊണ്ട് വിഭജിച്ചാണ് ജനസാന്ദ്രത കണക്കാക്കുന്നത്.



IX Std - Geography Malayalam Unit-6.indd 220 3/29/2023 5:17:36 PM

## പ്രവർത്തനം

തമിഴ്നാട്ടിലെ അധിക ജനസാന്ദ്രതയുള്ള 5 ജില്ലകൾ താഴെക്കൊടുത്തിരിക്കുന്നു. ജനസാന്ദ്രതയും അതിൻറെ തരവും കണ്ടുപിടിക്കുക

| ജില്ലകൾ | പ്രദേശം ച. കി.മി. | ജനസംഖ്യ 2011 സെൻസസ്. | ജനസാന്ദ്രത | തരം |
|---|---|---|---|---|
| ചെന്നൈ | 178.2 | 46,46,732 | | |
| കാഞ്ചീപുരം | 7857 | 39,98,252 | | |
| വേലൂർ | 6077 | 39,36,331 | | |
| തിരുവള്ളൂർ | 3424 | 37,28,104 | | |
| സേലം | 5205 | 34,82,056 | | |

$$\text{ജനസാന്ദ്രത} = \frac{\text{മൊത്തം ജനസംഖ്യ}}{\text{മൊത്തം ഭൂവിസ്തൃതി}}$$

**ലോകജനസംഖ്യയെ മൂന്ന് പ്രധാന ഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.**

- ഉയർന്ന ജനസാന്ദ്രതയുള്ള പ്രദേശം: (ചതുരശ്ര കിലോമീറ്ററിന് 50 ആളുകൾക്ക് മുകളിൽ). കിഴക്കൻ ഏഷ്യ, തെക്കൻ ഏഷ്യ, വടക്ക് പടിഞ്ഞാറൻ യൂറോപ്പ്, വടക്കുകിഴക്ക് അമേരിക്ക.
- മിതമായ ജനസാന്ദ്രത.: (ചതുരശ്ര കിലോമീറ്ററിന് 10 മുതൽ 50 വരെയുള്ള ആളുകളുടെ വാസം). അങ്കോള പോലെയുള്ള ഉപ ഉഷ്ണമേഖല പ്രദേശങ്ങൾ, കോങ്കോ, നൈജീരിയ, ആഫ്രിക്കയിലെ സാംബിയ എന്നിവ.
- കുറഞ്ഞ ജനസാന്ദ്രത: (ചതുരശ്രകിലോമീറ്ററിൽ 10 ആളുകൾക്ക് താഴെ മാത്രം). മധ്യ ആഫ്രിക്ക,പടിഞ്ഞാറൻ ഓസ്ട്രേലിയ, വടക്കൻ റഷ്യ, കാനഡ തുടങ്ങിയവ.

### അധിക ജനസംഖ്യയും കുറഞ്ഞ ജനസംഖ്യയും.

ഒരു രാജ്യത്ത് അതിന്റെ വിഭവശേഷി നിലനിർത്തുന്നതിനേക്കാൾ കൂടുതൽ ആളുകൾ ഉള്ളപ്പോൾ അതിനെ അധിക ജനസംഖ്യ എന്ന് പറയുന്നു. ഒരു രാജ്യത്തിൻറെ സാമ്പത്തികശേഷി വികസിപ്പിക്കാൻ വളരെക്കുറച്ചുപേർ മാത്രമേ ജനസംഖ്യയിൽ കഴിയുകയുള്ളൂ കഴിയുകയുള്ളൂ. ഇതിനെ കുറഞ്ഞ ജനസംഖ്യ എന്ന് പറയുന്നു.

## 6.3 മനുഷ്യവാസങ്ങൾ

മനുഷ്യവാസികൾ എന്നത് ആളുകൾ താമസിക്കുന്ന, ജോലിചെയ്യുന്ന, സംഘടിതമായ ജീവിതം നയിക്കുന്ന ഏതെങ്കിലും

**നിങ്ങൾക്ക് അറിയാമോ?**

1952 ൽ ഇന്ത്യയിൽ നടപ്പിലാക്കിയ ഒരു ഔദ്യോഗിക ജനസംഖ്യാനയം നിലവിലുണ്ട്. അത്തരമൊരു നയം പ്രഖ്യാപിക്കുന്ന ആദ്യത്തെ രാജ്യമാണ് ഇന്ത്യ. വിവിധ ജനനനിയന്ത്രണം നടപടികളുടെ പ്രോത്സാഹനം വഴി ജനസംഖ്യാ വളർച്ചാനിരക്ക് കുറയ്ക്കുന്നതാണ് ഈ നയത്തിന്റെ ലക്ഷ്യം.

താൽക്കാലികമോ, സ്ഥിരം സ്ഥലമായി വർണിക്കാവുന്നതാണ്. അത് ഒരു നഗരം, പട്ടണം, ഗ്രാമം എന്നിവ ആയിരിക്കാം. ആദ്യകാലങ്ങളിൽ മനുഷ്യർ മരക്കൊമ്പുകളിലോ ഗുഹകളിലോ കുഴികളിലോ അല്ലെങ്കിൽ പാറക്കൂട്ടങ്ങളിലോ താൽക്കാലികമായി അഭയം തേടിയിരുന്നു. ദിവസങ്ങൾ കടന്നു പോയപ്പോൾ ഭക്ഷ്യവിളകൾ കൃഷിചെയ്യാനും കന്നുകാലികളെ വളർത്താനും പഠിച്ചു. നാലു പ്രധാന നദീതടങ്ങളിലൂടെ നൈൽ, സിന്ധു, ഹൊയാങ്ഹോ, യൂഫ്രട്ടീസ്-ടൈഗ്രീസ് എന്നിവയിലൂടെ കൃഷി പരിണാമം പ്രാപിച്ചു. മനുഷ്യൻ വീടുകളും മൺ കുടിലുകളും നിർമ്മിച്ചു. സാവധാനം മനുഷ്യവാസം നിലവിൽ വന്നു. ഒരു കുടിയേറ്റം പൊതുവേ വീടുകളുടെ ഒരുകൂട്ടം ആരാധനാലയങ്ങൾ ശവസംസ്കാരം എന്നിവയായിരുന്നു. പിന്നീട് ചെറിയ കുടിയേറ്റങ്ങൾ ഗ്രാമങ്ങളിലേക്ക് വളർന്നു. നിരവധി ഗ്രാമങ്ങൾ ഒരുമിച്ച് നഗരങ്ങളായി രൂപപ്പെട്ടു. വലിയ നഗരങ്ങൾ പട്ടണങ്ങളായി വികസിച്ചു. വ്യത്യസ്ത ആകൃതിയിലും വലിപ്പത്തിലും സ്ഥലങ്ങളിലും മനുഷ്യാവകാശങ്ങൾ രൂപപ്പെട്ടു.



IX Std - Geography Malayalam Unit-6.indd 221 3/29/2023 5:17:36 PM

## 6.3.1 മനുഷ്യവാസങ്ങളുകളുടെ വർഗ്ഗീകരണം

തൊഴിലിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണ നഗര വാസികൾ എന്ന നിലയിൽ കുടിയേറ്റക്കാരെ തരംതിരിക്കാം.

### 6.3.1 (A) ഗ്രാമീണ വാസികൾ

കൃഷി, വനപ്രദേശം, ഖനനം, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിലെ ഭൂരിഭാഗമാളുകളും ഗ്രാമീണ വാസികൾ എന്ന പേരിൽ അറിയുന്നു. ഭൂരിഭാഗം ജനവാസ സ്ഥലങ്ങളിലും ഗ്രാമമാണ്. അവ മിക്കതും ഉറച്ചതും സ്ഥിരമായതും ആണ്. ഗ്രാമീണമായ കുടിയേറ്റത്തിന് ഏറ്റവും പ്രധാനപ്പെട്ടതും അതുല്യമായ സവിശേഷത അതിവിശാലവും ഹരിതാഭവും മലിനീകരണമാറ്റതുമായി തുറസ്സായ സ്ഥലം ആണ്.

### കുടിയേറ്റങ്ങളുടെ രീതികൾ

➢ **ദീർഘചതുര രീതി:**



സമതലപ്രദേശങ്ങളിലും താഴ്വരകളിലും കാണപ്പെടുന്ന കുടിയേറ്റ രീതിയാണ് ദീർഘചതുരാകൃതി യിലുള്ള രീതി. ഇവിടത്തെ റോഡുകൾ ചതുരാകൃതിയിലുള്ളതും പരസ്പരം സമകോണത്തിൽ ഛേദിക്കുന്നവയുമാണ്.

➢ **രേഖീയ രീതി:**



രേഖിയ രീതിയിൽ വീടുകൾ, റോഡ്, റെയിൽവേ, നദീതടങ്ങൾ, അല്ലെങ്കിൽ കായൽ തീരങ്ങൾ എന്നിവയിലായി രേഖ രീതിയിൽ കുടിയേറ്റങ്ങൾ സ്ഥിതിചെയ്യുന്നു.

➢ **വൃത്താകൃതി അല്ലെങ്കിൽ അർദ്ധവൃത്താകൃതിയിലുള്ള കുടിയേറ്റ രീതി:**



ഇവിടെ തടാകങ്ങൾ, കുളങ്ങൾ, കടൽത്തീരങ്ങൾ എന്നിവയെ ചുറ്റിപ്പറ്റി കുടിയേറ്റങ്ങൾ കാണാം.

➢ **നക്ഷത്ര ആകൃതി കുടിയേറ്റ രീതി:**



ടാർ ചെയ്ത റോഡുകളും ടാർ ചെയ്യാത്ത റോഡുകളും ചേർന്ന് നക്ഷത്ര ആകൃതിയിലുള്ള കെട്ടിടങ്ങൾ രൂപപ്പെടുന്നു. നക്ഷത്ര ആകൃതിയിലുള്ള കുടിയേറ്റങ്ങളിൽ എല്ലാവഴികളിലും ഉള്ള റോഡുകളുടെ വശങ്ങളിലായി വീടുകളും ഉണ്ട്.

➢ **ത്രികോണാകൃതി കുടിയേറ്റ രീതി:**



നദികളുടെ സംഗമസ്ഥാനത്ത് ത്രികോണ ആകൃതിയിൽ വളരുന്ന ഗ്രാമീണ കുടിയേറ്റങ്ങൾ ആണിവ.

➢ **T-ആകൃതിയിലുള്ള കുടിയേറ്റങ്ങൾ**



T-ആകൃതിയിലുള്ള കുടിയേറ്റങ്ങൾ 3 വഴിത്തിരിവ് റോഡുകളിൽ വികസിക്കുന്നു. ആകൃതി കുടിയേറ്റങ്ങൾ മൂന്നാം റോഡിലുള്ള രണ്ടു റോഡുകൾ ഉള്ള സ്ഥലങ്ങളിൽ രൂപംകൊള്ളുന്നു. 4 ദിശകളിലൂടെയും ദിശകൾ ഇലൂടെയും വരുന്ന റോഡുകളിലാണ് കുരിശാകൃതി കുടിയേറ്റങ്ങൾ വികസിക്കുന്നത്.

➢ **നെബുലർ കുടിയേറ്റ രീതി:**



റോഡുകളുടെ ക്രമീകരണം ഏതാണ്ട് വൃത്താകൃതി യിലാണ് അത് ഗ്രാമത്തിലെ പ്രധാന ഭൂവുടമയുടെ വീടിനു ചുറ്റുമുള്ള കേന്ദ്രസ്ഥാനത്ത് അല്ലെങ്കിൽ പള്ളികളുടെയും ക്ഷേത്രങ്ങളുടെ യോ മോസ്ക്കുകളുടെ ചുറ്റിലും ആവാം.

### 6.3.1 (B) നഗര കുടിയേറ്റങ്ങൾ.

നഗരം എന്നത് പ്രധാനമായും ദ്വിതീയ, തൃതീയ, ചതുർഘട്ട തുടങ്ങിയ കാർഷികേതര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പട്ടണങ്ങളോടും നഗരങ്ങളോടും ബന്ധപ്പെട്ടതാണ്. ഇവിടെ ജനങ്ങൾ ഇടുങ്ങിയ ചുറ്റുപാടുകളിൽ ഇടതിങ്ങി ജീവിക്കുന്നു. സമൂഹത്തിലെ ഭരണപരമായ സാംസ്കാരിക പാർപ്പിട സമുച്ചയവും മതപരമായ ആവശ്യങ്ങൾ നിറവേറ്റുന്ന മനുഷ്യനിർമ്മിതമായ ഘടകങ്ങളാണിവ. നഗരവത്കരണത്തിന് ഉത്തരവാദിത്വം തൊഴിലവസരങ്ങൾ, വ്യവസായം, വിദ്യാഭ്യാസം, ഗതാഗതം, വിഭവങ്ങളുടെ ലഭ്യത തുടങ്ങിയവയാണ് നഗരവത്ക്കരണത്തിനുള്ള പ്രധാന കാരണങ്ങൾ.



IX Std - Geography Malayalam Unit-6.indd 222 3/29/2023 5:17:37 PM

**നഗര കുടിയേറ്റങ്ങളുടെ തരങ്ങൾ**

നഗരങ്ങൾ, പട്ടണങ്ങൾ, മെട്രോ നഗരങ്ങൾ, മെഗാ നഗരങ്ങൾ എന്നിങ്ങനെ വലിപ്പവും സേവനവും ലഭ്യമാക്കിയുള്ളതാണ് നഗര കുടിയേറ്റങ്ങളുടെ തരങ്ങൾ.




**പട്ടണം:** പട്ടണം എന്നത് ഒരു ഗ്രാമത്തെക്കാൾ വലുതും നഗരത്തെക്കാൾ ചെറുതുമാണ്. 1 ലക്ഷത്തിൽ കുറഞ്ഞ ജനസംഖ്യ കാണപ്പെടുന്നു. **ഉദാഹരണം:** ചെന്നൈയിലെ അരക്കോണം.

**നഗരം:** പട്ടണങ്ങളെ അപേക്ഷിച്ച് നഗരങ്ങൾ കൂടുതൽ വലിപ്പമുള്ളതും സാമ്പത്തിക പ്രവർത്തനങ്ങൾ അധികം നടക്കുന്നതുമാണ്. നഗരങ്ങളിലെ ജനസംഖ്യ ഒരു ലക്ഷത്തിൽ കൂടുതൽ വരും. ഉദാഹരണം കോയമ്പത്തൂർ.

**മെട്രോപോളിറ്റൻ നഗരങ്ങൾ:** 10 ലക്ഷം മുതൽ 50 ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങൾ മെട്രോപോളിറ്റൻ നഗരങ്ങളാണ്. ഉദാഹരണം മധുര.

**മെഗാ പട്ടണങ്ങൾ:** 50 ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങളെ മെഗാ പട്ടണങ്ങൾ എന്ന് വിളിക്കുന്നു. ഉദാഹരണം ചെന്നൈ.

**നഗര കൂട്ടം:** വളരെയധികം പട്ടണങ്ങളും നഗരങ്ങളും കൂടാതെ മറ്റ് പ്രാന്തപ്രദേശങ്ങളും അടങ്ങിയതാണ്. ഉദാഹരണം ഡൽഹി.




- 11,000 വർഷങ്ങൾക്കുമുമ്പ് ഏറ്റവും പഴക്കമേറിയ ജനവാസമുള്ള നഗരമായി ഡമസ്കസ് കരുതപ്പെടുന്നു.
- ടോക്കിയോ മേഖലയിലെ ഏറ്റവും വലിയ നഗരമായി ടോക്കിയോ. 38 ദശലക്ഷം നിവാസികൾ അവിടെ ജീവിക്കുന്നു.
- 2016 ലെ കൺസൾട്ടൻസി മെർസറുകളുടെ കാളിറ്റി ഓഫ് ലിവിങ് റാങ്കിംഗ് പ്രകാരം വിന്യസിച്ച് മികച്ച നഗരമാണ് വിയന്ന. (ആധാരം ഐക്യരാഷ്ട്രസംഘടന)

## 6.4 സാമ്പത്തിക പ്രവർത്തനങ്ങൾ

ഒരു മേഖലയിലെ എല്ലാ തലങ്ങളിലും ഉൽപ്പന്നങ്ങളും സേവനങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനും വിതരണത്തിനും ഉപഭോഗത്തിനും ഉതകുന്ന പ്രവർത്തനങ്ങൾ അല്ലെങ്കിൽ സേവനങ്ങളാണ് സാമ്പത്തിക പ്രവർത്തനങ്ങൾ.

### സാമ്പത്തിക പ്രവർത്തനങ്ങളുടെ തരങ്ങൾ

**പ്രാഥമിക പ്രവർത്തനങ്ങൾ:**

ഭൂമിയിലെ അസംസ്കൃതവസ്തുക്കളുടെ വേർതിരിച്ചെടുക്കൽ. ഉദാഹരണം ഭക്ഷ്യ ശേഖരണം, വേട്ടയാടൽ, കച്ചവടം, മത്സ്യബന്ധനം, കന്നുകാലി വളർത്തൽ, ഖനനം, കൃഷി.

**ദ്വിതീയ പ്രവർത്തനങ്ങൾ:**

അസംസ്കൃത വസ്തുക്കൾ കൊണ്ട് നിർമ്മിക്കപ്പെടുന്ന വ്യവസായ ഉൽപ്പന്നങ്ങൾ. ഉദാഹരണം ഇരുമ്പുരുക്കു നിർമ്മാണം, വാഹന നിർമ്മാണം.

**ത്രിതീയ പ്രവർത്തനങ്ങൾ:**

ചരക്കുകൾ ഉല്പാദിപ്പിക്കുന്ന ഇല്ലെങ്കിലും ഉൽപാദന പ്രക്രിയയെ സഹായിക്കുന്നപ്രവർത്തനങ്ങളെ ത്രിതീയ പ്രവർത്തനങ്ങൾ എന്നു പറയുന്നു ഉദാഹരണം ഗതാഗതം, വാർത്താവിനിമയം, ബാങ്കുകൾ, വ്യാപാരം.

**ചതുർഘട്ട പ്രവർത്തനങ്ങൾ:**

ഗവേഷണത്തിനും വികസനത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളും വിജ്ഞാനങ്ങളും ചതുർഘട്ട പ്രവർത്തനങ്ങൾ എന്ന് അറിയപ്പെടുന്നു. ഉദാഹരണം വിദ്യാഭ്യാസം, ബാങ്കുകൾ

**പഞ്ചമഘട്ട പ്രവർത്തനങ്ങൾ:**

സൃഷ്ടിക്കൽ പുതിയതും നിലവിലുള്ളതുമായ ആശയങ്ങളെ പുനർവിചിന്തനം ചെയ്യുന്ന പ്രവർത്തനങ്ങളെ പഞ്ചമഘട്ട പ്രവർത്തനങ്ങൾ എന്നുവിളിക്കുന്നു. സമൂഹത്തിൽ അല്ലെങ്കിൽ സമ്പദ് വ്യവസ്ഥയുടെ തീരുമാനത്തിൽ ഏറ്റവും ഉയർന്ന നിലവാരത്തിൽ അത് ഉൾപ്പെടുന്നു. ഉദാഹരണം മുതലാളികൾ, ഗവണ്മെന്റിലെ നയതന്ത്രജ്ഞർമാർ. ശാസ്ത്രജ്ഞൻമാർ

## 6.5 പരിസ്ഥിതി പ്രശ്നങ്ങൾ

വായു,വെള്ളം, ഭക്ഷണം എന്നിവ ജീവിച്ചിരിക്കുന്ന സകലജീവജാലങ്ങൾക്കും ലഭ്യമാക്കുന്ന ജീവിത സൗകര്യങ്ങളുടെ സംവിധാനമാണ് പരിസ്ഥിതി. എന്നാൽ മനുഷ്യൻ തുടർച്ചയായുള്ള വ്യവസായ വൽക്കരണത്തിലൂടെ പരിസ്ഥിതിയെ നശിപ്പിക്കുന്നു.



IX Std - Geography Malayalam Unit-6.indd 223 3/29/2023 5:17:37 PM

ചില പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ താഴെ കൊടുത്തിരിക്കുന്നു .

- വനനശീകരണം
- മലിനീകരണം വായു-ജല ശബ്ദമലിനീകരണം.
- നഗരവൽക്കരണം
- ഫ്രാക്കിംഗ്
- മാലിന്യനിർമ്മാർജ്ജനം.

### വനനശീകരണം

മറ്റ് ഉപയോഗങ്ങൾക്കായി ഭൂമി ലഭ്യമാക്കുന്നതിനായി ജനങ്ങൾ മരങ്ങളെ വെട്ടുന്നതിനെ വനനശീകരണം എന്നുപറയുന്നു.

### വനനശീകരണത്തിന്റെ ഫലങ്ങൾ

വനനശീകരണം വെള്ളപ്പൊക്കം, വരൾച്ച, വായുമലിനീകരണം, മണ്ണിനെ ഫലഭൂയിഷ്ഠത നഷ്ടമാകൽ, ജീവജാലങ്ങളുടെ വംശനാശം, ആഗോളതാപനം, മരുഭൂമികളുടെ വ്യാപനം, ജലവിഭവങ്ങളുടെ തകർച്ച, ഹിമപാതം ഉരുകൽ, സമുദ്ര നിരപ്പ് ഉയരൽ ,ഓസോൺ പടത്തിന്റെ നാശം എന്നിവയാണ് വന നശീകരണത്തിന്റെ ഫലങ്ങൾ.

1922 ജൂണിൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടന്ന ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി ഉച്ചകോടി സമ്മേളനത്തിൽ എല്ലാ അംഗരാജ്യങ്ങളും കാർബൺ ഡൈഓക്സൈഡ്, മീഥേൻ, എന്നീ ഹരിതഗൃഹവാതകങ്ങളുടെ ഉത്സർജ്ജനമാണ് ആഗോളതാപനത്തിന് ഉത്തരവാദികളെന്നും അവയെ കുറയ്ക്കണമെന്നും തീരുമാനിച്ചു.

### വനസംരക്ഷണം

**(i)** മരം മുറിക്കുന്നതിനുള്ള നിയന്ത്രണം വഴി വനസംരക്ഷണം നടത്താം.

**(ii) കാട്ടുതീ നിയന്ത്രണം:** പതിവായുള്ള നിരീക്ഷണത്തിലൂടെയും നിയന്ത്രണത്തിലൂടെയും കാട്ടുതീ തടയാം.

**(iii) വന വിഭവങ്ങളുടെ ഉചിതമായ ഉപയോഗം:** നമുക്കാവശ്യമായ മരങ്ങൾക്കും നമ്മുടെ നിലനിൽപ്പിന് ആവശ്യമായ വായുവിനും നാം മരങ്ങളെ ആശ്രയിക്കുന്നു. മനുഷ്യർക്കും മൃഗങ്ങൾക്കും മറ്റു ജീവജാലങ്ങൾക്കും ആവാസവ്യവസ്ഥകൾ കൂടാതെ നമ്മുടെ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് വന ഉൽപ്പന്നങ്ങൾ. അതുകൊണ്ട് അവന് ഉൽപ്പന്നങ്ങളെ നാം ശരിയായ രീതിയിൽ സംരക്ഷിക്കണം.

## 6.6 സുസ്ഥിരവികസനം

1987ൽ ബ്രണ്ൺട്ലാന്റെ് കമ്മീഷൻ സുസ്ഥിരതയുടെ നിർവചനം ചൂണ്ടിക്കാട്ടുന്നു. സ്വന്തം ആവശ്യങ്ങൾ നിറവേറ്റാൻ ഭാവിതലമുറയുടെ കഴിവിനെ വിട്ടുവീഴ്ച ചെയ്യാതെ ഇന്നത്തെ ആവശ്യങ്ങൾ നിറവേറ്റുന്ന വികസനമാണ്.

സുസ്ഥിരവികസനം കൈവരിക്കാനായി മൂന്ന് ഘടകങ്ങളെ ഒത്തു ചേർക്കുന്നത് വളരെ പ്രധാനമാണ്. സാമ്പത്തികവളർച്ച, സാമൂഹിക സ്വഭാവം, പരിസ്ഥിതിസംരക്ഷണം ഈ ഘടകങ്ങൾ പരസ്പരബന്ധവും വ്യക്തികളുടെയും സമൂഹങ്ങളുടെയും സ്വാശ്രയത്തിനു വളരെ നിർണായകമാണ്. യഥാർത്ഥ സുസ്ഥിരത കൈവരിക്കുന്നതിന് നമുക്ക് നിലനിൽക്കുന്ന സാമ്പത്തിക സാമൂഹിക പാരിസ്ഥിതിക ഘടകങ്ങളുടെ സമത്വം നിലനിർത്തേണ്ടതുണ്ട്.




- സാമൂഹിക സുസ്ഥിരത

സാമൂഹികക്ഷേമത്തിനിടയിലും നിർവഹിക്കപ്പെട്ട സാമൂഹിക സുസ്ഥിരതയ്ക്ക് വിധേയമായി പ്രവർത്തിക്കുന്ന ഒരു രാജ്യം, കുടുംബം അല്ലെങ്കിൽ സംഘടന തുടങ്ങിയ സാമൂഹിക വ്യവസ്ഥയുടെ കഴിവാണ് സാമൂഹിക സുസ്ഥിരത. യുദ്ധം, ദാരിദ്ര്യം, വ്യാപകമായ അനീതി, താഴ്ന്ന വിദ്യാഭ്യാസ നിരക്ക് തുടങ്ങിയ പ്രശ്നങ്ങൾ ഒരു സാമൂഹിക നിലനിൽപ്പിന് കാരണമാകാറില്ല. മറ്റു രാജ്യങ്ങളോടുള്ള സമാധാനപരമായ നിലനിൽപ്പിനുള്ള ഒരു ഗവൺമെന്റിന്റെ സന്തുലിതാവസ്ഥയും അതേസമയംതന്നെ പരിസ്ഥിതിയെ ബാധിക്കാത്ത പൗരന്മാരുടെ ആവശ്യകതകളും ഒരു സാമൂഹിക സുസ്ഥിരത സൃഷ്ടിക്കുന്നു.



IX Std - Geography Malayalam Unit-6.indd 224 3/29/2023 5:17:37 PM

➢ സാമ്പത്തിക സുസ്ഥിരത

ഭൂമിയിലെ ആളുകൾ അവരുടെ ഔപചാരിക പങ്കാളിത്തത്തെക്കാൾ കൂടുതൽ ഉപയോഗിക്കുന്നു.

- ശക്തമായ പൊതുവിതരണ സംവിധാനത്തിലൂടെ സാമ്പത്തിക സുസ്ഥിരത വിജയകരമായി നടപ്പിലാക്കുന്നു.
- ശക്തമായ പൊതുവിതരണ സംവിധാനത്തിലൂടെ സാമ്പത്തിക സുസ്ഥിരത വിജയകരമായി നടപ്പിലാക്കുന്നു.

➢ പരിസ്ഥിതി സുസ്ഥിരത

പരിസ്ഥിതിയുടെ ഗുണനിലവാരവും പ്രകൃതിവിഭവങ്ങളുടെ ഉറവിടവും നിരക്കുകളും മാനവചരിത്രത്തെ എക്കാലത്തേക്കും ശാശ്വതമായി പിന്തുണയ്ക്കുന്ന പരിസ്ഥിതിയാണ് പരിസ്ഥിതി സുസ്ഥിരത. സാധ്യമെങ്കിൽ പരിസ്ഥിതിയിൽ അനാവശ്യമായ അസ്വാസ്ഥ്യങ്ങൾ ഒഴിവാക്കണം.

**കുട്ടികളുടെ പ്രവർത്തനം**

(അധ്യാപകർ കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുക)

* **പുറത്തെ കളി**

സുസ്ഥിരത പഠിപ്പിക്കുന്നതിൽ ലളിതമായ പ്രവർത്തനം വളരെ നീണ്ടതാണ്. അതിഗംഭീര സ്നേഹത്തിൽ പങ്കു ചേരുകയും കുട്ടികളെ പരിപാലിക്കുകയും ചെയ്യും.

* **ഭൂമിയെക്കുറിച്ചുള്ള പുസ്തക വായന**

ഭൂമിയെക്കുറിച്ച് മനസിലാക്കാൻ പുസ്തകവായന കുട്ടികളെ ഏറെ സഹായിക്കും.

* **സ്വയം പേപ്പർ തയ്യാറാക്കൽ**

ഉപയോഗിച്ച് പേപ്പറിൽ നിന്നും പുതിയ പേപ്പർ ഉണ്ടാക്കാനായി കുട്ടികളെ പരിശീലിപ്പിക്കാം.

**സുസ്ഥിരത പ്രാധാന്യമർഹിക്കുന്നത് എന്തുകൊണ്ട്**

പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ വിഭവങ്ങളുടെ അമിതമായ ഉപയോഗം ഭാവിതലമുറയ്ക്ക് ലഭ്യത കുറയുന്നു. നമ്മുടെ ഗ്രഹം നമ്മുടെ വിഭവങ്ങൾ നമ്മുടെ ജനങ്ങൾ എന്നിവയെ ഭാവിതലമുറക്ക് സു സ്ഥിരതയോടെ ജീവിക്കാൻ കഴിയുമെന്ന് ഉറപ്പു വരുത്താൻ കഴിയണം. അതിനാൽ നമ്മുടെ ജീവിതത്തിന് സുസ്ഥിരത കൈവരിക്കാൻ കഴിയുന്ന രണ്ട് പ്രധാന പദങ്ങളാണ് പരിരക്ഷയും അവബോധവും. ഞങ്ങൾ നിലനിർത്തൽ എന്നനിലയിലുള്ള സുസ്ഥിരത സ്ഥിരീകരിക്കുംമ്പോൾ അത് എന്നന്നേക്കുമായി നിലനിർത്തുക എന്നതാണ്. നമ്മുടെ പ്രവർത്തനങ്ങൾക്ക് പ്രകൃതിയിൽ ഒരു നീണ്ടുനിൽക്കുന്ന സ്വാധീനമുണ്ട്. നമ്മുടെ ഭാവി ഭാവി തലമുറകൾക്ക് ആയി അതിനെ സംരക്ഷിക്കണം.

**വിദ്യാർത്ഥികൾക്കിടയിൽ സുസ്ഥിരത വളരുന്നതെങ്ങനെ**

- **ജീവിതശൈലി**
  നിങ്ങളുടെ ജീവിതശൈലിയാണ് നിങ്ങളുടെ ഇഷ്ടം നിങ്ങൾക്ക് അത് മാറ്റാൻ കഴിയും. ഉദാഹരണത്തിന് നിങ്ങൾ പലചരക്കുകടയിൽ പോകുമ്പോൾ നിങ്ങളുടെ കൈവശം ഒരു തുണിസഞ്ചി ഉണ്ടെന്നുള്ള കാര്യം ഉറപ്പുവരുത്തുക. ഈ സംവിധാനം കച്ചവടക്കാരന്റെ പ്ലാസ്റ്റിക് സഞ്ചിയുടെ ഉപയോഗം ഇല്ലാതാക്കാൻ കഴിയും.
- **ഉറപ്പിക്കൽ**
  നിങ്ങളുടെ വാച്ച് അല്ലെങ്കിൽ കളിപ്പാട്ടം അല്ലെങ്കിൽ ഒരു ക്യാമറ ഉടയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ സ്വന്തമായി പുതിയതൊന്ന് വാങ്ങുന്നതുവരെ ഇതുതന്നെ ഉപയോഗിക്കുമെന്ന് ഉറപ്പുവരുത്തുക.
- **പുനർനിർമ്മാണം**
  നിങ്ങൾക്ക് ചുറ്റുമുള്ള കാര്യങ്ങളെക്കുറിച്ച് ബോധമുള്ളവർ ആയിരിക്കുക. നിങ്ങൾ ഉപയോഗിച്ച് കഴിഞ്ഞ വസ്തുക്കൾ വീണ്ടും ഉപയോഗിക്കാൻ കഴിയുമെന്ന് ചിന്തിക്കുക.
- **ആവശ്യങ്ങളും ആഗ്രഹങ്ങളും**
  നിങ്ങളെന്തെങ്കിലും വാങ്ങുന്നതിനുമുമ്പ് സ്വയം ചോദിക്കുക ഇത് എനിക്ക് ആവശ്യമാണോ അല്ലെങ്കിൽ എന്റെ ആഗ്രഹമാണോ. ഓർക്കുക. സുസ്ഥിരത നിങ്ങളിൽ നിന്ന് തുടങ്ങണം. അങ്ങനെ പ്രാദേശികമായി ചിന്തിക്കുക. ആഗോളമായി പ്രവർത്തിക്കുക.



IX Std - Geography Malayalam Unit-6.indd 225 3/29/2023 5:17:37 PM

## ഒറ്റ നോട്ടം

- ഏതൊരു ജീവജാലത്തെയും ചുറ്റിയിരിക്കുന്ന സ്ഥലവും വസ്തുക്കളും പ്രകൃതിയും പരിസ്ഥിതിയാണ്.
- മനുഷ്യനും കുടുംബവും തമ്മിലുള്ള ബന്ധം മനുഷ്യന്റെ അന്തരീക്ഷം എന്നാണ്.
- എണ്ണവും വിതരണവും ഘടനയും നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ഒരു ചലനാത്മകമായ പ്രതിഭാസമാണ് ജനസംഖ്യ.
- ജനസംഖ്യ മാറ്റമെന്നത് ജനനനിരക്ക് മരണങ്ങൾ കുടിയേറ്റം എന്നിവമൂലം ജനസംഖ്യ കൂടുന്നതും കുറയുന്നതും ആണ്.
- മൊത്തം ജനസംഖ്യയെ ഭൂവിസ്തൃതിയിൽ വിഭജിച്ചാണ് ജനസംഖ്യയുടെ സാന്ദ്രത കണക്കാക്കുന്നത്.
- ഗ്രാമീണ നഗര മേഖല പോലുള്ള തൊഴിൽ അധിനിവേശത്തെ ആണ് കുടിയേറ്റങ്ങൾ തരംതിരിക്കുന്നത്.
- പ്രാഥമികം, ദ്വിതീയം ,തൃതീയം ക്വാട്ടനറി, ക്യൂനറി എന്നിവയാണ് സാമ്പത്തിക പ്രവർത്തനങ്ങളുടെ തരങ്ങൾ.
- മലിനീകരണം, കാലാവസ്ഥാവ്യതിയാനം, ദാരിദ്ര്യം, യുദ്ധവും അസംസ് കൃതവസ്തുക്കളുടെ വിതരണവും, അസന്തുലിതമായ ജൈവ വ്യവസ്ഥയ്ക്ക് ഇടയാക്കുന്നു. അതിനാൽ മനുഷ്യവർഗ്ഗത്തെ നിലനിർത്താൻ സുസ്ഥി രമായ വികസനത്തെക്കുറിച്ച് ധരിക്കേണ്ടത് ആവശ്യമാണ്.

## അഭ്യാസം

G4XDR

### I ശരിയായ ഉത്തരം തെരഞ്ഞെടുത്ത എഴുതുക.

1. ജീവജാലങ്ങളുടെ വളർച്ചയെയും വികാസത്തെയും ബാധിക്കുന്ന എല്ലാ ബാഹ്യ സ്വാധീനങ്ങളും ഘടകങ്ങളുമാണ് _____.
   a) പരിസ്ഥിതി
   b) ആവാസവ്യവസ്ഥ
   c) ജൈവ ഘടകങ്ങൾ
   d) അജൈവഘടകങ്ങൾ

2. എല്ലാവർഷവും ലോക ജനസംഖ്യ ദിനമായി ആചരിക്കുന്നു.
   a) ആഗസ്റ്റ് 11 b) സെപ്റ്റംബർ 11
   c) ജൂലൈ 11 d) ജനുവരി 11

3. ജനസംഖ്യയുടെ സ്ഥിതിവിവരക്കണക്കുകളെ കുറിച്ചുള്ള പഠനം.
   a) ഡെമോഗ്രഫി b) മോർഫോളജി
   c) ഏട്ടിമോളജി d) സെസി മൊഗ്രാഫി

4. ഖനികളിൽ നിന്നും വിലയേറിയ ധാതുക്കളും ഭൂഗർഭ ധാതുക്കളെയും വേർതിരിച്ചെടുക്കുന്ന പ്രക്രിയ.
   a) മീൻപിടുത്തം b) ലൂമ്പറിങ്
   c) ഖനനം d) കൃഷി

5. സമ്പദ് വ്യവസ്ഥയുടെ ദ്വിതീയ വിഭാഗം അസംസ്കൃത വസ്തുക്കളിൽ നിന്ന് ഉത്പാദിപ്പിക്കുന്നു.
   a) പൂർത്തീകരിക്കാത്ത വസ്തുക്കൾ
   b) പൂർത്തീകരിച്ച് വസ്തുക്കൾ
   c) സാമ്പത്തിക വസ്തുക്കൾ
   d) അസംസ്കൃതവസ്തുക്കൾ

### II. യോജിപ്പിക്കുക

| | | | |
|---|---|---|---|
| 1. | ഉച്ചഭാഷിണി | - | ആകൃതിയിലുള്ള കുടിയേറ്റം |
| 2. | റിയോ ഡി ജനീറോ ബ്രസീൽ | - | ഭൗമ ഉച്ചകോടി 1992 |
| 3. | വെള്ളക്കോളർ ജോലിക്കാർ | - | മലിന ീകരണത്തിന്റെ തരം |
| 4. | ക്രോസ് ഫോം കുടിയേറ്റങ്ങൾ. | - | ഔദ്യോഗികം |



IX Std - Geography Malayalam Unit-6.indd 226 3/29/2023 5:17:38 PM

## III താഴെക്കൊടുത്തിട്ടുള്ള സൂചിക വായിച്ച് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

1. **നിഗമനം(A):** സ്ട്രാറ്റോസ്ഫിയർ ലെ ഓസോൺ പടലം ഒരു സംരക്ഷണ കവചമായി കരുതപ്പെടുന്നു.

   **കാരണം(R):** അത് അൾട്രാവയലറ്റ് കിരണങ്ങൾ ഭൂമിയുടെ ഉപരിതലത്തിൽ എത്തുന്നതിനെ തടയുന്നു.

   a) A യും R ഉംശരിയാണ് യുടെ വിശദീകരണമാണ്

   b) A യും R ഉം ശരിയാണ് എന്നാൽ നെ വിശദീകരിക്കുന്നില്ല.

   c) A യും R ഉം തെറ്റാണ്

   d) A യും R ഉം ശരിയാണ്.

2. **നിഗമനം (A):** തൃതീയ പ്രവർത്തനങ്ങളിൽ അവർ സ്വയം ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പകരം ഉൽപാദന പ്രക്രിയയിലേക്ക് സഹായിക്കുന്നു.

   **കാരണം (R):** ത്രതിയ മേഖലയിൽ പ്രവർത്തിക്കുന്ന ജനങ്ങൾ എർണ്ണമായ്യം പരിസ്ഥിതി സൗഹൃദമാന്ന്.

   a) A യും R ഉംശരിയാണ്

   b) A യും R ഉംശരിയാണ് എന്നാൽ നെ വിശദീകരിക്കുന്നില്ല.

   c) A ശരിയാണ് R തെറ്റാണ്

   d) A യും R ശരിയാണ്, A യും R വിശദീകരിക്കുന്നു.

## IV. ചുരുക്കി ഉത്തരമെഴുതുക

1. ജനസാന്ദ്രത എന്ന പദത്തിൻറെ അർത്ഥം എന്താണ്.
2. കറുത്ത മരണം എന്നാൽ എന്ത്.
3. ഉയർന്ന ജനസാന്ദ്രതയും കുറഞ്ഞ ജന സാന്ദ്രതയുള്ള പ്രദേശങ്ങൾ എവിടെയാണ്.
4. നിർവചിക്കുക
   i) ജനസംഖ്യാവളർച്ച
   ii) സെൻസസ്
   iii) സുസ്ഥിര വികസനം

## V. താഴെ പറയുന്നവക്ക് കാരണം പറയുക

1. വനവൽക്കരണം ലോകമെമ്പാടും പ്രോത്സാഹിപ്പിക്കുന്നതാണ്.
2. അമ്ലമഴ ആവാസവ്യവസ്ഥയെ നശിപ്പിക്കുന്നു.
3. ചതുർഘട്ടപ്രവർത്തനം സാമ്പത്തിക മേഖലയുടെ വിജ്ഞാന സമ്പത്ത് എന്നാണ് അറിയപ്പെടുന്നത്.
4. ജനസംഖ്യാവളർച്ച നിയന്ത്രിക്കേണ്ടതുണ്ട്.
5. ഗ്രഹത്തെ സംരക്ഷിക്കാൻ സുസ്ഥിരവികസനം സജ്ജമാക്കിയിട്ടുണ്ട്.

## VI. വേർതിരിക്കുക

1. പ്രാഥമിക പ്രവർത്തനങ്ങളും ദ്വിതീയ പ്ര വർത്തനങ്ങളും.

## VII. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക

1. ജനസംഖ്യയുടെ വിതരണത്തെ ബാധിക്കുന്ന ഘടകങ്ങളെക്കുറിച്ച് വിശദീകരിക്കുക.
2. ചിത്രത്തിന്റെ സഹായത്തോടുകൂടി നഗര കുടിയേറ്റ ങ്ങളെ കുറിച്ച് വിശദീകരിക്കുക.

## VIII. ഭൂപട കഴിവ്

**A. ലോകഭൂപടത്തിൽ താഴെപറയുന്നവ അടയാളപ്പെടുത്തുക.**

1. ഇംഗ്ലണ്ട് കറുത്ത മരണം ബാധിച്ച രാജ്യം
2. ഡെൻമാർക്ക് ആധുനിക സെൻസസ് നടത്തിയ ആദ്യ രാജ്യം.
3. ഹോയാങ് ഹോ നദി

## IX. ചിന്തിച്ച് ഉത്തരമെഴുതുക

1. നിങ്ങളുടെ പ്രദേശത്തെ കുറിച്ച് പഠിച്ച അവിടുത്തെ കുടിയേറ്റ സംവിധാനത്തെ കുറിച്ച് എഴുതുക.



## വിശാലമായ വായനയ്ക്ക്


1. Savindra Singh, (1991), Environmental Geography, Prayag Pustak Bhawan, Allahabad – 211002
2. Majid Husain, (2015), Environment and Ecology Access Publishing India Pvt. Ltd, New Delhi.
3. Sharma. J.P. (2011), Environmental Studies, an Imprint o Laxmi Publications Pvt. Ltd, New Delhi.





IX Std - Geography Malayalam Unit-6.indd 227 3/29/2023 5:17:38 PM

## ഇന്റർനെറ്റ് വിവരങ്ങൾ

https://www.google.co.in/search?

https://www.curbed.com/2017/8/9/16059384/vertical-forest-italy-climate-change

https://www.un.org/development/desa/publications/world-population-prospects-the-2017-revision.html

## ICT കോർണർ

### മനുഷ്യനും പരിസ്ഥിതിയും

നമുക്ക് മെമ്മറി കാർഡുകൾ ഉപയോഗിച്ച് മനുഷ്യനും പരിസ്ഥിതിയും ക്കുറിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കാം



**ഘട്ടങ്ങൾ**

ഘട്ടം 1: ബ്രൗസർ തുറന്ന് തന്നിരിക്കുന്ന URL ടൈപ്പു ചെയ്യുക.

ഘട്ടം 2: നിങ്ങൾ ഭൂഗോള സ്പിയർ കാർഡുകളെ കാണുന്നു.

ഘട്ടം 3: കാർഡുകളെ ക്ലിക്ക് ചെയ്ത് ശരിയായിട്ടുള്ള ഗോളത്തെയും ഉദാഹരണങ്ങളെയും തെരഞ്ഞെടുത്തെഴുതുക

**URL:**

https://worldpopulationhistory.org/ (or) scan the QR Code

*Pictures are indicatives only.



IX Std - Geography Malayalam Unit-6.indd 228 3/29/2023 5:17:39 PM

അദ്ധ്യായം 7

# ഭൂപട നൈപുണികൾ

## പഠനലക്ഷ്യങ്ങൾ

- ഭൂപടം പരിചയപ്പെടുത്തൽ
- ഭൂപടത്തിന്റെ ഘടകങ്ങൾ ഉപയോഗിച്ച് വായിക്കൽ
- ആകാശചരായ ചിത്രങ്ങൾ,ഉപഗ്രഹ വിദൂരസംവേദനം എന്നിവപോലുള്ള ഭൂപട വിവരണം ഏറ്റെടുക്കുന്നതിന് മറ്റ് സാങ്കേതികവിദ്യയെ കുറിച്ച് മനസ്സിലാക്കുക
- ഭൂപടനനത്തിന്റെ GIS, GNSS, Web-maping എന്നീ പേരുകളിലുള്ള ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ അറിയുക

I2GEC

## ആമുഖം

കൈയിൽ ഒരു ഭൂപടം ഉണ്ടെങ്കിൽ ഒരു വ്യക്തിക്ക് ഒറ്റനോട്ടത്തിൽ ലേകം മുഴുവൻ കാണാൻ സാധിക്കും.ഒരു ഭൂപടം ആയിരം വാക്കുകൾ വിലമതിക്കുന്നു.ഒരു ഭൂപടത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും ചിത്രീകരിക്കുന്ന പ്രദേശത്തെ വ്യാഖ്യാനിക്കാനുമുള്ള അടിസ്ഥാന തത്വങ്ങളാണ് ഭൂപടനൈപുണ്യം.അളവുകൾ,അടയാളങ്ങൾ,ചിഹ്നങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയാണ് ഭൂപടം വരയ്ക്കുന്നത്.ഭൂവിസ്തൃതിയുടെ അളവ് രേഖപ്പെടുത്തുന്ന പ്രക്രിയയാണ് സർവ്വേ അഥവാ അളക്കൽ.ഇതിന്റെ ഫലം സ്ഥിരവിവരങ്ങളാണ്. ഈ അദ്ധ്യായത്തിൽ ഭൂപടത്തിന്റെ ആധുനിക സാങ്കേതിക വിദ്യകളായ വിദൂരസംവേദനം ഏകട,ഏജട ഗ്ലോബൽ നാവികേഷൻ സിസ്റ്റം, 21-ാം നൂറ്റാണ്ടിലെ വെബ്ഭൂപടങ്ങൾ എന്നിവയെക്കുറിച്ച് വിശദായി പഠിക്കാം.

## 7.1 ഭൂപടം ഒരു ഉപകരണം

ഭൂമിശാസ്ത്രജ്ഞന്മാരുടെ അടിസ്ഥാന ഉപകരണമാണ് ഭൂപടങ്ങൾ.ഭൂമിയുടെ ഉപരിതലം ചിത്രരചനകളുടെ സങ്കലനത്തിലൂടെയും വാക്കുകളിലൂടെയും ചിഹ്നങ്ങളിലൂടെയും വ്യക്തമാക്കുന്നു.ഭൂമിശാസ്ത്ര പഠനത്തിന്റെ അഭിഭാജ്യഘടകങ്ങളാണ് ഭൂപടങ്ങൾ. ഭൂപടങ്ങൾ ഒരു പ്രദേശത്തിന്റെ വഴികാട്ടിയാണ്.

**നിങ്ങൾക്ക് അറിയാമോ?**

രാഷ്ട്രീയ സാംസ്കാരിക വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്കായി ഭൂപടങ്ങളും ചാർട്ടുകളും സൃഷ്ടിക്കുന്നതിനായി ഭൂമിശാ സ്ത്രര വിവരങ്ങൾ അളക്കുന്നതും വിശകലനം ചെയ്യുന്നതും വ്യാഖ്യാനിക്കുന്നതും കാർട്ടോഗ്രാഫർ ആണ്.

### 7.1.1 ഭൂപടങ്ങൾ, കാർട്ടോഗ്രാഫി

മുകളിൽ നിന്നും കാണപ്പെടുന്ന ഒരു പ്രദേശത്തിന്റെ ചിത്രങ്ങളാണ് ഭൂപടങ്ങൾ. പേപ്പർ/ തുണി അല്ലെങ്കിൽ ഏതെങ്കിലും പരന്ന പ്രതലത്തിൽ ത്രിമാനചിത്രങ്ങളുടെ ഹ്രസ്വരൂപത്തിലാണ് ഒരു ഭൂപടം നിർമ്മിക്കുന്നത്. ഭൂപടങ്ങൾക്ക് ലോകത്തിന്റെമുഴുവൻ അല്ലെങ്കിൽ ഒരു ഭാഗം കാണിക്കാൻ കഴിയും. ഭൂപടങ്ങൾ അളവിന്റെയും ദിശയുടെയും അടിസ്ഥാനത്തിലാണ് വരയ്ക്കുന്നത്. ചിഹ്നങ്ങൾ നിറങ്ങൾ എന്നിവയുടെ അർത്ഥത്തെ വിശദീകരിക്കാൻ ഭൂപടങ്ങൾക്ക് സാധിക്കും. ഭൂപടം ഉപയോഗിച്ച് അടുത്തുള്ള സ്ഥലത്തേയ്ക്ക് യാത്ര ചെയ്യാൻ ശ്രമിക്കണം. ഭൂപട നിർമ്മാണത്തിന്റെ കലയും ശാസ്ത്രവും കാർട്ടോഗ്രാഫി എന്നാണ് അറിയപ്പെടുന്നത്.

### 7.1.2 ഭൂപടത്തിന്റെ ഘടകങ്ങൾ

JXLVO

ഒരു ഭൂപടത്തിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളണം.അവ തലക്കെട്ട്, അളവുകൾ,ദിശകൾ.



IX Std - Geography Malayalam Unit-7.indd 229 3/29/2023 5:22:47 PM

## (A) തലക്കെട്ട്

ഇത് ഭൂപടത്തിന്റെ ഉദ്ദേശം അല്ലെങ്കിൽ ലക്ഷ്യ മാണ്.

**ഉദാഹരണം** - ഇന്ത്യ - ഭൂപ്രകൃതി,ലോകം - രാഷ്ട്രീയം, തമിഴനാട് - ഗതാഗതം

## (B) അളവ്

ഭൂമിയുടെ അതേ വലിപ്പത്തിൽ ഭൂപടം തയ്യാറാക്കിയാൽ അത് കൊണ്ടുപോകാൻ പറ്റാത്തവിധം വലുതായിരിക്കും.ഒരു ചെറിയ പേപ്പറിൽ മുഴുവൻ ഭൂമിയുടെ ആകൃതിയും ചെറുതായി കാണിക്കാൻ അളവിനു സാധിക്കും.ഭൂമിയിലെ യഥാർത്ഥ ദൂരവും ഭൂപടത്തിലെ യഥാർത്ഥ ദൂരവും തമ്മിലുള്ള അനുപാതമാണ് അളവുകൾ.

അളവുകൾ മൂന്ന് രീതികളിൽ പ്രതിനിധീകരിക്കാം.അവ സാധാരണ അളവുകൾ, പ്രതിനിധി ഘടകങ്ങൾ, രേഖീയ അല്ലെങ്കിൽ ഗ്രാഫ് അളവ് എന്നിവ.

### സാധാരണ അളവ്

ഭൂപ്രതലത്തിനും ഭൂപടദൂരത്തിനും തമ്മിലുള്ള ബന്ധം 1 സെ.മീ മുതൽ 10കി.മീ വരെ വാക്കുകളിൽ സൂചിപ്പിക്കുന്നതാണ് സാധാരണ അളവ്. 1 സെ.മീ = 10 കി.മീ.

### പ്രാതിനിധ്യ ഭിന്നകം

ഇത് ഭൂപട ദൂരത്തിനും ഭൂപ്രതല ദൂരത്തിനും ഇടയിലുള്ള അനുപാതത്തെ സൂചിപ്പിക്കുന്നു.ഇത് സാധാരണയായി RF എന്ന് അറിയപ്പെടുന്നു. ഇത് 1/100000 അല്ലെങ്കിൽ 1:100000 ആയി അറിയപ്പെടുന്നു.അതായത് ഭൂപ്രതലത്തിൽ ഉള്ള 100000 യൂണിറ്റ് ഭൂപടത്തിൽ 1 യൂണിറ്റായി പ്രതിനിധീകരിക്കുന്നു.ഒരു യൂണിറ്റ് എന്നത് ഒരു ഇഞ്ച് അല്ലെങ്കിൽ സെന്റീമീറ്റർ മറ്റേതൊരു രേഖീയ അളവെടുപ്പ് യൂണിറ്റായിരിക്കാം.ഇപ്രകാരം പ്രാതിനിധ്യഘടകം.

$$\text{R.F.} = \frac{\text{ഭൂപടദൂരം}}{\text{ഭൂപ്രതല ദൂരം}}$$

ഉദാഹരണമായി RF കണ്ടുപിടിക്കുന്നതിന് അളവ് 1 സെ.മീ മുതൽ 1 കി.മീ വരെ ആകുമ്പോൾ 1 സെ.മീ = 1 കി.മീ

സൂത്രം ഉപയോഗിച്ച്, $\text{R.F} = \frac{1\,cm}{1\,km}$

കിലോമീറ്ററിനെ സെന്റീമീറ്ററായി മാറ്റുക. അതിനാൽ 1 കിമീ = 100000 സെ.മീ.അങ്ങനെ RF എന്നത് 1 : 100000

അളവ് 1സെ.മീ മുതൽ 2.കി.മീ ആയിരിക്കുമ്പോൾ RF കണ്ടുപിടിക്കുക

### രേഖീയ അല്ലെങ്കിൽ ഗ്രാഫ് അളവ്

ഭൂമി ശാസ്ത്രത്തിൽ ഒരു രേഖീയ അളവ് സൂചിപ്പിക്കുന്നത് യഥാർത്ഥ ഭൂപ്രതല അളവിനെ ഒരു നേർരേഖയിൽ തുല്യഅളവുകളായി വിഭജിക്കുന്നു. ഈ അളവ് ഭൂപടത്തിൽ നേരിട്ടുള്ള ദൂരം അളക്കാൻ സഹായിക്കുന്നു.

### രേഖീയ അളവ് മാതൃക




1/50,000 (fractional scale)
1:50,000 (ratio)
1 unit on the map represents 50,000 units in the real world.

## (C) ദിശകൾ

വടക്ക് ദിശയിലെ അടിസ്ഥാനമാക്കിയാണ് സാധാരണയായി ഭൂപടങ്ങൾ വരയ്ക്കുന്നത്. ഭൂപടത്തിൽ വടക്ക് ദിശ എപ്പോഴും ഭൂമിയുടെ ഉത്തര ധ്രുവത്തെയാണ്, സൂചിപ്പിക്കുന്നത്. വടക്ക് ധ്രുവത്തിൽ നോക്കിനിൽക്കുമ്പോൾ നിങ്ങളുടെ വലതു ഭാഗത്ത് കിഴക്കുവശം വരും,ഇടതുഭാഗം പടിഞ്ഞാറും.പുറക് ഭാഗം തെക്ക് ആയിരിക്കും.ഈ നാലു പ്രധാനദിശകൾ കാർഡിനൽ ദിശകൾ എന്നാണ് പറയപ്പെടുന്നത്.വടക്ക് തെക്ക് രേഖാഭൂപടം വഴി ദിശ നിർവ്വഹിക്കുന്നത് വടക്ക ദിശയിൽ ഒരു അമ്പ് കുറിയിലാണ് സൂചിപ്പിക്കുന്നത്.

### പ്രവർത്തനം

നിങ്ങൾ ഇന്ത്യയിൽ നിൽക്കുന്നു എന്ന് സങ്കൽപിച്ചുകൊണ്ട് ഭൂപടം ഉപയോഗിച്ച് താഴെ കൊടുത്തിരിക്കുന്നയുടെ ദിശകൾ അടയാളപ്പെടുത്തുക.

സൗദി അറേബ്യ _____

മ്യാൻമർ _____

ചൈന _____

ഇന്ത്യന് മഹാസമുദ്രം _____

കസാഖിസ്ഥാൻ _____

സുമാത്ര _____

അഫ്ഗാനിസ്ഥാൻ _____




ഓർമ്മശക്തി ഉപയോഗിച്ച് കാർഡിനൽ ദിശകളെ മനസ്സിലാക്കാൻ ഈ വാക്യം ഉപകരിക്കും. never eat soggy wheaties (north, east, south, west)



IX Std - Geography Malayalam Unit-7.indd 230 3/29/2023 5:22:48 PM

## (D) വിതരണ ശൃംഖല

ഒരു സ്ഥലത്തിന്റെ സ്ഥാനം അറിയാൻ അക്ഷാംശ രേഖാംശം കൊണ്ട് ലളിതമായി നിർവചിക്കാവുന്നതാണ്.സാധാരണയായി അക്ഷാംശം ആദ്യം പ്രഖ്യാപിക്കുകയും തുടർന്ന് രേഖാംശം വരുകയും ചെയ്യും.ഒരു സ്ഥലത്തിന്റെ അക്ഷാംശവും രേഖാംശവും ഡിഗ്രി,മിനിറ്റ്,സെക്കന്റ് എന്നിവകളുടെ യൂണിറ്റുകളിൽ അവതരിപ്പിക്കാവുന്നതാണ്.

**നിങ്ങൾക്ക് അറിയാമോ?**

**ഇന്ത്യ 8°4'വടക്ക് അക്ഷാംശം മുതൽ 37°6' വടക്ക് അക്ഷാംശം വരെയും 68°7' കിഴക്ക് രേഖാംശം മുതൽ 97°25' കിഴക്ക് രേഖാംശം വരെയും വ്യാപിച്ചിരിക്കുന്നു. ഇവിടെ (°) എന്നത് ഡിഗ്രിയും (') എന്നത് മിനിറ്റുമാണ്.**

### പ്രവർത്തനം

വിതരണ ശൃംഖല ഉപയോഗിച്ച് ആസ്ത്രേലിയയെ വലുതായി വരയ്ക്കുക.






## (E) പ്രക്ഷേപണം

ഒരു പരന്ന പ്രതലത്തിൽ വൃത്താകൃതിയിലുള്ള ഭൂമിയെ കാണിക്കുന്നതിനുള്ള മാർഗ്ഗമാണ് ഭൂപട പ്രക്ഷേപണം.പ്രക്ഷേപണം എന്ന പദം എവിടെ നിന്ന് വരുന്നു? അക്ഷാംശ രേഖാംശ രേഖകളും ഭൂപ്രകൃതിയും ചേർന്ന ഗ്ലോബിനെ സങ്കൽപിക്കുക.ഗ്ലോബിനുള്ളിൽ ഒരു നേരീയ ബൾബ് ഉണ്ടെന്ന് കരുതുക.ഗ്ലോബിനെ ഒരു പേപ്പർ കൊണ്ട് പൊതിഞ്ഞ് അത് പ്രകാശത്തിനഭിമുഖമായി തിരിക്കുകയാണെങ്കിൽ ആ പേപ്പറിൽ വിതരണ ശൃംഖലയുടെ വരകളും ഭൂ വിസ്തൃതിയും കാണാൻ സാധിക്കും. ഭൂപട അനുപാതം നിർവചിക്കപ്പെട്ടിരിക്കുന്നത് ഗോളീയ ശൃംഖലയിലെ അക്ഷാംശ രേഖാംശങ്ങളുടെ രൂപാന്തരമാണ്. ആകൃതി,പ്രദേശം,ദിശകൾ എന്നിവ നിർവചിക്കാൻ പ്രക്ഷേപണം ശ്രദ്ധ ചെലുത്തുന്നു.




വിശാലമായ ഉപയോഗത്തിനുള്ള മൂന്ന് രീതികൾ ചുവടെ ചേർക്കുന്നു

- സിലിണ്ടർ ഉപരിതലത്തിലെ പ്രക്ഷേപണം
- കോൺ ഉപരിതലത്തിലെ പ്രക്ഷേപണം
- പ്ലാനർ അല്ലെങ്കിൽ സെനിത്തൽ അല്ലെങ്കിൽ അസിമുത്തൻ പ്രക്ഷേപണം എന്ന് വിളിക്കുന്ന നേരിട്ട പരന്ന പ്രതലത്തിലെ പ്രക്ഷേപണം




## (F) ലഘുവിവരണം

വിശദാംശങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്ന ഒരു ഭൂപടത്തിന്റെ ലഘു വിവരണം സാധാരണയായി ഭൂപടത്തിന്റെ താഴെ ഇടത് അല്ലെങ്കിൽ വലതു കോണിൽ സ്ഥാപിച്ചിരിക്കുന്നു.



IX Std - Geography Malayalam Unit-7.indd 231 3/29/2023 5:22:48 PM

## (G) പരമ്പരാഗത ചിഹ്നങ്ങളും അടയാളങ്ങളും

ആഗോള ഭാഷയുടെ രൂപമാണ് ഭൂപടം. അത് അന്താരാഷ്ട്ര നിലവാരത്തിൽ പരിഗണിക്കപ്പെടേണ്ട തുണ്ട്.പരമ്പരാഗത ചിഹ്നങ്ങളും അടയാളങ്ങളും ഭൂപടത്തിൽ ഉപയോഗിച്ചിരിക്കുന്ന ഉയർന്ന നിലവാരത്തിലുള്ള അടയാളങ്ങൾക്ക് യഥാർത്ഥത്തിൽ അർത്ഥമുണ്ടായിരിക്കും.ശാരീരികവും സാംസ്കാരികവുമായ സവിശേഷതകളെക്കുറിച്ചുള്ള വൈവിധ്യമാർന്ന വിവരങ്ങളാണ് ടോപ്പോഗ്രാഫിക് ഭൂപടത്തിൽ അടങ്ങിയിരിക്കുന്നത്.ഭൂപടത്തിന്റെ വ്യക്തത ഉപയോഗിച്ച് കാണിക്കുന്ന അടയാളങ്ങളും ചിഹ്നങ്ങളും പലനിറങ്ങളിൽ ഉള്ളതിനാൽ ഭൂപടത്തെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും.

**ഭൂപട അടയാളങ്ങൾ മൂന്ന് വിധത്തിലുണ്ട്.**

1. **പോയിന്റ് അടയാളം** - കെട്ടിടങ്ങൾ, കിടങ്ങുകൾ, ത്രികോണാകൃതിയിലുള്ള അപകട മുന്നറിയിപ്പ് സ്തംഭം
2. **ഇളം നിലം** - ജലശേഖരങ്ങൾ - ജലധാരകൾ,കനാലുകൾ - ചാലുകൾ,അണക്കെട്ടുകൾ,തടാകങ്ങൾ,ചതുപ്പുകൾ,കുളങ്ങൾ,നദികൾ,ഗോപുരങ്ങൾ എന്നിവ
3. **പ്രദേശ അടയാളങ്ങൾ** - കൃഷിഭൂമി,തോട്ടങ്ങൾ,മുന്തിരിതോട്ടങ്ങൾ,കുളങ്ങൾ

**നിങ്ങൾക്ക് അറിയാമോ?**



ഭൂമിയുടെ യഥാർത്ഥ രൂപം ജിയോയിഡ് എന്ന് അറിയപ്പെടുന്നു.പരന്ന വൃത്താകൃതിയാണ് ഭൂമിയുടെ രൂപം.ഐക്യരാഷ്ട്ര സഭയുടെ പതാകയിലുള്ള അസിമുത്തൻ ധ്രുവപ്രക്ഷേപണം ചിത്രീകരിച്ചിരിക്കുന്നു. 1945 ലെ ഐക്യരാഷ്ട്ര പതാകയിൽ വടക്കേ അമേരിക്ക ശ്രദ്ധേയമായിരുന്നു. രേഖാംശ രേഖ 90 പടിഞ്ഞാറ് മുകളിലേക്ക് പോയിരുന്നു.അടുത്ത വർഷം ദേശീയ പതാക 180 കിഴക്ക് പസഫിക് സമുദ്രത്തിന്റെ മധ്യത്തിൽ കിടക്കുന്നു.മുകളിലേയ്ക്ക് ചൂണ്ടി കാണിച്ചുകൊണ്ട് പതാകയിലെ ഭൂപടം കൂടുതൽ നിഷ്പക്ഷമായി പുന നിർമ്മിച്ചു.ഭൂപടം തെക്ക് അക്ഷാംശത്തിൽ 60 യിൽ നിറുത്തുന്നത് അർത്ഥമാക്കുന്നത് അന്റാർട്ടിക പ്രത്യക്ഷപ്പെടുന്നില്ല എന്നാണ്.

**താഴെകൊടുത്തിരിക്കുന്ന നിറങ്ങൾ ഭൂപട ചിഹ്നങ്ങളായി ഉപയോഗിക്കുന്നു**

1. **ബ്രൗൺ:** ഭൂമി അല്ലെങ്കിൽ ഭൂസവിശേഷതകൾ - കോണ്ടൂർ വരകൾ,അരിപ്പ് പ്രദേശങ്ങൾ,മലമ്പ്രദേശങ്ങളിലെ കൃഷിസ്ഥലങ്ങൾ, മണൽ പ്രദേശങ്ങൾ,മണൽ തട്ടുകൾ,ദ്വിതീയ അല്ലെങ്കിൽ ചരൽ റോഡുകൾ
2. **ഇളം നിലം:** ജലശേഖരങ്ങൾ - ജലധാരകൾ,കനാലുകൾ - ചാലുകൾ,അണക്കെട്ടുകൾ,തടാകങ്ങൾ,ചതുപ്പുകൾ,കുളങ്ങൾ,നദികൾ,ഗോപുരങ്ങൾ എന്നിവ
3. **കടും നീലം:** ദേശീയ ജലപാതകൾ
4. **പച്ച:** സസ്യജാലങ്ങൾ - കൃഷിസ്ഥലങ്ങൾ,ഗോൾഫ് കളിസ്ഥലം,പ്രകൃതി,തോട്ടങ്ങൾ,മുന്തിരി തോട്ടങ്ങൾ,വിനോദ കളിസ്ഥലങ്ങൾ,വനപ്രദേശം
5. **കറുപ്പ്:** കെട്ടിടനിർമ്മാണം,റോഡുകൾ,കെട്ടിടങ്ങൾ,റെയിൽവേപാലങ്ങൾ,ശ്മശാന ഭൂമി,വാർത്താവിനിമയ ഗോപുരങ്ങൾ,അണക്കെട്ടുകൾ,ഖനനഗവേഷണം,വൈദ്യുതി കമ്പി,ടെലഫോൺ കമ്പി,കാറ്റാടിയന്ത്രങ്ങൾ,അതിർത്തികൾ എന്നിവ
6. **ചുവപ്പ്:** നിർമ്മാണ സാമഗ്രികൾ - ദേശീയ സൈനീക പ്രധാന റോഡുകൾ,ലൈറ്റ് ഹൗസ്, മറൈയിൻ ലൈറ്റ്
7. **പിങ്ക്:** അന്താരാഷ്ട്ര അതിർത്തികൾ

### ചിഹ്നങ്ങളും അടയാളങ്ങളും

| | | | |
|---|---|---|---|
| | കോട്ട | 30 | അതിർത്തിക്കല്ല് |
| | ചർച്ച് | | വണ്ടിപ്പാത |
| | പഗോട | | പാക്ക്-ട്രാക്ക് |
| | സെമിത്തരി | | നടപ്പാതയും പാലവും |
| | ചരാത്രി | | വിമാനം |
| | മോസ്ക് | | ലൈറ്റ് ഹൗസ് |
| | അമ്പലം | | ടെലഗ്രാഫ് കമ്പി |
| PO | പോസ്റ്റാഫീസ് | | വറ്റാത്തതടാകങ്ങൾ |
| PS | പോലീസ് സ്റ്റേഷൻ | | വരണ്ട തടാകങ്ങൾ |
| RH | വിശ്രമാ കേന്ദ്രം | | കനാൽ |
| CH | പരിപഥഭവനം | | വരണ്ട നദികൾ |
| IB | പരിശോധന കൂടങ്ങൾ | | പണിനടന്നു കൊണ്ടിരിക്കുന്ന ഡാം |
| RS | റയിൽവേ സ്റ്റേഷൻ | | ഭൂമി പണി നടക്കുന്ന ഡാം |
| | ബ്രോഡ് ഗേജ് റെയിൽവേ | | സ്ഥിരമായ കുടിലുകൾ |
| | ലെവൽ ക്രോസിംഗ് | | താല്കാലിക കുടിലുകൾ |
| | മെറ്റൽ റോഡ് | | ഗോപുരങ്ങൾ |



IX Std - Geography Malayalam Unit-7.indd 232 3/29/2023 5:22:49 PM

### 7.1.3. അളവുകൾ(സർവ്വേ)

കോൺ, ദിശ, സ്ഥലം, ഉയരം, ദൂരം എന്നിവ ഭൂമിയുടെ ഉപരിതലത്തിൽ ഒരു വസ്തുവിനെയോ സ്ഥലത്തിനെയോ ഉപകരണങ്ങൾ ഉപയോഗിച്ച് അളക്കുന്നതാണ് അളവുകൾ(സർവ്വേ). ഭൂപടങ്ങൾ തയ്യാറാക്കാൻ പ്രദേശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നേടുന്നതിനായി സർവ്വേ വിദ്യകൾ ഉപയോഗിക്കുന്നു.സർവ്വേയെക്കുറിച്ചുള്ള അറിവ് ഭൂപട നിർമ്മാണത്തിൽ പ്രത്യേകിച്ച് ഭൂപ്രകൃതി ഭൂപടങ്ങളെ സഹായിക്കുന്നു.

ഭൂമി ശാസ്ത്രജ്ഞന്മാർ പ്രധാനമായും ചങ്ങല, പ്രിസ്മാറ്റിക് കോമ്പസ്, ഡമ്പിലെവൽ,അബ്നിലെവൽ,ക്ലിനോമീറ്റർ, തിയോഡലൈറ്റ്, GNSS എന്നിവ ഉപയോഗിച്ചാണ് ഒരു പ്രത്യേകസ്ഥലത്തിന്റെ ദൂരം, കോൺ, ഉയരം, സ്ഥാനം എന്നിവ നിർണ്ണയിക്കുന്നത്.

**ഭൂമി ശാസ്ത്രജ്ഞന്മാർ ഭൂപടം നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന ആധുനിക ഉപകരണങ്ങൾ**


AbneyLevel













**അളവുകളുടെ പുരാതന ചരിത്രം:** കയർ ഉപയോഗിച്ചാണ് ഈജിപ്തിൽ സ്ഥലം അളന്നിരുന്നത്.അതിനാൽ അവരെ റോപ്പ് സ്ട്രേച്ചറുകൾ എന്ന് വിളിച്ചിരുന്നു.



## 7.2 ഭൂപടത്തിൽ വിദൂര സംവേദനത്തിന്റെ പങ്ക്

ഭൗതിക വസ്തുക്കളുടെ നിരീക്ഷണവും അളവും അവയെ സ്പർശിക്കാതെ തന്നെ വിദൂര സംവേദനം സൂചിപ്പിക്കുന്നു.

വിദൂരം എന്നാൽ ദൂരത്തിൽ, സംവേദനം എന്നാൽ വിവരങ്ങളെ ലഭ്യമാക്കൽ എന്നുമാണ്. വിദൂര സംവേദനം എന്നത് ഭൂമിയിലുള്ള വസ്തുക്കളെ നേരിട്ട് ബന്ധപ്പെടാതെ പലതരത്തിലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് വിവരങ്ങളെ ദൂരെ നിന്നും ശേഖരിക്കുന്ന രീതിയാണ്.

**നിങ്ങൾക്ക് അറിയാമോ?**

നമ്മുടെ ശരീരത്തിൽ മൂന്ന് വിധത്തിലുള്ള വിദൂര സംവേദനാവയവങ്ങളെ നാം ഉപയോഗിക്കുന്നു.



a) കണ്ണുകൾ - കണ്ട് അറിയാൻ

b) മൂക്ക് - മണത്ത് അറിയാൻ

c) ചെവികൾ - കേട്ടറിയാൻ

18 ഉം 19ഉം നൂറ്റാണ്ടുകളിൽ ബലൂണുകളും പ്രാവുകളും വഹിക്കുന്ന ക്യാമറകളുടെ ഉപയോഗത്തിൽ നിന്നും വിദൂര സംവേദനത്തിന് ഒരു നീണ്ട ചരിത്രം ഉണ്ട്. 20-ാം നൂറ്റാണ്ടിൽ ഛായാചിത്രങ്ങളും ഉപഗ്രഹവിദൂര സംവേദനവും വളരെ വേഗത്തിൽ വികസിച്ചു.

### 7.2.1. ആകാശ മാർഗ്ഗ ഛായാചിത്രങ്ങൾ

കുറഞ്ഞ ദൂരത്ത് പറക്കുന്ന പക്ഷികൾ ബലൂൺ ഹെലികോപ്ടറുകൾ,വിമാനങ്ങൾ എന്നിവയിൽ ക്യാമറകൾ ഘടിപ്പിച്ച് ചിത്രങ്ങൾ, വസ്തുക്കൾ അല്ലെങ്കിൽ പ്രതിഭാസങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സാങ്കേതിക വിദ്യയെ ആകാശമാർഗ്ഗ ഛായാചിത്രങ്ങൾ എന്നു പറയുന്നു.ഒരു നിശ്ചിത ഉയരത്തിൽ 10-30 സെക്കന്റ് സമയം ഇടവിട്ട് ആകാശ മാർഗ്ഗ ഛായാചിത്രങ്ങൾ എടുക്കുന്നു. ഒരോ ചിത്രങ്ങളും മുമ്പുള്ള ചിത്രങ്ങളേക്കാൾ പ്രദേശങ്ങളെ ചെറുതാക്കി കാണിച്ചു. പഠനമേഖലയിലെ സ്റ്റിരിയോസ്കോപ്പിക് (3D) ചിത്രം നിർമ്മിക്കാൻ കഴിയും.



IX Std - Geography Malayalam Unit-7.indd 233 3/29/2023 5:22:52 PM

നിങ്ങൾക്ക് അറിയാമോ?



ഹെലിക്സ് നാദാർ (ഏപ്രിൽ 1,1820, പാരിസ് -20 മാർച്ച് 1910)ഫ്രഞ്ച് ഭൂപടനിർമ്മാതാവ്,പത്രപ്രവർത്തകൻ,നോവലിസ്റ്റ്,ബലൂണിസ്റ്റുമാണ്.1858 ൽ അദ്ദേഹം ആദ്യമായി ആകാശ മേഖല ചിത്രങ്ങൾ എടുക്കാൻ തുടങ്ങി.1853 ൽ തന്നെ ആദ്യ ഛായാചിത്രങ്ങൾ എടുത്ത് അതിൽ കൃത്രിമ വിളക്കുകൾ ഉപയോഗിച്ച് പാരിസിലെ കാറ്റാ കോബ്സിൽ പ്രവർത്തിപ്പിച്ചു.1863 കാലഘട്ടത്തിൽ നാദർ ലീ ഗെയിന്റ് (the gaint) എന്ന പേരിൽ ഒരു വലിയ ബലൂൺ (6000 $m^3$) നിർമ്മിച്ചു.




**സാങ്കേതിക വിദ്യ ഉപയോഗിച്ച് എടുക്കുന്ന ആകാശമാർഗ്ഗ ഛായാചിത്രം**

## 7.2.2 ഉപഗ്രഹ വിദൂര സംവേദനം

ഉപഗ്രഹ വിദൂര സംവേദനം എന്നത് ഭൂമിയെ പരിക്രമണം ചെയ്യുന്ന ഒരു വസ്തുവിനെയോ പ്രദേശത്തെയോ കൃത്രിമ ഉപഗ്രഹം വഴി വിവരങ്ങൾ ശേഖരിക്കുന്ന ശാസ്ത്രമാണ്.ഉപഗ്രഹ ഛായാചിത്രങ്ങൾ ഡിജിറ്റലിൽ പകർത്തുന്നതിനെയാണ് ഉപഗ്രഹചിത്രം എന്ന പദം സൂചിപ്പിക്കുന്നത്.

### റിമോട്ട് സെൻസിംഗിന്റെ ഘടകങ്ങൾ

- ഊർജത്തിന്റെ ഉറവിടം
- സംപ്രേഷണ പാത
- ലക്ഷ്യം
- സെൻസർ

## 7.2.3 ആഗോള സമുദ്ര ഗവേഷണ ഉപഗ്രഹ സംവിധാനം (GNSS)

ഒരു സ്മാർട്ട് ഫോൺ ഉപയോഗിച്ച് നിങ്ങൾ എപ്പോഴെങ്കിലും ഒരു വാഹനം ബുക്ക് ചെയ്തിട്ടുണ്ടോ? നിങ്ങൾ എപ്പോഴെങ്കിലും നിങ്ങളുടെ യാത്രയുടെ ദിശയോ വാഹനത്തിന്റെ ചലനമോ മൊബൈൽഫോൺ മാപ്പിലൂടെ നിരീക്ഷിച്ചിട്ടുണ്ടോ? നിങ്ങളുടെ യാത്രയുടെ സമയ ദൈർഘ്യം എങ്ങ

5FT86

| ഉപഗ്രഹ വിദൂര സംവേദനം | |
|---|---|
|  |   |
| ■ ചെലവേറിയ ഉപഗ്രഹ സംവിധാനം പദ്ധതി ഉണ്ടാക്കുക,നിർമ്മിക്കുക<br>■ പരീക്ഷിക്കുക,സമാരംഭിക്കുക ഇവയ്ക്കായി കുറഞ്ഞത് 10 വർഷം വേണ്ടി വരും<br>■ ഒരു ചെറിയ കാലയളവിൽ മുഴുവൻ സ്ഥലത്തേയും വിവരങ്ങൾ ശേഖരിക്കുന്നു<br>■ ഇത് ആഗോള വിവരങ്ങളെ ശേഖരിക്കാൻ അനുമതി ആവശ്യമില്ല<br>■ ഉപഗ്രഹങ്ങൾ ഭൂമിയെ ചുറ്റി വരുന്നുഇത് വീണ്ടും ആവർത്തിക്കാനും കഴിയും<br>■ പ്രവർത്തിക്കുന്ന ഉപഗ്രഹങ്ങളെ കാലാവസ്ഥ ബാധിക്കുകയില്ല<br>■ എല്ലാ വിവരങ്ങളും ഡിജിറ്റലാണ്,സോഫ്റ്റ് വെയർ ഉപയോഗിച്ച് എളുപ്പത്തിൽ സംയോജിപ്പിക്കാൻ കഴിയും. | ■ സാമ്പത്തികമായി കുറഞ്ഞ സമയങ്ങളിൽ സർവ്വേ നടത്താനും നടപ്പാക്കാനും കഴിയും<br>■ ഒരു പ്രദേശം പിടിച്ചെടുക്കാൻ കൂടുതൽ സമയം വേണം.വിമാനങ്ങൾ മുമ്പോട്ടും പുറകോട്ടും പോകേണ്ടതുണ്ട്.<br>■ ചെറിയ പ്രദേശങ്ങളിലെ വിവരങ്ങളെ ശേഖരിക്കുന്നതിന് അധികാരികളിൽ നിന്ന് അനുമതി ആവശ്യമുണ്ട്.<br>■ പുനരവലോകനം അല്ലെങ്കിൽ ആവർത്തിക്കുന്നതിൽ അധിക ചെലവ് വേണ്ടി വരും.<br>■ മോശം കാലാവസ്ഥയെ പ്രതികൂലമായി ബാധിച്ചു.<br>■ ഇത് അനലോഗ്റിക്കോർഡ് ആണ്.അതിനാൽ ഫോട്ടോഗ്രാഫുകൾ നേടിയ ശേഷം കൂടുതൽ മെച്ചപ്പെടുത്താൻ സാധ്യമല്ല. |



IX Std - Geography Malayalam Unit-7.indd 234 3/29/2023 5:22:52 PM

നെയാണ് സാധ്യമാവുന്നത്? എന്താണ് അതിനു കാരണം?

21-ാം നൂറ്റാണ്ടിൽ ഗതാഗത സുരക്ഷയും സൗകര്യവും പ്രോത്സാഹിപ്പിക്കുന്നതിന് GNSS നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു.GNSS ഒരു ചെറിയ ഇലക്ട്രോണിക് റിസീവർ ട്രാക്കർ ഘടിപ്പിച്ചിട്ടുള്ള ഒരു ഉപഗ്രഹ സംവിധാനമാണ്.ഈ സംവിധാനം ഉപയോഗിച്ച് ലോകത്ത് എവിടെയെങ്കിലും ഉള്ള ഉപയോക്താവിന്റെ വാഹനത്തെ കണ്ടെത്താനും നിരീക്ഷിക്കാനും ട്രാക്ക് ചെയ്യാനും സാധിക്കും.ഒരു വാഹനത്തിന്റെ ഡ്രൈവർ പ്രത്യേക സ്ഥലത്തു നിന്നും മാറുമ്പോൾ അല്ലെങ്കിൽ വേഗം കൂട്ടുമ്പോൾ തത്ക്ഷണം ഒരു മുന്നറിയിപ്പ് സംവിധാനം സജ്ജമാക്കിയിട്ടുണ്ട്.വാഹന നിരീക്ഷണത്തിനും,കപ്പലുകളും വിമാനങ്ങളും ട്രാക്കിങ് ചെയ്യുന്നതിനും GNSS സംവിധാനം ഉപയോഗിക്കുന്നു.ആഗോള സ്റ്റേഷനുകളുടെ ഒരു ശൃംഖല ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപഗ്രഹ വിക്ഷേപണ സംഘം പ്രാദേശിക വിവരണങ്ങൾ നൽകും.സ്വീകരിണികൾ ഉപഗ്രഹ അടയാളങ്ങളെ സ്ഥാനം,വേഗത സമയ വിവരങ്ങൾ എന്നിവയെ മാറ്റുന്നു.ഭൂമിയിലെ വസ്തുക്കളുടെ സ്ഥാനം നിർണ്ണയിക്കുന്നതിന് ഏകദേശം 30 തോളം നന്നായി പ്രവർത്തിക്കുന്ന ഉപഗ്രഹങ്ങളെ ഉപയോഗപ്പെടുത്തുന്ന ആഗോള സമുദ്ര ഗവേഷണ ഉപഗ്രഹ സംവിധാനമാണ്.

**ഉദാ-**

- യൂറോപ്പിലെ ഗലീലിയോ
- അമേരിക്കയുടെ NAVSTAR(GPS)
- റഷ്യയുടെ GLONASS
- ചൈനയുടെ BDNSS
- ഇന്ത്യയുടെ IRNSS(NAVIC) സംവിധാനം

### a. ആഗോള സ്ഥാനങ്ങളെ കണ്ടറിയുന്ന മേഖല (GPS)

നമ്മുടെ വാഹനങ്ങളിലും മൊബൈൽ ഫോണുകളിലും GPS ഇല്ലെങ്കിൽ നഷ്ടപ്പെട്ടതായി തോന്നും.അമേരിക്കൻ ഐക്യനാടുകളുടെ സുരക്ഷാ സേനയാണ് (DOD).ലോകത്തിലെ ആദ്യത്തേതും ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തുന്നതുമായ ആഗോള ആസ്ഥാനങ്ങളെ കണ്ടറിയുന്ന മേഖല കണ്ടുപിടിച്ചത്.1995-ൽ ഇത് പൂർണ്ണമായും പ്രവർത്തനമാരംഭിച്ചു.ഭൂമിയുടെ ഉപരിതലത്തിൽ നിന്നും 20350 കി.മീ ദൂരം പറക്കുന്ന ആറ് വ്യത്യസ്ത ഭ്രമണപദങ്ങളിലായി 24 അമേരിക്കൻ ഐക്യനാടുകളുടെ ഉപഗ്രഹങ്ങളുടെ ശൃംഖലയാണ് navastar (navigation satlite timing and ranging). ഓരോന്നും തുടർച്ചയായി ലോകമെമ്പാടുമുള്ള സ്ഥലങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ദിവസേന രണ്ടു തവണ വലം വെച്ചു കൊണ്ടിരിക്കുന്നു.ജി.പി.എസ് സ്വീകരണികൾ ഇപ്പോൾ എല്ലാ ആകൃതിയിലും വലിപ്പത്തിലും വരുന്നു.ഒരു സെല്ലുലാർ ഫോണിന്റെ വലുപ്പത്തിലും ചിലത് കൈകളിലും മറ്റ് ചിലത് കപ്പലുകൾ,വിമാനങ്ങൾ,ട്രക്കുകൾ,കാറുകൾ എന്നിവയിൽ സ്ഥാപിച്ചിരിക്കുന്നു.

**ആഗോള ആസ്ഥാനങ്ങളെ കണ്ടറിയുന്ന മേഖലയുടെ ഉപയോഗങ്ങൾ GPS**

- മൊബൈൽ ഫോണുകൾ,വാച്ചുകൾ,ബുൾഡോസർ കപ്പൽ,കണ്ടെയ്നറുകൾ,എ.ടി.എം തുടങ്ങിയവയിൽ ജി,പി,എസ് സാങ്കേതിക വിദ്യ വളരെ വിപുലമായ പ്രയോഗങ്ങളാണുള്ളത്.
- കൃത്യമായ ഗതാഗത (ദൂരം,ദിശ,റൂട്ട്) സംവിധാനത്തെ സഹായിക്കുകയാണ് ജി,പി,എസ്സിന്റെ പ്രധാന ലക്ഷ്യം.ഇത് സൈനീക അന്വേഷണങ്ങൾക്കും യുദ്ധങ്ങളിൽ നിന്നും സംരക്ഷിക്കാനായി പ്രവർത്തിക്കാൻ കഴിയും.
- അപകടം,രക്ഷാപ്രവർത്തനങ്ങൾ,അടിയന്തര സേവനങ്ങൾ,ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവ വേഗത്തിലാക്കാൻ ജി,പി,എസ്സ് സഹായിക്കുന്നു.
- കാലാവസ്ഥ പ്രവചനം,ഭൂകമ്പ നിരീക്ഷണം,പാരിസ്ഥിതിക സംരക്ഷണം എന്നിവ ജി,പി,എസ്സ് ഉപയോഗിച്ച് ഫലപ്രദമായി ചെയ്യാവുന്നതാണ്.

### b. ഭൂവിവര മേഖല (GIS)

വിദൂര സംവേദനം,ജി.പി.എസ്സ്, മറ്റ് സ്രോതസ്സുകൾ എന്നിവയിലൂടെ ഒരു ചെറിയ ഭൂമിശാസ്ത്ര മേഖലയ്ക്കായി വലിയ അളവിൽ വിവരങ്ങൾ കൈകാര്യം ചെയ്യുന്ന കമ്പ്യൂട്ടർ അടിസ്ഥാനമാക്കിയുള്ള ഉപകരണമാണ് ഭൂവിവര മേഖല.അഥവാ GIS .ഭൂവിവര മേഖല കമ്പ്യൂട്ടർ,ഹാർഡ്വെയർ,സോഫ്റ്റ്വെയർ,ഭൂമിശാസ്ത്ര വിവരണം,വ്യക്തികൾ എന്നിവയുടെ സംയോജനമാണ്.

G - ഭൂമിശാസ്ത്ര പരമായ ഒരു പ്രത്യേക പ്രദേശം
I - വിവരങ്ങൾ- വസ്തുക്കൾ ക്രമത്തിൽ
S - സിസ്റ്റം - ക്രമീകരണം

1950 കളിൽ വാൽഡോ ടൂബളറും റോജർ ടോംലിൻ (കാനഡ) നും ജി.ഐ.എസ് എന്ന വാക്ക് ആദ്യമായി പ്രചരിപ്പിച്ചു. പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്ന ജി.ഐ.എസ് ന് ഉദാഹരണങ്ങളാണ് ഗൂഗിൾ മാപ്പ്, യാഹൂമാപ്പുകൾ, ഗൂഗിൾ എർത്ത് തുടങ്ങിയവയാണ്.

Location ആണ് പ്രധാനഘടകങ്ങൾ.ഒരു ഭൂപടത്തിലെ പ്രത്യേക സ്ഥലത്തിലേക്ക് വിവരങ്ങൾ ബന്ധിപ്പിക്കാൻ അറിയപ്പെടുന്ന ഒരു പോയിന്റിൽ നിന്നും നമുക്ക് വിലാസം അല്ലെങ്കിൽ ദൂരം ഉണ്ടായിരിക്കണം. ഓരോ പ്രദേശത്തിന്റെയും വിവരങ്ങൾ ഭൂപടത്തിന്റെ പ്രത്യേകം അടുക്കുകളിൽ സൂക്ഷിക്കാം.ജി.ഐ.എസ്സിൽ അടുക്കുകൾ



IX Std - Geography Malayalam Unit-7.indd 235 3/29/2023 5:22:52 PM

ചിലപ്പോൾ ഉപയോഗിക്കുകയും ആവശ്യാനുസരണം നീക്കം ചെയ്യുകയും ചെയ്യാം. ഉദാഹരണം - ആശുപത്രികൾ,വിദ്യാലയങ്ങൾ,ജലസ്രോതസ്സുകൾ, പാർക്ക്, A.T.M, വിവരങ്ങളുടെ ഒരു സമ്മിശ്രം കണിക്കുന്ന ഭൂപടങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ സൃഷ്ടിക്കുക.

## 7.3 ഭുവൻ

ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രം (ISRO) ഓഗസ്റ്റ് 12, 2009 ൽ ആരംഭിച്ച സൗജന്യ ഇന്റർനെറ്റ് അധിഷ്ഠിത കമ്പ്യൂട്ടർ ആപ്ലിക്കേഷനാണ് ഭുവൻ.(ഭൗതിക സങ്കേതം). ഒരു വർഷം മുമ്പ് ഇന്ത്യൻ വിദൂര സംവേദനം മൂലം പിടിച്ചെടുത്ത ഐ.എസ്.ആർ.ഒ യുടെ ഏഴ് ഉപഗ്രഹങ്ങൾ കാർട്ടോസാറ്റ്-1, കാർട്ടോസാറ്റ്-2 എന്നിവ ഉൾപ്പെടെ ഐ.എസേ.ആർ.ഒ പര്യവേഷണം ചെയ്യാനാകും. ഭുവൻ ഇന്റർനെറ്റുമായി ബന്ധിപ്പിച്ചത് സ്ഥലങ്ങളുടെ പേകുകളിലോ, കോ-ഓർഡിനേറ്റുകളിലോ (അക്ഷാംശങ്ങളും രേഖാംശങ്ങളും) പേരുകൾ നൽകികൊണ്ട് ലോകത്തിനു ചുറ്റുമുള്ള വാർത്തകളെയും ദൃശ്യങ്ങളെയും കാണാൻ കഴിയും.ശാസ്ത്രജ്ഞന്മാർക്കും വിജ്ഞാനകോശങ്ങൾക്കും, നയരൂപകർത്താക്കൾക്കും,പൊതു ജനങ്ങൾക്കും ഭുവൻ വളരെയധികം പ്രയോജനം ചെയ്യുന്നുണ്ട്.

### സംഗ്രഹം

- ഭൂ വിസ്തൃതിയുടെ അളവുകൾ രേഖപ്പെടുത്തുന്ന പ്രക്രിയയാണ് സർവെയിംഗ്
- അറിയപ്പെടുന്ന ലോകത്തിന്റെ ഭൂപടം വരയ്ക്കുന്ന ആദ്യ പുരാതന ഗ്രീക്കുകാരനാണ് അനാക്സിമാൻഡർ
- ലോകത്തിന്റെ മുഴുവൻ ഭാഗമോ ഭാഗികമോ കാണിക്കാൻ ഭൂപടത്തിന് സാധിക്കും
- ഭൂപട നിർമ്മാണത്തിൽ കലയും ശാസ്ത്രവും കാർട്ടോഗ്രാഫി എന്നാണ് അറിയപ്പെടുന്നത്.
- തലക്കെട്ട്,അളവ്,ദിശ,വിതരമശൃംഖല,പ്രക്ഷേപണം,ലഘുവിവരണം,പരമ്പരാഗത ചിഹ്നങ്ങൾ,അടയാളങ്ങൾ എന്നിവ ഉൾപ്പെടുന്ന ചില ഘടകങ്ങളെ ഒരു ഭൂപടത്തിൽ ഉൾപ്പെടുത്തണം
- ഭൂപടത്തിൽ ഒരു സ്ഥാനം നിർവചിക്കുന്നതിന് ഉപയോഗിക്കുന്ന വരകളുടെ ശൃംഖലയാണ് ഗ്രിഡ്.
- വിദൂര സംവേദനം എന്നത് അകലത്തിൽ നിന്ന് കാര്യങ്ങൾ / സ്ഥലങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നേടുക എന്നതാണ്.
- ആഗോള സമുദ്ര ഗവേഷണ ഉപഗ്രഹ സംവിധാനം (GNSS) ലോകത്തിലെ എവിടെയെങ്കിലും ഒരു ഉപയോക്താവിന്റെ വാഹനത്തെ കണ്ടുപിടിക്കുകയോ,നിരീക്ഷിക്കുകയോ,ട്രാക്കിന് സഹായിക്കുകയോ ചെയ്യുന്നു.
- കമ്പ്യൂട്ടർ ഹാർഡ് വെയർ,സോഫ്റ്റ് വെയർ,ഭൂമിശാസ്ത്ര വിവരങ്ങൾ,വ്യക്തികൾ എന്നിവയുടെ സമാഹരണമാണ് ജി.ഐ.എസ്

## അഭ്യാസം

WC2HU

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. _____ ഭൂപടത്തിന്റെ ലക്ഷ്യത്തെ അല്ലെങ്കിൽ വിവരത്തെ സൂചിപ്പിക്കുന്നു.
   a) തലക്കെട്ട് b) അളവ്
   c) ദിശ d) ലഘുവിവരണം
2. ഒരു നിശ്ചിത അർത്ഥം നൽകുന്നതിന് വേണ്ടി ഭൂപടങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന സ്റ്റാൻഡേർഡ് ചിഹ്നങ്ങൾക്ക് പറയുന്നപേരാണ് _____.
   a) പരമ്പരാഗത ചിഹ്നങ്ങളും അടയാളങ്ങളും
   b) ക്രോഡികരണം
   c) വിതരണശൃംഖല d) ദിശകൾ
3. ജി.പി.എസ് _____ ഉപഗ്രഹത്തെ ഉൾക്കൊള്ളുന്നു.
   a) 7 b) 24
   c) 32 d) 64

### II. യോജിപ്പിക്കുക

| | | |
|---|---|---|
| 1. ഭൂപടത്തിന്റെ കലയും ശാസ്ത്രവും | - | ജിയോഡ് |
| 2. ഭൂമിയുടെ യഥാർത്ഥ രൂപം | - | USA |
| 3. NAVSTAR | - | കാർട്ടോഗ്രാഫി |

### III. താഴെകൊടുത്തിട്ടുള്ള വാചകങ്ങളെ പരിശോധിച്ച് ഉചിതമായവ തെരഞ്ഞെടുത്തെഴുതുക

1. **നിഗമനം (A)**: ഗ്രിഡ് വിഭജിക്കുന്ന ലംബമായ തിരശ്ചീന വരകൾ കോർഡിനേറ്റുകൾ എന്ന് വിളിക്കുന്നു



IX Std - Geography Malayalam Unit-7.indd 236 3/29/2023 5:22:53 PM

**കാരണം (R):** തിരശ്ചീനമായും ലംബമായും പ്രവർത്തിക്കുന്ന രേഖകൾ യഥാക്രമം വടക്കും കിഴക്കും ആണ്.

(a) A ഉം R ഉം ശരിയാണ് R ന്റെ വിശദീകരണമാണ് A

(b) A ഉം R ഉം ശരിയാണ് R ന്റെ വിശദീകരണമല്ല A

(c) A ശരിയും R തെറ്റുമാണ്

(d) A തെറ്റും R ശരിയുമാണ്

2. **നിഗമനം (A):** ഭൂപടങ്ങളിലെ വിവരണങ്ങളെ മനസ്സിലാക്കാൻ ഒരു ഭൂപടത്തിന്റെ ലഘുവിവരണം ഞങ്ങളെ സഹായിക്കുന്നില്ല.

**കാരണം (R):** ഇത് സാധാരണയായി ഭൂപടത്തിന്റെ ചുവടെ ഇടത് അല്ലെങ്കിൽ വലത് കോണിൽ സ്ഥാപിച്ചിരിക്കുന്നു

(a) A തെറ്റ് R ശരി

(b) A ഉം R ഉം ശരിയാണ്. R ന്റെ വിശദീകരണമല്ല A

(c) A ശരി R തെറ്റ്

(d) A ഉം R ഉം ശരി.Rന്റെ വിശദീകരണമാണ് A

## IV. ചുരുക്കി ഉത്തരമെഴുതുക

1. ഭൂപടം എന്നാൽ എന്ത്?
2. ഭൂപടത്തിന്റെ മൂന്ന് ഘടകങ്ങൾ ഏതെല്ലാമാണ്?
3. രണ്ട് നഗരങ്ങൾ Aയും Bയും തമ്മിലുള്ള അകലം 50. കി.മീ.ഇത് ഭൂപടത്തിന്റെ 5സെ.മീ എന്ന് കണക്കാക്കിയിരിക്കുന്നു.ഇതിന്റെ ദൂരം കണക്കുകൂട്ടുക.എന്നിട്ട് ഇത്തരം RF ൽ നൽകുക.
4. സർവ്വേ ഉപകരണങ്ങളെ സൂചിപ്പിക്കുക
5. വിദൂര സംവേദനം എന്നാലെന്ത്?
6. വിദൂര സംവേദനത്തിന്റെ ഘടകങ്ങൾ ഏവ?

## V. കാരണം എഴുതുക

1. ഉപഗ്രഹ ചിത്രങ്ങൾ ഭൂപട നിർമ്മാണം ഉത്തേജിപ്പിക്കുന്നു.
2. ഭൂമി ശാസ്ത്രജ്ഞന്റെ അടിസ്ഥാന ഉപകരണമാണ് ഭൂപടം.
3. ഭൂപടത്തിൽ സ്ഥലങ്ങളുടെ കൃത്യമായ സ്ഥാനം കണ്ടെത്താൻ ഗ്രിഡ് റഫറന്റുകൾ അത്യാവശ്യമാണ്.

## VI. വേർതിരിച്ചെഴുതുക

1. ഭൂഗോളം, ഭൂപടം
2. ആകാശ ഛായാചിത്രങ്ങളും ഉപഗ്രഹ ചിത്രങ്ങളും
3. ജി.ഐ.എസ്, ജി.പി.എസ്

## VII. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക

1. ഭൂപടത്തിന്റെ അളവ് എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്? അതിന്റെ വർഗ്ഗീകരണം വിശദീകരിക്കുക
2. ഒരു ചിത്രത്തിന്റെ സഹായത്തോട് കൂടി ദിശകളെക്കുറിച്ച് വിശകലനം ചെയ്യുക
3. ജി.പി.എസിലെ മൂന്ന് പ്രധാന പ്രവർത്തന മണ്ഡലങ്ങൾ എന്തൊക്കെയാണ്? ഇതിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് വിശദീകരിക്കുക
4. ശാസ്ത്രജ്ഞർ,പോളിസി നിർമ്മാതാക്കൾ, പൊതുജനങ്ങൾ എന്നിവർക്കായി ഭുവനൽ വളരെയധികം ഉപയോഗിച്ചിരിക്കുന്നു.ന്യായീകരിക്കുക

## VIII. ഭൂപട അഭ്യാസം

1. ഭൂപട പുസ്തകം ഉപയോഗിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക
2. ചെന്നൈയുടെ അക്ഷാംശവും രേഖാംശവും കണ്ടുപിടിക്കുക
3. ഏത് നഗരമാണ് 10°N, 76°E എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നത്?
4. ഏകദേശം 11°N നും 76°E നും ഇടയിൽ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ കണ്ടെത്തുക
5. കന്യാകുമാരിയിലെ അക്ഷാംശവും രേഖാംശവും കണ്ടെത്തുക.

## IX. ചിന്തിച്ച് ഉത്തരമെഴുതുക

1. ഉപഗ്രഹങ്ങളില്ലാത്ത ഒരു ലോകം നിങ്ങൾ ചിന്തിക്കുന്നുണ്ടോ?
2. നിങ്ങൾ ഒരു കാർട്ടോഗ്രാഫറാണെന്ന് ചിന്തിക്കൂ.നിങ്ങളുടെ മേഖലമെച്ചപ്പെടുത്തുന്നതിന് കുറച്ച് ആശയങ്ങൾ ആലോചിക്കൂ



IX Std - Geography Malayalam Unit-7.indd 237 3/29/2023 5:22:53 PM

## വിശാലമായ വായനയ്ക്ക്


1. R.L. Singh, (1992) Elements of Practical Geography, Kalyani Publishers, New Delhi.
2. Pijushkanti Saha and the Partha Basu (2013), 'Advanced Practical Geography – a Laboratory Manual', Books and Allied (P) Ltd., Kolkatta.
3. Anji Reddy, M, (2015) Fourth Edition, Text Book of Remote Sensing and Geographical information systems, BSP Books Pvt. Ltd., Hyderabad.
4. Panda, B.C, (2009), 'Remote sensing principles and Applications', Viva books, New Delhi.
5. Misra, R.P and Ramesh, A, (1969) 'Fundamentals of cartography' Prasaranga University of Mysore, Mysore.
6. LO, C.P and Albert, K.W, Young (2002) 'Concepts and Techniques of Geographic Information Systems' Prentice – Hall of India Pvt. Ltd., New Delhi.


## ഇന്റർനെറ്റ് വിവരങ്ങൾ

www.usgs.gov.in
www.nasa.gov.in
www.surveyofindia.gov.in
https://bhuvan.nrsc.gov.in
https://www.isro.gov.in

## ICT കോർണർ

**ഭൂപട നൈപുണികൾ**

**നമുക്ക് മെമ്മറി കാർഡുകൾ ഉപയോഗിച്ച് ഭൂഗോളത്തെക്കുറിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കാം**




**ഘട്ടങ്ങൾ**

ഘട്ടം 1: ബ്രൗസർ തുറന്ന് തന്നിരിക്കുന്ന URL ടൈപ്പു ചെയ്യുക.

ഘട്ടം 2: നിങ്ങൾ ഭൂഗോള സ്പിയർ കാർഡുകളെ കാണുന്നു.

ഘട്ടം 3: കാർഡുകളെ ക്ലിക്ക് ചെയ്ത് ശരിയായിട്ടുള്ള ഗോളത്തെയും ഉദാഹരണങ്ങളെയും തെരഞ്ഞെടുത്തെഴുതുക

**URL:**

https://mapmaker.nationalgeographic.org/ (or) scan the QR Code

VNOYZ

*Pictures are indicatives only.



IX Std - Geography Malayalam Unit-7.indd 238 3/29/2023 5:22:54 PM

അദ്ധ്യായം 8

# ദുരന്തനിവാരണവും ദുരന്തത്തോടുള്ള പ്രതികരണവും

## പഠനലക്ഷ്യങ്ങൾ

- സുനാമി,ഭൂകമ്പം,ലഹളകൾ,തൂപിടിത്തം തുടങ്ങിയ ദുരന്തങ്ങളോട് പ്രതികരിക്കുന്നതെങ്ങനെയെന്നു മനസ്സിലാക്കുക.
- ഇത്തരം ദുരന്തങ്ങളോട് പ്രതികരിക്കുവാനുള്ള മാർഗ്ഗങ്ങൾ വിശദമാക്കുക.

OMBSF

**വിഷയപഠനം-സുനാമി**

2004 ഡിസംബർ മാസം 26 ാം തിയതി രാവിലെ 8മണി.ഭൂമി തണുത്ത് വിരമിച്ചു നിന്നു.അന്തമാൻ നിക്കോബാർ ദ്വീപിലുള്ള മോക്കൻ എന്നിയപ്പെടുന്ന ഒറ്റപ്പെട്ട ഒരു ആദിവാസി വർഗ്ഗം മനുഷ്യരെ തിന്നുന്ന ലബൂൺ എന്ന തിരമാലകൾ സമുദ്രത്തിൽ നിന്നും അലയടിച്ചുവരുന്ന വിവരം മനസ്സിലാക്കി ഉയർന്ന് പൊങ്ങുന്ന തിരമാലകൾ തങ്ങളുടെ ദ്വീപിലുള്ള അശുദ്ധവും മോശവുമായ എല്ലാം വൃത്തിയാക്കി കടന്നുപോകുന്ന വിവരവും അവർ ശ്രദ്ധിച്ചു.ലബൂണിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ ദ്വീപിലെ മുതിർന്നവർ ഉയർന്ന പ്രദേശങ്ങളിലേക്ക് പോകുവാൻ അവരുടെ മക്കൾക്ക് നിർദ്ദേശം നൽകി.

സുമാത്ര ദ്വീപിൽ രൂപം കൊണ്ട 9.1 തീവ്രതയുള്ള ഭൂകമ്പത്തിന്റെ പാതയിലായിരുന്നു അന്തമാൻ നിക്കോബാർ ദ്വീപുകൾ.സുനാമിയുടെ അവസാനം ദ്വീപിലെ 1879 പേർ മരിച്ചതായും 5600 ഓളം ആളുകൾ കാണാതായതായും റിപ്പോർട്ട് ചെയ്യപ്പെട്ടു.ലബൂണിനെക്കുറിച്ചോ അതുപോലുള്ള ഐതിഹ്യങ്ങളക്കുറിച്ചോ മുമ്പ് കേട്ടിട്ടുള്ളവർ പരിക്കുകളൊന്നുമില്ലാതെ രക്ഷപ്പെട്ടു.സുനാമി ലബൂൺ പോലുള്ളവയെ കുറിച്ച് തദ്ദേശീയ അറിവില്ലാത്ത ദ്വീപിന്റെ തെക്കുഭാഗത്തുള്ളവരാണ് ഇതിന്റെ ലക്ഷണങ്ങൾ മനസ്സിലാക്കാതിരുന്നതും ഉയർന്ന പ്രദേശങ്ങളിലേക്ക് പോകാതിരുന്നതും അതിനാൽ തന്നെ ബാധിക്കപ്പെട്ടവരും.

## ആമുഖം

ഒഴിച്ചുകൂടാനാകാത്ത ദുരന്തങ്ങൾ സംഭവിക്കുമ്പോൾ അവയിൽ നിന്നും രക്ഷപ്പെടുന്നതിനാവശ്യമായ കഥകൾ മനുഷ്യൻ കാലാകാലങ്ങളായി കൈമാറി വരുകയും അവ സംസ്കാരത്തിന്റെ ഭാഗമായി മാറുകയും ചെയ്തിരിക്കുന്നു.ഈ കഥകളെല്ലാം നരവംശശാസ്ത്രങ്ങൾക്കും സാമൂഹ്യശാസ്ത്രങ്ങൾക്കും പ്രേരകശക്തിയായിരുന്നു. പക്ഷേ ഈ കഴിഞ്ഞ ദശകത്തിൽ ഭൂഗർഭ ശാസ്ത്രങ്ങൾ തദ്ദേശീയരായ ജനങ്ങൾക്ക് ഇത്തരം ദുരന്തങ്ങളെക്കുറിച്ച് മുൻകൂട്ടി അറിയുവാനും അതിനനുസരിച്ച് കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ കഴിയുന്നത് എന്തുകൊണ്ട് എന്നതിനെക്കുറിച്ച് കൂടുതൽ ഗവേഷണം നടത്തിവരുന്നു.ഇത്തരം കഥകൾ ഐതിഹ്യങ്ങളോടും ഉപമകളോടും ചേർത്ത് ബന്ധപ്പെടുത്തി വൻദുരന്തങ്ങളെ നേരിടുന്നതിന് ശാസ്ത്രജ്ഞർ സജ്ജരാകുന്നു.ഈ പാഠത്തിൽ ദുരന്തങ്ങളോട് എപ്രകാരം പ്രതികരിക്കണമെന്നും അവയെ എങ്ങനെ അതിജീവിക്കുമെന്നുമാണ് നിങ്ങൾ പഠിക്കുന്നത്.

ജീവനും സ്വത്തുകൾക്കും നാശനഷ്ടങ്ങളുാക്കുന്ന മഹാവിപത്തിനെയാണ് ദുരന്തം എന്നു പറയുന്നത്

## 8.1 ദുരന്തത്തിനോടുള്ള പ്രതികരണം

നഷ്ടപ്പെട്ട ഭൗതിക കാര്യങ്ങൾ തിരിച്ചുപിടിക്കുക.ബാധിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുക.നഷ്ടപ്പെട്ട ജീവിത സൗകര്യങ്ങൾ നേടിയെടുക്കുക.നഷ്ടപ്പെട്ടതോ നാശം അനുഭവിച്ചതോ ആയ അടിസ്ഥാന സൗകര്യങ്ങൾ സാധ്യമാക്കി തീർക്കുക എന്നതാണ് ദുരന്തത്തിനോടുള്ള പ്രതികരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയ്ക്ക്



IX Std - Geography Malayalam Unit-8.indd 239 3/29/2023 5:28:34 PM

അടിയന്തര ആശ്വാസങ്ങൾ ജീവൻ രക്ഷാപ്രവർത്തനങ്ങൾ,പ്രാഥമിക ശുശ്രൂഷാ നടപടികൾ,ഗതാഗത വാർത്താവിനിമയോപാധികൾ പുനസ്ഥാപിക്കൽ, ദുരന്തത്താൽ ബാധിക്കപ്പെട്ടവർക്ക് അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം,പാർപ്പിടം എന്നിവ ലഭ്യമാക്കാൻ കൂടാതെ ആത്മീയവും മാനസിക വുമായ സഹായവും പരിചരണവും നൽകൽ എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടത്.

**ആരാണ് ആദ്യം പ്രതികരിക്കേണ്ടവർ**

സ്വാഭാവികമായും ദുരന്തബാധിത പ്രദേശത്തോടു ചേർന്നുള്ള ജനങ്ങളായിരിക്കും ആദ്യം പ്രതികരിക്കേണ്ടവർ പോലീസ് ഉദ്യോഗസ്ഥർ,അഗ്നിശമനസേനാ വിഭാഗം,അത്യാഹിത ആതുര സേവന വിഭാഗം എന്നിവരാണ് ആദ്യഘട്ടത്തിൽ ദുരന്തത്തിന് പ്രതികരിക്കേണ്ടവർ.അതോടൊപ്പം തന്നെ മാനസികാരോഗ്യ വിദഗ്ധരും ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടത്തിൽ സജ്ജീവരായിരിക്കണം.

കൂടുതൽ ദുരന്തങ്ങളുണ്ടാകാതെ തടയുക,ദുരന്തത്തെ ലഘൂകരിക്കുക,ദുരന്ത നിവാരണത്തിനായി തയ്യാറെടുക്കുക,ദുരന്ത ബാധിതരെ വീണ്ടെടുക്കുക എന്നിവയാണ് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്.എല്ലാ നിലകളിലുമുള്ള സർക്കാർ സംഴിധാനങ്ങൾ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന സർക്കാരിതര സന്നദ്ധ സംഘടനകളും സാമൂഹ്യ സന്നദ്ധ സംഘടനകളും ഈ പ്രക്രിയയിൽ പ്രധാന പങ്ക് വഹിക്കുന്നു.ആധുനിക ദുരന്ത നിവാരണ രീതികൾ ദുരന്തത്തെ മുൻകൂട്ടി കണ്ട് കൊണ്ട് ദുരന്തം തടയുന്നതിനാവശ്യമായ പല പദ്ധതികളും ആവിഷ്കരിക്കുന്നു.ദുരന്തം തടയുന്നതിനാവശ്യമായ പരിശീലനം,ദുരന്തം സംഭവിച്ചാൽ നേരിടുന്നതിനുള്ള പദ്ധതി ആവിഷ്കരണം വിവര സാങ്കേതിക പഠനം, വിവധ സർക്കാരിതര ഏജൻസികളെ ഏകോപിപ്പിക്കൽ എന്നിവയെല്ലാം ആദുനിക ദുരന്ത നിവാരണ രീതികളുടെ അനുപേക്ഷണീയ ഘടകങ്ങളാകുന്നു.പ്രതിസന്ധികളെ മറികടക്കേണ്ടതും ദുരന്ത നിവാരണ പ്രക്രിയയുടെ ഒരു പ്രധാന ഘടകമാണ്.ഇത് ദുരന്ത നിവാരണത്തിന്റെ ഒരു ഭാഗം മാത്രമാണ്.




**ദുരന്ത നിവാരണ ചക്രം**

പരമ്പരാഗതമായ ദുരന്ത നിവാരണ പ്രക്രിയയ്ക്ക് ഒരു പ്രത്യേക ക്രമത്തിൽ പ്രവർത്തിക്കുന്ന വിവിധ ഘടകങ്ങളാണ്.ഇവ ദുരന്ത നിവാരണ ചക്രമായിട്ട് ചിത്രീകരിക്കാവുന്നതാണ്.സമൂഹം എപ്രകാരമാണ് ദുരന്തങ്ങളോട് പ്രതികരിക്കുന്നതെന്നാണ് പ്രധാനമായും നാം അവലോകനം ചെയ്യേണ്ടത്.

### 8.1.1 ഭൂകമ്പം

ഭൂഖണ്ഡ പാളികൾ തെന്നിമാറുന്നത് മൂലമുണ്ടാകുന്ന പെട്ടെന്നുള്ള പ്രകമ്പനമാണ് ഭൂകമ്പം. ഭൂഖണ്ഡപാളികളുടെ അതിർത്തികളിലൂടെയാണ് ഇത് സംഭവിക്കുന്നത്.ഭൂമിക്കടിയിലുള്ള ഭൂകമ്പത്തിന്റെ ഉത്ഭവ സ്ഥാനത്തെ ഭൂകമ്പത്തിന്റെ ഉത്ഭവ കേന്ദ്രം (focus) എന്നു പറയുന്നു.ഉത്ഭവകേന്ദ്രത്തിന്റെ മുകളിലുള്ള ഭൂമിയുടെ ഉപരിതല കേന്ദ്രത്തെ ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം (epicentre) എന്നും പറയുന്നു. പ്രഭവകേന്ദ്രത്തിന്റെ സമീപ പ്രദേശങ്ങളിലാണ് ഭൂകമ്പത്താൽ കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത്.ഭൂകമ്പത്തിന്റെ തീവ്രത അളക്കുവാൻ ഉപയോഗിക്കുന്ന ഉപകരണമാണ് സീസ്മോഗ്രാഫ്.ഇത് റിച്ചർ സ്കെയിലിലാണ് രേഖപ്പെടുത്തുന്നത്.സമൂഹത്തന് ഭൂകമ്പത്തോട് എങ്ങനെ മെച്ചപ്പെട്ട രീതിയിൽ പ്രതികരിക്കാമെന്ന് നമുക്ക് നോക്കാം.

**നിങ്ങൾക്ക് അറിയാമോ?**

1. ഏറ്റവും കൂടുതൽ ഭൂകമ്പ സാധ്യത മേഖലയിൽ ഉൾപ്പെടുന്ന ഒരു രാജ്യമാണ് ജപ്പാൻ.ലോകത്തിൽ ഏറ്റവും കൂടുതൽ ഭൂകമ്പ മേഖലാ ശൃംഖലയിലുള്ള രാജ്യവുമാണ് ജപ്പാൻ.
2. ഏത് രാജ്യത്താണ് ഏറ്റവും കൂടുതൽ ഭൂകമ്പങ്ങൾ ഉണ്ടാകുന്നത്.ഇൻഡോനേഷ്യ ജപ്പാനേക്കാൾ വലിയ രാജ്യമായത് കൊണ്ട് ഇവിടെയാണ് കൂടുതൽ ഭൂകമ്പങ്ങൾ ഉണ്ടാകുന്നത്.
3. ഒരു യൂണിറ്റിന്റെ അടിസ്ഥാനത്തിൽ ഏത് രാജ്യത്താണ് കൂടുതൽ ഭൂകമ്പങ്ങൾ ഉണ്ടാകുന്നത് ടോംഗ,ഫിജി,ഇൻഡോനേഷ്യ എന്നീ രാജ്യങ്ങൾ തീവ്രമായ ഭൂകമ്പ സാധ്യത മേഖലകളിൽ ഉള്ള രാജ്യങ്ങളായതിനാൽ ഈ രാജ്യങ്ങളിലാണ് യൂണിറ്റടിസ്ഥാനത്തിൽ കൂടുതൽ ഭൂകമ്പങ്ങൾ ഉണ്ടാകുന്നത്.

**ഭൂകമ്പം ഉണ്ടാകുമ്പോൾ എന്തു ചെയ്യണം?**

ചെറിയ രീതിയിലുള്ള ഭൂചലനങ്ങൾ വലിയ ഭൂകമ്പത്തിന്റെ മുന്നോടിയാണ്.അങ്ങനെ സംഭവിക്കുമ്പോൾ വളരെ പെട്ടെന്ന് സുരക്ഷിതമായ



IX Std - Geography Malayalam Unit-8.indd 240 3/29/2023 5:28:35 PM

ഒരു മേഖലയിൽ സാധിക്കുമെങ്കിൽ വീടിനുള്ളിൽ തന്നെ അഭയം തേടേണ്ടതാണ്.

**വീടിനുള്ളിലാണെങ്കിൽ**

1. നിലത്തു കിടക്കുക.മേശ, കട്ടിൽ, തുടങ്ങിയവയുടെ അടിയിൽ അവയെ ബലമായി ചേർന്നു കിടക്കുക. മേശയും കട്ടിലും ഒന്നും സമീപത്തില്ലെങ്കിൽ കൈതണ്ട് കൊണ്ട് മുഖവും തലയും മറച്ചുപിടിച്ചു കൊണ്ട് മുറിക്കുള്ളിൽ ഒരു മൂലയിൽ കിടക്കുക.
2. ചില്ല് ജനാലകൾ,അലമാരകൾ അതുപോലെ മറിഞ്ഞുവീഴാൻ സാധ്യതയുള്ള മറ്റ് വസ്തുക്കൾ എന്നിവയുടെ അടുത്ത് നിന്നും മാറിനിൽക്കുക.
3. മുറിയുടെ മൂലയിലോ,കട്ടിൽ,മേസ,ലിന്റൽ എന്നിവയുടെ വഅടിയിലോ സുരക്ഷിതമയി കിടക്കുക.
4. ഭൂചലനം അവസാനിക്കുന്നത് വരെ വീടിനുള്ളിൽ നിന്ന് പുറത്തേയ്ക്ക് പോകരുത്.

**വീടിന് പുറത്താണെങ്കിൽ**

1. കെട്ടിടങ്ങൾ,മരങ്ങൾ,തെരുവ് വിളക്കുകൾ എന്നിവയുടെ അടുത്ത് നിന്നും മാറിപ്പോവുക.
2. വീടിന് പുറത്താണെങ്കിൽ അവിടെത്തന്നെ നിൽക്കുന്നതാണ് കൂടുതൽ ഉത്തമം.ഭൂകമ്പ സംയത്ത് കൂടുതൽ ദുരന്തങ്ങളുണ്ടാകുന്നത് കെട്ടിടങ്ങളും ഭിത്തികളും മറ്റും ഇടിഞ്ഞു വീണും അലമാര,ജനൽചില്ലുകൾ മുതലായവ ദേഹത്ത് വീണുമാണ്.

**ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിലാണെങ്കിൽ**

1. എത്രയും പെട്ടെന്ന് ഏറ്റവും സുരക്ഷിതമായ ഒരു സ്ഥലത്ത് നിർത്തുക.കെട്ടിടങ്ങൾ,മരങ്ങൾ,പാലങ്ങൾ എന്നിവയുടെ അടുത്ത് നിർത്താതിരിക്കുക.
2. ഭൂചലനങ്ങൾക്ക് ശേഷം ശ്രദ്ധയോട് കൂടി പോവുക. കേടുപാടുകൾ സെഭവിച്ച റോഡുകൾ, പാലങ്ങൾ എന്നിവ ഒഴിവാക്കുക

**പ്രവർത്തനം**

**ഒരു ഭൂകമ്പം ഉണ്ടാകുമ്പോൾ എന്താണ് ചെയ്യേണ്ടതെന്ന്**

നാം അറിഞ്ഞിരിക്കണം.ഒരു പക്ഷേ നാം ക്ലാസ്സ് മുറികളിലുള്ളപ്പോഴാണ് ഭൂകമ്പം സംഭവിക്കുന്നതെങ്കിൽ ഉടനെ ഉച്ചത്തിൽ ഇപ്രകാരം നിർദ്ദേശം നൽകുക - പെട്ടെന്ന് നിലത്ത് കിടക്കുക.എത്രയും പെട്ടെന്ന് ഡസ്കിന്റെയോ ബെഞ്ചിന്റെയോ അടിയിൽ കിടന്ന് നിങ്ങളുടെ മുഖവും കഴുത്തും തലയും സുരക്ഷിതമാക്കുക.

### 8.1.2 സുനാമി




സുനാമി ജനങ്ങൾക്ക് പരിക്കേൽപിക്കുകയോ അവരെ കൊല്ലുകയോ ചെയ്യുന്നു.അതുപോലെ തന്നെ സുനാമി മൂലം കെട്ടിടങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾക്കും ക്ഷതമേൽക്കുകയോ നാശം സംഭവിക്കുകയോ ചെയ്യുന്നു.സമുഹത്തിലുണ്ടാകുന്ന ഭൂകപ്രത്തിലോ ഭൂചലനത്താലോ അഗ്നി പർവ്വത സ്ഫോടനത്താലോ ഉണ്ടാകുന്ന തുടർച്ചയായ രാക്ഷസ തിരമാലകളെയാണ് സുനാമി എന്ന് പറയുന്നത്.സുനാമി തിരമാലകൾ 10 മുതൽ 30 മീറ്റർ വരെ ഉയരത്തിൽ മണിക്കൂറിൽ 700 മുതൽ 800 കി.മീ വരെ ദൂരത്തിൽ സഞ്ചരിക്കുന്നു.ഇവ വെള്ളപ്പൊക്കത്തിന് കാരണമാവുകയും ഗതാഗത,വാർത്താവിനിമയ ഉപാധികൾ,വിദ്യുച്ഛക്തി,ജലവിതരണം എന്നിവ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

**സുനാമിയോട് എങ്ങനെ പ്രതികരിക്കാം**

1. നിങ്ങളുടെ വീട് വിദ്യാലയം ജോലി സ്ഥലം 1അടിയക്കടി സന്ദർശിക്കുന്ന സ്ഥലം എന്നിവ സുനാമി ബാധ്യതയുള്ള കടലോര പ്രദേശങ്ങളിലാണോയെന്ന് കണ്ടുപിടിക്കുക.
2. സുനാമി ഉണ്ടാവുകയാണെങ്കിൽ രക്ഷപ്പെചാനുള്ള മാർഗ്ഗങ്ങൾ മനസ്സിലാക്കി വെയ്ക്കുക.
3. സുനാമിയെക്കുറിച്ചുള്ള പ്രാദേശിക മുന്നറിയിപ്പുകളും കാലാവസ്ഥ പ്രവചനങ്ങളും അറിഞ്ഞ് പെരുമാറുക.
4. സുനാമിയെക്കുറിച്ച് കുടുംബാഗങ്ങളുമായി ചർച്ച ചെയ്യുക.എല്ലാവരും സുനാമിയെക്കുറിച്ച് ബോധലാന്മാരായിരുന്നാൽ അപകട സാഹചര്യങ്ങളിൽ നിന്ന് എളുപ്പത്തിൽ രക്ഷപ്പെടുവാൻ സാധിക്കും. മാത്രമല്ല,ഭയം ഒഴിവാക്കി സമയം നഷ്ടപ്പെടുത്താതെ രക്ഷപ്പെടുവാനും സുനാമി മൂലമുണ്ടാകുന്ന വെള്ളപ്പൊക്കത്തെ അതിജീവിക്കുവാനും സാധിക്കും.

**സുനാമിയ്ക്ക് ശേഷം എന്തു ചെയ്യും?**

1. പ്രാദേശിക കാലവസ്ഥ മുന്നറിയിപ്പുകൾ ലഭ്യമാകുന്ന റേഡിയോ പ്രക്ഷേപണം,ടെലിവിഷൻ വാർത്തകൾ,തീരദേശ ദ്രുത സേനാവിഭാഗത്തിന്റെ മുന്നറിയിപ്പുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുക.
2. മറ്റുള്ളവരെ സഹായിക്കുന്നതിന് മുമ്പായി നിങ്ങൾക്ക് എന്തെങ്കിലും പരിക്കുകൾ പറ്റിയിട്ടുണ്ടോയെന്ന് പരിശോധിക്കുകയും അതിന് വേണ്ട പ്രാഥമിക ശുശ്രൂഷകൾ ചെയ്യുകയും വേണം.
3. ആരെയെങ്കിലും രക്ഷിക്കണമെന്നുണ്ടെങ്കിൽ അത്യാവശ്യ ഉപകരണങ്ങളോടു കൂടി വിദഗ്ദരോട് വരാൻ പറയുക.



IX Std - Geography Malayalam Unit-8.indd 241 3/29/2023 5:28:35 PM

4. പ്രത്യേക സഹായം ആവശ്യമുള്ള കൊച്ചുകുഞ്ഞുങ്ങൾ,വയോധികർ,അംഗവിഹീനർ എന്നിവർക്ക് മുൻഗണന നൽകുക
5. വെള്ളത്താൽ ചുറ്റപ്പെട്ട വീടുകളിൽ നിന്നും എത്രയും പെട്ടെന്ന് മാറി താമസിക്കുക.കാരണം ആ വീടുകളുടെ ഭിത്തിയോ വീടുകൾ തന്നെയോ നിലം കതിക്കാൻ സാധ്യതയുണ്ട്.
6. പാചക വാതക ചോർച്ചയുണ്ടോയെന്ന് പരിശോധിക്കുക.ഉണ്ടെന്ന് തോന്നിയാൽ ഉടൻ തന്നെ ജനലുകളും മറ്റും തുറന്നിടുകയും എത്രയും പെട്ടെന്ന് ആ വീടുകളിൽ നിന്ന് പുറത്ത് പോവുകയും ചെയ്യുക.

### 8.1.3 ലഹള

ലഹള പലപ്പോഴും നാടകീയമാണെങ്കിലും കുപിതരായ ജനങ്ങൾ ഏതൊരു സ്വാഭാവിക ദുരന്തത്തെയും പോലെ പലപ്പോഴും അപായകരവും പ്രവചനാതീതവുമാണ്.മുൻകൂട്ടി മനസ്സിലാക്കുവാൻ കഴിയാത്ത സാമൂഹിക സാമ്പത്തിക രാഷ്ട്രീയ ജനകീയ മതപരമായ കാരണങ്ങളുണ്ടാകുന്ന ലഹളകളിൽ ആയിരക്കണക്കിനാളുകളാണ് ഓരോ വർഷവും കൊല്ലപ്പെടുന്നത്.2015 ഏപ്രിൽ 11ന് പ്യൂ ഗവേഷണ സ്ഥാപനം 198 രാജ്യങ്ങളിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ ലഹളകൾ നടക്കുന്ന രാജ്യം സിറിയയാണ്.അതിനടുത്തായി നൈജീരിയ,ഇറാഖ്,ഇന്ത്യ എന്നാ രാജ്യങ്ങളാമ്.

നിങ്ങൾ അപ്രതീക്ഷിതമായി ലഹളക്കാരുടെയിടയിൽ അകപ്പെട്ടാൽ പെട്ടെന്ന് അവിടെ നിന്നും രക്ഷപ്പെടുക സാധ്യമല്ല, പക്ഷേ നിങ്ങൾക്ക് സ്വയം രക്ഷിക്കുവാൻ ചില മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.ഒരു ലഹളയിൽ നിന്ന് സ്വയം രക്ഷപ്പെട്ടാൽ താഴപ്പെറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഒരു ലഹളയിൽ നിന്ന് എപ്രകാരം രക്ഷപ്പെടാം**

**നിങ്ങൾ യാത്രയിലാണെങ്കിൽ**

1. പ്രാദേശിക തത്സമയ വാർത്തകളും സംഭവവികാസങ്ങളും അറിഞ്ഞിരിക്കുക
2. ഏതെങ്കിലും തരത്തിലുള്ള ഒരു ലഹള കാണുകയാണെങ്കിൽ ഉടനെ അവിടെ നിന്നും മാറി വേറെ വഴിക്ക് യാത്ര തുടരുക.
3. പൊലീസോ സുരക്ഷാ ജീവനക്കാരോ നടപടികളുമായി മുന്നോട്ട് പോകുന്ന മേഖലകൾ ഒഴിവാക്കുക.

**ലഹളയിൽ അകപ്പെട്ടാൽ:**

1. നിങ്ങൾ ഒരു ലഹളയിൽ അകപ്പെട്ടാൽ ഉടനെത്തന്നെ ഏതെങ്കിലും ഒരു അകത്തേയ്ക്ക് മാറി നിന്ന ശേഷം എത്രയും പെട്ടെന്ന് സുരക്ഷിതമായ ഒരു സ്ഥലത്തേക്ക് നീങ്ങുക
2. ലഹളയിൽ നിന്നും രക്ഷപ്പെടുമ്പോൾ വേഗത്തിൽ നടന്നു നീങ്ങുക.ഒരിക്കലും ഓടരുത്. കാരണം ഓടിയാൽ മറ്റുള്ളവർ ശ്രദ്ധിക്കാൻ സാധ്യതയുണ്ട്.
3. ഒരു പക്ഷേ പൊലിസോ മറ്റോ നിങ്ങളെ അറസ്റ്റ് ചെയ്താൽ പ്രതിരോധിക്കുകയോ പ്രതിഷേധിക്കുകയോ ചെയ്യരുത്.നിയമപരമായ മാർഗ്ഗത്തിലൂടെ കാര്യങ്ങൾ ചെയ്യുക.
4. ജനക്കൂട്ടത്തിനിടയിൽ പെട്ടുപോയാൽ ഒറ്റപ്പെട്ടു നടക്കാതെ കൂട്ടത്തിൽ ചേർന്ന് നടക്കുക.
5. വെടിവെയ്പ് നടക്കുന്നതായി കണ്ടാൽ എത്രയും പെട്ടെന്ന് നിങ്ങളുടെ മുഖവും തലയും മറച്ച് എത്രത്തോളം നിലയ്ത്തേയ്ക്ക് ചേർന്ന് കിടക്കാമോ അത്രയും ചേർന്ന് കിടക്കുക.

### 8.1.4 തീപിടുത്തം

വേനൽക്കാലങ്ങളിൽ വനപ്രദേശങ്ങളിലും പുൽമേടുകളിലും സാധാരണയായി കാട്ടുതീ പിടിക്കുകയും കാറ്റടിച്ചാൽ അത് വളരെ വേഗം പടർന്ന് പിടിക്കുകയും ചെയ്യും

കെട്ടിടങ്ങൾ മരപ്പാലങ്ങൾ മരക്കൊമ്പുകൾ വൈദ്യുതി വിതരണം ഗതാഗത വാർത്താ വിനിമയോപാധികൾ ധാന്യശേഖരണ സ്ഥലങ്ങൾ എണ്ണ ശേഖരണ മേഖലകൾ എന്നിവയെല്ലാം തീപിടിത്തത്തിൽ ബാധിക്കപ്പെടുകയും മനുഷ്യർക്കും കന്നുകാലികൾക്കും അപകടങ്ങളും ജീവനാശം തന്നെയും സംഭവിക്കുകയും ചെയ്യുന്നു.

കാട്ടുതീയുടെ മറ്റൊരു പ്രധാനപ്പെട്ട പാർശ്വഫലം അതുമൂലമുണ്ടാകുന്ന പുകയും തന്നിമിത്തം ഏർപ്പെടുന്ന ശ്വാസതടസ്സവുമാണ്.

തീപിടിത്തവും അതുമായി ബന്ധപ്പെട്ട ഏറെക്കുറെ 25000 ആളുകൾ ഓരോ വർഷവും ഇന്ത്യയിൽ മാത്രം മരണമടയുന്നുണ്ടെന്നാണ് കണക്ക്.ഇതിൽ ഏതാണ്ട് 66 ശതമാനവും സ്ത്രീകളാണ്.ഓരോ ദിവസവും 40 സ്ത്രീകളും 21 പുരുഷന്മാരും ഇത്തരത്തിൽ ഇന്ത്യയിൽ മരിക്കുന്നുണ്ടെന്നാണ് കണക്ക്.

**എന്ത് കൊണ്ട്**

പുകയാണ് തീയേക്കാൾ അപകടകാരി






IX Std - Geography Malayalam Unit-8.indd 242 3/29/2023 5:28:36 PM

**തീപിടുത്തമുണ്ടായാൽ എന്തു ചെയ്യണം എന്ത് ചെയ്യരുത്**

1. നിങ്ങളുടെ കെട്ടിടത്തിൽ നിന്നും പുറത്തേക്കുള്ള രക്ഷമാർഗ്ഗം തിരിച്ചറിയുക.
2. ശാന്തമായും സുരക്ഷിതമായും പെട്ടെന്ന് രക്ഷപ്പെടുക
3. ഒരു വാതിൽ തുറക്കുന്നതിന് മുമ്പായി അതിന് ചൂടുണ്ടോയെന്ന് പുറം കൈകൊണ്ട് തൊട്ട് നോക്കി അതനുസരിച്ച് പെരുമാറുക.
4. പുക ശ്വസിക്കേണ്ടി വന്നാൽ നിലത്തോട്ട് ചേർന്ന് കിടക്കുക
5. പുറത്തേക്കുള്ള പാത കണ്ടെത്തുക.
6. അഗ്നിശമന നിയന്ത്രണങ്ങളുടെ സ്ഥാനം കണ്ടെത്തി പ്രവർത്തിപ്പിക്കുക.

## പ്രവർത്തനം

**അപായകരമായ ഡ്രഗ്: (Mock Drill)**

തീപിടുത്തത്തിൽ നിന്നും രക്ഷപ്പെടാൻ നിൽക്കുക, കിടക്കുക, ഉരുളുക, നിങ്ങളുടെ തുണികൾക്ക് തീപിടിച്ചാൽ ഉടൻ നിലത്ത് കിടന്ന് ഉരുളുക.ഒരിക്കലും ഓടരുത്, ഓടിയാൽ തീ ആളിപ്പടരും.

**തീ പിടിത്ത സമയത്ത് എന്തൊക്കെ ചെയ്യാം:**

1. ശാന്തമായിരിക്കുക
2. ഏറ്റവും അടുത്തുള്ള ഫയർ അലാറം വലിക്കുക.അല്ലെങ്കിൽ 112 ലേക്ക് വിളിക്കുക
3. നിങ്ങളുടെ പേരും വിലാസവും നൽകുക.രക്ഷാപ്രവർത്തകരുടെ നിർദ്ദേശങ്ങൾ പാലിക്കുക.
4. തീ പിടിച്ച് കെട്ടിടത്തിൽ നിന്നും പെട്ടെന്ന് രക്ഷപ്പെടുക.
5. മറ്റുള്ളവരെയും എത്രയും പെട്ടെന്ന് വിവരം അറിയിക്കുക
6. ഏറ്റവും അടുത്തുള്ള രക്ഷാമാർഗ്ഗത്തിലേക്ക് നടക്കുക.ഒരിക്കലും ഓടരുത്
7. ഒരിക്കലും എലിവേറ്റർ ഉപയോഗിക്കരുത്.അത് ഒരു പക്ഷേ നമുക്ക് കെണിയായിത്തീരും

## ചിന്തിക്കാനുള്ള ചോദ്യം

എന്ത് കൊണ്ടാണ് നിങ്ങളുടെ വീടിനടുത്തുള്ള മരങ്ങളുടെ എല്ലാ ചില്ലകളും മൂന്നു മീറ്റർ ഉയരത്തിൽ വച്ച് വെട്ടിക്കളയുന്നത്

## അഭ്യാസം

C9GX3

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. താഴെ പറയുന്നവയിൽ ഒരു കൂട്ടർ ദുരന്തത്തിന്റെ ആദിമ ഘട്ട പ്രതികരണമല്ല
   b. പോലീസ് ഉദ്യോഗസ്ഥർ
   c. അഗ്നി ശമന സേനാ വിഭാഗം
   d. ഇൻഷുറൻസ് ഏജന്റ്
   e. അത്യാഹിത വിഭാഗ ആരോഗ്യ പ്രവർത്തകർ
2. നിൽക്കുക മറയ്ക്കുക പിടിയ്ക്കുക എപ്പോഴാണ് ഇത് പ്രാവർത്തികമാക്കേണ്ടത്
   a. തീ പിടിത്തമുണ്ടാകിമ്പോൾ
   b. ഭൂകമ്പമുണ്ടാകുമ്പോൾ
   c. സുനാമിയുണ്ടോകുമ്പോൾ
   d. ലഹളയുണ്ടാകുമ്പോൾ
3. തീ പിടിത്തമുാകുമ്പോൾ നിങ്ങൾ വിളിക്കേ നമ്പർ
   a. 114
   b. 112
   c. 115
   d. 118
4. താഴെപ്പറയുന്നവയിൽ ഏതാണ് തെറ്റായ പ്രസ്താവന?
   a. തീ പിടത്തമുണ്ടാകുമ്പോൾ നിൽക്കുക കിടക്കുക പിടിക്കുക
   b. ഭൂകമ്പമുണ്ടാകുമ്പോ്ൾ നിൽക്കുക മറയ്ക്കുക പിടിക്കുക
   c. കടൽ വെള്ളം ഉള്ളിലേക്ക് വലിയുന്നത് കാണുമ്പോൾ വെള്ളപ്പൊക്കമുണ്ടാകുമെന്ന് കരുതി മലമുകളിലേക്ക് കയറിപ്പോകണം
   d. ലഹള കാരണം വെടിവെപ്പുണ്ടാകുമ്പോൾ കൈകൊണ്ട് തല മറച്ച് പിടിച്ച് നിലത്തോട്ട് പറ്റിച്ചേർന്ന് കിടക്കണം
5. താഴെപ്പറയുന്നവയിൽ ഏത് പ്രസ്താവനയാണ് ഭൂകമ്പത്തിനോടുള്ള പ്രതികരണവുമായി ബന്ധപ്പെട്ടത്
   a. പോലീസോ സുരക്ഷാജീവനക്കാരോ വിന്യസിക്കപ്പെട്ടിട്ടുള്ള മേഖലകൾ ഒഴിവാക്കുക
   b. സമുദ്രനിരപ്പിൽ നിന്നും നിങ്ങളുടെ തെരുവിന്റെ ഉയരവും കടലോരത്തു നിന്നുള്ള



IX Std - Geography Malayalam Unit-8.indd 243 3/29/2023 5:28:36 PM

ദൂരവും മനസ്സിലാക്കുക

c. പൊട്ടി വീഴുലാൻ സാധ്യതയുള്ള ജനൽ ഗ്ലാസ്സുകൾ ഭിത്തികൾ വീഴാൻ സാധ്യത യുള്ള അലമാരകൾ എന്നിവയുടെ അടു ത്തു നിന്നും മാറിനിൽക്കുക

d. ഒരു വാതിൽ തുറക്കുന്നതിന് മുമ്പായി പ റംകൈകൊണ്ട് അത് തൊട്ടു നോക്കുക

## II. ചുരുക്കി ഉത്തരമെഴുതുക

1. ഒരു ദുരന്തത്തിന്റെ ആദ്യപ്രതികരണക്കാർ ആരാണ്?
2. കൂടുതൽ ഭൂകമ്പ സാധ്യത മേഖലകൾ ജപ്പാനിലാണെങ്കിലും കൂടുതൽ ഭൂക മ്പങ്ങൾ ഉണ്ടാകുന്നത് ഇൻഡോനേഷ്യ യിലാണ് എന്തുകൊണ്ട്?
3. തീ പിടിത്തം കാരണം പ്രതിദിനം ഇന്ത്യ യിൽ മരിക്കുന്ന പുരുഷന്മാരും സ്ത്രീകളും എത്ര?
4. ഒരു സുനാമിക്കു ശേഷം നിങ്ങൾ എന്തു ചെയ്യണം?

## III. വിവരിച്ച് ഉത്തരമെഴുതുക

1. സുനാമിയെക്കുറിച്ച് ചെറുകുറിപ്പെഴുതുക.
2. ഭൂകമ്പം സംഭവിക്കുമ്പോൾ നിങ്ങൾ വീടി നുള്ളിലാണെങ്കിൽ എന്തു ചെയ്യണം?
3. .സുനാമിയോട് നിങ്ങൾ എങ്ങനെ പ്രതിക രിക്കും
4. തീ പിടിത്തമുണ്ടായാൽ ചെയ്യേണ്ട മൂന്ന് കാര്യങ്ങൾ എഴുതുക.

## പരിശീലനം

1. ഒരു തീപിടിത്തമുണ്ടാകുമ്പോൾ എന്തു ചെയ്യ ണമെന്ന് മോക്ക് ഡ്രിൽ വഴി വിദ്യാർത്ഥികൾ ക്ക് കാമിച്ചു കൊടുക്കുക
2. ഭൂകമ്പമുണ്ടാകുമ്പോൾ എന്തു ചെയ്യണമെന്ന് മോക്ക് ഡ്രിൽ വഴി വിദ്യാർത്ഥികൾക്ക് കാണിച്ച് കൊടുക്കുക

## വിശാലമായ വായനയ്ക്ക


1. Disaster management Module, TNSCERT.
2. NDMA.
3. Wikipedia


## ഇന്റർനെറ്റ് വിവരങ്ങൾ

http://www.ndmindia.nic.in/
Helpline Numbers
011-23438252
011-23438253
011-1070

# പദപരിചയം

| | | |
|---|---|---|
| **Asthenosphere** | Upper layer of the earth's mantle below the lithosphere. | ലിത്തോസ്ഫിയറിന് താഴെയുള്ള ഭൂമിയുടെ ആവരണത്തിന്റെ മുകളിലെ പാളി. |
| **Air current** | Movement of air when it rises upward or sinks down. | മുകളിലേക്ക് അല്ലെങ്കിൽ താഴേക്ക് ഉള്ള വായുവിന്റെ ചലനം. |
| **Cataclysms** | Large scale violent events in the natural world | അത്യാപത്ത് |
| **Condensation** | Process of change of state of water from gaseous to liquid. | സാന്ദ്രീകരണം |
| **Continental drift** | The gradual movement of the Earth's continents on the surface of the planet | വൻകരവിസ്ഥാപനം |
| **Coriolis Force** | Deflection of winds from their original path due to Earth's rotation. | ഭൂമിയുടെ ഭ്രമണം കാരണം അവയുടെ യഥാർത്ഥ പാതയിൽ നിന്ന് കാറ്റിന്റെ വ്യതിചലനം. |
| **Doldrums** | The equatorial low pressure belt, extending between 5°N and 5°S. | $5^{O}$ N നും $5^{O}$ S നും ഇടയിലുള്ള മധ്യരേഖാ ലഘുമർദ്ദമേഖല. |




IX Std - Geography Malayalam Unit-8.indd 244 3/29/2023 5:28:36 PM

| | | |
|---|---|---|
| **Eruption** | The ejection of molten rock, steam, etc. from a volcano or geyser. | ഒരു അഗ്നിപർവ്വതത്തിൽ നിന്നോ ഗീസറിൽ നിന്നോ ഉരുകിയ പാറ, നീരാവി തുടങ്ങിയവ പുറന്തള്ളുന്നു. |
| **Geology** | The science that deals with the physical structure and substances of the earth, their history and the processes which act on them. | ഭൂവിജ്ഞാനീയം |
| **Hazard** | Potential threat to life | ജീവന് ഭീഷണിയായ അപകടം |
| **Hostility** | Unfriendliness | വിരോധമായ |
| **Inquisitive** | Curious about learning things | കാര്യങ്ങൾ പഠിക്കുന്നതിൽ ജിജ്ഞാസ |
| **Internal Radioactivity** | Radiations emitted from radioactive metals inside the earth and act as a driving force for the earth's tectonics. | ഭൂമിക്കുള്ളിലെ റേഡിയോ ആക്ടീവ് ലോഹങ്ങളിൽ നിന്ന് പുറപ്പെടുന്ന വികിരണങ്ങൾ ഭൂമിയുടെ ടെക്റ്റോണിക്സിന്റെ പ്രേരകശക്തിയായി പ്രവർത്തിക്കുന്നു |
| **Lair** | A place where a wild animal lives in | കാട്ടുമൃഗം താമസിക്കുന്ന സ്ഥലം |
| **Mitigation** | Action of reducing severity | തീവ്രത കുറയ്ക്കുന്നതിനുള്ള പ്രവർത്തനം |
| **Normal Lapse rate** | Decrease of temperature at the rate of 6.5° C/km increase in altitude. | ഉയരത്തിൽ 6.5° C/km എന്ന തോതിൽ താപനില കുറയുന്നു. |
| **Orogeny** | Mountain building process due to lateral compression of the crust. | പർവത രൂപീകരണം |
| **Pacific ring of fire** | The Pacific Ring of fire is an arc around the Pacific Ocean where many volcanoes are found. | നിരവധി അഗ്നിപർവ്വതങ്ങൾ കാണപ്പെടുന്ന പസഫിക് സമുദ്രത്തിന് ചുറ്റുമുള്ള ഒരു കമാന മാണ് പസഫിക് അഗ്നിവലയം. |
| **Pangea** | A super continent that existed during the late Palaeozoic and early Mesozoic eras. | പാലിയോസോയിക്കിന്റെ അവസാനത്തിലും മെസോസോയിക് കാലഘട്ടത്തിലും നിലനിന്നിരുന്ന ഒരു വലിയ ഭൂഖണ്ഡം. |
| **Panthalasa** | Super ocean that surrounded Pangaea. | പാൻജിയയെ ചുറ്റിപ്പറ്റിയുള്ള വലിയ സമുദ്രം. |
| **Predicament** | Unpleasant situation | അസുഖകരമായ സാഹചര്യം |
| **Rehabilitation** | Act of restoring someone to health or normal life through training and therapy | പരിശീലനത്തിലൂടെയും തെറാപ്പിയിലൂടെയും സാധാരണ ജീവിതത്തിലേക്കോ പുന സ്ഥാപി ക്കുന്നതിനുള്ള പ്രവർത്തനം |
| **Riot** | An occasion where a large number of people behave in a noisy, violent and uncontrolled way | ലഹള |
| **Unscathed** | Without suffering any injury or damage | പരിക്കോ കേടുപാടുകളോ ഇല്ലാതെ |
| **Wind vane** | Also known as windcock. It is a device to find out the direction of wind. | വിൻഡ്കോക്ക് എന്നും അറിയപ്പെടുന്നു. കാറ്റിന്റെ ദിശ കണ്ടെത്താനുള്ള ഉപകരണമാണിത്. |



IX Std - Geography Malayalam Unit-8.indd 245 3/29/2023 5:28:36 PM

# ഒമ്പതാം സ്റ്റാൻഡേർഡ്

# പൗരധർമ്മം



IX Std - Civics Malayalam Unit-1.indd 246 3/29/2023 5:31:53 PM

യൂണിറ്റ് 1

# വിവിധതരം ഗവൺമെന്റുകളും ജനാധിപത്യവും

## പഠന ലക്ഷ്യങ്ങൾ

- വിവിധതരം ഗവൺമെന്റുകളെക്കുറിച്ചറിയുക
- ജനാധിപത്യത്തിന്റെ അർത്ഥം മനസ്സിലാക്കുകക
- ജനാധിപത്യത്തിന്റെ നൻമകളും തിൻമകളും അറിയുക
- ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചറിയുക.

R3UXB

## ആമുഖം

ആഗോളതലത്തിൽ വിവിധതരം ഗവൺമെന്റുകൾ രൂപീകരിച്ചതും പുരോഗമിച്ചതും എങ്ങനെയാണെന്ന് ഈ പാഠത്തിൽ നിന്നും പഠിക്കാം. ഇന്ന് ലോകത്തിലെ പലരാജ്യങ്ങളും പലതരത്തിലുള്ള ഭരണസമ്പ്രദായംപിൻതുടരുന്നു. എന്നിരുന്നാലും ആധുനികലോകം ജനാധിപത്യത്തിന് പ്രാമുഖ്യം നൽകുന്നു.

## 1.1 വിവിധ തരം ഗവൺമെന്റുകൾ

അധികാരം ആരിലാണോ നിക്ഷിപ്തമായിരിക്കുന്നത്, അതിന്റെ പ്രാധാന്യമനുസരിച്ച് രാഷ്ട്രങ്ങളുടെ ഭരണക്രമത്തിൽ വ്യത്യാസം വരുന്നു. ഗവൺമെന്റുകൾ പലതരത്തിലുണ്ട്. അവ രാജഭരണം, പ്രഭുഭരണം, ഏകാധിപത്യം, സംഘഭരണം, മതാധിഷ്ഠിതഭരണം, ജനാധിപത്യം, റിപ്പബ്ലിക് എന്നിവയാണ്.

### 1.1.1 പ്രഭുഭരണം

അധികാരം പ്രഭുക്കൻമാരിൽ നിക്ഷിപ്തമായിരിക്കുന്ന ഗവൺമെന്റുസമ്പ്രദായം.
ഉദാ: ഇംഗ്ലണ്ട്, സ്പെയിൻ

### 1.1.2 രാജഭരണം

ഒരു രാജാവ് അല്ലെങ്കിൽ രാജ്ഞിയുടെ അധികാരത്തിൻ കീഴിൽ നടത്തപ്പെടുന്ന ഭരണ സമ്പ്രദായം (ഭരണഘടനാപരമായ രാജഭരണം)
ഉദാ: ഭൂട്ടാൻ, ഒമാൻ, ഖത്തർ

### 1.1.3 സ്വേച്ഛാധിപത്യം

എല്ലാ അധികാരങ്ങളും ഒരു വ്യക്തിയിൽ നിക്ഷിപ്തമായിരിക്കുന്ന ഭരണ സമ്പ്രദായം.
ഉദാ: -വടക്കൻ കൊറിയ, സൗദി അറേബ്യ

### 1.1.4 സംഘഭരണം

ഒരു സംഘം ജനങ്ങൾ ചേർന്ന് ഒരു രാജ്യത്തെയോ ഒരു സംഘടനയെയോ തങ്ങളുടെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടു വരുന്ന ഭരണസമ്പ്രദായം.
ഉദാ: മുൻസോവിയറ്റ് യൂണിയൻ, ചൈന, വെനിസ്യൂല.

### 1.1.5 മതാധിഷ്ഠിതഭരണം

മതതത്വങ്ങളെ അടിസ്ഥാനമാക്കി ഭരണം നടത്തുന്ന ഗവൺമെന്റു സമ്പ്രദായം. ദൈവത്തിന്റെ പേരിൽ അല്ലെങ്കിൽ സ്വയം ദൈവമായി പ്രഖ്യാപിക്കുന്ന മതനേതാക്കൻമാരാണ് ഇതിനു നേതൃത്വം വഹിക്കുന്നത്.
ഉദാ: വത്തിക്കാൻ.




വിവിധതരം ഗവൺമെന്റുകൾ



IX Std - Civics Malayalam Unit-1.indd 247 3/29/2023 5:31:53 PM

### 1.1.6 ജനാധിപത്യം

ഒരു രാജ്യത്തിലെ വോട്ടവകാശമുള്ള ജനങ്ങൾ വോട്ടെടുപ്പിലൂടെ തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന സമ്പ്രദായം. ഭൂരിപക്ഷം വോട്ടുനേടിയ വ്യക്തിയോ കക്ഷിയോ ഗവൺമെന്റ് രൂപീകരിക്കുന്നു.

ഉദാ: ഇൻഡ്യ, അമേരിക്കൻ ഐക്യനാടുകൾ, ഫ്രാൻസ്

### 1.1.7 റിപ്പബ്ലിക്

ഒരു രാജ്യത്തിന്റെ പരമാധികാരം അവിടത്തെ ജനങ്ങളിലോ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളിലോ നിക്ഷിപ്തമായിരിക്കുന്നു. രാജാവിന്റെ സ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ ആയ ഒരു പ്രസിഡന്റ് നയിക്കുന്ന ഭരണസംവിധാനമാണ് റിപ്പബ്ലിക്.

ഉദാ: ഇന്ത്യാ, ആസ്ട്രേലിയ

**നിങ്ങൾക്ക് അറിയാമോ?**

ബി.സി.ഇ 500-ൽ റോമിലാണ് 'റിപ്പബ്ലിക്' എന്ന പദം ആദ്യമായി രൂപീകരിച്ചത്. പൊതുവിഷയം എന്നർത്ഥം വരുന്ന റെസ്പബ്ലിക് (Respublic) എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് ഇതിന്റെ ഉത്ഭവം;

1950 ജനുവരി 26-ന് ഇന്ത്യ റിപ്പബ്ലിക്കായി, 1949 നവംബർ 26ന് സ്വീകരിച്ചതും, 1950 ജനുവരി 26-ന് പ്രാബല്യത്തിൽ വന്നതുമായ ഭരണ ഘടനയെ അടിസ്ഥാനമാക്കി ഭരിക്കുന്നു.

## 1.2. ജനാധിപത്യം എന്നാൽ എന്ത്?

- തങ്ങളുടെ ഭരണാധികാരികളെ തെരഞ്ഞെടുക്കാനുള്ള അനുവാദം ജനങ്ങൾക്കു നൽകുന്ന ഭരണ സമ്പ്രദായമാണ് ജനാധിപത്യം.
- ജനങ്ങൾ തെരഞ്ഞെടുക്കുന്ന നേതാക്കൻമാർ രാജ്യം ഭരിക്കുന്നു.
- ജനങ്ങൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും സംഘടിക്കാനുള്ള സ്വാതന്ത്ര്യവും പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്.

### 1.2.1 ജനാധിപത്യത്തിന്റെ അർത്ഥം

ജനാധിപത്യത്തിൽ പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമാണ്. അവർ കാലാകാലങ്ങളിൽ നീതിപൂർവ്വകവും സ്വതന്ത്ര്യവുമായ തെരഞ്ഞെടുപ്പുകളിലൂടെ പ്രത്യക്ഷമായോ പരോക്ഷമായോ തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു.

**നിങ്ങൾക്ക് അറിയാമോ?**

ജനങ്ങൾ എന്നർത്ഥം വരുന്ന "ഡമോസ്" അധികാരം എന്നർത്ഥം വരുന്ന ക്രേഷിയ എന്നീ രണ്ടു ഗ്രീക്കുപദങ്ങളിൽ നിന്നാണ് "ഡമോക്രസി" എന്ന പദം ഉത്ഭവിച്ചത്. ജനാധിപത്യം അക്ഷരാർത്ഥത്തിൽ "ജനങ്ങളുടെ അധികാരം" എന്നാണ്.

### 1.2.2 നിർവചനം

മഹാത്മാഗാന്ധിയുടെ അഭിപ്രായത്തിൽ യഥാർത്ഥ ജനാധിപത്യം ഇരുപതുപേർ ഒരു കേന്ദ്രത്തിലിരുന്ന് പ്രവർത്തിച്ചതുകൊണ്ടുണ്ടാകുന്നതല്ല, മറിച്ച് രാജ്യത്തിന്റെ അടിത്തട്ടിലുള്ള ഗ്രാമങ്ങളിലെ എല്ലാ ജനങ്ങളുടെയും പ്രവർത്തനഫലമായി ഉണ്ടാകേണ്ടതാണ്.




ജനാധിപത്യം എന്നത് ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ഭരണം നടത്തുന്ന ജനങ്ങളുടെ ഗവൺമെന്റ് എന്നാണ് അമേരിക്കൻ പ്രസിഡന്റുമാരിൽ ഒരാളായ എബ്രഹാം ലിങ്കൻ നിർവചിക്കുന്നത്.



എബ്രഹാം ലിങ്കൺ



IX Std - Civics Malayalam Unit-1.indd 248 3/29/2023 5:31:54 PM

### 1.2.3 ജനാധിപത്യത്തിന്റെ സവിശേഷതകൾ

1. അന്തിമ തീരുമാനമെടുക്കാനുള്ള അധികാരം ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ നിക്ഷിപ്തമായിരിക്കുന്നു.
2. സ്വാതന്ത്ര്യവും നീതി പൂർവ്വകവുമായ തെരഞ്ഞെടുപ്പുകൾ
3. ഓരോ വോട്ടിനും തുല്യ മൂല്യമുള്ള പ്രായ പൂർത്തി വോട്ടവകാശം
4. മൗലീകാവകാശങ്ങളും വ്യക്തി സ്വാതന്ത്ര്യത്തിന്റെ സംരക്ഷണവും.

### 1.2.4 ജനാധിപത്യത്തിന്റെ ഉത്ഭവം

2500 വർഷങ്ങൾക്കുമുമ്പ് പുരാതന ഗ്രീസിലെ ചില നഗരരാഷ്ട്രങ്ങളിൽ ജനാധിപത്യം ആരംഭിച്ചു. ഇന്ത്യയിൽ വളരെ പണ്ട് വേദകാലത്തിൽ ജനാധിപത്യ സ്ഥാപനങ്ങൾ നിലവിലിരുന്നുവെന്നത് വളരെ പ്രാധാന്യമുള്ള വസ്തുതയാണ്. ചാണക്യന്റെ അർത്ഥശാസ്ത്രം പറയുന്നതെന്തെന്നാൽ പുരാതന ഇന്ത്യയിൽ സ്വാതന്ത്രമായ ഗ്രാമീണ സമൂഹമാണ് പ്രാദേശിക ഗവൺമെന്റിന്റെ അടിസ്ഥാനഘടകമായിരുന്നത് എന്നാണ്. പുരാതന തമിഴ്നാട്ടിൽ ചോളൻമാരുടെ ഗ്രാമഭരണത്തിൽ ഏറ്റവും സവിശേഷതയാർന്ന കുടവോല സമ്പ്രദായം നിലവിലുണ്ടായിരുന്നു. ജനാധിപത്യത്തിലേയ്ക്കുള്ള പരിണാമം താഴെ പറയുന്ന മൂല്യങ്ങൾ പ്രതിനിധീകരിക്കുന്നവയാണ്. അവ സ്വാതന്ത്ര്യം, സമത്വം, മോചനം, ഉത്തരവാദിത്വബോധം, സുതാര്യത, വിശ്വാസ്യത എന്നിവയാണ്.

**BCE അഞ്ചാം നൂറ്റാണ്ടിൽ പുരാതന ഏഥൻസിലെ ജനാധിപത്യം**



### 1.2.6 ജനാധിപത്യത്തിന്റെ തരങ്ങൾ

ജനാധിപത്യം രണ്ടു തരത്തിലുണ്ട്

1. പ്രത്യക്ഷ ജനാധിപത്യം
2. പരോക്ഷ ജനാധിപത്യം

ജനങ്ങളുടെ പങ്കിന് തുല്യപ്രാധാന്യം അനുവദിക്കുന്ന സാമൂഹ്യഘടന അല്ലെങ്കിൽ ഭരണകൂടം എന്നാണ് ജനാധിപത്യത്തിന്റെ തരങ്ങൾ കൊണ്ടുദ്ദേശിക്കുന്നത്.

**പ്രത്യക്ഷ ജനാധിപത്യം**

പൊതു കാര്യങ്ങളിൽ ജനങ്ങൾ തങ്ങളുടെ അഭിപ്രായങ്ങളെ നേരിട്ടു രേഖപ്പെടുത്തുന്ന ഗവൺമെന്റിന്റെ തരത്തെ സംശുദ്ധജനാധിപത്യം അഥവാ പ്രത്യക്ഷ ജനാധിപത്യം എന്നു പറയുന്നു. ഉദാ:പുരാതന ഗ്രീക്കുനഗരരാഷ്ട്രങ്ങൾ, സ്വിറ്റ്സർലാന്റ്.

**പരോക്ഷ ജനാധിപത്യം (പ്രാതിനിധ്യ ജനാധിപത്യം)**

പൊതുകാര്യങ്ങളിൽ ജനങ്ങൾ തങ്ങളുടെ അഭിപ്രായങ്ങളെ ജനപ്രതിനിധികൾ മുഖേന രേഖപ്പെടുത്തുന്ന ഗവൺമെന്റിന്റെ തരത്തെ

## 1.2.5 ജനാധിപത്യ ഗവൺമെന്റിന്റെ തരങ്ങൾ






IX Std - Civics Malayalam Unit-1.indd 249 3/29/2023 5:31:54 PM

പരോക്ഷ ജനാധിപത്യം അഥവാ പ്രാതിനിധ്യ ജനാധിപത്യം എന്നു പറയുന്നു.

ഉദാ: ഇന്ത്യ, അമേരിക്കൻ ഐക്യനാടുകൾ, ഇംഗ്ലണ്ട്.

## 1.2.7 ജനാധിപത്യത്തിന്റെ നൻമകളും തിൻമകളും

**നൻമകൾ:-**

1. ഉത്തരവാദിത്വമുള്ള ഗവൺമെന്റ്
2. സമത്വവും സാഹോദര്യവും
3. സാധാരണക്കാരോടുള്ള ഉത്തരവാദിത്വബോധം
4. തദ്ദേശ - സ്വയം ഭരണം
5. എല്ലാവർക്കും പുരോഗതിയും സമൃദ്ധിയും
6. ജനങ്ങളുടെ പരമാധികാരം
7. സഹകരണബോധവും സാഹോദര്യ മനോഭാവവും

**തിൻമകൾ**

1. പരോക്ഷമായ (പ്രാതിനിധ്യ) സ്വഭാവമുള്ള ജനാധിപത്യം
2. ജനാധിപത്യ പ്രക്രിയയിൽ താല്പര്യമില്ലായ്മയും തെരഞ്ഞെടുപ്പുകളിൽ കുറഞ്ഞ തോതിലുള്ള പങ്കാളിത്തവും
3. തെരഞ്ഞെടുപ്പിൽ കൃത്യമായ ഭൂരിപക്ഷം ലഭിക്കാത്തതിനാൽ ഗവൺമെന്റ് രൂപീകരണത്തിനുള്ള അസ്ഥിരത.
4. നിയമ നിർമ്മാണ പ്രക്രിയയിലുള്ള കാലതാമസം.

## 1.2.8 ഇന്ത്യയിലെ ജനാധിപത്യം



ഇന്ത്യൻ പാർലമെന്റ്

പാർലമെന്ററി ജനാധിപത്യമാണ് ഇന്ത്യയിൽ നിലവിലുള്ളത്. രാജ്യത്തിന്റെ നിയമ നിർമ്മാണത്തിന് ഇന്ത്യൻ ജനത തെരഞ്ഞെടുത്ത ജനപ്രതിനിധികളുടെ സഭയാണ് ഇന്ത്യൻ ഗവൺമെന്റ്. തീരുമാനങ്ങളെടുക്കുന്നതിനുള്ള ജനങ്ങളുടെ പങ്ക്, പൗരൻമാരുടെ അഭിപ്രായം ഇവ രണ്ടും ഇന്ത്യയുടെ പാർലമെന്ററി ഗവൺമെന്റിന്റെ പ്രധാന ഘടകങ്ങളാണ്.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണ് ഇന്ത്യ. ഇന്ത്യയുടെ ജനാധിപത്യം അഞ്ച് തത്വങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നു. അവ പരമാധികാരം സോഷ്യലിസം, മതേതരത്വം, ജനാധിപത്യം, റിപ്പബ്ലിക് എന്നിവയാണ്.

പതിനെട്ടു വയസ്സു പൂർത്തിയായ ഓരോ ഇന്ത്യൻ പൗരനും തെരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്താനുള്ള അവകാശമുണ്ട്. ജാതി, വർണ്ണം, മതം, പ്രദേശം, സ്ത്രീ പുരുഷഭേദം, വിദ്യാഭ്യാസം എന്നിവകളിൽ വിവേചനമില്ലാതെ വോട്ടവകാശം നൽകുന്നു.

**നിങ്ങൾക്ക് അറിയാമോ?**

ഇന്ത്യയുടെ പാർലമെന്റ് മന്ദിരം ബ്രിട്ടീഷ് വാസ്തുശില്പ വിദഗ്ദ്ധരായ എഡ്വിൻ ലുട്യൻസ്, ഹെർബർട്ട് ബേക്കർ എന്നിവർ 1912 -13 കാലഘട്ടത്തിൽ രൂപകല്പന ചെയ്തു. അതിന്റെ നിർമ്മാണ പ്രവർത്തനം 1921 -1927 കാലഘട്ടങ്ങളിൽ അവസാനിച്ചു

**നിങ്ങൾക്ക് അറിയാമോ?**

| പാർലമെന്റിലെ ഇരുസഭകൾ | |
|---|---|
| ലോകസഭ/കീഴ്സഭ<br>ജനപ്രതിനിധി സഭ | രാജ്യസഭ/മേൽസഭ<br>സംസ്ഥാനങ്ങളുടെ കൗൺസിൽ |

## 1.2.9 ഇന്ത്യയിലെ തെരഞ്ഞെടുപ്പ്

കേന്ദ്ര, സംസ്ഥാന, പ്രാദേശിക തലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പ്രതിനിധികളോടു കൂടിയ അർദ്ധസംയുക്തഭരണകൂടമാണ് ഇന്ത്യയുടേത്. ഇന്ത്യയിലെ തെരഞ്ഞെടുപ്പു കമ്മീഷൻ പൊതുതെരഞ്ഞെടുപ്പ് നടത്തുന്നു. ദേശീയ തലത്തിൽ, പാർലമെന്റിന്റെ കീഴ്സഭയായ ലോകസഭയിൽ ഭൂരിപക്ഷം നേടിയ പ്രതിനിധികളുടെ നേതാവിനെ പ്രധാനമന്ത്രിയായി രാഷ്ട്രപതി നിയമിക്കുന്നു.

സാധാരണയായി അഞ്ചുവർഷ ത്തിലൊരിക്കൽ നടക്കുന്ന പൊതുതെരഞ്ഞെടുപ്പിലൂടെ ലോക സഭാംഗങ്ങളെ ജനങ്ങൾ നേരിട്ടു



IX Std - Civics Malayalam Unit-1.indd 250 3/29/2023 5:31:54 PM

തെരഞ്ഞെടുക്കുന്നു. രണ്ടു ആംഗ്ലോ ഇന്ത്യൻ അംഗങ്ങളെ ലോകസഭയിലേയ്ക്ക് രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്നു.

ഇന്ത്യൻ പാർലമെന്റിന്റെ ഉപരിസഭയായ രാജ്യസഭയിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സംസ്ഥാന നിയമസഭകളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണ്. കല, ശാസ്ത്രം, സാഹിത്യം, സാമൂഹ്യസേവനം എന്നീ മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയ 12 അംഗങ്ങളെ രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്നു.

## 1.2.10 ജനാധിപത്യ ഇന്ത്യയിലെ ആദ്യത്തെ



ഇന്ത്യയിലെ തെരഞ്ഞെടുപ്പുകൾ

നിങ്ങൾക്ക് അറിയാമോ?

**ബ്രിട്ടീഷ് ഇന്ത്യ 1920 പൊതു തെരഞ്ഞെടുപ്പ്**

1920 -ൽ ബ്രിട്ടീഷ് ഇന്ത്യയിൽ ഇംപീരിയൽ ലെജിസ്ലേറ്റീവ് കൗൺസിലിലേയ്ക്കും പ്രവിശ്യ കൗൺസിലിലേയ്ക്കും അംഗങ്ങളെ തെരഞ്ഞെടുക്കുവാൻ പൊതു തെരഞ്ഞെടുപ്പ് നടത്തി. ഇന്ത്യൻ ചരിത്രത്തിലെ ആദ്യത്തെ പൊതുതെരഞ്ഞെടുപ്പായിരുന്നു അത്.

### തെരഞ്ഞെടുപ്പ്.

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലെ ആദ്യത്തെ ലോകസഭാ പൊതുതെരഞ്ഞെടുപ്പ് 1951 ഒക്ടോബർ 25 മുതൽ 1952 ഫെബ്രുവരി 21 വരെ യഥാസമയം നടന്നു. ആകെയുള്ള 489 സീറ്റുകളിൽ 364 സീറ്റുകൾ നേടി ഇന്ത്യൻ ദേശീയ കോൺഗ്രസ് രൂപീകരിച്ചു. ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പ്രധാനമന്ത്രിയായി ജവഹർലാൽ നെഹ്റു അധികാരത്തിൽ വന്നു.

## 1.2.11 ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ

സമകാലിക ലോകത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഭരണവ്യവസ്ഥയാണ് ജനാധിപത്യം. അത് ഇതുവരെ ഗുരുതരമായ വെല്ലുവിളിയോ എതിർപ്പോ നേരിട്ടിട്ടില്ല. കഴിഞ്ഞ നൂറു വർഷത്തിനിടയിൽ ജനാധിപത്യത്തിന്റെ വികാസം ലോകമെമ്പാടും ഉണ്ടായിട്ടുണ്ട്. ജനാധിപത്യത്തിന്റെ വിവിധ വശങ്ങളും അതിന്റെ വെല്ലുവിളികളും ഇവയാണ്.

1. നിരക്ഷരത
2. ദാരിദ്യം
3. ലിംഗഭേദം
4. പ്രാദേശികവാദം
5. ജാതീയത, വർഗ്ഗീയത, മതമൗലികവാദം
6. അഴിമതി
7. രാഷ്ട്രീയം ക്രിമിനൽ വൽക്കരിക്കുക
8. രാഷ്ട്രീയ അതിക്രമം

## 1.2.12 ഇന്ത്യൻ ജനാധിപത്യം വിജയകരമാക്കാനുള്ള നിബന്ധനകൾ

- ദരിദ്രരുടെയും നിരക്ഷരുടെയും ശാക്തീകരണം.
- തെരഞ്ഞെടുത്ത പ്രതിനിധികൾ തങ്ങളുടെ അധികാരവും പൊതുസ്വത്തും ദുരുപയോഗം ചെയ്യാതിരിക്കുക.
- ജനാധിപത്യം നേരിടുന്ന സാമൂഹ്യതിൻമകളെയും അപകടങ്ങളെയും ഇല്ലാതാക്കുക.
- പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിന് നിഷ്പക്ഷവും കാര്യക്ഷമവുമായ പത്രസ്ഥാപനം.
- പൊതു ജനാഭിപ്രായം ശക്തമാക്കുക.
- ജനങ്ങൾക്കിടയിൽ സഹിഷ്ണുതയും സാമുദായിക ഐക്യവും നിലനിർത്തുക.
- മൗലികാവകാശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക.
- തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ പ്രവർത്തനങ്ങളെ പരിശോധിച്ച് വിലയിരുത്തുക.
- ശക്തമായതും ഉത്തരവാദിത്വമുള്ള പ്രതിപക്ഷം ഉണ്ടായിരിക്കുക.

ഇന്ത്യൻ ജനാധിപത്യം വിജയകരവും ഊർജ്ജസ്വലവും ആയിരിക്കണമെങ്കിൽ അതിന്റെ പൗരൻമാർ അടിസ്ഥാന ജനാധിപത്യ മൂല്യങ്ങളായ സ മത്വം, സ്വാതന്ത്ര്യം, സാമൂഹ്യ നീതി, മറ്റുള്ളവരോടുള്ള ബഹുമാനം എന്നീ സ്വഭാവഗുണങ്ങൾ ഉൾക്കൊള്ളുകയും പ്രതിഫലി



IX Std - Civics Malayalam Unit-1.indd 251 3/29/2023 5:31:54 PM

പ്പിക്കുകയും വേണം. അവരുടെ മനോഭാവവും, വിചിന്തനവും, സ്വഭാവവും ജനാധിപത്യത്തിന്റെ അത്യന്താപേക്ഷിതമായ നിബന്ധനകൾക്ക് അനുയോജ്യമായിരിക്കേണ്ടതുണ്ട്. പങ്കാളിത്തം, സംവിധാനത്തെ ഉത്തരവാദിത്വമുള്ളതാക്കുക, ഉത്തരവാദിത്വങ്ങൾ പൂർത്തീകരിക്കുക, ജനാധിപത്യത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിന് മുൻകൈയെടുക്കുക തുടങ്ങിയവയിൽ അവർക്കുള്ള അവസരങ്ങൾ സന്തോഷത്തോടെ നിർവ്വഹിക്കുക.

## സംഗ്രഹം

- ഒരു സമൂഹത്തെ അഥവാ ഒരു ഏകകത്തെ ഭരിക്കുന്ന ഒരു വിഭാഗം ജനങ്ങളെയാണ് ഗവൺമെന്റ് എന്നു പറയുന്നത്.
- ഒരു രാജാവ് അല്ലെങ്കിൽ രാജ്ഞിയുടെ അധികാരത്തിൻ കീഴിലുള്ള ഭരണമാണ് രാജഭരണം.
- ജനങ്ങളുടെ പങ്കാളിത്തത്തിന് പ്രത്യക്ഷ മായോ പരോക്ഷമായോ പ്രാധാന്യം അനു വദിക്കുന്ന സാമൂഹ്യഘടന അഥവാ ഭരണം എന്നതാണ് ജനാധിപത്യത്തിന്റെ തരങ്ങൾ കൊണ്ടുദ്ദേശിക്കുന്നത്.
- പൊതുകാര്യങ്ങളിൽ ജനങ്ങൾ തങ്ങളുടെ അഭിപ്രായങ്ങളെ നേരിട്ടു രേഖപ്പെടുത്തുന്ന ഗവൺമെന്റിന്റെ തരത്തെ സംശുദ്ധ ജനാധിപത്യം അഥവാ പ്രത്യക്ഷ ജനാധിപത്യം എന്നു പറയുന്നു.
- പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ പതിനെട്ടു വയസ്സു പൂർത്തിയായ ഓരോ ഇന്ത്യൻ പൗരനും തെരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്താ നുള്ള അവകാശമുണ്ട്.

## അഭ്യാസം

### I. ശരിയായ ഉത്തരം എടുത്തെഴുതുക:

**1.** ഒരു രാജാവോ അല്ലെങ്കിൽ രാജ്ഞിയോ നടത്തുന്ന ഭരണസമ്പ്രദായം _____.
(a) സ്വേച്ഛാധിപത്യം (b) പ്രഭുഭരണം
(c) ജനാധിപത്യം (d) റിപ്പബ്ലിക്

**2.** എല്ലാ അധികാരങ്ങളും ഒരു വ്യക്തിയിൽ നിക്ഷിപ്തമായിരിക്കുന്നത്.
(a) പ്രഭുഭരണം (b) മതാധിഷ്ഠിത ഭരണം
(c) ജനാധിപത്യം (d) സ്വേച്ഛാധിപത്യം

**3.** മുൻസോവിയറ്റ് യൂണിയൻ _____ ഭരണസമ്പ്രദായത്തിന് ഉദാഹരണമാണ്.
(a) പ്രഭുഭരണം (b) മതാധിഷ്ഠിതഭരണം
(c) സംഘഭരണം (d) റിപ്പബ്ലിക്

**4.** യോജിക്കാത്തത് എടുത്തെഴുതുക
(a) ഇന്ത്യ (b) അമേരിക്കൻഐക്യനാടുകൾ
(c) ഫ്രാൻസ് (d) വത്തിക്കാൻ

**5.** എബ്രഹാം ലിങ്കൻ _____ പ്രസിഡന്റ് ആയിരുന്നു.
(a) അമേരിക്കൻഐക്യനാടുകൾ (b) ബ്രിട്ടൺ
(c) റഷ്യ (d) ഇന്ത്യ

**6.** കുടവോല സമ്പ്രദായം നിലവിലുണ്ടായിരുന്ന രാജ്യം
(a) ചേരരാജ്യം (b) ചോളരാജ്യം
(c) പാണ്ഡ്യരാജ്യം (d) കളഭ്രൻമാർ

**7.** പുരാതനകാലത്ത് പ്രത്യക്ഷജനാധിപത്യം നിലവിലിരുന്ന ഭാഗം
(a) പുരാതന ഇന്ത്യയിലെ ഭാഗം
(b) അമേരിക്ക
(c) പുരാതന ഏഥൻസ് നഗരങ്ങൾ
(d) ബ്രിട്ടൻ

**8.** ഏതു ഭാഷയിൽ നിന്നാണ് ഡെമോക്രസി എന്ന പദം രൂപം കൊണ്ടത്?
(a) ഗ്രീക്ക് (b) ലാറ്റിൻ
(c) പേർഷ്യൻ (d) അറബിക്

**9.** ജനാധിപത്യത്തിൽ അന്തിമ തീരുമാനം എടുക്കുവാനുള്ള അധികാരം ആർക്കാണുള്ളത്?
(a) പാർലമെന്റ് (b) ജനങ്ങൾ
(c) മന്ത്രിസഭ (d) രാഷ്ട്രപതി

**10.** തന്നിട്ടുള്ളതിൽ ഏതു രാജ്യത്തിലാണ് സ്വേച്ഛാധിപത്യം നിലവിലുണ്ടായിരുന്നത്.
(a) ഇന്ത്യ (b) ബ്രിട്ടൻ (c) കാനഡ
(d) അമേരിക്കൻ ഐക്യനാടുകൾ

**11.** ലോകത്തിലെ വലിയ ജനാധിപത്യരാഷ്ട്രം
(a) കാനഡ (b) ഇന്ത്യ
(c) അമേരിക്കൻ ഐക്യനാടുകൾ (d) ചൈന

**12.** പ്രസ്താവന :സ്വിറ്റ്സർലാൻഡിൽ പ്രത്യക്ഷ ജനാധിപത്യമാണുള്ളത്.
കാരണം : നിയമനിർമ്മാണത്തിൽ ജനങ്ങൾ നേരിട്ട് പങ്കെടുക്കുന്നു.
(a) പ്രസ്താവനയും കാരണവും ശരിയാണ്. കാരണം പ്രസ്താവനയെ വിശദമാക്കുന്നു.



IX Std - Civics Malayalam Unit-1.indd 252 3/29/2023 5:31:54 PM

(b) പ്രസ്താവനയും കാരണവും ശരിയാണ്. കാരണം പ്രസ്താവനയെ വിശദമാക്കുന്നില്ല.

(c) പ്രസ്താവന ശരിയാണ്. കാരണം തെറ്റാണ്.

(d) പ്രസ്താവന തെറ്റാണ്. കാരണം ശരിയാണ്.

**13.** പ്രസ്താവന : ഇന്ത്യയിൽ പാർലമെന്ററി ജനാധിപത്യം നിലവിലുണ്ട്.

കാരണം:ഇന്ത്യൻപാർലമെന്റിന്രണ്ടുസഭകൾ ഉണ്ട്.

(a) പ്രസ്താവനയും കാരണവും ശരിയാണ്. കാരണം പ്രസ്താവനയെ വിശദമാക്കുന്നു.

(b) പ്രസ്താവനയും കാരണവും ശരിയാണ്. കാരണം പ്രസ്താവനയെ വിശദമാക്കുന്നില്ല.

(c) പ്രസ്താവന ശരിയാണ്. കാരണം തെറ്റാണ്.

(d) കാരണം ശരിയാണ്. പ്രസ്താവന തെറ്റാണ്.

**14.** വോട്ടവകാശത്തിന്റെ അർത്ഥമെന്ത്?

(a) തെരഞ്ഞെടുക്കുവാനുള്ള അവകാശം

(b) തെരഞ്ഞെടുക്കുവാനുള്ള അവകാശം

(c) വോട്ടു ചെയ്യാനുള്ള അവകാശം

(d) ധനികർക്ക് വോട്ടു ചെയ്യാനുള്ള അവകാശം

**15.** പ്രായപൂർത്തി വോട്ടവകാശം _____ സൃഷ്ടിക്കുന്നു

(a) സാമൂഹ്യസമത്വം

(b) സാമ്പത്തിക സമത്വം

(c) രാഷ്ട്രീയ സമത്വം

(d) നിയമപരമായ സമത്വം

**16.** ഇന്ത്യൻ പ്രധാനമന്ത്രിയെ നിയമിക്കുന്നത്

(a) ലോകസഭാംഗങ്ങൾ

(b) രാജ്യസഭാംഗങ്ങൾ

(c) സ്പീക്കർ

(d) രാഷ്ട്രപതി

**17.** രാഷ്ട്രപതിയാൽ നിയമിക്കപ്പെടുന്നവർ

(a) 12 ലോകസഭാംഗങ്ങൾ

(b) 2 രാജ്യസഭാംഗങ്ങൾ

(c) 12 രാജ്യസഭാംഗങ്ങൾ

(d) 14 രാജ്യസഭാംഗങ്ങൾ

**18.** സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യയിൽ ആദ്യമായി പൊതുതെരഞ്ഞെടുപ്പു നടത്തപ്പെട്ട വർഷം

(a) 1948 (b) 1952

(c) 1957 (d) 1947

## II. പൂരിപ്പിക്കുക

**1.** ഇന്ത്യൻ ഭരണഘടന അവസാനമായി അംഗീകരിക്കപ്പെട്ട വർഷം _____

**2.** _____, _____ എന്നിവ ജനാധിപത്യത്തിന്റെ രണ്ടുതരങ്ങളാണ്

**3.** പ്രത്യക്ഷജനാധിപത്യത്തിന് ഒരു ഉദാഹരണമാണ് _____

**4.** ഇന്ത്യയിൽ നിലവിലുള്ളത് _____ ജനാധിപത്യരീതിയാണ്

**5.** സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയാണ് _____

**6.** ബ്രിട്ടീഷ് ഇന്ത്യയിൽ ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ് നടന്ന വർഷം _____

**7.** _____, _____ എന്നിവരാണ് ഇന്ത്യയിൽ പാർലമെന്റു മന്ദിരം രൂപകല്പന ചെയ്തത്.

## III. യോജിപ്പിക്കുക

1. സേച്ഛാധിപത്യം - 18
2. വോട്ടവകാശം - അർത്ഥശാസ്ത്രം
3. ചാണക്യൻ - വത്തിക്കാൻ
4. മതാധിഷ്ഠിതഭരണം - വടക്കൻ കൊറിയ

## IV. ചുരുക്കി ഉത്തരമെഴുതുക

**1.** എബ്രഹാം ലിങ്കൻ ജനാധിപത്യത്തിന് നല്കിയ നിർവചനം എന്താണ്?

**2.** ജനാധിപത്യത്തിന്റെ തരങ്ങൾ ഏതെല്ലാം?

**3.** പ്രത്യക്ഷജനാധിപത്യം പരോക്ഷജനാധിപത്യം എന്നിവയുടെ വ്യത്യാസങ്ങൾ എഴുതുക?

## V. വിവരിച്ച് ഉത്തരമെഴുതുക

**1.** ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം?

**2.** ഇന്ത്യയിൽ ജനാധിപത്യം വിജയകരമാക്കാനുള്ള നിബന്ധനകൾ എന്തെല്ലാം? വിവരിക്കുക

**3.** ഇന്ത്യയിലെ ജനാധിപത്യത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്?

## VI. പ്രവർത്തനങ്ങൾ

**1.** പ്രായപൂർത്തി വോട്ടവകാശം എന്നതിനെക്കുറിച്ച് ക്ലാസിൽ ചർച്ച ചെയ്യുക. ഇതിന്റെ പ്രാധാന്യം എന്താണ്?

**2.** ഭൂരിപക്ഷത്തിന്റെ അധികാരവും ന്യൂനപക്ഷത്തെ ബഹുമാനിക്കുന്നതുമാണ് ജനാധിപത്യം ചർച്ച ചെയ്യുക



IX Std - Civics Malayalam Unit-1.indd 253 3/29/2023 5:31:54 PM

3. ക്ലാസിൽ ഒരു മാതൃകാ തെരഞ്ഞെടുപ്പ് നടത്തുക.
4. ജനാധിപത്യത്തിന്റെനൻമതിൻമകളെക്കുറിച്ച് ഗ്രൂപ്പായി ചർച്ച ചെയ്യുക.

## VII. ചിന്തിച്ച് ഉത്തരമെഴുതുക

1. ഒരു സ്വേച്ഛാധിപത്യഭരണത്തിൻകീഴിൽ സമത്വാവകാശം ഉണ്ടാകുന്നു. ആ രാജ്യത്തിലെ പൊതുജനാഭിപ്രായത്തെ സംബന്ധിച്ചുള്ള മനോഭാവമെന്ത്?
2. പൗരൻമാരുടെ സമാധാനപരവും സഹവർത്തിത്വപരവുമായ ജീവിതം നയിക്കുവാൻ ജനാധിപത്യം വഴിയൊരുക്കുന്നതെങ്ങനെ? വിശദീകരിക്കുക.

## VIII. നൈപുണ്യം

താഴെ പറയുന്നവയിൽ ഓരോ നാട്ടിലും ഏതുതരം ഗവൺമെന്റാണുള്ളതെന്ന് കണ്ടെണ്ടത്തുക പ്രഭുഭരണം, രാജഭരണം, സ്വേച്ഛാധിപത്യം, സംഘഭരണം, മതാധിഷ്ഠിതഭരണം, ജനാധിപത്യം, റിപ്പബ്ലിക് ഏതുതരം ഗവൺമെന്റാണെന്ന് കണ്ടെത്താൻ നിങ്ങളെ സഹായിച്ച ആ രാജ്യത്തിന്റെ സവിശേഷതകളെക്കുറിച്ച് എഴുതുക

| രാജ്യത്തിന്റെ പേര് | ഗവൺമെന്റിന്റെ തരങ്ങൾ | രാജ്യത്തിലെ ഗവൺമെന്റിന്റെ സവിശേഷതകൾ |
|---|---|---|
| | | |
| | | |
| | | |



## ICT കോർണ്ണർ

### ശിശുരക്ഷാ കേന്ദ്രങ്ങൾ (Child Help Line)

ശിശുരക്ഷാ ബന്ധമാർഗ്ഗം
**1098**




ഘട്ടങ്ങൾ:

- ബ്രൗസറിൽ താഴെകൊടുത്തിട്ടുള്ള URL Link type ചെയ്യുക അല്ലെങ്കിൽ QR code scan ചെയ്യുക. തന്നിട്ടുള്ള URL -ൽ നിന്നും Child Line ഡൗൺലോഡ് ചെയ്യുക
- Child in distress എന്ന ഭാഗം ക്ലിക് ചെയ്യുക.
- Menu bar - ൽ Vulnerability map സെലക്ട് ചെയ്യുക
- Down load section ക്ലിക്ക് ചെയ്യുമ്പോൾ നിങ്ങൾക്ക് ചില ഹെൽപ് ലൈനുമായി ബന്ധപ്പെട്ട ഡൗൺലോഡ് ചെയ്ത ഗാനങ്ങളും വീഡിയോകളും ലഭിക്കുന്നതാണ്

**Child help line**

http://www.childlineindia.org.in/1098/b1a-telehelpline.htm

MBEPT



IX Std - Civics Malayalam Unit-1.indd 254 3/29/2023 5:31:55 PM

യൂണിറ്റ് 2

# തെരഞ്ഞെടുപ്പ്, രാഷ്ട്രീയകക്ഷികൾ, സമ്മർദ്ദവിഭാഗങ്ങൾ

## പഠന ലക്ഷ്യങ്ങൾ

- ഇന്ത്യയിലെ തെരഞ്ഞെടുപ്പ് സമ്പ്രദായത്തെ കുറിച്ച് അറിയുക.
- ഇന്ത്യയിലെ തെരെഞ്ഞെടുപ്പ് രീതികളെ കുറിച്ച് അറിയുക.
- ഇന്ത്യയിലെ രാഷ്ട്രീയകക്ഷികളുടെ അർത്ഥം മനസ്സിലാക്കുക.
- സംസ്ഥാന കക്ഷികളുടെയും ദേശീയകക്ഷികളുടെയും. പ്രവർത്തനങ്ങളെക്കുറിച്ച് അറിയുക.
- ഇന്ത്യയിലെ സമ്മർദ്ദവിഭാഗങ്ങളെക്കുറിച്ച് അറിയുക.

X7AW6

## ആമുഖം

തെരഞ്ഞെടുപ്പ് എന്നത്, ഔപചാരികമായ നിയമനിർമ്മാണ പ്രക്രിയക്കുവേണ്ടി പൊതുസ്ഥാനത്തേയ്ക്ക് യോഗ്യതയുള്ള വ്യക്തിയെ ജനങ്ങൾ വോട്ടുചെയ്ത് തെരഞ്ഞെടുക്കുന്നതാണ്.

## 2.1 ഇന്ത്യയിലെ തെരഞ്ഞെടുപ്പു സമ്പ്രദായം

ഇന്ത്യയിലെ തെരഞ്ഞെടുപ്പുസമ്പ്രദായം ഇംഗ്ലണ്ടിലെ തെരഞ്ഞെടുപ്പു സംവിധാനത്തിൽ നിന്നാണ് രൂപംകൊണ്ടത്. ഇന്ത്യ ഒരു സോഷ്യലിസ്റ്റ്, മതേതര, ജനാധിപത്യ റിപ്പബ്ലിക് രാജ്യമാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. 1947 ആഗസ്റ്റ് 15-ാം തിയതി ആധുനിക ഭാരതീയ രാഷ്ട്രം നിലവിൽ വന്നു.

ഭരണഘടനയുടെ 15-ാം അദ്ധ്യായത്തിൽ 324 മുതൽ 329 വരെയുള്ള അനുഛേദങ്ങൾ നമ്മുടെ രാജ്യത്തിന്റെ തെരഞ്ഞെടുപ്പു സമ്പ്രദായവുമായി ബന്ധപ്പെട്ടവയെ പ്രതിവാദിക്കുന്നു.അവ:

(i) നമ്മുടെ രാജ്യത്തിലെ സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 324-ൻ പ്രകാരം ഒരു സ്വതന്ത്ര തെരഞ്ഞെടുപ്പു കമ്മീഷനെ നിയമാനുസൃതമായി നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ ഒരു മുഖ്യ തെരഞ്ഞെടുപ്പുകമ്മീഷണറും, രണ്ടു തെരഞ്ഞെടുപ്പുകമ്മീഷണർമാരും ഉണ്ട്.

**നിങ്ങൾക്ക് അറിയാമോ?**



കുടവോല

തമിഴ്നാട്ടിൽ ചോളൻമാരുടെ കാലത്ത് നിലവിലുണ്ടായിരുന്ന വോട്ടെടുപ്പു രീതിയാണ് 'കുടവോല' സമ്പ്രദായം

(ii) പാർലമെന്റ് തെരഞ്ഞെടുപ്പിന് ആവശ്യമായ വോട്ടർ പട്ടിക തയ്യാറാക്കുക, മണ്ഡലങ്ങൾ പുനർനിർണ്ണയിക്കുക, തുടങ്ങിയ നിരവധി വിഷയങ്ങൾക്ക് പാർലമെന്റ് വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

(iii) സംസ്ഥാന നിയമസഭ തെരഞ്ഞെടുപ്പിന് ആവശ്യമായ വോട്ടർ പട്ടിക തയ്യാറാക്കുക, മണ്ഡലങ്ങൾ പുനർനിർണ്ണയിക്കുക, തുടങ്ങിയ നിരവധി വിഷയങ്ങൾക്ക് പാർലമെന്റ് വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

**നിങ്ങൾക്ക് അറിയാമോ?**

ഇന്ത്യയിൽ ജനുവരി 25, ദേശീയ വോട്ടർ ദിനമായി ആചരിക്കുന്നു.



IX Std - Civics Malayalam Unit-2.indd 255 3/29/2023 6:32:21 PM

### 2.1.1 തെരഞ്ഞെടുപ്പു പ്രക്രിയ

ദേശീയതലത്തിൽ, ഇന്ത്യയുടെ ഭരണത്തലവൻ പ്രധാനമന്ത്രിയാണ്. അദ്ദേഹത്തെ തെരഞ്ഞെടുക്കുന്നത് ലോകസഭ അംഗങ്ങളാണ്. ഇന്ത്യയെപോലുള്ള ജനാധിപത്യനാടുകളിൽ തെരഞ്ഞെടുപ്പു സമ്പ്രദായം വളരെയധികം പ്രാധാന്യ മർഹിക്കുന്നു. തെരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്തുക എന്നത് നിങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കാനുള്ള മാർഗ്ഗമാണ്.

### 2.1.2 നോട്ട തെരഞ്ഞെടുക്കുവാനുള്ള സംവിധാനത്തിന്റെ ആരംഭം

ഒരു ജനാധിപത്യ രാജ്യത്തിലെ ജനങ്ങൾ ഒരു സ്ഥാനാർത്ഥിയേയും തെരഞ്ഞെടുക്കാനുള്ള താല്പര്യം കാണിക്കുന്നില്ലെങ്കിൽ അവർക്ക് നോട്ട (None of The Above - ഇവരിൽ ആരുമല്ല) സംവിധാനം തെരഞ്ഞെടുക്കാവുന്നതാണ്. 1961 ലെ ഇന്ത്യൻതെരഞ്ഞെടുപ്പു നിയമപ്രകാരം 49-o നിയമത്തിൽ ഇതിനെക്കുറിച്ചു വിവരിക്കുന്നു.




വോട്ടു ചെയ്തുവെന്ന് തെളിവുനല്കുന്ന രേഖ

**നിങ്ങൾക്ക് അറിയാമോ?**

വോട്ടു ചെയ്തുവെന്ന് തെളിവുനല്കുന്ന രേഖ (Voters Verified PaperAudit Trail) (VVPAT). തെരഞ്ഞെടുപ്പു പ്രക്രിയ വിശ്വാസയോഗ്യവും സുതാര്യവുമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ഒന്നാണിത്. 2014 .ലെ പൊതു തെരഞ്ഞെടുപ്പിലാണ് ഈ സംവിധാനം ആദ്യമായി കൊണ്ടുവന്നത്.

**നിങ്ങൾക്ക് അറിയാമോ?**

2014-ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ ആദ്യമായി NOTA (നോട്ട)സംവിധാനം കൊണ്ടുവന്നു. നോട്ട സംവിധാനം കൊണ്ടുവന്ന ലോകത്തിലെ 14-ാമത്തെ രാജ്യമാണ് ഇന്ത്യ.




ഇന്ത്യയിലെ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിലെ നോട്ട (NOTA) പ്രതിനിധാനം ചെയ്യുന്ന ചിഹ്നം

### 2.1.3 ഇന്ത്യയിലെ തെരഞ്ഞെടുപ്പു രീതികൾ

ഇന്ത്യയിൽ രണ്ടുതരം തെരഞ്ഞെടുപ്പുരീതികൾ ഉണ്ട്. അവ പ്രത്യക്ഷതെരഞ്ഞെടുപ്പ്, പരോക്ഷ തെരഞ്ഞെടുപ്പ് എന്നിവയാണ്.

**പ്രത്യക്ഷതെരഞ്ഞെടുപ്പ്**

പ്രത്യക്ഷതെരഞ്ഞെടുപ്പിൽ, സമ്മതിദായകർ പ്രത്യക്ഷമായി (നേരിട്ട്) വോട്ടു രേഖപ്പെടുത്തി തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. താഴെ പറയുന്ന ഉദാഹരണങ്ങളിലൂടെ 18 വയസ്സിനു മുകളിലുള്ള ആളുകൾ തെരഞ്ഞെടുപ്പു പ്രക്രിയയിൽ നേരിട്ട് പങ്കെടുത്ത് അവരുടെ വോട്ടുകൾ രേഖപ്പെടുത്തുന്നു.

(i) ലോക്സഭാ തെരഞ്ഞെടുപ്പിലൂടെ പാർലമെന്റ് അംഗങ്ങളെ (MP) തെരഞ്ഞെടുക്കുന്നു.

(ii) നിയമസഭാ തെരഞ്ഞെടുപ്പിൽ നിയമസഭാ അംഗങ്ങളെ (MLA) തെരഞ്ഞെടുക്കുന്നു.

(iii) മുനിസിപ്പൽ കോർപ്പറേഷൻ അല്ലെങ്കിൽ പഞ്ചായത്ത് അംഗങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നു.

**നൻമകൾ**

(i) വോട്ടർമാർ തങ്ങളുടെ പ്രതിനിധികളെ നേരിട്ട് തെരഞ്ഞെടുക്കുന്നു. അതിനാൽ പ്രത്യക്ഷ തെരഞ്ഞെടുപ്പുകൾ കൂടുതൽ ജനാധിപത്യരീതികളായി പരിഗണിക്കപ്പെടുന്നു.

4W3LM

(ii) ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും, യോഗ്യതയുള്ള സ്ഥാനാർത്ഥിയെ തെരഞ്ഞെടുക്കുവാൻ ജനങ്ങളെ സഹായിക്കുകയും അതോടൊപ്പം രാഷ്ട്രീയത്തിൽ സജീവ പങ്കാളിത്തം വഹിക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

(iii) ഗ്രാമം, ടൗൺപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ തുടങ്ങിയ തദ്ദേശ സ്ഥാപനങ്ങളിലെ അംഗങ്ങളെയും തലവൻമാരേയും തെരഞ്ഞെടുക്കുന്നു.



IX Std - Civics Malayalam Unit-2.indd 256 1/27/2023 1:34:09 PM

**തിൻമകൾ**

(i) പ്രത്യക്ഷതെരഞ്ഞെടുപ്പ് വളരെ ചെലവേറിയതാണ്.

(ii) നിരക്ഷരരായ വോട്ടർമാരെ തെറ്റായ പ്രചരണങ്ങളാൽ വഴിതെറ്റിക്കുന്നു. ജാതിയും മതവും മറ്റു വിഭാഗീയചിന്തകളും പ്രചരണം നടത്തി ഗുരുതരമായ വെല്ലുവിളികൾ ഉയർത്തുന്നു.

(iii) പ്രത്യക്ഷതെരഞ്ഞെടുപ്പ് നടത്തുന്നത് വൻതോതിലുള്ള ജോലിയായതുകൊണ്ട് ഓരോ വോട്ടെടുപ്പുകേന്ദ്രങ്ങളിലും, സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് നടത്തുക എന്നത് തെരഞ്ഞെടുപ്പുകമ്മീഷന് വലിയ വെല്ലുവിളിയാണ്.

(iv) ചില രാഷ്ട്രീയകക്ഷി സ്ഥാനാർത്ഥികൾ, പണം, മറ്റുവസ്തുക്കൾ അല്ലെങ്കിൽ സേവനങ്ങളിലൂടെ വോട്ടർമാരെ സ്വാധീനിക്കുന്നതും മറ്റൊരു വെല്ലുവിളിയാണ്.

(v) തെരഞ്ഞെടുപ്പു പ്രചരണങ്ങൾ ചിലപ്പോൾ, കലാപങ്ങൾ, സംഘർഷങ്ങൾ, ക്രമസമാധാന പ്രശ്നങ്ങൾ എന്നിവകളിലൂടെ തങ്ങളുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്നു.

**പരോക്ഷ തെരഞ്ഞെടുപ്പ് (പ്രാതിനിധ്യ തെരഞ്ഞെടുപ്പ്)**

സമ്മതിദായർ നേരിട്ട് വോട്ട് ചെയ്യാതെ തങ്ങളുടെ പ്രതിനിധികളെകൊണ്ട് അംഗങ്ങളെ തെരഞ്ഞെടുക്കുന്ന രീതിക്ക് പരോക്ഷ തെരഞ്ഞെടുപ്പ് എന്നു പറയുന്നു. ഇന്ത്യൻ രാഷ്ട്രപതിയെ ഇപ്രകാരം തെരഞ്ഞെടുക്കുന്നു.

**നന്മകൾ**

(i) പരോക്ഷ തെരഞ്ഞെടുപ്പ് ചെലവു കുറഞ്ഞതാണ്.

(ii) പരോക്ഷ തെരഞ്ഞെടുപ്പ് വലിയ രാജ്യങ്ങൾക്ക് യോജിച്ചതാണ്.

**തിന്മകൾ**

(i) വോട്ടർമാരുടെ എണ്ണം വളരെ കുറവാണെങ്കിൽ അഴിമതി, കൈക്കൂലി, കുതിരക്കച്ചവടം മറ്റ് അനധികൃത പ്രവർത്തനങ്ങൾ എന്നിവ ഉണ്ടാകാനുള്ള സാധ്യതയുണ്ട്.

(ii) ജനങ്ങൾക്ക് തങ്ങളുടെ പ്രതിനിധികളെ നേരിട്ട് തെരഞ്ഞെടുക്കാനുള്ള അവസരം ലഭിക്കാത്തതിനാൽ ഇതൊരു കുറഞ്ഞ ജനാധിപത്യമായി കരുതപ്പെടുന്നു. അവർ തങ്ങളുടെ പ്രതിനിധികളിലൂടെ തെരഞ്ഞെടുക്കുന്നതിനാൽ ജനങ്ങളുടെ യഥാർത്ഥ അഭിപ്രായങ്ങളെ പ്രതിഫലിപ്പിക്കുന്നില്ല.

## 2.2 രാഷ്ട്രീയ കക്ഷികൾ

ജനാധിപത്യത്തിൽ രാഷ്ട്രീയകക്ഷികൾ അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. ജനങ്ങളേയും ഗവൺമെന്റിനേയും യോജിപ്പിക്കുന്ന ഒരു ഘടകമായി രാഷ്ട്രീയകക്ഷികൾ പ്രവർത്തിക്കുന്നു.

**നിങ്ങൾക്ക് അറിയാമോ?**

**ഇന്ത്യൻ രാഷ്ട്രപതി തെരഞ്ഞെടുക്കപ്പെടുന്നത് എങ്ങനെ?**

രാഷ്ട്രപതിയെ താഴെപറയുന്ന അംഗങ്ങൾ ഉൾക്കൊണ്ട പ്രതിനിധിസമിതി (Electoral College) മുഖേന തെരഞ്ഞെടുക്കുന്നു.

1. പാർലമെന്റിലെ ഇരുസഭകളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ.
2. ഇന്ത്യയിലുള്ള എല്ലാസംസ്ഥാന നിയമ സഭകളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ. കേന്ദ്രഭരണപ്രദേശങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

**കുറിപ്പ് :** പാർലമെന്റിലെ ഇരുസഭകളിലും, നിയമസഭകളിലും നിയമിക്കപ്പെട്ട അംഗങ്ങൾ പ്രതിനിധിവിഭാഗത്തിൽ സ്ഥാനം വഹിക്കുന്നില്ല.

### 2.2.1 രാഷ്ട്രീയ കക്ഷിയുടെ അർത്ഥം

ഒരു വിഭാഗം ജനങ്ങൾ രൂപം നൽകിയ സംഘടനയാണ് രാഷ്ട്രീയകക്ഷികൾ. ഇവയ്ക്ക് തനതായ ആശയങ്ങളും പ്രവർത്തന പദ്ധതികളും ഉണ്ടാകും. അവർ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുകയും ഗവൺമെന്റിന്റെ അധികാരം ഏറ്റെടുക്കുകയും ചെയ്യും. ഒരു രാഷ്ട്രീയകക്ഷിയിൽ മൂന്നു ഘടകങ്ങൾ ഉണ്ട്. നേതാവ്, സജീവ അംഗങ്ങൾ, അനുയായികൾ.

### 2.2.2 കക്ഷി സമ്പ്രദായത്തിന്റെ വകഭേദങ്ങൾ

ലോകത്തിൽ മൂന്നുതരം കക്ഷി സമ്പ്രദായങ്ങൾ ഉണ്ട്.

i. ഒരു ഭരണകക്ഷി മാത്രമുള്ളതും എന്നാൽ പ്രതിപക്ഷത്തിന് അനുമതിയില്ലാത്തതുമായ സമ്പ്രദായം ഏകകക്ഷി സമ്പ്രദായം. ഉദാ: ചൈന, ക്യൂബ, മുൻസോവിയറ്റ് യൂണിയൻ.

ii. രണ്ടു പ്രധാന രാഷ്ട്രീയ കക്ഷികളുള്ള സമ്പ്രദായം ദ്വികക്ഷി സമ്പ്രദായം. ഉദാ: അമേരിക്കൻ ഐക്യനാടുകൾ, ഇംഗ്ലണ്ട്.

iii. രണ്ടിലധികം രാഷ്ട്രീയകക്ഷികളുള്ള സമ്പ്രദായം ബഹുകക്ഷി സമ്പ്രദായം ഉദാ : ഇന്ത്യ, ശ്രീലങ്ക, ഫ്രാൻസ്, ഇറ്റലി.



IX Std - Civics Malayalam Unit-2.indd 257 1/27/2023 1:34:09 PM

## 2.2.3 രാഷ്ട്രീയകക്ഷികളുടെ തരങ്ങൾ

സ്വാധീന മേഖലകൾക്കനുസരിച്ച് ഇന്ത്യയിലെ രാഷ്ട്രീയകക്ഷികളെ രണ്ടായി തിരിക്കാം. (1) ദേശീയകക്ഷികൾ (2) സംസ്ഥാനകക്ഷികൾ




### ദേശീയകക്ഷികൾ

കുറഞ്ഞത് നാല് സംസ്ഥാനങ്ങളിലെങ്കിലും സംസ്ഥാനകക്ഷിയായി അംഗീകരിക്കപ്പെട്ട കക്ഷികളെ ദേശീയകക്ഷിയായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. രാജ്യത്തിലുള്ള എല്ലാ കക്ഷികളും തെരഞ്ഞെടുപ്പു കമ്മീഷനിൽ രജിസ്റ്റർ ചെയ്യണം. തെരഞ്ഞെടുപ്പു കമ്മീഷൻ എല്ലാകക്ഷികളേയും തുല്യമായി പരിഗണിക്കുന്നു. അത് സംസ്ഥാന-ദേശീയ-കക്ഷികൾക്ക് ചില പ്രത്യേക സൗകര്യങ്ങൾ നൽകുന്നു. ഈ കക്ഷികൾക്ക് ഒരു പ്രത്യേക ചിഹ്നം നൽകുന്നു. കക്ഷിയുടെ ഔദ്യോഗിക സ്ഥാനാർത്ഥികൾക്ക് മാത്രമേ ആ ചിഹ്നം ഉപയോഗിക്കാൻ പാടുള്ളൂ. 2017ലെ കണക്കനുസരിച്ച് ഇതുവരെ ഏഴ് അംഗീകൃതകക്ഷികൾ ഉള്ളതായി കണക്കാക്കുന്നു

### സംസ്ഥാന കക്ഷികൾ

ഏഴ് ദേശീയ കക്ഷികൾ ഒഴികെ രാജ്യത്തിലെ പ്രമുഖകക്ഷികളെ സംസ്ഥാന കക്ഷികളായി തെരഞ്ഞെടുപ്പു കമ്മീഷൻ തരം തിരിക്കുന്നു. ഈ കക്ഷികളെ സാധാരണയായി 'പ്രാദേശിക കക്ഷികൾ' എന്നു പറയുന്നു നിയമസഭ, ലോകസഭ തെരഞ്ഞെടുപ്പുകളിൽ ഒരു നിശ്ചിത എണ്ണം സീറ്റുകളിൽ ജയിച്ച അല്ലെങ്കിൽ ഒരു നിശ്ചിത ശതമാനം വോട്ടുകൾ നേടിയതിന്റെ അടിസ്ഥാനത്തിൽ ഒരു കക്ഷിയെ ഇന്ത്യൻ തെരഞ്ഞെടുപ്പുകമ്മീഷൻ സംസ്ഥാന കക്ഷിയായി അംഗീകരിക്കുന്നു.

### കക്ഷികളുടെ അംഗീകാരം

താഴെപ്പറയുന്ന നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് പൂർത്തീകരിക്കുന്ന രാഷ്ട്രീയ കക്ഷിയെ ദേശീയകക്ഷിയായി അംഗീകരിക്കുന്നു.

i. കുറഞ്ഞത് നാലുസംസ്ഥാനങ്ങളിലെങ്കിലും ആറ് ശതമാനത്തിൽ കുറയാത്ത വോട്ടുകൾ നേടിയിരിക്കണം.

ii. ലോക്സഭാ തെരഞ്ഞെടുപ്പിൽ കുറഞ്ഞത് മൂന്നു സംസ്ഥാനങ്ങളിലെങ്കിലും രണ്ട് ശതമാനത്തിൽ കുറയാത്ത അംഗങ്ങൾ തെരഞ്ഞെടുക്കപ്പെടണം.

iii. ചുരുങ്ങിയത് നാലു സംസ്ഥാനങ്ങളിലെങ്കിലും സംസ്ഥാന കക്ഷിയായിട്ട് അംഗീകാരം ലഭിച്ചിരിക്കണം.

### രാഷ്ട്രീയകക്ഷികളുടെ പ്രവർത്തനങ്ങൾ

- രാഷ്ട്രീയ കക്ഷികൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഭൂരിപക്ഷം ജനാധിപത്യ രാജ്യങ്ങളിലും, പ്രധാനമായ രാഷ്ട്രീയ കക്ഷികളുടെ സ്ഥാനാർത്ഥികൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നു.
- രാഷ്ട്രീയ കക്ഷികൾ തങ്ങളുടെ നയങ്ങളും പദ്ധതികളും സമ്മതിദായകരുടെ പരിഗണനയ്ക്കായി മുന്നോട്ട് വയ്ക്കുന്നു.
- രാഷ്ട്രീയ കക്ഷികൾ ഗവൺമെന്റുകൾക്ക് രൂപം നൽകി അവയുടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നു.
- തെരഞ്ഞെടുപ്പിൽ പരാജയപ്പെടുന്ന ഭരണകക്ഷി അഥവാ കൂട്ടുകക്ഷിയുടെ പ്രതിപക്ഷമായി പ്രവർത്തിക്കുന്നു.
- തെരഞ്ഞെടുപ്പിൽ പരാജയപ്പെടുന്ന ഭരണകക്ഷി അഥവാ കൂട്ടുകക്ഷിയുടെ പ്രതിപക്ഷമായി പ്രവർത്തിക്കുന്നു. ഇവർ ഗവൺമെന്റിന്റെ കുറവുകളേയും തെറ്റായ നയങ്ങളേയും വിമർശിച്ച് തങ്ങളുടെ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ജനമദ്ധ്യത്തിലെത്തിക്കുന്നു.
- രാഷ്ട്രീയകക്ഷികൾ പൊതു അഭിപ്രായം അവതരിപ്പിക്കുന്നു. അതുമാത്രമല്ല പ്രധാനപ്പെട്ട സംഭവങ്ങളെ ജനശ്രദ്ധയിൽ കൊണ്ടുവരുന്നു.
- ജനങ്ങൾക്കും ഗവൺമെന്റിനുമിടയിൽ ഒരു ബന്ധകേന്ദ്രമായി രാഷ്ട്രീയകക്ഷികൾ പ്രവർത്തിക്കുന്നു.

## 2.2.4 ജനാധിപത്യത്തിൽ പ്രതിപക്ഷകക്ഷികളുടെ പങ്ക്

ജനാധിപത്യത്തിൽ അമേരിക്കൻ ഐക്യ നാടുകൾ പോലെ ദ്വികക്ഷി ഭരണ രീതിയോ അല്ലെങ്കിൽ ഇന്ത്യ, ഫ്രാൻസ് രാജ്യങ്ങളെപ്പോലെ ബഹുകക്ഷി സമ്പ്രദായമോ ഉണ്ടായിരിക്കുന്നതാണ്. ഭൂരിപക്ഷം ജനങ്ങളുടെ അംഗീകാരം നേടിയ കക്ഷി ഭരണകക്ഷിയും ബാക്കിയുള്ള ജനങ്ങളുടെ അംഗീകാരം നേടിയ കക്ഷി പ്രതിപക്ഷകക്ഷിയും ആയിരിക്കും. ഗവൺമെന്റിന്റെ എല്ലാമേഖലകളിലും പ്രതിപക്ഷനേതാവിന് പ്രധാനപ്പെട്ട സ്ഥാനമുണ്ട്. ഇദ്ദേഹത്തിന് ക്യാബിനറ്റ് മന്ത്രിയുടെ തത്തുല്യമായ സ്ഥാനം ലഭിക്കുന്നു. പൊതുജനത്തെ ബാധിക്കുന്ന ഭരണകക്ഷിയുടെ തെറ്റായ നയങ്ങളെ അദ്ദേഹം എതിർക്കുന്നു. പൊതുകണക്ക് കമ്മറ്റിയുടെ ചെയർമാൻ എന്ന നിലക്ക് ഗവൺമെന്റ് വകുപ്പുകളുടെ പ്രവർത്തനങ്ങളെ ചോദ്യം ചെയ്യുകയും പൊതുപണം ജനങ്ങളുടെ ക്ഷേമത്തിനാണോ ഉപയോഗിക്കുന്നത് എന്നു പരിശോധിക്കുകയും ചെയ്യുന്നു. അതുപോലെ കേന്ദ്ര വിജിലൻസ് കമ്മീഷന്റെ ചെയർമാനേയും അംഗങ്ങളേയും നിയമിക്കുന്നതിനും ഇദ്ദേഹം ഒരു പ്രധാനപങ്ക് വഹിക്കുന്നു. ജനങ്ങളുടെ



IX Std - Civics Malayalam Unit-2.indd 258 1/27/2023 1:34:09 PM

യഥാർത്ഥ ആവശ്യങ്ങളെയും ഉത്കണ്ഠയേയും പ്രതിപക്ഷകക്ഷികൾ പ്രതിഫലിപ്പിക്കുകയും ജനാധിപത്യത്തിൽ ക്രിയാത്മകമായ പങ്ക് നിർവഹിക്കുകയും ചെയ്യുന്നു.

## 2.3 സമ്മർദ്ദ വിഭാഗങ്ങൾ

"സമ്മർദ്ദ വിഭാഗം" എന്ന പദം അമേരിക്കൻ ഐക്യ നാടുകളിലാണ് ആവിർഭവിച്ചത്. തങ്ങളുടെ പൊതു വായ താല്പര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ന്യായീകരിക്കുന്നതിനുവേണ്ടി രൂപം കൊണ്ട ഒരു വിഭാഗം ജനങ്ങളെയാണ് സമ്മർദ്ദവിഭാഗം എന്നു പറയുന്നത്. ഗവൺമെന്റിന്റെമേൽ സമ്മർദ്ദംചെലുത്തി പൊതുനയങ്ങളിൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നതുകൊണ്ടാണ് ഈവിഭാഗത്തെ ഇങ്ങനെ വിളിക്കുന്നത്.

സമ്മർദ്ദവിഭാഗങ്ങളെ "താല്പര്യ വിഭാഗങ്ങൾ" അഥവാ "നിക്ഷിപ്ത വിഭാഗങ്ങൾ" എന്നുവിളിക്കുന്നു. ഇത് രാഷ്ട്രീയ കക്ഷികളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുകയോ രാഷ്ട്രീയ അധികാരം കൈക്കലാക്കാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല.




### 2.3.1 ഇന്ത്യയിലെ സമ്മർദ്ദവിഭാഗങ്ങൾ

ഇന്ത്യയിൽ ഇപ്പോൾ ധാരാളം സമ്മർദ്ദ വിഭാഗങ്ങൾ കാണപ്പെടുന്നു. എന്നാൽ അവ അമേരിക്ക അല്ലെങ്കിൽ ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ കാണുന്നതുപോലെ വളർച്ച പ്രാപിച്ചതല്ല.

**സമ്മർദ്ദ വിഭാഗങ്ങൾ**




ഇന്ത്യയിലെ സമ്മർദ്ദവിഭാഗങ്ങളെ താഴെ പറയുന്ന രീതിയിൽ വകഭേദം ചെയ്യാവുന്നതാണ്.

1. വാണിജ്യ സംഘടനകൾ
2. തൊഴിലാളി സംഘടനകൾ
3. കാർഷിക സംഘടനകൾ
4. തൊഴിൽ സംഘടനകൾ
5. വിദ്യാർത്ഥി സംഘടനകൾ
6. മതപരമായ സംഘടനകൾ
7. ഗോത്രവർഗ്ഗ സംഘടനകൾ
8. ഭാഷാപരമായ സംഘടനകൾ
9. ആശയാധിഷ്ഠിത സംഘടനകൾ
10. പരിസ്ഥിതി സംരക്ഷണ സംഘടനകൾ

**ഇന്ത്യയിൽ സമ്മർദ്ദ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ**

സർക്കാരിന്റെ നയങ്ങളിൽ സ്വാധീനം ചെലുത്തുന്നതുമൂലം പ്രത്യേക താല്പര്യങ്ങളെ ലഭിക്കാൻ പ്രവർത്തിക്കുന്ന താല്പര്യവിഭാഗങ്ങളെ സമ്മർദ്ദവിഭാഗങ്ങൾ എന്നു പറയുന്നു. ഈ വിഭാഗങ്ങൾ യാതൊരു രാഷ്ട്രീയ കക്ഷികളോടും കൂട്ടുചേരുന്നില്ല. എന്നാൽ നയപരമായ തീരുമാനങ്ങളിൽ പരോക്ഷമായ എന്നാൽ അതിശക്തമായ സ്വാധീനം അവർ ചെലുത്തുന്നു. നിവേദനം നൽകൽ, രാഷ്ട്രീയ പങ്കാളിത്തം, വിദ്യാഭ്യാസം, നയരൂപീകരണം, നയങ്ങൾ നടപ്പിലാക്കുക തുടങ്ങി നിരവധി പ്രവർത്തന പരിപാടികൾ ഈ സമ്മർദ്ദവിഭാഗങ്ങൾ നടത്തുന്നുണ്ട്.

**നിങ്ങൾക്ക് അറിയാമോ?**

**സമ്മർദ്ദവിഭാഗത്തിന് ഉദാഹരണങ്ങൾ**

1. ഇന്ത്യൻ വാണിജ്യ - തൊഴിൽ മേഖല സമ്മേളനത്തിന്റെ സംഘടന
2. അഖിലേന്ത്യാതൊഴിൽ സംഘടന [All India Trade Union Congress]
3. അഖിലേന്ത്യാതൊഴിലാളി സംഘടന
4. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ
5. അഖിലേന്ത്യാ വിദ്യാർത്ഥി സമ്മേളനം
6. അഖിലേന്ത്യാ സിക്കു വിദ്യാർത്ഥി സമ്മേളനം
7. ബഡഗാ യുവജന സംഘടന
8. തമിഴ് സംഘം
9. തമിഴ്നാട് കർഷക സംഘം
10. നർമ്മദ ബചാവോ ആന്തോലൻ

**രാഷ്ട്രീയ പങ്കാളിത്തം**

രാഷ്ട്രീയത്തിലെ "അനൗപചാരികമുഖം" എന്നു സമ്മർദ്ദവിഭാഗത്തെ വിളിക്കുന്നു. പരാതികൾ, ജാഥകൾ. പ്രകടനങ്ങൾ, രാഷ്ട്രീയപ്രതിഷേധങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സ്വാധീനം



IX Std - Civics Malayalam Unit-2.indd 259 1/27/2023 1:34:10 PM

ചെലുത്തുന്നതുകൊണ്ട് ജനപിൻതുണ ആർജ്ജിക്കുന്നു. ഇത്തരം രാഷ്ട്രീയ പങ്കാളിത്തം പ്രത്യേകിച്ച് യുവജനങ്ങളെ ആകൃഷ്ടരാക്കുന്നു.

**വിദ്യാഭ്യാസം**

നിരവധി സമ്മർദ്ദ വിഭാഗങ്ങൾ ഗവേഷണങ്ങളിലൂടെയും വെബ്സൈറ്റ് നിർവ്വഹണത്തിലൂടെയും ഗവൺമെന്റ് നയങ്ങളെക്കുറിച്ചുള്ള അഭിപ്രായ പ്രകടനങ്ങളിലൂടെയും ഉന്നത നിലവാരമുള്ള വിദ്യാഭ്യാസ പ്രവർത്തകർ, ശാസ്ത്രജ്ഞന്മാർ, പ്രശസ്തരായ വ്യക്തികൾ എന്നിവരിലൂടെയും വിദഗ്ധ അഭിപ്രായങ്ങൾ സമാഹരിക്കുന്നു.

**നയരൂപീകരണം**

സമ്മർദ്ദ വിഭാഗങ്ങൾ നയരൂപീകരണം നടത്തുന്നില്ല. എന്നാൽ അവരിൽ പലരും നയരൂപീകരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക്കുന്നവരെ തടയുന്നുമില്ല. നിരവധി സമ്മർദ്ദ വിഭാഗങ്ങൾ ധാരാളം പ്രധാന വിവരങ്ങളുടെ സ്രോതസ്സുകളായതിനാൽ നയരൂപീകരണ പ്രക്രിയയിൽ ഗവൺമെന്റ് അവരുമായി കൂടിയാലോചനകൾ നടത്തുന്നു.

## 2.4 സംഘാടനവും ജനപങ്കാളിത്തവും

### 2.4.1 സംഘാടനം

ജനങ്ങളുടെ ജീവിതത്തിൽ സർവ്വധോൻമുഖമായ വികാസത്തിന് അത്യന്താപേക്ഷിതമായ ഉല്പാദന പ്രവർത്തനങ്ങൾക്കായി ജനങ്ങൾ സംഘടിക്കുന്നു. ഭൂകമ്പം, സുനാമി, വെള്ളപ്പൊക്കം പോലെയുള്ള പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ദുരന്ത നിവാരണത്തിനും അടിയന്തരസഹായം എത്തിക്കുന്നതിനും പെട്ടെന്ന് ജനങ്ങളെ സംഘടിപ്പിക്കേണ്ടതാണ്.

### 2.4.2 ജനാധിപത്യ പങ്കാളിത്തം

ചെറിയ പ്രാദേശിക വിഭാഗങ്ങൾ, യഥാർത്ഥത്തിൽ എല്ലാ ജനങ്ങളുടെയും പ്രവർത്തനത്താൽ ജനാധിപത്യം വിജയം കൈവരിക്കുന്നു. നികുതിപിരിവ്, പരിസ്ഥിതിസംരക്ഷണം, ശുചിത്വം, ആരോഗ്യപരിപാലനം, പൾസ്പോളിയോ പോലുള്ള രോഗപ്രതിരോധ നടപടികൾ എന്നിവ ഇവരുടെ സഹായത്തോടെ നടക്കുന്നു.

അതിനാൽ ജനാധിപത്യ ഗവൺമെന്റിനെക്കാൾ മികച്ച ഭരണ സംവിധാനം ഇല്ലെന്ന കാര്യം നാം മനസ്സിലാക്കേണ്ടതാണ്. ക്ഷേമ സമൂഹവും രാഷ്ട്രവും വാർത്തെടുക്കേണ്ടതിന് ഇന്ത്യയിലെ ജനങ്ങൾകേന്ദ്ര സംസ്ഥാന സർക്കാരുമായി ഒത്തൊരുമിച്ച് ജനജീവിതത്തിന്റെ ദുരിതങ്ങൾക്കെതിരെ പോരാടേണ്ടതാണ്.

### സംഗ്രഹം

- പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കുന്നത് ലോകസഭാംഗങ്ങളാണ്.
- തെരഞ്ഞെടുപ്പുകൾ രണ്ടുതരത്തിലുണ്ട്. പ്രത്യക്ഷജനാധിപത്യം - പരോക്ഷജനാധിപത്യം.
- ഒരു രാഷ്ട്രീയ കക്ഷിക്ക് നേതാവ്, സജീവ അംഗങ്ങൾ, അനുയായികൾ എന്നിങ്ങനെ മൂന്നു ഘടകങ്ങളുണ്ട്.
- ഇന്ത്യയിൽ രണ്ടുതരം രാഷ്ട്രീയകക്ഷികൾ ഉണ്ട്. (1) ദേശീയകക്ഷി (2) സംസ്ഥാന കക്ഷി.
- 2017 - ലെ കണക്കനുസരിച്ച് ഇന്ത്യയിൽ ഏഴ് അംഗീകൃത ദേശീയ കക്ഷികളുണ്ട്.
- "സമ്മർദ്ദ വിഭാഗം" എന്ന പദം ആവിർഭവിച്ചത് അമേരിക്കൻ ഐക്യനാടുകളിലാണ്.
- ഇന്ത്യയിൽ ധാരാളം സമ്മർദ്ദവിഭാഗങ്ങൾ നിലവിലുണ്ട്.

### അഭ്യാസം

QB9A5

**I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.**

1. താഴെ തന്നിട്ടുള്ളവയിൽ ഏതു രാജ്യത്തിന്റെ തെരഞ്ഞെടുപ്പു രീതിയാണ് ഇന്ത്യ സ്വീകരിച്ചിട്ടുള്ളത്
   (a) അമേരിക്കൻ ഐക്യനാടുകൾ
   (b) ഇംഗ്ലണ്ട്
   (c) കാനഡ
   (d) റഷ്യ

2. ഇന്ത്യൻ തെരഞ്ഞെടുപ്പു കമ്മീഷൻ ഒരു
   (a) സ്വതന്ത്രസ്ഥാപനം
   (b) നിയമ പരമായ സ്ഥാപനം
   (c) സ്വകാര്യസ്ഥാപനം
   (d) പൊതുസ്ഥാപനം

3. ഭരണ ഘടനയുടെ ഏത് അനുഛേദം അനുസരിച്ചാണ് ഇന്ത്യയിലെ തെരഞ്ഞെടുപ്പു കമ്മീഷൻ വിഭാവനം ചെയ്തിരിക്കുന്നത്
   (a) 280-ാം അനുഛേദം
   (b) 315-ാം അനുഛേദം
   (c) 324-ാം അനുഛേദം
   (d) 325-ാം അനുഛേദം

4. ഇന്ത്യൻ ഭരണഘടനയുടെ ഏതു വിഭാഗത്തിലാണ് തെരഞ്ഞെടുപ്പു കമ്മീഷനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്
   (a) ഭാഗം III (b) ഭാഗം XV
   (c) ഭാഗം XX (d) ഭാഗം XXII



IX Std - Civics Malayalam Unit-2.indd 260 1/27/2023 1:34:10 PM

**5.** രാഷ്ട്രീയ കക്ഷികളെ ദേശീയ കക്ഷി അല്ലെങ്കിൽ സംസ്ഥാന കക്ഷിയായി അംഗീകരിക്കുന്നതാര്?

a) രാഷ്ട്രപതി

b) തെരഞ്ഞെടുപ്പു കമ്മീഷൻ

c) പാർലമെന്റ്

d) തെരഞ്ഞെടുപ്പു കമ്മീഷന്റെ ഉപദേശ പ്രകാരം രാഷ്ട്രപതി

**6.** പ്രസ്താവന: ഇന്ത്യ ഭരണഘടന തെരഞ്ഞെടുപ്പ് കമ്മീഷന് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള വഴിയൊരുക്കുന്നു.

കാരണം: ഇത് രാജ്യത്തിൽ സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് നടക്കുന്നതിന് ഉറപ്പുവരുത്തുന്നു

a) പ്രസ്താവനയും കാരണവും ശരിയാണ്. പ്രസ്താവനയെ കാരണം വിശദമാക്കുന്നു.

b) പ്രസ്താവനയും കാരണവും ശരിയാണ്. പ്രസ്താവനയെ കാരണം വിശദമാക്കുന്നില്ല

c) പ്രസ്താവന ശരി. കാരണം തെറ്റ്

d) പ്രസ്താവന തെറ്റ്. കാരണം ശരി

**7.** "നോട്ട" (NOTA) ഉപയോഗിക്കാൻ തുടങ്ങിയ വർഷം

(a) 2012 (b) 2013

(c) 2014 (d) 2015

**8.** സമ്മർദ്ദ വിഭാഗം എന്ന പദം ആവിർഭവിച്ചത്.

(a) അമേരിക്കൻ ഐക്യനാടുകൾ

(b) ഇംഗ്ലണ്ട്

(c) റഷ്യ

(d) ഇന്ത്യ

**9.** പ്രസ്താവന: ഇന്ത്യയിൽ ധാരാളം സമ്മർദ്ദവിഭാഗങ്ങൾ ഉണ്ട്

കാരണം : അമേരിക്കൻ ഐക്യനാടിനെപ്പോലെ ഇന്ത്യയിൽ സമ്മർദ്ദവിഭാഗങ്ങൾ വളർച്ച പ്രാപിച്ചിട്ടില്ല

a) പ്രസ്താവനയും കാരണവും ശരിയാണ്. പ്രസ്താവനയെ കാരണം വിശദമാക്കുന്നു.

b) പ്രസ്താവനയും കാരണവും ശരിയാണ്. പ്രസ്താവന കാരണം വിശദമാക്കുന്നില്ല.

c) പ്രസ്താവനയും കാരണവും തെറ്റാണ്

d) പ്രസ്താവന തെറ്റാണ്. കാരണം ശരിയാണ്.

## II. പൂരിപ്പിക്കുക

**1.** ഇന്ത്യൻ തെരഞ്ഞെടുപ്പു കമ്മീഷനിൽ ———— അംഗങ്ങളുണ്ട്.

**2.** ദേശീയ സമ്മതിദായകദിനം" ആഘോഷിക്കുന്ന ദിവസം ———— ആണ്

**3.** ഇന്ത്യ ———— കക്ഷി സമ്പ്രദായം പിൻതുടരുന്നു

**4.** 2017-ലെകണക്കുപ്രകാരംഅംഗീകരിക്കപ്പെട്ട ദേശീയകക്ഷികളുടെ എണ്ണം ————

**5.** "നർമ്മദ ബചാവോ ആന്തോലൻ" എന്നത് ഒരു ———— ആകുന്നു

## III. ചേരും പടി ചേർക്കുക

| | | | |
|---|---|---|---|
| 1. | ദേശീയ കക്ഷി | - | വ്യാപാര സംഘടനകൾ |
| 2. | ഏകകക്ഷി സമ്പ്രദായം | - | അമേരിക്കൻ ഐക്യനാടുകൾ |
| 3. | ദ്വികക്ഷി സമ്പ്രദായം | - | ചൈന. |
| 4. | സമ്മർദ്ദ വിഭാഗം | - | 7 |

## IV. ഉത്തരം ചുരുക്കി എഴുതുക.

**1.** ഇന്ത്യയിലെ തെരഞ്ഞെടുപ്പ് സമ്പ്രദായത്തെക്കുറിച്ചെഴുതുക?

**2.** രാഷ്ട്രീയ കക്ഷി എന്നതിന്റെ അർത്ഥമെന്ത്?.

**3.** ദ്വികക്ഷി സമ്പ്രദായം, ബഹുകക്ഷി സമ്പ്രദായം ഇവയുടെ വ്യത്യാസങ്ങളെക്കുറിച്ചെഴുതുക.?

**4.** സമ്മർദ്ദവിഭാഗങ്ങൾ എന്നാലെന്ത്?

## V. ഉത്തരം വിവരിച്ചെഴുതുക

**1.** പ്രത്യക്ഷ തെരഞ്ഞെടുപ്പിന്റെ നൻമതിൻമകളെക്കുറിച്ചെഴുതുക?

**2.** രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തനങ്ങൾ എന്തെല്ലാം?

**3.** ഇന്ത്യയിലെ സമ്മർദ്ദവിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ എന്തെല്ലാം?

## VI. പ്രവർത്തനങ്ങൾ

**1.** ദേശീയകക്ഷികളുടെയും സംസ്ഥാന കക്ഷികളുടെയും നയങ്ങൾ, പദ്ധതികൾ, നേട്ടങ്ങൾ എന്നിവയെ താരതമ്യം ചെയ്യുക.

## VII. ചിന്തിച്ച് ഉത്തരമെഴുതുക

**1.** പ്രാതിനിധ്യ ജനാധിപത്യത്തിൽ തെരഞ്ഞെടുപ്പുകൾ വളരെ പ്രാധാന്യമർഹിക്കുന്നു. എന്തുകൊണ്ട്?

**2.** പ്രായപൂർത്തി വോട്ടവകാശത്തിന്റെ തത്വമെന്ത്? ഇതിന്റെ പ്രാധാന്യമെന്ത്?

**3.** ജനാധിപത്യത്തിന്റെ നന്മകളും തിന്മകളും ചർച്ച ചെയ്യുക?

**4.** ബഹുകക്ഷി സമ്പ്രദായത്തെക്കുറിച്ച് ചർച്ച ചെയ്യുക.

## VIII. നൈപുണ്യം

**1.** ക്ലാസിൽ ഒരു മാതൃകാ തെരഞ്ഞെടുപ്പ് നടത്തുക.



IX Std - Civics Malayalam Unit-2.indd 261 1/27/2023 1:34:10 PM

അദ്ധ്യായം

3

# മനുഷ്യാവകാശങ്ങൾ



## പഠനലക്ഷ്യങ്ങൾ

- മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള അന്താരാഷ്ട്ര പ്രവർത്തനങ്ങൾ.
- ഇൻഡ്യൻ ഭരണഘടന ഉറപ്പാക്കുന്ന പ്രാഥമിക മനുഷ്യാവകാശങ്ങൾ മനസിലാക്കുക.
- മനുഷ്യാവകാശ സംരക്ഷണ സംഘടനകളുടെ പ്രവർത്തനങ്ങളും അവ നേരിടുന്ന പ്രശ്നങ്ങളും മനസിലാക്കുക.
- വിവിധ മനുഷ്യാവകാശങ്ങളിലേക്ക് ഒരു എത്തിനോട്ടം.

3NHSB

മനുഷ്യാവകാശ സംഘടനകളുടെ ചരിത്ര പഠനമാണിത്. ആഗോള മനുഷ്യാവകാശ പ്രഖ്യാപനത്തിലെ സുപ്രധാന അംശങ്ങളും ഇതിൽ ഉണ്ട്. ഇൻഡ്യൻ ഭരണഘടന പരിപാവനമായി കുതിപ്പോരുന്ന മൗലികാവകാശങ്ങൾ, അതിൽ പ്രതിപാദിച്ചിരിക്കുന്ന മൗലിക കർത്തവ്യങ്ങൾ ഇവ കൂടാതെ കേന്ദ്ര-സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളെ പരിചയപ്പെടുത്തൽ അവയുടെ പ്രവർത്തനങ്ങൾ ഇവയും ഇതിൽ വിശദമാക്കിയിട്ടുണ്ട്. കൂടാതെ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് അവകാശങ്ങളായ കുട്ടികളുടെ അവകാശങ്ങൽ, പട്ടിക ജാതി-പട്ടിക വർഗ്ഗ അവകാശങ്ങൾ, സ്ത്രീകളുടെ അവകാശങ്ങൾ എന്നിവയും ഇതിൽ ചർച്ച ചെയ്യപ്പെടുന്നു.

1893 ജൂൺ 7-ാംതിയ്യതി പ്രിട്ടോറിയയിലേക്ക് യാത്ര ചെയ്യുകയായിരുന്ന ഒരാളോട് പ്രസ്തുത ഒന്നാം ക്ലാസ്സ് കമ്പാർട്ട്മെന്റിലുണ്ടാ യിരുന്ന ഒരുവെള്ളക്കാരൻ അയാളുടെ സാന്നിദ്ധ്യം ചോദ്യം ചെയ്യപ്പെടുകയും ട്രെയിനിന്റെ ഏറ്റവും പുറകിലുള്ള വാനിലേക്ക് അയാളെ മാറ്റിയിരുത്താൻ ആവശ്യപ്പെടുകയും ഉണ്ടായി. ഒന്നാം ക്ലാസ്സ് ടിക്കറ്റ് കൈവശം ഉണ്ടായിരുന്ന ആ യാത്രക്കാരൻ മാറിയിരിക്കാൻ വിസമ്മതിച്ചതിനെത്തുടർന്ന് പിയറ്റർമാറിറ്റ്സ്ബർഗിൽ വെച്ച് അയാളെ ട്രെയിനിൽ നിന്ന് തള്ളിയിടുകയും ചെയ്തു. ഒരു രാത്രി മുഴുവൻ ആ ശിശിരകാലത്ത് തണുത്തുവിറച്ച് സ്റ്റേഷനിലെ വെയ്റ്റിംഗ് റൂമിൽ കഴിയേണ്ടി വന്നത് ആ മനുഷ്യന്റെ ജീവിതഗതിയാകെ മാറ്റിമറിച്ചു. വംശീയതക്കെതിരെ പോരാടാൻ അദ്ദേഹം തീരുമാനമെടുത്തു. സജീവമായ അക്രമരാഹിത്യം എന്ന ആശയം അവിടെ പിറവിയെടുത്തു.



ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി

ഇന്ന് നാമറിയുന്ന മഹാത്മാ ഗാന്ധിയല്ലാതെ മറ്റാരുമായിരുന്നില്ല പ്രസ്തുത മനുഷ്യൻ! ഈ സംഭവത്തെത്തുടർന്ന് ദക്ഷിണാഫ്രിക്കയിൽ തന്നെ തങ്ങുവാനും ഇൻഡ്യാക്കാർക്കെതിരെയുള്ള



IX Std - Civics Malayalam Unit-3.indd 262 1/27/2023 1:35:33 PM

വംശീയ വേർതിരിവിനെതിരെ പോരാടുവാനുള്ള തീരുമാനം ഉടൻ തന്നെ എടുക്കുവാനും ഈ സംഭവം കാരണമായി. ഇതിൽ നിന്നുണ്ടായതാണ് അനന്യമായ അക്രമരഹിത സത്യാഗ്രഹ മാർഗ്ഗം.

ഒരു മനുഷ്യൻ എന്ന നിലയിൽ ഒന്നാം ക്ലാസ് കമ്പാർട്ട്മെന്റിൽ സഞ്ചരിക്കാനുള്ള എല്ലാ അവകാശവും അദ്ദേഹത്തിന് ഉണ്ടോ. എന്നാൽ തൊലി നിറം നോക്കിയുള്ള വേർതിരിവാണ് അദ്ദേഹത്തെ അതിനർഹതയില്ലാതാക്കിയത്. നിറത്തെ ആസ്പദമാക്കിയുള്ള വേർതിരിവ് കൂടാതെ വർഗ്ഗം, ലിംഗം, ജനന സ്ഥലം, ജാതി, മതം എന്നിവയുടെ അടിസ്ഥനത്തിൽ പലതരം വേർതിരിവുകളും നിലനിന്നിരുന്നു.

ഇതിന്റെ ഫലമായി, അവിടെ മൗലികാവകാശങ്ങൾ ആസ്വദിക്കാനുള്ള അവസരങ്ങൽ നിഷേധിക്കപ്പെട്ടു.




പീറ്റർമാറിറ്റ്സ്ബർഗ് റെയിൽവേ സ്റ്റേഷനിലെ ഓർമ്മചിഹ്നം

## 3.1 എന്താണ് മൗലികാവകാശങ്ങൾ?

യു.എൻ.ഒ-യുടെ മൗലികാവകാശ നിർവചനം ഇപ്രകാരമാണ്: "വർഗ്ഗം, ലിംഗം, ദേശീയത, വംശീയത, ഭാഷ, മതം ഇവയുടെയോ മറ്റെന്തെങ്കിലും കാരണങ്ങൾക്കുപരി എല്ലാ മനുഷ്യർക്കും അവരുടെ അവകാശങ്ങൾ അന്തർലീനമാണ്. യാതൊരു വേർതിരിവും ഇല്ലാതെ പ്രസ്തുത അവകാശങ്ങൾ എല്ലാവർക്കും അർഹതപ്പെട്ടതുമാണ്."

വർഷംതോറും ഡിസംബർ 10-ാം തീയതി മനുഷ്യാവകാശദിനമായി ആഘോഷിക്കുന്നു.

സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി എവിടെയും നടന്ന പോരാട്ടങ്ങളുൾപ്പടെ ലോകത്തെ എല്ലാ പ്രധാനപ്പെട്ട സംഭവവികാസങ്ങളുമായി ബന്ധപ്പെട്ടതാണ് മനുഷ്യാവകാശ ചരിത്രം. രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനത്തോടെയാണ് ഐക്യരാഷ്ട്ര സംഘടന (യു.എൻ.ഒ) രൂപീകൃതമായത്. യുദ്ധാനന്തര സ്ഥിതിഗതികൾ നേരിടുവാനും അത്തരം യുദ്ധങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനുമായാണ് ഇത് 1945-ൽ രൂപവൽക്കരിക്കപ്പെട്ടത്.

ഒക്ടോബർ 24 ഐക്യരാഷ്ട്ര, സംഘടനാദിനമാകുന്നു.

മനുഷ്യാവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന് ആഗോള മനുഷ്യാവകാശ പ്രഖ്യാപനം (യു.ഡി.എച്ച്.ആർ) നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

### വർണ്ണവിവേചനത്തിന്റെ അന്ത്യം



**27 വർഷത്തെ ജയിൽ വാസത്തിനൊടുവിൽ മോചിതനായ മൻഡേല മുഷ്ടിയുയർത്തി ആഹ്ലാദം പ്രകടിപ്പിക്കുന്നു**

ദക്ഷിണാഫ്രിക്കയിൽ നിലനിന്ന ഏറ്റവും നീചമായ മാനുഷിക വിവേചനമാണ് വർണ്ണവിവേചനം. വർഗ്ഗീയ വേർതിരിവുകളുടെ അടിസ്ഥാനത്തിലായിരുന്നു താമസസ്ഥലം പോലും നിശ്ചയിച്ചിരുന്നത്.

നൂനപക്ഷമായ വെള്ളക്കാർ ഭൂരിപക്ഷമായ ഇതര നിറക്കാരെ ഭരിക്കാൻ ഉപയോഗിച്ച ഭരണ തന്ത്രമായിരുന്നു വർണ്ണവിവേചനം. ഇതിനെതിരെ ദക്ഷിണാഫ്രിയിലെ ജനങ്ങൾ നിരന്തരം പോരാടിക്കൊണ്ടിരിന്നു.

വർണ്ണവിവേചനത്തിനെതിരെ നെൽസൺ മൻഡെല ശബ്ദമുയർത്തി. ഭരണകൂടത്തിനെതിരെ പ്രതിഷേധ മുന്നേറ്റങ്ങൾ നടത്തിയ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. ദേശീയ തലത്തിലും അന്തർദ്ദേശീയ തലതിലും ബലപ്പെട്ട പ്രതിഷേധവും ആഭ്യന്തര യുദ്ധഭീതിയും മൂലം പ്രസിഡന്റ് എഫ്.ഡബ്ലു. ഡെ ക്ലെർക്കിനെ ഒടുവിൽ 1990-ൽ അദ്ദേഹത്തെ ജയിൽ മോചിതനാക്കി.

ഡെ ക്ലെർക്കിന്റെയും മൻഡേലയുടെയും ശ്രമഫലമായി വർണ്ണവിവേചനത്തിന് ഒടുവിൽ അറുതിവന്നു. 1994-ൽ നടന്ന മിശ്ര ദേശീയ തെരഞ്ഞെടുപ്പിൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിനെ വിജയത്തിലെത്തിച്ചുകൊണ്ട് മൻഡേല പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

## 3.2 ആഗോള മനുഷ്യാവകാശ പ്രഖ്യാപനം (UDHR)

ആഗോള മനുഷ്യാവകാശ പ്രഖ്യാപനം മനുഷ്യാവകാശ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള വിവിധ നിയമ-സാംസ്കാരിക പ്രതിനിധികളാണ് ഇത് രൂപപ്പെടുത്തിയത്. എല്ലാ രാജ്യങ്ങളുടെയും എല്ലാ ജനതയുടെയും നേട്ടമാകുന്നു. സാധാരണ അളവുകോലായി ജനറൽ അസംബ്ലി റെസൊലൂഷൻ പൊതുസമിതി തീരുമാനം (217ആ) പ്രകാരം ഡിസംബർ 10, 1948-ലാണ് ഐക്യരാഷ്ട്ര ജനറൽ അസംബ്ലി ഈ പ്രഖ്യാപനം നടത്തിയത്. ആഗോളതലത്തിൽ



IX Std - Civics Malayalam Unit-3.indd 263 1/27/2023 1:35:35 PM

പ്രാഥമിക മനുഷ്യാവകാശങ്ങൾക്കായി നടത്തപ്പെട്ട ഈ പ്രഖ്യാപനം ഒട്ടനേകം ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു.

30 ആർട്ടിക്കിളുകൾ ഉള്ള ആഗോള മനുഷ്യാവകാശ പ്രഖ്യാപനം, ആവിഷ്കാര സ്വാതന്ത്ര്യം കൂടാതെ മാനുഷിക, രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക അവകാശങ്ങളും വാഗ്ദാനം ചെയ്യുന്ന ഒന്നാണ്. ഈ അവകാശങ്ങൾ വർഗ്ഗ, ലിംഗ, ദേശീയ ഇല്ലാതെ ഏവർക്കും ബാധകവും എല്ലാവർക്കും ജൻമ സ്വാതന്ത്ര്യവും തുല്യാവകാശവും നൽകുകയും ചെയ്യുന്നു

ഈ പ്രഖ്യപനത്തിന്റെ വിശദാംശങ്ങൾക്ക് നിയമപരമായ സാധുതയില്ലെങ്കിലും രാഷ്ട്രീയതയുടെയും ധാർമ്മികതയുടെയും ഒരു നിലവാരമായി ഇതിനെ കണക്കാക്കപ്പെടുന്നു.

### 3.2.1 സാമൂഹിക, സാമ്പത്തിക, സാംസ്കാരിക അവകാശങ്ങൾ:

സാമൂഹിക-സാമ്പത്തിക-സാംസ്കാരിക അവകാശങ്ങൾ രണ്ടാം ലോക മഹായുദ്ധങ്ങൾക്കൊടുവിൽ രൂപംകൊണ്ട മനുഷ്യാവകാശ നിയമങ്ങളുടെ ഒരു സുപ്രധാന അംശമാണ്.

സമൂഹത്തിന്റെ മൊത്തമായ സഹകരണത്തിന് സാമൂഹികമായ അവകാശങ്ങൾ അത്യന്താപേക്ഷിതമാണ്. സാമ്പത്തിക സ്വാതന്ത്ര്യം വ്യക്തികൾക്ക് അവരുടെ താൽപര്യമനുസരിച്ച് ആവശ്യങ്ങൾ നേടാനുള്ള അവകാശം നൽകുന്നു. നിയമപരമായ ഒരു പിടി തത്വങ്ങളുടെ ഭാഗമായ ഇവ സാമ്പത്തിക സമത്വവും സ്വാതന്ത്ര്യവും രാജ്യത്തിന് പ്രദാനം ചെയ്യുന്നു.

സമത്വത്തോടെയും, കുലീനതയുടെയും, വേർതിരിവില്ലാതെയും സാംസ്കാരികതയുടെയും അതിന്റെ വിവിധ തലങ്ങളെയും ആസ്വദിക്കാനുള്ള മനുഷ്യാവകാശമാണ് സാംസ്കാരിക അവകാശം കൊണ്ട് അർത്ഥമാക്കുന്നത്.

### 3.2.2 പൗര-രാഷ്ട്രീയ അവകാശങ്ങൾ:

ഭരണകൂടത്തിന്റെയോ, സാമൂഹിക സംഘടനകളുടെയോ, വ്യക്തികളുടെയോ അതിക്രമങ്ങളിൽ നിന്ന് വ്യക്തിയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുകയാണ് പൗര-രാഷ്ട്രീയ അവകാശം കൊണ്ടുദ്ദേശിക്കുന്നത്. രാജ്യത്തിന്റെ പൗര-രാഷ്ട്രീയ മേഖലകളിൽ വ്യാപരിക്കുന്നതിന് ഒരു വ്യക്തിയുടെ അവകാശത്തെ ഇത് ഉറപ്പിക്കുന്നു.

രാജ്യത്തിന്റെ ഭരണ സംവിധാനം വിഭാവനം ചെയ്യുന്ന നിയമങ്ങൾ വർഗ്ഗ, ദേശീയ, വർണ്ണ, ലിംഗ, പ്രായഭേദമെന്യെ ഉറപ്പാക്കുന്നതാണ് പൗരാവകാശം., രാഷ്ട്രീയാവകാശമാണ് ഭരണ സംവിധാനത്തിന്റെ രൂപീകരണത്തിനും നിർവ്വഹണത്തിനും വേണ്ടി ഉപയോഗപ്പെടുത്തുന്നത്. നിയമം മൂലം ഇവ പൗരൻമാർക്ക് നൽകുകയും ചെയ്യുന്നു. ഈ അവകാശങ്ങൾ ഭരണ നിർവ്വഹണത്തിൽ പൗരൻമാർക്ക് നേരിട്ടോ അല്ലാതെയോ ഭാഗഭാക്കാകാനുള്ള അവസരം നൽകുന്നു.

## 3.3 മൗലികാവകാശങ്ങൾ ഇൻഡ്യയിൽ

മനുഷ്യന്റെ സർവ്വോൻമുഖമായ പുരോഗതിക്ക് മൗലികാവകാശങ്ങൾ അത്യന്താപേക്ഷിതമാണ്. പരസ്പരം സംവാദിക്കാനും ഇഷ്ടമുള്ള സ്ഥലത്ത് താമസിക്കാനുമുള്ള അവകാശങ്ങൾ നൽകിക്കൊണ്ട് മനുഷ്യജീവിതം അത് അർത്ഥവത്താക്കുന്നു.

**മൗലികാവകാശങ്ങൾ ഇവയെല്ലാമാണ്:**

- തുല്യതയ്ക്കുള്ള അവകാശം
- സ്വാതന്ത്രത്തിനുള്ള അവകാശം
- ചൂഷണത്തിനെതിരെയുള്ള അവകാശം
- മന:സാക്ഷിക്കനുസരിച്ച് പ്രവർത്തിക്കാനും ഇഷ്ടമുള്ള മതം സ്വീകരിക്കാനുമുള്ള അവകാശം
- പ്രായപൂർത്തിയാകത്തവർക്ക് സാംസ്കാരിക-വിദ്യാഭ്യാസ അവകാശം
- ഭരണഘടന വാഗ്ദാനം ചെയ്യുന്ന ആനുകൂല്യങ്ങൾ ഉള്ള അവകാശം

### 3.3.1 തുല്യതയ്ക്കുള്ള അവകാശം

നിയമങ്ങൾക്കും നിയമപരമായ സംരക്ഷണത്തിയുമുള്ള അവകാശങ്ങളെയാണ് ഇത് സൂചിപ്പിക്കുന്നത്. മതം, ജാതി, വർഗ്ഗം, ലിംഗം, ജൻമസ്ഥലം ഇവയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവുകൾ കുറ്റകരമാണെന്നും ഇതിനെതിരെ ആർക്കും നിയമ സഹായം തേടാവുന്നതാണെന്നും ഇതുമൂലം സാധിക്കുന്നു.



(ഈ ചിത്രത്തെപ്പറ്റി നിങ്ങൾക്കുള്ള അഭിപ്രായം മറ്റുള്ളവയുമായി പങ്കവയ്ക്കുക)

### 3.3.2 സ്വാതന്ത്ര്യത്തിനുള്ള അവകാശം

6 വ്യത്യസ്ത തരത്തിലുള്ള സ്വാതന്ത്ര്യങ്ങളാണ് ഭരണഘടനയിൽ പ്രതിപാദിച്ചിട്ടുള്ളത് അവ:



IX Std - Civics Malayalam Unit-3.indd 264 1/27/2023 1:35:36 PM

a. സംസാരത്തിനും ആവിഷ്കാരത്തിനുമുള്ള സ്വാതന്ത്ര്യം.

b. നിരയുധരായും സമാധാനപരമായും സംഘം ചേരാനുള്ള സ്വാതന്ത്ര്യം .

c. സംഘടനകളും യൂണിയനുകളും രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം.

d. ഇൻഡ്യയുടെ ഏത് ഭാഗത്തും സ്ഥിരതാമസത്തിനുള്ള സ്വാതന്ത്ര്യം.

e. ഇൻഡ്യയിലെവിടെയും സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം.

f. .ഇഷ്ടമുള്ള തൊഴിൽ, വ്യാപാരം അല്ലെങ്കിൽ ബിസിനസ് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം



### 3.3.3 ചൂഷണത്തിനെതിരെയുള്ള അവകാശം

ഖനികൾ, ഫാക്ടറികൾ, മറ്റ് തൊഴിലിടങ്ങൾ എന്നിവയിൽ 14 വയസിൽ താഴെയ്ള്ള കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് കുറ്റകരമാണ്. ഒരു കോൺട്രാക്ടർക്കും, തൊഴിൽദാതാവിധം ഒരു തൊഴിലാളിയെ അയാൾക്ക് താൽപര്യമില്ലെങ്കിൽ നിർബ്ബന്ധിച്ച് തൊഴിലെടുപ്പിക്കാൻ പാടുള്ളതല്ല.



### 3.3.4 ഇഷ്ടമുള്ള മതം സ്വീകരിക്കാനും അതിന്റെ ആചാരങ്ങൾ പിന്തുടരാനുമുള്ള സ്വാതന്ത്ര്യം

ഇഷ്ടമുള്ള മതം സ്വീകരിക്കാനും അതിന്റെ ആചാരങ്ങൾ പിന്തുടരാനുമുള്ള സ്വാതന്ത്ര്യവും, ഇത്



എല്ലാ പൗരൻമാർക്കും അവകാശവും നൽകുന്നു. ഏതു പൗരനും മാനസികവും ആശയപരമായുമുള്ള സ്വാതന്ത്ര്യമാണ് ഇതിലൂടെ വിവക്ഷിക്കപ്പെടുന്നത്.

### 3.3.5 സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ

സംസ്കാരങ്ങൾ നിലനിർത്താനും, സംരക്ഷിക്കാനും, പ്രചരിപ്പിക്കാനുമുള്ള അവകാശം ഭരണഘടന നമുക്ക് നൽകിയിട്ടു്. വിദ്യാലയങ്ങൾ, സംഘടനകൾ, സൊസൈറ്റികൾ എന്നിവ ആരംഭിച്ച് ഇത് സാദ്ധ്യമാക്കാൻ നമുക്ക് അവകാശം നൽകുന്നു. അതുപോലെതന്നെ ഒരു കൂട്ടം ആൾക്കാർക്ക് ഒരു സ്കൂൾ ആരംഭിച്ച് അതിലൂടെ മതം പഠിപ്പിക്കാനും അവകാശമുണ്ട്. സൗജന്യ പദ്ധതികൾ നൽകിക്കൊണ്ട് ഗവൺമെന്റ് ഇതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും ഈ സ്ഥാപനങ്ങളിൽ ജാതി, വർണ്ണ, വർഗ്ഗ, മത വിവേചനം കുട്ടികളുടെ പ്രവേശന കാര്യത്തിൽ പാടുള്ളതല്ല.

**മനുഷ്യാവകാശങ്ങളും മൗലികാവകാശങ്ങളും തമ്മിലുള്ള വ്യത്യാസം**

| മനുഷ്യാവകാശങ്ങൾ | മൗലികാവകാശങ്ങൾ |
|---|---|
| • അന്തസ്സോടെയും സ്വാതന്ത്ര്യത്തോടെയും ഉള്ള അതിജീവനത്തിനുള്ള അവകാശങ്ങൾ.. | • രാജ്യത്തെ പൗരൻമാർക്കു വേണ്ടി ഭരണഘടനയിൽ വിവരിച്ചിട്ടുള്ളതും നിയമപരമായി സാധുതയുള്ളതുമായ പ്രാഥമിക അവകാശങ്ങൾ. |
| • യഥാർഥ ജീവിതത്തിനു വേണ്ടതും തിരിച്ചെടുക്കാൻ പററാത്തവയുമാണ് ഈ അവകാശങ്ങൾ | • ജനങ്ങളുടെ സാധാരണ ജീവിതത്തിനാവശ്യമായ പ്രാഥമിക നിയമങ്ങളാണ് മൗലികാവകാശങ്ങൾ. |
| • അന്തർദ്ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ് മനുഷ്യാവകാശങ്ങൾ. | • രാജ്യത്തിന്റെ ഭരണഘടനാ നിയമം മൗലികാവകാശങ്ങൾക്ക് ഉറപ്പ് നൽകുന്നു. |

മനുഷ്യാവകാശങ്ങളെപ്പറ്റിയുള്ള ഐക്യരാഷ്ട്ര സംഘടനയുടെ പ്രഖ്യാപന പ്രകാരം ഗവണ്മെന്റുകൾ ഇക്കാര്യത്തിൽ ഏറ്റവും കുറഞ്ഞ നിലവാരമെങ്കിലും പുലർത്തണമെന്നും അത് കുറഞ്ഞ പക്ഷം മാർഗ്ഗനിർദ്ദേശക തത്വങ്ങൾ നടപ്പാക്കുകയും വേണം എന്നാണ്.



IX Std - Civics Malayalam Unit-3.indd 265 1/27/2023 1:35:37 PM

റിട്ട് എന്നാൽ കോടതിയിൽ നിന്നോ മറ്റ് നിയമാധികാര കേന്ദ്രങ്ങളിൽ നിന്നോ രേഖാമൂലം ഒരു നിയമം നടപ്പാക്കണമെന്നോ നടപ്പാക്കരുതെന്നോ ഉള്ള ഉത്തരവാണ്..

### 3.3.6 കോൺസ്റ്റിറ്റ്യൂഷണൽ റെമഡികൾക്കുള്ള അവകാശം

മൗലികാവകാശങ്ങൾ ഭരണഘടനയിൽ തന്നെ ഉറപ്പ് വരുത്തിയിട്ടുള്ളതാണ്. അതിനാൽ ഏതൊരു പൗരന്റെയും മൗലികാവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ അയാൾക്ക് കോടതിയെ സമീപിക്കാവുന്നതാണ്. കോടതി അതിൻമേൽ ഗവണ്മെന്റിന് റിട്ട് പുറപ്പെടുവിക്കുകയും ആ പൗരന് നിഷേധിക്കപ്പെട്ട അവകാശങ്ങൾ പു:നസ്ഥാപിക്കണമെന്ന് ഉത്തരവിടുകയും ചെയ്യും. ഭരണഘടനാവിരുദ്ധമായ എന്തിനുമുള്ള പരിഹാരമാണ് കോൺസ്റ്റിറ്റ്യൂഷണൽ റെമഡി. അതുകൊണ്ട് തന്നെ ഇത് എല്ലാത്തരം അവകാശങ്ങളേയും സംരക്ഷിക്കുന്ന ഒന്നായി വർത്തിക്കുന്നു.

പ്രതീക്ഷാ യാഷിനി കോടതിയെ സമീപിക്കുകയും കോൺസ്റ്റിറ്റ്യൂഷണൽ റെമഡിയുടെ പിൻബലത്താൽ (ഭരണാഘടനാ പരിഹാര മാർഗത്തിന്റെ അടിസ്ഥാനത്തിൽ) അവളുടെ തൊഴിൽ ചെയ്യാനുള്ള അവകാശം പുന:സ്ഥാപി ക്കുകയും ചെയ്തു.



As Yashini takes last step towards her SI dream, it's a giant leap for 3rd gender

A.Subramani@timesgroup.com

Chennai: Blazing a trail through intrusive government and judicial processes, gritty transgender K Prithika Yashini has finally realised her dream of donning the uniform of a Tamil Nadu police sub-inspector.

The Madras high court on Thursday declared that she was entitled to be appointed as sub-inspector of police. Calling for the creation of a separate category to accommodate transgenders in employments, the judges further said: "We are sure that by the time the next recruitment process is carried out, the (Tamil Nadu Uniformed Services Recruitment Board) TNUSRB would have taken corrective measures for including the third gender as a category."

Though Tamil Nadu police already has three transgenders on their rolls as constables, Yashini will be the first transgender officer in the force. Commending additional advocate general of Tamil Nadu P H Aravindh Pandian for his fair stand on the issue and Yashini's counsel Bhavani Subbaroyan, the first bench comprising Chief Justice Sanjay Kishan Kaul and Justice Pushpa Satheeyaraja hoped that Yashini would carry out the duties of a police officer with "dedication and commitment to advance the cause of other transgenders."

The judges who helped her clear all hurdles on the way, said: "The social impact of such recruitment cannot be lost sight of, as it would give strength to the cause of transgenders. Yashini must reach the finish line, and not be stopped and disqualified in the middle."

Yashini was born as K Pradeep Kumar and remained a male till she completed her postgraduate diploma in computer application from Bharathiar University. Though she had felt sweeping changes in her gait and body even during her school days, Yashini said she could gather courage to assert a better self only after joining as a clerk.

▶ 'Help me lead a normal life', P 4

## 3.4 മൗലിക കർത്തവ്യങ്ങൾ

ഒരു പൗരന്റെ ചുമതലകളും കർത്തവ്യങ്ങളും ആണ് ഇതിനാൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. 1950 ജനുവരി 26-ന് നിലവിൽ വന്ന ഭരണഘടനയിൽ ഇവ നിർവചിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല.

1976-ലെ 42-ാം ഭരണഘടനാ ഭേദഗതി പ്രകാരമാണ് ഇവ കൂട്ടിച്ചേർക്കപ്പെട്ടത്. ഇതിൻ പ്രകാരം താഴെപ്പറയുന്ന 11 മൗലിക കർത്തവ്യങ്ങളാണ് നിർവചിക്കപ്പെട്ടിട്ടുള്ളത്:

1. ഭരണഘടന, അതിന്റെ ശ്രേഷ്ഠത, നിയമങ്ങൾ എന്നിവയേയും, ദേശീയ പതാക, ദേശീയ ഗാനം എന്നിവയെ ബഹുമാനിക്കുക.
2. സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിന്റെ മഹത്തായ മൂല്യങ്ങൾ പിന്തുടരുകയും ഓർമ്മിക്കുകയും ചെയ്യുക.
3. ഇൻഡ്യാ മഹാരാജ്യത്തിന്റെ പരമോന്നത, ഐക്യത, സമന്വയത എന്നിവ ഉയർത്തിപ്പിടിക്കുക.
4. രാജ്യത്തെ സംരക്ഷിക്കുകയും ആവശ്യമുള്ളപ്പോഴെല്ലാം ദേശസേവനം നിർവ്വഹിക്കുകയും ചെയ്യുക.
5. മതപരം, ഭാഷാപരം, പ്രദേശപരം, സാമുദായികം എന്നിവയ്ക്കതീതമായിഎല്ലാഇൻഡ്യാക്കാരുമായും സൗഹൃദവും സാഹോദര്യവും വെച്ചു പുലർത്തുകയും, സ്ത്രീകളുടെ അന്തസ്സിന് ഭംഗം വെച്ചുപുലർത്തുന്ന യാതൊന്നിനും കൂട്ടുനിൽക്കാതിരിക്കുക.
6. നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ ധന്യമായ പൈതൃകത്തിന്റെ മൂല്യങ്ങൾ മതിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
7. വനങ്ങൾ, തണ്ണീർത്തടങ്ങൾ, നദികൾ, വന്യ ജീവികൾ എന്നിവയെ സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ജീവജാലങ്ങളോട് സഹാനുഭൂതി കാട്ടുകയും ചെയ്യുക.
8. ശാസ്ത്രാവബോധം, മാനുഷികത്വം, അന്വേഷണ തല്പരത എന്നിവയെ വളർത്തുകയും പരിഷ്കരിക്കുകയും ചെയ്യുക.
9. പൊതുമുതൽ സംരക്ഷിക്കുകയും അക്രമത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക.
10. വ്യക്തിപരവും, സാമൂഹികവുമായ എല്ലാ മണ്ഡലങ്ങളിലും ശ്രേഷ്ഠത കൈവരിക്കുക എന്ന ഉദ്യമത്തിലൂടെ രാജ്യത്തെ പുരോഗതിയുടെ ഉയർന്ന തലങ്ങളിൽ എത്തിക്കുക.
11. 14 വയസ് വരെയുള്ള കുട്ടികൾക്ക് മാതാപിതാക്കളും രക്ഷാകർത്താക്കളും വിദ്യാഭ്യാസത്തിനുള്ള അവസരം ലഭ്യമാക്കുക.

**നിങ്ങൾക്ക് അറിയാമോ?**



ഭാരത സർക്കാർ 2007-ൽ പാസാക്കിയ നിയമനിർമ്മാണമാണ് 'മെയ്ന്റെനൻസ് & വെൽഫെയർ ഓഫ് പാരന്റ്സ് ആൻഡ് സീനിയർ സിറ്റിസൺസ് ആക്റ്റ്. ഈ ആക്റ്റ് പ്രകാരം കുട്ടികളും അവകാശികളും മതാപിതാക്കൾക്കും, മുതിർന്ന പൗരൻമാർക്കും ജീവനാംശം നൽകാൻ നിയമപരമായി ബാദ്ധ്യസ്ഥരാണ്.

## 3.5 ദേശീയ മനുഷ്യാവകാശ കമ്മീഷൻ






IX Std - Civics Malayalam Unit-3.indd 266 1/27/2023 1:35:37 PM

1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമ പ്രകാരം 1993 ഒക്ടോബർ 12-ന് നിലവിൽ വന്നതാണ് സ്വയംഭരണാധികാരമുള്ള ദേശീയ മനുഷ്യാവകാശ കമ്മീഷൻ. ചെയർമാൻ ഉൾപ്പടെ ഏതാനും അംഗങ്ങളാണ് ഇതിലുള്ളത്. ജീവിക്കുന്നതിനുള്ള അവകാശങ്ങൾ, സ്വാതന്ത്ര്യം, തുല്യത, അന്തസ്സ് എന്നീ കാര്യങ്ങളിൽ ഭരണഘടന വാഗ്ദാനം ചെയ്യുന്ന മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുകയുമാണ് ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ലക്ഷ്യം.

**ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ചുമതലകൾ**

- ഒരു പൊതുപ്രവർത്തകൻ നേരിടുന്ന ദേശീയ മനുഷ്യാവകാശ ലംഘനം, അല്ലെങ്കിൽ അത് തടയുന്നതിൽ വരുത്തുന്ന വീഴ്ച്ച എന്നിവ അന്വേഷിക്കുക
- മനുഷ്യാവകാശ സംബന്ധമായ കോടതി നടപടികളിൽ ഇടപെടുക
- മനുഷ്യാവകാശങ്ങളിൽ ഗവേഷണങ്ങൾ ഏറ്റെടുക്കുകയും അതിന് പ്രചാരം നൽ കുകയും ചെയ്യുക
- സമൂഹത്തിലെ വിവിധ തലങ്ങളിൽ മനുഷ്യാവകാശങ്ങളെപ്പറ്റിയുള്ള വിദ്യഭ്യാസം നൽകുക
- മനുഷ്യാവകാശങ്ങളുടെ കാര്യത്തിൽ പ്രവർത്തിക്കുന്ന എൻ.ജി. ഒ-കൾ, ഇതര സംഘടനകൾ എന്നിവയെ പ്രോത്സാഹിപ്പിക്കുക.

## 3.6 സംസ്ഥാന മഷ്യാവകാശ കമ്മീഷൻ (SHRC)



1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമത്തിലെ 21-ാം വകുപ്പ് പ്രകാരം ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ഒരു സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉണ്ട്. മനുഷ്യാവകാശ സംരക്ഷണവും പ്രചരണവുമാണ് ഇതിന്റെ പ്രധാന ലക്ഷ്യം. കൂടാതെ, കമ്മീഷന്റെ നടത്തിപ്പിന് അത് അവലംബിക്കുന്ന നടപടികൾ, പരാതികളിമേൽ, അത് എവിടെ നിന്നാണെങ്കിൽ പോലും, സ്വമേധയാ സ്വീകരിക്കുന്ന തീരുമാനങ്ങൾ, സുതാര്യത എന്നിവ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് അതാത് സംസ്ഥാനങ്ങളിൽ ശക്തി പകരുന്നു.

**സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ചുമതലകൾ (SHRC)**

- സംസ്ഥാനത്തെ മനുഷ്യാവകാശ ലംഘനങ്ങളുടെ ഏകകാലത്തുള്ള ലിസ്റ്റുകളിമേൽ അന്വേഷണം നടത്തുക.
- ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അതേ ചുമതലകൾ സംസ്ഥന തലത്തിൽ നടപ്പാക്കുകയാണ് ഒരു ചെയർമാനും രണ്ട് അംഗങ്ങളും ഉള്ള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉദ്ദേശവും ചുമതലയും
- ഒരു സിവിൽ കോടതിയുടെ അധികാരമുള്ള കമ്മീഷൻ, ലഭിക്കുന്ന പരാതികൾ നിരീക്ഷിക്കുകയും അല്ലെങ്കിൽ സ്വമേധയാ ഇടപെടുകയും ചെയ്യുന്നു.
- ലംഘനത്തിന് ഇരയായവന് നഷ്ടപരിഹാരം നൽകാൻ ശുപാർശ ചെയ്യുക

### കുട്ടികളുടെ അവകാശങ്ങൾ

ഭരണഘടനയിൽ പറഞ്ഞിട്ടുള്ള മൗലികാവകാശങ്ങൾക്ക് പുറമേ മറ്റ് ചില അവകാശങ്ങൾ കൂടി ഉറപ്പ് വരുത്തേണ്ടതുണ്ട്.

ഐക്യരാഷ്ട്ര സംഘടനയുടെ നിർവചന പ്രകാരം 18 വയസ് പൂർത്തിയാകാത്ത വ്യക്തിയെ കുട്ടി ആയി കണക്കാക്കാം. മനുഷ്യാവകാശങ്ങളുടെ ആഗോള പ്രഖ്യാപനത്തിന്റെ 25-ാം ആർട്ടിക്കിളിൽ ഇത് കാണാം. ഇതിന്റെ അടിസ്ഥാനത്തിൽ, കുട്ടികളുടെ അവകാശ പ്രഖ്യാപനം 1989 നവംബർ 20-ന് ഐക്യരാഷ്ട്ര ജനറൽ അസംബ്ലി അംഗീകരിക്കുകയും നടപ്പാക്കുകയും ചെയ്തു.

- ജീവിക്കാനുള്ള അവകാശം
- കുടുംബ പശ്ചാത്തലത്തിലുള്ള അവകാശം
- വിദ്യാഭ്യാസത്തിനുള്ള അവകാശം
- സാമൂഹിക സുരക്ഷയുടെ ഗുണഫലങ്ങൾ അനുഭവിക്കാനുള്ള അവകാശം
- വിൽപന, കടത്ത് എന്നിവയ്ക്കെതിരെയുള്ള അവകാശം
- ബാലവേല പോലുള്ള മറ്റ് ചൂഷണങ്ങൾക്കെതിരെയുള്ള അവകാശം

- **ജീവിക്കാനുള്ള അവകാശം**

ജനിക്കുന്നതിന് മുൻപ് തന്നെ ഒരു കുഞ്ഞിന് അതിജീവനത്തിനുള്ള അവകാശമുണ്ട്. അതിജീവനത്തിനുള്ള അവകാശം എന്നത്, പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം, മാന്യമായ ജീവിതം എന്നിവയും ഉൾപ്പെടുന്നു.

- **കുടുംബ പശ്ചാത്തലത്തിലുള്ള അവകാശം**

ഒരു കുടുംബാന്തരീക്ഷത്തിൽ സാധാരണ ജീവിതം നയിക്കാൻ ഒരു കുട്ടിക്ക് അവകാശമുണ്ട്. നിരാധാരനോ, ഉപേക്ഷിക്കപ്പെട്ടതോ, അനാഥനോ ആയ കുട്ടിക്കുപോലും ജീവിക്കാനുള്ള അവകാശമുണ്ട്. ഇത്തരം കുട്ടികളെ കരുതലുള്ള കുടുംബങ്ങൾക്ക് ദത്തെടുക്കാവുന്നതാണ്.



IX Std - Civics Malayalam Unit-3.indd 267 1/27/2023 1:35:37 PM

- **സാമൂഹിക സുരക്ഷയുടെ ഗുണഫലങ്ങൾക്കുള്ള അവകാശം**

അസുഖം, അവശത അല്ലെങ്കിൽ പ്രായാധിക്യം എന്നീ കാരണങ്ങളാൽ മാതാപിതാക്കൾക്കോ, രക്ഷിതാക്കൾക്കോ കുട്ടിക്ക് സമ്പത്തിക സംരക്ഷണം നൽകാൻ സാധിക്കാത്തപക്ഷം രാജ്യം അത് നൽ കേണ്ടതാണ്.

- **വിദ്യാഭ്യാസത്തിനുള്ള അവകാശം**

ഇൻഡ്യൻ പാർലമെന്റ് 2009-ൽ നിലവിൽ വരുത്തിയ വിദ്യാഭ്യാസാവകാശ നിയമം, ഭരണഘടനയുടെ 21-എ ആർട്ടിക്കിളിൽ പ്രതിപാദിച്ചിട്ടുള്ള, 6 മുതൽ 14 വയസ് വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബ ന്ധവുമായ വിദ്യാഭ്യാസം ലഭ്യമാക്കാനുള്ളതാണ്.

**മലാല-** നോബൽ സമ്മാന ജേതാവ് പറയുന്നു. "ഞാൻ വിദ്യാലയത്തെ സ്നേഹിക്കുന്നു പക്ഷേ സ്വാറ്റ് താഴ്വരയെ നിയന്ത്രിക്കുന്ന മൗലികവാദികൾ എല്ലാം മാറ്റി."



"സ്വാറ്റ് താഴ്വാരത്തുള്ള എന്റെ പട്ടണം മൗലികവാദികൾ കീഴടക്കുന്നതുവരെ ഞാൻ സ്കൂളിനെ ഇഷ്ടപ്പെട്ടിരുന്നു

പെൺകുട്ടികൾ സ്കൂളിൽ പോകുന്നതിനെ അവർ വിലക്കി. പെൺകുട്ടികൾക്ക് വേണ്ടി അവരുടെ പഠിക്കാനുള്ള അവകാശത്തെപറ്റി ഞാൻ പരസ്യമായി പറഞ്ഞു. അങ്ങനെ ഞാൻ മൗലികവാദികളുടെ നോട്ടപ്പുള്ളിയായി.

2012 ഒക്ടോബറിൽ സ്കൂളിൽ നിന്ന് വീട്ടിലേക്ക് പോകുകയായിരുന്ന എന്റെ സ്കൂൾ ബസ്സിൽ തോക്ക് ധാരിയായ ഒരാൾ കയറി 'ആരാണ് മലാല" എന്ന് ചോദിച്ചു. എന്റെ തലയുടെ ഇടത് ഭാഗത്ത് അയാൾ വെടി വച്ചു. 10 ദിവസങ്ങൾക്ക് ശേഷം ഇംഗ്ലണ്ടിലെ, ബർമിങ്ങ്ഹാമിലെ ഒരാശുപ ത്രിയിൽ വച്ച് ഞാൻ കണ്ണ് തുറന്നു. മാസങ്ങൾ നീണ്ടശസ്ത്രക്രിയകൾക്കും പുനരധിവാസത്തിനും ശേഷം, ഇംഗ്ലണ്ടിലെ ഞങ്ങളുടെ പുതിയ വീട്ടിൽ വച്ച് ഞാൻ കുടുംബത്തോടൊപ്പം ചേർന്നു. എല്ലാ പെൺകുട്ടികളും സ്കൂളിൽ പോകുന്നതുവരെ എന്റെ പോരാട്ടം തുടരാൻ ഞാൻ തീരുമാനിച്ചു.

12 വയസ് വരെ സൗജന്യവും, സുരക്ഷിതവും, ഗുണമേൻമയുള്ളതുമായ വിദ്യാഭ്യാസം എല്ലാ പെൺകുട്ടികൾക്കും ലഭിക്കുന്നതിനായി ഞാൻ നിത്യവും പേ ാരാടുന്നു. ലോകമെമ്പാടും, സ്കൂളിൽ പോകാൻ പറ്റാത്ത 130 മില്യൺ പെൺകുട്ടികൾ ഉണ്ടെന്നിരിക്കെ, എനിക്ക് കൂടുതൽ ചെയ്യേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തിനും തുല്യത യ്ക്കും വേണ്ടിയുള്ള എന്റെ പോരാട്ടത്തിൽ നിങ്ങളും പങ്കാളിയാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എല്ലാ പെൺകുട്ടികളും പഠിച്ച് മുന്നേറുന്ന ഒരു ലോകം നമുക്കൊരുമിച്ച് സൃഷ്ടിക്കാം.

നിങ്ങൾ മലാല ആയിരുന്നെങ്കിൽ എന്ത് ചെയ്യുമായിരുന്നു?

മലാലയുടെ പോരാട്ടം ആവശ്യമാണോ?

എല്ലാ പെൺകുട്ടികൾക്കും നല്ല പെരുമാറ്റവും വിദ്യാഭ്യാസവും തുല്യമായി ലഭിക്കുന്നുണ്ടോ?

- **വിൽപന, കടത്ത് എന്നിവയ്ക്കെതിരെയുള്ള അവകാശം**

പ്രാഥമിക മനുഷ്യാവകാശങ്ങൾ ഉള്ള വ്യക്തികളായി വേണം കുട്ടികളെ കരുതാൻ. അവർ അബലരാണ്. ദാരിദ്ര്യം, ലിംഗപരമായ വേർതിരിവ്, ശിഥിലമായ കുടുംബ പശ്ചാത്തലം എന്നിങ്ങനെ പല കാരണങ്ങളലാണ് കുട്ടികൾ വിൽക്കപ്പെടുന്നതും അവരെ കടത്തിക്കൊണ്ട് പോകുന്നതും




**നിങ്ങൾക്ക് അറിയാമോ?**

തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ കാവലൻ എന്ന ആപ്പ് ജനങ്ങൾക്ക് അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കാനുള്ളതാണ്. സ്ത്രീകൾ ഉൾപ്പടെ ആർക്കും സംസ്ഥാന പോലീസ് കൺട്രോൾ റൂമുമായി ബന്ധപ്പെടാൻ ഈ ആപ്പിലൂടെ സാധിക്കുന്നു

കുട്ടികൾക്ക് എല്ലാ അടിസ്ഥാന അവകാശങ്ങൾ ഉണ്ടെന്ന് കരുതണം. സാമ്പത്തിക ചൂഷണം, ലൈംഗിക ചൂഷണം, ലൈംഗിക ദുരുപയോഗം, മയക്ക് മരുന്നുകളുടെ കടത്ത്, ബാലവേല തുടങ്ങിയ പല കാരണങ്ങളാലാണ് കുട്ടികൾ വിൽപ്പനയ്ക്കും കടത്തിനും ഇരയാകുന്നത്.



IX Std - Civics Malayalam Unit-3.indd 268 1/27/2023 1:35:38 PM

കുട്ടികളെ കടത്തിക്കൊണ്ട് പോകുന്നതിനെപ്പറ്റി നിങ്ങൾ ബോധവാനാണോ? ഈ വിഷയം നിങ്ങളുടെ ക്ലാസിൽ ചർച്ച ചെയ്യൂ!

- **ലൈംഗീക ചൂഷണത്തിന് എതിരായിട്ടുള്ള അവകാശം**

കുട്ടികൾ ലൈംഗീകമായി പീഡിപ്പിക്ക പ്പെട്ടാൽ സംസ്ഥാനഗവൺമെന്റ് ലൈംഗീക പിഡനത്തിൽപ്പെട്ട കുട്ടികൾക്ക് മാനസികമായും ശാരീരികമായും സംരക്ഷണം നൽകണം.

POCSO Act - പ്രൊട്ടെക്ഷൻ ഓഫ് ചിൽഡ്രെൻ ഫ്രം സെക്ഷ്വൽ ഒഫൻസ് ആക്റ്റ്



2012-ലെ പ്രൊട്ടെക്ഷൻ ഓഫ് ചിൽഡ്രെൻ ഫ്രം സെക്ഷ്വൽ ഒഫൻസ് ആക്റ്റ് (പോക്സോ ആക്റ്റ്) കുട്ടികളുടെ താൽപര്യർത്ഥമുള്ളതും അവരുടെ വളർച്ചയുടെ ഒരോ ഘട്ടത്തിലും അവർക്ക് പ്രാധാന്യം നൽകുന്നതുമായ ഒന്നാണ് പോസ്കൊ ആക്റ്റിന്റെ പ്രസക്ത ഭാഗങ്ങൾ

**ലൈംഗിക കുറ്റ കൃത്യങ്ങളിലൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള പ്രധാന നിയമത്തിന്റെ സവിശേഷതകൾ (POCSO Act)**

- 18 വയസിന് താഴെയുള്ളവരെ കുട്ടിയായി കണക്കാക്കുകയും, അവരുടെ ആരോഗ്യകരമായ ശാരീരിക, മാനസിക, ബൗദ്ധിക, സാമൂഹിക വളർച്ച ഉറപ്പാക്കുക
- ബാലപീഡനം ചെയ്യുന്നവർ കുട്ടിയുടെ കുടുംബാംഗമോ, അയൽവാസിയോ, മറ്റേതെങ്കിലും പരിചയക്കാരോ ആണ് കുറ്റം ചെയ്തതെങ്കിൽ, കുട്ടിയുടെ മൊഴി അവൻ/അവൾ വിവരിക്കുന്നതു പോലെ വേണം രേഖപ്പെടുത്തേണ്ടത്.
- കുട്ടിയെ ആവർത്തിച്ച് വിളിപ്പിക്കുകയോ, തെളിവെടുത്തുകയോ ചെയ്യുന്നത്.

12 വയസിൽ താഴെയുള്ള പെൺകുട്ടികളെ ബലാൽസംഗം ചെയ്യുന്നവർക്ക് വധശിക്ഷയുൾ പ്പടെയുള്ള കർശ്ശന ശിക്ഷകളാണ് ഇൻഡ്യൻ പീനൽ കോഡിൽ ഭേദഗതി ചെയ്ത ഏപ്രിൽ 2018-ലെ ക്രിമിനൽ ലോ അമെൻഡ്മെന്റ് ഓർഡിനൻസ് 2018. പ്രസ്തുത ഭേദഗതിയുടെ മറ്റൊരു സവിശേഷത കുറ്റവാളിക്ക് വിധിക്കുന്ന പിഴ ഇരയായകുട്ടിയുടെ ചികിത്സാ - പുനരധിവാസ ചിലവുകൾക്ക് മതിയാകത്തക്കതായിരിക്കണം എന്നതാണ്.

**1098**

സഹായം വേണ്ട കുട്ടികൾക്ക് വേണ്ടിയുള്ള ഇൻഡ്യയിലെ ആദ്യത്തെ 24 മണിക്കൂർ ഹെൽപ്ലൈൻ സേവനമാണ് ടെലഫോൺ സന്ദേശം അറിയിക്കുന്നതിന് സൗജന്യമായി ലഭിക്കും. ബാലവേല, ശൈശവ വിവാഹം, മറ്റ് ചൂഷണങ്ങൾക്ക് വിധേയരായ കുട്ടിക്ൾ എന്നിവർക്ക് പ്രത്യേക പരിഗണനയും നൽകണം.

- **ബാലവേല പോലുള്ള മറ്റ് ചൂഷണങ്ങൾ ക്കെതിരെയുള്ള അവകാശം**

പലപ്പോഴും വ്യവസായശാലകളിൽ പണിയെടുക്കാൻ കുട്ടികൾ നിർബന്ധിതരാകാറ്. ഇവർക്ക് ബാല്യം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇത് ദാരിദ്ര്യവും, ഇല്ലായ്മകളും ഉള്ള ഒരു ജീവിതത്തിലേക്ക് അവരെ നയിക്കുന്നു. ഗ്ലാസ്സ്, തീപ്പെട്ടി നീർമ്മാണം, പട്ട് നിർമ്മാണം, പാഴ്വസ്തുശേഖരണം, പരവതാനി നിർമ്മാണം, ബീഡീ തെറുപ്പ്, ഖനനം, പാറ മടകൾ, ഇഷ്ടികച്ചൂളകൾ, തേയിലത്തോട്ടങ്ങൾ എന്നീ ഇടങ്ങളിലാണ് കുട്ടികൾ ജോലി ചെയ്യാൻ നിർബന്ധിതരാകുന്നത്.

ജോലികൾ ലിംഗപരമായിരിക്കും. പെൺകുട്ടികൾ ഗൃഹ-സംബന്ധിയായ ജോലികളിലേർപ്പെടുമ്പോൾ, ആൺകുട്ടികൾക്ക് കൂലിവേല ആയിരിക്കും. ഇത്തരം കുട്ടികൾ പാടങ്ങളിലും, റെസ്റ്റോറന്റുകളിലും, മോട്ടോർ റിപ്പയർ വർക്ക്ഷോപ്പുകളിലും, ഗൃഹ-സംബന്ധിയായ വ്യവസായങ്ങളിലും ആയതിനാൽ ബാലവേല പൂർണ്ണമായും തുടച്ചുനീക്കുക എന്നത് ഒരു വെല്ലുവിളിയായി തുടരുന്നു.

**നിങ്ങൾക്ക് അറിയാമോ?**

ബച്ച്പൻ ബച്ചാവോ ആന്ദോളൻ കൂടാതെ കുട്ടികളുടെ അവകാശസംരക്ഷണത്തിനായുള്ള മറ്റനേകം സംഘടനകളുടെ സ്ഥാപകനും സാധാനത്തിനുള്ള നോബൽ ജേതാവുമാണ് കൈലാഷ് സത്യാർത്ഥി. ഇൻഡ്യയിൽ ബാലവേല, അടിമവേല, കടത്ത് എന്നിങ്ങനെയുള്ള കെണികളിൽ നിന്ന് 86,000-ൽ അധികം കുട്ടികളെയാണ് അദ്ദേഹവും, സഹപ്രവർത്തകനും ചേർന്ന് മോചിപ്പിച്ചിട്ടുള്ളത്. ബാലവേലക്കെതിരെ 1998-ൽ അദ്ദേഹം നയിച്ച 80,000 കിലോമീറ്റർ നീള ആഗോള മാർച്ചിലൂടെ ബാലവേലയെപ്പറ്റി ലോകശ്രദ്ധ ആകർഷിക്കാൻ കഴിഞ്ഞു.




ഒരു അന്തർദ്ദേശീയ സർവെ പ്രകാരം അംഗപരിമിതികളുള്ള കുട്ടികൾ അങ്ങനെയല്ലാത്തവരേക്കാൾ 3.4% കൂടുതൽ ലൈംഗിക ചൂഷണത്തിനിരയാകുന്നു.

**ഇൻഡ്യൻ ഭരണഘടനയിൽ കുട്ടികൾക്കുള്ള അവകാശങ്ങൾ**

**ആർട്ടിക്കിൾ 24:** അപകടം പിടിച്ച ജോലികളിൽ 14 വയസിൽ താഴെയുള്ള കുട്ടികളെ ഏർപ്പെടുത്തരുത്.
**ആർട്ടിക്കിൾ 45:** 14 വയസ് വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബ്ബന്ധവുമായ വിദ്യാഭ്യാസം നൽകണം



IX Std - Civics Malayalam Unit-3.indd 269 1/27/2023 1:35:39 PM

കുട്ടികൾ ഒരു രാഷ്ട്രത്തിന്റെ അടിത്തറയാണ്. പെൺകുട്ടികൾ നേരത്തെ തന്നെ വിവാഹിതരായിത്തീരുമ്പോൾ കുട്ടിക്കാലത്തെ സന്തോഷം, വിദ്യാഭ്യാസം, ആരോഗ്യകരമായ ജീവിതം തുടങ്ങിയ നിരവധി ആനുകൂല്യങ്ങൾ അവർക്ക് ന ഷ്ടപ്പെടും. ശിശുവിവാഹം സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്നു. അതിനാൽ ശൈശവ വിവാഹം ഒഴിവാക്കണം.

### സ്ത്രീകളുടെ അവകാശങ്ങൾ

ഇൻഡ്യയിൽ ദേശീയ വനിതാ കമ്മീഷൻ രൂപീകരിച്ചിരിക്കുന്നത് ഭരണഘടനാപരമായും നിയമപരമായുമുള്ള സ്ത്രീകളുടെ അവകാശസംരക്ഷണത്തിനും, പരിഹാരങ്ങൾ നിർദ്ദേശിക്കാനും സ്ത്രീകളുടെ ക്ഷേമത്തിനും ഉന്നമനത്തിനുള്ള നയപരമായ കാര്യങ്ങളിൽ ഗവണ്മെന്റിനെ ഉപദേശിക്കാനും ഉദ്ദേശിച്ചാണ്.

സ്ത്രീകൾക്ക് പൂർവ്വികരുടെ സ്വത്തവകാശം തമിഴ്നാട് ഹിന്ദു പാരമ്പര്യ സ്വത്തവകാശം (തമിഴ്നാട് ഭേദഗതി നിയമം) 1989 ൽ നടപ്പിൽ വരുത്തി. നമ്മുടെ പൂർവ്വികരുടെ സ്വത്തുക്കളിൽ ഉള്ള തുല്യാവകാശം സ്ത്രീകൾക്കും കൊടുക്കാമെന്ന് ഉള്ള നി യമം പ്രാബല്യത്തിൽ വന്നു.

കേന്ദ്ര ഗവൺമെന്റ് ഹിന്ദു പാരമ്പര്യ സ്വത്തവകാശ നിയമം 2005 ൽ ചില ഭേദഗതികൾ കൊണ്ടു വന്നു. പൂർവ്വികരുടെ ഭാഗിക്കപ്പെടാത്ത സ്വത്തിൽ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്ക് സമ അവകാശം നൽകണം.

ആധുനിക ഇൻഡ്യയിൽ സ്ത്രികൾ പ്രസിഡന്റ്, പ്രധാനമന്ത്രി, ലോക സഭാ സ്പീക്കർ, പ്രതിപക്ഷനേതാവ്, കേന്ദ്ര മന്ത്രി, മുഖ്യമന്ത്രി, ഗവർണ്ണർ തുടങ്ങിയ പരമോന്നത പ ദവികൾ അലങ്കരിച്ചിട്ടുണ്ട

**സ്ത്രീത്തൊഴിലാളികളുടെ ക്ഷേമവും ഡോ. അംബേദ്കറും**

സ്ത്രീ തൊഴിലാളികളുടെ ഉന്നമനത്തിനു വേണ്ടിഡോക്ടർ ബി.ആർ അംബേക്കർ പല നിയമങ്ങൾക്കും രൂപം നൽകി സ്ത്രീകളുടെ യും കുട്ടികളുടെയും തൊഴിൽ സംരക്ഷണനി യമം സ്ത്രീ തൊഴിലാളികൾക്കായുള്ള പ്രസവ കാല ക്ഷേമ നിയമം ഖനികളിൽ ജോലി ചെയ്യുന്ന സ്ത്രീ കതളെ ഉൾപ്പെടുത്തുന്നതിനു ള്ള തടസ്സത്തിനെ മാറ്റുന്നതി നുള്ള നി യമങ്ങൾ ഡോക്ടർ ബി.ആർ അംബേക്കർ സ്ത്രീ തൊഴിലാളികൾക്ക് ഇന്ത്യയിൽ സ്ഥാ പിച്ചിട്ടുള്ളത്.

ഇന്ത്യൻ ഭരണഘടനയിൽ നല്കിയിട്ടുള്ള സ്ത്രീകളുടെ അവകാശത്തിൽ സമത്വം പ്രതാപം വർണ്ണം, തുടങ്ങിയവയിൽ സ്വാതന്ത്ര്യവും ഉൾപ്പെടുന്നു. സ്ത്രീകളുടെ അവകാശങ്ങൾ ഉറപ്പു വരുത്തുന്നതിന് ഇന്ത്യയിൽ പല നിയ മങ്ങൾ ഉണ്ട്. 1924 ൽ കേരളത്തിലെ വൈക്കം എന്ന സ്ഥലത്ത് ദളിതരുടെ ക്ഷേത്ര പ്ര വേശത്തിനായി പ്രക്ഷോഭം നടത്തി. 1925 ൽ അദ്ദേഹം സ്വാഭിമാന പ്രസ്ഥാനം ആരംഭിച്ചു.

### സംവരണം

തൊഴിലിടങ്ങളിലും, വിദ്യാഭ്യാസ സ്ഥാപന ങ്ങളിലും 69% സംവരണമാണ് പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, പിന്നോക്ക വിഭാഗങ്ങൾ, തീവ്ര പിന്നോക്ക വിഭാഗങ്ങൾ, പേർ ചേർക്കാത്തവർ, ന്യൂനപക്ഷങ്ങൾ എന്നിവർക്ക് തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിനുപുറമെ പിന്നോക്ക വിഭാഗത്തിൽ മുസ്ലീങ്ങൾക്കും പട്ടികജാതിക്കാരിൽ അരുന്താതിയർ വിഭാഗത്തിന് അന്തർ:സംവരണവും ഏർപ്പെടുത്തിയിട്ടുണ്ട.

തമിഴ് നാട്ടിലെ വിവിധ സമുദായങ്ങൾക്കുള്ള സംവരണത്തിന്റെ ശതമാനം വ്യക്തമാക്കുന്നു.

| വിഭാഗങ്ങൾ | സംവരണം (%) |
|---|---|
| പിന്നോക്ക വർഗ്ഗം | 26.5 |
| പിന്നോക്കവർഗ്ഗ മുസ്ലീങ്ങൾ | 3.5 |
| തീവ്ര പിന്നോക്ക വിഭാഗങ്ങൾ/ പേർ ചേർക്കാത്തവർ | 20 |
| പട്ടികജാതിക്കാർ | 18 |
| പട്ടികവർഗ്ഗക്കാർ | 3 |
| **ആകെ** | **69** |

ഓരോ സവരണ വിഭാഗത്തിൽപ്പെട്ടതും സംവരണം ആവശ്യമില്ലാത്ത വിഭാഗങ്ങളിൽ പ്പെട്ടവനുമായ സ്ത്രീക്കൾക്ക് 33%-വും അംഗപരിമിതിയുള്ളവർ 4%-വും സംവരണം ഏർപ്പെടുത്തിയിട്ട് അരുന്തിയാർ വിഭാഗക്കാർക്ക് സവിശേഷ സംവരണവും ഏർപ്പെടുത്തിയിട്ടു. തമിഴ് മീഡിയത്തിൽ വിദ്യാഭ്യാസം നടത്തിയവർക്ക് 20% സീറ്റുകൾ മുൻഗണന ാടിസ്ഥാനത്തിൽ നൽകിയിട്ടുമുണ്ട്. തമിഴ്നാട്ടിൽ ട്രാൻസ്ജെൻഡർമാർ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽ ഉൾപ്പെട്ടിരുന്നു..

### വിവരാവകാശ നിയമം (RTI)

ഇൻഡ്യയിലെ സർക്കാർ സ്ഥാപനങ്ങളിലെ സുതാര്യത പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിച്ച് നടപ്പാക്കിയ വിപ്ലവകരമായ ഒരു നിയമമാണ് വിവരാവകാശ നിയമം. ഒക്ടോബർ 2005-ലാണ് ഇത് നടപ്പിൽ വരുത്തിയത്.

ഏത് സർക്കാർ സ്ഥാപനത്തിൽ ചെന്നും വിവരങ്ങൾ ചോദിക്കാൻ ഈ നിയമം ഏത് പൗര നും അവകാശം നൽകുന്നു. ആവശ്യപ്പെട്ട വിവരം 30 ദിവസങ്ങൾക്കുള്ളിൽ നൽകുകയും വേണം. അല്ലാത്തപക്ഷം ബന്ധപ്പെട്ട അധികാരിയിൽ നിന്ന് ഒരു നിശ്ചിത തുക പിഴയായി ഈടാക്കുന്നതുമാണ്.

രാജ്യത്ത് നിലവിലുള്ള ഏറ്റവും ശക്തമായ നിയമങ്ങളിൽ ഒന്നാണിത്. അങ്ങേയറ്റം മനുഷ്യസൗഹൃദമാണ് ഈ നിയമം; ഒരു നിരക്ഷരരതർപോലും ഏത് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോടും അത് രേഖാമൂലം എഴുതിത്തരാൻ



IX Std - Civics Malayalam Unit-3.indd 270 1/27/2023 1:35:39 PM

ആവശ്യപ്പെടാവുന്നതാണ്. മുനിസിപ്പൽ കോർപ്പറേഷനുകൾ, സർക്കാർ ഡിപ്പാർട്ട്മെന്റുകൾ, സർക്കാർ സ്കൂളുകൾ, റോഡ് അധികാരികൾ മുതലായ എല്ലാ സർക്കാർ കേന്ദ്രങ്ങൾക്കും ഇത് ബാധകമാണ

### വിവര അവകാശ പ്രവർത്തനങ്ങൾ


അരുൺ റോയ്


നിഖിൽ ദേ

സർക്കാർ രേഖകളായ റെക്കോർഡുകൾ, റിപ്പോർട്ടുകൾ, വ്യക്തികളുടെയും, സ്ഥാപനങ്ങളുടെയും വിവരങ്ങൾ എന്നിവയെല്ലാം ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതാണെങ്കിലും രാജ്യത്തിന്റെ പ്രതിരോധ-ഇന്റെലിജൻസ് ഏജൻസികളായ ബി.എസ്. എഫ്, സി.ആർ.പി.എഫ്, ഇന്റലിജൻസ് ബ്യൂറോ എന്നിവ ഇതിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

- നിങ്ങളുടെ മുഴുവൻ പേരും, മേൽവിലാസവും എഴുതി ഒപ്പിട്ട അപേക്ഷ രജിസ്റ്റേഡ് തപാലിൽ ബന്ധപ്പെട്ട അധികാരിക്ക് അയച്ചാൽ മതിയാവും
- 30 ദിവസത്തിനകം മറുപടി ലഭിച്ചില്ലെങ്കിൽ അപ്പലേറ്റ് അതോറിറ്റിക്ക് അപ്പീൽ നൽകാവുന്നതാണ്.

### തൊഴിൽ അവകാശങ്ങൾ

സമത്വം, പൊതു സ്ഥപനങ്ങളിൽ തൊഴിൽ ചെയ്യുക, അസോസിയേഷനുകളും, യൂണിയനുകളും രൂപീകരിക്കുക, ജീവിക്കുക, മനുഷ്യക്കടത്ത് നിരോധനം, നിർബന്ധിച്ച് പണിയെടുപ്പിക്കാതിരിക്കൽ, ബാലവേല നിരോധനം എന്നിവയിലുള്ള അവകാശങ്ങൾ ഭരണഘടന ഉർപ്പ് നൽകുന്നു. ആർട്ടിക്കിൾ 39 (ഡി) പ്രകാരം സ്ത്രിയും പുരുഷനും തുല്യ വേതനം ഉറപ്പ് നൽകുന്നു.

ജോൺ എഫ്. കെന്നഡിയുടെ വാക്കുകളിൽ: "ഒരു മനുഷ്യന്റെ അവകാശ ധ്വംസനം സൂചിപ്പിക്കുന്നത് ഓരോ മനുഷ്യന്റെയും അവകാശങ്ങളിമേലുള്ള നിറവാണ്." ആധുനിക രാജ്യങ്ങളെല്ലാം സമത്വത്തിന് പ്രാധാന്യം നൽകുന്നു. മനുഷ്യാവകാശ സംരക്ഷ്ണത്തിലൂടെയാണ് ഇത് സാദ്ധ്യമാകുന്നത്. ഇതുമൂലം സമാധാനം, ഐക്യത, രാജ്യ പുരോഗതി എന്നിവ സാധിക്കുന്നു.

**പ്രവർത്തനം**

താഴെക്കാണിച്ചിരിക്കുന്ന പ്രകാരം വിവിധതരം ജോലികളും അവർ സ്ത്രീയും പുരുഷനും ലഭിക്കുന്ന വേതനവും രേഖപ്പെടുത്തുക.

| നമ്പർ | തൊഴിൽ | പുരുഷന്റെ വേതനം | സ്ത്രീയുടെ വേതനം |
|---|---|---|---|
| 1. | | | |
| 2. | | | |
| 3. | | | |
| 4. | | | |
| 5. | | | |

### ഡോ. ബി.ആർ. അംബേദ്കറുടെ സംഭാവനകൾ



- ഫാക്ടറികളിലെ തൊഴിൽ സമയം കുറയ്ൽ (ദിവസേന 8 മണിക്കൂർ)
- ട്രെയ്ഡ് യൂണിയനുകൾക്ക് നിർബന്ധ അംഗീകാരം
- ഇൻഡ്യയിൽ എം പ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ
- എമ്പ്ലോയീസ് സ്റ്റെയ്റ്റ് ഇൻഷുറൻസ് (ഇ.എസ്. ഐ)
- മിനിമം വേജസ്
- കൽക്കരി, മൈക്ക ഖനികളിൽ പ്രോവിഡന്റ് ഫണ്ട്

**നിങ്ങൾക്ക് അറിയാമോ?**

കേരള സർക്കാർ കച്ചവട സ്ഥാപനങ്ങളും വാണിജ്യ സ്ഥാപനങ്ങളും (ഷോപ്പ്സ് & എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ്)നിയമപ്രകാരം ജൂലൈ 2018-ൽ വരുത്തിയ ഭേദഗതി കടകളിലും, മാളുകളിലും 12 മുതൽ 14 മണിക്കൂർ വരെ നിലകൊണ്ട് ജോലി ചെയ്യുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം വളയേറെ ആശ്വാസവകമായ ഒന്നാണ്.

ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ഇരിക്കാനോ ഭിത്തിയിൽ ചാഞ്ഞ് നിൽ ക്കാനൊ അനു വാദമില്ല. 5 മിനിട്ട് വീതം ദിവസം ഒഴിവ് സമയത്ത് മാത്രം ഇരിക്കാനോ നിൽക്കാനോ അവർക്കനു വാദമുള്ളു.

ഇതിനെതിരെ സ്ത്രീത്തൊഴിലാളികൾക്കിടയിൽ ദീർഘകാലമായി പ്രതിഷേധം നിലനിന്നിരുന്നു. ഇത് പരിഗണിച്ചണ് കേരള സർക്കാർ പ്രസ്തുത ഭേദഗതി 2018 ജൂലൈയിൽ നടപ്പിൽ വരുത്തിയത്.



IX Std - Civics Malayalam Unit-3.indd 271 1/27/2023 1:35:40 PM

## സംഗ്രഹം

- വിവേചനം ജനങ്ങളെ വേർതിരിച്ച് കാണുന്നു.
- ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശ നിർവ്വചനം
- രണ്ടാം ലോക മഹായുദ്ധത്തിന്റെ അവസാന ത്തോടെയാണ് മനുഷ്യാവ കാശം എന്ന് ആശയത്തിന്റെ ചരിത്രം തുടങ്ങുന്നത്.
- മനുഷ്യവകാശങ്ങളുടെ ആഗോള പ്രഖ്യാപനം
- ഇൻഡ്യൻ ഭരണഘടന 6 മൗലികാവകാ ശങ്ങളേയും 11 മൗലിക ധർമ്മങ്ങളേയും ഉറപ്പുവരുത്തുന്നു.
- ദേശീയ-സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളുടെ രൂപീകരണവും പ്രവർത്തനങ്ങളും.
- കുട്ടികൾക്കുള്ള അവകാശങ്ങൾ, പട്ടിക ജാതി-പട്ടിക വർഗ്ഗങ്ങൾക്കുള്ള അവകാശങ്ങൾ, സ്ത്രീകൾക്കുള്ള അവകാശങ്ങൾ, വിവരാവകാശ നിയമം മുതലായവയുടെ ഉൾപ്പെടുത്തൽ

## അഭ്യാസം

97NZE

### I ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

1. വർണ്ണവിവേചനം നിലനി ന്നിരുന്ന രാജ്യം? _____

   അ) സൗത്ത് സുഡാൻ ആ) സൗത്ത് ആഫ്രിക്ക

   ഇ) നൈജീരിയ ഈ) ഈജിപ്റ്റ്

2. ഒരു ഗവണ്മെന്റ് രൂപീകരണത്തിനും ഭരണ നി ർവ്വഹ ണത്തിനും ബാധകമായത് _____ ആണ്.

   അ) സാമൂഹികം ആ) സാമ്പത്തികം

   ഇ) രാഷ്ട്രീയം ഈ)സാംസ്കാരികം

3. ഒരു കടയിൽ 10 വയസുള്ള ഒരു കുട്ടി ജോലി ചെയ്യുന്നു; താഴെപ്പറയുന്നവയിൽ ഏത് അവകാശം ഉപയോഗിച്ച് നിങ്ങൾക്ക് അവനെ മോചിപ്പിക്കാം?

   അ) സമത്വത്തിനുള്ള അവകാശം

   ആ) സ്വാതന്ത്ര്യത്തിനുള്ള അവകാശം

   ഇ) ചൂഷണത്തിനെതിരെയുള്ള അവകാശം

   ഈ) മതം തെരഞ്ഞെടുക്കാനുള്ള അവകാശം

4. _____44-ാം ഭേദഗതിയിലൂടെ ഏത് അവകാശമാണ് നീക്കം ചെയ്തത്

   അ) വസ്തുക്കൾ സ്വന്തമാക്കാനോ, വിൽ കാനോ ഉള്ള അവകാശം

   ആ) മതസ്വാതന്ത്രത്തിനുള്ള അവകാശം

   ഇ) ബാലവേല അല്ലെങ്കിൽ ചൂഷണത്തിനെതി രെയുള്ള അവകാശം

   ഈ) ഇതൊന്നുമല്ല

5. താഴെപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി?

   അ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ രൂപ വൽ ക്കരിച്ചത് 1993-ലാണ്

   ആ) അതിന് ഒരു സിവിൽ കോടതിയുടെ അധികാ രമുണ്ട്

   ഇ) സംസ്ഥാനാതീതമായി അതിന് അധികാ രമുണ്ട്

   ഈ) ഇരയായവാർക്ക് നഷ്ടപരിഹാരം നൽകാൻ ഇതിന് അധികാരമുണ്ട്

   a) എയും ബിയും ശരി

   b) എയും സിയും ശരി

   c) എ, ബി, സി എന്നിവ ശരി

   d) എ, ബി, ഡി എന്നിവ ശരി

6. താഴെപ്പറയുന്ന പ്രസ്താവനകൾ ശ്രദ്ധിക്കുക

   വാദം (എ) അവകാശങ്ങളും, ധർമ്മങ്ങളും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്

   കാരണം (ആർ): ഇഷ്ടമുള്ള മതം തെരഞ്ഞെടുക്കാ നുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. നാം ഐക്യതയെ പ്രോത്സാഹിപ്പിക്കുകയും ഇതര മതസ്തരുടെ വികാരങ്ങൾ മാനി ക്കുകയും വേണം.

   a) എയും, ആറും ശരി; ആർ എയെ വിശദമാക്കുക

   b) എയും, ആറു ശരി; പക്ഷെ ആർ എയെ വിശ ദമാക്കുന്നില്ല

   c) എ ശരിയും, ആർ തെറ്റുമാണ്

   d) എ തെറ്റും, ആർ ശരിയുമാണ്

7. ഐക്യരാഷ്ട്രാ സംഘടനയുടെ നി ർവ്വചന പ്രകാരംഎത്രവയസ് പൂർത്തീയാകാത്തവരെയാണ് കുട്ടി എന്ന് പറയാവുന്നത്? _____

   അ) 12 ആ) 14 ഇ) 16 ഈ) 18

8. കൈലാഷ് സത്യാർത്തി, മലാല എന്നിവർക്ക് എന്തിനുള്ള നോബൽ പുരസ്കാരമാണ് ലഭിച്ചിട്ടുള്ളത്? _____

   അ) സാഹിത്യം ആ) സമാധാനം

   ഇ) ഊർജ്ജതന്ത്രം ഈ)സാമ്പത്തികശാസ്ത്രം



IX Std - Civics Malayalam Unit-3.indd 272 1/27/2023 1:35:40 PM

## II വിട്ടുപോയത് പൂരിപ്പിക്കുക

1. _____ലാണ് ആഗോള മനുഷ്യാവകാശ പ്രഖ്യാപനം നടത്തിയിട്ടുള്ളത്?
2. _____ ഭേദഗതി പ്രകാരമാണ് മനുഷ്യാവകാശങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്.
3. _____ലാണ് മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നത്.
4. 1989-ലെ സ്ത്രീകൾക്ക് പരമ്പരാഗത സ്വത്ത് ലഭിക്കുന്നതിനുള്ള നിയമം നിലവിൽ വന്നത് _____ൽ ആണ്.

## III ചേരുംപടി ചേർക്കുക

| | | |
|---|---|---|
| 1 | വോട്ട് ചെയ്യാനുള്ള അവകാശം | സാംസ്കാരികാവകാശം |
| 2 | യൂണിയൻ ഉണ്ടാക്കാനുള്ള അവകാശം | ചൂഷണത്തിനെതിരെയുള്ള അവകാശം |
| 3 | പാരമ്പര്യം നിലനിർത്താനുള്ള അവകാശം | രാഷ്ട്രീയാവകാശങ്ങൾ |
| 4 | ഹിന്ദു പിന്തുടർച്ചാവകാശം | സ്വാതന്ത്ര്യത്തിനുള്ള അവകാശം |
| 5 | ബാലവേല | 2005 |

## IV ചുരുക്കത്തിൽ ഉത്തരമെഴുതുക

1. മനുഷ്യാവകശങ്ങൾ എന്നാൽ എന്ത്?
2. മൗലികാവകാശങ്ങൾ എന്നാൽ എന്ത്?
3. ബാലവേല ഐക്യരാഷ്ട്ര സഭ എങ്ങനെ വിവക്ഷിക്കുന്നു?
4. ഭരണഘടന പരിഹാരങ്ങൾക്കുള്ള അവകാശം കുറിപ്പെഴുതുക.
5. കുറിപ്പെഴുതുക: പോക്സോ
6. കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ ആവശ്യമാണ് എന്തുകൊണ്ട്?
7. ബി.ആർ. അംബേദ്കർ തൊഴിലാളികൾക്ക് നൽകിയ സംഭാവന എന്ത്?
8. എല്ലാവരും നിയമത്തിനു മുമ്പിൽ തുല്യരാണ്. എന്നാൽ സ്ത്രീകൾക്ക് വേർതിരിച്ച നിയമ മാണ് നടപ്പാക്കിയിട്ടുള്ളത് ന്യായീകരിക്കൂ
9. തൊഴിലാളികൾക്ക് ഡേ. ബി. ആർ. അംബേദ്ക്കൽ നൽകിയ സംഭാവന എന്നതിനെ കുറിച്ച് രണ്ടു കാര്യങ്ങൾ എഴുതുക.
10. മൗലികാവകാശങ്ങളും മനുഷ്യാവകാശങ്ങളും വേർതിരിക്കുക.

## V ഖണ്ഡികയിൽ ഉത്തരം എഴുതുക (വിശദമായി ഉത്തരം നൽകുക)

1. ആഗോള മനുഷ്യാവകാശ പ്രഖ്യാപനത്തെക്കുറിച്ച് വിവരിക്കുക.
2. അടിസ്ഥാനപരമായ ചുമതലകൾ എന്തൊക്കെയാണ് നിങ്ങളുടെ വിദ്യാലയത്തിൽ നിങ്ങൾ ഇത് എങ്ങനെ പിന്തുടരും?
3. ദേശീയ മനുഷ്യാവകാശ കമ്മിഷൻ നമ്മുടെ അവകാശങ്ങളെ എങ്ങനെ സംരക്ഷിക്കും?
4. തൊഴിൽ നിയമം കൊണ്ട് തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്?
5. നിങ്ങളുടെ ജീവിതത്തിൽ മൗലികാവകാശങ്ങൾ എങ്ങനെയാണ് ആസ്വദിക്കുന്നത്?

## VI പദ്ധതിയും പ്രവർത്തനവും

1. കുട്ടികളെ ദുരുപയോഗം ചെയ്യുമ്പോൾ നിങ്ങൾ സ്വയം എങ്ങനെ സംരക്ഷിക്കും/ലൈംഗിക ചൂഷണവും കടത്തലും.
2. എന്റെ രാജ്യം എന്റെ അവകാശം എന്ന തലക്കെട്ടിൽ ഒരു ലേഖനം എഴുതുക.



IX Std - Civics Malayalam Unit-3.indd 273 1/27/2023 1:35:40 PM

അദ്ധ്യായം
4

# ഗവൺമെന്റിന്റെ തരങ്ങൾ



## പഠന ലക്ഷ്യങ്ങൾ

- ഭരണഘടനയുടെ തരങ്ങളെക്കുറിച്ച് അറിയുക.
- ഗവൺമെൻറിന്റെ തരങ്ങളെക്കുറിച്ച മനസ്സിലാക്കുക.
- പലതരത്തിലുള്ള സർക്കാർ ഘടകങ്ങളുടെ നന്മതിന്മകൾ പഠിക്കുക.
- ഏകാധിപത്യം സംയുക്തഭരണം, രാഷ്ട്രപതി ഭരണം, പാർലമെന്റ് ഭരണം എന്നിവയുടെ വ്യത്യാസങ്ങൾ മനസ്സിലാക്കൽുക.

7FH0B

## ആമുഖം

ഒരു സംസ്ഥാനത്തിന്റെ പ്രധാന ഏജൻസി സർക്കാർ ആകുന്നു. അത് രാഷ്ട്രീയം ഭരണനിർവഹണം തുടങ്ങിയ മേഖലകളിലെ പല അംഗങ്ങൾ ചേർന്നതാണ്. ജനങ്ങളുടെ നന്മക്കായ് പദ്ധതികളെ നടപ്പിലാക്കുന്നതും പ്രതിഫലിപ്പിക്കുന്നതും ആണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം. സർക്കാർ ഒരു സംസ്ഥാനത്തിന്റെ ആഗ്രഹങ്ങൾ മനസ്സിലാക്കി അതിനെ നടപ്പിലാക്കുന്ന രീതിയാണ് പദ്ധതികൾ തയ്യാറാക്കുന്നത്. ഇന്ത്യൻ ഭരണഘടനയും നിയമങ്ങളും ചേർന്ന നിയമസഭ നിർവഹണം നീതിന്യായം, എന്നീ അധികാരങ്ങളെ സർക്കാർ നടപ്പിലാക്കുന്നു. സർക്കാരിന്റെ അംഗങ്ങളായ നിയമസഭ, നിർവഹണ സഭ, നീതിന്യായം എന്നിവയാകുന്നു. ഈ അംഗങ്ങൾ സർക്കാരിന്റെ പദ്ധതികൾ നടപ്പിലാക്കുന്നു. ഏകാധിപത്യഭരണം, സംയുക്ത ഭരണം പാർലമെന്റ് ഭരണം, രാഷ്ട്രപതി ഭരണം എന്നിങ്ങനെ ഗവൺമെന്റിനെ തരംതിരിച്ചിരിക്കുന്നു.



IX Std - Civics Malayalam Unit-4.indd 274 3/29/2023 5:35:42 PM




## 4.1 അർത്ഥം

ഒരു സർക്കാരിന്റെ നിർവഹണ പ്രവർത്തനത്തെ ഗവൺമെന്റ് നിയന്ത്രിക്കുന്നു. ഗവൺമെന്റ് എന്നത് ജനങ്ങൾ പൊതുസ്ഥാപനങ്ങൾ മതം, വിദ്യാഭ്യാസം, മറ്റു സംഘങ്ങൾക്കു വേണ്ടി നിയമങ്ങൾ തയ്യാറാക്കി അതിനെ നടപ്പിലാക്കാൻ അധികാരമുള്ള ഘടനയാകുന്നു.

**വളരെ പഴക്കമേറിയ ഗവൺമെന്റ് ഏതാണ്**

ഐക്യ രാജ്യങ്ങളിൽ കാണുന്ന രാജ ഭരണഘടനയാണ് പഴക്കമേറിയ ഗവൺമെന്റ്. രാജഭരണത്തിൽ രാജാവോ അല്ലെങ്കിൽ രാജ്ഞിയോ ഗവൺമെന്റിന്റെ അധ്യക്ഷനാകുന്നു. ഇംഗ്ലണ്ട് രാജഭരണം എന്നത് ഭരണഘ ടനയ്ക്കുൾപ്പെട്ട രാജഭരണം ആകുന്നു. അതായത് ഗവൺമെന്റിന്റെ അധ്യക്ഷൻ ആയാലും നിയമം തയ്യാറാക്കാനുള്ള അധികാരം തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റിനാണ്.

## 4.2 ഭരണഘടനയുടെ തരങ്ങൾ




### 4.2.1 ഏകാധിപത്യഭരണം

ഏകാധിപത്യഭരണം എന്നത് പരമാവധി കാരമുള്ള ഗവൺമെന്റ് ഒരൊറ്റ സ്ഥാപനമായി ഭരണം നടത്തുന്നതാണ്. ഗവൺമെന്റ് എന്ന വാക്ക് പഴയ ഫ്രഞ്ച് വാക്കാകുന്നു. ഗവർണർ എന്നത് പ്രവർത്തിക്കുക ഭരണം ചെയ്യുക, വഴി നടത്തുക, ഭരിക്കുക എന്ന അർത്ഥം വരുന്ന ഗവർണർ എന്ന ലാറ്റിൻ പദത്തിൽ നിന്നും രൂപം പ്രാപിച്ചതാണ്.

കേന്ദ്ര ഗവൺമെന്റ് അധികാരം വളരെ വലുതാണ്. നിയമനിർമ്മാണ സമിതികൾ കേന്ദ്ര ഗവൺമെന്റ് നാൽഅംഗീകരിക്കപ്പെട്ട നിയമ അധികാരങ്ങൾ മാത്രമേ നടപ്പിലാക്കൂ.

ഇംഗ്ലണ്ട്, ഫ്രാൻസ്, ജപ്പാൻ, ശ്രീലങ്ക എന്നീ രാജ്യങ്ങൾ ഏകാധിപത്യ ഭരണത്തിന് ഉദാഹരണമാണ്. ഏകാധിപത്യ ഭരണത്തിൽ എല്ലാ അധികാരങ്ങളിൽ ഒരേ സ്ഥാനത്തു കേന്ദ്രീകരിക്കപ്പെടുന്നു. എന്നാൽ സംയുക്ത ഭരണത്തിൽ അധികാരങ്ങൾ കേന്ദ്ര ഗവൺമെന്റിനും അതിന്റെ പോഷക സംഘടനകൾക്കും വിഭജിച്ചു നൽകപ്പെടുന്നു. ഏകാധിപത്യ ഭരണഘടനയിൽ അധികാരം വികേന്ദ്രീകരണം ആയിരിക്കും. എന്നാലും അതിനെ സംയുക്ത ഭരണം എന്നു അംഗീകരിക്കാനാകില്ല.

**ഏകാധിപത്യ ഭരണത്തിന്റെ നന്മകൾ**

- ചെറിയ രാജ്യങ്ങൾക്ക് യോജിച്ചത് ആകുന്നു
- അധികാരം ചുമതലകൾ എന്നിവയെക്കുറിച്ചുള്ള കലഹം ഏർപ്പെടുന്നില്ല



IX Std - Civics Malayalam Unit-4.indd 275 3/29/2023 5:35:43 PM

- ഏകാധിപത്യഭരണം വളരെ വേഗത്തിൽ തീരുമാനങ്ങളെടുത്ത് ദ്രുതഗതിയിൽ പ്രവർത്തിക്കുന്നു.
- ഏകാധിപത്യഭരണം ചിലവുകുറഞ്ഞതാകുന്നു
- ഭരണഘടനയിൽ ഭേദഗതികൾ വേഗത്തിൽ നടപ്പിലാക്കാൻ സാധിക്കുന്നു
- ഐക്യം നിയമത്തിന്റെ ഏകത, നയങ്ങൾ, ഭരണനിർവഹണം എന്നിവ ഉൾപ്പെടുന്നു.

**ഏകാധിപത്യ ഭരണത്തിന്റെ തിന്മകൾ**

- വലിയ രാജ്യങ്ങൾക്ക് യോജിക്കുന്നതല്ല
- കേന്ദ്ര സർക്കാരിന് പലതരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടി വരുന്നതിനാൽ കാര്യനിർവഹണത്തിൽ കാലതാമസം ഏർപ്പെടുന്നു
- കേന്ദ്രസർക്കാർ ഗ്രാമപ്രദേശങ്ങളിലെ പ്രശ്നങ്ങളിലും ജനങ്ങളുടെ നന്മയിലും ഗ്രാമ വളർച്ച പ്രവർത്തനങ്ങളിലും കൂടുതൽ താല്പര്യം കാണിക്കുന്നില്ല
- അധികം അധികാരങ്ങൾ ഉള്ളതിനാൽ കേന്ദ്ര ഗവൺമെന്റ് സർവ്വാധികാരത്തിന് പ്രേരണയാകും

**ഇന്ത്യൻ ഭരണഘടന നിയമത്തിൽ ഏകാധിപത്യ ഭരണത്തിന്റെ സവിശേഷതകൾ**

- ശക്തമായ കേന്ദ്ര ഗവൺമെന്റ്
- സംസ്ഥാന ഗവൺമെന്റിനുമേൽ കേന്ദ്ര ഗവൺമെന്റിന്റെ അധികാരം
- ഏക ഭരണഘടന
- അനിശ്ചിതത്വമുള്ള ഭരണഘടന
- സംസ്ഥാനങ്ങളുടെ അസമത്വ പ്രാതിനിധ്യം
- ദ്രുതഗതിയിലുള്ള ക്രമീകരണങ്ങൾ
- ഏക പൗരത്വം
- ഏക സംയോജിത നീതിന്യായ വിഭാഗം
- അഖിലേന്ത്യ തലത്തിലുള്ള സേവനങ്ങൾ
- ഗവർണർമാരെ കേന്ദ്ര ഗവൺമെന്റ് നിയമിക്കുന്നു.

### 4.2.2 സംയുക്ത ഭരണം

കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും ഇടയിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഏകാധിപത്യഭരണം, സംയുക്ത ഭരണം എന്ന് തരംതിരിച്ചിരിക്കുന്നു.

ഒരു ദേശീയ ഗവൺമെന്റും പ്രാദേശിക സർക്കാരും തമ്മിൽ ഭരണഘടനയനുസരിച്ച് അധികാരങ്ങൾ വിഭജിക്കുകയും അവ രണ്ടും അതാത് അധികാരപരിധിയിൽ സ്വതന്ത്രമായി പ്രവർത്തിക്കുകയും ചെയ്യുന്ന ഒന്നാണ് ഫെഡറൽ ഗവൺമെന്റ്. യു.എസ്.എ, സ്വിറ്റ്സർലാൻഡ്, ഓസ്ട്രേലിയ, റഷ്യ, ബ്രസീൽ, അർജന്റീന എന്നിവയ്ക്ക് ഫെഡറൽ ഗവൺമെൻറ് ഉണ്ട്.

ഒരു ഫെഡറൽ മാതൃകയിൽ, ദേശീയ സർക്കാരിനെ ഫെഡറൽ സർക്കാർ അല്ലെങ്കിൽ കേന്ദ്ര സർക്കാർ എന്നും പ്രാദേശിക സർക്കാരിനെ സംസ്ഥാന സർക്കാർ അല്ലെങ്കിൽ പ്രവിശ്യാ സർക്കാർ എന്നും വിളിക്കുന്നു.

**സംയുക്ത ഭരണത്തിന്റെ നന്മകൾ**

- ഗ്രാമങ്ങളിൽ സ്വയം ഭരണത്തിനും ദേശീയ ഐക്യത്തിനും ഇടയിൽ അനുരജ്ഞനം ഏർപ്പെടുന്നു.
- കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കിടയിൽ അധികാരം പങ്കിടുന്നതിനാൽ നിർവഹണ മികവ് ഉയർത്താൻ സഹായിക്കുന്നു.
- വലിയ രാജ്യങ്ങളായി മാറുന്നതിന്നതിന് വഴിതെളിയിക്കുന്നു
- അധികാരങ്ങൾ വിഭജിച്ചു നൽകുന്നതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ സർവ്വാധികാരത്തെ നിയന്ത്രിക്കുന്നു.
- വലിയ രാജ്യങ്ങൾക്ക് യോജിച്ചതാകുന്നു.
- സാമ്പത്തിക സാംസ്കാരിക വളർച്ചയ്ക്ക് പ്രയോജനപ്പെടുന്നു.

**സംയുക്ത ഭരണത്തിന്റെ തിന്മകൾ**

- ഏകാധിപത്യ ഭരണത്തെ താരതമ്യം ചെയ്യുമ്പോൾ സംയുക്ത ഭരണം ബലഹീനമായതാണ്.
- സംയുക്ത ഭരണം അധിക ചിലവേറിയതാണ്
- പ്രാദേശിക പ്രവണതകളെ പൊതുവായി കാണുന്നു.
- ഭരണത്തിൽ സമത്വത്തിന്റെ അഭാവം.
- ദേശീയ ഐക്യത്തിന് ഭീഷണിയാകുന്നു
- അധികാര വിഭജനത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടാകുന്നു
- ഇരട്ടപൗരത്വം
- മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റാൻ സാധിക്കാത്ത ദൃഢമായ ഭരണഘടന
- വിദേശരാജ്യങ്ങളുമായുള്ള നയത്തിൽ ചില സമയങ്ങളിൽ സംസ്ഥാന സർക്കാർ തടസ്സങ്ങൾ ഏർപ്പെടുത്തുന്നു.



IX Std - Civics Malayalam Unit-4.indd 276 3/29/2023 5:35:43 PM

**ഇന്ത്യൻ ഭരണഘടനയിൽ സംയുക്ത ഭരണത്തിന്റെ സവിശേഷതകൾ**

- രണ്ടു ഗവൺമെന്റുകൾ
- എഴുതിയുണ്ടാക്കിയ ഭരണഘടന
- അധികാരം വിഭജിക്കൽ
- ഭരണഘടയുടെ പരമാധികാരം

രാജ്യത്തിന്റെ ഉന്നതസ്ഥാനത്ത് ഭരണഘടന നിയമം നിലനിൽക്കുന്നത് കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കുന്ന നിയമങ്ങൾ അതിനനുസൃതമായിട്ടുള്ളതാണ്.

- ദൃഢമായ ഭരണഘടന
- സ്വതന്ത്രമായ നീതിന്യായ വിഭാഗം
- ഇരു സഭകളുള്ള ഭരണം

**ഏകാധിപത്യ ഭരണത്തിനും സംയുക്ത ഭരണത്തിനും തമ്മിലുള്ള വ്യത്യാസം**

| ഏകാധിപത്യഭരണം | സംയുക്ത ഭരണം |
|---|---|
| ഒരേയൊരു ഗവൺമെന്റ് അല്ലെങ്കിൽ ഉപ സംഘടനകൾ | രണ്ടു സ്ഥാനങ്ങളിലുള്ള ഗവൺമെന്റ് |
| അധികവും ഏക പൗരത്വം | ഇരട്ട പൗരത്വം |
| ഉപ സംഘടനകൾ സ്വതന്ത്രമായി പ്രവർത്തിക്കുന്നില്ല | സംയുക്ത ഭരണത്തിൽ ഉപ സംഘടനകൾ കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാണ് |
| അധികാരങ്ങൾ വിഭജിക്കുന്നില്ല | അധികാരം വിഭജിക്കുന്നു |
| കേന്ദ്രീകൃതമായ അധികാരം | അധികാര വികേന്ദ്രീകരണ |

## 4.2.3 പാർലമെന്റ് ഭരണം

ആധുനിക ജനാധിപത്യ രീതിയിൽ പാർലമെന്റ് ഭരണം രാഷ്ട്രപതി ജനാധിപത്യ ഭരണം എന്ന് രണ്ടായി തരംതിരിച്ചിരിക്കുന്നു. നിർവഹണത്തിനും നിയമസഭ ഘടനയ്ക്കും ഇടയിലുള്ള ബന്ധത്തെ അടിസ്ഥാനപ്പെടുത്തി രണ്ടായി വിഭജിച്ചിരിക്കുന്നു.

പാർലമെന്റ് ഭരണരീതിയിൽ നിയമസഭയുടെ നയങ്ങളും പ്രവർത്തനങ്ങളും നിർവഹണ സഭ ഉത്തരവാദിത്വം ഏൽക്കുന്നു.

പാർലമെന്റ് ഭരണ രീതിയെ മന്ത്രിസഭ ഉത്തരവാദിത്വ സർക്കാർ ബെസ്റ്റ് മിനിസ്റ്റർ സർക്കാർ എന്നീ പേരുകളിൽ വിളിക്കപ്പെടുന്നു. ഇപ്രകാരമുള്ള ഭരണരീതി ബ്രിട്ടൻ ജപ്പാൻ കാനഡ ഇന്ത്യ എന്നീ രാജ്യങ്ങളിലുണ്ട്.

| രാജ്യങ്ങൾ. | പാർലിമെന്റിന്റെ പേരുകൾ |
|---|---|
| ഇസ്രായേൽ | കെനസ്റ്റ് |
| ജർമ്മനി | പന്തസ്റ്റാക്ക് |
| ഡെൻമാർക്ക് | പ്ലോക്ക്ടിംഗ് |
| നോർവേ | സ്റ്റോർട്ടിഗ് |
| അമേരിക്കൻ ഐക്യനാടുകൾ | കോൺഗ്രസ് |

**പാർലമെന്റ് ഭരണ രീതിയുടെ സവിശേഷതകൾ**

- നാമമാത്രയായി സത്യസന്ധരായ ഉദ്യോഗസ്ഥർ
- ഭൂരിപക്ഷ ഭരണം
- കൂട്ടായ ഉത്തരവാദിത്വം
- ഇരട്ട അംഗത്വം
- പ്രധാനമന്ത്രി അധ്യക്ഷനാവുന്നു

**പാർലമെന്റ് ഭരണത്തിന്റെ നന്മകൾ**

- നിയമസഭയ്ക്കും നിർവഹണ വിഭാഗത്തിനും ഇടയിലുള്ള യോജിപ്പ്.
- ഉത്തരവാദിത്ത ഗവൺമെന്റ്
- ഏകാധിപത്യത്തെ തടയുന്നു
- വിശാലമായ പ്രാതിനിധ്യം

**പാർലമെന്റ് ഭരണത്തിന്റെ തിന്മകൾ**

- അസ്ഥിരമായ സർക്കാർ
- തുടർച്ചയില്ലാത്ത നയങ്ങൾ
- മന്ത്രിസഭയുടെ സർവാധികാരം
- അധികാരത്തെ വിഭജിക്കുന്നതിനുള്ള പ്രശ്നങ്ങൾ.

## 4.2.4 രാഷ്ട്രപതി ജനാധിപത്യഭരണം

രാഷ്ട്രപതി ജനാധിപത്യഭരണം എന്നത് നിയമസഭയ്ക്ക് ഉത്തരവാദിത്വം ഇല്ലാത്തതും പാർലമെന്റ് സഭ ഇല്ലാത്തതും സ്ഥിരമായ നിർവഹണം ഇല്ലാത്തതുമായ ഒരു നിർവ്വഹണ ഘടകമാണ്.



IX Std - Civics Malayalam Unit-4.indd 277 3/29/2023 5:35:43 PM

അധികാരം വിഭജിക്കുക എന്ന അടിസ്ഥാന ലക്ഷ്യത്തോട് രൂപീകരിക്കപ്പെട്ട ഇപ്രകാരമുള്ള ഗവൺമെന്റുകൾ അമേരിക്ക ബ്രസീൽ റഷ്യ ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ നടന്നുവരുന്നു.

**രാഷ്ട്രപതി ജനാധിപത്യത്തിന്റെ സവിശേഷതകൾ**

സർക്കാരിന്റെ അധ്യക്ഷൻ എന്നത് നാമമാത്രമായ പദവിയാണ്.

രാഷ്ട്രപതി സമ്മതിദായകരാൽ നാലു വർഷത്തിലൊരിക്കൽ തെരഞ്ഞെടുക്കപ്പെടുന്നു.

രാഷ്ട്രപതി മന്ത്രിസഭയുടെ സഹായത്താൽ ഭരണം നടത്തുന്നു. അല്ലെങ്കിൽ മന്ത്രിസഭയെ കിച്ചൺ കാബിനറ്റ് എന്നുവിളിക്കുന്നു.

നിയമസഭാ, നിർവഹണസഭ, നീതി ന്യായ സഭാ എന്നിവ അധികാരങ്ങൾ തനിയായി പിരിച്ച് സ്വതന്ത്രമായി പ്രവർത്തിക്കുന്ന മൂന്നു വകുപ്പുകളാണ്.

**രാഷ്ട്രപതി ജനാധിപത്യ ഭരണരീതിയുടെ നന്മകൾ**

- ജനാധിപത്യമായത്
- രാഷ്ട്രപതിയുടെ നിയന്ത്രണവിധേയം
- തീരുമാനങ്ങൾ എടുക്കുന്നതിനുള്ള സൗകര്യം
- സംസ്ഥാന ഗവൺമെന്റ്

**തിന്മകൾ**

- ഗവൺമെന്റ് സ്വേച്ഛാധിപത്യത്തിലേക്ക് അധഃപതനത്തിനുള്ള സാഹചര്യം
- നിർവഹണത്തിനും നിയമസഭയ്ക്കും ഇടയിൽ യോജിപ്പില്ലായ്മ
- നിയമസഭയിലെയും നിർവഹണത്തിലെയും പോഷക സംഘടനകൾക്കും ഇടയിൽ നല്ല ബന്ധം ഇല്ലായ്മ.

## പാർലമെന്റിനും രാഷ്ട്രപതി ജനാധിപത്യത്തിനുമുള്ള വ്യത്യാസങ്ങൾ

| രാഷ്ട്രപതി ജനാധിപത്യം | പാർലമെന്റ് ഭരണരീതി |
|---|---|
| രാഷ്ട്രപതിയെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു | ഭൂരിപക്ഷം ലഭിച്ചു രാഷ്ട്രീയപാർട്ടിയുടെ തലവൻ പ്രധാനമന്ത്രി ആകുന്നു |
| രാഷ്ട്രപതിക്ക് പൂർണ്ണ അധികാരം | കേന്ദ്ര പാർലമെന്റിനാണ് അധികാരം |
| അധികാരം വിഭജിച്ചു നൽകുന്നു | അധികാര വിഭജനം കേന്ദ്രീകൃതം ഇല്ലാതിരിക്കുന്നു |
| സ്വതന്ത്രമായി പ്രവർത്തിക്കുന്ന വകുപ്പുകൾ | സ്വതന്ത്ര ശാഖകളായി പ്രവർത്തിക്കുന്ന വകുപ്പുകൾ |
| കേന്ദ്രത്തിലെ തലവൻ രാഷ്ട്രപതി ആകുന്നു | ഗവൺമെന്റിന്റെ തലവൻ രാഷ്ട്രപതി ആകുന്നു |
| ഗവൺമെന്റിന്റെ തലവൻ രാഷ്ട്രപതിയാണ് | ഗവൺമെന്റിന്റെ തലവൻ പ്രധാനമന്ത്രി ആകുന്നു |
| ഒരേ വ്യക്തിയാണ് തലവൻ | കൂട്ടായ തലവൻ |
| സമ്മേളനത്തിന്റെ കോൺഗ്രസ് പ്രവർത്തനങ്ങൾക്ക് രാഷ്ട്രപതി ഉത്തരവാദിത്തം ഏറ്റെടുക്കുന്നില്ല. | കൂട്ടായും വ്യക്തിപരമായും ഉത്തരവാദിത്വം |

### ഇന്ത്യയിലെ കേന്ദ്ര സംസ്ഥാനസർക്കാരുടെ ഇടയിലുള്ള ബന്ധം

ഇന്ത്യ രാജ്യം ഇന്ത്യ ഭരണഘടന നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അധികാരങ്ങൾ പങ്കിടുന്ന സംസ്ഥാനങ്ങളുടെ സംയുക്തം ആകുന്നു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കിടയിൽ അധികാരങ്ങൾ വിഭജിച്ചാലും എല്ലാ വിഷയത്തിനും അന്തിമ തീരുമാനമെടുക്കുന്നത് കേന്ദ്രസർക്കാർ ആകുന്നു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കിടയിലുള്ള ബന്ധം എന്നത്

1. നിയമസഭാ വകുപ്പുകൾ (ഭാഗം 245 മുതൽ 255 വരെ)
2. നിർവഹണ വകുപ്പുകൾ( ഭാഗം 256 മുതൽ 263 വരെ)
3. നീതിന്യായ വകുപ്പുകൾ (ഭാഗം 268 മുതൽ 294 വരെ)

കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നിയമങ്ങൾ പാസാക്കാനുള്ള അധികാരമുണ്ടെങ്കിലും അധികാരങ്ങൾ വേറിട്ടു കാണുന്നു. ചില പ്രത്യേക വകുപ്പുകൾക്ക് നിയമം പാസാക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനാണുള്ളത്. ഈ വകുപ്പുകൾ കേന്ദ്ര പട്ടികയിലുണ്ട്. അതുപോലെ സംസ്ഥാന സർക്കാർക്കും ചില വകുപ്പുകൾക്ക് നിയമം പാസാക്കാനുള്ള അധികാരം ഉണ്ട്. ഈ വകുപ്പുകൾക്കായ നിയമങ്ങൾ അതാത് സംസ്ഥാന ഗവൺമെന്റുകൾ പാസാക്കും. അതിനെ സംസ്ഥാന



IX Std - Civics Malayalam Unit-4.indd 278 3/29/2023 5:35:43 PM

പട്ടിക എന്നുപറയുന്നു. ചില വകുപ്പുകൾക്ക് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റും ചേർന്നു നിയമങ്ങൾ പാസാക്കാനുള്ള അധികാരമുണ്ട് .ഇതിനെ പൊതു പട്ടിക എന്നുപറയുന്നു.

**കേന്ദ്ര പട്ടിക:** കേന്ദ്ര പട്ടികയിൽ 100 വകുപ്പുകൾ ഉള്ളടങ്ങിയതാണ്. വിദേശ വകുപ്പ് സംരക്ഷണം ആഭ്യന്തരം ആയുധ സൈന്യം വിദൂരബന്ധം തപാൽ മറ്റും ടെലിഗ്രാം സംസ്ഥാനങ്ങൾക്കിടയിൽ ഉള്ള വ്യാപാരവും കച്ചവടവും.

**സംസ്ഥാന പട്ടിക:** സംസ്ഥാന പട്ടിക 61 വകുപ്പുകൾ ഉള്ളടങ്ങിയതാണ്. സംസ്ഥാനത്തിന്റെ പൊതു പരിപാലനം പോലീസ് വകുപ്പ് നീതിന്യായ വകുപ്പ് ജയിൽ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പുകൾ കാർഷിക വകുപ്പുകൾ എന്നിവയാണ് പൊതുവായ പട്ടിക.

**പൊതുവായ പട്ടിക:** പൊതുവായ പട്ടികയിൽ 52 വകുപ്പുകളുണ്ട് ക്രിമിനൽ മറ്റു സിവിൽ നടപടിക്രമങ്ങൾ വിവാഹം വിവാഹമോചനം സാമ്പത്തികം മറ്റു പ്രത്യേക പദ്ധതികൾ തയ്യാറാക്കൽ ദിനപത്രങ്ങൾ പുസ്തകങ്ങൾ അച്ചടിശാലകൾ ജനസംഖ്യാ നിയന്ത്രണം തുടങ്ങിയവയാണ്.

**മൊത്തം ദേശീയ സന്തോഷം:**

മൊത്തം ദേശീയ സന്തോഷമെന്നത് ഇപ്പോൾ കണ്ടുവരുന്ന ഒരു തത്വമാണ്. ഒരു രാജ്യത്തിന്റെ സന്തോഷത്തെ കാണിക്കുന്ന ഒരു സൂചികയാണ്. ഭൂട്ടാൻ സർക്കാരിന്റെ ഭരണഘടനയിലുള്ള ഈ ആശയം ജൂലൈ 18 2008ൽ പ്രാബല്യത്തിൽ വന്നു.

മൊത്തം ദേശീയ സന്തോഷമെന്ന പദ്ധതി ഭൂട്ടാന്റെ നാലാമത്തെ രാജാവായ ജിം കേ സിംഗിയേ വാൻസ്കയാൻ 1970ൽ രൂപപ്പെടുത്തിയതാകുന്നു. മൊത്തം ദേശീയ സന്തോഷം സ്ഥിരമായതും സമമായും സമൂഹ സാമ്പത്തിക പുരോഗതി പരിസര സംരക്ഷണം പ്രോത്സാഹനം സംസ്കാരം നല്ല ഭരണം തുടങ്ങിയവയുടെ കേന്ദ്രീകൃത ആശയം ആയിട്ടുള്ളതാണ്.

പ്രകൃതി മറ്റു പരമ്പരാഗത മൂല്യങ്ങളിൽ ചലനമുണ്ടാക്കി ജനങ്ങൾക്കിടയിൽ ഒന്നായ സന്തോഷം ഏർപ്പെടുത്തുന്നത് സർക്കാരിന്റെ ലക്ഷ്യമായിരിക്കണം.

## സംഗ്രഹം

- ഗവൺമെന്റ് എന്നത് സർക്കാരിന്റെ പദ്ധതികൾ നടപ്പിലാക്കുന്ന ഘടന ആകുന്നു.
- നിയമസഭ നിർവഹണ സഭ നീതിന്യായം എന്നിവ സർക്കാരിന്റെ ഉപയോഗങ്ങളാണ്.
- ഏകാധിപത്യഭരണം സംയുക്ത ഭരണം പാർലമെന്റ് ഭരണം രാഷ്ട്രപതി ഭരണം തുടങ്ങിയവ പ്രധാനപ്പെട്ട സർക്കാർ ഘടനയാകുന്നു.
- ഇന്ത്യയിൽ പാർലമെന്റ് ഭരണം ജനാധിപത്യഭരണം നടത്തപ്പെടുന്നു.
- തീരുമാനങ്ങളെടുക്കുകയും അതിനെ അവയെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെയുമാണ് ഭരണം എന്നുപറയുന്നത്.

## അഭ്യാസം

Y9SIQL

### I. പൂരിപ്പിക്കുക

1. _____, _____ എന്നിവ ഏകാധിപത്യത്തിൻ ഉദാഹരണങ്ങളാണ്
2. പാർലമെന്റ് ഭരണരീതിയെ _____ എന്നു വിളിക്കപ്പെടുന്നു
3. പാർലമെന്റ് ഭരണരീതിയിൽ ഭൂരിപക്ഷം ലഭിക്കുന്ന പാർട്ടിയുടെ തലവൻ _____ ആകുന്നു

### II. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക

| രാജ്യങ്ങൾ | പാർലമെന്റ് പേര് |
|---|---|
| 1. അമേരിക്കൻ ഐക്യനാടുകൾ | _____ |
| 2. നോർവേ | _____ |
| 3. _____ | പ്ലോക്റ്റിംഗ് |

### III. വേർതിരിച്ചെഴുതുക

1. ഏകാധിപത്യഭരണം -സംയുക്ത ഭരണം
2. പാർലമെന്റ് ഭരണം -രാഷ്ട്രപതി ജനാധിപത്യഭരണം

### IV. ചെറു കുറിപ്പെഴുതുക

1. ഏകാധിപത്യഭരണം



IX Std - Civics Malayalam Unit-4.indd 279 3/29/2023 5:35:43 PM

## V. താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

1. ഭരണഘടനയുടെ തരങ്ങൾ പട്ടികപ്പെടുത്തുക
2. സംയുക്ത ഭരണത്തിന്റെ നന്മകൾ ഏവ
3. ഏകാധിപത്യ ഭരണത്തിനും സംയുക്ത ഭരണത്തിനും തമ്മിലുള്ള വ്യത്യാസം എഴുതുക

## VI. വിശദമായ ഉത്തരം എഴുതുക

1. ഏകാധിപത്യ നന്മകൾ വിവരിക്കുക
2. രാഷ്ട്രപതി ജനാധിപത്യ ഭരണത്തെ കുറിച്ച് കുറിപ്പ് എഴുതുക രാഷ്ട്രപതി ജനാധിപത്യ ഭരണത്തിനും പാർലമെന്റ് ഭരണം തമ്മിലുള്ള വ്യത്യാസം എഴുതുക



## വിശാലമായ വായനയ്ക്ക്


1. Vijayaragavan, Political Thought, New Delhi,STERLING PUBLICATIONS
2. D.D.Basu, Introduction to the Constitution of Indian, New Delhi, LEXISNEXIS
3. R.C.Agarwal, Political Theory, New Delhi, S.CHAND
4. The Oxford Hand Book of The Indian Constitution
5. Anup Chand Kapur, Principles of Political Science, New Delhi, S.CHAND





## ഇന്റർനെറ്റ് വിവരങ്ങൾ

1. http://www.worldbank.org/
2. https://openknowledge.worldbank.org/handle/10986/5980
3. http://www.grossnationalhappiness.com/articles/




IX Std - Civics Malayalam Unit-4.indd 280 3/29/2023 5:35:44 PM

അദ്ധ്യായം

5

# തദ്ദേശ സ്വയംഭരണ സർക്കാർ



## പഠനലക്ഷ്യങ്ങൾ

- സ്വാതന്ത്ര്യത്തിന് മുമ്പും പിമ്പുമുള്ള സ്ഥിതി മനസ്സിലാക്കുക
- ഗ്രാമീണ നഗരതദ്ദേശ ഭരണകൂടത്തെ അറിയുക
- പഞ്ചായത്തിന്റെ സ്വഭാവവും പ്രവർത്തനവും അറിയാൻ
- 73,74 ഭരണഘടനാ ഭേദഗതി നിയമം (1992) മനസ്സിലാക്കാൻ
- തമിഴനാട്ടിൽ തദ്ദേശ സ്വയം ഭരണകൂടത്തിന്റെ ചരിത്രപരമായ ഉത്ഭവത്തെക്കുറിച്ചും പുരോഗതിയെ കുറിച്ചും അറിയുക.

## 5.1 തദ്ദേശ സ്വയം ഭരണത്തിന്റെ അർത്ഥം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അർത്ഥം ഭരണ സംവിധാനത്തെ ചെറിയ ഗ്രാമം, നഗരം എന്നിവ നോക്കേണ്ടതാണ്. ഏറ്റവും കുറഞ്ഞ തലത്തിൽ തദ്ദേശ ഭരണം നടക്കുന്നു. സമൂഹം, പ്രദേശീയ ജന വിഭാഗങ്ങൾ,തൊഴിൽ ചെയ്യുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ളവർ തദ്ദേശീയ സംഘടനകളെ തെരഞ്ഞെടുത്ത് ജനങ്ങളെ മുന്നോട്ട് നയിക്കുന്നു. ഇത് ജനാധിപത്യ സ്വയം ഭരണ സ്ഥാപനമായി പ്രവർത്തിക്കുന്നു.

## 5.2 ചരിത്രപരമായ പശ്ചാത്തലം

തദ്ദേശ സ്വയംഭരണം എന്ന ആശയം ഇന്ത്യയിലെ ഏറ്റവും പഴമയായ ആശയമാണ്. ചോളന്മാരുടെയും തഞ്ചാവൂരിലെ ഇംബിരിയൽ വിഭാഗത്തിന്റെയും കീഴിൽ ഈ ആശയം കൈവന്നു.മൗര്യരുടെ ഭരണത്തിൻ കീഴിൽ പ്രാദേശിയ സ്വയംഭരണത്തിനുള്ള പരാമർശങ്ങൾ കിട്ടിയിട്ടുണ്ട്. മദ്ധ്യകാലഘട്ടത്തിൽ ജന്മിത്വത്തിന്റെ അധികാരം ഫ്യൂഡലിസത്തിന്റെ കടന്നാക്രമണത്തെക്കുറിച്ച് ചിട്ടപ്പെടുത്തിയിരുന്നു.19 ാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടത്തിൽ ബ്രിട്ടീഷ് കാലഘട്ടത്തെ പുനർ നിർമ്മിച്ചു.പടിഞ്ഞാറൻ



IX Std - Civics Malayalam Unit-5.indd 281 3/22/2023 10:34:00 AM

രീതിയിലുള്ള ചോളർ 1882 ൽ ജനപങ്കാളിത്വത്തിൽ ജനാധിപത്യത്തെ പ്രതിഷ്ഠിക്കുന്നതായി രേഖപ്പെടുത്തുന്നു.തദ്ദേശീയ സ്വയംഭരണത്തിന്റെ പിതാവായിരുന്നു റിപ്പൺ പ്രഭു.

1935 ൽ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ട് പ്രകാരം പ്രവശ്യസുസ്ഥിരത കൊണ്ടു വന്നു. 1937 ൽ ഈ നിയമം പ്രാബല്യത്തിലായി.കോൺഗ്രസ് ഗവൺമെന്റുകൾ രൂപം നൽകിയ പ്രവിശ്യകളിൽ ഗ്രാമീണ വികസനത്തിന് പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു.പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഗ്രാമങ്ങളിൽ ഉയർന്ന നിലയിൽ സ്ഥാപിക്കണമെന്ന് ഗാന്ധിജിയുടെ ലക്ഷ്യമായിരുന്നു.

സ്വാതന്ത്ര്യത്തിനു ശേഷം ഗ്രാമപഞ്ചായത്ത് (വില്ലേജ് റിപബ്ലിക്കിന്റെ ഗാന്ധിയൻ ആദർശം) ഭരണഘടനാ നിർമ്മാതാക്കളെ ഗ്രാമങ്ങളുടെ നാടായി സ്വാധീനിച്ചു.ഗ്രാമപഞ്ചായത്തുകൾ ഉണ്ടാക്കുന്നത് സാമൂഹ്യപ്രസ്ഥാനമായി മാറി.നമ്മുടെ സ്വതന്ത്ര്യ സമരകാലത്ത് പഞ്ചായത്തുകൾ പുനസ്ഥാപിക്കുക എന്നത് വിശ്വാസത്തിന്റെ ഒരു ലേഖനമായി മാറി.ഭരണഘടന ഇന്ത്യയെ രൂപീകരിച്ചതും ഭരണഘടനാ ഭേദഗതി നിലനിറുത്തുന്നതും ഭരണഘടനയുടെ 40 ാം ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമീണ പഞ്ചായത്തുകളെ സംഘടിപ്പിക്കുന്നതിന് നടപടികൾ കൈകൊള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.അധികാരങ്ങൾ സ്വയം സ്ഥാപിക്കാൻ പ്രാപ്തരാകേണ്ടതും സർക്കാരുകളാണ്.

**റിപ്പൺ പ്രഭു മൺറോ മദ്രാസ് പ്രസിഡന്റായി**

റിപ്പൺ പ്രഭു 1882 ാം ആണ്ട് ഇന്ത്യക്ക് വേണ്ടി തദ്ദേശീയ സ്വയം ഭരണകൂടത്തെ പരിചയപ്പെടുത്തി.ഇന്ത്യയിലെ സ്വയം ഭരണാവകാശം ഊർജിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു.ഇദ്ദേഹം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുകയും ഭരണകൂടത്തിന്റെ വികേന്ദ്രീകരണങ്ങൾക്കു വേണ്ടി വാദിക്കുകയും ചെയ്തുവെന്ന് വ്യക്തമാക്കുകയുണ്ടായി.

1882 ലെ പ്രമേയത്തിൽ തദ്ദേശ സ്വയഭരണ വകുപ്പിന്റെ പ്രഭാവത്തെ തടഞ്ഞുനിർത്താൻ അദ്ദേഹം ശ്രമിച്ചു.തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നഗരവികസനത്തിനും തിരഞ്ഞെടുക്കപ്പെട്ട ചില അവകാശങ്ങൾക്കും അധികാരങ്ങൾ നൽകുകയും ചെയ്തു.

റിപ്പൺ പ്രഭുവിന് നേതൃത്വം നൽകിയ തഹസിൽദാർ ഡാമരുടെ കീഴിൽ റവന്യൂശേഖരണം ഒഴികെ അവരുടെ സബ് ജില്ലകളിലെ ജുഡീഷ്യൽ അധികാരങ്ങൾ ഉണ്ടായിരുന്നു.കാലക്രമേണ മൺറോയുടെ രീതികൾ തികച്ചും വിജയിക്കുകയും ദക്ഷിണേന്ത്യയിൽ വ്യാപിക്കുകയും ചെയ്തു.മൺറോയുടെ ഭരണകാലത്ത് പ്രാദേശിക ഭാഷയായിരുന്നു ഉപയോഗിച്ചത്. ഭരണപരമായ നിയമങ്ങൾക്കും ജുഡീഷ്യറികൾക്കും പ്രാദേശിക പാതാുപാതങ്ങളിൽ ഒട്ടും പരിഗണിക്കാത്തവരെ നിയമിച്ചിരുന്നു. നീതി നടപ്പിലാക്കാൻ ഇന്ത്യക്കാർക്ക് അനുമതി നൽകണമെന്ന് അദ്ദേഹം കരുതി.



റിപ്പൺ പ്രഭു

## 5.3 ചരിത്രപരമായ പശ്ചാത്തലം

ഇന്ത്യയിലെ പ്രാദേശിക സ്വയംഭരണ സ്വിധാനം എന്ന ആശയം വർഷാവസാനത്തോടെ രൂപവൽക്കരണത്തിന് പ്രാധാന്യം നൽകുന്നു. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം (1952) നാഷണൽ എക്സ്റ്റൻഷണൽ സർവീസ് (1953) എന്നിവയാണ് 1957 ലെപഞ്ചായത്തരാജിന്റെ മഹത്തായ ചാർട്ടറിന് അടിസ്ഥാനമായത്.ഒക്ടോബർ 2 -ന് രാജസ്ഥാനിലെ നുഗാർജില്ലയിൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു പഞ്ചായത്തരാജ് സമ്പ്രദായം ഉദ്ഘാടനം ചെയ്തു.

### 73 ഉം 74- ാം ഭരണഘടന ഭേദഗതി ചട്ടത്തിലെ മുഖ്യ സവിശേഷതകൾ (1992)

- പഞ്ചായത്തും,മുനിസിപ്പാലിറ്റിയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാൽ പ്രവർത്തിക്കും.
- ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാന യൂണിറ്റുകൾ ഗ്രാമസഭകൾ (ഗ്രാമങ്ങൾ) വാർഡ് കമ്മിറ്റികൾ(മുനിസിപ്പാലിറ്റികൾ).
- ഗ്രാമീണ,താലൂക്ക്/ മണ്ഡൽ ജില്ലാതലങ്ങളിൽ ത്രിതല പഞ്ചായത്തുകളുടെ സംവിധാനങ്ങളാണ്.
- എല്ലാ തലത്തിലുള്ള സീറ്റുകൾ നേരിട്ട് തെരഞ്ഞെടുക്കപ്പെടും.



IX Std - Civics Malayalam Unit-5.indd 282 3/22/2023 10:34:00 AM

- എല്ലാ തലങ്ങളിലും പഞ്ചായത്തുകളുടെ ചെയർമാന്മാർക്കായി നീക്കിവച്ചിരിക്കുന്ന സീറ്റുകൾ അവിടത്തെ ജനസംഖ്യക്ക് ആനുപാതികമായി കരുതിയിരിക്കും.
- പട്ടികജാതി,പട്ടികവർഗ്ഗ സമിതിക്കായി,പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്കും വേണ്ടി സംവരണം ചെയ്ത സീറ്റുകൾ അവരുടെ ജനസംഖ്യയുടെ അനുപാദത്തിൽ സംവരണം ചെയ്യും.
- സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മൊത്തം ജനസംഖ്യയുടെ മൂന്നിൽ ഒരു സംവരണം സ്ത്രീകൾക്കും നൽകും.
- അഞ്ചുവർഷത്തെ ഏകീകൃത കാലാവധി.




## കമ്മറ്റികളും ശുപാർശകളും

### തമിഴ്നാട്ടിലുള്ള പഞ്ചായത്ത് രാജ് ആക്ടിന്റെ സുപ്രധാന സവിശേഷതകൾ(1994)

1994 ലെ സ്ഥാനങ്ങൾക്കായുള്ള ഒരു പുതിയ നിയമം നടപ്പിലാക്കിയതിനെ തുടർന്ന് പുതിയ പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നു.പുതിയ നിയമത്തിന്റെ സവിശേഷതകൾ ചുവടെ കൊടുത്തിരിക്കുന്നു. a. ഒരു ത്രിതല സംവിധാനം b. ഗ്രാമസഭ c. തെരഞ്ഞെടുപ്പ് കമ്മീഷന്റെ സ്ഥാപനം d. ധനകാര്യ കമ്മീഷൻ ഭരണഘടന e. പട്ടികജാതി, പട്ടിക വർഗ്ഗക്കാർക്ക് അവരുടെ ജനസംഖ്യയുടെ അനുപാതത്തിൽ സീറ്റുകളുടെ സംവരണം f. സ്ത്രീകളുടെ മൂന്നിലൊന്ന് സംവരണം g. ജില്ലാ ആസൂത്രിത കമ്മിറ്റിയുടെ ഭരണഘടന

## 5.4 ഗ്രാമപഞ്ചായത്ത്

ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന പ്രദേശിക സർക്കാരുകളെ ഗ്രാമപഞ്ചായത്ത് എന്ന് വിളിക്കുന്നു. പ്രസിഡന്റിനെയും വാർഡ് അംഗങ്ങളെയും ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കും. (18 വയസ്സിന് മുകളിൽ പ്രായമുള്ളവർ) അവരുടെ അധികാര കാലാവധി അഞ്ചു വർഷമാണ്. ഗ്രാമപഞ്ചായത്തിന്റെ മേധാവി എന്ന നിലയിൽ ജില്ലാകളക്ടർ പ്രവർത്തിക്കുന്നു. ജനങ്ങൾ 500 ൽ കൂടുതലുള്ള ഓരോ ഗ്രാമത്തിലും ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കും.

### ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ

- കുടിവെള്ള വിതരണം
- തെരുവു വിളക്കുകളുടെ പരിപാലനം
- റോഡു പരിപാലനം
- ഗ്രാമത്തിലെ വായനശാലകളുടെ പരിപാലനം
- ചെറുപാലങ്ങൾ നിർമ്മിക്കുക
- ഭരണനിർമ്മാണത്തിനു അനുമതി നൽകും
- ഹരിത ഗ്രഹ നിർമ്മാണത്തിന്റെ നിർമ്മാണം
- കോളനി വീടുകളുടെ നിർമ്മാണം
- തെരുവുകൾ രൂപീകരിക്കൽ
- മൃതദേഹത്തിന്റെ സംസ്കാര പരിപാലനം ചെയ്യുക
- കരകൗശലത്തിന്റെ സംരക്ഷണം

### സ്വമേധയായുള്ള പ്രവർത്തനങ്ങൾ

1994 ൽ തമിഴ്നാട്ടിൽ തദ്ദേശീയ സർക്കാർ രൂപീകരിച്ചു.തദ്ദേശീയ സർക്കാർ താഴെ പറയുന്ന സ്വമേധയായുള്ള പ്രവർത്തനങ്ങൾ ചെയ്തു.

- ഗ്രാമത്തിലെ തെരുവു വിളക്കുകൾ കൈകാര്യം ചെയ്യുക
- വിപണനങ്ങളുടെയും വിപണികളുടെയും പരിപാലനം
- മരങ്ങൾ നട്ടുപിടിപ്പിക്കൽ
- കളിസ്ഥലത്തിന്റെ പരിപാലനം
- പാർക്കിംങ് വാഹനങ്ങൾ,വീടുകൾ,കാലിത്തൊഴുത്ത് എന്നിവയുടെ പരിപാലനം
- പ്രദർശന സ്ഥലങ്ങൾക്ക് മേൽനോട്ടം വഹിക്കുക

### റവന്യൂ

ഗ്രാമ പഞ്ചായത്ത് തദ്ദേശസ്വയം ഭരണ കൂടങ്ങളാണ്.ത്രിതല സമ്പ്രദായത്തിൽ പഞ്ചായത്തിൽ നികുതി ചുമത്തി.



IX Std - Civics Malayalam Unit-5.indd 283 3/22/2023 10:34:01 AM

## പ്രാദേശീയ തമിഴ്നാടിന്റെ ചരിത്രപരമായ ഉത്ഭവവും വികസനവും

തദ്ദേശീയ സ്വയംഭരണത്തിന്റെ ചരിത്രവും തദ്ദേശീയ സംവിധാനത്തിന്റെ വികസനവും തമിഴ് നാട്ടിലെ കാഞ്ചീപുരം ജില്ലയിൽ ഉത്തര മേരൂർ ശിലാലിഖിതങ്ങളിൽ കാണാം.തദ്ദേശീയ ഗ്രാമഭരണത്തിന് നീണ്ട ചരിത്രമുണ്ട്.അക്കാലത്ത് ഗ്രാമീണറിപബ്ലിക്കുകളുടെ ഒരു ഭൂവിഭാഗമായിരുന്നു.ഈ പാരമ്പര്യം ചോള ഭരണകാലത്ത് അവരുടെ നിയമങ്ങളിലുണ്ട്.ഗ്രാമങ്ങളാണ് നികുതി ചുമത്തിയിരുന്നത്.അവരുടെ അതിർത്തിക്കുള്ളിൽ സാമൂഹ്യ ജീവിതവും നീതിയും മെച്ചപ്പെടുത്തിയിരുന്നു.ഈ ഗ്രാമസഭകൾ ചോള ഭരണാധികാരികളുമായി ബന്ധം സ്ഥാപിച്ചു.കുഡ ഓലൈ സമ്പ്രദായം എന്നത് വില്ലേജ് സഭകളിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്ന രഹസ്യബേലറ്റ് സമ്പ്രദായമായിരുന്നു.ചോളന്മാരുടെ തകർച്ചയോടെ കേന്ദ്രീകൃത ഫ്യൂഡൽ അഡ്മിനിസ്ട്രേറ്റീവ് സമ്പ്രദായത്തിന്റെ വളർച്ചക്ക് മങ്ങലേറ്റു.ബ്രിട്ടീഷ് നിയമങ്ങൾ കോളനിയിൽ ബ്രിട്ടീഷ് സർക്കാരിന്റെ ഭരണപരമായ നയങ്ങൾ തദ്ദേശ സ്വയം ഭരണത്തിൽ അവതരിച്ചു.






സ്വാതന്ത്ര്യാന്തര കാലഘട്ടത്തിൽ സംസ്ഥാനത്ത് ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ ആദ്യ നിയമം 1950 ൽ മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ട് ആയിരുന്നു.1957 ലെ റിഫോ അഡ്മിനിസ്ട്രേഷൻ എന്ന പേരിൽ വെള്ളക്കടലാസിൽ വന്നപ്പോൾ മദ്രാസ് പഞ്ചായത്ത് ആക്ട്,മദ്രാസ് ഡെവലപ്മെന്റ് കൗൺസിൽ ആക്ട് എന്നീ സവിശേഷതകളോട് അറിയപ്പെട്ടു.



### നികുതികൾ

- സ്വത്ത് നികുതി
- ഭൂനികുതി
- തൊഴിൽ നികുതി
- വീടു നികുതി
- കുടിവെള്ള നികുതി
- വ്യാപാര കേന്ദ്രങ്ങളുടെ നികുതി

നിങ്ങളുടെ പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ പോയി അവിടെ സ്വീകരിക്കുന്ന നികുതിയെ പറ്റി മനസ്സിലാക്കാം

### ഗ്രാമസഭാ യോഗം

ഓരോ ഗ്രാമത്തിലും അതിന്റെ അധികം പരിധിയുടെ പഞ്ചായത്ത് അംഗങ്ങളായിരിക്കും പ്രസിഡന്റ് പഞ്ചായത്ത് ഗ്രാമസഭയുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും,ഗ്രാമത്തിലെ വരുമാനത്തെയും ചിലവുകളെ കുറിച്ച് ചർച്ചചെയ്യുകയും ചെയ്യുന്നു.




ഗ്രാമസഭ

**ഗ്രാമസഭയുടെ യോഗങ്ങൾ വർഷത്തിൽ നാലു പ്രാവശ്യം നടക്കുന്നു.**

**അവ**

1. ജനുവരി 26 – റിപബ്ലിക് ദിനം
2. മെയ് 1 – തൊഴിലാളി ദിനം



IX Std - Civics Malayalam Unit-5.indd 284 3/22/2023 10:34:02 AM

3. ഓഗസ്റ്റ് 15 – സ്വാതന്ത്ര്യ ദിനം
4. ഒക്ടോബർ 2 – ഗാന്ധിജയന്തി

**പഞ്ചായത്ത് യൂണിയൻ**

പഞ്ചായത്ത് യൂണിയൻ ഗ്രാമങ്ങളുടെ രൂപമാണ്.ജനങ്ങളെ നേരിട്ട് തെരഞ്ഞെടുക്കുന്ന അംഗങ്ങൾ പഞ്ചായത്ത് യൂണിയൻ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണ്.




**പഞ്ചായത്ത് യൂണിയന്റെ പ്രവർത്തനങ്ങൾ**

- കുടിവെള്ള വിതരണം
- ഗ്രാമീണ ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കൽ
- റോഡുകളുടെ പരിപാലനം
- പ്രാഥമിക വിദ്യാലയങ്ങൾ പുനർ നിർമ്മിക്കാം
- വനസംരക്ഷണം
- മൃഗ ആശുപത്രികൾ സ്ഥാപിക്കൽ
- മാതൃകാ ഭവനങ്ങളുടെ സ്ഥാപനം
- പൊതു ദശർശനം സംഘടിപ്പിക്കൽ

നിങ്ങളുടെ ഗ്രാമത്തിലെ തെരുവുവിളക്ക് പ്രവർത്തിച്ചില്ലെങ്കിൽ കുടിവെള്ളം ലഭിച്ചില്ലെങ്കിൽ നിങ്ങൾ എവിടെയാണ് പരാതി നൽകുന്നത്.

പഞ്ചായത്ത് യൂണിയന്റെ വികസനം,മേൽനോട്ടം വഹിക്കുന്നത് ജില്ലാകളക്ടർ,ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ എന്നിവരാണ്.

**ജില്ലാ പഞ്ചായത്ത്**

ഓരോ ജില്ലയിലും ജില്ലാ പഞ്ചായത്ത് രൂപീകരിക്കും.ഓരോ ജില്ലാപഞ്ചായത്ത് അംഗങ്ങളും,വാർഡ് അംഗങ്ങളേയും 5000 ജനങ്ങളിൽ നിന്ന് നേരിട്ട് തെരഞ്ഞെടുക്കുന്നു. ചെയർമാനെ വാർഡ് അംഗങ്ങളിൽ ഒരാളെ തെരഞ്ഞെടുക്കപ്പെടുന്നു.അവരുടെ കാലാവധി 5വർഷമാണ്.

**ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ**

- വില്ലേജ് പഞ്ചായത്ത് പഞ്ചായത്ത് യൂണിയൻ വികസന പദ്ധതികൾ സംബന്ധിച്ച് ജില്ലാ

**നഗര തദ്ദേശഭരണ കൂടം**

- കോർപറേഷൻ
- മുനിസിപ്പാലിറ്റി (നഗരസഭ)
- ടൗൺ പഞ്ചായത്ത്

**ഗ്രാമസ്വരാജിനെക്കുറിച്ച് ഗാന്ധിജിയുടെ ആശയങ്ങൾ**



ഗാന്ധിജി ശറിക്കും ആഗ്രഹിച്ചത് സ്വരാജാണ്. ഗ്രാമീണ ബഹുജനത്തെ പ്രതിനിധാനെ ചെയ്യുന്ന ഇന്ത്യൻ ജനതയുടെ സ്വയം ഭരണം,ഗ്രാമത്തിൽ ഇന്ത്യയുടെ ആൽമാവ് ജീവിച്ചിരിക്കുന്നതായി അദ്ദേഹം പറഞ്ഞു. സ്വതന്ത്യ ഇന്ത്യയിൽഗ്രമാപഞ്ചായത്തിനെക്കുറിച്ച്സ്വപ്നം കാണുകയും ചെയ്തു.

ഓരോ ഗ്രാമവും സ്വന്തം കാര്യങ്ങളിൽ ഉത്തരവാദിത്വം വഹിക്കുന്നതാണ്. പഞ്ചായത്ത് രാജ് ഇന്ത്യൻ രാഷ്ട്രീയ വ്യവസ്ഥയുടെ അടിത്തറയായി ഉയർത്തിയിട്ടുണ്ട്. ലളിതമായി പറഞ്ഞാൽ ഗാന്ധിജിയുടെ ആദർശപരമായ പഞ്ചായത്ത് രാജ് ഗ്രാമം അടിസ്ഥാനപരമായി സ്വയം പര്യാപ്തത നേടേണ്ടതാണ്. ജീവിക്കാൻ വേണ്ടി അഹം, ശുചിത്വം, ഭവനനിർമ്മാണം, വിദ്യാഭ്യാസം, സ്വയം പ്രതിരോധം എന്നിവ ഉൾപ്പെടെയുള്ള എല്ലാ ആവശ്യങ്ങൾക്കും പ്രാധാന്യം നൽകണം.

**ടൗൺ പഞ്ചായത്ത്**

പതിനായിരത്തിലധികം പേർ നിർമ്മിക്കുന്ന പ്രദേശത്തിന് ടൗൺ പഞ്ചായത്ത് എന്നറിയപ്പെടുന്നു.നഗര പഞ്ചായത്തിന്റെ അംഗങ്ങളേയും പ്രസിഡന്റിനേയും ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു.ടൗൺ പഞ്ചായത്തിന്റെ ഭരണ പരിപാലനം ഒന്നാക്കുന്നത് എക്സിക്യൂട്ടീവി ഓഫീസറാണ്.ടൗൺ പഞ്ചായത്തിലെ അംഗങ്ങളുടെ കാലാവധി 5 വർഷമാണ്.



IX Std - Civics Malayalam Unit-5.indd 285 3/22/2023 10:34:03 AM

### മുനിലിപ്പാലിറ്റി (നഗരസഭ)

ഒരു ലക്ഷത്തിലധികം പേർ താമസിക്കുന്ന പ്രദേശമാണ് മുനിസിപ്പാലിറ്റി.അംഗങ്ങളേയും മുനിസിപ്പാലിറ്റി ചെയർമാനേയും ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു.അവരുടെ കാലാവധി അഞ്ചു വർഷം.മുനിസിപ്പാലിറ്റിയെ നിയന്ത്രിക്കുന്നത് ഒരു മുനിസിപ്പൽ കമ്മീഷ്ണറെ നിയുക്തമാക്കുന്നു.

### കോർപ്പറേഷൻ

പല ലക്ഷം ജനസംഖ്യയുള്ള നഗരങ്ങളിൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രവർത്തിക്കുന്നു.മുനിസിപ്പൽ കമ്മീഷ്ണറാണ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.മേയർ ചെയർമാനാണ്.മേയറുടെയും മറ്റ് അംഗങ്ങളുടെയും കാലാവധി അഞ്ചു വർഷം. പല ലക്ഷം ജനസംഖ്യയുള്ള നഗരങ്ങളിൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രവർത്തിക്കുന്നു. മുനിസിപ്പൽ കമ്മീഷ്ണറാണ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ. മേയർ ചെയർമാനാണ്. മേയറുടെയും മറ്റ് അംഗങ്ങളുടെയും കാലാവധി അഞ്ചു

ഇപ്പോൾ തമിഴിനാട്ടിൽ 21 കോർപ്പറേഷനുകൾ ഉണ്ട്. അവ ചെന്നൈ, കോയമ്പത്തൂർ, മധുര, തിരിച്ചി, തിരുനെൽവേലി, സേലം, ഈറോഡ്, വേലൂർ, തൂത്തുക്കുടി, തിരുപ്പൂർ, തഞ്ചാവൂർ, ദിണ്ഡുക്കൽ, നാഗർകോവിൽ, ഹൊസൂർ, ആവഡി ,താമ്പരം, കാഞ്ചീപുരം, കരൂർ, കുംഭകോണം, ഗൂഡല്ലൂർ, ശിവകാശി.

മുനിസിപ്പൽ കമ്മീഷ്ണർ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS) വ്യക്തിയിൽ നിന്നായിരിക്കും. കോർപ്പറേഷൻ കൗൺസിലിന്റെ എല്ലാ തീരുമാനങ്ങളും നടപ്പിലാക്കുന്നത് അദ്ദേഹമാണ്. കോർപ്പറേഷൻ പ്രവർത്തകർ അദ്ദേഹത്തെ സഹായിക്കും.

ചെന്നൈ കോർപ്പറേഷൻ കെട്ടിടം ഏത് ബ്രിട്ടീഷ് പ്രഭുവിന്റെ പേരിലാണ് അറിയപ്പെടുന്നത്.



ചെന്നൈ കോർപ്പറേഷൻ

### മേയറിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ

- അദ്ദേഹം കോർപ്പറേഷനും ഗവൺമെന്റിനും ഇടയിലുള്ള ഒരു പാലമായി പ്രവർത്തിക്കുന്നു.
- അദ്ദേഹം വിദേശത്തു നിന്നുള്ള പ്രമുഖരെ സ്വീകരിക്കുന്നു
- കോർപ്പറേഷന്റെയും കോർപ്പറേഷൻ കൗൺസിലിന്റെയും അദ്ധ്യക്ഷത വഹിക്കുന്നു

### മറ്റുപല നഗര പഞ്ചായത്തുകളുടെ തരങ്ങൾ

- അറിയിപ്പ് ഏരിയാ കമ്മിറ്റി
- ടൗൺ ഏരിയാ കമ്മിറ്റി
- കന്റോൺമെന്റ് ബോർഡ്
- പോർട്ട് ട്രസ്റ്റ്
- പ്രത്യേക ഉദ്ദേശ്യ ഏജൻസി

### തമിഴ്നാട്ടിലെ പ്രാദേശിക സർക്കാരിന്റെ തെരഞ്ഞെടുപ്പുകൾ

പൊതു തൊരഞ്ഞെടുപ്പ് പോലുള്ള തദ്ദേശസ്ഥല സ്ഥാപനത്തിലേക്കുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്നു.വാർഡ് ക്രമത്തിൽ തെരഞ്ഞെടുപ്പ് പ്രക്രിയ തയ്യാറാക്കുന്നു. SC, ST എന്നിവയ്ക്കുള്ള സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.ജനസംഖ്യയിൽ സ്തരീകൾക്ക് ക്രമാനുപാതത്തിലാണ് സംവരണം നൽകിയിട്ടുള്ളത്. ഭരണ ഘടനാ ഭേദഗതി നിയമം 73ഉം 74ഉം ആയതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുപ്പ് നടത്തേണ്ടത് നിർബന്ധമാണ്.

### തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വെല്ലുവിളികളും

നമ്മുടെ ജനാധിപത്യത്തിന്റെ അടിത്തറയാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ.ഭരണഘടന അവരുടെ പ്രവർത്തനത്തിന് പ്രാധാന്യം നൽകുന്നു.എന്നിരുന്നാലും ഇന്ത്യയിലെ തദ്ദേശീയ ഭരണ കൂടങ്ങളിൽ ചില നിർണ്ണായകമായ ആശങ്കകൾ താഴെ കൊടുത്തിരിക്കുന്നു.

- മുഖ്യ പ്രശ്നങ്ങളും വെല്ലുവിളികളും പരാമർശിക്കപ്പെടാം.
- ചുമതലകളും അധികാരങ്ങളും വ്യക്തമാകുന്നില്ല.
- ഉത്തരവാദിത്വ ബോധത്തോടൊപ്പം കൂടുതൽ സ്വയം ഭരണത്തിനും സാമ്പത്തിക സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള സാമ്പത്തികം ആവശ്യമായി വന്നേക്കാം
- തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ തീരുമാനമെടുക്കുന്നതിൽ ജാതിയുടേയും വർഗ്ഗത്തിന്റേയും മതത്തിന്റേയും പങ്ക്.
- ജനാധിപത്യത്തിന്റെ അടിത്തട്ടിൽ തൊരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്വമില്ലായ്മ



IX Std - Civics Malayalam Unit-5.indd 286 3/22/2023 10:34:03 AM

**പെരിയാർ - ചെയർമാൻ:-**

EV രാമസ്വാമി പെരിയാർ 1917 മുതൽ ഈറോഡ് മുനിസിപ്പാലിറ്റിയുടെ ചെയർമാനായി പല വർഷങ്ങൾ സേവനമനുഷ്ഠിച്ചിട്ടുണ്ട്.കുടിവെള്ള വിതരണം,ജനങ്ങളുടെ സൗകര്യങ്ങൾ,ജനങ്ങളുടെ ആരോഗ്യപരിപാലനം എന്നിവയ്ക്കായി പ്രവർത്തിച്ചിട്ടുണ്ട്.ഇന്ത്യയുടെ പൈപ്പ് കുടിവെള്ള വിതരണം ആദ്യമായി നടപ്പിലാക്കിയത് EV രാമസ്വാമിയാണ്.വാട്ടർ വർക്സ് കമ്മിറ്റിയുടെയും പ്ലഗ് കമ്മിറ്റിയുടെയും ജില്ലാ ബോർഡംഗവും സെക്രട്ടറിയുമായിരുന്നു അദ്ദേഹം.സമീപ പ്രദേശങ്ങളിൽ മുനിസിപ്പാലിറ്റി നടപ്പിലാക്കാൻ അദ്ദേഹം നിർദ്ദേശിച്ചുവെങ്കിലും 1980 ൽ മാത്രമാണ് അത് നിലവിൽ വന്നത്.



## സംഗ്രഹം

- തദ്ദേശ സ്വയം ഭരണം ഏറ്റവും താഴെത്തട്ടിലുള്ള സമൂഹത്തിൽ പ്രവർത്തിക്കുന്നു
- തദ്ദേശസ്വയം ഭരണത്തിന്റെ പിതാവ് റിപ്പൺ പ്രഭു
- ചോളഭരണകാലത്താണ് യുദ്ധമേഖല സമ്പ്രദായം മുഖേന കൗൺസിലുകളിൽ അംഗങ്ങളെ തിരഞ്ഞെടുക്കാനുള്ള ബാലറ്റ് സമ്പ്രദായം കൊണ്ടു വന്നത്
- പുതിയ പഞ്ചായത്ത് രാജ് തമിഴ്നാട്ടിൽ 1994 ൽ നിലവിൽ വന്നു
- തദ്ദേശ സ്വയം ഭരണമെന്നത് ഗ്രാമപഞ്ചായത്താണ്
- ഗ്രാമസഭയുടെ കൂടിക്കാഴ്ച വർഷത്തിൽ നാലു പ്രാവശ്യം നടത്തുന്നു
- പഞ്ചായത്ത് യൂണിയൻ പലഗ്രാമങ്ങൾ ചേർന്നതാണ്
- ഓരോ ജില്ലകളിലും ജില്ലാപഞ്ചായത്ത് രൂപീകരിക്കും
- കോർപറേഷനുകളും മുനിസിപ്പാലിറ്റികളും നഗരസഭകളും സ്വയം ഭരണസ്ഥാപനങ്ങളാണ്
- കോർപറേഷന്റെ ചെയർമാൻ മേയറാണ്
- സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുപ്പ് നടത്തുന്നു

## അഭ്യാസം

### I ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. 1985-ൽആസൂത്രണ കമ്മീഷൻ ഏതു കമ്മറ്റിയെ നിയമിച്ചു
   a) ബൽവന്ത് റായ് മേത്ത
   b) അശോക് മേത്ത
   c) GVK റാവു
   d) LM സിങ്വി

2. തമിഴ്നാട്ടിൽ രാജാക്കന്മാരുടെ ഭരണകാലത്ത് തദ്ദേശസ്വയംഭരണകൂടം നിലവിലിരുന്നതായി ഉത്തരമേരൂർ ശിലാലിഖിതങ്ങളിൽ പരാമർശിക്കുന്നു
   a) ചോള  b) ചേര
   c) പാണ്ഡ്യ  d) പല്ലവ

3. _____ ഭരണഘടന 73ഉം 74 ാം ഭരണഘടന ഭേദഗതികൾ 1992 ൽ യാഥാർത്ഥ്യമായി മാറി.
   a) 1992  b) 1995
   c) 1997  d) 1990

4. ഗ്രാമ പഞ്ചായത്തിന്റെ മേധാവി _____ ആകുന്നു
   a) കമ്മീഷണർ  b) ജില്ലാ കലക്ടർ
   c) കൗൺസിലർ  d) മേയർ

### II പൂരിപ്പിക്കുക

1. _____ ആണ് തദ്ദേശ സ്വയം ഭരണത്തിൻ പിതാവ്
2. നമ്മുടെ സ്വതന്ത്ര്യ ഭരണകാലത്ത് പുനസ്ഥാപിക്കാൻ _____ വിശ്വാസത്തിൻ ഒരു ലേഖനമായി മാറിയിരിക്കുന്നു
3. ചോളകാലഘട്ടത്തിൽ ഗ്രാമതലവനെ തിരഞ്ഞെടുക്കപ്പെടുന്ന രഹസ്യ വോട്ട് രീതി _____ ആകുന്നു
4. ഗ്രാമത്തിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയം ഭരണം _____ ആയി അറിയപ്പെടുന്നു
5. _____ ടൗൺ പഞ്ചായത്തിന്റെ ഭരണം നിർവ്വഹിക്കുന്നു



IX Std - Civics Malayalam Unit-5.indd 287 3/22/2023 10:34:05 AM

## III. ചേരുംപടി ചേർത്തെഴുതുക:

1. ജില്ലാപരിഷത്ത് - ഗ്രാമം
2. ഗ്രാമസഭ - മേയർ
3. വാർഡ് കമ്മിറ്റി - ചെയർമാൻ
4. പഞ്ചായത്ത് - മുനിസിപ്പാലിറ്റി യൂണിയൻ
5. കോർപ്പറേഷൻ - ജില്ലാകളക്ടർ

## IV. ശരിയായ വിശദീകരണം കണ്ടുപിടിക്കുക

i. പഞ്ചായത്ത് യൂണിയൻ രൂപവത്കരിക്കുന്നത് പല ജില്ലകൾ ചേർന്നാണ്.

ii. ഓരോ ഗ്രാമത്തിലും ജില്ലാ പഞ്ചായത്ത് രൂപീകരിക്കും.

iii. മുനിസിപ്പൽ കമ്മീഷണർ ഇന്ത്യൻ അഡിമിനിസ്ട്രേഷൻ ഓഫീസറായിരിക്കും (IAS).

iv. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വാർഡ് അംഗങ്ങളെ ജനങ്ങൾ നാമനിർദേശം ചെയ്യും.

## V. ചുരുക്കി ഉത്തരമെഴുതുക

1. ഗ്രാമപഞ്ചായത്ത് ചുമത്തുന്ന നികുതികളുടെ പേരുകൾ എവുതുക
2. തമിഴ്നാട് പഞ്ചായത്ത് രാജചട്ടത്തിന്റെ (1994) പ്രധാന സവിശേഷതകൾ എഴുതുക
3. ഗ്രാമപഞ്ചായത്തിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ എന്തെല്ലാം?
4. പ്രാദേശീയ സർക്കാരുകളുടെ സ്വമേധയായുള്ള പ്രവർത്തനങ്ങൾ ഏതാണ്?
5. നഗരത്തിലുള്ള പ്രാദേശിക ഭരണകൂടത്തിന്റെ പേരെന്ത്?

## VI. ഖണ്ഡികയിൽ ഉത്തരമെഴുതുക

1. 73ഉം 74 ാമത് ഭരണഘടന ഭേദഗതിയുടെ (1953) മുഖ്യ സവിശേഷതകൾ എന്തെല്ലാം?
2. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങളും വെല്ലുവിളികളും വിവരിക്കുക

## VII. പ്രവർത്തനം

1. നിങ്ങളുടെ മുനിസിപ്പൽ ചെയർമാനോടും പഞ്ചായത്ത് പ്രസിഡന്റിനോടും സംസാരിച്ച് അവിടത്തെ തദ്ദേശ ഭരണകൂടം എപ്രകാരം നിർവ്വഹിക്കുന്നുവെന്ന് ചോദിച്ച് മനസ്സിലാക്കുക

### ICT കോർണർ

## തദ്ദേശ സ്വയം ഭരണകൂട സർക്കാർ

**തമിഴ്നാടിന്റെ വികസനവും പഞ്ചായത്ത് രാജ് വകുപ്പിന്റെയും ഔദ്യോഗിക വെബ്സൈറ്റ് ഗവൺമെന്റ് സ്കീമുകൾ ഡാറ്റാബേസ് ഭൂപടം ഭരണകൂടം എന്നിവയെക്കുറിച്ച് അറിയാൻ സഹായിക്കുന്നു.**




പ്രവർത്തനം

ഘട്ടം – 1 URL അല്ലെങ്കിൽ മറ്റ് ചിഹ്നങ്ങളെ ഉപയോഗപ്പെടുത്തി ഈ പ്രവർത്തനങ്ങൾക്കായി വെബ്സൈറ്റിൽ പോകുക

ഘട്ടം – 2 നിങ്ങളുടെ ഡ്രാപ്പ് ഡൗൺ മെനുവിൽ ഭൂപടം ക്ലിക്കുചെയ്ത് ബ്ലോക്കുകൾ തെരഞ്ഞെടുക്കുക

ഘട്ടം – 3 ബ്ലോക്ക് ഡേറ്റാബേസ് ഭൂപടങ്ങളുടെ എണ്ണം അറിയാൻ നിങ്ങളുടെ ജില്ലയുടെ പേരിൽ ക്ലിക്കു ചെയ്യുക (ഉദാ തിരുച്ചിനപ്പള്ളി)

**URL:**

https://www.tnrd.gov.in/ index.html (or) scan the QR Code

*ചിത്രത്തിൽ സൂചനകൾക്ക് മാത്രം



IX Std - Civics Malayalam Unit-5.indd 288 3/22/2023 10:34:06 AM

അദ്ധ്യായം 6

# റോഡ് അപകടങ്ങളും റോഡ് സുരക്ഷയും




## പഠനലക്ഷ്യങ്ങൾ

- നമ്മുടെ രാജ്യത്ത് റോഡ് അപകടത്തിൻറെ അമിത വർദ്ധനവ് മനസ്സിലാക്കുക
- റോഡ് അപകടങ്ങളുടെ കാരണങ്ങൾ അറിയുക
- റോഡ് സുരക്ഷാ നിയമങ്ങൾ പാലിക്കുക

EJ5U2

## ആമുഖം

ഈ പാഠഭാഗത്തിൽ നാം റോഡ് അപകടത്തെ കുറിച്ച് പഠിക്കുന്നു പൊതു ഗതാഗതത്തിനായി ഉപയോഗിക്കുന്ന റോഡിൽ ഉണ്ടാക്കുന്ന അപകടത്തിൽ കുറഞ്ഞത് ഒരു വ്യക്തിയെങ്കിലും പരിക്കേൽക്കുകയോ മരണപ്പെടുകയോ ചെയ്താൽ അതിനെ റോഡപകടം എന്നു പറയാം കൊലപാതകം ആത്മഹത്യ പ്രകൃതിദുരന്തങ്ങൾ എന്നിവ റോഡപകടങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടുന്നു പരിക്കേറ്റ് മരണപ്പെടുന്നതിൽ അധകവും റോഡപകടം മൂലമാണ്.ആഗോളതലത്തിൽമരണകാരണങ്ങളിൽ പത്താമത്തെത് റോഡപകടമാണ്. പ്രതിവർഷം 1.2 ദശലക്ഷം ആളുകൾ റോഡപകടങ്ങളിൽ മരണപ്പെടുകയും 50 ദശലക്ഷം ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്യുന്നുവെന്നാണ് കണക്ക്.

**നിങ്ങൾക്ക് അറിയാമോ?**

പർഷംതോറും 130000 മരണം ലോകത്തിലെ ഏറ്റവും കൂടുതൽ റോഡ് അപകടങ്ങൾ ഉണ്ടാകുന്നത് ഇന്ത്യയിലാണ്.

**റോഡ് അപകടങ്ങളുടെ പ്രധാന കാരണങ്ങൾ**






IX Std - Civics Malayalam Unit-6.indd 289 3/29/2023 5:39:47 PM

നിങ്ങൾക്ക് അറിയാമോ?

**ലോകത്തിൽ 3 മിനിറ്റിൽ ഒരിക്കൽ അപകടത്തിൽ ഒരു മരണം സംഭവിക്കുന്നു**

അതിന് പ്രധാന കാരണങ്ങൾ താഴെ പറയുന്നു

1. മദ്യപിച്ച് ഡ്രൈവിംഗ് 40% അതിവേഗത 24% ഇന്ത്യയിൽ വാഹനം പൊട്ടുന്നത് 16% അപ്രക്ഷിത നിയമം ലംഘിക്കുക 15% മറ്റും ഹെൽമറ്റും സീറ്റ്ബെൽറ്റും ഉപയോഗിക്കാത്തവർ 5%
2. ഡ്രൈവർക്ക് ഉണ്ടാകുന്ന ശ്രദ്ധക്കുറവ്
3. ഡ്രൈവർ ചുവന്ന വിലക്ക് ചാടിക്കടക്കുന്നത് കൊണ്ട്
4. തെറ്റായരീതിയിൽ മറികടക്കുന്നത്



ആധാരം: ഇന്ത്യയിലെ റോഡപകടങ്ങൾ 2016 കണക്കനുസരിച്ച്

**റോഡപകടങ്ങളിൽ ഉള്ള വ്യത്യാസമായ കാരണങ്ങൾ:**

**ഡ്രൈവർ:** അമിതവേഗം, ഡ്രൈവിംഗ് നോടുള്ള വിദ്വേഷം, നിയമലംഘനം, അടയാളങ്ങൾ മനസ്സിലാക്കുന്നതിൽ പരാജയം, ക്ഷീണവും മദ്യപാനവും

**കാൽനടയാത്രക്കാർ:** ശ്രദ്ധക്കുറവ്, തെറ്റായ പാതകളിൽ മറികടക്കുന്നത്

**യാത്രക്കാർ:** കൈ, തല, മുതലായവ വാഹനത്തിൻറെ പുറത്തിടുന്നത്, ഡ്രൈവറിനോട് സംസാരിക്കുക, തെറ്റായ വഴിയിൽ വാഹനത്തിൽ ഇറക്കുന്നതും കയറ്റുന്നത്, പടിയിൽ നിന്ന് യാത്ര ചെയ്യുന്നത്, ഓടുന്ന വാഹനത്തിൽ ചാടി കയറുന്നത്.

**വാഹനങ്ങൾ:** വാഹനങ്ങൾ വാഹനങ്ങൾ ബ്രേക്ക് ഇല്ലാതെ ഓടിക്കുന്നത്, ടയർ വെടിക്കുന്നത്, കുറഞ്ഞ വെളിച്ചം, അധികം യാത്രക്കാരെ കയറ്റുന്നത്

**റോഡിൻറെ അവസ്ഥ:** കുഴികൾ, തകർന്ന റോഡുകൾ, ഗ്രാമ റോഡും ജില്ലാ റോഡും തമ്മിൽ ബന്ധിക്കുന്ന സ്ഥലത്തുള്ള കുഴികൾ

**കാലാവസ്ഥ:** മഞ്ഞ്, മൂടൽമഞ്ഞ്, കനത്തമഴ, കൊടുങ്കാറ്റ്, ആലിപ്പഴമഴ തുടങ്ങിയവ.

**മുകളിൽ കൊടുത്തിരിക്കുന്ന ചിത്രം നോക്കി ഉത്തരം കണ്ടു പിടിക്കുക**

1. റോഡുകളുടെ ഉപയോഗത്തിൽ ഏറ്റവും കൂടുതൽ ആളുകൾ ഏത് വിഭാഗത്തിലാണ് മരിക്കുന്നത് നിങ്ങൾക്ക് മൂന്ന് കാരണങ്ങൾ നൽകാൻ കഴിയുമോ?
2. റോഡപകടങ്ങളിൽ നിന്ന് എങ്ങനെ കാലി യാത്രപോകാം?



IX Std - Civics Malayalam Unit-6.indd 290 3/29/2023 5:39:48 PM

**2016-ൽ റോഡ് ഉപയോഗ വിഭാഗത്തിൽ മരണപ്പെട്ടവർ**




**ആധാരം:** ഇന്ത്യയിലെ റോഡപകടങ്ങൾ 2016 കണക്കനുസരിച്ച്

***അപകടങ്ങളുടെ നേരിട്ടുള്ള പ്രത്യാഘാതങ്ങൾ:***

1. മരണം
2. മുറിവ്
3. വാഹനത്തിന് ക്ഷതം സംഭവിക്കുക

***അപകടങ്ങളെ തടുക്കുന്ന രീതികൾ :***

1. വിദ്യാഭ്യാസം ബോധവൽക്കരണം
2. സുരക്ഷ കർശന നിയമം നടപ്പിലാക്കുക
3. എഞ്ചിനീയറിംഗ്:
   (a) വാഹനങ്ങൾ ഡിസൈൻ ചെയ്യുക
   (b) കൂടാതെ റോഡുകളുടെ അറ്റകുറ്റപണികൾ ചെയ്യുക




സീറ്റ് ബെൽറ്റിൻറെ ശരിയായ ഉപയോഗംകൊണ്ട് കൊണ്ട് അപകടമരണ സാധ്യത 51 ശതമാനമായി കുറഞ്ഞു.

**ലോകത്തിലെ ലിംഗ അനുപാതം വയസ്സിൻറെ അടിസ്ഥാനത്തില് റോഡ് അപകടത്തിൽ മരിച്ചവർ 2002**

**മരിച്ചവരുടെ എണ്ണം (ആയിരത്തിൽ)**




**ആധാരം:** WHO ആഗോള രോഗം, രോഗ പദ്ധതി പതിപ്പ് 1 (2002).

മുകളിലുള്ള ചിത്രം ശ്രദ്ധാപൂർവ്വം നോക്കുക താഴെ പറയുന്നതിന് ഉത്തരം നൽകുക.

1. ഏതു പ്രായക്കാരാണ് റോഡപകടത്തിൽ കൂടുതൽ മരണപ്പെടുന്നത് എന്തുകൊണ്ട്
2. പുരുഷന്മാരും സ്ത്രീകളും റോഡ് അപകടത്തിൽ മരിക്കുന്നവരുടെ എണ്ണത്തിൽ വ്യത്യാസം കാണപ്പെടുന്നു അതിൻറെ കാരണമെന്ത്.

## കുട്ടികൾക്ക് റോഡ് സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ

റോഡ് സുരക്ഷാ നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് കുട്ടികൾ അറിയേണ്ടത് അത്യാവശ്യമാണ് കുട്ടികൾക്കുള്ള ചില അടിസ്ഥാന റോഡ് സുരക്ഷാ നിയമങ്ങൾ താഴെ പറയുന്നു:

1. റോഡിൻറെ സുരക്ഷാ നിയമങ്ങൾ അറിയുക
2. നിൽക്കുക ശ്രദ്ധിക്കുക
3. ശ്രദ്ധിക്കുക കേൾക്കുക
4. റോഡിൽ ഓടരുത്
5. എപ്പോഴും റോഡിൻറെ നട പാതയിൽ കൂടി നടക്കാൻ ശീലിക്കുക
6. വാഹനത്തിൻറെ പുറത്ത് കൈനീട്ടാൻ പാടില്ല
7. റോഡിൻറെ വളവിൽ കടക്കാൻ പാടില്ല
8. ധൃതി പെടാൻ പാടില്ല
9. റോഡിൻറെ ഇടതുവശം ചേർന്നു നടക്കുക
10. സീബ്രാവരകളുള്ള സ്ഥലത്ത് റോഡ് മുറിച്ചുകടക്കുക.



## അഭ്യാസം




### I ഉത്തരം എഴുതുക

1. വാഹനമോടിക്കുമ്പോൾ ഹെൽമെറ്റ് ധരിക്കുന്നതിന്റെ പ്രയോജനങ്ങൾ എന്തൊക്കെയാണ്?
2. റോഡപകടത്തിലെ ഘടകങ്ങളുടെ പട്ടിക എഴുതുക
3. സിഗ്നലിലെ ഏത് നിറമാണ് “നിർത്തുക” എന്ന സൂചന നൽകുന്നത്
4. ഏതെങ്കിലും മൂന്ന് റോഡ് സുരക്ഷാ നിയമങ്ങൾ എഴുതുക

### II. ഖണ്ഡികയിൽ ഉത്തരമെഴുതുക

1. റോഡപകടത്തിലെ ഘടകങ്ങൾ വിവരിക്കുക
2. റോഡ് സുരക്ഷാ നിയമങ്ങൾ - വിവരിക്കുക

### പ്രവർത്തനം

**റോഡ് സുരക്ഷാ കളികളും പ്രവർത്തനങ്ങളും**

കുട്ടികൾ പ്രധാനപ്പെട്ട കാര്യങ്ങൾ പഠിക്കാൻ ഏറ്റവും മികച്ച വഴികളിലൊന്നാണ് കളികൾ റോഡ് സുരക്ഷയെ കുറിച്ച് അറിയാൻ ചില പ്രവർത്തനങ്ങൾ



IX Std - Civics Malayalam Unit-6.indd 291 3/29/2023 5:39:48 PM

സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് കുട്ടികളെ സഹായിക്കും.

**1.** മുതിർന്ന വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ അടങ്ങിയ അടയാളങ്ങൾ നിങ്ങൾക്ക് സദേശ ശൃംഖലയിൽ കണ്ടെത്താനാകും അത് റോഡ് സുരക്ഷയെ സംബന്ധിച്ചതാണ്.

**2.** ഊഹ മത്സര കളികൾ കളിക്കുമ്പോൾ റോഡുകളിൽ കേൾക്കുന്ന ചില ശബ്ദങ്ങളെ കുറിച്ച് അത് ഏത് ആപത്തിനെ കുറിക്കുന്ന ശബ്ദമാണെന്ന് മന സിലാക്കാം.

**3.** ചുവന്ന വിളക്ക് പച്ച വിളക്ക് അടയാളങ്ങൾ കാണിച് കുട്ടികളെ ഓടിക്കളിക്കുമ്പോൾ ചുവന്ന വിളക്ക് എന്ന് പറഞ്ഞ് ഓട്ടം നിർത്തുകയും പച്ച വിളക്ക് എന്ന് പറയുന്നതുവരെ കുട്ടികൾ ഓടാൻ പാടുള്ളതുമല്ല .

## കൂടുതൽ വായനയ്ക്ക


1. Dinesh Mohan, 'Road Safety in Less-Motorized Environments: Future Concerns', *International Journal of Epidemiology* 31, No. 3 (2002)
2. Christopher J.L. Murray and Alan D. Lopez, eds., T*he Global Burden of Disease: A Comprehensive Assessment of Mortality and Disability from Diseases, Injuries and Risk Factors in 1990 and Projected in 2020* (Boston: Harvard School of Public Health, 1996).
3. Courtesy:- Ministry of Road Transport & Highways, Government of India


## പദപരിചയം

| | | |
|---|---|---|
| **Abandoned** | Left | ഉപേക്ഷിച്ചു |
| **Allocation** | An amount of a resource assigned to a particular recipient | വിഹിതം |
| **Amendment** | Changes made to an existing law | ഭേദഗതി |
| **Autonomy** | Self government | സ്വയം ഭരണം |
| **Cantonment** | A military garrison or camp | കന്റോൺമെന്റ് |
| **Clusters** | A group of similar things or people | ഗണം |
| **Conceptualisation** | The action of forming a concept | ആശയരൂപീകരണം |
| **Compensation** | Amount awarded to someone for injury or loss | അപകടം പറ്റിയവർക്കോ നഷ്ടം സംഭവിച്ചവർക്കോ നൽകുന്ന തുക |
| **Community** | A group of people living in the same place of having particular characteristics in common | സമുദായം |
| **Consensus** | General agreement on an issue | പൊതു സമ്മതം |
| **Constituency** | A group of votes in a specified area who elect a representative to a legislative body | നിയോജകമണ്ഡലം |
| **Decentralisation** | The transfer of authority from central to local government | വികേന്ദ്രീകരണം |
| **Democratic** | The government is elected by its citizens | ജനാധിപത്യം |
| **Despotism** | Exercise of absolute power | സ്വേച്ഛാധിപത്യം |
| **Dignitaries** | Persons considered to be of high rank or office | ഉന്നത നിലവാരത്തിലുള്ളവർ |
| **Dissolution** | Formally ending or dismissing an assembly | പിരിച്ചുവിടൽ |
| **Executive** | Having to do with carrying out laws | നിർവ്വാഹസമിതി |
| **Ethnicity** | Belonging to a particular social group | ഒരു സവിശേഷ സമൂഹം |
| **Fundamental** | Basic | പ്രാഥമികം |
| **Government** | The group of people with the authority to govern a country or state, a particular ministry in office | ഒരു രാജ്യത്തെ ഭരിക്കാൻ അധികാരമുള്ള ഒരു വിഭാഗം ജനങ്ങൾ. |



IX Std - Civics Malayalam Unit-6.indd 292 3/29/2023 5:39:48 PM

| | | |
|---|---|---|
| **Grass root level** | The most basic level | കീഴ്ത്തട്ടിലുള്ള |
| **Intervene** | Get involved | ഇടപെടൽ |
| **Judicial** | Relating to the administration of justice | നീതിന്യായം |
| **Legislature** | Law making body | നിയമസഭ |
| **Monarchy** | A form of goverment in which a singler person is the hereditory head of the state | രാജഭരണം |
| **NOTA** | The people in a democratic country not willing to elect any candidate, they can vote for the opinion called NOTA (None of the above) | ഒരു ജനാധിപത്യ രാജ്യത്തിൽ സ്ഥാനാർത്ഥികളിലാരേയും തെരഞ്ഞെടുക്കാൻ ജനങ്ങൾക്ക് താല്പര്യമില്ലെങ്കിൽ വോട്ടു രേഖപ്പെടുത്താനുള്ള രീതിയാണ് (NOTA) ധമുകളിൽ പറഞ്ഞിട്ടുള്ള ആരുമല്ലപ |
| **Onslaught** | A fierce attack | ആക്രമണം |
| **Pressure groups** | A group of people who are organised actively for promoting and defending their common interests. | സമ്മർദ്ദ വിഭാഗം |
| **Pursuant** | Following | പിൻതടർന്നു |
| **Racial** | Related to a race of people | മനുഷ്യവർഗ്ഗങ്ങളുമായി ബന്ധപ്പെട്ടത |
| **Representatives** | A person chosen or appointed to act or speak for another or others. | പ്രതിനിധികൾ |
| **Republic** | The head of the state is elected directly or indiretly | പ്രത്യക്ഷമായോ പരോക്ഷമായോ രാഷ്ട്രത്തലവനെ തെരഞ്ഞെടുക്കുന്നത്. |
| **Rejuvenated** | Restore | നവ വര്യം വരുത്തുക |
| **Remedy** | Solution to an issue /problem | ഏതെങ്കിലും പ്രശ്നത്തിനുള്ള പരിഹാരം |
| **Revitalisation** | To give new life | പുനരുജ്ജീവിപ്പിച്ചു |
| **Revived** | Re-establish | പുനരുദ്ധാരണം |
| **Rigid** | Hard to change | ദൃഢമായത് |
| **Secular** | Freedom to practice any religion or reject all. | മതേതരത്വം |
| **Self Government** | A system in which the citizens rule themselves | സ്വയം ഭരണകൂടം |
| **Slaughter** | Killing of animals for food | കശാപ്പുചെയ്യുക |
| **Sovereign** | Free from the interference or control of any foreign power | പരമാധികാരം |
| **Socialist** | Providing social and economic equality to all citizens. | എല്ലാ പൗരൻമാർക്കും സാമൂഹ്യസാമ്പത്തിക സമത്വം നൽകുന്നത് |
| **Tier** | A series of levels of a structure placed one above the other | പല തട്ടുകളിലുള്ള |
| **Trafficking** | Carry forcefully from a place to another. | കടത്തൽ |
| **Victim** | A person who gets harmed | ഏതെങ്കിലും തരത്തിലുള്ള ഹാനി സംഭവിച്ച വ്യക്തി |
| **Voluntary** | Done of one's own free will | സ്വയമേധയ |



IX Std - Civics Malayalam Unit-6.indd 293 3/29/2023 5:39:48 PM

# ഒമ്പതാം സ്റ്റാൻഡേർഡ്

# സാമ്പത്തിക ശാസ്ത്രം



IX Std - Economics Malayalam Unit-1.indd 294 1/27/2023 1:42:57 PM

യൂണിറ്റ് 1

# വികസനത്തെ കുറിച്ചറിയൽ വീക്ഷണം, പരിമാണം,സുസ്ഥിരത

## പഠന ലക്ഷ്യങ്ങൾ

- വ്യത്യസ്തമായ വീക്ഷണങ്ങളിൽക്കൂടി വികസനത്തെക്കുറിച്ച് അറിയുക
- സാമ്പത്തിക വികസനത്തിന്റെ സൂചനകളെ കുറിച്ച് അറിയുക
- സാമ്പത്തിക വികസനത്തിന്റെ അർത്ഥം മനസ്സിലാക്കുക
- സുസ്ഥിര വികസനത്തിന്റെ നയങ്ങളെ കുറിച്ച് അറിയുക.

2P1Q6

## ആമുഖം

നാം സാധാരണയായി ഉപയോഗിക്കുന്ന വാക്കാണ് വികസനം. ഒരു പ്രത്യേക മേഖലയിലോ, അല്ലെങ്കിൽ ഒരു പ്രത്യേക വ്യക്തിയുടെയോ പുരോഗതിയെയാണ് ഇത് സൂചിപ്പിക്കുന്നത്. ഒരു രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയെയാണ് സാമ്പത്തിക വികസനം എന്നു പറയുന്നത്. എന്നാലും വികസനം എന്നതിന്റെ വ്യാഖ്യാനം തുടർന്ന് കാലാനുസൃതമായി മാറിക്കൊണ്ടിരിക്കുന്നതും ഒരു വ്യക്തിയിൽ നിന്നും മറ്റൊരു വ്യക്തിയിലേയ്ക്ക് കൂടുതൽ അർത്ഥവ്യാപ്തി ഉണ്ടാവുന്നതുമാണ്.

## 1.1 വികസനത്തെ കുറിച്ചുള്ള വ്യത്യസ്ത വീക്ഷണങ്ങൾ.

ഓരോ മനുഷ്യനും അവരുടെ ലക്ഷ്യം അല്ലെങ്കിൽ ഇഷ്ടത്തെ കൈവരിക്കാൻ ശ്രമിക്കുന്നു. അതു പോലെ ഒരു രാജ്യം എങ്ങനെ പുരോഗമിക്കണം എന്നതിനെക്കുറിച്ച് അഭിപ്രായം ഉള്ളവരായി കാണുന്നു. തങ്ങളുടെ ചിന്ത പുരോഗതിയിലേക്ക് നീങ്ങുകയും പുരോഗമനത്തിനായുള്ള പല ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള വഴിക്കൾക്കായി മാറുകയും ചെയ്താൽ അത് വികസനത്തിലേയ്ക്ക് നയിക്കും.

**വികസനം എന്നവാക്ക് പല വിധത്തിലുള്ള ജനങ്ങൾ പല വിധത്തിൽ സങ്കല്പിക്കുന്നു.**






IX Std - Economics Malayalam Unit-1.indd 295 1/27/2023 1:42:57 PM

മുകളിൽ കൊടുത്തിട്ടുള്ള രോഖചിത്രത്തിൽ നോക്കുകയാണെങ്കിൽ വരുമാനം ഒഴികെ ജനങ്ങൾ അവരവരുടെ സ്വയമായ വളർച്ചയെക്കുറിച്ച് അറിയാം. ഉയർന്ന വരുമാനം ഗുണനിലവാരമുള്ള വിദ്യാഭ്യാസം, നല്ല ആരോഗ്യം പോഷകാഹാരം, ദാരിദ്ര്യമില്ലായ്മ, തുല്യ അവസരം തുടങ്ങിയവ ജീവിത പുരോഗതിയെ സൂചിപ്പിക്കുന്നു.

സാമ്പത്തിക പുരോഗതി എന്നത് എല്ലാ മേഖലകളിലുമുള്ള സാമ്പത്തിക സാങ്കേതിക വളർച്ച ഉള്ളടക്കിയതാണ്. സാമ്പത്തിക വികസനം എന്നത് ജനങ്ങളുടെ ജീവിത നിലവാരത്തേയും സ്ഥിരമായ വളർച്ചയേയും കുറിക്കുന്നു.

## 1.2 സാമ്പത്തിക പുരോഗതിയുടെ സൂചകങ്ങൾ

യഥാർത്ഥ ദേശീയ ഉൽപാദനം (NNP) പ്രതിശീർഷവരുമാനം (PCI), വാങ്ങാനുള്ള കഴിവിന്റെ സമാനത, മനുഷ്യവിഭവവികസന സൂചകം (HDI) തുടങ്ങിയവ സാമ്പത്തിക വികസനത്തിന്റെ പ്രധാനമായ സൂചകങ്ങളാകുന്നു.

**നിങ്ങൾക്ക് അറിയാമോ?**

**ഒരു രാജ്യത്തിന്റെ ഭൂമി ശാസ്ത്ര പരിധിക്കുള്ളിൽ ഒരു വർഷത്തിൽ ആ രാജ്യം സ്വന്തം അസംസ്കൃതവസ്തുക്കളാൽ ഉൽപാദിപ്പിച്ച ഉൽപന്നങ്ങൾ, ജോലികൾ തുടങ്ങിയവയുടെ മൊത്തം മൂല്യത്തെക്കുറിക്കുന്നതാണ് മൊത്ത ആഭ്യന്തര ഉല്പാദനം.( GDP)**

### യഥാർത്ഥ ദേശീയ ഉത്പാദനം

ദേശീയ ഉത്പാദനത്തിന്റെ യഥാർത്ഥ അളവുകോലായി യഥാർത്ഥ ദേശീയ ഉത്പാദനം കണക്കാക്കപ്പെടുന്നു. (NNP) ഇത് ദേശീയ വരുമാനം എന്നും അറിയപ്പെടുന്നു. പ്രതിശീർഷ വരുമാനത്തിന്റെ വർദ്ധനവാണ്. യഥാർത്ഥ ഉത്പാദനത്തിന്റെ വർദ്ധനവിനെ കാണിക്കുന്നത്. പ്രതിശീർഷവരുമാനമാണ് ദേശീയ വരുമാനത്തേക്കാൾ രാജ്യത്തിന്റെ വികസനം അളക്കുന്നതിനുള്ള മെച്ചപ്പെട്ട സൂചകം.

ഒരു രാജ്യത്തിന്റെ വികസനം കണക്കാക്കുന്നതിനായി അതിന്റെ വരുമാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. ഉയർന്ന വരുമാനമുള്ള രാജ്യങ്ങൾ കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളെക്കാൾ കൂടുതൽ വികസിക്കുന്നതായി കണക്കാക്കപ്പെടുന്നു. അതിനാൽ ദേശീയ വരുമാനം സാമ്പത്തിക വികസനത്തിന്റെ സൂചകങ്ങളിൽ ഒന്നായി കരുതപ്പെടുന്നു.

### പ്രതിശീർഷവരുമാനം

എന്നിരുന്നാലും വിവിധ രാജ്യങ്ങളുടെ വികസനത്തെ താരതമ്യം ചെയ്യുന്നതിന് മൊത്ത വരുമാനം ഒരു ഉപയോഗ പ്രദമായ അളവുകോലല്ല. രാജ്യങ്ങൾ വ്യത്യസ്ത ജനസംഖ്യ ഉള്ളതിനാൽ, മൊത്ത വരുമാനത്തെ താരതമ്യപ്പെടുത്തുമ്പോൾ ഒരു ശരാശരി വ്യക്തിക്ക് എന്തു നേടാൻ കഴിയുമെന്ന് സൂചിപ്പിക്കാൻ കഴിയുന്നതല്ല. ഒരു രാജ്യത്തിലെ ജനങ്ങൾ മറ്റൊരു രാജ്യത്തുള്ള വരെ അപേക്ഷിച്ച് മെച്ചപ്പട്ടവരാണോ? രാജ്യത്തിന്റെ മൊത്ത വരുമാനത്തെ ജനസംഖ്യകൊണ്ട് ഹരിച്ചാണ് പ്രതിശീർഷവരുമാനം കണക്കാക്കുന്നത്. ശരാശരി വരുമാനത്തെയും പ്രതിശീർഷ വരുമാനമെന്ന് പറയുന്നു. അന്തർദേശീയമായി അളവിൽ പ്രതിശീർഷവരുമാനം കണക്കാക്കുന്നത് അമേരിക്കൻ ഡോളറിലാണ്.

**നിങ്ങൾക്ക് അറിയാമോ?**

**പ്രതിശീർഷവരുമാനം**

**പ്രതിശീർഷവരുമാനം ലോകബാങ്ക് റിപ്പോർട്ട് അനുസരിച്ച് രാജ്യങ്ങളുടെ പുതിയ വരുമാനകണക്കുകൾ ചുവടെ പറയുന്നു. (2017 -2018)**

| ക്ര. ന. | രാജ്യങ്ങളുടെ വകഭേദം | പ്രതിശീർഷവരുമാനം (അമേരിക്കൻ ഡോളറിൽ) |
|---|---|---|
| 1 | കുറഞ്ഞവരുമാനം | < 1005 |
| 2 | കുറഞ്ഞ ഇടത്തരം വരുമാനം | 1006–3955 |
| 3 | ഉയർന്ന ഇടത്തരം വരുമാനം | 3956–12,235 |
| 4 | ഉയർന്നവരുമാനം | > 12,235 |

ഉറവിടം: www.worldbank.org

### വാങ്ങാനുള്ള കഴിവിന്റെ പരമാവധി

അമേരിക്കയിൽ ഒരു ഡോളറിന് വാങ്ങാവുന്ന വസ്തുക്കൾക്കും സേവനങ്ങൾക്കും സമാനമായി ഒരു രാജ്യത്തിലെ ആഭ്യന്തര വിപണിയിൽ വാങ്ങാനാവശ്യമായ ആ രാജ്യത്തിന്റെ നാണ



IX Std - Economics Malayalam Unit-1.indd 296 1/27/2023 1:42:57 PM

യത്തിന്റെ എണ്ണമാണ് വാങ്ങാനുള്ള കഴിവിന്റെ സമാനതയെ നിർവ്വചിക്കുന്നത്

രണ്ട് കറൻസികൾ തമ്മിലുള്ള ഏത് വിനിമയത്തിനും ബന്ധപ്പെട്ട രാജ്യങ്ങളിലെ രണ്ടു കറൻസികളുടെ കൃത്യമായ വാങ്ങൽശേഷി പ്രകടിപ്പിക്കാൻ നമുക്ക് പാരിറ്റി അഥവാ സമാനത ആവശ്യമുണ്ട്. സമീപകാലത്ത് വാങ്ങൽ പവർ പാരിറ്റി (PPP) വ്യവസ്ഥയിൽ ഇന്ത്യ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറി. അതുമാത്രമല്ല ചൈന ഒന്നാമത്തെ സ്ഥാനത്തിലും അമേരിക്കൻ ഐക്യനാടുകൾ രണ്ടാം സ്ഥാനത്തിലുമാണ്.

### മനുഷ്യ വികസനം

S5OZR

ഏതൊരു രാജ്യത്തിന്റെ പുരോഗതിക്കും മാനവ വിഭവം അത്യാവശ്യമാണ്. മാനവവിഭവം എന്നത് ജനങ്ങളുടെ കൂട്ടായ കഴിവുകളെ സൂചിപ്പിക്കുന്നു. അതിനെ ഉല്പാദന രംഗത്തിൽ പ്രയോജനപ്പെടുത്താം.

മാനവവിഭവശേഷി വികസനമെന്നത് ഒരു വ്യക്തിയുടെ ശാരീരികവും മാനസ്സികവു മായ കഴിവുകളെ വികസിപ്പിക്കുക എന്നതാണ്. വിദ്യാഭ്യാസം, ആരോഗ്യം, പരിശീലനം എന്നിവയിലൂടെയാണ് ഇത് സാധിക്കുന്നത്. അതുകൊണ്ടുതന്നെ ജനങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം എന്നിവയിലെ നിക്ഷേപം ഒരു രാജ്യത്തെ ഭാവിയിൽ ഉയർന്ന വരുമാനം ലഭിക്കാൻ ഇടയാകും. ഉദാഹരണത്തിന് ഒരു കുട്ടിയുടെ നല്ല വിദ്യാ ഭ്യാസത്തിനും ആരോഗ്യത്തിനുമായി നിക്ഷേപി ക്കുയാണെങ്കിൽ അയാൾ/അവൾ ഭാവിയിൽ കൂടുതൽ വരുമാനം ഉണ്ടാക്കുകയും സമൂഹത്തിൽ വലിയ സംഭാവനകൾ നൽകുകയും ചെയ്യും. മാനവ വികസന സൂചിക (HDI) എന്നത് സമൂഹത്തിൽ ജനങ്ങളുടെ ആകെയുള്ള വികസനത്തിനെ സൂചിപ്പിക്കുന്നു.

കഴിഞ്ഞ കാലങ്ങളിൽ ഭൗതീക മൂലധനത്തിൽ നിക്ഷേപം വർദ്ധിപ്പിച്ചുകൊണ്ട് മാത്രമേ രാഷ്ട്രങ്ങളുടെ സാമ്പത്തിക വളർച്ചയുടെ നിരക്ക് വർദ്ധിപ്പിക്കാനാകൂ എന്ന് സാമ്പത്തിക വിദഗ്ധർ വിശ്വസിച്ചിരുന്നു. എന്നാൽ ഭൗതിക മൂലധന നിക്ഷേപം പോലെ പ്രാധാന്യമുള്ളതാണ് മനുഷ്യ മൂലധന നിക്ഷേപമെന്ന് അവർ പിന്നീട് മനസ്സിലാക്കാൻ തുടങ്ങി.

**നിങ്ങൾക്ക് അറിയാമോ?**

**ഇന്ത്യയിൽ മാനവ വിഭവശേഷി വികസനത്തിന്റെ ഉത്തരവാദിത്വം മാനവ വിഭവശേഷി വികസനമന്ത്രാലയത്തിനാണ്. ഇതിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്നത് ന്യൂഡൽഹിയിലെ ശാസ്ത്രി ഭവനിലാണ്.**




## 1.3 വികസനത്തിന്റെ സുസ്ഥിരത

MUHVX

സുസ്ഥിരമായ സാമ്പത്തിക വികാസം പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാതെയും വികസിപ്പിക്കുക. ഭാവി തലമുറയുടെ ആവശ്യങ്ങളിൽ യാതൊരു വിട്ടുവീഴ്ച്ചയും ചെയ്യാതെയും വികസിപ്പിക്കുക എന്നതാണ്.

പരിസ്ഥിതി നാശത്തിന്റെ പരിണിതഫലങ്ങൾ ദേശീയന സംസ്ഥാന അതിർത്തികളിൽ ഉൾപ്പെട്ടതല്ല. ശാസ്ത്രജ്ഞൻമാർ, സാമ്പത്തിക വിദഗ്ധർ, തത്വ ചിന്തകൻമാർ മറ്റു സാമൂഹിക വാദികൾ ഒന്നു ചേർന്ന് പ്രവർത്തിക്കുന്നതിന്റെ ഫലമായി സ്ഥിരമായ പുരോഗമനം ഉണ്ടാകും.

പ്രകൃതിവിഭവങ്ങളെ രണ്ടായി വിഭജിച്ചിട്ടുണ്ട്. അവ പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങളും, പുതുപ്പിക്കാൻ സാധിക്കാത്ത വിഭവങ്ങളും.

ഭൂഗർഭ ജലം പുതുപ്പിക്കാൻ സാധിക്കുന്ന വിഭവത്തിന് ഉദാഹരണമാണ്.വിഭവം പുനർ ജീവിപ്പിക്കലല്ല, പകരം വിഭവങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുമ്പോൾ എത്രത്തോളം സുസ്ഥിരമായ വികസനം സാധ്യമാണെന്ന ചോദ്യം ഉയർന്നുവരുന്നതാണ്. പുതുപ്പിക്കാനാവാത്ത വിഭവങ്ങൾ പല വർഷങ്ങളായി തുടർച്ചയായി ഉപയോഗിക്കുന്നതിനാൽ അവ തീർന്നു പോകുന്നു.

**നിങ്ങൾക്ക് അറിയാമോ?**

**തെക്കൻ സംസ്ഥാനങ്ങളിൽ തമിഴ്നാട്ടിന്റെ സാക്ഷരതനിരക്ക് രണ്ടാം സ്ഥാനമാണ്. തമിഴ്നാട്ടിന്റെ സാക്ഷരതനിരക്ക് ദേശീയ ശരാശരിയെക്കാൾ വളരെ കൂടുതലാണ്. തമിഴ്നാട്ടിൽ ഉന്നത വിദ്യാഭ്യാസത്തിനായി ചേർന്നവരുടെ എണ്ണം ഇന്ത്യയിൽ ഏറ്റവും ഉയർന്നതാണ്.**



IX Std - Economics Malayalam Unit-1.indd 297 1/27/2023 1:42:57 PM

യഥാർത്ഥ സുസ്ഥിരത കൈവരിക്കുന്നതിന് സാമ്പത്തിക സാമൂഹിക പരിസ്ഥിതി സുസ്ഥിരത സന്തുലനം ചെയ്യേണ്ടതാണ്.

പൊതുവേ വികസനത്തിന്റെയും പുരോഗതിയുടെയും പ്രശ്നം തുടരുന്നു. എല്ലായ്പ്പോഴും സമൂഹത്തിലെ അംഗമെന്ന നിലയിലും വ്യക്തി എന്ന നിലയിലും നമ്മൾ എവിടെയ്ക്കാണ് പോകേണ്ടത്. നമ്മൾ എന്താണാകേണ്ടത്, നമ്മുടെ ലക്ഷ്യമെന്ത്,തുടങ്ങിയവ ചോദിക്കേണ്ടിയിരിക്കുന്നു.

| ക്ര. ന. | അളവുകൾ | സംസ്ഥാനങ്ങൾ | | | | | | |
|---|---|---|---|---|---|---|---|---|
| | | ആന്ധ്രാ പ്രദേശം | കർണ്ണാടകം | കേരളം | ഗുജറാത്ത് | ഉത്തര പ്രദേശം | തമിഴ് നാട് | ഇന്ത്യ |
| 1 | സാക്ഷരത നിരക്ക്%(2011) | 67.02 | 75.36 | 94 | 78.03 | 69.72 | **80.09** | **74.04** |
| 2 | ലിംഗ അനുപാതം(1000 പുരുഷൻമാർക്ക് സ്ത്രീകളുടെ എണ്ണം) 2011 | 993 | 973 | 1084 | 919 | 912 | **996** | **943** |
| 3 | ഉന്നത വിദ്യാഭ്യാസത്തിൽ പ്രവേശിച്ചവരുടെ ശതമാനം(2015 -2016) | 30.8 | 26.1 | 30.8 | 20.7 | 24.5 | **44.3** | **24.5** |

ഉറവിടം: നിധി ആയോഗ് (Niti Aayog)







| പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങൾ | പുതുപ്പിക്കാൻ സാധിക്കാത്ത വിഭവങ്ങൾ |
|---|---|
| പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങൾ മലിനമല്ലാത്തതും പരിസ്ഥിതിയ്ക്ക് യോജിച്ചതുമാണ്. ഈ വിഭവങ്ങൾ പുതുപ്പിക്കുന്നതിന് കുറഞ്ഞ കാലയളവു മതി. ഉദാഹരണത്തിന്, സൗരോർജ്ജം, ജലം, കാറ്റ്, വൃക്ഷങ്ങൾ, കടലാസ് മുതലായവ | പുതുപ്പിക്കാൻ സാധിക്കാത്ത വിഭവങ്ങൾ പരിസ്ഥിതിയെ മലിനമാക്കുകയും ഇല്ലാതാക്കുകയും ചെയ്യുന്നു. ഇവ പുതുപ്പിക്കാൻ പല നൂറ്റാണ്ടുകൾ വേണ്ടിവരും ഉദാ: ലോഹങ്ങൾ, കണ്ണാടി, ജൈവഇന്ധനം (കൽക്കരി, പെട്രോൾ, പ്രകൃതി വാതകം, ഡീസൽ) |



IX Std - Economics Malayalam Unit-1.indd 298 1/27/2023 1:42:58 PM

## 1.4 സുസ്ഥിര വികസനത്തിനുള്ള നയങ്ങൾ

### പരമ്പരാഗതമല്ലാത്ത ഊർജ്ജ ഉറവിടങ്ങളുടെ ഉപയോഗം

ഇന്ത്യ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിന് താപവൈദ്യുതി നിലയങ്ങളേയും ജലവൈദ്യുതി നിലയങ്ങളേയുമാണ് ആശ്രയിക്കുന്നത്. ഈ വിഭവങ്ങൾ പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്നവയാണ് താപവൈദ്യുത നിലയങ്ങൾ കാർബൺഡൈഓക്സൈഡിനെ വലിയ അളവിൽ പുറന്തള്ളുന്നു. ഇത് പരിസ്ഥിതിയെ മലിനമാക്കുന്നു.

### ഇന്ത്യയിൽ സൗരോർജ്ജം

സൂര്യപ്രകാശത്തിനെ വൈദ്യുതിയായി മാറ്റുന്നത് സൗരോർജ്ജമാണ്. ഫോട്ടോവോൾട്ടായിക് സെല്ലുകളെ നേരിട്ടോ അല്ലെങ്കിൽ കേന്ദ്രീകൃതമായ സൗരോർജ്ജം ഉപയോഗിച്ച് പരോക്ഷമായോ ഉപയോഗിക്കുന്നു. വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സൂര്യ പ്രകാശം ഊർജ്ജത്തിന്റെ ഉറവിടമായി സോളാർ പാനലുകൾ ആഗിരണം ചെയ്യുന്നു. ഒരു സോളാർ ഇലക്ട്രിക് സംവിധാനം ഉപയോഗിച്ച് നമ്മുക്കാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും. ഈ വിതരണ സോളാർ സംവിധാനം സ്ഥാപിക്കുന്നതിനാൽ വീടിനും ബിസിനസ്സ് ഉടമകൾക്കും വൈദ്യുതി ചിലവ് കുറയ്ക്കാൻ സാധിക്കും. ഇന്ത്യയിലുള്ള സൗരോർജ്ജം അതിവേഗം വളരുന്ന ഒരു വ്യവസായമാണ്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൗരോർജ്ജ പാനലുകൾ കൊണ്ട സംസ്ഥാനമാണ് തമിഴ്നാട്. ഇന്ത്യയിലെ പ്രമുഖ സൗരോർജ്ജ നിർമ്മാണ സംസ്ഥാനങ്ങളിലൊന്നാണ് തമിഴ്നാട്. 2017 ജൂലൈയ് 31 ലെ കണക്കുപ്രകാരം തമിഴ്നാട്ടിൽ 1,697 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.



## 1.5 ഇന്ത്യയിലെ പരിസ്ഥിതി നയങ്ങൾ

കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളിൽ ഇന്ത്യയിലെ പരിസ്ഥിതി നയങ്ങൾ ഗണ്യമായി പരിണമിച്ചു. ഈ നയങ്ങൾ വായു ജല മലിനീകരണം, മാലിന്യ നിർമ്മാർജനം ജൈവവൈവിധ്യ സംരക്ഷണം തുടങ്ങിയ നിരവധി പ്രശ്നങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സാമ്പത്തിക വികസനത്തിൽ ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ, പരിമിതമായ വിഭവങ്ങൾ, കുറഞ്ഞ ബാഹ്യ സംവിധാനങ്ങൾ അനിശ്ചിതമായ കാലാസസ്ഥ എന്നിവയാണ്. ഈ വെല്ലുവിളികൾ മറികടക്കാനുള്ള സമീപനങ്ങളിലൊന്ന് സുസ്ഥിരമായ വികസന പാതയാണ്.

നിരവധി നിർദ്ദേശങ്ങളിലൂടെയും വിധി പ്രസ്താവങ്ങളിലൂടെയും ഇന്ത്യയിലെ സുപ്രീം കോടതി പരിസ്ഥിതി സംരക്ഷണത്തിനായി മാറ്റങ്ങൾ കൊണ്ടുവന്നു.

ഭരണഘടന അനുച്ഛേദം 51A (ജി) പറയുന്നത് വനങ്ങൾ, തടാകങ്ങൾ, നദികൾ, വന്യ ജീവികൾ എന്നിവ ഉൾപ്പെടെയുള്ള പ്രകൃതി ചുറ്റുപാടുകളെ സംരക്ഷിക്കാനും മെച്ചപ്പെടുത്താനും ഇന്ത്യയിലെ എല്ലാ പൗരൻമാരുടെ ചുമതലയും ജീവജാലങ്ങളോട് അനുകമ്പയുമുണ്ടായിരിക്കണം.

രാജ്യത്തിന്റെ സാമ്പത്തിക വികസനം ജനങ്ങളുടെ ജീവിത നിലവാരത്തെ ഉയർത്തുന്നു. ഇതിനർത്ഥം ജനങ്ങൾക്ക് കൂടുതൽ വരുമാനം ഉണ്ടാവുക, മെച്ചപ്പെട്ട വിദ്യാഭ്യാസം, മെച്ചപ്പെട്ട വികസനം, ആരോഗ്യം, പോഷകാഹാരം, കുറഞ്ഞ ദാരിദ്ര്യം അവസര സമത്വം എന്നിവയാണ്.

**ഇന്ത്യയിൽ പരിസ്ഥിത നയങ്ങൾ**

| ക്ര. ന. | നിയമം | പ്രവൃത്തി |
|---|---|---|
| 1 | നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ നിയമം 2010 | പരിസ്ഥിതിസംരക്ഷണവും വനസംരക്ഷണവും മറ്റ് പ്രകൃതിദത്ത ജൈവ വൈവിധ്യ സംരക്ഷണം |
| 2 | ബയോളജിക്കൽ വൈവിദ്ധ്യത നിയമം 2002 | ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിന് സംരക്ഷണം നൽകുക |



IX Std - Economics Malayalam Unit-1.indd 299 1/27/2023 1:42:58 PM

| | | |
|---|---|---|
| 3 | പരിസ്ഥിതിസംരക്ഷണ നിയമം 1986 | പരിസ്ഥിതി സംരക്ഷണത്തിന് മെച്ചപ്പെടുത്തലിനും വേണ്ടി |
| 4 | വനസംരക്ഷണ നിയമം 1980 | വനനശീകരണം തടയുന്നതിനും വനം വകുപ്പിനുള്ള വനവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും |
| 5 | ജലം (മലനീകരണ നിയന്ത്രണം) നിയമം 1974 | ഉപരിതല, ഭൂഗർഭ ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തൽ |
| 6 | വന്യ ജീവി സംരക്ഷണ നിയമം 1972 | വന്യമൃഗങ്ങൾക്കും പക്ഷികൾക്കും സംരക്ഷണം നൽകുക |

**തമിഴ്നാട്ടിന്റെ വളർച്ച**



തമിഴ്നാടിന്റെ വളർച്ച മുരടിപ്പിക്കുന്ന, ദാരിദ്ര്യം, ഇല്ലായ്മ,അസമത്വം അസഹിഷ്ണുത എന്നിവയിൽ നിന്നാണ് ആരംഭിച്ചതെങ്കിലും വളരെ വേഗത്തിൽ പുരോഗതി കൈവരിച്ച സംസ്ഥാനങ്ങളിലൊന്നാണ് തമിഴ്നാട്.

ആ കാലഘട്ടത്തിൽ തമിഴ്നാട് സാമ്പത്തികശാസ്ത്രജ്ഞന്മാരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് പ്രൈമറി സ്കൂളുകളിൽ സാർവത്രിക ഉച്ചഭക്ഷണശാലകൾ തുടങ്ങിയ ധീരമായ സാമൂഹ്യപദ്ധതികൾ ആരംഭിച്ചു. വിപുലമായ സാമൂഹ്യകേന്ദ്രങ്ങൾ, റോഡുകൾ, പൊതുഗതാഗതം, ജലവിതരണം, വൈദ്യുതി കണക്ഷനുകൾ എന്നിവ സ്ഥാപിക്കാൻ തുടങ്ങി. ഇന്ന് തമിഴ്നാട്ടിലും എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളിലും അവയിൽ മിക്കതും വിവേചന രഹിതമായ അടിത്തറയിൽ എല്ലാവർക്കും ലഭിക്കുമെന്ന് ഉറപ്പുവരുത്താവുന്നതാണ്. പുരോഗമനത്തെ കുറിച്ച് തമിഴനാട്, കേരളം ഹിമാചൽപേദേശ് എന്നീ മൂന്ന് സംസ്ഥാനങ്ങൾക്കും പൊതുവായിട്ടുള്ള ഐക്യം കാണപ്പെടുന്നു.

അവസാനമായി മനുഷ്യ ശേഷിയുടെ വികസന പ്രവർത്തനങ്ങൾക്ക് യാതൊരു തെളിവുമില്ല. വേഗത്തിലുള്ള സാമ്പത്തിക വളർച്ച പോലുള്ള പരമ്പാരഗത സാമ്പത്തിക വിജയത്തിന്റെ ചെലവിൽ, ഇന്ത്യയിലെ എല്ലാസംസ്ഥാനങ്ങളിലും ഏറ്റവും ഉയർന്ന പ്രതിശീർഷവരുമാനവും കുറഞ്ഞ ദാരിദ്ര്യനിരക്കും തമിഴ്നാട്ടിലുണ്ട്. സജീവ സാമൂഹിക നയങ്ങൾ നിലനിർത്താനും ഏകീകരിക്കാനും ഈ സ്ഥാനങ്ങളെ സാമ്പത്തിക വളർച്ച സഹായിച്ചു. സാമ്പത്തിക വളർച്ചയും പൊതു ജന പിന്തുണയും തമ്മിലുള്ള പരസ്പരബന്ധത്തിന് ഇത് ഒരു പ്രധാന ഉദാഹരണമാണ്.

**ഉറവിടം:** നോബൽ സമ്മാനജേതാവായ **പ്രൊഫസർ അമർത്യാസെന്നിന്റെ** *An Uncertain Glory* എന്ന പുസ്തകത്തിൽ നിന്ന്

**സംഗ്രഹം**

- ഒരു പ്രത്യേക മേഖലയിൽ അല്ലെങ്കിൽ ഒരു പ്രത്യേക വ്യക്തിയുടെ പുരോഗതിയെ വികസനം സൂചിപ്പിക്കുന്നു.
- സാമ്പത്തികവികസനം സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകളിലും മൊത്തത്തിലുള്ള വളർച്ചയാണ്.
- പ്രതിശീർഷവരുമാനം, യഥാർത്ഥ ദേശീയ ഉല്പന്നം, വാങ്ങാനുള്ള കഴിവിന്റെ സമാനത, മാനവവികസന സൂചിക എന്നിവയാണ് സാമ്പത്തിക വികസനത്തിന്റെ പ്രധാന സൂചകങ്ങൾ.
- ഏതെങ്കിലും രാജ്യത്തിന്റെ പുരോഗതിക്കായി മാനവവിഭവശേഷി അത്യാവശ്യമാണ്.
- സുസ്ഥിരവികസനം എന്നതിനർത്ഥം പരിസ്ഥിതിയെ നശിപ്പിക്കാതെയും ഭാവിയിലേയ്ക്കായി ഇത് സംരക്ഷിച്ച് വികസനം നടത്തുക എന്നതാണ്.
- വന്യ ജീവി സംരക്ഷണ നിയമം 1972 വന്യ മൃഗങ്ങൾക്കും പക്ഷികൾക്കും സംരക്ഷണം നൽകു ന്നതിനെ ലക്ഷ്യമാക്കുന്നു
- താപ വൈദ്യുത നിലയങ്ങൾ വലിയ അളവിലുള്ള കാർബൺഡൈ ഓക്സൈഡ് പുറം തള്ളുന്നത് പരിസ്ഥിതിക്ക് ദോഷകരമാണ്.



IX Std - Economics Malayalam Unit-1.indd 300 1/27/2023 1:42:58 PM

## അഭ്യാസം

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. പ്രസ്താവന (A):വികസനം ജീവിത നിലവാരത്തെ ഉയർത്തുന്നു.
   കാരണം (R):ജനങ്ങൾക്ക് കൂടുതൽ വരുമാനം മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരംകുറഞ്ഞ ദാരിദ്ര്യം എന്നിവ യുണ്ടാകുന്നു.
   അ). (A)യും (R) രണ്ട ും ശരിയാണ്. (R), (A) യെ വിശദീകരിക്കുന്നു.
   (ആ). (A)യും (R) ഉം ശരിയാണ്. (R), (A) യെ വിശദീകരിക്കുന്നില്ല.
   (ഇ). (A)ശരിയാണ് (R) തെറ്റാണe
   (ഈ). (A)തെറ്റാണ് (R) ശരിയാണ്

2. മനുഷ്യവിഭവം എന്നു പറയുന്നത്
   (അ). ദരിദ്രരുടെ മേൽ നിക്ഷേപം
   (ആ). കൃഷിയിൽ ചെലവ്
   (ഇ). ആസ്തികളുടെ നിക്ഷേപം
   (ഈ). ജനങ്ങളുടെ കൂട്ടായ കഴിവ്

3. രാജ്യങ്ങൾ തമ്മിലുള്ള അന്തരം താരതമ്യപ്പെടുത്തുന്നതിലേക്കായി അവരുടെ ഏറ്റവും പ്രാധാന്യമുള്ള ഒന്നായി _____കണക്കാക്കപ്പെടുന്നു.
   (അ). വളർച്ച (ആ). വരുമാനം
   (ഇ). ചെലവ് (ഈ). സമ്പാദ്യം

4. ദേശീയവരുമാനത്തിന്റെ യഥാർത്ഥ അളവ് കണക്കാക്കപ്പെടുന്നു._____
   (അ) മൊത്തദേശീയ ഉത്പാദനം
   (ആ) മൊത്ത ആഭ്യന്തര ഉത്പാദനം
   (ഇ) യഥാർത്ഥ ദേശീയ ഉത്പാദനം
   (ഈ) യഥാർത്ഥ ആഭ്യന്തര ഉത്പാദനം

5. _____വരുമാനംപ്രതിശീർഷവരുമാനം എന്നും പറയുന്നു.
   (അ) ശരാശരി (ആ) ആകെ
   (ഇ) ജനങ്ങൾ (ഈ) മാസം തോറും

6. താഴെ കൊടുത്തിരിക്കുന്നതിൽ ഏത് രാജ്യമാണ് 'G-8' രാജ്യങ്ങളിൽ ഇല്ലാത്തത്
   (അ) ജപ്പാൻ (ആ) കാനഡ
   (ഇ) റഷ്യ (ഈ) ഇന്ത്യ

7. താഴെകൊടുത്തിട്ടുള്ളവയിൽ ഏത് രാജ്യമാണ് സാർക്കിൽ അംഗമല്ലാത്തത്.
   (അ) ഇന്ത്യ (ആ) പാക്കിസ്ഥാൻ
   (ഇ) ചൈന (ഈ) ഭൂട്ടാൻ

8. പ്രസ്താവന (A):ദേശീയ ഉൽപാദനത്തിന്റെ യഥാർത്ഥ അളവുകോലായി യഥാർത്ഥ ദേശീയ ഉല്പാദനം കണക്കാക്കപ്പെടുന്നു.
   കാരണം (R): അത് ദേശീയ വരുമാനം എന്നും അറിയപ്പെടുന്നു.
   (അ) (A)യും (R) ഉം ശരിയാണ് (R), (A) എന്ന് വിശദീകരിക്കുന്നു.
   (ആ) (A)യും (R) ഉം ശരിയാണ് (R), (A) യെ വിശദീകരിക്കുന്നില്ല.
   (ഇ) (A) ശരിയും (R) തെറ്റാണ്.
   (ഈ) (A) തെറ്റാണ് (R) ശരിയാണ്

9. പ്രസ്താവന (A): ഏതൊരു രാജ്യത്തിന്റെയും പുരോഗതിക്ക് മാനവ ശേഷി അനുവാര്യമാണ്
   കാരണം (R): ജനങ്ങളുടെ വിദ്യാഭ്യാസം ആരോഗ്യം എന്നിവയിൽ നിക്ഷേപം ഭാവിയിൽ ഉയർന്നവരുമാനം ഉണ്ടാക്കാൻ കഴിയും..
   (അ) രണ്ടും (A)യും (R)യും ശരി (R), (A) യെ വിശദീകരിക്കുന്നു.
   (ആ) രണ്ടും (A)യും (R) യും ശരി (R), (A) യെ വിശദീകരിക്കുന്നില്ല.
   (ഇ) (A) ശരിയാണ് (R) തെറ്റാണ്
   (ഈ) (A) തെറ്റാണ് (R) ശരിയാണ്

10. മാനവവികസന സൂചിക (HDI) അതിന്റെ കണക്കുകൂട്ടലിൽ താഴെ ഉള്ള അളവുകളെ ഏതാണ് കണക്കിലെടുക്കാത്തത്
    (അ) ലിംഗം (ആ) ആരോഗ്യം
    (ഇ) വിദ്യാഭ്യാസം (ഈ) വരുമാനം

11. താഴെപ്പറയുന്ന ഏത് സംസ്ഥാനത്താണ് സാക്ഷരതാനിരക്ക് (2011) ദേശീയ ശരാശരിയെക്കാൾ അധികം കാണുന്നത്?
    (അ) ആന്ധ്രപ്രദേശ
    (ആ) ഉത്തരപ്രദേശ്
    (ഇ) തമിഴ്നാട്
    (ഈ) ഇവയൊന്നുമല്ല

12. ലിംഗ അനുപാതം എന്നത്
    (അ) പ്രായപൂർത്തിയായ പുരുഷൻമാരുടെയും സ്ത്രീകളുടെയും അനുപാതം
    (ആ) സ്ത്രീ പുരുഷ അനുപാതം
    (ഇ) സ്ത്രീ പുരുഷൻമാർ തമ്മിലുള്ള ബന്ധം
    (ഈ) ആയിരം പുരഷൻമാർക്ക് എത്ര സ്ത്രീകൾ എന്ന അനുപാതം.



IX Std - Economics Malayalam Unit-1.indd 301 1/27/2023 1:42:58 PM

13. തലമുറകൾക്കിടയിലെ സമത്വം ഏതു പ്രക്രിയയിൽ ഉറപ്പുവരുത്തുന്നു?
(അ) വ്യവസായ പുരോഗതി
(ആ) സാമ്പത്തിക വികസനം
(ഇ) സുസ്ഥിര വികസനം
(ഈ) സാമ്പത്തിക വളർച്ച

14. യോജിക്കാത്തതിനെ കണ്ടുപിടിക്കുക.
(അ) സൗരോർജ്ജം (ആ) കാറ്റ് ശക്തി
(ഇ) കടലാസ് (ഈ) പ്രകൃതിവാതകം

15. ഇന്ത്യയിൽ ഏറ്റവുമധികം സ്ഥാപിക്കപ്പെട്ട സൗരോർജ്ജം ശേഷിയുള്ള സംസ്ഥാനം _____
(അ) തമിഴ്നാട് (ആ) പശ്ചിമബംഗാൾ
(ഇ) കേരളം (ഈ) ആന്ധ്രപ്രദേശ്

16. വർഷങ്ങളായി ഉപയോഗിക്കുന്നതിനാൽ _____ വിഭവങ്ങൾ തീർന്നു പോകുന്നു.
(അ) പ്രകൃതിദത്തമായ
(ആ) പുതുപ്പിക്കാൻ സാധിക്കുന്ന
ഇ) പുതിപ്പിക്കാൻ സാധിക്കാത്ത
(ഈ) പുതിയ

17. താപവൈദ്യുത നിലയം _____നെ വലിയ അളവിൽ അന്തരീക്ഷത്തിൽ പുറന്തള്ളുന്നു?
(അ) ഓക്സിജൻ
(ആ) നൈട്രജൻ
(ഇ) കാർബൺ
(ഈ) കാർബൺഡൈഓക്സൈഡ്

## II. പൂരിപ്പിക്കുക:

1. ഒരു രാജ്യത്തിന്റെ സാമ്പത്തിക അഭിവൃദ്ധി എന്നു പറയുന്നത് _____
2. മാനവശേഷിമന്ത്രാലയത്തിന്റെ ആസ്ഥാനം _____
3. ഇന്ത്യയിൽ ഏറ്റവും ഉയർന്ന സാക്ഷരതനിരക്ക് ഉള്ള സംസ്ഥാനം_____
4. ലോകത്തിൽ മാനവശേഷി വികസന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന സ്ഥാപനം _____
5. ഭൂഗർഭജലം _____ വിഭവങ്ങൾക്ക് ഉദാഹരണമാണ
6. *An Uncertain Glory* എന്ന ഗ്രന്ഥം എഴുതിയത്._____

## III. യോജിപ്പിക്കുക:

1. വികസനം — വന്യജീവിസംരക്ഷണ നിയമം
2. മനുഷ്യ വിഭവശേഷി — പുതുപ്പിക്കാൻ സാധിക്കുന്ന വിഭവം
3. സൗരോർജ്ജം — നിത്യജീവിത്തിന്റെ ഒരു ഭാഗം
4. 1972 — വിദ്യാഭ്യാസം

## IV. ചുരുക്കി ഉത്തരമെഴുതുക:

1. വികസനംകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?
2. വികസനത്തിന്റെ സൂചകങ്ങൾ എന്തെല്ലാമാണ്?
3. ഒരു രാജ്യത്തിന്റെ വികസനം മറ്റ് രാജ്യങ്ങളുമായി താരതമ്യം ചെയ്യാൻ യഥാർത്ഥ ദേശീയ വരുമാനം (NNP) ഒരു പ്രയോജനകരമായ പരിപാടിയായി കണക്കാക്കാത്തത് എന്തുകൊണ്ട്?
4. ഒരു രാജ്യത്തിന്റെപ്രധാനഉറവിടമായി മനുഷ്യ വിഭവത്തെ കണക്കാക്കുന്നതെന്തുകൊണ്ട്?
5. വികസിപ്പിച്ചെഴുതുക : 1. PPP 2. HDI
6. വികസിപ്പിച്ചെഴുതുക: 1. NNP 2. PCI
7. സൗരോർജ്ജം എന്നാലെന്ത്?

## V. വിവരിച്ച് ഉത്തരമെഴുതുക:

1. സുസ്ഥിര വികസനനയങ്ങളെ കുറിച്ചു വിവരിക്കുക?
2. ഇന്ത്യയിലെ പരിസ്ഥിതി നയങ്ങളെക്കുറിച്ച് വിശദമായി വിവരിക്കുക?
3. പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങളേയും പുതുപ്പിക്കാൻസാധിക്കാത്തവിഭവങ്ങളേയും തമ്മിൽ വേർതിരിച്ചെഴുതുക?
4. ഏതെങ്കിലും അഞ്ച് പരിസ്ഥിതി നിയമങ്ങളേയും അവയുടെ പ്രവർത്തനങ്ങൾ വിവരിക്കുക?

## VI. പ്രായോഗീക അഭ്യാസം

ലോകത്തെമ്പാടുമുള്ള മാലിന്യങ്ങൾ കൊണ്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെ വിവരിക്കുക?

## VII. ചിന്തിച്ച് ഉത്തരമെഴുതുക

നിങ്ങളുടെ സ്ഥലത്ത് ഏതു തരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങളാണ് നിങ്ങൾ നേരിടുന്നത്? അതിനെക്കുറിച്ച് വിശദമായി എഴുതുക

## VIII. ജീവിത നൈപുണ്യം

എങ്ങനെയാണ് പ്രതിശീർഷ വരുമാനം കണക്കാക്കുന്നത്?



IX Std - Economics Malayalam Unit-1.indd 302 1/27/2023 1:42:59 PM

യൂണിറ്റ് 2

# ഇന്ത്യയിലെയും തമിഴ്നാട്ടിലെയും തൊഴിൽ അവസരങ്ങൾ

## പഠന ലക്ഷ്യങ്ങൾ

- ഇന്ത്യയിലെ തൊഴിൽ ഘടനയെ അറിയുക
- സംഘടിതവും അസംഘടിതവുമായ മേഖലകളെ മനസ്സിലാക്കുക
- പൊതുമേഖലയുടെയും, സ്വകാര്യമേഖലയുടെയും വ്യത്യാസത്തെ മനസ്സിലാക്കുക.
- മാറിക്കൊിരിക്കുന്ന തൊഴിൽ ഘടനയെ മനസ്സിലാക്കുക
- വിഷയ പഠന ശൈലി മനസ്സിലാക്കുക+

## ആമുഖം

ഓരോമനുഷ്യരുടെയും അടിസ്ഥാന ആവശ്യങ്ങൾ നിങ്ങൾക്കറിയാം. അത് ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയാണ്. ഇന്നത്തെ ലോകത്തിൽ ഈ പട്ടികയിൽ ഒരു പ്രധാനപ്പെട്ട ആവശ്യം കൂടി ചേർക്കേണ്ടതുണ്ട്. അത് തൊഴിലാണ്. ലോകത്തിൽ അതിജീവിക്കാൻ നമുക്ക് ആവശ്യം പണം സമ്പാദിക്കാനുള്ള തൊഴിലാണ്. സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെക്കാൾ ഉയർന്നതോ കുറഞ്ഞതോ ആയ ഏതൊരു ജോലി ചെയ്യുന്നവരേയും ജീവനക്കാർ എന്നാണ് വിളിക്കുന്നത്. ഈ തൊഴിലാളികളെ നിയമിക്കുകയും അവരുടെ പ്രവർത്തനത്തിന് പ്രതിഫലം നൽകുകയും ചെയ്യുന്ന ആളുകളെ തൊഴിലുടമ എന്നു വിളിക്കുന്നു.

ഒരു സമ്പദ്വ്യവസ്ഥയിലെ തൊഴിൽ ശക്തി എന്നത് ആ രാജ്യത്തിലെ തൊഴിലാളികളുടെയും തൊഴിലെടുക്കാൻ ശേഷിയുള്ളവരുടെയും സംഖ്യയാണ്. തൊഴിൽശക്തി കണക്കുകൂട്ടാൻ 15 മുതൽ 60 വയസ്സ് വിഭാഗത്തെ പരിഗണിക്കുന്നു. 15 വയസ്സിന് താഴെയുള്ളവർ കുട്ടികളായി കണക്കാക്കുന്നു. 60 വയസ്സിൽ കവിയുന്ന വ്യക്തി ഉത്പാദനം സംബന്ധമായ ജോലി ചെയ്യുന്നതിന് ശാരീരിക ക്ഷമത ഉള്ളവരല്ല. ജനസംഖ്യയുടെ വലിയൊരു ശതമാനം കുട്ടികളും വൃദ്ധരുമാണെങ്കിൽ തൊഴിൽ ശക്തി കുറവായിരിക്കുന്നതിനാൽ രാജ്യത്തിന്റെ പുരോഗതി മന്ദഗതിയിലാകുന്നു. കൂടാതെ ചെറിയ തൊഴിൽ ശക്തി വലിയൊരു ഭാഗം തൊഴിൽ ചെയ്യാത്തവർക്ക് കുറഞ്ഞ വരുമാനത്തിൽ നിന്ന് ഭക്ഷണം കൊടുത്ത് സംരക്ഷിക്കേണ്ടിവരും.

## 2.1 ഇന്ത്യയിലെ തൊഴിൽഘടന

ഇന്ത്യയിൽ തൊഴിലിന്റെ സ്വഭാവം ബഹുമുഖമാണ്. ചിലർക്ക് വർഷം മുഴുവനും ജോലി ലഭിക്കുന്നു. ചിലർ ഒരു വർഷത്തിൽ ഏതാനും മാസങ്ങൾമാത്രം ജോലി ചെയ്യുന്നു.

ഇന്ത്യയിലെ സമ്പദ്വ്യവസ്ഥ മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പ്രാഥമിക (കാർഷിക) മേഖല, ദ്വിതീയ മേഖല (വ്യാവസായിക മേഖല) തൃതീയ മേഖല അല്ലെങ്കിൽ സേവന മേഖല.




തൊഴിൽ ഘടന

തൊഴിൽ ഘടന, സമ്പദ്വ്യയസ്ഥയുടെ വിവിധ തൊഴിൽ ഘടന, സമ്പദ്വ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തെ സൂചിപ്പിക്കുന്നു. തൊഴിൽ ഘടന രാജ്യങ്ങൾക്ക് രാജ്യങ്ങൾ വ്യത്യാസപ്പെടുന്നുവെങ്കിലും ഇന്ത്യ പോലുള്ള



IX Std - Economics Malayalam Unit-2.indd 303 3/29/2023 5:45:11 PM

വികസ്വരരാജ്യങ്ങളിലെ ഭൂരിഭാഗം ജനങ്ങളും പ്രാഥമിക മേഖലയിലും അതേസമയം ദ്വിതീയ, തൃതീയ മേഖലകളിൽ ഒരു ചെറിയ അനുപാതത്തിലും ഏർപ്പെടുന്നു. വികസിത രാജ്യങ്ങളിൽ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ ശക്തിയുടെ അനുപാതം വളരെ ചെറുതായിരിക്കും ദ്വിതീയ, തൃതീയ മേഖലകളിൽ ഭൂരിഭാഗം തൊഴിൽശക്തി ഉണ്ടാകും.

ഇന്ത്യയിൽ എല്ലായ്പ്പോഴും വികസന പുരോഗതിയുടെ ഒരു പ്രധാന ഘടകമായിരിക്കുന്നത് തൊഴിലുകളാണ്.

1972-1973 മുതലുള്ള നാലു ദശാബ്ദക്കാലത്ത് തൊഴിൽ വളർച്ച ശരാശരി 2% മാണ്.

**നിങ്ങൾക്ക് അറിയാമോ?**

**മദ്ധ്യകാലഘട്ടത്തിൽ ഡൽഹി സുൽത്താൻ ഫെറോഷാ തുക്ലക് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി തൊഴിൽ കാര്യാലയം സ്ഥാപിച്ചു.**

## 2.2 തൊഴിലിന്റെ വകഭേദങ്ങൾ സംഘടിതവും അസംഘടിതവുമായ മേഖല

### സംഘടിതമേഖല

സംഘടിത വിഭാഗം ഉചിതമായ രീതിയിൽ ഗവൺമെന്റിനോടൊപ്പം സംയോജിച്ച് അതിന്റെ നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നു. ഇന്ത്യയിൽ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ, ബാങ്കുകൾ, റയിൽവേ, ഇൻഷ്വറൻസ്, വ്യാവസായിക ജീവനക്കാർ തുടങ്ങിയവരെ സംഘടിത മേഖല എന്നു വിളിക്കാം. നിയമാനുസൃതമായി ഈ വിഭാഗം പ്രവർത്തിക്കുന്നു. സംഘടിതമേഖലയ്ക്ക് ചില ഔപചാരിക പ്രക്രിയകളും നടപടിക്രമങ്ങളുമുണ്ട്. ഈ മേഖലയിലെ ജീവനക്കാർക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കുകയും അസംഘടിത മേഖലകളെക്കാൾ ഉയർന്ന വേതനം ലഭിക്കുകയും ചെയ്യുന്നു.

സംഘടിത മേഖലയ്ക്ക് നല്ല ശമ്പളം, നിശ്ചിത പ്രവർത്തി സമയം, ശമ്പളത്തോടുകൂടിയ അവധികൾ, മെഡിക്കൽ അലവൻസ്, ഇൻഷ്വറൻസ് എന്നിവ നലകുന്നു.

W06KB

തൊഴിൽ മേഖലയിലെ വിഹിതം (%)




### അസംഘടിതമേഖല

കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളും ചെറുകിട വ്യവസായങ്ങളും ചേർന്ന സാമ്പത്തിക വ്യവസ്ഥയെയാണ് അസംഘടിതമെഖല എന്നു പറയുന്നത്. ഇവിടെ ജോലിക്ക് കുറഞ്ഞ വേതനവും സ്ഥിരത ഇല്ലാത്ത ജോലിയുമാണ്, മിക്കപ്പോഴും അവർക്ക് ശമ്പളത്തോടെ അവധിയോ,ഒഴിവ് ദിവസങ്ങളോ അസുഖം കാരണം അവധിയോ നൽകുന്നില്ല.ജോലി സുരക്ഷിതത്വമല്ല. ജോലി ഇല്ലാത്തപ്പോൾ അവരെ ജോലി ഉപേക്ഷിക്കാൻ ആവശ്യപ്പെടുന്നു.

ഈ മേഖലയിൽ വളരെയധികം ജനങ്ങൾ സ്വന്തമായ ചെറിയ ജോലികളിൽ ഏർപ്പെടുന്നു. തെരുവുകളിലെ കച്ചവടം അറ്റകുറ്റപ്പണികൾ എന്നിവകളിൽ അവർ ഏർപ്പെടുന്നു. അസംഘടിത മേഖലയിൽ തൊഴിൽ ചട്ടങ്ങൾ സ്ഥിരമല്ലാത്തതും, നിശ്ചയിച്ചിട്ടില്ലാത്തതുമാണ്. അവർക്ക് യാതൊരു പ്രത്യേക ആനുകൂല്യങ്ങളോ ജോലി സുരക്ഷയോ കാണപ്പെടുന്നില്ല. ഈ സംരംഭങ്ങൾ ഗവൺമെന്റിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

### പൊതുമേഖലയും സ്വകാര്യമേഖലയും :

ഉടമസ്ഥതയും സേവന ഉത്തരവാദിത്വങ്ങളും ആസ്പദമാക്കി സാമ്പത്തിക പ്രവർത്തനങ്ങൾ പൊതു മേഖലയെന്നും സ്വകാര്യ മേഖലയെന്നും തരംതിരിച്ചിരിക്കുന്നു.






IX Std - Economics Malayalam Unit-2.indd 304 3/29/2023 5:45:11 PM

| പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കും തമ്മിലുള്ള വ്യത്യാസങ്ങൾ | | |
|---|---|---|
| ക്ര.ന. | പൊതുമേഖലാ സ്ഥാപനങ്ങൾ | സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ |
| 1 | സേവന മനോഭാവം | ലാഭ ലക്ഷ്യത്തോടെ |
| 2 | ആസ്തികൾ സർക്കാരിന് സ്വന്തം | ആസ്തികൾ സ്വകാര്യ ഉടമകൾക്ക് സ്വന്തം |
| 3 | വേതനം സർക്കാർ ന ൽകുന്നു | വേതനം സ്വകാര്യ ഉട മസ്ഥർ നൽകുന്നു. |

**ഉദാഹരണം**

| പൊതുമേഖലാസ്ഥാപനങ്ങൾ | പൊതുമേഖലാസ്ഥാപനങ്ങൾ |
|---|---|
| NLC | TVS മോട്ടോർസ് |
| SAIL | അശോക് ലൈലാന്റ് |
| BSNL | TATA സ്റ്റീൽ |

## 2.3 തൊഴിൽ ക്രമം

സമീപ വർഷങ്ങളിൽ തൊഴിൽ ക്രമത്തിൽ ഒരു മാറ്റം ഉണ്ടായിട്ടുണ്ട്. ഇത് അവരുടെ തൊഴിൽ ഉടമകൾ കൂടുതൽ അയവുള്ള തൊഴിൽ ക്രമങ്ങൾ തങ്ങളുടെ ജോലിക്കാർക്ക് ഏർപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട് **പ്രവണതകൾ** (a) സ്വയം തൊഴിൽ വർദ്ധനവ് (b) സ്ഥാപനങ്ങൾ ചില മുഴുവൻ സമയ ജീവനക്കാരെ ഉപയോഗപ്പെടുത്തുകയും മറ്റു ജോലികൾ ഹ്രസ്വകാല കരാറുകൾ മുഖേന നൽകുന്നതുമാണ് (c). വാഗ്ദാനം ചെയ്യുന്ന കമ്പനികൾ പകുതിനേര തൊഴിൽ മേഖലയിൽ വളർച്ച കൈവരിച്ചിട്ടുണ്ട് ഇത് ജനങ്ങളുടെ ജീവിത ശൈലി മൂലമാകാം.

### തമിഴ്നാട്ടിൽ തൊഴിൽ പ്രവണതകൾ

മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ വൻ ഇടിവ് ഉണ്ടായിട്ടും തമിഴ്നാട്ടിലെ ഏറ്റവും കൂടുതൽ ജോലി സാധ്യത ഉള്ളത് കൃഷിയിലാണ്. കാർഷികേതര മേഖലകൾ തൊഴിലാളികളുടെ ശക്തിയുടെ സ്ഥാനമാറ്റത്തിനാവശ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടില്ല. തമിഴ്നാട്ടിൽ ജോലി സാധ്യതയുടെ വളർച്ചയിൽ കൂടുതൽ ഭാഗവും, കുറഞ്ഞ വരുമാനം നൽകുന്ന സംഘടിത രീതിയിലുള്ള അസംഘടിതവും അനൗപചാരികവുമായ മേഖലകളിൽ നിന്നാണ്.

**ഇരുവേൽപട്ടുവിൽ തൊഴിൽ : ഒരു വിഷയ പഠനം:**

തൊഴിലവസരങ്ങളിൽ ഏർപ്പെടുന്ന മാറ്റത്തെ ദേശീയ അല്ലെങ്കിൽ സംസ്ഥാന തലത്തിൽ മാത്രമായി മനസ്സിലാക്കാൻ കഴിയണമെന്നില്ല. ഗ്രാമങ്ങളെ നിരീക്ഷിക്കുന്നതു മൂലവും മന സ്സിലാക്കാൻ കഴിയും. ഇരുവേൽപട്ടു എന്നത് തമിഴ്നാട്ടിൽ, വിഴുപ്പുറം ജില്ലയിലുള്ള ഗ്രാമമാണ്. ഈ ഗ്രാമം 100 വർഷത്തിലധികം കാലം നിരവധി പണ്ഡിതന്മാർ നിരീക്ഷണം ചെയ്തിരുന്നു. 1916-ൽ ഈ ഗ്രാമത്തെ പഠിക്കാൻ തന്റെ വിദ്യാർത്ഥികളോടൊപ്പം മദ്രാസ്സ് സർവ്വകലാശാലയിൽ പഠിപ്പിച്ച ആദ്യത്തെ പണ്ഡിതനായ ഗിൽബർട്ട് സ്ളേറ്റർ ആദ്യമായി വന്നിരുന്നു. അതിനാൽ ഈ ഗ്രാമം സ്ളേറ്റർ ഗ്രാമം എന്നറിയപ്പെടുന്നു. തുടർന്ന് പല വർഷങ്ങളോളം നിരവധി പണ്ഡിതന്മാർ ഗ്രാമീണരുടെ തൊഴിലിനെ കുറിച്ച് വിവരങ്ങൾ ശേഖരിച്ചു . മാത്രമല്ല ഗ്രാമത്തിലെ ഓരോ വ്യക്തിയുടേയും വിവരങ്ങൾ ശേഖരിച്ചിരുന്നു.

പ്രാഥമിക ആരോഗ്യസംരക്ഷണം, പൊതുവിതരണ സംവിധാനത്തിന്റെ പരിപാലനം വിദ്യാലയങ്ങൾ എന്നിവയിലൂടെ ഗ്രാമത്തിലെ ജനങ്ങൾക്ക് സാമൂഹ്യ സുരക്ഷാബോധം കൊണ്ടുവരാൻ കഴിയുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ഗ്രാമത്തിൽ വളരെയധികം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എങ്കിലും ഇപ്പോഴും കൃഷിക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. താഴെ കൊടുത്തിട്ടുള്ള പട്ടിക നോക്കുക. 1981 -ൽ 100 കുടുംബങ്ങളിൽ 24 എണ്ണം കാർഷികേതര തൊഴിലുകളിൽ ഏർപ്പെട്ടിരുന്നുവെന്ന് നിങ്ങൾക്ക് കാണാൻ കഴിയും. 2008 -ൽ അത്തരം തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന കുടുംബങ്ങൾ 41 ആയി വർദ്ധിച്ചു. 1981 - 2008 കാലഘട്ടത്തിൽ കൃഷിയിൽ ഏർപ്പെട്ടിരുന്ന കുടുംബങ്ങളുടെ അനുപാതം കുറഞ്ഞു. അതായത് കർഷകത്തൊഴിലാളികളും കർഷകരും കുറഞ്ഞു കൊണ്ടുവരുന്നു

**ഇരുവേൽപ്പട്ടുവിലെ കുടുംബങ്ങളുടെ ജോലിവിവരങ്ങൾ (ശതമാനത്ത**

| തൊഴിൽ | കുടുംബങ്ങൾ (% ) | |
|---|---|---|
| | 1981 | 2008 |
| കൃഷിക്കാർ | 42 | 33 |
| കർഷകത്തൊഴിലാളികൾ | 34 | 26 |
| കാർഷികേതര തൊഴിലാളികൾ | 24 | 41 |
| ആകെ കുടുംബങ്ങൾ | 100 | 100 |



IX Std - Economics Malayalam Unit-2.indd 305 3/29/2023 5:45:11 PM




## പ്രവർത്തനം

1. കൃഷിയിൽ നിന്നും കാർഷികേതര ജോലികളിൽ ഇരുവേലപ്പട്ടു ജനങ്ങൾ മാറിയത് എന്തുകൊണ്ട്?
2. കാർഷികത്തിൽ നിന്നും കാർഷികമല്ലാത്ത ജോലിയിലേയ്ക്ക് മാറുന്നത് എളുപ്പമാണെന്ന് താങ്കൾ കരുതുന്നുണ്ടോ? അദ്ധ്യാപകരോടും രക്ഷിതാക്കളോടും ചോദിച്ചു മനസ്സിലാക്കിയ ശേഷം ക്ലാസ്സിൽ ചർച്ച ചെയ്യുക
3. നിങ്ങളുടെ സ്ഥലത്ത് 20 കുടുംബങ്ങളുടെ പ്രധാന തൊഴിലുകളെപ്പറ്റി വിവരങ്ങൾ ശേഖരിക്കുക. മുകളിൽ ഉള്ളതുപോലെയുള്ള പട്ടിക തയ്യാറാക്കി ക്ലാസ്സിൽ ചർച്ച ചെയ്യുക?

## സംഗ്രഹം

- തൊഴിൽ ശക്തി എന്നത് നാട്ടിലുള്ള ജോലി ചെയ്യുന്നവരും ജോലിചെയ്യുന്നതിന് കഴിവുള്ളവരുമായ ജനങ്ങളുടെ എണ്ണമാണ്
- തൊഴിൽ ഘടന സാമ്പത്തികവ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തെ സൂചിപ്പിക്കുന്നു.
- 1972 – 73-ാം കാലഘട്ടം മുതൽ കഴിഞ്ഞ നാല് ദശാബ്ദകാലത്ത് ഇന്ത്യയുടെ തൊഴിലവസര വളർച്ചാനിരക്ക് ശരാശരി 2% ആയി വർദ്ധിച്ചിട്ടുണ്ട്.
- സംഘടിത മേഖലയിലുള്ള തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം, ഇൻഷ്വറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നു.
- പൊതുമേഖല എന്നത് സർക്കാർ നിർവ്വഹിക്കുന്ന സ്ഥാപനങ്ങളാണ്.
- ജനങ്ങളുടെ ജീവിതശൈലി കാരണമായി തൊഴിൽ ക്രമങ്ങൾ മാറുന്നു.

## അഭ്യാസം

89RAB

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. തൊഴിൽ ശക്തി കണക്കു കൂട്ടുന്നതിന് ——— പ്രായപരിധി വരെ കണക്കാക്കാം.
(അ) 12–60 (ആ) 15–60
(ഇ) 21–65 (ഈ) 5–14

2. ഇന്ത്യയിലെ ആകെ ആഭ്യന്തര ഉത്പാദത്തിൽ വിവിധ മേഖലകളിൽ ഏത് അവരോഹണ ക്രമമാണ് ശരിയായത്.
(അ) പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല
(ആ) പ്രാഥമിക മേഖല, തൃതീയ മേഖല, ദ്വിതീയ മേഖല
(ഇ) തൃതീയ മേഖല, ദ്വിതീയ മേഖല, പ്രാഥമിക മേഖല
(ഈ) ദ്വിതീയ മേഖല, തൃതീയ മേഖല, പ്രാഥമിക മേഖല

3. താഴെപ്പറയുന്ന മേഖലകളിൽ ഇന്ത്യയിൽ ഏറ്റവും വലിയ തൊഴിൽ സാധ്യതയുള്ള മേഖല ഏത്?
(അ) പ്രാഥമിക മേഖല
(ആ) ദ്വിതീയ മേഖല
(ഇ) തൃതീയ മേഖല
(ഈ) പൊതു മേഖല

4. താഴെപ്പറയുന്നവയിൽ ഏതാണ് പ്രാഥമിക മേഖലയിൽ ഉൾപ്പെടാത്തത്?
(അ) കൃഷി (ആ) ഉത്പാദനം
(ഇ) ഖനനം (ഈ) മത്സ്യബന്ധനം

5. താഴെപ്പറയുന്നവയിൽ ഏതാണ് ദ്വിതീയ മേഖലയിൽ ഉൾപ്പെട്ടത്?
(അ) കെട്ടിടനിർമ്മാണം
ആ) ഉത്പാദനം
(ഇ) ചെറുകിട വ്യവസായം
(ഈ) വനങ്ങൾ

6. തൃതീയ മേഖലയിൽ ഉൾപ്പടുന്നത്?
(അ) ഗതാഗതം (ആ) ഇൻഷ്വറൻസ്
(ഇ) ബാങ്കുകൾ (ഈ) ഇവയെല്ലാം

7. ഏത് മേഖലയിലാണ് തൊഴിൽ ഘടനാരീതി ഉൾപ്പെടുത്തിയിട്ടില്ലാത്തത്?
(അ) പ്രാഥമിക മേഖല
(ആ) ദ്വിതീയ മേഖല
(ഇ) തൃതീയ മേഖല
(ഈ) സ്വകാര്യ മേഖല



IX Std - Economics Malayalam Unit-2.indd 306 3/29/2023 5:45:12 PM

**8.** പട്ടിക 1-നെ പട്ടിക 11 നോട്യോജിപ്പിച്ച് താഴെ കൊടുത്തിട്ടുളളവയിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

| I | II |
|---|---|
| (അ) കൃഷി, വനങ്ങൾ, മത്സ്യ ബന്ധനം, ഖനനം | 1. അസംഘടിത മേഖല |
| (ആ) ഉത്പാദനം, വാതകം വൈദ്യുതി, ശുദ്ധ ജല വിതരണം | 2. സേവന മേഖല |
| (ഇ) വാണിജ്യം, ഗതാഗതം, വാർത്താ വിനിമയം | 3. ദ്വിതീയ മേഖല |
| (ഈ) കൂട്ടുചേരാത്ത സ്ഥാപനങ്ങൾ, വീട്ടുജോലികൾ | 4. പ്രാഥമിക മേഖല |

| | (അ) | (ആ) | (ഇ) | (ഈ) |
|---|---|---|---|---|
| (അ) | 1 | 2 | 3 | 4 |
| (ആ) | 4 | 3 | 2 | 1 |
| (ഇ) | 2 | 3 | 1 | 4 |
| (ഈ) | 3 | 2 | 4 | 1 |

**9.** തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാൻ മദ്ധ്യകാല ഇന്ത്യ ഭരിച്ചിരുന്ന ഏത് ഡൽഹി. സുൽത്താനാണ് 'തൊഴിൽകാര്യാലയം' നടപ്പിലാക്കിയത്
(അ) മുഹമദ്ബിൻ തുഗ്ളക്
(ആ) അലാവുദീൻ ഖിൽജി
(ഇ) ഫെറോഷാ തുഗ്ളക്
(ഈ) ബാൽബൻ

**10.** _____ മേഖല രജിസ്റ്റർ ചെയ്യപ്പെട്ടതും ഗവൺമെന്റ് നിയമങ്ങൾ പിന്തുടരുന്നതുമാണ്
(അ) കാർഷികം
(ആ) സംഘടിതമേഖല
(ഇ) അസംഘടിത മേഖല
(ഈ) സ്വകാര്യമേഖല

**11.** _____മേഖലയ്ക്ക് തൊഴിൽസംരക്ഷണവും അധിക വേതനവും നൽകുന്നു
(അ) പൊതുമേഖല
(ആ) അസംഘടിത മേഖല
(ഇ) ഇൻഷ്വറൻസ്
(ഈ) ചെറുകിടവ്യവസായം

**12.** യോജിക്കാത്തതിനെ കണ്ടുപിടിക്കുക
(അ) ബാങ്കുകൾ
(ആ) റയിൽവേ
(ഇ) ഇൻഷ്വറൻസ്
(ഈ) ചെറുകിടവ്യവസായം

**13.** പൊതുമേഖല, സ്വകാര്യമേഖല എന്നിവ ഏത് അടിസ്ഥാനത്തിലാണ് തരം തിരിച്ചിരിക്കുന്നത്?
(അ) തൊഴിലാളികളുടെ എണ്ണം
(ആ) സാമ്പത്തിക പ്രവനർത്തനങ്ങുടെ സ്വഭാവം
(ഇ) സ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശം
ഈ) തൊഴിൽ സാഹചര്യം

**14.** പ്രസ്താവന (A) സമ്പദ്ഘടനയുടെ അസംഘടിത മേഖല എന്നത് ഗാർഹിക ഉത്പാദന പ്രവർത്തനവും ചെറുകിട വ്യവസായവുമാണ്.
കാരണം (R) ഇവിടെ കുറഞ്ഞ വേതനവും തുടർച്ചയായിട്ടുള്ള ജോലിയും കിട്ടുന്നില്ല
(അ) (A) യും (R) ഉം ശരി. (R),(A) നെ വിശദീകരിക്കുന്നു.
(ആ) (A) യും (R) ഉം ശരി (R), (A) നെ വിശദീകരിക്കുന്നില്ല
(ഇ) (A) ശരി (R) തെറ്റ്
(ഈ) (A) തെറ്റ് (R) ശരി

**15.** തൊഴിലാളികളെ ജോലിക്കെടുത്ത് അവരുടെ പ്രവർത്തനത്തിന് പ്രതിഫലം നൽകുന്നവർ _____.
(അ) തൊഴിലാളി
(ആ) തൊഴിലുടമകൾ
(ഇ) അധ്വാനം
(ഈ) സംരക്ഷകൻ

**16.** തമിഴ്നാട്ടിൽ _____ മേഖലയിൽ ധാരാളം ആളുകൾ ജോലി ചെയ്യുന്നു
(അ) കാർഷികം
(ആ) ഉത്പാദനം
(ഇ) ബാങ്കുകൾ
(ഈ) ചെറുകിട വ്യവസായം

## II. പൂരിപ്പിക്കുക.:

**1.** --------- മേഖലയിൽ തൊഴിൽ സാഹചര്യങ്ങൾ സ്ഥിരവും ക്രമമനുസരിച്ചിട്ടുള്ളതുമല്ല.

**2.** സാമ്പത്തിക നടപടികളെ _____ എന്നും ------- മേഖലകളായി തരം തിരിച്ചിരിക്കുന്നു.

**3.** --------- എപ്പോഴും ഇന്ത്യയിലെ വികസനനയത്തിന്റെ ഒരു പ്രധാന ഘടകമായി സ്ഥാനം വഹിക്കുന്നു

**4.** തൊഴിൽക്രമം മാറുന്നതിനുള്ള കാരണം _____

**5.** ഇന്ത്യയിൽ തൊഴിലിന്റെ സ്വഭാവം _____ ആണ്.

**6.** _____ സാമ്പത്തിക വ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തെ സൂചിപ്പിക്കുന്നു.

**7.** പൊതു മേഖല എന്നത്_____



IX Std - Economics Malayalam Unit-2.indd 307 3/29/2023 5:45:12 PM

## III. യോജിപ്പിക്കുക.:

1. പൊതു മേഖല - ബാങ്കുകൾ
2. സ്വകാര്യ മേഖല - കോഴിവളർത്തൽ
3. പ്രാഥമിക മേഖല - ലാഭകരം
4. തൃതീയ മേഖല - സേവനമനോഭാവം

## IV. ചുരുക്കി ഉത്തരമെഴുതുക:

1. സമ്പദ് വ്യവസ്ഥയുടെ തൊഴിൽ ശക്തി എന്നാൽ എന്ത്?
2. കുട്ടികളെയും 60 വയസ്സിന് മുകളിലുള്ള വയോധികരേയും എന്തുകൊണ്ടാണ് തൊഴിൽ ശക്തിക്ക് കണക്ക് കൂട്ടാത്തത്?
3. സമ്പദ് വ്യവസ്ഥയിലെ മൂന്ന് മേഖലകൾ ഏവ?

## V. വിവരിച്ച് ഉത്തരമെഴുതുക:

1. വിവരിക്കുക (അ) പ്രാഥമിക മേഖല (ആ) ദ്വിതീയ മേഖല (ഇ) തൃതീയ മേഖല
2. ഇന്ത്യയിലെ തൊഴിൽ ഘടനയെക്കുറിച്ച് വിവരിക്കുക?
3. സംഘടിത അസംഘടിത മേഖലകളിലെ തൊഴിൽ സാഹചര്യങ്ങൾ താരതമ്യം ചെയ്യുക?
4. വേർതിരിച്ചെഴുതുക പൊതുമേഖല - സ്വകാര്യമേഖല

## VI. പ്രായോഗികവും പ്രവർത്തനങ്ങളും

1. നിങ്ങൾക്കു ചുറ്റുമുള്ള മുതിർന്നവരെ കണ്ടെത്തി എല്ലാതരം ജോലിയുടെയും ദീർഘമായ ഒരു പട്ടിക സൃഷ്ടിക്കുക. ഏതു വിധത്തിൽ നിങ്ങൾ അവയെ തരംതിരിക്കും?
2. ഒരു ഗവേഷകൻ ചെന്നൈയിൽ അദ്ധ്വാനിക്കുന്ന ജനങ്ങളിൽ നിന്നും എന്തെല്ലാം മനസ്സിലാക്കി എന്ന വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു
3. താഴെപ്പറയുന്ന തൊഴിലുകളെ പ്രാഥമിക ദ്വിതീയ മറ്റും തൃതീയ മേഖല പട്ടികകളിൽ എഴുതുക.

   ക്ഷീരവിതരണം ചെയ്യുന്നവർ, തയ്യൽക്കാരൻ, അദ്ധ്യാപകർ, ഡോക്ടർ, കർഷകർ, പോസ്റ്റ്മാൻ, എഞ്ചിനീയർ, കുശവൻ, മത്സ്യത്തൊഴിലാളി, കര കൗശല വിദഗ്ധർ, പോലീസുകാരൻ, പണവ്യവഹാരംനടത്തുന്നവർ (ബാങ്കർ) ഡ്രൈവർ, തച്ചൻ.

| പ്രാഥമിക മേഖല | ദ്വിതീയ മേഖല | തൃതീയ മേഖല |
|---|---|---|
| | | |
| | | |
| | | |
| | | |

| ജോലി ചെയ്യുന്ന സ്ഥലം | തൊഴിലിന്റെ സ്വഭാവം | ജോലി ചെയ്യുന്ന ജനങ്ങളുടെ ശതമാനം |
|---|---|---|
| ഓഫിസുകളും തൊഴിൽശാലകളും സർക്കാരിൽ രജിസ്റ്റർ ചെയ്ത്തിട്ടുള്ളത് | സംഘടിതം | 15 |
| ഔപചാരിക അംഗീകാരമുള്ള സ്വന്തം കടകൾ ഓഫീസ്, ക്ലിനിക്കുകൾ | | 20 |
| തെരുവിൽ ജോലി ചെയ്യുന്നവർ നിർമ്മാണതൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ | | 25 |
| ചെറുകിട വ്യവസായികൾ സാധാരണയായി സർക്കാരിൽ രജിസ്റ്റർ ചെയ്യുന്നില്ല | | |

## VII. ചിന്തിച്ച് ഉത്തരമെഴുതുക

ഇപ്പോൾ തൃതീയ മേഖല ലോകത്ത് ഒന്നാം സ്ഥാനത്തിലാണ്? കാരണം പറയുക

## VIII. നൈപുണ്യം

നിങ്ങളുടെ ഗ്രാമത്തിലെ സമ്പദ്വ്യവസ്ഥയുടെ വിഭാഗങ്ങളെ കുറിച്ച് ചർച്ച ചെയ്യുക.



IX Std - Economics Malayalam Unit-2.indd 308 3/29/2023 5:45:12 PM

# ICT കോർണ്ണർ

## ഇന്ത്യയിലും തമിഴ്നാട്ടിലും തൊഴിൽ സാഹചര്യങ്ങൾ

വിവിധ കഴിവുകൾക്കുള്ള അവസരങ്ങൾ അറിയാൻ **TNSDC** പര്യവേഷണം ചെയ്യുക




### Steps:

- തന്നിരിക്കുന്ന URL ടൈപ്പു ചെയ്യുക. (അല്ലെങ്കിൽ) QR കോഡ് സ്കാൻ ചെയ്യുക. തമിഴ് നാട് നൈപുണ്യവികസനകോർപ്പറേഷൻ വെബ്പേജ് തുറക്കും;
- പരീശീലന കോഴ്സുകളുടെ പട്ടികയിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ 'List of Training Courses'. അല്ലെങ്കിൽ 'റശ്യേശര' എന്ന് യോജിച്ച ബോക്സ്സുകളെ തെരഞ്ഞെടുക്കുക. സംസ്ഥാന സർക്കാരാൽ നടത്തപ്പെടും പരിശീലനങ്ങൾ അടങ്ങിയ ലിസ്റ്റ് പ്രത്യക്ഷപ്പെടും.
- **New Registration** എന്നതിനെ ക്ലിക്ക് ചെയത് നിങ്ങളെക്കുറിച്ചുള്ള വിവരങ്ങളെ ഛിഹശിലൽ ഞലഴശല്യേ ചെയ്യുക. മുഗൽഭാഗത്ത് 'TNSDC LOGIN' എന്നതിനെ തെരഞ്ഞെടുക്കുക. ഇപ്പോൾ സ്ക്രീനിൽ ൗല്യെ ിമാല ജമഞൈീറ എന്നിവ ്യേല ചെയ്യുക.
- പ്രധാനപ്പെട്ട കാര്യങ്ങൾ അറിയാൻ '**Downloads**' ക്ലിക്ക് ചെയ്യുക. മറ്റ് പ്രധാന ലിങ്കുകൾ ലഭിക്കുന്നതിന് '**Important Links**'ക്ലിക്ക് ചൈയ്യുക.




Step1




Step2




Step3

**Timeline Project's URL:**

https://www.tnskill.tn.gov.in/



IX Std - Economics Malayalam Unit-2.indd 309 3/29/2023 5:45:15 PM

അദ്ധ്യായം

3

# പണവും വായ്പയും




## പഠനലക്ഷ്യങ്ങൾ

- ചരക്ക് കൈമാറ്റ കച്ചവടരീതിയെപ്പറ്റി മനസ്സിലാക്കൽ.
- പണത്തെകുറിച്ചും പണം കൈമാറ്റം ചെയ്യുന്നതിനെകുറിച്ചും ഗ്രഹിക്കൽ
- റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ പങ്കിനെ കുറിച്ചു മനസ്സിലാക്കൽ
- പലതരത്തിലുള്ള വായ്പയെപ്പറ്റിയും അതിന്റെ കീഴിലുള്ള സേവനദാതാക്കളെ പറ്റിയും മനസ്സിലാക്കൽ

DC0FJ

## ആമുഖം

ഈ പാഠം പണത്തിന്റെ ചരിത്രത്തെപ്പറ്റിയും അതിന്റെ പ്രവർത്തനങ്ങളെപ്പറ്റിയും വ്യക്തമാക്കുന്നു. നമ്മുടെ രാജ്യത്തിലെ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ പങ്കിനെപ്പറ്റി വിശദീകരിച്ച് വിദേശവിനിമയം, പണം ചെലവാക്കൽ പലതരത്തിലുള്ള വായ്പാ സഹായങ്ങൾ എന്നിവയെപറ്റിയും പ്രതിപാദിക്കുന്നു. ഇതു മാത്രമല്ല ആധുനിക യുഗത്തിൽ നിലവിൽ വന്ന സാങ്കേതിക വിദ്യയും ബാങ്ക് ഇടപാടുകൾ വേഗത്തിലും, ലളിതമായും സാധ്യമാകാൻ സഹായിക്കുന്നു എന്നതിനെയും വ്യക്തമാക്കുന്നുണ്ട്. "പൊരുളല്ലവരൈ പ്പൊരുളാകസെയ്യും പൊരുളല്ലതില്ലൈപൊരുൾ" അറിവില്ലാത്തവരെയും (വിലയില്ലാത്തവരെയും) വിലയുള്ളവരാക്കുന്നത് (മനുഷ്യരാക്കുന്നത്) അവരുടെ സമ്പത്തല്ലാതെ മറ്റു മൂല്യമൊന്നുമല്ല.

മനുഷ്യരായ നാം നിത്യേന പ്രയോജനപ്പെടുത്തുന്ന സാധനങ്ങളിൽ ഭൂരിഭാഗം സാധനങ്ങൾ പണത്താൽ മൂല്യം ചെയ്യപ്പെടുന്നു. ജനങ്ങളുടെ ജോലിക്കുള്ള ശമ്പളം, കൂലി, സേവനഫീസുകൾ മുതലായവ പണത്തിന്റെ മൂല്യത്താൽ നിർണയിക്കുന്നു അതുമാത്രമല്ല നമ്മൾ അടയ്ക്കുന്ന നികുതികൾ കുടിശ്ശികകൾമുതലായവയും പണത്തിന്റെ മൂല്യത്താൽ നിർണ്ണയം ചെയ്യപ്പെടുന്നു ഓരോ മാസവും നമ്മുടെ മാതാപിതാക്കൾ ആ മാസത്തിലെ ചെലവുകളെ കണക്കാക്കുന്നത്. നമ്മൾ കണ്ടിട്ടുള്ളതാണ്. അപ്പോൾ ഈ മാസത്തിലെ മാസവരുമാനം എത്ര? പ്രതീക്ഷിക്കുന്ന ചെലവുകൾ ഏവ? നിക്ഷേപം, പലിശ എന്നിവ അടയ്ക്കാനുള്ളത് എത്ര? എന്നിവയെ പണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നത് കാണാൻ കഴിയും.

വീട് മാത്രമല്ല ഒരു രാജ്യത്തിന്റെ, സംസ്ഥാനത്തിന്റെ സാമ്പത്തിക നിലവാര റിപ്പോർട്ടുകളും പണത്തിന്റെ മാനദണ്ഡത്തിലാണ് തയ്യാറാക്കുന്നത്. ഗവൺമെന്റ് മാത്രമല്ല സ്വകാര്യ സ്ഥാപനങ്ങൾ, തൊഴിൽശാലകൾ തുടങ്ങിയവയും അവരുടെ സാമ്പത്തിക നിലവാരത്തെ പണത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് കണക്കാക്കുന്നത്.ഇപ്രകാരം പണംഎന്നത് നമ്മുടെ ജീവിതത്തിൽ മാറ്റിവയ്ക്കാൻ സാധിക്കാത്തതാണ്.

## 3.1 ചരക്ക് കൈമാറ്റ കച്ചവടരീതി

മനുഷ്യർ എപ്പോഴും പണത്തെ പ്രയോജനപ്പെടുത്തി ജീവിച്ചവരോ എന്നു ചോദിച്ചാൽ, ഇല്ല എന്നു തന്നെ മറുപടി പറയാം അങ്ങനെയാണെങ്കിൽ മനുഷ്യ



IX Std - Economics Malayalam Unit-3.indd 310 3/29/2023 5:50:19 PM

ജീവിതത്തിൽ പണം എപ്പോൾ ഏത് രൂപത്തിൽ നിലവിൽ വന്നു? അത് എപ്രകാരം കാലങ്ങളുടെ അവസാനത്തിൽ പുതിയ ആകൃതികൾ സ്വീകരിച്ചു? എന്നതിനെ കുറിച്ച് ഈ പാഠത്തിൽ നിന്ന് മനസ്സിലാക്കാം .

പുരാതന കാലത്തിൽ മനുഷ്യർ വേട്ടയാടുന്നവരായും ഭക്ഷ്യശേഖരണത്തിലേർപ്പെട്ടവരുമായും തങ്ങൾക്കുള്ള ഭക്ഷണത്തെ ശേഖരിച്ചു അവർ ഗുഹകളിലും കാടുകളിലും ജീവിച്ചു ക്രമേണ വേട്ടയാടുന്നതിനും, ഭക്ഷ്യ ശേഖരണത്തിനും ആയുധങ്ങൾ കണ്ടുപിടിച്ചു. അങ്ങനെ തീയുടെ ഉപയോഗത്തെയും, കൃഷിചെയ്യാനും പഠിച്ചു. മണ്ണിനെ ഉപയോഗപ്പെടുത്തി തങ്ങൾക്കുള്ള വീടുകളെ നിർമ്മിച്ച്, ഒരേ സ്ഥലത്തിൽ ജീവിക്കാൻ തുടങ്ങി. മാത്രമല്ല മണ്ണിനെ പ്രയോജനപ്പെടുത്തി മൺപാത്രങ്ങളെയും നിർമ്മിച്ചു.

കൃഷിമൂലം ഉൽപാദനം വർദ്ധിച്ചതുകൊണ്ട് കൈത്തൊഴിൽ നിർമാണത്തിലും അവർ പങ്കു കൊണ്ടു. ഇപ്രകാരം അധികമായി ബാക്കിയാവുന്ന ഭക്ഷ്യവസ്തുക്കളും തങ്ങൾ നിർമ്മിച്ച മൺപാത്രങ്ങളും അവ ആവശ്യമുള്ളവർക്ക് കൈമാറ്റം ചെയ്തു ഉദാഹരണമായി ഒരു വിഭാഗം ജനങ്ങൾക്കിടയിൽ അധിക ഭക്ഷ്യവസ്തുക്കൾ ഉണ്ടെങ്കിൽ അവയെ മൺപാത്രങ്ങൾ ആവശ്യത്തിലധികം വച്ചിരിക്കുന്നവർക്ക് ചരക്ക് കൈമാറ്റ കച്ചവട രീതി മുഖേന കൈമാറ്റം ചെയ്തു. അപ്രകാരം ഒരു പ്രദേശത്ത് അധികം വിളയുന്ന ധാന്യങ്ങൾ മറ്റൊരുപ്രദേശത്ത് അധികം കാണപ്പെടുന്ന വിളവുകൾക്ക് കൈമാറ്റം ചെയ്തു. ഇപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട സാധനങ്ങളെ കച്ചവടത്തിന്റെ പ്രഥമരൂപം എന്നുപറയാം.

## 3.2 നാണയങ്ങൾ

സംസ്കാരങ്ങൾ ഉടലെടുത്ത എല്ലാ പ്രദേശങ്ങളിലും കൈമാറ്റകച്ചവട രീതി പ്രശസ്തിയാർജ്ജിച്ചിരുന്നു. ഒരു സംസ്കാരത്തിന്റെ മാത്രമല്ല പലപല സംസ്കാരത്തിൽ കൈമാറ്റ കച്ചവട രീതി നിലവിലിരുന്നു. ഇത് അന്തർദേശീയ വാണിജ്യത്തിന്റെ ആദ്യ രൂപം എന്നു പറയാം.

സിന്ധൂ സമതല നാഗരികത കാലഘട്ടത്തിൽ കാണപ്പെട്ട സാധനങ്ങൾ ഈജിപ്ത്, മൊസപ്പാട്ടോമിയ പ്രദേശങ്ങളിൽ നടത്തിയ ചരിത്ര ഗവേഷണങ്ങളിൽ കണ്ടെടുക്കപ്പെട്ടതാണ്.



ഇപ്രകാരം സാധനങ്ങൾ കൈമാറ്റം ചെയ്യുന്നതിലും ക്രമേണ പല പ്രശ്നങ്ങൾ ഉടലെടുത്തു. ഉദാഹരണമായി തങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ കൈമാറ്റം ചെയ്യുന്നതിൽ പ്രശ്നങ്ങൾ ഉണ്ടായി. ഒരാളുടെ കൈയ്യിൽ നെല്ല് ഉണ്ടായിരുന്നു. അയാൾക്ക് കൈമാറ്റ കച്ചവടം ആവശ്യമാണ്. എന്നാൽ മറ്റൊരാൾക്ക് കൈമാറ്റ കച്ചവടത്തിൽ നെല്ല് ആവശ്യമില്ല. ഇപ്രകാരം പലരും അവരുടെ ആവശ്യങ്ങൾ നിറവേറ്റിയില്ല. കൈമാറ്റ കച്ചവട സാധനങ്ങളുടെ അളവ്, മൂല്യം കണക്കാക്കുന്നതിൽ പ്രശ്നങ്ങൾ ഉണ്ടായിരുന്നു.

ഈ പ്രശ്നങ്ങൾക്ക് ഉത്തരം കാണാൻ സാധനങ്ങൾ കൈമാറ്റം ചെയ്യലിൽ പൊതുവായി മൂല്യമുള്ള ഒരു സാധനം നിരണ്ണയം ചെയ്തു. ഇത് മിക്കവാറും ലോഹമായിരുന്നു. അപ്രകാരം ഈ ലോഹങ്ങളെ ആദ്യമായി ഉപയോഗപ്പെടുത്തപ്പെട്ട പണം എന്നു പറയാം ലോഹം ആ സമയത്ത് മൂല്യമുള്ള സാധനമായും നീണ്ട കാലം സൂക്ഷിക്കാൻ പറ്റിയതായും, മൂല്യം മാറാതെയും ഇരുന്നു. അതും ഇതിനു കാരണമായേക്കാം.




തന്റെ രാജ്യഭരണത്തിൽ ഷെർഷാ സൂരി (1540-1546)പൗരൻമാർക്കും സൈന്യത്തിനും ആയി ഒരു പുതിയ ഭരണരീതി ക്രമീകരിച്ചു. അദ്ധേഹത്തിന്റെ കാലഘട്ടത്തിൽ ആരംഭിച്ച 178 ഗ്രാം തൂക്കമുള്ള വെള്ളിനാണയം 'റുപ്പിയ' എന്നുവിളിക്കപ്പെട്ടു.ഈ നാണയം മുഗളൻമാർ മറാത്തികൾ മറ്റും ബ്രിട്ടീഷുകാരുടെ കാലം വരെയും പ്രാബല്യത്തിലിരുന്നു.

സ്വർണ്ണം, വെള്ളി, ചെമ്പ് എന്നീ ലോഹങ്ങൾ ഇപ്രകാരം കൈമാറ്റ കച്ചവട രീതിക്ക് പകരമായി ഉപയോഗപ്പെടുത്തി. ഇവ പുരാതന പണം( നാണയം) എന്നു വിളിച്ചു. ഇതുപോലെ തോൽ, മണികൾ, വെങ്കലങ്ങൾ, പുകയില, ഉപ്പ്, ചോളം എന്നു മാത്രമല്ല അടിമകളെ കൈമാറ്റ രീതിയിൽ വിറ്റതായി സാമ്പത്തിക ശാസ്ത്രജ്ഞൻമാർ വരെ നിഗമനത്തിലെത്തിയിട്ടുണ്ട്.

പിൽകാല ചോഴൻമാരുടെ കാലഘട്ടത്തിൽ കച്ചവടസംഘങ്ങൾക്ക് സൈന്യങ്ങളെ സ്വതന്ത്രമായി വച്ചിരിക്കാൻ അനുവാദം കിട്ടിയിരുന്നു. മാത്രമല്ല പിൽകാല ചോഴൻമാരുടെ ഭരണത്തിൽ തമിഴ് കച്ചവടക്കാരുടെ കയറ്റുമതി ആവശ്യത്തിനു വേണ്ടി ചെറുകിട കച്ചവടക്കാർക്കും ഉൽപാദകർക്കും വായ്പാ സഹായം ലഭിച്ചു വെന്നതിന്റെ ചരിത്രരേഖകൾ കാണപ്പെടുന്നു

## 3.3 സ്വാഭാവിക പണം

ക്രമേണ സ്വർണ്ണം, വെള്ളി, തുടങ്ങിയ ലോഹങ്ങൾ ലോകം മുഴുവനും അംഗീകരിക്കുന്ന ലോഹങ്ങളായി സ്വീകരിച്ചു. ഇപ്രകാരം ഈ രണ്ടു ലോഹങ്ങളും അന്തർദേശീയ സാധനകൈമാറ്റ രീതിയിൽ പൊതു മൂല്യമായി ഉപയോഗപ്പെടുത്തി. ഇതിനെ പ്രകൃതിദത്തമായ പണം അഥവാ സ്വാഭാവിക പണം എന്നുവിളിച്ചിരുന്നു.



IX Std - Economics Malayalam Unit-3.indd 311 3/29/2023 5:50:19 PM

## 3.4 കടലാസ് പണം

കാലക്രമേണ പുരാതന പണത്തിലും പ്രശ്നങ്ങൾ ഉടലെടുത്തു. കച്ചവടത്തിന്റെ വിപുലീകരണത്തിന് യോഗ്യമായ വിധം സ്വർണ്ണം, വെള്ളി ശേഖരണം ഉണ്ടായിരുന്നില്ല. അതേ സമയം ഖനികളിലും സ്വർണ്ണം, വെള്ളി എന്നീ ലോഹങ്ങൾ വളരെ കുറഞ്ഞ തോതിലേ ഉണ്ടായിരുന്നുള്ളൂ. അതു കൊണ്ട് വളരെ കുറഞ്ഞ മൂല്യമുള്ള ലോഹങ്ങളെ ഉപയോഗപ്പെടുത്തി നാണയം നിർമ്മിച്ച ഇപ്രകാരമുള്ള ലോഹനാണയങ്ങൾ ചെറിയ മൂല്യമുള്ള സാധനങ്ങൾ വാങ്ങാനും വിൽക്കാനും പ്രയോജനപ്പെടുത്തി. പാവപ്പെട്ട ജനങ്ങളുടെ പണമായി ലോഹ നാണയങ്ങൾ ഉപയോഗപ്പെടുത്തി

ഇങ്ങനെ കുറഞ്ഞ മൂല്യമുള്ള നാ ണയങ്ങൾ അധികമായി നിർമ്മിച്ചിരുന്നു ഇതിനുശേഷമാണ് കടലാസ് പണം പ്രാബല്യത്തിൽ വന്നത്. ഇപ്രകാരം രൂപമില്ലാത്ത പണവും ബാങ്കുകളിൽ നിക്ഷേപിക്കാനുള്ള ക്രമീകരണവും വളരെ വേഗം പ്രാബല്യത്തിൽ വന്നു. ആ സമയത്ത് ലോകം മുഴുവനും ഏർപ്പെട്ട സാമ്പത്തിക മാന്ദ്യത്തിന് പണം കാരണമായി.

പണം എന്നത് ഓരോരുത്തരുടെയും ജീവിതത്തിൽ വേർപ്പെടുത്താൻ സാധിക്കാത്ത ഭാഗമായി മാറിയിരിക്കുന്നു. ആഗോള സാമ്പത്തിക മേഖലയിൽ പണം പല തരത്തിൽ മാറി കൊണ്ടിരിക്കുന്നു. സാങ്കേതിക ലോകത്തിൽ പണവിനിയോഗ മാറ്റങ്ങൾ പലതരത്തിൽ നടന്നു കൊണ്ടിരിക്കുന്നു.




## 3.5 ഇലക്ട്രോണിക് ക്ലിയറിങ് സേവനങ്ങൾ

ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള പണത്തെ എടുക്കാൻ നേരിട്ട് ബാങ്കിൽ ചെന്ന് അപേക്ഷ പൂരിപ്പിച്ച് അല്ലെങ്കിൽ ചെക്ക് നൽകി, വാങ്ങുന്നതിന് പകരം എ.ടി.എം മൂലം ആവശ്യമുള്ള പണത്തെ എടുക്കാൻ എ.ടി.എം കാർഡ് പ്രയോജനപ്പെടുന്നു. ഇതു മുഖേന പല സ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുള്ള എ.ടി.എം മൂലം ഏതു സമയവും നമുക്കാവശ്യമായ പണത്തെ നമ്മുടെ നിക്ഷേപത്തിൽ നിന്നും എടുക്കാവുന്നതാണ് മാത്രമല്ല ബാങ്കിൽ പോകാതെ നമ്മുടെ അക്കൗണ്ടിൽ പണം നിക്ഷേപിക്കാനുള്ള സൗകര്യം ചില ബാ ങ്കുകളിൽ ഇപ്പോൾ നടപ്പിൽ വന്നിട്ടുണ്ട്.

- ഇതുപോലെ ആദ്യം പണം പിൻവലിച്ച്, പിന്നീട് നിക്ഷേപിക്കുന്ന രീതിയിൽ വായ്പാ കാർഡ് ഉപയോഗപ്പെടുത്തുന്നു.
- പണവിനിയോഗം ചെയ്യുന്നതിന് ചെക്ക് അല്ലെങ്കിൽ ഡിമാൻഡ് ട്രാഫ്റ്റ് ഉപയോഗങ്ങൾ ഇപ്പോൾ പ്രാബല്യത്തിൽ ഉണ്ട്. ഇതു മൂലം ചിന്തിക്കുന്ന സമയത്ത് ലോകത്തിന്റെ ഏത് ഭാഗത്ത് ഉള്ളവർക്കും സെക്കന്റിൽ പണവിനി യോഗം ചെയ്യാൻ സാധിക്കും
- ഇതു പോലെ മൊബൈൽ ഫോൺ മൂലവും നെറ്റ് ബാങ്കിംഗ് പണവിനിമയം നടത്തുന്ന സാങ്കേതികവിദ്യയും ഇപ്പോൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.




## 3.6 റിസർവ്വ് ബാങ്കിന്റെ പങ്ക്

പണവിനിമയത്തെ സൂക്ഷിക്കാനുള്ള ഉത്തരവാദിത്വവും, ശ്രദ്ധയും, കടമയും ഒരു സർക്കാരിൽ നിക്ഷിപ്തമാണ്. പൊതുവേ പണം ശേഖരിച്ച് വെക്കുന്നത്. സാമ്പത്തിക ശാസ്ത്രത്തിൽ മാറ്റാനുള്ളതാണ്. ഇതു മൂലം ബാങ്കുകളിൽ പണം നിക്ഷേപിക്കപ്പെടുന്നു.

ബാങ്കുകളിൽ നിക്ഷേപിക്കപ്പെടുന്ന പണത്തിൽ ഭൂരിഭാഗം തുകയും തൊഴിലിന്റെ വളർച്ചയ്ക്കും, സാമ്പത്തിക മേഖലയുടെ വളർച്ചയ്ക്കും, പാവപ്പെട്ടവരുടെ ക്ഷേമത്തിനും പ്രയോജനപ്പെടുന്നു.






IX Std - Economics Malayalam Unit-3.indd 312 3/29/2023 5:50:20 PM

# പണത്തിന്റെ ചരിത്രം

**1. സാധനകൈമാറ്റ കച്ചവട രീതി ക്രി.മു (പൊ.വ.മു) 9000**

ഈ കാലഘട്ടത്തിൽ മനുഷ്യർ കച്ചവട രീതിയാണ് പിൻതുടർന്നിരുന്നത് തന്റെ കൈയ്യിൽ അധികമായി ഉള്ള സാധനങ്ങൾ കൊടുത്ത് തനിക്ക് ആവശ്യമായ വസ്തുവിനെ വാങ്ങുമായിരുന്നു.ധാന്യങ്ങൾ, കന്നുകാലികൾ,ഉപ്പ് എന്നിവയാണ് സാധനകൈമാറ്റ രീതിയിൽ വാങ്ങിയിരുന്നത്.







**2. നാണയങ്ങൾ ക്രി.പി (പൊ.വ.മു) 1100**

ചൈനക്കാർ ഈ കാലഘട്ടത്തിൽ ചെറിയ നാണയങ്ങൾ ഉപയോഗിച്ചിരുന്നു. ഈ നാണയങ്ങൾ വെങ്കലത്തിലാണ് നി ർമ്മിച്ചിരുന്നത് ഇന്ത്യൻ മഹാസമുദ്രത്തെ ചുറ്റിയുള്ള രാജ്യങ്ങളിൽ മുത്തുകൾ പണമായി ഉപയോഗപ്പെടുത്തിയിരുന്നു





**3. പേപ്പർ കറൻസി ക്രി.മു (പൊ.വ.മു) 600**

മധ്യധരണികടൽ പ്രദേശം മുഴുവനും ഈകറൻസി സമ്പ്രദായം പ്രാബല്യത്തിലിരുന്നു. ലിത്തിയ രാജ്യത്തിന്റെ ഭരണാധികാരി അലിയാതീസ്, കച്ചവടത്തിന് പണത്തെ പ്രയോജനപ്പെടുത്തുമെന്ന് ഔദ്യോഗികമായി അറിയിച്ചു ഈ രാജ്യം ഇപ്പോൾ തുർക്കിയുടെ ഒരു പ്രദേശമായി നിലകൊള്ളുന്നു.



**4. സ്വർണ്ണനാണയം ക്രി.പി (പൊ.വ) 1250**

വിനിമയത്തിനു വേണ്ടി സ്വർണ്ണം പൂശപ്പെട്ട നാണയം യൂറോപ്പിൽ കൊണ്ടുവരപ്പെട്ടു



**5. മാർക്കോപോളോ ക്രി.പി (പൊ.വ) 1290**

മാർക്കോ പോളോയുടെ യാത്രയാൽ പേപ്പർ കറൻസി യൂറോപ്യൻ രാജ്യങ്ങളിൽ വ്യാപിച്ചു

**6. കടലാസ് പണം അച്ചടിക്കൽ ക്രി.പി(പൊ.വ)1661**

പണത്തെ സ്വീഡൻ ബാങ്കുകൾ അച്ചടിച്ചു. എന്നാൽ നല്ല സ്വീകരണം ലഭിച്ചില്ല








**7. ഇലക്ട്രോണിക് ബാങ്കിംഗ് ക്രി.പി (1860)**

ഷെയർ മാർക്കറ്റ് പ്രകാരം ഇലക്ട്രോണിക് ബാങ്കിംഗ് പ്രാബല്യത്തിൽ വന്നു.

**8. ക്രെഡിറ്റ് കാർഡ് ക്രി.പി (പൊവ)1946**

ജോൺ ബിക്കിൻസ്, ക്രെഡിറ്റ് കാർഡിനെ രൂപീകരിച്ചു

**9. മൊബൈൽ ബാങ്കിംഗ് പ്രവർത്തനം ക്രി.പി (പൊവ) 1999**

യൂറോപ്യൻ ബ.ാങ്കുകൾ മൊബൈൽ ബാ ങ്കിംഗ് പ്രാബല്യത്തിൽ കൊണ്ടുവന്നു



**10. NFC ക്രി.പി (പൊ.വ) 2008**

പണവിനിയോഗ സമ്പ്രദായം ഇംഗ്ലണ്ടിൽ ആരംഭംകുറിച്ചു. ഈ രീതി 2016 ലാണ് ഇന്ത്യയിൽനിലവിൽ വന്നത്. ഈ സമ്പ്രദായം മുഖേന പണവിനിയോഗംചെയ്യാൻ 7 മുതൽ 8 സെക്കന്റ് മാത്രമേ വേണ്ടൂ






IX Std - Economics Malayalam Unit-3.indd 313 3/29/2023 5:50:21 PM

ഇന്ത്യയിലെ എല്ലാ ബാങ്കുകളും ദേശ സാൽക്കരിക്കപ്പെട്ടത് (1969) ലാണ് ഇന്ത്യയിൽ പണ വിനിയോഗ പ്രക്രിയകളടങ്ങിയ ഉത്തരവാദിത്വങ്ങളെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ് നിയന്ത്രിക്കുന്നത്.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യാ 1935 ഏപ്രിൽ മാസം 1 ാം തിയതി മുതൽ പ്രവർത്തനം തുടങ്ങി. 1937 മുതൽ സ്ഥിരമായി മുംബൈയിൽ പ്രവർത്തിച്ചു വരുന്നു. ഈ ബാങ്ക് 1949 ൽ ദേശ സാത്കരിക്കപ്പെട്ടു. അച്ചടിക്കുന്ന പണത്തിന്റെ 85% വിനിമയത്തിന് വെയ്ക്കുന്നു. 2018 ആഗസ്റ്റ് മാസത്തെ കണക്കനുസരിച്ച് ഇന്ത്യയിൽ 19 ലക്ഷം കോടി രൂപ വിനിമയത്തിന് വിട്ടു. **(ആധാരം - റിസർവ് ബാങ്ക് ഓഫ് ഇന്ത്യ)**




ഡോക്ടർ ബി.ആർ അംബേദ്ക്കറിന്റെ പണത്തിന്റെ ദൗർലഭ്യവും അതിന്റെ പരിഹാരവും 'The Problem of the Rupee - Its and solution' എന്ന ഗവേഷണ പ്രബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അടിസ്ഥാന നിയമം 1934 ൽ ആരംഭിച്ചത്.

## 3.7 പണത്തിനും വിലയ്ക്കും തമ്മിലുള്ള ബന്ധം

പണത്തിനും സാധനങ്ങളുടെ വിലയ്ക്കും വളരെ അടുത്ത ബന്ധമാണ് ഉള്ളത്. എന്തെന്നാൽ ഇപ്പോൾ ലോകത്തിൽ തയ്യാറാക്കുന്ന വസ്തുക്കളുടെ 90% വും വിൽപനക്കും അല്ലെങ്കിൽ സേവന തൊഴിൽ ലക്ഷ്യം വെച്ചു കൊണ്ടുമാണ് തയ്യാറാക്കുന്നത്. കൃഷിയ്ക്കും സ്വന്തം ആവശ്യത്തിനും വിളയിക്കുന്നതിനേക്കാളും നാണ്യവിളകളെ അധികം ഉൽപാദിപ്പിക്കുന്നത് മാർക്കറ്റ് പണത്തിന്റെ പ്രാധാന്യത്തെ ഓർമ്മപ്പെടുത്തുന്നു.




പണത്തിനും വിലയ്ക്കും ഉള്ള ബന്ധം പണവിനിമയത്തോട് ബന്ധപ്പെട്ടിരിക്കുന്നു. പണവിനിയോഗ വളർച്ചയ്ക്കും നീണ്ടകാല വില ഇടിവിനും ഇടയിലുള്ള അടുത്ത ബന്ധത്തെ നമുക്ക് കാണാൻ സാധിക്കും. ഒരു രാജ്യത്തിന്റെ സാമ്പത്തിക നിലയിൽ വില നിയന്ത്രണത്തിന് മുഖ്യ പങ്കാണ് ഉള്ളത്. ഇന്ത്യയിൽ പരമോന്നത ബാങ്കായ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ് ഇതിനെ നിയന്ത്രിക്കുന്നത്..

രാജ്യങ്ങൾക്ക് ഇടയിലുള്ള പണം വിദേശപണ പരിവർത്തനം എന്നുവിളിക്കപ്പെടുന്നു. ഇന്ത്യയുടെ പണം രൂപാ എന്നുവിളിക്കുന്നു. രാജ്യത്തിനുള്ളിൽ വിദേശപണവിനിമയം ആഭ്യന്തര പണവിനിമയം എന്നറിയപ്പെടുന്നു.

ലോക രാജ്യങ്ങൾക്കിടയിലുള്ള പണവിനിമയം അമേരിക്ക ഡോളാർ അടിസ്ഥാനമാക്കി കണക്കാക്കുന്നു. ഈ വിനമയ നിരക്ക് ഓരോ രാജ്യത്തിനി ടയിലും വ്യത്യാസപ്പെട്ടിരിക്കും. ലോക വാണിജ്യത്തിന്റെ ഭൂരിഭാഗവും അമേരിക്ക ഡോളറിന്റെ മൂല്യത്തിലധിഷ്ഠിതമാണ്.

### പ്രവർത്തനം

**ബാങ്ക്**

- നിന്റെ ക്ലാസ്സ് മുറിയിൽ ഒരു മാതൃക ബാങ്കിനെ ക്രമീകരിക്കുക .
- നിന്റെ അദ്ധ്യാപകന്റെ സഹായത്തോടെ കാഷ്യർ, ബ്രാഞ്ച് മാനേജർ, അസിസ്റ്റന്റ്, മാനേജർ സേവനദാതാക്കൾ പോലെ അഭിനയിക്കുക.
- പണം അടയ്ക്കാനുള്ള അപേക്ഷാ, ചെക്ക് ലീഫ്, ഡിമാൻഡ് ട്രാഫ്റ്റ് തുടങ്ങിയവയുടെ മാതൃക തയ്യാറാക്കുക.
- ബാങ്കിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

## 3.8 പണത്തിന്റെ പ്രവർത്തനങ്ങൾ

സാധനകൈമാറ്റ രീതിയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്കു പകരമായി പണത്തിന്റെ വരവ് അധികവും സഹായിച്ചു വരുന്നു. പണം എന്നത് ഒരു വിനിമയ മാർഗ്ഗമായും ഒരു കണക്കിന്റെ യൂണീറ്റായും, മൂല്യ നിക്ഷേപമായും മാറ്റുവാനുള്ള ഉപാധിയായും ഉപയോഗത്തിനാവശ്യമായ വസ്തുവായും മാറണം എന്ന് പ്രതീക്ഷിക്കപ്പെടുന്നു.

**അമേരിക്ക ഡോളറിനു തുല്യമായ വിദേശ കറൻസിയുടെ വില**

| രാജ്യം | കറൻസിയുടെ പേര് |
|---|---|
| ഇന്ത്യ | രൂപ |
| ഇംഗ്ലണ്ട് | പൗണ്ട് |
| യൂറോപ്യൻ യൂണിയൻ | യൂറോ |
| കാനഡ | ഡോളർ |
| ജപ്പാൻ | യെൻ |
| ചൈന | യുവാൻ |
| സൗദി അറേബ്യ | റിയാൽ |
| ആസ്ട്രേലിയ | ഡോളർ |
| മലേഷ്യ | റിൻകിട് |
| പാകിസ്ഥാൻ | രൂപ |
| ശ്രീലങ്ക | രൂപ |



IX Std - Economics Malayalam Unit-3.indd 314 3/29/2023 5:50:21 PM

## പ്രവർത്തനം

### വിദേശ പണം

അധ്യാപകൻ, ക്ലാസ്സ് മുറിയിൽ ഇന്ത്യയുടെ രൂപാനോട്ടുകൾ മറ്റും വിദേശ രാജ്യങ്ങളുടെ കറൻസിയുടെ ചിത്രങ്ങൾ മാതൃകകളെ കൊണ്ടുവരുന്നു വിദ്യാർത്ഥികൾ ഒന്നിച്ചോ ഗ്രൂപ്പായിട്ടോ പിരിച്ച് വിദേശ കറൻസിയുടെ പടങ്ങൾ, മാതൃകകൾ കൊടുക്കണം. ഗ്രൂപ്പിലുള്ളവർ ഈ പണത്തിന്റെ മൂല്യത്തെ രൂപയിൽ കണക്കാക്കി, അദ്ധ്യാപകനിൽ നി ന്ന് സ്വീകരിക്കുന്നു. ഈ പ്രവർത്തനം അവസാന ിച്ചാലുടൻ അടുത്ത റൗണ്ടിൽ വിദേശ പണത്തെ ഗ്രൂപ്പുകൾക്ക് മാറ്റി കൊടുക്കണം.

### വിനിമയ മാധ്യമം

ഒരു രാജ്യത്തിൽ എല്ലാ സാധനങ്ങൾ മറ്റും സേവനങ്ങൾക്ക് പണം തടസ്സമില്ലാതെ ലഭിക്കണം.

### വ്യാപാര ഇടപാടിനുള്ളഏകകം.

ഒരു രാജ്യത്തിന്റെ മൊത്ത ഉപഭോഗ ഉൽപന്നങ്ങൾ, നിർമാണ സാമഗ്രഹികൾ, സേവനങ്ങൾ ഇവയ്ക്ക് മൊത്തമായി മൂല്യത്തെ കണക്കാക്കുന്നതിൽ പണം പൊ തുവായി ന ിർദ്ദേശിക്കപ്പെട്ട ഒരു യൂണീറ്റായി നിലകൊള്ളാം. ഉദാഹരണമായി ഒരു പു സ്തകത്തിന്റെ വില 50 രൂപ എന്നാൽ ആ പുസ്തകത്തിന്റെ വില 50 പണ യൂണീറ്റിന് തുല്യമായതെന്ന് അർത്ഥം ഒരു രാജ്യത്തിൽ സംഭവിക്കുന്ന സാമ്പത്തിക മാറ്റങ്ങളെ അളക്കുന്ന കണക്കായി സൂക്ഷിക്കാന ും പണം പ്രയോജനപ്പെടുത്തുന്നു.

### പണ നിക്ഷേപം

പണത്തിനെ നിക്ഷേപിക്കുന്നതു മൂലം ഭാവിയിൽ വാങ്ങുന്ന സ്വത്തിനെ സ്വരൂപി ക്കലാണ്.

## ചിന്താനിലവാര ചോദ്യം

ഒരു രാജ്യത്തിന് വിദേശ പണം എത്ര മാത്രം പ്രാധാന്യം അർഹിക്കുന്നു?

## 3.9 വായ്പ

കർഷകർ തങ്ങൾക്ക് ആവശ്യമായ വിത്തുകളും വളങ്ങളും മറ്റും വാങ്ങാൻ കാലവർഷസമയങ്ങളിൽ വായ്പ വാങ്ങുന്നത് കാണാം. അതുപോലെ തന്നെ ചെറുകിട തൊഴിലാളികൾ, കച്ചവടക്കാർ തങ്ങളുടെ ആവശ്യങ്ങൾക്ക് വായ്പ വാങ്ങുന്നു.

### വായ്പാവിതരണ സ്ഥാപനങ്ങൾ:

- അംഗീകൃത പണമിടപാടു സ്ഥാപനങ്ങളായ ദേശസാൽകരിക്കപ്പെട്ട ബാങ്കുകൾ, സ്വകാര്യ ബ ാങ്കുകൾ, മറ്റും സഹകരണ ബാങ്കുകൾ
- അംഗീകാരമുള്ള സ്വകാര്യ സ്ഥാപനങ്ങൾ.
- സ്വയം സഹായ സംഘങ്ങൾ മൂലം നൽകുന്ന ചെറിയ വായ്പകൾ എന്നിങ്ങനെ മൂന്ന് മാർഗ്ഗങ്ങളിൽ വായ്പകൾ ലഭിക്കുന്നു.

ദേശസാത്കരിക്കപ്പെട്ട ബാങ്കുകൾ, സഹകരണ ബാങ്കുകളെ സംബന്ധിച്ച് വയ്പയ്ക്കുള്ള പലിശയും കുറയും മാത്രമല്ല പണയം വയ്ക്കുന്നവസ്തുക്കൾക്ക് അധികം സംരക്ഷണം ലഭിക്കുന്നു.

**അനൗപചാരിക ധനകാര്യ സ്ഥാപനങ്ങൾ**

അംഗീകാരമുള്ള സ്വകാര്യധന കാര്യ സ്ഥാപനങ്ങളിൽ സേവനദാതാക്കൾക്ക് (ഇടപ ാടുകാർക്ക്) ഇടടപെടാൻ എളിയ മാർഗ്ഗങ്ങളുള്ളതും അനുകൂലമായ നിലപാടായി കരുതപ്പെടുന്നു. അതേ സമയം അധികപലിശ പണയം, വയ്ക്കുന്ന വസ്തുക്കളുടെ സംരക്ഷണം, മറ്റും ഈടാക്കുന്ന രീതികൾ എന്നിവയിൽ പല പ്രശ്നങ്ങൾ കാണപ്പെടുന്നുണ്ട്.

പ്രത്യേക പ്രദേശങ്ങളിൽ താമസിക്കുന്നവർ അല്ലെങ്കിൽ പ്രത്യേക തൊഴിലിൽ ഏർപ്പെടുന്നവർ ഗ്രൂപ്പുകളായി ക്രമീകരിച്ച് ചെറിയ നിക്ഷേപങ്ങളിൽ ഇടപെടുന്നു. ഇവയെ സ്വയം സഹായസംഘങ്ങൾ എന്നുവിളിക്കാം. ഇപ്രകാരം പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ വഴിയോര കച്ചവടക്കാർ മത്സ്യതൊഴിലാളികൾ,
പ്രത്യേകിച്ചും സ്ത്രീകൾ മറ്റും അധഃകൃത സമൂഹത്തിന് പ്രയോജനം ഉള്ളതായി മാറുന്നു.

തമിഴ്നാട്ടിൽ 10612 ബാങ്കുകളുടെ ബ്രാഞ്ചുകൾ ഉണ്ട് 2017-2018 സാമ്പത്തിക വർഷത്തിൽ ഏകദേശം 15 ലക്ഷം കോടി രൂപ പണ വിതരണം നടന്നു.






IX Std - Economics Malayalam Unit-3.indd 315 3/29/2023 5:50:22 PM

## ഇന്ത്യയിൽ പണം എങ്ങനെ അച്ചടിക്കുന്നു?

ഇന്ത്യയിൽ 1917 ലാണ് ആദ്യമായി ഒരു രൂപ രണ്ടു രൂപ നോട്ടുകൾ പുറത്തിറക്കിയത്. 1935 ൽ പണത്തിന്റെ ഉത്തരവാദിത്വം മുഴുവനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിൽ വന്നു. അതിനു ശേഷം500 രൂപാ നോട്ടുകൾ പ്രാബല്യത്തിൽ വന്നു.1940 ൽ വീണ്ടും ഒരു രൂപാ നോട്ടുകളെ പു റത്തിറക്കി. 1947 ാം വർഷം വരെ ജോർജ് 6 മന്റെ രൂപം കൊത്തിയ പണമാണ് പ്രാബല്യത്തിലുണ്ടായിരുന്നത്. സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യാ ഗവൺമെന്റാൽ നോട്ടുകൾ പുറത്തിറക്കി.

ബ്രിട്ടീഷ് ഗവൺമെന്റ് 1925 ാം ആണ്ട് മഹാരാഷ്ട്ര സംസ്ഥാനത്തിലുള്ള നാസിക് എന്ന സ്ഥലത്ത് ഒരു പ്രസ്സ് ആരംഭിച്ച് മൂന്നു വർഷങ്ങൾക്ക് ശേഷം രൂപാ നോട്ടുകൾ അച്ചടിക്കാൻ ആരംഭിച്ചു. മധ്യപ്രദേശിലുള്ള തേവാസ് എന്ന സ്ഥലത്ത് 1947 ൽ ഒരു അച്ചടിശാല ആരംഭിച്ചു. ഈ രണ്ടു അച്ചടിശാലകളൊഴികെ (Security Printing and Minting Corporation of India Ltd.) 1990 ൽ കർണാടക സംസ്ഥാനത്തിൽ മൈസൂരിലും, പശ്ചിമബംഗാളിലുള്ള ചൽപാനിയിലും രൂപയും ബാങ്കുകൾ സംബന്ധിച്ച രേഖകളും അച്ചടിക്കാൻ വീണ്ടും രണ്ട് അച്ചടി പ്രസ്സുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആരംഭിച്ചു .

എത്രത്തോളംപണം അച്ചടിച്ച് പുറത്തിറക്കണമെന്നും എങ്ങനെ സംരക്ഷിച്ച് ഉദ്ദേശിക്കുന്ന സ്ഥലത്ത് കൊണ്ടു ചെല്ലണമെന്നും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ തന്നെയാണ് തീരുമാനിക്കുന്നത്. ഈ പ്രസ്സിൽ ഏകദേശം 10000 തൊഴിലാളികൾ ജോലിചെയ്യുന്നു. ശ്രീലങ്ക, ഭൂട്ടാൻ, ഇറാക്ക്, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങൾക്കും കരാർ വ്യവസ്ഥയിൽ ആ രാജ്യങ്ങളുടെ പണം ഈ അച്ചടി പ്രസ്സുകളിൽ അച്ചടിച്ച് അയച്ചു വരുന്നു.

പത്തായിരം രൂപയുടെ നോട്ടുകൾ അച്ചടിക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം ഉണ്ടെങ്കിലും ഇപ്പോൾ അധികമായി രണ്ടായിരം രൂപയുടെ മൂല്യമുള്ള നോട്ടുകൾ വരെ മാത്രമേ അച്ചടിക്കുന്നുള്ളു.

## പുനരവലോകനം

- സംസ്കാരങ്ങൾ വളർച്ച പ്രാപിച്ച പ്രദേശങ്ങളിൽ ചരക്കു കൈമാറ്റ രീതി ഉന്നതനിലയെ പ്രാപിച്ചിരുന്നു.
- സ്വർണ്ണം, വെള്ളി, ചെമ്പ് തുടങ്ങിയ ലോഹങ്ങൾ പഴയകാല പണം എന്നുവിളിക്കപ്പെട്ടു.
- കുരുമുളകും മറ്റ് സുഗന്ധദ്രവ്യങ്ങൾ അധിക അളവിൽ കയറ്റുമതി ചെയ്തിരുന്നു.
- ലോഹങ്ങളുടെ ദൗർലഭ്യതയാൽ കടലാസ് പണം പ്രാബല്യത്തിൽ വന്നു.
- ഇപ്പോൾ മൊബൈൽ ബാങ്കിംഗ് മൂലവും ബാങ്ക് പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- പണവിനിമയത്തിനെ സംരക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടത് ഗവൺമെന്റിന്റെ കടമയാണ്.
- ഇന്ത്യയിലുള്ള എല്ലാ വലിയ പ്രധാനപ്പെട്ട ബാങ്കുകൾ ദേശസാൽകരിക്കപ്പെട്ടു.
- പണത്തിനും സാധനങ്ങളുടെ വിലയ്ക്കും ഇടയിൽ വളരെ അടുത്ത ബന്ധം ഉണ്ട്.

## അഭ്യാസം

### I ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക

1. പുരാതന കാലത്ത് ചരക്ക് കൈമാറ്റ രീതിയ്ക്കു പകരമായി പൊതു മൂല്യ നിർണ്ണയത്തിന് ഉപയോഗിച്ച ലോഹം _____ (സ്വർണ്ണം /ഇരുമ്പ്).
2. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആസ്ഥാനം _____ (ചെന്നൈ / മുംബൈ).
3. അന്തർ ദേശീയ വാണിജ്യത്തിൽ പ്രയോജനപ്പെടുത്തുന്ന നാണയ രീതി_____ (അമേരിക്ക ഡോളാർ / പൗണ്ട്).
4. ജപ്പാൻ രാജ്യത്തിന്റെ കറൻസിയെ_____ എന്നുവിളിക്കുന്നു (യെൻ/ യുവാൻ)

### II വിട്ടുപോയ ഭാഗം പൂരിപ്പിക്കുക

1. _____ വാണിജ്യത്തിന്റെ ആദ്യ രൂപം.
2. പണവിനിമയം _____ വിഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു.
3. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആദ്യത്തെ പ്രസ്സ് ആരംഭിച്ച സ്ഥലം _____.



IX Std - Economics Malayalam Unit-3.indd 316 3/29/2023 5:50:22 PM

4. പണവിനിമയത്തെ ക്രമീകരിക്കുന്ന ഉത്തരവാദിത്വം_____ നാണ് ഉള്ളത്.

5. ഡോക്ടർ ബി.ആർ അംബേദ്ക്കറിന്റെ പണത്തെപറ്റിയ ഗവേഷണ പ്രബന്ധം _____.

## III ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| 1 | അമേരിക്ക | - | ആട്ടേമെറ്റിക് ടെല്ലർ മെഷീൻ |
| | ഡോളർ | | |
| 2 | നാണയ ചക്രം | - | പണത്തിന്റെ മൂല്യം |
| 3 | എ.ടി.എം | - | അന്തർദേശീയ അനുമതി |
| 4 | ഉപ്പ് | - | സൗദി അറേബ്യ |
| 5 | റിയാൽ | - | 85% |

## IV ചെറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

1. പണം എന്തിനു വേണ്ടി കണ്ടുപിടിച്ചു?

2. പുരാതന കാലപണം എന്നാലെന്ത്?

3. പുരാതന കാലഘട്ടത്തിൽ ചരക്കു കൈമാറ്റ കച്ചവട സമ്പ്രദയത്തിൽ ഉപയോ ഗപ്പെടുത്തപ്പെട്ട സാധനങ്ങൾ ഏവ?

4. സുഗന്ധവ്യജ്ഞനപാത എന്നാലെന്ത്? എന്തുകൊണ്ട് അപ്രകാരം വിളിക്കുന്നു?

5. പ്രകൃതിദത്തപണം എന്നാലെന്ത്?

6. കുറഞ്ഞ മൂല്യമുള്ള നാണയങ്ങൾ അധികമായി അച്ചടിച്ചത് എന്തുകൊണ്ട്?

7. വിദേശപണം എന്നാലെന്ത്?

## V വിശദീകരിച്ച് ഉത്തരമെഴുതുക

1. ആധുനിക ലോകത്തിൽ പണവിനമയം എപ്രകാരം നടക്കുന്നുവെന്നതിനെ വിശദീകരിക്കുക.

2. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ജോ ലികൾ വിവരിക്കുക.

3. പണത്തിന്റെ പ്രവർത്തനങ്ങളെ പട്ടികയി ലാക്കുക.

## VI ശരിയായ ആശയം എഴുതുക

**(a)** 1സംസ്കാരം വളർച്ച പ്രാപിച്ച സ്ഥലങ്ങളിൽ ചരക്കു കൈമാറ്റ സമ്പ്രദായം പുഷ്ടി പ്രാപിച്ചു.

2.ഇത് വാണിജ്യത്തിന്റെ ആദ്യത്തെ രൂപം.

i) 1 ശരി; 2 തെറ്റ്

ii) രണ്ടും ശരി

iii) രണ്ടും തെറ്റ്

iv) 1 തെറ്റ്; 2 ശരി

**(b)** 1. ലോക രാജ്യങ്ങളിൽ അധികമായ പണവിന മയങ്ങൾ അമേരിക്ക ഡോളറിന്റെ മൂല്യത്തെ ആശ്രയിച്ചാണ് നടക്കുന്നത്.

2. ലോക വാണിജ്യത്തെ അമേരിക്ക മാത്രമാണ് നടത്തുന്നത്.

i) രണ്ടു ആശയങ്ങളും ശരി

ii) രണ്ടു ആശയങ്ങളും തെറ്റ്.

iii) 1 ശരി; 2 തെറ്റ്

iv) 1 തെറ്റ്; 2 ശരി

## VII പ്രവർത്തനപദ്ധതി: പ്രവർത്തനങ്ങൾ

1. പ്രാദേശിക മ്യൂസിയത്തിൽ പോയി പ്ര ദർശനത്തിനു വെച്ചിരിക്കുന്ന നാണയങ്ങളെ പ്പറ്റിയുള്ള വിവരങ്ങളെ ശേഖരിക്കുക?

2. നിങ്ങൾ കെട്ടിടകലയിൽ ഉപരിപഠനത്തിന് വിദേശത്തുപോകുന്നുവെന്നു കരുതുക. വിദ്യാഭ്യാസ വായ്പയ്ക്ക് ബാങ്ക് മാനേജർക്ക് അപേക്ഷ തയ്യാറാക്കുക?

## VIII ജീവിത നൈപുണി

1. ഒരു 20 രൂപ നോട്ടിനെ ശ്രദ്ധിച്ചു നോക്കി, അതിൽ നീ കാണുന്ന വിവരങ്ങളെ പട്ടികയിലാക്കുക?

2. നിന്റെ വീട്ടിലെ ഒരു മാസത്തിനാവശ്യമായ വരവു ചെലവു കണക്കുകളെ തയ്യാറാക്കുക .



IX Std - Economics Malayalam Unit-3.indd 317 3/29/2023 5:50:22 PM

അദ്ധ്യായം

4

# തമിഴ്നാട്ടിലെ കൃഷി



## പഠനലക്ഷ്യങ്ങൾ

- തമിഴ്നാട്ടിലെ കാർഷിക മേഖലയെ കുറിച്ച് മനസിലാക്കൽ.
- കൃഷിചെയ്യുന്ന ഭൂപ്രകൃതി വ്യാപനത്തെ കുറിച്ച് മനസ്സിലാക്കൽ.
- കൃഷിയിൽ ജലസേചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കൽ.
- തമിഴ്നാട്ടിൽ വിളയുന്ന വിവിധതരം ധാന്യങ്ങളെ കുറിച്ച് മനസ്സിലാക്കൽ.
- തമിഴ്നാട്ടിലെ ധാന്യ ഉത്പാദനക്ഷമതയെ കുറിച്ച് വിശകലനം ചെയ്യൽ.

VONLQ

## ആമുഖം

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോഴും അതിനുശേഷവും 40 വർഷക്കാലം തമിഴ്നാട്ടിലെ ജനങ്ങളിൽ ഭൂരിഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ചിരുന്നു. ആ നിലപാട് സമീപ കാലങ്ങളിൽ മാറിക്കൊണ്ടിരുന്നു. 2011 വർഷത്തെ ജനസംഖ്യ കണക്കെടുപ്പ് അനുസരിച്ച് തമിഴ്നാട്ടിൽ കൃഷിക്കാരുടെ എണ്ണം കഴിഞ്ഞ പത്തുവർഷങ്ങളിലായി കുറഞ്ഞു വരുന്നതായി മനസ്സിലാക്കാം. അതുപോലെ കാർഷിക തൊഴിലാളികളുടെ സംഖ്യയും കുറഞ്ഞു. 2001 ആണ്ടിൽ മൊത്ത തൊഴിലാളികളിൽ 49.3 ശതമാനംപേർ കാർഷികമേഖലയിൽ ഉണ്ടായിരുന്നു. പത്തുവർഷത്തിനുശേഷം ഈ അളവ് 41.1 ശതമാനമായി കുറഞ്ഞു. തമിഴ്നാട്ടിൽ മൊത്തത്തിൽ മൂന്നുകോടി 29 ലക്ഷം തൊഴിലാളികൾ 2011 വർഷത്തിൽ മരണമടഞ്ഞു. അവരിൽ 96 ലക്ഷം പേർ കാർഷിക തൊഴിലാളികളാണ്.

ഏകദേശം 55 ശതമാനം സ്ത്രീകൾ കൃഷിയിൽ ഏർപ്പെട്ടിരുന്ന 2011 വർഷത്തിൽ 3 ൽ 1 ഭാഗവും (35.3%) കൂടുതലായി പുരുഷന്മാർ മാത്രം ആ മേഖലയിൽ പ്രവർത്തിച്ചിരുന്നു.

## 4.1 കാർഷികമേഖലയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളുടെ വിഭാഗങ്ങൾ.

കാർഷിക തൊഴിലിൽ ഏർപ്പെട്ടിരുന്ന ഭൂരിഭാഗംപേരും ഭൂരഹിത കൂലി തൊഴിലാളികളായിരുന്നു. എല്ലാ ഭൂ പ്രഭുക്കന്മാർക്കും ഒരേ അളവിൽ ഭൂമി ഉണ്ടായിരുന്നില്ല. പലർക്കും ചെറിയ വിസ്തൃതിയിൽ നിലം ഉണ്ടായിരുന്നു. എന്നാൽ ചെറിയ ഒരു വിഭാഗം ആളുകൾ ഭൂരിഭാഗം പ്രദേശങ്ങളും കൈയ്യടക്കി വച്ചിരുന്നു.

2015–2016 കാലയളവിൽ തമിഴ്നാട്ടിൽ70,38,000 കർഷകർ ഉണ്ടായിരുന്നു. എന്നാൽ അഞ്ചു വർഷത്തിനു മുമ്പ് 81,18,000 കർഷകർ ഉണ്ടായിരുന്നു. മേൽസൂചിപ്പിച്ച അഞ്ചുവർഷങ്ങളിൽ കർഷകരുടെ എണ്ണം 18,0000 ആയി കുറഞ്ഞിരിക്കുന്നു. അതുപോലെ വിളനിലത്തിന്റെ വിസ്തൃതിയും 64.88 ലക്ഷം ഹെക്ടറിൽ നിന്നും 59.71 ലക്ഷം ഹെക്ടർ കൃഷിഭൂമിയായി കുറഞ്ഞു. എന്നാൽ വർഷം ഒന്നിന് 1,03,400 ഹെക്ടർ വിളനിലം കഴിഞ്ഞ 5 വർഷങ്ങളിൽ തമിഴ്നാടിന് നഷ്ടപ്പെട്ടു.





IX Std - Economics Malayalam Unit-4.indd 318 1/27/2023 2:29:27 PM

തമിഴ്നാട്ടിലെ ഭൂരിഭാഗം കർഷകരും ചെറുകിട കർഷകരാണ് ( ഒരു ഹെക്ടർ കുറഞ്ഞ വിസ്തൃതി വിള നിലത്തിൽ കൃഷി ചെയ്യുന്നവർ) ആകെ കർഷകരുടെ എണ്ണത്തിൽ ചെറുകിട കർഷകർ 78% ഉണ്ട്. എന്നാൽ അവർ കൃഷി ചെയ്യുന്ന വിള നിലത്തിന്റെ വിസ്തൃതി മൊത്തവില നിലത്തിലെ വിസ്തൃതിയിൽ 36% ആണ്. തുടർന്ന് ചെറുകിട വ്യവസായികൾ (1–2 ഹെക്ടർ കൃഷി ചെയ്യുന്നവർ) 14% ആണ്. അവർ കൃഷിചെയ്യുന്ന കൃഷിഭൂമിയുടെ വിസ്തൃതി 26% ആണ്.

തമിഴ്നാട്ടിൽ കൃഷി ചെയ്യുന്നവരിൽ പത്തിൽ ഒരു വ്യക്തി മാത്രമേ പട്ടിക വിഭാഗത്തിലുള്ളവർ ആയിട്ടുള്ളൂ. അവരിൽ 96 ശതമാനം പേർ ചെറുകിട വ്യവസായികളാണ്.

തമിഴ്നാട്ടിൽ മാത്രമല്ല ഇന്ത്യ മുഴുവനും കൃഷിചെയ്യുന്ന ഭൂപ്രകൃതിയുടെ വിസ്തൃതി കുറഞ്ഞു കൊണ്ടിരിക്കുന്നു. ചെറുകിട കർഷകരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങൾ കാർഷികമേഖലയെ ഒഴിവാക്കുന്നു എന്നതിനെ ചൂണ്ടിക്കാണിക്കുന്നു.

## 4.2 ഭൂവിനിയോഗത്തിന്റെ തരങ്ങൾ

തമിഴ്നാട്ടിന്റെ മൊത്തം വിസ്തൃതി ഒരു കോടി മുപ്പത് ലക്ഷത്തി മൂന്നായിരം ഹെക്ടറാണ്. ഇതിൽ ഏകദേശം മൂന്നിലൊരുഭാഗം ഭൂവിസ്തൃതി മാത്രമേ വിളവിന് വേണ്ടി ഉപയോഗിക്കുന്നത് (45,44000 ഹെക്ടർ). കാർഷികേതര ആവശ്യങ്ങൾക്ക് 17% നില പ്രദേശം ഉപയോഗിച്ചുവരുന്നു. ഏകദേശം ഇത്രയും നില പ്രദേശം (2125 ആയിരം ഹെക്ടർ) വനങ്ങൾ ആയിട്ടുണ്ട്. മൊത്ത ഭൂവിസ്തൃതിയിൽ അല്പം കുറഞ്ഞ് 4% നിലങ്ങൾ ഉപയോഗശൂന്യമായവയാണ്. ഇപ്പോൾ തരിശുനിലങ്ങളുടെ അളവ് 10 ൽ ഒരു ഭാഗമാണ്. മറ്റുള്ള തരിശുനിലങ്ങളുടെ 13 ശതമാനമാണ്. മൊത്തത്തിൽ നാലിലൊരുഭാഗം നിലം തരിശായി മാറ്റപ്പെട്ടിരിക്കുന്നു. തരിശുനിലങ്ങളുടെ വിസ്തൃതി വർദ്ധിച്ചുകൊണ്ടിരിക്കുന്നത് നാം ശ്രദ്ധിക്കേണ്ടതാണ്. ഇവയെക്കൂടാതെ മേച്ചിൽ സ്ഥലങ്ങൾ, മരങ്ങൾ നട്ടുവളർത്തുന്ന നിലങ്ങൾ എന്നിവ മൊത്ത ഭൂവിസ്തൃതിയിൽ 5 ശതമാനത്തിനും കൂടുതലായി കാണപ്പെടുന്നു.

തമിഴ്നാട്ടിൽ ഉപരിയായി കൃഷി ചെയ്യപ്പെടുന്ന ഭൂവിസ്തൃതിയുടെ അളവ് 45,44000 ഹെക്ടർ ആണ്. ഈ വിസ്തൃതി വർഷംതോറും മാറുന്നു. മഴക്കാലങ്ങളിൽ കൃഷിക്ക് ആവശ്യമായ ലഭിക്കുകയാണെങ്കിൽ ഭൂപ്രകൃതി വർദ്ധിക്കുന്നു. മഴ ഇല്ലാതിരുന്നാലോ മഴ കുറഞ്ഞാലോ ഈ ഭൂപ്രകൃതിയുടെ അളവ് കുറയും. ഈ ഭൂപ്രദേശത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമേ ഒരു വർഷത്തിൽ ഒരു പ്രാവശ്യത്തിനുമേൽ കൃഷിചെയ്യുന്ന അവസരം ലഭിക്കുന്നുള്ളൂ. ഈ ഭൂപ്രകൃതിയും ജലസേചനത്തിന് യോഗ്യമാം വിധം വ്യത്യാസപ്പെടുന്നു. ഈ ഭൂപ്രകൃതി 9 ലക്ഷം ഹെക്ടറുകൾ ആയിരുന്നതാണ്. വരുംവർഷങ്ങളിൽ മഴ ഇല്ലാതിരുന്നാൽ ഭൂപ്രകൃതി 6 ലക്ഷം ഹെക്ടറുകളായി കുറയാൻ സാധ്യതയുണ്ട്. സ്ഥിരമായതും വിശ്വസിക്കാത്തതുമായ ജലസേചന സൗകര്യമുണ്ടെങ്കിൽ മാത്രമേ ഈ ഭൂപ്രദേശം നിലനിൽക്കുകയുള്ളൂ.

2012–2013 വർഷങ്ങളിൽ കൃഷിഭൂമിയുടെ മൊത്തം വിസ്തൃതിയിൽ ഏകദേശം 72% ഭക്ഷ്യവിളകൾ കായി ഉപയോഗിക്കുകയും ബാക്കിയുള്ള ഭൂമിയെ ഭക്ഷ്യവിളകൾ കായി വിനിയോഗിച്ചു.

## 4.3 കൃഷിയിലെ ജലവിഭവങ്ങൾ

തമിഴ്നാട്ടിൽ വറ്റാത്ത നദികൾ ഒന്നും തന്നെയില്ല. തമിഴ്നാടിന് ആവശ്യമായ ജലം വടക്കുകിഴക്കൻ കാലവർഷ കാറ്റിൽ നിന്നും തെക്കുപടിഞ്ഞാറൻ കാലവർഷ കാറ്റിൽനിന്നും മഴയായി ലഭിക്കുന്നു. തെക്കുപടിഞ്ഞാറൻ കാലവർഷ കാറ്റിനാൽ ലഭിക്കുന്ന മഴ വളരെ കൂടുതലായിരുന്നു കാവേരി നദിയുടെ തീരപ്രദേശത്തുള്ള കർണാടകയിലെ അണക്കെട്ടുകൾ നിറഞ്ഞുകവിഞ്ഞാൽ തമിഴ്നാട്ടിലെ കാവേരി നദിയിൽ ജലം നിറഞ്ഞുകവിയും.

> കൃഷിചെയ്യപ്പെടുന്ന ഭൂവിസ്തൃതിയിൽ ജലസേചനസൗകര്യമുള്ള ഭൂവിസ്തൃതി 57 ശതമാനമാണ്.

തമിഴ്നാടിനെ വലിയ ജലസേചന ആധാരമായി കാണപ്പെടുന്നത് വടക്കുകിഴക്കൻ കാലവർഷ മഴയാണ് (ഒക്ടോബർ–ഡിസംബർ) വടക്കുകിഴക്ക് കാലവർഷ മഴ ജലസംഭരണികൾ, തടാകങ്ങൾ, സംഭരിച്ചുവെച്ച് കൃഷിക്കായി ജലം നൽകുന്നു. തമിഴ്നാട്ടിലെ കൃഷിക്ക് ആവശ്യമായ ജലം കനാലുകൾ, തടാകങ്ങൾ, കുളങ്ങൾ, കിണറുകൾ എന്നിവയിൽ നിന്നും ലഭിക്കുന്നു. തമിഴ്നാട്ടിൽ കനാലുകൾ ഏകദേശം കിലോമീറ്റർ ദൂരംവരെ ഒഴുകുന്നു. ചെറിയ തടാകങ്ങൾ ഉം വലിയ തടാകങ്ങൾ ഉം കാണപ്പെടുന്നു. വലിയ കിണറുകൾ 15 ലക്ഷവും ഇവകൂടാതെ കുഴൽകിണറുകളും കൃഷിക്കായി പ്രയോജനപ്പെടുത്തുന്നു. ഈ ജല ഉറവിടങ്ങളെ കൊണ്ട് തമിഴ്നാട്ടിലെ കൃഷിചെയ്തുവരുന്നു.

തടാകങ്ങളിൽ നിന്നും ജലസേചനസൗകര്യം ലഭിക്കുന്ന പ്രദേശത്തിന് വിസ്തൃതി വളരെ കുറവാണ്. ഏകദേശം 3.68 ലക്ഷം ഹെക്ടർ വിസ്തൃതി കൊണ്ട് തടാകങ്ങൾ മുഖേന ജലം ലഭിക്കുന്നു. കനാലുകൾ 6.68 ലക്ഷം ഹെക്ടർ വിസ്തൃതിയിലെ ഭൂപ്രദേശത്തിന് ജലം നൽകുന്നു. കുഴൽക്കിണറുകൾ 4.93 ലക്ഷം ഹെക്ടർ പ്രദേശത്തിനും കിണറുകൾ 11.91 ലക്ഷം ഹെക്ടർ പ്രദേശത്ത് ജലസേചന സൗകര്യം നൽകുന്നു.

തമിഴ്നാട്ടിലെ കാർഷികമേഖല വലിയതോതിൽ ഭൂഗർഭജലത്തെ ആശ്രയിച്ചിരിക്കുന്നു. ഭൂഗർഭജലത്തെ കൃഷിക്ക് ഉപയോഗപ്പെടുത്തുന്നതിനാൽ പല പ്രശ്നങ്ങളും നേരിടേണ്ടിവരുന്നു. ഭൂഗർഭജലത്തിൽ നിന്നും ജലം എടുക്കുന്ന അളവിനെ മഴപെയ്യുന്നത് മുഖേന ഭൂമിക്കടിയിൽ ചെല്ലുന്ന ജലത്തിൻറെ അളവും സമമായിരുന്നാൽ ജല ദൗർലഭ്യത ഉണ്ടാകുകയില്ല. ഭൂമിയിൽ നിന്നും എടുക്കുന്ന ജലത്തിൻറെ അളവ് കൂടുന്തോറും ഭൂഗർഭജലത്തെ അളവ് താഴോട്ട് ചെല്ലുന്നു. മാത്രമല്ല ജലം മുഴുവനും വറ്റി പോകാൻ ഇടയാക്കാം അല്ലെങ്കിൽ ഉപയോഗിക്കാൻ പറ്റാത്ത ജലമായും മാറാൻ സാധ്യതയുണ്ട്.



IX Std - Economics Malayalam Unit-4.indd 319 1/27/2023 2:29:27 PM

ഭൂഗർഭജലത്തെ അളവിനേയും ഗുണനിലവാരത്തെയും കേന്ദ്ര ഭൂഗർഭ ജലവിഭവവകുപ്പ് തുടർന്ന് നിരീക്ഷിച്ചു വരുന്നു. ഈ നിരീക്ഷണത്തിന് അടിസ്ഥാനത്തിൽ ജലം ഉപയോഗിക്കുന്ന അളവിനനുസരിച്ച് ബ്ലോക്കുകളെ ഈ വകുപ്പ് തരംതിരിക്കുന്നു. തമിഴ്നാട്ടിൽ ബ്ലോക്കുകൾ അധിക അളവിൽ ഉപയോഗിക്കുന്നു. മാത്രമല്ല 100 ബ്ലോക്കുകൾ വളരെയധികം ആയിട്ട് ഉപയോഗിക്കുന്ന അവസ്ഥയിലാണ് ഉള്ളത്. 11 ബ്ലോക്കുകളിലെ ജലത്തിൻറെ നിലവാരം മോശമായി കാണപ്പെടുന്നു. 136 ബ്ലോക്കുകൾ മാത്രമേ ഭൂഗർഭജലത്തെ അളവ് കുറയാതെയും ഗുണനിലവാരം കുറയാതെയും കാണപ്പെടുന്നു. ഇതിൽ നിന്നും നമ്മൾ മനസ്സിലാക്കുന്നത് എന്തെന്നാൽ തമിഴ്നാട് കാർഷികരംഗം ഭൂഗർഭജലത്തെ ആശ്രയിച്ചിരിക്കുന്നു:

1. ഭൂഗർഭജലത്തെ ഉപയോഗത്തെ ശരിയാക്കുന്നത് വളരെ.
2. ആവശ്യമുള്ളതും പ്രാധാന്യമർഹിക്കുന്നതും ആണ്.
3. വളർച്ച പ്രാപിച്ച കാർഷികമേഖലയ്ക്ക് ഇത് വളരെ ആവശ്യമാണ്.

### അന്തർലീന ജലം

അന്തർലീന ജലം എന്ന വാക്ക് 1990 വർഷം ഡോണി ആലൻ എന്നയാളാൽ പരിചയപ്പെടുത്തപ്പെട്ടു.

കൃഷി അല്ലെങ്കിൽ വ്യവസായശാലയിൽ ഉൽപാദിപ്പിക്കുമ്പോൾ അതിന് ആവശ്യമായ ജലത്തെയാണ് അന്തർലീന ജലം എന്ന് പറയുന്നത്. അന്തർലീന ജലം എന്നത് ആഹാരം അല്ലെങ്കിൽ ഉൽപാദന വസ്തുക്കൾ ഒരു രാജ്യത്തു നിന്നും മറ്റൊരു രാജ്യത്തിലേക്ക് കച്ചവടം ചെയ്യുമ്പോൾ അവയോടുള്ള അപ്രത്യക്ഷമായി അവക്ക് വേണ്ടി വിനിയോഗിക്കുന്ന ജലവും ഉൾപ്പെടുന്നു. ഇതാണ് അന്തർലീന ജലം എന്നത്. ഉദാഹരണമായി ഒരു മെട്രിക് ടൺ ഗോതമ്പ് ഉല്പാദിപ്പിക്കുന്നതിന് ശരാശരിയായ 1340 ക്യൂബിക് മീറ്റർ ജലം വേണ്ടി വരുന്നു. അങ്ങനെയാണെങ്കിൽ ഒരു മെട്രിക് ടൺ ഗോതമ്പ് അയൽ രാജ്യത്ത് കയറ്റുമതി ചെയ്യുമ്പോൾ അതിനെ കൊയ്തെടുക്കാൻ 1340 ക്യൂബിക് ജലവും അതിനോടൊപ്പം ഉൾക്കൊള്ളുന്നു എന്നതാണ് അർത്ഥം. ലോകത്തിലെ ഏറ്റവും വലിയ ശുദ്ധജല ഉപയോക്താവാണ് ഇന്ത്യ. ഈ അളവ് ഇന്ത്യയിൽ വലിയ തോതിൽ കാണപ്പെടുന്നു. ലോകരാജ്യങ്ങളിൽ അന്തർലീന ജലം കയറ്റുമതിയിൽ ഇന്ത്യ അഞ്ചാംസ്ഥാനം വഹിക്കുന്നു.




## 4.4 ജലസേചനവും ധാന്യങ്ങളുടെ വിഭാഗങ്ങളും

### തമിഴ്നാട്ടിൽ കൃഷിചെയ്യുന്ന ധാന്യങ്ങൾ

കൃഷിചെയ്യുന്ന ധാന്യങ്ങളെ ഭക്ഷ്യധാന്യങ്ങൾ എന്നും ഭക്ഷ്യേതരധാന്യങ്ങൾ ഒന്നും വിഭജിക്കാവുന്നതാണ്. തമിഴ്നാട്ടിൽ ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്യപ്പെടുന്ന നിലത്തിൽ 57% ജലസേചന സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ട്. 2014-2015 ആണ്ടിൽ ഭക്ഷ്യധാന്യങ്ങൾ 59 ശതമാനവും ഭക്ഷ്യേതര ധാന്യങ്ങൾ 50 ശതമാനവും കൃഷിചെയ്ത് ജലസേചന സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

തമിഴ്നാട്ടിൽ കൃഷി ചെയ്യപ്പെട്ട ഭൂമിയുടെ മൊത്തം വിസ്തൃതി 2014–2015 ആണ്ടിൽ 59 ലക്ഷത്തി 94,000 ഹെക്ടർ നിലമായിരുന്നു. ഇതിൽ 76% വിസ്തൃതിയിൽ ഭക്ഷ്യധാന്യങ്ങൾ കൃഷി ചെയ്യപ്പെട്ടു.

വലിയതോതിൽ 30% നെൽകൃഷി ചെയ്യുന്നു. മറ്റു ഭക്ഷണ ധാന്യങ്ങൾ 12% വിസ്തൃതിയിൽ കൃഷി ചെയ്യപ്പെടുന്നു. ചെറുകിട ധന്യ കൃഷി കുറഞ്ഞ അളവിൽ മാത്രമേ നടന്നുവരുന്നു. ചോളം 7% വിസ്തൃതിയിലും കമ്പ് 1% കൂവരക് 1.7% വിസ്തൃതിയിലും മറ്റ് ധാന്യങ്ങൾ 6% വിസ്തൃതിയിലും 2014-2015 വർഷത്തിൽ കൃഷിചെയ്യപ്പെടുന്നു. മഴയുടെ അളവ്, ജല സംഭരണം, കമ്പോള നിലവാരം, കാലാവസ്ഥ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ധാന്യങ്ങൾ കൃഷിചെയ്യപ്പെടുന്നത് ഓരോ വർഷത്തിനും മാറിക്കൊണ്ടിരിക്കുന്നു.

### സൂക്ഷ്മജലസേചന സാങ്കേതികവിദ്യ.

സൂക്ഷ്മജലസേചന സാങ്കേതികവിദ്യ ജലസേചനത്തിന്റെ കുറവ് പരിഹരിക്കാൻ വളരെ മികച്ച ഒരു വിദ്യയാണ്. ഈ സാങ്കേതികവിദ്യ പരമ്പരാഗത ജലസേചന മാർഗങ്ങളെക്കാൾ കൂടുതൽ വിളവ് ലഭിക്കുന്നതിന് വഴിതെളിയിക്കുന്നു. കൃത്യമായ ഇടവേളകളിൽ വെള്ളം ആവശ്യമുള്ള അളവിൽ മാത്രമേ വിതരണം ചെയ്യുന്നതിനാൽ ഉൽപാദനക്ഷമത, ജലവിതരണം, തൊഴിലാളികളുടെ എണ്ണം എന്നിവ കുറയുന്നു. സൂക്ഷ്മ ജലസേചനം മൂലം നിശ്ചിത അളവിൽ വളമിടുന്നതിനാൽ വള പ്രയോജനക്ഷമത വർദ്ധിക്കുന്നതോടൊപ്പം മികച്ച വിളവും ലഭിക്കുന്നു. തമിഴ്നാട് ജല സേചന ദൗർലഭ്യത പദ്ധതി മുഖേന കൂടുതൽ ജലം ആവശ്യപ്പെടുന്ന കാർഷികവിളകളിൽ കൂടുതലായി പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ ശ്രദ്ധചെലുത്തി.





IX Std - Economics Malayalam Unit-4.indd 320 1/27/2023 2:29:27 PM

## ജലസേചനത്തിനായി വ്യത്യസ്തമായ ജലം ഉറവിടങ്ങൾ

### ജലസേചനമേഖല



കിണറുകൾ -62%



കനാലുകൾ - 24%



തടാകങ്ങൾ - 14%

നിങ്ങൾക്ക് അറിയാമോ?

- ദക്ഷിണ ഇന്ത്യയിൽ മൂന്നാമത്തെ വലിയ നദി കാവേരി ആണ്. ഇതിൻറെ നീളം 765 കിലോമീറ്ററാണ്.
- കാവേരി നദിയുടെ കുറുകെ തമിഴ്നാട്ടിൽ മേട്ടൂർ ഡാം, കല്ലണ എന്നീ അണക്കെട്ടുകൾ നിർമ്മിച്ചിട്ടുണ്ട്.

## 4.5 പത്തുവർഷത്തെ കാർഷികവളർച്ച

കഴിഞ്ഞ 2014–2015 വർഷത്തിൽ തമിഴ്നാട്ടിൽ വളരെയധികമായി ഉൽപ്പാദനം ചെയ്യപ്പെട്ട ഭക്ഷ്യധാന്യങ്ങളുടെ അളവ് ഒരു കോടി 27 ലക്ഷത്തിൽ 35000 ടണ്ണാണ്. നെല്ലു മാത്രം ഏകദേശം 80 ലക്ഷം ടണ്ണുകൾ വിളവായി ലഭിച്ചു. മൊത്ത ഭക്ഷ്യധാന്യ ഉൽപാദനത്തിൽ 62% നെല്ലാണ്. 20% മക്കച്ചോളം ഉൽപാദിപ്പിച്ചു. 7% ചോളവും 3% കൂവരകും ലഭിച്ചു. 3% ഉഴുന്നും മറ്റ് ഭക്ഷ്യധാന്യങ്ങൾ ഉൽപാദിപ്പിച്ചു. കൃഷി സ്ഥലത്തിന് അളവ് മാറുന്നതുപോലെ ഉൽപ ാദനത്തിന്റെ അളവും വ്യത്യാസപ്പെടുന്നു.

## 4.6 ഉൽപ്പാദനക്ഷമത

ധാന്യങ്ങളുടെ ഉൽപാദനം കൃഷിചെയ്യുന്ന നിലത്തിന് വിസ്തൃതി മാത്രമല്ലാതെ ധാന്യങ്ങളുടെ ഉൽപാദനക്ഷമതയേയും ആശ്രയിച്ചിരിക്കുന്നു.

തമിഴ്നാട്ടിൽ ഭൂരിഭാഗം നെല്ലിൻറെ ഉത്പാ ദനക്ഷമത 2014-15 വർഷത്തിൽ ഹെക്ടറിന് 4429 കിലോ എന്ന അളവിൽ ആയിരുന്നു. ഈ ഉത്പാ ദനക്ഷമത 2010-2011 വർഷത്തിൽ 3039 കിലോഗ്രാ മായിരുന്നു. ഇതിൽനിന്നും ഉൽപാദനക്ഷമത വർദ്ധിച്ചു എന്ന് നമുക്ക് മനസ്സിലാക്കാം.



നെൽകൃഷി കഴിഞ്ഞാൽ അധിക വിസ്തൃ തിയിൽ ഉത്പാദിപ്പിക്കുന്നത് മക്കാച്ചോളം ആണ്. ഇത് ഹെക്ടറിന് 8824 കിലോഗ്രാമാണ്.



ചോളം ഹെക്ടറിന് 2093 കിലോഗ്രാമും കമ്പ് 3077 കിലോഗ്രാമും കൂവരക് 3348 കിലോഗ്രാമും ഇതേ കാലഘട്ടത്തിൽ ഉൽപാദിപ്പിച്ചതാണ്. പരിപ്പ് വർഗ്ഗങ്ങളിൽ അധിക അളവിൽ കൃഷി ചെയ്യപ്പെട്ട ഒരു ഹെക്ടറിന് 645 കിലോഗ്രാം ഉൽപാദിപ്പിച്ചു. കരിമ്പ് ഹെക്ടറിന് 107 ടണ്ണും മണിലാ ( നിലക്കടല) ഒരു ഹെക്ടറിന് 2753 കിലോഗ്രാമും ഉൽപാദിപ്പിച്ചു.

ധാന്യങ്ങളുടെ ഉൽപാദനക്ഷമത വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. ഉദാഹരണത്തിന് നെല്ലിൻറെ ഉൽപാദനക്ഷമത 1965 -66 വർഷത്തിൽ 1409 കി ലോഗ്രാമായിരുന്നു. ഇത് 1975- 76 വർഷത്തിൽ 2029 കിലോഗ്രാം ആയി വർധിച്ചു. 1985- 86 വർ ഷങ്ങളിൽ 2372 കിലോഗ്രാം ആയി ഉയർന്നു. പത്ത് വർഷങ്ങൾക്കുശേഷം നെല്ലിൻറെ ഉൽപ്പാദനക്ഷമത 2712 കിലോഗ്രാമും 2014 -15 വർഷത്തിൽ ഉല്പാ ദനക്ഷമത 4429 കിലോഗ്രാമാണ്. കഴിഞ്ഞ 5 വർ



IX Std - Economics Malayalam Unit-4.indd 321 1/27/2023 2:29:29 PM

ഷങ്ങളിൽ തമിഴ്നാടിന്റെ ഉൽപാദനക്ഷമത മൂന്നു മടങ്ങായി വർദ്ധിച്ചു. ഭക്ഷ്യധാന്യ ഉത്പാദനക്ഷമത യെ നിരീക്ഷിക്കുകയാണ് 1965- 1966 വർഷത്തിനും 2014–2015 വർഷത്തിനും ഇടയ്ക്ക് ഏകദേശം 3.5 മടങ്ങ് വർദ്ധിച്ചു എന്നത് മനസ്സിലാക്കാം. അപ്രകാരം മൊത്ത ഭക്ഷ്യധാന്യ ഉൽപ്പാദനവും 2.5 മടങ്ങ് ഈ കാലഘട്ടത്തിൽ വർദ്ധിച്ചിരിക്കുന്നു. 1965- 1966 വർഷത്തിൽ മൊത്ത ഭക്ഷ്യധാന്യ ഉൽപാദനത്തിൽ 50 ലക്ഷം ടൺ അല്പം വർധിച്ചതായി കാണപ്പെടുന്നു. 2014–2015 വർഷത്തിൽ ഇതിന്റെ ഉല്പാദനം ഒരു കോടി 28 ലക്ഷം ടണ്ണായി അല്പം കുറഞ്ഞു കാണപ്പെടുന്നു.

തമിഴ്നാട്ടിലെ ഉൽപ്പാദനക്ഷമത ഭക്ഷ്യ ഉൽപാദനം ഇവരണ്ടും വർധിച്ചു കൊണ്ടിരിക്കുന്നു എന്നത് മനസ്സിലാക്കാൻ സാധിക്കുന്നു. എന്നാൽ ഇതേ കാലഘട്ടത്തിൽ ഭക്ഷ്യധാന്യം ഉൽപാദിപ്പിക്കുന്ന ഭൂപ്രദേശത്തിന് വിസ്തീർണം കുറഞ്ഞ് കാണപ്പെടുന്നു. കൃഷിസ്ഥലം കുറഞ്ഞാലും ഉൽപ്പാദനം കുറയാത്തത് മാത്രമല്ല കുടിയേറ്റത്തിനും ഉൽപ്പാദനക്ഷമതയുടെ വർദ്ധനവാണ് കാരണം.

## പുനരവലോകനം

- തമിഴ്നാട്ടിൽ കാർഷിക തൊഴിൽ ഏർപ്പെട്ടവരുടെ എണ്ണവും കാർഷിക നിലത്തിന് വിസ്തീർണവും കുറഞ്ഞുവരുന്നു.
- ചെറുകിട വ്യവസായങ്ങളുടെ എണ്ണം ഇന്ത്യയിൽ വർദ്ധിച്ചു വരുന്ന അവസ്ഥയിൽ തമിഴ്നാട്ടിൽ അവരുടെ എണ്ണം കുറഞ്ഞുവരുന്നു.
- തമിഴ്നാട്ടിലെ മൊത്തം വിസ്തൃതിയിൽ ഒരു ശതമാനം ഭൂപ്രദേശം മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. നാലിലൊരുഭാഗം നിലംതരിശായി കാണപ്പെടുന്നു.
- ഒരു വിള നിലത്തിന് നല്ല ജലസേചന സൗകര്യം ലഭിച്ചാൽ ഒരു വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം കൃഷിചെയ്യാം.
- തെക്കുപടിഞ്ഞാറൻ വടക്കുകിഴക്കൻ കാലവർഷക്കാറ്റ് മുഖേന ലഭിക്കുന്ന മഴയാണ് തമിഴ്നാടിന്റെ കൃഷിക്ക് പ്രധാന സ്രോതസ്സ്. അതുകൊണ്ട് തമിഴ്നാട്ടിലെ കൃഷി ഭൂഗർഭജലത്തെ ആശ്രയിച്ചിരിക്കുന്നു.
- ധാന്യങ്ങളെ ഭക്ഷ്യധാന്യങ്ങൾ എന്നും ഭക്ഷ്യേതര ധാന്യങ്ങൾ എന്നും രണ്ടായി വിഭജിക്കാം.
- തമിഴ്നാട്ടിലെ പ്രധാന ഭക്ഷ്യ ധാന്യങ്ങൾ നെല്ല്, ചോളം, കൂവരക്, കമ്പ് എന്നിവയാണ്. ഭക്ഷ്യേതര ധാന്യത്തിന് തെങ്ങ് പ്രഥമ സ്ഥാനം വഹിക്കുന്നു.
- തമിഴ്നാട്ടിൽ സമീപകാല ഗവേഷണങ്ങൾ കണക്കാക്കുന്നത് വിളകളുടെ ഉൽപാദനക്ഷമത ക്രമാനുഗതമായി വർദ്ധിക്കുന്നു.

## അഭ്യാസം

1NPR6

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക

1. കാർഷിക ഭൂപ്രദേശത്തിന്റെ വിസ്തൃതിയിൽ ജലസേചന സൗകര്യമുള്ള ഭൂപ്രദേശത്തിന്റെ വിസ്തൃതി.

   a) 27%  b) 57%  c) 28%  d) 49%

2. താഴെ കൊടുത്തിരിക്കുന്നവയിൽ ഭക്ഷ്യേതരവിള ഏത്

   a) കമ്പ്  b) കൂവരക്

   c) ചോളം  d) തെങ്ങ്

3. 2014–2015 കാലഘട്ടത്തിൽ നെല്ലിന്റെ ഉൽപ്പാദനക്ഷമത എത്ര

   a) 3,039 kg  b) 4,429 kg

   c) 2,775 kg  d) 3,519 kg

4. തമിഴ്നാടിന്റെ കാർഷിക ഉൽപാദന ക്ഷമതയും ഭക്ഷ്യ ഉൽപാദന ക്ഷമതയും.

   a) കുറഞ്ഞിരിക്കുന്നു

   b) എതിരായിട്ടാണ് ഉള്ളത്

   c) സ്ഥിരമായിട്ടാണ് ഉള്ളത്

   d) കൂടുതലായിട്ടാണ് ഉള്ളത്

5. തമിഴ്നാട്ടിൽ വടക്കുകിഴക്ക് കാലവർഷ മഴപെയ്യുന്ന മാസങ്ങൾ

   a) ഓഗസ്റ്റ് – ഒക്ടോബർ

   b) സെപ്തംബർ – നവംബർ

   c) ഒക്ടോബർ – ഡിസംബർ

   d) നവംബർ – ജനുവരി

### II. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക

1. തമിഴ്നാട്ടിലെ ജനങ്ങൾ ഭൂരിഭാഗവും _____ തൊഴിലിനെ ആശ്രയിച്ചിരിക്കുന്നു.

2. തമിഴ്നാടിന് ഏറ്റവുംവലിയ ജലസ്രോതസ്സായി നിലകൊള്ളുന്നത് _____ കാലവർഷ മഴയാണ്.

3. തമിഴ്നാടിന്റെ മൊത്ത ഭൂവിസ്തൃതിയുടെ വിസ്തീർണ്ണം _____ ഹെക്ടറുകൾ ആണ്.



IX Std - Economics Malayalam Unit-4.indd 322 1/27/2023 2:29:30 PM

## III. യോജിപ്പിക്കുക

| | | |
|---|---|---|
| 1. | ഭക്ഷ്യേതര വിളവുകൾ | – 79,38,000 |
| 2. | പരിപ്പ് വകകൾ | – ഒരു ഹെക്ടറിനും കുറവായുള്ള പ്രദേശത്തിൽ കൃഷി ചെയ്യുന്നവർ |
| 3. | വടക്കു കിഴക്കു കാലവർഷം | – ഒക്ടോബർ -ഡിസംബർ |
| 4. | ചെറുകിട വ്യവസായികൾ | – ഉഴുന്ന്, തുവരപ്പരിപ്പ്, ചെറുപയർ |
| 5. | 2015ൽ വ്യവസായികളുടെ എണ്ണം | – 2016 – തെങ്ങ് |

## IV. ചുരുക്കി ഉത്തരമെഴുതുക

1. ഭക്ഷ്യധാന്യങ്ങൾക്ക് 2 ഉദാഹരണങ്ങളും ഭക്ഷ്യേതര ധാന്യങ്ങൾക്ക്.
2. വിളവുകൾ കൃഷിചെയ്യപ്പെടുന്ന കൃഷിഭൂമിയുടെ വിസ്തീർണ്ണം മാറ്റാനുള്ള കാരണങ്ങൾ ഏവ?
3. ഭൂഗർഭജലത്തെ അളവിനെയും ജലത്തിന്റെ ക്ഷമതയെയും ആരാണ് കണക്കാക്കുന്നത്?
4. ധാന്യങ്ങളുടെ വിളവുകൾ എന്തിനെ ആശ്രയിച്ചിരിയ്ക്കുന്നു.
5. ചെറുകിട മറ്റും ചെറുകിട കർഷകരെ താരതമ്യപ്പെടുത്തുക.

## V. വിവരിച്ച് ഉത്തരമെഴുതുക

1. തമിഴ്നാടിന്റെ ജലസേചന സ്രോതസിനെ പറ്റി കുറിപ്പ് തയ്യാറാക്കുക.
2. കൃഷിക്ക് ഭൂഗർഭജലം പ്രയോജന പ്പെടുത്തുന്നതിൽ ഉണ്ടാകുന്ന ഫലങ്ങൾ ഏവ?
3. കാർഷിക ജലസ്രോതസ്സിനെ കുറിച്ച് ഗവേഷണം നടത്തുക.

## VI. പ്രവർത്തനങ്ങൾ

1. ഗ്രാമം അല്ലെങ്കിൽ നിങ്ങൾ താമസിക്കുന്ന പ്ര ദേശത്ത് വിളയുന്ന ഭക്ഷ്യധാന്യങ്ങളെയും ഭക്ഷ്യേതര ധാന്യങ്ങളെയും കുറിച്ച് പരീക്ഷണം നടത്തുക.
2. തഞ്ചാവൂർ ഏതു വിളവുകൾക്കാണ് പ്രശസ് തിയാർജ്ജിച്ചത്. എന്തുകൊണ്ട് പഠനം നടത്തുക.
3. തമിഴ് നാടിന്റെ നെൽ കലവറ എന്നറിയപ്പെടുന്ന തഞ്ചാവൂർ ജില്ലയുടെ നെല്ലുൽപാദനം കുറിച്ചുള്ള സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക.

### ICT കോർണർ

## തമിഴ്നാട്ടിലെ ജനങ്ങളും കൃഷിയും

**ഈ പ്രവർത്തനത്തിലൂടെ തമിഴ്നാട്ടിലെ ജനങ്ങളുടെ കാർഷിക പ്രക്രിയയെ കുറിച്ച് അറിയാൻ സാധിക്കുന്നു**




### പ്രവർത്തനം

ഘട്ടം – 1 ബ്രൗസർ തുറന്ന് തന്നിരിക്കുന്ന ടൈപ്പ് ചെയ്യുക. അല്ലെങ്കിൽ കോഡ് സ്കാൻ ചെയ്യുക.

ഘട്ടം – 2 വ്യവസായമെന്ന പുറം തിരയിൽ ദൃശ്യമാകും.

ഘട്ടം – 3 ഏതെങ്കിലും വിവരങ്ങളറിയാൻ അതായത് കൃഷി വാർത്തകൾ സർക്കാർ വായ്പകളെ കുറിച്ച് അറിയുന്നതിന് സെർച്ച് ഓപ്ഷനിൽ ക്ലിക് ചെയ്യുക.

ഘട്ടം – 4 തമിഴ്നാട്ടിലെ കൃഷിയുടെ ചരിത്രത്തെ കുറിച്ച് അറിയാൻ വേളാൻമൈ ക്ലിക്ക് ചെയ്യുക.

**URL:**

https://play.google.com/store/apps/details?id=nithra.tamil.vivasayam.agriculture.market&hl=en (or) scan the QR Code

*Pictures are indicatives only.



IX Std - Economics Malayalam Unit-4.indd 323 1/27/2023 2:29:30 PM

അദ്ധ്യായം

5

# കുടിയേറ്റം



## പഠന ഉദ്ദേശങ്ങൾ

- കുടിയേറ്റം എന്ന ആശയം മനസ്സിലാക്കുക.
- ഇന്ത്യയിലും തമിഴ്നാട്ടിലും കുടിയേറ്റത്തിന്റെ വ്യാപ്തിയെക്കുറിച്ച് പഠിക്കുക.
- കുടിയേറ്റത്തിന് കാരണമായ ഘടകങ്ങളെ അപഗ്രഥിക്കുക.

7XW6S

## ആമുഖം

ഏതൊരു ഗ്രാമത്തിലും നഗരത്തിലും ജന സംഖ്യയിൽ മാറ്റമുണ്ടാകുന്നത് ജനനം, മരണം, കുടിയേറ്റം എന്നീ കാരണങ്ങളാലാണ്. ഈ മൂന്ന് ഘടകങ്ങളിൽ ജനനവും മരണവും വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. എന്നാൽ കുടിയേറ്റം എന്ന ആശയം നിർവ്വചിക്കുന്നതിലും ചിട്ടപ്പെടുത്തുന്നതിലും പ്രയാസങ്ങൾ ഏറെയാണ്. ഏതാണ്ട് എല്ലാവരും തന്നെ മിക്കപ്പോഴും ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് നീങ്ങി കൊണ്ടിരിക്കുന്നതിനാൽ ഇതിലേതാണ് കുടിയേറ്റം എന്ന് വ്യക്തമായി നിർവ്വചിക്കാൻ ബുദ്ധിമുട്ടാണ്.

**ഇന്ത്യയുടെ ജനസംഖ്യാ കണക്കിൽ കുടിയേറ്റം എന്നത് രണ്ട് രീതിയിൽ കണക്കാക്കപ്പെടുന്നു.**

(i) **ജനനസ്ഥലം:** അതായത് ഒരാളുടെ ജനന സ്ഥലവും കണക്കെടുപ്പു സ്ഥലവും വ്യത്യാസം ആയിരുന്നാൽ അത് കുടിയേറ്റം ആയി കണക്കാക്കാം.

(ii) **താമസസ്ഥലം:** ഒരാളുടെ കണക്കെടുപ്പ് സ്ഥലം അതിനുമുമ്പത്തെ സ്ഥലത്തു നിന്നും വ്യത്യസ്തമായിരുന്നാൽ അതിനെയും കുടിയേറ്റം ആയി കണക്കാക്കാവുന്നതാണ്.

## 5.1 ഇന്ത്യയിലെയും തമിഴ്നാട്ടിലെയും കുടിയേറ്റത്തിന്റെ വ്യാപ്തി

2011 ലെ ഇന്ത്യയിലെ ജനസംഖ്യ കണക്കെടുപ്പ് അനുസരിച്ച് ഇന്ത്യയിൽ ഉള്ള 121 കോടി ജനങ്ങളിൽ 45 കോടിയും അവസാന താമസസ്ഥ നിർവചനമനു സരിച്ച് കുടിയേറ്റക്കാരാണ്. അതുപോലെതന്നെ 2011ലെ കണക്കനുസരിച്ച് തമിഴ്നാട്ടിലുള്ള 7.2 കോടി ജനങ്ങളിൽ 3.13 കോടി ആളുകളും കുടിയേറ്റക്കാരാണ്. അതായത് ഇന്ത്യയിലെ മൊത്ത ജനസംഖ്യയിൽ 37 ശതമാനവും തമിഴ്നാട്ടിൽ അതിനേക്കാൾ കൂടുതലായി 43 ശതമാനവും കുടിയേറ്റക്കാരാണ്.

പൊതുവെ ജനങ്ങൾ നഗരങ്ങളിലേക്ക് കുടിയേറുവാൻ ആണ് താൽപര്യപ്പെടുന്നത്. പക്ഷേ അതിനപവാദമായി ഇന്ത്യയിലും തമിഴ്നാട്ടിലും കുടിയേറ്റത്തിന്റെ വ്യാപ്തി നഗരങ്ങളെ അപേക്ഷിച്ച് ഗ്രാമങ്ങളിൽ കൂടുതലാണ്. 2011ലെ കണക്കനുസരിച്ച് ഇന്ത്യയിലെ നഗരങ്ങളിലേക്കുള്ള കുടിയേറ്റം 27% ആണെങ്കിൽ ഗ്രാമങ്ങളിലേക്കുള്ള കുടിയേറ്റം 37% ആണ്. അതുകൊണ്ടുതന്നെ ഇതേ കാലഘട്ടത്തിൽ തമിഴ്നാ ട്ടിലെ കുടിയേറ്റം എടുത്തു നോക്കുകയാണെങ്കിൽ



IX Std - Economics Malayalam Unit-5.indd 324 3/29/2023 5:53:35 PM

ഗ്രാമത്തിൽ 41 ശതമാനവും നഗരങ്ങളിൽ 25 ശതമാനവുമാണ്. അതായത് ജനങ്ങൾ നഗരങ്ങളിലേക്ക് എന്നതിനേക്കാൾ ഗ്രാമങ്ങളിലേക്കാണ് കുടിയേറുന്നത്.

അടുത്തതായിട്ട് സാധാരണയായി പുരുഷന്മാരാണ് സ്ത്രീകളെക്കാൾ കൂടുതൽ സ്ഥലം മാറുന്നവർ എന്ന ധരിക്കാറുണ്ട്. പക്ഷേ ഇതുമായി ബന്ധപ്പെട്ട ഒരു വിവരശേഖരണം പരിശോധിക്കുകയാണെങ്കിൽ നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത് സ്ത്രീകളാണ് പുരുഷന്മാരേക്കാൾ കൂടുതൽ സ്ഥലം മാറുന്നവർ എന്നാണ്. 2011 ലെ കണക്കനുസരിച്ച് രാജ്യത്ത് ആകമാനം 53% സ്ത്രീകൾ കുടിയേറ്റക്കാരായി കണക്കാക്കപ്പെടുംമ്പോൾ 23 ശതമാനം മാത്രമാണ് പുരുഷന്മാർ. തമിഴ്നാട്ടിലും ചിത്രം വ്യത്യസ്തമല്ല. അവസാന താമസസ്ഥലം നിർവചനമനുസരിച്ച് തമിഴ്നാട്ടിൽ 52 ശതമാനം സ്ത്രീകൾ കുടിയേറ്റക്കാരായി കണക്കാക്കപ്പെടുംമ്പോൾ പുരുഷന്മാർ വെറും 35 ശതമാനം മാത്രമാണ്.

എന്തുകൊണ്ടാവാം സ്ത്രീകളുടെ കുടിയേറ്റ അനുവാദം കൂടുതലായി കാണപ്പെടുന്നത്? ഇന്ത്യയിൽ 70ശതമാനവും തമിഴ്നാട്ടിൽ 51 ശതമാനവും സ്ത്രീകളുടെ കുടിയേറ്റത്തിനുള്ള കാരണം വിവാഹമാണ്. ഇന്ത്യയിലും തമിഴ്നാട്ടിലും സ്ത്രീകളുടെ സ്ഥലമാറ്റത്തിന് അഥവാ കുടിയേറ്റത്തിന് പ്രധാന കാരണമായിട്ടുള്ളത് വിവാഹവും വിവാഹവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. പുരുഷന്മാരുടെ കുടിയേറ്റത്തിന് പിന്നിലുള്ള പ്രധാനകാരണം ജോലിയും ജോലിസംബന്ധമായ കാരണങ്ങളും ആകുന്നു. 2011ലെ കണക്കനുസരിച്ച് മൊത്ത പുരുഷ കുടിയേറ്റക്കാരിൽ 28 ശതമാനവും ജോലിസംബന്ധമായ കാരണങ്ങളാൽ സ്ഥലം മാറുന്നവരാണ്.

ചുരുക്കിപ്പറഞ്ഞാൽ 2011ലെ കണക്കനുസരിച്ച് തമിഴ്നാട്ടിൽ ഓരോ അഞ്ച് പേരിലും രണ്ടുപേർ വീതം കുടിയേറ്റക്കാരാണ്. കുടിയേറ്റം കൂടുതലായും ഗ്രാമങ്ങളിലാണ് നടന്നിരുന്നത്. കുടിയേറ്റക്കാരിൽ ഭൂരിഭാഗവും സ്ത്രീകളുമാണ്. തമിഴ്നാടിന് കുടിയേറ്റത്തിന്റേത് ഒരു ചരിത്രമുണ്ട്. കച്ചവടം, തൊഴിൽ, ജോലി തുടങ്ങിയ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ജനങ്ങൾ വിവിധ രാജ്യങ്ങളിലേക്ക് കൊടിയേറുന്നു. കോളനി ആധിപത്യകാലത്ത് ജനങ്ങൾ ജോലിയും കൂലിയും അന്വേഷിച്ച് മറ്റു കോളനികളിലേക്ക് പലായനം ചെയ്തിരുന്നു.

ഈ അടുത്ത കാലത്തായി തമിഴ്നാട്ടിൽ നിന്നും ജനങ്ങൾ ജോലിക്കായി ഗൾഫ് നാടുകൾ,അമേരിക്കൻ ഐക്യനാടുകൾ, ഓസ്ട്രേലിയ, എന്നീ രാജ്യങ്ങളിലേക്ക് പൊയ് ക്കൊണ്ടിരിക്കുന്നു. 2015 ൽ തമിഴ്നാട്ടിലെ കുടിയേറ്റത്തിന്റെ സ്ഥിതി, സ്വഭാവം, രീതി എന്നിവ മനസ്സിലാക്കുന്നതിനായി ഒരു സ്വതന്ത്ര ഗവേശണ പഠനം നടത്തുകയുണ്ടായി. ഈ പഠനം രസകരമായ ചില കണ്ടത്തെലുകൾ നടത്തി. അവ താഴെ വിശദീകരിക്കുന്നു.

- തമിഴ്നാട്ടിൽ നിന്നുള്ള കുടിയേറ്റക്കാരിൽ 65% വിദേശത്തേക്കും 35% രാജ്യത്തിനുള്ളിൽ കുടിയേറിയവരാണ്.
- ഏറ്റവും കൂടുതൽ കുടിയേറ്റക്കാരുള്ള ജില്ല ചെന്നൈയാണ്. അതിനടുത്തായി കോയംമ്പത്തൂർ, രാമനാഥ പുരം, തിരുചിറാപ്പള്ളി എന്നിവയാണ്.
- കടലൂർ, കരൂർ, തിരുവെന്നാമലൈ, വേലൂർ, നാമക്കൽ, സേലം, ദിണ്ടുക്കൽ, കൃഷ്ണഗിരി, നീലഗിരി, ധർമ്മപുരി എന്നീ ജില്ലകളിലേക്കുള്ള കുടിയേറ്റക്കാരുടെ എണ്ണം താരതമ്യേന കുറവാണ്.

ഈ ഗവേഷണ പഠനം കുടിയേറ്റത്തിന്റെ ദൂരം, സ്ഥലം, ലിംഗാനുപാതം എന്നിവയെക്കുറിച്ചും വിവരങ്ങൾ നൽകുന്നുണ്ട്.

- 2015 ലെ കണക്ക്നുസരിച്ച് തമിഴ് നാട്ടിൽ നിന്നും വിദേശ രാജ്യങ്ങളിക്ക് കുടിയേറിയവരുടെ എണ്ണം ശതമാനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. 2015 ലെ കണക്ക്നുസരിച്ച് തമിഴ് നാട്ടിൽ നിന്നും വിദേശ രാജ്യങ്ങളിക്ക് കുടിയേറിയവരുടെ എണ്ണം ശതമാനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. രാജ്യം സിംഗപ്പൂർ 20%, യു. എ.ഇ 18%, സൗദി അറേബ്യ 16%, യു.സ്.എ 13% കുടിയേറ്റം ശതമാനത്തിൽ കൂടാതെ മലേഷ്യ, കുവൈത്, ഒമാൻ, ഖത്തർ, ഓസ്ട്രേലിയ, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിലേക്കും 2015 ൽ തമിഴ്നാട്ടിൽ നിന്നും ജനങ്ങൾ കുടിയേറിയിട്ടുണ്ട്.

അന്താരാഷ്ട്ര കുടിയേറ്റക്കാരിൽ 15% സ്ത്രീകളും 85% പുരുഷന്മാരുമാണ്. വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ തമിഴ് നാട്ടിൽ നിന്നുള്ള കുടിയേറ്റക്കാരുടെ കണക്ക് ശതമാനത്തിൽ കൊടുത്തിരിക്കുന്നു. നിരക്ഷരർ 7%, സ്കൂൾ വിദ്യാഭ്യാസം അഥവാ 10 ക്ലാസ് യോഗ്യത നേടിയവർ 30%, 12 ക്ലാസ് വിദ്യാഭ്യാസ യോഗ്യത നേടിയവർ 10%, തൊഴിൽ പരിശീലനം നേടിയവർ 15%, ബിരുദയോഗ്യത നേടിയവർ 11%, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടിയവർ 12% ബിരുദാനന്തര ബിരുദം നേടിയവർ 11%.

ഈ പഠനം കുടിയേറ്റക്കാരിൽ ഏറ്റെടുത്തിരിക്കുന്ന തൊഴിലിന്റെ പരിധി വ്യക്തമാക്കുന്നുണ്ട്. നന്നായി തൊഴിൽ വൈദഗ്ദ്യം നേടിയവർ മറുഭാഗത്തും ഇതിന്റെ രണ്ടിന്റെയുമിടയിൽ ഉള്ള ഏറെക്കുറെ തൊഴിൽ വൈദഗ്ദ്യം നേടിയവരാണ് ഭൂരിഭാഗം കുടിയേറ്റക്കാർ.



IX Std - Economics Malayalam Unit-5.indd 325 3/29/2023 5:53:35 PM

## 5.2 കുടിയേറ്റത്തിന് ആധാരമായ ഘടകങ്ങൾ

ഏതൊരു സമൂഹത്തിലുമുള്ള കുടിയേറ്റത്തിന്റെ വ്യാപ്തിയും സ്വഭാവവും അടിസ്ഥാനപരമായി നിർണ്ണയിക്കപ്പെടുന്നത് ആ സമൂഹത്തിൽ അനുഭവപ്പെടുന്ന വളർച്ച പ്രകിയയുടെ സ്വഭാവത്തെ ആധാരമാക്കിയാണ്.അതായത് ഒരു രാജ്യത്തിന്റെ കാർഷിക വ്യാവസായിക വളർച്ചയുടെയും നേട്ടങ്ങളുടെയും തോതും തരവുമാണ്. ആ രാജ്യത്തിന്റെ കുടിയേറ്റത്തിന്റെ രീതിയെ നിർണ്ണയിക്കുന്ന മുഖ്യഘടകങ്ങൾ.

ഇന്ത്യയിലും തമിഴ് നാട്ടിലും കാർഷിക വ്യാവസായിക മേഖലകളിൽ ഗണ്യമായ വളർച്ചയുണ്ടായിട്ടും വളർച്ചയുടെ സ്വഭാവം സാമ്പത്തിക അസമത്വം ഇല്ലാതാക്കുന്നതിൽ കാര്യമായി വിജയിക്കാത്തതിനാൽ ദാരിദ്ര്യം ഒരു പ്രധാന പ്രശ്നമായി ഇപ്പോഴും തുടർന്നു.




നമ്മുടെ വളർച്ചാ പ്രക്രിയ പ്രാദേശികമായ അസമത്വങ്ങൾക്ക് കാരണമായിട്ടുണ്ട്. അതായത് നഗരങ്ങളുടെ ദ്രുതഗതിയിലുള്ള വളർച്ച നഗരങ്ങളിലേക്ക് ജനങ്ങൾ അധിക അളവിൽ കുടിയേറുവാൻ കാരണമാകുന്നു. വളർന്നുകൊണ്ടിരിക്കുന്ന നമ്മുടേതുപോലുള്ള ഒരു രാജ്യത്തിന്റെ വളർച്ച പ്രക്രിയ ഇത്തരത്തിലുള്ള സാമ്പത്തിക സാമൂഹിക പ്രാദേശിക അസമത്വങ്ങൾക്ക് കാരണമാകാറുണ്ട്.

അതായത് ഒരു കുടിയേറ്റ രീതിക്ക് വ്യത്യസ്തങ്ങളും വിവിധങ്ങളായ ഉപ രീതികളുണ്ട്. ഉദാഹരണമായി പറഞ്ഞാൽ ഗ്രാമീണ നാഗരിക കുടിയേറ്റത്തെ കുറിച്ച് പറയുമ്പോൾ പാവപ്പെട്ടവരും പണക്കാരും കുടിയേറുന്നതിനുള്ള കാരണങ്ങളും അതിനുള്ള പ്രചോദനങ്ങളും തികച്ചും വ്യത്യസ്തങ്ങളായിരിക്കും. അതുപോലെ തന്നെ അവരുടെ കുടിയേറ്റ രീതികളിലും കുടിയേറ്റ ഫലങ്ങളിലും വ്യത്യാസമുണ്ടായിരിക്കും. പാവപ്പെട്ടവർ അതിജീവനത്തിനുവേണ്ടിയും നിലനിൽപ്പിനു വേണ്ടിയും കുടിയേറുമ്പോൾ പണക്കാർ ജീവിത സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് വേണ്ടിയും സുഖലോലുപതയ്ക്ക് വേണ്ടിയുമാണ് കുടിയേറ്റം നടത്തുന്നത്.

**നിങ്ങൾക്ക് അറിയാമോ?**

- മെക്സിക്കോ-അമേരിക്കൻ ഐക്യനാടുകൾക്കിടയിലുള്ള ദേശാന്തരഗമനപാതയാണ് 2010-ാം ആിലെ ഏറ്റവും വലിയ ദേശാന്തരഗമനപാതയായി കണക്കാക്ക പ്പെട്ടിരിക്കുന്നത്.
- **'ആർടിക് ടെർണി'**നാണ് ലോകത്തിലെ ഏതൊരു പക്ഷിയെക്കാളും നീ ദേശാന്തരഗമന ദൂരമുള്ളത്

വീണ്ടും പ്രാദേശികമായി നോക്കുകയാണെങ്കിൽ പുരോഗതിപ്രാപിച്ച സ്ഥലങ്ങളിലേക്ക് ഗ്രാമമായാലും നഗരമായാലും കുടിയേറാനുള്ള പ്രവണത ജനങ്ങളിൽ പൊതുവായി കാണപ്പെടുന്നു.

കുടിയേറ്റ രീതി അപഗ്രഥിക്കുകയാണെങ്കിൽ സങ്കീർണങ്ങളായ പലകാര്യങ്ങളും വ്യക്തമാകും.

- ഗ്രാമത്തിൽനിന്ന് ഗ്രാമത്തിലേക്ക്, ഗ്രാമത്തിൽ നിന്ന് നഗരത്തിലേക്ക്, നഗരത്തിൽ നിന്ന് ഗ്രാമത്തിലേക്ക്, നഗരത്തിൽ നിന്ന് നഗരത്തിലേക്ക്.
- ചുരുങ്ങിയ ദൂരം, മിതമായ ദൂരം, നീണ്ട ദൂര കുടിയേറ്റങ്ങൾ.
- അധിക കാല സ്ഥിര കുടിയേറ്റം, ചുരുങ്ങിയ കാല താൽക്കാലിക കുടിയേറ്റം.

ഈ ഓരോ തരത്തിലുള്ള കുടിയേറ്റക്കാരും വ്യത്യസ്ത സാമൂഹിക തലങ്ങളിൽ നിന്നുള്ളവരും വ്യത്യസ്തമായ കാരണങ്ങൾ ഉള്ളവരുമാണ്. ഈ വ്യത്യസ്തങ്ങളായ കുടിയേറ്റത്തിന്റെ വ്യാപ്തിയും സ്വഭാവവും നിർബന്ധമായും താഴെപ്പറയുന്ന ചില സംഗതികളെ ആശ്രയിച്ചിരിക്കുന്നു.

- കുടിയേറ്റത്തിന്റെ ആരംഭത്തിൽ അനുഭവപ്പെടുന്ന സമ്മർദ്ദങ്ങളും ആഗ്രഹങ്ങളും.
- കുടിയേറ്റത്തിന്റെ ആരംഭത്തിൽ നിർണയിക്കപ്പെടുന്ന നിബന്ധനകൾ.
- കുടിയേറുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിലുള്ള അവസരങ്ങളും ആ അവസരങ്ങളെ കുറിച്ചുള്ള ലഭ്യമായ വിവരങ്ങളും.
- കുടിയേറ്റത്തിനുള്ള ചിലവ്.



IX Std - Economics Malayalam Unit-5.indd 326 3/29/2023 5:53:35 PM



അതിജീവനത്തിനായുള്ള കുടിയേറ്റം

## 5.3 കുടിയേറ്റ നയങ്ങൾ

നമ്മുടേതുപോലെ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ കുടിയേറ്റ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രൂപീകരിക്കുന്ന നയങ്ങൾ പ്രധാനമായും താഴെ പറയുന്ന കാര്യങ്ങൾ ലക്ഷ്യം വച്ചുള്ളതാണ്.

- കൊടിയേറ്റത്തിന്റെ വ്യാപ്തിയും തോതും കുറയ്ക്കുക. ഗ്രാമങ്ങളിൽ നിന്നുള്ള കുടിയേറ്റം ഗ്രാമീണജനതയുടെ ദാരിദ്ര്യവും അരക്ഷിതാവസ്ഥയും വെളിപ്പെടുത്തുന്നത് കൊണ്ട് ഗ്രാമങ്ങളിൽ നിന്നുള്ള കുടിയേറ്റം തടയുന്നതിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കണം. ഗ്രാമ വികസന നയങ്ങൾ രൂപീകരിച്ചും നടപ്പിലാക്കിയും ദാരിദ്രവും അരക്ഷിതാവസ്ഥയും ഇല്ലാതാക്കിക്കൊണ്ട് ഗ്രാമങ്ങളിൽ നിന്നുള്ള കുടിയേറ്റം കുറയ്ക്കാവുന്നതാണ്.

- കുടിയേറ്റ ധാരകളും രീതികളും മാറ്റുക, സാധാരണ നഗരങ്ങളിലും ഉയർന്ന രീതിയിലുള്ള വികസനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മഹാനഗരങ്ങളിലേക്കുള്ള അതിയായ കുടിയേറ്റം ഒഴിവാക്കുകയും അതുവഴി പ്രാദേശിക അസമത്വംകുറയ്ക്കുകയുംചെയ്യാവുന്നതാണ്.

### സംഗ്രഹം

- ജനനം,മരണം,കുടിയേറ്റം എന്നിവയാൽ ജനസംഖ്യാവിതരണത്തിൽ മറ്റുമേർപ്പെടുന്നു
- ഗ്രാമങ്ങളിലേക്കുള്ള ജനങ്ങളുടെ ചലനം നഗരങ്ങളിലേക്കെന്നതിനാൽകൂടുതലാണ്.
- ഇന്ത്യയിലും തമിഴ്നാട്ടിലുംസ്ത്രീകളുടെ സ്ഥലമാറ്റത്തിന് പ്രധാനകാരണമാകുന്നത് അവരുടെവിവാഹമാണ്.
- പുരുഷന്മാരുടെകുടിയേറ്റത്തിന് പ്രധാന കാരണം അവരുടെതൊഴിലാണ്
- ഒരു സമൂഹത്തിലെ കുടിയേറ്റത്തിന്റെവ്യാപ്തിയുംസ്വഭാവവും നിർണ്ണയിക്കപ്പെടുന്നത് പ്രധാനമായും ആ സമൂഹത്തിൽ അനുഭവപ്പെടുന്ന വളർച്ചാ പ്രക്രിയയെ ആസ്പദമാക്കിയാണ്.
- പാവപ്പെട്ടവർ അതിജീവനത്തിന് വേണ്ടി കുടിയേറുമ്പോൾ പണക്കാർജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി കുടിയേറുന്നു.

### അഭ്യാസം

**I. ശരിയായ ഉത്തരംതെരഞ്ഞെടുത്തെഴുതുക**

1. 2011 ലെ ജനസംഖ്യാ കണക്കനുസരിച്ച് ഇന്ത്യയിലെ മൊത്ത ജനസംഖ്യ
   a) 120 കോടി  b) 221 കോടി
   c) 102 കോടി  d) 100 കോടി

2. ഏറ്റവും കൂടുതൽ കുടിയേറ്റക്കാർ ഉള്ള ജില്ല
   a) രാമനാഥ പുരം  b) കോയമ്പത്തൂർ
   c) ചെന്നൈ  d) വേലൂർ

3. 2015 ൽ തമിഴ്നാട്ടിൽ നിന്നുള്ള നിരക്ഷരരായ കുടിയേറ്റക്കാർ
   a) 7%  b) 175%  c) 23%  d) 9%

4. പാവപ്പെട്ടവർകുടിയേറ്റംചെയ്യുന്നതിന്റെകാരണം
   a) അതിജീവനത്തിന് വേണ്ടി
   b) ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി
   c) സേവനത്തിന് വേണ്ടി
   d) അനുഭവജ്ഞാനത്തിന് വേണ്ടി



IX Std - Economics Malayalam Unit-5.indd 327  3/29/2023 5:53:35 PM

## II. പൂരിപ്പിക്കുക

1. കുടിയേറ്റം കണക്കാക്കുന്നത് _____ എന്നിവയുടെ അടിസ്ഥാനത്തിലാണ്
2. നഗരങ്ങളിലേക്കുള്ള തിനാൽ ഗ്രാമങ്ങളിലേക്കുള്ള കുടിയേറ്റം _____ ആണ്
3. 2011 ലെ കണക്കനുസരിച്ച് ഗ്രാമീണ ഇന്ത്യയിലെ കുടിയേറ്റക്കാർ _____ ശതമാനമാണ്
4. സ്ത്രീകളുടെകുടിയേറ്റത്തിനുള്ള പ്രധാനകാരണം _____ ആണ്.
5. ഏതൊരു കുടിയേറ്റ രീതിക്കും _____ ഉപരീതികളുണ്ട്

## III. ചേരുംപടിചേർക്കുക

1. കുടിയേറ്റ നയം - ജോലി
2. സ്ത്രീ കുടിയേറ്റക്കാർ - കുടിയേറ്റംകുറഞ്ഞ ജില്ല
3. ചെന്നൈ - വിവാഹം
4. പണക്കാരായ - കുടിയേറ്റത്തിന്റെ വ്യാപ്തികുറയ്ക്കുക
5. സേലം - കുടിയേറ്റംകൂടിയ ജില്ല
6. പുരുഷ കുടിയേറ്റക്കാർ - ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

## IV. ചുരുക്കി ഉത്തരമെഴുതുക

1. കുടിയേറ്റത്തിനുള്ള കാരണങ്ങൾ ഏവ
2. ഇന്ത്യയിൽ നിന്നുള്ള സ്ത്രീകളുടെകുടിയേറ്റത്തിന്റെ പ്രധാനകാരണങ്ങൾ ഏവ
3. കുറഞ്ഞ കുടിയേറ്റമുള്ള തമിഴ്നാട്ടിലെ നാലുജില്ലകൾ കുറിപ്പിടുക
4. പാവപ്പെട്ടവരുടെ കുടിയേറ്റത്തിനും പണക്കാരുടെകുടിയേറ്റത്തിനും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം
5. തമിഴ്നാട്ടിൽ നിന്നുംവ്യത്യസ്ഥനാടുകളിലേക്ക് കുടിയേറിയവരുടെശതമാനം പട്ടികയിലാക്കുക
6. കുടിയേറ്റക്കാരെകുറിച്ച് നടത്തിയ പഠന റിപ്പോർട്ട് അവർ ഏറ്റെടുക്കുന്ന ജോലികളെകുറിച്ച് എന്തു പറയുന്നു.

## V. വിവരിക്കുക

1. കുടിയേറ്റ നയങ്ങളുടെ ലക്ഷ്യങ്ങൾ എന്തെല്ലാം
2. കുടിയേറ്റ രീതികൾ വിവരിക്കുക
3. തമിഴ് നാട്ടിലെ കുടിയേറ്റക്കാരെകുറിച്ചുള്ള പഠനത്തിൽകണ്ടെത്തിയ രസകരമായ ചിലകാര്യങ്ങൾ വിവരിക്കുക
4. 2015 ലെ കണക്കനുസരിച്ച് തമിഴ്നാട്ടിൽ നിന്നുള്ള കുടിയേറ്റക്കാരുടെവിദ്യാഭ്യാസയോഗ്യതകളെകുറിച്ച് എഴുതുക

## VI. ശരിയായ വാചകം എടുത്തെഴുതുക

1. സമീപകാലത്തായി തമിഴ്നാട്ടിൽ നിന്നുള്ളജോലിക്കാർ ആഫ്രിക്കയിലേക്ക് പോകുന്നു.
2. തമിഴ്നാട്ടിൽ നഗരത്തിലേക്കുള്ള കുടിയേറ്റം ഗ്രാമങ്ങളിലേക്കുള്ളതിനേക്കാൾവളരെകൂടുതലാണ്
3. ഏതൊരു കുടിയേറ്റ രീതിക്കുംഒരേപോലുള്ള ഉപരീതികളുണ്ട്
4. തമിഴ്നാട്ടിൽഓരോ 10 പേരിലും 2 പേർ കുടിയേറ്റക്കാരാണ്

## VII. പഠനപ്രവർത്തനവും പ്രായോഗികാഭ്യാസവും

1. നിങ്ങളുടെ സഹപാഠികളുടെ നിങ്ങളുടെവിദ്യാലയത്തിൽ പഠിക്കുന്ന മറ്റുകൂട്ടുകാരോടും അവരുടെതാമസകാര്യങ്ങളെകുറിച്ച് ചോദിച്ചറിഞ്ഞ് അവരുടെ മാതാപിതാക്കളിൽ എത്രപേർ കുടിയേറ്റക്കാരാണെന്ന് കണ്ടെത്തി ആ വിവരങ്ങൾ ശേഖരിക്കുക.
2. താഴെ പറയുന്ന വിവരങ്ങൾ വ്യക്തമാക്കുന്ന ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.

## VIII. ജീവിതസ്പദ നൈപുണ്യങ്ങൾ

നിങ്ങളുടെ ക്ലാസിൽ പഠിക്കുന്ന വിദ്ധ്യാർത്ഥികളിൽവ്യത്യസ്ഥ ഭാഷകൾ സംസാരിക്കുന്നവരുടെവിവരങ്ങൾ ശേഖരിച്ച് ഒരുപൈ ചാർട്ട് തയ്യാറാക്കുക

## വിശാലമായ വായനയ്ക്ക്


1. Rajan S. Irudaya et. al. 2016. 'Non -Resident Tamils and Remittances: Results from Tamil Nadu Migration Survey 2015'. Centre for Development Studies, Thiruvananthapuram.


## ഇന്റർനെറ്റ് വിവരങ്ങൾ

1. www.censusindia.gov.in/2011census/2011-D05-00-prov.xls




IX Std - Economics Malayalam Unit-5.indd 328 3/29/2023 5:53:36 PM

# പദപരിചയം

| | | |
|---|---|---|
| **Catchment areas** | The area from which rainfall flows into a river, lake or reservoir | ജലസംഭരണ മേഖല |
| **Census** | To count the number of people living in a country | ജനസംഖ്യാ കണക്കെടുപ്പ് |
| **Colonial period** | A period in a coutry's history when it was administered by a colonial power | കൊളോണിയൽ കാലഘട്ടം |
| **Commercial** | Buying and selling on a large scale | വ്യാപരം |
| **Conserve** | Protect | സംരക്ഷണം |
| **Cultivator** | Peasant | കർഷകർ |
| **Deferred** | Put off to a later time; postpone | മാറ്റിവച്ചു |
| **Depletion** | Exhaustion; using up | ഉപയോഗിച്ചു |
| **Embodied** | Within | ഉൾക്കൊള്ളുന്നു |
| **Entrepreneur** | A person who sets up a business | വ്യവസായ സ്ഥാപനം ആരംഭിക്കുന്നവൻ |
| **Fallow land** | Uncultivated land | തരിശുഭൂമി |
| **Heterogeneous** | Consisting of things that are very different from each other | വിവിധതരം |
| **Inequality** | It is the difference in social status, wealth or opportunity between people or groups | അസമത്വം |
| **Micro credit** | Lending small amounts of money at low interest to new businesses | പുതിയ വ്യാപാരത്തിനായി കുറഞ്ഞ പലിശയ്ക്കു തുക നൽകുന്നത് |
| **Migration** | Process of moving from one place to another | കുടിയേറ്റം |
| **Migrants** | A person who moves from one place to another in order to find work or better living conditions | കുടിയേറ്റക്കാർ |
| **Monetary** | Relating to money or currency | പണസംബന്ധമായ |
| **Occupation** | Job or Profession | തൊഴിൽ |
| **Perennial** | Flowing throughout the year | വറ്റാത്ത |
| **Perspective** | Outlook | വീക്ഷണം |
| **Pledged** | Give as security on a loan | വായ്പയുടെ സുരക്ഷ നൽകുക |
| **Population** | The total number of persons inhabiting a country, city, district (or) area | ജനസംഖ്യ |
| **Primary sector** | Raw Materials | പ്രാഥമിക ഘട്ടം |
| **Productivity** | Ability to produce | ഉല്പാദനക്ഷമത |
| **Replenish** | Restore | പുന:സ്ഥാപിക്കുക |
| **Reserve** | Retain for future use | കരുതി വയ്ക്കുക |
| **Rural** | Area located outside a country or town | നാട്ടിൻപുറങ്ങൾ |
| **Secondary sector** | Manufacturing | ദ്വിതീയ ഘട്ടം |
| **Semi-Skilled** | Having only a small amount of training | അർദ്ധ വിദഗ്ദ്ധർ |
| **Skilled** | Having the ability needed to do a job well | വിദഗ്ദ്ധർ |
| **Standard** | Something used as a measure | മാനദണ്ഡം |
| **Subsistence** | Self sufficient | സ്വയം പര്യാപ്തത |
| **Sustainability** | Avoidance of depletion | സുസ്ഥിരത |
| **Tertiary sector** | Services | തൃതീയഘട്ടം |
| **Thrive** | Flourish or grow vigorously | അഭിവൃദ്ധിപ്പെടുത്തുക |
| **Transaction** | Buying or selling something | കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നത് |
| **Urban** | Relating to city or town | നഗരം |
| **Yeild** | Produce or product | നേട്ടങ്ങൾ |



IX Std - Economics Malayalam Unit-5.indd 329 3/29/2023 5:53:36 PM

# SOCIAL SCIENCE– IX - Malayalam
# List of Advisers, Experts, Translators

## Chairperson

**DR. A. MANIKUMAR**
Professor (Retd.) Dept. of History,
Manonmaniam Sundaranar University,
Tirunelveli.

## Co-chairperson

**DR. A. VENKATACHALAPATHY**
Professor, Dept. of History,
Madras Institute of Development Studies,
Adyar, Chennai - 600 020.

## Domain Expert & Reviewers

### HISTORY

**DR. KESAVAN VELUTHAT,**
Professor of History,
University of Delhi,
Veluthat Mana, Karathur,
Codacal P.O., Tirur 676 108,
Kerala.

**TMT. VIJAYA SRIDHARAN**
Pincipal (Retd.) History (CBSE),
A2 Flat Sriketan, 15, Vinus Colony,
1st Street, Alwarpet, Chennai.

### GEOGRAPHY

**DR. R. BAVANI**
Associate Professor, HOD.,
Dept. of Geography,
Queen Mary's College, Chennai.

**DR. R. GEETHA**
Asst. Professor,
Queen Mary's College, Chennai.

**DR. K. BALASUBRAMANI**
Asst. Professor,
Central University of Tamil Nadu,
Tiruvarur.

### CIVICS

**DR. D. DEVANATHAN**
Associate Professor and Head, Dept.
of Political Science and
Public Administration,
Annamalai University, Chidambaram.

**DR. K. KOTTAI RAJAN**
Asst. Professor,
Dept. of Political Science,
Periyar Govt. Arts College,
Cuddalore.

### ECONOMICS

**M.V. SRINIVASAN**
Associate Professor,
Dept. of Education in
Social Science,
NCERT, New Delhi.

**DR. P. ANBALAGAN**
Associate Professor,
Dept. of Economics,
Presidency College,
Cennai.

## Advisers & Experts

**DR. P. KUMAR**
Joint Director (Syllabus),
SCERT, Chennai Dist.

## SCERT Co-ordinators

**TMT. B. ESWARI**
Deputy Director,
SCERT,
College Road, Chennai.

**N. JOY CHRISTY**
B.T. Assistant,
T. Kallupatti, Madurai.

## Academic Co-ordinators

**M. SUJATHA**
Senior Lecturer
DIET, Chennai.

**P. SURESH**
P.G. Assistant,
GGHSS., Attur, Salem.

**K. CHANDRASEKARAN**
Lecturer,
DIET, Chennai.

**DR. S. GODWIN**
Senior Lecturer,
DIET, Theroor.

**R. DEVA ESTHER**
Senior Lecturer,
DIET, Theroor.

## Translators

**K. CHANDRASEKHARAN NAIR**
B.T. Assistant (Retd.),
Kerala Vidyalayam HSS.,
Chennai.

**C. NANUKKUTTAN**
B.T. Assistant,
GHSS., Puliyoorsalai, K.K. Dist.

**J. SAM RAJ**
B.T. Assistant,
St. Ephrem's Malankara Syrian
Catholic HSS., Sooriacode,
K.K. Dist.

**S. VANAJA KUMARI**
B.T. Assistant,
GHSS., Kanjiracode, K.K. Dist.

**G. JAYASREE**
B.T. Assistant,
AMHSS, Maruthamcode,
K.K. Dist.

**K. REJIMOOL**
B.T. Assistant,
Kamaraj Memorial HSS.,
Panthaluvila, K.K. Dist.

**R.L. SOBHA**
B.T. Assistant,
Kerala Vidyalayam HSS., Chennai.

**GEENA K. JOSEPH**
B.T. Assistant,
Malayala Vidyalayam HS.,
Chennai.

**P. PUSHPA BAI**
B.T. Assistant,
St. Mary's HSS, Melpalai, K.K. Dist.

**J. RARICHAN**
B.T. Assistant,
RTMLMS HSS, Venkanji,
Kollamcode, K.K. Dist.

**S. SHEEJA ROHINI**
Junior Lecturer,
DIET, Theroor.

**K. LAKSHMYKUTTY AMMA**
GADWHSS, Kalingarajapuram,
K.K. Dist.

**S. JAYANTHI**
B.T. Assistant,
GHSS, Vilavancode, K.K. Dist.

## EMIS Technology Team

**R.M. SATHEESH**
State Coordinator Technical,
TN EMIS, Samagra Shiksha.

**K.P. SATHYA NARAYANA**
IT Consultant,
TN EMIS, Samagra Shikaha

**R. ARUN MARUTHI SELVAN**
Technical Project Consultant,
TN EMIS, Samagra Shiksha

## ICT Team

**S. SURENTHIREN**
GHSS., Madhavalayam,
Kanyakumari Dist.

**D. NAGARAJ**
GHSS., Rappusal,
Pudukkotai Dist.

## Layout Co-ordination

**RAMESH MUNISAMY**

## Layout Staffs

**MANIKARAJ PRABAHAR .M.AJ**
**MANOHAR RADHAKRISHNAN**
**ASHOK**
**DANI**
**MADHAN**

## Wrapper Design

**KATHIR ARUMUGAM**

## Quality Control

**RAJESH THANGAPPAN**
**JERALD WILSON**

This book has been printed on 80 GSM Elegant Maplitho paper.
Printed by offset at:



IX Std - Economics Malayalam Unit-5.indd 330 3/29/2023 5:53:36 PM